

My Utmost For His Highest
**പരമോന്നത സമർപ്പണം** (Re edited in 2016)

Malayalam-PB (2016)
2016/300 copies
ISBN 9788190950619


My Utmost For His Highest ( Regd. )
Copyright by Oswald Chambers Publications Association Ltd.
Original Edition Copyright 1935 by Dodd, Mead and Company, Inc.
renewed By Oswald Chambers Publications Association Ltd.

Published by Indian Evangelical Mission, Bangalore
by special arrangement with Discovery House Publishers,
3000 Kraft Avenue SE, Grand Rapids, Michigan
49512 USA.

All rights reserved
Printed in India

Unless otherwise indicated Scripture quotations are from Holy Bible
printed by Bible Society of India

Printed at Matha Prints, Bangalore
Tel: 09886809060, e-mail: mathaprints@gmail.com



Cover Design Visuals Concept : John Ten Ten

....since Oswald Chambers seems to indicate that My Utmost is best expressed in our Submission especially of our Will, that His Highest, is best expressed in His Cross, and that we must depend on the Holy Spirit , to truly love the Triune God and understand these things...



# പരമോന്നത സമർപ്പണം

## (The Golden Book of Oswald Chambers)

Translated by **Elizabeth Koshy**
Re edited by **Prof. M C John**

**My Utmost For His Highest**

Malayalam Translation - Re edited


**Acknowledgements**

Oswald Chambers Publications Association Ltd., Crewe,UK
Discovery House Publishers, Grand Rapids, MI, USA
Indian Evangelical Mission, Bangalore, Karnataka, India
Bible Society Of India
Prof M C John
Elizabeth Koshy
Dr. R. Rajkumar
John Ten Ten
Mrs Mini Jose & Mr. Jose Zacharias
Mr. & Mrs. Abraham Kattuparampil
Mrs. A. Lukose
Mrs. & Mr. Joy Kottackal

To read the Original English Version of My Utmost For His Highest by Oswald Chambers (1874-1917) and also the Updated Version online, log onto www.utmost.org

For details about the life of Oswald Chambers, of translations in various languages, and more, visit the official website of The Oswald Chambers Publications Association Limited at http://www.oswaldchambers.co.uk

# അവതാരിക



ഈ ലോകത്തിൽ നമ്മുടെ ജീവിതം കൊണ്ട് എന്താണു സാധിക്കേണ്ടത്? നാം ദൈവത്തെ അറിയണം, സ്നേഹിക്കണം; നമ്മെക്കുറിച്ചുള്ള അവിടുത്തെ ഉദ്ദേശവും പദ്ധതിയും പൂർണ്ണമായി നിർവ്വഹിക്കപ്പെടുകയും വേണം. അതിന് ക്രിസ്തു-മാർഗ്ഗത്തിന്റെ അടിസ്ഥാനമായി രിക്കുന്ന ദൈവവചനം - സത്യവേദപുസ്തകം - ക്രമമായും ശ്രദ്ധയോടെയും പഠിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പ്രസ്തുത ലക്ഷ്യം മുൻനിർത്തി ഇന്ത്യയിലും വിദേശങ്ങളിലും ബൈബിൾ സൊസൈറ്റി എന്ന രാജ്യാന്തര പ്രസ്ഥാനം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവവചനം എല്ലാവർക്കും അനായാസം ലഭിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

ഓസ്വാൾഡ് ചേമ്പേഴ്സിന്റെ 'പരമോന്നത-സമർപ്പണം' തിരുവചനാധിഷ്ഠി തമാണ്. ഇത്തരം ഘനപ്പെട്ട പ്രതിദിന ധ്യാനഗ്രന്ഥങ്ങൾ മനനം ചെയ്യുന്നത് നമ്മുടെ ആത്മീയ സമൃദ്ധിക്കു വളരെ സഹായകരമാണ്. ഇന്ത്യൻ ഇവഞ്ചാലിക്കൽ മിഷ്യൻ പകർപ്പവകാശ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പ്രകാശനം ചെയ്തിരിക്കുന്ന ഈ പുസ്തകം ഞാൻ നിങ്ങൾക്കു സസന്തോഷം ശുപാർശ ചെയ്യുകയാണ്.

ഫ്രഞ്ച്, ഗ്രീക്ക്, എബ്രായ മുതലായ അമ്പതോളം വിദേശ ഭാഷകളിലും മിസോ, ബംഗാളി ഉൾപ്പെടെ പതിനൊന്ന് ഭാരതീയ ഭാഷകളിലും ഈ മഹത്തായ കൃതി തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതു ലോകമൊട്ടാകെ അനേകായിരങ്ങൾക്കു പ്രയോജ നപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നത് എത്രയോ സന്തോഷകരം!

The Book Room and the Auxiliaries മുഖേന ഇതിന്റെ കാര്യക്ഷമമായ വിതരണം നടത്തുന്നതിൽ ഇന്ത്യാ ബൈബിൾ സൊസൈറ്റിക്കു സന്തോഷമുണ്ട്.

ദൈവസ്നേഹത്തിന്റെ ഉൾപ്രേരണയിൽ, റ്റെൻ റ്റെൻ എന്ന നാമധേയത്തിൽ ശ്രീ യോഹാൻ കുന്നങ്കേരിയും സഹധർമ്മിണി ശ്രീമതി നീനായും ഈ ഗ്രന്ഥത്തി നുവേണ്ടി വളരെ അദ്ധ്വാനിക്കുന്നു. അവരെ ഞാൻ അഭിനന്ദിക്കുന്നു.

'പരമോന്നത സമർപ്പണം' സമൃദ്ധിയായ ജീവനും ശാശ്വതമായ ആത്മഫലവും ലഭി പ്പാൻ മുഖാന്തരമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ,

**റവ. ഡോ. മാണി ചാക്കോ,**
ജനറൽ സെക്രട്ടറി,
ദ ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യാ,
206, എം.ജി. റോഡ്,
ബാംഗ്ലൂർ - 560 001,
കർണ്ണാടക, ഇന്ത്യാ.

# പ്രകാശക കുറിപ്പ്



പ്രിയ സുഹൃത്തേ,

My Utmost For His Highest എന്ന ധ്യാന പഠനഗ്രന്ഥത്തിന്റെ മലയാള പരിഭാഷയായ 'പരമോന്നത സമർപ്പണം' എന്ന പുസ്തകം പ്രകാശനം ചെയ്യുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. ഇതിനുവേണ്ടി വളരെ ബദ്ധപ്പെട്ട ശ്രീമതി എലിസബേത്ത് കോശിയെ ഞങ്ങൾ സർവ്വാത്മനാ അഭിനന്ദിക്കുന്നു. പുനഃപ്രസാധനത്തിനു സഹായിച്ച പ്രൊഫ. എം.സി. ജോണിനോടും ഞങ്ങൾക്കു നന്ദിയുണ്ട്.

ഇതിന്റെ ഹിന്ദി, തെലുങ്ക്, ഖാസി, ഗുജറാത്തി, ഒറിയാ, മിസോ, മറാഠി, ബംഗാളി എന്നീ ഭാഷകളിലുള്ള പരിഭാഷ IEM ലൂടെ നിർവ്വഹിക്കപ്പെട്ടു. ഇതിപ്പോൾ തമിഴിലും കന്നടയിലും ലഭ്യമാണ്. ഞങ്ങളുടെ പ്രഖ്യാപിത ലക്ഷ്യങ്ങളുടെ നിർവ്വഹണത്തിന് ഈ ഗ്രന്ഥം സഹായകരമാണെന്നു ബോദ്ധ്യമുണ്ട്.

തർജ്ജമ, പ്രകാശനം, വിതരണം തുടങ്ങിയ കാര്യങ്ങളിൽ ശ്രീ യോവാൻ കുന്നങ്കേരിലും ഭാര്യ ശ്രീമതി നീനായും പ്രതിഫലേച്ഛകൂടാതെ കാര്യക്ഷമമായി പ്രയത്നിച്ചു - അവരോടുള്ള കടപ്പാട് വാക്കുകൾക്കപ്പുറമാണ്.

'പരമോന്നത സമർപ്പണ'ത്തിന്റെ വിതരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ ഇൻഡ്യൻ ഇവാഞ്ചലിക്കൽ മിഷ്യന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്.

'ദൈവത്തെ സ്നേഹിക്കുക, നിന്നെപ്പോലെ തന്നെ മറ്റുള്ളവരെയും സ്നേഹിക്കുക' എന്ന ത്രിയേക ദൈവത്തിന്റെ സർവ്വപ്രധാനമായ കൽപ്പന സകലരേയും അറിയിക്കുക എന്ന ശുശ്രൂഷയ്ക്കായി IEM സമർപ്പിക്കപ്പെട്ടിരിക്കുന്നു. 1965-ൽ സ്ഥാപിതമായ ഈ പ്രസ്ഥാനം ദൈവകൃപയാൽ നിരന്തരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

'പരമോന്നത സമർപ്പണം' താങ്കൾക്ക് അന്ത്യന്തം പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം IEM ന്റെ ശുശ്രൂഷകളിൽ സഹായിക്കണമേ എന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. താങ്കളുടെ പ്രാർത്ഥന ഞങ്ങൾക്കു വിലപ്പെട്ടതാണ്.

ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക: - www.iemoutreach.org

**റവ. ഡോ. രാജാ സിങ്ങ് ഏലിയാസ്,**
ജനറൽ സെക്രട്ടറി,
ഇന്ത്യൻ ഇവാഞ്ചലിക്കൽ മിഷ്യൻ,
38, ലാങ്ങ്ഫോർഡ് റോഡ്,
ബാംഗ്ലൂർ - 560 025.
generalsecretary@iemoutreach.org
www.iemoutreach.org

# നന്ദിയുടെ രണ്ട് വാക്ക്

പ്രിയ സുഹൃത്തേ,

നമ്മുടെ ദേശീയ ഭാഷകളിൽ പരമോന്നത സമർപ്പണത്തിന്റെ തർജ്ജമയും അച്ചടിയും വിതരണവും നടത്തുന്ന മഹനീയ ശുശ്രൂഷയിൽ പങ്കാളികളാകാൻ സാധിച്ചത് ദൈവത്തിന്റെ വലിയ അനുഗ്രഹമായി കരുതുന്നു.

ഓസ്വാൾഡ് ചേമ്പേഴ്സ് പബ്ലിക്കേഷൻസ് അസോസിയേഷൻ ലിമിറ്റഡ്, ദ ഡിസ്കവറി ഹൗസ് പബ്ലിഷേഴ്സ്, തർജ്ജമ ചെയ്ത ശ്രീമതി എലിസബേത്ത് കോശി, എന്നിവരോടും പിന്നിൽ പ്രവർത്തിച്ച മറ്റെല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.

ഈ അമൂല്യകൃതിയുടെ പുനഃപ്രസാധനത്തിൽ പങ്കെടുത്ത പ്രൊഫ. എം.സി. ജോണിനോടും പ്രകാശകരായ ഇന്ത്യൻ ഇവാഞ്ചലിക്കൽ മിഷൻ ഭാരവാഹികളോടും ക്ഷമയോടും ശ്രദ്ധയോടും കൂടി ഡി.റ്റി. പി. നിർവ്വഹിച്ച ജോസ്, മിനി ദമ്പതികളോടും നന്ദി അറിയിക്കുന്നു.

ഒ.സി.പി.എ.എൽ-ലെ റവ ജിയോഫ് ബെന്നെറ്റ്, ഐ.ഇ.എം.ലെ റവ രാജാസിങ്ങ്, സഹപ്രവർത്തകർ എന്നിവരോടും ഞങ്ങൾ കൃതജ്ഞതയുള്ളവരാണ്.

12 വർഷം സഹകരണ മേഖലയിലും 16 വർഷം ഇൻഡ്യൻ ബൈബിൾ സൊസൈറ്റി ഉൾപ്പെടെയുള്ള ആത്മീയ മേഖലയിലും (ഉത്തർപ്രദേശിൽ, അലഹബാദിൽ) ദൈവം ഞങ്ങളെ നല്ല അനുഭവപരിചയം നൽകിയനുഗ്രഹിച്ചു. അങ്ങനെ ഞങ്ങൾ 'ജോൺ റ്റെൻ റ്റെൻ' എന്ന നാമധേയത്തിൽ കർത്താവിന്റെ ഒരു എളിയ ശുശ്രൂഷ ആരംഭിച്ചു. തിരുവചനത്തിൽ നിന്നും സ്വന്തം അനുഭവങ്ങളിൽ നിന്നും ഞങ്ങൾക്കു ബോധ്യമായ ഒരു സത്യമുണ്ട്; പിതാവായ ദൈവത്തോടും പുത്രനായ യേശുക്രിസ്തുവിനോടും പരിശുദ്ധാത്മാവിനോടും വാസ്തവമായി ഐക്യമുണ്ടെങ്കിൽ നമുക്കോരോരുത്തർക്കും സമൃദ്ധിയായ ജീവൻ (യോഹ. 10:10) ലഭിക്കും.

ഈ പുസ്തകം ഞങ്ങൾക്ക് അനുഗ്രഹമായിത്തീർന്നു, താങ്കൾക്കും അനുഗ്രഹം ആശംസിച്ചുകൊണ്ട്,

**നീനാ, യോഹാൻ കുന്നങ്കേരിൽ,**
ജോൺ റ്റെൻ റ്റെൻ,
202, രങ്കാ പാർക്ക് അപ്പാർട്ട്മെന്റ്സ്,
റിച്ച്മോണ്ട് സർക്കിൾ, ബാംഗ്ലൂർ, 560 027.

yohankjohn@gmail.com

Other Oswald Chambers books from Discovery House Publishers:

Biblical Ethics
Biblical Psychology
Christian Disciplines
Complete Works of Oswald Chambers
Conformed to His Image and The Servant As His Lord
Faith: A Holy Walk
If You Will Ask
The Love of God
Our Brilliant Heritage
Our Ultimate Refuge (formerly Baffled to Fight Better)
Prayer: A Holy Occupation
So Send I You
Studies in the Sermon on the Mount
My Utmost for His Highest Daily - Devotional Journal:
A Journal Companion to the Golden Book of Oswald Chambers
Oswald Chambers-Abandoned to God:
The Life Story of the Author of My Utmost for His Highest
(by David McCasland)

My Utmost For His Highest is also available in
*Hindi, Telugu, Malayalam, Khasi, Kannada, Tamil, Gujarati, Oriya, Bengali, Mizo and Marathi* (all Paperback)

- in original and Updated English Version –
http://www.christianbooksindia.com/my-utmost-for-his-highest-an-updated-edition

For details write to generalsecretary@iemoutreach.org,
yohankjohn@gmail.com



ഓസ്‌വാൾഡ് ചേമ്പേഴ്സ് അസാധാരണമായ ആത്മീയ പരിജ്ഞാനവും പക്വതയും ഉള്ള ഒരു ഭക്തനായിരുന്നു. ബൈബിൾ പഠിപ്പിക്കുന്നതിൽ അന്യാദൃശമായ മികവ് പുലർത്തിയിരുന്ന ചേമ്പേഴ്സ് അക്കാരണത്താൽ ലോകമെമ്പാടും പ്രസിദ്ധനായിത്തീർന്നു. അദ്ദേഹത്തിന്റെ കൃതികൾ കഴിഞ്ഞ നൂറ്റാണ്ടിലും ഈ നൂറ്റാണ്ടിലുമായി ലക്ഷോപലക്ഷം ഭക്തഹൃദ യങ്ങളിൽ ആവേശം പകർന്നു. 1917-ൽ അദ്ദേഹം നിര്യാതനായി, എങ്കിലും ആ രചനകൾ ശക്തമായും സ്ഫുടമായും വായനക്കാരുടെ ഹൃദയങ്ങളോടു സംവാദിച്ചുകൊണ്ടേയിരിക്കുന്നു.

1874-ൽ സ്കോട്ലൻഡിലാണ് ഓസ്വാൾഡ് ജനിച്ചത്. ലണ്ടൻ റോയൽ കോളേജ് ഓഫ് ആർട്സിലും എദിൻബറോ യൂണിവേഴ്സിറ്റിയിലും പഠിച്ചു. 22-ാം വയസ്സിൽ ദൈവിക ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ചു. ഡനൂണിലെ ചെറിയൊരു സെമിനാരിയിൽ പഠിക്കുകയും കുറച്ചുകാലം പഠിപ്പിക്കുകയും ചെയ്തതിനുശേഷം സുവിശേഷപ്രസംഗകനായി ബ്രിട്ടനിലും അമേരിക്കയിലും ജപ്പാനിലും സഞ്ചരിച്ചു. 1908 ലാണ് അദ്ദേഹം കപ്പലിൽ അമേരിക്കയിലേയ്ക്കു തിരിച്ചത്. കർത്താവിന്റെ വേലയിൽ സഹായിയാകാൻ യോഗ്യമായ ഒരു ജീവിതപങ്കാളിക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ജെർട്രൂഡ് ഹോബ്സ് എന്നു പേരുള്ള ഒരു യുവതി അദ്ദേഹത്തിന്റെ സഹയാത്രികയായിരുന്നു. ഹോബ്സിന് ബാല്യത്തിലെ അനാരോഗ്യം നിമിത്തം ഉപരിപഠനം സാധിച്ചില്ല, എങ്കിലും ചുരുക്കെഴുത്ത് എന്ന വിദ്യയിൽ അവൾ അസാധാരണ സാമർത്ഥ്യം നേടിയിരുന്നു. അവർ തമ്മിൽ പരിചയപ്പെട്ടു, അമേരിക്കയിലെത്തിയതിനുശേഷം കുറെക്കാലം എഴുത്തുകുത്തുകൾ നടത്തി, ദൈവനിയോഗപ്രകാരം 1910-ൽ അവർ വിവാഹിതരായി.

ഓസ്വാൾഡും ബിഡ്ഡിയും (ഭാര്യയുടെ ഓമനപ്പേര്) ഒരു ബൈബിൾ കോളേജ് തുടങ്ങാനാഗ്രഹിച്ചു. കുറെക്കാലം ഓസ്വാൾഡ് പലയിടങ്ങളിൽ വേദപഠനക്ലാസുകൾ നടത്തുകയും ഭാര്യ അതിന്റെ നോട്ടുകൾ തയ്യാറാക്കുകയും അവ തപാലിലൂടെ പഠിതാക്കൾക്ക് അയച്ച്കൊടുത്ത് കറസ്പോണ്ടൻസ് കോഴ്സുകൾ നടത്തുകയും ചെയ്തു. 1910 ഡിസംബറിൽ, ലണ്ടനിൽ അവർക്കൊരു വിശലമായ ഭവനം വിട്ടുകിട്ടി, അവർ അവിടെ താമസം തുടങ്ങി, പഠിക്കാനും വിശ്രമിക്കാനും മറ്റുമായി ധാരാളം പേർ അവിടെ വന്നുകൊണ്ടിരിക്കുന്നു. അനേകർക്കായി ഒരു തുറന്ന വീട്! ബിഡ്ഡിയുടെ ജീവിതം ഏറിയ പങ്കും അവിടെത്തന്നെ ആയിരുന്നു.

ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ, 1915-ൽ ദൈവനിയോഗമനുസരിച്ച് ഓസ്വാൾഡ് ബ്രിട്ടീഷ് സൈന്യത്തിലെ ചാപ്ലെയ്ൻ ആയി ഈജിപ്തിലെത്തി, താമസിയാതെ ബിഡ്ഡിയും രണ്ടര വയസ്സുകാരി കാത്ലിനും അവിടെ വന്നുചേർന്നു.

ഈ മിഷനറി ദമ്പതികളുടെ സ്നേഹശുശ്രൂഷകളും ക്രിസ്തീയസാക്ഷ്യവും അനേകം സേനാംഗങ്ങളെ ആകർഷിച്ചു; രൂപാന്തരപ്പെടുത്തി.

ഓസ്വാൾഡ് അപ്രതീക്ഷിതമായി രോഗതുരനായിത്തീർന്നു. 1917-ൽ ഉദരശസ്ത്രക്രിയയെ തുടർന്ന് അദ്ദേഹം നിര്യാതനായി. ബിഡ്ഡി നാട്ടിലേക്കൊരു ടെലഗ്രാം അയച്ചു: ‘‘ഓസ്വാൾഡ് ദൈവസന്നിധിയിൽ’’. സൈനിക ബഹുമതികളോടെ, 100 സൈനിക ഓഫീസർമാരടങ്ങുന്ന സംഘം തിരിച്ചു

പിടിച്ച തോക്കുകളുമായി മൃതദേഹം സിമിത്തേരിയിലേയ്ക്കു കൊണ്ടുപോയി.''ഉയർത്തീടും ഞാനെന്റെ കൺകൾ'' - ബിഡ്ഡിയുടെ പ്രിയഗീതം ആലപിച്ചു.

അങ്ങനെ ആ ഉജ്വല ജീവിതം നിത്യതയിൽ മറഞ്ഞു.

**പരമോന്നത സമർപ്പണം**

ബിഡ്ഡിയും മകൾ കാത്‌ലിനും ഇംഗ്ലണ്ടിൽ മടങ്ങിയെത്തി. ഭർത്താവ് നടത്തിയ ക്ലാസുകളിലെ അസംഖ്യം നോട്ടുകളും പ്രസംഗക്കുറിപ്പുകളും എല്ലാം അവർ വിശദമായി എഴുതിത്തയ്യാറാക്കി, അനേകർക്ക് അയച്ചുകൊടുത്തു. ആളുകൾ ആവേശപൂർവ്വം അവ സ്വീകരിച്ചു. അവയിലെ തിരഞ്ഞെടുത്ത ഭാഗങ്ങൾ ചേർത്ത് "My Utmost for His Highest" എന്ന തലക്കെട്ടിൽ ഒരു പുസ്തകം 1927-ൽ പ്രസിദ്ധീകരിച്ചു. വമ്പിച്ച അളവിൽ ലോകമെമ്പാടും ഇന്നും അത് ഭക്തഹൃദയങ്ങളെ സ്വാധീനിക്കുന്നു

## ജനുവരി 1

# നമുക്ക് ഒന്നിൽത്തന്നേ ഉറച്ചു നില്ക്കാം

**''അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചുപോകാതെ പൂർണ്ണ ധൈര്യം പൂണ്ട് ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേയുള്ളൂ എന്ന് പ്രതീക്ഷിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു.''** (ഫിലിപ്പിയർ 1 : 20)

''ഒന്നിലും ലജ്ജിച്ച് പോകാതെ പൂർണ്ണധൈര്യം പൂണ്ട്''– തന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും ക്രിസ്തു മഹിമപ്പെടണം എന്നതായിരുന്നു വിശുദ്ധ പൗലോസിന്റെ ആഗ്രഹവും പ്രതീക്ഷയും. സ്വന്തം ഇച്ഛകളുമായി ക്രിസ്തുവിന് കീഴടങ്ങിയില്ലെങ്കിൽ നാം വളരെയധികം ലജ്ജിതരാകേണ്ടി വരും. 'എന്റെ പരമാവധി അവന്റെ മഹത്വത്തിന്' എന്നാണ് വിശുദ്ധ പൗലോസ് പറയുന്നത്. നിശ്ചയദൃഢതയുടെ ഈ അവസ്ഥയിലെത്താൻ യുക്തിയും, ചർച്ചയും ഒന്നുമല്ല വേണ്ടത്. നമുക്ക് പ്രശ്നമാകുന്നത് നമ്മുടെ സ്വന്തം ഇച്ഛകളാണ്. നമ്മെക്കുറിച്ചുള്ള മിഥ്യാഭിമാനത്തോടുകൂടിയ സ്വാർത്ഥ ചിന്തകളും പരിഗണനകളും നമ്മെ ക്രിസ്തുവിന് കീഴടങ്ങുക എന്ന തീരുമാനത്തിലെത്തുന്നതിൽ നിന്ന് തടയും. ക്രിസ്തുവിന്റെ വിളി കേട്ടനുസരിക്കുന്നത് മറ്റുള്ളവരെ ബാധിക്കും, അവനോടുള്ള അനുസരണത്തിനു നാം കൊടുക്കുന്ന വില അവനറിയുകയില്ല എന്ന് നാം അവനോട് പറയും. അവൻ അറിയുക തന്നേ ചെയ്യുന്നു. മറ്റെല്ലാ പരിഗണനകളുടെയും നേരെ നമുക്ക് വാതിൽ കൊട്ടിയടയ്ക്കാം. ഈ ഒരൊറ്റ ബിന്ദുവിൽ നമുക്ക് ഉറച്ചു നില്ക്കാം. എന്റെ പരമാവധി അവന്റെ മഹത്വത്തിന്: പൂർണ്ണമായി അവനു വേണ്ടി മാത്രമാകാൻ ഞാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. ശരീരത്തിങ്കൽ ജീവനോടെ ആകട്ടെ, മരണത്താൽ ആകട്ടെ, (ഫിലിപ്പിയർ 1:21) ദൈവഹിതം നിറവേറ്റുന്നതിൽ നിന്ന് യാതൊന്നും തന്നെ തടയുകയില്ല എന്ന കാര്യത്തിൽ വിശുദ്ധ പൗലോസ് ദൃഢനിശ്ചയം ചെയ്തിരുന്നു. സൗമ്യമായി ദൈവം നമ്മോട് ഇടപെടുമ്പോൾ നാം ശ്രദ്ധിക്കാതെ പോകുന്നു. നമ്മിൽ നിന്ന് നമ്മുടെ പരാമവധി ആവശ്യപ്പെടുന്ന ഒരു സ്ഥലത്തെത്തിക്കുമ്പോൾ, നാം തർക്കം തുടങ്ങുന്നു. അപ്പോൾ അവൻ നമ്മുടെ ജീവിതത്തിൽ ഒരു പ്രതിസന്ധി ഉളവാക്കുന്നു. നാം ഒരു വഴിത്തിരിവിൽ ഒരു മഹാപിളർപ്പിനിടയിൽ വന്നു പെടുന്നു. നാം അവനു വേണ്ടിയോ അല്ലയോ?

ജീവിതത്തിന്റെ ഏതെങ്കിലും തലത്തിലൊരു പ്രതിസന്ധിയുണ്ടെങ്കിൽ, നിങ്ങളുടെ ഇച്ഛയെ, പൂർണ്ണമായി, യാതൊരു മാറ്റവുമില്ലാത്ത വിധം യേശുവിന് സമർപ്പിക്കുക.

## ജനുവരി 2

# എങ്ങോട്ടാണെന്നറിയാതെ ഇറങ്ങിപ്പുറപ്പെടുമോ?

''........ **എവിടേയ്ക്ക് പോകുന്നു എന്നറിയാതെ പുറപ്പെട്ടു.**'' (എബ്രായർ 11:8)

ഈ രീതിയിൽ നിങ്ങൾ എവിടേയ്ക്കെങ്കിലും ഇറങ്ങിത്തിരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ, നിങ്ങളെന്താണ് ചെയ്യുന്നതെന്ന് ആരെങ്കിലും ചോദിച്ചാൽ യുക്തിപൂർണ്ണമായൊരുത്തരം നൽകുക സാദ്ധ്യമല്ല. ക്രിസ്തീയ വേലയിൽ ഉത്തരം പറയാൻ ഏറ്റവും പ്രയാസകരമായ ഒരു ചോദ്യമുണ്ട്. ''എന്ത് ചെയ്യാമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്''? എന്ന ചോദ്യം. എന്താണ് ചെയ്യാൻ പോകുന്നതെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂട. എന്താണ് ചെയ്യുന്നതെന്ന് ദൈവം അറിയുന്നു എന്ന് മാത്രമേ നിങ്ങൾക്കറിയൂ. ജീവിതത്തിന്റെ ഏത് മേഖലയിലും ദൈവത്തിൽ പൂർണ്ണമായ വിശ്വാസമർപ്പിച്ചുകൊണ്ട് ഇറങ്ങിത്തിരിക്കാൻ നിങ്ങൾ തയ്യാറാണോ എന്നറിയാൻ ദൈവത്തോടുള്ള നിങ്ങളുടെ മനോഭാവത്തെ നിരന്തരം പരിശോധിക്കുക. ഈ മനോഭാവമാണ് നിങ്ങളെ നിരന്തരം വിസ്മയത്തിൽ നിർത്തുന്നത്. കാരണം ഇനിയെന്താണ് ദൈവം ചെയ്യാൻ പോകുന്നതെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ. ഓരോ ദിവസവും രാവിലെ നിങ്ങൾ ഉണർന്നെഴുന്നേൽക്കുമ്പോൾ, ദൈവത്തിൽ നിങ്ങൾക്കുള്ള വിശ്വാസം പടുത്തുയർത്തിക്കൊണ്ട് എങ്ങോട്ടെന്നറിയാതെ ഇറങ്ങിത്തിരിക്കാൻ ഒരു പുതിയ അവസരമുണ്ടാകുന്നു. 'എന്തു തിന്നും എന്ന് ജീവനായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത് എന്ന് ഞാൻ നിങ്ങളോടു പറയുന്നു'. (ലൂക്കോസ് 12:22) അതായത് ഇറങ്ങിപ്പുറപ്പെടും മുമ്പ് നിങ്ങളെ വ്യാകുലപ്പെടുത്തിക്കൊണ്ടിരുന്ന കാര്യങ്ങളെക്കുറിച്ച് വിഷമിക്കാതിരിക്കുക.

എന്താണ് ദൈവം ചെയ്യാൻ പോകുന്നതെന്ന് നിങ്ങൾ ദൈവത്തോടു ചോദിച്ചുകൊണ്ടിരിക്കുയാണോ? ദൈവം നിങ്ങളോടത് പറയുകയില്ല. താൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് ദൈവം ഒരിക്കലും പറയുകയില്ല. താൻ ആരാണെന്ന് ദൈവം നിങ്ങൾക്ക് വെളിപ്പെടുത്തിത്തരുന്നു. അത്ഭുതം പ്രവർത്തിക്കുന്ന ഒരു ദൈവത്തിൽ നിങ്ങൾ വിശ്വസിക്കുന്നുവോ? ദൈവം ചെയ്യുന്ന ഒരു കാര്യത്തിലും അല്പം പോലും അത്ഭുതം തോന്നാത്ത ഒരവസ്ഥയിലെത്തുവോളം ദൈവമുമ്പാകെയുള്ള ആത്മസമർപ്പണത്തിൽ നിങ്ങൾ ഇറങ്ങിപ്പുറപ്പെടുമോ?

നിങ്ങൾക്ക് സമീപസ്ഥനായിരിക്കുന്ന ദൈവം തന്നേയാണ്, എല്ലാക്കാലത്തേയും ദൈവം എന്നു വിശ്വസിക്കുക. അപ്പോൾ നിങ്ങൾ എന്തിനെയെങ്കിലും കുറിച്ച് വ്യാകുലപ്പെടുന്നത് ദൈവത്തോടുള്ള അനാദരവ് അല്ലേ? ദൈവാശ്രയത്തിൽ ഇറങ്ങിപ്പുറപ്പെടാനുള്ള നിരന്തരമായ മനസ്സൊരുക്കമായിരിക്കട്ടെ നിങ്ങളുടെ ജീവിതമനോഭാവം. അപ്പോൾ യേശുവിന് ഏറ്റവും സംതൃപ്തി നൽകുന്ന, പ്രകടിപ്പിക്കാനാകാത്തതും വിശുദ്ധവുമായ ഒരു ആകർഷണം നിങ്ങളുടെ ജീവിതത്തിനുണ്ടാകും. നിങ്ങളുടെ ഉറച്ച വിശ്വാസങ്ങളിലൂടെയും, തത്ത്വസംഹിതകളിലൂടെയും അനുഭവങ്ങളിലൂടെയും ഇറങ്ങിപ്പുറപ്പെടാൻ നിങ്ങൾ പഠിക്കണം; നിങ്ങൾക്കും ദൈവത്തിനുമിടയിൽ മറ്റൊന്നുമില്ലെന്ന അവസ്ഥവരെ നിങ്ങളുടെ വിശ്വാസം എത്തുവോളം.

## ജനുവരി 3

# മേഘങ്ങളും ഇരുട്ടും

**മേഘവും അന്ധകാരവും അവന്റെ ചുറ്റും ഇരിക്കുന്നു. (സങ്കീർത്തനം 97:2)**

ദൈവാത്മാവിൽ ജനിക്കാത്ത ഒരാൾ യേശു പഠിപ്പിച്ചതെല്ലാം ലളിതം എന്ന് നിങ്ങളോട് പറയും. എന്നാൽ പരിശുദ്ധാത്മാവിനാൽ അവൻ സ്നാനം ചെയ്യപ്പെട്ടു കഴിഞ്ഞാൽ മേഘങ്ങളും അന്ധകാരവും അവന്റെ ചുറ്റും ഇരിക്കുന്നു എന്ന് നിങ്ങൾ കാണും. കർത്താവായ യേശുക്രിസ്തു പഠിപ്പിച്ചതൊക്കെയും നിങ്ങൾ അവയുടെ ആഴത്തിൽ മനസ്സിലാക്കുമ്പോൾ കാര്യങ്ങളുടെ ഈ ഒരു വശത്തേയ്ക്ക് നിങ്ങൾക്ക് ഉൾക്കാഴ്ച ലഭിക്കും. യേശു പഠിപ്പിച്ചതെല്ലാം മനസ്സിലാക്കാനുള്ള ഒരേ ഒരു വഴി നമ്മുടെ ഉള്ളിലെ ആത്മാവിന്റെ വെളിച്ചത്തിൽ അവ പഠിക്കുകയാണ്. അതിസാധാരണമായ നമ്മുടെ ആത്മീയ പാദങ്ങളിൽ നിന്ന് അതിസാധാരണമായ ആത്മീയ പാദരക്ഷകൾ ഊരിവെച്ച് ദൈവത്തെ നാം സമീപിച്ചിട്ടില്ലെങ്കിൽ, നാം എന്നെങ്കിലും ദൈവസന്നിധിയിൽ നിന്നിട്ടുണ്ടാകുമോ എന്ന് സംശയമാണ്. യേശുവിനെ അടുത്തറിയാത്തവരാണ് അന്തസ്സാരശൂന്യതയും അനാദരവും കാണിക്കുന്നത്. എന്താണ് കർത്താവായ യേശു ചെയ്യുന്നത് എന്നറിയുമ്പോഴുള്ള അമ്പരപ്പിക്കുന്ന ആനന്ദത്തിനും സ്വാതന്ത്ര്യത്തിനും ശേഷം ആരാണ് അവൻ എന്ന് മനസ്സിലാക്കുന്നതിന്റെ അഭേദ്യമായ ഇരുളിലാവുകയാണ് നാം.

ഞാൻ നിങ്ങളോട് പറയുന്ന വാക്കുകൾ ആത്മാവും ജീവനുമാണ് എന്ന് യേശു പറഞ്ഞു. (Jn. 6:63) വേദപുസ്തകത്തിലെ അനേകമനേകം വാക്കുകൾ നമുക്ക് മേഘങ്ങളും അന്ധകാരവും–ആയിരുന്നു. പെട്ടെന്ന് അവ നമുക്ക് ആത്മാവും ജീവനും ആയി മാറുന്നു. കാരണം ഒരു പ്രത്യേക അവസ്ഥയിൽ യേശു അവ നമ്മോട് വീണ്ടും പറയുന്നു. അങ്ങനെ, വാക്കുകളിലൂടെ – ദർശനങ്ങളിലൂടെയും സ്വപ്നങ്ങളിലൂടെയുമല്ല – ദൈവം നമ്മോട് സംസാരിക്കുന്നു. ഒരു മനുഷ്യൻ ദൈവത്തെ അറിയുന്നത്, അവനിൽ എത്തുന്നത്, ഏറ്റവും ലളിതമായ വഴിയിലൂടെയാണ് – ദൈവത്തിന്റെ തന്നേ വാക്കുകളിലൂടെ.

## ജനുവരി 4

# എന്താണ് ഇപ്പോൾ എനിക്ക് നിന്നെ അനുഗമിക്കാൻ കഴിയാത്തത്?

**''പത്രോസ് അവനോട്: കർത്താവേ, ഇപ്പോൾ എനിക്ക് നിന്നെ അനുഗമിപ്പാൻ കഴിയാത്തത് എന്ത്?'' (യോഹന്നാൻ 13:37)**

ചില അവസരങ്ങളിൽ, നിങ്ങൾ ആഗ്രഹിക്കുന്നതെന്തോ അത് ചെയ്യാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാറില്ല. ദൈവം നിങ്ങളുടെ ജീവിതത്തിൽ ഒരു ശൂന്യസ്ഥലം ഉണ്ടാക്കുമ്പോൾ അത് നികത്തരുത്. കാത്തിരിക്കുക. എന്താണ് വിശുദ്ധീകരണം എന്ന് മനസ്സിലാക്കിത്തരുന്നതിനായിരിക്കും ആ ശുന്യസ്ഥലം ദൈവം നിങ്ങളുടെ ജീവിതത്തിലുളവാക്കിയത്. അല്ലെങ്കിൽ വിശുദ്ധീകരണത്തിന് ശേഷമാകും എന്താണ് ശുശ്രൂഷ എന്ന് മനസ്സിലാക്കിത്തരാൻ, അത് നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുക. ദൈവനടത്തിപ്പിന് മുന്നാലെ ഒരിക്കലും ഓടരുത്. ദൈവം വഴികാട്ടുന്നില്ലേ എന്ന് നേരിയൊരു സംശയമെങ്കിലും ഉണ്ടെങ്കിൽ, മുന്നോട്ട് പോകരുത്.

എന്താണ് ദൈവഹിതം എന്ന് ആരംഭത്തിൽ നിങ്ങൾ വ്യക്തമായി കണ്ടേക്കാം. അതൊരു സുഹൃത്ബന്ധത്തിന്റെയോ, ബിസിനസ് ബന്ധത്തിന്റെയോ തകർച്ചയാകാം. ഇതാണ് നിങ്ങൾ, ദൈവമുമ്പാകെ ചെയ്യേണ്ടത് എന്ന് നിങ്ങൾക്ക് തോന്നാം. എന്നാൽ ഒരു നിമിഷത്തെ തോന്നലിന്റെ പ്രചോദനത്തിൽ നിങ്ങൾ ഒരിക്കലും അത് ചെയ്യരുത്. അങ്ങനെ ചെയ്താൽ പിന്നെ അനേകം വർഷങ്ങൾ കൊണ്ട് മാത്രം ശരിയാക്കാവുന്ന വിഷമങ്ങൾ നിങ്ങൾക്കുണ്ടാകും. അത് ചെയ്യാൻ ദൈവനിശ്ചിത സമയത്തിനായി കാത്തിരിക്കുക. നിരാശയ്ക്കും മനംതകരലിനും ഇടയാക്കാതെ ദൈവം ചെയ്യും. ദൈവഹിതത്തിന്റെ നടത്തിപ്പ് എങ്ങനെയെന്നറിയാൻ ദൈവം പ്രവർത്തിക്കുന്നതിനായി കാത്തിരിക്കുക.

പത്രോസ് ദൈവത്തിനായി കാത്തിരുന്നില്ല. എപ്പോഴാണ് പരീക്ഷ ഉണ്ടാകുവാൻ പോകുന്നതെന്ന് പത്രോസ് തന്റെ മനസ്സിൽ മുൻപേ കണ്ടു. എന്നാൽ പത്രോസ് പ്രതീക്ഷിക്കാത്തിടത്ത് പരീക്ഷയുണ്ടായി. ''ഞാൻ എന്റെ ജീവനെ നിനക്ക് വേണ്ടി കളയും'' എന്ന് പത്രോസ് പ്രഖ്യാപിച്ചു. പത്രോസ് പറഞ്ഞത് ആത്മാർത്ഥമായിരുന്നു എന്നാൽ അറിവുകേടായിരുന്നു. യേശു പത്രോസിനോട് ഉത്തരം പറഞ്ഞു. ''നീ മൂന്ന് പ്രാവശ്യം എന്നെ തള്ളി പറയുവോളം കോഴി കൂകുകയില്ല'' (മർക്കോ. 14:30). പത്രോസിന് തന്നെക്കുറിച്ച് സ്വയം ഉണ്ടായിരുന്ന അറിവിനേക്കാൾ ആഴമേറിയ അറിവ് അവനെക്കുറിച്ച് യേശുവിനുണ്ടായിരുന്നു. ആ അറിവിൽ നിന്നു വന്ന വാക്കുകളായിരുന്നു ഇവ. പത്രോസിന് തന്നെക്കുറിച്ചു തന്നേ അറിവില്ലാതിരുന്നതിനാലോ അല്ലെങ്കിൽ താനെന്തിനാണ് അപ്രാപ്തനെന്ന് അറിഞ്ഞുകൂടാഞ്ഞതിനാലോ ആണ് അവന് യേശുവിനെ അനുഗമിക്കാൻ കഴിയാഞ്ഞത്. സ്വാഭാവികമായ ഭക്തി നമ്മെ യേശുവിലേയ്ക്ക് അത്യധികം ആകർഷിച്ചേക്കാം. എന്നാൽ അതൊരിക്കലും നമ്മെ യേശുവിന്റെ ശിഷ്യരാക്കുകയില്ല ; അത്തരം സ്വാഭാവിക ഭക്തി ഇവിടെയല്ലെങ്കിൽ മറ്റൊരിടത്ത് യേശുവിനെ തള്ളിപ്പറയും.

## ജനുവരി 5

# പരിശുദ്ധാത്മ ശക്തി പ്രാപിച്ചതിന് ശേഷമുള്ള ജീവിതം

**''ഞാൻ പോകുന്ന ഇടത്തേയ്ക്ക് നിനക്ക് ഇപ്പോൾ എന്നെ അനുഗമിപ്പാൻ കഴിയുകയില്ല; പിന്നത്തേതിൽ നീ എന്നെ അനുഗമിക്കും.'' (യോഹന്നാൻ 13:36)**

ഇങ്ങനെ സംസാരിച്ചശേഷം, അവൻ അവനോട് എന്നെ അനുഗമിക്ക എന്ന് പറഞ്ഞു. (മത്താ. 4:19) മൂന്ന് വർഷം മുമ്പ് എന്നെ അനുഗമിക്ക എന്ന് യേശു പറയുകയും, യാതൊരു ബുദ്ധിമുട്ടും കൂടാതെ പത്രോസ് അവനെ പിന്തുടരുകയും ചെയ്തിരുന്നു; അന്ന് യേശുവിനോടുള്ള ഭ്രമത്തിൽ, അവനെ അനുഗമിപ്പാൻ പത്രോസിന് പരിശുദ്ധാത്മാവിന്റെ സഹായം വേണ്ടിയിരുന്നില്ല. പിന്നീടവൻ യേശുവിനെ തള്ളിപ്പറയുന്നിടത്ത് എത്തി, അവന്റെ മനസ്സ് തകരുകയും ചെയ്തു. അപ്പോൾ അവൻ പരിശുദ്ധാത്മാവിനെ പ്രാപിച്ചു; ഇപ്പോൾ യേശു വീണ്ടും അവനോട് പറയുന്നു: ''എന്നെ അനുഗമിക്ക''. ഇപ്പോൾ യേശു അല്ലാതെ മറ്റൊരു രൂപവും പത്രോസിന്റെ മുമ്പിലില്ല. ആദ്യം എന്നെ അനുഗമിക്ക എന്ന് പറഞ്ഞതിൽ ആത്മീയമായ യാതൊന്നും ഉണ്ടായിരുന്നില്ല. അത് വെറും ബാഹ്യമായൊരു അനുഗമിക്കൽ മാത്രമായിരുന്നു; ഇപ്പോഴാകട്ടെ ആന്തരികമായ രക്തസാക്ഷിത്വത്തിന്റെ പിന്തുടർച്ചയും. (യോഹന്നാൻ 21:18 നോക്കുക)

ഈ രണ്ട് കാലയളവിനിടയിലായിരുന്നു പത്രോസ് പ്രാക്കും ശാപവാക്കുകളുമായി യേശുവിനെ തള്ളിപ്പറഞ്ഞത്. അവന്റെ സ്വയവും സ്വയം പര്യാപ്തതയും എല്ലാം തകർന്നു തരിപ്പണമായി.(മത്താ. 26:69-75). അവന് ആശ്രയിക്കാമായിരുന്ന അവന്റേതായ (സ്വന്തമായ) ഒരു കഴിവും അവനിലുണ്ടായിരുന്നില്ല. അവന്റെ ആ ഒന്നുമില്ലായ്മ അവനെ ഉയിർത്തെഴുന്നേറ്റ കർത്താവിൽ നിന്നും കൃപ പ്രാപിക്കാൻ യോഗ്യനാക്കി. ''പരിശുദ്ധാത്മാവിനെ പ്രാപിക്ക എന്ന് പറഞ്ഞ്, അവൻ അവരുടെ മേൽ ഊതി'' (യോഹ. 20:22). ദൈവം നിങ്ങളിൽ വരുത്തിയ മാറ്റത്തിൽ ആശ്രയിക്കരുത്. കർത്താവായ യേശുക്രിസ്തു എന്ന ഒരേയൊരു വ്യക്തിയിലും അവൻ തരുന്ന ആത്മാവിലും മാത്രം ജീവിതം പടുത്തുയർത്തുക.

നമ്മുടെ ഉഗ്ര ശപഥങ്ങളും ഉറച്ച തീരുമാനങ്ങളും ഇല്ലാതാവുകയും തുടർന്ന് ഞാൻ അവനെ അറിയുന്നില്ല എന്ന് പറഞ്ഞുപോകയും ചെയ്യുന്നു. കാരണം അവ നിറവേറ്റാനുള്ള ശക്തി നമുക്കില്ല. നമ്മുടെ അഹന്ത – സ്വയം – ഞാൻ എന്ന ഭാവം ഇല്ലാതായെങ്കിൽ മാത്രമേ നമുക്കു പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ കഴിയൂ. ''നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിക്ക'' എന്ന് അരുളിച്ചെയ്യുന്ന കർത്താവ് നമ്മെ തനിക്ക് അധീനമാക്കുന്നു. ഇപ്പോൾ നമ്മെ നയിക്കുന്ന ഒരൊറ്റ നക്ഷത്രമേയുള്ളൂ – കർത്താവായ യേശുക്രിസ്തു.

## ജനുവരി 6

# ആരാധന

**അവൻ അവിടെനിന്നു ബേഥേലിന് കിഴക്കുള്ള മലയ്ക്കു പുറപ്പെട്ടു; ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരം അടിച്ചു; അവിടെ അവൻ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു. (ഉല്പത്തി 12:8)**

ദൈവം നമുക്കു നല്കിയ ഏറ്റവും നല്ലത് അവനു കൊടുക്കുന്നതാണ് ആരാധന. നമുക്കുള്ളതിൽ ഏറ്റവും നല്ലതിനെ നാം എന്താണ് ചെയ്യുന്നത് എന്നു ശ്രദ്ധിക്കുക. ദൈവത്തിൽ നിന്ന് നമുക്കൊരു അനുഗ്രഹം ലഭിക്കുന്നുവെങ്കിൽ, അതൊരു സ്നേഹസമ്മാനമായി അവനു തിരികെക്കൊടുക്കുക. ദൈവതിരുമുമ്പാകെ ധ്യാനിക്കാൻ സമയമെടുക്കുക; എന്നിട്ട് സാവധാനം ഒരു ആരാധനയായി ആ അനുഗ്രഹത്തെ ദൈവത്തിന് അർപ്പിക്കുക. നിങ്ങൾക്കായിത്തന്നേ ഒരു സാധനം നിങ്ങൾ പിടിച്ചുവെച്ചാൽ, മന്നാ കൂട്ടിവെച്ചപ്പോൾ സംഭവിച്ചപോലെ, അത് 'ആത്മീയമായി' ചീഞ്ഞ് പോകും. ഒരു ആത്മീയ കാര്യത്തെ നിങ്ങൾക്കായിത്തന്നേ പിടിച്ചു വെയ്ക്കാൻ ദൈവം ഒരിക്കലും അനുവദിക്കുകയില്ല. അത് മറ്റുള്ളവർക്ക് ഒരനുഗ്രഹമാക്കിത്തീർക്കാൻ ദൈവത്തെ തിരികെ ഏല്പിച്ചേ പറ്റൂ.

ദൈവവുമായുള്ള സംസർഗത്തിന്റെ പ്രതീകമാണ് ബേഥേൽ; ഹായി ഈ ലോകത്തിന്റെ പ്രതീകവും. ഇതിന്റെ രണ്ടിന്റെയും ഇടയിലാണ് അബ്രാഹാം തന്റെ കൂടാരമടിച്ചത്. ദൈവത്തിനായുള്ള നമ്മുടെ പൊതുപ്രവർത്തനത്തിന്റെ മൂല്യം അളക്കുന്നത്, ദൈവവുമായുള്ള നമ്മുടെ ആഴത്തിലുള്ള സ്വകാര്യ സംസർഗത്തിന്റെ അടിസ്ഥാനത്തിലാണ്. ധൃതി എവിടെയും തെറ്റാണ്. ദൈവവുമായി ശാന്തമായി സമയം ചെലവിടാൻ കഴിയുന്ന സ്ഥലത്ത് നാം നമ്മുടെ കൂടാരമടിക്കണം. ആത്മീയ ജീവിതത്തിൽ ആരാധന, കാത്തിരിപ്പ്, പ്രവൃത്തി എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളില്ല. നമ്മുടെ ആത്മീയ ജീവിതത്തിൽ നമ്മിൽ ചിലർ ആത്മീയ പുകമഞ്ഞിലൂടെ ചാടിച്ചാടി പോകുകയാണ്. ആരാധനയിൽ നിന്ന് കാത്തിരിപ്പിലേയ്ക്കും, കാത്തിരിപ്പിൽ നിന്ന് ജോലികളിലേയ്ക്കും നാം ചാട്ടം നടത്തുന്നു. ഇവ മൂന്നും ഒന്നിച്ച് പോകണം എന്നതാണ് ദൈവത്തിന്റെ പദ്ധതി. നമ്മുടെ കർത്താവിന്റെ ജീവിതത്തിൽ ഇവ മൂന്നും എപ്പോഴും ഒന്നിച്ചായിരുന്നു. അവന് അനാവശ്യമായ തിടുക്കമോ അലസമായ വിശ്രമമോ ഇല്ലായിരുന്നു. ഈ ജീവിതശൈലി അഭികാമ്യമാണ്. നമ്മളും അതു ശീലിക്കണം.

## ജനുവരി 7

# യേശുവിനോടുള്ള ഗാഢമായ സ്നേഹം

**ഞാൻ ഇത്രകാലം നിങ്ങളോടുകൂടി ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ? (യോഹന്നാൻ 14:9)**

ഈ വാക്കുകൾ ഒരു ശകാരമല്ല, വിസ്മയവുമല്ല. യേശു ഫിലിപ്പോസിനെ മുന്നോട്ടു നയിക്കുകയാണ്. യേശുവിനോടാണ് നാം ഏറ്റവും അവസാനം അഗാധബന്ധത്തിലാകുന്നത്. പെന്തക്കോസ്ത് ദിവസത്തിനു മുമ്പ് ശിഷ്യന്മാർ യേശുവിനെ അറിഞ്ഞത് ഭൂതങ്ങളെ പുറത്താക്കാനും, ഒരു ഉണർവുണ്ടാക്കാനും അവർക്ക് അധികാരവും ശക്തിയും നല്കിയ ആളായിട്ടാണ്. (ലൂക്കൊസ് 10:18–20). അതൊരു അത്ഭുതകരമായ അടുപ്പമായിരുന്നു. എന്നാൽ അതിനേക്കാൾ അഗാധമായൊരു അടുപ്പം വരാനുണ്ടായിരുന്നു. ''....ഞാൻ നിങ്ങളെ സ്നേഹിതർ എന്ന് വിളിച്ചിരിക്കുന്നു''. സുഹൃദ്ബന്ധം ഈ ലോകത്തിൽ അപൂർവ്വമാണ്. ചിന്തയിലും, ഹൃദയത്തിലും, ആത്മാവിലും–ഒന്നായിത്തീരുന്ന അവസ്ഥയാണ് – സൗഹൃദം. ഇത്തരത്തിൽ യേശുവുമായി ഏറ്റവും ആഴമേറിയ ബന്ധത്തിലേക്ക് പ്രവേശിക്കുക എന്നതാണ് ഈ ജീവിതത്തിന്റെ ലക്ഷ്യം. നാം അവന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുകയും അവന്റെ വചനം അറിയുകയും ചെയ്യുന്നു. എന്നാൽ നാം അവനെ അറിയുന്നുവോ?

ശിഷ്യന്മാരെ പിന്നെയും മുമ്പോട്ടു നയിക്കേണ്ടതിന് ''ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം'' എന്ന് യേശു അവരോടു പറഞ്ഞു. (യോഹ. 16:7) താനുമായി ഗാഢബന്ധത്തിലാകാനുള്ള ഒരു ചുവട്, ഒരു ശിഷ്യനെടുക്കുമ്പോൾ യേശു സന്തോഷിക്കുന്നു. യേശുക്രിസ്തുവുമായി അഗാധബന്ധത്തിലാണെന്നതിന്റെ വ്യക്തമായ തെളിവാണ് ഫലം കായ്ക്കൽ എന്ന് പറയുന്നത് (യോഹ. 15:8).

യേശുവുമായി അഗാധമായ അടുപ്പത്തിലായിക്കഴിഞ്ഞാൽ പിന്നെ നമുക്ക് ഏകാന്തതയില്ല; ആരുടെയും സഹതാപവും ആവശ്യമില്ല. ദയനീയരായിരിക്കാതെ നമുക്കെല്ലാം അവന്റെ മുമ്പിൽ കോരിച്ചൊരിയാം. യേശുവുമായി അഗാധബന്ധത്തിലിരിക്കുന്ന ഒരു വിശുദ്ധനു തന്നെക്കുറിച്ചുള്ള നല്ല ധാരണകളല്ല, പിന്നെയോ, തടസ്സമില്ലാതെ തന്റെ വഴിയിലൂടെ നീങ്ങുന്ന യേശുവിനെക്കുറിച്ചുള്ള മതിപ്പാണ് പ്രധാനം. കാരണം ആ വിശുദ്ധന്റെ പ്രകൃതത്തിലെ എല്ലാ പോരായ്മയും യേശു നികത്തിയിരിക്കുന്നു. യേശുവുമായി ഗാഢബന്ധത്തിലായിരിക്കുന്നവർക്ക് അവൻ ശക്തവും പ്രശാന്തവും പ്രസന്നവുമായ നല്ല മനസ്സ് നല്കുന്നു. ആ ഒരു ചിത്രമാണ് അവർ അവശേഷിപ്പിച്ചിട്ടു കടന്നുപോകുന്നത്.

## ജനുവരി – 8

# എന്റെ യാഗം ജീവിക്കുന്നുവോ?

**അബ്രാഹാം ഒരു യാഗപീഠം പണിത്, വിറക് അടുക്കി, തന്റെ മകൻ യിസഹാക്കിനെ കെട്ടി ........ (ഉല്പത്തി 22:9)**

ദൈവം നമ്മുടെ മരണം എന്ന ബലിയാണ് ഒടുവിലായി ആഗ്രഹിക്കുന്നത് എന്നു നാം ചിന്തിച്ചേക്കാം – അതൊരു അബദ്ധ ചിന്തയാണ് എന്ന് ഈ സംഭവം വ്യക്തമാക്കുന്നു. മരണമല്ല, മരണത്തിലൂടെയുള്ള യാഗമാണു ദൈവം ആവശ്യപ്പെടുന്നത്, യേശുവിനെപ്പോലെ നമ്മളും ജീവനെ യാഗമായി അർപ്പിക്കണം. 'നിന്നോടുകൂടെ മരിപ്പാൻ ഞാൻ ഒരുക്കമാണ്' എന്നതല്ല, 'നിന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് എന്റെ ജീവനെ (ജീവിതത്തെ) ദൈവത്തിനു ബലിയർപ്പിക്കാൻ സന്നദ്ധനാണ്' എന്നതാണ് അടിസ്ഥാന കാര്യം. എല്ലാം വിട്ടുകളയാൻ ദൈവം ആവശ്യപ്പെടുന്നു എന്നു നാം ചിന്തിച്ചേക്കാം. ആ അബദ്ധത്തിൽ നിന്നു ദൈവം അബ്രാഹാമിനെ വിടുവിച്ചു – വിശുദ്ധീകരിച്ചു. നമുക്കും ഈ ജീവിതശിക്ഷണമാണു വേണ്ടത്. വസ്തുവകകൾ വിട്ടുകളയുക – ത്യാഗത്തിനുവേണ്ടി ത്യാഗം അനുഷ്ഠിക്കുക എന്നു ദൈവം ആവശ്യപ്പെടുന്നില്ല.

നമ്മൾ എന്തൊക്കെയോ ഉപേക്ഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നാണ് നമ്മുടെ വിചാരം! അബ്രാഹാമിനെ ദൈവം ഈ അബദ്ധത്തിൽ നിന്ന് ശുദ്ധീകരിച്ചു; ആ ശിക്ഷണം നമ്മുടെ ജീവിതത്തിലും തുടർന്നുകൊണ്ടിരിക്കുന്നു. എന്തെങ്കിലും കാര്യങ്ങൾ ഉപേക്ഷിക്കാൻവേണ്ടി മാത്രം ഉപേക്ഷിക്കാൻ ദൈവം നമ്മോട് ആവശ്യപ്പെടാറില്ല. നമുക്ക് ഉണ്ടായിരിക്കേണ്ട ഒരേയൊരു കാര്യത്തിനുവേണ്ടി മാത്രമാണ് എന്തെങ്കിലും ഉപേക്ഷിക്കാൻ ദൈവം നമ്മോട് പറയുന്നത്. അത് ദൈവവുമായുള്ള നമ്മുടെ ജീവിതമാണ്. ആ ജീവിതത്തെ തടസ്സപ്പെടുത്തുന്ന കെട്ടുകൾ അഴിച്ചു വിടുക എന്നതാണ് പ്രശ്നം. യേശുവിന്റെ മരണവുമായി താദാത്മ്യം പ്രാപിക്കുന്നതിലൂടെ ആ കെട്ടുകളഴിഞ്ഞാൽ നമ്മുടെ ജീവിതം ദൈവത്തിനായി ബലി കഴിക്കാനാവുന്ന ഒരു ദൈവബന്ധത്തിലേയ്ക്ക് നാം പ്രവേശിക്കും.

മരണത്തിലൂടെ നിങ്ങളുടെ ജീവിതം ദൈവത്തിന് കൊടുക്കുന്നതിൽ ഒരു മൂല്യവുമില്ല. യേശുവിലൂടെ രക്ഷിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്ത നിങ്ങളുടെ എല്ലാം കഴിവുകളും ശക്തിയും, ഒരു ജീവനുള്ള യാഗമായി തനിക്ക് തരണം എന്നതാണ് ദൈവം നിങ്ങളിൽ നിന്നും ആഗ്രഹിക്കുന്നത് (റോമർ 12:1). ഇതാണ് ദൈവത്തിന് സ്വീകാര്യമായ കാര്യം.

## ജനുവരി – 9

# പ്രാർത്ഥനയോടുകൂടിയ ആത്മപരിശോധന

**''നിങ്ങളുടെ ആത്മാവും, പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്ക പ്പെടുമാറാകട്ടെ......'' തെസ്സലോനിക്യർ 5:23**

''നിങ്ങളുടെ ആത്മാവ് .......... അശേഷം''. നമുക്ക് എത്തിച്ചേരാൻ വയ്യാത്ത ഇരുണ്ട മേഖലകളിലാണ് പരിശുദ്ധാത്മാവിന്റെ നിഗൂഢപ്രവർത്തനമത്രയും. 139–ാം സങ്കീർത്തനം വായിക്കുക– ദൈവമേ, നീ ഉഷസ്സിന്റെയും രാത്രിയുടെയും, പർവ്വത ങ്ങളുടെയും ദൈവമാകുന്നു. എന്നാൽ എന്റെയുള്ളിൽ ഈ ഭൂമിയിൽ കാണുന്നതി നെക്കാൾ വലിയ ഇരുളും, ആഴങ്ങളും, ഉയരങ്ങളും എല്ലാമുണ്ട്; അവയുടെയെല്ലാം ദൈവമായ നീ, എന്റെ ദൈവമായിരിക്ക. എന്നിലെ ഉയരങ്ങളിലും, ആഴങ്ങളിലും ചെന്നെത്താൻ എനിക്ക് കഴിയുന്നില്ല. എന്റെ ഹൃദയത്തെ, എന്റെ നിനവുകളെ നീ അറിയേണമേ (സങ്കീ.139:24) ഇതാണ് സങ്കീർത്തനക്കാരൻ ഉദ്ദേശിക്കുന്നത്.

നമുക്ക് എത്തിച്ചേരാൻ കഴിയുന്നതിനുമപ്പുറം നമ്മുടെ ഭാവനയെ എത്തിക്കുവാൻ ദൈവത്തിനു കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? ''യേശുക്രിസ്തുവിന്റെ രക്തം സകല പാപങ്ങളിൽ നിന്നും നിങ്ങളെ ശുദ്ധീകരിക്കുന്നു – (1 യോഹ. 1:7) ഇത് ബോധപൂർവ്വമുള്ള ഒരനുഭവം മാത്രമാണെങ്കിൽ ദൈവം നമ്മോട് കരുണ കാണിക്കട്ടെ. പാപം കൊണ്ട് ബുദ്ധി മന്ദീഭവിച്ചവൻ താൻ പാപത്തെക്കുറിച്ചു ബോധവാനല്ല എന്ന് പറയും. ദൈവം വെളിച്ചമാകയാൽ (1 യോഹ. 1:7) ആ വെളിച്ചത്തിൽ നാം നിന്നാൽ നമ്മുടെ ആത്മാവിന്റെ ആഴങ്ങളിലും ഉയരങ്ങളിലും വരെ നാം പാപത്തിൽ നിന്ന് ശുദ്ധീകരിക്കപ്പെടും. യേശുക്രിസ്തുവിന്റെ ജീവന് ആഹാരമായ അതേ ആത്മാവ് തന്നേ നമ്മുടെ ആത്മാക്കളുടെ ജീവിതത്തിനും ആഹാരമായിത്തീരും. പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ വിശുദ്ധിയോടെ ദൈവം നമ്മെ സംരക്ഷിക്കുമ്പോൾ മാത്രമേ, യേശു വരുന്നതു വരെയും ദൈവതി രുമുമ്പാകെ കുറ്റംവിധിക്കപ്പെടാൻ അർഹരാകാതെ, കളങ്കമില്ലാത്ത പൂർണ്ണതയിൽ നമ്മുടെ ആത്മാവും പ്രാണനും ദേഹവും സംരക്ഷിക്കപ്പെടുകയുള്ളൂ.

ദൈവത്തിന്റെ ഈ ഗംഭീരസത്യങ്ങളിൽ വ്യാപരിക്കുവാൻ നാം നമ്മുടെ മനസ്സിനെ അനുവദിക്കുന്നില്ല എന്നതു ഖേദകരമാണ്.

## ജനുവരി 10

# തുറന്നുകിട്ടിയ കണ്ണുകൾ

**''അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന് അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്ന് വെളിച്ചത്തിലേയ്ക്കും സാത്താന്റെ അധികാരത്തിൽ നിന്ന് ദൈവത്തിങ്കലേയ്ക്കു തിരിപ്പാനും അവരുടെ അടുക്കൽ ഞാൻ ഇപ്പോൾ നിന്നെ അയയ്ക്കുന്നു എന്ന് കല്പിച്ചു.'' അപ്പൊസ്തലപ്രവൃത്തികൾ 26:17,18.**

യേശുക്രിസ്തുവിന്റെ ഒരു ശിഷ്യൻ നടത്തുന്ന സുവിശേഷപ്രഘോഷണത്തിന്റെ പുതിയ നിയമത്തിലാകമാനമുള്ള ഏറ്റവും ഗംഭീരമായ സംക്ഷേപമാണ് ഈ വാക്യം.

''പാപമോചനം ലഭിപ്പാനും'' എന്ന ഈ വാക്കുകളിൽ കൃപയുടെ ആദ്യത്തെ അത്യന്തം ശ്രേഷ്ഠമായ പ്രവൃത്തിയെന്തെന്ന് ചുരുക്കിപ്പറഞ്ഞിരിക്കുന്നു. വ്യക്തിപരമായ ക്രിസ്തീയ അനുഭവത്തിൽ ഒരു മനുഷ്യൻ തോല്ക്കുമ്പോൾ, ഒട്ടുമിക്കപ്പോഴും അതിനു കാരണം അയാൾ ഒരിക്കലും ഒന്നും സ്വീകരിച്ചിട്ടില്ല എന്നതാണ്. ഒരു മനുഷ്യൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ ഒരേയൊരു തെളിവ് അയാൾ യേശുവിൽ നിന്നും എന്തോ സ്വീകരിച്ചിരിക്കുന്നു എന്നതാണ്. ദൈവത്തിന്റെ വേലക്കാർ എന്ന നിലയിൽ നമ്മുടെ ജോലി, ആളുകൾ സ്വയം ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കു തിരിയും വിധം, അവരുടെ കണ്ണുകളെ തുറക്കുകയാണ്. എന്നാൽ അത് രക്ഷയല്ല; അത് മാനസാന്തരമാകുന്നു – ഉണർത്തപ്പെട്ട ഒരു മനുഷ്യജീവിയുടെ പരിശ്രമമാണത്. പേരിൽ മാത്രം ക്രിസ്ത്യാനികളായ ഭൂരിപക്ഷം ആളുകളും ഇത്തരത്തിലുള്ളവരാണെന്ന് പറഞ്ഞാൽ, അത് വല്ലാതെ തൂത്തടച്ചൊരു പറച്ചിലാകുമെന്ന് എനിക്ക് തോന്നുന്നില്ല. അവരുടെ കണ്ണുകൾ തുറന്നിരിക്കുന്നു എന്നാൽ അവർക്ക് യാതൊന്നും ലഭിച്ചിട്ടില്ല. മാനസാന്തരം എന്നു പറയുന്നത് വീണ്ടും ജനിക്കലല്ല. നാം സുവിശേഷം പറയുമ്പോൾ അവഗണിക്കുന്ന ഒരു ഘടകമാണിത്. ഒരു മനുഷ്യൻ വീണ്ടും ജനിക്കുമ്പോൾ അത് സർവ്വശക്തനായ ദൈവത്തിൽനിന്നും എന്തോ ഒന്ന് അവന് സമ്മാനമായി ലഭിച്ചതു കൊണ്ടാണെന്നും, അവന്റെ സ്വന്തം തീരുമാനങ്ങൾ കൊണ്ടല്ലെന്നും അവനറിയാം. ആളുകൾ വ്രതങ്ങൾ എടുക്കുകയും ദൃഢപ്രതിജ്ഞകളിൽ ഒപ്പ് വെയ്ക്കുകയും, തങ്ങൾ ആ വഴി പിന്തുടരുമെന്ന് ഉറച്ച് തീരുമാനിക്കുകയും ചെയ്യുന്നു. എന്നാൽ ഇതൊന്നുമല്ല രക്ഷ. യേശുക്രിസ്തുവിന്റെ അധികാരത്തിൽ ദൈവത്തിങ്കൽ നിന്നും എന്തെങ്കിലും സ്വീകരിക്കാൻ നാം പ്രാപ്തരാകുന്ന ഒരിടത്തേയ്ക്കു നയിക്കപ്പെടുന്നതാണ് രക്ഷ – അതായത് പാപമോചനം.

കൃപയുടെ രണ്ടാമത്തെ പ്രവൃത്തിയാണ് തുടർന്നു വരുന്നത് – വിശുദ്ധീകരിക്കപ്പെട്ടവരുടെ കൂടെയുള്ള അവകാശം. വിശുദ്ധീകരണത്തിലൂടെ പുതുജീവൻ പ്രാപിച്ച ആത്മാവ് തനിക്കു തന്നോടുള്ള അവകാശം ഉപേക്ഷിച്ച് അത് യേശുക്രിസ്തുവിന് കൊടുക്കുകയും, ദൈവത്തിന് മറ്റു മനുഷ്യരിലുള്ള താല്പര്യവുമായി താദാത്മ്യം (ഒന്നായിത്തീരുകയും) പ്രാപിക്കുകയും ചെയ്യുന്നു.

## ജനുവരി 11

# ദൈവത്തോടുള്ള എന്റെ അനുസരണം മറ്റുള്ളവരെ എങ്ങനെ ബാധിക്കും?

**'അവനെ കൊണ്ടുപോകുമ്പോൾ വയലിൽ നിന്നു വരുന്ന ശീമോൻ എന്ന ഒരു കുറേനക്കാരനെ അവർ പിടിച്ച് ക്രൂശ് ചുമപ്പിച്ച് യേശുവിന്റെ പിന്നാലെ നടത്തി.' ലൂക്കൊസ് 23:26.**

നാം ദൈവത്തെ അനുസരിക്കുകയാണെങ്കിൽ, അതിന് നാം കൊടുക്കുന്നതിലും അധികം വില മറ്റുള്ളവർ കൊടുക്കേണ്ടി വരുന്നു. അവിടെയാണ് ബുദ്ധിമുട്ട്. നാം കർത്താവുമായി സ്നേഹത്തിലാണെങ്കിൽ അനുസരണം നമുക്ക് ആനന്ദമായിത്തീരുന്നു; നാം അതിന് ഒരു വിലയും കൊടുക്കുന്നില്ല. എന്നാൽ ദൈവത്തെ സ്നേഹിക്കാത്തവർക്ക്, നമ്മുടെ അനുസരണം മൂലം വളരെ ബദ്ധപ്പെടേണ്ടിവരുന്നു. നാം ദൈവത്തെ അനുസരിക്കുന്നതിനർത്ഥം മറ്റുള്ളവരുടെ പദ്ധതികളെ തകിടം മറിക്കുക എന്നതാണ്. ഇതാണോ നിങ്ങളുടെ ക്രിസ്തീയത എന്ന് അവർ ആക്ഷേപിക്കും. അവരുടെ ആ കഷ്ടത നമുക്ക് തടയാം. എന്നാൽ നാം ദൈവത്തെ അനുസരിക്കാൻ പോകുന്നുവെങ്കിൽ നമ്മൾ അത് തടയരുത്. ആ വില കൊടുക്കാൻ നാം അവരെ അനുവദിക്കണം.

'എനിക്കാരുടെയും ഒരു സഹായവും വേണ്ടാ – നമ്മെക്കൊണ്ട് ഇങ്ങനെ പറയിക്കുന്നതു നമ്മുടെ അഹങ്കാരമാണ്. നാം പറയുന്നു: ഞാൻ ആരിൽ നിന്നും ഒന്നും സ്വീകരിക്കുകയില്ല. എന്നാൽ നമുക്ക് സ്വീകരിക്കേണ്ടി വരും; അല്ലെങ്കിൽ നാം ദൈവത്തോട് അനുസരണക്കേട് കാണിക്കുകയായിരിക്കും. നമ്മുടെ കർത്താവ് മറ്റുള്ളവരുമായി ഏതു ബന്ധത്തിൽ ആയിരുന്നുവോ അങ്ങനെയായിരിക്കുവാൻ പ്രതീക്ഷിക്കുക എന്നല്ലാതെ മറ്റ് യാതൊരു അവകാശങ്ങളും നമുക്കില്ല. (ലൂക്കൊസ് 8:1–3 കാണുക)

എല്ലാക്കാര്യങ്ങളും നാം സ്വയം വഹിച്ചുകൊള്ളാം എന്ന് പറയുമ്പോഴാണ് നമ്മുടെ ആത്മീയ ജീവിതത്തിൽ മാന്ദ്യം വരുന്നത്. അങ്ങനെ ചെയ്യാൻ നമുക്ക് സാധിക്കുകയില്ല. ദൈവോദ്ദേശ്യങ്ങളിൽ നാം മുഴുകുകയും, ദൈവത്തെ അനുസരിക്കുകയും ചെയ്യുന്നത്, നിശ്ചയമായും മറ്റുള്ളവരെ ബാധിക്കുന്നു. ദൈവത്തോടുള്ള അനുസരണയിൽ വിശ്വസ്തരായിരിക്കുകയും സ്വതന്ത്രരായിരിക്കാൻ വിസമ്മതിക്കുന്നതുകൊണ്ടുള്ള അപമാനത്തിലൂടെ കടന്നുപോകാൻ തയ്യാറാകുകയും ചെയ്യുമോ നാം? അതോ ഞാൻ മറ്റുള്ളവർക്ക് വിഷമം ഉണ്ടാക്കുകയില്ല എന്ന മനോഭാവം സ്വീകരിക്കുമോ? ദൈവത്തെ അനുസരിക്കാതിരിക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്; അത് നമുക്ക് താൽക്കാലികമായ ഒരാശ്വാസം തരും: എന്നാൽ നാം നമ്മുടെ കർത്താവിന് ദുഃഖമായിത്തീരും. മറിച്ചു നാം ദൈവത്തെ അനുസരിച്ചാൽ, നമ്മുടെ അനുസരണക്കേടിന്റെ ഭവിഷ്യത്തനുഭവിക്കുന്നവരെ അവൻ നോക്കിക്കൊള്ളും. ഭവിഷ്യത്തുകളെ ദൈവത്തിനു വിട്ടുകൊടുത്തുകൊണ്ട് നമ്മൾ നിരുപാധികം ദൈവത്തെ അനുസരിച്ചാൽ മതി.

നിങ്ങൾ ദൈവത്തെ അനുസരിക്കുന്നതിന്റെ പരിണതഫലങ്ങൾ ദൈവത്തിനു തന്നേ വിട്ടുകൊടുക്കുക. ദൈവത്തിന് ആജ്ഞകൾ നല്കാനുള്ള പ്രവണത ഉണ്ടാകരുത്.

## ജനുവരി – 12

# നിങ്ങൾ എപ്പോഴെങ്കിലും ദൈവത്തോടൊപ്പം തനിച്ചിരുന്നിട്ടുണ്ടോ?

**''തനിച്ചിരിക്കുമ്പോൾ അവൻ ശിഷ്യന്മാരോട് സകലവും വ്യാഖ്യാനിക്കും''. മർക്കൊസ് 4:34**

അവനോടൊപ്പമുള്ള നമ്മുടെ ഏകാന്തത:– യേശു നമ്മെ തനിച്ച് കൂട്ടിക്കൊണ്ടു പോയി, സദാ കാര്യങ്ങൾ വ്യാഖ്യാനിച്ച് തരുന്നില്ല. നമുക്ക് അവനെ മനസ്സിലാക്കാൻ കഴിയുന്നതനുസരിച്ച് അവൻ നമുക്ക് കാര്യങ്ങൾ വ്യാഖ്യാനിച്ചു തരുന്നു. മറ്റ് ജീവിതങ്ങൾ നമുക്ക് ഉപമകളാകുന്നു. ഒരു പുരുഷനെയും സ്ത്രീയെയും തന്റെ ഉദ്ദേശ്യത്തിനനുസരിച്ചാക്കിത്തീർക്കാൻ, ദൈവം പതുക്കെ, വളരെ പതുക്കെ, അനന്തതയോളം നീളുന്ന സമയമെടുക്കുന്നു. ദൈവത്തിന് നമ്മളെ ഉപയോഗിക്കാനുള്ള ഒരേയൊരു വഴി, നമ്മുടെ സ്വഭാവത്തിലെ വളവുകളിലൂടെയും കുഴികളിലൂടെയും നമ്മെ കടത്തിക്കൊണ്ടു പോയി നമ്മെ നമുക്കു മനസ്സിലാക്കിത്തരാൻ അവനെ അനുവദിക്കുകയാണ്. നമ്മെക്കുറിച്ച് നാം എത്ര അജ്ഞരാണെന്നത് അമ്പരപ്പിക്കുന്നതാണ്. അസൂയയോ, അലസതയോ, അഹങ്കാരമോ കാണുമ്പോൾ നാം അതറിയുന്നില്ല. യേശുവിനെ അറിയുംമുമ്പ് നമ്മുടെ ശരീരം ഒതുക്കിവെച്ചിരുന്നതെല്ലാം അവൻ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. ധൈര്യത്തോടെ ഉള്ളിലേയ്ക്കു നോക്കാൻ നമ്മിൽ എത്രപേർ പഠിച്ചിട്ടുണ്ട്?

നാം നമ്മെത്തന്നേ പൂർണ്ണമായി മനസ്സിലാക്കുന്നു എന്ന വിചാരം കളഞ്ഞേ തീരൂ. അതാണ് നമ്മിൽ നിന്ന് പോകേണ്ട അവസാന അഹങ്കാരം. നമ്മെ മനസ്സിലാക്കുന്ന ഒരേ ഒരാൾ ദൈവമാണ്. ആത്മീയ ജീവിതത്തിലെ ഏറ്റവും വലിയ ശാപം അഹംഭാവമാണ്. ദൈവത്തിന്റെ കണ്ണിൽ നാം എന്താണെന്നതിന്റെ ഒരു മിന്നലാട്ടം നമുക്കെന്നെങ്കിലും കിട്ടിയാൽ പിന്നെയൊരിക്കലും 'അയ്യോ, ഞാൻ അയോഗ്യൻ' എന്ന് നാം പറയുകയില്ല; കാരണം അങ്ങനെയൊരു പ്രസ്താവന നടത്തേണ്ട ആവശ്യമില്ലാതെ തന്നേ നാം അങ്ങനെയാണെന്ന് നാം അറിയും. നാം അയോഗ്യരെന്ന് നല്ല ഉറപ്പില്ലാത്തിടത്തോളം ദൈവം നമ്മെ ചെറുതാക്കി, ചെറുതാക്കി അവനോടൊപ്പം തനിച്ചാക്കുന്ന അവസ്ഥയിൽ കൊണ്ടുവരും. അഹങ്കാരത്തിന്റെയോ അഹംഭാവത്തിന്റെയോ ഒരു ചെറിയ അംശമെങ്കിലും ഉള്ളിടത്ത്, യേശുവിന് ഒരു കാര്യവും വ്യാഖ്യാനിച്ച് തരാൻ കഴിയുകയില്ല. മനസ്സിനേറ്റ ഒരു നിരാശയിലൂടെയോ, ബുദ്ധിക്കേറ്റ ഒരു മുറിവിലൂടെയോ അവൻ നമ്മെ കടത്തിക്കൊണ്ടു പോകും. നാം ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത അതിരുകവിഞ്ഞ മമതകളെ അവൻ വെളിപ്പെടുത്തും. ക്ലാസ്സുകളിൽ നമ്മൾ അനേകകാര്യങ്ങൾ ശ്രദ്ധിച്ചു കേൾക്കും. എന്നാൽ അവ നമുക്കിനിയും വ്യാഖ്യാനങ്ങളായിത്തീർന്നിട്ടില്ല. അവയെക്കുറിച്ച് പറയാൻ ദൈവം, നമ്മെ അവനോടൊപ്പം തനിച്ചാക്കുമ്പോൾ ആ വ്യാഖ്യാനങ്ങൾ നമുക്ക് ലഭിക്കും.

## ജനുവരി 13

# നിങ്ങൾ എപ്പോഴെങ്കിലും ദൈവത്തോടൊപ്പം തനിച്ചായിരുന്നിട്ടുണ്ടോ?

**അനന്തരം അവൻ തനിച്ചിരിക്കുമ്പോൾ അവനോടു കൂടെയുള്ളവർ പന്തിരുവരുമായി ആ ഉപമകളെക്കുറിച്ച് ചോദിച്ചു. മർക്കൊസ് 4:10**

നമ്മോടൊപ്പമുള്ള അവന്റെ ഏകാന്തത:– കഷ്ടാവസ്ഥയാലോ ഹൃദയത്തകർച്ചയാലോ, പ്രലോഭനത്താലോ, നിരാശയാലോ, രോഗത്താലോ, തകർന്നുപോയ ഒരു സൗഹൃദത്താലോ, ഒരു പുതിയ സൗഹൃദത്താലോ ദൈവം നമ്മെ തനിച്ചാക്കുമ്പോൾ മാത്രമേ ഒന്നും ചോദിക്കാനാകാത്തവിധം നാം സ്തബ്ധരായിത്തീരുമ്പോൾ – അവൻ കാര്യങ്ങൾ വ്യാഖ്യാനിച്ചു തരികയുള്ളൂ. പന്തിരുവരെ അവൻ പരിശീലിപ്പിക്കുന്നത് ശ്രദ്ധിക്കൂ. പുറത്തുള്ള ജനമായിരുന്നില്ല, ശിഷ്യരായിരുന്നു അന്ധാളിച്ച് പോയത്. അവർ അവനോട് നിരന്തരം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. അവൻ അവർക്ക് കാര്യങ്ങൾ നിരന്തരം വ്യാഖ്യാനിച്ച് കൊടുത്തുകൊണ്ടുമിരുന്നു. എന്നാൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷമേ അവർക്ക് കാര്യങ്ങൾ മനസ്സിലായുള്ളൂ. (യോഹ. 14:26)

നിങ്ങൾ ദൈവത്തോടൊപ്പം പൊയ്ക്കൊണ്ടിരിക്കുകയാണെങ്കിൽ, നിങ്ങൾക്ക് വ്യക്തമാകുന്ന ഒരേയൊരു കാര്യം, അഥവാ വ്യക്തമാക്കണമെന്ന് ദൈവം ഉദ്ദേശിക്കുന്ന ഒരേ ഒരു കാര്യം, അവൻ നിങ്ങളുടെ ആത്മാവുമായിട്ടാണ് ഇടപെടുന്നത് എന്നതാണ്. നിങ്ങളുടെ സഹോദരന്റെ സങ്കടങ്ങളും, അന്ധാളിപ്പുകളും നിങ്ങൾക്കാകെ ചിന്താക്കുഴപ്പമാണ്. നമ്മുടെ ഹൃദയത്തിലെ ബാധയെക്കുറിച്ച് ദൈവം അല്പമൊന്ന് നമ്മെ മനസ്സിലാക്കിത്തരും വരെ മറ്റുള്ളവരുടെ പ്രശ്നങ്ങൾ നമുക്കറിയാം എന്ന് നാം ഭാവന ചെയ്യുന്നു. പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തരേണ്ടതായ അജ്ഞതയുടെയും, ദുശ്ശാഠ്യത്തിന്റെയും മുഴുനിലങ്ങൾ തന്നേ നമ്മിലോരോരുത്തരിലുമുണ്ട്. എന്നാൽ യേശുവിനൊപ്പം നാം തനിച്ചാകുമ്പോൾ മാത്രമേ, പരിശുദ്ധാത്മാവിന് അവ വെളിപ്പെടുത്താൻ കഴിയൂ. ഇപ്പോൾ നാം അവനോടൊപ്പം തനിച്ചാണോ? അതോ ഏതോ നിസ്സാരമായ ആശയങ്ങളുമായി ദൈവസേവനത്തിലെ നിസ്സാര കൂട്ടുകെട്ടുകളുമായി, അതുമല്ലെങ്കിൽ നമ്മുടെ ജഡത്തെക്കുറിച്ചുള്ള നിസ്സാര ആശയങ്ങളുമായി നടക്കുകയാണോ? നമുക്കു സ്വൈരം തരാത്ത ബൗദ്ധികപ്രശ്നങ്ങൾ വിട്ട് യേശുവുമായി തനിച്ചാകുംവരെ അവന് ഒന്നും വ്യാഖ്യാനിക്കാൻ കഴിയുകയില്ല.

# ദൈവത്തിന്റെ വിളി

**അനന്തരം ഞാൻ ആരെ അയക്കേണ്ടൂ? ആർ നമുക്ക് വേണ്ടി പോകും? എന്ന് ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട് അടിയൻ ഇതാ അടിയനെ അയക്കേണമേ എന്നു ഞാൻ പറഞ്ഞു. യെശയ്യാവ് 6:8**

ദൈവം യെശയ്യാവിനെ അഭിസംബോധന ചെയ്ത് അവനെ വിളിക്കുകയായിരുന്നില്ല. ആർ നമുക്ക് വേണ്ടി പോകും എന്ന് ദൈവം ചോദിച്ചത് യെശയ്യാവ് മാറിനിന്ന് കേൾക്കുകയായിരുന്നു. ദൈവത്തിന്റെ വിളി, ചുരുക്കം ചില പ്രത്യേക വ്യക്തികൾക്ക് മാത്രമായുള്ളതല്ല. അതെല്ലാവർക്കും വേണ്ടിയുള്ളതാണ്. ഞാൻ കേൾക്കുന്നോ ഇല്ലയോ എന്നത് എന്റെ കാതുകളുടെ അവസ്ഥയെയും, ഞാൻ എന്ത് കേൾക്കുന്നു എന്നത് എന്റെ ആത്മീയ പ്രകൃതത്തെയും ആശ്രയിച്ചിരിക്കുന്നു (മത്താ. 22:14). ''വിളിക്കപ്പെടുന്നവർ അനേകം, തെരഞ്ഞടുക്കപ്പെടുന്നവരോ ചുരുക്കം''. അതായത് ചുരുക്കം ചിലരേ തങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരാണെന്ന് തെളിയിക്കൂ. യേശുക്രിസ്തുവിലൂടെ ദൈവവുമായി ആഴമായ ബന്ധത്തിൽ വന്ന്, അതിലൂടെ സ്വപ്രകൃതം മാറുകയും, കാതുകൾ തടസ്സപ്പെടാതിരിക്കുകയും ആർ നമുക്ക് വേണ്ടി പോകും എന്ന് ചോദിക്കുന്ന ചെറുശബ്ദം സദാ കേൾക്കുകയും ചെയ്യുന്നവരാണ് തെരഞ്ഞെടുക്കപ്പെട്ടവർ. ദൈവം ഒരു മനുഷ്യനെ പ്രത്യേകം വേർതിരിച്ച് ഇപ്പോൾ നീ പോകൂ എന്ന് പറയുകയല്ല. ദൈവം യെശയ്യാവിന്റെ മേൽ ഒരു പ്രത്യേക നിർബന്ധം വെച്ചില്ല. യെശയ്യാവ് അപ്പോൾ ദൈവസന്നിധിയിലായിരിക്കുകയും, മാറിനിന്ന് ദൈവവിളി കേൾക്കുകയും ബോധപൂർവ്വമായ സ്വാതന്ത്ര്യത്തോടെ ''അടിയൻ ഇതാ, അടിയനെ അയക്കേണമേ'' എന്ന് പറയുകല്ലാതെ അവന് മറ്റൊന്നും ചെയ്യാനില്ലെന്ന് മനസ്സിലാക്കുകയുമായിരുന്നു.

നിർബന്ധിക്കലും, അഭ്യർത്ഥനകളുമായി ദൈവം വരുമെന്ന പ്രതീക്ഷ നിങ്ങളുടെ മനസ്സിൽ നിന്ന് കളയുക. നമ്മുടെ കർത്താവ് അവന്റെ ശിഷ്യന്മാരെ വിളിച്ചപ്പോൾ പുറമെനിന്ന്, ചെറുത്ത് നില്ക്കാനാവാത്ത സമ്മർദ്ദം ഒന്നും ഉണ്ടായിരുന്നില്ല. ശാന്തവും വികാരനിർഭരവുമായ ആ നിർബന്ധിക്കൽ – എന്നെ അനുഗമിക്ക എന്നത് – സർവ്വബോധത്തിലും വ്യാപകമായി ഉണർന്നിരുന്ന മനുഷ്യരോടായിരുന്നു. (മത്താ. 4:19) ദൈവവുമായി നമ്മെ മുഖാമുഖം കൊണ്ടുവരുവാൻ ദൈവാത്മാവിനെ നാം അനുവദിക്കുകയാണെങ്കിൽ യെശയ്യാവ് കേട്ടതുപോലെ എന്തോ ഒന്ന് – ദൈവത്തിന്റെ ശാന്തമായ ചെറുശബ്ദം – നാമും കേൾക്കുകയും പരിപൂർണ്ണ സ്വാതന്ത്ര്യത്തിൽ 'അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ' എന്ന് പറയുകയും ചെയ്യും.

## നിങ്ങൾ ശുഭ്രവസ്ത്രങ്ങളണിഞ്ഞ് നടക്കാറുണ്ടോ?

**''അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ''. റോമർ 6:4**

ഒരു ശുഭ്ര സംസ്കാരത്തിലൂടെ കടന്നു പോകാതെ, അതായത് പഴയ ജീവിതത്തെ അടക്കം ചെയ്യാതെ ഒരുത്തരും പരിപൂർണ്ണവിശുദ്ധീകരണത്തിന്റെ അനുഭവത്തിലൂടെ കടന്നുപോകുന്നില്ല. മരണത്തിന്റെ ഈ പ്രതിസന്ധി ഉണ്ടായിട്ടില്ലെങ്കിൽ വിശുദ്ധീകരണം എന്നത് വഴുതിപ്പോകുന്ന ഒരു സ്വപ്നത്തിൽക്കവിഞ്ഞൊന്നുമല്ല. ഒരൊറ്റ പുനരുത്ഥാനം മാത്രമുള്ള മരണം, യേശുക്രിസ്തുവിലുള്ള ജീവിതത്തിലേയ്ക്കൊരു പുനരുത്ഥാനം എന്ന ''ശുഭ്രസംസ്കാരം'', നടക്കണം. അങ്ങനെയൊരു ജീവിതത്തെ തകിടം മറിക്കാൻ യാതൊന്നിനും സാദ്ധ്യമല്ല. ദൈവത്തിന്റെ സാക്ഷികളായിത്തീരുക എന്ന ഒരൊറ്റ ലക്ഷ്യത്തിൽ അത് ദൈവവുമായി ഒന്നായിത്തീരുന്നു.

നിങ്ങൾ യഥാർത്ഥത്തിൽ നിങ്ങളുടെ അന്ത്യദിനങ്ങളിലെത്തിയിരിക്കുന്നുവോ? ആർദ്രമായ വികാരത്തിൽ നിങ്ങൾ അവിടെ എത്തിയിട്ടുണ്ടാവാം. എന്നാൽ 'യഥാർത്ഥത്തിൽ' നിങ്ങൾ അവിടെ എത്തിയോ? നിങ്ങൾക്ക് ആവേശപൂർവം മരിക്കാനോ ആവേശത്തോടെ നിങ്ങളുടെ സംസ്കാരത്തിന് പോകുവാനോ സാധിക്കുകയില്ല. നിങ്ങളുടെ നിലനില്പ് ഇല്ലാതാകും എന്നതാണ് മരണത്തിന്റെ അർത്ഥം. നിങ്ങൾ ഇതുവരെ എന്തായിരുന്നുവോ ആ കഠിനാദ്ധ്വാനിയും ആത്മാർത്ഥത നിറഞ്ഞവനുമായ ക്രിസ്ത്യാനിയായിരിക്കുന്നത് അവസാനിപ്പിക്കാമെന്ന് നിങ്ങൾ ദൈവത്തോട് സമ്മതിക്കുമോ? നമ്മൾ ശ്മശാനത്തിന് ചുറ്റും നടക്കും എന്നാൽ മരണത്തിലേയ്ക്ക് വരാൻ വിസമ്മതിക്കുകയും ചെയ്യും. മരണത്തിലേക്ക് പോകാനുള്ള കഠിനയത്നമല്ല ഇത്. ഇത് ''അവന്റെ മരണത്താൽ ജ്ഞാനസ്നാനം ചെയ്യപ്പെട്ടുള്ള മരണമാണ് (റോമ. 6:3)''

നിങ്ങൾക്ക് നിങ്ങളുടെ ''ശുഭ്രസംസ്കാരം'' ലഭിച്ചുവോ അതോ നിങ്ങൾ, നിങ്ങളുടെ ആത്മാവുമായി വിഡ്ഢി കളിക്കുകയാണോ? അവസാനദിവസം എന്ന് അടയാളപ്പെടുത്തിയ ഒരു ദിവസം – ശുദ്ധീകരിക്കപ്പെട്ടതും അസാധാരണമായ നന്ദിയോടെ നിങ്ങൾ ഓർമ്മിക്കുന്നതുമായ ഒരു ദിവസം – എന്ന് രേഖപ്പെടുത്താവുന്ന ഒരുഘട്ടം നിങ്ങളുടെ ജീവിതത്തിലുണ്ടോ? ഉണ്ട്, അപ്പോഴായിരുന്നു – ആ ''ശുഭ്രസംസ്കാര'' സമയത്തായിരുന്നു – ഞാൻ ദൈവവുമായി കരാറിലായത് എന്നു സാക്ഷ്യപ്പെടുത്താൻ സാധിക്കണം.

''ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ'' (തെസ്സ 4:3). എന്താണ് ദൈവഹിതം എന്ന് നിങ്ങൾ മനസ്സിലാക്കുമ്പോൾ, ക്രമേണ സ്വാഭാവികമായി നിങ്ങൾ വിശുദ്ധീകരണത്തിലേയ്ക്ക് പ്രവേശിക്കും. ആ ശുഭ്രസംസ്കാരത്തിലൂടെ ഇപ്പോൾ കടന്നുപോകാൻ നിങ്ങൾക്ക് സമ്മതമാണോ? ഇത് ഭൂമിയിലെ നിങ്ങളുടെ അവസാനമെന്ന് ദൈവത്തോട് നിങ്ങൾ സമ്മതിക്കുന്നുവോ? സമ്മതത്തിന്റെ നിമിഷം നിങ്ങളെ ആശ്രയിച്ചിരിക്കുന്നു.

## ജനുവരി 16

# ദൈവസ്വഭാവത്തിന്റെ ശബ്ദം

**''അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടൂ? ആർ നമുക്കുവേണ്ടി പോകും എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട് ..............'' യെശയ്യാവ് 6:8.**

ദൈവവിളിയെക്കുറിച്ച് നാം സംസാരിക്കുമ്പോൾ അതിലെ ഏറ്റവും പ്രധാനകാര്യം മറക്കാനൊരു പ്രവണത നമുക്കുണ്ട് – വിളിക്കുന്ന ആളുടെ പ്രകൃതം. കടലിന്റെ, പർവ്വതങ്ങളുടെ, മഞ്ഞുമലകളുടെ ഒക്കെ വിളികളുണ്ട്. എന്നാൽ അവ ഏതാനും ചിലർ മാത്രം കേൾക്കുന്നു. ഏത് പ്രകൃതത്തിൽ നിന്നാണോ ആ വിളി വരുന്നത് ആ പ്രകൃതത്തിന്റെ പ്രകടനമാണ് ആ വിളി. അതേ പ്രകൃതം നമ്മിൽ നിലവിലുണ്ടെങ്കിൽ മാത്രമേ ആ വിളി നമുക്ക് രേഖപ്പെടുത്താൻ കഴിയൂ. ദൈവവിളി ദൈവപ്രകൃതത്തിന്റെ പ്രകടനമാണ്, നമ്മുടെ പ്രകൃതത്തിന്റെ പ്രകടനമല്ല. അത് മറ്റാർക്കും വേണ്ടിയല്ല, നമുക്ക് വേണ്ടി മാത്രമാണെന്ന് നാം തിരിച്ചറിയുന്നു. തന്റെ വിളിയുടെ ഇഴകൾ ദൈവം നമ്മിൽ നെയ്തു കൊണ്ടിരിക്കുന്നു. ദൈവശബ്ദം ഏതോ പ്രത്യേകരീതിയിൽ നമ്മിലേക്ക് ഇഴപിരിഞ്ഞ് വരുകയാണ്. അതിനെക്കുറിച്ച് മറ്റാരോടും അഭിപ്രായം ചോദിച്ചിട്ട് കാര്യമില്ല.

ദൈവവിളി എന്റെ പ്രകൃതത്തിന്റെ പ്രതിധ്വനിയല്ല. അവിടെ എന്റെ വ്യക്തിപരമായ പ്രകൃതമോ ഇഷ്ടാനിഷ്ടങ്ങളോ പരിഗണിക്കപ്പെടുന്നില്ല. എന്റെ വ്യക്തിപരമായ പ്രകൃതവും, ഞാനെന്തിനാണ് അനുയോജ്യമെന്നും, ഞാൻ പരിഗണിക്കുകയാണെങ്കിൽ, ഞാനൊരിക്കലും ദൈവവിളി കേൾക്കുകയില്ല. എന്നാൽ ദൈവവുമായുള്ള ബന്ധത്തിലേയ്ക്ക് ഞാൻ ആനയിക്കപ്പെടുമ്പോൾ, ഞാൻ യെശയ്യാവ് ആയിരുന്ന അവസ്ഥയിലാകുന്നു. യെശയ്യാവിന്റെ ആത്മാവ്, താൻ കടന്നുപോയ വലിയ പ്രതിസന്ധിയിൽ ദൈവവുമായി ലയിച്ചു ചേർന്നിരുന്നതിനാൽ, അവന്റെ അമ്പരന്നുപോയ ആത്മാവിലേയ്ക്ക് ദൈവവിളി തുളച്ച് കയറി. നമ്മളിൽ ഭൂരിപക്ഷം ആളുകൾക്കും സ്വന്തം ശബ്ദം കേൾക്കാൻ മാത്രമേ ചെവികളുള്ളൂ. ദൈവം പറയുന്ന ഒരു കാര്യം പോലും നമുക്ക് കേൾക്കാൻ കഴിയുകയില്ല. ദൈവവിളി കേൾക്കാനുള്ള മേഖലയിലേക്ക് കൊണ്ടുവരപ്പെടുകയെന്നാൽ അഗാധമായി മാറ്റപ്പെടുക എന്നത്രേ.

## സ്വാഭാവിക ജീവിതത്തിന്റെ ദൈവനിയോഗം

''എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് ...........'' ഗലാത്യർ 1:15–16.

ഏതെങ്കിലും ഒരു പ്രത്യേക ശുശ്രൂഷയ്ക്കായുള്ള വിളിയല്ല ദൈവവിളി എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ദൈവത്തിന്റെ പ്രകൃതവുമായുള്ള എന്റെ സമ്പർക്കത്തിലൂടെ, ഞാൻ അവന് വേണ്ടി എന്ത് ചെയ്യണമെന്ന് മനസ്സിലാക്കിത്തന്നിരിക്കുന്നു. ദൈവവിളി അടിസ്ഥാനപരമായി അവന്റെ പ്രകൃതത്തെ പ്രകടിപ്പിക്കുന്നത്രേ. എന്റെ പ്രകൃതത്തിന് അനുയോജ്യമായതിന്റെ ഫലമാണ് ഞാൻ ചെയ്യുന്ന സേവനം. സ്വാഭാവിക ജീവിതത്തിലെ ദൈവനിയോഗം അപ്പൊസ്തലനായ പൗലോസ് പ്രസ്താവിച്ചിട്ടുണ്ട്. ''എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ .........'' ഗലാത്യർ 1:15.

അത്യധികമായ ഭക്തിയുടെ കരകവിഞ്ഞൊഴുകലാണ് സേവനം, എന്നാൽ ഗൗരവമായി ചിന്തിച്ചാൽ, അതിനായി ഒരു പ്രത്യേക വിളിയും ഇല്ല എന്നു മനസ്സിലാകും. സേവനം ദൈവവുമായുള്ള എന്റെ ബന്ധത്തിലേയ്ക്ക് ഞാൻ കൊണ്ടുവരുന്നതാണ്; ദൈവത്തിന്റെ പ്രകൃതവുമായുള്ള എന്റെ താദാത്മ്യത്തിന്റെ ഫലവുമാണ്. സേവനം എന്റെ ജീവിതത്തിന്റെ സ്വഭാവിക ഭാഗമായി മാറുന്നു. ദൈവം എന്നെ തന്നോട് അടുപ്പിക്കുമ്പോൾ ഞാൻ അവന്റെ വിളി മനസ്സിലാക്കുകയും എന്റെ സ്വന്തനിലയിൽ അവനോടുള്ള സ്നേഹം കൊണ്ട് മാത്രം കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു. ദൈവവിളി കേട്ട ഒരു പ്രകൃതത്തിന്റെ ബോധപൂർവ്വമുള്ള സമ്മാനമാണ് ദൈവത്തിന് വേണ്ടിയുള്ള ശുശ്രൂഷ. എന്റെ ശുശ്രൂഷ എന്റെ സ്വഭാവത്തെയും ദൈവത്തിന്റെ വിളി അവന്റെ സ്വഭാവത്തെയും പ്രകടിപ്പിക്കുന്നതാണ്. അതിന്റെ ഫലമായി ഞാൻ അവന്റെ പ്രകൃതത്തെയും പ്രദർശിപ്പിക്കുന്നു. ഞാൻ ദൈവത്തിന്റെ വിളി കേൾക്കുകയും ദൈവികസ്വഭാവം സ്വീകരിക്കുകയും ചെയ്യുമ്പോൾ അവന്റെ ശബ്ദം എന്റെ വിളിയിലും സ്വഭാവത്തിലും മുഴങ്ങും. ദൈവപുത്രൻ എന്നിലൂടെ വെളിപ്പെടുകയും, അവനോടുള്ള ഭക്തിയിലൂടെയും ജീവിതത്തിന്റെ സാധാരണ വഴികളിലൂടെയും ഞാൻ അവനെ സേവിക്കുകയും ചെയ്യുന്നു.





# ഇത് കർത്താവാകുന്നു

**'തോമസ് അവനോട് : എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ' എന്ന് ഉത്തരം പറഞ്ഞു. യോഹന്നാൻ 20:28**

'എനിക്ക് കുടിപ്പാൻ തരിക' (യോഹ. 4:7).യേശുവിനെ സംതൃപ്തനാക്കേണ്ടിയ വരായ നമ്മിലെത്രപേർ, അപ്രകാരം ചെയ്യുന്നതിന് പകരം സ്വന്തം ദാഹം ശമിപ്പിക്കാൻ അവനെ ആശ്രയിക്കുന്നു! നമുക്കുള്ളത് സമ്പൂർണ്ണമായി കൊടുത്തു തീർക്കണം – സ്വയം തൃപ്തിപ്പെടുത്താൻ അവനിൽ നിന്ന് വലിച്ചെടുക്കരുത്. ''നിങ്ങൾ എനിക്ക്  സാക്ഷികളായിരിക്കുക''(യോഹ.15:27). യേശുവിനോടുള്ള സുദൃഢവും നിഷ്കളങ്കവുമായ ഭക്തിയിൽ, അവൻ എവിടെ നമ്മെ ആക്കുന്നുവോ അവിടെ നാം അവന് സംതൃപ്തി നല്കുന്നവരായിരിക്കുക എന്നതത്രേ ആവശ്യം.

യേശുവിനോടു നമുക്കുള്ള ആത്മാർത്ഥതയെ കീഴ്പ്പെടുത്താൻ നോക്കുന്ന എന്തിനെയും സൂക്ഷിക്കുക. യേശുവിനോടുള്ള ഭക്തിയോട് ഏറ്റവുമധികം മത്സരിക്കുന്നത് അവന് വേണ്ടിയുള്ള സേവനമാണ്. അവസാനം വരെ വലിച്ചെടുക്കപ്പെടുക എന്നതിനെക്കാൾ എളുപ്പം സേവനം ചെയ്യുകയാണ്. ദൈവവിളിയുടെ ലക്ഷ്യം ദൈവത്തിനായി എന്തെങ്കിലും ചെയ്യുകയല്ല, അവന്റെ സംതൃപ്തിയത്രേ. ദൈവത്തിനായി പോരാടാനല്ല അവന്റെ പോരാട്ടങ്ങളിൽ അവന് വേണ്ടി ഉപയോഗിക്കപ്പെടാനാണ് നാം അയക്കപ്പെട്ടിരിക്കുന്നത്. നമുക്ക് യേശു ക്രിസ്തുവിനോടുള്ളതിനെക്കാൾ കൂടുതൽ സമർപ്പണം സേവനത്തോടാണോ?

## ജനുവരി 19

# ദർശനവും ഇരുട്ടും

**'ഭീതിയും അന്ധതമസ്സും അവന്റെ മേൽ വീണു' ഉല്പത്തി 15 :12.**

എപ്പോഴൊക്കെ ഒരു വിശുദ്ധന് ദർശനം നല്കുന്നുവോ, അപ്പോഴൊക്കെ ദൈവം ആ വ്യക്തിയെ തന്റെ കരങ്ങളുടെ നിഴലിൽ കൊണ്ടുവരുന്നു; 'അപ്പോൾ ആ വിശുദ്ധന്റെ കടമ മിണ്ടാതെയിരുന്ന് ദൈവം പറയുന്നത് ശ്രദ്ധിച്ച് കേൾക്കുകയെന്നതാണ്". വെളിച്ചത്തിന്റെ ആധിക്യം കൊണ്ടുണ്ടാകുന്ന ഒരു ഇരുട്ടാണത്; ആ സമയം ശ്രദ്ധിച്ച് കേൾക്കാനുള്ളതാകുന്നു. അതിനു നല്ല ഉദാഹരണമാണ് ഉല്പത്തി 16. ദൈവം ഒരു ദർശനം തരികയും ഇരുട്ട് പിന്നാലെ വരികയും ചെയ്താൽ, കാത്തിരിക്കുക. ദൈവത്തിന്റെ സമയത്തിനായി നിങ്ങൾ കാത്തിരുന്നാൽ ദൈവം, താൻ നല്കിയ ദർശനത്തിനനുസരിച്ച് നിങ്ങളെ രൂപപ്പെടുത്തും. തന്റെ വാക്ക് പൂർത്തീകരിക്കാൻ ദൈവത്തെ സഹായിക്കുവാൻ ഒരിക്കലും ശ്രമിക്കരുത്. മൗനത്തിന്റെ പതിമൂന്ന് വർഷങ്ങളിലൂടെ അബ്രാഹാം കടന്നുപോയി, എന്നാൽ ഈ വർഷങ്ങളിൽ അബ്രാഹാമിന്റെ സ്വയംപര്യാപ്തത നശിപ്പിക്കപ്പെട്ടു. സാമാന്യബോധത്തെ ആശ്രയിക്കാനുള്ള എല്ലാ സാദ്ധ്യതയ്ക്കും അപ്പുറം അബ്രാഹാം കടന്നു. ദൈവത്തിന്റെ അനിഷ്ടത്തിന്റെയല്ല അച്ചടക്കത്തിന്റെ സമയമായിരുന്നു മൗനത്തിന്റെ ആ സംവത്സരങ്ങൾ. ഒരിക്കലും സന്തോഷവും ആത്മവിശ്വാസവും ഊതിക്കയറ്റരുത്. അവ ഉണ്ടെന്ന് അഭിനയിക്കരുത്. ദൈവത്തിൽ ആശ്രയിച്ച് കാത്തിരിക്കുക (യെശയ്യാവ് 50:10,11). അതു മാത്രം മതി.

ഞാൻ ജഡത്തിൽ ആശ്രയിക്കുന്നുവോ? എന്നിലും ദൈവജനങ്ങളിലും പുസ്തകങ്ങളിലും പ്രാർത്ഥനകളിലും ആത്മീയാനന്ദങ്ങളിലുമെല്ലാമുള്ള ആശ്രയത്തിനപ്പുറം, ദൈവത്തിൽത്തന്നേ എന്റെ ആശ്രയം അർപ്പിച്ചിരിക്കുന്നുവോ? 'ഞാൻ സർവ്വശക്തനായ ദൈവമാകുന്നു (എൽ – ഷദായ്). നമുക്കെല്ലാവർക്കും ശിക്ഷണം ലഭിച്ചുകൊണ്ടിരിക്കുന്നത് ദൈവം യഥാർത്ഥമാണെന്ന് തിരിച്ചറിയുവാനാണ്. ദൈവം യഥാർത്ഥമായിക്കഴിഞ്ഞാൽ മറ്റാളുകൾ നിഴലുകളായിത്തീരുന്നു. ദൈവത്തിൽ അടിസ്ഥാനമിട്ട് പണിതുയർത്തപ്പെട്ട ഒരാളെ, മറ്റ് വിശുദ്ധന്മാരുടെ വാക്കുകൾക്കോ പ്രവൃത്തികൾക്കോ യാതൊന്നിനും ഉലയ്ക്കാൻ കഴിയുകയില്ല.

## ജനുവരി 20

# നിങ്ങൾ ഏത് കാര്യത്തിനും ഉന്മേഷവാനാണോ?

**'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയില്ല എന്ന് ഉത്തരം പറഞ്ഞു.' യോഹന്നാൻ 3:3**

ചിലപ്പോൾ നാം ഒരു പ്രാർത്ഥനായോഗത്തിന് പോകാൻ ഉന്മേഷവാന്മാരായിരിക്കും, എന്നാൽ ചെരുപ്പു പോളിഷ് ചെയ്യാൻ നമുക്ക് ഉന്മേഷം ഉണ്ടാവില്ല.

ആത്മാവിൽ വീണ്ടും ജനിക്കുന്നത്, തെറ്റ് പറ്റാനാകാത്ത ദൈവപ്രവൃത്തിയാണ്; കാറ്റ് പോലെ വിശുദ്ധവും ദൈവത്തെപ്പോലെ അത്ഭുകരവുമാണത്. അതെവിടെ തുടങ്ങുന്നു എന്ന് നാം അറിയുന്നില്ല; അതു നമ്മുടെ വ്യക്തിപരമായ ജീവിതത്തിന്റെ ആഴങ്ങളിൽ ഒളിച്ച് വെക്കപ്പെട്ടിരിക്കുന്നു. ഉയരങ്ങളിൽ നിന്ന് വീണ്ടും ജനിക്കുക എന്നത് നിത്യവും, നിരന്തരവുമായ ഒരു തുടക്കമാണ്; ചിന്തിക്കുന്നതിലും, സംസാരിക്കുന്നതിലും ജീവിക്കുന്നതിലുമുള്ള പുതുമ, ദൈവത്തിലുള്ള ജീവിതത്തിലെ നിരന്തരമായ അത്ഭുതം. ദൈവവുമായി ബന്ധത്തിലല്ല എന്നതിന്റെ സൂചനയാണ് ജീർണ്ണത. 'ഞാൻ ഇക്കാര്യം ചെയ്യണം അല്ലെങ്കിൽ ഇത് ഒരിക്കലും ചെയ്യപ്പെടാൻ പോകുന്നില്ല'. ഈ അഹംഭാവമാണ് ജീർണ്ണതയുടെ ആദ്യലക്ഷണം. നമ്മെത്തന്നേ, ഒന്നു ശോധന ചെയ്യുക – ഈ നിമിഷം നാം പുതുതായി ജനിച്ചിരിക്കുന്നോ, അതോ എന്തെങ്കിലും ഒന്ന് ചെയ്യാൻ വേണ്ടി, തിടുക്കം കൂട്ടുകയാണോ? നവോന്മേഷം എന്നത് അനുസരണത്തിൽ നിന്നല്ല, പരിശുദ്ധാത്മാവിൽ നിന്നത്രേ വരുന്നത്. ദൈവം വെളിച്ചമാകയാൽ അനുസരണം നമ്മെ വെളിച്ചത്തിൽ നിർത്തുന്നു (1യോഹ. 1:7).

തീക്ഷ്ണതയോടെ ദൈവത്തോടുള്ള നിങ്ങളുടെ ബന്ധത്തെ അങ്ങേയറ്റം സൂക്ഷിച്ചുകൊള്ളുക. ''നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്'' എന്നാണ് യേശു പ്രാർത്ഥിച്ചത്. യേശുവിനും പിതാവിനും ഇടയ്ക്ക് യാതൊന്നുമില്ല. ജീവിതമാകെ എന്നെന്നേയ്ക്കുമായി യേശുക്രിസ്തുവിനായി തുറന്ന അവസ്ഥയിൽ കാത്ത് സൂക്ഷിക്കുക, അവനോട് അഭിനയിക്കരുത്. ദൈവത്തിൽ നിന്നല്ലാതെ മറ്റേതെങ്കിലും ഉറവിടത്തിൽ നിന്ന് നിങ്ങൾ ചൈതന്യം സ്വീകരിക്കുന്നുണ്ടോ? ദൈവത്തെയല്ലാതെ മറ്റാരെയെങ്കിലും നിങ്ങൾ ആശ്രയിക്കുന്നുണ്ടെങ്കിൽ എപ്പോഴാണ് ദൈവത്തിന്റെ ശക്തി നിങ്ങളിൽ നിന്ന് പോകുന്നതെന്ന് നിങ്ങൾ അറിയുകയില്ല.

'ആത്മാവിൽ ജനിക്കുക' എന്നതിന് നാം സാധാരണ ചിന്തിക്കുന്നതിലധികം അർത്ഥമുണ്ട്. അത് നമുക്കൊരു നവീന ദർശനം തരികയും എല്ലാക്കാര്യങ്ങൾക്കും നമ്മെ നവോന്മേഷത്തിൽ കാത്ത് സൂക്ഷിക്കുകയും ചെയ്യുന്നു.

## ജനുവരി 21

# ദൈവം ഓർമ്മയിൽ വെച്ചിട്ടുള്ളതിനെ ഓർമ്മിക്കുക

**'മരുഭൂമിയിൽ, വിതെക്കാത്ത ദേശത്തു തന്നേ, നീ എന്നെ അനുഗമിച്ചു നടന്ന നിന്റെ യൗവനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു' യിരമ്യാവ് 2:2.**

എനിക്ക് ദൈവത്തോട് ഉണ്ടായിരുന്ന ആർദ്രത ഇപ്പോഴും നിലനില്ക്കുന്നുണ്ടോ? അതോ ദൈവത്തിന് എന്നോട് കരുണയുണ്ടായിരിക്കണമെന്ന പ്രതീക്ഷമാത്രമേ എനിക്കുള്ളോ? അവന്റെ ഹൃദയം എന്നിൽ സന്തോഷിക്കുന്ന ചെറിയ കാര്യങ്ങൾ എന്നിൽ നിറഞ്ഞ് നില്ക്കുന്നുവോ, അതോ കാര്യങ്ങൾ ഒന്നും ഞാനാഗ്രഹിക്കുന്ന രീതിയിൽ നടക്കുന്നില്ല എന്ന് ചിണുങ്ങിക്കൊണ്ടിരിക്കുകയാണോ ഞാൻ? ദൈവം വിലമതിക്കുന്നതിനെ നാം മറക്കുന്നുവെങ്കിൽ നമ്മുടെ ആത്മാവിൽ യാതൊരു സന്തോഷവും ഉണ്ടാകയില്ല. എന്നെക്കൊണ്ട് യേശുക്രിസ്തുവിന് ആവശ്യമുണ്ട് എന്ന് ചിന്തിക്കുന്നത് വലിയൊരു കാര്യമാണ്. ''എനിക്ക് കുടിക്കാൻ തരിക'' (യോഹ. 4:7) ഇതു മറക്കരുത്. ഈ കഴിഞ്ഞ ആഴ്ചയിൽ ഞാൻ യേശുവിനോട് എത്രമാത്രം ദയ കാട്ടി? എന്റെ ജീവിതം അവന്റെ സൽപ്പേരിന്റെ ഒരു നല്ല പ്രതിഫലനമായിരുന്നുവോ!

ദൈവം തന്റെ ജനങ്ങളോട് പറയുന്നു; നിങ്ങൾ എന്നെ സ്നേഹിച്ചിരുന്ന ഒരു കാലം ഞാനോർക്കുന്നു; ഇപ്പോൾ നിങ്ങൾ എന്നെ സ്നേഹിക്കുന്നില്ല. ''നിന്റെ യൗവനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തെ സ്നേഹവും.......''(യിരെ. 2:2). തുടക്കത്തിൽ എനിക്കുള്ള ഭക്തി തെളിയിക്കാൻ അത്യധികം യത്നിച്ച കാലത്ത് യേശുക്രിസ്തുവിനോടുണ്ടായിരുന്ന സ്നേഹത്തിന്റെ ധാരാളിത്തം ഇപ്പോഴും എന്നിൽ നിറഞ്ഞ് നില്ക്കുന്നുവോ? അവനെയല്ലാതെ മറ്റൊന്നിനെയും ഞാൻ കരുതുകയും ശ്രദ്ധിക്കുകയും ചെയ്യാതിരുന്ന മുൻകാലം ഇന്നും ഞാനോർമ്മിക്കുന്നതായി അവൻ കാണുന്നുണ്ടോ? അവനെ സ്നേഹിക്കുന്ന കാര്യത്തിൽ എനിക്കു വീഴ്ച ഭവിച്ചുവോ? ഞാൻ ഭാവിയെയും ഭവിഷ്യത്തുകളെയും ഭയപ്പെടാതെ, പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നുണ്ടോ? അതോ നല്കേണ്ട സേവനത്തിന്റെ അളവ് നോക്കിക്കൊണ്ട്, എനിക്ക് കിട്ടേണ്ട ബഹുമാനത്തെയാണോ ഞാൻ ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടിരിക്കുന്നത്?.

ദൈവം എനിക്കെന്തായിരുന്നുവോ, അതല്ല ഞാൻ ഇപ്പോൾ എന്ന് കണ്ടെത്തിയാൽ അതെന്നിൽ ലജ്ജയും അപമാനവും സൃഷ്ടിക്കട്ടെ; കാരണം ആ അപമാനം എന്നിൽ അനുതാപമുളവാക്കും. ദൈവീകസങ്കടം എന്നിലുണ്ടാക്കും (2 കൊരി. 7:10).

## ജനുവരി 22

# ഞാൻ എന്തിനെയാണ് നോക്കിക്കൊണ്ടിരിക്കുന്നത്?

**''എങ്കലേക്ക് തിരിഞ്ഞ് രക്ഷപ്പെടുവിൻ''യെശയ്യാവ് 45 : 22**

ദൈവം തന്റെ അനുഗ്രഹങ്ങളുമായി നമ്മുടെ അടുത്തേക്ക് വന്ന് നമ്മെ രക്ഷിക്കുമെന്നാണോ നാം പ്രതീക്ഷിക്കുന്നത്? എന്നാൽ ദൈവം നമ്മോട് പറയുന്നു ''എങ്കലേക്ക് നോക്കി (തിരിഞ്ഞ്) രക്ഷപ്പെടുവിൻ''. ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് പ്രധാനം. ദൈവത്തിന്റെ അനുഗ്രഹങ്ങളാണ് ഇത് പ്രയാസകരമാക്കുന്നത്. വിഷമങ്ങൾ എപ്പോഴും നമ്മെ ദൈവത്തിലേയ്ക്ക് തിരിക്കുന്നു. അവന്റെ അനുഗ്രഹങ്ങളാകട്ടെ മറ്റു വല്ലയിടത്തേയ്ക്കും നോക്കാനുള്ള പ്രവണതയാണ് നമ്മിലുളവാക്കുക. ഗിരിപ്രഭാഷണത്തിന്റെ സാരാംശം ഇതാണ്. നിങ്ങളുടെ മനസ്സും, ഹൃദയവും ശരീരവും യേശുക്രിസ്തുവിൽ ഏകാഗ്രമാകുവോളം നിങ്ങളുടെ താല്പര്യങ്ങൾ ചുരുക്കുക.

ഒരു ക്രിസ്ത്യാനി എന്തായിരിക്കണം എന്നതിനെക്കുറിച്ച് നമ്മിൽ മിക്കപേർക്കും ഒരു ധാരണയുണ്ട്. വിശുദ്ധരെ ആശ്രയിക്കുന്നത് ദൈവത്തിലുള്ള നമ്മുടെ ഏകാഗ്രതയ്ക്ക് തടസ്സമാണ്. ഈ ധാരണയനുസരിച്ച് മറ്റുള്ള ക്രിസ്ത്യാനികളെ നാം വീക്ഷിക്കുമ്പോൾ, അത് ദൈവത്തിലുള്ള നമ്മുടെ ഏകാഗ്രതയ്ക്ക് തടസ്സമാകും. ഇത്തരത്തിൽ ഒരു രക്ഷിക്കപ്പെടലും ഇല്ല; ഇത് രക്ഷയല്ല; രക്ഷ അത്രമാത്രം ലളിതവും അല്ല. ദൈവത്തിൽ ഏകാഗ്രചിത്തരായാൽ നാം അന്വേഷിക്കുന്നതെന്തോ അത് കണ്ടെത്തും. ''എന്നിലേക്ക് തിരിയുക''. നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് ദൈവം സദാ സമയവും പറഞ്ഞുകൊണ്ടിരിക്കുമ്പോഴും, നാം കൃത്യാന്തരവ്യഗ്രരും, ആകുലചിത്തരുമായിരിക്കും. എന്നാൽ നാം ദൈവത്തിലേയ്ക്ക് തിരിയുമ്പോൾ, അടുത്ത വേനലിലോ അല്ലെങ്കിൽ നാളെയോ നാമെന്ത് ചെയ്യും എന്നുള്ള നമ്മുടെ മനസ്സിലെ തത്രപ്പാടുകളും പ്രയാസങ്ങളും പരീക്ഷണങ്ങളും മാഞ്ഞുപോകും.

സ്വയം ഉണർത്തുകയും ദൈവത്തിങ്കലേക്ക് തിരിയുകയും ചെയ്യുക. നമ്മെ ഞെരുക്കുന്ന നൂറ്റിയൊന്ന് കാര്യങ്ങളുണ്ടാകട്ടെ, സാരമില്ല, അവയെ എല്ലാം ഒഴിവാക്കി അവനിലേക്ക് നോക്കുക. ''എങ്കലേക്ക് തിരിയുക.'' അവനിലേക്ക് തിരിഞ്ഞ് അവനെ നോക്കുന്ന ആ നിമിഷം രക്ഷ നിങ്ങളുടേതാകുന്നു.

**ജനുവരി 23**

## ഉൾക്കാഴ്ചയാൽ രൂപാന്തരപ്പെട്ട്

**''എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു''. 2 കൊരിന്ത്യർ 3:18.**

മറ്റുള്ളവരുടെ മുമ്പിൽ ഒരു കണ്ണാടിയാകുന്ന വിധം ദൈവതിരുമുമ്പാകെയുള്ള തുറന്ന മനസ്സാണ് ഒരു ക്രിസ്ത്യാനിയുടെ ബാഹ്യസ്വഭാവവിശേഷം. ആത്മാവിനാൽ നിറയപ്പെട്ടവരായി നാം രൂപാന്തരപ്പെടുകയും കർത്താവിന്റെ തേജസ്സിനെ പ്രതിബിംബിക്കുന്നവരായി നാം കണ്ണാടികളായിത്തീരുകയും ചെയ്യുന്നു. ഒരു മനുഷ്യൻ കർത്താവിന്റെ തേജസ്സിനെ പ്രതിബിംബിക്കുമ്പോൾ നിങ്ങൾക്ക് എപ്പോഴും അതറിയാം. അയാൾ കർത്താവിന്റെ സ്വഭാവത്തിന്റെ കണ്ണാടിയാണെന്ന് നിങ്ങളുടെ അന്തരാത്മാവിൽ നിങ്ങളറിയുന്നു. നിങ്ങളിലെ ആ കണ്ണാടിയെ കളങ്കപ്പെടുത്തുന്ന സർവ്വതിനെയും സൂക്ഷിക്കുക. ഏതാണ്ട് എല്ലായ്പ്പോഴും, എന്തെങ്കിലും നല്ലതാകും അതിനെ കളങ്കപ്പെടുത്തുന്നത്. ആ നല്ലത് ഏറ്റവും നല്ലതായിരിക്കുകയില്ല.

നമ്മുടെ ജീവിതത്തിന് അടിസ്ഥാനമായിരിക്കേണ്ട സുവർണ്ണനിയമം ദൈവത്തോടു ഏകാഗ്രവും നിഷ്കളങ്കവുമായ മനസ്സുണ്ടായിരിക്കുക എന്നതാണ്. ഈ ഒരൊറ്റ കാര്യമൊഴികെ മറ്റെല്ലാം – ജോലി, വസ്ത്രങ്ങൾ, ഭക്ഷണം, ഈ ഭൂമിയിലുള്ള എല്ലാം – അവഗണിക്കുക. മറ്റുള്ള കാര്യങ്ങളുടെ ഈ തിരക്ക് ദൈവത്തിലുള്ള നമ്മുടെ ഏകാഗ്രതയെ മറച്ച് കളയുന്നു. ജീവിതത്തെ പൂർണ്ണമായും സദാ ആത്മീയതയിൽ സൂക്ഷിച്ചുകൊണ്ട് നാം നമ്മെത്തന്നേ ദൈവ തേജസ്സ് പ്രതിബിംബിക്കുന്ന സ്ഥിതിയിൽ നിലനിർത്തണം. മറ്റ് കാര്യങ്ങൾ വരുകയും പോകുകയും ചെയ്യട്ടെ. ആളുകൾ അവരുടെ ഇഷ്ടംപോലെ നമ്മെ വിമർശിക്കട്ടെ; എന്നാൽ അതൊന്നും ക്രിസ്തുവിനോടൊപ്പം ദൈവത്തിലായിരിക്കുന്ന നമ്മുടെ ജീവിതത്തെ മറച്ച് കളയാൻ അനുവദിക്കരുത് (കൊലൊ. 3:3). അവനിൽത്തന്നേ വസിക്കുക; ഒരിക്കലും തിരക്കു പിടിച്ച ഒരു ജീവിതശൈലി സ്വീകരിക്കരുത്. ചാഞ്ചല്യങ്ങൾ ഉണ്ടാകുവാൻ അനുവദിക്കരുത്. ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും കഠിനമായ അച്ചടക്കം കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നിലകൊള്ളാൻ പഠിക്കുകയെന്നതാണ്.

**ജനുവരി 24**

## കീഴടക്കിക്കളയുന്ന മാർഗ്ഗനിർദ്ദേശം

**''നീ എന്നെ കണ്ടതിനും, ഇനി ഞാൻ നിനക്ക് പ്രത്യക്ഷൻ ആവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകനും, സാക്ഷിയുമായി നിയമിപ്പാൻ ഞാൻ നിനക്ക് പ്രത്യക്ഷനായി.''അപ്പൊസ്തല പ്രവൃത്തികൾ 26:16.**

ദമാസ്ക്കസിലേയ്ക്കുള്ള വഴിയിൽ വെച്ച് വിശുദ്ധ പൗലോസിനുണ്ടായ ദർശനം വെറുമൊരു ക്ഷണികമായ വൈകാരിക അനുഭവമായിരുന്നില്ല. വ്യക്തവും ശക്തവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ ഒരു ദർശനമായിരുന്നു അത്. ''ഞാൻ സ്വർഗ്ഗീയദർശനത്തോട് അനുസരണക്കേട്''(അപ്പ. 26:19) കാണിച്ചില്ല എന്ന് പൗലോസ് പറയുന്നു. ഫലത്തിൽ നമ്മുടെ കർത്താവ് പൗലോസിനോട് പറഞ്ഞത് ഇതായിരുന്നു: ''നിന്റെ ജീവിതം പൂർണ്ണമായും എന്നാൽ കീഴടക്കപ്പെടേണ്ടിയിരിക്കുന്നു. എന്റെ ഉദ്ദേശ്യങ്ങളല്ലാതെ, മറ്റൊരു ലക്ഷ്യവും നിനക്കുണ്ടാകരുത്.'' ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു – ഇതാണ് കർത്താവ് പൗലോസിനോടു പറഞ്ഞതിനർത്ഥം. (യോഹന്നാൻ 15:16 കാണുക)

വീണ്ടും ജനിക്കുമ്പോൾ നമുക്കെല്ലാവർക്കും ദർശനങ്ങളുണ്ടാകുന്നു. നാം ആത്മീയരാണെങ്കിൽ, യേശു നമ്മെക്കുറിച്ചെന്താണ് ആഗ്രഹിക്കുന്നത് എന്നതിനെക്കുറിച്ച് നമുക്ക് ദർശനമുണ്ടാകും. അപ്പോൾ അതിനോട് (ആ ദർശനത്തോട്) അനുസരണക്കേട് കാണിക്കാതിരിക്കുകയും അത് നമുക്ക് സാധ്യമാകുമോ എന്ന് സംശയിക്കാതിരിക്കുകയുമാണ് നാം ചെയ്യേണ്ടത്. ദൈവം ഈ ലോകത്തെ രക്ഷിച്ചു എന്നും, യേശു ചെയ്തതെല്ലാം എനിക്ക് യാഥാർത്ഥ്യമാക്കിത്തരാൻ പരിശുദ്ധാത്മാവിന് കഴിയും എന്നുമുള്ള അറിവു മാത്രം പോരാ. എനിക്ക് യേശുവുമായി ഒരു വ്യക്തിബന്ധം ഉണ്ടായിരിക്കണം. യേശു പൗലോസിന് പ്രസംഗിക്കാൻ ഒരു തത്ത്വം കൊടുക്കുകയായിരുന്നില്ല. പിന്നെയോ യേശുക്രിസ്തുവുമായി സജീവവും വ്യക്തിപരവും, കീഴടക്കുന്നതുമായ ഒരു വ്യക്തിബന്ധത്തിലേയ്ക്ക് പൗലോസ് കൊണ്ടുവരപ്പെട്ടു. അപ്പൊസ്തലപ്രവൃത്തികൾ 26:16–ാം വാക്യം ശക്തമായ ആജ്ഞയത്രേ. ''നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി'' നിയമിപ്പാൻ എന്നാണ് പറയുന്നത്. ഒരു പ്രസ്ഥാനത്തോടല്ല ഒരു വ്യക്തിയോടാണ് പൗലോസ് ചേർക്കപ്പെട്ടത്. അവൻ പൂർണ്ണമായും ക്രിസ്തുവിന്റേതായിരുന്നു; മറ്റൊന്നും അവൻ കണ്ടില്ല; മറ്റൊന്നിനും വേണ്ടിയായിരുന്നില്ല അവൻ ജീവിച്ചതും. ''ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു'' (1 കൊരിന്ത്യർ 2:2).

## ദൈവത്തിന് ഇടം നല്കുക

**''അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ .....'' ഗലാത്യർ 1:15.**

ദൈവവേല ചെയ്യുന്നവർ എന്ന നിലയിൽ, നാം ദൈവത്തിന്, നിന്ന് തിരിയാനുള്ള ഇടം നല്കണം. നാം കൂട്ടലും കിഴിക്കലും വിലയിരുത്തലും നടത്തും; എന്നിട്ട് ഇത് അല്ലെങ്കിൽ അത് സംഭവിക്കും എന്ന പ്രവചനം നടത്തുകയും ചെയ്യും. പക്ഷേ ദൈവത്തെ, അവന്റെ ഹിതമനുസരിച്ച് കടന്ന് വരാൻ അനുവദിക്കുന്ന കാര്യം നാം മറന്നുപോകുന്നു. സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുമ്പോഴോ, മീറ്റിങ്ങ് കൂടിക്കൊണ്ടിരിക്കുമ്പോഴോ, ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിൽ ദൈവം കടന്ന് വന്നാൽ നിങ്ങൾ അത്ഭുതപ്പെട്ടു പോകുമോ? ഒരു പ്രത്യേകതരത്തിൽ ദൈവം വരാനായി കാത്തിരിക്കരുത്. ദൈവത്തിനായി കാത്തിരിക്കുക മാത്രം ചെയ്യുക. ദൈവത്തിന് ഇടം നല്കുക എന്ന് പറഞ്ഞാൽ ഒരു പ്രത്യേകതരത്തിൽ അവൻ വരുമെന്ന് പ്രതീക്ഷിച്ചിരിക്കുകയല്ല. അവൻ വരും എന്ന് പ്രതീക്ഷിക്കുക മാത്രം ചെയ്താൽ മതി. ദൈവത്തെ നമുക്ക് എത്ര നന്നായി അറിയാമെങ്കിലും, ഏത് നിമിഷവും അവൻ വരും എന്ന പാഠം നാം പഠിക്കേണ്ടതുണ്ട്. അത്ഭുതത്തിന്റേതായ ഈ ഘടകം നാം കാണാതെ പോകാൻ ഇടയുണ്ട്. എന്നാൽ ദൈവം മറ്റൊരു തരത്തിലും ഒരിക്കലും പ്രവർത്തിക്കുന്നില്ല. പൊടുന്നനവെ ദൈവം നമ്മുടെ ജീവിതത്തെ നേരിടുന്നു. അതേ, അവൻ പ്രസാദിച്ചിരിക്കുമ്പോൾ.....''

അവിചാരിതമായി ഏതു വിധേനയും ദൈവത്തിന്റെ അത്ഭുതകരമായ ശക്തി നിങ്ങളിലേയ്ക്ക് കടന്ന് വരും വിധം ദൈവവുമായി നിത്യസമ്പർക്കത്തിലിരിക്കുക. എപ്പോഴും പ്രതീക്ഷയുടേതായ ഒരവസ്ഥയിലായിരിക്കുക; ദൈവം തന്റെ ഹിതപ്രകാരം കടന്ന് വരാൻ ദൈവത്തിനായി ഇടം വിടുക.

## ജനുവരി 26

# വീണ്ടും നോക്കുക, സമർപ്പിക്കുക

**''ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്ര അധികം.'' മത്തായി 6:30**

നാം ഹൃദയശുദ്ധിയുള്ളവരല്ലെങ്കിൽ യേശുവിന്റെ ലളിതമായ ഒരു പ്രസ്താവന നമുക്കെപ്പോഴും ഒരു കടങ്കഥയാകുന്നു. യേശുവിനെ മനസ്സിലാക്കാൻ തക്കവിധം എങ്ങനെയാണ് അവന്റെ ലാളിത്യം നമുക്ക് നിലനിർത്താൻ കഴിയുക? അവന്റെ ആത്മാവിനെ സ്വീകരിക്കുകയും അവനെ തിരിച്ചറിഞ്ഞ് അവനിൽ ആശ്രയിക്കുകയും അവനിലൂടെ ലഭിക്കുന്ന ദൈവവചനം അനുസരിക്കുകയും ചെയ്യുമ്പോൾ ജീവിതം അത്ഭുതകരമാം വിധം ലളിതമായിത്തീരും. ദൈവവുമായിട്ടുള്ള ബന്ധം നിങ്ങൾ ശരിയായ വിധം കാത്തുസൂക്ഷിക്കുകയാണെങ്കിൽ, ''വയലിലെ പുല്ലിനെ ചമയിക്കുന്ന ദൈവം നിങ്ങളെ എത്ര അധികം ചമയിക്കും'' എന്നുള്ള കർത്തൃവചനത്തിൽ സന്തോഷിക്കാൻ സാധിക്കും. ആത്മീയ സംസർഗ്ഗത്തിൽ ഓരോ തവണ നാം പുറകോട്ട് പോയിട്ടുള്ളതും യേശുവിനെക്കാൾ അധികം നമുക്കറിയാം എന്ന് നാം ധിക്കാരപൂർവ്വം വിചാരിച്ചതുകൊണ്ടാണ്. ലോകത്തിന്റെ ചിന്താകുലങ്ങൾ ഹൃദയത്തിൽ കടന്നുവരാൻ നാം അനുവദിക്കുകയും (മത്താ. 13:22) സ്വർഗ്ഗസ്ഥനായ പിതാവിനെ എത്ര അധികം മറന്നു കളയുകയും ചെയ്തിരിക്കുന്നു!

''ആകാശത്തിലെ പക്ഷികളെ നോക്കുവിൻ'' (മത്താ. 6:28). അവ തങ്ങളിലുള്ള ജീവിതതത്ത്വത്തെ അനുസരിക്കുന്നു. ദൈവം അവയെ കാത്ത് പരിപാലിക്കുകയും ചെയ്യുന്നു. തന്നോട് ശരിയായ ബന്ധത്തിലായിരിക്കുകയും തന്നെ അനുസരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ യേശു നിങ്ങളുടെ ''തൂവലുകളെ'' കാത്തുകൊള്ളും.

''വയലിലെ ലില്ലിപ്പൂക്കളെ നോക്കുവിൻ''(മത്താ. 6:28). അവ എവിടെയായിരിക്കുന്നുവോ അവിടെ അവ വളരുന്നു. നാം ആകട്ടെ നമ്മെ ആക്കിയിരിക്കുന്നിടത്ത് വളരാൻ വിസമ്മതിക്കുന്നു. തൽഫലമായി നാം ഒരിടത്തും വേര് പിടിക്കുന്നില്ല. ദൈവം നമുക്ക് തരുന്ന ജീവിതം നാം യോഗ്യമായി നയിക്കുകയാണെങ്കിൽ, അവനെ അനുസരിക്കുകയാണെങ്കിൽ മറ്റ് കാര്യങ്ങൾ ദൈവം നോക്കിക്കൊള്ളും എന്നാണ് യേശു പറയുന്നത്. യേശു നമ്മോട് പറഞ്ഞ ഒരു നുണയാണോ അത്? ''എത്ര അധികം'' എന്ന് യേശു പറഞ്ഞത് നാം അനുഭവിക്കുന്നില്ലെങ്കിൽ, അത് ദൈവം തന്ന ജീവിതം നാം അനുസരിക്കാത്തതിനാലും, ചിന്താക്കുഴപ്പത്തിലാക്കുന്ന മറ്റു പരിഗണനകൾ ഉള്ളിലേറ്റിയിരിക്കുന്നതിനാലുമത്രെ. ദൈവശുശ്രൂഷയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നാം പൂർണ്ണമായും സ്വതന്ത്രരായിരിക്കേണ്ടപ്പോൾ, എത്രയോ ചോദ്യങ്ങളുമായി ദൈവത്തെ വിഷമിപ്പിക്കാൻ നാം എത്ര സമയം പാഴാക്കുന്നു? സമർപ്പണം എന്നത് ഒരു കാര്യത്തിനായി എന്നെ നിരന്തരം വേർതിരിച്ച് നിർത്തുക എന്നതാണ്. ഞാൻ എന്റെ ജീവിതത്തിലെ എല്ലാ ദിവസവും, ദൈവത്തിനായി, ദൈവത്തിലേക്കു നോക്കാനായി എന്നെ വേർതിരിച്ച് നിർത്തുന്നുണ്ടോ?

## ജനുവരി 27

# വീണ്ടും നോക്കുക, ചിന്തിക്കുക

**''എന്തു തിന്നും, എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്'' മത്തായി 6:25**

ഈ ലോക ആകുലതകൾ, സമ്പത്തിന്റെ ചതികൾ, മറ്റ് കാര്യങ്ങളോടുള്ള മോഹം എന്നിവ ദൈവിക ദാനങ്ങളെ ഞെരുക്കിക്കളയുന്നു (മത്താ. 13:22). ഇവയുടെ ഇടയ്ക്കിടെയുള്ള വേലിയേറ്റത്തിൽ നിന്ന് നാം ഒരിക്കലും മോചിതരല്ല. അത് വസ്ത്രത്തെയോ ഭക്ഷണത്തെയോ കുറിച്ചുള്ള ആകുല ചിന്തയായിട്ടല്ലെങ്കിൽ പണം ഉള്ളതിനെക്കുറിച്ചോ ഇല്ലാത്തതിനെക്കുറിച്ചോ ഉള്ള വിഷമമായി നമ്മെ ആക്രമിക്കും. സദാസമയത്തുമുള്ള നിരന്തരമായ ഒരു നുഴഞ്ഞുകയറ്റമാണത്; അതിനെതിരേ കൊടി ഉയർത്താൻ ദൈവാത്മാവിനെ നാം അനുവദിക്കുന്നില്ലെങ്കിൽ, ഒരു ജലപ്രളയം പോലെ അവയെല്ലാം ആർത്തലച്ചു തള്ളിക്കയറും.

''ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്'', ഒരൊറ്റ കാര്യം മാത്രം ശ്രദ്ധിക്കുക – ''എന്നോടുള്ള നിങ്ങളുടെ ബന്ധം''. നമ്മുടെ സാമാന്യബുദ്ധി, അപ്പോൾ നമ്മോട് അലറിവിളിച്ച് പറയും ''ഇത് വിഡ്ഢിത്തമാണ്; എങ്ങനെ ജീവിക്കും എന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കണം. എന്ത് തിന്നും, എന്തു കുടിക്കും എന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചേ പറ്റൂ''. എന്നാൽ അങ്ങനെ അരുത് എന്ന് യേശു പറയുന്നു. നമ്മുടെ പ്രത്യേക സാഹചര്യങ്ങളറിയാത്ത ഒരാളാണോ യേശു? ഈ ദുശ്ചിന്തയെ സൂക്ഷിച്ചു കൊൾക. നമ്മെക്കാൾ നന്നായി നമ്മുടെ സാഹചര്യങ്ങൾ യേശുവിനറിയാം. ഈ കാര്യങ്ങൾ നമ്മുടെ ജീവിതത്തിലെ ഒരേയൊരു പരിഗണനയാകും വിധം അവയെക്കുറിച്ചു ചിന്തിക്കരുതെന്നാണ് യേശു പറയുന്നത്. ഈ പരിഗണനകൾ യേശുവിനോടുള്ള ബന്ധവുമായി മത്സരിക്കുമ്പോൾ യേശുവിനോടുള്ള ബന്ധത്തിനായിരിക്കട്ടെ ഒന്നാംസ്ഥാനം.

''അതത് ദിവസത്തിന് അന്നന്നത്തെ ദോഷം മതി'' (മത്താ. 6:34). എത്ര മാത്രം തിന്മ ഇന്നേ ദിവസം നിങ്ങളെ ഭീഷണിപ്പെടുത്തുന്നുണ്ട്? ഏതൊക്കെ തരത്തിലുള്ള കുട്ടിച്ചാത്തന്മാരാണ് നിങ്ങളുടെ ഉള്ളിൽക്കയറിയിരുന്ന് ''അടുത്ത മാസം അല്ലെങ്കിൽ ഈ വേനൽക്കാലത്ത് നിങ്ങളെന്ത് ചെയ്യും?'' എന്ന് ചോദിക്കുന്നത്? ഒന്ന് കൂടി നോക്കുകയും ചിന്തിക്കുകയും ചെയ്യുക. എന്നിട്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവിന്റെ ''എത്ര അധികത്തിൽ'' നിങ്ങളുടെ മനസ്സ് ഉറപ്പിക്കുക (മത്താ. 6:30).

**ജനുവരി 28**

# ഒരുവന് യേശുവിനെ ഇങ്ങനെ ഉപദ്രവിക്കാം എന്നത് അവിശ്വസനീയം

**''ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?'' അപ്പൊസ്തല പ്രവൃത്തികൾ 26:14**

നിങ്ങളുടേതായ രീതിയിൽ ദൈവത്തിനായി ജീവിക്കാൻ നിശ്ചയിച്ചുറച്ചിരിക്കുകയാണോ? തീയിലും പരിശുദ്ധാത്മാവിലുമുള്ള സ്നാനത്തിന്റെ അനുഭവത്തിൽ വരുന്നതുവരെ ഈ കെണിയിൽ നിന്ന് നമ്മൾ മോചിതരല്ല (മത്താ. 3:11). ദുശ്ശാഠ്യവും തന്നിഷ്ടവും യേശുവിനെ കുത്തി മുറിവേല്പിക്കും. മറ്റാരെയും അത് മുറിവേല്പിക്കില്ലായിരിക്കാം, പക്ഷേ അത് ദൈവാത്മാവിനെ മുറിവേല്പിക്കും. നാം ശാഠ്യക്കാരും തന്നിഷ്ടക്കാരും ആയിരിക്കുകയും നമ്മുടെ ഉൽക്കർഷേച്ഛകളെ പിന്തുടരുകയും ചെയ്യുമ്പോൾ നാം യേശുവിനെ സങ്കടപ്പെടുത്തുന്നു. നാം നമ്മുടെ അവകാശങ്ങളിൽ ഉറച്ച് നില്ക്കുകയും ശാഠ്യംപിടിക്കുകയും ചെയ്യുന്ന ഓരോ അവസരത്തിലും നാം യേശുവിനെ പീഡിപ്പിക്കുന്നു. നാം നമ്മുടെ ആത്മാഭിമാനത്തിൽ ഉറച്ച് നില്ക്കുമ്പോഴും, യേശുവിന്റെ ആത്മാവിനെ മുറതെറ്റാതെ വിഷമിപ്പിക്കുകയും സങ്കടപ്പെടുത്തുകയുമാണ് ചെയ്യുന്നത്. അവസാനം, ഇക്കാലമത്രയും നാം യേശുവിനെയാണ് പീഡിപ്പിച്ചുകൊണ്ടിരുന്നത് എന്ന് അറിയുമ്പോൾ നമുക്ക് ദുർവഹമായ ദുഃഖം ഉണ്ടാകും.

ഞാൻ നിങ്ങൾക്ക് കൈമാറുന്ന ദൈവവചനം എന്നിൽത്തന്നേ ആഴത്തിലും മൂർച്ചയിലും കടന്നു ചെന്നിട്ടുണ്ടോ? അതോ ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നതിനു വിപരീതമായിട്ടുള്ളതാണോ എന്റെ ജീവിതം. ഒന്ന് പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുകയാണോ ഞാൻ? ഞാൻ വിശുദ്ധീകരണം പഠിപ്പിക്കുകയും, അതേ സമയം യേശുവിനെ ഉപദ്രവിക്കുന്ന സാത്താന്റെ ആത്മാവിനെ പ്രദർശിപ്പിക്കുകയുമാകാം. യേശുവിന്റെ ആത്മാവ് ഒരേ ഒരു കാര്യത്തെക്കുറിച്ച് മാത്രം ബോധമുള്ളതായിരിക്കുന്നു: പിതാവുമായുള്ള പരിപൂർണ്ണ ഐക്യം. ''ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ''(മത്താ. 11:29). ഒരു ഭക്തനായി ജീവിക്കണമെങ്കിൽ തന്നിഷ്ടത്തിലുള്ള നിശ്ചയദാർഢ്യത്തിലല്ല, യേശുവുമായിട്ടുള്ള പൂർണ്ണഐക്യത്തിലാണ് എന്റെ പെരുമാറ്റത്തെ അടിസ്ഥാനപ്പെടുത്തേണ്ടത്. ഇതിനർത്ഥം, ആളുകൾ എന്നെ പലവിധത്തിൽ ഉപദ്രവിച്ചേക്കാം എന്നാകാം. പക്ഷേ ദൈവത്തിനായി, ഞാൻ ഇതിനെയെല്ലാം അതിജീവിച്ചാൽ ഞാൻ നിമിത്തം യേശു ക്രിസ്തു ഉപദ്രവിക്കപ്പെടുന്നത് എനിക്ക് തടയാം.

## ജനുവരി 29

# ഒരുവൻ ഇത്ര അജ്ഞാനിയാകുമോ?

**''നീ ആരാകുന്നു, കർത്താവേ, .........'' അപ്പൊസ്തലപ്രവൃത്തികൾ 26:15**

''യഹോവ ബലമുള്ള കൈകൊണ്ട് എന്നെ പിടിച്ച് എന്നോട് അരുളിച്ചെയ്തു (യെശയ്യാവ് 49:2). നമ്മുടെ കർത്താവ് സംസാരിക്കുമ്പോൾ അതിൽ നിന്ന് രക്ഷപെടാൻ സാധ്യമല്ല. നമ്മുടെ അറിവിനെ കവിയുന്ന വിധത്തിലാണ് അവൻ എപ്പോഴും കടന്നുവരുന്നത്. ദൈവശബ്ദം നിങ്ങളിലേയ്ക്ക് നേരിട്ട് വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ, നിങ്ങളുടെ കാതുകളിലൂടെയല്ല, പരിതഃസ്ഥിതികളിലൂടെ, നിങ്ങൾക്കു നന്നായി അറിയാവുന്ന ഭാഷയിൽ, വളരെ ഹൃദ്യമായി ദൈവം നിർബ്ബന്ധപൂർവ്വം പറഞ്ഞത് നിങ്ങൾക്ക് മനസ്സിലാകാതെ പോകുകയില്ല.

സ്വന്തം ബോധ്യങ്ങളിലുള്ള നമ്മുടെ പിടിവാശിയും ഉറപ്പും ദൈവത്തിന് തകർക്കേണ്ടതുണ്ട്. ''ഞാനെന്താണ് ചെയ്യേണ്ടതെന്ന് എനിക്കറിയാം''എന്നു നാം ചിന്തിക്കും. പെട്ടെന്ന് നമ്മുടെ അജ്ഞതയുടെ ആഴം വെളിപ്പെടുത്തിക്കൊണ്ട് ദൈവം നമ്മെ വിവശരാക്കും വിധം സംസാരിക്കുന്നു. ദൈവശുശ്രൂഷ ചെയ്യാൻ നാം തെരഞ്ഞെടുക്കുന്ന വഴി ഏതോ, അതിലൂടെത്തന്നേ നാം നമ്മുടെ അജ്ഞത വെളിപ്പെടുത്തുന്നു. യേശുവിന്റേതല്ലാത്ത ആത്മാവിൽ അതായത് പിശാചിന്റെ ആത്മാവിൽ നാം യേശുവിന് ശുശ്രൂഷ ചെയ്യുന്നു. അവന് വേണ്ടി വാദിച്ചുകൊണ്ട് നാം അവനെ മുറിപ്പെടുത്തുന്നു. നമ്മുടെ വാക്കുകൾ ശരിയെന്ന് തോന്നും, പക്ഷേ നമ്മുടെ ആത്മാവ് ശത്രുവിന്റേതാണ്. ''അവൻ തിരിഞ്ഞ് അവരെ ശാസിച്ചു. നിങ്ങൾ ഏത് ആത്മാവിന് അധീനർ എന്ന് നിങ്ങൾ അറിയുന്നില്ല.'' 1 കൊരിന്ത്യർ 13–ൽ നമ്മുടെ കർത്താവിന്റെ ആത്മാവ് എങ്ങനെ അവന്റെ അനുയായികളിൽ പ്രവർത്തിക്കുന്നു എന്ന് വിവരിച്ചിട്ടുണ്ട്.

എന്റേതായ രീതിയിൽ യേശുവിന് ശുശ്രൂഷ ചെയ്യാനുള്ള എന്റെ അത്യുത്സാഹത്തിൽ ഞാൻ അവനെ ഉപദ്രവിക്കുകയാണോ? ഞാനെന്റെ കർത്തവ്യം ചെയ്തു. എന്നാൽ അതു ചെയ്ത രീതിയാൽ അവനെ മുറിപ്പെടുത്തി എന്ന് തോന്നുന്നുവെങ്കിൽ ഞാൻ എന്റെ കർത്തവ്യം ചെയ്തിട്ടില്ല എന്നെനിക്ക് ഉറപ്പാക്കാം. അങ്ങനെയാണെങ്കിൽ, താഴ്മയും വിനയവുമുള്ള ഒരാത്മാവിനെ വളർത്തുന്നതിനു പകരം, ആത്മസംതൃപ്തി നേടാനാണ് ഞാൻ നോക്കുന്നത്. അപ്രസന്നമായതെന്തും നമ്മുടെ കർത്തവ്യമെന്ന് നാം അനുമാനിക്കുന്നു. അത് എങ്ങനെ കർത്താവിന്റെ ആത്മാവിലുള്ളതാകും? ''എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്യാൻ ഞാൻ പ്രിയപ്പെടുന്നു'' (സങ്കീർത്തനം : 40:8).

# അനുസരണത്തിന്റെ പ്രതിസന്ധി

**''എന്നാൽ ഈ ദർശനം ഏലിയെ അറിയിപ്പാൻ ശമുവേൽ ശങ്കിച്ചു.'' 1 ശമുവേൽ 3:15**

നാടകീയമായും നമ്മെ അത്ഭുതസ്തബ്ധരാക്കിയുമല്ല ദൈവം നമ്മോടു സംസാരിക്കുന്നത്. എന്നാൽ അവന്റെ വഴികളെ നാം പലപ്പോഴും തെറ്റിദ്ധരിക്കുന്നു; ഇത് ദൈവശബ്ദം തന്നെയാണോ എന്ന് നാം സംശയിക്കുന്നു. ''യഹോവ ബലമുള്ള കൈകൊണ്ട് എന്നെ പിടിച്ച് എന്നോട് അരുളിച്ചെയ്തു'' എന്ന് യെശയ്യാവ് പറയുന്നു – അതായത് സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ദൈവത്തിന്റെ ഇടപെടലിലൂടെ അല്ലാതെ യാതൊന്നും നമ്മെ സ്പർശിക്കുന്നില്ല. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ നമുക്ക് വെറും സംഭവങ്ങളാണോ അതോ നാം അവയിൽ ദൈവകരങ്ങളുടെ സ്പർശം തിരിച്ചറിയുന്നുണ്ടോ?

''കർത്താവേ, അരുളിച്ചെയ്താലും''(1 ശമു. 3:9) എന്നു പറയുന്ന ശീലം വളർത്തിയെടുക്കുക. സാഹചര്യങ്ങൾ നിങ്ങളെ ഞെരുക്കുന്ന ഓരോ അവസരത്തിലും ''കർത്താവേ അരുളിച്ചെയ്താലും'' എന്ന് പറയുകയും ദൈവത്തിനായി കാതോർത്തിരിക്കാൻ സമയം എടുക്കുകയും ചെയ്യുക. ശുദ്ധീകരണം എന്നത് ഒരു അച്ചടക്ക നടപടി മാത്രമല്ല. ''കർത്താവേ അരുളിച്ചെയ്താലും'' എന്ന അവസ്ഥയിലേയ്ക്ക് നിങ്ങളെ കൊണ്ടുവരാനുള്ള മാർഗ്ഗമാണത്. ദൈവം നിങ്ങളോട് സംസാരിച്ച സമയം ഓർമ്മിക്കുക. എന്താണ് ദൈവം നിങ്ങളോട് പറഞ്ഞതെന്ന് മറന്നുവോ? അത് ലൂക്കോസ് 11:13 ആയിരുന്നുവോ, അതോ 1 തെസ്സലോനിക്യർ 5:23 ആണോ? ദൈവം തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ നല്കും; അവൻ നമ്മുടെ ശരീരാത്മദേഹികളെ വിശുദ്ധിയിൽ കാക്കട്ടെ. നാം കാതോർക്കുമ്പോൾ നമ്മുടെ കാതുകൾ കുറേക്കൂടി മൂർച്ചയുള്ളതായിത്തീരുകയും യേശുവിനെപ്പോലെ സദാ സമയവും ദൈവശബ്ദം കേൾക്കുകയും ചെയ്യുന്നു.

ദൈവഹിതം തിരിച്ചറിയാതെ നാം ദൈവത്തോട് അനുസരണക്കേട് കാണിച്ചുപോകുന്നു. ഏലിയോട് പറയാൻ ദൈവം ശമുവേലിനോട് പറഞ്ഞില്ല. അത് അവൻ സ്വയം തീരുമാനിക്കേണ്ടിയിരുന്നു. നിങ്ങൾക്കുള്ള ദൈവവിളി നിങ്ങളുടെ ''ഏലിയെ'' സങ്കടപ്പെടുത്തിയേക്കാം. എന്നാൽ ദൈവത്തെ മാനിക്കാതെ മറ്റൊരാളുടെ ജീവിതത്തിലെ കഷ്ടത തടയാൻ നിങ്ങൾ ശ്രമിച്ചാൽ അത് ദൈവത്തിനും നിങ്ങളുടെ ആത്മാവിനും ഇടയ്ക്കു വരുന്ന തടസ്സമായിത്തീരും. വലത് കരം ഛേദിക്കപ്പെടുന്നതോ, കണ്ണ് ചൂഴ്ന്നെടുക്കപ്പെടുന്നതോ തടയാൻ ശ്രമിക്കുന്നത് സ്വയം അപകടം നേരിടാൻ തയ്യാറെടുത്തു കൊണ്ടായിരിക്കണം (മത്താ. 5:29).

ദൈവതിരുമുമ്പാകെ നിങ്ങൾ തീരുമാനിക്കേണ്ട ഒരു കാര്യത്തിനും മറ്റൊരാളുടെ ഉപദേശം ചോദിക്കരുത്. അങ്ങനെ ചെയ്താൽ ഏതാണ്ട് എല്ലായ്പ്പോഴും നിങ്ങൾ പിശാചിന്റെ ഭാഗത്താകും. ''.......... ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോട് ആലോചിക്കയോ, എനിക്ക് മുമ്പാകെ അപ്പൊസ്തലന്മാരായവരുടെ അടുക്കൽ യെരുശലേമിലേയ്ക്ക് പോകുകയോ ചെയ്യാതെ നേരെ അറബിയിലേയ്ക്ക് പോകയും ദമാസ്ക്കസിലേക്ക് മടങ്ങിപ്പോരുകയും ചെയ്തു''(ഗലാ. 1:16, 17).

## ജനുവരി 31

# നിങ്ങളുടെ വിളി നിങ്ങൾ കാണുന്നുവോ?

**''സുവിശേഷത്തിനായി വേർതിരിച്ച് വിളിക്കപ്പെട്ട'' റോമർ 1:2**

വിശുദ്ധരായ സ്ത്രീ പുരുഷന്മാരായിരിക്കുക എന്നതല്ല ദൈവത്തിന്റെ സുവിശേഷം അറിയിക്കുന്നവരാകുക എന്നതാണ് പ്രാഥമികമായി നമുക്കുള്ള വിളി. ദൈവസുവിശേഷത്തെ എന്നും നിലനില്ക്കുന്ന യാഥാർത്ഥ്യമായി മനസ്സിലാക്കുക എന്നതാണ് സർവ്വപ്രധാനമായ കാര്യം. യാഥാർത്ഥ്യം എന്നത് മാനുഷിക നന്മയല്ല, വിശുദ്ധിയല്ല, സ്വർഗ്ഗമോ നരകമോ അല്ല – അത് രക്ഷയത്രേ. ക്രിസ്തീയ വേല ചെയ്യുന്നവരുടെ ഇന്നത്തെ അതിപ്രധാനമായ ആവശ്യം ഇത് ഗ്രഹിക്കുക എന്നതാണ്. സേവകരെന്ന നിലയിൽ രക്ഷയാണ് ഒരേയൊരു യാഥാർത്ഥ്യം എന്ന വെളിപാട് നമുക്ക് പരിചിതമാകേണ്ടതാണ്. വ്യക്തിപരമായ വിശുദ്ധി ഒരു കാരണമല്ല, ഫലമാണ്. ക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പിലായിരിക്കണം നമ്മുടെ ശ്രദ്ധ. മനുഷ്യനന്മയിൽ വിശ്വാസം അർപ്പിച്ചാൽ, പരീക്ഷണങ്ങൾ വരുമ്പോൾ നാം തകർന്നുപോകും.

വി. പൗലോസ് തന്നെത്തന്നേ വേർതിരിച്ചു എന്നല്ല, ''ദൈവം ക്രിസ്തുവിനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ'' എന്നാണ് വിശുദ്ധ പൗലോസ് പറയുന്നത് (ഗലാ. 1:15). പൗലോസിന് തന്റെ സ്വഭാവത്തിൽ അമിതമായ ശ്രദ്ധ ഉണ്ടായിരുന്നില്ല. നമ്മുടെ ശ്രദ്ധ നമ്മുടെ വ്യക്തിപരമായ ശുദ്ധിയിൽ മാത്രം കേന്ദ്രീകരിക്കുകയാണെങ്കിൽ, ഒരിക്കലും നാം രക്ഷയുടെ യാഥാർത്ഥ്യത്തിനടുത്തെങ്ങും എത്തുകയില്ല. ക്രിസ്തുവിനായുള്ള ശുശ്രൂഷകൾ തകർന്നു വീഴുന്നത് വിശുദ്ധിക്കായുള്ള മോഹത്താൽ അത്രേ. ''ഇന്ന് എനിക്ക് ചുറ്റുമുള്ള മനുഷ്യജീവിതത്തിന്റെ മാലിന്യത്തിന്റെ പേരിൽ, രക്ഷയുടെ പരുപരുത്ത യാഥാർത്ഥ്യത്തെ നേരിടാൻ എന്നോട് പറയരുത്. എന്നെ കുറേക്കൂടി അഭികാമ്യനാക്കുവാൻ ദൈവത്തിന് ചെയ്യാൻ കഴിയുന്നതെന്തുമാണ് ഞാൻ ആഗ്രഹിക്കുന്നത്'' – ദൈവത്തിന്റെ സുവിശേഷം എന്നെ സ്പർശിച്ചിട്ടേയില്ല എന്നതിന്റെ അടയാളമാണ് ഈ രീതിയിലുള്ള സംസാരം. എന്റെ സ്വഭാവത്തിൽ മാത്രം ഞാൻ തല്പരനായിരിക്കുന്നിടത്തോളം കാലം ദൈവത്തിന് എന്നെ രക്ഷിക്കുവാൻ കഴിയുകയില്ല. വിശുദ്ധ പൗലോസ് തന്നെക്കുറിച്ച് ബോധവാനായിരുന്നില്ല. സുവിശേഷം അറിയിക്കുക എന്ന ഒരൊറ്റ ഉദ്ദേശ്യത്തിനായി വിളിച്ച് വേർതിരിക്കപ്പെട്ടിരുന്ന പൗലോസ് നിർഭയനായി സ്വയം സമർപ്പിച്ചവനായിരുന്നു.

## ഫെബ്രുവരി 1

# ദൈവവിളി

**''സ്നാനം കഴിപ്പിപ്പാൻ അല്ല സുവിശേഷം അറിയിപ്പാനത്രേ ക്രിസ്തു എന്നെ അയച്ചത്; 1 കൊരിന്ത്യർ 1:17.''**

സുവിശേഷം അറിയിക്കാനാണ് തനിക്കുള്ള ദൈവവിളി എന്നാണ് വിശുദ്ധ പൗലോസ് ഇവിടെ പ്രസ്താവിക്കുന്നത്. എന്നാൽ സുവിശേഷം എന്നതുകൊണ്ട് പൗലോസ് ഉദ്ദേശിക്കുന്നത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള രക്ഷ എന്ന യാഥാർത്ഥ്യത്തെയാണ്. സുവിശേഷം അറിയിക്കലിന്റെ ആത്യന്തിക ലക്ഷ്യം നമ്മുടെ വിശുദ്ധീകരണമാണെന്ന് കരുതുവാനുള്ള ഒരു പ്രവണത നമുക്കുണ്ട്. പൗലോസ് വ്യക്തിപരമായ അനുഭവങ്ങളെ പരാമർശിക്കുന്നത് ഒരിക്കലും ഇക്കാര്യത്തിലെ അവസാനവാക്കായിട്ടല്ല, ദൃഷ്ടാന്തങ്ങളായിട്ടാണ്. രക്ഷയോ വിശുദ്ധീകരണമോ പ്രസംഗിക്കാൻ നമ്മെ എവിടെയും നിയോഗിച്ചിട്ടില്ല. യേശുക്രിസ്തുവിനെ ഉയർത്തുവാനായിട്ടത്രേ നാം നിയോഗിക്കപ്പെട്ടിരിക്കുന്നത്. (യോഹന്നാൻ 12:32 കാണുക) ''എന്നെ ഒരു വിശുദ്ധനാക്കുവാൻ വേണ്ടിയായിരുന്നു യേശുക്രിസ്തു കഷ്ടത സഹിച്ച''തെന്ന് പറയുന്നത് പരിഹാസ്യമാണ്. യേശുക്രിസ്തു കഷ്ടത സഹിച്ചത് ഈ ലോകത്തെ മുഴുവൻ രക്ഷിക്കാനും അതിനെ ദൈവസിംഹാസനത്തിൻ മുമ്പാകെ കളങ്കമറ്റതായി പുനഃസ്ഥാപിക്കാനുമാണ്. രക്ഷ നമുക്ക് അനുഭവിക്കാൻ കഴിയും എന്ന വസ്തുത, അതിന്റെ യാഥാർത്ഥ്യത്തിന്റെ ശക്തിക്ക് ദൃഷ്ടാന്തമാണ്. എന്നാൽ രക്ഷയുടെ ലക്ഷ്യം അതല്ല. ദൈവം മാനുഷികസ്വഭാവമുള്ള ആളായിരുന്നുവെങ്കിൽ, നമ്മുടെ രക്ഷയ്ക്കും, വിശുദ്ധീകരണത്തിനുമായി നാം നിരന്തരം നടത്തുന്ന അപേക്ഷകൾ കേട്ട് കേട്ട്, ദൈവത്തിന് മടുപ്പ് തോന്നുമായിരുന്നു. പ്രഭാതംമുതൽ പ്രദോഷം വരെ നമുക്കെന്തെങ്കിലും നേടുന്നതിനും എന്തിൽ നിന്നെങ്കിലും വിടുവിക്കപ്പെടുന്നതിനും വേണ്ടി ദൈവത്തിന്റെ ഊർജ്ജം നമ്മൾ പിഴിഞ്ഞെടുക്കുകയാണ്. എന്നാൽ ദൈവസുവിശേഷത്തിന്റെ അടിസ്ഥാനം തിരിച്ചറിഞ്ഞാൽ പിന്നെയൊരിക്കലും നമ്മുടെ വ്യക്തിപരമായ പരാതികൾ കൊണ്ട് നാം ദൈവത്തെ വിഷമിപ്പിക്കുകയില്ല.

പൗലോസിന്റെ ജീവിതത്തിലെ ഏറ്റവും തീക്ഷ്ണമായ താല്പര്യം സുവിശേഷം അറിയിക്കുക എന്നതായിരുന്നു. ഈ ഒരു ലക്ഷ്യത്തിനുവേണ്ടി ഹൃദയത്തകർച്ചയെയും, മിഥ്യാഭംഗത്തെയും, കഷ്ടപ്പാടിനെയും പൗലോസ് സ്വാഗതം ചെയ്തു; കാരണം ഇവ ദൈവസുവിശേഷത്തോടുള്ള ഭക്തിയിൽ നിന്ന് വ്യതിചലിക്കാതെ പൗലോസിനെ കാത്തു.

## ഫെബ്രുവരി 2

# ദൈവവിളിയുടെ സമ്മർദ്ദം

**''ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം!'' 1 കൊരിന്ത്യർ 9:16.**

ദൈവവിളിക്കെതിരെ നിങ്ങളുടെ കാതുകൾ കൊട്ടിയടയ്ക്കരുത്. രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയും ആ വസ്തുതയ്ക്ക് സാക്ഷ്യം പറയാൻ വിളിക്കപ്പെട്ടവനത്രേ. എന്നാൽ അത് സുവിശേഷം അറിയിക്കാനുള്ള വിളിയല്ല, സുവിശേഷം അറിയിക്കലിന്റെ ഒരു വിശദീകരണം മാത്രമാണ്. തനിക്ക് ലഭിച്ച വിളിയിൽ സുവിശേഷം അറിയിക്കാനുള്ള നിർബ്ബന്ധത്താൽ താനനുഭവിച്ച വേദനയെയാണ് മേൽപ്പറഞ്ഞ വാക്യത്തിൽ പൗലോസ് പരാമർശിക്കുന്നത്. ഇവിടെ പൗലോസ് പറയുന്നതിനെ, രക്ഷയ്ക്കായി ദൈവവുമായി സമ്പർക്കത്തിൽ വരുന്ന ആത്മാക്കളുമായി ബന്ധപ്പെടുത്തരുത്. രക്ഷിക്കപ്പെടുന്നതിനേക്കാൾ എളുപ്പമായ മറ്റൊരു കാര്യമില്ല, കാരണം അത് ദൈവത്തിന്റെ പരമമായ, മുഖ്യമായ ജോലിയത്രേ.

''എന്റെ അടുക്കൽ വരുക; ഞാൻ നിങ്ങളെ രക്ഷിക്കും'' ശിഷ്യത്വത്തിന് ആവശ്യമായ വ്യവസ്ഥകളല്ല നമ്മുടെ കർത്താവ് രക്ഷയ്ക്കായി വെയ്ക്കുന്നത്. യേശുക്രിസ്തുവിന്റെ കുരിശിലൂടെ നാം രക്ഷയ്ക്കായി വിധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ശിഷ്യത്വത്തിന്, അതോടൊപ്പം വേണോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം കൂടിയുണ്ട്. ''എന്റെ അടുക്കൽ വരുകയും ............ എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല'' (ലൂക്കോസ് 14:26 കാണുക)

നാം യേശുക്രിസ്തുവിന്റെ ദാസരായിരിക്കുന്നതുമായിട്ടാണ് പൗലോസിന്റെ വാക്കുകൾ ബന്ധപ്പെട്ടിരിക്കുന്നത്. നാം എവിടെപ്പോകുമെന്നോ, എന്ത് ചെയ്യുമെന്നോ എന്നതിനെക്കുറിച്ചൊന്നും ദൈവം നമ്മുടെ അനുവാദം ഒരിക്കലും ചോദിക്കുന്നില്ല. ദൈവം തന്റെ തന്നേ സന്തോഷത്തിന് നമ്മെ നുറുക്കപ്പെട്ട അപ്പവും ചൊരിയപ്പെട്ട വീഞ്ഞുമാക്കിത്തീർക്കുന്നു. 'സുവിശേഷത്തിനായി വിളിച്ച് വേർതിരിക്കപ്പെട്ട' എന്നതിനർത്ഥം ദൈവവിളി കേൾക്കുക എന്നതാണ്. ഒരു മനുഷ്യൻ ആ വിളി കേട്ടു തുടങ്ങിയാൽ, യേശുവിന്റെ നാമത്തിന് യോഗ്യമായ വ്യാകുലത ആരംഭിക്കുന്നു. പൊടുന്നനവെ, സർവ ഉൽക്കർഷേച്ഛയും, സർവ ജീവിതാഭിലാഷവും, സർവ സ്വാഭിപ്രായവും – എല്ലാം – തുടച്ച് മാറ്റപ്പെടുന്നു. സുവിശേഷത്തിനായി വേർതിരിക്കപ്പെട്ടു എന്നത് മാത്രം അവശേഷിക്കുന്നു. ആ വിളി വന്നശേഷം മറ്റൊരു ദിശയിലേക്ക് തന്റെ പാദങ്ങൾ തിരിക്കുന്നവന് ഹാ കഷ്ടം!

## ഫെബ്രുവരി 3

# ലോകത്തിന്റെ ചവറായിത്തീരുക

**''ഞങ്ങൾ ലോകത്തിന്റെ ചവറുപോലെയും ഇന്നുവരെ സകലത്തിന്റെയും അഴുക്കായും തീർന്നിരിക്കുന്നു''. (1 കൊരിന്ത്യർ 4:13)**

ഈ വാക്കുകൾ ഒരു അതിശയോക്തിയല്ല. സുവിശേഷ ദൂതന്മാർ എന്ന് സ്വയം വിശേഷിപ്പിക്കുന്ന നമ്മളെ സംബന്ധിച്ച് ഈ വാക്യം സത്യമല്ലാത്തതിന് കാരണം അവയെക്കുറിച്ചുള്ള ശരിയായ സത്യം പൗലോസ് മറന്നു എന്നതല്ല; മറിച്ച്, ലോകത്തിന്റെ ചവറായിത്തീരാൻ സ്വയം അനുവദിക്കാത്തവിധം നാം നമ്മെക്കുറിച്ച് അതിരുകവിഞ്ഞ കരുതലുള്ളവരും നമ്മുടെ അഭിലാഷങ്ങളിൽ അതിതല്പരരുമാണ്. ''ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന് വേണ്ടി പൂരിപ്പിക്കുന്നത്'', (കൊലൊസ്സ്യർ 1:24) വിശുദ്ധീകരണത്തിന്റെ തെളിവല്ല, സുവിശേഷത്തിനായി വിളിച്ച് വേർതിരിക്കപ്പെട്ടതിന്റെ തെളിവാണ്. (റോമ. 1:1)

നിങ്ങൾക്ക് പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവകാര്യം നിങ്ങൾക്കു വന്നുകൂടി എന്ന് അതിശയിച്ചുപോകരുത് എന്ന് പത്രോസ് പറയുന്നു (1 പത്രൊസ് 4:1). നമ്മൾ നേരിടേണ്ടിവരുന്ന കാര്യങ്ങളെക്കുറിച്ച് നമുക്കു അമ്പരപ്പുണ്ടാകുന്നുവെങ്കിൽ, അത് നമ്മൾ ഭീരുക്കളും, ഭയചകിതരും ആയതുകൊണ്ടാണ്. ചെളിക്കുണ്ടുകളിൽ നിന്ന് മാറി നില്ക്കുവോളം നാം നമ്മുടെ താല്പര്യങ്ങളിലും അഭിലാഷങ്ങളിലും ശ്രദ്ധ വെയ്ക്കുന്നു; ഞാൻ കീഴടങ്ങുകയില്ല, ഞാൻ കുനിയുകയും, വളയുകയും ചെയ്യുകയില്ല എന്ന് പറയുകയും ചെയ്യുന്നു. നിങ്ങൾ അങ്ങനെ ചെയ്യേണ്ടതില്ല. വേണമെങ്കിൽ നിങ്ങൾക്ക് കഷ്ടിച്ച് രക്ഷപെടാം. സുവിശേഷത്തിനായി വിളിച്ച് വേർതിരിക്കപ്പെട്ടവനായി ദൈവം നിങ്ങളെ കണക്കാക്കുവാൻ സമ്മതിക്കാതിരിക്കാം. നേരെമറിച്ച് സുവിശേഷം അറിയിക്കുന്നിടത്തോളം കാലം ലോകത്തിന്റെ ചവറായി കണക്കാക്കപ്പെടുന്നതിൽ എനിക്കൊരു വിഷമവുമില്ല എന്നും നിങ്ങൾക്ക് പറയാം. സുവിശേഷത്തിന്റെ യാഥാർത്ഥ്യത്തിനായി രക്തസാക്ഷിത്വം അനുഭവിക്കാൻ തയ്യാറാകുന്ന ആളാണ് യേശുക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷി. സന്മാർഗ്ഗിയായ ഒരു വ്യക്തി അസാന്മാർഗ്ഗികതയോ, നിന്ദയോ, വിശ്വസ്തതയില്ലായ്മയോ നേരിടേണ്ടിവരുമ്പോൾ, ആ തിന്മയോടുള്ള വെറുപ്പിൽ സ്വയം പിന്തിരിയുകയും തെറ്റ് ചെയ്ത ആളിനെതിരെ മനസ്സ് കൊട്ടിയടക്കുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ രക്ഷ എന്ന യാഥാർത്ഥ്യത്തിന്റെ അത്ഭുതം എന്താണ്? ഏറ്റവും നീചനും, മോശക്കാരനുമായ കുറ്റക്കാരനുപോലും ആ ദിവ്യസ്നേഹത്തിന്റെ ആഴം മുഴുവനും അനുഭവിച്ച് തീർക്കാൻ കഴിയുകയില്ല എന്നതാണ്. തന്നെ ഒരു വിശിഷ്ടമനുഷ്യനാക്കുവാൻ ദൈവത്തിന് കഴിയും എന്ന് കാണിക്കാൻ, ''വേർതിരിച്ചു' എന്നല്ല പൗലോസ് പറയുന്നത്, ''തന്റെ പുത്രനെ എന്നിൽ വെളിപ്പെടുത്തേണ്ടതിന്'' എന്നത്രേ (ഗലാ. 1:16).

## ഫെബ്രുവരി 4

# വ്യക്തിപ്രഭാവത്തിന്റെ അധീശത

**''ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു.'' 2 കൊരിന്ത്യർ 5:14.**

ക്രിസ്തുവിന്റെ സ്നേഹം ഒരു ചവണ (കൊടിൽ) യാൽ എന്ന വണ്ണം എന്നെ കീഴ്പെടുത്തിയിരിക്കുന്നു. ദൈവസ്നേഹത്തിന്റെ പിടിയിലമരുക എന്നാലെന്താണെന്ന് നമ്മിൽ വളരെക്കുറച്ച് പേർക്കേ അറിയൂ. നാം മിക്കപ്പോഴും നമ്മുടെ അനുഭവത്താൽ മാത്രം നിയന്ത്രിക്കപ്പെടുന്നവരാണ്. മറ്റ് സർവ്വതിനെയും മാറ്റി നിർത്തിക്കൊണ്ട് പൗലോസിനെ പിടികൂടിയത് ദൈവസ്നേഹം മാത്രമായിരുന്നു. ദൈവസ്നേഹം എന്നെ നിർബന്ധിക്കുന്നു എന്ന് നിങ്ങൾ ഒരു സ്ത്രീയിൽ നിന്നോ പുരുഷനിൽ നിന്നോ കേട്ടാൽ, പിന്നെ നിങ്ങൾ സംശയിക്കേണ്ട; നിങ്ങൾക്ക് തെറ്റുപറ്റുകയില്ല. ദൈവാത്മാവിന് ആ ജീവിതത്തിൽ തടസ്സമില്ലാതെ പ്രവർത്തിക്കാം എന്ന് നിങ്ങൾ മനസ്സിലാക്കുന്നു.

നാം ദൈവാത്മാവിനാൽ വീണ്ടും ജനിച്ചാൽ, ദൈവം നമുക്കായി എന്ത് ചെയ്തിരിക്കുന്നു എന്നതിനെക്കുറിച്ചാണ് നമ്മുടെ സാക്ഷ്യം; അത് തന്നേയാണ് ശരിയും. എന്നാൽ, ദൈവാത്മാവിനാൽ നാം സ്നാനം ചെയ്യപ്പെട്ടു കഴിഞ്ഞാൽ – പരിശുദ്ധാത്മശക്തി നമ്മുടെ മേൽ വന്ന് കഴിഞ്ഞാൽ  അത് പാടേ മാഞ്ഞുപോകുകയും നിങ്ങൾ സാക്ഷികളായിരിക്ക എന്ന് യേശു പറഞ്ഞതിന്റെ അർത്ഥം എന്തെന്ന് നാം മനസ്സിലാക്കിത്തുടങ്ങുകയും ചെയ്യുന്നു. യേശുവിന് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതിന് സാക്ഷികളായിരിക്കാനല്ല ''എനിക്ക് സാക്ഷികളായിരിക്കാ''നാണ് അവൻ നമ്മോട് പറയുന്നത്. (അവന് എന്ത് ചെയ്യാൻ കഴിയും എന്നതിന് സാക്ഷികളായിരിക്കുന്നത് പ്രാഥമിക സാക്ഷ്യമത്രേ) നമുക്ക് സംഭവിക്കുന്നതെന്തും, പ്രശംസയോ കുറ്റപ്പെടുത്തലോ, പീഡനമോ എന്തു തന്നെയായാലും, അത് യേശുവിന് സംഭവിക്കുന്നതായി നാം കണക്കാക്കുക. അവന്റെ ശക്തിയുടെ പ്രഭാവത്താൽ നിർബ്ബന്ധിതരാകാത്ത ആർക്കും യേശുക്രിസ്തുവിന് വേണ്ടി ഇങ്ങനെ നിലകൊള്ളാൻ സാധിക്കുകയില്ല. പ്രധാനമായ ഒരേ ഒരു കാര്യം ഇതാണ്; എന്നാൽ ക്രിസ്തുസേവകർ എന്ന നിലയിൽ നാം ഇത് മനസ്സിലാക്കുന്നില്ല എന്നത് വിചിത്രമാണ്. താൻ എന്ത് ചെയ്യുന്നുവോ അതെല്ലാം ദൈവസ്നേഹത്താൽ പിടിക്കപ്പെട്ടിരിക്കുന്നതിനാൽ ചെയ്യുന്നു എന്നാണ് പൗലോസ് പറയുന്നത്. ആളുകൾക്ക് തന്നെ സുബോധമുള്ളവനെന്നോ ഭ്രാന്തനെന്നോ പറയാം. അത് താൻ വകവെയ്ക്കുന്നില്ല. താൻ ജീവിക്കുന്നത് ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചും ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചും ആളുകളെ പറഞ്ഞ് മനസ്സിലാക്കുവാനാണ്. ക്രിസ്തുസ്നേഹത്തിനു പൂർണ്ണമായി കീഴടങ്ങുന്നതാണ് നിങ്ങളുടെ ജീവിതത്തിൽ ഫലദായകമായ ഒരേ ഒരു കാര്യം. അത് നിങ്ങളുടെ വ്യക്തിപരമായ വിശുദ്ധിയിലേക്ക് ശ്രദ്ധതിരിക്കാതെ ദൈവിക വിശുദ്ധിയുടെയും ശക്തിയുടെയും മുദ്ര നിങ്ങളിൽ അവശേഷിപ്പിക്കും.

## ഫെബ്രുവരി 5

# സമർപ്പിക്കപ്പെടാൻ നിങ്ങൾ തയ്യാറാണോ?

**''എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടിവന്നാലും ഞാൻ സന്തോഷിക്കും.''ഫിലിപ്യർ 2:17.**

മറ്റൊരു വിശ്വാസിയുടെ ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കുവാൻ, മറ്റുള്ളവരുടെ വിശ്വാസം എന്ന യാഗത്തിനായി നിങ്ങളുടെ ജീവരക്തം അർപ്പിക്കാൻ, നിങ്ങൾക്ക് മനസ്സാണോ? അതോ, ''ഇപ്പോൾ ഞാൻ അർപ്പിതനാകാൻ പോകുന്നില്ല. ദൈവം എന്റെ വേല തെരഞ്ഞെടുക്കണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. എന്റെ ബലിയുടെ വേദി ഞാൻ തന്നെ തെരഞ്ഞെടുക്കണമെന്ന് ആഗ്രഹിക്കുന്നു. എന്നെ നോക്കി 'നന്നായി' എന്നു പറയുന്ന കുറേ ആളുകൾ ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം'', എന്നാണോ നിങ്ങൾ പറയുന്നത്?

അന്തസ്സുറ്റ വീരനായകനായി ഏകാന്തവീഥിയിലൂടെ യാത്ര ചെയ്യാം. എന്നാൽ ദൈവം അടയാളപ്പെടുത്തിയ വഴിയിൽ മറ്റുള്ളവരുടെ കാൽക്കീഴിലെ ചവിട്ടുമെത്തയായി ഉപയോഗിക്കപ്പെടുന്നത് മറ്റൊരു വഴി. താഴ്ചയിൽ ഇരിപ്പാൻ എനിക്കറിയാം എന്ന് പറയാൻ നിങ്ങളെ പഠിപ്പിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെങ്കിൽ അങ്ങനെ സമർപ്പിക്കപ്പെടാൻ നിങ്ങൾ തയ്യാറാണോ? നിങ്ങൾ ശുശ്രൂഷ ചെയ്തവരെക്കുറിച്ചോർക്കുമ്പോഴും നിങ്ങളെ ആരും ഓർമ്മിക്കാത്തവിധം നിസ്സാരനാകാൻ, ഒരു ബക്കറ്റിലെ ഒരു തുള്ളി വെള്ളത്തിന്റെയത്രപോലും അല്ലാത്തവനാകാൻ നിങ്ങൾ തയ്യാറാണോ? ചെലവാക്കാനും ചെലവഴിക്കപ്പെടാനും, തന്നെത്തന്നേ പകർന്നുനല്കി ഒന്നും അവശേഷിച്ചിട്ടില്ലാത്തവനാകാനും ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും നിങ്ങൾക്ക് മനസ്സാണോ? ചില വിശുദ്ധന്മാർക്ക് എളിയ ശുശ്രൂഷകൾ ചെയ്യാനും വിശുദ്ധന്മാരായിരിക്കുവാനും സാധിക്കുകയില്ല. അത്തരം ജോലികൾ വിശുദ്ധന്മാരുടെ അന്തസ്സിന് താഴെയാണെന്ന് അവർ വിചാരിക്കുന്നു.

## ഫെബ്രുവരി 6

# അർപ്പിക്കപ്പെടാൻ നിങ്ങൾ തയ്യാറാണോ?

**''ഞാനോ ഇപ്പോൾ തന്നേ പാനീയയാഗമായി ഒഴിക്കപ്പെടുന്നു.'' (2 തിമൊത്തിയോസ് 4:6)**

നിങ്ങൾ ഒരു പാനീയയാഗമായി ഒഴിക്കപ്പെടാൻ തയ്യാറാണോ? ഇത് നിങ്ങളുടെ ഇച്ഛയുടെ പ്രവൃത്തിയാണ്, വികാരത്തിന്റേതല്ല. ദൈവത്തിനായി യാഗം കഴിക്കപ്പെടാൻ തയ്യാറാണെന്ന് നിങ്ങൾ ദൈവത്തോട് പറയുക. പിന്നെ യാതൊരു പരാതിയും കൂടാതെ ദൈവം നിങ്ങൾക്കായി വെച്ചിരിക്കുന്നതിനെ സ്വീകരിക്കുക. മറ്റാർക്കും സഹായിക്കാൻ പറ്റാത്ത ഒരു പ്രതിസന്ധിയിലൂടെ, ദൈവം നിങ്ങളെ ഏകനായി കടത്തിവിടുന്നു. പുറമേ നിങ്ങളുടെ ജീവിതം പഴയതുപോലെ തന്നേ കാണപ്പെടും. വ്യത്യാസം സംഭവിക്കുന്നതോ നിങ്ങളുടെ ഇച്ഛാശക്തിയിലായിരിക്കും. മനസ്സോടെ ഈ പ്രതിസന്ധിയിലൂടെ കടന്ന് പോകുക. അപ്പോൾ, അത് നിങ്ങളുടെ ബാഹ്യജീവിതത്തെ ബാധിക്കുമ്പോഴും നിങ്ങളതിന് വില കണക്കാക്കുകയില്ല. ഈ രീതിയിൽ മനസ്സോടെ ദൈവവുമായി ഇടപെടുന്നില്ലെങ്കിൽ, അവസാനം നിങ്ങൾ ചെന്നെത്തുന്നത് നിങ്ങളോടുതന്നേയുള്ള പരിതാപത്തിലായിരിക്കും.

യാഗപീഠത്തിന്റെ കൊമ്പുകളോളം യാഗപശുവിനെ കയറുകൊണ്ട് കെട്ടുവിൻ (സങ്കീർത്തനം 118: 27). ബലിപീഠം എന്നാൽ തീയത്രേ – ആളിക്കത്തൽ, ശുദ്ധീകരണം, വേർതിരിക്കപ്പെടൽ എല്ലാം ഒരൊറ്റ ലക്ഷ്യത്തിനായി – ദൈവബന്ധത്തിൽ അടിസ്ഥാനമില്ലാത്ത എല്ലാ സ്നേഹബന്ധങ്ങളെയും ദൈവം തുടങ്ങാത്ത എല്ലാ വ്യക്തിബന്ധങ്ങളെയും പാടേ ഭസ്മീകരിക്കുക. ഇവ നശിപ്പിക്കുന്നത് നിങ്ങളല്ല. അത് ദൈവം ചെയ്യുന്നു. യാഗപീഠത്തിന്റെ കൊമ്പുകളിൽ നിങ്ങൾ യാഗപശുവിനെ കെട്ടുക. തീ കത്തിത്തുടങ്ങിയാൽ നിങ്ങൾ ആത്മാനുകമ്പയിൽ മുഴുകാതിരിക്കാൻ ശ്രദ്ധിക്കുക. ഈ തീയിൽക്കൂടി കടന്നു കഴിഞ്ഞാൽപിന്നെ യാതൊന്നിനും നിങ്ങളെ വിഷമിപ്പിക്കാനോ സങ്കടപ്പെടുത്താനോ സാധിക്കുകയില്ല. പിന്നെ മറ്റൊരു പ്രതിസന്ധി ഉണ്ടാകുമ്പോൾ പണ്ടത്തേതുപോലെ യാതൊന്നിനും നിങ്ങളെ സ്പർശിക്കാൻ കഴിയുകയില്ലെന്ന് മനസ്സിലാകും.

യാഗമായി അർപ്പിക്കപ്പെടാൻ തയ്യാറാണെന്ന് ദൈവത്തോട് പറയുക. ദൈവം എങ്ങനെ ആയിരിക്കുമെന്ന് നിങ്ങൾ സ്വപ്നം കണ്ടുവോ അങ്ങനെ തന്നേയാണ് താനെന്നു ദൈവം തെളിയിക്കും.

## ഫെബ്രുവരി 7

# വിഷണ്ണതയുടെ അച്ചടക്കം

**''ഞങ്ങളോ അവൻ യിസ്രയേലിനെ വീണ്ടെടുപ്പാനുള്ളവൻ എന്നു ആശിച്ചിരുന്നു; അത്രയുമല്ല ഇത് സംഭവിച്ചിട്ട് ഇന്ന് മൂന്നാം നാൾ ആകുന്നു.''**

**ലൂക്കോസ് 24:21.**

ശിഷ്യൻമാർ ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും ശരിയായിരുന്നു. എന്നാൽ ആ വസ്തുതകളിൽ നിന്ന് അവർ എത്തിച്ചേർന്ന നിഗമനം തെറ്റായിരുന്നു. ആത്മീയജീവിതം നയിക്കുന്നവർ വിഷാദത്തിന് ഇടം കൊടുക്കരുത്. ഞാൻ വിഷണ്ണനാകുകയോ ഭാരപ്പെടുകയോ ചെയ്യുകയാണെങ്കിൽ അത് എന്റെ തെറ്റാണ്. ദൈവത്തിന്റെയോ മറ്റാരുടെയെങ്കിലുമോ തെറ്റല്ല അത്. വിഷണ്ണതയ്ക്ക് രണ്ട് ഉറവിടങ്ങളാണ്. ഒന്നുകിൽ ഞാനൊരു ആഗ്രഹം സാധിച്ചിരിക്കുന്നു. അല്ലെങ്കിൽ എന്റെ ഒരാഗ്രഹം സാധിച്ചിട്ടില്ല. അത് ഉടൻ സാധിക്കണം. ഇതിലേതായാലും വിഷണ്ണത തന്നേ ഫലം. ഉത്തരം തരുന്ന ദൈവത്തെ തേടുന്നതിന് പകരം ദൈവത്തിൽ നിന്നുള്ള ഉത്തരം മാത്രമാണ് നാം പ്രതീക്ഷിക്കുന്നത്. ദൈവം എന്തു ചെയ്യുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരുന്നത്? ഇന്ന് ആ മൂന്നാം ദിവസമാണോ? ദൈവം ഒന്നും ഇതുവരെ ചെയ്തിട്ടില്ലേ? ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം തന്നേ പറ്റൂ എന്നു നാം ശഠിക്കുമ്പോൾ നാം ശരിയായ പാതയിൽ നിന്ന് തെറ്റുന്നു. പ്രാർത്ഥനയുടെ ശരിയായ ഉദ്ദേശ്യം നാം ദൈവത്തെ വിടാതെ പിടിക്കുക എന്നാണ്, ഉത്തരത്തെയല്ല പിടികൂടേണ്ടത്. ശാരീരികമായ സൗഖ്യമുള്ളപ്പോൾ വിഷണ്ണതയുണ്ടാവുക എന്നത് അസാദ്ധ്യമാണ്. ഇത് ആത്മീയമായും ശരിയാണ്. ആത്മിയ വിഷാദം തെറ്റാണ്. അതിന് നാമാണ് എപ്പോഴും കുറ്റക്കാർ.

ദൈവത്തിന്റെ ശക്തി കാണാൻ ഭൂമിയെ നടുക്കുന്ന സംഭവങ്ങളും ദർശനങ്ങളും നാം തേടുന്നു. നാം വിഷണ്ണരാണെന്ന വസ്തുത തന്നേ ഇത് ശരിയാണെന്ന് തെളിയിക്കുന്നു. ദൈവം എപ്പോഴും സാധാരണ കാര്യങ്ങളിലും നമുക്ക് ചുറ്റുമുള്ള സാധാരണ സംഭവങ്ങളിലുമുണ്ടെന്ന് നാം ഒരിക്കലും മനസ്സിലാക്കുന്നില്ല. ദൈവത്തെ അനുസരിക്കുകയും നമ്മോട് ഏറ്റവും അടുത്ത് അവൻ വെച്ചിരിക്കുന്ന ജോലി ചെയ്യുകയുമാണെങ്കിൽ നാം അവനെ കാണും. യേശുക്രിസ്തുവിന്റെ ദൈവികത ഏറ്റവും സാധാരണ കാര്യങ്ങളിൽ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കുമ്പോഴാണ് ദൈവത്തിന്റെ ഏറ്റവും അത്ഭുതകരമായ വെളിപ്പാടുകളിലൊന്ന് നമുക്ക് ലഭിക്കുക.

## ഫെബ്രുവരി 8

# വിശുദ്ധീകരിക്കപ്പെടലിന്റെ വില

**''സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവൻ ശുദ്ധീകരിക്കുമാറാകട്ടെ......'' (1 തെസ്സലൊനീക്യർ 5:23–24.)**

നമ്മെ ശുദ്ധീകരിക്കണമെന്ന് നാം ദൈവത്തോട് ആവശ്യപ്പെടുമ്പോൾ, ഈ വേദവാക്യങ്ങളിൽ വിവരിച്ചിരിക്കുന്നവിധമുള്ള ശുദ്ധീകരണം നേരിടാൻ നാം തയ്യാറാണോ? ശുദ്ധീകരണം എന്ന വാക്കിനെ നാം വളരെ ലഘുവായി കാണുന്നു. വിശുദ്ധീകരണത്തിന്റെ വില കൊടുക്കാൻ നാം ഒരുക്കമാണോ? നമ്മുടെ ലൗകിക താല്പര്യങ്ങളെ ആഴത്തിൽ പരിമിതപ്പെടുത്തുകയും ദൈവിക താല്പര്യങ്ങളെ വിശാലമായി വളർത്തുകയും ചെയ്യേണ്ടിവരും എന്നതാണ് നാം കൊടുക്കേണ്ടി വരുന്ന വില. വിശുദ്ധീകരണം എന്നാൽ ദൈവത്തിന്റെ കാഴ്ചപ്പാടിൽ തീക്ഷ്ണമായി ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് അതിനർത്ഥം. ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും സമസ്ത ശക്തി ദൈവത്തിനായി കാത്തു സൂക്ഷിക്കുക. ദൈവം നമ്മെ എന്തിനായി വേർതിരിച്ചുവോ അതെല്ലാം നമ്മിൽ ചെയ്യപ്പെടുന്നതിന് നാം ഒരുക്കമാണോ? അപ്രകാരം നമ്മിൽ ചെയ്യപ്പെടാനുള്ളതെല്ലാം ചെയ്യപ്പെട്ടു കഴിഞ്ഞാൽ യേശു ചെയ്തതുപോലെ നമ്മളെ ദൈവത്തിനായി വേർതിരിക്കാൻ നാം തയ്യാറാണോ? ''അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്ക് വേണ്ടി എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു''(Jn. 17:19). നമ്മിൽ ചിലർ വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ കടക്കാത്തതിന് കാരണം ദൈവത്തിന്റെ നിലപാടിൽ നിന്ന് വിശുദ്ധീകരണത്തിന്റെ അർത്ഥം നാം മനസ്സിലാക്കാത്തതാണ്. യേശുവിനെ നിയന്ത്രിച്ചിരുന്ന ആ പ്രകൃതം നമ്മെയും നിയന്ത്രിക്കുവോളം യേശുവുമായി ഒന്നായിത്തീരുക എന്നതാണ് വിശുദ്ധീകരണത്തിന്റെ അർത്ഥം. അതിന്റെ വില എന്താണോ അത് കൊടുക്കാൻ നാം തയ്യാറാണോ? ദൈവത്തിന്റെയല്ലാത്ത മറ്റെന്തെല്ലാം നമ്മിലുണ്ടോ അതെല്ലാമായിരിക്കും അതിന്റെ വില; അതെല്ലാം നാം വിട്ടുകളയണം.

പൗലോസിന്റെ പ്രാർത്ഥന അതേ ആഴത്തിലും വ്യാപ്തിയിലും നമ്മുടേതും ആയിരിക്കട്ടെ. കർത്താവേ, പൗലോസിനെപ്പോലെ പാപിയായ എന്നെയും മുറ്റും വിശുദ്ധീകരിക്കേണമേ എന്നു പ്രാർത്ഥിക്കുമോ? താൻ എങ്ങനെ പിതാവിലായിരിക്കുന്നുവോ അതുപോലെ നമ്മളും അവനിൽ ഒന്നായിരിക്കണം എന്ന് യേശു പ്രാർത്ഥിച്ചു (യോഹന്നാൻ 17:21 കാണുക). ഒരുവനിലെ പരിശുദ്ധാത്മസാന്നിദ്ധ്യത്തിന്റെ ഒരേയൊരു സ്വഭാവവിശേഷത അവന് യേശുക്രിസ്തുവിനോടുള്ള കുടുംബസാദൃശ്യവും യേശുവിനെപ്പോലെ അല്ലാത്ത സകലത്തിൽനിന്നുമുള്ള മോചനവുമാണ്. നമ്മിലെ പരിശുദ്ധാത്മ പ്രവർത്തനത്തിനായി സ്വയം വിട്ടുകൊടുക്കാൻ നാം തയ്യാറാണോ?

## ഫെബ്രുവരി 9

# നിങ്ങൾ ആത്മീയമായി തളർന്നിരിക്കുന്നുവോ?

**''അവൻ ക്ഷീണിക്കുന്നില്ല. തളർന്നുപോകുന്നതുമില്ല.'' (യെശയ്യാവ് 40:28).**

തളർച്ച എന്നാൽ നമ്മിലെ ജീവശക്തിയുടെ, ശോഷണമാണ്. ആത്മീയ തളർച്ച ഒരിക്കലും പാപത്താലല്ല മറിച്ച് ശുശ്രൂഷയിലൂടെയത്രേ വരുന്നത്. നിങ്ങൾ തളരുന്നോ ഇല്ലയോ എന്നത്, എവിടെ നിന്നാണ് നിങ്ങളുടെ ശക്തി വരുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. ''എന്റെ ആടുകളെ മേയിക്ക'' എന്ന് യേശു പത്രോസിനോട് പറഞ്ഞു. എന്നാൽ അവർക്ക് ഭക്ഷിപ്പാൻ കൊടുക്കത്തക്കതായി, അവൻ പത്രോസിന് യാതൊന്നും നല്കിയില്ല. നുറുക്കപ്പെട്ട അപ്പവും ചൊരിയപ്പെട്ട വീഞ്ഞും ആയിത്തീരുക എന്നാൽ, മറ്റുള്ളവർ ദൈവത്തിൽ നിന്നും പോഷണമെടുക്കാൻ പഠിക്കുംവരെ നിങ്ങൾ സ്വയം അവർക്ക് പോഷണം ആയിരിക്കണം എന്നത്രേ. നിങ്ങളുടെ അവസാന തുള്ളിവരെ അവർ വലിച്ചെടുക്കണം. എന്നാൽ നിങ്ങൾക്കാവശ്യമായത് ദൈവത്തിൽനിന്നു കിട്ടുന്നുണ്ടെന്നും ഉറപ്പാക്കുക. അല്ലെങ്കിൽ അധികം താമസിയാതെ നിങ്ങൾ പാടേ തളർന്നുപോകും. മറ്റുള്ളവർ യേശുവിന്റെ ജീവിതത്തിൽ നിന്ന് ഉന്മേഷം ഉൾക്കൊള്ളാൻ പഠിക്കുന്നതു വരെ, നിങ്ങളിലൂടെ വേണം അവർ അതെടുക്കാൻ. ദൈവത്തിൽ നിന്ന് പോഷണമെടുക്കാൻ പഠിക്കുംവരെ നിങ്ങളായിരിക്കണം അക്ഷരാർത്ഥത്തിൽ അവരുടെ സ്രോതസ്സ്. ദൈവത്തിന് വേണ്ടിയും അവന്റെ ആടുകൾക്കും, ആട്ടിൻകുട്ടികൾക്കും നാം നമുക്കാവുന്നത്ര ഏറ്റവും നല്ലത് നല്കാൻ കടപ്പെട്ടിരിക്കുന്നു.

നിങ്ങൾ ദൈവവേല ചെയ്യുന്ന രീതി നിങ്ങളെ തളർച്ചയുടെ അവസ്ഥയിൽ കൊണ്ടെത്തിച്ചിരിക്കുന്നുവോ? എങ്കിൽ നിങ്ങളുടെ ദൈവികമായ അഭിലാഷങ്ങളെയും സ്നേഹത്തെയുമെല്ലാം വീണ്ടും ജ്വലിപ്പിക്കുക. എവിടെ നിന്നാണ് നിങ്ങൾ സേവനം തുടങ്ങിയത്? നിങ്ങളുടെ തന്നേ സ്വന്തം ധാരണകളിൽ നിന്നോ അതോ യേശുക്രിസ്തുവിന്റെ രക്ഷയിൽ അധിഷ്ഠിതമായോ?

നിങ്ങളുടെ സ്നേഹബന്ധങ്ങളുടെ അടിസ്ഥാനത്തിലേക്ക് നിരന്തരം മടങ്ങിപ്പോകുകയും, നിങ്ങളുടെ ശക്തിയുടെ ഉറവിടം എവിടെയെന്ന് ഓർമ്മിക്കുകയും ചെയ്യുക. അയ്യോ, കർത്താവേ, ഞാൻ തളർന്നിരിക്കുന്നു എന്നു പറയാൻ നിങ്ങൾക്ക് അവകാശമില്ല. തളർത്താൻ വേണ്ടിയാണ് അവൻ നിങ്ങളെ രക്ഷിച്ചതും വിശുദ്ധീകരിച്ചതും. ദൈവത്തിനായി തളരുക, എന്നാൽ നിങ്ങൾക്ക് വേണ്ടത് അവനിൽ നിന്നു വരുന്നു എന്നും ഓർമ്മിക്കുക. എന്റെ ഉറവുകൾ ഒക്കെയും നിന്നിലാകുന്നു ..... (സങ്കീർത്തനം 87:7).

## ഫെബ്രുവരി 10

# ദൈവത്തെക്കുറിച്ചുള്ള നിങ്ങളുടെ ഭാവന ക്ഷയിച്ചതാണോ?

**''നിങ്ങളുടെ കണ്ണു മേലോട്ട് ഉയർത്തി നോക്കുവിൻ. ഇവയെ സൃഷ്ടിച്ചതാര്?'' (യെശയ്യാവ് 40:26).**

യെശയ്യാവിന്റെ കാലത്തെ ജനങ്ങൾ വിഗ്രഹങ്ങളുടെ മുഖത്തേക്കു നോക്കിയതുകൊണ്ട് തങ്ങളുടെ ഭാവനയെ അന്ധമാക്കിയിരുന്നു. യെശയ്യാവ് അവരുടെ കണ്ണുകൾ സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തി. അതായത് തങ്ങളുടെ ഭാവനയെ ശരിയായ രീതിയിൽ ഉപയോഗിച്ച് തുടങ്ങാൻ യെശയ്യാവ് അവരെ പഠിപ്പിച്ചു. ഒരു വിശുദ്ധനെ സംബന്ധിച്ചിടത്തോളം പ്രകൃതി വിശുദ്ധവും പരിപാവനവുമാണ്. നാം ദൈവമക്കളാണെങ്കിൽ പ്രകൃതി നിശ്ചയമായും നമുക്ക് ഒരു അക്ഷയഖനി ആയിരിക്കും. നമ്മുടെ അടഞ്ഞുപോയ ഭാവനയെ ദർശനങ്ങൾ കാണാൻ ഉപയോഗിച്ച് തുടങ്ങുമ്പോൾ, വീശുന്ന ഓരോ കാറ്റിലൂടെയും, വിടരുന്ന പൂവിലൂടെയും, വാടുന്ന ഇലയിലൂടെയും ആകാശലക്ഷണങ്ങളിലൂടെയും, ഉദയാസ്തമയങ്ങളിലൂടെയും ദൈവം നമ്മിലേക്ക് എത്തുന്നത് കാണാം.

നമ്മുടെ ഭാവനയെ തടവിലാക്കുന്നതാണ് ആത്മീയ ഏകാഗ്രത നേരിടുന്ന ഏറ്റവും വലിയ പരീക്ഷണം. നിങ്ങളുടെ ഭാവന ഏതെങ്കിലും വിഗ്രഹത്തിന്റെ മുഖത്ത് നോക്കിയിരിക്കുകയാണോ? നിങ്ങൾ തന്നേയാണോ ആ വിഗ്രഹം? നിങ്ങളുടെ ജോലിയും ജോലിയെക്കുറിച്ചുള്ള നിങ്ങളുടെ സങ്കല്പവും മറ്റുംനിമിത്തം ദൈവത്തെ കാണാനുള്ള നിങ്ങളുടെ ഭാവനാശക്തി അടഞ്ഞുപോയിരിക്കുന്നു. പ്രയാസങ്ങൾ നേരിടേണ്ടിവരുമ്പോൾ നിങ്ങൾ ശക്തിഹീനനാകുകയും, ഇരുളിൽ വസിക്കാൻ നിർബ്ബന്ധിതനാകുകയും ചെയ്യുന്നു. നിങ്ങളുടെ ഭാവനാശക്തി കെട്ടുപോയെങ്കിൽ, നിങ്ങളുടെ സ്വന്തം അനുഭവത്തിലേക്ക് മാത്രം തിരിഞ്ഞ് സമയം പാഴാക്കരുത്. ദൈവത്തെ നോക്കുക. നിങ്ങളിൽ നിന്നും നിങ്ങളുടെ വിഗ്രഹങ്ങളിൽനിന്ന് നിങ്ങളുടെ ഭാവനയെ കെടുത്തിക്കളയുന്ന സർവ്വതിൽ നിന്നും പുറത്ത് കടക്കുക. നിങ്ങളെത്തന്നേ ഉണർത്തുക, യെശയ്യാവ് നിങ്ങളെയും കൂടിയാണ് പരിഹസിച്ചത് എന്ന് തിരിച്ചറിയുക. എന്നിട്ട് നിങ്ങളുടെ ഭാവനയെ ദൈവത്തിലേക്ക് തിരിക്കുക.

പ്രാർത്ഥനയിൽ മാന്ദ്യമുണ്ടാകുന്നതിന്റെ ഒരു കാരണം മനഃപൂർവ്വം നമ്മെ ദൈവമുമ്പാകെ വെയ്ക്കുന്നതിനുള്ള ശക്തിയില്ലായ്മ, ഭാവനയില്ലായ്മ അത്രേ. വ്യക്തിപരമായ സമ്പർക്കത്തിലൂടെയല്ല മദ്ധ്യസ്ഥതയിലൂടെ നുറുക്കപ്പെട്ട അപ്പവും ചൊരിയപ്പെട്ട രക്തവുമാകാൻ നാം പഠിക്കണം. തന്നിലെ തനിക്കപ്പുറം കടന്ന് അന്നോളം താൻ അനുഭവിച്ചിട്ടില്ലാത്ത ബന്ധങ്ങളിൽ ഉറച്ച് സ്ഥാപിക്കപ്പെടാനായി ദൈവം ഒരു വിശുദ്ധന് നല്കുന്നതാണ് ദർശനശക്തി.

## ഫെബ്രുവരി 11

# ദൈവത്തിലുള്ള നിങ്ങളുടെ പ്രത്യാശ മങ്ങിയതും കെട്ടുപൊയ്ക്കൊണ്ടിരിക്കുന്നതുമാണോ?

**''സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു.'' (യെശയ്യാവ് 26:3)**

നിങ്ങളുടെ മനസ്സ് ദൈവത്തിൽ ഉറച്ചിരിക്കുന്നോ? അതോ അത് ദുർബ്ബലമാണോ? ഒരു ശുശ്രൂഷകന്റെ ജീവിതത്തിലെ തളർച്ചയുടെയും ബലഹീനതയുടെയും മുഖ്യ കാരണങ്ങളിലൊന്ന് അവഗണന സൃഷ്ടിക്കുന്ന മാനസിക ക്ഷയമാണ്. ദൈവതിരുമുമ്പാകെ ഹൃദയം സ്ഥിരപ്പെടുത്താൻ നിങ്ങളൊരിക്കലും നിങ്ങളുടെ ഭാവനയും ചിന്തയും ഉപയോഗിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ അത് ചെയ്തു തുടങ്ങുക. ദൈവം ഇങ്ങോട്ടു വരാൻ കാത്തിരിക്കുന്നതിൽ യാതൊരു പ്രയോജനവുമില്ല. വിഗ്രഹങ്ങളിൽനിന്ന് നിങ്ങളുടെ മുഖം തിരിച്ച് ദൈവത്തിലേക്ക് നോക്കി രക്ഷിക്കപ്പെടുക. (യെശ. 45:22)

ദൈവം നല്കിയിട്ടുള്ള ഏറ്റവും വലിയ ദാനം ഭാവനയാണ്. അത് പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കേണ്ടതാണ്. തടവിലായിരുന്ന സർവ്വ ചിന്തയെയും ക്രിസ്തുവിന്റെ അനുസരണയിലേക്ക് നിങ്ങൾ കൊണ്ടുവന്നുകൊണ്ടിരിക്കുകയാണെങ്കിൽ അത് നിങ്ങളുടെ വിശ്വാസത്തിനുള്ള ഏറ്റവും വലിയ മുതൽക്കൂട്ടായിരിക്കും. കാരണം, ഒരു പരീക്ഷണത്തിന്റെ സമയത്ത് നിങ്ങളുടെ വിശ്വാസവും ദൈവാത്മാവും ഒന്നിച്ച് പ്രവർത്തിക്കും. ദൈവത്തിന് യോഗ്യമായ ആശയങ്ങളെ പ്രകൃതിയിൽ സംഭവിക്കുന്ന സർവ്വതുമായി – സൂര്യോദയവും സൂര്യാസ്തമയവും, സൂര്യനും നക്ഷത്രങ്ങളും, മാറിവരുന്ന ഋതുക്കളും – ബന്ധിപ്പിക്കുവാൻ പഠിക്കുക. അപ്പോൾ നിങ്ങളുടെ ഭാവന ഒരിക്കലും നിങ്ങളുടെ നൈമിഷിക വികാരങ്ങളാൽ പിടിവിട്ടു പോകയില്ല; അത് സദാ ദൈവശുശ്രൂഷയിലായിരിക്കും.

നിങ്ങളുടെ ഓർമ്മയെ, ഭാവനയെ ഉറക്കത്തിൽ നിന്ന് കുത്തിയുണർത്തുക. ദൈവം എന്നോടിപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നില്ല എന്നു പരിതപിക്കരുത്. ദൈവം ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ആരുടേതാണെന്നും, നിങ്ങൾ ആർക്കാണ് ശുശ്രൂഷ ചെയ്യുന്നതെന്നും ഓർമ്മിക്കുക, ഓർമ്മയിലൂടെ സ്വയം പ്രോത്സാഹിപ്പിക്കുക. നിങ്ങൾക്ക് ദൈവത്തോടുള്ള സ്നേഹം പത്ത് മടങ്ങ് വർദ്ധിക്കും. പിന്നെ നിങ്ങളുടെ ഭാവന ദ്രുതവും ഉത്സാഹനിർഭരവുമാകും, അത് കെട്ടുപോകുകയില്ല.

## ഫെബ്രുവരി 12

# ഞാൻ ശ്രദ്ധിക്കേണ്ടതല്ലയോ?

**''നീ ഞങ്ങളോട് സംസാരിക്ക; ഞങ്ങൾ കേട്ടുകൊള്ളാം. ഞങ്ങൾ മരിക്കാതിരിക്കേണ്ടതിന് ദൈവം ഞങ്ങളോട് സംസാരിക്കരുതേ.'' (പുറപ്പാട് 20:19)**

നാം ബോധപൂർവ്വം ദൈവത്തോട് അനുസരണക്കേട് കാണിക്കുന്നില്ല. പക്ഷേ അവൻ പറയുന്നത് നാം ശ്രദ്ധിക്കുന്നില്ലതാനും. ദൈവം തന്ന കല്പനകൾ അവിടെയുണ്ട് എന്നാൽ നാം അവയെ ശ്രദ്ധിക്കുന്നതേയില്ല. അത് മനഃപൂർവ്വമായ അനുസരണക്കേടുകൊണ്ടല്ല. നാം ദൈവത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാത്തതു കൊണ്ടാണ്. ''നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും'' (യോഹന്നാൻ 14:15). ഇക്കാലമത്രയും നാം ദൈവത്തെ ബഹുമാനിക്കുന്നില്ലായിരുന്നു എന്ന് മനസ്സിലാക്കുമ്പോൾ, നാം അവന് ചെവികൊടുത്തില്ലല്ലോ എന്നോർത്ത് ലജ്ജയാലും അപമാനത്താലും നാം മൂടപ്പെടും.

''നീ ഞങ്ങളോട് സംസാരിക്ക ............... ദൈവം ഞങ്ങളോട് സംസാരിക്കരുതേ.'' ദൈവം പറയുന്നത് ശ്രദ്ധിക്കുന്നതിനെക്കാൾ ദൈവദാസന്മാർ പറയുന്നത് കേൾക്കാൻ ഇഷ്ടപ്പെടുന്ന നമ്മൾ ദൈവത്തെ എത്ര കുറച്ചേ സ്നേഹിക്കുന്നുള്ളൂ എന്നാണ് കാണിക്കുന്നത്. വ്യക്തിപരമായ സാക്ഷ്യങ്ങൾ കേൾക്കാൻ നമുക്കിഷ്ടമാണ്. എന്നാൽ ദൈവം തന്നേ നമ്മോട് സംസാരിക്കണമെന്ന് നാം ആഗ്രഹിക്കുന്നില്ല. ദൈവം നമ്മോട് സംസാരിക്കുന്നതിനെ നാം എന്തിനാണ് ഇത്രയധികം ഭയപ്പെടുന്നത്? ദൈവത്തെ അനുസരിക്കാതിരിക്കാൻ സാധ്യമല്ലല്ലോ എന്ന ചിന്ത നമ്മെ പേടിപ്പിച്ചേക്കാം. ദൈവദാസന്റെ ശബ്ദം മാത്രമാണ് കേൾക്കുന്നതെങ്കിൽ, അത്രയും ബാധ്യത നമുക്ക് തോന്നുകയില്ല. ''നിങ്ങൾ പറഞ്ഞത് ഒരുപക്ഷേ ദൈവത്തിന്റെ സത്യമാകാം. ഇത് നിങ്ങളുടെ തന്നേ അഭിപ്രായമാണ്'' എന്നുള്ള അയഞ്ഞ മനോഭാവമാണ് നിങ്ങൾക്ക് ദൈവദാസനോടുള്ളത്.

ദൈവം എന്നെ അവന്റെ പൈതലായി സ്വീകരിച്ചു കരുണയോടെ സംരക്ഷിക്കുമ്പോഴും, ഞാൻ അവന്റെ വാക്കുകളെ അവഗണിച്ച് അവനെ അപമാനിക്കുകയാണോ? ഒരിക്കൽ ഞാനവനെ ചെവിക്കൊണ്ട് കഴിഞ്ഞാൽ അവന്റെമേൽ ഞാൻ ചൊരിഞ്ഞ അപമാനം എത്ര ഭയങ്കരമെന്നു ഞാൻ തിരിച്ചറിയുന്നു. കർത്താവേ, ഞാനെന്തു കൊണ്ട് ഇത്ര തന്നിഷ്ടക്കാരനും മാന്ദ്യം പിടിച്ചവനുമായിപ്പോയി എന്ന ദു:ഖചിന്ത നമുക്കുണ്ടാകാം. അപ്പോൾ രക്ഷയുടെ സന്തോഷം നമ്മുടെ ഹൃദയത്തിൽ നിറയുന്നു.

## ഫെബ്രുവരി 13

# ശ്രദ്ധയോടുകൂടിയുള്ള കേൾവി

**''അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു''** (1 ശമുവേൽ 3:10)

ദൈവം പറഞ്ഞ ഒരു കാര്യം ഞാൻ വ്യക്തമായി കേട്ടു എന്നതുകൊണ്ട് ദൈവം പറയുന്നതെല്ലാം ഞാൻ കേൾക്കും എന്നില്ല. ദൈവം പറയുന്നതിനോടുള്ള എന്റെ മനസ്സിന്റെയും ബുദ്ധിയുടെയും അവഗണന ഞാൻ ദൈവത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നില്ലെന്ന് കാണിക്കുന്നു. ഞാനെന്റെ സുഹൃത്തിനെ സ്നേഹിക്കുന്നുവെങ്കിൽ അവൻ / അവൾ ആഗ്രഹിക്കുന്നത് മനസ്സുകൊണ്ട് ഞാൻ തിരിച്ചറിയും. യേശു പറയുന്നു: ''നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നേ''. സ്വയം ചോദിക്കുക:– ഈയാഴ്ച എന്റെ കർത്താവിന്റെ ഏതെങ്കിലും കല്പന ഞാൻ അനുസരിക്കാതിരുന്നിട്ടുണ്ടോ? ''അത് യേശുവിന്റെ കല്പനയാണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ ബോധപൂർവം ഞാനത് അനുസരിക്കാതിരിക്കുകയില്ലായിരുന്നു'' എന്നു നാം പറഞ്ഞേക്കാം. എന്നാൽ നമ്മളിലധികം പേരും ദൈവം പറയുന്നത് അനുസരിക്കാതെ അവനോട് ബഹുമാനമില്ലായ്മ കാണിക്കുന്നു. ''ദൈവം സംസാരിക്കാതിരുന്നെങ്കിൽ കൊള്ളാമായിരുന്നു'' എന്നുപോലും നാം ചിന്തിക്കുന്നു.

ദൈവം പറയുന്നത് ഞാൻ സദാ കേൾക്കുകയും ഞാൻ പറയുന്നത് അവൻ സദാ കേൾക്കുന്നുണ്ടെന്ന് (യോഹന്നാൻ 11:41 കാണുക) അറിയുകയും വേണം. യേശുവിനോടുള്ള ഗാഢമായ താദാത്മ്യത്തിലാണ് എന്റെ ആത്മീയ ജീവിതത്തിന്റെ നിലനില്പ്. യേശുക്രിസ്തുവുമായി ഞാൻ ഒന്നാകുകയാണെങ്കിൽ, സദാസമയത്തും ഞാൻ ബദ്ധശ്രദ്ധനായിരിക്കുകയും ദൈവം പറയുന്നത് കേൾക്കുകയും ചെയ്യുന്നു. എന്നെ ദൈവസന്ദേശം അറിയിക്കുന്നത് ഒരു ലില്ലിപുഷ്പമോ, ഒരു മതമോ, ഒരു ദൈവദാസനോ ആവാം. അത് കേൾക്കുന്നതിൽ നിന്ന് എന്നെ തടയുന്നത് ഞാൻ ചെന്നുപെടുന്ന വേണ്ടാത്ത കാര്യങ്ങളാണ്. ദൈവത്തിന് ഇഷ്ടമുള്ളത് ദൈവം പറഞ്ഞേക്കാം പക്ഷേ ഞാൻ കേൾക്കുന്നില്ല. ഒരു ബാലമനസ്സിന്റെ ഭാവം ''അരുളിച്ചെയ്യണമേ, കർത്താവേ, അടിയൻ കേൾക്കുന്നു'' എന്നാണ്. കേൾവിയിലെ ഈ അർപ്പണ മനോഭാവം ഞാൻ വളർത്തിയെടുത്തിട്ടില്ലെങ്കിൽ ചില നേരം മാത്രമേ ഞാൻ ദൈവശബ്ദം കേൾക്കുകയുള്ളൂ; ബാക്കി സമയത്ത് ഞാൻ ചെയ്തിരിക്കണം എന്ന് എനിക്ക് തോന്നുന്ന കാര്യങ്ങളിൽ ഞാൻ ഏർപ്പെട്ടിരിക്കുകയായിരിക്കും. അങ്ങനെ ദൈവശബ്ദം ഞാൻ കേൾക്കാതെയാകുന്നു. ഇതല്ല ഒരു ദൈവപൈതലിന്റെ ജീവിതം. ''ഇന്ന് ഞാൻ ദൈവശബ്ദം കേട്ടുവോ?'' നമുക്ക് നമ്മോടുതന്നേ ചോദിക്കാം.

## ഫെബ്രുവരി 14

# കേൾവിയുടെ അച്ചടക്കം

**''ഞാൻ ഇരുട്ടത്ത് നിങ്ങളോട് പറയുന്നതു വെളിച്ചത്ത് പറവിൻ; ചെവിയിൽ പറഞ്ഞ് കേൾക്കുന്നത് പുരമുകളിൽ നിന്നു ഘോഷിപ്പിൻ.'' മത്തായി 10: 27**

താൻ പറയുന്നത് നമ്മൾ ശ്രദ്ധിക്കാൻ ദൈവം ചില നേരത്ത് നമ്മെ ഇരുട്ടിന്റെ അച്ചടക്കത്തിലൂടെ കടത്തിവിടുന്നു. പാടുന്ന പക്ഷികളെ ഇരുട്ടത്ത് പാടാൻ പഠിപ്പിക്കുന്ന ദൈവം, താൻ പറയുന്നതു നാം കേൾക്കാൻ പഠിക്കുന്നതു വരെ നമ്മെ തന്റെ കൈയുടെ നിഴലിൽ നിർത്തുന്നു. ''ഇരുട്ടത്ത് ഞാൻ നിങ്ങളോട് പറയുന്നത് ...........'' – ദൈവം നിങ്ങളെ ഇരുട്ടിലാക്കുമ്പോൾ ശ്രദ്ധിക്കുക; അവിടെയായിരിക്കുമ്പോൾ നിങ്ങൾ വായ് പൂട്ടിയിരിക്കുക. നിങ്ങളുടെ പരിതഃസ്ഥിതികളിലോ ദൈവവുമായുള്ള നിങ്ങളുടെ ജീവിതത്തിലോ നിങ്ങൾ ഇപ്പോൾ 'ഇരുട്ടിലാണോ'? എങ്കിൽ മിണ്ടാതെയിരിക്കുക. ഇരുട്ടത്ത് നിങ്ങൾ വായ് തുറന്നാൽ, തെറ്റായ ഒരു മാനസിക ഭാവത്തിലായിരിക്കും നിങ്ങൾ സംസാരിക്കുക. ഇരുട്ട്, ശ്രദ്ധിക്കാനുള്ള സമയമത്രേ. അതേക്കുറിച്ച് മറ്റാരോടും സംസാരിക്കരുത്. ഈ ഇരുട്ടിന്റെ കാരണമറിയാൻ പുസ്തകങ്ങൾ വായിക്കരുത്. കേട്ട് ശ്രദ്ധിക്കുക. മറ്റുള്ള ആളുകളോട് സംസാരിച്ചുകൊണ്ടിരുന്നാൽ ദൈവം പറയുന്നതു കേൾക്കാൻ കഴിയാതെ വരും. ഇരുട്ടിലായിരിക്കുമ്പോൾ സശ്രദ്ധം കേൾക്കുക. വെളിച്ചത്ത് വരുമ്പോൾ മറ്റാർക്കെങ്കിലുമായി വിലപ്പെട്ട ഒരു സന്ദേശം ദൈവം നിങ്ങൾക്ക് തരും.

ഇരുട്ടിന്റെ ഓരോ സമയം കഴിയുമ്പോഴും ആനന്ദത്തിന്റെയും അപമാനത്തിന്റെയും ഒരു മിശ്രാനുഭവമാണ് നമുക്കുണ്ടാകുക. (ആനന്ദം മാത്രമാണെങ്കിൽ ദൈവം പറഞ്ഞത് നമ്മൾ കേൾക്കുക തന്നെയുണ്ടായോ എന്ന് സംശയിക്കാം) ''ദൈവം പറഞ്ഞത് കേട്ടതിലുള്ള ആനന്ദം എന്ന ചിന്തയായിരിക്കും മുഖ്യമായും തോന്നുക. ''ദൈവം പറയുന്നത് കേൾക്കാൻ ഞാനെത്ര വൈകി! മനസ്സിലാക്കാൻ ഞാനെത്ര സമയമെടുത്തു!'' എന്നിട്ടും ആഴ്ചകളും മാസങ്ങളുമായി ദൈവം എന്നോട് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു! ഇപ്പോൾ ദൈവം പറയുന്നത് കേൾക്കാനുള്ള ഹൃദയാർദ്രത സൃഷ്ടിക്കുന്ന കുറ്റബോധം എന്ന ദാനം അവൻ നിങ്ങൾക്ക് നല്കുന്നു.

## ഫെബ്രുവരി 15

# ഞാനെന്റെ സഹോദരന്റെ കാവൽക്കാരനോ?

**''നമ്മിൽ ആരും തനിക്കായി തന്നേ ജീവിക്കുന്നില്ല.'' റോമർ 14.7.**

ദൈവതിരുമുമ്പാകെ മറ്റുള്ളവരെക്കുറിച്ച് നിങ്ങൾക്ക് ആത്മീയ ഉത്തരവാദിത്വമുണ്ടെന്ന് എന്നെങ്കിലും നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? എന്റെ സ്വകാര്യജീവിതത്തിൽ ഞാൻ ദൈവത്തിൽ നിന്ന് വഴിമാറിപ്പോകുകയാണെങ്കിൽ എനിക്ക് ചുറ്റുമുള്ളവരും കഷ്ടതയിലാകുന്നു. ''നാം ഒരുമിച്ച് സ്വർഗ്ഗോന്നതങ്ങളിൽ ഇരിക്കുന്നു'' (എഫെസ്യർ 2:6). ''അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു'' (1 കൊരിന്ത്യർ 12:26). ഒരിക്കൽ നിങ്ങൾ ഭൗതികമായ സ്വാർത്ഥതയും, മാനസിക അലസതയും ധാർമ്മിക മാന്ദ്യവും ആത്മീയ ബലഹീനതയും നിങ്ങളിൽ കടന്നുവരാൻ അനുവദിച്ചാൽ നിങ്ങളോടൊപ്പമുള്ള ജനവും കഷ്ടതയനുഭവിക്കും. ''ഇങ്ങനെയൊരു നിലവാരം കെട്ടിപ്പൊക്കിയാൽ ആർക്കാണ് അതിനൊപ്പം നില്ക്കാൻ കഴിയുക?'' എന്ന് ചോദിച്ചേക്കാം. അതിനുത്തരം ''ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ'' (2 കൊരിന്ത്യർ 3:5) എന്നാണ്.

നിങ്ങൾ ............ എന്റെ സാക്ഷികൾ ആകും. (അപ്പൊസ്തല പ്രവൃത്തികൾ 1:8) യേശുക്രിസ്തുവിന് വേണ്ടി മാനസിക, ധാർമ്മിക, ആത്മീയ ഊർജ്ജത്തിന്റെ അവസാന അളവ് വരെയും ചെലവഴിക്കാൻ നമ്മിലെത്രപേർക്ക് മനസ്സുണ്ട്? അതാണ് സാക്ഷി എന്ന വാക്ക്കൊണ്ട് ദൈവം ഉദ്ദേശിക്കുന്നത്. അതിന് സമയമെടുക്കും. നിങ്ങൾ നിങ്ങളോട് തന്നേ ക്ഷമ കാണിക്കുക. എന്തിനായിട്ടാണ് ദൈവം നമ്മളെ ഈ ഭൂമിയിൽ വിട്ടിരിക്കുന്നത്? രക്ഷിക്കപ്പെടാനും വിശുദ്ധീകരിക്കപ്പെടാനുമോ? അല്ല, ദൈവശുശ്രൂഷയിൽ, വേല ചെയ്യാൻ. അവനായി നുറുക്കപ്പെട്ട അപ്പവും ചൊരിയപ്പെട്ട വീഞ്ഞുമാകാൻ ഞാൻ തയ്യാറാണോ? സ്ത്രീകളെയും പുരുഷന്മാരെയും കർത്താവായ യേശുക്രിസ്തുവിന് ശിഷ്യരാക്കുവാൻ ഉപയോഗിക്കപ്പെടുന്നതൊഴികെ, ഈ കാലഘട്ടത്തിനായോ ഈ ജീവിതത്തിനായോ യാതൊരു പ്രയോജനവുമില്ലാത്തവൻ / ഇല്ലാത്തവൾ ആകാൻ ഞാൻ തയ്യാറാണോ?

അവന്റെ പറഞ്ഞറിയിക്കാനാകാത്ത രക്ഷയ്ക്കായി നന്ദി പറയാനുള്ള വഴിയാണ് ഒരു ദൈവശുശ്രൂഷകൻ എന്ന നിലയിലുള്ള എന്റെ ജീവിതം. അവന് വേണ്ടി വേല ചെയ്യാൻ നാം വിസമ്മതിച്ചാൽ കൊള്ളരുതാത്ത വെള്ളിപോലെ നാം തള്ളിക്കളയപ്പെടാം. ''മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രെ ചെയ്യുന്നത്'' 1 കൊരിന്ത്യർ 9:27.

## ഫെബ്രുവരി 16

# ആത്മീയ ജീവിതത്തിനുള്ള പ്രചോദനം

**''ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്ക്ക'' എഫെസ്യർ 5:14**

എന്തിലേക്കെങ്കിലുമുള്ള ആദ്യചുവടുകളെല്ലാം ദൈവപ്രചോദിതമായിരിക്കില്ല. ''എഴുന്നേല്ക്കുക. ഉഷാറാകുക. നിങ്ങളുടെ വൈമനസ്യത്തെ കഴുത്തിന് പിടിച്ച് പുറത്തേയ്ക്ക് തള്ളി പ്രവർത്തനം തുടങ്ങുക''. ഇതാണ് നമ്മെ ആദ്യചുവടുവെയ്പിലേക്ക് തള്ളുന്ന സാധാരണ മനുഷ്യപ്രചോദനം. എന്നാൽ ഉഷാറാകുക എന്നു ദൈവാത്മാവ് പറയുമ്പോൾ അത് പ്രചോദിതമാണെന്ന് നാം മനസ്സിലാക്കുന്നു.

യൗവനകാലത്ത് നമുക്കെല്ലാം ഒരുപാട് ദർശനങ്ങളും ആദർശങ്ങളുമുണ്ട്. എന്നാൽ അവ യഥാർത്ഥമാക്കാനുള്ള ശക്തി നമുക്കില്ലെന്ന് ഇന്നല്ലെങ്കിൽ നാളെ നാം മനസ്സിലാക്കുന്നു. നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയുകയില്ല. അതുകൊണ്ട് നമ്മുടെ സ്വപ്നങ്ങളുടെയും ആദർശങ്ങളുടെയും ജീവനറ്റുപോയെന്ന് ചിന്തിക്കാനായിരിക്കും നമ്മുടെ പ്രവണത. അപ്പോൾ ''മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്ക്ക'' എന്ന് ദൈവത്തിന് പറയേണ്ടി വരും. ദൈവത്തിൽ നിന്ന് പ്രചോദനമുണ്ടാകുമ്പോൾ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് അസാദ്ധ്യകാര്യങ്ങൾ ചെയ്യാനുള്ള അത്ഭുതകരമായ ശക്തിയോടെ ആ പ്രചോദനം നമ്മിലേക്ക് വരുന്നു. ആത്മീയതയിലേക്കുള്ള ചുവട് വെപ്പിനെ സംബന്ധിച്ച ശ്രദ്ധാർഹമായ കാര്യം നാം ഉഷാറായി ഉണർന്നെഴുന്നേറ്റ ശേഷം അത് വരുന്നു എന്നത്രേ. ജയിക്കുന്ന ജീവിതമല്ല ദൈവം നമുക്ക് തരുന്നത്; നാം ജയിക്കുമ്പോൾ, അതിജീവിക്കുമ്പോൾ ദൈവം നമുക്ക് ജീവൻ തരുന്നു. ദൈവത്തിന്റെ പ്രചോദനം വരുമ്പോൾ ''മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്ക്ക'' എന്ന് അവൻ പറയുന്നു. അപ്പോൾ നമുക്ക് എഴുന്നേല്ക്കേണ്ടി വരും. ദൈവം നമ്മെ ഉയർത്തുന്നില്ല. വരണ്ട കൈയുള്ള മനുഷ്യനോട് കൈനീട്ടുക എന്ന് കർത്താവ് പറഞ്ഞു (മത്താ. 12:13). ആ മനുഷ്യൻ കൈ നീട്ടിയപ്പോൾ അയാളെ സുഖപ്പെടുത്തി. എന്നാൽ ആ മനുഷ്യന് ആദ്യചുവട് എടുക്കേണ്ടി വന്നു. അങ്ങനെ നമ്മൾ ആദ്യചുവടെടുക്കുമ്പോൾ നമ്മൾ ദൈവത്താൽ പ്രചോദിതരാണെന്ന് നാം മനസ്സിലാക്കുന്നു. കാരണം ദൈവം ഉടൻ തന്നേ നമുക്ക് ജീവൻ തരുകയാണ്.

## ഫെബ്രുവരി 17

# നിരാശയ്ക്കെതിരെയുള്ള ആദ്യചുവട്

**''എഴുന്നേറ്റ് തിന്നുക'' 1 രാജാക്കന്മാർ 19:5.**

ദൈവദൂതൻ ഏലിയാവിന് ഒരു ദർശനം നല്കുകയോ, വേദഭാഗങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്തില്ല. 'എഴുന്നേറ്റ് തിന്നുക' എന്ന ഏറ്റവും സാധാരണ കാര്യം ചെയ്യാനാണ് ദൂതൻ ഏലിയാവിനോട് പറഞ്ഞത്. നമുക്കൊരിക്കലും വിഷാദവും വിഷണ്ണതയും ഉണ്ടായിട്ടില്ലെങ്കിൽ നാം നിർജീവരായിപ്പോകുമായിരുന്നു. ജീവനില്ലാത്ത വസ്തുക്കൾക്കേ വിഷാദം തോന്നാതിരിക്കൂ. മനുഷ്യന് വിഷാദിക്കുവാനുള്ള പ്രാപ്തിയുണ്ട്. അല്ലായിരുന്നെങ്കിൽ മനുഷ്യന് സന്തോഷിക്കാനും ആനന്ദിക്കാനും കഴിയുകയില്ലായിരുന്നു. നമ്മെ വിഷണ്ണരാക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളുണ്ട്; ഉദാഹരണത്തിന് മരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. സ്വയം വിലയിരുത്തുമ്പോൾ വിഷാദിക്കുവാനുള്ള നിങ്ങളുടെ പ്രാപ്തികൂടെ കണക്കിലെടുക്കുക.

ദൈവാത്മാവ് നമ്മിലേക്ക് വരുമ്പോൾ അവൻ നമുക്ക് മഹത്തായ ദർശനങ്ങൾ തരുന്നില്ല. ഭാവന ചെയ്യാവുന്നതിൽ വെച്ച് ഏറ്റവും സാധാരണ കാര്യങ്ങൾ ചെയ്യാൻ ദൈവം നമ്മോട് പറയുന്നു. വിഷാദം, ദൈവസൃഷ്ടിയിലെ ഏറ്റവും സാധാരണ കാര്യങ്ങളിൽ നിന്ന് നമ്മെ തിരിച്ച് വിടാനുള്ള പ്രവണത കാണിക്കുന്നു. എന്നാൽ ദൈവം നമ്മിലേക്ക് വരുമ്പോൾ ഏറ്റവും സ്വാഭാവികമായ ലളിതമായ കാര്യങ്ങൾ ചെയ്യാൻ അവൻ നമ്മെ പ്രചോദിപ്പിക്കുന്നു. അവ ചെയ്യുമ്പോൾ അവൻ അവിടെയുണ്ടെന്ന് നാം അറിയുന്നു. ഇതേ രീതിയിൽ നമ്മിലേക്ക് വരുന്ന പ്രചോദനം വിഷാദത്തിനെതിരായുള്ള ആദ്യ ചുവടാണ്. നമുക്ക് അടുത്ത കാര്യം ചെയ്യേണ്ടതുണ്ട്. അത് ദൈവപ്രചോദനത്തിൽ ചെയ്യണം. വിഷാദത്തെ അതിജീവിക്കാൻ നാം സ്വയമായി ഒരു കാര്യം ചെയ്യുകയാണെങ്കിൽ, നാം ആ വിഷാദത്തിന്റെ ആഴം കൂട്ടുന്നു. എന്നാൽ അത് ചെയ്യണമെന്ന് ദൈവാത്മാവ് അന്തർജ്ഞാനത്താൽ തോന്നിച്ച് നാം അതു ചെയ്താൽ വിഷാദം ഇല്ലാതെയാകുന്നു. ഉടൻതന്നേ നാം എഴുന്നേറ്റ് അനുസരിക്കുന്നു; ജീവിതത്തിന്റെ ഒരു ഉന്നത തലത്തിലേക്ക് നാം പ്രവേശിക്കുന്നു.

## ഫെബ്രുവരി 18

# നിരാശയ്ക്കെതിരെയുള്ള ആദ്യ ചുവട്

**''എഴുന്നേല്പിൻ, നാം പോക''. മത്തായി 26:46**

ഉണർന്നിരിക്കേണ്ടിയിരുന്ന സമയത്ത് ശിഷ്യന്മാർ ഉറങ്ങി; തങ്ങൾ ചെയ്തത് എന്താണെന്ന് തിരിച്ചറിഞ്ഞപ്പോൾ, അവർക്ക് വലിയ നിരാശ തോന്നി. നമുക്ക് തിരുത്താനാവാത്ത തെറ്റുകളെക്കുറിച്ചുള്ള ബോധം നമ്മെ കൊടും നിരാശയിലാഴ്ത്തുന്നു; അപ്പോൾ എല്ലാം കഴിഞ്ഞല്ലോ; ഇനി പരിശ്രമിച്ചിട്ട് ഒരു കാര്യവുമില്ലല്ലോ എന്ന് പറയാൻ നമുക്ക് തോന്നും. ഇതൊരു അസാധാരണ അനുഭവമാണെന്ന് നമുക്ക് തോന്നുന്നുവെങ്കിൽ അത് തെറ്റാണ്. ഇത് വളരെ സാധാരണമായ ഒരനുഭവമാണ്. നമുക്ക് ലഭിച്ച ഒരു മഹത്തായ അവസരത്തിൽ ചെയ്യാമായിരുന്നത് ചെയ്തില്ല എന്ന് മനസ്സിലാകുമ്പോൾ കൊടുംനിരാശയിൽ മുങ്ങിത്താഴാനാണ് നമ്മുടെ പ്രവണത. അപ്പോൾ യേശുക്രിസ്തു വന്ന് നമ്മോട് ഇങ്ങനെ പറയുന്നു ''ഇപ്പോഴും ഉറങ്ങുകയോ? .... ആ അവസരം എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു; അതിനി നിങ്ങൾക്ക് മാറ്റാൻ കഴിയുകയില്ല.'' എന്നാൽ എഴുന്നേറ്റ് അടുത്ത കാര്യത്തിലേക്ക് കടക്കുക. കഴിഞ്ഞു പോയത് യേശുവിന്റെ മാറിൽ നിദ്രപൂകട്ടെ, എന്നിട്ട് തടഞ്ഞ് നിർത്താനാകാത്ത ഭാവിയിലേയ്ക്ക് അവനോടൊപ്പം കടക്കാം.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ഇങ്ങനെയുള്ള അനുഭവങ്ങളുണ്ട്. നമ്മുടെ ജീവിതത്തിലെ യഥാർത്ഥ സംഭവങ്ങൾ സൃഷ്ടിക്കുന്ന നിരാശയുടെ ഘട്ടങ്ങളിൽനിന്നും സ്വയം ഉയർത്താൻ നമുക്ക് കഴിയാതെ വരികയും ചെയ്യുന്നു. ഇവിടെ, ഗത്സമെന തോട്ടത്തിൽ, ക്ഷമിക്കാനാവാത്ത ഒരു കാര്യമാണ് ശിഷ്യന്മാർ ചെയ്തത്. യേശുവിനൊപ്പം ഉണർന്നിരിക്കുന്നതിന് പകരം അവർ ഉറങ്ങിപ്പോയി. എന്നാൽ യേശു അവരുടെ നിരാശയ്ക്കെതിരെയുള്ള ആദ്യ ചുവടുമായി വന്നു. എഴുന്നേറ്റ് അടുത്ത കാര്യം ചെയ്യുക. നാം ദൈവത്താൽ പ്രചോദിതരാണെങ്കിൽ എന്താണ് അടുത്ത കാര്യം? അവനെ പൂർണ്ണമായും വിശ്വസിക്കുകയും അവന്റെ രക്ഷയുടെ അടിസ്ഥാനത്തിൽ പ്രാർത്ഥിക്കുകയുമത്രേ.

ഭൂതകാലപരാജയബോധം നമ്മുടെ അടുത്ത ചുവടിനെ തോല്പിക്കാൻ ഒരിക്കലും അനുവദിക്കരുത്.

## ഫെബ്രുവരി 19

# മുറിവിനെ അതിജീവിക്കണം

**''എഴുന്നേറ്റ് പ്രകാശിക്ക'' (യെശയ്യാവ് 60:1)**

വിരസതയ്ക്കും മടുപ്പിനും കീഴ്പ്പെടരുത്; അവയെ കീഴമർത്തണം. അതു നാം തന്നേ സാധിച്ചെടുക്കേണ്ട കാര്യമാണ്. നമ്മെ സഹായിക്കാൻ ദൈവത്തിനായി കാത്തിരിക്കേണ്ടതില്ല. നാം മുൻകൈ എടുക്കുമ്പോൾതന്നേ ദൈവത്തിന്റെ സാന്നിദ്ധ്യവും സഹായവും നമുക്കു ലഭിക്കുന്നു. നാം കർത്താവിനായി എഴുന്നേറ്റു പ്രകാശിക്കുകയാണെങ്കിൽ ഏത് വിരസജോലിയും ദൈവികമായി രൂപാന്തരപ്പെടും.

നമ്മുടെ സ്വഭാവത്തിന്റെ ഏറ്റവും നല്ല ഉരകല്ലാണ് വിരസത. നാം ഇഷ്ടപ്പെടാത്തവയും താഴ്ന്ന നിലവാരത്തിലുമുള്ള പ്രവൃത്തികളാണ് നമ്മിൽ മുഷിവുണ്ടാക്കുന്നത്. തികച്ചും ഹീനമായ, നിന്ദ്യമായ വിടുവേലകൾ. അവയുമായി സമ്പർക്കത്തിൽ വരുന്നയുടൻ തന്നേ നാം ആത്മീയ സത്യസന്ധതയുള്ളവരാണോ എന്ന് നമുക്ക് മനസ്സിലാക്കാം. യോഹന്നാൻ 13–ാം അദ്ധ്യായം വായിക്കുക. മനുഷ്യാവതാരമെടുത്ത ദൈവം അവിടെ ഏറ്റവും താഴ്ന്ന നിന്ദ്യമായ ജോലി – മുക്കുവരുടെ കാല് കഴുകൽ – നടത്തുന്നത് നാം കാണുന്നു. ''കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാല് കഴുകി എങ്കിൽ നിങ്ങളും തമ്മിൽത്തമ്മിൽ കാല് കഴുകേണ്ടതാകുന്നു'' (യോഹന്നാൻ 13:14). ദൈവത്തിന്റെ വെളിച്ചം പതിയുന്ന വിരസമായ കഠിനാദ്ധ്വാനം ചെയ്യണമെങ്കിൽ ദൈവപ്രചോദനം വേണം. ചില ആളുകൾ ഒരു കാര്യം ചെയ്യുമ്പോൾ അവർ ചെയ്യുന്ന രീതി തന്നേ അതിനെ എന്നെന്നേയ്ക്കുമായി വിശുദ്ധീകരിക്കുന്നു. അതേറ്റവും സാധാരണ ഒരു കാര്യമായിരിക്കും. എന്നാൽ അവർ അത് ചെയ്യുന്നത് കാണുമ്പോൾ അത് വ്യത്യസ്തമാകുന്നു. കർത്താവ് നമ്മിലൂടെ ഒരു കാര്യം ചെയ്യുമ്പോൾ അവൻ അതിനെ രൂപാന്തരപ്പെടുത്തുന്നു. നമ്മുടെ കർത്താവ് മനുഷ്യശരീരം ധരിച്ച് അതിനെ രൂപാന്തരപ്പെടുത്തി, അങ്ങനെ ഓരോ വിശുദ്ധനും ''പരിശുദ്ധാത്മാവിന്റെ ആലയമായിത്തീർന്നിരിക്കുന്നു'' (1 കൊരി. 6:19).


## ഫെബ്രുവരി 20

# സ്വപ്ന ദർശനത്തിനെതിരേ ആദ്യചുവട്

**''എഴുന്നേല്പിൻ, നാം പോക.'' യോഹന്നാൻ 14:31**

ഒരു കാര്യം ശരിയായി ചെയ്യുന്നതിനെക്കുറിച്ച് സ്വപ്നം കാണുന്നത് ശരി തന്നേ. എന്നാൽ അത് ചെയ്യേണ്ട സമയത്ത് അതിനെക്കുറിച്ച് സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നത് തെറ്റും. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോട് ഈ വേദഭാഗത്തുള്ള വലിയ കാര്യങ്ങളെല്ലാം പറഞ്ഞശേഷം പോയി അതിനെക്കുറിച്ച് ധ്യാനിക്ക് എന്ന് പറഞ്ഞില്ല; നമ്മുടെ കർത്താവ് ഒരിക്കലും അലസമായിരുന്ന് ദിവാസ്വപ്നം കാണാൻ അനുവദിച്ചിരുന്നില്ല. ദൈവം ആഗ്രഹിക്കുന്നത് എന്താണെന്നറിയാൻ നാം ദൈവവുമായി സമ്പർക്കത്തിലിരിക്കുമ്പോൾ സ്വപ്നം കാണുന്നത് ശരിയാണ്. എന്നാൽ എന്താണ് ചേയ്യേണ്ടതെന്ന് ദൈവം നമ്മോട് പറഞ്ഞശേഷം, സ്വപ്നം കണ്ടിരിക്കുന്നത് സ്വീകാര്യമല്ല. അതിന്മേൽ ഒരിക്കലും ദൈവത്തിന്റെ അനുഗ്രഹമുണ്ടാകുകയില്ല. ദൈവം നമ്മെ എന്തിലേയ്ക്കെങ്കിലും നയിക്കുന്നത് ഇത്തരത്തിലുള്ള സ്വപ്നം കാണലിനെതിരെ ഒരു 'കുത്ത്' തരുന്ന രീതിയിലാണ്. ഈ 'കുത്ത്' ഇരിക്കുകയും നില്ക്കുകയും ചെയ്യാതെ, പ്രവർത്തനനിരതരാകുവാൻ നമ്മോട് ആജ്ഞാപിക്കുന്നു.

നാം ശാന്തമായി ദൈവത്തിനായി കാത്തിരിക്കുകയും ''നിങ്ങൾ വേറിട്ട് വരിക'' എന്ന് അവൻ നമ്മോട് പറയുകയും ചെയ്തിട്ടുണ്ടെങ്കിൽ, നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം എന്തെന്നറിയാനുള്ള ധ്യാനത്തിന്റെ സമയമാണത്. ദൈവഹിതം അറിയാനുള്ള സമയമാണ് (മർക്കൊ. 6:31). എന്നാൽ ഒരിക്കൽ ദൈവം സംസാരിച്ച് കഴിഞ്ഞാൽ പിന്നെ അലസതയിൽ സമയം കളയാതിരിപ്പാൻ, സ്വപ്നം കണ്ടിരിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾക. നിങ്ങൾ ഒരാളുമായി സ്നേഹത്തിലാണെങ്കിൽ മുഴുവൻ സമയവും കുത്തിയിരുന്ന് ആ ആളെക്കുറിച്ച് സ്വപ്നം കാണുകയില്ല, അടുത്തു ചെന്ന് ആ ആളിന് വേണ്ടി എന്തെങ്കിലും ചെയ്യുവാൻ ഉത്സാഹിക്കുന്നു. അത് തന്നേയാണ് നാം ചെയ്യണമെന്ന് യേശുക്രിസ്തു പ്രതീക്ഷിക്കുന്നത്. ദൈവം സംസാരിച്ചശേഷവും സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നത് നാം അവനെ വിശ്വസിക്കുന്നില്ല എന്നതിന്റെ സൂചനയാണ്.



## ഫെബ്രുവരി 21

# നിങ്ങൾ യഥാർത്ഥമായി അവനെ സ്നേഹിക്കുന്നുവോ?

**''അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത് '' മർക്കോസ് 14:6**

ഒരു മനുഷ്യൻ സ്നേഹത്തിൽ സ്വയം മറക്കുന്നില്ലെങ്കിൽ, അത് സ്നേഹമല്ല. ഒരാളുടെ സ്നേഹം, എല്ലായ്പ്പോഴും വിവേകത്തിലും കണക്ക് കൂട്ടലിലും, വിവേചനബുദ്ധിയിലും അധിഷ്ഠിതമായിരിക്കുകയും, എന്നാൽ അതോടൊപ്പം ആ സ്നേഹത്തിൽ തന്നെത്തന്നേ മറക്കുകയും ചെയ്യുന്നില്ലെങ്കിൽ അത് സ്നേഹമല്ല. അത് ഒരു പ്രിയം അഥവാ, ഊഷ്മളവികാരം മാത്രമാണ്, അതിൽ യഥാർത്ഥ സ്നേഹത്തിന്റെ പ്രകൃതമില്ല.

വെറും കടമ, അല്ലെങ്കിൽ പ്രയോജനകരം എന്ന പരിഗണനയ്ക്കപ്പുറമായി ദൈവത്തോടുള്ള സ്നേഹത്തിൽ സ്വയം മറന്ന് ഞാൻ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ദൈവത്തിന് വിലപ്പെട്ട പലതും അവന്റെ സന്നിധിയിലെത്തിക്കാൻ എനിക്ക് കഴിയും എന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ടോ? അതോ എനിക്ക് ചെയ്യാവുന്ന ഒരു പിടി കാര്യങ്ങൾ ചെയ്യുന്നതിന് പകരം ദൈവത്തിങ്കൽ നിന്നുള്ള രക്ഷയെക്കുറിച്ച് സ്വപ്നം കണ്ടിരിക്കുകയാണോ ഞാൻ? അവ 'വിസ്മയാവഹം' എന്ന് രേഖപ്പെടുത്തപ്പെടാവുന്ന വലിയ ദൈവിക കാര്യങ്ങളല്ല, ദൈവത്തെ ഞാൻ ഉപേക്ഷിച്ചിട്ടില്ല എന്നതിന് തെളിവാകുന്ന സാധാരണമായ, ലളിതമായ, മാനുഷികമായ കാര്യങ്ങളത്രേ. ബേഥാന്യയിലെ മറിയയ്ക്ക് യേശുവിന്റെ ഹൃദയത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞതെന്തോ അത് സൃഷ്ടിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? 'അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത് '.

എത്ര ആത്മാർത്ഥതയോടെ നാം അവനെ സ്നേഹിക്കുന്നു എന്നറിയാൻ സമർപ്പണത്തിന്റേതായ ചെറുസമ്മാനങ്ങൾ തനിക്ക് നല്കുന്നുവോ എന്ന് ദൈവം ചിലനേരം കാത്തിരിക്കുന്നു എന്ന് നമുക്ക് തോന്നാറുണ്ട്. നമ്മുടെ വ്യക്തിപരമായ വിശുദ്ധിയേക്കാൾ വിലയേറിയതാണ് നാം ദൈവതിരുമുമ്പാകെ കീഴടങ്ങുന്നത്. വ്യക്തിപരമായ വിശുദ്ധിയെക്കുറിച്ചുള്ള കരുതൽ, നമ്മുടെ കണ്ണുകളെ നമ്മിലേയ്ക്ക് തന്നേ, നമ്മുടെ നടപ്പിനെയും, സംസാരത്തെയും, രൂപത്തെയും കുറിച്ചുള്ള അതിയായ കരുതലിലേയ്ക്ക് തിരിക്കുന്നു. ഇത് നാം ദൈവത്തിന് അനിഷ്ടമുണ്ടാക്കുമോ എന്ന ഭയം കൊണ്ടാണ് .... ''തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു'' (1 യോഹ. 4:18). എന്നെക്കൊണ്ടെന്തെങ്കിലും പ്രയോജനമുണ്ടോ എന്ന ചിന്ത കളഞ്ഞ് 'ഒന്നുമില്ല' എന്ന് സ്വയം ഉറപ്പിക്കുമ്പോൾ നാം സത്യത്തോട് അടുക്കുന്നു. പ്രയോജനം ഉണ്ടോ എന്നതല്ല, ദൈവത്തിന് നാം മൂല്യമുള്ളവരോ എന്നതാണ് കാര്യം. അങ്ങനെ നാം സ്വയം ദൈവമുമ്പാകെ കീഴടങ്ങുമ്പോൾ, അവൻ പിന്നെ എപ്പോഴും നമ്മിലൂടെ പ്രവർത്തിച്ചുകൊള്ളും..

## ഫെബ്രുവരി 22

# ആത്മീയ സുസ്ഥിരത എന്ന അച്ചടക്കം

**''മിണ്ടാതിരുന്നു, ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക'' (സങ്കീർത്തനം 46: 10)**

അചഞ്ചലത എന്നത് സഹനത്തേക്കാൾ അധികമായ ഒന്നാണ്. നാം എന്തിനായി പ്രതീക്ഷിച്ചിരിക്കുന്നുവോ അത് സംഭവിക്കാൻ പോകുന്നു എന്നതിന്റെ പൂർണ്ണ ഉറപ്പ് സഹനത്തോട് ഒന്നുചേരുന്നതാണ് സ്ഥിരത. പിടിവിട്ട് വീഴും എന്ന ഭയത്തെ തുറന്ന് കാണിക്കുന്ന കടിച്ചുതൂങ്ങലിനെക്കാൾ അർത്ഥമുള്ളതാണ് സ്ഥിരത. തന്റെ നേതാവായ വീരപുരുഷൻ തോല്പിക്കപ്പെടും എന്ന് വിശ്വസിക്കാൻ വിസമ്മതിക്കുന്ന മനുഷ്യന്റെ പരമമായ പരിശ്രമമാണത്. 'ഞാൻ നശിച്ചുപോകു'മെന്നതല്ല ഒരു ശിഷ്യന്റെ ഏറ്റവും വലിയ ഭയം. ക്രിസ്തു തോല്പ്പിക്കപ്പെടുമെന്നും ജനങ്ങൾക്കിടയിലെ സ്നേഹം, നീതി, ക്ഷമ, ദയ എന്നിങ്ങനെ എന്തിന് വേണ്ടിയെല്ലാം അവൻ നിലകൊണ്ടുവോ അതെല്ലാം നമുക്ക് അപ്രാപ്യമായ ലക്ഷ്യങ്ങളാണെന്നും അവ ജയിക്കുകയില്ലെന്നുമുള്ള ഭയം – ഇതാണ് ഏറ്റവും വലിയ ഭയം. അവിടെ അപ്പോഴാണ് ആത്മീയ സുസ്ഥിരതയ്ക്കുള്ള വിളി. ഒന്നും ചെയ്യാതെ പിടിച്ച് തൂങ്ങി നില്ക്കാനല്ല; ദൈവം ഒരിക്കലും തോല്പിക്കപ്പെടുകയില്ല എന്ന ഉറപ്പോടെ, ആലോചനാപൂർവ്വം പ്രവർത്തിക്കാൻ നാം വിളിക്കപ്പെടുന്നു.

ഇപ്പോൾ നമ്മുടെ പ്രതീക്ഷകൾ നിരാശകളായിത്തീരുന്നുവെങ്കിൽ, അതിനർത്ഥം അവ ശുദ്ധീകരിക്കപ്പെടുന്നു എന്നാണ്. മനുഷ്യമനസ്സ് പ്രതീക്ഷിക്കുകയോ സ്വപ്നം കാണുകയോ ചെയ്യുന്ന ശ്രേഷ്ഠമായ യാതൊന്നും പൂർത്തീകരിക്കപ്പെടാതിരുന്നിട്ടില്ല. മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ പ്രയാസങ്ങളിലൊന്ന് ദൈവത്തിനായുള്ള കാത്തിരിപ്പാണ്; ദൈവം പൂർത്തീകരിക്കുന്നു. ''സഹിഷ്ണതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന് ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്ത് ഞാനും നിന്നെ കാക്കും'' (വെളിപാട് 3:10).

ആത്മീയമായി ഉറച്ച് നില്ക്കുക. ആത്മീയ സുസ്ഥിരതയിൽ എന്നും നിലനില്ക്കുക.

## ഫെബ്രുവരി 23

# ശുശ്രൂഷ ചെയ്യാൻ ദൃഢനിശ്ചയം ചെയ്തവർ

**'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നേ എന്നു പറഞ്ഞു'. മത്തായി 20 : 28.**

'ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു' (ലൂക്കോസ് 22 : 27) എന്ന് പറഞ്ഞ നമ്മുടെ കർത്താവിന്റെ അതേ ആശയമായിരുന്നു വിശുദ്ധ പൗലോസിനും ശുശ്രൂഷയെക്കുറിച്ചുണ്ടായിരുന്നത്. യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ (2 കൊരിന്ത്യർ 4:5) എന്നായിരുന്നു പൗലോസ് പറഞ്ഞത്. ശുശ്രൂഷയ്ക്ക് വിളിക്കപ്പെടുന്ന ഒരു മനുഷ്യൻ മറ്റുള്ളവരിൽ നിന്ന് ഏതോ തരത്തിൽ വ്യത്യസ്തനാണെന്ന ഒരു വിചാരം നമുക്കുണ്ട്. എന്നാൽ യേശുക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരാൾ മറ്റു മനുഷ്യർക്ക് ചവിട്ടുമെത്തയാകാൻ, അവരുടെ ആത്മീയ നേതാവാകാൻ, (അവരുടെ മേധാവി ആകാനല്ല) വിളിക്കപ്പെട്ടിരിക്കുന്നു. ''താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കറിയാം'' (ഫിലിപ്പിയർ 4:12). തന്റെ ജീവിതത്തിന്റെ അവസാനതുള്ളിവരെ മറ്റുള്ളവർക്കായി കോരിച്ചൊരിയുക എന്നതായിരുന്നു പൗലോസിന് ശുശ്രൂഷയെക്കുറിച്ചുള്ള ആശയം. അതിന് നാം അവനെ പ്രശംസിച്ചാലും കുറ്റപ്പെടുത്തിയാലും എല്ലാം അവന് ഒന്ന് തന്നേ. കർത്താവായ യേശുവിനെ അറിയാതെ ഒരൊറ്റ മനുഷ്യനെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ, അയാൾ അവനെ അറിയുംവരെയും താൻ യേശുവിന് കടക്കാരൻ എന്നായിരുന്നു പൗലോസിന്റെ വിചാരം. പൗലോസിന്റെ ശുശ്രൂഷയുടെ പ്രധാന ഉറവിടം യേശുക്രിസ്തുവിനോടുള്ള സ്നേഹമായിരുന്നു, മനുഷ്യരോടുള്ള സ്നേഹമായിരുന്നില്ല. മനുഷ്യരാശിയുടെ ശുശ്രൂഷയ്ക്കാണ് നാം സ്വയം സമർപ്പിക്കുന്നതെങ്കിൽ അധികം താമസിയാതെ നാം മനസ്സ് തകർന്നവരാകും; കാരണം മനുഷ്യരിൽ നിന്ന് നമുക്ക് കടുത്ത നന്ദികേട് നേരിടേണ്ടിവരും. എന്നാൽ ദൈവത്തോടുള്ള സ്നേഹമാണ് നമ്മുടെ പ്രേരണയെങ്കിൽ, നമ്മുടെ സഹജീവികൾക്ക് ശുശ്രൂഷ ചെയ്യുന്നതിൽ നിന്ന് ഒരു നന്ദികേടിനും നമ്മെ തടയാൻ കഴിയുകയില്ല.

മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യാനുള്ള പൗലോസിന്റെ നിശ്ചയദാർഢ്യത്തിന്റെ രഹസ്യം, യേശു തന്നോട് എങ്ങനെ ഇടപെട്ടു എന്നതിനെക്കുറിച്ചുള്ള പൗലോസിന്റെ തിരിച്ചറിവാണ്. ''മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനും ആയിരുന്നു'' (1 തിമൊ. 1:13). മറ്റൊരു തരത്തിൽ പറഞ്ഞാൽ, പൗലോസിനോട് മറ്റുള്ളവർ എത്രകണ്ട് മോശമായി പെരുമാറിയിട്ടുണ്ടെങ്കിലും ശരി, പൗലോസ് യേശുക്രിസ്തുവിനോട് പെരുമാറിയപ്പോൾ കാണിച്ച തോതിലുള്ള വെറുപ്പും വിദ്വേഷവും അവർ പൗലോസിനോട് കാണിച്ചിട്ടില്ല. നമ്മുടെ അല്പത്വത്തിന്റെയും സ്വാർത്ഥതയുടെയും പാപത്തിന്റെയും ആഴത്തോളം യേശു നമുക്ക് ശുശ്രൂഷ ചെയ്തിരിക്കുന്നു എന്ന് മനസ്സിലാക്കിക്കഴിഞ്ഞാൽ, മറ്റുള്ളവരിൽ നിന്ന് നാം നേരിടുന്നതൊന്നും, യേശുവിനായി മനുഷ്യരെ ശുശ്രൂഷിക്കുന്നതിൽനിന്നുള്ള നമ്മുടെ നിശ്ചയദാർഢ്യത്തെ ഭഞ്ജിക്കുകയില്ല.

## ഫെബ്രുവരി 24

# ത്യാഗത്തിന്റെ ആനന്ദം

**''ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായ്പ്പോകുകയും ചെയ്യും.'' 2 കൊരിന്ത്യർ 12:15.**

''ദൈവത്തിന്റെ സ്നേഹം നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നുകഴിഞ്ഞാൽ'' (റോമർ 5:5). യേശുക്രിസ്തുവിന് മറ്റ് ആള്ളുകള്ളുടെ ജീവിതത്തിലുള്ള താല്പര്യങ്ങളും ഉദ്ദേശ്യങ്ങളുമായി നാം ബോധപൂർവ്വം താദാത്മ്യം പ്രാപിക്കുന്നു. യേശുവിനാകട്ടെ ഓരോ വ്യക്തിയിലും താല്പര്യമുണ്ട്. ക്രിസ്തീയ ശുശ്രൂഷയിൽ സ്വന്തം താല്പര്യങ്ങളാലും അഭിലാഷങ്ങളാലും നയിക്കപ്പെടാൻ നമുക്ക് ഒരവകാശവും ഇല്ല. യേശുക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തിലെ ഏറ്റവും വലിയ പരീക്ഷകളിലൊന്നാണിത്. ത്യാഗത്തിന്റെ ആനന്ദം എന്റെ സ്നേഹിതനായ യേശുവിന് വേണ്ടി, എന്റെ ജീവിതം, എറിഞ്ഞ് കളയുന്നതിലല്ല, നല്കുന്നതിലാണ് (യോഹന്നാൻ 15:13 കാണുക). എന്റെ ജീവിതത്തെ എറിഞ്ഞുകളയുകയല്ല, യേശുവിനായും, അവന് മറ്റുള്ളവരുടെ ജീവിതത്തിലുള്ള താല്പര്യങ്ങൾക്കായും എന്റെ ജീവൻ നല്കുകയാണ് വേണ്ടത്. സ്വന്തമായ ഒരു കാര്യത്തിനും ഉദ്ദേശ്യത്തിനും വേണ്ടിയല്ല ഇങ്ങനെ ചെയ്യുന്നത്. ഒരൊറ്റ കാര്യത്തിന് വേണ്ടി മാത്രമാണ് പൗലോസ് തന്റെ ജീവിതം ചെലവഴിച്ചത് – ആളുകളെ കർത്താവായ യേശുവിനായി നേടുക. അവൻ ഒരിക്കലും തന്നിലേയ്ക്ക് ആളുകളെ നയിച്ചില്ല; അവൻ അവരെ സദാ യേശുവിലേക്ക് നയിച്ചു, ''ഏത് വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന് ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു''(1 കൊരിന്ത്യർ 9:22).

ഒരു വിശുദ്ധജീവിതം നയിക്കാൻ ദൈവവുമായി താൻ തനിച്ചാകണം എന്നൊരു മനുഷ്യൻ പറഞ്ഞാൽ, പിന്നെ അയാളെക്കൊണ്ട് സഹജീവികൾക്ക് യാതൊരു പ്രയോജനവുമില്ല. അത് സമൂഹത്തിൽ നിന്ന് സ്വയം ഒറ്റപ്പെടുത്തി തന്നെത്തന്നേ ഒരുയർന്ന പീഠത്തിൽ പ്രതിഷ്ഠിക്കുന്നതുപോലെയാണ്. പൗലോസ് സ്വയത്യാഗിയായ ഒരു പുണ്യപുരുഷനായിത്തീർന്നു. എവിടെയും എപ്പോഴും യേശുക്രിസ്തു അവന്റെ ജീവിതത്തിനു തുണയായി നിന്നു. നമ്മിലധികം പേരും നമ്മുടെ സ്വന്തലക്ഷ്യങ്ങൾക്ക് പിന്നാലെയാണ്, അതുകൊണ്ട് യേശുക്രിസ്തുവിന് നമ്മെ സഹായിക്കാൻ കഴിയുന്നില്ല. നാം പൂർണ്ണമായും യേശുവിന് സമർപ്പിതരാണെങ്കിൽ, നമുക്ക് നമ്മുടേതായ ലക്ഷ്യങ്ങൾക്കായൊന്നും ചെയ്യാൻ ഉണ്ടാകുകയില്ല. യാതൊരു വിഷമവും അനുഭവപ്പെടാതെ എങ്ങനെ ഒരു ചവിട്ട്മെത്തയായിരിക്കാൻ കഴിയുമെന്ന് പൗലോസിനറിയാമായിരുന്നു. കാരണം പൗലോസിന്റെ ജീവിതത്തിലെ മുഖ്യ ഉറവിടം യേശുവിനോടുള്ള സമർപ്പണമായിരുന്നു. യേശുവിനോടല്ല നമ്മെ ആത്മീയമായി മോചിപ്പിക്കുന്ന കാര്യങ്ങളോട് സമർപ്പിതരാകാനാണ് നമ്മുടെ ചായ്‌വ്. എന്നാൽ പൗലോസിന്റെ പ്രേരണ, ആ മോചനം ആയിരുന്നില്ല. ''ജഡപ്രകാരം എന്റെ ചാർച്ചക്കാരായ എന്റെ സഹോദരങ്ങൾക്ക് വേണ്ടി ഞാൻ തന്നേ ക്രിസ്തുവിനോട് വേറുവിട്ടു ശാപഗ്രസ്തനാവാൻ ഞാൻ ആഗ്രഹിക്കാമായിരുന്നു'' (റോമർ 9:3). പൗലോസിന് ഇവിടെ യുക്തിയും ബോധവുമെല്ലാം നഷ്ടപ്പെട്ടിരുന്നോ? ഇല്ല; സ്നേഹബദ്ധനായ ഒരാൾ ഈ രീതിയിൽ സംസാരിക്കുന്നത് അതിശയോക്തിയല്ല; പൗലോസ് കർത്താവായ യേശുവുമായി സ്നേഹത്തിലായിരുന്നു.

## ഫെബ്രുവരി 25

# ശുശ്രൂഷയിൽ ദരിദ്രമാക്കപ്പെടുക

**''ഞാൻ നിങ്ങളെ അധികമായി സ്നേഹിക്കുന്നു; നിങ്ങൾ എന്നെ അല്പമായി സ്നേഹിക്കുന്നുവോ'' 2 കൊരിന്ത്യർ 12:15.(KJV).**

സാധാരണ മനുഷ്യസ്നേഹം എന്തെങ്കിലും തിരിച്ചുകിട്ടണമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ പൗലോസ് പറയുന്നതോ: നിങ്ങൾ എന്നെ സ്നേഹിക്കുന്നോ ഇല്ലയോ എന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കുന്നില്ല. എന്നെ പൂർണ്ണമായും ദരിദ്രമാക്കാൻ ഞാൻ തയ്യാറാണ്; അത് വെറുതെ നിങ്ങൾക്കായല്ല, നിങ്ങളെ ദൈവത്തിങ്കലേയ്ക്ക് കൊണ്ടുവരാനത്രേ. ''നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ'' (2 കൊരിന്ത്യർ 8:9). ശുശ്രൂഷയെക്കുറിച്ചുള്ള പൗലോസിന്റെ ചിന്താഗതി ഇതുതന്നേ ആയിരുന്നു. താൻചെയ്യുന്നതിന് നല്കേണ്ടിവരുന്ന വിലയെക്കുറിച്ച് പൗലോസ് ഗൗനിച്ചതേയില്ല. അങ്ങനെ ശുശ്രൂഷ ചെയ്യുന്നതിലായിരുന്നു പൗലോസിന്റെ സന്തോഷം.

ഒരു ദൈവദാസനെക്കുറിച്ച് സ്ഥാപിതസഭയ്ക്കുള്ള നിലപാടല്ല, യേശുക്രിസ്തുവിന് അയാളെക്കുറിച്ചുള്ളത്. മറ്റുള്ളവർക്ക് ദാസനായിരുന്നുകൊണ്ട് നാം അവന് ശുശ്രൂഷ ചെയ്യേണം എന്നതായിരുന്നു യേശുവിന്റെ ആശയം. യേശുക്രിസ്തു സോഷ്യലിസ്റ്റുകളെ മറികടന്നു. തന്റെ രാജ്യത്ത് ഏറ്റവും വലിയവൻ എല്ലാവർക്കും ദാസനായിരിക്കും എന്ന് യേശു പറഞ്ഞു. (മത്തായി 23:11 കാണുക). ഒരു വിശുദ്ധനുള്ള ഏറ്റവും വലിയ പരീക്ഷ ശിഷ്യരുടെ കാല് കഴുകുക എന്നതാണ്. അതായത് ആളുകൾ വിലമതിക്കാത്ത, എന്നാൽ ദൈവം വിലമതിക്കുന്ന കാര്യങ്ങൾ ചെയ്യുക. മറ്റാളുകളിൽ ദൈവത്തിനുള്ള താൽപര്യത്തിനായി തന്നെത്തന്നേ ചെലവഴിക്കുന്നതിൽ പൗലോസ് ആനന്ദം കണ്ടു. അതിന് കൊടുക്കേണ്ടിവരുന്ന വിലയെക്കുറിച്ച് വ്യാകുലപ്പെട്ടതുമില്ല. നാം നമ്മുടെ ഭൗതികതാല്പര്യങ്ങളെ മുന്നോട്ടു കൊണ്ടുവരുന്നു: ഞാനവിടെ പോകണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ, എന്തായിരിക്കും എനിക്ക് അവിടെയുള്ള ശമ്പളം? അവിടുത്തെ കാലാവസ്ഥ? എങ്ങനെയായിരിക്കും എന്റെ സംരക്ഷണം? ഈ ചോദ്യങ്ങൾ ചോദിക്കുന്നത് നാം പരിമിതികളോടെ, നിയന്ത്രണങ്ങളോടെ ദൈവത്തെ സ്നേഹിക്കുന്നു എന്നതിനാലാണ്. അപ്പൊസ്തലനായ പൗലോസിന് ഇതൊന്നുമുണ്ടായിരുന്നില്ല. ഒരു പുതിയനിയമ വിശുദ്ധന്റെ ജീവിതത്തെക്കുറിച്ചുള്ള യേശുവിന്റെ ആശയത്തിലാണ് പൗലോസ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് – വെറുതെ സുവിശേഷം പറയുന്നവന്റെയല്ല, മറ്റുള്ളവർക്കായി, കർത്താവായ യേശുക്രിസ്തുവിന്റെ കൈയിലെ നുറുക്കപ്പെട്ട അപ്പവും, ചൊരിയപ്പെട്ട വീഞ്ഞുമായിത്തീരുന്നവരുടെ ജീവിതമായിരുന്നു പൗലോസിന്റെ ശ്രദ്ധാകേന്ദ്രം.

## ഫെബ്രുവരി 26

# യേശുക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റുധാരണകൾ

**''യജമാനനേ, നിനക്കു കോരുവാൻ പാത്രം ഇല്ലല്ലോ;'' യോഹന്നാൻ 4:11.**

ദൈവത്തിന്റെ അത്ഭുതകരമായ വചനങ്ങൾ എന്നിൽ മതിപ്പുളവാക്കിയിരിക്കുന്നു, എന്നാൽ എന്റെ ജീവിതത്തിന്റെ വിശദാംശങ്ങളിൽ അതനുസരിച്ച് ഞാൻ ജീവിക്കുമെന്ന് പ്രതീക്ഷിക്കരുത്. ഇതാണു നമ്മുടെ മനോഭാവം. ക്രിസ്തുവിന്റെ മേന്മകളെ അഭിമുഖീകരിക്കുമ്പോൾ ഭക്തിപൂർവ്വമായ ഒരു 'ഞാൻകേമൻ' ഭാവമാണ് നമുക്ക്: നിന്റെ ആശയങ്ങൾ ഉന്നതം; അവ ഞങ്ങളിൽ മതിപ്പുളവാക്കുന്നു, എന്നാൽ വാസ്തവികതയുമായി സമ്പർക്കത്തിൽ വരുമ്പോൾ അവ പ്രായോഗികമല്ല. നമ്മുടെ ജീവിതത്തിന്റെ ഏതെങ്കിലുമൊരു മേഖലയിൽ യേശുവിനെക്കുറിച്ച് നാം ഇങ്ങനെ ചിന്തിക്കുന്നു. ദൈവവുമായുള്ള നമ്മുടെ ഇടപെടലുകളെക്കുറിച്ച് നാം സംസാരിക്കുമ്പോൾ മറ്റുള്ളവർ നമ്മോടു ചോദിക്കുന്ന രസികൻ ചോദ്യങ്ങളിൽ നിന്നാണ് ഈ ശങ്കകൾ ഉയരുന്നത്. എവിടെ നിന്നാണ് നിങ്ങൾക്ക് പണം കിട്ടുക? എങ്ങനെയാണ് നിങ്ങളുടെ കാര്യങ്ങൾ നടക്കുക? അല്ലെങ്കിൽ നമ്മുടെ കാര്യം യേശുവിനിത്തിരി ബുദ്ധിമുട്ടുള്ളതാണ് എന്ന് നാം യേശുവിനോട് പറയുമ്പോൾ ഈ ചോദ്യങ്ങൾ നമ്മിൽ നിന്ന് തന്നേയാകും തുടങ്ങുക. കർത്താവിൽ വിശ്വസിക്കുക എന്ന് പറയാൻ വളരെ എളുപ്പമാണ്. എന്നാൽ ഒരു മനുഷ്യന് ജീവിക്കണം, യേശുവിന്റെ കൈയിൽ കോരാൻ പാത്രമില്ല, നമുക്കു വേണ്ടതൊന്നും തരാൻ മാർഗ്ഗമില്ല. എനിക്ക് യേശുവിനെക്കുറിച്ച് ശങ്കകളൊന്നുമില്ല, ശങ്കകൾ എന്നെക്കുറിച്ചാണ് എന്നു പറയുന്ന നിങ്ങളിലെ കപടഭക്തനെ സൂക്ഷിക്കുക. നമുക്കാർക്കും നമ്മെക്കുറിച്ച് ശങ്കകളില്ല. നമുക്ക് ചെയ്യാൻ കഴിയാത്തതെന്തെന്ന് നമുക്ക് നന്നായി അറിയാം; നമുക്ക് യേശുവിനെക്കുറിച്ച് തീർച്ചയായും ശങ്കകളുണ്ട്. നമുക്ക് ചെയ്യാൻ കഴിയാത്തത് യേശുവിനും ചെയ്യാൻ കഴിയുന്നില്ല എന്ന ശങ്കയാണ് നമ്മെ സങ്കടപ്പെടുത്തുന്നത്.

യേശുവിന് എങ്ങനെയാണ് ഇതെല്ലാം ചെയ്യാൻ കഴിയുന്നത് എന്ന് ഞാൻ എന്നിൽത്തന്നേ നടത്തുന്ന അന്വേഷണത്തിൽ നിന്നാണ് എന്റെ ശങ്കകളുയരുന്നത്. എന്റെ കുറവുകളെക്കുറിച്ചുള്ള ബോധത്തിന്റെ അഗാധത്തിൽ നിന്നാണ് എന്റെ ചോദ്യങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്. എന്നിലെ ഈ തെറ്റുധാരണകളെ ഞാൻ കണ്ടുപിടിക്കുകയാണെങ്കിൽ അവ വെളിച്ചത്ത് കൊണ്ടുവന്ന് ഞാനേറ്റ് പറയട്ടെ: 'കർത്താവേ, എനിക്ക് നിന്നെക്കുറിച്ച് സംശയങ്ങളുണ്ടായിട്ടുണ്ട്. എന്റെ കഴിവുകളെയല്ലാതെ നിന്റെ കഴിവുകളെ ഞാൻ വിശ്വസിച്ചിട്ടില്ല. എന്റെ പരിമിതമായ ധാരണയ്ക്കപ്പുറം നിന്റെ മഹാശക്തിയിൽ ഞാൻ വിശ്വസിച്ചിട്ടില്ല.'

## ഫെബ്രുവരി 27

# യേശുക്രിസ്തുവിന്റെ ശുശ്രൂഷ ദരിദ്രമാക്കപ്പെടുമ്പോൾ

**''പിന്നെ ജീവനുള്ള വെള്ളം നിനക്ക് എവിടെനിന്ന്?'' യോഹന്നാൻ 4:11.**

'കിണറ് ആഴമുള്ളതാകുന്നു' – ശമര്യാക്കാരി സ്ത്രീ മനസ്സിലാക്കിയതിലും എത്രയോ അധികം ആഴം! (യോഹ. 4:11). മനുഷ്യപ്രകൃതത്തിലും മനുഷ്യജീവിതത്തിലുമുമള്ള ആഴങ്ങളെക്കുറിച്ച്, നമ്മിലുള്ള കിണറുകളുടെ ആഴങ്ങളെക്കുറിച്ച് ചിന്തിക്കുക. തനിക്ക് യാതൊന്നും ചെയ്യാൻ കഴിയാത്തവിധം യേശുവിന്റെ ശുശ്രൂഷയെ നിങ്ങൾ ദരിദ്രമാക്കിക്കൊണ്ടിരിക്കുകയാണോ? ആഴം അളക്കാനാകാത്ത വിഷമങ്ങളുടെ ഒരു കിണർ നിങ്ങളുടെ ഹൃദയത്തിലുണ്ടെന്ന് വിചാരിക്കുക. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് (യോഹ. 14:1) എന്ന് യേശു വന്ന് നിങ്ങളോട് പറഞ്ഞാൽ തോളുകൾ വളച്ചൊതുക്കി നിങ്ങൾ പറയും ''പക്ഷേ'' കർത്താവേ കിണർ ആഴമുള്ളതാകുന്നു, അതിൽ നിന്ന് നിനക്ക് ശാന്തതയും സുഖവും കോരിയെടുക്കാൻ കഴിയുകയില്ല. ഇല്ല, അത് ശരി തന്നേ. മനുഷ്യപ്രകൃതത്തിന്റെ കിണറുകളിൽ നിന്ന് യേശു ഒന്നും കോരിയെടുക്കുന്നില്ല. അവൻ എല്ലാം മുകളിൽ നിന്ന് കൊണ്ടുവരുന്നു. ഇക്കാര്യം ദൈവം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല എന്ന് പറഞ്ഞും, ഭൂതകാലത്ത് നമുക്കായി എന്ത് ചെയ്യാൻ നാം അവനെ അനുവദിച്ചുവെന്ന് ഓർമ്മിച്ചും, യിസ്രായേലിന്റെ പരിശുദ്ധനെ നാം പരിമിതപ്പെടുത്തുന്നു. യേശുവിന്റെ ശിഷ്യരായ നാം വിശ്വസിക്കേണ്ടത്, അവന്റെ സർവ്വശക്തിയുടെ പരിധിയോളം എത്തുന്ന കാര്യങ്ങൾ ഏതോ, അത് തന്നേ അവൻ ചെയ്യും എന്നതാണ്. അവൻ സർവ്വശക്തനാണെന്ന് മറക്കുന്ന ആ നിമിഷം നാം അവന്റെ ശുശ്രൂഷയെ ദരിദ്രമാക്കുകയും ദുർബലപ്പെടുത്തുകയും ചെയ്യുന്നു. ആ ദരിദ്രമാക്കപ്പെടൽ അവനിലല്ല, നമ്മളിലാണ്. നമുക്ക് ആശ്വാസദായകനാകാൻ, നമ്മോട് ആർദ്രത കാണിക്കാൻ നാം യേശുവിന്റെ അടുത്ത് ചെല്ലും, എന്നാൽ സർവശക്തനായ ദൈവം എന്ന നിലയിൽ അവനെ സമീപിക്കുന്നതിൽ നിന്ന് നാം പിൻവാങ്ങുകയും ചെയ്യുന്നു.

നമ്മിൽ ചിലർ ക്രിസ്തീയതയുടെ ഏറ്റവും മോശമായ ഉദാഹരണങ്ങളായിരിക്കുന്നതിന് കാരണം, ക്രിസ്തു സർവശക്തനാണെന്നത് നാം തിരിച്ചറിഞ്ഞിട്ടില്ല എന്നതാണ്. നമുക്ക് ക്രിസ്തീയ ഗുണങ്ങളും അനുഭവങ്ങളും ഉണ്ട്. എന്നാൽ നാം കർത്താവായ യേശുക്രിസ്തുവിന്റെ മുമ്പിൽ നമ്മെ സമർപ്പിച്ചിട്ടില്ല. നാം പ്രയാസങ്ങൾ നിറഞ്ഞ പരിതഃസ്ഥിതികളിൽ ചെന്നുപെടുമ്പോൾ ദൈവത്തിന് യാതൊന്നും ചെയ്യാൻ കഴിയുകയില്ല എന്ന് പറഞ്ഞ് അവന്റെ ശുശ്രൂഷയെ നാം ക്ഷയിപ്പിക്കുന്നു. സ്വയം വെള്ളം കോരാൻ ആഴങ്ങളിലേയ്ക്കിറങ്ങാൻ നാം പാടുപെടുന്നു. ഇത് ചെയ്യാൻ ദൈവത്തിന് കഴിയുകയില്ല എന്ന് പറഞ്ഞ് കൈയും കെട്ടി ഇരിക്കുന്നത് സൂക്ഷിക്കുക. യേശുവിലേക്ക് നിങ്ങൾ നോക്കിയാൽ ഇത് സാദ്ധ്യമാകും. നിങ്ങളുടെ അപൂർണ്ണതയുടെ കിണർ ആഴമുള്ളതാണ്. എന്നാൽ അവനിലേയ്ക്ക് നോക്കിക്കൊണ്ട് പരിശ്രമം നടത്തുക.

## ഫെബ്രുവരി 28

# ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ?

**''ഇതിനാൽ നീ ദൈവത്തിന്റെ അടുക്കൽ നിന്നും വന്നിരിക്കുന്നു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു എന്ന് പറഞ്ഞു. യേശു അവരോട് ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ ..... എന്ന് പറഞ്ഞു''. യോഹന്നാൻ 16:30–31.**

നാം പറയും 'ഇപ്പോൾ ഞങ്ങൾ വിശ്വസിക്കുന്നു'. യേശുവിന്റെ മറുപടി:– ''നിങ്ങൾ വിശ്വസിക്കുന്നുവോ? നിങ്ങൾ എന്നെ ഏകനായി വിടുന്ന സമയം വന്നിരിക്കുന്നു''. പല ക്രിസ്തീയ ശുശ്രൂഷകരും യേശുക്രിസ്തുവിനെ തനിച്ച് വിട്ടിട്ട്, കർത്തവ്യബോധത്തിൽ നിന്നോ, വിവേകബുദ്ധിയിൽ നിന്നുയരുന്ന ആവശ്യബോധം കൊണ്ടോ ശുശ്രൂഷയ്ക്ക് ഇറങ്ങിത്തിരിച്ചിട്ടുണ്ട്. യേശുവിന്റെ പുനരുത്ഥാനജീവിതത്തിന്റെ അഭാവമാണ് ഇതിന് വാസ്തവത്തിൽ കാരണം. സ്വന്തം ആദ്ധ്യാത്മികജ്ഞാനത്തിൽ ഊന്നിക്കൊണ്ട്, അവർ ദൈവവുമായുള്ള ഗാഢസമ്പർക്കത്തിൽ നിന്ന് വിട്ടുപോകുന്നു (സദൃശവാക്യം 3:5 കാണുക). ഒരു വ്യക്തി യേശുവിനെക്കുറിച്ചുള്ള ധാരണയെ തടസ്സപ്പെടുത്തുകയും, സ്വയം ചിന്താക്കുഴപ്പങ്ങളും, സങ്കടങ്ങളും പ്രയാസങ്ങളും സൃഷ്ടിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കുകയും ചെയ്താൽ, അയാൾ ലജ്ജയോടും അനുതാപത്തോടും കൂടി വേണം തിരിച്ചു വരേണ്ടത്.

ഇപ്പോൾ നാം ചെയ്യുന്നതിനേക്കാൾ കുറേക്കൂടി ആഴമായ തലത്തിൽ യേശുവിന്റെ പുനരുത്ഥാന ജീവിതത്തെ നമുക്ക് ആശ്രയിക്കേണ്ടതുണ്ട്. നമ്മുടെ സാമാന്യബുദ്ധിക്കനുസരിച്ചുള്ള തീരുമാനങ്ങൾ എടുക്കുകയും എന്നിട്ട് അവയെ അനുഗ്രഹിക്കണമെന്ന് ദൈവത്തോട് പറയുകയും ചെയ്യുന്നതിന് പകരം എല്ലാ കാര്യത്തിലും നിരന്തരം ദൈവോപദേശം തേടുന്ന ശീലത്തിലേയ്ക്ക് നാം വരണം. നമ്മുടെ സ്വന്തം തീരുമാനങ്ങളെ ദൈവത്തിന് അനുഗ്രഹിക്കാൻ കഴിയുകയില്ല. അത് അവന്റെ തലത്തിൽ ചെയ്യാനുള്ളതല്ല. യാഥാർത്ഥ്യത്തിൽ നിന്ന് വേർതിരിക്കപ്പെട്ട തീരുമാനങ്ങളാണവ. കർത്തവ്യബോധത്തിൽ നിന്ന് നാം ഒരു കാര്യം ചെയ്യുകയാണെങ്കിൽ യേശുവുമായി മത്സരിക്കുന്ന ഒരു നിലവാരം ഉയർത്താനാണ് നാം ശ്രമിക്കുന്നത്. അവിടെ നാം അഹങ്കാരം നിറഞ്ഞ ഉന്നതരായിത്തീരുകയും, ഓരോ പരിതഃസ്ഥിയിലും ഇത് അല്ലങ്കിൽ അത് ചെയ്യണം എന്നു സ്വയം പറയുകയും ചെയ്യുന്നു. യേശുവിന്റെ പുനരുത്ഥാനജീവിതത്തിന് പകരം നമ്മുടെ കർത്തവ്യബോധത്തെ നാം സിംഹാസനത്തിൽ പ്രതിഷ്ഠിക്കുന്നു. കർത്തവ്യബോധത്തിന്റെയോ മനസ്സാക്ഷിയുടെയോ വെളിച്ചത്തിലല്ല, ദൈവം വെളിച്ചത്തിലാകയാൽ ആ വെളിച്ചത്തിൽ നടക്കാനാണ് അവൻ നമ്മോട് ആവശ്യപ്പെടുന്നത് (1യോഹ. 1:7). കർത്തവ്യബോധത്തിൽ നിന്ന് നാം എന്തെങ്കിലും ചെയ്യുമ്പോൾ അതിനെ നമുക്ക് ഒരു വാദം കൊണ്ട് താങ്ങി നിർത്താം. എന്നാൽ കർത്താവിനോടുള്ള അനുസരണയിൽ എന്തു ചെയ്താലും, യാതൊരു വാദവും സാദ്ധ്യമല്ല. അതുകൊണ്ടാണ് ഒരു വിശുദ്ധൻ/വിശ്വാസി അനായാസം പരിഹസിക്കപ്പെടുന്നത്.

## ഫെബ്രുവരി 29

# കർത്താവ് നിങ്ങൾക്കായി എന്ത് ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു?

**''ഞാൻ നിനക്കായി എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവേ, എനിക്ക് കാഴ്ച കിട്ടേണം എന്ന് അവൻ പറഞ്ഞു.'' ലൂക്കോസ് 18:41.**

ഈ ജീവിതത്തിൽ നിങ്ങളെ ശല്യപ്പെടുത്തുന്ന, നിങ്ങളെ മറ്റുള്ളവർക്ക് ശല്യമാക്കുന്ന ഒരു കാര്യം ഏതാണ്? അതെപ്പോഴും നിങ്ങൾക്കു സ്വയം കൈകാര്യം ചെയ്യാൻ വയ്യാത്ത എന്തോ ഒന്നാണ്. ''മുൻ നടക്കുന്നവർ അവനെ മിണ്ടാതിരിപ്പാൻ ശാസിച്ചു. അവനോ, ദാവീദു പുത്രാ എന്നോട് കരുണ തോന്നേണമേ എന്ന് ഏറ്റവും അധികം നിലവിളിച്ചു''(ലൂക്കൊ. 18:30). കർത്താവുമായി മുഖാമുഖം വരുന്നതുവരെ നിങ്ങൾ അവനെ ശല്യം ചെയ്തുകൊണ്ടേയിരിപ്പിൻ. സാമാന്യബുദ്ധിയെ ദൈവമാക്കാതിരിക്കുക. നാം നേരിട്ടുകൊണ്ടിരിക്കുന്ന അവിശ്വസനീയമായ കാര്യങ്ങളെ സംബന്ധിച്ച് അവൻ എന്തു ചെയ്യണമെന്നാണ് നാം ആഗ്രഹിക്കുന്നതെന്ന് യേശു നമ്മോട് ചോദിക്കുമ്പോൾ, അവൻ സാമാന്യബുദ്ധിയുടെ വഴിയിലല്ല, അമാനുഷരീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് ഓർമ്മിക്കുക.

കഴിഞ്ഞ കാലങ്ങളിൽ നമുക്കായി എന്ത് ചെയ്യാനാണ് നാം അവനെ അനുവദിച്ചിട്ടുള്ളതെന്നും അവന്റെ കഴിവിനെ പരിമിതപ്പെടുത്തിയെന്നും ഓർമ്മിക്കുക. ''അവിടെ ഞാൻ തോറ്റു; എന്നും തോല്ക്കുകയും ചെയ്യും: ഇക്കാര്യം ചെയ്യാൻ ദൈവത്തോട് ആവശ്യപ്പെടുന്നത് പരിഹാസ്യമാണ്'' എന്നിങ്ങനെ ചിന്തിച്ചുകൊണ്ട് നമുക്കാവശ്യമുള്ളതു നാം ചോദിക്കുന്നില്ല. ഒരു കാര്യം അസാദ്ധ്യമെങ്കിൽ അതുതന്നേയാണ് നാം ദൈവത്തോട് ആവശ്യപ്പെടേണ്ടത്. അസാദ്ധ്യകാര്യമല്ലെങ്കിൽ അതു യഥാർത്ഥത്തിൽ ശല്യമല്ല. തികച്ചും അസാദ്ധ്യമായ കാര്യങ്ങൾ ദൈവം ചെയ്യും.

ഈ മനുഷ്യന് കാഴ്ച ലഭിച്ചു. പഴയ ജീവിതത്തിന്റെ യാതൊന്നും അവശേഷിക്കാത്തവിധം കർത്താവുമായി താദാത്മ്യം പ്രാപിക്കുക എന്നതാണ് നമുക്ക് ഏറ്റവും അസാദ്ധ്യമായ കാര്യം. ദൈവത്തോട് ചോദിച്ചാൽ നമുക്കായി അവൻ അത് ചെയ്യും. എന്നാൽ, അതിന്, അവൻ സർവശക്തൻ എന്ന് വിശ്വസിക്കുന്ന ഇടത്തേക്ക് നാം വരേണ്ടതുണ്ട്. വിശ്വാസം യേശു പറയുന്നതിലല്ല. അവനിൽത്തന്നേയാണ്. അവൻ പറയുന്നതിലേക്ക് മാത്രം നാം നോക്കിയാൽ നാം ഒരിക്കലും വിശ്വസിക്കുകയില്ല. നാം ശ്വാസോച്ഛ്വാസം ചെയ്യുന്നതുപോലെ സ്വാഭാവികമായി യേശു അസാദ്ധ്യകാര്യങ്ങൾ ചെയ്യുന്നു. നമ്മുടെ മനസ്സിന്റെ ശാഠ്യം പിടിച്ച വിഡ്ഢിത്തത്തിലൂടെയാണ് നമ്മുടെ വ്യാകുലതകൾ വരുന്നത്. നാം വിശ്വസിക്കുകയില്ല; ''വള്ളത്തെ കെട്ടിനിർത്തിയിരിക്കുന്ന കയർ മുറിച്ച് നാം വിട്ടുകൊടുക്കുകയില്ല. അതാണു നമ്മുടെ പ്രശ്നം.''

## മാർച്ച് 1

# തുളച്ചു കയറുന്ന ചോദ്യം

**''നിനക്ക് എന്നോട് പ്രിയമുണ്ടോ?'' യോഹന്നാൻ 21:17**

പത്രോസ് ഇപ്പോൾ ഇവിടെ യാതൊന്നും ഉറച്ച് പറയുന്നില്ല. മത്തായി 26:33–35 – മായി താരതമ്യം ചെയ്യുക. നമ്മുടെ സ്വാഭാവിക വ്യക്തിത്വം, അതിന്റെ വികാരങ്ങളെക്കുറിച്ച് തുറന്ന് പറയുകയും ഉറച്ച പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്യും. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ ഈ ചോദ്യത്തിന്റെ നൊമ്പരം അനുഭവിക്കുമ്പോഴേ നമ്മുടെ അന്തരാത്മാവിലുള്ള യഥാർത്ഥ സ്നേഹം കണ്ടുപിടിക്കാൻ കഴിയൂ. ഏതൊരു സാധാരണക്കാരനും നല്ലൊരു മനുഷ്യനെ സ്നേഹിക്കുന്നതുപോലെ പത്രോസും യേശുവിനെ സ്നേഹിച്ചു. എന്നാൽ അത് വെറും വൈകാരിക സ്നേഹമത്രേ. അത് നമ്മുടെ വ്യക്തിത്വത്തിന്റെ ആഴങ്ങളോളം എത്താം. എന്നാൽ അത് നമ്മുടെ ആത്മാവിനെ സ്പർശിക്കുന്നില്ല. യഥാർത്ഥ സ്നേഹം പ്രഖ്യാപനങ്ങളൊന്നും നടത്തുന്നില്ല. ''മനുഷ്യരുടെ മുമ്പിൽ ആരെങ്കിലും എന്നെ ഏറ്റു പറഞ്ഞാൽ'' എന്നതുകൊണ്ട് യേശു ഉദ്ദേശിച്ചത് വാക്കായുള്ള പറച്ചിലല്ല, ഒരുവൻ തന്റെ എല്ലാ പ്രവൃത്തികൾ കൊണ്ടും ഏറ്റ് പറയുക എന്നായിരുന്നു (ലൂക്കൊ. 12:8).

നമ്മെക്കുറിച്ചുള്ള എല്ലാ കാപട്യത്തിൽ നിന്നും, മുറിവേറ്റ് പുറത്ത് കടക്കുമ്പോഴേ ദൈവവചനം നമ്മിൽ പ്രവർത്തിക്കുകയുള്ളൂ. ഒരു പാപത്തിന് നമ്മെ സങ്കടപ്പെടുത്താൻ കഴിയുന്നതിലുമെത്രയോ കൂടുതലായി ദൈവവചനം നമ്മെ മുറിപ്പെടുത്തുന്നു! പാപം നമ്മുടെ വികാരങ്ങളെ മന്ദീഭവിപ്പിക്കുന്നു. ഭാവന ചെയ്യാവുന്നതിൽ വെച്ച് ഏറ്റവും തീവ്രമായ സങ്കടം യേശുവിൽ നിന്നുണ്ടാകുന്നതാണ് എന്ന് തോന്നുവോളം, കർത്താവിന്റെ ചോദ്യം നമ്മുടെ വികാരങ്ങളെ തീക്ഷ്ണമാക്കുന്നു. സ്വാഭാവിക തലത്തിൽ മാത്രമല്ല പ്രാണനെയും ആത്മാവിനെയും വേർവിടുവിക്കും വരെ അത് നമ്മെ വേദനിപ്പിക്കുന്നു; പിന്നെ നമ്മിൽ യാതൊരു കാപട്യവും അവശേഷിക്കുന്നില്ല (എബ്രായർ 4:12 കാണുക). കർത്താവിന്റെ ചോദ്യത്തെച്ചൊല്ലി വികാരനിർഭരമാകാനുള്ള സാദ്ധ്യതയൊന്നുമില്ല. ദൈവം നിങ്ങളോട് നേരിട്ട് സംസാരിക്കുമ്പോൾ, ഒഴികഴിവൊന്നും പറയാൻ സാധ്യമല്ല. കർത്താവിന്റെ വാക്ക് അവന്റെ പൈതലിന് നേരെ വരുമ്പോൾ നൊമ്പരമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അപ്പോൾ ആ വേദനയുടെ നിമിഷമാണ് വെളിപാടിന്റെ വലിയ നിമിഷം എന്നു നാം മനസ്സിലാക്കണം.

## മാർച്ച് 2

# കർത്താവ് തരുന്ന മുറിവിന്റെ വേദന നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ?

**''മൂന്നാമതും അവനോട് : യോഹന്നാന്റെ മകനായ ശിമോനേ, നിനക്ക് എന്നോട് പ്രിയമുണ്ടോ എന്നു ചോദിച്ചു'' യോഹന്നാൻ 21:17.**

നിങ്ങളുടെ ജീവന്റെ ജീവനിൽ, നിങ്ങൾക്കേറ്റവും നൊമ്പരം അനുഭവപ്പെടുന്ന മർമ്മസ്ഥാനത്ത്, കർത്താവ് തന്നൊരു മുറിവിന്റെ വേദന നിങ്ങൾ എന്നെങ്കിലും അനുഭവിച്ചിട്ടുണ്ടോ? പിശാചിനൊരിക്കലും അവിടെ മുറിവേല്പിക്കാൻ കഴിയുകയില്ല; പാപത്തിനും മാനുഷിക വികാരങ്ങൾക്കും അതസാദ്ധ്യം. നമ്മുടെ അസ്തിത്വത്തിന്റെ ആ കേന്ദ്രഭാഗത്തുകൂടി, ദൈവത്തിന്റെ വാക്കിനല്ലാതെ മറ്റൊന്നിനും തുളച്ച് കയറാൻ സാധിക്കുകയില്ല. ''നിനക്ക് എന്നോട് പ്രിയമുണ്ടോ?'' എന്ന് കർത്താവ് മൂന്നാമതും ചോദിച്ചപ്പോൾ പത്രോസിന് ദുഃഖം ഉണ്ടായി. എന്നാൽ തന്റെ ജീവിതത്തിന്റെ യഥാർത്ഥ കേന്ദ്രം കർത്താവിന് സമർപ്പിതമാണെന്ന് പത്രോസിന് അപ്പോൾ മനസ്സിലായി. ക്ഷമാപൂർവ്വമുള്ള ആ ചോദ്യത്തിന്റെ അർത്ഥം എന്താണെന്ന് അവൻ മനസ്സിലാക്കിത്തുടങ്ങുകയും ചെയ്തു. പിന്നെ പത്രോസിന്റെ മനസ്സിൽ മിഥ്യയുടെ ഏറ്റവും ചെറിയൊരു നൂലിഴപോലുമുണ്ടായിരുന്നില്ല. പിന്നെയൊരിക്കലും അവന് വഞ്ചിതനാകാൻ കഴിയുമായിരുന്നില്ല. തീക്ഷ്ണമായൊരു വാചകപ്രകടനത്തിനോ, അത്യാനന്ദപ്രകടനത്തിനോ വൈകാരികതയ്ക്കോ ഒന്നിനും ഇടമുണ്ടായിരുന്നില്ല. കർത്താവിനെ താൻ എത്രമാത്രം സ്നേഹിച്ചു എന്ന് അവൻ മനസ്സിലാക്കിയ ഒരു വെളിപ്പാടായിരുന്നു അത്. അതിനാൽ അവൻ ആശ്ചര്യത്തോടെ ഇങ്ങനെ പറഞ്ഞു: ''കർത്താവേ, നീ സകലവും അറിയുന്നു''. താനെത്രമാത്രം യേശുവിനെ സ്നേഹിച്ചു എന്ന് മനസ്സിലാക്കിയ പത്രോസ് ഇതുറപ്പാക്കാൻ, ഇതു കണ്ടോ, അതു കണ്ടോ എന്നൊന്നും പറഞ്ഞില്ല. താൻ യേശുവിനെ എത്രയധികം സ്നേഹിച്ചെന്ന്–മുകളിൽ സ്വർഗ്ഗത്തിലോ താഴെ ഭൂമിയിലോ യേശു ഒഴികെ മറ്റാരുമില്ലെന്ന്–അവൻ മനസ്സിലാക്കിത്തുടങ്ങുകയായിരുന്നു. എന്നാൽ ആഴത്തിലേയ്ക്കിറങ്ങുന്ന, മുറിപ്പെടുത്തുന്ന ആ ചോദ്യം യേശുവിൽ നിന്ന് വരുന്നത് വരെ പത്രോസ് അതറിഞ്ഞില്ല. കർത്താവിന്റെ ചോദ്യങ്ങൾ എന്നെ എനിക്ക് വെളിപ്പെടുത്തിത്തരുന്നു.

എത്ര ക്ഷമയോടെ, എത്ര തുറന്ന്, എത്ര സമർത്ഥമായാണ് യേശു പത്രോസിനോടിടപെട്ടത്! ശരിയായ സമയമെത്തും വരെ നമ്മുടെ കർത്താവ് ഒരിക്കലും ചോദ്യങ്ങൾ ചോദിക്കുകയില്ല. അപൂർവ്വമായി, ഒരുപക്ഷേ ഒരിക്കൽ മാത്രം അദ്ദേഹം നമ്മെ ഓരോരുത്തരെയും ചോദ്യം ചെയ്യുന്നു. നമ്മെ ഒരു മൂലയിലേയ്ക്ക് കൊണ്ടുചെന്നിട്ട് തുളച്ച് കയറുന്ന ചോദ്യങ്ങളാൽ അവൻ നമ്മെ വേദനിപ്പിക്കും. അപ്പോൾ വാക്കുകൾകൊണ്ട് പറയാനാവുന്നതിലും എത്രയോ ആഴത്തിൽ നാമവനെ സ്നേഹിക്കുന്നു എന്ന് നാം മനസ്സിലാക്കും.



## മാർച്ച് 3

# ഭംഗമില്ലാത്ത അന്വേഷണം

**''എന്റെ ആടുകളെ മേയിക്ക'' യോഹന്നാൻ 21:17.**

ഇത് സ്നേഹത്തിന്റെ ആരംഭത്രേ. ദൈവസ്നേഹം സൃഷ്ടിതമല്ല. അത് ദൈവപ്രകൃതമത്രേ. നാം പരിശുദ്ധാത്മാവിനെ പ്രാപിച്ച് കഴിയുമ്പോൾ, പരിശുദ്ധാത്മാവ് നമ്മെ ദൈവവുമായി യോജിപ്പിക്കുകയും ദൈവസ്നേഹം നമ്മിൽ പ്രത്യക്ഷമാവുകയും ചെയ്യുന്നു. ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാൽ ആത്മാവ് ദൈവത്തോട് ചേർക്കപ്പെട്ടു കഴിഞ്ഞാൽ, അതല്ല അവസാനം; യേശു ആയിരുന്നതുപോലെ നാമും പിതാവുമായി ഒന്നാകുക എന്നതാണ് അവസാനം. യേശുക്രിസ്തുവിന് ദൈവവുമായി ഏതു തരത്തിലുള്ള ഐക്യമാണുണ്ടായിരുന്നത്? നമുക്കായി തകർക്കപ്പെടുവാൻ യേശുവിനെ താഴെ ഈ ഭൂമിയിലേക്ക് അയച്ച തരത്തിലുള്ള ഒന്നാകൽ. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്ന് യേശു നമ്മോട് പറയുന്നു (Jn. 20:21).

കർത്താവിന്റെ മുറിപ്പെടുത്തുന്ന ചോദ്യത്തിലൂടെ ലഭിക്കുന്ന വെളിപ്പാടോടെ, താൻ അവനെ സ്നേഹിക്കുന്നു എന്ന് പത്രോസ് മനസ്സിലാക്കുന്നു. അപ്പോഴാണ് അടുത്ത കാര്യം: തന്നെത്താൻ ചെലവഴിക്കുക, എന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് സാക്ഷ്യം പറയേണ്ട നിനക്ക് ലഭിച്ച വെളിപ്പാടിനെക്കുറിച്ച് പ്രഖ്യാപനമൊന്നും നടത്തേണ്ട, പക്ഷേ എന്റെ ആടുകളെ മേയിക്ക. യേശുവിന്റെ ആടുകളാവട്ടെ സാധാരണക്കാർ, അഴുക്കുപുരണ്ടവർ, വൃത്തികെട്ടവർ, ഇടികൂടുന്നവർ, വഴിതെറ്റുന്നവർ.

ദൈവസ്നേഹത്തെ ഒരിക്കലും വറ്റിച്ചുകളയാൻ സാധിക്കുകയില്ല. അതുപോലെ, ദൈവത്തിൽ നിന്നും ഉറവെടുത്തതാണ് എന്റെ സ്നേഹമെങ്കിൽ, അതും വറ്റിപ്പോകുകയില്ല. എന്റെ സ്വാഭാവിക വ്യക്തിത്വം ഉളവാക്കുന്ന യാതൊരു മുൻവിധികളെയും ദൈവസ്നേഹം ശ്രദ്ധിക്കുന്നില്ല. ഞാനെന്റെ കർത്താവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ സ്വാഭാവിക വികാരങ്ങളാൽ നയിക്കപ്പെടാൻ എനിക്ക് യാതൊരു അവകാശവുമില്ല – ഞാൻ അവന്റെ ആടുകളെ മേയിച്ചേ തീരൂ. അവൻ നമ്മെ ചുമതലപ്പെടുത്തുന്ന കാര്യത്തിൽ നിന്നും നമുക്ക് വിടുതലോ ഇടവേളയോ ഇല്ല. നിങ്ങളുടെ സ്വാഭാവിക വികാരങ്ങളെയും, സഹാനുഭൂതികളെയും ധാരണകളെയും പിൻതുടർന്നുകൊണ്ട് ദൈവസ്നേഹം അഭിനയിക്കുന്നതിനെ സൂക്ഷിച്ചുകൊൾക. അത് ദൈവത്തിന്റെ യഥാർത്ഥ സ്നേഹത്തെ നിന്ദിക്കുവാനേ ഉപകരിക്കൂ.

## മാർച്ച് 4

# എന്നെ സംബന്ധിച്ച് ഇത് സത്യമാണോ?

**''എങ്കിലും എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല'' അപ്പൊസ്തൊല പ്രവൃത്തികൾ 20:24**

ഒരു ദർശനമില്ലാതെ ദൈവത്തിനായി ശുശ്രൂഷചെയ്യാനും, ഒരു വിളിയില്ലാതെ ദൈവത്തിനായി വേലചെയ്യാനും എളുപ്പമാണ്; കാരണം അപ്പോൾ ദൈവം എന്താണ് ആവശ്യപ്പെടുന്നത് എന്നതിനെക്കുറിച്ച് നമ്മൾ തല പുണ്ണാക്കുന്നില്ല. ക്രിസ്തീയ വികാരത്തിന്റെ പുറംപൂച്ചുള്ള സാമാന്യബുദ്ധിയാണത്. ദൈവവിളി നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ, നിങ്ങൾ കുറെക്കൂടി ഐശ്വര്യവും, വിജയവുമുള്ള, മനോഭാരമില്ലാത്ത ആളായിരിക്കും. എന്നാൽ ഒരിക്കൽ യേശുക്രിസ്തു നിങ്ങളെ ഒരു കാര്യത്തിന് ചുമതലപ്പെടുത്തിക്കഴിഞ്ഞാൽ, എന്താണ് ദൈവം ആഗ്രഹിക്കുന്നത് എന്നതിനെക്കുറിച്ചുള്ള ചിന്ത നിങ്ങളെ കുത്തിക്കൊണ്ടിരിക്കും. സാമാന്യബുദ്ധിയുടെ അടിസ്ഥാനത്തിൽ പിന്നെയൊരിക്കലും നിങ്ങൾക്ക് ദൈവവേല ചെയ്യാൻ കഴിയുകയില്ല.

എന്തിനെയാണ് എനിക്ക് വിലപ്പെട്ടതായി ഞാൻ കരുതുന്നത്? കർത്താവായ യേശുക്രിസ്തുവിനാൽ ഞാൻ പിടിക്കപ്പെട്ടിട്ടില്ലെങ്കിൽ, ദൈവത്തിനായി ചെയ്യുന്ന സേവനവും, അവന് കൊടുക്കുന്ന സമയവും, എന്റെ ജീവനും എല്ലാം, എനിക്ക് വിലപ്പെട്ടതാകും. തനിക്ക് ലഭിച്ചിരിക്കുന്ന ശുശ്രൂഷ പൂർത്തിയാക്കാൻ വേണ്ടി മാത്രമേ തന്റെ ജീവനെ താൻ വിലയേറിയതായി കരുതുന്നുള്ളൂ എന്ന് പൗലോസ് പറയുന്നു. മറ്റൊന്നിനും വേണ്ടി തന്റെ ഊർജ്ജം ചെലവഴിക്കപ്പെടാൻ പൗലോസ് സമ്മതിച്ചില്ല. അപ്പൊസ്തൊല പ്രവൃത്തികൾ 20:24 ൽ തന്നെക്കുറിച്ച് കരുതണം എന്ന് ആവശ്യപ്പെടുന്നതിലുള്ള തന്റെ ഉദാത്തമായ നീരസം പ്രകടിപ്പിക്കുകയാണ് പൗലോസ്. തനിക്ക് ലഭിച്ചിരിക്കുന്ന ശുശ്രൂഷ പൂർത്തിയാക്കുന്നതൊഴിച്ചുള്ള മറ്റൊരു കാര്യത്തിലും പൗലോസിന് താൽപര്യമുണ്ടായിരുന്നില്ല. ദൈവത്തിനായി ചെയ്യുന്ന സാധാരണ യുക്ത്യധിഷ്ഠിത സേവനം ദൈവതിരുമുമ്പാകെയുള്ള കീഴടങ്ങലിനോട് മത്സരിക്കുന്നതാണ്. ഇവിടെ നിന്നെക്കൊണ്ട് പ്രയോജനമുണ്ട്, അല്ലെങ്കിൽ ഇത്തരത്തിലുള്ള ഒരു ജോലിയിൽ നിനക്കെത്ര വിലയുണ്ട് എന്നൊക്കെയുള്ള വാദങ്ങളിൽ അധിഷ്ഠിതമായിരിക്കും ഈ രീതിയിലുള്ള ജോലി. നാം എങ്ങോട്ട് പോകണം എന്ന കാര്യത്തിൽ യേശുക്രിസ്തുവിനെ വഴികാട്ടിയാക്കുന്നതല്ല ഈ മനോഭാവം. ഇവിടെ, നമ്മെക്കൊണ്ട് എവിടെയാണേറ്റവും പ്രയോജനം എന്നതനുസരിച്ച് നാം തന്നേ വിധിയെഴുതുന്നു. നിങ്ങളെക്കൊണ്ട് പ്രയോജനം ഉണ്ടോ ഇല്ലയോ എന്ന് ഒരിക്കലും ചിന്തിക്കണ്ട. നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല (1 കൊരിന്ത്യർ 6:19), ദൈവത്തിനുള്ളവരാണെന്നത് മാത്രം ചിന്തിക്കുക.

## മാർച്ച് 5

# അവൻ സത്യമായും കർത്താവാകുന്നുവോ?

**''എന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികക്കേണം എന്നേ എനിക്കുള്ളൂ''. അപ്പൊസ്തൊല പ്രവൃത്തികൾ 20:24.**

സന്തോഷം എന്നത് ഒരു കാര്യം വിജയകരമായി ചെയ്യുന്നതല്ല; എന്തിന് വേണ്ടിയാണോ ഞാൻ സൃഷ്ടിക്കപ്പെടുകയും ആത്മീയമായി പുനർജ്ജീവൻ പ്രാപിക്കുകയും ചെയ്തത് അത് പരിപൂർണ്ണമാക്കുന്നതിലാണ് എന്റെ സന്തോഷം. തന്റെ പിതാവ് തന്നെ എന്തിനായി അയച്ചുവോ അത് ചെയ്യുന്നതിലായിരുന്നു നമ്മുടെ കർത്താവ് സന്തോഷം അനുഭവിച്ചത്. ''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു''(യോഹ. 20:21). എനിക്ക് കർത്താവിൽ നിന്ന് ഒരു ശുശ്രൂഷ ലഭിച്ചിട്ടുണ്ടെങ്കിൽ അതിനോട് വിശ്വസ്തത കാണിക്കുകയും, ആ ശുശ്രൂഷ പൂർത്തീകരിക്കാനായി മാത്രം എന്റെ ജീവിതത്തെ വിലപ്പെട്ടതായി കാണുകയും ചെയ്യണം. നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ നന്നായി ചെയ്തിരിക്കുന്നു (മത്താ. 25:21) എന്ന് യേശു പറയുന്നത് കേൾക്കുമ്പോഴുള്ള സംതൃപ്തിയെക്കുറിച്ച് ചിന്തിക്കുക. നമുക്കെല്ലാവർക്കും ജീവിതത്തിൽ നമ്മുടേതായ സ്ഥാനം കണ്ടെത്തണം. കർത്താവിൽ നിന്ന് നമ്മുടെ ശുശ്രൂഷ സ്വീകരിക്കുമ്പോൾ ആത്മീയമായി നാം അത് കണ്ടെത്തുന്നു. ഇതിനായി നാം യേശുവുമായി സഖിത്വത്തിലാകണം. യേശുവിനെ നമ്മുടെ സ്വന്ത രക്ഷകനെന്നതിനപ്പുറം അറിയണം. ''എന്റെ നാമത്തിന് വേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്ന് ഞാൻ അവനെ കാണിക്കും''(അ. പ്ര. 9:16).

''നിനക്ക് എന്നോട് പ്രിയമുണ്ടോ? എങ്കിൽ എന്റെ ആടുകളെ മേയിക്ക''(യോഹ. 21:17). സേവനം നാം തെരഞ്ഞെടുക്കുകയല്ല, കർത്താവ് നമ്മെ ചുമതലപ്പെടുത്തുന്നതിനോട് പൂർണ്ണ വിശ്വസ്തത കാണിക്കുകയാണ് വേണ്ടത് – കർത്താവിനോട് ഏറ്റവും അടുത്ത സമ്പർക്കത്തിലിരിക്കുമ്പോൾ നമ്മൾ തിരിച്ചറിയുന്നതിനോടുള്ള വിശ്വസ്തത, കർത്താവുമായി യഥാർത്ഥ സമ്പർക്കത്തിലിരുന്നപ്പോൾ നിങ്ങൾക്ക് ലഭിച്ച ശുശ്രൂഷയോട് വിശ്വസ്തത കാണിക്കാനാണ് ദൈവവിളി. ഇതിനർത്ഥം നിങ്ങൾക്കായി പ്രത്യേകം വേർതിരിച്ച കുറെയേറെ ശുശ്രൂഷകൾ ഉണ്ടെന്നല്ല. എന്ത് ചെയ്യാൻ ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നോ അതിൽ ശ്രദ്ധിച്ചിരിക്കുക എന്നാണ് ഇതിനർത്ഥം. അതിനായി ചിലപ്പോൾ മറ്റ് മേഖലകളിൽ നിന്ന് സേവനം ആവശ്യപ്പെടുന്നതിനെ നിങ്ങൾക്ക് തള്ളിക്കളയേണ്ടി വന്നേക്കാം.

## മാർച്ച് 6

# അടുത്ത ചുവട്

**''അനേകമനേകം നിസ്സാര കാര്യങ്ങൾക്ക് നടുവിൽ ബഹുസഹിഷ്ണുത, കഷ്ടം, ബുദ്ധിമുട്ട് .....'' 2 കൊരിന്ത്യർ 6:4.**

ദൈവത്തിൽ നിന്ന് ദർശനം ലഭിക്കുന്നില്ല, നിങ്ങളുടെ ജീവിതത്തിൽ യാതൊരു ഉത്സാഹവും അനുഭവപ്പെടുന്നില്ല, നിങ്ങളെ ശ്രദ്ധിക്കാനും, പ്രോത്സാഹിപ്പിക്കാനും ആരും ഇല്ല, ദൈവഭക്തിയിലും ദൈവവചന വായനയിലും പഠിപ്പിലും, നിങ്ങളുടെ കുടുംബജീവിതത്തിലും, ദൈവത്തോടുള്ള നിങ്ങളുടെ കർത്തവ്യനിർവ്വഹണത്തിലും–ഒന്നിലും! അടുത്ത ചുവടെടുക്കാൻ നിങ്ങൾക്ക് സർവശക്തന്റെ കൃപ വേണം. അപ്പോൾ എത്രയോ അധികം ദൈവകൃപയും ദൈവാശ്രയത്തെക്കുറിച്ചുള്ള അവബോധവും നമുക്കുണ്ടാവണം!

കർത്താവിന്റെ മനുഷ്യാവതാരത്തിൽ അടങ്ങിയിരിക്കുന്ന സ്നേഹവും ത്യാഗവും നാം ഉൾക്കൊള്ളണം. അതിന്റെ സത്ത ഓരോ വിശ്വാസിയും അനുഭവിക്കണം. ദർശനവും, ഉത്സാഹവും, പുരോഗതിയും, ഒന്നുമില്ലാതെയാകുകയും നിസ്സാരമായ ജോലികളോടുകൂടിയ നിത്യജീവിതാനുഭവം മാത്രമേ നമുക്കുള്ളൂ എന്ന് വരുകയും ചെയ്യുമ്പോൾ, താല്പര്യം നഷ്ടപ്പെട്ട് നാം നിരാശരാകുകയും കീഴടങ്ങുകയും ചെയ്യുന്നു. മറ്റാരും നമ്മുടെ ശുശ്രൂഷ കാണാനില്ലാത്തപ്പോഴും, അതിൽ ഉറച്ച് നിന്ന് നടത്തുന്ന സ്ഥിരപരിശ്രമമാണ്, ദൈവത്തിനായും ദൈവജനത്തിനായുമുള്ള ആത്യന്തിക സാക്ഷ്യം. ജീവിതം തകർന്നു പോകാതെ സൂക്ഷിക്കാനുള്ള ഒരേയൊരു മാർഗ്ഗം ദൈവത്തിലേയ്ക്ക് നോക്കി ജീവിക്കുക എന്നതാണ്. നിങ്ങളുടെ ആത്മാവിന്റെ കണ്ണുകൾ, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലേക്ക് തുറന്ന് വെയ്ക്കാൻ ദൈവത്തോട് ആവശ്യപ്പെടുക, അപ്പോൾ വിരസമായ ജോലികൾക്ക് നിങ്ങളുടെ ഉത്സാഹം കെടുത്താൻ കഴിയുകയില്ല. ചില ജോലികൾ നിങ്ങളുടെ അന്തസ്സിന് ചേരാത്തതാണെന്നും ചിലത് തീരെ പ്രാധാന്യമില്ലാത്തതാണെന്നും ചിന്തിക്കാൻ ഒരിക്കലും സ്വയം അനുവദിക്കരുത്. യോഹന്നാൻ 13:1–17 വരെയുള്ള വാക്യങ്ങളിലുള്ള കർത്താവിന്റെ ഉദാഹരണം (ശിഷ്യൻമാരുടെ കാലുകൾ കഴുകുന്ന രംഗം) ഓർമ്മിക്കുക.

## മാർച്ച് 7

# സമൃദ്ധമായ ആനന്ദത്തിന്റെ ഉറവിടം

**''നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു'' റോമർ 8:37.**

ഒരു വിശുദ്ധനെ ദൈവസ്നേഹത്തിൽ നിന്ന് വേർതിരിക്കാൻ സാദ്ധ്യതയുള്ള ഏതാനും കാര്യങ്ങൾ പൗലൊസ് പരാമർശിക്കുന്നു. ഒരു വിശുദ്ധന്റെയും ദൈവസ്നേഹത്തിന്റെയുമിടയിൽ യാതൊന്നിനും കടന്നുവരാൻ കഴിയുകയില്ല എന്നതാണ് ശ്രദ്ധാർഹമായ കാര്യം. ഈ വേദഭാഗത്ത് പൗലോസ് പറയുന്ന കാര്യങ്ങൾക്ക് ദൈവവും നമ്മുടെ ആത്മാവുമായുള്ള ഗാഢബന്ധത്തെ തകർക്കാനും, നമ്മുടെ സ്വാഭാവിക ജീവിതത്തെ അവനിൽ നിന്ന് വേർപിരിക്കാനും കഴിയും. എന്നാൽ അവയ്ക്കൊന്നിനും ഒരു വിശുദ്ധന്റെ ആത്മാവിനും, ദൈവസ്നേഹത്തിനുമിടയിൽ വരാൻ കഴിയുകയില്ല. നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ ഉറച്ച അടിസ്ഥാനം കാൽവരിയിലെ കുരിശിൽ പ്രകടിപ്പിക്കപ്പെട്ട, നാം അർഹിക്കാത്ത, അളക്കാനാകാത്ത ദൈവസ്നേഹത്തിന്റെ അത്ഭുതമാണ്; നാം അർഹിക്കാത്തതും നമുക്ക് നേടിയെടുക്കാൻ സാധിക്കാത്തതുമാണ് ഈ സ്നേഹം. ഇക്കാരണത്താലാണ് നാം പൂർണ്ണവിജയം പ്രാപിച്ചവരാണെന്ന് പൗലോസ് പറയുന്നത്. നമ്മെ വികാരപരവശരാക്കും എന്ന് തോന്നിപ്പിക്കുന്ന അതേ കാര്യങ്ങൾ നമുക്കു ലഭിക്കുമ്പോഴുള്ള സന്തോഷം അനുഭവിക്കുന്ന അത്യുന്നത വിജയികളാണ് നാം.

ഒരു സാധാരണ നീന്തൽക്കാരനെ ഭയപ്പെടുത്തുന്ന വൻതിരമാലകൾ, അവയ്ക്ക് മീതെ നീന്തിയിട്ടുള്ള ഒരു സാഹസിക നീന്തൽക്കാരനിൽ വലിയ ആവേശം സൃഷ്ടിക്കുന്നു. അത് നമ്മുടെ കാര്യത്തിലും എങ്ങനെയുണ്ടെന്ന് നമുക്ക് നോക്കാം. കഷ്ടം, ബുദ്ധിമുട്ട്, സങ്കടം, തല്ല് ഇവയെല്ലാം അത്യുന്നത സന്തോഷം നമ്മിൽ സൃഷ്ടിക്കുന്നു. 'അവ ഉണ്ടായിരുന്നിട്ടും' എന്നല്ല അവയ്ക്ക് നടുവിൽ നാം നമ്മെ സ്നേഹിച്ചവൻ മുഖാന്തരം പൂർണ്ണജേതാക്കളായിരിക്കുന്നു എന്നത്രേ. ഒരു വിശുദ്ധൻ, ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും കർത്താവിന്റെ സന്തോഷം അനുഭവിക്കുന്നു എന്നല്ല, ബുദ്ധിമുട്ടുകൾ നിമിത്തം സന്തോഷം അനുഭവിക്കുന്നു എന്നത്രേ. ''ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു എന്നാണ് പൗലോസ് പറയുന്നത്''(2 കൊരി. 7:4).

സമൃദ്ധമായ സന്തോഷവും അതിന്റെ ഫലമായ കെട്ടുപോകാത്ത തേജസ്സും വേഗം നീങ്ങിപ്പോകുന്ന യാതൊന്നിലുമല്ല മാറ്റമില്ലാത്ത ദൈവസ്നേഹത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. ജീവിതാനുഭവങ്ങൾ, അവ നിത്യ സംഭവങ്ങളായാലും, ഭയാനകങ്ങളാണെങ്കിലും കർത്താവായ യേശുക്രിസ്തുവിലുള്ള സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കാൻ അശക്തമത്രേ (റോമർ 8:39).

## മാർച്ച് 8



# സമർപ്പിക്കപ്പെട്ട ജീവിതം

**''ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.'' ഗലാത്യർ 2:20**

പാപം മാത്രമല്ല തന്റേതായ സർവ കാഴ്ചപ്പാടുകളും ഉപേക്ഷിക്കുന്നത് വരെ ആർക്കും യേശുവിനോട് ഏകീഭവിക്കാൻ സാധ്യമല്ല. പരിശുദ്ധാത്മാവിൽ ജനിക്കുക എന്ന് പറഞ്ഞാൽ എന്തെങ്കിലും ഒന്നിനെ നാം മുറുകെ പിടിക്കുന്നതിന് മുൻപ്, നമ്മിലുള്ള സർവ്വതിനെയും ഉപേക്ഷിക്കുക എന്നതാണ്. ആദ്യമായി ഉപേക്ഷിക്കേണ്ടത് നമ്മുടെ നാട്യങ്ങളും കാപട്യങ്ങളുമാണ്. നമ്മുടെ കർത്താവ് നാം അവന് സമ്മാനിക്കണമെന്ന് ആഗ്രഹിക്കുന്നത് നന്മയോ, സത്യസന്ധതയോ, പരിശ്രമമോ ഒന്നുമല്ല. നമ്മുടെ യഥാർത്ഥത്തിലുള്ള ഉറച്ച പാപം, പാപം മാത്രമാണ് അവന് നമ്മിൽ നിന്ന് എടുത്തുകളയാൻ കഴിയുന്നത്. നമ്മുടെ പാപത്തിന് പകരമായി അവൻ നമുക്ക് തരുന്നത് ഉറച്ച ധാർമ്മികബോധവും. എന്നാൽ നാം എന്തെങ്കിലുമാണെന്ന എല്ലാ നാട്യവും, ദൈവത്തിന്റെ പരിഗണനയ്ക്ക് നാം യോഗ്യരാണെന്ന നമ്മുടെ എല്ലാ അവകാശബോധങ്ങളും അടിയറ വെക്കണം.

പിന്നീട് നാം ഉപേക്ഷിക്കേണ്ടതെന്താണെന്ന് ദൈവാത്മാവ് നമ്മെ കാണിച്ച് തരും. ഓരോ ഘട്ടത്തിലും എന്റെ അവകാശങ്ങളെക്കുറിച്ചുള്ള എന്റെ അവകാശബോധം ഞാൻ ഉപേക്ഷിക്കേണ്ടിവരും. സർവ്വതിന്മയും – എനിക്ക് സ്വന്തമായുള്ളതിന്മേൽ, എന്റെ സ്നേഹബന്ധങ്ങളിൽ ഉള്ള പിടി – ഉപേക്ഷിക്കാനും യേശുക്രിസ്തുവന്റെ മരണവുമായി താദാത്മ്യം പ്രാപിക്കാനും ഞാൻ തയ്യാറാണോ?

പൂർണ്ണമായി കീഴടങ്ങും മുൻപ് വളരെ വേദനയുളവാക്കുന്ന ഒരു മിഥ്യാഭംഗത്തിലൂടെ നമുക്ക് കടന്ന് പോകേണ്ടിവരും. കർത്താവ് കാണുന്നത് പോലെ ഒരാൾ തന്നെത്തന്നേ സ്വയം കാണുമ്പോൾ തന്റെ ജഢപാപങ്ങളല്ല, യേശുവിന് വിപരീതമായി, തന്റെയുള്ളിലുള്ള അഹങ്കാരത്തിന്റെ ഭയാനക പ്രകൃതമായിരിക്കും അയാളെ ഞെട്ടിക്കുന്നത്. കർത്താവിന്റെ വെളിച്ചത്തിൽ ഒരാൾ സ്വയം കാണുമ്പോൾ, ലജ്ജയും, സംഭ്രമവും, കൊടിയ അപരാധബോധവും അയാൾക്ക് അനുഭവപ്പെടും.

ദൈവതിരുമുമ്പാകെ കീഴ്പെടണോ വേണ്ടയോ എന്ന ചോദ്യം നേരിടുകയാണ് നിങ്ങളെങ്കിൽ നിങ്ങൾക്കുള്ള സർവ്വതും, നിങ്ങളെത്തന്നേയും ദൈവതിരുമുമ്പാകെ സമർപ്പിച്ചുകൊണ്ട് ഈ പ്രതിസന്ധിയിലൂടെ കടന്നുപോകും എന്ന് ദൃഢനിശ്ചയം ചെയ്യുക. അപ്പോൾ നിങ്ങൾ ചെയ്യണം എന്ന് താൻ ആവശ്യപ്പെടുന്ന എല്ലാ ക്കാര്യത്തിനും ദൈവം നിങ്ങളെ സജ്ജമാക്കും.

## മാർച്ച് 9

# പിന്തിരിയുന്നോ അതോ യേശുവിനോടൊപ്പം നടക്കുന്നോ?

**''നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ?'' (യോഹന്നാൻ 6:67)**

തുളച്ചു കയറുന്നൊരു ചോദ്യം! നമ്മുടെ കർത്താവ് ഏറ്റവും ലളിതമായ രീതിയിൽ സംസാരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ വാക്കുകൾ നമുക്ക് ഏറ്റവും വ്യക്തമാകുന്നത്. ആരാണ് യേശു എന്ന് നമുക്കറിയാം, എന്നിട്ടും 'നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ' എന്ന് അവൻ ചോദിക്കുന്നു. കർത്താവിനോട് നാം നിരന്തരമായ ഒരു സാഹസിക മനോഭാവം പുലർത്തണം.

അന്നുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി (യോഹ. 6:66). പിന്നെ അവനോടു കൂടെ സഞ്ചരിച്ചില്ല, കർത്താവിന്റെ കൂടെയുള്ള സഞ്ചാരം നിർത്തിയ അവർ പാപത്തിലേക്ക് വീണില്ല, പക്ഷേ അവർ പിൻവാങ്ങി. ഇന്ന് അനേകർ യേശുക്രിസ്തുവിന് വേണ്ടിയുള്ള വേലയിൽ ചെലവഴിക്കുകയും, ചെലവഴിക്കപ്പെടുകയും ചെയ്യുന്നു എന്നാൽ അവർ അവനോടൊപ്പം സഞ്ചരിക്കുന്നില്ല. ദൈവം നമ്മോട് നിരന്തരം ആവശ്യപ്പെടുന്ന ഒരു കാര്യം നാം യേശുവിനോട് ഒന്നാകണമെന്നാണ്. വിശുദ്ധീകരണത്തിലൂടെ വേർതിരിക്കപ്പെട്ട ശേഷം, ഗാഢമായ ഈ ഒന്നാകൽ നിലനിർത്താനായി നാം നമുക്ക് ശിക്ഷണം നല്കണം. നിങ്ങൾക്കായുള്ള ദൈവഹിതം എന്തെന്നതിനെക്കുറിച്ച് അവൻ നിങ്ങൾക്ക് വ്യക്തമായ ഒരു തീരുമാനം തന്ന് കഴിഞ്ഞാൽ ഏതെങ്കിലും പ്രത്യേക രീതിയിൽ ആ ബന്ധം നിലനിർത്താൻ യത്നിക്കേണ്ട ആവശ്യമില്ല. യേശുക്രിസ്തുവിൽ പൂർണ്ണാശ്രയം വെച്ചുകൊണ്ടുള്ള ഒരു സ്വാഭാവിക ജീവിതം നയിച്ചാൽ മാത്രം മതി. ദൈവത്തിന്റെ വഴിയിലല്ലാതെ മറ്റൊരു വഴിയിലും ദൈവത്തോടൊത്ത് കഴിയാൻ ഒരിക്കലും ശ്രമിക്കരുത്. ആ വഴിയാവട്ടെ ദൈവത്തോടുള്ള പരിപൂർണ്ണ സമർപ്പണത്തിന്റേതാണ്. ''മുന്നിലുള്ളതെന്താണെന്ന് എനിക്കറിഞ്ഞുകൂടാ എന്ന് എനിക്കറിയാം'' എന്നതാണ് യേശുവിനോടൊത്ത് നടക്കുന്നതിന്റെ രഹസ്യം.

തനിക്കും ലോകത്തിനും രക്ഷ നല്കാനുള്ള ഒരാളായി പത്രോസ് യേശുവിനെ കണ്ടു. എന്നാൽ നാം അവനോടൊപ്പം കൂട്ടുവേലക്കാരാകണമെന്നാണ് നമ്മുടെ കർത്താവാഗ്രഹിക്കുന്നത്. നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ? എന്ന ചോദ്യത്തിന് നാം ഓരോത്തരും സ്വയം ഉത്തരം പറയേണം.

## മാർച്ച് 10

# വചനമറിയിക്കുക, നിങ്ങൾ വചനമായിരിക്കുക

**''വചനം പ്രസംഗിക്ക'' 2 തിമൊഥെയോസ് 4:2.**

ദൈവത്തിന്റെ ഉപകരണങ്ങളാകാൻ മാത്രമല്ല അവന്റെ പുത്രന്മാരും പുത്രിമാരും ആകേണ്ടതിനു കൂടിയാണ് നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. ആത്മീയ മാധ്യമങ്ങളോ പ്രതിനിധികളോ ആയിട്ടില്ല ആത്മീയ സന്ദേശവാഹകരായിട്ടാണ് നാം മാറ്റപ്പെട്ടിട്ടുള്ളത്; ആ സന്ദേശമാകട്ടെ നമ്മുടെ ഒരു ഭാഗമാകുകയും വേണം. മനുഷ്യപുത്രന്റെ സന്ദേശം അവൻ തന്നേയായിരുന്നു. അവന്റെ വചനങ്ങൾ ആത്മാവും ജീവനുമായിരുന്നു. ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു''(യോഹ. 6:63). അവന്റെ ശിഷ്യരെന്ന നിലയിൽ, നമ്മുടെ ജീവിതം അവന്റെ സന്ദേശത്തിന്റെ വിശുദ്ധമായ ആരാധന ആയിരിക്കണം. രക്ഷിക്കപ്പെടാത്തവരുടെ പോലും സാധാരണ മനസ്സ് എന്ത് സേവനം വേണമെങ്കിലും ചെയ്യും. എന്നാൽ കുറ്റബോധത്താൽ നുറുങ്ങിയതും, പരിശുദ്ധാത്മാവിനാൽ സ്നാനം ചെയ്യപ്പെട്ടതും, ദൈവോദ്ദേശ്യത്തിനായി കീഴടക്കപ്പെട്ടതുമായ ഒരു ഹൃദയത്തിന് മാത്രമേ, ഒരു വ്യക്തിയുടെ ജീവിതത്തെ 'ദൈവവചനത്തിന്റെ വിശുദ്ധ ആരാധന' യാക്കാൻ കഴിയൂ.

സാക്ഷ്യം പറയുന്നതും വചനം അറിയിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ദൈവവിളി സ്വീകരിച്ചവനും തന്റെ സർവ്വ ഊർജ്ജവും ദൈവസത്യം അറിയിക്കാൻ ഉപയോഗിക്കുമെന്ന് ദൃഢനിശ്ചയം ചെയ്തവനുമാണ് സുവിശേഷകൻ. പെന്തക്കോസ്തിന് ശേഷം തന്റെ ശിഷ്യന്മാരുടെ ജീവിതത്തിൽ ചെയ്തതു പോലെ, നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ ആശയങ്ങൾക്കും അഭിലാഷങ്ങൾക്കുമപ്പുറം നമ്മെ കൊണ്ടുപോകുകയും തന്റെ ഉദ്ദേശ്യങ്ങൾക്കായി നമ്മെ കുഴച്ച് പരുവപ്പെടുത്തുകയുമാണ് ദൈവം ചെയ്യുന്നത്. ശിഷ്യന്മാരെ എന്തെങ്കിലും പഠിപ്പിക്കുകയായിരുന്നില്ല പെന്തക്കോസ്തിന്റെ ഉദ്ദേശ്യം. അവരെ അവർ എന്ത് പ്രസംഗിച്ചുവോ അതിന്റെ മനുഷ്യാവതാരം തന്നെയാക്കി മാറ്റുക എന്നതായിരുന്നു പെന്തക്കോസ്തുകൊണ്ടുദ്ദേശിച്ചത്. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ ............... ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും ........... (അപ്പൊ. പ്ര.1:8).

നിങ്ങൾ സംസാരിക്കുമ്പോൾ ദൈവത്തിന് പൂർണ്ണസ്വാതന്ത്ര്യം ഉണ്ടാകട്ടെ. ദൈവത്തിന്റെ സന്ദേശം മറ്റുള്ളവരെ മോചിപ്പിക്കും മുമ്പ്, അവന്റെ മോചനം ആദ്യം നിങ്ങളിൽ യഥാർത്ഥമാകട്ടെ. നിങ്ങൾക്ക് വേണ്ട വിവരങ്ങൾ സസൂക്ഷ്മം ശേഖരിക്കുക, എന്നിട്ട് ദൈവ മഹത്വത്തിനായി അതിനെ ജ്വലിക്കാൻ അനുവദിക്കുക.



## മാർച്ച് 11

# ദർശനം

**''ഞാൻ സ്വർഗ്ഗീയദർശനത്തിന് അനുസരണക്കേട് കാണിക്കാതെ ....................'' അപ്പൊസ്തല പ്രവൃത്തികൾ 26:19.**

നമ്മുടെ സ്വർഗ്ഗീയദർശനം നമുക്ക് നഷ്ടപ്പെടുന്നുവെങ്കിൽ അതിനുത്തരവാദി ദൈവമല്ല, നാം തന്നേയാണ്. നമ്മുടെ ആത്മീയ വളർച്ചയില്ലായ്മയാണ് ഈ ദർശന നഷ്ടത്തിന് കാരണം. നിത്യജീവിതത്തിലെ കാര്യങ്ങളിൽ നമ്മുടെ ദൈവവിശ്വാസം നാം ഉപയോഗിച്ചില്ലെങ്കിൽ ദൈവം നമുക്ക് നല്കിയിട്ടുള്ള ദർശനം ഒരിക്കലും സാക്ഷാത്കരിക്കപ്പെടുകയില്ല. സ്വർഗ്ഗീയ ദർശനത്തോട് അനുസരണമുള്ളവരായിരിക്കാനുള്ള ഒരേയൊരു വഴി ദൈവത്തിന്റെ അത്യുന്നത മഹത്വത്തിന് നമുക്ക് കഴിയുന്നതെല്ലാം നമ്മുടെ പരമാവധി നല്കുക എന്നതാണ്. ഇത് ചെയ്യാൻ നിശ്ചയദാർഢ്യത്തോടു കൂടി, നിരന്തരമായി നാം ആ ദർശനത്തെ ഓർമ്മയിൽ നിലനിർത്തണം. സ്വർഗ്ഗീയ ദർശനത്തോടുള്ള അനുസരണത്തിന്റെ പരിശോധന പ്രാർത്ഥനയുടെയും കൂട്ടായ്മകളുടെയും സമയത്തു മാത്രമല്ല, ഓരോ മണിക്കൂറിന്റെയും ഓരോ മിനിറ്റിലും ഓരോ മിനിറ്റിന്റെയും ഓരോ സെക്കന്റിലും ഉണ്ടായിരിക്കണം.

അതു വൈകിയാലും അതിന്നായി കാത്തിരിക്ക (ഹബക്കുക്ക് 2:3). നമ്മുടെ സ്വന്തശ്രമത്താൽ നമുക്കൊരു ദർശനം സാക്ഷാത്കരിക്കാൻ കഴിയുകയില്ല. അത് സ്വയം സാക്ഷാത്കരിക്കുന്നത് വരെ അതിന്റെ പ്രചോദനത്തിൽ നാം ജീവിക്കണം. കാണുന്ന ദർശനത്തെ മറന്ന് പോകും വിധം നാം പ്രായോഗിക പ്രവർത്തനങ്ങളിലേക്ക് കുതിക്കുന്നു. ദർശനം സാക്ഷാത്ക്കരിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ ആ ദർശനത്തെ നമുക്ക് കാണുവാൻ കഴിയുന്നതുപോലുമില്ല. വരാൻ വൈകുന്ന ദർശനത്തിനായി കാത്തിരിക്കുന്നതാണ് ദൈവത്തോടുള്ള നമ്മുടെ വിശ്വസ്തയുടെ പരീക്ഷ.

ദൈവത്തിന്റെ ചുഴലിക്കാറ്റുകൾക്കായി നോക്കിയിരിക്കുക. തന്റെ ചുഴലിക്കാറ്റുകളിലൂടെയാണ് ദൈവം വിശുദ്ധന്മാരെ നട്ട് വളർത്തുന്നത്. നിങ്ങൾ വിത്തില്ലാത്ത വെറും ഒരു തോട് മാത്രമാണെന്ന് സ്വയം തെളിയിക്കുമോ? ഇത്, നിങ്ങൾ കണ്ട ദർശനത്തിന്റെ വെളിച്ചത്തിലാണോ നിങ്ങൾ യഥാർത്ഥത്തിൽ ജീവിക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. ദൈവം നിങ്ങളെ അവന്റെ കൊടുങ്കാറ്റിലേയ്ക്ക് വലിച്ചെറിയട്ടെ. അങ്ങനെ അവൻ ചെയ്യും വരെ നിങ്ങൾ പോകാതിരിക്കുക. നിങ്ങളെ നടാനുള്ള സ്ഥലം നിങ്ങൾ തന്നേ തെരഞ്ഞെടുത്താൽ, നിങ്ങളൊരു പൊള്ളയായ തോടാണെന്ന് സ്വയം തെളിയിക്കും. ദൈവം നിങ്ങളെ നടാൻ അനുവദിച്ചാൽ നിങ്ങൾ വളരെ ഫലം കായ്ക്കും (യോഹ. 15:8).

നമുക്കായുള്ള ദൈവദർശനത്തിന്റെ വെളിച്ചത്തിൽ നാം നടക്കയും ജീവിക്കയും ചെയ്യേണ്ടത് അത്യാവശ്യമാണ് (1 യോഹന്നാൻ 1:7).

## മാർച്ച് 12

# പൂർണ്ണമായ പരിത്യാഗം

**‘പത്രോസ് അവനോടു : ഇതാ ഞങ്ങൾ സകലവും വിട്ട് നിന്നെ അനുഗമിച്ചിരിക്കുന്നു എന്നു പറഞ്ഞുതുടങ്ങി’. മർക്കൊസ് 10:28.**

ഈ വാക്യത്തിൽ പത്രോസ് നടത്തുന്ന പ്രസ്താവനയ്ക്ക് നമ്മുടെ കർത്താവ് നല്കുന്ന മറുപടി പൂർണ്ണമായ പരിത്യാഗം എന്റെ നിമിത്തവും സുവിശേഷം നിമിത്തവും ആകുന്നു എന്നത്രേ (മർക്കൊ. 10:29) അത്, ഈ കീഴടങ്ങലിൽ നിന്ന് തങ്ങൾക്കെന്ത് കിട്ടുമെന്ന് ശിഷ്യന്മാർ വിശ്വസിച്ച കാര്യത്തിനല്ല. ഒരു കച്ചവടമനഃസ്ഥിതിയുള്ള കീഴടങ്ങലിനെ സൂക്ഷിച്ചു കൊൾക. ഞാൻ എന്നെ ദൈവത്തിന് നല്കാൻ പോകുന്നു, കാരണം ‘എനിക്ക് പാപത്തിൽ നിന്ന് മോചിതനാകണം, എനിക്ക് വിശുദ്ധീകരിക്കപ്പെടണം.’ ഇതൊക്കെ ദൈവവുമായി ശരിയായ ബന്ധത്തിലാകുന്നതിന്റെ ഫലമാണ്, എന്നാൽ ക്രിസ്തീയതയുടെ അടിസ്ഥാന പ്രകൃതത്തിന്റെ ഭാഗമല്ല. പൂർണ്ണമായ കീഴടങ്ങൽ മറ്റൊന്നും ലഭിക്കുന്നതിനു വേണ്ടിയല്ല. ദൈവത്തിൽ നിന്ന് എന്തെങ്കിലും കിട്ടാൻ വേണ്ടി മാത്രം അവന്റെയടുത്തേയ്ക്ക് ചെല്ലുന്ന കച്ചവടമനഃസ്ഥിതിക്കാരായിരിക്കുന്നു നാം. വേണ്ട, കർത്താവേ, എനിക്ക് നിന്നെ വേണ്ട, എനിക്ക് എന്നെ മാത്രം മതി. എനിക്ക് ശുദ്ധീകരിക്കപ്പെട്ട്, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദാ, ഇതാണ് ദൈവം എനിക്കായി ചെയ്തത് എന്ന് പറഞ്ഞ് നിന്റെ പ്രദർശനശാലയിൽ ഇരുന്നാൽ മതി എന്ന് പറയുന്നത് പോലെയാണിത്. ദൈവത്തിൽ നിന്ന് കൂടുതൽ തിരിച്ചു കിട്ടുന്നതിനുവേണ്ടി നമ്മളെന്തെങ്കിലും ദൈവത്തിനു കൊടുക്കുന്നുവെങ്കിൽ, അതിൽ പരിശുദ്ധാത്മാവില്ല. അതു വെറും കച്ചവട മനഃസ്ഥിതിയോടുകൂടിയ സ്വാർത്ഥ താല്പര്യമാണ്. യഥാർത്ഥ കീഴടങ്ങലിൽ നമ്മുടെ പാപമോചനമോ, സ്വർഗ്ഗപ്രാപ്തിയോ നമ്മെക്കൊണ്ടുള്ള പ്രയോജനമോ ഒന്നും കടന്ന് വരുന്നില്ല. ഇത് യേശുക്രിസ്തുവിനോടുള്ള നമ്മുടെ വ്യക്തിപരമായ അങ്ങേയറ്റത്തെ സ്നേഹമാണ്.

നമ്മുടെ സ്വാഭാവിക ബന്ധങ്ങളുയർത്തുന്ന തടസ്സങ്ങളുടെ മുമ്പിൽ യേശുക്രിസ്തു എവിടെയാണ്? ‘‘കർത്താവേ നീ വിളിച്ചത് ഞാൻ കേട്ടു; പക്ഷേ വഴിയിൽ ഇതാ, എന്റെ അമ്മ, ഭാര്യ, എന്റെ വ്യക്തിതാല്പര്യങ്ങൾ, എനിക്ക് മുന്നോട്ട് പോകാൻ വയ്യാ’’ എന്ന് നാം പറയുമ്പോൾ (ലൂക്കൊ 9. 57-63) ‘‘നിനക്കെന്റെ ശിഷ്യനാകാൻ സാധിക്കുകയില്ല’’ എന്ന് യേശുവും പറയുന്നു (ലൂക്കൊ. 14: 26-33).

സ്വാഭാവിക ഭക്തിക്കുമപ്പുറമാണ് കീഴടങ്ങലിന്റെ പരീക്ഷ. അതിനെ ജയിക്കുക. അപ്പോൾ നമ്മുടെ പരിത്യാഗം മൂലം നഷ്ടമോ വേദനയോ ഉണ്ടായവരെ ദൈവം തന്റെ സ്വയത്യാഗം മൂലം തന്നോടു ചേർത്തുകൊള്ളും. ദൈവത്തോടുള്ള പൂർണ്ണമായ കീഴടങ്ങലിൽ കുറഞ്ഞുള്ള എന്തിനെയും സൂക്ഷിക്കുക. നമ്മിലൊട്ടുമിക്കപേർക്കും, സങ്കല്പത്തിലൂടെയുള്ള കീഴടങ്ങലേ അറിയൂ. കീഴടങ്ങൽ സങ്കല്പത്തിൽ ഒതുങ്ങിപ്പോകുന്നു.

## മാർച്ച് 13

# നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ സമർപ്പണം

**'ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'. യോഹന്നാൻ 3:16.**

രക്ഷ പാപത്തിൽ നിന്നുള്ള മോചനം മാത്രമോ വ്യക്തിപരമായ വിശുദ്ധിയുടെ അനുഭവമോ അല്ല. ദൈവിക രക്ഷ സ്വയത്തിൽനിന്നുള്ള മോചനവും ദൈവത്തോട് ഒന്നായിത്തീരുന്നതുമാണ്. രക്ഷയെക്കുറിച്ച് എന്റെ പരീക്ഷണങ്ങളിലൂടെ ഞാനറിഞ്ഞത് പാപമോചനത്തിന്റെയും വ്യക്തിഗത വിശുദ്ധിയുടെയും വഴികളിലൂടെയാണ്. എന്നാൽ ദൈവാത്മാവ് എന്നെ ദൈവവ്യക്തിത്വവുമായി സമ്പർക്കത്തിൽ കൊണ്ടുവരികയും എന്നേക്കാൾ അപരിമിതാംവിധം മഹത്വമേറിയ ഒന്നിനാൽ ഞാൻ ആവേശഭരിതമാകുകയും ചെയ്യുന്നതാണ് രക്ഷ. ദൈവത്തിന്റെ ആത്മസമർപ്പണത്താൽ ഞാൻ പിടികൂടപ്പെട്ടിരിക്കുന്നു.

വിശുദ്ധീകരണത്തെക്കുറിച്ച് പ്രസംഗിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് പറയുന്നത് പ്രധാനകാര്യത്തിൽ നിന്ന് അകന്ന് പോകലാണ്. യേശുക്രിസ്തുവിനെക്കുറിച്ച് സുവിശേഷിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് (1 കൊരിന്ത്യർ 2:2). ദൈവം നമ്മെ പാപത്തിൽ നിന്ന് രക്ഷിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു എന്ന വസ്തുത ദൈവത്തിന്റെ അത്ഭുതകരമായ സ്വയത്യാഗത്തിന്റെ ഭാഗമാണ്.

നമ്മുടെ സ്വയത്യാഗത്തെപ്പറ്റി നാം ബോധവാന്മാരല്ല; കാരണം നമ്മുടെ ജീവിതം പൂർണ്ണമായി, ആരുടെ മുമ്പിൽ നാം സമർപ്പിക്കുന്നുവോ, ആ ആൾ ഏറ്റെടുത്തിരിക്കുന്നു. ആത്മസമർപ്പണത്തെക്കുറിച്ച് നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടെങ്കിൽ, അതേക്കുറിച്ച് സംസാരിക്കുന്നത് സൂക്ഷിക്കുക. ''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്'' എന്ന് യോഹന്നാൻ 3:16–ൽ പറയുന്നത് പോലെ ദൈവം തന്നെത്താൻ പൂർണ്ണമായി നല്കി എന്ന് മനസ്സിലാകുന്നത് വരെ, നിങ്ങൾ ഒന്നും അറിയുകയുമില്ല. ദൈവം നമുക്കായി തന്നെത്തന്നേ നല്കിയതു പോലെ നമ്മുടെ ആത്മസമർപ്പണത്തിൽ നാം നമ്മെത്തന്നേ യാതൊരു കണക്കുകൂട്ടലുകളുമില്ലാതെ നല്കുന്നു. നമ്മുടെ ജീവിതം പൂർണ്ണമായും അവൻ ഏറ്റെടുത്തിരിക്കുന്നതിനാൽ ഈ ആത്മസമർപ്പണത്തിന്റെ, പരിത്യാഗത്തിന്റെ, അനന്തരഫലങ്ങൾ നമ്മുടെ വീക്ഷണത്തിലേയ്ക്ക് ഒരിക്കലും പ്രവേശിക്കുന്നില്ല.



## മാർച്ച് 14

# കീഴടങ്ങൽ

**''നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നേ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവനു ദാസന്മാർ ആകുന്നു എന്ന് അറിയുന്നില്ലയോ?'' റോമർ 6:16**

എന്നെ അടക്കി ഭരിക്കുന്ന ശക്തിയെ വിശകലനം ചെയ്യേണ്ടതിന് ഞാനാദ്യം ചെയ്യേണ്ട കാര്യം എന്നെ അടക്കിഭരിക്കുന്നതെന്തോ അതിന് കീഴടങ്ങിയതിന് എനിക്കുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുകയാണ്, ആ അപ്രസന്നമായ വസ്തുതയെ പരിശോധിക്കുകയാണ് ഞാൻ ചെയ്യേണ്ടത്. ഞാൻ എന്റെ തന്നേ അടിമയാണെങ്കിൽ കുറ്റം എന്റേതാണ്; കാരണം കഴിഞ്ഞ കാലങ്ങളിലെപ്പോഴോ ഞാൻ എനിക്ക് കീഴടങ്ങി. അത് പോലെ ഞാൻ ദൈവത്തെ അനുസരിക്കുന്നുവെങ്കിൽ, എന്റെ ജീവിതത്തിലെ ഏതോ ഒരു സമയത്ത് ഞാൻ സ്വയം ദൈവത്തിന് കീഴടങ്ങിയതു കൊണ്ടാണ്.

ഒരു കുട്ടി സ്വാർത്ഥതയ്ക്ക് കീഴടങ്ങുന്നുവെങ്കിൽ ഈ ഭൂമിയിലെ ഏറ്റവും വലിയ അടിമത്തത്തിലാക്കുന്ന സ്വേച്ഛാധിപത്യം അതാണെന്ന് അവൻ അറിയും. കീഴടങ്ങലിലൂടെ വന്ന ഒരടിമത്തത്തെ തകർക്കാൻ പോന്ന ഒരു ശക്തിയും മനുഷ്യാത്മാവിലില്ല. കാമം പോലെ എന്തെങ്കിലുമൊന്നിന് (എന്താണ് കാമം? അത് ജഡത്തിന്റെയായാലും ശരി, മനസ്സിന്റെയായാലും ശരി, എനിക്കിപ്പോൾ, ഇപ്പോൾത്തന്നേ അത് വേണം എന്ന ചിന്ത) ഒരിക്കൽ കീഴടങ്ങിയാൽ, അതിന്റെ പേരിൽ നിങ്ങൾ സ്വയം വെറുത്താലും ശരി, പിന്നെ നിങ്ങൾ എന്നും അതിനടിമയായിരിക്കും. രക്ഷയിൽ അല്ലാതെ മനുഷ്യശക്തിയിൽ മോചനമില്ല. അടക്കിഭരിക്കുന്ന ശക്തി തകർക്കാൻ കഴിയുന്ന ഒരേ ഒരാളായ കർത്താവായ യേശുക്രിസ്തുവിന് കടുത്ത അപമാനബോധത്തോടെ നിങ്ങൾ കീഴടങ്ങുക.

എന്തെങ്കിലും ഒന്നിന് നിങ്ങൾ കീഴടങ്ങിക്കഴിഞ്ഞാൽ, വൈകാതെ അതിന് നിങ്ങളുടെ മേലുള്ള വലിയ നിയന്ത്രണം നിങ്ങൾ മനസ്സിലാക്കും. തോന്നുമ്പോൾ, ഈ ശീലം ഉപേക്ഷിക്കാൻ സാധിക്കുകയില്ല. സ്വമനസ്സാലെ നിങ്ങൾ അതിന് കീഴടങ്ങിയതിനാൽ ആ ശീലം നിങ്ങളെ പൂർണ്ണമായി അടക്കിഭരിക്കുന്നുവെന്ന് നിങ്ങൾക്ക് മനസ്സിലാകും. എല്ലാ ചങ്ങലയെയും അവൻ തകർക്കുമെന്ന് പാടാൻ എളുപ്പമാണ്; അതേ സമയം നിങ്ങൾ നിങ്ങളോട് തന്നേയുള്ള അടിമത്തത്തിൽ കഴിയുകയുമായിരിക്കും. യേശുക്രിസ്തുവിന് കീഴടങ്ങുന്നത് ഏത് മനുഷ്യജീവിതത്തിലെയും ഏത് തരം അടിമത്തത്തെയും തകർക്കും.

## മാർച്ച് 15

# ഭയപ്പാടിന്റെ അച്ചടക്കം

**''യേശു അവർക്ക് മുമ്പായി നടന്നു. അവർ വിസ്മയിച്ചു. അനുഗമിക്കുന്നവരോ ഭയപ്പെട്ടു'' മർക്കോസ് 10:32.**

യേശുക്രിസ്തുവുമൊത്തുള്ള നമ്മുടെ ജീവിതത്തിന്റെ ആരംഭത്തിൽ, യേശുവിനെക്കുറിച്ച് അറിയാനുള്ളതെല്ലാം നാമറിഞ്ഞു എന്ന് നമുക്കുറപ്പായിരുന്നു. അവന് വേണ്ടി സർവ്വതും ഉപേക്ഷിച്ച് നിർഭയമായൊരു സ്നേഹവെളിപ്പെടുത്തലിൽ നമ്മെ അവന്റെ മുമ്പിൽ സമർപ്പിക്കുന്നത് വലിയൊരാനന്ദമായിരുന്നു; എന്നാൽ ഇപ്പോൾ നമുക്കത്ര ഉറപ്പില്ല. ''യേശു അവർക്ക് മുമ്പായി നടന്നു. അവർ വിസ്മയിച്ചു'' (മർക്കൊ. 10:32).

ഒരു ശിഷ്യന്റെ മനസ്സിന്റെ അടിത്തട്ടോളം, അതിനെ മരവിപ്പിക്കുകയും, അയാളുടെ ആത്മീയജീവിതമാകെ, ശ്വാസം മുട്ടിക്കുകയും ചെയ്യുന്ന ഒരു വശം യേശുവിലുണ്ട്. തീക്കല്ലുപോലെയുള്ള മുഖവും (യെശ. 50:7) വലിയ നിശ്ചയദാർഢ്യവുമുള്ള ഈ അസാധാരണ മനുഷ്യൻ എന്റെ ഹൃദയത്തിൽ ഭീതിയുളവാക്കുന്നു. അവൻ ഇനി എനിക്ക് ഉപദേശകനും സഖിയുമല്ല. എനിക്കൊന്നുമറിയാത്ത ഒരു കാഴ്ചപ്പാടാണ് അവനുള്ളത്, അവൻ എന്നിൽ വിസ്മയമുളവാക്കുന്നു. അവനെ ഞാൻ മനസ്സിലാക്കി എന്ന് ആദ്യം എനിക്കുറച്ച വിശ്വാസമായിരുന്നു, ഇപ്പോൾ എനിക്കത്ര ഉറപ്പു പോരാ. ക്രിസ്തുവിനും എനിക്കുമിടയിൽ അകലമുണ്ടെന്ന് ഞാൻ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. എനിക്ക് അവനുമായി ഗാഢമായ അടുപ്പത്തിലാകാൻ കഴിയുന്നില്ല. അവൻ എനിക്ക് മുമ്പിലാണ്, തിരിഞ്ഞു നോക്കുന്നില്ല. എങ്ങോട്ടാണ് അവൻ പോകുന്നതെന്ന് ഒരു രൂപവുമില്ല. ലക്ഷ്യം വിചിത്രമാംവിധം വളരെ ദൂരെയായിരിക്കുന്നു.

മനുഷ്യന് അനുഭവിക്കാവുന്ന എല്ലാ സങ്കടത്തിന്റെയും പാപത്തിന്റെയും ആഴം യേശുക്രിസ്തുവിന് അറിയേണ്ടിയിരുന്നു. അതാണ് യേശുവിനെ നമുക്ക് അപരിചിതനാക്കുന്നത്. യേശുവിലെ ഈ വശം കാണുമ്പോൾ നമുക്കവനെ അറിഞ്ഞുകൂടെന്ന് നാം മനസ്സിലാക്കുന്നു. അവന്റെ ജീവിതത്തിലെ ഒരു സ്വഭാവവിശേഷം പോലും നമുക്ക് തിരിച്ചറിയാൻ കഴിയാതെ പോകുകയും, എങ്ങനെയാണ് അവനെ പിന്തുടരേണ്ടതെന്ന് നമുക്കറിയാൻ വയ്യാതാകുകയും ചെയ്യുന്നു. അവൻ നമ്മുടെ മുമ്പിൽ, ഒരുപാട് ദൂരെയാണ്; നമുക്ക് തീരെ പരിചിതനല്ലാത്ത ഒരു നേതാവ്, നമുക്കവനുമായി ഒരു സഖിത്വവുമില്ല.

ശിഷ്യത്വത്തിൽ, നിരാശയുടെയും ഭയപ്പാടിന്റെയും അച്ചടക്കം അത്യന്താപേക്ഷിതമാണ്. ആദ്യകാലത്തെ ആവേശം വീണ്ടും ജ്വലിപ്പിക്കാനുള്ള പ്രവണതയാണ് അപകടം. എന്നാൽ നിരാശയുടെ ഇരുൾ മൂടുമ്പോൾ, അത് നീങ്ങുംവരെ പിടിച്ച് നില്ക്കുക, കാരണം, അതേത്തുടർന്ന് യേശുവിനെ അനുഗമിക്കാനും അത്യാനന്ദം അനുഭവിക്കാനും സാധിക്കും.

## മാർച്ച് 16

# യജമാനൻ ന്യായം വിധിക്കും

**''അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു'' 2 കൊരിന്ത്യർ 5:10.**

സുവിശേഷകരും, അല്ലാത്തവരുമായ ''നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു'' എന്നാണ് പൗലോസ് പറയുന്നത്. ക്രിസ്തുവിന്റെ ശുഭ്രമായ പ്രകാശത്തിൽ ഇപ്പോൾ ഇവിടെ ജീവിക്കുവാൻ നിങ്ങൾ പഠിക്കുമെങ്കിൽ ദൈവം നിങ്ങളിൽ പൂർത്തിയാക്കിയ വേലയിൽ ആനന്ദിപ്പാൻ ന്യായവിധിയുടെ സമയത്ത് ദൈവം ഇടയാക്കും. ക്രിസ്തുവിന്റെ ന്യായാസനം നിരന്തരം നിങ്ങളുടെ മനസ്സിലുണ്ടായിരിക്കുകയും ഏറ്റവും പരിശുദ്ധനായ അവന്റെ വെളിച്ചത്തിൽ നടക്കുകയും ചെയ്യുക. നിങ്ങളെത്രതന്നേ വിശുദ്ധനായിരുന്നാലും മറ്റൊരാളോട് തെറ്റായ മനോഭാവം വെച്ച് പുലർത്തിയാൽ അത് നിങ്ങളെ പിശാചിന്റെ വഴിയിൽ കൊണ്ടെത്തിക്കും. മറ്റൊരാളെക്കുറിച്ചുള്ള ജഡികമായ വിധിയെഴുത്ത് നിങ്ങളിലെ പൈശാചിക ഉദ്ദേശ്യങ്ങളെ ഉണർത്താനേ ഉതകൂ. ഉടൻതന്നേ അവയെ വെളിച്ചത്ത് കൊണ്ടുവന്ന് കുറ്റസമ്മതം നടത്തുക. ''അയ്യോ, ദൈവമേ, ഞാനിവിടെ കുറ്റക്കാരനായിരിക്കുന്നു.'' ഇങ്ങനെ നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമായിക്കൊണ്ടിരിക്കും. പാപത്തിന്റെ ശിക്ഷകളിലൊന്ന് നാം പാപത്തിലുറച്ച് പോകുക എന്നതാണ്. ദൈവം മാത്രമല്ല, പാപത്തിന് ശിക്ഷ നല്കുന്നത്. പാപം പാപിയിലുറയ്ക്കുകയും അതിന്റെ കണക്ക് തീർക്കുകയും ചെയ്യും. അപ്പോൾ എത്ര പാടുപെട്ടാലും, പ്രാർത്ഥിച്ചാലും ചില കാര്യങ്ങൾ ചെയ്യാതിരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇതൊക്കെ പാപമാണെന്ന് അറിയാത്തവിധം നിങ്ങൾ പാപവുമായി ഇണങ്ങും. പരിശുദ്ധാത്മാവിന്റെ കടന്നുവരവ് ഒഴികെ മറ്റൊന്നിനും പാപത്തിന്റെ സ്വാഭാവികമായുള്ള ഭവിഷ്യത്തുകളെ മാറ്റാൻ കഴിയുകയില്ല.

അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ ..... (1 യോഹന്നാൻ 1:7). വെളിച്ചത്തിൽ നടക്കുക എന്നത് നമ്മിലനേകർക്ക്, നാം മറ്റൊരാളിനായി നിശ്ചയിക്കുന്ന നിലവാരത്തിൽ നടക്കുക എന്നതാണ്. നാം ഇന്ന് കാണിക്കുന്ന ഏറ്റവും ഭയങ്കരമായ പരീശസ്വഭാവം കപടഭക്തിയല്ല പിന്നെയോ മിഥ്യയെക്കുറിച്ചു ബോധമില്ലാതിരിക്കുന്നു എന്നതാണ്.

## മാർച്ച് 17

# ദൈവവേല ചെയ്യുന്നവനെ ഭരിക്കുന്ന വികാരം

**''അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും, ശരീരം വിട്ടാലും, ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു'' (2 കൊരിന്ത്യർ 5:9).**

അവനെ പ്രസാദിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നമ്മുടെ പ്രധാന ലക്ഷ്യം സദാ നമ്മുടെ മുന്നിൽ വെയ്ക്കാൻ നാം കഠിനശ്രമം നടത്തേണ്ടതുണ്ട്. അത് ആത്മാക്കളെ നേടുക എന്നതോ, സഭകൾ സ്ഥാപിക്കുക എന്നതോ, ഉണർവ്വുകൾ സൃഷ്ടിക്കുക എന്നതോ അല്ല. അവനെ പ്രസാദിപ്പിക്കുക എന്ന ആഗ്രഹം മാത്രമാണ്. ആത്മീയാനുഭവത്തിന്റെ അഭാവമല്ല, നമ്മുടെ കണ്ണുകളെ ലക്ഷ്യത്തിൽ കേന്ദ്രീകരിച്ച് നിർത്താനുള്ള ശ്രമത്തിന്റെ കുറവാണ് പരാജയത്തിലേയ്ക്ക് നയിക്കുന്നത്. ആഴ്ചയിലൊരിക്കലെങ്കിലും നിങ്ങൾ സ്വന്തം ജീവിതത്തിലൊരു കണക്കെടുപ്പ് നടത്തി, ദൈവം ആഗ്രഹിക്കുന്ന നിലവാരത്തിൽ നിങ്ങൾ നിങ്ങളുടെ ജീവിതം കാത്തുസൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. ഗാനമേളയ്ക്കെത്തിയ ജനാവലിയുടെ പ്രശംസയല്ല, തന്റെ ഗുരുനാഥന്റേതായ അംഗീകാരത്തിന്റെ നോട്ടമാണ് നല്ലൊരു ഗായകൻ ആഗ്രഹിക്കുന്നത്.

ദൈവത്താൽ സ്വീകരിക്കപ്പെടുക എന്ന ആ കേന്ദ്രബിന്ദുവിൽ നിന്ന് ലേശമെങ്കിലും അകറ്റുന്ന ഏതൊരു ആഗ്രഹവും നമ്മെ അന്ത്യത്തിൽ പുറന്തള്ളപ്പെട്ടവരാക്കും (2 തിമൊ. 2:15). നിങ്ങളുടെ ആഗ്രഹം നിങ്ങളെ എങ്ങോട്ടാണ് നയിക്കുന്നതെന്ന് സൂക്ഷ്മമായി കണ്ടറിയാൻ പഠിക്കുക. അപ്പോൾ കർത്താവായ യേശുവിനെ അഭിമുഖീകരിച്ച് ജീവിക്കേണ്ടത് (എബ്രാ. 12:2) എന്തുകൊണ്ട് അത്യാവശ്യമാണെന്ന് നിങ്ങൾ മനസ്സിലാക്കും. ''മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്, എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്'' (1 കൊരിന്ത്യർ 9:27).

സർവ്വതിനേയും പ്രധാന ആഗ്രഹവുമായി ബന്ധപ്പെടുത്താനും, യാതൊരു തടസ്സവും കൂടാതെ അതിനെ നിലനിർത്താനും ഞാൻ പഠിക്കേണ്ടതുണ്ട്. സ്വകാര്യജീവിതത്തിൽ ഞാൻ യഥാർത്ഥത്തിൽ എന്താണോ അതിനനുസരിച്ചാണ് പൊതുജീവിതത്തിൽ ദൈവത്തിന് എന്നെക്കൊണ്ടുള്ള പ്രയോജനം അളക്കപ്പെടുന്നത്. ദൈവത്തെ പ്രസാദിപ്പിക്കുന്നതും, അവനാൽ സ്വീകരിക്കപ്പെടുന്നതുമാണോ എന്റെ പ്രാഥമിക ലക്ഷ്യം അതോ, എത്രതന്നേ ശ്രേഷ്ഠമായതെങ്കിലും, അതിൽ കുറഞ്ഞ മറ്റെന്തെങ്കിലുമാണോ?

## മാർച്ച് 18

# ഞാൻ ഇതിലേയ്ക്ക് എന്നെ ഉണർത്തട്ടെയോ?

**''പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക''. 2 കൊരിന്ത്യർ 7:1.**

''ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട്'' ദൈവത്തിന്റെ ഈ വാഗ്ദാനങ്ങളുടെ പൂർത്തീകരണം നമുക്കവകാശപ്പെടാം. ഞാൻ എന്റെ ശരീരത്തെ പരിശുദ്ധാത്മാവിന്റെ നിവാസമായിട്ടാണോ (1 കൊരി. 6:19) കരുതുന്നത്? അതോ ഏതോ ദുശ്ശീലത്തെ കണ്ണടച്ച്, എന്റെ ശരീരത്തിൽ കൊണ്ടുനടക്കയാണോ? തന്റെ പാപമോചനത്തിലൂടെ ദൈവം തന്റെ പുത്രനെ എന്നിൽ രൂപപ്പെടുത്തി (ഗലാ. 4:19). അതുകൊണ്ട് അവനോടുള്ള അനുസരണത്തിൽ എന്റെ സ്വാഭാവിക ജീവിതം ഞാൻ ആത്മീയ ജീവിതമായി രൂപാന്തരപ്പെടുത്തണം. ജീവിതത്തിന്റെ ഏറ്റവും ചെറിയ വിശദാംശങ്ങളിൽ വരെ ദൈവം നമുക്ക് ശിക്ഷണം നല്കുന്നു. ദൈവം നിങ്ങളെ പാപത്തിന് കുറ്റം വിധിക്കുമ്പോൾ ''മാംസരക്തങ്ങളോട് ആലോചിക്കാതെ'' (ഗലാത്യർ 1:16) നിങ്ങളെ ശുദ്ധീകരിക്കുക. നിത്യജീവിതത്തിൽ നിങ്ങൾ നിങ്ങളെത്തന്നേ വിശുദ്ധിയിൽ കാത്ത് സൂക്ഷിക്കുക.

ജഡത്തിന്റെയും ആത്മാവിന്റെയും സർവ്വ മാലിന്യത്തിൽ നിന്നും, അവ രണ്ടും ദൈവപ്രകൃതവുമായി യോജിക്കും വരെ, ഞാൻ എന്നെ സ്വയം ശുദ്ധീകരിക്കണം. എന്റെ ആത്മീയമനസ്സ് എന്നിലുള്ള ദൈവപുത്രനുമായി പൂർണ്ണ യോജിപ്പിലാണോ അതോ ഞാൻ മാനസികമായി നിഷേധത്തിലും ധിക്കാരത്തിലുമാണോ? ക്രിസ്തുയേശുവിലുള്ള ഭാവം (ഫിലിപ്പിയർ 2:5) എന്നിൽ രൂപീകരിക്കാൻ ഞാൻ അനുവദിക്കുന്നുണ്ടോ?ക്രിസ്തു ഒരിക്കലും അവന് തന്നിൽത്തന്നേയുള്ള അവകാശത്തെക്കുറിച്ച് സംസാരിച്ചില്ല; എന്നാൽ തന്റെ ആത്മാവിനെ തന്റെ പിതാവിന് നിരന്തരം കീഴ്പ്പെടുത്തിവയ്ക്കാൻ വേണ്ടുന്ന ഒരു ആന്തരിക ജാഗ്രത അവൻ സദാപുലർത്തി. എന്റെ ആത്മാവിനെ അവന്റെ ആത്മാവുമായി യോജിപ്പിൽ വെക്കാനുള്ള ഉത്തരവാദിത്തം എനിക്കുണ്ട്. അങ്ങനെ ഞാൻ ചെയ്യുമ്പോൾ, ക്രിസ്തു അവൻ ജീവിച്ച തലത്തിലേക്ക് എന്നെ സാവധാനം ഉയർത്തും – പിതാവിന്റെ ഇച്ഛയ്ക്ക് പൂർണ്ണമായി വഴങ്ങുന്ന, മറ്റൊന്നിനും ശ്രദ്ധ നല്കാത്ത ഒരു തലം! ദൈവഭയത്തിലാണോ ഞാൻ ഈ രീതിയിലുള്ള വിശുദ്ധിയെ പരിപൂർണ്ണമാക്കിക്കൊണ്ടിരിക്കുന്നത്? ദൈവം തന്റെ ഇഷ്ടമനുസരിച്ച് എന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നുണ്ടോ? ആളുകൾ എന്റെ ജീവിതത്തിൽ ദൈവത്തെ കൂടുതൽ, കൂടുതൽ കാണുന്നുണ്ടോ?

ദൈവത്തോടുള്ള സമർപ്പണത്തിൽ ഗൗരവം പുലർത്തുക, മറ്റെല്ലാം സന്തോഷപൂർവ്വം വേണ്ടെന്ന് വെക്കുക. അക്ഷരാർത്ഥത്തിൽ ദൈവത്തിന് നിങ്ങളുടെ ജീവിതത്തിൽ ആദ്യസ്ഥാനം കൊടുക്കുക.

## മാർച്ച് 19

# അബ്രാഹാമിന്റെ വിശ്വാസവഴി

**''വിശ്വാസത്താൽ അബ്രാഹാം തനിക്കു അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ച് എവിടേക്ക് പോകുന്നു എന്നറിയാതെ പുറപ്പെട്ടു'' (എബ്രായർ 11:8)**

പഴയനിയമത്തിൽ ദൈവവുമായുള്ള വ്യക്തിബന്ധം സ്വയം വെളിപ്പെട്ടിരുന്നത് വേർപാടിലായിരുന്നു. തന്റെ ദേശത്ത് നിന്നും, തന്റെ ബന്ധുജനങ്ങളിൽ നിന്നുമുള്ള അബ്രാമിന്റെ വേർപാട് ഇതിന്റെ പ്രതീകമത്രെ. ഇന്ന് നാം വേർപാടിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ദൈവവുമായി വ്യക്തിബന്ധമില്ലാത്ത നമ്മുടെ കുടുംബാംഗങ്ങളോടുള്ള അക്ഷരാർത്ഥത്തിലുള്ള വേർപാടിനെക്കുറിച്ചല്ല, മറിച്ച് അവരുടെ കാഴ്ചപ്പാടിൽ നിന്നും മാനസികമായും ധാർമ്മികമായും വേർപെടുന്നതിനെക്കുറിച്ചാണ് ചിന്തിക്കുന്നത് (ലൂക്കൊ. 14:36).

ഒരു വിശ്വാസ ജീവിതം നയിക്കുക എന്ന് വെച്ചാൽ എങ്ങോട്ടാണ് നയിക്കപ്പെടുന്നത് എന്നറിയുന്നില്ല; എന്നാൽ നയിക്കുന്ന ആളെ അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നു. ബുദ്ധിയുടെയും, യുക്തിയുടെയും, ജീവിതമല്ല ഇത്, വിശ്വാസത്തിന്റെ ജീവിതമത്രേ; ആരാണ് നമ്മെ കൊണ്ടു പോകുന്നത് എന്നറിയുന്ന ജീവിതം! വിശ്വാസത്തിന്റെ വേര്, നയിക്കുന്ന വ്യക്തിയെക്കുറിച്ചുള്ള അറിവിലാണ്. ഏറ്റവും വലിയ കെണിയാകട്ടെ, ദൈവം തീർച്ചയായും നമ്മെ വിജയത്തിലേക്ക് നയിക്കും എന്ന ആശയവും.

വിശ്വാസ ജീവിതത്തിലെ അവസാനഘട്ടം സ്വഭാവം കൈവരിക്കലാണ്. ഈ പ്രക്രിയയിൽ നാം പല മാറ്റങ്ങളും നേരിടുന്നു. പ്രാർത്ഥിക്കുമ്പോൾ ദൈവാനുഗ്രഹം പൊതിയുന്നുവെന്ന് നമുക്ക് തോന്നുകയും തൽക്കാലത്തേക്ക് നാം പിൻമാറുകയും ചെയ്യുന്നു. നാം സാധാരണ ദിവസങ്ങളിലേക്ക് മടങ്ങിപ്പോകുകയും എല്ലാ പ്രഭയും മറയുകയും ചെയ്യുന്നു. വിശ്വാസ ജീവിതം ചിറകുകളുമായി ഉയർന്ന് പോകലല്ല; തളർന്നു പോകാതെയുള്ള നടത്തമാണ്. (യെശ. 40:31)വിശുദ്ധീകരണം ഇവിടെ വിഷയമേ അല്ല. വിശുദ്ധീകരണം കഴിഞ്ഞ് മുന്നോട്ട് കുറേ പോയ ശേഷം പരീക്ഷകളെ ജയിച്ച് നിലനില്ക്കുന്ന വിശ്വാസത്തിന്റെ ഉറച്ച നിലപാടാണത്. യഥാർത്ഥ ദൈവത്തിൽ പണിതുയർത്തിയതും പരീക്ഷിക്കപ്പെട്ടതുമായ ഒരു ജീവിതം. ''അബ്രാഹാം ദൈവത്തെ വിശ്വസിച്ചു''(റോമർ 4:3).

## മാർച്ച് 20

# ദൈവവുമായുള്ള സഖിത്വം

**'ഞാൻ ചെയ്യാനിരിക്കുന്നത് അബ്രാഹാമിനോട് മറച്ച്‌വെക്കുമോ?' ഉല്പത്തി 18:17**

ദൈവവുമായുള്ള സഖിത്വത്തിന്റെ ആനന്ദങ്ങൾ: പ്രാർത്ഥനയിൽ വല്ലപ്പോഴും അനുഭവപ്പെടുന്ന ദൈവസാന്നിദ്ധ്യവുമായി താരതമ്യം ചെയ്യുമ്പോൾ, ദൈവവുമായുള്ള യഥാർത്ഥ സഖിത്വത്തിന്റെ ആനന്ദം എത്ര അധികമാണ് എന്ന് ഉല്പത്തി 18 വെളിപ്പെടുത്തുന്നു. തന്റെ ഹിതം എന്താണെന്ന് കാണിച്ച് തരാൻ ഒരിക്കലും ആവശ്യപ്പെടേണ്ടിവരാത്തവിധം നിങ്ങൾ ദൈവവുമായി കൂട്ടുകെട്ടിലാണെങ്കിൽ, അതിനർത്ഥം നിങ്ങളുടെ വിശ്വാസ ജീവിതശിക്ഷണത്തിന്റെ അവസാനഘട്ടത്തോട് നിങ്ങൾ അടുത്തുകൊണ്ടിരിക്കുന്നു എന്നത്രേ. നിങ്ങൾ ദൈവവുമായി ശരിയായ ബന്ധത്തിലായിരിക്കുമ്പോൾ അത് മോചനത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും ആനന്ദത്തിന്റെയും ജീവിതമാണ്. നിങ്ങൾ ദൈവത്തിന്റെ ഹിതമത്രേ; ദൈവം തടയാത്തിടത്തോളം, നിങ്ങളുടെ സാമാന്യബുദ്ധിയുടെ തീരുമാനങ്ങൾ നിങ്ങൾക്കായുള്ള ദൈവഹിതമാകുന്നു. തെറ്റാണെങ്കിൽ ദൈവം തടയും എന്നറിഞ്ഞുകൊണ്ട് ദൈവവുമായുള്ള ആനന്ദനിർഭരമായ സൗഹൃദത്തിൽ നിങ്ങൾ തീരുമാനങ്ങളെടുക്കുന്നു. ദൈവം തടഞ്ഞാൽ അപ്പോൾ നിർത്തിക്കൊൾക.

ദൈവവുമായുള്ള സഖിത്വത്തിന്റെ ബുദ്ധിമുട്ടുകൾ: എന്തുകൊണ്ടാണ് അബ്രാഹാം താൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നത് നിർത്തിയേടത്ത് നിർത്തിയത്? തന്റെ ആഗ്രഹം ദൈവം സാധിച്ചുതരുന്നത് വരെയും ധൈര്യമായി പ്രാർത്ഥന തുടരാൻ തന്നെ പ്രാപ്തനാക്കുന്ന വിധം ദൈവവുമായി ഒരു ഗാഢബന്ധത്തിലേയ്ക്ക് അബ്രഹാം വന്നിരുന്നില്ല. എപ്പോൾ നാം പ്രാർത്ഥന നിർത്തിയിട്ട്, ''ശരി, എനിക്കറിഞ്ഞു കൂടാ, ഒരു പക്ഷേ ഇത് ദൈവേഷ്ടമായിരിക്കില്ല'' എന്ന് പറയുന്നുവോ, അപ്പോൾ ഒരു ഘട്ടം കൂടി നാം കടക്കുവാനുണ്ട്. യേശു ആയിരുന്നിടത്തോളം നാമും ആയിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. അത്രത്തോളം ഗാഢബന്ധത്തിലായിട്ടില്ല നാം. ''അവരും നമ്മിൽ ആകേണ്ടതിന് തന്നേ'' (യോഹന്നാൻ 17:22). നിങ്ങൾ അവസാനം പ്രാർത്ഥിച്ച കാര്യം ഓർമ്മിക്കുക. നിങ്ങൾ ആ കാര്യത്തോടായിരുന്നോ ദൈവത്തോടായിരുന്നോ സമർപ്പിതനായിരുന്നത്? ആത്മാവിന്റെ ദാനങ്ങളായിരുന്നോ, ദൈവത്തെയായിരുന്നോ, നിങ്ങൾ ആഗ്രഹിച്ചിരുന്നത്? നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കും മുമ്പെ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ (മത്തായി 6:8). അങ്ങനെ ചോദിക്കേണ്ടതിന്റെ ആവശ്യം നിങ്ങൾ ദൈവത്തെ കുറേക്കൂടി നന്നായി അറിയാനാണ്. ''യഹോവയിൽ തന്നേ ആനന്ദിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും'' (സങ്കീർത്തനം 37:4). ദൈവത്തെ പൂർണ്ണമായി അറിയാൻ പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുക.

## മാർച്ച് 21

# വെറും താല്പര്യമോ താദാത്മ്യമോ?

**'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു .........'' ഗലാത്യർ 2:20**

നമ്മുടെ പാപപ്രകൃതത്തിന്റെ മരണപത്രം ഒപ്പിടുക എന്നതാണ് നമ്മുടെയോരോരുത്തരുടെയും അനിവാര്യമായ ആത്മീയ ആവശ്യം. ഞാൻ എന്റെ വൈകാരികമായ അഭിപ്രായങ്ങളും ബൗദ്ധിക വിശ്വാസങ്ങളും എല്ലാം എന്റെ പാപപ്രകൃതത്തിനെതിരെയുള്ള ഒരു ധാർമ്മിക വിധിയെഴുത്താക്കി മാറ്റണം, അതായത് എനിക്ക് എന്റെ മേലുള്ള ഏതൊരു അവകാശത്തിനുമെതിരായി. യേശുവിനെ അനുകരിക്കാൻ ഞാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നുവെന്നോ, യേശുവിനെ പിന്തുടരാൻ ഞാൻ യഥാർത്ഥത്തിലൊരു ശ്രമം നടത്താമെന്നോ ഒന്നുമല്ല പൗലോസ് പറഞ്ഞത്. മറിച്ച് ''ഞാൻ ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടിരിക്കുന്നു'' എന്നാണ്. അതായത് യേശുവിന്റെ മരണത്തിൽ അവനോട് താദാത്മ്യം പ്രാപിച്ചിരിക്കുന്നു. ഒരിക്കൽ ഇങ്ങനെയൊരു ധാർമ്മിക തീരുമാനത്തിൽ എത്തുകയും അതിന്മേൽ പ്രവർത്തിക്കുകയും ചെയ്താൽ, കർത്താവ് കുരിശിൽ എനിക്കായ് ചെയ്തതെല്ലാം എന്നിലും പ്രവർത്തിക്കുന്നു. ഞാനെന്നെ സ്വതന്ത്രമായി ദൈവത്തിന് സമർപ്പിക്കുന്നതിലൂടെ, യേശുക്രിസ്തുവിന്റെ വിശുദ്ധി എനിക്ക് നല്കാനുള്ള അവസരം പരിശുദ്ധാത്മാവിന് നല്കുന്നു.

''ഇനി ജീവിക്കുന്നത് ഞാനല്ല'', വ്യക്തി അവശേഷിക്കുന്നു എന്നാൽ ജീവിക്കാനുള്ള മുഖ്യപ്രേരണയും, അടക്കി ഭരിക്കുന്ന പ്രകൃതവും, പാടേ മാറിയിരിക്കുന്നു. അതേ മനുഷ്യശരീരം തന്നേ. എന്നാൽ എന്നിലുണ്ടായിരുന്ന പഴയ പൈശാചിക അവകാശം നശിപ്പിക്കപ്പെട്ടിരിക്കുന്നു.

ഇപ്പോൾ ഈ ജഡത്തിൽ ഞാൻ ജീവിക്കുന്ന ജീവിതം–ജീവിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നതോ, പ്രാർത്ഥിക്കുന്നതോ അല്ല– ഈ നശ്വരമായ ശരീരത്തിൽ ഞാൻ ജീവിക്കുന്ന ജീവിതം, മറ്റുള്ളവർക്ക് കാണാൻ കഴിയുന്ന ജീവിതം, ദൈവപുത്രനിലുള്ള വിശ്വാസത്താൽ ഉള്ള ജീവിതമത്രേ. ഇത് പൗലോസിന് കർത്താവ് കൊടുത്ത വിശ്വാസമായിരുന്നു, യേശുക്രിസ്തുവിൽ പൗലോസിനുണ്ടായിരുന്ന സ്വന്ത വിശ്വാസമായിരുന്നില്ല (എഫെസ്യർ 2:8). അത് വിശ്വാസത്തിലുള്ള വിശ്വാസമല്ല. ഭാവനയുടെ സർവ്വപരിധിക്കുമപ്പുറമുള്ള വിശ്വാസം, ദൈവപുത്രനിൽ നിന്ന് മാത്രം വരുന്ന വിശ്വാസം!

## മാർച്ച് 22

# കത്തുന്ന ഹൃദയം

**''നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ''? ലൂക്കോസ് 24:32.**

ഈ കത്തുന്ന ഹൃദയത്തിന്റെ രഹസ്യം നമുക്ക് പഠിക്കേണ്ടതുണ്ട്. യേശു പൊടുന്നനവെ നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു; നമ്മുടെയുള്ളിൽ അഗ്നിജ്വാലകൾ തെളിയുകയും നമുക്ക് അത്ഭുതകരമായ ദർശനങ്ങളുണ്ടാകുകയും ചെയ്യുന്നു. എന്നാൽ ഈ കത്തുന്ന ഹൃദയത്തിന്റെ രഹസ്യം – എന്തിലൂടെയും കടന്ന് പോകാൻ കഴിയുന്നൊരു ഹൃദയം – നിലനിർത്താൻ നാം പഠിക്കണം. യേശുവിൽ വസിക്കുന്നതിന്റെ രഹസ്യം പഠിച്ചില്ലെങ്കിൽ, വിരസമായ, സാധാരണ കർത്തവ്യങ്ങളും, സാധാരണ ജനങ്ങളും നിറഞ്ഞ ഒരു ദിവസം നമ്മുടെ കത്തുന്ന ഹൃദയത്തെ കെടുത്തിക്കളയും.

ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ വലച്ചിലധികവും, പാപത്തിൽ നിന്നല്ല, സ്വപ്രകൃതത്തെക്കുറിച്ചുള്ള നമ്മുടെ അജ്ഞതയിൽ നിന്നാണ് വരുന്നത്. ഉദാഹരണത്തിന് നമ്മിലുയരുന്ന ഒരു വികാരത്തെ അതിന്റെ വഴിക്ക് പോകാൻ അനുവദിക്കണോ എന്ന് നിശ്ചയിക്കുന്നത് അതിന്റെ ഫലം എന്താണെന്ന് ചിന്തിച്ചിട്ടു വേണം. അത് ദൈവം കുറ്റം വിധിക്കുന്ന ഒന്നാണെന്ന് കണ്ടാൽ, അപ്പോൾത്തന്നേ അത് അവസാനിപ്പിക്കുക. എന്നാൽ അത് ദൈവാത്മാവ് ജ്വലിപ്പിച്ച ഒരു നല്ല വികാരമായിരിക്കുകയും, അതിന് നിങ്ങളുടെ ജീവിതത്തിൽ അതിന്റെ വഴി നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അത് തീരെ താഴെയുള്ള ഒരു തലത്തിൽ പ്രതിപ്രവർത്തിക്കും. ഇങ്ങനെയാണ് വികാരജീവികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഉന്നതമായ ഒരു വികാരം അതുദ്ദേശിക്കപ്പെട്ടിട്ടുള്ള തലത്തിൽ ഉപയോഗിക്കപ്പെട്ടില്ലെങ്കിൽ, അതിന്റെ ഔന്നത്യത്തിന്റെ തോതനുസരിച്ച് അധഃപതിക്കും. ദൈവാത്മാവ് നിങ്ങളെ ഉണർത്തിയിരിക്കുന്നുവെങ്കിൽ, ഭവിഷ്യത്തുകൾ എന്തുതന്നേയായാലും, തിരിച്ചെടുക്കാൻ വയ്യാത്ത എത്ര തന്നേ തീരുമാനങ്ങളെടുക്കാമോ, അവയെല്ലാം എടുക്കുക. മറുരൂപമലയിൽ, ആ ഔന്നത്യാനുഭവത്തിന്റെ പ്രകാശത്തിൽക്കുളിച്ച് എന്നെന്നേയ്ക്കുമായി അവിടെത്തങ്ങാൻ നമുക്ക് കഴിയില്ല (മർക്കൊ. 9:19). എന്നാൽ അവിടെ ലഭിച്ച പ്രകാശത്തെ നമുക്കനുസരിക്കാം, അതിനെ പ്രവൃത്തിയിൽ കൊണ്ടുവരാം. ദൈവം ഒരു ദർശനം തന്നാൽ, അവിടെ അപ്പോൾത്തന്നേ ഭവിഷ്യത്തുകൾ എന്ത് തന്നേയായാലും നാം ദൈവവുമായി കാര്യം തീരുമാനിച്ച് നടത്തുക.

> വയ്യ ജ്വലിപ്പിക്കാനുള്ളിലൊരഗ്നിയെ
> നിഗൂഢതയിലവിടെ വസിക്കുമാത്മാവ–
> തിനെയൂതിയുണർത്തുന്നു.
> ഉൾക്കാഴ്ച തന്നേതോ നിമിഷത്തിലുണരും
> ഇച്ഛകൾ നിറയ്ക്കാം ഇരുൾ നിറയും വേളകൾ.

## മാർച്ച് 23

# ഞാൻ ജഡികനോ?

**''നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ ഇരിക്കുന്നവരുമല്ലയോ?'' (1 കൊരി. 3:3).**

സാധാരണ മനുഷ്യൻ, അല്ലെങ്കിൽ അവിശ്വാസി ജഡികതയെക്കുറിച്ച് യാതൊന്നും അറിയുന്നില്ല. വീണ്ടും ജനിക്കുന്ന സമയത്ത് ആത്മാവിനെതിരേ പോരാടുന്ന ജഡമോഹങ്ങളും, ജഡത്തിനെതിരേ പോരാടുന്ന ആത്മാവും, ജഡികതയെക്കുറിച്ചുള്ള ബോധം സൃഷ്ടിക്കുന്നു. എന്നാൽ പൗലോസ് പറയുന്നത് ഇങ്ങനെയാണ്: ''ആത്മാവിനെ അനുസരിച്ച് നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല'' (1 കൊരിന്ത്യർ : 3:20). മറ്റൊരു തരത്തിൽ പറഞ്ഞാൽ ആത്മാവിനെ അനുസരിക്കുമ്പോൾ ജഡികത അപ്രത്യക്ഷമാകും (ഗലാ. 5:16).

നിങ്ങൾ കലഹസ്വഭാവിയും, ചെറിയ കാര്യങ്ങളിൽ അസ്വസ്ഥനാകുന്ന ആളുമാണോ? ക്രിസ്ത്യാനികൾ ആരും ഒരിക്കലും അങ്ങനെയല്ലെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? അങ്ങനെയുള്ളവർ ഉണ്ട് എന്ന് പറഞ്ഞ പൗലോസ്, അത്തരം മനോഭാവങ്ങളെ ജഡികതയുമായി ബന്ധപ്പെടുത്തി. നിങ്ങളിൽ നീരസമോ, വിദ്വേഷമോ സത്വരം ഉണർത്തുന്ന ഏതെങ്കിലും ഒരു സത്യം വേദപുസ്തകത്തിലുണ്ടോ? അങ്ങനെയെങ്കിൽ അത്, നിങ്ങളിപ്പോഴും ജഡികതയിലാണെന്നതിന്റെ തെളിവാണ്. വിശുദ്ധീകരണ പ്രക്രിയ നിങ്ങളുടെ ജീവിതത്തിൽ തുടർന്നുകൊണ്ടിരിക്കുകയാണെങ്കിൽ, അത്തരത്തിലുള്ള നീരസഭാവം അവശേഷിക്കുകയില്ല; അതിന്റെ ഒരടയാളംപോലും കാണുകയില്ല.

നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും തെറ്റായി ദൈവം കണ്ടുപിടിക്കുകയാണെങ്കിൽ, അവൻ അത് ശരിയാക്കുകയില്ല. പിന്നെയോ പ്രകാശം സ്വീകരിക്കാൻ നിങ്ങളോട് ആവശ്യപ്പെടുകയും, പിന്നീട് അതിനെ ശരിയാക്കുകയും ചെയ്യും. പ്രകാശത്തിന്റെ പൈതലാണെങ്കിൽ അപ്പോൾതന്നേ, കുറ്റസമ്മതം നടത്തി ദൈവതിരുമുമ്പാകെ തുറന്ന മനസ്സോടെ നില്ക്കുക; ഇരുളിന്റെ പൈതലാണെങ്കിൽ ''ഓ അതൊക്കെ എനിക്ക് വിശദീകരിക്കാൻ കഴിയും'' എന്ന് പറയും. എന്നാൽ പ്രകാശം പരക്കുകയും ആത്മാവ് പാപബോധമുണർത്തുകയും ചെയ്യുമ്പോൾ, പ്രകാശത്തിന്റെ പൈതലാകുക. നിങ്ങളുടെ തെറ്റായ പ്രവൃത്തികൾ ഏറ്റ് പറയുക. ദൈവം അത് കൈകാര്യം ചെയ്യും. എന്നാൽ സ്വയം നീതീകരിക്കുകയാണെങ്കിൽ, നിങ്ങൾ ഇരുട്ടിന്റെ പൈതലാണെന്ന് സ്വയം തെളിയിക്കുന്നു.

ജഡികത പോയി എന്നതിന് എന്താണ് തെളിവ്? ഒരിക്കലും സ്വയം വഞ്ചിക്കരുത്; ജഡികത പോകുന്നത് നിങ്ങൾ ഒരിക്കലും അറിയുന്നില്ല – നിങ്ങൾക്ക് ഭാവന ചെയ്യാവുന്നതിൽ വെച്ച് ഏറ്റവും യഥാർത്ഥമായ കാര്യമാണത്. തന്റെ കൃപയുടെ അത്ഭുതം നിങ്ങൾക്ക് തന്നേ തെളിയിച്ച് തരാൻ, കുറേയേറെ അനുഭവങ്ങൾ നിങ്ങൾക്ക് തരുന്ന കാര്യം ദൈവം നോക്കിക്കൊള്ളും. അതിന്റെ തെളിവ് ഒരു പ്രായോഗിക പരീക്ഷണമാണ്. ഇത് നേരത്തെ സംഭവിച്ചിരുന്നെങ്കിൽ നീരസമുണ്ടാകുമായിരുന്നേനേ എന്ന് നിങ്ങൾ പറയും. നിങ്ങളുടെയുള്ളിലെ നിങ്ങൾക്ക് വേണ്ടി എന്താണ് ദൈവം ചെയ്തതെന്നതിനേക്കുറിച്ചുള്ള വിസ്മയം ഒരിക്കലും അവസാനിക്കുകയില്ല.

# അവന്റെ ഉദ്ദേശ്യത്തിനായി കുറയുക

**''അവൻ വളരേണം, ഞാനോ കുറയേണം''. യോഹന്നാൻ 3.30**

മറ്റൊരാളുടെ ജീവിതത്തിൽ നിങ്ങൾ ഒരത്യാവശ്യമായിത്തീരുകയാണെങ്കിൽ, നിങ്ങൾ ദൈവഹിതത്തിന് പുറത്താണ്. ഒരു ദാസനെന്ന നിലയിൽ നിങ്ങളുടെ ഉത്തരവാദിത്വം, മണവാളന്റെ സ്നേഹിതനായിരിക്കുക എന്നതാണ് (യോഹന്നാൻ 3:29). യേശുക്രിസ്തുവിന്റെ അവകാശങ്ങൾ കരസ്ഥമാക്കുന്നതിനോട് അടുത്ത് നില്ക്കുന്ന ഒരാളെ കാണുകയാണെങ്കിൽ നിങ്ങളുടെ സ്വാധീനം ശരിയായ ദിശയിൽ ഉപയോഗിക്കപ്പെട്ടു എന്ന് നിങ്ങൾക്കറിയാം. അങ്ങനെയുള്ള ഒരാളെ വേദനയും പ്രയാസങ്ങളും നിറഞ്ഞ ഒരു പോരാട്ടത്തിന്റെ നടുവിൽ കണ്ടാൽ അത് തടയാൻ ശ്രമിക്കരുത്. ഈ ഭൂമിയിലും നരകത്തിലുമുള്ള ഒരു ശക്തിക്കും അയാളെ യേശുവിൽ നിന്നകറ്റാൻ കഴിയാതാകുംവരെ അയാളുടെ പ്രയാസം പത്തിരട്ടി കൂടാൻ പ്രാർത്ഥിക്കുക. വീണ്ടും വീണ്ടും നാം ആരുടെയെങ്കിലും ജീവിതത്തിൽ ദൈവത്തിന്റെ റോളെടുക്കാൻ ശ്രമിക്കുന്നു. ''ഈ ആളിന് ഈ വിഷമം ഉണ്ടാവാൻ പാടില്ല'' എന്ന് പറഞ്ഞ് നാം ദൈവഹിതത്തെ തടയുന്നു. ''മണവാളന്റെ സ്നേഹിതരാകുന്നതിന്'' പകരം നാം ഇടയ്ക്ക് കയറുന്നു. ഒരു ദിവസം ആ ആൾ നിങ്ങളെപ്പറ്റി ഇങ്ങനെ പറയും: ''അയാൾ കള്ളനാണ്. യേശുവിനെ പിന്തുടരാനുള്ള എന്റെ ആഗ്രഹത്തെ അയാൾ അപഹരിച്ചു; എനിക്ക് അവനെ കാണാൻ പറ്റാതെയായിരിക്കുന്നു''.

തെറ്റായ ഒരു കാര്യത്തിനായി ഒരാളോടൊത്ത് സന്തോഷിക്കുന്നത് സൂക്ഷിച്ചു കൊൾക; എന്നാൽ എല്ലായ്പോഴും നല്ല കാര്യങ്ങളിൽ സന്തോഷിക്കുക. ...... മണവാളന്റെ സ്നേഹിതനോ, മണവാളന്റെ സ്വരം കേട്ടിട്ട് അത്യന്തം സന്തോഷിക്കുന്നു; ''ഈ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു. അവൻ വളരേണം. ഞാനോ കുറയേണം'' (യോഹന്നാൻ 3:2930). ഇത് സങ്കടത്തോടെയല്ല, സന്തോഷത്തോടെയത്രേ പറഞ്ഞത്. ഇതാണ് തന്റെ സന്തോഷമെന്ന് യോഹന്നാൻ പറഞ്ഞു. ഇത് ദാസൻ, ഒരരികിലേക്ക് മാറുന്നതിനെ, കടന്നു പോകുന്നതിനെ, ഇനിയൊരിക്കലും ഓർമ്മിക്കപ്പെടാതിരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

മണവാളന്റെ സ്വരം മറ്റൊരാളുടെ ജീവിതത്തിൽ കേൾക്കും വരെയും, നിങ്ങൾ നിങ്ങളുടെ സർവ്വസ്വവുമായി കാതോർത്ത് കൊള്ളുക. എന്ത് തകർച്ച, എന്ത് രോഗം ഇത് കൊണ്ടു വരും എന്നതിനെക്കുറിച്ചൊരിക്കലും ചിന്തിക്കരുത്. അവന്റെ ശബ്ദം കേട്ടിരിക്കുന്നു എന്നതിൽ ദൈവികമായ ആവേശത്തോടെ ആനന്ദിപ്പിൻ. ഒരു ജീവിതം രക്ഷിക്കും മുമ്പ് യേശു അതിനെ തകർക്കുന്നത് നിങ്ങൾക്ക് പലപ്പോഴും കാണേണ്ടിവരും (മത്തായി 10:34).

# ഏറ്റവും സൂക്ഷ്മത വേണ്ടുന്ന ദൗത്യം

**''മണവാളന്റെ സ്നേഹിതൻ'' യോഹന്നാൻ 3:29**

നന്മയും വിശുദ്ധിയും ആളുകളെ യേശുക്രിസ്തുവിലേക്ക് ആകർഷിക്കുന്ന കാന്തങ്ങളായിരിക്കുകയാണ് വേണ്ടത്. എന്റെ വിശുദ്ധി, ആളുകളെ അവനിലേക്ക് നയിക്കുന്നില്ലെങ്കിൽ, അത് ശരിയായ തരത്തിലുള്ള വിശുദ്ധിയല്ല. അത് ആളുകളിൽ അമിത വികാരങ്ങളുണർത്തുകയും അവരെ ശരിയായ ദിശയിൽ നിന്ന് വ്യതിചലിപ്പിക്കുകയും ചെയ്യുന്ന ഒരു സ്വാധീനമത്രേ. ക്രിസ്തുവിനെ അവതരിപ്പിക്കാതെ ക്രിസ്തു തനിക്കായി എന്തു ചെയ്തു എന്ന് മാത്രം കാണിക്കുന്ന ഒരു വിശുദ്ധൻ സുവിശേഷത്തിനു തടസ്സമാണ്. 'എന്തു നല്ലൊരു സ്വഭാവമാണ് ആ മനുഷ്യന്റേത്' എന്ന് പറഞ്ഞാൽ അത് മണവാളന്റെ നല്ല സ്നേഹിതനല്ല എന്നാണർത്ഥം. അവൻ വളരുന്നില്ല; ഞാൻ മുഴുവൻ സമയവും വളരുകയും ചെയ്യുന്നു.

മണവാളനോട് ഈ സൗഹൃദവും വിശ്വസ്തതയും പുലർത്താൻ അനുസരണം ഉൾപ്പെടെയുള്ള മറ്റെല്ലാ നല്ല കാര്യങ്ങൾക്കുമുപരി അവനോട് ധാർമ്മികവും നിർണ്ണായകവുമായ ആത്മബന്ധം പുലർത്താൻ നാം ശ്രദ്ധിക്കണം. ചിലപ്പോൾ അനുസരിക്കാൻ യാതൊന്നും കാണുകയില്ല. ചെയ്യാനുള്ള ഒരേയൊരു കാര്യം യേശുക്രിസ്തുവുമായി നിർണ്ണായകബന്ധം പുലർത്തുകയും മറ്റാരും അതിൽ ഇടപെടുന്നില്ലെന്ന് ഉറപ്പ് വരുത്തുകയുമാണ്. ഒരു പ്രതിസന്ധിയുണ്ടാകുമ്പോൾ എന്താണ് ദൈവേഷ്ടം എന്ന് നമുക്ക് കണ്ടെത്തേണ്ടതുണ്ട്. എന്നാൽ ജീവിതത്തിന്റെ വലിയ പങ്ക് ബോധപൂർവ്വമുള്ള അനുസരണമല്ല – ഈ ബന്ധം നിലനിർത്തുക എന്നതാണ്. മണവാളന്റെ സ്നേഹിതൻ എന്ന ബന്ധം നിലനിർത്തണം. ക്രിസ്തീയ വേല ആത്മാവിന് യേശുക്രിസ്തുവിലുള്ള ഏകാഗ്രതയിൽ നിന്ന് ഒഴിവാകാനുള്ള ഒരു മാർഗ്ഗമായിത്തീരാം. മണവാളന്റെ സ്നേഹിതന്മാർ ആകുന്നതിന് പകരം നാം നമ്മുടെ ആയുധങ്ങൾ ഉപയോഗിക്കുക വഴി ചെറുദൈവങ്ങളായിത്തീരുകയും അവനെതിരായി പ്രവർത്തിക്കുകയും ചെയ്തു പോയെന്നും വരാം. നിതാന്ത ജാഗ്രത അത്യന്താപേക്ഷിതം.

## മാർച്ച് 26

# വ്യക്തിപരമായ വിശുദ്ധിയിലൂടെ ആത്മീയദർശനം

**‘‘ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.’’ മത്തായി 5:8**

പരിശുദ്ധി എന്നത് നിഷ്കളങ്കതയല്ല, അതിൽക്കവിഞ്ഞ എന്തോ ഒന്നാണ്. ദൈവവുമായുള്ള നിരന്തരമായ ആത്മീയ ഐക്യത്തിന്റെ ഫലമാണത്. നമുക്ക് പരിശുദ്ധിയിൽ വളരേണ്ടതുണ്ട്. ദൈവവുമായുള്ള നമ്മുടെ ജീവിതം ശരിയായിരിക്കാം, നമ്മുടെ ആന്തരികശുദ്ധി അകളങ്കിതവും. എന്നാൽ ചില അവസരങ്ങളിൽ നമ്മുടെ ബാഹ്യജീവിതത്തിൽ കളങ്കമുണ്ടാകാം. ഈ സാധ്യതയിൽ നിന്ന് ദൈവം ബോധപൂർവ്വം നമ്മെ സംരക്ഷിക്കുന്നില്ല. എന്നാൽ ഈ രീതിയിലാണ് വ്യക്തിജീവിതശുദ്ധിയിലൂടെ നമ്മുടെ ആത്മീയ ദർശനം നിലനിർത്തേണ്ടതിന്റെ ആവശ്യം തിരിച്ചറിയുന്നത്. നമ്മുടെ ആത്മീയ ജീവിതത്തിന്റെ ബാഹ്യതലത്തിൽ അല്പമെങ്കിലും തകരാറുണ്ടായാൽ, അത് ശരിയാകും വരെ നാം മറ്റെല്ലാം മാറ്റിവെയ്ക്കണം. ആ ആത്മീയ ദർശനം നമ്മുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു എന്നോർക്കുക. ‘‘ഹൃദയശുദ്ധിയുള്ളവരാണ് ദൈവത്തെ കാണുന്നത്’’.

തന്റെ പരമകൃപയാൽ ദൈവം നമ്മെ ശുദ്ധമാക്കുന്നു. എന്നാൽ അപ്പോഴും നാം വളരെയധികം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. കളങ്കങ്ങളിലേക്കു നാം ചായുന്നത് മറ്റ് വ്യക്തികളും മറ്റ് കാഴ്ചപ്പാടുകളുമായുള്ള സമ്പർക്കത്തിലൂടെയാണ്. നമ്മുടെ ‘ഉള്ളിലെ ആലയം’ മാത്രം ദൈവവുമായി ശരിയായ ബന്ധത്തിൽ വെച്ചാൽ പോരാ, നമ്മുടെ ‘പുറത്തെ മുറ്റങ്ങളും’ തന്റെ കൃപയിലൂടെ ദൈവം തരുന്ന ശുദ്ധിയുമായി യോജിച്ച് പോകണം. നമ്മുടെ പുറത്തളങ്ങൾ കളങ്കിതമാകുമ്പോൾ നമ്മുടെ ആത്മീയ ദർശനവും ധാരണയും മങ്ങുന്നു. കർത്താവായ യേശുക്രിസ്തുവുമായുള്ള നമ്മുടെ വ്യക്തിപരമായ അടുപ്പം കാത്ത് പരിപാലിക്കണമെങ്കിൽ, ചില കാര്യങ്ങൾ ചെയ്യുകയോ ചിന്തിക്കുകപോലുമോ അരുത്. മറ്റുള്ളവർക്ക് സ്വീകാര്യമായ ചില കാര്യങ്ങൾ നമുക്ക് അസ്വീകാര്യമായിത്തീരും.

മറ്റു ആളുകളുമായുള്ള ബന്ധത്തിൽ നിങ്ങളുടെ വ്യക്തിപരമായ ശുദ്ധി കളങ്കിതമാകാതെ സൂക്ഷിക്കാൻ, ആ സ്ത്രീ, ആ പുരുഷൻ, ആ ബന്ധു ആ സുഹൃത്ത് യേശുക്രിസ്തുവിൽ പൂർണ്ണനത്രേ എന്ന് നിങ്ങളോട് തന്നേ പറയുക.

## മാർച്ച് 27

# വ്യക്തിപരമായ സ്വഭാവത്തിലൂടെ ആത്മീയദർശനം

**''ഇവിടെ കയറിവരുക, മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ച് തരാം .................'' (വെളിപാട് 4:3).**

ഉന്നതമായ ഒരു മാനസികാവസ്ഥ സ്വഭാവശ്രേഷ്ഠതയുടെ ഫലമാണ്. ജീവിതത്തിന്റെ ബാഹ്യതലത്തിൽ ഏറ്റവും മെച്ചമായി നിങ്ങൾ ജീവിക്കുകയാണെങ്കിൽ, സ്നേഹിതാ, കുറേക്കൂടി ഉയരത്തിലേക്ക് വരൂ, എന്ന് ദൈവം നിങ്ങളോട് പറഞ്ഞുകൊണ്ടേയിരിക്കും, പിശാചു നിങ്ങളെ ഒരുയർന്ന സ്ഥലത്താക്കുമ്പോൾ പരിശുദ്ധിയെക്കുറിച്ച്, മാംസരക്തങ്ങൾക്ക് താങ്ങാനാവാത്ത ഒരാശയത്തിൽ, അവൻ നിങ്ങളെ തറച്ച് നിർത്തുന്നു. അതൊരു ആത്മീയ അഭ്യാസ പ്രകടനമാണ്. അനങ്ങാൻ ധൈര്യപ്പെടാതെ നിങ്ങൾ അവിടെ നിലകൊള്ളുന്നു. എന്നാൽ തന്റെ കൃപയാൽ ദൈവം ഒരു സ്വർഗ്ഗീയ സ്ഥാനത്തേയ്ക്ക് നിങ്ങളെ ഉയർത്തുമ്പോൾ അള്ളിപ്പിടിച്ച് നില്ക്കാൻ ഒരു ഗോപുരാഗ്രമല്ല നിങ്ങൾ കാണുന്നത്, അനായാസം ചലിക്കാൻ കഴിയുന്ന ഒരു സമതലമാണ്.

നിങ്ങളുടെ ആത്മീയ ചരിത്രത്തിലെ ഈ ആഴ്ചയെ കഴിഞ്ഞ വർഷത്തെ ഇതേ ആഴ്ചയുമായി താരതമ്യം ചെയ്ത്, ദൈവം എങ്ങനെ കുറേക്കൂടി ഉയരാൻ നിങ്ങളെ വിളിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുക. കുറേക്കൂടി ഉയർന്ന ഒരു സ്ഥാനത്ത് നിന്ന് കാണാൻ നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഉടനടി ജീവിച്ച് തുടങ്ങുകയും നിങ്ങളുടെ ജീവിതത്തിൽ പ്രയോഗിക്കുകയും ചെയ്യാത്ത ഒരു സത്യവും നിങ്ങളെ കാണിച്ച് തരാൻ ദൈവത്തെ അനുവദിക്കരുത്. അവിടുത്തെ സത്യത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ട് അതിലൂടെ പ്രവർത്തിക്കുക.

കൃപയിലുള്ള നിങ്ങളുടെ വളർച്ചയെ അളക്കുന്നത് പിന്മാറ്റത്തിന്റെ അടിസ്ഥാനത്തിലല്ല, ആത്മീയമായി നിങ്ങൾ എവിടെയാണ് എന്നതിനെക്കുറിച്ചുള്ള ഉൾക്കാഴ്ചയാലും, ധാരണയാലുമാണ്. കുറേക്കൂടി ഉയരത്തിലേക്ക് വരിക എന്ന് ദൈവം പറഞ്ഞത് ഉള്ളിന്റെയുള്ളുകൊണ്ട് നിങ്ങൾ കേട്ടുവോ?

ഞാൻ ചെയ്യാനിരിക്കുന്നത് അബ്രാഹാമിനോട് മറയ്ക്കുമോ (ഉല്പത്തി 18:17). നമ്മുടെ വ്യക്തിഗത സ്വഭാവത്തിന്റെ വളർച്ചയിൽ, നമ്മോട് വെളിപ്പെടുത്താൻ ദൈവത്തിന് കഴിയുന്ന തലത്തിൽ നാം എത്തും വരെ താൻ എന്താണ് ചെയ്യുന്നതെന്ന് ദൈവത്തിന് മറച്ച് വെക്കേണ്ടി വരും.

## മാർച്ച് 28

# അവിടെ എന്തോ ഒരു തെറ്റിദ്ധാരണയില്ലേ?

**''അതിന്റെ ശേഷം അവൻ ശിഷ്യന്മാരോട് നാം വീണ്ടും യെഹൂദ്യയിലേക്ക് പോക എന്നു പറഞ്ഞു. ശിഷ്യന്മാർ അവനോട്: റബ്ബീ, യെഹൂദന്മാർ ഇപ്പോൾതന്നേ നിന്നെ കല്ലെറിവാൻ ഭാവിച്ചുവല്ലോ; നീ പിന്നെയും അവിടെ പോകുന്നുവോ എന്ന് ചോദിച്ചു'' യോഹന്നാൻ 11 : 7–8**

യേശുക്രിസ്തു പറയുന്നത് എനിക്ക് മനസ്സിലാകുകയില്ലായിരിക്കും. എന്നാൽ, അതുകൊണ്ട് അവൻ പറഞ്ഞതിൽ അവന് തെറ്റുപറ്റിയിരിക്കുന്നു എന്ന് പറയുന്നത് അപകടമാണ്. ദൈവവചനം അനുസരിച്ചാൽ അത് യേശുവിന് അപമാനം വരുത്തുമെന്ന് ചിന്തിക്കുന്നത് ഒരിക്കലും ശരിയല്ല. അവന് അപമാനം വരുത്തുന്ന ഒരേയൊരു കാര്യം ദൈവത്തെ അനുസരിക്കാതിരിക്കുന്നതാണ്. അവൻ ആവശ്യപ്പെടുന്ന ഏതു പ്രവൃത്തിയും നാം ചെയ്യണം. ദൈവത്തിൽനിന്നാണ് നിർദ്ദേശങ്ങൾ വന്നിരിക്കുന്നതെന്ന്, അവയുടെ സൗമ്യമായ നിർബന്ധം കൊണ്ട് എനിക്കറിയാം. എന്നാൽ ഞാൻ അവയ്ക്ക് അനുകൂലവും, പ്രതികൂലവുമായ ഘടകങ്ങളെ പരിശോധിച്ച് തുടങ്ങുകയും, സംശയങ്ങളും വാദങ്ങളും എന്റെ മനസ്സിൽ പ്രവേശിപ്പിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന് ദോഷം ആരോപിക്കുകയാണ്.

യേശുക്രിസ്തുവിന്റെ ആശയങ്ങളോട് കൂറുള്ളവരാണ് നമ്മിലധികം പേരും. എന്നാൽ നമ്മിലെത്രപേർ അവനോട് കൂറുള്ളവരാണ്? യേശുവിനോട് കൂറുണ്ടായിരിക്കുക എന്നുവെച്ചാൽ മുന്നിൽ എന്താണെന്ന് അറിയാത്തപ്പോഴും ഇറങ്ങിത്തിരിക്കുക എന്നത്രേ. വിശ്വാസം എന്നത്, ബുദ്ധിപൂർവ്വം കാര്യങ്ങൾ മനസ്സിലാക്കുക എന്നതല്ല, മുന്നിലുള്ള വഴി കാണാൻ കഴിയാത്തപ്പോഴും, യേശുക്രിസ്തു എന്ന വ്യക്തിയോടുള്ള മനഃപൂർവ്വമായ പ്രതിബദ്ധതയാണ് (മത്തായി 14:29–ാം വാക്യവുമായി താരതമ്യം ചെയ്യുക).

യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഒരു ചുവട് വെയ്ക്കണോ, അതോ ഒരു കാര്യം എങ്ങനെ നിങ്ങൾക്ക് സ്വയം ചെയ്യാൻ സാധിക്കും എന്നറിയും വരെ കാത്തിരിക്കണോ, എന്ന് നിശ്ചയമില്ലെങ്കിൽ ഒന്നിനെയും കൂസാതെ നിറഞ്ഞ് തുളമ്പുന്ന ആഹ്ലാദത്തോടെ അവനെ അനുസരിക്കുക. അവൻ എന്തെങ്കിലും പറയുമ്പോൾ നിങ്ങൾ അതേക്കുറിച്ച് വാദം ആരംഭിക്കുന്നത്, അവന്റെ അഭിമാനത്തെക്കുറിച്ചുള്ള നിങ്ങളുടെ ആശയം കൊണ്ടാണ്. അത് – ആ ആശയം – അവന്റെ അഭിമാനമല്ല. നിങ്ങൾക്ക് കൂറ് യേശുവിനോടോ അതോ നിങ്ങൾക്കവനെക്കുറിച്ചുള്ള ആശയത്തോടോ? അവൻ പറയുന്നുതിനോട് നിങ്ങൾ വിശ്വസ്തരാണോ? അതോ നിങ്ങൾ ഒരിക്കലും അവനിൽ നിന്ന് വരാത്ത ആശയങ്ങളുമായി ഒത്തുതീർപ്പ് നടത്തുകയാണോ? അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്വിൻ (യോഹന്നാൻ 2:5)

## മാർച്ച് 29

# നമ്മുടെ കർത്താവിന്റെ അപ്രതീക്ഷിത സന്ദർശനങ്ങൾ

**''നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ'' ലൂക്കോസ് 12:40**

ഒരു ക്രിസ്തീയ ശുശ്രൂഷകന്റെ വലിയ ആവശ്യം എവിടെയും എങ്ങനെയും യേശുവിനെ അഭിമുഖീകരിക്കാൻ തയ്യാറായിരിക്കുക എന്നതാണ്. ആ അനുഭവം എന്ത് തന്നേയായാലും അതത്ര എളുപ്പമല്ല. പരിതസ്ഥിതികളുമായോ പ്രയാസങ്ങളുമായോ പാപവുമായോ അല്ല പോരാട്ടം. ഏത് വഴിത്തിരിവിലും യേശുവിനെ അഭിമുഖീകരിക്കാൻ തയ്യാറാവാത്തവിധം ജോലിയിൽ മുഴുകിപ്പോകുന്നതിനോടാണ് നമുക്ക് പോരാടേണ്ടത്. നമ്മുടെ വിശ്വാസത്തെയോ, മതപ്രമാണത്തെയോ അല്ലെങ്കിൽ നമ്മെക്കൊണ്ടെന്ത് പ്രയോജനം എന്ന ചോദ്യത്തെയോ നേരിടുന്നതല്ല, യേശുവിനെ നേരിടുക എന്നതാണ് നമ്മുടെ വലിയ ആവശ്യം.

നാം പ്രതീക്ഷിക്കുമ്പോൾ യേശു വിരളമായേ വരാറുള്ളൂ. നാം തീരെ പ്രതീക്ഷിക്കാത്തേടത്ത്, ഒട്ടും യുക്തിക്ക് നിരക്കാത്ത ചുറ്റുപാടുകളിലാണ് അവനെപ്പോഴും വരുക. ഒരു ദൈവശുശ്രൂഷകന് ദൈവത്തോട് കൂറുള്ളവനായിരിക്കാനുള്ള ഒരേയൊരു വഴി, കർത്താവിന്റെ ആകസ്മിക സന്ദർശനങ്ങൾക്ക് തയ്യാറായിരിക്കുക എന്നതാണ്. ഓരോ തിരിവിലും യേശുവിനെ പ്രതീക്ഷിക്കുന്ന, തീക്ഷ്ണമായ ആത്മീയയാഥാർത്ഥ്യമാണ്, ദൈവവേലയല്ല, കാര്യമായ കാര്യം. നമുക്കുണ്ടായിരിക്കണം എന്ന് അവൻ ആഗ്രഹിക്കുന്ന ശിശുസഹജമായ വിസ്മയ മനോഭാവം, അവൻ നമുക്കു നല്കുന്നു. നാം യേശുക്രിസ്തുവിന് വേണ്ടി തയ്യാറാകാൻ പോകുകയാണെങ്കിൽ മതബോധമുള്ളവരായിരിക്കുന്നത് (മതത്തെ ഒരുന്നതജീവിതശൈലിയായി ഉപയോഗിക്കുന്നത്) നിർത്തി ആത്മീയമായി സത്യസന്ധരായിരിക്കുകയാണ് വേണ്ടത്.

നിങ്ങൾ ജീവിക്കുന്ന ഈ മതയുഗത്തിന്റെ ക്ഷണം ഒഴിവാക്കി, ദൈവം ആഗ്രഹിക്കുന്നതിൽ നിങ്ങളുടെ ഹൃദയമുറപ്പിച്ച്, അവന്റെ രീതിയിൽ ചിന്തിക്കുകയാണെങ്കിൽ, (എബ്രാ. 12:12) മറ്റെല്ലാറ്റിൽ നിന്നും അകന്ന് യേശുവിലേക്ക് നോക്കുകയാണെങ്കിൽ ലോകർ നിങ്ങളെ സ്വപ്നജീവിയെന്നും പ്രായോഗികബുദ്ധിയില്ലാത്തവനെന്നും വിളിക്കും. എന്നാൽ ഒരു ദിവസത്തിന്റെ ഭാരത്തിലും ചൂടിലും അവൻ പ്രത്യക്ഷപ്പെടുമ്പോൾ തയ്യാറായിരിക്കുന്നത് നിങ്ങൾ മാത്രമായിരിക്കും. യേശുക്രിസ്തുവിനെ കാണുന്നതിൽ നിന്ന് നിങ്ങളെ തടയുന്ന ആരെയും, അയാൾ ഈ ഭൂമിയിൽ ജീവിച്ചിരുന്ന ഏറ്റവും നല്ല വിശുദ്ധനായിരുന്നാലും, വിശ്വസിക്കരുത്; അവരെ അവഗണിക്കുക.

## മാർച്ച് 30

# ദൈവത്തോട് കാഠിന്യമോ, വിശുദ്ധിയോ?

**''ആരും ഇല്ലെന്ന് അവൻ കണ്ടു പക്ഷവാദം ചെയ്യാൻ ആരും ഇല്ലായ്കയാൽ ആശ്ചര്യപ്പെട്ടു'' (യെശയ്യാവ് 59:16).**

പ്രാർത്ഥന നിർത്തിവെയ്ക്കുകയും ദൈവത്തോട് നമ്മുടെ മനസ്സ് കഠിനമാകുകയും ചെയ്യുന്നതിന് കാരണം പ്രാർത്ഥനയിൽ നമുക്ക് വെറും വൈകാരിക താല്പര്യം മാത്രമേ ഉള്ളൂ എന്നതാണ്. നാം പ്രാർത്ഥിക്കുന്നുണ്ടെന്ന് പറയുന്നത് ഒരു സുഖമാണ്, പ്രാർത്ഥനകൊണ്ട് പ്രയോജനമുണ്ടെന്ന് പറയുന്ന പുസ്തകങ്ങൾ നാം വായിക്കുന്നു – അതായത്, പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മനസ്സ് ശാന്തമാകും, നമ്മുടെ ആത്മാക്കൾ ഉയർത്തപ്പെടും എന്നിങ്ങനെയുള്ള കാര്യങ്ങൾ. എന്നാൽ മേലുദ്ധരിച്ച വാക്യത്തിൽ യെശയ്യാവ് സൂചിപ്പിക്കുന്നത്, പ്രാർത്ഥനയെക്കുറിച്ചുള്ള ഇത്തരം ചിന്തകളിൽ ദൈവം ആശ്ചര്യപ്പെടുന്നു എന്നാണ്.

ആരാധനയും മധ്യസ്ഥതയും ഒന്നിച്ച് നടക്കണം; ഇതിലൊന്നില്ലാതെ മറ്റേതില്ല. മധ്യസ്ഥത എന്നാൽ ആർക്ക് വേണ്ടി നാം പ്രാർത്ഥിക്കുന്നുവോ ആ ആളിനെപ്പറ്റി യേശുക്രിസ്തുവിലുള്ള ആ ഭാവത്തിൽ (ഫിലിപ്പിയർ 2:5) നാം എത്തുന്നതാണ്. ഒട്ടുമിക്കപ്പോഴും പ്രാർത്ഥിക്കുന്നതിന് പകരം, പ്രാർത്ഥന എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ച് പ്രസ്താവനകൾ സൃഷ്ടിക്കുകയാണ് നാം. ദൈവമേ അവിടുന്ന് എങ്ങനെയാണ് ഇത് ചെയ്യാൻ പോകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല എന്നൊക്കെ പറഞ്ഞ് നാം ദൈവത്തോട് വാദപ്രതിവാദം നടത്തുകയാണോ അതോ നാം ദൈവത്തെ ആരാധിക്കുകയാണോ? നാം ആരാധിക്കുകയല്ല എന്നതിന്റെ വ്യക്തമായ തെളിവാണ് ഇത്തരം പറച്ചിലുകൾ. നാം ദൈവത്തെ കാണാതെയാകുമ്പോൾ, പിടിവാശിക്കാരും, കഠിനമനസ്സുള്ളവരുമായിത്തീരുന്നു. ദൈവസിംഹാസനമുമ്പാകെ നാം നമ്മുടെ പരാതികൾ വലിച്ചെറിഞ്ഞ് കൊടുക്കുകയും, ദൈവം എന്ത് ചെയ്യണമെന്നാണ് നാം ആഗ്രഹിക്കുന്നത് എന്നതിനെക്കുറിച്ച് ആജ്ഞകൾ നല്കുകയും ചെയ്യുന്നു. നാം ദൈവത്തെ ആരാധിക്കുന്നില്ല; നമ്മുടെ മനസ്സുകളെ ക്രിസ്തുവിന്റെ മനസ്സിനോട് അനുരൂപപ്പെടുത്താൻ ശ്രമിക്കുന്നുമില്ല.

ദൈവത്തോടു സംസർഗ്ഗം സാധിക്കത്തക്കവണ്ണം നാം ആരാധിക്കുന്നുണ്ടോ? ആർക്ക് വേണ്ടി നാം പ്രാർത്ഥിക്കുന്നുവോ, ആ ആളിനെക്കുറിച്ചുള്ള ദൈവഹിതം അറിയാനും, ദൈവവുമായി ഗാഢ സമ്പർക്കത്തിൽ വരാനും തക്കവണ്ണം നാം ദൈവത്തെ ആരാധിക്കുന്നുണ്ടോ? ദൈവവുമായി നാം വിശുദ്ധമായൊരു ബന്ധത്തിലാണോ? അതോ നാം കഠിനഹൃദയരും മുരടൻവാദക്കാരുമാണോ?

ശരിയായി പക്ഷവാദം ചെയ്യുന്ന ആരുമില്ല എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? എങ്കിൽ, ദൈവത്തെ ആരാധിക്കുകയും, ദൈവവുമായി വിശുദ്ധ ബന്ധത്തിലായിരിക്കുകയും ചെയ്യുന്ന ആ ആൾ, നിങ്ങൾ ആകുക. യഥാർത്ഥമായമദ്ധ്യസ്ഥതയിൽ പ്രവേശിക്കുക. നിങ്ങളുടെ സമസ്ത ഊർജ്ജവും ആവശ്യപ്പെടുന്ന, എന്നാൽ യാതൊരു കെണിയുമില്ലാത്ത ഒരു ജോലിയാണിതെന്ന് ഓർമ്മിക്കുക. സുവിശേഷം പറയുന്നതിലൊരു കെണിയുണ്ട്. മദ്ധ്യസ്ഥപ്രാർത്ഥനയിലാവട്ടെ അതൊട്ടുമില്ല.

## മാർച്ച് 31

# നമ്മിൽ ജാഗ്രതയോ, അതോ കപടഭക്തിയോ?

**'സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതു ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം; ദൈവം അവനു ജീവനെ കൊടുക്കും. മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്ക് തന്നേ' (1 യോഹന്നാൻ 5:16).**

ദൈവാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നതിനെക്കുറിച്ച് നാം ജാഗ്രത പുലർത്തിയില്ലെങ്കിൽ നാം ആത്മീയമായി വഞ്ചകരാകും. മറ്റുള്ളവരുടെ വീഴ്ചകൾ നാം കാണും; എന്നിട്ട് നമ്മുടെ തിരിച്ചറിവ് അവർക്ക് വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി ഉപയോഗിക്കുന്നതിന് പകരം, നാം അതിനെ അവരെ വിമർശിക്കാനും പരിഹസിക്കാനും ഉപയോഗിക്കുന്നു. മറ്റുള്ളവരെക്കുറിച്ചുള്ള സത്യം ദൈവം നമുക്ക് വെളിപ്പെടുത്തിത്തരുന്നത്, നമ്മുടെ കുശാഗ്രബുദ്ധിയിലൂടെയല്ല. അവന്റെ ആത്മാവിന്റെ തുളച്ച് കയറുന്ന ഇടപെടലിലൂടെയാണ്. നമ്മൾ ജാഗ്രത പുലർത്തിയില്ലെങ്കിൽ ദൈവം നമുക്ക് തരുന്ന വിവേചനശക്തിയുടെ സ്രോതസ്സറിയാതെ മറ്റുള്ളവരെ വിമർശിക്കുകയും, ....... ''അവനുവേണ്ടി അപേക്ഷിക്കുക; ദൈവം അവന് ജീവനെ കൊടുക്കും; മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്ക് തന്നേ'', എന്ന് ദൈവം പറഞ്ഞിട്ടുള്ളത് മറക്കുകയും ചെയ്യും. നിങ്ങൾ സ്വയം ദൈവത്തെ ആരാധിക്കും മുമ്പ്, മറ്റുള്ളവരെ നന്നാക്കാൻ നിങ്ങളുടെ സമയമത്രയും ചെലവഴിച്ച് ഒരു ആത്മവഞ്ചകനാകാതിരിക്കാൻ ജാഗ്രത പുലർത്തുക.

വിശുദ്ധരെന്ന നിലയിൽ ദൈവം നമ്മുടെമേൽ വെക്കുന്ന ഏറ്റവും സങ്കീർണ്ണമായ ഭാരം, മറ്റുള്ളവരെക്കുറിച്ചുള്ള നമ്മുടെ തിരിച്ചറിവിന്റെ ഭാരമാണ്. ദൈവം നമുക്ക് കാര്യങ്ങൾ വെളിപ്പെടുത്തിത്തരുന്നത്, ഈ ആത്മാക്കളുടെ ഭാരം നാം ഏറ്റെടുക്കാനും, അവരെക്കുറിച്ച് ക്രിസ്തുവിലുള്ള ആ ഭാവം (ഫിലിപ്പിയൻ 2:5) വളർത്തിയെടുക്കാനുമാണ്. ആ ഭാവത്തോടെ നാം അവർക്കായി പക്ഷവാദം ചെയ്യുമ്പോൾ മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കുള്ള ജീവൻ കൊടുക്കാമെന്ന് ദൈവം പറയുന്നു. ദൈവത്തെ നമ്മുടെ മനസ്സുകളുമായി നാം സമ്പർക്കത്തിൽ കൊണ്ടുവരുകയല്ല, ആർക്ക് വേണ്ടി നാം പക്ഷവാദം ചെയ്യുന്നുവോ അവരെക്കുറിച്ചുള്ള ദൈവഹിതം നമ്മോട് വെളിപ്പെടുത്തുന്നതു വരെ നാം നമ്മുടെ മനസ്സുകളെ ഉണർത്തുകയാണ് ചെയ്യേണ്ടത്.

യേശുക്രിസ്തുവിന് തന്റെ ആത്മാവിന്റെ വ്യാകുലത നമ്മിലും കാണാൻ കഴിയുമോ? നാം ആർക്കുവേണ്ടിയാണോ പ്രാർത്ഥിക്കുന്നത്, അവരെക്കുറിച്ചുള്ള അവന്റെ കാഴ്ചപ്പാട് നമുക്കും ലഭിക്കണം. അതിനു നാം അവനോടു താദാത്മ്യം പ്രാപിക്കണം. മദ്ധ്യസ്ഥരായ നമ്മിൽ യേശുക്രിസ്തു സമൃദ്ധമായി സംതൃപ്തനാകും വിധം പൂർണ്ണമനസ്സോടെ പക്ഷവാദം ചെയ്യാൻ നാം പഠിക്കാനിടവരട്ടെ!

## ഏപ്രിൽ 1

# നാം മറ്റുള്ളവരോട് ഹൃദയാലുക്കളോ ഹൃദയശൂന്യരോ?

**''ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു'' റോമർ 8:34.**

എന്നാൽ ആത്മാവ് വിശുദ്ധർക്ക് വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ....... റോമർ 8:27.

മറ്റുള്ളവർക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നവരാകാൻ ഈ വചനങ്ങളേക്കാൾ കൂടിയ വാദം നമുക്ക് വേണോ? ''അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്യാൻ .......... (എബ്രായർ 7:25) ആത്മാവ് വിശുദ്ധർക്ക് വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് .......(റോമർ 8:27)''. ദൈവാത്മാവിനാൽ പഠിപ്പിക്കപ്പെടുന്ന ദൈവപൈതങ്ങളായതിനാൽ, മറ്റുള്ളവർക്ക് വേണ്ടി പക്ഷവാദം ചെയ്യത്തക്കവിധം അവരുമായി ഗാഢബന്ധത്തിലാണോ നാം? നാം ആയിരിക്കുന്ന ചുറ്റുപാടുകളിൽ നിന്ന് തുടങ്ങുക – നമ്മുടെ ജോലി, രാജ്യം, ഇപ്പോൾ നമ്മെയും മററുള്ളവരെയും ബാധിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധി; ഇവ നമ്മെ ഞെരിച്ച് തകർക്കുന്നുണ്ടോ? ദൈവസന്നിധിയിൽ നിന്ന് നമ്മെ തള്ളിനീക്കുകയും, പ്രാർത്ഥിക്കാൻ സമയം തരാതിരിക്കുകയും ചെയ്യുംവിധം അവ നമ്മെ ശല്യം ചെയ്യുന്നുണ്ടോ? എങ്കിൽ നമുക്കൊന്ന് നില്ക്കാം; എന്നിട്ട് ദൈവം തന്റെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന മദ്ധ്യസ്ഥത (പക്ഷവാദം) യിലൂടെ മറ്റുള്ളവരുമായി ബന്ധം പുലർത്തത്തക്കവിധം ദൈവവുമായി സജീവബന്ധത്തിൽ പ്രവേശിക്കാം.

ദൈവഹിതം ചെയ്യാനുള്ള വ്യഗ്രതയിൽ ദൈവത്തെ മറികടക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾക. ഒരു നൂറായിരം പ്രവർത്തനങ്ങളിൽ ചെന്നുപെട്ട് ദൈവത്തിന് മുൻപേ ഓടി, നാം ആളുകളാലും, ബുദ്ധിമുട്ടുകളാലും ഭാരപ്പെടുകയും ദൈവത്തെ ആരാധിക്കാതിരിക്കുകയും ചെയ്യുന്നു. നാം പക്ഷവാദം ചെയ്യാതാകുന്നു. ഒരിക്കൽ ഭാരങ്ങളും, സമ്മർദ്ദങ്ങളും നമ്മുടെ മേൽ വരുകയും, നാം ആരാധനാമനോഭാവത്തിൽ അല്ലാതാകുകയും ചെയ്താൽ അത് ദൈവത്തോട് കഠിനമനോഭാവം മാത്രമല്ല നമ്മുടെ ആത്മാവിൽ നിരാശയും സൃഷ്ടിക്കും. നമുക്ക് യാതൊരു അടുപ്പവും തോന്നാത്ത ആളുകൾക്ക് ദൈവം നമ്മെ നിരന്തരം പരിചയപ്പെടുത്തിക്കൊടുക്കുന്നു. നാം ദൈവത്തെ ആരാധിക്കുന്നില്ലെങ്കിൽ, അവരോട് ഹൃദയശൂന്യമായി പെരുമാറും എന്നതാണ് ഏറ്റവും സ്വാഭാവികമായി സംഭവിക്കുക. കത്തികൊണ്ട് കുത്തുന്നതുപോലെ ഒരു ബൈബിൾ വാക്യം അവർക്ക് നേരെ എറിഞ്ഞുകൊടുക്കുകയോ അല്ലെങ്കിൽ കരുതലില്ലാത്ത ഒരു ഉപദേശവാക്ക് പറയുകയോ ചെയ്തിട്ട് കടന്നുപോകുകയോ ചെയ്യും. ഹൃദയശൂന്യനായൊരു ക്രിസ്ത്യാനി കർത്താവിന് വലിയൊരു ദുഃഖമാണ്.

കർത്താവും, ദൈവാത്മാവുമായി പക്ഷവാദത്തിലേർപ്പെടത്തക്ക യഥാസ്ഥാനത്താണോ നമ്മുടെ ജീവിതം?

## ഏപ്രിൽ 2

# സർവ്വതിനെയും കവിഞ്ഞുനില്ക്കുന്ന മഹത്വം

**''ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ച് പരിശുദ്ധാത്മപൂർണ്ണൻ ആകേണ്ടതിന് നീ വന്ന വഴിയിൽ നിനക്ക് പ്രത്യക്ഷനായ യേശു എന്ന കർത്താവ് എന്നെ അയച്ചിരിക്കുന്നു .....'' (അപ്പൊസ്തല പ്രവൃത്തികൾ 9:17).**

പൗലോസിന് കാഴ്ച കിട്ടിയപ്പോൾ, യേശുക്രിസ്തുവിന്റെ ആളത്തത്തിലേയ്ക്കു കൂടി അവന് ആത്മീയ ഉൾക്കാഴ്ച ലഭിച്ചു. അതിനെത്തുടർന്നുള്ള പൗലോസിന്റെ ജീവിതം യേശുക്രിസ്തുവല്ലാതെ മറ്റൊന്നുമായിരുന്നില്ല. ''ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു'' (1 കൊരിന്ത്യർ: 2:2). പിന്നെയൊരിക്കലും യേശുക്രിസ്തുവിന്റെ മുഖമല്ലാതെ യാതൊന്നും തന്നെ ആകർഷിക്കാനോ, തന്റെ ശ്രദ്ധ പിടിച്ച് നിർത്താനോ പൗലോസ് അനുവദിച്ചില്ല.

യേശുക്രിസ്തുവിനെക്കുറിച്ചുള്ള നമ്മുടെ ദർശനത്തിൽ വെളിവാക്കപ്പെട്ട ആ അവസ്ഥവരെ തകരാറില്ലാത്ത ഒരു സ്വഭാവം നാം നമ്മുടെ ജീവിതത്തിൽ നിലനിർത്തേണ്ടതുണ്ട്.

ഒരാത്മീയ മനുഷ്യന്റെ സ്ഥിരമായ സ്വഭാവം എന്താണ്? അവൻ യേശുക്രിസ്തുവിനോടുള്ള കടപ്പാട് സ്വയം മനസ്സിലാക്കുകയും ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ മറ്റുള്ളവർക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്യുന്നു എന്നതാണ്. അയാളുടെ ജീവിതത്തിലെ ഒരേയൊരു തീക്ഷ്ണവികാരം യേശുക്രിസ്തുവായിരിക്കും. ഈ ഗുണം ഒരു മനുഷ്യനിൽ നിങ്ങൾ കണ്ടാൽ, അവൻ 'ദൈവത്തിന് ബോധിച്ച മനുഷ്യനാ'ണെന്ന് നിങ്ങൾക്ക് മനസ്സിലാകും (അപ്പൊസ്തല പ്രവൃത്തികൾ 13:22).

യേശുക്രിസ്തുവിനെക്കുറിച്ചുള്ള നിങ്ങളുടെ ഉൾക്കാഴ്ചയിൽ നിന്ന് നിങ്ങളെ തിരിച്ച് വിടാൻ യാതൊന്നിനെയും അനുവദിക്കരുത്. ആത്മീയതയില്ലാതെയിരിക്കുക എന്ന് വെച്ചാൽ മറ്റ് കാര്യങ്ങൾ നിങ്ങളെ കൂടുതൽ കൂടുതൽ ആകർഷിക്കുന്നു എന്നാണ്.

> യേശുവിനെക്കണ്ടെൻ കൺകൾക്കില്ലിനി
> കാഴ്ചകൾ വേറൊന്നും,
> ക്രൂശിതനാമവനെത്തന്നേ നോക്കുകയാൽ
> ദൃഷ്ടിയിലില്ലാ മറ്റൊരു ദൃശ്യം

## ഏപ്രിൽ 3

# നീ അറിഞ്ഞെങ്കിൽ!

**''ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അത് നിന്റെ കണ്ണിന് മറഞ്ഞിരിക്കുന്നു'' ലൂക്കോസ് 19:42.**

വിജയശ്രീലാളിതനായി യേശു യെരുശലേമിൽ പ്രവേശിച്ചു, ആ നഗരം അതിന്റെ അടിസ്ഥാനത്തോളം ഇളകി മറിയുകയും ചെയ്തു. എന്നാൽ ഒരു വിചിത്ര ദേവൻ അവിടെയുണ്ടായിരുന്നു. പരീശന്മാരുടെ അഹങ്കാരം! അവർ സത്യസന്ധരും മതബോധമുള്ളവരുമായിരുന്നു എന്നാൽ അവർ ''വെള്ള ശവക്കല്ലറ''കളായിരുന്നു (മത്താ. 23:27).

ഈ ദിവസം എന്നെ അന്ധനാക്കുന്നതെന്താണ്? എനിക്കൊരു വിചിത്ര ദേവനുണ്ടോ? (അറപ്പുളവാക്കുന്നൊരു ഭീകരജീവിയല്ല). ഒന്നിലധികം തവണ ദൈവം എന്നെ ഈ വിചിത്ര ദേവനുമായി മുഖത്തോടുമുഖം കൊണ്ടുവന്നതാണ്. അവനെ ഉപേക്ഷിക്കേണ്ടതാണ് എന്നെനിക്ക് അറിയാമായിരുന്നു. അത് എന്നെ ഭരിക്കുന്നൊരു അവിശുദ്ധ പ്രകൃതമാണ്. എന്നാൽ ഞാനത് ചെയ്തില്ല. ആ പ്രതിസന്ധിയിൽ നിന്ന് ഞാൻ കഷ്ടിച്ച് രക്ഷപെട്ടു. എന്നിട്ടും ഇപ്പോഴും ഞാനാ വിചിത്ര ദേവന്റെ പിടിയിലാണെന്ന് എനിക്കറിയാം. എനിക്ക് സമാധാനം നല്കുന്ന അതേ കാര്യങ്ങളോട് ഞാൻ അന്ധനായിരിക്കും. ഏത് കാര്യങ്ങൾ എനിക്ക് സമാധാനം നല്കുന്നുവോ, അവയ്ക്ക് നേരെ ഞാൻ കണ്ണടച്ചിരുട്ടാക്കുന്നു. ദൈവാത്മാവിന് തടസ്സം കൂടാതെ നമ്മെ താൻ ഇഷ്ടപ്പെടുന്നേടത്ത് ആക്കുവാൻ സാധിക്കും. എന്നിട്ടും ദൈവത്തിന്റെ കണ്ണിൽ നാം കൂടുതൽ കുറ്റക്കാരായി കാര്യങ്ങൾ വഷളാക്കുന്നു എന്നത് അത്യധികം ദുഃഖകരമത്രേ.

''നീ അറിഞ്ഞു എങ്കിൽ'' ഈ വാക്കുകൾ യേശുവിന്റെ കണ്ണീരിൽ ചാലിച്ച് നേരെ നമ്മുടെ ഹൃദയത്തിലേക്ക് വരുന്നു. ഈ വാക്കുകൾ നമ്മുടെ തെറ്റുകൾക്കുള്ള നമ്മുടെ ഉത്തരവാദിത്വത്തെ വെളിപ്പെടുത്തുന്നു. നമുക്ക് കാണാൻ കഴിയാത്തവയുടെ പേരിൽ നമുക്കുത്തരവാദിത്വമുണ്ടെന്ന് ദൈവം സൂചിപ്പിക്കുന്നു. ''അറിഞ്ഞിരുന്നു എങ്കിൽ'' എന്ന ആ വാക്കുകളിലെ ദുഃഖത്തിന്റെ ആഴം അളക്കാനാവില്ല! ഇപ്പോഴോ അത് നിങ്ങളുടെ കണ്ണിന് മറഞ്ഞിരിക്കുന്നു. കാരണം നിങ്ങളുടെ ആ പ്രകൃതം നിങ്ങൾ ദൈവമുമ്പാകെ സമർപ്പിച്ചിട്ടില്ല, അവന്റെ മുമ്പാകെ നിങ്ങൾ കീഴടങ്ങിയിട്ടില്ല. അടച്ച വാതിലുകൾ ദൈവം തുറക്കാറില്ല. അവൻ വേറെ വാതിലുകൾ തുറക്കാറുണ്ട്. എന്നാൽ ഒരിക്കലും അടയ്ക്കേണ്ട ആവശ്യമുണ്ടായിരുന്നില്ലെങ്കിലും നാം അടച്ച വാതിലുകൾ ഉണ്ടെന്ന് ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവം നിങ്ങളുടെ ഭൂതകാലത്തെ തിരിച്ച് കൊണ്ടു വരുമ്പോൾ ഭയപ്പെടരുത്. ഓർമ്മയെ അതിന്റെ വഴിക്ക് വിടുക. ശകാരവും, ശിക്ഷയും ദുഃഖവുമൊക്കെയായി ദൈവം അതിനെ ഭാവിയിലെ വളർച്ചയ്ക്കുള്ള ഒരു പാഠമാക്കി മാറ്റും.

# ഏപ്രിൽ 4

## വിശ്വാസത്തിലേയ്ക്കുള്ള വഴി

**''നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേയ്ക്ക് ചിതറിപ്പോകയും എന്നെ ഏകനായി വിടുകയും ചെയ്യുന്ന നാഴിക വരുന്നു''; യോഹന്നാൻ 16:32.**

ഈ വേദഭാഗത്ത് യേശു ശിഷ്യന്മാരെ ശാസിക്കുകയല്ല; കാരണം അവരുടെ വിശ്വാസം യഥാർത്ഥമായിരുന്നു. എന്നാൽ അത് ഇളകുന്നതും, ശരിയായ കാര്യങ്ങളിൽ പ്രവർത്തിക്കാത്തതുമായിരുന്നു. ആ ശിഷ്യർ സ്വകാര്യതാൽപര്യങ്ങളാൽ ചിന്നിച്ചിതറിയ മനസ്സുള്ളവരായിരുന്നു. യേശുക്രിസ്തുവിന്റേതല്ലാത്ത താല്പര്യങ്ങൾ അവരിൽ സജീവമായിരുന്നു. പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരണപ്രവർത്തനത്തിലൂടെ നാം ദൈവവുമായി പൂർണ്ണബന്ധത്തിലായിക്കഴിഞ്ഞാൽ നമ്മുടെ വിശ്വാസം നിത്യജീവിതത്തിലെ യാഥാർത്ഥ്യങ്ങളിൽ ഉപയോഗിക്കപ്പെടണം. സേവനത്തിലേയ്ക്കല്ല നമ്മുടെ തകർച്ചയും വരൾച്ചയും എവിടെയെന്ന് നാം കാണുന്ന ജീവിതശൂന്യതയിലേയ്ക്കാണ് നാം ചിതറിപ്പോകുന്നത്. – ദൈവാനുഗ്രഹങ്ങളുടെ നേരെ മനസ്സ് ചത്തു പോകുന്നതെന്തെന്ന് അറിയുകയാണ് നാമിവിടെ. ഇതിന് നാം ഒരുക്കമാണോ? ഇത് നമ്മൾ സ്വയം തെരഞ്ഞെടുക്കുന്നതല്ല. ആ അവസ്ഥയിൽ നാം എത്തുവാൻതക്കവണ്ണം ദൈവം പരിതഃസ്ഥിതികൾ സൃഷ്ടിച്ചെടുക്കുകയാണ്. ഈ അനുഭവത്തിലൂടെ കടന്ന് പോയിത്തീരും വരെ നമ്മുടെ വിശ്വാസം, നമ്മുടെ തോന്നലുകളാലും നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളാലും താങ്ങിനിർത്തപ്പെടുന്നു. എന്നാൽ ഒരിക്കൽ അവിടെ എത്തിക്കഴിഞ്ഞാൽ, ദൈവം നമ്മെ എവിടെ കൊണ്ടു ചെന്നു നിർത്തിയാലും എന്ത് ആന്തരിക ശൂന്യത നമുക്കനുഭവപ്പെട്ടാലും, എല്ലാം നന്നായിരിക്കുന്നതിനായി നമുക്ക് ദൈവത്തിനു സ്തോത്രം ചെയ്യാം. ഇതിനാണ് ജീവിതയാഥാർത്ഥ്യങ്ങളിൽ വിശ്വാസം പ്രയോഗിക്കുക എന്ന് പറയുന്നത്.

.......................... ''എന്നെ ഏകനായി വിടുകയും ചെയ്യും''. യേശുവിന്റെ പരിപാലനത്തെയും അവന്റെ ഹിതത്തെയും ചിതറിച്ചുകൊണ്ട് നാം അവനെ ഏകനായി വിട്ടുവോ? നമ്മുടെ പരിതഃസ്ഥിതികളിൽ നാം ദൈവത്തെ കാണാഞ്ഞിട്ടാണോ ഇങ്ങനെ സംഭവിക്കുന്നത്? ദൈവത്തിന്റെ പരമാധികാരത്തിലാണ് ഇരുണ്ട കാലങ്ങൾ നമ്മിലേക്ക് കടന്നു വരുന്നത്. ദൈവത്തിന്റെ ഇഷ്ടം നമ്മോട് ചെയ്യാൻ – ദൈവത്തിന്റെ ശരിയായ അനുഗ്രഹങ്ങളിൽ നിന്ന് അകറ്റപ്പെടാൻ – നാം ഒരുക്കമാണോ? യേശു യഥാർത്ഥത്തിൽ നമ്മുടെ കർത്താവാകും വരെ നമുക്കോരോരുത്തർക്കും പ്രവർത്തിക്കാൻ നമ്മുടേതായ ലക്ഷ്യങ്ങൾ കാണും. നമ്മുടെ വിശ്വാസം യഥാർത്ഥമാണ്, എന്നാൽ ഇത് വരെയും അത് സ്ഥിരമായിട്ടില്ല. ദൈവം ഒരിക്കലും തിരക്കിലല്ല. നാം കാത്തിരിക്കുകയാണെങ്കിൽ, നമുക്ക് ദൈവത്തിലല്ല, ദൈവം തരുന്ന അനുഗ്രഹങ്ങളിലാണ് താല്പര്യമെന്ന് അവൻ ചൂണ്ടിക്കാണിക്കുന്നത് നാം കാണും. ദൈവാനുഗ്രഹത്തെക്കുറിച്ചുള്ള ബോധം അടിസ്ഥാനപരമാണ്.

''ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു'' (യോഹന്നാൻ 16:33). നമുക്ക് വേണ്ടത് അജയ്യമായ ആത്മീയ സ്ഥൈര്യമാണ്.

## ഏപ്രിൽ 5

# അവന്റെ വ്യഥയും നമ്മുടെ കൂട്ടായ്മയും

**''അനന്തരം യേശു അവരുമായി ഗെത്ത്ശെമന എന്ന തോട്ടത്തിൽ വന്ന് ശിഷ്യരോട്: ഞാൻ അവിടെ പോയി പ്രാർത്ഥിച്ച് വരുവോളം ഇവിടെ ഇരിപ്പിൻ എന്ന് പറഞ്ഞു ...... എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു. ഇവിടെ താമസിച്ച് എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്ന് അവരോട് പറഞ്ഞു'' മത്തായി 26:36,38.**

ഗെത്ത്ശെമന തോട്ടത്തിൽ ക്രിസ്തു അനുഭവിച്ച വ്യാകുലത നാം പൂർണ്ണമായും മനസ്സിലാക്കിയില്ലെന്ന് വരാം. എന്നാൽ കുറഞ്ഞപക്ഷം നാം അതിനെ തെറ്റിദ്ധരിക്കുകയെങ്കിലും ചെയ്യരുത്. പാപവുമായി മുഖാമുഖം വരുമ്പോൾ ദൈവവും മനുഷ്യനുമായ ഒരാളുടെ വ്യാകുലതയാണത്. വ്യക്തിപരമായ അനുഭവത്തിലൂടെ നമുക്ക് ഗത്സെമനയെക്കുറിച്ച് പഠിക്കാൻ കഴിയുകയില്ല. ഗത്സെമനയും കാൽവറിയും തികച്ചും അനുപമമാണ്. നമുക്ക് ജീവനിലേയ്ക്കുള്ള കവാടങ്ങളാണവ.

ഗത്സെമനയിൽ യേശു വ്യാകുലപ്പെട്ടത് കുരിശിലെ മരണത്തെക്കുറിച്ചായിരുന്നില്ല. മരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് താൻ വന്നിരിക്കുന്നതെന്ന് അവൻ തറപ്പിച്ച് പ്രസ്താവിച്ചിരുന്നു. അവന്റെ വിഷമം, മനുഷ്യപുത്രനെന്ന നിലയിൽ, ഈ യാതനയിലൂടെ താൻ കടന്നുപോകുകയില്ലാ എന്നതായിരുന്നു. ദൈവപുത്രൻ എന്ന നിലയിൽ താൻ കടന്നു പോകും. അവിടെ തന്നെ തൊടാൻ സാത്താന് സാധിക്കുകയില്ല. എന്നാൽ യേശുവിന് മനുഷ്യപുത്രനെന്ന നിലയിൽ നമുക്കായി, ആ അനുഭവത്തിലൂടെ കടന്നു പോകേണ്ടിയിരുന്നു. യേശുവിനു നേരത്തെ മരുഭൂമിയിൽ വച്ചുണ്ടായ പരീക്ഷയുടെ വെളിച്ചത്തിൽ ഗത്സെമനയിലെ വ്യാകുലതയുടെ വിവരണം വായിക്കുക. ''അങ്ങനെ പിശാച് സകല പരീക്ഷയും തികച്ച ശേഷം കുറെ കാലത്തേയ്ക്ക് അവനെ വിട്ട് മാറി''(ലൂക്കോസ് 4:13). ഗെത്സെമനയിൽ, അവൻ വീണ്ടും എത്തി, തോല്പിക്കപ്പെടുകയും ചെയ്തു. മനുഷ്യപുത്രനെന്ന നിലയിൽ നമ്മുടെ കർത്താവിന്റെ മേലുള്ള അവന്റെ അവസാന ആക്രമണം ഗത്സെമനയിൽ വെച്ചായിരുന്നു.

ഗത്സെമനയിലെ വ്യാകുലത ലോകരക്ഷകനെന്ന നിലയിലുള്ള തന്റെ വിധിയുടെ പൂർത്തീകരണത്തിനുള്ള ദൈവപുത്രന്റെ വ്യാകുലതയായിരുന്നു. നമ്മെ ദൈവപുത്രന്മാരാക്കിത്തീർക്കാൻ അവൻ നല്കേണ്ടി വന്ന സർവ്വവിലയും ഇവിടെ മറനീക്കി കാണിക്കപ്പെടുന്നു. നമ്മുടെ രക്ഷ എത്ര എളുപ്പമായി എന്നതിന്റെ അടിസ്ഥാനം അവന്റെ വ്യാകുലതയാണ്. ക്രിസ്തുവിന്റെ കുരിശ് മനുഷ്യപുത്രന്റെ വിജയമായിരുന്നു. നമ്മുടെ കർത്താവ് ജയിച്ചു എന്നതിന്റെ മാത്രമല്ല മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ അവൻ ജയിച്ചു എന്നതിന്റെ കൂടെ അടയാളമാണത്. മനുഷ്യപുത്രൻ എന്തിലൂടെ കടന്നുപോയോ അത് ഓരോ മനുഷ്യനും ദൈവസന്നിധിയിൽ പ്രവേശിക്കാനുള്ള വഴി നല്കുകയാണ് ചെയ്തത്.

## ഏപ്രിൽ 6

# ദൈവവും പാപവും തമ്മിലുള്ള ഏറ്റുമുട്ടൽ

**''.......................... അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ട് ക്രൂശിന്മേൽ കയറി'' (1 പത്രോസ് 2:24).**

യേശുവിന്റെ കുരിശ് പാപത്തിന്മേലുള്ള ദൈവത്തിന്റെ ന്യായവിധിയുടെ വെളിപ്പാടത്രേ. കർത്താവിന്റെ കുരിശിനെ രക്തസാക്ഷിത്വം എന്ന ആശയവുമായി ബന്ധപ്പെടുത്തിക്കാണരുത്. നരകത്തിന്റെ അടിത്തറകളിളക്കിയ അതിവിശിഷ്ടമായ ഒരു വിജയമായിരുന്നു കുരിശ്. യേശുക്രിസ്തു കുരിശിൽ ചെയ്തതിനേക്കാൾ ഉറപ്പായ മറ്റൊരു കാര്യവും കാലത്തിന്റെ അനന്തതയിലെങ്ങുമില്ല. മനുഷ്യരാശിയെ ആകമാനം ശരിയും സ്ഥിരവുമായ ഒരു ദൈവിക ബന്ധത്തിൽ കൊണ്ടുവരുക എന്നത് യേശു സാദ്ധ്യമാക്കിത്തീർത്തു. അവൻ രക്ഷയെ മനുഷ്യജീവിതത്തിന്റെ അടിസ്ഥാനമാക്കി, അതായത് ഓരോ മനുഷ്യനും ദൈവവുമായുള്ള കൂട്ടായ്മയ്ക്കായി അവൻ ഒരു വഴി തീർത്തു.

യേശുക്രിസ്തുവിന് 'വന്നു ഭവിച്ച' ഒന്നായിരുന്നില്ല കുരിശ്. അവൻ മരിക്കുവാനായി വന്നു (വെളി. 13:8). അവൻ വന്നതിന്റെ ഉദ്ദേശ്യം കുരിശായിരുന്നു. മനുഷ്യാവതാരത്തിന്റെ പൂർണ്ണ അർത്ഥവും കുരിശാണ്. ''ജഡത്തിൽ വെളിപ്പെട്ട ദൈവത്തെ'' (1 തിമോത്തി 3:16). ''നമുക്ക് വേണ്ടി പാപം ആക്കപ്പെട്ടവനിൽ നിന്ന്'' (2 കൊരിന്ത്യർ 5:21). വേർതിരിക്കാതിരിക്കാൻ സൂക്ഷിച്ച് കൊള്ളുക. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പായിരുന്നു. ഇവരണ്ടും എന്ത്, എന്തിന് എന്ന ചോദ്യങ്ങൾക്കുള്ള ഉത്തരവും കുരിശു തന്നേ. കാലത്തിന്റെയും നിത്യതയുടെയും കേന്ദ്രമാണ് കുരിശ്.

കുരിശ് ഒരു മനുഷ്യന്റേതല്ല; ദൈവത്തിന്റേതാണ്. ദൈവത്തിന്റെ കുരിശ് മനുഷ്യാനുഭവത്തിൽ ഒരിക്കലും പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുകയുമില്ല. ദൈവപ്രകൃതത്തിന്റെ പ്രദർശനമാണ് കുരിശ്. ഏതൊരാളിനും ദൈവവുമായി ഒന്നാകാൻ വേണ്ടി കടന്ന് വരാനുള്ള പ്രവേശനപാതയുമാണ്. പക്ഷേ കുരിശിൽ നാം വന്നാൽ അവിടെ നിന്നും നാം കടന്നുപോകുകയല്ല അവിടെ നാം കണ്ടെത്തുന്ന ജീവിതത്തിൽ സ്ഥിരവാസമുറപ്പിക്കുകയാണ്.

രക്ഷയുടെ കേന്ദ്രം യേശുവിന്റെ കുരിശാണ്. രക്ഷ നമുക്ക് അനായാസം ലഭിക്കുന്നതിനുള്ള കാരണം ദൈവം അതിന് അത്ര വില കൊടുത്തു എന്നതാണ്. പാപിയായ മനുഷ്യനും ദൈവവും തമ്മിലുള്ള വലിയൊരു കൂട്ടിമുട്ടലിന്റെയും കൂടിച്ചേരലിന്റെയും ഇടമാണ് കുരിശ്. അവിടെ ജീവനിലേയ്ക്കുള്ള വഴി തുറക്കപ്പെട്ടു. ആ കൂട്ടിയിടിയുടെ എല്ലാ വിലയും വേദനയും ദൈവത്തിന്റെ ഹൃദയം ഉൾക്കൊള്ളുന്നു.

## ഏപ്രിൽ 7

# എന്തുകൊണ്ടാണ് നമ്മോട് തുറന്ന് പറയാത്തത്?

**''മനുഷ്യപുത്രൻ മരിച്ചവരിൽ നിന്ന് എഴുന്നേറ്റിട്ടല്ലാതെ ഈ കണ്ടത് ആരോടും അറിയിക്കരുതെന്ന് അവൻ അവരോട് കല്പിച്ചു'' മർക്കോസ് 9:9.**

മനുഷ്യപുത്രൻ നിങ്ങളിൽ ഉയിർത്തെഴുന്നേൽക്കുന്നതുവരെ ..... ചരിത്രത്തിലെ ക്രിസ്തു പഠിപ്പിച്ചതെന്തെന്ന് മനസ്സിലാകുവോളം, ഉയിർത്തെഴുന്നേറ്റ ക്രിസ്തു നിങ്ങളെ അടക്കിഭരിക്കുംവരെ – യാതൊന്നും പറയരുത്. നിങ്ങൾ ശരിയായ അവസ്ഥയിൽ വരുമ്പോൾ, യേശു നിങ്ങളോട് വ്യക്തമായി പറഞ്ഞ വാക്ക് നേരത്തെ നിങ്ങൾ മനസ്സിലാക്കാതിരുന്നതിൽ അതിശയം തോന്നും. അത് മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയാതിരുന്നു, അവ കൈകാര്യം ചെയ്യാനുള്ള ആത്മീയാവസ്ഥ നിങ്ങൾ അത് വരെ വളർത്തിയെടുത്തിരുന്നില്ല.

നമ്മുടെ കർത്താവ് നമ്മിൽ നിന്ന് കാര്യങ്ങൾ മറച്ച് വെക്കുന്നില്ല. എന്നാൽ നമ്മുടെ ആത്മീയ ജീവിതത്തിലെ ശരിയായ അവസ്ഥയിൽ നാം എത്തുംവരെ അവയെ ഉൾക്കൊള്ളുവാൻ നമുക്ക് കഴിവില്ല. ''ഇനിയും വളരെ നിങ്ങളോട് പറയുവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല'' (യോഹന്നാൻ 16:12). അവനിൽ നിന്ന് ഏതെങ്കിലും ഒരു പ്രത്യേക സത്യം ഗ്രഹിക്കണമെങ്കിൽ അവന്റെ ഉയിർത്തെഴുന്നേറ്റ ജീവിതത്തോടു നമുക്കു കൂട്ടായമ ഉണ്ടായിരിക്കണം. അത് നമ്മിലുണ്ട് എന്നതിന് തെളിവ് അവന്റെ വചനം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു എന്നതാണ്. ദൈവാത്മാവ് നമ്മിലില്ലെങ്കിൽ, ഒന്നും നമുക്ക് മനസ്സിലാക്കിത്തരാൻ ദൈവത്തിനു കഴിയുകയില്ല. നമ്മുടെ സ്വന്തം ആശയങ്ങളെക്കുറിച്ചുള്ള ശാഠ്യമനോഭാവം, ദൈവം നമുക്കെന്തെങ്കിലും വെളിപ്പെടുത്തിത്തരുന്നതിനെ തടയും. എന്നാൽ ഒരിക്കൽ അവന്റെ ഉയിർത്തെഴുന്നേറ്റ ജീവിതത്തിന്റെ വഴി നമ്മിലായാൽ പിന്നെ നമ്മുടെ മാന്ദ്യം ഉടനെ മാറും.

''ആരോടും പറയരുത്''........... പക്ഷേ മറുരൂപമലയിൽ തങ്ങൾ എന്താണ് കണ്ടതെന്ന് നമ്മിലധികം പേരും പറയുന്നു. അവർക്ക് ദർശനം ലഭിക്കുകയും അവർ അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ അവരുടെ ജീവിതം അതിനോടൊത്ത് പോകുന്നില്ല. മനുഷ്യപുത്രൻ അവരിൽ ഉയിർത്തെഴുന്നേറ്റിട്ടില്ല എന്നതാണു ജീവിതമാന്ദ്യത്തിനു കാരണം.

## ഏപ്രിൽ 8

# അവന്റെ പുനരുത്ഥാന ലക്ഷ്യം

**''ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്ന് പറഞ്ഞു'' ലൂക്കോസ് 24:26.**

നമ്മുടെ കർത്താവിന്റെ കുരിശാണ് അവന്റെ ജീവിതത്തിലേയ്ക്കുള്ള വാതിൽ. അവന്റെ ജീവൻ എന്നിലേയ്ക്ക് പകരാനുള്ള ശക്തി അവനുണ്ടെന്നതാണ് അവന്റെ പുനരുത്ഥാനത്തിന്റെ അർത്ഥം. ഉന്നതങ്ങളിൽ നിന്ന് ഞാൻ വീണ്ടും ജനിക്കുമ്പോൾ, ഉയിർത്തെഴുന്നേറ്റ കർത്താവിൽ നിന്ന് അവന്റെ ജീവൻ തന്നേ ഞാൻ സ്വീകരിക്കുന്നു.

കർത്താവിന്റെ പുനരുത്ഥാന ലക്ഷ്യം, ''അനേകം പുത്രന്മാരെ തേജസ്സിലേയ്ക്ക്'' കൊണ്ടുവരുക (എബ്രാ. 2:10) എന്നതാണ്. തന്റെ ഉദ്ദേശ്യത്തിന്റെ പൂർത്തീകരണം, നമ്മെ അവന്റെ പുത്രന്മാരും പുത്രിമാരും ആക്കാനുള്ള അവകാശം അവന് നല്കുന്നു. ദൈവവുമായി നാം ഒരിക്കലും ദൈവപുത്രൻ ആയിരിക്കുന്നതുപോലെയുള്ള ഒരു ബന്ധത്തിലല്ല. പുത്രനാണു നമ്മെ പുത്രബന്ധത്തിൽ കൊണ്ടുവരുന്നത്. നമ്മുടെ കർത്താവ് മരിച്ചവരുടെയിടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ അതിന് മുമ്പ് താൻ ജീവിച്ചിട്ടില്ലാത്ത ഒരു ജീവിതത്തിലേക്ക്, തികച്ചും പുതിയൊരു ജീവിതത്തിലേക്ക് അവൻ ഉയർന്നു. അവന്റെ പുനരുത്ഥാനം നമുക്ക് നല്കുന്ന അർത്ഥം, നമ്മുടെ പഴയ ജീവിതത്തിലേക്കല്ല, അവന്റെ ഉയിർത്തെഴുന്നേറ്റ ജീവിതത്തിലേക്ക് നാമും ഉയർത്തപ്പെട്ടു എന്നതാണ്. ഒരു ദിവസം നമുക്ക് അവന്റേതുപോലെ തേജസ്സുള്ള ഒരു ശരീരമുണ്ടാകും. എന്നാൽ ഇപ്പോൾ നമുക്ക് അവന്റെ പുനരുത്ഥാനത്തിന്റെ മഹത്വം അറിയുകയും ജീവന്റെ പുതുക്കത്തിൽ നടക്കുകയും ചെയ്യാം. പൗലോസിന്റെ ഉറച്ച തീരുമാനം അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയുക എന്നതായിരുന്നു (Phi. 3:10).

''നീ അവനു നല്കിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവനെ കൊടുക്കേണ്ടതിന്, നീ സകല ജഡത്തിന്മേലും അവന് അധികാരം നല്കിയിരിക്കുന്നുവല്ലോ'' എന്നാണ് യേശു പ്രാർത്ഥിച്ചത് (യോഹ. 17:2). ''പരിശുദ്ധാത്മാവ്'' എന്നത് ഇപ്പോൾ ഇവിടെ സർവ്വമനുഷ്യരിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിത്യജീവന്റെ അനുഭവത്തിനുള്ള മറ്റൊരു പേരാണ്. ക്രിസ്തുവിന്റെ കുരിശിനാൽ നമ്മുടെ ജീവിതത്തിൽ പാപമോചനത്തിന്റെ ശക്തി തുടർന്നും പ്രയോഗിച്ചുകൊണ്ടേയിരിക്കുന്നു. ദൈവത്തിന്റെ ദൈവത്വമാണ് പരിശുദ്ധാത്മാവ്. നാം അവനെ അനുസരിക്കുക മാത്രം ചെയ്താൽ മതി. അവന്റെ ആത്മാവിന് യേശുക്രിസ്തുവിലുള്ള അതേ ഭാവം നമ്മിലുളവാക്കാം എന്ന ഗംഭീരവും മഹത്വപൂർണ്ണവുമായ സത്യത്തിനായി നമുക്ക് ദൈവത്തിന് സ്തോത്രം ചെയ്യാം.

## ഏപ്രിൽ 9

# ഞാൻ യേശുവിനെ കണ്ടിട്ടുണ്ടോ?

**''പിന്നെ അവരിൽ രണ്ടുപേർ നാട്ടിലേക്കു പോകുമ്പോൾ അവൻ മറ്റൊരു രൂപത്തിൽ അവർക്ക് പ്രത്യക്ഷനായി.'' മർക്കോസ് 16:12**

രക്ഷിക്കപ്പെടുക എന്നതും യേശുവിനെ കാണുക എന്നതും ഒരേ കാര്യമല്ല. ഒരിക്കലും യേശുവിനെ കണ്ടിട്ടില്ലാത്ത പലരും ദൈവകൃപ അനുഭവിക്കുന്നവരാണ്. ഒരിക്കൽ നിങ്ങൾ യേശുവിനെ കണ്ടുകഴിഞ്ഞാൽ, പിന്നെ നിങ്ങൾക്ക് ഒരിക്കലും പഴയ ആൾ ആയിരിക്കാൻ സാദ്ധ്യമല്ല. മറ്റ് കാര്യങ്ങൾ, നേരത്തെ നമ്മെ ആകർഷിച്ചിരുന്നതുപോലെ നമ്മെ ആകർഷിക്കുകയുമില്ല.

യേശുവിനെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടും അവൻ നിങ്ങൾക്കായി ചെയ്തിരിക്കുന്നതും തമ്മിലുള്ള വ്യത്യാസം എപ്പോഴും തിരിച്ചറിയണം. എന്താണ് അവൻ നിങ്ങൾക്കായി ചെയ്തിരിക്കുന്നത് എന്നു മാത്രമേ നിങ്ങൾക്കറിയൂ. എങ്കിൽ നിങ്ങളുടെ ദൈവം അത്ര വലിയവനല്ല. എന്നാൽ നിങ്ങൾക്ക് യേശുവിനെ അവൻ ആയിരിക്കുന്നത് പോലെ തന്നേ ദർശിക്കാൻ കഴിഞ്ഞാൽ, നിങ്ങളും ''അദൃശ്യനായ ദൈവത്തെ കണ്ടതുപോലെ ഉറച്ചു നില്ക്കും'' (എബ്രാ.11:27). ജന്മനാ അന്ധനായ മനുഷ്യൻ, യേശു അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് സ്വയം വെളിപ്പെടുത്തും വരെ, യേശുവിനെ അറിഞ്ഞില്ല. താൻ എന്തെങ്കിലും ചെയ്തുകൊടുത്തിട്ടുള്ളവർക്ക് യേശു പ്രത്യക്ഷനാകും. ഏത് തിരിവിലും, അപ്രതീക്ഷിതമായി അവൻ പ്രത്യക്ഷപ്പെടാം. അപ്പോൾ നിങ്ങൾ ആശ്ചര്യപ്പെടും: ''ഇപ്പോൾ ഞാൻ അവനെ കാണുന്നു'' (യോഹന്നാൻ 9:25 കാണുക)! എന്ന അനുഭവം ഉണ്ടാകും.

നിങ്ങൾക്കെന്നപോലെ നിങ്ങളുടെ കൂട്ടുകാരനും യേശു പ്രത്യക്ഷപ്പെടണം. നിങ്ങളുടെ കണ്ണുകൊണ്ട് മറ്റാർക്കും യേശുവിനെ കാണാൻ കഴിയുകയില്ല. ഒരാൾ കാണുകയും മറ്റെയാൾ കാണാതിരിക്കുകയും ചെയ്യുമ്പോൾ വേർതിരിവുണ്ടാകുന്നു. യേശുവിനെ കാണുന്ന ആ തലംവരെയും നിങ്ങൾക്ക് നിങ്ങളുടെ കൂട്ടുകാരനെ കൊണ്ടുവരാൻ കഴിയുകയില്ല; അത് ദൈവം ചെയ്യണം. നിങ്ങൾ യേശുവിനെ കണ്ടുവോ? എങ്കിൽ മറ്റുള്ളവരും അവനെ കാണണമെന്ന് നിങ്ങൾ ആഗ്രഹിക്കും. ''അവൻ പോയി ശേഷമുള്ളവരോട് അറിയിച്ചു. അവരുടെ വാക്കും അവർ വിശ്വസിച്ചില്ല'' (മർക്കോസ് 16:13). അവർ വിശ്വസിച്ചില്ലെങ്കിലും അവരെ കാണുമ്പോൾ നിങ്ങൾ പറയണം.

''പറയാനെനിക്ക് കഴിഞ്ഞാൽ, നിങ്ങൾ വിശ്വസിക്കും, നിശ്ചയം!
എന്താണ് കണ്ടതെന്ന് പറയാൻ മാത്രമെനിക്ക് കഴിഞ്ഞെങ്കിൽ!
ഞാൻ എത്തി നില്ക്കുന്നേടത്ത് അവൻ നിങ്ങളെ എത്തിക്കാതെ എങ്ങനെ ഞാൻ പറയും? എങ്ങനെ നിങ്ങൾക്കത് സ്വീകരിക്കാൻ കഴിയും?''.



## ഏപ്രിൽ 10

# പാപത്തെ സംബന്ധിച്ച ധാർമ്മിക നിശ്ചയം

**''പാപശരീരത്തിന് നീക്കം വരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്ന് നാം അറിയുന്നു'' റോമർ 6:6.**

**സഹക്രൂശീകരണം**: പാപം നിങ്ങളിൽ പൂർണ്ണമായും കൊല്ലപ്പെടേണം എന്ന് നിങ്ങൾ തീരുമാനം എടുത്തുവോ? പാപത്തെക്കുറിച്ച് അങ്ങനെയൊരു ധാർമ്മിക തീരുമാനമെടുക്കാൻ കുറേയേറെ നാൾ വേണ്ടിവന്നേക്കാം. എന്നാൽ ലോകത്തിന്റെ പാപങ്ങൾക്കായി യേശു മരിച്ചു. അതുകൊണ്ട് എന്നിലെ പാപം അമർത്തപ്പെടുകയോ ഞാൻ അതിനെതിരായി പ്രവർത്തിക്കുകയോ അല്ല, അത് എന്നിൽ മരിക്കണം എന്ന് ഞാൻ തീരുമാനിക്കുമ്പോൾ അതെന്റെ ജീവിതത്തിലെ ഒരു വലിയ നിമിഷമായി മാറുന്നു. ഒരാളെ ഈ തീരുമാനത്തിലെത്തിക്കാൻ മറ്റൊരാൾക്ക് കഴിയുകയില്ല. ഇത് നമുക്ക് ആത്മാർത്ഥമായി, ആത്മീയമായി ബോദ്ധ്യപ്പെട്ടേക്കാം, എന്നാൽ പൗലോസ് ഇവിടെ ശക്തമായി ഉന്നയിക്കുന്ന ദൃഢനിശ്ചയത്തിലേക്കു വരുക എന്നതാണ് നമ്മുടെ ആവശ്യം.

അതുകൊണ്ട് എഴുന്നേറ്റ് കുറേ സമയം ദൈവവുമായി തനിച്ചിരിക്കുക. ദൈവമേ, പാപം എന്നിൽ മരിച്ചിരിക്കുന്നു എന്ന് ഞാനറിയും വരെ, നിന്റെ മരണവുമായി എന്നെ ഒന്നാക്കുക എന്ന് പറഞ്ഞുകൊണ്ട് ഈ സുപ്രധാന തീരുമാനം – നിങ്ങളിലെ പാപത്തെ കൊല്ലുക എന്ന ധാർമ്മിക തീരുമാനം എടുക്കുക.

പൗലോസിന് ഇത് ഭാവിയെക്കുറിച്ചുള്ള ഒരു ദൈവികപ്രതീക്ഷയായിരുന്നില്ല, ഇത് പൗലോസിന്റെ ജീവിതത്തിലെ സുനിശ്ചിതവും അടിസ്ഥാനപരവുമായ ഒരു തീരുമാനമായിരുന്നു. നിങ്ങളിലെ പാപത്തിന്റെ നില എന്താണെന്നും, നിങ്ങളിലെ ദൈവാത്മാവിനെതിരെ പോരാടുന്ന ആ കാര്യങ്ങൾ ഏതെന്നും നിങ്ങളറിയും വരെയും ദൈവാത്മാവ് നിങ്ങളെ ശോധന ചെയ്യാൻ നിങ്ങളനുവദിക്കുമോ? നിങ്ങളുടെ ഇച്ഛാശക്തിയെ അടിസ്ഥാനപരമായി ദൈവതിരുമുമ്പാകെ കൈകാര്യം ചെയ്തില്ലെങ്കിൽ, ''പാപസംബന്ധമായി മരിച്ചവൻ'' (റോമ. 6:11). എന്ന് നിങ്ങൾക്ക് നിങ്ങളെ കണക്കാക്കാൻ സാധിക്കയില്ല.

അവന്റെ ജീവനൊഴികെ മറ്റൊന്നും നിങ്ങളുടെ ജഡരക്തങ്ങളിൽ അവശേഷിക്കാത്തവിധം ക്രിസ്തുവിനോടൊത്ത് ക്രൂശിക്കപ്പെടുക എന്ന ആ മഹത്വപൂർണ്ണമായ അവകാശത്തിലേക്ക് നിങ്ങൾ പ്രവേശിച്ചിരിക്കുന്നുവോ? ''ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു'' (ഗലാ. 2:20).

## ഏപ്രിൽ 11

# ധാർമ്മിക ദിവ്യത്വം

**''അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും'' റോമർ 6:5.**

**സഹപുനരുത്ഥാനം**: യേശുവിനോടൊത്ത് ഞാൻ ക്രൂശിക്കപ്പെട്ടു എന്നതിന്റെ തെളിവ് അവനോട് എനിക്കുള്ള സുനിശ്ചിതമായ സാമ്യമാണ്. എന്നിലേക്ക് വരുന്ന യേശുവിന്റെ ആത്മാവ് ദൈവവുമായുള്ള എന്റെ ജീവിതത്തെ പുനഃക്രമീകരിക്കുന്നു. യേശുവിനു തന്റെ പുനരുത്ഥാനത്തിലൂടെ ദൈവത്തിന്റെ ജീവൻ എനിക്ക് പകർന്ന് നല്കാനുള്ള അധികാരം ലഭിച്ചിരിക്കുന്നു. ഇനിയുള്ള എന്റെ പരീക്ഷണങ്ങൾ നിറഞ്ഞ ജീവിതം അവന്റെ ജീവനിൽ അടിസ്ഥാനപ്പെട്ടിരിക്കണം. യേശുവിന്റെ പുനരുത്ഥാന ജീവൻ എനിക്കും ലഭിച്ചിരിക്കുന്നു; അത് വിശുദ്ധിയിൽ സ്വയം വെളിപ്പെടുകയും ചെയ്യും.

അപ്പൊസ്തലനായ പൗലോസിന്റെ എല്ലാ ലേഖനങ്ങളിലുമുള്ള ആശയം ഇതാണ്: യേശുവിന്റെ മരണത്തോടു, അവനോടൊപ്പം താദാത്മ്യപ്പെടാനുള്ള തീരുമാനം എടുത്ത് കഴിഞ്ഞാൽ നമ്മുടെ മനുഷ്യപ്രകൃതത്തിലെ ഓരോ അംശത്തിലും അവന്റെ പുനരുത്ഥാനജീവിതം കടന്നു വരും. നശ്വരമായ ഈ ജഡത്തിൽ ദൈവപുത്രന്റെ ജീവിതം നയിക്കാൻ ദൈവത്തിന്റെ സർവ്വശക്തി അഥവാ അവന്റെ പൂർണ്ണമായ ദിവ്യത്വം വേണം. ഒരു വീട്ടിലെ ഒരു മുറിയിലെ അതിഥിയായി മാത്രം പരിശുദ്ധാത്മാവിനെ താമസിപ്പിക്കാൻ സാധിക്കുകയില്ല. അവൻ സർവ്വയിടത്തും കടന്നുകയറുന്നു. എന്നിലെ പഴയ മനുഷ്യനെ (എന്റെ പാപപാരമ്പര്യത്തെ) യേശുവിന്റെ മരണവുമായി താദാത്മ്യപ്പെടുത്തിക്കഴിഞ്ഞാൽ, പരിശുദ്ധാത്മാവ് എന്റെ മേൽ ആവസിക്കുന്നു. സർവ്വതിന്റെയും ചുമതല ഏറ്റെടുക്കുന്നു. ആ പ്രകാശത്തിൽ നടക്കുകയും അവൻ വെളിപ്പെടുത്തിത്തരുന്ന കാര്യങ്ങൾ അനുസരിക്കുകയുമാണ് പിന്നെ എന്റെ കടമ. പാപത്തെ സംബന്ധിച്ച് ധാർമ്മികമായ ഒരു തീരുമാനം ഞാനെടുത്തു കഴിഞ്ഞാൽ ഞാൻ പാപത്തിന് മരിച്ചിരിക്കുന്നു എന്നു ഉറപ്പാക്കാം. കാരണം പിന്നെ യേശുവാണ് എന്റെ ശ്രദ്ധയിൽ എപ്പോഴും നിറഞ്ഞുനില്ക്കുന്നത് (റോമ. 6:11). എന്നിൽ മനുഷ്യത്വത്തിന്റേതായ ഒരേയൊരു മുദ്രയേ ഉള്ളൂ എന്നതുപോലെ വിശുദ്ധിയുടേതായും ഒരേ ഒരു മുദ്രയേ ഉള്ളൂ – യേശുവിന്റെ വിശുദ്ധി; ആ വിശുദ്ധിയാണ് എനിക്ക് ദാനമായി നല്കപ്പെട്ടിരിക്കുന്നത്. ദൈവം തന്റെ പുത്രന്റെ വിശുദ്ധി എന്നിൽ നിക്ഷേപിക്കുകയും ഞാൻ ഒരു പുതിയ ആത്മീയക്രമത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

## ഏപ്രിൽ 12

# ധാർമ്മിക ആധിപത്യം

**''ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന് അവന്റെ മേൽ ഇനി കർത്തൃത്വമില്ല എന്ന് നാം അറിയുന്നുവല്ലോ. അവൻ മരിച്ചത് പാപസംബന്ധമായി ഒരിക്കലായിട്ട് മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിന് ജീവിക്കുന്നു. അവണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തു യേശുവിൽ ദൈവത്തിന് ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ'' റോമർ 6:9–11.**

**ഒന്നിച്ചുള്ള നിത്യജീവിതം**: മാനുഷികതലത്തിൽ യേശുക്രിസ്തു കാണിച്ചുതന്ന ജീവിതമായിരുന്നു നിത്യജീവിതം. നാം വീണ്ടും ജനിക്കുമ്പോൾ അതിന്റെ ഒരു കോപ്പിയല്ല, അതേ ജീവൻ തന്നേയാണ് നമ്മുടെ ഈ ഭൗതികജഡത്തിൽ വെളിപ്പെടുന്നത്. നിത്യജീവൻ, ദൈവത്തിൽനിന്നുള്ള ദാനങ്ങളിൽ ഒന്നു മാത്രമല്ല, അത് ദൈവത്തിന്റെ സർവ്വശ്രേഷ്ഠമായ ദാനമാണ്. പാപം സംബന്ധിച്ച് ധാർമ്മികമായ തീരുമാനം എടുത്ത് കഴിയുമ്പോൾ യേശുവിൽ പ്രത്യക്ഷമായിരുന്ന അതേ ദൈവിക ചൈതന്യം കൃപയാൽ നമ്മിലും പ്രദർശിപ്പിക്കപ്പെടും.

''എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിച്ചിട്ട് .........'' ശക്തി പരിശുദ്ധാത്മാവിന്റെ ദാനമല്ല, പരിശുദ്ധാത്മാവ് തന്നേയാണ്. യേശുവുമായി താദാത്മ്യം പ്രാപിക്കുവാനുള്ള തീരുമാനം ഒരിക്കൽ നാം എടുത്ത് കഴിഞ്ഞാൽ, അവന്റെ കുരിശിന്റെ ശക്തിയാൽ യേശുവിലുണ്ടായിരുന്ന അതേ ജീവൻ നമ്മുടേതായിത്തീരുന്നു. ദൈവവുമായി ചേർന്നുപോകാൻ സാധിക്കുന്നില്ലെങ്കിൽ, അതു പാപത്തെ സംബന്ധിച്ച് നാം ഉറച്ച തീരുമാനം എടുക്കാത്തതുകൊണ്ടാണ്. നാം തീരുമാനമെടുത്താൻ ഉടൻ തന്നേ ദൈവത്തിന്റെ പൂർണ്ണജീവൻ നമ്മിലേക്ക് വരുകയും ചെയ്യും. യേശു വന്നത് നമുക്ക് അന്തമില്ലാത്ത ജീവൻ ധാരാളമായി നല്കുന്നതിനാണ്..... (എഫേ. 3:19). ''ദൈവത്തിന്റെ എല്ലാ നിറവിനോളം തികഞ്ഞ് വരികയും വേണം''. നിത്യജീവൻ കാലഗതിയുമായി ബന്ധപ്പെടുന്നില്ല. യേശു ഇവിടെ താഴെ, ഈ ഭൂമിയിലായിരുന്നപ്പോൾ ജീവിച്ച ജീവിതമാണത്. ജീവന്റെ ഒരേ ഒരു സ്രോതസ്സ് കർത്താവായ യേശുക്രിസ്തുവത്രേ.

ഏറ്റവും ബലഹീനനായ വിശുദ്ധന് പോലും, സർവ്വവും ത്യജിക്കാൻ മനസ്സാണെങ്കിൽ മനുഷ്യപുത്രന്റെ ദൈവത്വത്തിന്റെ ശക്തി അനുഭവിക്കാൻ കഴിയും. നമ്മുടെ തന്നേ ശക്തിയിൽ പിടിച്ച് തൂങ്ങാനുള്ള ഏതൊരു ശ്രമവും, നമ്മിലുള്ള യേശുവിന്റെ ജീവനെ മങ്ങലിലാക്കും. നാം പിടിവിട്ടു കൊണ്ടേയിരിക്കണം. അപ്പോൾ മെല്ലെ, മെല്ലെ എന്നാൽ ഉറപ്പായി ദൈവത്തിന്റെ പൂർണ്ണജീവൻ നമ്മിലെ സൂക്ഷ്മാംശങ്ങളിലും പ്രവേശിക്കുകയും, നാം യേശുവിനോടൊത്ത് ആയിരുന്നുവെന്നു ആളുകൾ അറിയുകയും ചെയ്യും.

## ഏപ്രിൽ 13

# നമ്മുടെ കർത്തവ്യം

**''നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക'', സങ്കീർത്തനം 55:22.**

ശരിയായ ഭാരം ചുമടും, തെറ്റായ ഭാരം ചുമടും തമ്മിൽ നാം വേർതിരിക്കണം. പാപത്തിന്റെയോ സംശയത്തിന്റെയോ ഭാരം ഒരിക്കലും നാം ചുമന്നുകൊണ്ട് നടക്കരുത്. എന്നാൽ താൻ ഒരിക്കലും എടുത്ത് മാറ്റാൻ ഉദ്ദേശിക്കാത്ത ചില ഭാരങ്ങൾ ദൈവം നമ്മുടെ മേൽ വെയ്ക്കുന്നു. അത് നാം തിരിച്ച് അവനിലേയ്ക്ക് തന്നേ വെക്കണമെന്നാണ് ദൈവം ഉദ്ദേശിക്കുന്നത്. ദൈവം നിനക്ക് നല്കിയ 'ഭാരം അവന്റെ മേൽ ഇട്ടുകൊൾവിൻ'. നാം ദൈവത്തിനായി വേല ഏറ്റെടുക്കുകയും അതേസമയം അവനുമായുള്ള സമ്പർക്കം വിട്ടുപോകുകയും ചെയ്താൽ, അതേക്കുറിച്ചുള്ള ഉത്തരവാദിത്വബോധം നമ്മെ പാടേ ഞെരിച്ച് കളയും. എന്നാൽ അത് അവനിൽതന്നേ തിരിച്ച് വെച്ചാൽ, അവൻ നമ്മിലുണ്ട് എന്നുള്ള ബോധ്യത്തിലൂടെ, ആ ഉത്തരവാദിത്വത്തിന്റെ ഭാരം ദൈവം എടുത്ത് കളയുന്നു.

അനേകം ദൈവശുശ്രൂഷകർ ഉയർന്ന ധൈര്യത്തോടും, അത്യധികം നല്ല ഉൾപ്രേരണയോടും കൂടെ, എന്നാൽ യേശുക്രിസ്തുവുമായി ഗാഢമായ കൂട്ടായ്മയില്ലാതെ കടന്ന് വരും; അധികം വൈകാതെ അവർ തകർന്നടിയും; തങ്ങളുടെ ഭാരവും കൊണ്ട് എന്ത് ചെയ്യണമെന്നറിയാതെ പോകുന്നു. അവരിൽ തളർച്ചയുണ്ടാകുകയും ഇങ്ങനെയൊരു തുടക്കത്തിന് ഇത്ര കയ്പേറിയൊരു അവസാനമോ എന്ന് അവർ പറഞ്ഞുപോകുകയും ചെയ്യുന്നു.

''സർവ്വചിന്താകുലങ്ങളും ദൈവത്തിന്റെമേൽ ഇട്ടുകൊൾക''; നിങ്ങൾ അത് മുഴുവൻ തനിയേ വഹിക്കുകയായിരുന്നു. ഇനി അതിന്റെ ഒരററം മനഃപൂർവ്വം ദൈവത്തിന്റെ ചുമലിൽ വെയ്ക്കുക. ''.... ആധിപത്യം അവന്റെ തോളിൻമേലിരിക്കും'' (യെശ. 9:6).

അത് എറിഞ്ഞ് കളയരുത്; ആ ഭാരത്തെയും നിങ്ങളെത്തന്നേയും അവന്റെ മേൽ ഇടുക; അപ്പോൾ, ദൈവവുമായുള്ള ചങ്ങാത്തത്തെക്കുറിച്ചുള്ള ബോധത്താൽ ഭാരം കുറയും. ഒരിക്കലും ഭാരത്തിൽ നിന്ന് ബന്ധം വിടർത്തരുത്.

## ഏപ്രിൽ 14

# കർത്താവ് എനിക്കു തുണ

**''എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ'' മത്തായി 11:29**

''ദൈവം താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു'' (എബ്രാ. 12:6).

എത്ര അല്പത്തമാണ് നമ്മുടെ പരാതിപ്പെടൽ! താനുമായി സംസർഗ്ഗം ചെയ്യുന്ന ഇടത്തേയ്ക്ക് കർത്താവ് നമ്മെ കൊണ്ടുവരാൻ തുടങ്ങുമ്പോൾ നമ്മൾ ''അല്ലയോ കർത്താവേ, എന്നെ മറ്റുള്ളവരെപ്പോലെ ആകാൻ അനുവദിക്ക'' എന്ന് ഞരങ്ങുന്നു. നുകത്തിന്റെ ഒരറ്റത്ത് പിടിക്കാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു. ''എന്റെ നുകം മൃദുവാകുന്നു (മത്താ. 11:30), എന്റെയരികിൽ വരിക, നമുക്കൊരുമിച്ചത് വലിക്കാം'' എന്നാണ് യേശു നമ്മോട് പറയുന്നത്. നിങ്ങൾ ഇങ്ങനെ കർത്താവുമായി താദാത്മ്യം പ്രാപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവൻ തരുന്ന കൈത്താങ്ങിനായി ദൈവത്തെ നിങ്ങൾ സ്തുതിക്കും. ''.... യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നു'' (നെഹെ. 8:10).

ദൈവം നമ്മുടെ വൈകാരിക ദൗർബല്യത്തെ എടുത്തു കളയുകയും നമ്മുടെ പരാതിയെ സ്തോത്രഗീതമാക്കി മാറ്റുകയും ചെയ്യുന്നു. ദൈവത്തിന്റെ ശക്തി അറിയാനുള്ള ഒരേയൊരു വഴി യേശുവിന്റെ നുകം നമ്മുടെ മേൽ ഏറ്റുകൊണ്ട് അവനിൽ നിന്ന് പഠിക്കുകയാണ്.

''കർത്താവിങ്കലെ സന്തോഷം എന്റെ ബലം''. വിശുദ്ധന്മാർക്ക് എവിടെ നിന്നാണ് ആനന്ദം ലഭിക്കുന്നത്? ചില വിശുദ്ധന്മാരെക്കുറിച്ച് നാം അറിഞ്ഞിരുന്നില്ലെങ്കിൽ ''ഓ അവർക്ക് യാതൊന്നും പേടിക്കേണ്ടി വന്നിട്ടില്ല'' എന്ന് നാം പറഞ്ഞുപോകുമായിരുന്നു. ദൈവത്തിന്റെ സമാധാനവും പ്രകാശവും, സന്തോഷവും അവരിൽ ഉണ്ട് എന്നത് അവരിൽ ഭാരങ്ങളും ഉണ്ട് എന്നതിന്റെ തെളിവാണ്. ദൈവം ചുമത്തുന്ന ഭാരം മുന്തിരിങ്ങയെ ഞെരിച്ച് പിഴിയുമ്പോൾ; വീഞ്ഞ് പുറത്ത് വരുന്നതുപോലെയാണ്. ഒരു മനുഷ്യാത്മാവിലുള്ള ദൈവശക്തിയെ ഭൂമിയിലോ നരകത്തിലോ ഉള്ള ഒരു ശക്തിക്കും കീഴടക്കാൻ സാധിക്കുകയില്ല, അതൊരു ആന്തരിക അജയ്യതയാണ്.

നിങ്ങളുടെ ഉള്ളിൽ പിറുപിറുപ്പോ ചിണുങ്ങലോ ഉണ്ടെങ്കിൽ, ദാക്ഷിണ്യം കൂടാതെ അതിനെ തൊഴിച്ചെറിയുക. ദൈവശക്തിയിൽ ബലഹീനനായിരിക്കുന്നത് വലിയ തെറ്റാണ്.

## ഏപ്രില്‍ 15

# ഏകാഗ്രതയില്ലായ്മ

**''എന്നാല്‍ പൂജാഗിരികള്‍ക്കു യിസ്രായേലില്‍ നീക്കം വന്നില്ല; എങ്കിലും ആസയുടെ ഹൃദയം അവന്റെ ജീവകാലമൊക്കെയും ഏകാഗ്രമായിരുന്നു'' 2 ദിനവൃത്താന്തം 15:17.**

ആസ പൂര്‍ണ്ണമായും അനുസരണയുള്ളവനായി കാണപ്പെട്ടില്ല; പ്രധാന മേഖലകളില്‍ അനുസരണയുള്ളവനായിരുന്നു താനും. ''ഓ എന്റെ ജീവിതത്തിലെ ആ കാര്യം അത്ര പ്രധാനപ്പെട്ടതല്ല'' എന്ന് പറയുന്നത് സൂക്ഷിച്ച് വേണം. 'ഇതത്ര സാരമില്ലാത്ത കാര്യമാണ്' എന്നുള്ള നിങ്ങളുടെ തോന്നലിന്റെ അര്‍ത്ഥം തന്നേ ദൈവത്തിന് അത് പ്രധാനപ്പെട്ട കാര്യമാണെന്നാണ്. ഒരു ദൈവപൈതലിന് ഒന്നും ഒരു നിസ്സാരകാര്യമല്ല. നമ്മെ ഒരു കാര്യം പഠിപ്പിക്കുന്നതില്‍ നിന്ന് എത്രകാലം നാം ദൈവത്തെ തടഞ്ഞുകൊണ്ടിരിക്കും? ദൈവത്തിനൊരിക്കലും ക്ഷമ കെടുകയില്ല. ദൈവവുമായുള്ള ബന്ധത്തില്‍ 'ഞാന്‍ ശരിയായിടത്ത് തന്നേ' എന്ന് നിങ്ങള്‍ പറയുന്നു. എന്നാല്‍ അപ്പോഴും നിങ്ങള്‍ അനുസരിക്കാത്ത എന്തോ ഒന്ന് നിങ്ങളുടെ ജീവിതത്തിലുണ്ട്. ദൈവം സംശയത്തിന് കാരണമാക്കിയ എന്തോ ഒന്ന് നിങ്ങളുടെ ജീവിതത്തിലുള്ളപ്പോഴും എന്റെ ഹൃദയം ദൈവവുമായി നിരപ്പിലാണെന്ന് നിങ്ങള്‍ പ്രഖ്യാപിക്കുകയാണോ? എന്തെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ദൈവം നിങ്ങളില്‍ സംശയമുളവാക്കിയാല്‍ അതെന്ത് തന്നേആയാലും അപ്പോള്‍തന്നേ അത് ഉപേക്ഷിക്കുക. നമ്മുടെ ജീവിതത്തിലെ യാതൊന്നും ദൈവത്തിന് അപ്രധാനമല്ല.

നിങ്ങളുടെ ശാരീരിക ജീവിതത്തിലോ ബൗദ്ധിക ജീവിതത്തിലോ, നിങ്ങള്‍ തീരെ ശ്രദ്ധിച്ചിട്ടില്ലാത്തതായ ചില കാര്യങ്ങളുണ്ടോ? അങ്ങനെയെങ്കില്‍, പ്രധാനപ്പെട്ട മേഖലകളിലെല്ലാം നിങ്ങള്‍ ശരിയാണെന്ന് നിങ്ങള്‍ക്ക് തോന്നുന്നുവെങ്കിലും നിങ്ങള്‍ ശ്രദ്ധയില്ലാത്തവനാണ്, ശ്രദ്ധയില്ലാത്തവളാണ്. അതായത് ശ്രദ്ധ കേന്ദ്രീകരിക്കുന്നതില്‍ നിങ്ങള്‍ പരാജയപ്പെടുന്നു. നിങ്ങളുടെ ഹൃദയത്തിന് അത് സ്പന്ദിക്കുന്നതില്‍ നിന്നൊരു വിശ്രമവേള നിങ്ങള്‍ക്ക് ആവശ്യമില്ലാത്തതുപോലെ, നിങ്ങളുടെ ആത്മീയ ഏകാഗ്രതയില്‍ നിന്നൊരു വിശ്രമവേളയും നിങ്ങള്‍ക്ക് ആവശ്യമില്ല. ധാര്‍മ്മിക അവധിയെടുത്തിട്ട് ധാര്‍മ്മികതയില്‍ ജീവിക്കാന്‍ സാധിക്കാത്തതുപോലെ ആത്മീയ അവധി എടുത്തിട്ടു നിങ്ങള്‍ക്ക് ആത്മീയതയിലിരിക്കാന്‍ സാധിക്കുകയില്ല. ദൈവത്തിന് നിങ്ങളെ പൂര്‍ണ്ണമായും വേണം. അതുകൊണ്ട് നിങ്ങളെ ശരിയായ രീതിയില്‍ സൂക്ഷിക്കുന്ന കാര്യത്തില്‍ നിങ്ങള്‍ക്ക് അതീവ ശ്രദ്ധവേണം. അതിന് ഒരുപാട് സമയം എടുക്കും. ചുരുങ്ങിയ സമയംകൊണ്ട് ഉന്നതികളില്‍ എത്താമെന്നാണ് നമ്മില്‍ ചിലരുടെ തെറ്റുദ്ധാരണ.

## ഏപ്രിൽ 16

# ഉന്നതിവിട്ട് നിങ്ങൾ താഴെ വരുമോ?

**''നിങ്ങൾ വെളിച്ചത്തിന്റെ മക്കൾ ആകേണ്ടതിന് വെളിച്ചം ഉള്ളിടത്തോളം വെളിച്ചത്തിൽ വിശ്വസിപ്പിൻ ....................'' യോഹന്നാൻ 12:36.**

മറ്റെന്നത്തേക്കാളും നല്ല അവസ്ഥയിലാണ് ഞാൻ ഇപ്പോൾ എന്ന് തോന്നുന്ന ചില നിമിഷങ്ങളുണ്ട്. ആ അവസ്ഥയിൽ 'ഇപ്പോൾ ഞാൻ എന്തിനും യോഗ്യൻ, എന്തുമെനിക്ക് സാധിക്കും, ഞാനെപ്പോഴും ഇങ്ങനെയായിരുന്നെങ്കിൽ' എന്ന് നമ്മൾ പറയും. ആ നിമിഷങ്ങൾ ഉൾക്കാഴ്ചയുടെ നിമിഷങ്ങളാണ്; നമുക്ക് ഇങ്ങനെ വേണം എന്ന് തോന്നാത്തപ്പോഴും ആ നിമിഷങ്ങൾക്കനുസരിച്ച് നാം ജീവിക്കണം. ഇങ്ങനെയുള്ള ഉന്നതവേളകൾ ഇല്ലാത്തപ്പോൾ, ഈ സാധാരണലോകത്ത് ജീവിക്കാൻ കൊള്ളാത്തവരാണ് നാം. ഉന്നതവേളയിൽ വെളിപ്പെടുന്ന നിലവാരത്തിലേക്ക് നമ്മുടെ സാധാരണ ജീവിതത്തെ നാം ഉയർത്തണം.

ഉന്നതവേളയിൽ നിങ്ങളിലുണർത്തപ്പെടുന്ന ഒരു വികാരം ഒരിക്കലും ആവിയായിപ്പോകാൻ അനുവദിക്കരുത്. എത്ര അത്ഭുതകരമാണ് ഇങ്ങനെയൊരു മാനസികാവസ്ഥ എന്ന് പറഞ്ഞുകൊണ്ട് നിങ്ങളെ ഒരു 'പ്രദർശനവസ്തുവായി' സ്വയം പ്രതിഷ്ഠിക്കയുമരുത്. ഉടൻ പ്രവർത്തിക്കുക. ചെയ്യേണ്ട, എന്ന തോന്നൽ ഉണ്ടാകുന്നതിനു മുമ്പ് എന്തെങ്കിലും ചെയ്യുക. ഒരു പ്രാർത്ഥനാ സമ്മേളനത്തിൽ നിങ്ങൾ ചെയ്യാനുള്ള എന്തെങ്കിലും ഒരു കാര്യം ദൈവം കാണിച്ച് തരുന്നു എന്ന് വിചാരിക്കുക. 'ഞാനത് ചെയ്യും! ഞാനത് ചെയ്യും' എന്ന് പറഞ്ഞുകൊണ്ടിരുന്നാൽ പോരാ നിങ്ങളുടെ ജഡത്തിന്റെ അലസതയെ കുടഞ്ഞുകളയുക. മറുരൂപമലയിലെ അനുഭവത്തിന് വേണ്ടിയുള്ള അഭിവാഞ്ഛയ്ക്ക് ഒരു കാരണം നമ്മുടെ അലസതയാണ്. പർവതത്തിലെത്തിച്ചേരുന്നതിനെക്കുറിച്ച് നാം പറയാറുണ്ട്. അവിടെ നമ്മൾ കണ്ടതനുസരിച്ച് നമ്മുടെ സാധാരണയുള്ള വിരസമായ ദിവസങ്ങൾ ഫലപ്രദമായി ചെലവഴിക്കുകയാണ് വേണ്ടത്.

ഒരിക്കൽ നിങ്ങൾക്ക് തടസ്സമോ ചിന്താക്കുഴപ്പമോ ഉണ്ടായതുകൊണ്ട് നിങ്ങൾ നിരാശപ്പെട്ടു പോവരുത്. വീണ്ടും അതിന് ശ്രമിക്കുക. മടങ്ങിപ്പോവാനാവാത്തവണ്ണം നിങ്ങളുടെ പിന്നിലുള്ള പാലങ്ങളെ എരിച്ച് കളയുക, നിങ്ങളുടെ സ്വന്തപ്രവൃത്തിയിലൂടെ ദൈവത്തിന് സമർപ്പിതനായി നിലകൊള്ളുക. ഒരിക്കലും നിങ്ങളുടെ തീരുമാനങ്ങൾ പുനഃപരിശോധന ചെയ്യരുത്, മറിച്ച് 'ഉന്നതവേള'യിലെ വെളിച്ചത്തിൽ തീരുമാനങ്ങളെടുക്കും എന്നുറപ്പ് വരുത്തുക.

## ഏപ്രിൽ 17

# പൂർണ്ണമോ ശൂന്യമോ?

**''അതു കർത്താവ് ആകുന്നു എന്ന് ശീമോൻ പത്രൊസ് കേട്ടിട്ട് താൻ നഗ്നനാക യാൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി'' യോഹന്നാൻ 21:7.**

ബോധപൂർവ്വം, സാഹസികമായി, ഉറപ്പായി സർവ്വതും പാടേ ഉപേക്ഷിച്ച ഒരു പ്രതിസന്ധി നിങ്ങളുടെ ജീവിതത്തിലുണ്ടായിട്ടുണ്ടോ? അത് ഇച്ഛാശക്തിയുടെ ഒരു പ്രതിസന്ധിയാണ്. ബാഹ്യമായി നിങ്ങൾ പലവട്ടം അവിടെ എത്തുമായിരിക്കാം എന്നാൽ അത് ഒന്നുമാകുന്നില്ല. സർവ്വതും ഉപേക്ഷിക്കുന്നതിന്റെ യഥാർത്ഥ അനുഭവം ഹൃദയത്തിന്റെ അടിത്തട്ടിലാണുണ്ടാകുന്നത്. പുറമേയുള്ളതെല്ലാം വിട്ടുകളഞ്ഞാലും ഹൃദയം സ്വതന്ത്രമാകണമെന്നില്ല.

നിങ്ങൾ, നിങ്ങളുടെ ഇച്ഛാശക്തിയെ പൂർണ്ണമായും യേശുവിന് സമർപ്പിച്ചിരിക്കുന്നുവോ? ഇത് വികാരത്തിന്റെയല്ല, ഇച്ഛയുടെ കൈമാറ്റമാണ്. വികാരം ഇവിടെ ഈ കൈമാറ്റത്തിൽ നിന്നുളവാകുന്ന ഉപരിതല ഫലം മാത്രമാണ്. വികാരത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ നിങ്ങൾ ഒരിക്കലും ഈ കൈമാറ്റം നടത്തുകയില്ല. ഈ കൈമാറ്റത്തിന്റെ ഫലം എന്തെന്നു ദൈവത്തോട് ചോദിക്കരുത്. നിങ്ങൾ കാണുന്ന എന്തിനെക്കുറിച്ചും, അത് ആഴം കുറഞ്ഞതാകട്ടെ, ഉള്ളിന്റെയുള്ളിലേതാകട്ടെ, നിങ്ങളുടെ ഇച്ഛ ദൈവത്തിന് സമർപ്പിക്കാൻ ദൃഢനിശ്ചയം ചെയ്യുക.

കടലിലെ തിരമാലകളിൽ നിങ്ങൾ യേശുക്രിസ്തുവിന്റെ ശബ്ദം കേട്ടിട്ടുണ്ടെങ്കിൽ അവനുമായുള്ള ഗാഢബന്ധം നിലനിർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. അപ്പോൾ നിങ്ങളുടെ സ്വന്തം ബോധ്യങ്ങളെയും അഭിപ്രായസ്ഥിരതയെയും എല്ലാം അവയുടെ പാട്ടിന് വിടാൻ നിങ്ങൾക്ക് കഴിയും.

## ഏപ്രിൽ 18

# സന്നദ്ധത

**''ദൈവം മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന് അവനെ മോശെ, മോശെ എന്ന് വിളിച്ചു. അതിന് അവൻ ഇതാ ഞാൻ എന്നു പറഞ്ഞു'' പുറപ്പാട് 3:4.**

ദൈവം സംസാരിക്കുമ്പോൾ നമ്മിലധികം പേരും പുകമഞ്ഞിൽപ്പെട്ട മനുഷ്യരെപ്പോലെയാണ്. നാം ഒരുത്തരവും കൊടുക്കുന്നില്ല. മോശെയുടെ മറുപടി വെളിപ്പെടുത്തുന്നത്, താൻ എവിടെയാണെന്ന് തനിക്കറിയാമായിരുന്നു എന്നാണ്. സന്നദ്ധത എന്നത് ദൈവത്തോടുള്ള ശരിയായ ബന്ധവും നാം ഇപ്പോൾ എവിടെയാണെന്നുള്ളതിനെക്കുറിച്ചുള്ള അറിവുമാണ്. നമുക്കെവിടെയാണ് പോകേണ്ടതെന്ന് ദൈവത്തോട് പറയുന്ന വലിയ തിരക്കിലാണ് നാം. ദൈവത്തിനും അവന്റെ വേലയ്ക്കും വേണ്ടി ഏതോ വലിയ ഒരവസരത്തെക്കുറിച്ചോ, ഉദ്വേഗജനകമായ എന്തെങ്കിലുമൊന്നിനെക്കുറിച്ചോ ഉള്ള ആശയവുമായി നാം കാത്തിരിക്കുകയും അതു വരുമ്പോൾ മാത്രം ഇതാ ഞാൻ എന്ന് ചാടിപ്പറയുകയും ചെയ്യുന്നു. പ്രസിദ്ധിയും മഹത്വവുമുള്ള ക്രിസ്തീയ സേവനത്തിനു നാം സന്നദ്ധരാകും. എന്നാൽ അത്രയൊന്നും പ്രാധാന്യമില്ലാത്തൊരു ജോലിക്ക് നാം തയ്യാറല്ല.

ദൈവത്തിന് വേണ്ടി നാം ഒരുക്കമുള്ളവർ എന്നതിനർത്ഥം ചെറിയതിൽ ചെറിയതോ വലിയതോ ഏതു കാര്യവും ചെയ്യാൻ നാം തയ്യാറാണെന്നാണ്; അവ തമ്മിൽ നമുക്കൊരു വ്യത്യാസവുമില്ല. നാം എന്ത് ചെയ്യണം എന്ന കാര്യത്തിൽ നമുക്കൊന്നും തെരഞ്ഞെടുക്കാനില്ല. ദൈവത്തിന്റെ പരിപാടി എന്ത് തന്നേയായാലും അതിന് തയ്യാറായി നാം അവിടെ ഉണ്ടാകണം. നമ്മൾ ചെയ്യേണ്ടതായി എന്തെങ്കിലും ഒരു കാര്യം ഉയർന്നു വന്നാൽ, നമ്മുടെ കർത്താവ് തന്റെ പിതാവിന്റെ ശബ്ദം കേട്ടതുപോലെ നാം ദൈവശബ്ദം കേൾക്കുന്നു. അവനോടുള്ള നമ്മുടെ സ്നേഹത്തിന്റെ എല്ലാ ജാഗ്രതയോടും കൂടെ നാം അതിന് തയ്യാറാകുന്നു. തന്റെ പിതാവ് തന്നോട് ചെയ്തതുപോലെ, നമ്മോടും ചെയ്യാമെന്നാണ് യേശുക്രിസ്തു പ്രതീക്ഷിക്കുന്നത്. തന്റെ ഇഷ്ടം പോലെ സന്തോഷകരമായ കർത്തവ്യങ്ങൾക്കോ വിടുവേലകൾക്കോ യേശുവിന് നമ്മെ നിയോഗിക്കാം കാരണം യേശുവും നാമുമായിട്ടുള്ള ഐക്യം പിതാവും യേശുവും തമ്മിലുള്ളത് തന്നേയാണ്. ''........അവർ എല്ലാവരും ഒന്നാകേണ്ടതിന് പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന് തന്നേ'' (യോഹന്നാൻ17:22).

ദൈവത്തിന്റെ അപ്രതീക്ഷിത സന്ദർശനങ്ങൾക്ക് തയ്യാറായിരിക്കുക. ദൈവം വിളിച്ച് കഴിഞ്ഞിട്ട് തയ്യാറാകാൻ ശ്രമിച്ച് എത്ര സമയമാണ് നാം നഷ്ടപ്പെടുത്തുന്നതെന്ന് ചിന്തിക്കുക. കത്തുന്ന മുൾപ്പടർപ്പ് തയ്യാറായിരിക്കുന്ന ഒരാളെ ചുറ്റിയിരിക്കുന്ന സർവ്വതിന്റെയും പ്രതീകമാണ്. അത് ദൈവസാന്നിദ്ധ്യത്താൽ ജ്വലിക്കുകയാണ്.

## ഏപ്രിൽ 19

# ഏറ്റവും ചെറിയ പ്രലോഭന സാദ്ധ്യതയെപ്പോലും സൂക്ഷിച്ചുകൊള്ളുക

**‘‘......... യോവാബ് അബ്ശാലോമിന്റെ പക്ഷം ചേർന്നിരുന്നില്ലെങ്കിലും അദോനീയാവിന്റെ പക്ഷം ചേർന്നിരുന്നു’’ 1 രാജാക്കന്മാർ 2:28.**

യോവാബ് ആ വലിയ പരീക്ഷയിൽ ജയിച്ചു. അവൻ ദാവീദിനോട് തികഞ്ഞ കൂറും സത്യസന്ധതയും പുലർത്തി. കുറേക്കൂടി ഉൽക്കർഷേച്ഛയും, ആകർഷണീയതയുമുള്ള അദോനിയാവിലേക്ക് അവൻ തിരിഞ്ഞില്ല. എന്നാൽ തന്റെ ജീവിതത്തിന്റെ അന്ത്യകാലത്ത് അവൻ, ഭീരുവായ അദോനീയാവിലേക്ക് തിരിഞ്ഞു. ഒരാൾ പിന്തിരിഞ്ഞ അതേ സ്ഥാനത്തു നിന്ന് തന്നേ ആർക്കും പിന്തിരിയാം എന്ന വസ്തുതയെക്കുറിച്ച് സദാ ജാഗ്രത പുലർത്തുക. 1 കൊരിന്ത്യർ 10:13 കാണുക. ഒരു വലിയ പ്രതിസന്ധിയിലൂടെ ഇപ്പോൾ നിങ്ങൾ വിജയകരമായി കടന്നുപോയിട്ടുണ്ടാകാം. എന്നാൽ നിങ്ങളെ പ്രലോഭിപ്പിക്കാൻ അല്പം പോലും സാദ്ധ്യതയില്ലാത്ത കാര്യങ്ങളെ സൂക്ഷിച്ചു കൊള്ളുക. കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ വിജയിച്ച ജീവിതമേഖലകളിൽ നിങ്ങൾ ഇടറി വീഴുകയില്ല എന്ന ചിന്താഗതിക്കെതിരെ ജാഗ്രതയുണ്ടാകണം.

ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ  ഞാൻ കടന്ന് പോയിക്കഴിഞ്ഞിരിക്കുന്നതിനാൽ, ഈ ലോകകാര്യങ്ങളിലേക്ക് തിരിയാൻ ഇത്തിരിപോലും സാദ്ധ്യതയില്ല എന്ന് നിങ്ങൾ പറഞ്ഞേക്കാം. എവിടെയാണ് പ്രലോഭനം വരുക എന്നതിനെക്കുറിച്ച് പ്രവചനം നടത്തരുത്. ഏറ്റവും സാദ്ധ്യതയില്ലാത്ത നിസ്സാരകാര്യമാകും ഏറ്റവും വലിയ അപകടം വരുത്തുന്നത്. ഒരു വലിയ ആത്മീയ സംഭവത്തെത്തുടർന്നുണ്ടാകുന്ന സ്ഥിതിവിശേഷത്തിലായിരിക്കും ഏറ്റവും സാദ്ധ്യതയില്ലാത്ത ചെറിയ കാര്യങ്ങൾ പ്രവർത്തിക്കുന്നത്. അവ അത്ര ശക്തമായിരിക്കണമെന്നില്ല, എന്നാൽ അവ അവിടെയുണ്ട്, നിങ്ങൾ സൂക്ഷിച്ചില്ലെങ്കിൽ തട്ടിത്തടഞ്ഞ് വീഴും എന്നോർത്തുകൊള്ളുക. വലിയതും തീക്ഷ്ണവുമായ പരീക്ഷകളിൽ, നിങ്ങൾ ദൈവത്തോട് സത്യം പുലർത്തി നിന്നു, എന്നാൽ ഇപ്പോൾ അടിയൊഴുക്കുകളെ സൂക്ഷിച്ചുകൊള്ളുക. ഭയപ്പാടോടെ മുന്നോട്ട് നോക്കിക്കൊണ്ട്, അസുഖകരമായൊരു ആത്മവിശകലനത്തിന് മുതിരാതെയും ജാഗ്രത പുലർത്തുക. ദൈവമുമ്പാകെ നിങ്ങളുടെ ഓർമ്മയെ പ്രകാശമാനമാക്കിവെക്കുക. അശ്രദ്ധയോടെയുള്ള ശക്തി ഇരട്ടി ദൗർബല്യമാണ്, കാരണം അവിടെയാണ് ഏറ്റവും സാദ്ധ്യതയില്ലാത്ത ചെറിയ കാര്യങ്ങൾ പൊങ്ങിവന്ന് നിങ്ങളുടെ ഊർജ്ജത്തെ ചോർത്തിക്കളയുക. ബൈബിൾ കഥാപാത്രങ്ങൾ വീണത് അവരുടെ ശക്തിയിലാണ്, ദൗർബല്യത്തിലല്ല.

ദൈവശക്തിയിൽ കാക്കപ്പെടുക (1 പത്രൊസ് 1:5).

## ഏപ്രിൽ 20

# ഒരു വിശുദ്ധന് ദൈവത്തെ ദുഷിക്കാൻ പറ്റുമോ?

**''ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രെ; അതുകൊണ്ട് ഞങ്ങളാൽ ദൈവത്തിന് മഹത്ത്വം ഉണ്ടാകുമാറ് അവനിൽ ആമേൻ എന്നും തന്നേ'' 2 കൊരിന്ത്യർ 1:20.**

മത്തായിയുടെ സുവിശേഷം 25–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന താലന്തുകളുടെ ഉപമ നാം നമ്മുടെ കഴിവുകളെ തെറ്റായി വിലയിരുത്തുന്നതിനെപ്പറ്റി താക്കീത് നല്കാൻ യേശു പറഞ്ഞതാണ്. നമ്മുടെ സ്വാഭാവിക കഴിവുകളുമായി ഈ ഉപമയ്ക്ക് യാതൊരു ബന്ധവുമില്ല. അത് പരിശുദ്ധാത്മാവിന്റെ പെന്തക്കോസ്ത് സമ്മാനവുമായി ബന്ധപ്പെട്ടതത്രേ. വിദ്യാഭ്യാസം കൊണ്ടോ, ബൗദ്ധികതകൊണ്ടോ നമ്മുടെ ആത്മീയ കഴിവുകളെ അളക്കരുത്. ആത്മീയ കാര്യങ്ങളിലുള്ള നമ്മുടെ കഴിവ് ദൈവികവാഗ്ദാനങ്ങളാൽ അളക്കപ്പെടുന്നു. നമുക്കുണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നതിൽ കുറവാണ് നമുക്ക് കിട്ടുന്നതെങ്കിൽ, അധികം താമസിയാതെ ഒരു ദാസൻ യജമാനനിൽ കപടമായി കുറ്റം ചുമത്തും പോലെ നമ്മളും ദൈവത്തെ കുറ്റപ്പെടുത്തും. എനിക്ക് തരുന്ന ശക്തിയിലധികം ഞാൻ ചെയ്യണമെന്നാണ് നീ പ്രതീക്ഷിക്കുന്നത്. നീ പ്രതീക്ഷിക്കുന്നത് വളരെ കൂടുതലാണ്. എന്നെ നീ ആക്കിവെച്ചിരിക്കുന്നിടത്ത് എനിക്ക് നിന്നോട് വിശ്വസ്തത പുലർത്താൻ സാധിക്കുകയില്ല എന്ന് നാം പറയും. ''എനിക്ക് കഴിയുകയില്ല'' എന്ന് സർവ്വശക്തനായ ദൈവാത്മാവിനെ സംബന്ധിച്ചൊരു കാര്യത്തിലും നിങ്ങൾ പറയരുത്. നിങ്ങളുടെ സ്വാഭാവിക കഴിവിന്റെ പരിമിതിക്കു വഴങ്ങരുത്. നാം പരിശുദ്ധാത്മാവിനെ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ, പരിശുദ്ധാത്മാവിന്റെ പ്രവൃത്തി നമ്മിൽ പ്രത്യക്ഷമാകണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു.

ഒരു താലന്തു കിട്ടിയ ദാസൻ സ്വയം നീതികരിക്കുകയും, ഓരോ തിരിവിലും ദൈവത്തെ കുറ്റപ്പെടുത്തുകയും ചെയ്തു. 'മുമ്പേ അവന്റെ രാജ്യവും, നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും', (മത്തായി 6:33) എന്ന് കർത്താവ് പറഞ്ഞിട്ടുള്ളപ്പോൾ നാം ആകുലപ്പെടുകയും അവനെ നാം കുറ്റപ്പെടുത്തുകയുമാണോ? ആകുലപ്പെടുന്നതിനർത്ഥം ആ ദാസൻ സൂചിപ്പിച്ചതാണ്. 'നീ എന്നെ സംരക്ഷിക്കാതെ കുഴിയിൽ തള്ളുന്നവനത്രേ'. സ്വാഭാവികമായും അലസനായ വ്യക്തി ദോഷം മാത്രം കാണുന്നു. 'ഇന്നുവരെ നല്ലൊരു അവസരം എനിക്ക് കിട്ടിയിട്ടില്ല' എന്നായിരിക്കും അങ്ങനെയൊരാളിന്റെ പരാതി. ആത്മീയമായി അലസതയുള്ളയാൾ ദൈവത്തെ കുറ്റപ്പെടുത്തുന്നു. അലസർ, സ്വതന്ത്രമായൊരു രീതിയിൽ മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നവരാണ്.

ആത്മീയ കാര്യങ്ങളിലുള്ള നമ്മുടെ കഴിവളക്കുന്നത് ദൈവത്തിന്റെ വാഗ്ദാനങ്ങളാലാണെന്ന് ഒരിക്കലും മറക്കരുത്. ''തന്റെ വാഗ്ദാനങ്ങൾ നിറവേറ്റാൻ ദൈവത്തിന് കഴിയുമോ?'' ഈ ചോദ്യത്തിനു നാം നല്കുന്ന മറുപടി നാം പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നതിനെ ആശ്രയിച്ചിരിക്കും.

## ഏപ്രിൽ 21

# കർത്താവിനെ സങ്കടപ്പെടുത്തരുത്

**'ഞാൻ ഇത്രകാലം നിങ്ങളോടു കൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസേ'? യോഹന്നാൻ 14 :9.**

നമ്മുടെ കർത്താവ് നമ്മെച്ചൊല്ലി വീണ്ടും വീണ്ടും അമ്പരന്നിരിക്കാം നമ്മൾ എത്ര ലാളിത്യമില്ലാത്തവരാണെന്ന് കണ്ട് അവൻ അമ്പരക്കുന്നു. നമ്മുടെ തന്നേ അഭിപ്രായങ്ങളാണ് നമ്മെ വിഡ്ഢികളാക്കുന്നത്. നമ്മൾ ലളിതമായ മനസ്സുള്ളവരായിരിക്കുമ്പോൾ, ഒരിക്കലും വിഡ്ഢികളാകുന്നില്ല; സദാ സമയവും നാം കാര്യങ്ങൾ വിവേചിച്ചറിയുന്നു. ഒരു വലിയ രഹസ്യത്തിന്റെ വെളിപാടാണ് ഫിലിപ്പോസ് പ്രതീക്ഷിച്ചത്. പക്ഷേ അത് താൻ അടുത്തറിയുന്നത് യേശുവിൽ നിന്നായിരുന്നില്ല. ദൈവത്തിന്റെ നിഗൂഢത, വരാൻ പോകുന്നതിലല്ല അത് ഇപ്പോൾ ഈ നിമിഷത്തിലാണ്. നാം അത് ഏതോ മഹാസംഭവത്തിൽ തേടുന്നു. യേശുവിനെ അനുസരിക്കുന്നതിൽ നമുക്ക് യാതൊരു മടിയുമില്ല. പക്ഷേ അവനോട് ചോദിക്കുന്ന ചോദ്യങ്ങളാൽ നാം അവനെ മുറിപ്പെടുത്തുന്നു. ''കർത്താവേ പിതാവിനെ കാണിച്ച് തരണേ'' എന്ന് നാം അവനോടപേക്ഷിക്കുന്നു. 'ഇതാ അവൻ ഇവിടെ, ഇപ്പോൾ ഉണ്ട്; അല്ലെങ്കിലെങ്ങുമില്ല' എന്ന് നമ്മോട് മറുപടി പറയുന്നു. തന്റെ പൈതങ്ങളായ നമ്മുടെ മുമ്പിൽ ദൈവം സ്വയം പ്രദർശിപ്പിക്കാനായി നാം ആഗ്രഹിക്കുന്നു. എന്നാൽ ദൈവം തന്റെ പൈതങ്ങളിലൂടെയാണ് തന്നെത്തന്നേ  പ്രദർശിപ്പിക്കുന്നത്. മറ്റുള്ളവർ അത് കാണുമ്പോൾ അവർ, ദൈവമക്കൾ, അത് കാണുന്നില്ല. ദൈവം എന്താണ് നമ്മിൽ ചെയ്യുന്നതെന്ന് നമുക്കറിയണമെന്നുണ്ട്. എന്നാൽ നമുക്കതു സാധ്യമല്ല. നാം ദൈവത്തോട് അനുഭവങ്ങൾ ചോദിക്കുകയും, ആ അനുഭവങ്ങൾ നമ്മുടെ വഴി തടസ്സപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ, നാം കർത്താവിനെ സങ്കടപ്പെടുത്തുകയാണ്. നാം ചോദിക്കുന്ന ചോദ്യങ്ങൾ തന്നേ അവനെ സങ്കടപ്പെടുത്തുന്നു, കാരണം അതൊരു പൈതലിന്റെ ചോദ്യങ്ങളല്ല.

''നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്'', എന്റെ ഹൃദയം കലങ്ങാനനുവദിക്കുമ്പോൾ ഞാൻ യേശുവിനെ മുറിപ്പെടുത്തുകയല്ലേ? യേശുവിൽ ഞാൻ വിശ്വസിക്കുന്നുവെങ്കിൽ, എന്റെ വിശ്വാസത്തിനൊത്ത് ഞാൻ ജീവിക്കുന്നുണ്ടോ? എന്റെ മനസ്സ് അസ്വസ്ഥമാകാൻ, സുഖകരമല്ലാത്ത ചോദ്യങ്ങൾ ഉയർന്ന് വരാൻ ഞാൻ അനുവദിക്കുന്നുണ്ടോ? അവനിൽ നിന്ന് വരുന്ന എന്തിനെയും അപ്പാടെ സ്വീകരിക്കാനുള്ള പരിപൂർണ്ണ അനുസരണത്തിൽ നാം എത്തണം. ദൈവം അധികം താമസിയാതെ വഴികാട്ടുമെന്നല്ല ഇപ്പോൾ ഈ നിമിഷം തന്നേ വഴി കാട്ടുകയാണ്. കർത്താവ് ഇപ്പോൾ ഇവിടെയുണ്ടെന്നും, വിടുതൽ, വിമോചനം, ഈ നിമിഷത്തിൽ തന്നേയാണെന്നും മനസ്സിലാക്കുക.

## ഏപ്രിൽ 22

# ഒരിക്കലും കെട്ടുപോകാത്ത വെളിച്ചം

**'എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു' (2 കൊരിന്ത്യർ 3:18).**

ഏകാന്തത ഒരു ദൈവദാസന് ഒരിക്കലും ഒരു പ്രശ്നമേ ആകരുത്. ക്രിസ്തീയ ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ നമ്മുടെ മനോധൈര്യം കെടുത്തുന്ന പലതുമുണ്ടാകും. നമ്മുടെ ജീവിതത്തിനു വെളിച്ചമായിരുന്നവർ മങ്ങിപ്പോകുന്നു; നമ്മോടൊപ്പം നിന്നവർ കടന്നുപോകുന്നു. നാം തനിച്ചാണെന്ന് ഒരിക്കലും അറിയാത്തവിധം ആ അനുഭവങ്ങളോട് നമുക്ക് പൊരുത്തപ്പെട്ടേ തീരു. ''എല്ലാവരും എന്നെ കൈവിട്ടു. അത് അവർക്ക് കണക്കിടാതിരിക്കട്ടെ. കർത്താവോ എനിക്ക് തുണനിന്നു'' (2 തിമൊഥെയൊസ് 4:16). മങ്ങിപ്പോകുന്ന വെളിച്ചത്തിലല്ല ഒരിക്കലും കെട്ടുപോകാത്ത വെളിച്ചത്തിൽ വേണം നാം നമ്മുടെ വിശ്വാസം പണിതുയർത്താൻ. വലിയ ആളുകൾ പോകുമ്പോൾ അവർ പോകാൻ ഉദ്ദേശിക്കപ്പെട്ടവരായിരുന്നു എന്ന് മനസ്സിലാകുന്നത് വരെ, നാം സങ്കടപ്പെടുന്നു. അവശേഷിക്കുന്ന ഒരേയൊരു കാര്യം നാം നമുക്കായി ദൈവത്തിന്റെ മുഖത്തേയ്ക്ക് നോക്കിയിരിക്കുക എന്നതാണ്.

നിങ്ങളെക്കുറിച്ചും, നിങ്ങളുടെ തത്ത്വങ്ങളെക്കുറിച്ചും നിശ്ചയദാർഢ്യത്തോടെ ദൈവമുഖത്തേക്ക് നോക്കുന്നതിൽ നിന്ന് നിങ്ങളെ തടയാൻ യാതൊന്നിനെയും അനുവദിക്കരുത്. ഓരോ പ്രാവശ്യവും നിങ്ങൾ വചനം പറയുമ്പോൾ ആദ്യം ആ സന്ദേശത്തെക്കുറിച്ച് നിങ്ങൾ ദൈവമുഖത്തേക്ക് നോക്കുന്നുവെന്ന് ഉറപ്പ് വരുത്തുക; അപ്പോൾ അതിലെല്ലാം ഉടനീളം തേജസ്സ് നിലനില്ക്കും. ഒരു ക്രിസ്തീയ ശുശ്രൂഷകൻ നിരന്തരം ദൈവമുഖത്തേക്ക് നോക്കുകയും പിന്നീട് ആളുകളോട് സംസാരിക്കാൻ പോകുകയും ചെയ്യും. എന്നും നിലനില്ക്കുന്ന, അബോധപൂർവ്വമായ (സ്വയമറിയാത്ത) തേജസ്സാണ് ക്രിസ്തീയ ശുശ്രൂഷയുടെ സഹജസ്വഭാവം. ''അവൻ തന്നോട് അരുളിച്ചെയ്തതു നിമിത്തം തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു'' എന്ന് മോശെ സാക്ഷ്യത്തിന്റെ പലക രണ്ടും കൈയിൽ പിടിച്ചുകൊണ്ട് സീനായി പർവ്വതത്തിൽ നിന്നിറങ്ങുമ്പോൾ അറിഞ്ഞില്ല.

നമ്മുടെ സംശയങ്ങൾ പ്രദർശിപ്പിക്കാനോ ദൈവവുമൊത്തുള്ള നമ്മുടെ ആനന്ദാനുഭവങ്ങൾ പ്രകടിപ്പിക്കുവാനോ ദൈവം നമ്മോടാവശ്യപ്പെടുന്നില്ല. കർത്തൃശുശ്രൂഷ ചെയ്യുന്നയാളുടെ ജീവിത രഹസ്യം അയാൾ സദാ സമയവും ദൈവവുമായി രഞ്ജിപ്പിലാണ് എന്നതത്രേ.

## ഏപ്രിൽ 23

# തങ്ങളുടെ വേലയെ ആരാധിക്കുന്നവർ

**'ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ' 1 കൊരിന്ത്യർ 3:9**

ദൈവത്തിലുള്ള നിങ്ങളുടെ ഏകാഗ്രതയെ അവഗണിക്കാൻ പ്രേരിപ്പിക്കുന്ന ദൈവ വേലയെ സൂക്ഷിച്ച് കൊൾക.

ക്രിസ്തീയവേല ചെയ്യുന്ന അനേകരും തങ്ങളുടെ വേലയെ ആരാധിക്കുന്നവരാണ്. എന്നാൽ ക്രിസ്തീയ ശുശ്രൂഷകരുടെ ഒരേയൊരു താല്പര്യം ദൈവത്തിലുള്ള അവരുടെ ഏകാഗ്രതയായിരിക്കണം. ജീവിതത്തിന്റെ മറ്റെല്ലാ ആവശ്യങ്ങളും – അവ മാനസികമോ, ധാർമ്മികമോ, ആത്മീയമോ ഏതും – ദൈവം തന്റെ പൈതലിന് ഭംഗിയായി സാധിച്ചു കൊടുക്കും – അവയെ സംബന്ധിച്ച് അവൻ സ്വതന്ത്രനാണ്. (തലതിരിഞ്ഞ പൈതലിനല്ല, ആരാധിക്കുന്ന പൈതലിന്). ദൈവത്തിൽ ഏകാഗ്രതയില്ലാത്ത ശുശ്രൂഷകൻ ജീവിതഭാരങ്ങളാൽ തളർന്നു പോകും. അയാൾ ശരീരത്തിനോ മനസ്സിനോ ആത്മാവിനോ സ്വാതന്ത്ര്യമില്ലാതെ തന്റെ വേലിക്കെട്ടുകൾക്കുള്ളിലെ അടിമയാകും. ഇതിന്റെ അനന്തരഫലം അയാൾ എരിഞ്ഞ് തീർന്നവനും, തോല്പിക്കപ്പെട്ടവനുമാകുന്നു എന്നതാണ്. അയാളുടെ ജീവിതത്തിൽ സ്വാതന്ത്ര്യമോ സന്തോഷമോ ഇല്ല. അയാളുടെ മനസ്സും ഹൃദയവുമെല്ലാം ദൈവാനുഗ്രഹം അനുഭവിക്കാതെ അസ്വസ്ഥമാകുന്നു.

എന്നാൽ മറുവശവും ഇതേപോലെ സത്യമാണ് – ഒരിക്കൽ നമ്മുടെ ഏകാഗ്രത ദൈവത്തിലായിക്കഴിഞ്ഞാൽ, നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും സ്വതന്ത്രവും ദൈവത്തിന്റെ മാത്രം നിയന്ത്രണത്തിനും ആധിപത്യത്തിനും അധീനവും ആകുന്നു. വേലയുടെ കാര്യത്തിൽ നിങ്ങൾക്കുത്തരവാദിത്വമില്ല. നിങ്ങൾക്കുള്ള ഉത്തരവാദിത്വം, ദൈവവുമായി പൂർണ്ണ സമ്പർക്കത്തിലിരിക്കുകയും, അതിനു തടസ്സം ഉണ്ടാകാതിരിപ്പാൻ ജാഗ്രത പുലർത്തുകയും മാത്രമാണ്. വിശുദ്ധീകരണത്തിന് ശേഷമുള്ള സ്വാതന്ത്ര്യം ഒരു പൈതലിന്റെ സ്വാതന്ത്ര്യമാണ്. നിങ്ങളുടെ ജീവിതത്തെ താഴോട്ട് പിടിച്ച് നിർത്തിയിരുന്ന കാര്യങ്ങളെല്ലാം പൊയ്ക്കഴിഞ്ഞിരിക്കുന്നു. എന്നാൽ ഒരൊറ്റ കാര്യത്തിന് വേണ്ടിമാത്രമാണ് നിങ്ങൾ സ്വതന്ത്രനാക്കപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കുക – നിങ്ങളുടെ 'ആ വലിയ സഹപ്രവർത്തകനോട്' പരിപൂർണ്ണമായും സമർപ്പിതനായിരിക്കുക.

നമ്മെ എവിടെയാക്കണം എന്ന കാര്യം തീരുമാനിക്കാൻ നമുക്ക് യാതൊരു അവകാശവുമില്ല. എന്ത് ചെയ്യാനാണ് ദൈവം നമ്മെ ഒരുക്കിയിരിക്കുന്നത് എന്നതിനെക്കുറിച്ച മുൻകൂട്ടിയുള്ള ആശയങ്ങളുണ്ടാക്കുവാനുള്ള അവകാശവും നമുക്കില്ല. ദൈവം സർവ്വതും രൂപകല്പന ചെയ്യുന്നു. അവൻ നമ്മെ എവിടെ ആക്കിയാലും, ആ പ്രത്യേക ജോലിയിൽ നമ്മുടെ പൂർണ്ണഹൃദയത്തോടെയുള്ള സമർപ്പണം ഉണ്ടാവുക എന്നതാണ് നമ്മുടെ വലിയ ലക്ഷ്യം. 'ചെയ്‌വാൻ നിനക്ക് സംഗതിവരുന്നതൊക്കെയും ശക്തിയോടെ ചെയ്യുക'.

## ഏപ്രിൽ 24

# വിജയത്തിന്റെ പുകഴ്ച മോഹിക്കരുത്

**‘എങ്കിലും ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ‘ ലൂക്കോസ് 10:20**

ക്രിസ്തീയ ശുശ്രൂഷകരെ നേരിടുന്ന കെണി ലൗകികതയല്ല; പാപവുമല്ല; നാം ചെന്ന് വീഴുന്ന കെണി ആത്മീയ വിജയത്തിന് വേണ്ടിയുള്ള അടക്കാനാകാത്ത ആഗ്രഹമാണ്. അതായത് നാം ജീവിക്കുന്ന ഈ ആദ്ധ്യാത്മിക കാലഘട്ടം രൂപം കൊടുക്കുന്നതും അതിന്റേതായ രീതിയിൽ അളക്കുന്നതുമായ വിജയം. നാം ദൈവത്തിന്റെ അംഗീകാരമൊഴികെ മറ്റൊന്നും തേടരുത്. ‘അവന്റെ നിന്ദ ചുമന്നുകൊണ്ട് പാളയത്തിന് പുറത്ത് പോകാൻ’ എപ്പോഴും മനസ്സുള്ളവരായിരിക്കുക. ലൂക്കോസ് 10:20 ൽ യേശു ശിഷ്യരോട് വിജയകരമായ ശുശ്രൂഷയിൽ ആനന്ദിക്കരുതെന്ന് പറയുന്നു; എന്നാൽ നമ്മിലധികം പേരും സന്തോഷിക്കുന്ന ഒരു കാര്യം ഇതാണെന്ന് തോന്നുന്നു. നമുക്കൊരു കച്ചവടത്തിന്റെ കാഴ്ചപ്പാടാണുള്ളത്. എത്ര ആത്മാക്കൾ രക്ഷിക്കപ്പെട്ടു, വിശുദ്ധീകരിക്കപ്പെട്ടു എന്നെല്ലാം നാം കണക്ക് നോക്കുന്നു. എല്ലാം നന്നായി എന്ന് കണ്ട് നാം ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ദൈവകൃപയുടെ അടിസ്ഥാനത്തിന്മേലാണ് നമ്മുടെ ജോലി ആരംഭിക്കുന്നത്. ദൈവത്തിന്റെ പരമകൃപയുടെ ശുശ്രൂഷയാണ് രക്ഷയും വിശുദ്ധീകരണവും. അവന്റെ ശിഷ്യരെന്ന നിലയിൽ നമ്മുടെ ജോലി, മറ്റുള്ളവരെ, അവർ പൂർണ്ണമായും ദൈവത്തിന് കീഴടങ്ങുംവരെ ശിഷ്യരാക്കുക എന്നതാണ്. തന്റെ ആത്മാവിനാൽ വെറുതെ ഉണർത്തപ്പെട്ട നൂറ് ആത്മാക്കളേക്കാൾ തനിക്കായി പൂർണ്ണമായും സമർപ്പിതമായ ഒരൊറ്റ ജീവിതമാണ് ദൈവത്തിന് കൂടുതൽ വിലപ്പെട്ടത്. ദൈവവേലക്കാർ എന്ന നിലയിൽ നാം ആത്മീയമായി നമ്മെപ്പോലെയുള്ളവരെ രൂപപ്പെടുത്തണം, ദൈവവേലക്കാർ എന്ന നിലയിൽ നമുക്ക് വേണ്ടി, അവർ സാക്ഷികളാകും. തന്റെ കൃപയിലൂടെ ദൈവം നമ്മെ ഒരു ജീവിത നിലവാരത്തിലേക്ക് കൊണ്ട് വരുന്നു; ആ നിലവാരം മറ്റുള്ളവരിലും സൃഷ്ടിക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്.

ഒരു ക്രിസ്തീയ ശുശ്രൂഷകൻ ക്രിസ്തുവിനോടു കൂടി ദൈവത്തിൽ മറഞ്ഞിരിക്കുന്ന ഒരു ജീവിതം ജീവിച്ചില്ലെങ്കിൽ, നിരന്തരം പ്രവർത്തിക്കുന്ന, ഒരു സജീവ ശിഷ്യനാകുന്നതിന് പകരം അയാൾ മറ്റുള്ളവരെ അലോസരപ്പെടുത്തുന്ന ഒരു സ്വേച്ഛാധിപതിയാകും. നമ്മിലധികം പേരും നമ്മുടെ ആഗ്രഹങ്ങൾ വ്യക്തികളിലും, സംഘങ്ങളിലും അടിച്ചേല്പിക്കുന്ന സ്വേച്ഛാധിപതികളാണ്. യേശു ഒരിക്കലും അത്തരത്തിൽ നമ്മെ അടക്കിഭരിക്കുന്നില്ല. ശിഷ്യത്വത്തെക്കുറിച്ച് സംസാരിച്ചപ്പോഴൊക്കെ നമ്മുടെ കർത്താവ് അതിന് മുമ്പ് ‘നിങ്ങൾ ഇങ്ങനെ ചെയ്യണം’ എന്നല്ല ‘ഇങ്ങനെ ചെയ്യും എങ്കിൽ,’ എന്നാണ് പറഞ്ഞത്. ശിഷ്യത്വത്തിൽ എപ്പോഴും ഒരു തെരഞ്ഞെടുപ്പുണ്ട്.

## ഏപ്രിൽ 25

# എപ്പോഴും തയ്യാർ

**'സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക' 2 തിമൊഥെയോസ് 4:2.**

കൃത്യനിഷ്ഠയുടെ കാര്യത്തിൽ അലക്ഷ്യത കാണിക്കുന്നവരാണ് നമ്മിലധികം പേരും. ഇവിടെ പറയുന്ന കാലം, സമയമല്ല നാം തന്നേയാണ്. നമുക്കിഷ്ടമാണെങ്കിലും അല്ലെങ്കിലും നാം സമയത്തും അസമയത്തും ഒരുങ്ങിനില്ക്കണം. നമുക്ക് തോന്നുന്നത് മാത്രമേ നാം ചെയ്യൂവെങ്കിൽ നമ്മിൽച്ചിലർ ഒരിക്കലും ഒന്നും ചെയ്യുകയില്ല. ആത്മീയതലത്തിൽ നമുക്കൊരിക്കലും നിയോഗിക്കാനാകാത്ത ആളുകളുണ്ട്. അവർ ബലഹീനരും, ദുർബലരുമാണ്. അലൗകിക പ്രചോദനമില്ലെങ്കിൽ അവർ എന്തെങ്കിലും ചെയ്യാൻ വിസമ്മതിക്കുന്നു. ദൈവവുമായുള്ള നമ്മുടെ ബന്ധം ശരി തന്നേ എന്നതിനുള്ള തെളിവ്, പ്രചോദനമുണ്ടെങ്കിലും ഇല്ലെങ്കിലും നാം നമ്മുടെ കഴിവിന്റെ പരമാവധി പ്രവർത്തിക്കുന്നു എന്നതാണ്.

ഒരു ക്രിസ്തീയ ശുശ്രൂഷകന് ഉണ്ടാകാവുന്ന കെണികളിലൊന്ന് തന്റെ സ്വന്തം വിശിഷ്ടാനുഭവങ്ങൾക്ക് അമിത പ്രാധാന്യം കൊടുത്തു പോവുക എന്നതാണ്. ദൈവാത്മാവ് പ്രചോദനത്തിന്റെയും ഉൾക്കാഴ്ചയുടെയും ഒരു സമയം നിങ്ങൾക്ക് തരുമ്പോൾ, നിങ്ങൾ ഇങ്ങനെ പറഞ്ഞ് പോയേക്കും 'ഈ നിമിഷം ഞാൻ അനുഭവിച്ചിരിക്കുന്നു, ഇനി എന്നും ദൈവത്തിനായി ഞാൻ ഇതുപോലെയായിരിക്കും'. ഇല്ല, അങ്ങനെയായിരിക്കില്ല നിങ്ങൾ; ദൈവം അക്കാര്യം ഉറപ്പ് വരുത്തും. അങ്ങനെയുള്ള നിമിഷങ്ങൾ ദൈവത്തിന്റെ ദാനമത്രേ. നിങ്ങൾക്ക് വേണമെന്നു തോന്നുമ്പോൾ. ആ നിമിഷങ്ങൾ സ്വയം നല്കാൻ കഴിയുകയില്ല. നിങ്ങൾ ഏറ്റവും നന്നായിരിക്കുന്ന സമയത്തെങ്ങനെയോ അങ്ങനെ ഇരിക്കുമ്പോൾ മാത്രമേ, നിങ്ങളെ ദൈവത്തിനായി കൊടുക്കൂ എന്ന് പറഞ്ഞാൽ നിങ്ങൾ ദൈവത്തിന് താങ്ങാനാവാത്ത ഒരു ഭാരമായിത്തീരും. ദൈവം ബോധപൂർവ്വം നിങ്ങളെ പ്രചോദിതരാക്കി നിർത്തിയില്ലെങ്കിൽ, നിങ്ങൾ ഒരിക്കലും ഒന്നും ചെയ്യാതാകും. നിങ്ങളുടെ ഏറ്റവും നല്ല നിമിഷങ്ങളെ നിങ്ങൾ ഒരു 'ദൈവ'മാക്കിയാൽ ദൈവം നിങ്ങളുടെ ജീവിതത്തിൽ നിന്നും മാഞ്ഞുപോകും; പിന്നെ, നിങ്ങളുടെ തൊട്ടടുത്തുള്ള കർത്തവ്യം നിങ്ങൾ ചെയ്യുന്നത് വരെ–നിങ്ങളുടെ അപൂർവനിമിഷങ്ങളെ ആരാധിക്കാതിരിക്കാൻ നിങ്ങൾ പഠിക്കുന്നത് വരെ–അവൻ തിരിച്ച് വരുകയുമില്ല.

## ഏപ്രിൽ 26

# ഏറ്റവും വലിയ കയറ്റം

**''നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ കൂട്ടിക്കൊണ്ട് മോറിയാ ദേശത്തു ചെന്ന് അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന് അരുളിച്ചെയ്തു'' ഉല്പത്തി 22:2.**

ഓരോ വ്യക്തിയും തന്റെ സ്വഭാവമനുസരിച്ച് ദൈവേച്ഛയെ വ്യാഖ്യാനിക്കുന്നു. (സങ്കീർത്തനം 18:25–26 കാണുക). തന്റെ മകനെ കൊല്ലണം എന്നതായിട്ടാണ് ദൈവത്തിന്റെ ആജ്ഞയുടെ അർത്ഥത്തെ അബ്രാഹാം വ്യാഖ്യാനിച്ചത്. വളരെ വേദനയുളവാക്കിയ ഒരു പരീക്ഷണത്തിലൂടെ മാത്രമേ ഈ പരമ്പരാഗത വിശ്വാസത്തെ അവശേഷിപ്പിക്കാൻ അബ്രാഹാമിന് കഴിഞ്ഞുള്ളൂ. മറ്റൊരു വഴിയിലൂടെയും ദൈവത്തിന് അബ്രാഹാമിന്റെ വിശ്വാസത്തെ ശുദ്ധീകരിക്കാൻ കഴിഞ്ഞില്ല. നമ്മുടെ ആത്മാർത്ഥമായ വിശ്വാസമനുസരിച്ച് ദൈവം പറയുന്നത് നാം അനുസരിക്കുകയാണെങ്കിൽ, ദൈവത്തെ തെറ്റായി പ്രതിനിധീകരിക്കുന്ന പരമ്പരാഗത വിശ്വാസങ്ങളിൽ നിന്ന് അവൻ നമ്മെ വിടുവിക്കും. നാം കളയേണ്ടതായ ഒരുപാട് വിശ്വാസങ്ങളുണ്ട് – ഉദാഹരണത്തിന് ഒരു കുഞ്ഞ് മരിക്കുന്നത് അവന്റെ അമ്മ അവനെ കണക്കിലേറെ സ്നേഹിച്ചതുകൊണ്ടാണെന്ന് പറയാറുണ്ട് – ചെകുത്താന്റെ നുണ! ദൈവത്തിനു നിരക്കാത്ത അസംബന്ധം! ആ ''വലിയ കയറ്റം'' കയറുന്നതിൽ നിന്നും, ദൈവത്തെക്കുറിച്ചു നല്ല അറിവു നേടുന്നതിൽ നിന്നും നമ്മെ തടയാൻ കഴിയുമെങ്കിൽ, പിശാച് അതു ചെയ്യും. എന്നാൽ നാം ദൈവത്തോട് വിശ്വസ്തരായിരുന്നാൽ ദൈവം നമ്മെ കഠിന പരീക്ഷണങ്ങളിൽക്കൂടി കടത്തിവിട്ട് അവനെക്കുറിച്ച് മെച്ചപ്പെട്ട ഒരറിവിലേക്ക് നമ്മെ കൊണ്ടുവരും.

അബ്രാഹാമിന്റെ വിശ്വാസത്തിൽ നിന്ന് നാം പഠിക്കേണ്ട വലിയ പാഠം, അവൻ ദൈവത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറായിരുന്നു എന്നതാണ്. ദൈവത്തെ അനുസരിക്കാനായിരുന്നു അബ്രാഹാം നിലകൊണ്ടത്. താൻ വിശ്വസിക്കുന്ന ഒരു കാര്യത്തിനെതിരായിപ്പോയാലും അബ്രാഹാം ദൈവത്തെ അനുസരിക്കാൻ മാത്രം നിലകൊണ്ടു. തന്റെ ബോധ്യങ്ങളോട് അഗാധമായ ഭക്തിയുള്ളവനായിരുന്നില്ല അബ്രാഹാം. ആയിരുന്നെങ്കിൽ അവൻ യിസ്ഹാക്കിനെ കൊല്ലുകയും താൻ കേട്ട ദൈവശബ്ദം പിശാചിന്റെ ശബ്ദമായിരുന്നുവെന്ന് പറയുകയും ചെയ്യുമായിരുന്നു. അതൊരു തീവ്രവാദിയുടെ മനോഭാവമാണ്. നിങ്ങൾ ദൈവത്തോട് സത്യമുള്ളവരായിരുന്നാൽ ദൈവം നിങ്ങളെ എല്ലാ തടസ്സങ്ങളിലൂടെയും കടത്തി തന്നെക്കുറിച്ചുള്ള വിശ്വാസത്തിന്റെ ഉള്ളറകളിലേയ്ക്ക് നയിക്കും. എന്നാൽ നിങ്ങൾ നിങ്ങളുടെ ദൃഢമായ ആശയങ്ങളും പരമ്പരാഗതവിശ്വാസങ്ങളും ഉപേക്ഷിക്കണം. നിങ്ങളെ പരീക്ഷിക്കാൻ ദൈവത്തോടാവശ്യപ്പെടരുത്. ''തടവിലാകുവാനും മരിപ്പാനും'' (ലൂക്കൊ. 22:33) വരെ തയ്യാറാണെന്ന് പത്രോസിനെപ്പോലെ പറയരുത്. അബ്രാഹാം അങ്ങനെ ഒന്നും പറഞ്ഞില്ല. അബ്രാഹാം ദൈവത്തോട് വിശ്വസ്തനായി നിന്നു; ദൈവം അബ്രാഹാമിന്റെ വിശ്വാസത്തെ ശുദ്ധീകരിക്കുകയും ചെയ്തു.

## ഏപ്രിൽ 27

# എന്താണ് നിങ്ങൾക്ക് വേണ്ടത്?

**''.... നീ നിനക്കായിട്ടു വലിയ കാര്യങ്ങൾ ആഗ്രഹിക്കുന്നുവോ''? യിരെമ്യാവ് 45:5.**

നിങ്ങൾ നിങ്ങൾക്കായി വലിയ കാര്യങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? മഹാനാകണ മെന്നല്ല: ദൈവത്തിൽ നിന്ന് നിങ്ങൾക്കായി വലിയ കാര്യങ്ങൾ ലഭിക്കണമെന്ന് ഇച്ഛിക്കുന്നുവോ? തന്നിൽ നിന്ന് സമ്മാനങ്ങൾ സ്വീകരിക്കുന്നതിനെക്കാൾ താനുമായി ഗാഢബന്ധത്തിൽ വരണമെന്നാണ് ദൈവം നിങ്ങളെക്കുറിച്ചാഗ്രഹിക്കുന്നത്. നിങ്ങൾ അവനെ അറിയാനിടയാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. വലിയൊരു കാര്യം എന്നത് യാദൃച്ഛികമാണ്, അത് വരുകയും പോകുകയും ചെയ്യുന്നു. ദൈവത്തെയല്ല, ദൈവം തരുന്നതിനെയാണ് നിങ്ങൾക്ക് വേണ്ടത് എന്നൊരവസ്ഥയില്ലെങ്കിൽ ദൈവവുമായി ശരിയായ ബന്ധത്തിലാവുന്നതുപോലെ എളുപ്പമായ മറ്റൊരു കാര്യവുമില്ല.

എന്തെങ്കിലുമൊക്കെ ദൈവത്തോട് ആവശ്യപ്പെടുന്ന നിലവാരത്തിൽ മാത്രമേ നിങ്ങൾ വന്നിട്ടുള്ളൂ എങ്കിൽ, എന്താണ് ദൈവമുമ്പാകെയുള്ള കീഴടങ്ങൽ എന്നതിന്റെ അർത്ഥം അല്പം പോലും മനസ്സിലാക്കുന്ന ഘട്ടത്തിൽ നിങ്ങൾ എത്തിയിട്ടില്ല. നിങ്ങൾ നിങ്ങളുടേതായ വ്യവസ്ഥകളിൽ അധിഷ്ഠിതമായി ക്രിസ്ത്യാനി ആയിത്തീർന്നിട്ടുണ്ട്. ''ഞാൻ ദൈവത്തോട് പരിശുദ്ധാത്മാവിനായി ചോദിക്കുക തന്നേ ചെയ്തു. എന്നാൽ ഞാൻ പ്രതീക്ഷിച്ച സ്വച്ഛതയും സമാധാനവും ദൈവം എനിക്ക് തന്നില്ല'' എന്ന് നിങ്ങൾ പറഞ്ഞേക്കാം. അപ്പോൾത്തന്നേ അതിന്റെ കാരണത്തിലേക്ക് ദൈവം വിരൽചൂണ്ടുന്നു: – ''നിങ്ങൾ അന്വേഷിക്കുന്നത് കർത്താവിനെ അല്ല; നിങ്ങൾക്കായി എന്തോ നേടുകയാണ്''. ''യാചിക്കുക എന്നാൽ നിങ്ങൾക്ക് കിട്ടും'' (മത്താ. 7:1) എന്ന് യേശു പറയുന്നു. നിങ്ങൾക്ക് ആവശ്യമുള്ളത് എന്താണോ, അത് ദൈവത്തോട് ചോദിക്കുക. എന്നാൽ ശരിയായ കാര്യത്തിനല്ല നിങ്ങൾ ചോദിക്കുന്നതെങ്കിൽ, നിങ്ങൾക്ക് ചോദിക്കുവാൻ കഴിയുകയില്ല. നിങ്ങൾ ദൈവത്തോട് അടുക്കുമ്പോൾ നിങ്ങൾ യാചിക്കുന്നത് നിർത്തും. ''നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കും മുമ്പെ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ''(മത്താ. 8:8). അപ്പോൾപ്പിന്നെ എന്തിനാണ് ചോദിക്കുന്നത്? നിങ്ങൾ ദൈവത്തെ അറിയാൻതന്നേ.

നിങ്ങൾ നിങ്ങൾക്കായി വലിയ കാര്യങ്ങൾ തേടുകയാണോ? ''കർത്താവേ, എന്നെ പരിശുദ്ധാത്മാവിനാൽ സ്നാനം ചെയ്യേണമേ'' എന്ന് നിങ്ങൾ പ്രാർത്ഥിച്ചിട്ടും ദൈവം അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ പൂർണ്ണമായും അവന് കീഴടങ്ങിയിട്ടില്ല; ഇപ്പോഴും നിങ്ങൾ ചെയ്യാൻ വിസമ്മതിക്കുന്ന എന്തോ ഉണ്ട്. എന്താണ് നിങ്ങൾ ദൈവത്തിൽ നിന്നാഗ്രഹിക്കുന്നതെന്നും, എന്തുകൊണ്ടാണ് ആഗ്രഹിക്കുന്നതെന്നും സ്വയം ചോദിക്കാൻ നിങ്ങൾ തയ്യാറാണോ? ആത്യന്തിക പരിപൂർണ്ണതയ്ക്കായി താൽക്കാലിക പരിപൂർണ്ണതയെ ദൈവം അവഗണിക്കുന്നു. ഇപ്പോഴത്തേക്ക് നിങ്ങളെ അനുഗ്രഹിച്ച് സന്തോഷവാനാക്കുന്ന കാര്യത്തിൽ ദൈവത്തിന് താല്പര്യമില്ല. ''അവരെല്ലാവരും നമ്മിൽ ഒന്നാകേണ്ടതിന്''(യോഹ.17:22), ദൈവം എല്ലായ്പോഴും അവന്റേതായ ആത്യന്തിക പരിപൂർണ്ണതയ്ക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## ഏപ്രിൽ 28

# നിങ്ങൾക്ക് ലഭിക്കുന്നത്

**‘‘......... നീ പോകുന്ന എല്ലാ ഇടത്തും ഞാൻ നിന്റെ ജീവനെ നിനക്ക് കൊള്ള പോലെ തരും ........’’ യിരെമ്യാവ് 45:5.**

തന്നിൽ വിശ്വസിക്കുന്നവർക്ക് കർത്താവ് നല്കുന്ന ഉറപ്പുള്ള രഹസ്യമാണിത്. നിന്റെ ജീവനെ തന്നുകൊള്ളാം. തന്റെ ജീവനേക്കാളേറെ ഒരു മനുഷ്യന് എന്താണ് വേണ്ടത്? തന്റെ ജീവൻ, ഒരു സമ്മാനമായി ലഭിക്കുക, അതിന് അർത്ഥം, നിങ്ങൾ എവിടെപ്പോയാലും, അത് നരകത്തിലായാൽപ്പോലും, നിങ്ങൾ നിങ്ങളുടെ ജീവനും കൊണ്ട് രക്ഷപെടും. യാതൊന്നിനും അതിന് ദോഷം ചെയ്യാൻ സാധിക്കുകയില്ല എന്നാണ്. അതുകൊണ്ട് നമ്മിലനേകം പേർ, നമ്മുടെ വസ്തുവകകളല്ല അനുഗ്രഹങ്ങൾ പ്രദർശിപ്പിക്കുന്നതിൽ കുടുങ്ങുന്നു. എന്നാൽ, അഭിമാനപൂർവ്വം നാം ഈ പ്രദർശിപ്പിക്കുന്നതെല്ലാം പൊയ്പ്പോകും, ഒരിക്കലും പോകാൻ സാധിക്കാത്ത ഒന്നുണ്ട്: ക്രിസ്തുവിനോടുകൂടി ദൈവത്തിൽ മറഞ്ഞിരിക്കുന്ന ജീവൻ (കൊലൊ. 3:3).

വലിയ കാര്യങ്ങൾ എന്ന് നിങ്ങൾ വിളിക്കുന്ന കാര്യങ്ങളിൽ ഒട്ടും ശ്രദ്ധ വെക്കാതെ, ദൈവവുമായി തീർത്തും ഒന്നാകാൻ നിങ്ങൾ ഒരുക്കമാണോ? എല്ലാം വിട്ടുകളഞ്ഞ് പാടേ കീഴടങ്ങാൻ നിങ്ങൾ തയ്യാറാണോ? ഒന്നിനെക്കുറിച്ചും ആശങ്കയോ ആഗ്രഹമോ അവശേഷിക്കുന്നില്ലെങ്കിൽ ഈ കീഴടങ്ങൽ സത്യമാണെന്ന് ഉറപ്പിക്കാം. എന്തിനെക്കുറിച്ചെങ്കിലും ചിന്താഭാരം അവശേഷിക്കുന്നുവെങ്കിൽ അതിനർത്ഥം നിങ്ങൾ പാടേ കീഴടങ്ങിയിട്ടില്ല, നിങ്ങൾ ദൈവത്തെ യഥാർത്ഥത്തിൽ വിശ്വസിച്ചിട്ടില്ല എന്നാണ്. ദൈവത്തിന് കീഴടങ്ങിക്കഴിഞ്ഞാൽ, പിന്നെ ദൈവം എന്താണ് ചെയ്യാൻ പോകുന്നത് എന്നതിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കുകയില്ല. കീഴടങ്ങുക എന്നതിനർത്ഥം ദൈവത്തോട് ചോദ്യങ്ങൾ ചോദിക്കുക എന്ന ആഡംബരം സ്വയം നിരസിക്കുക എന്നത്രേ. നിങ്ങൾ പൂർണ്ണമായും ദൈവത്തിന് കീഴടങ്ങിയാൽ ഉടനെ തന്നേ ദൈവം ‘നിന്റെ ജീവൻ നിനക്ക് ഞാൻ കൊള്ളയായി തരും’ എന്ന് പറയും. ആളുകൾക്ക് ജീവിതം മടുക്കുന്നതിന് കാരണം, ദൈവം അവർക്ക് സമ്മാനങ്ങൾ നല്കാത്തതും ഏറ്റവും വിലപ്പെട്ട ജീവിതം സമ്മാനമായി ലഭിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാത്തതുമാണ്.

ഈ അവസ്ഥയിൽ നിന്ന് പുറത്ത് കടക്കാൻ ദൈവത്തിന് കീഴടങ്ങുകയാണ് വേണ്ടത്. ദൈവതിരുമുമ്പാകെ പൂർണ്ണമായി കീഴടങ്ങുന്നിടത്ത് എത്തിക്കഴിഞ്ഞാൽ, നിങ്ങൾ ഈ ഭൂമിയിലെ ഏറ്റവും സന്തോഷാത്ഭുതനിർഭരനായ വ്യക്തിയായിരിക്കും. ദൈവത്തിന് നിങ്ങളെ പൂർണ്ണമായും കിട്ടുകയും, നിങ്ങളുടെ ജീവൻ അവൻ നിങ്ങൾക്ക് തരികയും ചെയ്തിരിക്കുന്നു. നിങ്ങൾ അവിടെ എത്തുന്നില്ലെങ്കിൽ അത് അനുസരണമില്ലായ്മകൊണ്ടോ, ലളിതമായ മനസ്സുള്ളവനായിരിക്കാൻ നിങ്ങൾ വിസമ്മതിക്കുന്നതു കൊണ്ടോ ആണ്.

## ഏപ്രിൽ 29

# അനുഗ്രഹിക്കപ്പെട്ട ഉറപ്പില്ലായ്മ

**''നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല'' 1 യോഹന്നാൻ 3:2.**

സ്വാഭാവികമായി എല്ലാക്കാര്യങ്ങളും കണക്കുകൂട്ടി ചെയ്യുന്നവരായ നാം അനശ്ചിതത്വത്തെ മോശമായ ഒന്നായി കാണുന്നവരാണ്. കണക്ക്കൂട്ടലുകളോടെ ഏതോ ലക്ഷ്യത്തിൽ നമുക്കെത്തേണ്ടതുണ്ടെന്ന് നാം സങ്കല്പിക്കുന്നു. എന്നാൽ ആത്മീയ ജീവിതത്തിന്റെ പ്രകൃതം ഇതല്ല. നമ്മുടെ ഉറപ്പില്ലായ്മയിൽ നാം ഉറപ്പുള്ളവരാണ് എന്നതാണ് നമ്മുടെ ആത്മീയ ജീവിതത്തിന്റെ പ്രകൃതം (യോഹ. 14:1). അതുകൊണ്ടു ഭാവിക്കുവേണ്ടിയുള്ള ഭൗതിക ക്രമീകരണങ്ങൾക്കു അമിതപ്രാധാന്യം കൊടുക്കുന്നുമില്ല.

സാമാന്യബുദ്ധിയിലുള്ള ജീവിതത്തിന്റെ അടയാളമാണ് ഉറപ്പ്. ദൈവകൃപനിറഞ്ഞ ഉറപ്പില്ലായ്മ ആത്മീയജീവിതത്തിന്റെ അടയാളവും. ദൈവത്തെക്കുറിച്ച് ഉറപ്പായിരിക്കുക എന്നതിന്റെ അർത്ഥം നമ്മുടെ മറ്റെല്ലാ വഴികളിലും നാം ഉറപ്പില്ലാത്തവരായിരിക്കുക എന്നാണ്. അടുത്ത ചുവടിനെക്കുറിച്ച് നമുക്കുറപ്പില്ല, എന്നാൽ ദൈവത്തെക്കുറിച്ച് നമുക്കുറപ്പുണ്ട്. ദൈവത്തിന് നാം കീഴടങ്ങിയാലുടനെ തൊട്ടു മുമ്പിലുള്ള കർത്തവ്യങ്ങൾ ചെയ്തുതുടങ്ങിയാലുടനെ, അവൻ പിന്നെ സദാസമയവും നമ്മുടെ ജീവിതത്തെ അത്ഭുതങ്ങൾ കൊണ്ട് നിറയ്ക്കുന്നു. നാം ഒരു സിദ്ധാന്തത്തിന്റെ വക്താക്കളാകുമ്പോൾ എന്തോ ഒന്ന് മരിക്കുന്നു; അപ്പോൾ ദൈവത്തിലല്ല, ദൈവത്തെക്കുറിച്ചുള്ള വിശ്വാസത്തിൽ മാത്രമാണ് നാം വിശ്വസിക്കുന്നത്. അതു പോരാ. ശിശുക്കളെപ്പോലെ ആയി വരുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു, എന്ന് യേശു പറഞ്ഞു (മത്താ. 18:3). ആത്മീയ ജീവിതം ഒരു പൈതലിന്റെ ജീവിതമാണ്. നമുക്ക് ദൈവത്തെക്കുറിച്ച് ഉറപ്പില്ലായ്മയില്ല, അവൻ ഇനി എന്താണ് ചെയ്യാൻ പോകുന്നത് എന്നതിനെക്കുറിച്ചാണ് നമുക്കുറപ്പില്ലാത്തത്. എന്നാൽ നമുക്ക് നമ്മുടെ വിശ്വാസങ്ങളെക്കുറിച്ച് മാത്രമാണ് ഉറപ്പെങ്കിൽ, നമ്മുടേതായ ധാർമ്മികബോധം വളരുകയും, നാം അമിതമായ വിമർശനബുദ്ധിയുള്ളവരാകുകയും നമ്മുടെ വിശ്വാസങ്ങൾ പൂർണ്ണതയും ഉറപ്പും ഉള്ളതാണെന്ന ഇടുക്കത്തിൽപ്പെടുകയും ചെയ്യുന്നു. എന്നാൽ ദൈവവുമായി നാം ശരിയായ ബന്ധത്തിലാണെങ്കിൽ നമ്മുടെ ജീവിതം സ്വാഭാവികവും, സന്തോഷകരവുമായ ഉറപ്പില്ലായ്മയാലും പ്രതീക്ഷയാലും നിറയും.

എന്നെക്കുറിച്ച് ഏതാനും കാര്യങ്ങളിൽ മാത്രം വിശ്വസിക്കുക എന്നല്ല, ''എന്നിലും വിശ്വസിപ്പിൻ'' എന്നാണ് യേശു പറഞ്ഞത് (യോഹ. 14:1). സർവ്വവും അവന് വിട്ടുകൊടുക്കുക. എങ്ങനെ അവൻ വരുമെന്നത്, മഹത്വനിർഭരവും, കൃപനിറഞ്ഞതുമായ ഒരു ഉറപ്പില്ലായ്മയാണ്. എന്നാൽ അവൻ വരുമെന്ന കാര്യം നമുക്കുറപ്പാണ്; അവനോട് വിശ്വസ്തരായിരിക്കുക.

## ഏപ്രിൽ 30

# സ്നേഹം സ്വാഭാവികം

**''സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു; ......... എല്ലാം പ്രത്യാശിക്കുന്നു'' 1 കൊരിന്ത്യർ 13:4–8.**

സ്നേഹം മുൻകൂട്ടി ആലോചിച്ചുണ്ടാക്കുന്നതല്ല. അത് സ്വാഭാവികമാണ്, അതായത് അത് അസാധാരണമായ രീതികളിൽ പൊട്ടിപ്പുറപ്പെടുന്നതാണ്. സ്നേഹത്തെക്കുറിച്ച് പൗലോസ് നല്കുന്ന വിവരണങ്ങളിൽ കൃത്യമായ നിശ്ചിതത്വമൊന്നുമില്ല. നമ്മുടെ ചിന്തകളെയോ പ്രവൃത്തികളെയോ നമുക്ക് മുൻകൂട്ടി നിശ്ചയിക്കാനാവുകയില്ല. 'ഇനി ഒരിക്കലും എന്നിൽ ദുശ്ചിന്തകളുണ്ടാവുകയില്ല. ഞാൻ വിശ്വസിക്കണമെന്ന് യേശു ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും ഞാൻ വിശ്വസിക്കും' എന്നൊന്നും നമുക്ക് പറയാൻ കഴിയുകയില്ല. സ്നേഹത്തിന്റെ സഹജസ്വഭാവം അതിന്റെ സ്വാഭാവികതയാണ്. യേശുക്രിസ്തുവിന്റെ പ്രസ്താവനകളെ ഒരു മാനദണ്ഡമായി നമ്മുടെ മുമ്പിൽ ബോധപൂർവ്വം നമുക്ക് വെക്കാൻ കഴിയുകയില്ല. എന്നാൽ യേശുവിന്റെ ആത്മാവ് നമ്മുടെയുള്ളിൽ പ്രവർത്തിക്കുമ്പോൾ, അവന്റെ പ്രമാണത്തിനനുസരിച്ച് – അങ്ങനെ ചെയ്യുന്നുവെന്ന് അറിയാതെതന്നേ – നാം ജീവിക്കുന്നു. എന്നിട്ട് തിരിഞ്ഞ് നോക്കുമ്പോഴാണ്, നമ്മുടെ വികാരങ്ങളിൽ നാമെത്ര താല്പര്യമില്ലാത്തവരാണെന്ന് നാം മനസ്സിലാക്കുന്നത്. യഥാർത്ഥ സ്വാഭാവിക സ്നേഹം അവിടെയുണ്ടായിരുന്നു എന്നും നാം അപ്പോഴാണ് മനസ്സിലാക്കുന്നത്. ദൈവത്തോടൊത്തുള്ള നമ്മുടെ ജീവിതവുമായി ബന്ധപ്പെടുന്ന ഏതൊരു കാര്യത്തിന്റെയും പ്രകൃതം നാം മനസ്സിലാക്കുന്നത് നാം അതിലൂടെ കടന്ന്, അത് നമ്മുടെ ഭൂതകാലമായിക്കഴിഞ്ഞശേഷമാണ്.

സ്നേഹത്തിന്റെ ഉറവകൾ നമ്മിലല്ല, ദൈവത്തിലാണ്. ദൈവത്തോടുള്ള സ്നേഹം സ്വാഭാവികമായി നമ്മുടെ ഹൃദയത്തിലുണ്ടെന്ന് വിചാരിക്കുന്നത് അബദ്ധമാണ്. ''ദൈവത്തിന്റെ സ്നേഹം, നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നതിനാലാണ്'', അതവിടെ ഉള്ളത്.

ദൈവത്തെ നാമെത്ര സ്നേഹിക്കുന്നുവെന്ന് തെളിയിക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് നാം ദൈവത്തെ സ്നേഹിക്കുന്നില്ല എന്നതിന്റെ വ്യക്തമായ ഒരു തെളിവാണ്. നമുക്കവനോടുള്ള സ്നേഹത്തിന്റെ തെളിവ് ആ സ്നേഹത്തിന്റെ തികഞ്ഞ സ്വാഭാവികതയാണ്. തിരിഞ്ഞുനോക്കുമ്പോൾ എന്തുകൊണ്ടാണ് നാം ചില കാര്യങ്ങൾ ചെയ്തതെന്ന് നമുക്ക് പറയാൻ കഴിയുകയില്ല. നമ്മിലുള്ള ദൈവസ്നേഹത്തിന്റെ സ്വാഭാവിക പ്രകൃതത്തിൽ നാം അതെല്ലാം ചെയ്തു. ദൈവസ്നേഹത്തിന്റെ ഉറവകൾ പരിശുദ്ധാത്മാവിലായതിനാൽ, ദൈവത്തോടൊപ്പമുള്ള ജീവിതം ഈ സ്വാഭാവിക രീതിയിൽ പ്രകടമാകുന്നു.

# വികാരമല്ല – വിശ്വാസം

**''കാഴ്ചയാലല്ല, വിശ്വാസത്താലത്രെ ഞങ്ങൾ നടക്കുന്നത്'' 2 കൊരിന്ത്യർ 5:7.**

ദൈവത്തിന് നമ്മെക്കുറിച്ചുള്ള ശ്രദ്ധയെയും താല്പര്യത്തെയും കുറിച്ച്, കുറേ നാൾ നാം ബോധവാന്മാരായിരിക്കും. പിന്നെ തന്റെ സംരംഭങ്ങളിൽ അവൻ നമ്മെ ഉപയോഗിച്ചു തുടങ്ങിക്കഴിയുമ്പോൾ നമ്മുടെ മുഖത്തൊരു ദയനീയഭാവം വരുകയും നാം നമ്മുടെ പരീക്ഷണങ്ങളെയും പ്രയാസങ്ങളെയും കുറിച്ച് മാത്രം സംസാരിക്കുകയും ചെയ്യുന്നു. ആ ഘട്ടത്തിലും ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്നത് നാം അജ്ഞാതരായി തുടർന്നുകൊണ്ട് അവിടുത്തെ വേല ചെയ്യണം എന്നാണ്. നിവൃത്തിയുണ്ടെങ്കിൽ നമ്മളാരും ആത്മീയമായി മറഞ്ഞിരിക്കില്ല. ദൈവം, സ്വർഗ്ഗം അടച്ച് പൂട്ടിയിരിക്കുകയാണെന്ന് തോന്നുമ്പോൾ നമുക്ക് നമ്മുടെ കർത്തവ്യങ്ങൾ ചെയ്യാൻ സാധിക്കുമോ? എപ്പോഴും വിശുദ്ധന്മാരോടു സംസർഗ്ഗം വേണമെന്നും നാം ആഗ്രഹിക്കുന്നു. നിരന്തരമായ പ്രചോദനവും പ്രകാശവുമുള്ള വിശുദ്ധന്മാരാകണം, ആ വിധത്തിൽ മറ്റുള്ള വിശുദ്ധന്മാർ നമ്മോട് ഇടപെടണം എന്നും എപ്പോഴും വിശുദ്ധന്മാരോടു സംസർഗ്ഗം വേണമെന്നും നാം ആഗ്രഹിക്കുന്നു. സ്വന്തം ഉറപ്പിൽ നില്ക്കുന്ന ഒരു വിശുദ്ധനെക്കൊണ്ട് ദൈവത്തിന് യാതൊരു പ്രയോജനവുമില്ല. അയാൾ സാധാരണനിലയിൽ നിന്ന് താഴ്ന്നവനും, നിത്യജീവിതത്തിന് കൊള്ളാത്തവനുമാണ്; അയാൾ ഒട്ടും തന്നേ ദൈവത്തെപ്പോലെയല്ല. അപൂർണ്ണരായ മാലാഖമാരായിട്ടല്ല – ഈ ലോകത്തിലെ സാധാരണ ജോലികൾ ചെയ്യുന്ന സ്ത്രീപുരുഷന്മാരായിട്ടാണ് നാമിവിടെയുള്ളത്. ആ വലിയ യത്നം നേരിടാനായി, പരിധിയില്ലാത്ത ശക്തിയോടെ വേണം നാം ആ ജോലികൾ ചെയ്യാൻ, കാരണം നാം 'മുകളിൽ നിന്ന്' ജനിച്ചവരാണ്.

പ്രചോദനത്തിന്റെ ആ അസാധാരണ നിമിഷങ്ങൾ വീണ്ടും കൊണ്ടുവരാൻ നാം ശ്രമിച്ചാൽ, നമുക്ക് വേണ്ടത് ദൈവത്തെയല്ല. ദൈവം വരുകയും നമ്മോട് സംസാരിക്കുകയും ചെയ്ത ആ നിമിഷങ്ങളിൽ നമ്മുടെ മനസ്സു കുടുങ്ങുകയും ദൈവം അങ്ങനെ വീണ്ടും ചെയ്യണമെന്ന് നാം ശഠിക്കുകയും ചെയ്യുന്നു. എന്നാൽ വിശ്വാസത്താൽ, നാം നടക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ''ദൈവം എന്റെ മുന്നിൽ വരുന്നത് വരെ എനിക്കിത് ചെയ്യാൻ കഴിയുകയില്ല'' എന്ന് നമ്മിലെത്രപേർ സ്വയം മാറിനിന്ന് പറഞ്ഞിരിക്കുന്നു! ദൈവം ഒരിക്കലും അങ്ങനെ ചെയ്യാൻ പോകുന്നില്ല. യാതൊരു പ്രചോദനവുമില്ലാതെ, ദൈവത്തിന്റെ ഒരു സ്പർശവുമില്ലാതെ, നമുക്ക് എഴുന്നേല്ക്കേണ്ടിവരും. അപ്പോഴാണ് ''അയ്യോ, ദൈവം ആ നേരത്തെല്ലാം അവിടെയുണ്ടായിരുന്നല്ലോ, ഞാനതറിഞ്ഞില്ല'' എന്ന് നാം അത്ഭുതപ്പെടുന്നത്. അസുലഭനിമിഷങ്ങൾക്കായി ജീവിക്കരുത്; അവ അത്ഭുതങ്ങളാണ്. പ്രചോദനങ്ങൾ അവയുടെ വഴിയെ നമ്മെ എങ്ങോട്ടെന്നില്ലാതെ വലിച്ച് കൊണ്ടുപോകുന്ന അപകടമില്ലെന്ന് കണ്ടാൽ ദൈവം നമുക്ക് പ്രചോദനത്തിന്റെ സ്പർശങ്ങൾ നല്കും. നമ്മുടെ പ്രചോദനത്തിന്റെ നിമിഷങ്ങൾ ഒരിക്കലും നമ്മുടെ മാനദണ്ഡമാകരുത്. നമ്മുടെ കർത്തവ്യമാണ് നമ്മുടെ മാനദണ്ഡം.

## മെയ് 2

# ദർശനത്തിനായി കാത്തിരിക്കാനുള്ള ക്ഷമ

**''അത് വൈകിയാലും അതിനായി കാത്തിരിക്ക'' ഹബക്കൂക്ക് 2:3.**

ക്ഷമ എന്നത് നിസ്സംഗതയല്ല; സർവ്വ ആക്രമണങ്ങളെയും ചെറുത്തു നില്ക്കുന്ന വലിയൊരു ഉറച്ച പാറയുടെ ആശയമാണ് 'ക്ഷമ' നമ്മുടെ മനസ്സിലുയർത്തുന്നത്. ദൈവദർശനമാണ് ക്ഷമയുടെ സ്രോതസ്സ്. കാരണം അത് നമുക്ക് ധാർമ്മിക പ്രചോദനം നല്കുന്നു. മോശെ പിടിച്ച് നിന്നത്, ശരി എന്തെന്നതിനെക്കുറിച്ചുള്ള അവന്റെ തത്ത്വങ്ങളാലോ, ദൈവത്തോടുള്ള തന്റെ കർത്തവ്യത്താലോ അല്ല; അവന് ഒരു ദൈവദർശനം ഉണ്ടായതിനാലാണ്. ''വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടതുപോലെ .....'' (എബ്രാ. 11:27). ദൈവദർശനമുള്ള ഒരാൾ ഏതെങ്കിലും ഒരു പ്രസ്ഥാനത്തോടോ, കാര്യത്തോടോ അല്ല ദൈവത്തോടാണ് സമർപ്പിതനായിരിക്കുക. ദൈവത്തിൽ നിന്നാണോ ദർശനം എന്നതു നിങ്ങൾക്കെപ്പോഴും അറിയാൻ കഴിയും. കാരണം അതോടൊപ്പം നിങ്ങൾക്ക് പ്രചോദനവും ലഭിക്കുന്നു. മഹത്വത്തോടെ കാര്യങ്ങൾ നിങ്ങളിലേക്ക് വരുന്നതും നിങ്ങളുടെ ജീവിതത്തിന് ഓജസ്സ് ലഭിക്കുന്നതും, സർവ്വതിനും ശക്തി പകരുന്നതും ദൈവത്തിന്റെ പ്രവർത്തനമാണ്. തന്റെ പുത്രൻ, മരുഭൂമിയിലെ പരീക്ഷ നിശ്ശബ്ദനായി സഹിച്ചതുപോലെ, നിങ്ങൾക്കും ആത്മീയമായി, ദൈവത്തിൽ നിന്നൊരു വാക്കുപോലുമില്ലാതെ സഹിക്കേണ്ടിവരുന്നതായ ഒരു സമയമുണ്ടാകും. അങ്ങനെ ദൈവം ചെയ്യുമ്പോൾ, അത് വെറുതെ സഹിക്കുക; ദൈവത്തെ കാണുന്നതിനാൽ സഹിക്കാനുള്ള ശക്തി ഉണ്ടാകും.

അത് വൈകിയാലും അതിനായി കാത്തിരിക്ക. നമുക്ക് ദർശനമുണ്ട് എന്നതിന് തെളിവ് നാം മനസ്സിലാക്കിയതിലേറെയായി, നാം മുന്നോട്ടെത്തിപ്പിടിക്കുന്നു എന്നതാണ്. ആത്മീയമായി സംതൃപ്തിയടയുന്നത് മോശമായൊരു കാര്യമാണ്. ''യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്ത് പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും'' (സങ്കീ. 116:12-13) എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. നമ്മിൽ സംതൃപ്തി തേടി നാം ഇങ്ങനെ പറഞ്ഞേക്കും. ''ഇപ്പോൾ എനിക്കത് കിട്ടി; തൃപ്തിയായി. ഇനി എനിക്ക് സഹിക്കാൻ കഴിയും''. അപ്പോൾത്തന്നെ നാം നാശത്തിലേയ്ക്കുള്ള വഴിയിലായിക്കഴിഞ്ഞു. നാം മനസ്സിലാക്കുന്നതിലും അധികമായി നാം മുന്നോട്ടായണം. 'ഞാൻ പിടിച്ചിരിക്കുന്നു എന്ന് നിരൂപിക്കുന്നില്ല'' (ഫിലിപ്യർ 3:12). നാം അനുഭവിച്ചത് മാത്രമേ നമുക്കുള്ളൂ എങ്കിൽ നമുക്കൊന്നുമില്ല. ദൈവദർശനത്തിന്റെ പ്രചോദനം നമുക്കുണ്ടെങ്കിൽ, നമുക്കനുഭവിക്കാൻ കഴിയുന്നതിലും അധികം നമുക്കുണ്ട്. ആത്മീയവിശ്രമത്തിന്റെ അപകടത്തിൽപ്പെടാതെ സൂക്ഷിച്ച് കൊൾക.

## മെയ് 3

# നിർണ്ണായക മദ്ധ്യസ്ഥത

**''സകല പ്രാർത്ഥനയാലും യാചനയാലും ഏത് നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും.........'' (എഫെസ്യർ 6:18).**

നിരന്തരം മധ്യസ്ഥപ്രാർത്ഥന നടത്തുമ്പോൾ ദൈവത്തോടുള്ള നമ്മുടെ അനുസരണം നിമിത്തം നാം വിചാരിച്ചതിലധികം ചുമതല മറ്റുള്ളവർക്കുണ്ടാകുന്നു. നമ്മുടെ പ്രാർത്ഥനയ്ക്കുത്തരമായി, നാം ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ അവരെ ദൈവം മറ്റൊരു തലത്തിലേയ്ക്ക് ഉയർത്തുന്നു; അവരോടുള്ള സഹതാപത്തിൽ നാം അവർക്കായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നതാണ് അപകടം. ദൈവത്തിന് മറ്റുള്ളവരിലുള്ള താൽപര്യം നാം തിരിച്ചറിയണം. അതിൽ നിന്നു നാം പുറകോട്ട് മാറുമ്പോൾ ദൈവവുമായുള്ള നമ്മുടെ സജീവബന്ധം നഷ്ടപ്പെടുന്നു. അവിടെ നാം നമ്മുടേതായ സഹതാപം (അവരോടുള്ള നമ്മുടെ പരിഗണന) ഇടയ്ക്കു കൊണ്ടുവരുന്നു, അത് ദൈവത്തോട് നാം ചെയ്യുന്ന അധിക്ഷേപമാണ്.

ദൈവത്തെക്കുറിച്ചുള്ള പരിപൂർണ്ണ ഉറപ്പില്ലാതെ, തീക്ഷ്ണമായ മധ്യസ്ഥപ്രാർത്ഥന നടത്താൻ നമുക്ക് സാധിക്കുകയില്ല. ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ ഏറ്റവുമധികം ചിതറിച്ചു കളയുന്നത് നമ്മുടെ വ്യക്തിപരമായ സഹതാപവും ഏകപക്ഷീയ അഭിപ്രായങ്ങളുമാണ്. മധ്യസ്ഥപ്രാർത്ഥനയുടെ താക്കോൽ ദൈവവുമായുള്ള താദാത്മ്യം – ഒന്നാകൽ – ആണ്. ദൈവവുമായുള്ള നമ്മുടെ താദാത്മ്യം നഷ്ടപ്പെടുന്നത് പാപത്താലല്ല, സഹതാപത്താലാണ്. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിനിടയിൽ പാപം കടന്നുകയറണമെന്നില്ല; സഹതാപം കടന്ന് കയറുകയും ചെയ്യും. 'ഇക്കാര്യം സംഭവിക്കാൻ ഞാൻ അനുവദിക്കയില്ല' എന്ന് നമ്മോടു തന്നെയോ മറ്റുള്ളവരോടോ ഉള്ള സഹതാപം നമ്മെക്കൊണ്ട് പറയിക്കുന്നു; അപ്പോൾത്തന്നേ ദൈവവുമായുള്ള സജീവബന്ധത്തിൽ നിന്ന് നാം പുറത്താകുന്നു.

നിങ്ങളിലെ വിഷാദംനിറഞ്ഞ നിങ്ങൾക്കായി പ്രാർത്ഥിക്കാനുള്ള സമയമോ മനസ്സോ, ശരിയായ മധ്യസ്ഥപ്രാർത്ഥനയിൽ നിങ്ങൾക്ക് ലഭിക്കുന്നില്ല. നിങ്ങളിൽ നിന്ന് നിങ്ങളെക്കുറിച്ചുള്ള ചിന്തകൾ മാറ്റിനിർത്താൻ പാടുപെടേണ്ടതില്ല, മറ്റുള്ളവരുടെ ജീവിതത്തിലുള്ള ദൈവത്തിന്റെ താല്പര്യങ്ങളും കരുതലുകളുമായി നിങ്ങൾ പൂർണ്ണമായി ഏകീഭവിച്ചാൽ മതി.

കുറ്റം കണ്ടുപിടിക്കലല്ല, വിവേചനമാണ് മധ്യസ്ഥപ്രാർത്ഥനയെക്കുറിച്ചുള്ള ദൈവവിളി.

# പരോക്ഷമായ മധ്യസ്ഥത

**''അതുകൊണ്ട് സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽക്കൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേയ്ക്കുള്ള പ്രവേശനത്തിന് ധൈര്യവും ......'' എബ്രായർ 10:19.**

മധ്യസ്ഥത എന്നാൽ നമ്മുടെ വ്യക്തിപരമായ സഹതാപങ്ങൾ ദൈവസന്നിധിയിൽ കൊണ്ടുവരുകയും, നാം ആവശ്യപ്പെടുന്നത് ചെയ്യാൻ ദൈവത്തോട് പറയുകയുമാണെന്ന് സങ്കല്പിക്കരുത്. നമ്മുടെ കർത്താവ് പാപവുമായി പരോക്ഷമായി താദാത്മ്യം പ്രാപിച്ചതിനോടാണ്, ദൈവത്തോടുള്ള നമ്മുടെ സമീപനം കടപ്പെട്ടിരിക്കുന്നത്. അവന്റെ രക്തത്താലാണ് വിശുദ്ധ മന്ദിരത്തിലേക്ക് പ്രവേശിക്കാൻ നമുക്ക് ധൈര്യമുണ്ടാകുന്നത്.

മധ്യസ്ഥതയിലെ ഏറ്റവും ശക്തമായ തടസ്സം ആത്മീയ മർക്കടമുഷ്ടിയാണ്. പാപപരിഹാരം വേണ്ടാത്ത, ചില നല്ല നന്മനിറഞ്ഞ കാര്യങ്ങൾ നമ്മിലുണ്ടെന്ന് നാം ഭാവന ചെയ്യുന്നു. അത്തരത്തിലുള്ള ചിന്താഗതി സൃഷ്ടിക്കുന്ന മാന്ദ്യവും താല്പര്യമില്ലായ്മയും നമ്മെ മധ്യസ്ഥപ്രാർത്ഥനയ്ക്ക് അപ്രാപ്തരാക്കുന്നു. മറ്റുള്ളവരിൽ ദൈവത്തിനുള്ള താല്പര്യവുമായി നാം താദാത്മ്യം പ്രാപിക്കുന്നില്ല; മറിച്ച് ദൈവത്തോട് നാം അസഹിഷ്ണുത കാണിക്കുന്നു. നമ്മുടെ സ്വന്തം ആശയങ്ങളുമായി നാം നില കൊള്ളുന്നു: മധ്യസ്ഥപ്രാർത്ഥന നമ്മുടെ സ്വാഭാവിക സഹതാപത്തിന്റെ മഹത്വീകരണമായിത്തീരുകയും ചെയ്യുന്നു. യേശുക്രിസ്തു നമ്മുടെ പാപം ഏറ്റെടുത്തു എന്നതിനർത്ഥം, നമ്മുടെ എല്ലാ സഹതാപങ്ങളിലും താല്പര്യങ്ങളിലുമുള്ള ഒരു സമൂല മാറ്റമാണ്. മറ്റുള്ളവരോടുള്ള നമ്മുടെ സഹതാപത്തിന്റെ സ്ഥാനത്ത് ദൈവത്തിന് അവരിലുള്ള താല്പര്യങ്ങൾ വെക്കുക എന്നതാണ് പരോക്ഷമായ മധ്യസ്ഥതയുടെ അർത്ഥം.

ഞാൻ മർക്കടമുഷ്ടിയാണോ? അതോ ദൈവതാല്പര്യങ്ങൾ ആഗ്രഹിക്കുന്നവനോ? എന്നിൽ പകരം വെക്കുന്നയാളോ സ്വയം ലാളിച്ച് വഷളാക്കപ്പെട്ടവനോ അതോ ദൈവവുമായുള്ള ബന്ധത്തിൽ പൂർണ്ണതയുള്ളവനോ? ഞാൻ ശുണ്ഠിയെടുക്കുന്നയാളോ ആത്മീയതയുള്ള ആളോ? എന്റെ തന്നിഷ്ടം നടത്താനാണോ അതോ ദൈവവുമായി താദാത്മ്യം പ്രാപിക്കാനാണോ ഞാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നത്?

## മെയ് 5

# ന്യായവിധിയും ദൈവസ്നേഹവും

**''ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ1'' പത്രോസ് 4:17**

രക്ഷ എന്നത് ദൈവത്തിന്റെ ആശയമാണ്, മനുഷ്യന്റേതല്ല എന്ന് ക്രിസ്തീയവേല ചെയ്യുന്നവർ ഒരിക്കലും മറക്കരുത്. അളക്കാനാകാത്ത ഒരു ആഴമാണത്. രക്ഷ ഒരനുഭവമല്ല, ദൈവത്തിന്റെ മഹത്തായ ചിന്തയാണ്. നമ്മുടെ ജീവിതത്തിന്റെ ബോധതലത്തിലേക്ക് രക്ഷ പ്രവേശിക്കുന്ന വാതിലാണ് അനുഭവം; അപ്പോഴാണ് കുറേക്കൂടി ആഴമേറിയ തലത്തിൽ അത് സംഭവിച്ചു എന്നതിനെക്കുറിച്ച് നാം ബോധവാന്മാരാകുന്നത്. ആ അനുഭവത്തെക്കുറിച്ച് പ്രസംഗിക്കരുത്; ആ അനുഭവത്തിന്റെ പിന്നിലുള്ള മഹത്തായ ദൈവചിന്തയെക്കുറിച്ച് പ്രസംഗിക്കുക. അങ്ങനെ നമ്മൾ പ്രസംഗിക്കുമ്പോൾ, എങ്ങനെ മനുഷ്യനെ നരകത്തിൽ നിന്ന് രക്ഷിക്കാമെന്നും, അവനെ നല്ലവനാക്കാമന്നും അല്ല നാം പറയുന്നത്; ദൈവത്തെക്കുറിച്ചുള്ള സദ്വാർത്ത അറിയിക്കുകയാണ് നാം.

യേശുക്രിസ്തു നമുക്ക് പഠിപ്പിച്ച് തന്നതിലെല്ലാം, ന്യായവിധിയെക്കുറിച്ച് വെളിപ്പെടുത്തുന്നുണ്ട്. അത് ദൈവസ്നേഹത്തിന്റെ അടയാളമാണ്. ദൈവത്തോട് അടുക്കാൻ പ്രയാസപ്പെടുന്ന ഒരാളോട് ഒരിക്കലും സഹതപിക്കരുത്. ദൈവത്തിന്റെ കുറ്റമല്ല അത്. എന്തുകൊണ്ടാണ് അയാൾക്കത് പ്രയാസമാകുന്നത് എന്നതിന്റെ കാരണവും നാം കണ്ടുപിടിക്കേണ്ടതില്ല. തെറ്റ് എന്താണെന്ന് ദൈവാത്മാവ് വെളിപ്പെടുത്തുംവിധം വചനം പ്രസംഗിക്കുക. പ്രസംഗം വിജയകരവും ഫലപ്രദവും ആകുന്നത് കേൾവിക്കാരിൽ ന്യായവിധിയെപ്പറ്റി ബോധ്യം ഉണ്ടാകുമ്പോൾ മാത്രമാണ്.

സ്വയം പൂർത്തീകരിക്കാൻ നമുക്കു കഴിയാത്ത ഒരു കാര്യം ചെയ്യാൻ യേശു നമ്മോട് ആവശ്യപ്പെടുന്നെങ്കിൽ, അവൻ ഒരു നുണയനാണ്. അപ്പോൾ നമ്മുടെ കഴിവുകേട് അനുസരണത്തിന് ഒരു തടസ്സമാകും. ദൈവം കണക്കിലെടുക്കാത്ത എന്തോ ഒന്നുണ്ടെന്ന് നാം ദൈവത്തോട് പറയുന്നു എന്നാകും അതിനർത്ഥം. ദൈവാശ്രയത്താൽ നമ്മിലെ സ്വാശ്രയത്തിന്റെ എല്ലാ ഘടകങ്ങളെയും നിർജീവമാക്കണം. നമ്മുടെ ബലഹീനതയെയും നമുക്കവനിലുള്ള ആശ്രയത്തെയും നാം അംഗീകരിക്കുന്ന ആ നിമിഷം തന്നേ ദൈവാത്മാവ് തന്റെ ശക്തി പ്രകടമാക്കും.



**മെയ് 6**

# സ്വാതന്ത്ര്യവും യേശുക്രിസ്തുവിന്റെ മാനദണ്ഡവും

**''സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ച് നില്പിൻ'' ഗലാത്യർ 5:1.**

''ഇത് വിശ്വസിക്കുക, അത് വിശ്വസിക്കുക'' എന്ന് പറഞ്ഞ് ആത്മീയനായ ഒരാൾ നിങ്ങളെ ഒരിക്കലും ബുദ്ധിമുട്ടിക്കുകയില്ല. അയാൾ യേശുവിന്റെ മാനദണ്ഡത്തിനൊപ്പം നിങ്ങളുടെ ജീവിതം ഉയർത്തണമെന്നേ പറയൂ. ബൈബിളിൽ വിശ്വസിക്കാനല്ല, ബൈബിൾ ആരെ വെളിപ്പെടുത്തുന്നോ ആ ആളെ വിശ്വസിക്കാനാണ് നമ്മോട് പറയുന്നത്. (യോഹന്നാൻ 5:39–40 കാണുക). കാഴ്ചപ്പാടുകളുടെ സ്വാതന്ത്ര്യമല്ല, മനസ്സാക്ഷിയുടെ സ്വാതന്ത്ര്യമാണ് വിലപ്പെട്ടത്. ക്രിസ്തുവിന്റെ സ്വാതന്ത്ര്യത്താൽ നാം മോചിതരാണെങ്കിൽ, മറ്റുള്ളവരും അതേ സ്വാതന്ത്ര്യത്തിലേക്ക് നയിക്കപ്പെടും – യേശുക്രിസ്തുവിന്റെ കർത്തൃത്വം മനസ്സിലാക്കുന്ന സ്വാതന്ത്ര്യമാണത്.

യേശുക്രിസ്തുവിന്റെ അളവുകോലാൽ അളക്കപ്പെടുന്ന ജീവിതമായി നിങ്ങളുടെ ജീവിതത്തെ എപ്പോഴും കാത്ത് സൂക്ഷിക്കുക. മറ്റെന്തെല്ലാം നുകങ്ങൾ ഉണ്ടായാലും അവന്റെ നുകത്തിന് മാത്രം നിങ്ങളുടെ കഴുത്ത് കുനിച്ചു കൊടുക്കുക. യേശുക്രിസ്തുവിനാൽ അംഗീകരിക്കപ്പെട്ടതല്ലാത്ത ഒരു നുകം മറ്റാരുടെയും കഴുത്തിൽ കെട്ടിവയ്ക്കാതിരിക്കാൻ നിങ്ങളും ശ്രദ്ധിക്കുക. നാം ചെയ്യുന്നതെന്തോ അതെല്ലാം അങ്ങനെതന്നേ മറ്റുള്ളവർ കണ്ടില്ലെങ്കിൽ അവർ ചെയ്യുന്നത് തെറ്റാണെന്ന ധാരണയിൽ നിന്നു നമ്മെ വിടുവിക്കാൻ ദൈവത്തിന് കുറേയേറെ സമയം വേണം. ഒരിക്കലും അതല്ല ദൈവത്തിന്റെ വീക്ഷണം. സത്യമായ ഒരൊറ്റ സ്വാതന്ത്ര്യമേ ഉള്ളൂ – ശരിയായതെന്തോ അത് ചെയ്യാൻ നമ്മെ പ്രാപ്തരാക്കും വിധം നമ്മുടെ മനസ്സാക്ഷിയിൽ പ്രവർത്തിക്കുന്ന യേശുവിന്റെ സ്വാതന്ത്ര്യം!

മറ്റുള്ളവരോട് അക്ഷമ കാണിക്കരുത് . ദൈവം എങ്ങനെ – ക്ഷമയോടും സൗമ്യതയോടുംകൂടി – നിങ്ങളോട് ഇടപെട്ടു എന്നോർക്കുക. ദൈവത്തിന്റെ സത്യത്തിൽ വെള്ളം ചേർക്കരുത്. അതിനെ അതിന്റെ വഴിയിൽ പ്രവർത്തിക്കാനനുവദിക്ക; അതിനെചൊല്ലി ഒരിക്കലും ക്ഷമാപണ മനോഭാവം കാണിക്കരുത്. നിങ്ങളുടെ സ്വന്തം വീക്ഷണങ്ങളിലേക്കല്ല ആളുകളെ പരിവർത്തനം ചെയ്യേണ്ടത്. 'ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കികൊൾക''(മത്താ. 28:19).

## മെയ് 7

# നിത്യതയ്ക്കായി പണിതുയർത്തുക

**''നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിയാൻ ഇച്ഛിച്ചാൽ ആദ്യം ഇരുന്ന് അത് തീർപ്പാൻ വക ഉണ്ടോ എന്ന് കണക്ക് നോക്കുന്നില്ലയോ?''**

**(ലൂക്കോസ് 14:28)**

നാം കണക്കിലെടുക്കേണ്ട ഒരു വിലയല്ല, അവൻ കണക്കിലെടുത്തിട്ടുള്ള ഒരു വിലയെക്കുറിച്ചാണ് കർത്താവ് ഇവിടെ പരാമർശിക്കുന്നത്. ആ വില – നസ്രത്തിലെ ആ മുപ്പത് വർഷങ്ങൾ അപവാദത്തിന്റെയും വെറുപ്പിന്റെയും ഒപ്പം ജനസമ്മതിയുടേതുമായ ആ മൂന്ന് വർഷങ്ങൾ, ഗത്സെമനയിലെ ആഴമളക്കാനാകാത്ത ആ വ്യാകുലത, കാൽവരിയിലെ ആ പീഡനങ്ങൾ – കാലവും നിത്യതയും ചുറ്റിത്തിരിയുന്ന ആ അച്ചുതണ്ട്. യേശുക്രിസ്തു ആ കണക്കെല്ലാം കൂട്ടിക്കഴിഞ്ഞു. ''ഈ മനുഷ്യൻ പണിയാൻ തുടങ്ങി, തീർക്കാനൊത്തതുമില്ല'', എന്ന് ആളുകൾ അവനെ കളിയാക്കി പറയാൻ പോകുന്നില്ല.

ലൂക്കോസ് 14: 26, 27, 33 എന്നീ വാക്യങ്ങളിൽ നമ്മുടെ കർത്താവ് ശിഷ്യത്വത്തിന് വെക്കുന്ന വ്യവസ്ഥകൾ കൊണ്ട് ഇതാണ് അർത്ഥമാക്കുന്നത്: തന്റെ വലിയ പണിയിൽ ഉപയോഗിക്കാൻ പോകുന്ന സ്ത്രീപുരുഷന്മാർക്കായി താൻ എല്ലാം ചെയ്തിരിക്കുന്നു. ''എന്റെ അടുക്കൽ വരികയും, അപ്പനെയും, അമ്മയെയും, സഹോദരന്മാരെയും സഹോദരിമാരെയും, സ്വന്ത ജീവനെയും പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല''. ഈ ലോകത്തിലെ ഏറ്റവും ഗാഢമായ സർവ്വകെട്ടുകൾക്കുമപ്പുറം, തീക്ഷ്ണതയോടെ, സമർപ്പണത്തോടെ തന്നെ സ്നേഹിക്കുന്നവരെ മാത്രമേ താൻ ഈ നിർമ്മാണത്തിന്, ഉപയോഗിക്കൂ എന്നാണ് നമ്മുടെ കർത്താവുദ്ദേശിക്കുന്നത്.

നാം പണിയുന്നതെല്ലാം ദൈവം പരിശോധിക്കുന്ന സമയം വരുന്നു. യേശു എന്ന അടിസ്ഥാനത്തിന്മേൽ നാം സ്വന്തമായി എന്തെങ്കിലും പണിതാൽ അത് അവന്റെ അഗ്നിപരീക്ഷയിൽ വെളിപ്പെടും എന്ന് ഓർത്തുകൊള്ളുക. ദൈവത്തിനായി നാം വൻ സംരംഭങ്ങളുടെ ജോലി ചെയ്യാൻ ശ്രമിക്കുന്നതിന്റെ ദിവസങ്ങളാണ് ഇപ്പോൾ. എന്നാൽ അവിടെത്തന്നേയാണ് കെണിയും. ആഴത്തിലേക്കിറങ്ങി പറഞ്ഞാൽ നമുക്കൊരിക്കലും ദൈവത്തിനായി പ്രവർത്തിക്കാൻ കഴിയുകയില്ല. തന്റെ സംരംഭങ്ങൾക്കായി, തന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി പൂർണ്ണമായും യേശു നമ്മെ എടുക്കുന്നു. തന്നെ എവിടെ ആക്കണം എന്ന് പറയാനുള്ള അവകാശം ഒരാൾക്കുമില്ല.

## മെയ് 8

# വിശ്വാസത്തിനായി ക്ഷമയോടെയുള്ള സ്ഥിരപരിശ്രമം

**''സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ .......'' (വെളിപാട് 3:10).**

ക്ഷമ എന്നത് സഹനത്തെക്കാളും വലുതാണ്. ഒരു വില്ലാളിയുടെ കൈയിലെ അമ്പും വില്ലും പോലെയാണ് ദൈവത്തിന്റെ കൈയ്യിൽ ഒരു വിശുദ്ധന്റെ ജീവിതം. വിശുദ്ധന് കാണാൻ വയ്യാത്ത എന്തോ ഒന്നിനെ ദൈവം ഉന്നം വയ്ക്കുന്നു. വിശുദ്ധനാകട്ടെ, ഞെളിപിരികൊള്ളുകയും ''ഇനി എനിക്ക് താങ്ങാൻ മേലേ'' എന്നു പറയുകയും ചെയ്യുന്നു. ദൈവം ശ്രദ്ധിക്കുന്നില്ല. തന്റെ ലക്ഷ്യം ദൃഷ്ടിയിലാകുവോളം ദൈവം വലിക്കുകയും മുറുക്കുകയും ചെയ്യും, പിന്നെ അവൻ അമ്പ് പായിക്കുന്നു. ദൈവകരങ്ങളിൽ നിങ്ങളെ ഭരമേല്പിക്കുക. ഏതു കാര്യത്തിനാണ് ഇപ്പോൾ നിങ്ങൾക്ക് ക്ഷമ ആവശ്യമായിരിക്കുന്നത്? വിശ്വാസത്തിനായുള്ള സ്ഥിരോത്സാഹത്തോട, സഹിഷ്ണുതയോടെ യേശുക്രിസ്തുവുമായുള്ള ബന്ധം നിലനിർത്തുക. ''അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നേ കാത്തിരിക്കും'' (ഇയ്യോ. 13:15).

വിശ്വാസം ദുർബ്ബലവും ദയനീയവുമായ ഒരു വികാരമല്ല, ദൈവം വിശുദ്ധസ്നേഹമാണെന്ന വസ്തുതയിൽ പണിതുയർത്തിയ ശക്തവും ഊർജ്ജസ്വലവുമായ ഉറപ്പാണ്. ഇപ്പോൾ നിങ്ങൾക്കവനെ കാണാൻ കഴിയുന്നില്ല, അവൻ എന്താണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാനും കഴിയുന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. ദൈവം വിശുദ്ധ സ്നേഹമാണെന്ന നിത്യസത്യത്തിൽ ഹൃദയം ഉറപ്പിക്കണം. അപ്പോൾ മനസ്സാന്നിദ്ധ്യം ഉണ്ടാകും. അല്ലെങ്കിൽ തകർച്ചകളുണ്ടാകും. വിശ്വാസം എന്നത് നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും ധീരമായ പരിശ്രമമാണ് – പരിപൂർണ്ണ സമർപ്പണത്തിലും ഉറച്ച വിശ്വാസത്തിലും നിങ്ങളെ ദൈവത്തിനെറിഞ്ഞ് കൊടുക്കുക.

നമ്മെ രക്ഷിക്കാൻ യേശുക്രിസ്തുവിനെ ദൈവം കൈവിട്ടതുപോലെ നാമും അവനായി നമ്മിലെ സർവ്വതും സമർപ്പിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവജീവൻ സ്പർശിക്കാത്ത, വിശ്വാസം വ്യാപരിക്കാത്ത ചില ഇടങ്ങൾ നമ്മിലുണ്ട്. യേശുക്രിസ്തുവിൽ ഈ ഇടങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അവ നമ്മിലും ഉണ്ടാകാൻ പാടില്ല. ''നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നേ നിത്യജീവൻ ആകുന്നു''(യോഹ. 17:3). അചഞ്ചലമായി എന്തിനെയും നേരിടുന്ന ജീവിതമാണ് നിത്യജീവൻ. ഈ വീക്ഷണം സ്വീകരിച്ചാൽ, ജീവിതം അത്യന്തം സുന്ദരസാഹസികവും, അത്ഭുതങ്ങൾ കാണുന്നതിനുള്ള മഹത്വപൂർണ്ണമായ ഒരവസരവുമായിത്തീരുന്നു. ശക്തിയുടെ ഈ കേന്ദ്രസ്ഥാനത്ത് നമ്മെ ആക്കാൻ, ദൈവം നമുക്കു ശിക്ഷണം നല്കുകയാണ്.

മെയ് 9

# എത്തിപ്പിടിക്കുവിൻ

**''വെളിപ്പാട് ഇല്ലാത്തിടത്ത് മനുഷ്യൻ മര്യാദവിട്ട് നടക്കുന്നു'' (സദൃശവാക്യങ്ങൾ 29:18).**

ആദർശവും ദർശനവും തമ്മിൽ വ്യത്യാസമുണ്ട്. ആദർശത്തിൽ ധാർമ്മിക പ്രചോദനമില്ല; ദർശനത്തിൽ അതുണ്ട്. ആദർശത്തിന് തങ്ങളെത്തന്നേ വിട്ടുകൊടുക്കുന്ന ആളുകൾ ഒന്നും തന്നേ ചെയ്യാറില്ല. ഒരു മനുഷ്യന്റെ ദൈവസങ്കല്പം നിമിത്തം അയാൾ തന്റെ കർത്തവ്യങ്ങൾ അവഗണിക്കുന്നതിനെ നീതീകരിച്ചുവെന്നു വരാം. ദൈവം, നീതിയുടെ ദൈവമാകയാൽ, എല്ലാം തനിയേ ശരിയായിക്കൊള്ളും എന്നു യോനാ വാദിച്ചു. എനിക്ക് ദൈവത്തെക്കുറിച്ച് ശരിയായ ഒരു ധാരണ ഉണ്ടായിരിക്കാം. അതു തന്നേയാകാം ഞാനെന്റെ കർത്തവ്യം ചെയ്യാത്തതിന് കാരണവും. എന്നാൽ എവിടെ ഒരു ദർശനമുണ്ടോ അവിടെ ധർമ്മനിഷ്ഠവും കർത്തവ്യോന്മുഖവുമായ ഒരു ജീവിതവുമുണ്ട്. കാരണം ദർശനം ധാർമ്മികോത്തേജനം നല്കുന്നു.

ആദർശങ്ങൾ നമ്മെ നാശത്തിലേയ്ക്ക് മയക്കിവീഴിക്കുന്നു. ആത്മീയമായി ഒരു ആത്മപരിശോധന നടത്തുക. നിങ്ങൾക്ക് ആദർശങ്ങൾ മാത്രമേയുള്ളോ അതോ നിങ്ങൾക്കൊരു ദർശനമുണ്ടോ എന്ന് നോക്കുക.

പ്രാപ്തിക്കുമപ്പുറമെത്തണ
മല്ലെങ്കിൽ പിന്നെയെന്തിനൊരു സ്വർഗ്ഗം?

ദർശനം ഇല്ലാത്തിടത്ത് ..... ദൈവത്തെ നാം കാണാതെയാകുമ്പോൾ, നാം കൂസലില്ലാത്തവരാകുന്നു; നാം ചില നിയന്ത്രണങ്ങൾ വിട്ടു കളയുന്നു. പ്രാർത്ഥന, ചെറിയ കാര്യങ്ങളിലുള്ള ദൈവദർശനം എന്നിവ നാം ഉപേക്ഷിക്കുകയും, നമ്മുടെ സ്വന്തം നിലയിൽ, ദൈവം അകത്തേക്ക് വരണം എന്ന് പ്രതീക്ഷിക്കാതെ കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു; അപ്പോൾ നാം താഴേയ്ക്കുള്ള പാതയിലായിക്കഴിഞ്ഞിരിക്കും; നമ്മുടെ ദൈവദർശനം നഷ്ടപ്പെട്ടിരിക്കുന്നു. ദൈവദർശനത്തിൽ നിന്നുത്ഭവിക്കുന്ന ഒരു മനോഭാവമാണോ നമുക്കിന്ന്? ഇതേവരെ ചെയ്തിട്ടുള്ളതിനേക്കാൾ വലിയ കാര്യങ്ങൾ ദൈവം ചെയ്യണമെന്ന് നാം പ്രതീക്ഷിക്കുന്നുണ്ടോ? നമ്മുടെ ആത്മീയ വീക്ഷണത്തിൽ ഒരു പുതുമയും ഓജസ്സുമുണ്ടോ?

# മുൻകൈയെടുക്കുക

**''അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ച്, നിങ്ങളുടെ വിശ്വാസത്തോട് വീര്യവും, വീര്യത്തോട് പരിജ്ഞാനവും പരിജ്ഞാനത്തോട് ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോട് സ്ഥിരതയും, സ്ഥിരതയോട് ഭക്തിയും, ഭക്തിയോട് സഹോദരപ്രീതിയും, സഹോദരപ്രീതിയോട് സ്നേഹവും കൂട്ടിക്കൊൾവിൻ'' (2 പത്രോസ് 1:5).**

''കൂട്ടിക്കൊൾവിൻ'' എന്ന് പറഞ്ഞാൽ നാം എന്തോ ചെയ്യേണ്ടതായുണ്ട്. ദൈവം ചെയ്യുന്നത് നമുക്ക് ചെയ്യാൻ കഴിയുകയില്ലെന്നും, നമുക്ക് ചെയ്യാൻ കഴിയുന്നത് ദൈവം ചെയ്യുകയില്ലെന്നും മറക്കുന്ന അപകടത്തിലാണ് നാം. നമുക്ക് സ്വയം രക്ഷിക്കാനോ സ്വയം വിശുദ്ധീകരിക്കാനോ സാധിക്കുകയില്ല. ദൈവമാണത് ചെയ്യുന്നത്. എന്നാൽ ദൈവം നമുക്ക് നല്ല ശീലങ്ങളോ സ്വഭാവമോ തരുകയില്ല. അവൻ നമ്മെ ശരിയായ വിധം നടത്തുകയില്ല. അതെല്ലാം നാം നമുക്ക് വേണ്ടി സ്വയം ചെയ്യേണ്ടിവരും. ദൈവം നമ്മിൽ തന്റെ ''വ്യാപാരശക്തിയാൽ'' പ്രവർത്തിച്ച അനുഭവം നാം നമുക്കായി പണിതെടുക്കണം. കൂട്ടിച്ചേർക്കുക എന്ന് പറഞ്ഞാൽ കാര്യങ്ങൾ ചെയ്യുന്ന ശീലത്തിലേക്ക് നാം കടക്കുക എന്നാണ്; അത് ആദ്യഘട്ടങ്ങളിൽ പ്രയാസമാണ്. മുൻകൈ എടുക്കുക എന്ന് വെച്ചാൽ ഒരു തുടക്കം കുറിക്കുക, നിങ്ങൾക്ക് പോകേണ്ട വഴിയെക്കുറിച്ച് സ്വയം പഠിപ്പിക്കുക എന്നതാണ്.

വഴി നന്നായി അറിയാമെങ്കിലും, വഴി ചോദിക്കുന്ന പ്രവണതയെ സൂക്ഷിച്ചുകൊൾക. മടി കളഞ്ഞ് മുൻകൈയെടുത്ത്, ആദ്യചുവടെടുക്കുക. ദൈവം സംസാരിക്കുമ്പോൾ ദൃഢനിശ്ചയം പൂണ്ടിരിക്കുക. ദൈവം പറയുന്നതിന്മേൽ വിശ്വാസത്തോടെ പ്രവർത്തിക്കുക. നിങ്ങൾ ദൈവതിരുമുമ്പാകെ എടുത്ത തീരുമാനങ്ങൾ പുനഃപരിശോധിക്കരുത്. ദൈവം ഒരു കാര്യം ചെയ്യാൻ പറയുമ്പോൾ മടി കാണിച്ചാൽ, നിങ്ങൾ നിലനില്ക്കുന്ന ദൈവകൃപയെ പുച്ഛിച്ച് തള്ളുകയാണ്. സ്വയം മുൻകൈയെടുത്ത്, ഒരിക്കലും തിരിച്ചുപോകാൻ സാദ്ധ്യമാകാത്തവിധം ആദ്യചുവടെടുക്കുക. പിന്നിലുള്ള പാലങ്ങളെ കത്തിച്ച് കളയുക. മുന്നോട്ട് വെച്ച കാൽ പിന്നോട്ട് വലിക്കാൻ പറ്റാതെയാക്കുക.

ദൈവം എന്താണ് പറയുന്നതെന്ന് കണ്ടുപിടിക്കുന്ന ശീലത്തിലേയ്ക്ക് നാം പ്രവേശിക്കണം. ഒരു പ്രതിസന്ധി വന്നാൽ, വരുമ്പോൾ, നാം സ്വാഭാവികമായും ദൈവത്തിങ്കലേക്ക് തിരിയുന്നു. നാം എവിടെ അല്ലയോ (അതായത് നാം ഇതുവരെ എത്താത്തിടത്ത്) അവിടെനിന്നല്ല, നാം എവിടെയാണോ അവിടെ നിന്ന് മുൻകൈ എടുക്കണം.

# പരസ്പരം സ്നേഹിക്കുക

**''......സഹോദരപ്രീതിയോട് സ്നേഹവും കൂട്ടിക്കൊൾക''** (2 പത്രോസ് 1:7).

നമ്മിലൊട്ടുമിക്കപേർക്കും സ്നേഹം അനിശ്ചിതമായൊരു കാര്യമാണ്. കാരണം സ്നേഹത്തെക്കുറിച്ച് സംസാരിക്കുമ്പോൾ നാമെന്താണ് അർത്ഥമാക്കുന്നതെന്ന് നമുക്കറിഞ്ഞുകൂടാ. ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയോട് തോന്നുന്ന അങ്ങേയറ്റത്തെ താല്പര്യമാണ് സ്നേഹം. അത് തന്നോടാകണമെന്ന് യേശു ആവശ്യപ്പെടുന്നത് (ലൂക്കോസ് 14:26) കാണുക. ''ദൈവത്തിന്റെ സ്നേഹം നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകരു''മ്പോൾ, (റോമ. 5:5) യേശുക്രിസ്തുവിനെ ആദ്യം അവിടെ വെക്കാൻ എളുപ്പമാണ്. എന്നിട്ട് പത്രോസ് ഈ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കാൻ നാം ശ്രമിക്കണം.

ദൈവം ചെയ്യുന്ന ആദ്യകാര്യം, എന്റെ ജീവിതത്തിൽ നിന്ന് ഏതുതരത്തിലുമുള്ള ആത്മാർത്ഥതയില്ലായ്മയെയും, അഹങ്കാരത്തെയും, പൊങ്ങച്ചത്തെയും ബലമായി പുറത്താക്കുക എന്നതാണ്. ഞാൻ സ്നേഹയോഗ്യൻ ആയതു കൊണ്ടല്ല, അതാണ് തന്റെ പ്രകൃതമെന്നതിനാലാണ് ദൈവം എന്നെ സ്നേഹിച്ചതെന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നു. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം...'' (യോഹ. 15:12) എന്ന് പറഞ്ഞുകൊണ്ട് അതേ സ്നേഹം മറ്റുള്ളവരോട് കാണിക്കാൻ അവൻ നമ്മോടാവശ്യപ്പെടുന്നു. ''നിങ്ങൾക്ക് ബഹുമാനിക്കാൻ കഴിയാത്ത ആളുകളെ ഞാൻ നിങ്ങളുടെ അടുക്കൽ കൊണ്ടുവരും, ഞാൻ എന്റെ സ്നേഹം നിങ്ങളോട് കാണിച്ചതുപോലെ നിങ്ങൾ അവരോട് എന്റെ സ്നേഹം കാണിക്കണം,'' എന്ന് അവൻ നമ്മോട് പറയുന്നു. സ്നേഹയോഗ്യരല്ലാത്തവരോട് ഒരുതരം രക്ഷാകർത്തൃമനോഭാവമുള്ള സ്നേഹമല്ല ഇത്. അത് നമ്മിൽ പെട്ടെന്ന് വ്യക്തമാകുകയില്ല, നിർബന്ധപൂർവ്വം അതു പുറത്തുകൊണ്ടുവരാൻ നമ്മിൽ ചിലർ ശ്രമിച്ചിട്ടുണ്ട്. പക്ഷേ വളരെപ്പെട്ടെന്ന് നമുക്ക് നിരാശയും മടുപ്പും തോന്നി.

''ചിലർ താമസം എന്ന് വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ'' (2 പത്രോ. 3:9). എന്റെ ഉള്ളിലേയ്ക്ക് നോക്കി ദൈവം എന്നോട് എങ്ങനെ ഇടപെട്ടിരിക്കുന്നു എന്ന് ഞാൻ കാണട്ടെ. എന്റെ പാപങ്ങളുടെയും അല്പത്വത്തിന്റെയും സർവ്വപരിധിക്കുമപ്പുറം ദൈവം എന്നെ സ്നേഹിച്ചിരിക്കുന്നു എന്ന അറിവ് മറ്റുള്ളവരെയും അതേ രീതിയിൽ സ്നേഹിക്കാനായി അവരുടെ അടുത്തേയ്ക്ക് എന്നെ പറഞ്ഞയയ്ക്കും. എന്നോട് ദൈവത്തിനുള്ള സ്നേഹത്തിന് അന്തമില്ല; ദൈവത്തിന് എന്നോടുള്ള സ്നേഹത്തിന്റെ ഉറച്ച അടിസ്ഥാനത്തിൽ ഞാൻ മറ്റുള്ളവരെ സ്നേഹിക്കണം. അസാധാരണമാംവിധം സങ്കീർണ്ണവ്യക്തിത്വമുള്ള ഒരാളോടൊപ്പം ജീവിക്കേണ്ടിവന്നാൽ എനിക്ക് അലോസരം തോന്നാം. എന്നാൽ ഞാൻ ദൈവത്തെ ദുഃഖിപ്പിച്ചിട്ടുണ്ടല്ലോ എന്നോർക്കുമ്പോൾ സ്വയം വിനയപ്പെടുന്നു. യേശുവിന്റെ ജീവിതവും അവന്റെ മധുരപ്രകൃതവും സദാസമയവും കോരിച്ചൊരിയത്തക്കവിധം കർത്താവായ യേശുവുമായി ഒന്നാകാൻ ഞാൻ തയ്യാറാണോ? പരിപോഷിപ്പിക്കപ്പെട്ടില്ലെങ്കിൽ സ്വാഭാവികസ്നേഹമോ ദൈവികസ്നേഹമോ എന്നിൽ നിലനില്ക്കുകയില്ല. സ്നേഹം സ്വാഭാവികമാണ് എന്നാൽ അത് അച്ചടക്കത്തിലൂടെ നിലനിർത്തപ്പെടേണ്ടതാണ്.

# ശീലങ്ങളില്ലാതിരിപ്പാൻ ശീലിക്കുക

**''ഇവ നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നു എങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ച് ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല'' 2 പത്രോസ് 1:8.**

നമ്മളൊരു ശീലം വളർത്തിത്തുടങ്ങുമ്പോൾ, നാം അതേക്കുറിച്ച് ബോധാവാന്മാർ / ബോധവതികൾ ആകുന്നു. നാം നന്മയും ക്ഷമയും ദൈവികതയുമുള്ളവരായിത്തീരുന്നു എന്ന ബോധം ചില സമയം നമ്മിലുണ്ടാകുന്നു. എന്നാൽ അതൊരു ഘട്ടം മാത്രമാണ്. ഇവിടെ നമ്മുടെ വളർച്ച നിന്നുപോയാൽ ഒരുതരം ആത്മീയാഹങ്കാരം നമ്മിൽ വളരും. ഓരോ നല്ല ശീലവും, അത് നമ്മിലുണ്ടെന്ന് തോന്നാത്തവിധം, അതിനെ കർത്താവുമൊത്തുള്ള നമ്മുടെ ജീവിതത്തിലേക്ക് ചേർത്തേക്കുക എന്നതാണ് നാം ചെയ്യേണ്ട ശരിയായ കാര്യം. നമ്മുടെ ആത്മീയ ജീവിതം നമ്മെ നിരന്തരം ആത്മപരിശോധനയ്ക്കു പ്രേരിപ്പിക്കുന്നു. കാരണം ഇനിയും നാം വളർത്തിയെടുക്കാത്ത വേറെയും നന്മകളുണ്ട്. ആത്യന്തികമായി ദൈവവുമായുള്ള നമ്മുടെ ബന്ധം തികച്ചും ലളിതമായിരിക്കണം.

ക്രിസ്തീയമായ ഒരു ശീലമോ, കൃത്യ സമയത്തുള്ള പ്രാർത്ഥനയോ വേദപുസ്തകം വായനയോ ആകാം നിങ്ങളുടെ 'ദൈവം'. നിങ്ങളുടെ ശീലം എന്തിനെ സൂചിപ്പിക്കുന്നുവോ അതിനെ ആരാധിക്കുന്നതിന് പകരം ആ ശീലത്തെ ആരാധിച്ചു തുടങ്ങുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവ് ദുഃഖിതനാകും. ''എനിക്കിപ്പോൾ അത് ചെയ്യാൻ പറ്റില്ല; ഞാൻ പ്രാർത്ഥിക്കുകയാണ്; ഇത് ദൈവവുമൊത്തുള്ള എന്റെ സമയമാണ്'' എന്ന് നിങ്ങൾ പറയും. അല്ല, അത് നിങ്ങളുടെ ശീലവുമൊത്തുള്ള നിങ്ങളുടെ സമയമാണ്. ഏതോ ഒരു നന്മയുടെ കുറവ് നിങ്ങളിലുണ്ട്. അതെന്താണെന്ന് കണ്ടുപിടിച്ച്, ആ ഗുണം കൂട്ടിച്ചേർക്കാൻ ശീലിക്കുക.

''സ്നേഹം നിർവ്യാജമായിരിക്കട്ടെ''. ശുദ്ധസ്നേഹത്തിൽ പെരുമാറ്റച്ചട്ടങ്ങൾക്കു സ്ഥാനമില്ല. എല്ലാവരെയും ഹൃദയം തുറന്നു സ്നേഹിക്കുക; പരമാവധി സഹായിക്കുക.

സ്വന്തം വിശുദ്ധിയെക്കുറിച്ചു ചിന്തിക്കുമ്പോൾ സ്വന്തം പോരായ്മകളെക്കുറിച്ചും ചിന്തിക്കുമല്ലോ. ചിലരോടുള്ള ബന്ധം തൃപ്തികരമല്ല എന്നും ബോധ്യപ്പെടും. എല്ലാം ദൈവത്തിനു വിട്ടുകൊടുക്കുക. അവൻ നമ്മെ തനിക്കു തൃപ്തികരമായി രൂപാന്തരപ്പെടുത്തും. എപ്പോഴും പിതാവിനോടു ചേർന്നു ജീവിച്ച യേശുവിന്റെ സ്വഭാവം നമ്മുടേതും ആയിത്തീരട്ടെ. ഒരു ശിശുവിന്റെ ജീവിതലാളിത്യം നമ്മിൽ കളിയാടട്ടെ. അപ്പോൾ നമ്മൾ ദൈവത്തിന്റെ എളിയ മക്കളായിതീരും.

## മെയ് 13

# ഒരു നല്ല മനസ്സാക്ഷിയുടെ ശീലം

**''അതുകൊണ്ട് എനിക്ക് ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിപ്പാൻ ഞാൻ ശ്രമിക്കുന്നു.'' അപ്പൊസ്തല പ്രവൃത്തികൾ 24:16.**

ദൈവം നമ്മിൽ വസിക്കുന്ന തന്റെ പുത്രന്, അതായത് ദൈവപുത്രൻ രൂപപ്പെട്ടിരിക്കുന്ന നമ്മുടെ മനുഷ്യപ്രകൃതത്തിന് ആജ്ഞകൾ നല്കുന്നു. അവ അനുസരിക്കാൻ എളുപ്പമല്ല. എന്നാൽ ഒരിക്കൽ നാം അനുസരിച്ച് തുടങ്ങിക്കഴിഞ്ഞാൽ അവ ദൈവകൃപയാൽ എളുപ്പമായിത്തീരുന്നു.

ഞാൻ എത്തിച്ചേരുന്ന ഏറ്റവും ഉന്നതമായ നിലവാരത്തിലേക്ക് എന്നെ ബന്ധിപ്പിക്കുന്ന കണ്ണിയാണ് മനസ്സാക്ഷി. എന്റെ കർത്തവ്യങ്ങളെക്കുറിച്ച് അതെന്നെ നിരന്തരം ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിലേക്കോ, എന്താണ് ഏറ്റവും ഉയർന്നതെന്ന് അത് പരിഗണിക്കുന്നതെന്തോ അതിലേക്കോ, നോക്കുന്ന ആത്മാവിന്റെ കണ്ണാണത്. മനസ്സാക്ഷി ഓരോ വ്യക്തിയിലും എങ്ങനെ വ്യത്യസ്തമാകുന്നു എന്ന് ഇത് വിശദീകരിക്കുന്നു. ഞാനെപ്പോഴും ദൈവിക നിലവാരം എന്റെ മുമ്പിൽ ഉയർത്തിപ്പിടിക്കുന്നുവെങ്കിൽ, എന്റെ മനഃസ്സാക്ഷി എന്നെ ദൈവത്തിന്റെ പൂർണ്ണപ്രമാണത്തിലേക്ക് നയിക്കുകയും, ഞാനെന്താണ് ചെയ്യേണ്ടതെന്ന് സൂചിപ്പിക്കുകയും ചെയ്യും. ഞാൻ അനുസരിക്കുമോ എന്നതാണ് പ്രശ്നം. ആരോടും ഒരു പിണക്കവും തോന്നാത്തവിധം ജീവിക്കാൻ എന്റെ മനസ്സാക്ഷിയെ സജീവമാക്കി നിർത്താൻ ഞാൻ ശ്രമം നടത്തേണ്ടതാണ്. ഓരോ പരിതസ്ഥിതിയിലും ആത്മാവ് പുതുക്കപ്പെട്ട് നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം (റോമർ 12:3) വ്യക്തമാകും വിധം ഞാൻ ദൈവപുത്രന്റെ ആത്മാവുമായി രഞ്ജിപ്പിൽ കഴിയണം.

എല്ലാറ്റിന്റെയും അവസാനത്തെ വിശദാംശം വരെയും ദൈവം നമുക്ക് പഠിപ്പിച്ച് തരുന്നു. എന്താണ് ചെയ്യേണ്ടതെന്ന് അറിയാൻ തക്കവിധം ആത്മാവിന്റെ മന്ത്രിക്കുന്ന സ്വരം കേൾക്കാൻ ഞാൻ കാതുകൾ കൂർപ്പിച്ചിരിക്കുന്നുവോ? ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. ഇടിമുഴക്കശബ്ദത്തോടെയല്ല ദൈവം വരുന്നത്. നമുക്ക് അവഗണിക്കാൻ എളുപ്പമായ സൗമ്യശബ്ദത്തിൽ അവൻ സംസാരിക്കുന്നു. ദൈവത്തിന്റെ മുമ്പാകെ നിരന്തരം മനസ്സ് തുറന്ന് വെക്കുന്ന ശീലമുണ്ടാകണം. മനസ്സാക്ഷി സംസാരിക്കുമ്പോൾ യാതൊരു ചർച്ചയും സാദ്ധ്യമല്ല. ദൈവവുമായുള്ള ആന്തരിക സംസർഗ്ഗം വിട്ടുകളഞ്ഞാൽ നിങ്ങൾ അപകടത്തിലാകും. അതുകൊണ്ട് നിങ്ങളുടെ ആന്തരിക ദർശനം വ്യക്തമാക്കിവെക്കാൻ ശ്രദ്ധിച്ചുകൊൾക.

## മെയ് 14

# പ്രതികൂലങ്ങളെ ആസ്വദിക്കുന്ന ശീലം

**''യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു'' (2 കൊരിന്ത്യർ 4:10).**

ദൈവകൃപയാൽ നമ്മിലുണ്ടായ മാറ്റം അറിയിക്കുവാൻ ചില ശീലങ്ങൾ വളർത്തേണ്ടതുണ്ട്. നരകത്തിൽനിന്ന് രക്ഷപെടുന്നുവോ എന്നതല്ല, ദൈവപുത്രന്റെ ജീവൻ നമ്മുടെ ശരീരത്തിൽ വെളിപ്പെടുത്തേണ്ടതിനായി രക്ഷിക്കപ്പെടുക എന്നതാണ് കാര്യം. പ്രതികൂലങ്ങളാണ് നമ്മുടെ ശരീരത്തിൽ അവന്റെ ജീവൻ വെളിപ്പെടുത്തുന്നത്. എന്റെ ജീവിതം, ദൈവപുത്രന്റെ മാധുര്യത്തെ ആണോ അതോ അവനിൽ നിന്ന് വേറിട്ട് എനിക്ക് എന്നോട് തന്നേയുള്ള അതൃപ്തിയാണോ വെളിപ്പെടുത്തുന്നത്? ദൈവപുത്രന്റെ ജീവിതം എന്നിൽ വെളിപ്പെടുത്താൻ അനുവദിക്കുന്നതിനുള്ള അത്യുത്സാഹം മാത്രമേ പ്രതികൂലങ്ങളെ ആസ്വദിക്കുവാൻ എന്നെ പ്രാപ്തനാക്കുകയുള്ളൂ. ഒരു കാര്യം എത്രതന്നേ അസന്തോഷകരമായാലും ''കർത്താവേ, ഇക്കാര്യത്തിൽ നിന്നെ അനുസരിക്കാൻ ഞാൻ തയ്യാറാണ് എന്ന്'' പറയുക, അപ്പോൾതന്നേ ദൈവപുത്രൻ മുന്നിൽ വരും; യേശുവിനെ മഹത്വീകരിക്കുന്നതെന്തോ അതെന്റെ മനുഷ്യജീവിതത്തിൽ വെളിപ്പെടും.

യാതൊരു തർക്കങ്ങളും അരുത്. ദൈവത്തിന്റെ വെളിച്ചത്തെ നിങ്ങൾ അനുസരിക്കുന്ന നിമിഷം, പ്രതികൂലത്തിൽത്തന്നേ അത് നിങ്ങളിൽ പ്രകാശിച്ച് തുടങ്ങും. എന്നാൽ ദൈവവുമായി നിങ്ങൾ വാദിച്ചു തുടങ്ങിയാൽ, നിങ്ങൾ അവന്റെ ആത്മാവിനെ ദുഃഖിപ്പിക്കും (എഫെസ്യർ 4:30 കാണുക). ദൈവപുത്രന്റെ ആത്മാവ് നിങ്ങളിൽ വെളിപ്പെടുവാൻ തക്കവണ്ണം നിങ്ങൾ നിങ്ങളെ നന്നായി സൂക്ഷിക്കുക. എന്നാൽ നിങ്ങൾ ആത്മാനുകമ്പയ്ക്ക് കീഴടങ്ങിയാൽ, നിങ്ങളെ നന്നായി കാത്തുസൂക്ഷിക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. എത്ര അത്ഭുതകരമാം വിധം പരിപൂർണ്ണനും, അസാധാരണമാംവിധം പരിശുദ്ധനുമാണ് ദൈവപുത്രനെന്ന് വെളിപ്പെടുത്താനുള്ള മാർഗ്ഗമാണ് നമ്മുടെ പരിതഃസ്ഥിതികൾ. ദൈവപുത്രനെ വെളിപ്പെടുത്താൻ ഒരു പുതിയ വഴി കണ്ടുപിടിച്ചുകൊണ്ട്, പുതുക്കിയ ആവേശത്തിൽ നമ്മുടെ ഹൃദയം തുടിപ്പിക്കണം. പ്രതികൂലത്തെ തെരഞ്ഞെടുക്കുന്നതിൽ നിന്നും വ്യത്യസ്തമാണ് ദൈവത്തിന്റെ നിയോഗത്താൽ പ്രതികൂലങ്ങളിൽ പ്രവേശിക്കുന്നത്. ദൈവം നിങ്ങളെ പ്രതികൂലങ്ങളിലാക്കിയാൽ ''നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും'' (ഫിലിപ്യർ 64:19).

ദൈവപുത്രന്റെ ജീവിതം വെളിപ്പെടുത്തുവാൻ തക്കവിധം നിങ്ങളുടെ ആത്മാവിനെ ഒരുക്കുക. ഒരിക്കലും ഓർമ്മകളിൽ ജീവിക്കരുത്. ദൈവവചനം നിങ്ങളിൽ സദാ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യട്ടെ.

**മെയ് 15**

## അവസരത്തിനൊത്ത് ഉയരാനുള്ള ശീലം

**''അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും'' എഫെസ്യർ 1:18.**

മനുഷ്യപുത്രൻ നിങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിനാണ് നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നോർക്കുക. നിങ്ങളുടെ സർവ്വശക്തിയും ഉപയോഗിച്ച്, ഒരു ദൈവപൈതലായി തെരഞ്ഞെടുക്കപ്പെട്ടതിലൂടെ നിങ്ങൾക്ക് നേടാനാവുന്നതെല്ലാം നേടുക.

നിങ്ങളുടെ രക്ഷയ്ക്കായി നിങ്ങൾ യാതൊന്നും ചെയ്തില്ല. എന്നാൽ അത് വെളിപ്പെടുത്താൻ നിങ്ങൾ എന്തെങ്കിലും ചെയ്യണം. ദൈവം നിങ്ങളിൽ പ്രവർത്തിച്ചതെന്തോ അതിനായി നിങ്ങൾ പണിയെടുക്കണം. (ഫിലിപ്യർ 2:12 കാണുക). നിങ്ങളുടെ വികാരങ്ങളും, തലച്ചോറും, നാവും എല്ലാംകൊണ്ട് നിങ്ങൾ അതിനായി പണിയെടുക്കുന്നുണ്ടോ? നിങ്ങളിപ്പോഴും ആ പഴയ പരാതിക്കാരനും ദുരിതക്കാരനുമാണെങ്കിൽ, നിങ്ങളുടെ സ്വന്തം വഴിയിൽ ഇറങ്ങിത്തിരിച്ചിരിക്കുകയാണെങ്കിൽ, ദൈവം നിങ്ങളെ രക്ഷിച്ചെന്നും ശുദ്ധീകരിച്ചെന്നും പറയുന്നത് ഒരു കള്ളമാണ്.

ദൈവം മഹാ ശില്പിയാണ്. പ്രയാസങ്ങളെ നിങ്ങൾ മറികടക്കുമോ എന്നറിയാൻ അവൻ നിങ്ങളുടെ ജീവിതത്തിൽ പ്രയാസങ്ങളുണ്ടാക്കുന്നു. ''എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും''(സങ്കീ. 18:29). ''തന്റെ മകനോ മകളോ ആയിരിക്കുമ്പോൾ ഉണ്ടാകുന്ന ഓരോ ആവശ്യത്തിൽ നിന്നും ദൈവം നിങ്ങളെ സംരക്ഷിക്കുകയില്ല''. പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നു വെച്ച് അതിശയിച്ച് പോകരുത് (1 പത്രൊ. 4:12). അവസരത്തിനൊത്ത് ഉയരുക. ചെയ്യേണ്ട കാര്യം ചെയ്യുക. നിങ്ങളുടെ ശരീരത്തിൽ ദൈവത്തിന് സ്വയം വെളിപ്പെടുത്താനുള്ള അവസരം നല്കുന്നിടത്തോളം, ആ കാര്യം നിങ്ങളെ എങ്ങനെ വേദനിപ്പിക്കുന്നു എന്നത് സാരമില്ല.

പരാതികളല്ല, ആത്മീയത – ദൈവം നമ്മുടെ വഴിയിൽ കൊണ്ടു വരുന്ന എന്തിനെയും നേരിടാനുള്ള ഒരുക്കം – ഇതാകട്ടെ ദൈവം നമ്മിൽ കാണുന്നത്. നമ്മുടെ ജീവിതത്തിലെ ശരിയായ ലക്ഷ്യം നാം ദൈവത്തെ വെളിപ്പെടുത്തുക എന്നതാകട്ടെ. ഇത് നടക്കുമ്പോൾ നാം ദൈവത്തോട് നമ്മുടെ ആവശ്യങ്ങൾ ആജ്ഞാപിക്കുന്നത് അപ്രത്യക്ഷമാകും. നമ്മുടെ കർത്താവ് ഒരിക്കലും തന്റെ പിതാവിന്റെ മുന്നിൽ ആവശ്യങ്ങൾ ഉന്നയിച്ചിട്ടില്ല. ദൈവത്തോട് ആജ്ഞാപിക്കരുത്, തന്റെ ഹിതം എന്തോ അത് നമ്മിലൂടെ നിറവേറട്ടെ. അതിനായി നമ്മെ സമർപ്പിക്കുമ്പോൾ അവൻ നമ്മെ മറ്റുള്ളവരെ പരിപോഷിപ്പിക്കാനുള്ള നുറുക്കിയ അപ്പവും ചൊരിഞ്ഞ വീഞ്ഞുമാക്കും.

**മെയ് 16**

## ദൈവം തരുന്ന ധനം തിരിച്ചറിയുന്ന ശീലം

**''ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരുവാൻ ........'' (2 പത്രോസ് 1:4).**

ദൈവത്തിന്റെ വാഗ്ദാനങ്ങളിലൂടെ നാം ദിവ്യസ്വഭാവത്തിന് കൂട്ടാളികളാക്കപ്പെട്ടിരിക്കുന്നു. ഇതിന് ആദ്യമായി നാം ചെയ്യേണ്ടത് മനുഷ്യസ്വഭാവത്തിൽ നിക്ഷേപിച്ചിരിക്കുന്ന ഈ ദിവ്യ സ്വഭാവത്തെ പരിപോഷിപ്പിക്കുന്ന ശീലം വളർത്തുക എന്നതാണ്. ദൈവം നമുക്ക് നല്കുന്നതിനെ തിരിച്ചറിഞ്ഞ് അംഗീകരിക്കണം. എന്നാലും ''അയ്യോ ആ ചെലവ് എനിക്ക് താങ്ങാൻ വയ്യേ'' എന്ന് നാം പറയുന്നു. ഏറ്റവും മോശമായൊരു നുണ ഈ പ്രസ്താവനയിലടങ്ങിയിരിക്കുന്നു. ഓരോ ദിവസത്തെ ജീവിതത്തിനും വേണ്ടി ദൈവത്തോടു നന്ദിയുണ്ടായിരിക്കണം; അതൃപ്തിയുടെ വാക്കുകൾ ഉച്ചരിക്കരുത്. സർവ്വശക്തൻ സർവ്വ പ്രപഞ്ചത്തെയും നമുക്കായി വിനിയോഗിക്കാൻ മനസ്സുള്ളവനാണ്. പണത്തെക്കുറിച്ചുള്ള ചിന്താഭാരവും സംസാരവും അത്ര മാന്യമല്ലല്ലോ. ദൈവം നമുക്കു വേണ്ടുന്നതു തരുന്നില്ല എന്ന മനോഭാവം അതിലും എത്രയോ ഹീനമാണ്!

ബാഹ്യപരിതഃസ്ഥിതികൾ കഠിനമായാൽ നമുക്കെന്താ? എന്തുകൊണ്ട് അവയ്ക്ക് അങ്ങനെ ആയിക്കൂടാ? നാം ആത്മാനുകമ്പയ്ക്ക് നമ്മെ വിട്ടുകൊടുക്കുകയും നിർഭാഗ്യങ്ങളുടെ ആധിക്യത്തിൽ മുഴുകുകയും ചെയ്താൽ, നമ്മുടെ ജീവിതത്തിൽ നിന്ന് ദൈവത്തിന്റെ സമ്പത്തുകളെ നാം പുറത്താക്കുകയും, അവന്റെ ദാനങ്ങളിലേയ്ക്ക് പ്രവേശിക്കുന്നതിൽ നിന്ന് മറ്റുള്ളവരെ തടസ്സപ്പെടുത്തുകയുമാണ്. ആത്മാനുകമ്പയെക്കാൾ മോശമായ ഒരു പാപവുമില്ല. കാരണം അത് നമ്മുടെ ജീവിതത്തിലെ സിംഹാസനങ്ങളിൽ നിന്ന് ദൈവത്തെ നിഷ്കാസനം ചെയ്ത് നമ്മുടെ സ്വാർത്ഥതാത്പര്യങ്ങളെ അവിടെ പ്രതിഷ്ഠിക്കുന്നു. ഇത് നമ്മെ പരാതിപറയാൻ മാത്രം വായ് തുറക്കുന്നവരാക്കുകയും നാം വെറും ആത്മീയ സ്പോഞ്ചുകൾ ആയിത്തീരുകയും ചെയ്യുന്നു;

ദൈവം നമ്മിൽ തൃപ്തനായിത്തുടങ്ങുംമുമ്പ്, അവനാണ് നമ്മുടെ സ്രോതസ്സ് എന്ന് നാം പഠിക്കുന്നത് വരെയും നാം ധനമെന്നു കരുതുന്ന സകലത്തിനെയും അവൻ എടുത്ത് കളയും; സങ്കീർത്തനക്കാരൻ പറയുംപോലെ: ''എന്റെ ഉറവുകൾ ഒക്കെയും നിന്നിൽ ആകുന്നു'' (സങ്കീ. 87:7). നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണതൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകിവരുമാറ് നിങ്ങളിൽ സകലകൃപയും പെരുക്കുവാൻ ദൈവം ശക്തനാകുന്നു. (2 കൊരിന്ത്യർ 9:8) എന്നിട്ടു നിങ്ങളെത്തന്നേ സ്വയം നല്കിക്കൊണ്ട് സർവ്വദൈവകൃപയും മറ്റുള്ളവരുടെ മേൽ ചൊരിയുക. ദൈവപ്രകൃതത്താൽ മുദ്ര ചെയ്യപ്പെടുക, അവന്റെ അനുഗ്രഹം സദാ നിങ്ങളിലൂടെ ഒഴുകും.

## മെയ് 17

# അവന്റെ സ്വർഗ്ഗാരോഹണവും നമ്മുടെ സ്വർഗ്ഗപ്രവേശവും

**''അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ട് പിരിഞ്ഞ് സ്വർഗ്ഗാരോഹണം ചെയ്തു'' (ലൂക്കോസ് 24:51).**

മറുരൂപപ്പെടലിന് ശേഷമുള്ള നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ സംഭവങ്ങൾക്ക് സമാനമായ ഒരനുഭവവും നമ്മുടെ ജീവിതത്തിലില്ല. ആ സംഭവം മുതൽ കർത്താവിന്റെ ജീവിതം പരോക്ഷമോ പകരമോ ആയ ഒന്നായിരുന്നു. മറുരൂപപ്പെടൽ വരെ ഒരു മനുഷ്യന്റെ പൂർണ്ണജീവിതമാണ് കർത്താവ് വെളിപ്പെടുത്തിയത്. എന്നാൽ അവിടം മുതൽ – ഗത്സെമന, ക്രൂശ്, പുനരുത്ഥാനം – സർവ്വതും നമുക്കപരിചിതമാണ്. മനുഷ്യവംശത്തിലെ ഓരോ അംഗത്തിനും ദൈവജീവനിലേക്ക് കടക്കാനുള്ള വാതിലാണ് ക്രൂശ്. തന്റെ പുനരുത്ഥാനം വഴി, ഓരോ മനുഷ്യനും നിത്യജീവൻ കൊടുക്കാനുള്ള അധികാരം അവനുണ്ട്. പുനരുത്ഥാനത്തിലൂടെ അവൻ സ്വർഗ്ഗവാതിൽ തുറന്ന് സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും മനുഷ്യരാശിക്കായി വാതിൽ തുറന്ന് പിടിക്കുകയും ചെയ്യുന്നു.

പുനരുത്ഥാനമലയിൽ, രൂപാന്തരം പൂർത്തിയാകുന്നു. മറുരൂപമലയിൽ നിന്ന് യേശു നേരേ സ്വർഗ്ഗത്തിലേയ്ക്ക് പോയിരുന്നെങ്കിൽ, അവൻ തനിയെ പോകുമായിരുന്നു. മഹത്വമാർന്ന ഒരു രൂപത്തിനപ്പുറം അവൻ നമുക്ക് ഒന്നുമാകുമായിരുന്നില്ല. എന്നാൽ ആ മഹത്വത്തിനെതിരെ അവൻ പുറംതിരിയുകയും പാപത്തിൽ വീണ മനുഷ്യരാശിയുമായി സ്വയം താദാത്മ്യം പ്രാപിച്ച് താഴേയ്ക്കിറങ്ങിവരുകയും ചെയ്തു.

രൂപാന്തരത്തിന്റെ പൂർത്തീകരണമാണ് സ്വർഗ്ഗാരോഹണം. നമ്മുടെ കർത്താവ് ആദിമഹത്വത്തിലേക്ക് തിരിച്ച് പോകുന്നു. എന്നാൽ വെറും ദൈവപുത്രൻ മാത്രമായിട്ടല്ല അവൻ പോയത്. ദൈവപുത്രനെന്നപോലെ മനുഷ്യപുത്രനായിക്കൂടിയാണ് അവൻ തിരിച്ച് പോയത്. മനുഷ്യപുത്രന്റെ സ്വർഗ്ഗാരോഹണത്താൽ ആർക്കും ദൈവസിംഹാസനത്തിലേക്ക് പ്രവേശനസ്വാതന്ത്ര്യമുണ്ട്. മനുഷ്യപുത്രനെന്ന നിലയിൽ യേശുക്രിസ്തു തന്റെ സർവശക്തിയും, സർവജ്ഞാനവും, സർവസാന്നിദ്ധ്യവും മനഃപൂർവ്വം പരിമിതപ്പെടുത്തി. ഇപ്പോൾ അവയെല്ലാം അവന്റെ പരിപൂർണ്ണ അധികാരത്തിലായി. മനുഷ്യപുത്രനെന്ന നിലയിൽ ക്രിസ്തുവിന് ദൈവസിംഹാസനത്തിങ്കൽ എല്ലാ അധികാരവുമുണ്ട്. പുനരുത്ഥാനം മുതൽ ഇന്നോളം അവൻ രാജാധിരാജാവും കർത്താധികർത്താവുമാണ്.

## മെയ് 18

# ശ്രദ്ധയോടെയുള്ള അശ്രദ്ധ

**''ആകാശത്തിലെ പറവകളെ നോക്കുവിൻ ............. വയലിലെ താമര എങ്ങനെ വളരുന്നു എന്ന് നിരൂപിപ്പിൻ'' (മത്തായി 6:26–28).**

വയലിലെ താമരയെ നോക്കുക; എങ്ങനെ അവ വളരുന്നു. എത്ര സുന്ദരമായ യാഥാർത്ഥ്യം! സമുദ്രത്തെ, വായുവിനെ, സൂര്യനെ, നക്ഷത്രങ്ങളെ നോക്കുക. ചിന്തിക്കുക. ഇവയെല്ലാം സ്വസ്ഥാനത്ത് പരിലസിക്കുന്നു; എന്നാൽ എത്ര വലിയൊരു സേവനമാണ് അവ നമുക്ക് വേണ്ടി ചെയ്യുന്നത്. ഒട്ടുമിക്കപ്പോഴും, ദൈവം നമ്മിലൂടെ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നതിനെ സ്വന്തം കാര്യപ്രാപ്തിയിലുള്ള ആവേശം കൊണ്ട് നാം താറുമാറാക്കുന്നു. ആത്മീയമായി വളരാൻ ഒരൊറ്റ വഴിയേ ഉള്ളൂ: അത് ദൈവത്തിൽ നമ്മുടെ മനസ്സ് ഏകാഗ്രമാക്കിവെക്കുക എന്നതാണ്. മറ്റുള്ളവർക്ക് പ്രയോജനം ചെയ്യുന്നതിനെക്കുറിച്ച് ഭാരപ്പെടരുത്; ''എന്നിൽ വിശ്വസിക്കുക'' എന്ന് യേശുപറയുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഉറവിടത്തിൽ ശ്രദ്ധവെക്കുക, അപ്പോൾ നിങ്ങളിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകും. സാമാന്യബുദ്ധിയിലൂടെ നമുക്ക് ഈ ജീവിതത്തിന്റെ ഉറവിടങ്ങളിൽ എത്താൻ കഴിയുകയില്ല; ആത്മീയ ജീവിതത്തിന്റെ വളർച്ച അതിനെ നിരീക്ഷിക്കുന്നതിലല്ല (യോഹന്നാൻ 7:33), സ്വർഗ്ഗസ്ഥനായ പിതാവിൽ മനസ്സർപ്പിക്കുന്നതിലാണെന്നാണ് യേശു നമ്മെ പഠിപ്പിക്കുന്നത്. നാം ആയിരിക്കുന്ന പരിതഃസ്ഥിതികൾ സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവിനറിയാം, അവനിൽ മനസ്സർപ്പിച്ച് കൊണ്ടേയിരുന്നാൽ നാം ആത്മീയമായി വളരും – വയലിലെ താമരപോലെ.

നമ്മെ പിടിച്ച് നിർത്തി നീണ്ട പ്രബോധനം നല്കുന്നവരല്ല, ആകാശത്തിലെ നക്ഷത്രങ്ങളെയും വയലിലെ താമരയെയും പോലെ, അകൃത്രിമമായി, ലളിതമായി ജീവിക്കുന്നവരാണ് നമ്മെ ഏറ്റവുമധികം സ്വാധീനിക്കുന്നത്. നമ്മെ രൂപപ്പെടുത്തുന്നത് ആ ജീവിതങ്ങളാണ്.

ദൈവത്തിന് പ്രയോജനമുള്ളവരാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, യേശുക്രിസ്തുവിനോട് ശരിയായ രീതിയിൽ ബന്ധപ്പെടുക; അപ്പോൾ നിങ്ങൾ സ്വയം അറിയാതെ, നിങ്ങളുടെ ഓരോ നിമിഷവും, അവൻ നിങ്ങളെ പ്രയോജനപ്പെടുത്തും.



## മെയ് 19

# തകർച്ചയിൽ നിന്ന് എഴുന്നേല്ക്കുന്ന ഞാൻ

**''ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാര്''? (റോമർ 8:35).**

ദൈവം ആരെയും വിഷമങ്ങളിൽ ഉൾപ്പെടാതെ രക്ഷിച്ച് നിർത്തുന്നില്ല. ''കഷ്ടകാലത്ത് ഞാൻ അവനോടു കൂടെ ഇരിക്കും''(സങ്കീ. 91:15). എത്ര യഥാർത്ഥവും തീക്ഷ്ണവുമാണ് വന്നുചേരുന്ന വിഷമങ്ങൾ എന്നത് സാരമില്ല. അവയ്ക്കൊന്നിനും അയാളെ ദൈവവുമായുള്ള ബന്ധത്തിൽ നിന്ന് വേർപിരിക്കാൻ കഴിയുകയില്ല. ''നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു''(റോമർ 8:37). സാങ്കല്പികമായ കാര്യങ്ങളെക്കുറിച്ചല്ല, പരുക്കൻ യാഥാർത്ഥ്യങ്ങളെക്കുറിച്ചാണ് പൗലോസ് ഇവിടെ സംസാരിക്കുന്നത്. നമ്മുടെ സാമർത്ഥ്യത്താലല്ല, ധൈര്യത്താലല്ല, മറ്റൊന്നിനാലുമല്ല യേശുക്രിസ്തുവിൽ ദൈവത്തോടുള്ള നമ്മുടെ ബന്ധത്തെ യാതൊന്നും ബാധിക്കാതെ നമ്മെ കാത്തു സൂക്ഷിക്കുന്നതിനാലാണ് ഈ വിഷമങ്ങൾക്കു നടുവിൽ നാം മഹാജേതാക്കളായിരിക്കുന്നത്. നാം ആയിരിക്കുന്ന സാഹചര്യം നല്ലതായാലും തീയതായാലും അംഗീകരിച്ചേ പറ്റൂ. പ്രതികൂല സാഹചര്യത്തെപ്പറ്റി ദുഃഖിച്ചിട്ടില്ലാത്ത വിശ്വാസികൾ തീരെ വിരളമാണ്.

''കഷ്ടതയോ''? ശ്രേഷ്ഠമായ ഒരു കാര്യമല്ല കഷ്ടത. നമ്മെ തളർത്തുന്നതോ, അലോസരപ്പെടുത്തുന്നതോ, എന്തെങ്കിലും ബലഹീനത വരുത്തുന്നതോ അതെന്ത് തന്നേയായാലും – ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് അത് നമ്മെ വേർപിരിക്കുന്നില്ല.

''സങ്കടമോ''? ദൈവസ്നേഹം ഒരു നുണയാണെന്നും, നീതി എന്നൊരു കാര്യമേയില്ലെന്നും എല്ലാവരും നമ്മോട് പറയുമ്പോഴും ദൈവസ്നേഹം നമ്മെ കാത്തുസൂക്ഷിക്കയില്ലയോ?

''പട്ടിണിയോ''? നാം പട്ടിണികിടക്കുമ്പോഴും ദൈവസ്നേഹത്തിൽ വിശ്വസിക്കുക മാത്രമല്ല ''പൂർണ്ണജയം പ്രാപിച്ചവർ'' ആകാനും നമുക്ക് കഴിയുകയില്ലയോ? സർവസാദ്ധ്യതകളും ദൈവത്തിന്റെ സ്വഭാവത്തിനെതിരാകുമ്പോഴും ദൈവസ്നേഹത്തിൽ പിടിച്ച് നില്ക്കുന്ന ഒരാളിൽ അസാധാരണമായ എന്തോ ഒന്ന് സംഭവിക്കുന്നുണ്ട്; അല്ലെങ്കിൽ യേശുക്രിസ്തു ഒരു ചതിയനും, പൗലോസ് ഏതോ മിഥ്യാബോധത്തിലുമാണ്. വിശ്വാസിക്കു വിരോധമായി വരുന്ന ഓരോ കാര്യത്തിലും യുക്തി നിശ്ശബ്ദമാക്കപ്പെടുന്നു. അതിനെല്ലാം ഒരൊറ്റ കാരണമേയുള്ളൂ – യേശുക്രിസ്തുവിലുള്ള ദൈവസ്നേഹം. 'തകർച്ചയിൽ നിന്ന് ഓരോ തവണയും എഴുന്നേല്ക്കും ഞാൻ!'

## മെയ് 20

# നിങ്ങളുടെ ആത്മാവിനെ നേടുക

**''നിങ്ങൾ ക്ഷമകൊണ്ട് നിങ്ങളുടെ ആത്മാവിനെ നേടും'' (ലൂക്കോസ് 21:19).**

ഒരു മനുഷ്യൻ വീണ്ടും ജനിക്കുമ്പോൾ, അയാളുടെ ചിന്തയിലും യുക്തിവിചാരത്തിലും കുറേക്കാലത്തേയ്ക്ക്, നേരത്തെയുണ്ടായിരുന്ന ഓജസ്സും ഉറപ്പും ഉണ്ടാകുകയില്ല. ക്രിസ്തുവിലുള്ള ഭാവം നമ്മിൽ രൂപപ്പെടുത്തുന്നതിനുവേണ്ടി നമ്മിലുള്ള പുതുജീവനെ വ്യക്തമായി വെളിപ്പെടുത്തണം. ദൈവം നമ്മുടെയുള്ളിൽ വെച്ചുതരുന്ന പുതുജീവനനുസരിച്ചു ഒരാത്മാവിനെ പണിതുയർത്തുന്നതിലേക്ക് മുന്നോട്ടു പോകുന്നതിനു പകരം ക്രിസ്തീയജീവിതത്തിന്റെ വാതിൽപ്പടിയിൽ നില്ക്കാനാണ് നമുക്കധികം പേർക്കും ഇഷ്ടം. നമ്മെ സൃഷ്ടിച്ചിരിക്കുന്നതെങ്ങനെ എന്ന അറിവില്ലാത്തതിനാലാണ് നാം തോറ്റു പോകുന്നത്. നമ്മുടെ അച്ചടക്കമില്ലാത്ത പ്രകൃതം തിരുത്തുന്നതിനു പകരം പിശാചിനെ കുറ്റപ്പെടുത്തുന്നതിൽ തൃപ്തിപ്പെടുന്നു. സത്യത്തിലേക്ക് ഉണർത്തപ്പെടുമ്പോൾ നമുക്കെന്താകാൻ കഴിയുമായിരുന്നു എന്ന് ചിന്തിക്കുക.

നാം പ്രാർത്ഥിക്കേണ്ട ആവശ്യമില്ലാത്ത ചില കാര്യങ്ങളുണ്ട് – ഉദാഹരണത്തിന് നമ്മുടെ ഭാവ (മൂഡ്) മാറ്റങ്ങൾ! പ്രാർത്ഥനകൊണ്ട് നമ്മുടെ മൂഡ് മാറുകയില്ല; അവയെ നമ്മുടെ ജീവിതത്തിൽ നിന്ന് നാം അടിച്ചിറക്കണം. നമ്മുടെ ഉള്ളിലെ അവസ്ഥയിലല്ല നമ്മുടെ ശാരീരികാവസ്ഥയിലാണ് മൂഡുകൾ സ്ഥാനം പിടിച്ചിരിക്കുന്നത്. ഒരു ശാരീരികാവസ്ഥയിൽ നിന്ന് പൊന്തിവരുന്ന ഒരു മൂഡിന് – ഭാവത്തിന് – ഒരൊറ്റ നിമിഷം പോലും കീഴടങ്ങാതിരിക്കാൻ നാം നിരന്തരം പരിശ്രമിക്കേണ്ടതുണ്ട്; സ്വന്തം പിടലിക്ക് പിടിച്ച് നമ്മെത്തന്നേ പൊക്കിയെടുത്തു നേരെനിർത്തുകയാണ് വേണ്ടത്. അപ്പോൾ നമുക്കെന്ന് ചെയ്യാൻ കഴിയുകയില്ല എന്ന് നാം പറഞ്ഞുവോ അത് ചെയ്യാൻ കഴിയുമെന്ന് നാം മനസ്സിലാക്കുന്നു. ഇതു നാം ചെയ്യുന്നില്ല എന്നതാണ് നമ്മുടെ പ്രശ്നം. മനുഷ്യശരീരത്തിൽ വെളിപ്പെടുന്ന ആത്മീയ ധൈര്യവും നിശ്ചയദാർഢ്യവുമാണ് ക്രിസ്തീയ ജീവിതം.

## മെയ് 21

# വിശ്വാസം സംബന്ധിച്ച ദൈവിക വിചിന്തനം

**''മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടി ഇതൊക്കെയും നിങ്ങൾക്ക് കിട്ടും'' (മത്തായി 6:33).**

യേശുക്രിസ്തുവിന്റെ ഈ വാക്കുകൾ നാം ശ്രദ്ധിക്കുമ്പോൾ മനുഷ്യകാതുകൾ ഇതുവരെയും കേട്ടിട്ടുള്ളതിൽ വെച്ചേറ്റവും വിപ്ലവാത്മകമായ വാക്കുകളാണ് ഇവ എന്ന് നാം മനസ്സിലാക്കുന്നു. ''മുമ്പെ അവന്റെ രാജ്യവും ......'' നമ്മിലേറ്റവും ആത്മീയമനോഭാവമുള്ളവർ പോലും നേരേ എതിരായിട്ടാണ് വാദിക്കുക; എനിക്ക് ജീവിക്കണം; എനിക്കൊരുപാടു പണമുണ്ടാക്കണം; എനിക്ക് ഭക്ഷണവും വസ്ത്രവും വേണം. നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ താല്പര്യം നാമെങ്ങനെ നമ്മുടെ ജീവിതം പുലർത്തുമെന്നതാണ്. ദൈവവുമായുള്ള നമ്മുടെ ബന്ധം ശരിയാക്കാൻ പറഞ്ഞുകൊണ്ട് യേശു ഈ ക്രമം തിരിച്ചിട്ടു. ഇങ്ങനെ ചെയ്യുക വഴി നാം ജീവിതത്തിലെ മറ്റ് കാര്യങ്ങളിൽ താല്പര്യം വെക്കാതെ ദൈവബന്ധം നമ്മുടെ പ്രാഥമികതാല്പര്യമാക്കണം എന്നു യേശു സമർത്ഥിക്കുകയായിരുന്നു.

''എന്ത് തിന്നും എന്തു കുടിക്കും എന്ന് നിങ്ങളുടെ ജീവനായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്'' (മത്തായി 6:25). ഇവിടെ, നാം നമ്മുടെ ജീവിതമാർഗ്ഗത്തെക്കുറിച്ച് വ്യാകുലപ്പെടുന്നതിലെ യുക്തിയില്ലായ്മ, നമ്മുടെ കർത്താവ് സ്വന്തം നിലപാടിൽ നിന്ന് ചൂണ്ടിക്കാണിക്കുന്നു. ഒന്നിനെക്കുറിച്ചും ഒരു കരുതലുമില്ലാത്ത മനുഷ്യൻ ഭാഗ്യവാൻ എന്നല്ല യേശു പറയുന്നത്; അങ്ങനെയുള്ള ഒരാൾ വിഡ്ഢിയായിരിക്കും. തന്റെ ജീവിതത്തിൽ മറ്റെല്ലാറ്റിലും വലിയ ഏകാഗ്രത ദൈവത്തോടുള്ള തന്റെ ബന്ധമാണെന്നും അതുമായി താരതമ്യം ചെയ്യുമ്പോൾ ബാക്കിയുള്ള കാര്യങ്ങളിൽ ശ്രദ്ധാപൂർവ്വം 'അശ്രദ്ധ' പുലർത്തുകയാണ് ഒരു ശിഷ്യൻ ചെയ്യേണ്ടതെന്നും യേശു പഠിപ്പിച്ചു. എന്ത് തിന്നും, എന്തു കുടിക്കും എന്നതല്ല, ദൈവത്തിലുള്ള പൂർണ്ണ ഏകാഗ്രതയായിരിക്കണം നിങ്ങളുടെ ജീവിതത്തെ ഭരിക്കുന്ന ഘടകം. ആഹാര കാര്യങ്ങളെക്കുറിച്ച് ചില ആളുകൾ ശ്രദ്ധിക്കാറില്ല; അതിന്റെ ദോഷം അവർ അനുഭവിക്കേണ്ടി വരുന്നു. ചിലർ, ധരിക്കുന്ന വേഷത്തെക്കുറിച്ച് ചിന്തിക്കുന്നില്ല, തങ്ങൾ മറ്റുള്ളവരുടെ മുമ്പിൽ എങ്ങനെ കാണപ്പെടുന്നു എന്നത് ഒരു പ്രശ്നമേയല്ല എന്നമട്ടിൽ, അശ്രദ്ധരാകുന്നു. ഇനിയും ഒരു കൂട്ടർ തങ്ങളുടെ ഭൗതികകാര്യങ്ങളെക്കുറിച്ച് അശ്രദ്ധരാണ്. ദൈവം അതിനവരെത്തന്നേ ഉത്തരവാദികളാക്കുന്നു. ദൈവവുമായുള്ള ബന്ധത്തെ പ്രഥമവും പ്രധാനവുമായി കരുതുകയും, ബാക്കിയെല്ലാറ്റിനും രണ്ടാം സ്ഥാനം കൊടുക്കുകയുമാണ് ഈ ജീവിതത്തിന്റെ വലിയ ആവശ്യം എന്നാണ് യേശു പറയുന്നത്.

ഈ വാക്യങ്ങളിൽ യേശു പഠിപ്പിക്കുന്ന കാര്യങ്ങളുമായുള്ള പൂർണ്ണരഞ്ജിപ്പിൽ നമ്മെ കൊണ്ടുവരാൻ പരിശുദ്ധാത്മാവിനെ അനുവദിക്കുക എന്നത് ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും കഠിനമായ അച്ചടക്കങ്ങളിൽ ഒന്നാണ്.

## മെയ് 22

# നമ്മുടെ പ്രയാസങ്ങൾക്കുള്ള വിശദീകരണം

**''നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനും, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ'' (യോഹന്നാൻ 17:21).**

നിങ്ങൾ ഒരു ഏകാന്ത പഥികനാണെങ്കിൽ യോഹന്നാൻ 17 വായിക്കുക. നിങ്ങൾ എവിടെയാണോ, അവിടെ എന്തുകൊണ്ടാണ് നിങ്ങൾ ആയിരിക്കുന്നത് എന്ന് ഈ അദ്ധ്യായം നിങ്ങൾക്ക് വിശദീകരിച്ച് തരും. താൻ പിതാവുമായി ഒന്നായിരിക്കുന്നത് പോലെ നിങ്ങളും പിതാവുമായി ഒന്നായിരിക്കണം എന്ന് യേശു പ്രാർത്ഥിച്ചിരിക്കുന്നു. ആ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കാൻ നിങ്ങൾ ദൈവത്തെ സഹായിക്കുന്നുണ്ടോ? അതോ നിങ്ങൾക്ക് മറ്റ് വല്ല ജീവിതലക്ഷ്യവുമുണ്ടോ? ഒരു ശിഷ്യനായിത്തീർന്നതിനാൽ, പണ്ടെന്നപോലെ സ്വതന്ത്രനായിരിക്കാൻ നിങ്ങൾക്കിപ്പോൾ കഴിയുകയില്ല.

നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നല്കുകയല്ല ദൈവത്തിന്റെ ഉദ്ദേശ്യം. എന്നാൽ നമ്മുടെ പ്രാർത്ഥനയാൽ ദൈവത്തിന്റെ ഇച്ഛയെന്തെന്ന് ഗ്രഹിക്കാൻ നമുക്ക് കഴിയുന്നു. ഇതാണ് യോഹന്നാൻ 17 നമുക്ക് വെളിപ്പെടുത്തിത്തരുന്നത്. ദൈവം ഉത്തരം നല്കേണ്ട ഒരു പ്രാർത്ഥനയുണ്ട്. അത് യേശുവിന്റെ ഈ പ്രാർത്ഥനയാണ് – ''അവർ എല്ലാവരും ഒന്നാകേണ്ടതിന്, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന് തന്നേ''. നമ്മൾ അത്രത്തോളം യേശുവിനോട് അടുത്താണോ നില്ക്കുന്നത്?

നമ്മുടെ പ്ലാനുകളിലും പദ്ധതികളിലും യേശുവിന് താല്പര്യമില്ല. നിങ്ങൾക്ക് ഈ പ്രിയപ്പെട്ട വ്യക്തിയുടെ നഷ്ടത്തിലൂടെ, ഈ പ്രയാസത്തിലൂടെ ആ പരാജയത്തിലൂടെ കടന്ന് പോകണോ എന്ന് ദൈവം ചോദിക്കുന്നില്ല. തന്റെ സ്വന്തം ഉദ്ദേശ്യങ്ങൾക്ക് വേണ്ടി ഇവയൊക്കെ സംഭവിക്കാൻ ദൈവം അനുവദിക്കുന്നു. നാം കടന്നുപോകുന്ന അനുഭവങ്ങൾ നമ്മെ, കുറേക്കൂടി മധുരപ്രകൃതമുള്ളവരും ശ്രേഷ്ഠരുമായ സ്ത്രീപുരുഷന്മാരാക്കുന്നു; അല്ലെങ്കിൽ അവ നമ്മെ, വിമർശനബുദ്ധിക്കാരും, ദോഷൈകദൃക്കുകളും, തന്നിഷ്ടക്കാരുമാക്കുന്നു; അവ നമ്മെ ഒന്നുകിൽ പിശാചുക്കൾ അല്ലെങ്കിൽ വിശുദ്ധർ ആക്കുന്നു. അത് പൂർണ്ണമായും ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു. 'നിന്റെ ഹിതം' എന്ന് നമ്മുടെ ജീവിതത്തെ സംബന്ധിച്ച് പറഞ്ഞുകൊണ്ട് നാം പ്രാർത്ഥിക്കുമെങ്കിൽ, (മത്തായി 26:43) നമ്മുടെ പിതാവ് തന്റെ വിവേകത്തിൽ, നമുക്കായി പ്രവർത്തിക്കും. എന്താണോ ഏറ്റവും നല്ലത് അത് പൂർത്തീകരിക്കുന്നു എന്ന അറിവിലൂടെ യോഹന്നാൻ 17 നമ്മെ സാന്ത്വനിപ്പിക്കുന്നു. ദൈവം എന്ത് ചെയ്യാനാണുദ്ദേശിക്കുന്നതെന്ന് മനസ്സിലായാൽ, പിന്നെ നാം സംശയവാദികളും അല്പന്മാരും ആകുകയില്ല. തന്റെ പിതാവുമായി താനൊന്നായിരിക്കുന്നതുപോലെ അവനുമായുള്ള പരിപൂർണ്ണമായ ഐക്യത്തിലാകണം. ഇതാണ് യേശുവിന്റെ പ്രാർത്ഥന. നമ്മിൽ ചിലർ അതിൽ നിന്ന് വളരെ അകലെയാണ്. എന്നാൽ ദൈവവുമായി നാം ഒന്നാകേണം എന്ന് യേശു പ്രാർത്ഥിച്ചിരിക്കുന്നതിനാൽ, നാം അവനുമായി ഒന്നാകുന്നത് വരെ ദൈവം നമ്മെ തനിച്ച് വിടുകയില്ല.

## നമ്മുടെ സൂക്ഷ്മമായ അവിശ്വസ്തത

**''എന്ത് തിന്നും എന്ത് കുടിക്കും എന്ന് ജീവനായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്''. മത്തായി 6:25.**

ഒരു ശിഷ്യനിലെ സാമാന്യബുദ്ധിയുടെ കരുതലിനെ യേശു അവിശ്വസ്തതയായി ചുരുക്കിപ്പറയുന്നു. നാം ദൈവാത്മാവിനെ പ്രാപിച്ചിരിക്കുന്നുവെങ്കിൽ നമ്മുടെ ജീവിതത്തിലൂടെ ''ഈ ബന്ധത്തിൽ, നിങ്ങൾ പദ്ധതിയിടുന്ന ഈ അവധിക്കാലയാത്രയിൽ, വായിക്കാനുദ്ദേശിക്കുന്ന പുസ്തകത്തിൽ ഒക്കെ എവിടെയാണ് ഞാൻ''? എന്ന് ചോദിക്കുവാനെന്നപോലെ ദൈവം നമ്മുടെ ജീവിതത്തിലൂടെ ഞെങ്ങി ഞെരുങ്ങി കടന്ന് വരും. നമ്മുടെ ആദ്യപരിഗണന താനാകുന്നത് വരെ ദൈവം ഇക്കാര്യം മുന്നോട്ട് വെച്ചുകൊണ്ടിരിക്കും. എപ്പോഴൊക്കെ നമ്മൾ മറ്റ് കാര്യങ്ങൾ ആദ്യം വെക്കുന്നുവോ അപ്പോഴൊക്കെ ചിന്താക്കുഴപ്പം ഉണ്ടാകുന്നു.

''ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്''. ചിന്താകുലങ്ങളുടെ ഭാരം നിങ്ങളുടെ മേൽ ഇടരുത്. ആകുലപ്പെടുന്നത് തെറ്റ് മാത്രമല്ല അത് അവിശ്വാസം കൂടിയാണ്. ആകുലപ്പെടുന്നതിനർത്ഥം നമ്മുടെ ജീവിതത്തിലെ പ്രായോഗിക കാര്യങ്ങളുടെ വിശദാംശങ്ങളിൽ ദൈവം കരുതിക്കൊള്ളും എന്ന് നാം വിശ്വസിക്കുന്നില്ല എന്നാണ്. ആ വിശദാംശങ്ങളല്ലാതെ മറ്റൊന്നും നമ്മെ വ്യാകുലപ്പെടുത്തുന്നില്ല താനും. നമ്മിൽ, താൻ ഇടുന്ന ഏതു വാക്കാണ് നമുക്ക് ഞെരുക്കമുണ്ടാക്കുന്നതെന്ന് യേശു പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ''പിശാച്''? (മത്തായി 13:22) അല്ല! ഈലോക വ്യാകുലതകൾ, അതേ, നമ്മുടെ കൊച്ച് കൊച്ച് വ്യാകുലതകൾ! എനിക്ക് കാണാൻ കഴിയാത്തിടത്ത് ഞാൻ വിശ്വസിക്കുന്നില്ലെങ്കിൽ, അവിടെ അവിശ്വാസം ആരംഭിക്കുന്നു. അവിശ്വാസത്തിനുള്ള ഒരേയൊരു ശമനം പരിശുദ്ധാത്മാവിനോടുള്ള അനുസരണമാണ്.

തന്റെ ശിഷ്യരോടുള്ള യേശുവിന്റെ വലിയ വാക്ക് ''ഉപേക്ഷിക്കുക'' എന്നത്രെ.

## മെയ് 24

# നിരാശയിലും ആനന്ദം

**''അവനെ കണ്ടിട്ട് മരിച്ചവനെപ്പോലെ ഞാൻ അവന്റെ കാല്ക്കൽ വീണു''. വെളിപാട് 1:17**

അപ്പൊസ്തലനായ യോഹന്നാനെപ്പോലെ നിങ്ങൾക്ക് യേശുവിനെ അടുത്തറിയാമായിരിക്കാം; പരിചിതമായ സ്വഭാവവിശേഷങ്ങളൊന്നുമില്ലാതെ അവൻ നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ നിങ്ങൾക്ക് മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീഴാൻ മാത്രമേ കഴിയൂ. തന്റെ സർവ്വ തേജസ്സിലുമല്ലാതെ മറ്റൊരു രീതിയിലും ദൈവത്തിന് ചില സമയത്ത് പ്രത്യക്ഷപ്പെടാൻ കഴിയുകയില്ല; ആ ദർശനത്തിന്റെ ഗാംഭീര്യമാണ് നിങ്ങൾക്ക് ദൈവവിശ്വാസത്തിന്റെ ആനന്ദം നല്കുന്നത്.

''അവന്റെ വലംകൈ എന്റെമേൽ വെച്ചു'' (വെളിപാട് 1:17). വിവശതയുടെ നടുവിൽ ഒരു സ്പർശം, അത് യേശുവിന്റെ വലംകൈ എന്ന് നിങ്ങളറിയുന്നു. നിയന്ത്രണത്തിന്റെ, തിരുത്തലിന്റെ, ശിക്ഷയുടെ, വലംകൈയല്ല, നിത്യപിതാവിന്റെ വലംകൈ. എപ്പോഴൊക്കെ ആ കൈ നിങ്ങളുടെ മേൽ വെയ്ക്കുന്നുവോ, അപ്പോഴെല്ലാം അത് നിങ്ങൾക്ക് അവാച്യമായ ആനന്ദവും സമാധാനവും, ''കീഴെ ശാശ്വതഭുജങ്ങൾ ഉണ്ടെന്ന'' ബോധവും നല്കുന്നു (ആവർ. 33:27); ഇവയെല്ലാം നിങ്ങളെ നിലനിർത്തുന്ന ശക്തിയും ആശ്വാസവും പകരുന്നു. ഒരിക്കൽ അവന്റെ സ്പർശനമുണ്ടായാൽ, പിന്നെയൊരിക്കലും നിങ്ങൾ ഭയത്തിൽ പതിക്കുകയില്ല. തന്റെ സ്വർഗ്ഗാരോഹണ മഹത്വത്തിന്റെ ഔന്നത്യത്തിനിടയിൽ വെറുമൊരു സാധാരണ ശിഷ്യനോട് കർത്താവായ യേശു പറയുന്നു ''ഭയപ്പെടേണ്ട''(വെളിപാട് 1:17) പറഞ്ഞറിയിക്കാനാകാത്ത വിധം മധുരമാണ് അവന്റെ ആർദ്രത. ഞാൻ അവനെ അങ്ങനെ അറിയുന്നുവോ?

നമ്മെ വിവശരാക്കുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കുക. ആനന്ദമില്ലാത്ത, ചക്രവാളം കാണാത്ത, പ്രകാശമാനമായ ഒരു പ്രതീക്ഷയുമില്ലാത്ത വിവശത (കൊടുംനിരാശ) യുണ്ട്. പക്ഷെ, ''എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല'' എന്ന് ഞാൻ അറിയുമ്പോൾ നിരാശയുടെ ആനന്ദം എനിക്കുളവാകുന്നു. ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ, ഞാനവന്റെ മുമ്പിൽ കവിണ്ണു വീഴുമെന്ന് അറിയുന്നെങ്കിൽ, ഞാനെന്നെങ്കിലും അവിടെ നിന്ന് ഉയർത്തപ്പെടണമെങ്കിൽ അത് ദൈവകരത്താലാണെന്ന് അറിയുന്നതിൽ ഞാൻ ആനന്ദിക്കുന്നു. മനുഷ്യനാൽ സാധ്യമായതിന്റെ പരിധികളറിയും വരെ, അസാദ്ധ്യമായത് ചെയ്യാൻ ദൈവത്തെ അനുവദിക്കും വരെ, ദൈവത്തിന് എനിക്കായി യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല.

## മെയ് 25

# നല്ലതോ ഏറ്റവും നല്ലതോ?

**''നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പൊയ്ക്കൊള്ളാം; നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട് പൊയ്ക്കൊള്ളാം'' ഉല്പത്തി 13:9.**

ദൈവവിശ്വാസത്തിലുള്ള ജീവിതം നിങ്ങൾ ജീവിച്ച് തുടങ്ങുന്നതോടെ ആകർഷകവും ഭൗതികസംതൃപ്തി നല്കുന്നതുമായ സാദ്ധ്യതകൾ നിങ്ങളുടെ മുന്നിൽ തുറന്ന് വരും. ഇവയെല്ലാം നിങ്ങൾക്ക് അവകാശപ്പെട്ടതാണ്; എന്നാൽ നിങ്ങൾ വിശ്വാസജീവിതം നയിക്കുന്ന ആളാണെങ്കിൽ അവകാശങ്ങളെ പരിത്യജിക്കുന്ന അവകാശം ഉപയോഗിക്കുകയും നിങ്ങൾക്കായി തീരുമാനങ്ങളെടുക്കാൻ ദൈവത്തെ അനുവദിക്കുകയും ചെയ്യും. വിശ്വാസജീവിതം നയിക്കുന്ന ആളല്ല നിങ്ങളെങ്കിൽ, സ്വന്തം ക്ഷേമത്തിന് പരിഗണന നല്കുന്നതാണ് ഉചിതമെന്നു തോന്നുന്ന ഒരു പരീക്ഷയിലേയ്ക്ക് ദൈവം നിങ്ങളെ നയിക്കും. മറിച്ച് നിങ്ങൾ വിശ്വാസജീവിതം നയിക്കുന്ന ആളാണെങ്കിൽ, സന്തോഷപൂർവ്വം നിങ്ങളുടെ അവകാശത്തെ പരിത്യജിച്ച് തീരുമാനം ദൈവത്തിന് വിടും. ദൈവശബ്ദത്തോടുള്ള അനുസരണയിൽ ഭൗതികമായതിനെ ആത്മീയമായി രൂപാന്തരപ്പെടുത്തുന്നതിനുള്ള അച്ചടക്കമാണിത്.

അവകാശങ്ങൾ ജീവിതത്തിന് മാർഗ്ഗദർശനമാകുമ്പോൾ, അത് ആത്മീയ ഉൾക്കാഴ്ചയെ മുരടിപ്പിക്കും. വിശ്വാസജീവിതത്തിന്റെ ഏറ്റവും വലിയ ശത്രു പാപമല്ല, നല്ലതെങ്കിലും വേണ്ടത്ര നല്ലതല്ലാത്ത തീരുമാനങ്ങളാണ്. ഏറ്റവും നല്ലതായതിന്റെ ശത്രുവാണ് നല്ലത്. ഇവിടെ ആദ്യം കൊടുത്തിരിക്കുന്ന വാക്യത്തിൽ, സ്വയം തിരഞ്ഞെടുക്കുകയായിരുന്നു അബ്രാഹാമിന് ചെയ്യാമായിരുന്ന ഏറ്റവും വിവേകപൂർണ്ണമായ കാര്യമെന്ന് നമുക്ക് തോന്നാം. അത് അബ്രാഹാമിന്റെ അവകാശമായിരുന്നു. അങ്ങനെ ചെയ്യാതിരുന്നതുകൊണ്ട് ആളുകൾ അബ്രാഹാമിനെ വിഡ്ഢി എന്ന് കരുതിയിരിക്കാം. നമുക്കുവേണ്ടി തെരഞ്ഞെടുപ്പുകൾ നടത്താൻ ദൈവത്തെ ആശ്രയിക്കുന്നതിന് പകരം, അവകാശങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതാണ് നമുക്കിഷ്ടം; അതാണ് നാം ആത്മീയമായി വളരാത്തതിന്റെ കാരണം. അബ്രാഹാമിനോട് പറഞ്ഞതുപോലെ ''എന്റെ മുമ്പാകെ നടക്ക'' എന്ന് പറയുന്ന ദൈവത്തിൽ കണ്ണുകളൂന്നി വേണം നാം നടക്കാൻ (ഉല്പത്തി 17:1).

## മെയ് 26

# യേശു പഠിപ്പിച്ചതുപോലെ പ്രാർത്ഥനയെക്കുറിച്ച് ചിന്തിക്കുക

**''ഇടവിടാതെ പ്രാർത്ഥിപ്പിൻ ''(1 തെസ്സലൊനീക്യർ 5:17).**

പ്രാർത്ഥനയെക്കുറിച്ച് നമ്മുടെ മനസ്സിലുള്ള ആശയങ്ങളനുസരിച്ച് നാം തെറ്റായോ ശരിയായോ ചിന്തിക്കുന്നു. നമ്മുടെ ശ്വാസകോശങ്ങളിലെ ശ്വാസവും, ഹൃദയത്തിലെ രക്തവും എന്ന് പ്രാർത്ഥനയെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, നാം ശരിയായി ചിന്തിക്കുന്നു. രക്തം നിരന്തരം ഒഴുകുകയും ശ്വസനം നിരന്തരം നടക്കുകയും ചെയ്യുന്നു. നാം അതേക്കുറിച്ച് ബോധവാന്മാരോ ബോധവതികളോ അല്ല. എന്നാൽ ഇത് രണ്ടും എപ്പോഴും നടക്കുന്നു. യേശു നമ്മെ പൂർണ്ണമായും ദൈവത്തോടു ചേർത്ത് നിർത്തുന്നു എന്നതിനെക്കുറിച്ച് നാം എപ്പോഴും ബോധവാന്മാരോ ബോധവതികളോ അല്ല. എന്നാൽ നാം അവനെ അനുസരിക്കുന്നുവെങ്കിൽ അവൻ അങ്ങനെയാകുന്നു. പ്രാർത്ഥന ഒരു മാനസിക വ്യായാമമല്ല, അതു ജീവിതമാണ്. പ്രാർത്ഥനയുടെ അർപ്പണത്തെ തടയുന്ന എന്തിനെയും സൂക്ഷിച്ചുകൊൾക. ഇടതടവില്ലാതെ പ്രാർത്ഥിപ്പിൻ. സദാസമയവും ഹൃദയത്തിലുള്ള പ്രാർത്ഥന അർപ്പിക്കുന്ന ഒരു കുട്ടിയുടെ ശീലം നിലനിർത്തുക.

ഉത്തരം കിട്ടാത്ത പ്രാർത്ഥനയെക്കുറിച്ച് യേശു ഒരിക്കലും സംസാരിച്ചിട്ടില്ല. പ്രാർത്ഥനയ്ക്കെപ്പോഴും ഉത്തരം ലഭിക്കുന്നു എന്നതിനെക്കുറിച്ച് യേശുവിന് അതിരില്ലാത്ത ഉറപ്പുണ്ടായിരുന്നു. യേശുവിനുണ്ടായിരുന്ന ആ അതിരില്ലാത്ത ഉറപ്പ്, പരിശുദ്ധാത്മാവിനാൽ, നമുക്കുണ്ടോ? അതോ ദൈവം പ്രാർത്ഥനയ്ക്കുത്തരം നല്കാത്ത കാലങ്ങളെക്കുറിച്ച് നാം ചിന്തിക്കുകയാണോ? ''യാചിക്കുന്ന ഏവനും ലഭിക്കുന്നു'' (മത്തായി 7:8) എന്ന് യേശു പറയുമ്പോൾ ''പക്ഷെ, പക്ഷെ'' എന്നാണ് നാം പറയുന്നത്. എല്ലാ പ്രാർത്ഥനയ്ക്കും, വല്ലപ്പോഴുമല്ല, എല്ലായ്പ്പോഴും ഉത്തരം ലഭിക്കുന്നു. എന്നാൽ നാം ആഗ്രഹിക്കുന്ന തലത്തിൽ അതിനുള്ള തെളിവ് ഉടനടി ലഭിക്കണമെന്നില്ല. ദൈവം പ്രാർത്ഥനയ്ക്കുത്തരം നല്കുമെന്ന് നാം പ്രതീക്ഷിക്കുന്നുവോ?

യേശു പറയുന്ന കാര്യങ്ങളിൽ വെള്ളം ചേർക്കാനും, അവയ്ക്ക് നമ്മുടെ സാമാന്യബുദ്ധിക്ക് നിരക്കുന്ന അർത്ഥം നൽകാനും നാം ആഗ്രഹിക്കുന്നു എന്നതാണ് നമ്മിലെ അപകടം. വെറും സാമാന്യബുദ്ധി മാത്രമായിരുന്നെങ്കിൽ യേശു പറഞ്ഞതിന് വിലയുണ്ടാകുമായിരുന്നില്ല. പ്രാർത്ഥനയെക്കുറിച്ച് യേശു പറയുന്നത് സ്വർഗ്ഗീയ സത്യങ്ങളത്രേ.

**മെയ് 27**

# ജീവനുള്ള ജീവിതം

**''നിങ്ങളോ ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ'' (ലൂക്കോസ് 24:49).**

ശിഷ്യന്മാർക്ക് തങ്ങളുടെ സ്വന്തം ഒരുക്കത്തിനുവേണ്ടി മാത്രമായിരുന്നില്ല പെന്തക്കോസ്തു ദിവസംവരെ കാത്തിരിക്കേണ്ടി വന്നത്. കർത്താവിന്റെ മഹത്വീകരണം വാസ്തവമാകുന്നത് വരെയും അവർക്ക് കാത്തിരിക്കേണ്ടിവന്നു. അവൻ മഹത്വീകരിക്കപ്പെട്ട ഉടനെ എന്ത് സംഭവിച്ചു? അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേയ്ക്ക് ആരോഹണം ചെയ്ത് പരിശുദ്ധാത്മാവ് എന്ന് വാഗ്ദത്തം പിതാവിനോട് വാങ്ങി 'നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നത്' പെന്തെക്കോസ്ത് നാളിലെ സംഭവം പകർന്ന് തന്നു (അ. പ്ര. 2:33). യോഹന്നാന്റെ ഈ വാക്യം ''യേശു അന്ന് തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു'' (യോഹന്നാൻ 7:39) എന്നത് നമ്മെ സംബന്ധിച്ചുള്ളതല്ല. പരിശുദ്ധാത്മാവ് നല്കപ്പെടുകയും കർത്താവ് മഹത്വീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇനി കാത്തിരിപ്പ് ദൈവത്തിന്റെ ദാനത്തിലല്ല, നമ്മുടെ യോഗ്യതയിൽ ആശ്രയിച്ചിരിക്കുന്നു.

പെന്തക്കോസ്തിന് മുമ്പുതന്നേ പരിശുദ്ധാത്മാവിന്റെ സ്വാധീനവും ശക്തിയും പ്രവർത്തിക്കുന്നുണ്ടായിരുന്നു. എന്നാൽ അവൻ ഇവിടെ ഇല്ലായിരുന്നു. സ്വർഗ്ഗാരോഹണത്തിൽ നമ്മുടെ കർത്താവ് തേജസ്കരിക്കപ്പെട്ടതോടെ, പരിശുദ്ധാത്മാവ് ഈ ലോകത്തിൽ വന്നു. അന്നുമുതൽ ഇവിടെയുണ്ട് താനും. അവൻ ഇവിടെയുണ്ടെന്നു വെളിപ്പെടുത്തപ്പെട്ട സത്യം നാം സ്ഥിരീകരിച്ച് പ്രാപിക്കുക എന്നത് ഒരു വിശ്വാസിയിൽ തുടർന്ന് നിൽക്കേണ്ട മനോഭാവമാണ്. നാം പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ, സ്വർഗ്ഗാരോഹണം ചെയ്ത കർത്താവിൽ നിന്ന് പുതുക്കിയ ജീവൻ നമുക്ക് ലഭിക്കുന്നു.

പരിശുദ്ധാത്മാവിനാൽ ഉള്ള സ്നാനമല്ല മനുഷ്യരിൽ മാറ്റം വരുത്തുന്നത്. സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തുവിന്റെ ശക്തി പരിശുദ്ധാത്മാവിനാൽ മനുഷ്യജീവിതങ്ങളിലേക്ക് കടന്ന് വരുമ്പോഴാണ് ആളുകൾ മാറുന്നത്. പുതിയനിയമം വേർതിരിക്കാത്തതിനെ നാം മിക്കപ്പോഴും വേർതിരിക്കുന്നു. യേശുക്രിസ്തുവിൽ നിന്ന് വേർപെട്ട ഒരനുഭവമല്ല പരിശുദ്ധാത്മസ്നാനം. അത് സ്വർഗ്ഗാരോഹണം ചെയ്ത യേശുവിന്റെ തെളിവാണ്.

പരിശുദ്ധാത്മസ്നാനം നിങ്ങളെക്കൊണ്ട് കാലത്തെയും നിത്യതയെയും കുറിച്ചു ചിന്തിപ്പിക്കുന്നില്ല – അതൊരു ആശ്ചര്യകരമായ തേജസ്സാർന്ന ''ഇപ്പോൾ'' ആണ്. ''ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നത് തന്നേ നിത്യജീവൻ ആകുന്നു''. ഇപ്പോൾത്തന്നേ അവനെ അറിഞ്ഞ് തുടങ്ങുക. അത് എക്കാലവും തുടരുകയും ചെയ്യുക.

## മെയ് 28

# ചോദ്യം ചെയ്യപ്പെടാത്ത വെളിപ്പെടുത്തൽ

**''അന്ന് നിങ്ങൾ എന്നോട് ഒന്നും ചോദിക്കയില്ല'' (യോഹന്നാൻ 16:23).**

സ്വർഗ്ഗസ്ഥനായ കർത്താവ് പിതാവുമായി നിങ്ങളെ ഒന്നാക്കുന്ന ആ ദിവസം എന്നാണ്? യേശു ആയിരിക്കുന്നതു പോലെ ''ആ ദിവസം'' നിങ്ങൾ പിതാവുമായി ഒന്നാകുകയും ''നിങ്ങൾ എന്നോട് ഒന്നും ചോദിക്കയില്ല'' എന്ന് യേശു പറയുകയും ചെയ്യും. യേശുവിന്റെ പുനരുത്ഥാന ജീവൻ നിങ്ങളിൽ വെളിപ്പെടും വരെ അതും ഇതും ചോദിക്കണമെന്ന് നിങ്ങൾക്ക് തോന്നും. പിന്നെ കുറച്ച് കഴിയുമ്പോൾ ചോദ്യങ്ങൾ എല്ലാം പൊയ്പ്പോയെന്നും, ഇനിയൊരു ചോദ്യവും അവശേഷിച്ചിട്ടില്ലെന്നും നിങ്ങൾക്ക് തോന്നും. ദൈവത്തിന്റെ ഉദ്ദേശ്യവുമായി നിങ്ങളെ പൂർണ്ണസമ്പർക്കത്തിൽ കൊണ്ടുവരുന്ന പുനരുത്ഥാനജീവനിൽ സമ്പൂർണ്ണ ആശ്രയത്തിലാകുന്ന ഒരിടത്തേയ്ക്ക് നിങ്ങൾ വന്ന്കഴിഞ്ഞിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ആ ജീവിതമാണോ നയിച്ച് കൊണ്ടിരിക്കുന്നത്? അല്ലെങ്കിൽ എന്തുകൊണ്ട് ആ ജീവിതം നയിച്ചുകൂടാ?

നിങ്ങളുടെ ധാരണയ്ക്ക് മറഞ്ഞിരിക്കുന്ന കുറേയേറെ കാര്യങ്ങളുണ്ടാകും; എന്നാൽ അവ നിങ്ങൾക്കും ദൈവത്തിനുമിടയ്ക്ക് വരുന്നില്ല. ''ആ ദിവസം നിങ്ങൾ എന്നോട് യാതൊന്നും ചോദിക്കയില്ല''. ചോദിക്കേണ്ട ആവശ്യമില്ല. ദൈവം തന്റെ ഹിതമനുസരിച്ച് കാര്യങ്ങളെത്തിക്കും എന്ന് നിങ്ങൾക്കത്ര ഉറപ്പുണ്ട്. കലങ്ങിപ്പോകാത്ത ഹൃദയത്തോടെ ദൈവത്തിലും യേശുവിലും വിശ്വസിച്ചിരിക്കുന്ന (യോഹന്നാൻ 14:1) അവസ്ഥയിൽ നിങ്ങൾ എത്തിയിരിക്കുന്നു. ഇനി ചോദിക്കാൻ ചോദ്യങ്ങളുമില്ല. എന്തെങ്കിലും ഒരു കാര്യം വെളിപ്പെടാത്ത ഒരു രഹസ്യമായി നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, അത് നിങ്ങൾക്കും ദൈവത്തിനുമിടയിൽ വരുന്നുണ്ടെങ്കിൽ, അതിന്റെ വിശദീകരണം നിങ്ങളുടെ ബുദ്ധിയിൽ തേടരുത്. നിങ്ങളുടെ ആത്മാവിൽ, നിങ്ങളുടെ ആന്തരപ്രകൃതത്തിൽ അത് തേടുക. അവിടെയാണ് പ്രശ്നം. നിങ്ങളുടെ ആത്മാവ് യേശുവിന്റെ ജീവന് കീഴടങ്ങാൻ തയ്യാറായാൽ, പിതാവും അവന്റെ പൈതലും തമ്മിൽ യാതൊരകലവുമില്ലാത്ത ഒരിടത്തേയ്ക്ക് നിങ്ങളെത്തും. കാരണം കർത്താവ് നിങ്ങളെ ഒന്നാക്കിയിരിക്കുന്നു; ''അന്ന് നിങ്ങൾ എന്നോടൊന്നും ചോദിക്കുകയില്ല''.

# അസ്വസ്ഥമാകാത്ത ബന്ധം

**''അന്ന് നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും;........ പിതാവ് താനും നിങ്ങളെ സ്നേഹിക്കുന്നു'' (യോഹന്നാൻ 16:26,27).**

''അന്ന് നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും'' അതായത് എന്റെ നാമം ഒരു മാന്ത്രികവാക്കായി ഉപയോഗിക്കുകയല്ല. എന്റെ പ്രകൃതത്തെ എന്റെ സ്വഭാവത്തെ നിങ്ങൾ ഉപയോഗിക്കുക, ഞാനുമായി ഒന്നാകുംവിധം നിങ്ങൾ എന്നോട് അടുക്കുക. പിന്നെയെന്നോ ഉള്ള ഒരു ദിവസമല്ല ആ ദിവസം. അത് ഇപ്പോൾ, ഇവിടെയാണ്. കാരണം ''പിതാവ് താനും നിങ്ങളെ സ്നേഹിക്കുന്നു''. ആ ഒന്നാകൽ പരിപൂർണ്ണമത്രെ. ബാഹ്യമായ പ്രശ്നങ്ങളിൽ നിന്ന് ജീവിതം സ്വതന്ത്രമാണെന്നല്ല നമ്മുടെ കർത്താവുദ്ദേശിക്കുന്നത്. താൻ തന്റെ പിതാവിന്റെ മനസ്സും, ഹൃദയവും അറിഞ്ഞപോലെ പരിശുദ്ധാത്മസ്നാനത്താൽ ദൈവപ്രബോധനങ്ങൾ നമ്മെ പഠിപ്പിക്കാൻ സാധിക്കുന്ന സ്വർഗ്ഗീയ ഇടങ്ങളിലേക്ക്  നമ്മെയും ഉയർത്താൻ അവന് കഴിയുമെന്നാണ് അവൻ ഉദ്ദേശിച്ചത്.

''നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും.........'' ''അന്ന്'', ആ ദിവസം ദൈവവും അവൻ വിശുദ്ധീകരിച്ചവനും തമ്മിലുള്ള ബന്ധത്തിലെ, അസ്വസ്ഥതകളില്ലാത്ത ഒരു ദിവസമായിരിക്കും. കളങ്കമില്ലാത്തവനും പരിശുദ്ധനുമായി യേശു തന്റെ പിതാവിന്റെ മുമ്പിൽ നിന്നതുപോലെ പരിശുദ്ധാത്മസ്നാനത്തിന്റെ ശക്തമായ തേജസ്സാൽ നാമും ആ ബന്ധത്തിലേയ്ക്ക് ഉയർത്തപ്പെടാൻ കഴിയും – അങ്ങനെ ''നീ എന്നിലും, ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ'' ആകുന്നു (യോഹന്നാൻ 17:22).

''അവൻ എന്റെ നാമത്തിൽ നിങ്ങൾക്ക് തരും''(യോഹന്നാൻ 16:23). ദൈവം നമ്മുടെ പ്രാർത്ഥനകളെ അംഗീകരിക്കും എന്നാണ് യേശു പറയുന്നത്. യേശു തന്റെ പിതാവുമായി ഒന്നായിരുന്നതുപോലെ നമ്മുടെ സ്വതന്ത്രമായ തീരുമാനത്താൽ ദൈവത്തിന്റെ പരമമായ ഇച്ഛയുമായി ഒന്നാകുംവിധം നമ്മെയും അങ്ങനെയൊരു ബന്ധത്തിലേക്ക് ഉയർത്താൻ അവന്റെ പുനരുത്ഥാന–സ്വർഗ്ഗാരോഹണശക്തിക്ക് കഴിയും. വിസ്മയകരമായ ആ സ്ഥാനത്ത് യേശു നമ്മെ എത്തിച്ച് കഴിഞ്ഞാൽ പരിശുദ്ധാത്മാവ് നമുക്ക് തന്ന അവന്റെ നാമത്തിൽ, പ്രകൃതത്തിൽ നമുക്ക് പ്രാർത്ഥിക്കാം. ''നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്ക് തരും''. യേശുക്രിസ്തുവിന്റെ ഉൽക്ക്യഷ്ടസ്വഭാവം അവന്റെ തന്നേ പ്രസ്താവനകളാൽ പരീക്ഷിക്കപ്പെടുകയും തെളിയിക്കപ്പെടുകയും ചെയ്യുന്നു.

മെയ് 30

# "ഉവ്വ് – പക്ഷെ ........"

**"കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം, ആദ്യം ......" (ലൂക്കോസ് 9:61).**

നിങ്ങളുടെ സാമാന്യബുദ്ധിയെ പരീക്ഷിക്കുന്ന എന്തെങ്കിലും ഒരു കാര്യം ചെയ്യാൻ ദൈവം നിങ്ങളോട് ആവശ്യപ്പെടുകയാണെങ്കിൽ നിങ്ങൾ എന്ത് ചെയ്യും? പുറകോട്ട് വലിയുമോ? എന്തെങ്കിലും ശാരീരികമായി ചെയ്യുന്ന ശീലമുള്ള ആളാണ് നിങ്ങളെങ്കിൽ നിശ്ചയദാർഢ്യത്തോടെ ആ ശീലം ഭേദിക്കുന്നത് വരെ നിങ്ങൾ അങ്ങനെതന്നേ ചെയ്തുകൊണ്ടിരിക്കും. ആത്മീയമായ കാര്യങ്ങളിലും ഇത് സത്യമാണ്. യേശുക്രിസ്തു ആഗ്രഹിക്കുന്നതിലേക്ക് നിങ്ങൾ വീണ്ടും, വീണ്ടും വരുന്നു; യേശുക്രിസ്തുവിന് പൂർണ്ണമായും കീഴടങ്ങാൻ നിങ്ങൾ ദൃഢനിശ്ചയം ചെയ്യുംവരെയും, പരീക്ഷിക്കപ്പെടുന്ന സമയത്ത് നിങ്ങൾ പിന്തിരിയുന്നു. ഇങ്ങനെ പറയാനാണ് നമ്മുടെ ചായ്‌വ്: ഇക്കാര്യത്തിൽ ഞാൻ ദൈവത്തെ അനുസരിച്ചാൽ അക്കാര്യം .......? അല്ലെങ്കിൽ എന്റെ സാമാന്യബുദ്ധിക്ക് വിപരീതമല്ലാത്ത എന്തെങ്കിലും ചെയ്യാൻ ദൈവം പറഞ്ഞാൽ ഞാൻ അനുസരിക്കും. എന്നാൽ ഇരുട്ടിലേക്കിറങ്ങാൻ എന്നോട് പറയരുത്.

സാധാരണ മനുഷ്യർ പ്രദർശിപ്പിക്കുന്ന, ഒന്നിനെയും കൂസാക്കാത്ത, ആ കളിക്കള മനോഭാവമാണ് യേശു തന്നെ വിശ്വസിക്കുന്ന മനുഷ്യനോട് ആവശ്യപ്പെടുന്നത്. എന്തെങ്കിലും മൂല്യവത്തായ ഒരു കാര്യം ചെയ്യാൻ, ചാടിയിറങ്ങുന്ന മനുഷ്യന് തന്റെ ചാട്ടത്തിൽ പലതും അപകടത്തിലാക്കേണ്ടിവരും. അതു തന്നേയാണ്, ആത്മീയതലത്തിലും യേശു നിങ്ങളോട് ആവശ്യപ്പെടുന്നത്. സാമാന്യബുദ്ധിയിൽ നിങ്ങൾ പിടിച്ചുനില്ക്കുന്നതെല്ലാം അപകടത്തിലാക്കിക്കൊണ്ട് താൻ പറയുന്നതിലേക്ക് ചാടാനാണ് യേശു ആവശ്യപ്പെടുന്നത്. അങ്ങനെ നിങ്ങൾ ചെയ്താലുടൻ തന്നേ സാമാന്യബുദ്ധിപോലെ, അവൻ പറയുന്നത് നിങ്ങൾക്ക് ബോദ്ധ്യപ്പെടും. സാമാന്യബുദ്ധിയുടെ പരീക്ഷണത്തിൽ യേശുവിന്റെ പ്രസ്താവനകൾ ഭ്രാന്തമായി തോന്നാം. എന്നാൽ വിശ്വാസത്തിൽ അവയെ പരീക്ഷിക്കുക. അപ്പോൾ അവ ദൈവത്തിന്റെ തന്നേ വാക്കുകളാണെന്ന് ഭയാദരവുകളോടെ നിങ്ങൾ കണ്ടെത്തും. ദൈവത്തിൽ പൂർണ്ണമായും വിശ്വസിക്കുക. ഒരു സാഹസത്തിനുള്ള പുതിയ അവസരത്തിലേക്ക് അവൻ നിങ്ങളെ കൊണ്ടുവരുമ്പോൾ, നിങ്ങൾ അതേറ്റെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുക. ഒരു പ്രതിസന്ധിയിൽ നാം അവിശ്വാസികളായ പ്രാകൃതരെപ്പോലെ പ്രവർത്തിക്കുന്നു. ദൈവസ്വഭാവത്തിൽ തന്റെ വിശ്വാസം നിക്ഷേപിക്കാൻ ഒരു ജനക്കൂട്ടത്തിലാകെ നിന്ന് ഒരാൾ മാത്രമേ ധൈര്യപ്പെടൂ.

## മെയ് 31

# ആദ്യം ദൈവം

**''യേശുവോ, എല്ലാവരെയും അറികകൊണ്ട്.........'' (യോഹന്നാൻ 2:24,25).**

നമ്മുടെ കർത്താവ് മനുഷ്യരെ ആരെയും വിശ്വസിച്ചില്ല. എന്നാൽ അവൻ ഒരിക്കലും സംശയാലുവോ കയ്പ് നിറഞ്ഞവനോ ആയിരുന്നില്ല; ആരെ സംബന്ധിച്ചും പ്രതീക്ഷ നഷ്ടപ്പെട്ടവനുമായിരുന്നില്ല. കാരണം അവൻ ആദ്യം വിശ്വാസം അർപ്പിച്ചത് ദൈവത്തിലായിരുന്നു. ദൈവകൃപയ്ക്ക് മറ്റുള്ളവർക്കായി എന്ത് ചെയ്യാൻ കഴിയും എന്നതിൽ അവൻ പൂർണ്ണവിശ്വാസം അർപ്പിച്ചു. മനുഷ്യരെയാണ് ഞാൻ ആദ്യം വിശ്വസിക്കുന്നതെങ്കിൽ, എല്ലാവരെച്ചൊല്ലിയും ഞാൻ നിരാശപ്പെടേണ്ടി വരും. ഒരു മനുഷ്യനും ഒരിക്കലും ആകാൻ കഴിയാത്തത്–അയാൾ/അവൾ പരിപൂർണ്ണൻ ആകണം–എന്ന ശാഠ്യത്തിൽ ഞാൻ കയ്പ് നിറഞ്ഞവനാകും. നിങ്ങളിലും മറ്റേതൊരാളിലുമുള്ള ദൈവകൃപയിലൊഴികെ മറ്റൊന്നിലും നിങ്ങളുടെ വിശ്വാസം അർപ്പിക്കരുത്.

''ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്യാൻ വരുന്നു .........'' എബ്രായർ 10:9.

ഒരാവശ്യമെന്ന് കാണുന്ന ഒന്നിനോടാണ് ഒരു മനുഷ്യന്റെ അനുസരണ. തന്റെ പിതാവിന്റെ ഇച്ഛയോടായിരുന്നു നമ്മുടെ കർത്താവിന്റെ അനുസരണം. ഇന്നത്തെ മുറവിളി ''നമുക്ക് എന്തെങ്കിലും ചെയ്യണം'' എന്നതത്രെ. ദൈവത്തെ അറിയാതെ അവിശ്വാസികൾ മരിക്കുന്നു. ''നമുക്ക് ചെന്ന് അവരോട് അതിനെക്കുറിച്ച് പറയാം''. എന്നാൽ നാം ആദ്യംചെയ്യേണ്ടത് ദൈവത്തിന് നമ്മിലുള്ള വ്യക്തിപരമായ ആവശ്യം നടന്നിരിക്കുന്നുവോ എന്നതാണ്. ''നിങ്ങളോ ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ'' (ലൂക്കാ 24:49). നമ്മുടെ ക്രിസ്തീയ പരിശീലനത്തിന്റെ ലക്ഷ്യം ദൈവത്തിന്റെ ആവശ്യങ്ങളുമായി ശരിയായി ബന്ധപ്പെടുക എന്നതാണ്. ദൈവത്തിന് നമ്മിലുള്ള ആവശ്യങ്ങൾ നിറവേറിക്കഴിഞ്ഞാൽ, മറ്റെവിടെയെങ്കിലുമുള്ള ആവശ്യങ്ങൾക്കായി അവൻ നമുക്ക് വേണ്ടി വഴി തുറക്കും. ''ആകയാൽ ഈ ശിശുവിനെപ്പോലെ തന്നത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു'' മത്തായി 18:5.

തന്നെത്തന്നേ ഒരു ശിശുവായി നമ്മെ ഏല്പിച്ചു കൊണ്ടാണ് ദൈവം വന്നത്. എന്റെ വ്യക്തിജീവിതം ഒരു ബേത്‌ലഹേം ആകണമെന്നാണ് ദൈവം പ്രതീക്ഷിക്കുന്നത്. ദൈവപുത്രന്റെ ജീവൻ ഉള്ളിൽ വസിക്കുന്നതിലൂടെ എന്റെ സ്വാഭാവിക ജീവിതം മെല്ലെ രൂപാന്തരപ്പെടാൻ ഞാൻ അനുവദിക്കുന്നുണ്ടോ? എന്റെ ഭൗതിക ജഡത്തിൽ അവന്റെ പുത്രൻ വെളിപ്പെടണമെന്നതാണ് ദൈവത്തിന്റെ ആത്യന്തിക ലക്ഷ്യം.

## ജൂൺ 1

# കുഴക്കുന്ന ചോദ്യം

**''മനുഷ്യപുത്രാ ഈ അസ്ഥികൾ ജീവിക്കുമോ''? (യോഹന്നാൻ 37:3)**

''ആ പാപിയെ പരിശുദ്ധനാക്കി മാറ്റാൻ കഴിയുമോ? വക്രമായ ആ ജീവിതം നേരെയാക്കാൻ കഴിയുമോ''? ഒരൊറ്റ ഉത്തരമേയുള്ളൂ, ''യഹോവയായ കർത്താവേ നീ അറിയുന്നു, ഞാൻ അറിയുന്നില്ല'' (യെഹെ. 37:3). മതപരമായ സാമാന്യബുദ്ധിയിൽ ചാടി പറയരുത്: ''അല്പംകൂടി വേദവായനയും ധ്യാനവും പ്രാർത്ഥനയും കൊണ്ട് ഇയാളെ നന്നാക്കാം''. അതസാദ്ധ്യമാണ്.

ദൈവത്തിൽ ആശ്രയിക്കുന്നതിനെക്കാൾ എളുപ്പം എന്തെങ്കിലും പ്രവർത്തിക്കുന്നതാണ്. അതുകൊണ്ടാണ് ദൈവത്തോടൊപ്പമുള്ള സഹപ്രവർത്തകർ വളരെക്കുറച്ചും, ദൈവത്തിനായി പ്രവർത്തിക്കുന്നവർ വളരെ കൂടുതലുമായി നാം കാണുന്നത്. ദൈവത്തിൽ വിശ്വസിക്കുന്നതിനേക്കാൾ നമുക്ക് ദൈവത്തിനായി പ്രവർത്തിക്കാനാണ് ഇഷ്ടം. എനിക്ക് ചെയ്യാൻ കഴിയാത്തത് ദൈവത്തിന് ചെയ്യാൻ കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നുവോ? മറ്റുള്ളവരെക്കുറിച്ചുള്ള എന്റെ പ്രതീക്ഷയില്ലായ്മ, ദൈവത്തെ മനസ്സിലാക്കാത്തതിൽ നിന്നാണ് വരുന്നത്. ഞാൻ കാണുന്ന ആരെക്കുറിച്ചും നിരാശ തോന്നാത്തവിധം, ദൈവത്തിന്റെ ശക്തിയെയും അധികാരത്തെയും കുറിച്ചുള്ള അത്ഭുതകരമായ ഒരു ധാരണ എനിക്ക് അനുഭവമായിട്ടുണ്ടോ? എന്തെങ്കിലും ആത്മീയ പ്രവർത്തനം എന്നിൽ നടന്നിട്ടുണ്ടോ? പ്രവൃത്തിയിലെ പരിഭ്രാന്തിയുടെ അളവ് വ്യക്തിപരമായ ആത്മീയാനുഭവത്തിന്റെ അഭാവത്തിന്റെ അളവാണ്.

''കണ്ടാലും എന്റെ ജനമേ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്ന് ........'' തന്നിൽനിന്ന് വേർപെട്ട മനുഷ്യ പ്രകൃതം എന്താണെന്ന് നിങ്ങളെ കാണിച്ച് തരണമെന്ന് ദൈവം ആഗ്രഹിക്കുമ്പോൾ, അത് നിങ്ങളിൽത്തന്നേയാണ് അവന് കാണിക്കേണ്ടത്. ദൈവകൃപയിൽ നിന്ന് വേർപെട്ട നിങ്ങൾ എന്താണെന്ന് ദൈവം നിങ്ങൾക്കൊരു ദർശനം തന്നാൽ (ആത്മാവ് പ്രവർത്തിക്കുമ്പോൾ മാത്രമേ അവൻ ഇത് ചെയ്യൂ.) ദൈവകൃപയില്ലാത്ത നിങ്ങളിലെ പാപവാസനയുടെ പകുതിപോലും മറ്റുള്ളവരിൽ ഇല്ല എന്ന് നിങ്ങളറിയും. ദൈവം എന്റെ ശവക്കുഴി തുറന്നിരിക്കുന്നു''. എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്ന് ഞാനറിയുന്നു (റോമർ 7:18). തന്റെ മക്കൾക്ക് കൃപയിൽ നിന്നും വേർപെട്ട മനുഷ്യപ്രകൃതമെന്തെന്ന് ദൈവാത്മാവ് നിരന്തരം വെളിപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു.

**ജൂൺ 2**

# എന്താണ് നിങ്ങളെ അലട്ടുന്നത്?

**''യഹോവാഭക്തനായ പുരുഷൻ ആർ?'' (സങ്കീർത്തനം 25 : 12)**

എന്താണ് നിങ്ങളെ അലട്ടുന്നത്? ഒന്നുമില്ല എന്ന് നിങ്ങൾ പറയും. എന്നാൽ നമ്മെ എല്ലാവരെയും എന്തെങ്കിലും ഒന്ന് അലട്ടിക്കൊണ്ടിരിക്കും; നമ്മൾ ക്രിസ്ത്യാനികളാണെങ്കിൽ നമ്മുടെ ക്രിസ്തീയ ജീവിതാനുഭവങ്ങളുടെ ഓർമ്മകൾ മനസ്സിൽ വന്നുകൊണ്ടിരിക്കും. എന്നാൽ സങ്കീർത്തനക്കാരൻ പറയുന്നത് നാം ദൈവത്താൽ നിറയപ്പെടണം എന്നാണ്. നമ്മുടെ ബോധം നിരന്തരം ദൈവത്തെക്കുറിച്ചായിരിക്കണം. അകമേയും പുറമേയുമുള്ള നമ്മുടെ ജീവിതമാകെ ദൈവസാന്നിദ്ധ്യം കൊണ്ട് നിറയുന്നു. ഒരു ചെറിയ കുട്ടിയുടെ ബോധം അതിന്റെ അമ്മയിൽ ലയിച്ചതാണെങ്കിലും, ആ കുട്ടി ബോധപൂർവ്വം അമ്മയെക്കുറിച്ച് ചിന്തിക്കുന്നില്ല. അതേ സമയം ഒരാപത്ത് വന്നാൽ അവിടെ അവനിൽ ആവസിക്കുന്നത് അമ്മയെക്കുറിച്ചുള്ള ബോധമാണ്. അപ്രകാരം നമ്മൾ ദൈവത്തിൽ ജീവിക്കുകയും ചരിക്കയും ഇരിക്കയും ചെയ്യുകയും സർവതിനെയും അവനുമായുള്ള ബന്ധത്തിൽ കാണുകയും വേണം. ''അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്'' (അ. പ്ര. 17:23). അപ്പോൾ അവനെക്കുറിച്ചുള്ള അവബോധം, സ്വയം നമ്മുടെ ജീവിതത്തിന്റെ മുൻപന്തിയിലേക്ക് വരും.

ദൈവം നമ്മിൽ തിങ്ങിനില്ക്കുന്നുവെങ്കിൽ യാതൊരു ആകുലങ്ങളോ, പരീക്ഷണങ്ങളോ, വ്യാകുലചിന്തകളോ നമ്മുടെ ജീവിതത്തിൽ കടന്നുകൂടുകയില്ല. എന്തുകൊണ്ടാണ് ആകുലചിന്ത എന്ന പാപത്തെക്കുറിച്ച് നമ്മുടെ കർത്താവ് ഇത്ര ഊന്നിപ്പറഞ്ഞതെന്ന് ഇപ്പോൾ നമുക്ക് മനസ്സിലാക്കാം. ദൈവം നമുക്ക് ചുറ്റുമുള്ളപ്പോൾ നമുക്കെങ്ങനെയാണ് ഇത്ര വിശ്വാസമില്ലാത്തവരായിരിക്കാൻ ധൈര്യമുണ്ടാകുന്നത്? ക്രിസ്തുവിനോടുകൂടിയ ദൈവം നമ്മുടെ മനസ്സിൽ തിങ്ങിനിറയുക എന്നാൽ അത് ശത്രുവിന്റെ കടന്നാക്രമണത്തിനെതിരെയുള്ള ഫലപ്രദമായ ഒരു വേലിക്കെട്ടാകും എന്നാണ്.

''അവൻ സുഖത്തോടെ വസിക്കും'' (സങ്കീ. 25:13). നമ്മുടെ ജീവിതത്തിൽ 'ക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന ദൈവം' നിറഞ്ഞ് തിങ്ങി നിന്നാൽ പിന്നെ കഷ്ടതയോ, തെറ്റിദ്ധാരണയോ, അപവാദമോ ഏതായാലും അതിന്റെ നടുവിലും ദൈവം നമ്മെ പരിപാലിക്കും. ''നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു''. ദൈവവുമായുള്ള ഈ നിത്യ കൂട്ടായ്മയെക്കുറിച്ചുള്ള വെളിപ്പാടിനെ നഷ്ടപ്പെടുത്തരുത്. ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു (സങ്കീ. 46:1).

**ജൂൺ 3**



# കർത്താവിന്റെ രഹസ്യം

**''യഹോവയുടെ രഹസ്യം (സഖിത്വം) തന്റെ ഭക്തന്മാർക്കു ലഭിക്കും'' (സങ്കീർത്തനം 25 :14).**

ഒരു സുഹൃത്തിന്റെ ലക്ഷണം എന്താണ്? തന്റെ സ്വകാര്യദുഃഖങ്ങൾ നിങ്ങളോട് പറയുന്നതാണോ? അല്ല, തന്റെ സ്വകാര്യസന്തോഷങ്ങൾ നിങ്ങളോട് പറയുന്നതാണ് സുഹൃത്തിന്റെ ലക്ഷണം. അനേകർ തങ്ങളുടെ സ്വകാര്യസങ്കടങ്ങൾ നിങ്ങളെ വിശ്വസിച്ച് പറയും. എന്നാൽ ഗാഢമായ അടുപ്പത്തിന്റെ ആത്യന്തിക ലക്ഷണം സ്വകാര്യസന്തോഷങ്ങളറിയിക്കുക എന്നതാണ്. തന്റെ സന്തോഷങ്ങളെന്തെങ്കിലും നമ്മോട് പറയാൻ ദൈവത്തെ നാം അനുവദിച്ചിരിക്കുന്നുവോ? അതോ നാം നിരന്തരം നമ്മുടെ രഹസ്യങ്ങൾ അവനോട് പറഞ്ഞു പറഞ്ഞ് അവന് നമ്മോട് സംസാരിക്കാൻ അവസരം കൊടുക്കാതിരിക്കുകയാണോ? ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിൽ നാം ദൈവത്തോടു അനേകം കാര്യങ്ങൾ അപേക്ഷിച്ചുകൊണ്ടിരിക്കും. പിന്നീട് നമ്മളുമായി ബന്ധത്തിലാകാൻ, അവന്റെ ലക്ഷ്യങ്ങളുമായി നാം സമ്പർക്കത്തിലാകാൻ അവൻ ആഗ്രഹിക്കുന്നു എന്ന് നാം മനസ്സിലാക്കുന്നു. ദൈവരഹസ്യങ്ങൾ ഗ്രഹിക്കാൻ തക്കവണ്ണം, നിന്റെ ഇഷ്ടം ............. ആകേണമേ (മത്താ. 6:10) എന്ന കർത്തൃ പ്രാർത്ഥനയിലെ ആശയവുമായി നാം ഒന്നായിട്ടുണ്ടോ? ചെറിയ കാര്യങ്ങളാണ്, ദൈവത്തിന്റെ വലിയ അനുഗ്രഹങ്ങളല്ല, ദൈവത്തെ നമുക്ക് പ്രിയങ്കരനാക്കുന്നത്; കാരണം അവയാണ് അവന് നമ്മോടുള്ള വിസ്മയകരമായ അടുപ്പത്തെ വെളിപ്പെടുത്തുന്നത്. നമ്മുടെ വ്യക്തിജീവിതത്തിലെ ഓരോ വിശദാംശവും അവനറിയാം.

''അവൻ തിരഞ്ഞെടുക്കേണ്ടുന്ന വഴി ഞാൻ അവനു കാണിച്ചു കൊടുക്കും'' (സങ്കീ. 25:12). ദൈവം നമുക്ക് വഴികാണിച്ച് തരുന്നു എന്ന ബോധമാണ് ആദ്യമായി നാം ആഗ്രഹിക്കുക; പിന്നെ ദൈവബോധത്തിൽ തുടർന്ന് ജീവിച്ചു കൊണ്ടിരിക്കുമ്പോൾ അവന്റെ ഹിതം എന്തെന്ന് നാം ചോദിക്കേണ്ട ആവശ്യമില്ല; കാരണം മറ്റെന്തെങ്കിലും തിരഞ്ഞെടുക്കണമെന്ന ചിന്ത നമുക്ക് വരുകയേയില്ല. നാം ദൈവത്താൽ രക്ഷിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്താൽ, ദൈവം സാധാരണ ജീവിതത്തിലെ ചെറിയ കാര്യങ്ങളാൽ നമ്മെ നയിക്കും. അവൻ ആഗ്രഹിക്കാത്തത് നാം തെരഞ്ഞെടുത്താൽ അത് അവൻ തടയും. അപ്പോൾ നാം അവനെ അനുസരിക്കണം. നാം ചെവിക്കൊള്ളുകയും ചെയ്യണം. എപ്പോഴെങ്കിലും സംശയം വന്നാൽ, ഉടനടി നിർത്തുക, നില്ക്കുക. എന്തുകൊണ്ടാണ് ഞാൻ ഇങ്ങനെ ചെയ്യരുതാത്തത് എന്ന് വാദിക്കരുത്. നാം തെരഞ്ഞെടുക്കേണ്ടതിൽ ദൈവം നമ്മുടെ സാമാന്യബുദ്ധിക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നു. പിന്നെയൊരിക്കലും, ''കർത്താവേ, ഇപ്പോഴെന്താണ് അവിടുത്തെ ഹിതം'' എന്ന് നിരന്തരം ചോദിച്ച് കൊണ്ട് നാം അവന്റെ ആത്മാവിനെ തടസപ്പെടുത്തുന്നില്ല.

**ജൂൺ 4**

# ഒരിക്കലും നമ്മെ കൈവിടാത്ത ദൈവം

**''ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല, എന്ന് അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നവല്ലോ' (എബ്രായർ 13:5).**

എന്റെ ചിന്തകൾ ഏത് വഴി പോകുന്നു? അവ എന്തിനെ ഭയപ്പെടുന്നുവോ അതിലേയ്ക്ക് തിരിയുന്നുവോ? ദൈവം പറയുന്നത് ഞാൻ വെറുതെ ആവർത്തിക്കുകയാണോ, അതോ അവൻ പറയുന്നത് ആത്മാർത്ഥമായി ശ്രദ്ധിച്ചുകേൾക്കുകയും കേട്ടതിനുശേഷം അതിനോട് പ്രതികരിക്കുകയുമാണോ ഞാൻ ചെയ്യുന്നത്. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല എന്ന് ദൈവം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് 'കർത്താവ് എനിക്ക് തുണ ഞാൻ പേടിക്കില്ല; മനുഷ്യൻ എന്നോട് എന്തു ചെയ്യും' എന്ന് നമുക്ക് ധൈര്യമായി പറയാം (എബ്രാ. 13:1).

''ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല''. എന്റെ പാപങ്ങളോ, സ്വാർത്ഥതയോ, ദുശ്ശാഠ്യമോ തന്നിഷ്ടമോ യാതൊന്നും കൊണ്ട് ദൈവം എന്നെ ഒരുനാളും കൈവിടുകയില്ല. ഒരു നാളും നിന്നെ കൈവിടുകയില്ല എന്ന് പറയാൻ ദൈവത്തെ ഞാൻ യഥാർത്ഥത്തിൽ അനുവദിച്ചിട്ടുണ്ടോ? എങ്കിൽ ഈ ഉറപ്പ് ഞാൻ തുടർന്നും പ്രാപിച്ചുകൊണ്ടിരിക്കണം.

''ഉപേക്ഷിക്കയുമില്ല''. പലപ്പോഴും ജീവിതത്തിലെ പ്രയാസങ്ങളല്ല, വിരസതയാണ്, മനം മടുപ്പാണ്, ദൈവം എന്നെ ഉപേക്ഷിക്കും എന്ന് എന്നെക്കൊണ്ട് ചിന്തിപ്പിക്കുന്നത്. മറികടക്കാൻ വൈഷമ്യക്കുന്നുകളോ, കാണാൻ ദൈവദർശനങ്ങളോ, മനോഹരമായ, വിസ്മയകരമായ എന്തെങ്കിലുമോ ഇല്ലാതെ വെറും നിത്യജീവിത പ്രവൃത്തികൾ മാത്രമാകുമ്പോൾ, അവയ്ക്കിടയിലും ദൈവത്തിന്റെ ഈ ഉറപ്പ് കേൾക്കാൻ എനിക്ക് കഴിയുമോ?

ദൈവം അസാധാരണമായ എന്തോ ചെയ്യാൻ പോകുകയാണെന്നും, മെല്ലെ മെല്ലെ എന്തോ അസാധാരണ കാര്യത്തിനായി നമ്മെ ഒരുക്കുകയാണെന്നുമുള്ള ആശയം നമ്മുടെ മനസ്സിലുണ്ട്. എന്നാൽ ദൈവകൃപയിൽ നാം മുന്നോട്ടുപോകുമ്പോൾ, ദൈവം ഇപ്പോൾ, ഇവിടെ ഈ നിമിഷം തന്നെത്താൻ മഹത്വപ്പെടുത്തുകയാണെന്ന് നമുക്ക് മനസ്സിലാകുന്നു. അപ്പോൾ നമുക്കേറ്റവും അത്ഭുതകരമായ ശക്തി കൈവരികയും സാധാരണ ദിവസങ്ങളിലും സാധാരണ ജീവിതപാതകളിലും, പാട്ടുകൾ പാടാൻ നാം പഠിക്കുകയും ചെയ്യുന്നു.

ജൂൺ 5

# ദൈവത്തിന്റെ ഉറപ്പ്

**''ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല, എന്ന് അവൻ തന്നേ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ കർത്താവ് എനിക്ക് തുണ, ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോട് എന്ത് ചെയ്യും എന്ന് നമുക്ക് ധൈര്യത്തോടെ പറയാം'' (എബ്രായർ 13 :5–6).**

എന്റെ ഉറപ്പ് പണിതുയർത്തേണ്ടത് എനിക്കായുള്ള ദൈവത്തിന്റെ ഉറപ്പിന്മേലാവണം. ''ഞാൻ നിന്നെ ഉപേക്ഷിക്കയില്ല''. അതിനാൽ കർത്താവ് എനിക്ക് തുണ എന്ന് ധൈര്യത്തോടെ പറയാം. ആശങ്കകൾ എന്റെ മനസ്സിൽ തിങ്ങിവിങ്ങുകയില്ല. ഇതിനർത്ഥം എനിക്ക് ഭയം ഉണ്ടാകുകയില്ല എന്നല്ല; ദൈവത്തിന്റെ ഉറപ്പുകൾ ഞാനോർക്കും. തന്റെ പിതാവ് നിശ്ചയിക്കുന്ന നിലയിലേക്ക് ഉയരാൻ യത്നിക്കുന്ന ഒരു കുഞ്ഞിനെപ്പോലെ. ഞാൻ ധൈര്യം നിറഞ്ഞവനാകും. ആശങ്കകളുയരുമ്പോൾ പല ആളുകളുടെയും വിശ്വാസം ഇടറുന്നു; ദൈവത്തിന്റെ ഉറപ്പുകൾ അവർ മറന്നുപോകുന്നു. ആത്മീയമായി ഒന്ന് ദീർഘമായി ശ്വസിക്കാനും അവർ മറക്കുന്നു. നമ്മിൽ നിന്ന് ആ ഭയമെടുത്ത് കളയാനുള്ള ഒരൊറ്റ വഴി ദൈവത്തിന്റെ ഉറപ്പുകൾ സശ്രദ്ധം കേൾക്കുകയാണ്.

എന്താണ് നിങ്ങൾ ഭയപ്പെടുന്നത്? അതെന്തായാലും നിങ്ങൾ ഒരു ഭീരുവല്ല. നിങ്ങൾക്ക് അതിനെ നേരിടാനുള്ള നിശ്ചയദാർഢ്യമുണ്ട്. നിങ്ങളെ സഹായിക്കുവാൻ ആരും, ഏതുമില്ല എന്ന് തോന്നുമ്പോൾ, ''കർത്താവ് ഈ നിമിഷം, ഇവിടെ, ഈ പരിതസ്ഥിതിയിൽ എനിക്കു തുണ'' എന്ന് സ്വയം പറയുക. സംസാരിക്കും മുമ്പ് ദൈവം പറയുന്നത് സശ്രദ്ധം കേൾക്കാൻ നിങ്ങൾ പഠിക്കുന്നുണ്ടോ? അതോ നിങ്ങൾ കാര്യങ്ങൾ പറയുകയും നിങ്ങൾ പറയുന്നതിനോട് ദൈവവചനത്തെ അനുരൂപപ്പെടുത്തുകയുമാണോ? ദൈവ പിതാവിന്റെ ഉറപ്പുകളെ മുറുകെപ്പിടിക്കുക, എന്നിട്ട് ധൈര്യത്തോടെ 'ഞാൻ ഭയപ്പെടുകയില്ല' എന്ന് പറയുക. നിങ്ങളുടെ പാതയിൽ, എന്ത് തിന്മയോ കുഴപ്പമോ വരട്ടെ. ''ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല'' എന്ന് ദൈവം ഉറപ്പ് തന്നിട്ടുണ്ടല്ലോ.

ദൈവത്തിന്റെ ഉറപ്പുകൾക്കും നമ്മുടെ ചിന്തകൾക്കും പ്രവൃത്തികൾക്കുമിടയിൽ കടന്ന് കയറുന്നത് മനുഷ്യചാഞ്ചല്യമാണ്. പ്രയാസങ്ങൾ നേരിടുന്നതിൽ നാമെത്ര ദുർബലരാണെന്ന് മനസ്സിലാക്കുമ്പോൾ, പ്രയാസങ്ങൾ രാക്ഷസന്മാരും നാം വെറും വിട്ടിലുകളും ആവുകയും, ദൈവം ഇല്ല എന്ന് നമുക്ക് തോന്നുകയും ചെയ്യുന്നു. അപ്പോൾ 'ഞാൻ ഒരുനാളും നിങ്ങളെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല' എന്ന ദൈവത്തിന്റെ ഉറപ്പ് ഓർമ്മിക്കുക. ദൈവത്തിന്റെ ശ്രുതിവാക്കുകൾ കേട്ട ശേഷം പാട്ടുകൾ പാടാൻ നാം പഠിച്ചിരിക്കുന്നുവോ? ''കർത്താവെനിക്ക് തുണ'' എന്ന് പറയുവാനുള്ള ധൈര്യത്താൽ നാം നിരന്തരം നിറയുന്നുവോ? അതോ നാം ഭയത്തിന് കീഴടങ്ങുകയാണോ?

**ജൂൺ 6**

# ദൈവം ഉള്ളിൽ ചെയ്യുന്നത് നാം പുറമേ തെളിയിക്കണം

**''അതുകൊണ്ട് പ്രിയമുള്ളവരേ, നിങ്ങൾ ............ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ. ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്'' (ഫിലിപ്പിയർ 2:12–13).**

നിങ്ങളുടെ ഇച്ഛാശക്തി ദൈവത്തോട് യോജിക്കുന്നു, എന്നാൽ നിങ്ങളുടെ കർത്തവ്യത്തിൽ നിന്നു നിങ്ങളെ പിന്തിരിപ്പിക്കുന്ന ഒരു പ്രകൃതം നിങ്ങളുടെ ജഡത്തിലുണ്ട്. കർത്താവ് നമ്മുടെ മനസ്സാക്ഷിയുമായി സമ്പർക്കത്തിലായാൽ, നമ്മുടെ ഇച്ഛയെ ഉണർത്തുകയാണ് മനസ്സാക്ഷി ആദ്യം ചെയ്യുന്നത്; ആ ഇച്ഛ ദൈവവുമായി യോജിക്കുകയും ചെയ്യുന്നു. എങ്കിലും നിങ്ങൾ പറയും ''എന്റെ ഇച്ഛ ദൈവവുമായി യോജിപ്പിലാണ് എന്ന് എനിക്കറിയില്ല''. എപ്പോഴും യേശുവിനെ നോക്കി നിന്റെ ഇച്ഛ ദൈവവുമായി യോജിപ്പിലാണോ എന്നു പരിശോധിക്കുക. എന്റെ ഇച്ഛ ദൈവവുമായി യോജിപ്പിലാണെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. ഞാൻ ഇത് അനുസരിക്കുകയില്ല എന്ന് നിങ്ങളെക്കൊണ്ട് പറയിക്കുന്നത്, നിങ്ങളുടെ ഇച്ഛയെക്കാൾ ആഴം കുറഞ്ഞ എന്തോ ഒന്നാണ്. പാപമല്ല, ഇച്ഛയാണ് മനുഷ്യനിലെ ആഴമേറിയ കാര്യം. ദൈവത്തിന്റെ മനുഷ്യസൃഷ്ടിയിലെ ഏറ്റവും അടിസ്ഥാനഘടകം മനുഷ്യന്റെ ഇച്ഛയാണ്. മനുഷ്യരിൽ കടന്നുകൂടിയ ഒരു തലതിരിഞ്ഞ മനോഭാവമാണ് പാപം.

വീണ്ടും ജനിച്ച ഒരു മനുഷ്യനിൽ ഇച്ഛയുടെ ഉറവിടം സർവശക്തനായ ദൈവമാണ്. ''ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും ദൈവമല്ലോ''. ദൈവത്തിന്റെ മനുഷ്യസൃഷ്ടിയിൽ ഇച്ഛ ഒരടിസ്ഥാനഘടകമത്രെ. ഏകാഗ്രതയോടും കരുതലോടും കൂടി നിങ്ങൾ പ്രവർത്തിക്കുക, നിങ്ങൾ സ്വയം നിങ്ങളിൽ രക്ഷ നിവർത്തിക്കുകയല്ല, അതിനായി പ്രവർത്തിക്കുകയാണ് വേണ്ടത്; അങ്ങനെ, കർത്താവിലുള്ള പൂർണ്ണ രക്ഷയിൽ അചഞ്ചലവും, ദൃഢവുമായ വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ജീവിതത്തെ നിങ്ങൾ വെളിപ്പെടുത്തണം. ഇങ്ങനെ നിങ്ങൾ ചെയ്യുമ്പോൾ ദൈവേച്ഛയ്ക്ക് വിരുദ്ധമായ ഒരിച്ഛയെയല്ല ദൈവത്തിന്റെ ഇച്ഛയായ നിങ്ങളുടെ ഇച്ഛയെയാണ് നിങ്ങൾ മുന്നോട്ട് വെയ്ക്കുന്നത്; നിങ്ങളുടെ എല്ലാ സ്വാഭാവിക തീരുമാനങ്ങളും ദൈവേച്ഛയുടെ വഴിയിലാകും; ആ ജീവിതം നിങ്ങളുടെ ശ്വാസോച്ഛ്വാസം പോലെ സ്വാഭാവികമാകും. തന്നിഷ്ടം വിവേക ശൂന്യതയിൽ നിന്നുളവാകുന്ന ഒരു വേലിക്കെട്ടാണ്. അത് ഉള്ളിലേക്ക് വരുന്ന വെളിച്ചത്തെ തടയുന്നു. അതിനെ തകർക്കാൻ വെടിമരുന്ന് വേണം. ആ വെടിമരുന്ന് പരിശുദ്ധാത്മാവിനോടുള്ള അനുസരണമാണ്.

''എന്റെ ഇച്ഛയുടെ സ്രോതസ്സ് സർവശക്തനായ ദൈവമാണെന്ന് ഞാൻ വിശ്വസിക്കുന്നുണ്ടോ? തന്റെ ഇച്ഛ ഞാൻ ചെയ്യണമെന്ന് ആഗ്രഹിക്കുകമാത്രമല്ല ദൈവം ചെയ്യുന്നത്; അത് ചെയ്യാൻ ദൈവം എന്നിൽ ഉണ്ട്''.

## ജൂൺ 7

# ശക്തിയുടെ ഏറ്റവും വലിയ സ്രോതസ്സ്

**''നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തു തരും'' യോഹന്നാൻ 14 :13**

ആത്മാവിൽ മദ്ധ്യസ്ഥ പ്രാർത്ഥന എന്ന ശുശ്രൂഷ ഞാൻ നിർവഹിക്കുന്നുണ്ടോ? യഥാർത്ഥ മധ്യസ്ഥപ്രാർത്ഥനയിൽ, ചതിവിന്റെയോ അഹങ്കാരത്തിന്റെയോ ആയ യാതൊരു കെണിയും ഇല്ല. പിതാവ് മഹത്വീകരിക്കപ്പെടുന്നു എന്ന അദൃശ്യശുശ്രൂഷയുടെ ഫലമുളവാക്കുന്ന ഒരു ശുശ്രൂഷയാണിത്. ഞാനെന്റെ ആത്മീയജീവിതം പാഴാക്കിക്കളയുവാൻ അനുവദിക്കുകയാണോ? അതോ നമ്മുടെ കർത്താവ് നല്കുന്ന പാപപരിഹാരം എന്ന ഒരൊറ്റ കേന്ദ്രബിന്ദുവിലേക്ക് സർവ്വതും കൊണ്ടുവരുകയാണോ? എന്റെ ജീവിതത്തിലെ ഓരോ താല്പര്യത്തെയും യേശുക്രിസ്തു കൂടുതൽ കൂടുതൽ അടക്കിഭരിക്കുന്നുവോ? കർത്താവ് നല്കുന്ന പാപമോചനമാണ് എന്റെ ജീവിതത്തിലെ കേന്ദ്രബിന്ദുവെങ്കിൽ, ഏറ്റവും ശക്തമായ സ്വാധീനമെങ്കിൽ, എന്റെ ജീവിതത്തിലെ ഓരോ കാര്യവും അവന് വേണ്ടി ഫലം കായ്ക്കും.

ശക്തിയുടെ ഈ കേന്ദ്രബിന്ദു എന്തെന്ന് മനസ്സിലാക്കാൻ ഞാൻ സമയമെടുക്കണം. ഈ ബിന്ദുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ എന്റെ ജീവിതത്തിലെ ഓരോ മണിക്കൂറിൽ നിന്നും ഒരു നിമിഷം ഞാൻ നല്കുമോ? 'നിങ്ങൾ എന്നിൽ വസിച്ചാൽ' – അതായതു ആ കേന്ദ്ര ബിന്ദുവിൽ നിന്നുകൊണ്ട് നിങ്ങൾ പ്രവർത്തിക്കുകയും ചിന്തിക്കുകയും പണിയെടുക്കുകയും ചെയ്താൽ ''നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും ഞാൻ നിങ്ങൾക്ക് ചെയ്തു തരും'' എന്ന് യേശു പറയുന്നു (യോഹ. 15:7). ഞാൻ അവനിൽ വസിക്കുന്നുണ്ടോ? വസിക്കുവാൻ താമസം വരുത്തുകയാണോ? എന്റെ ജീവിതത്തിന്റെ ശക്തിയുടെ ഏറ്റവും വലിയ സ്രോതസ്സ് എന്താണ്? അത് ജോലിയാണോ, സേവനമാണോ, മറ്റുള്ളവർക്ക് വേണ്ടി ത്യാഗം ചെയ്യുന്നതോ അതോ ദൈവത്തിനായി ശുശ്രൂഷ ചെയ്യാൻ ശ്രമിക്കുന്നതോ? ഇതൊന്നുമല്ല, എന്റെ ജീവിതത്തിൽ ഏറ്റവും വലിയ ശക്തിചെലുത്തേണ്ടത്, കർത്താവിന്റെ പാപപരിഹാരമാണ്. നാമേറ്റവും കൂടുതൽ സമയം ചെലവഴിക്കുന്ന കാര്യമല്ല നമ്മെ രൂപപ്പെടുത്തുന്നത്. ഏറ്റവും ശക്തി ചെലുത്തുന്നതാണ് ഏറ്റവും വലിയ ഘടകം. യേശുക്രിസ്തുവിന്റെ ക്രൂശിലൂടെയുള്ള പാപമോചനത്തിൽ നമ്മുടെ ആഗ്രഹങ്ങളെയും താല്പര്യങ്ങളെയും ഒതുക്കാനും കേന്ദ്രീകരിക്കാനും നാം ദൃഢനിശ്ചയം ചെയ്യണം.

നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും. യേശുവിൽ വസിക്കുന്ന ശിഷ്യൻ 'ദൈവഹിതം' ആകുന്നു. അവന്റെ സ്വതന്ത്രമായ തെരഞ്ഞെടുപ്പുകളോ തീരുമാനങ്ങളോ ആയി കാണപ്പെടുന്നതൊക്കെയും ദൈവത്തിന്റെ മുൻനിശ്ചിത നിയോഗങ്ങളാണ്. ഇത് നിഗൂഢമായതാണോ? ഇത് യുക്തിക്ക് വിപരീതമായ അബദ്ധമാണോ? അതേ. എന്നാൽ ദൈവത്തിന്റെ ഒരു വിശുദ്ധന് ഇതെത്രയോ മഹത്വമേറിയ സത്യമാണ്!

## ജൂൺ 8

# ഇനി എന്ത് ചെയ്യണം?

**''ഇത് നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ'' (യോഹന്നാൻ 13 :17).**

നിങ്ങളെ ബന്ധിച്ചിരിക്കുന്ന കെട്ടുകൾ നിങ്ങൾ മുറിച്ച് വിടുന്നില്ലെങ്കിൽ ഒരു കൊടുങ്കാറ്റിനാൽ ദൈവം അവയെ പൊട്ടിക്കുകയും നിങ്ങളെ കടലിലേക്ക് അയക്കുകയും ചെയ്യും. ദൈവോദ്ദേശ്യത്തിന്റെ വലിയ തിരയിൽ കടലിലേയ്ക്കിറങ്ങുകയും, ദൈവത്തിന്മേൽ നിങ്ങളുടെ ജീവിതത്തിലുള്ള സർവ്വതിനെയും ഒഴുക്കുകയും ചെയ്യുക, നിങ്ങളുടെ കണ്ണുകൾ തുറന്നു കിട്ടും. യേശുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾ തുറമുഖത്ത് ബന്ധിതനായി കഴിയരുത്. ദൈവത്തിന്റെ ആഴങ്ങളിലേയ്ക്കിറങ്ങി നിങ്ങളെത്തന്നേ അറിയുകയും ആത്മീയ ഉൾക്കാഴ്ചകൾ നേടുകയും വേണം.

കർത്തവ്യം തിരിച്ചറിഞ്ഞ് നിറവേറ്റുമ്പോൾ നിങ്ങൾ കൂടുതൽ അറിയുന്നു. ആത്മീയമായി നിങ്ങൾ അലസതയിലോ മാന്ദ്യത്തിലോ ആകുകയാണെങ്കിൽ അതെപ്പോഴാണ് സംഭവിച്ചതെന്ന് ഒന്ന് പരിശോധിച്ച് നോക്കുക. കർത്തവ്യബോധത്തോടൊപ്പം ദൈവത്തിന്റെ ആഹ്വാനം കൂടിയുണ്ട് എന്നുള്ള സത്യം ഓർക്കണം. ഇപ്പോൾ നിങ്ങൾക്ക് യാതൊന്നും മനസ്സിലാക്കാനും തിരിച്ചറിയാനും കഴിയുന്നില്ല. ഒരു പ്രതിസന്ധിയുടെ സമയത്ത് നിങ്ങൾ ആത്മീയമായി സ്വയം നിയന്ത്രണത്തിലാകുന്നതിന് പകരം ആത്മീയമായി ശ്രദ്ധ ചിതറിയ അവസ്ഥയിലാകുന്നു. കൂടുതൽ കൂടുതൽ പഠിക്കാനും അറിയാനും വിസമ്മതിക്കുന്നത് അപകടകരമായ ഒരു കാര്യമത്രേ.

ത്യാഗത്തിനുള്ള അവസരങ്ങൾ സ്വയം സൃഷ്ടിക്കുന്ന ഒരു പ്രവണതയുണ്ട്; അതു ശരിയായ അനുസരണമല്ല. അവിടെ നിങ്ങളുടെ അമിത ഉത്സാഹം വിവേചനശക്തിയായി തെറ്റിദ്ധരിക്കപ്പെടുന്നു. നിങ്ങളുടെ ആത്മീയ നിയോഗം പൂർത്തീകരിക്കുന്നതിനേക്കാൾ എളുപ്പമാണ് സ്വയം ത്യജിക്കൽ. ''നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ''. ''ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും, പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ'' എന്ന് റോമർക്കെഴുതിയ ലേഖനത്തിൽ പറയുന്നു (റോമർ. 12:12). ആത്മത്യാഗത്തിന്റെ മഹാപ്രവൃത്തികൾ ചെയ്യുന്നതിനെക്കാൾ നല്ലത് ദൈവഹിതം തിരിച്ചറിഞ്ഞ് നിങ്ങളെക്കുറിച്ചുള്ള ദൈവോദ്ദേശ്യം പൂർത്തീകരിക്കുകയാണ്. ''ഇതാ അനുസരിക്കുന്നത് യാഗത്തെക്കാളും, ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്''. നിങ്ങൾ ഒരിക്കലും ആയിരുന്നിട്ടില്ലാത്ത ഒന്നാകാൻ ദൈവം ആഗ്രഹിക്കുമ്പോൾ, ഒരിക്കൽ നിങ്ങൾ എന്തായിരുന്നുവോ അതിലേയ്ക്ക് തിരിച്ച് പോകുകയോ അതിൽ ശ്രദ്ധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊൾക. അവന്റെ ഇഷ്ടം ചെയ്യാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നറിയും (യോഹ. 7:17).

## ജൂൺ 9

# ഇനി ചെയ്യാനുള്ള ഏറ്റവും നല്ല കാര്യം

**''യാചിക്കുന്ന ഏവനും ലഭിക്കുന്നു''. ലൂക്കോസ് 11:10**

ഒരു കാര്യം ചോദിക്കുന്നതിനെക്കാൾ – യാചിക്കുന്നതിനെക്കാൾ–പ്രയാസമായി മറ്റൊന്നുമില്ല. നാം ആഗ്രഹിക്കുകയും, മോഹിക്കുകയും മനസ്സുകൊണ്ട് കേഴുകയുമൊക്കെ ചെയ്യും. എന്നാൽ അങ്ങേയറ്റത്തെത്തിയിട്ടല്ലാതെ നാം ചോദിക്കുകയില്ല. നിങ്ങളുടെ ആത്മീയ അപര്യാപ്തതയുടെയും ദാരിദ്ര്യത്തിന്റെയും ആഴത്തിൽ നിന്ന് നിങ്ങളെന്നെങ്കിലും യാചിച്ചിട്ടുണ്ടോ? ''നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാണെങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോട് യാചിക്ക''(യാക്കോബ് 1:5). എന്നാൽ യാചിക്കും മുമ്പ്, നിങ്ങൾക്ക് തോന്നുമ്പോൾ, നിങ്ങളെ ആത്മീയ ഉണർവ്വിൽ എത്തിക്കാൻ കഴിയുകയില്ല. ആത്മീയമായി ഉണർന്ന അവസ്ഥയിലല്ല നിങ്ങളെങ്കിൽ ഇനി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും നല്ല കാര്യം യേശുക്രിസ്തുവിന്റെ വാക്കിൽ, ദൈവത്തോട് പരിശുദ്ധാത്മാവിനായി യാചിക്കുകയാണ് .... സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ കൊടുക്കും (ലൂക്കോസ് 11:13). യേശുക്രിസ്തു നിങ്ങക്ക് വേണ്ടി ചെയ്തതെല്ലാം നിങ്ങളുടെ ജീവിതത്തിൽ യഥാർത്ഥമാക്കുന്നത് പരിശുദ്ധാത്മാവാണ്.

''നിങ്ങളിൽ ഒരുത്തന് ജ്ഞാനം കുറവാകുന്നുവെങ്കിൽ ....................'' നിങ്ങൾക്ക് ജ്ഞാനം കുറവാകുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ, നിങ്ങൾ ആത്മീയ യാഥാർത്ഥ്യവുമായി സമ്പർക്കത്തിലായിരിക്കുന്നു. ഇനിയും നിങ്ങൾ യുക്തിയുടെ കണ്ണട ധരിക്കരുത്. ലളിതമായി സുവിശേഷം പറയാൻ ചില ആളുകൾ നമ്മോട് പറയും. പക്ഷേ, ഞങ്ങൾ വിശുദ്ധരായിരിക്കാൻ പറയരുത്. കാരണം അത് ഞങ്ങളിൽ ഒരുതരം ദാരിദ്ര്യബോധം സൃഷ്ടിക്കുന്നു. ഇംഗ്ലീഷിലെ മസെ ചോദിക്കുക എന്ന വാക്കിന് യാചിക്കുക എന്നാണർത്ഥം. തങ്ങളുടെ ദാരിദ്ര്യത്തെക്കുറിച്ച് തൃപ്തരാകും വിധം ചില ആളുകൾ തീർത്തും 'ദരിദ്ര'രാണ്; ഏതോ ഒരു ഫലം ആഗ്രഹിച്ച് യാചിച്ചാൽ നിങ്ങൾക്കൊരിക്കലും ലഭിക്കുകയില്ല. കാരണം അപ്പോൾ നാം ചോദിക്കുന്നത് നമ്മുടെ അത്യാർത്തിയിൽ നിന്നാണ്, ദാരിദ്ര്യത്തിൽ നിന്നല്ല. പാടേ ദരിദ്രനായ ഒരാൾ ചോദിക്കുമ്പോൾ തന്റെ ദാരിദ്ര്യത്തിന്റെ നിസ്സഹായാവസ്ഥ മാത്രമാണ് കാരണം.

അയാൾക്ക് യാചിക്കുന്നതിൽ മാനക്കേടില്ല. ''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ''(മത്തായി 5:3).

## ജൂൺ 10

# ഇനി ചെയ്യാനുള്ള ഏറ്റവും നല്ല കാര്യം

**''അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും'' ലൂക്കോസ് 11:9**

''നിങ്ങൾ യാചിക്കുന്നുവെങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല''. ദൈവത്തിൽനിന്ന് തേടുന്നതിന് പകരം ജീവിതത്തിൽ നിന്ന് തേടുന്നതുകൊണ്ടാണ് നിങ്ങൾ ചോദിക്കുന്നത്. സ്വയം പൂർത്തീകരിക്കാൻ നിങ്ങൾ എത്ര ശ്രമിക്കുന്നുവോ അത്രത്തോളം നിങ്ങൾ ദൈവത്തെ തേടുന്നത് കുറയും. 'അന്വേഷിപ്പിൻ, കണ്ടെത്തും' ശ്രമിച്ച് തുടങ്ങുക. ഈ ഒരൊറ്റ കാര്യത്തിൽ നിങ്ങളുടെ എല്ലാ ശ്രദ്ധയും കേന്ദ്രീകരിക്കുക. നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്നെങ്കിലും ദൈവത്തെ തേടിയിട്ടുണ്ടോ? അതോ വൈകാരികമായി വേദനാജനകമായ ഒരു അനുഭവത്തിന് ശേഷം വെറുതെ ദൈവത്തിന്റെ മുമ്പിൽ ഒന്ന് ചിണുങ്ങിയിട്ടേയുള്ളോ?

'അല്ലയോ ദാഹിക്കുന്ന ഏവരും ..... വെള്ളത്തിന് വരുവിൻ' നിങ്ങൾക്ക് ദാഹിക്കുന്നുണ്ടോ? അതോ നിങ്ങൾ സ്വയം സംതൃപ്തിയടഞ്ഞവനോ? താൽപര്യശൂന്യനോ? ദൈവത്തിൽ നിന്ന് ഇനി കൂടുതലൊന്നും വേണ്ടാത്ത വിധം സ്വന്തം അനുഭവത്തിൽ തൃപ്തനാണോ നിങ്ങൾ? അനുഭവം എന്നത് ഒരു പ്രവേശനകവാടമാണ്. അത് ഒരു ലക്ഷ്യമല്ല. അനുഭവത്തിന്മേൽ നിങ്ങളുടെ വിശ്വാസം പടുത്തുയർത്തുന്നത് സൂക്ഷിച്ച് കൊൾക. അങ്ങനെ ചെയ്താൽ നിങ്ങളുടെ ജീവിതത്തിൽ നിന്ന് മുഴങ്ങുന്നത് സത്യമായ നാദമായിരിക്കുകയില്ല; ഒരു വിമർശനഭാവത്തിന്റെ മണിനാദം മാത്രമായിരിക്കും അവിടെ നിന്ന് കേൾക്കുക. നിങ്ങൾ കണ്ടെത്തിയത് മറ്റൊരാൾക്ക് കൊടുക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. അയാളെ വെറുതെ അതിനായി മോഹിപ്പിക്കാനേ കഴിയൂ.

'മുട്ടുവിൻ, എന്നാൽ നിങ്ങൾക്ക് തുറക്കും' ദൈവത്തോട് അടുത്ത് ചെല്ലുവിൻ, വാതിൽ അടച്ചിരിക്കുന്നു. മുട്ടുന്നതിനൊപ്പം നിങ്ങളുടെ ഹൃദയം വേഗം മിടിക്കുന്നു. 'കൈകളെ വെടിപ്പാക്കുവിൻ' ഇനിയും ഉച്ചത്തിൽ മുട്ടുക, നിങ്ങൾ വെടിപ്പില്ലാത്തവനെന്ന് സ്വയം അറിയുന്നു. ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ, ഇപ്പോൾ അത് കുറേക്കൂടി വ്യക്തിപരമാകുന്നു. നിങ്ങൾ പാടേ നിരാശനും എന്നാൽ ഗൗരവബോധമുള്ളവനുമാണിപ്പോൾ. എന്തും നിങ്ങൾ ചെയ്യും. 'സങ്കടപ്പെട്ട് ദുഃഖിച്ച് കരയുവിൻ'. നിങ്ങളുടെ ആന്തരിക ജീവിതത്തിന്റെ അവസ്ഥയെക്കുറിച്ച് എന്നെങ്കിലും, നിങ്ങൾ ദൈവമുമ്പാകെ ദുഃഖിച്ച് കരഞ്ഞിട്ടുണ്ടോ? ഇപ്പോൾ നിങ്ങൾ ഏത് തരത്തിലൊരു ആളാണെന്നതിനെക്കുറിച്ച് ഹൃദയം പിളരുന്ന പ്രയാസവും അമ്പരപ്പുമാണ് നിങ്ങൾക്ക്. സ്വയം സഹതാപത്തിന്റെ അല്പംപോലും അവശേഷിച്ചിട്ടില്ല. കർത്താവിന്റെ സന്നിധിയിൽ താഴുവിൻ. ദൈവത്തിന്റെ വാതിലിൽ മുട്ടുന്നത് നമ്മെ താഴ്ത്തുന്ന ഒരനുഭവമാണ്. ക്രൂശിൽ തറയ്ക്കപ്പെട്ട കള്ളനോടൊപ്പമാണ് നിങ്ങൾ മുട്ടുന്നത്; 'മുട്ടുന്നവന് തുറക്കും'.

## ജൂൺ 11

# അവിടെയെത്തുക

**'എല്ലാവരും എന്റെ അടുക്കൽ വരുവിൻ' (മത്തായി 11:28).**

''എവിടെ പാപവും സങ്കടങ്ങളും അവസാനിക്കുകയും വിശുദ്ധന്മാർ പാടാൻ തുടങ്ങുകയും ചെയ്യുന്നുവോ ....'', അവിടെ എനിക്ക് എത്തണമെന്നുണ്ടോ? എനിക്കിപ്പോൾ അതിന് കഴിയും. ജീവിതത്തിൽ സാരമായ, കാര്യഗൗരവമേറിയ കുറച്ച് ചോദ്യങ്ങളേയുള്ളൂ; അതിനെല്ലാം 'എന്റെ അടുക്കൽ വരുവിൻ' എന്ന വാക്കുകൾ കൊണ്ട് ഉത്തരം പറയാം. 'ഇത് ചെയ്യ്, അത് ചെയ്യരുത് ' എന്നല്ല ''എന്റെ അടുക്കൽ വരുവിൻ'' എന്നാണ് കർത്താവ് പറയുന്നത്. ഞാൻ വെറുതെ യേശുവിന്റെ അടുക്കൽ വന്നാൽ, എന്റെ യഥാർത്ഥ ജീവിതം എന്റെ യഥാർത്ഥ ആഗ്രഹങ്ങൾക്കനുസരിച്ചാകും. ഞാൻ പാപം ചെയ്യുന്നത് നിർത്തുകയും കർത്താവിന്റെ പാട്ട് എന്റെ ജീവിതത്തിൽ തുടങ്ങുന്നത് കാണുകയും ചെയ്യും.

നിങ്ങൾ എന്നെങ്കിലും യേശുവിന്റെ അടുക്കൽ വന്നിട്ടുണ്ടോ? നിങ്ങളുടെ ഹൃദയത്തിന്റെ പിടിവാശി ശ്രദ്ധിക്കുക. ശിശുസഹജമായ ഈ ഒരു കാര്യം – എന്റെ അടുക്കൽ വരുവിൻ – ഒഴികെ ബാക്കിയെല്ലാം നിങ്ങൾ ചെയ്യും. പാപം ചെയ്യുന്നത് നിർത്തുക എന്ന യഥാർത്ഥ അനുഭവം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ യേശുവിലേയ്ക്ക് വരണം.

യേശുക്രിസ്തു സ്വയം അവനെത്തന്നേ, നിങ്ങളുടെ ആത്മാർത്ഥതയുടെ ഉരകല്ലാക്കുന്നു. വരുക എന്ന വാക്ക് അവൻ എങ്ങനെയാണുപയോഗിച്ചിരിക്കുന്നതെന്ന് നോക്കുക. നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും അപ്രതീക്ഷിത നിമിഷങ്ങളിൽ ''എന്റെ അടുക്കൽ വരുവിൻ'' എന്ന് കർത്താവ് മന്ത്രിക്കുന്നത് നിങ്ങൾ കേൾക്കുന്നു, അപ്പോൾത്തന്നേ നിങ്ങൾ അവനിലേക്ക് വലിച്ചടുപ്പിക്കപ്പെടുന്നു. യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ സമ്പർക്കം സർവ്വതിനെയും മാറ്റുന്നു. അവന്റെ അടുക്കലേക്ക് വരുവാനും അവന് നിങ്ങളെത്തന്നേ സമർപ്പിക്കുവാനും മാത്രം നിങ്ങളൊരു 'മണ്ടനാകുക'. സർവ്വതിനെയും വിട്ടുകളഞ്ഞ്, എല്ലാം മനഃപൂർവ്വം അവന് സമർപ്പിക്കുന്ന ഇച്ഛാശക്തിയാണ് ഈ വരവിന്റെ പിന്നിലെ മനോഭാവം.

'ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും' അതായത് ''ഞാൻ നിങ്ങളെ താങ്ങും. നിങ്ങളെ കട്ടിലിൽക്കിടത്തി, കൈ പിടിച്ച് അടുത്തിരുന്ന് പാട്ടുപാടി ഉറക്കും'' എന്നല്ല അവൻ പറയുന്നതിന്റെ സാരാംശം ''ഞാൻ നിങ്ങളെ, ജീവിച്ചിരിക്കുമ്പോൾതന്നേ പാതി മരിച്ച, തളർച്ചയുടെയും ഉന്മേഷക്കുറവിന്റെയും അവസ്ഥയിൽ നിന്ന്, നിങ്ങളുടെ കിടക്കയിൽ നിന്ന് പുറത്ത് കൊണ്ടുവരും'' എന്നാണ്. 'ജീവ ചൈതന്യത്താൽ ഞാൻ നിങ്ങളുടെയുള്ളിൽ കടക്കും, ഓജസ്സുറ്റ പ്രവർത്തനങ്ങളാൽ നിങ്ങളെ ഞാൻ താങ്ങും' എന്നിട്ടും, നാം ദുർബ്ബലരും ദയനീയരുമാകുകയും കർത്താവിന്റെ ഹിതം സഹിക്കുന്നതിനെക്കുറിച്ച് പറയുകയും ചെയ്യുന്നു. അങ്ങനെ ദൈവപുത്രന്റെ ഗംഭീരമായ ഓജസ്സും ശക്തിയും മറന്നുകളയുന്നു.

## ജൂൺ 12

# അവിടെയെത്തുക

**''അവർ ....... നീ എവിടെ പാർക്കുന്നു എന്ന് ചോദിച്ചു. അവൻ അവരോട് വന്ന് കാണ്മിൻ എന്ന് പറഞ്ഞു'' (യോഹന്നാൻ 1:39).**

നമ്മുടെ സ്വാർത്ഥതാല്പര്യം ഉറങ്ങുകയും, യഥാർത്ഥതാല്പര്യം ഉണർത്തപ്പെടുകയും ചെയ്യുന്നിടത്ത്:

അവർ അന്ന് അവനോടു കൂടെ പാർത്തു. ഇതാണ് നമ്മിൽ ചിലർ എപ്പോഴും ചെയ്യാറുള്ളത്. ആ ദിവസം അവനോടു കൂടെ പാർക്കുന്നു, പിന്നെ നാം ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് ഉണരുന്നു; നമ്മുടെ സ്വാർത്ഥതാല്പര്യങ്ങൾ ഉയരുന്നു; നിത്യമായതാകട്ടെ കടന്നുപോകുകയും ചെയ്യുന്നു. എന്നാൽ യേശുവിനോടൊത്ത് വസിക്കാനാകാത്ത ഒരു ജീവിതാവസ്ഥയും നമുക്കില്ല.

''നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു. നിനക്ക് കേഫാ എന്ന് പേരാകും''. അഹങ്കാരവും സ്വാർത്ഥതാല്പര്യവും സ്വയം സംതൃപ്തിയും ജീവിതത്തിൽ നിന്ന് തുടച്ച് നീക്കുന്നുവെങ്കിൽ മാത്രമേ ദൈവം നമ്മുടെ പുതിയ പേരുകൾ എഴുതുകയുള്ളൂ. ചിലർക്ക് ''ആത്മീയ അഞ്ചാം പനി'' പിടിക്കും. ദേഹത്തെ തടിപ്പുകൾ പോലെ അവിടെയുമിവിടെയും മാത്രമേ നമ്മുടെ പുതിയ പേരുകൾ എഴുതപ്പെടൂ. ജീവിതത്തിലെ ചില മേഖലകളിൽ നാം ഒരു കുഴപ്പവുമില്ലാത്തവരായി കാണപ്പെടുന്നു. ജീവിതത്തിലെ ഏറ്റവും നല്ല ആത്മീയ ഭാവത്തിലിരിക്കുമ്പോൾ നാം ഉന്നതഗുണങ്ങളുള്ള വിശുദ്ധരാണെന്ന് നാം വിചാരിക്കുന്നു. എന്നാൽ ആ ഭാവത്തിലല്ലാത്തപ്പോൾ  നാം വിരൂപരാണ്. തന്നിലാകമാനം പുതിയ പേരെഴുതപ്പെട്ടവനാണ് ശിഷ്യൻ. അവനിലെ അഹങ്കാരവും സ്വാർത്ഥതാല്പര്യവും തൻപോരിമയും തുടച്ച് നീക്കപ്പെട്ടിരിക്കുന്നു.

അവനവനെത്തന്നേ ദൈവമാക്കുന്നതാണ് അഹങ്കാരം. നമ്മിൽ ചിലർ ഇത് ചെയ്യുന്നത്, ചുങ്കക്കാരനെപ്പോലെയാണ്, പരീശനെപ്പോലെയല്ല. മനുഷ്യാഹങ്കാരത്തിന്റെ മാനദണ്ഡത്തിൽ അയ്യോ ഞാനൊരു വിശുദ്ധനല്ല എന്ന് പറയുന്നത് സ്വീകാര്യമാണ്. എന്നാൽ അത് അബോധപൂർവ്വമായ ദൈവനിന്ദയാണ്.  മനുഷ്യന്റെ മുമ്പിലെ വിനയം ദൈവത്തിന്റെ മുന്നിൽ അബോധപൂർവ്വമായ നിന്ദയാണ്. താങ്കൾ എന്തുകൊണ്ടൊരു വിശുദ്ധനല്ല? ഒന്നുകിൽ നിങ്ങളൊരു വിശുദ്ധനാകാൻ ആഗ്രഹിക്കുന്നില്ല; അല്ലെങ്കിൽ നിങ്ങളെ ഒരു വിശുദ്ധനാക്കാൻ ദൈവത്തിന് കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ല. ദൈവം നിങ്ങളെ രക്ഷിച്ച് നേരെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയാൽ കുഴപ്പമില്ലെന്ന് നിങ്ങൾ പറഞ്ഞേക്കാം. ഇതു തന്നേ അവൻ ചെയ്യും. നാം അവനോടൊപ്പം വസിക്കുമെന്ന് മാത്രമല്ല, യേശു തന്നെയും തന്റെ പിതാവിനെയും കുറിച്ച് പറഞ്ഞതുപോലെ ''ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടു കൂടെ വാസം ചെയ്യും''. നിങ്ങളുടെ ജീവിതത്തിൽ ഒരു വ്യവസ്ഥയും വെക്കരുത്. യേശുവായിരിക്കട്ടെ നിങ്ങൾക്കെല്ലാമെല്ലാം. കുറച്ചു ദിവസത്തേക്കല്ലാ എന്നെന്നേക്കുമായി അവൻ നിങ്ങളെ അവൻ പാർക്കുന്നിടത്തേക്ക് കൊണ്ടുപോകും.

**ജൂൺ 13**

# അവിടെ എത്തുക

**''എന്നെ അനുഗമിപ്പിൻ'' (ലൂക്കോസ് 18:22).**

എവിടെ നമ്മുടെ വ്യക്തിപരമായ ആഗ്രഹങ്ങൾ മരിക്കുകയും വിശുദ്ധീകരിക്കപ്പെട്ടവരായി നാം നമ്മെ അർപ്പിക്കുകയും ചെയ്യുന്നുവോ അവിടെ അവനെ അനുഗമിക്കുക. നമ്മുടെ മാനസിക ഘടനയും പ്രത്യേക താൽപര്യങ്ങളും യേശുവിന് സ്വീകാര്യമല്ല എന്ന ചിന്ത നമ്മെ അവനിൽ നിന്ന് അകറ്റി നിർത്തുന്ന വലിയ ഒരു തടസ്സമാണ്. യേശുക്രിസ്തുവിലേയ്ക്ക് വരുമ്പോൾ നാം ആദ്യം മനസ്സിലാക്കുന്ന കാര്യം, നമ്മുടെ സ്വാഭാവികാഭിലാഷങ്ങളെന്ത് തന്നെയായാലും അവൻ അവയെ ശ്രദ്ധിക്കുന്നില്ല എന്നതാണ്. നമ്മുടെ നൽവരങ്ങളെ ദൈവത്തിന് സമർപ്പിക്കാം എന്നൊരാശയം നമുക്കുണ്ട്. എന്നാൽ നിങ്ങളുടേതല്ലാത്ത ഒന്നിനെ നിങ്ങൾക്ക് സമർപ്പിക്കാൻ കഴിയുകയില്ല. 'നിങ്ങൾക്ക് നിങ്ങളുടെ മേലുള്ള അവകാശം' അല്ലാതെ മറ്റൊന്നും ദൈവത്തിന് സമർപ്പിക്കാൻ കഴിയുകയില്ല. 'നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ'. നിങ്ങളുടെ മേൽ നിങ്ങൾക്കുള്ള അവകാശം ദൈവത്തിന് കൊടുത്താൽ നിങ്ങളിൽ ദൈവം ഒരു പരീക്ഷണം നടത്തും. ദൈവത്തിന്റെ പരീക്ഷണങ്ങൾ സദാ വിജയിക്കുന്നു. യേശുക്രിസ്തുവിലുള്ള സമർപ്പണത്തിൽ നിന്നുയരുന്ന ധാർമ്മിക ചൈതന്യമാണ് വിശുദ്ധനായ ഒരാളുടെ ഒരു അടയാളം. ഒരു വിശുദ്ധന്റെ ജീവിതത്തിൽ എന്നെന്നും, തനതായ ജീവന്റെ ഈ ഉറവയുണ്ട്. സദാ പുതുമയോടെ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു ജീവജല സ്ത്രോതസ്സാണ് ദൈവാത്മാവ്. ദൈവമാണ് പരിത:സ്ഥിതികളെ സംവിധാനം ചെയ്യുന്നതെന്ന് ഒരു വിശുദ്ധൻ മനസ്സിലാക്കുന്നു. തൽഫലമായി യാതൊരു തടസ്സവുമില്ലാതെ ആ ജീവിതം യേശുവിന് സമർപ്പിതമായിരിക്കുന്നു. അവിടെ പരാതികളില്ല. നിങ്ങളുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കി പ്രമാണങ്ങൾ ഉണ്ടാക്കരുത്. നിങ്ങളോടെന്നപോലെ മറ്റുള്ളവരോടും തന്റെ തനിമയിൽ, സൃഷ്ടിപരമായ രീതിയിൽ പ്രവർത്തിക്കാൻ ദൈവത്തെ അനുവദിക്ക.

നിങ്ങൾ നിങ്ങളെത്തന്നേ യേശുവിന് സമർപ്പിക്കുകയും, അവൻ 'വരുക' എന്ന് പറയുമ്പോൾ അവന്റെ അടുത്തേക്ക് ചെല്ലുകയും ചെയ്താൽ 'വരുക' എന്ന് അവൻ നിങ്ങളെ വിളിച്ചുകൊണ്ടിരിക്കും. യേശുക്രിസ്തുവിന്റെ പ്രതിദ്ധ്വനിയായി നിങ്ങൾ ഈ ജീവിതത്തിലേക്ക് കടക്കും. യേശുവിന് സ്വയം സമർപ്പിച്ച് അവന്റെ അടുത്തേക്ക് ചെല്ലുന്ന ഓരോ ആത്മാവിലുമുണ്ടാകുന്ന ഫലം ഇതാണ്.

ഞാൻ യേശുവിന്റെ അടുത്തെത്തിയോ? ഞാൻ അവന്റെ അടുത്തേക്ക് പോകുമോ?

**ജൂൺ 14**

## ചലിച്ച് തുടങ്ങുക

**'എന്നിൽ വസിപ്പിൻ' (യോഹന്നാൻ 15:4).**

പാപ പരിഹാരത്താൽ യേശുവിന്റെ ആത്മാവ് എന്നിൽ നിക്ഷേപിച്ചിരിക്കുന്നു; അപ്പോൾ എന്റെ കർത്താവുമായി പൂർണ്ണ രഞ്ജിപ്പിൽ വരും വിധം എന്റെ ചിന്തകളെ ഞാൻ രൂപപ്പെടുത്തണം. അത് ഞാൻ സ്വയം ചെയ്യേണ്ടതാണ്. ക്രിസ്തുവിനോടുള്ള അനുസരണയുടെ നുകത്തിലേയ്ക്ക് എന്റെ ഓരോ ചിന്തയെയും ഞാൻ കൊണ്ടുവരണം 'എന്നിൽ വസിക്ക'. ഈ ജീവിതത്തെ ജീവിതമാക്കുന്ന സർവകാര്യങ്ങളിലും – ബൗദ്ധികമോ, സാമ്പത്തികമോ എന്തിലും – അവൻ എന്നിൽ വസിക്കണം. ഒരു മേഖലയിൽ മാത്രം ഒതുങ്ങി നില്ക്കുന്ന എന്തെങ്കിലും ഒന്നിനാൽ സൃഷ്ടിക്കപ്പെട്ടതല്ല നമ്മുടെ ജീവിതം.

'ഇതു ദൈവ സംസർഗ്ഗത്തെ തടയും' എന്ന് പറഞ്ഞുകൊണ്ട് എന്റെ ജീവിതത്തിൽ ചില കാര്യങ്ങൾ ചെയ്യുന്നതിൽ നിന്ന് ഞാൻ ദൈവത്തെ തടയുന്നുണ്ടോ? എന്ത് ധിക്കാരമാണത്! എന്റെ പരിതഃസ്ഥിതികൾ എന്താണെന്നത് സാരമില്ല. ഒരു പ്രാർത്ഥനാ സമ്മേളനത്തിലെന്നപോലെ ആ പരിതഃസ്ഥിതികളിലും ഞാൻ യേശുവിൽ വസിക്കുന്നു എന്ന് എനിക്കുറപ്പാക്കാം. ഞാൻ സ്വയം എന്റെ പരിതഃസ്ഥിതികളെ മാറ്റുകയും ക്രമീകരിക്കുകയും ചെയ്യേണ്ടതില്ല. നമ്മുടെ കർത്താവിന്റെ 'ഉള്ളിൽ വസിക്കൽ'ഠ. ഒരിക്കലും അവനെ അസ്വസ്ഥനാക്കുമായിരുന്നില്ല; കാരണം ശരീരത്തിൽ താനെവിടെയായിരുന്നാലും, ദൈവവുമായുള്ള സംസർഗ്ഗത്തിൽ അവനെപ്പോഴും സ്വസ്ഥനായിരുന്നു. അവൻ ഒരിക്കലും തന്റെ സാഹചര്യങ്ങൾ സ്വയം തെരഞ്ഞെടുത്തില്ല; എന്നാലോ തന്റെ പിതാവ് തനിക്കായി നിശ്ചയിച്ച കാര്യങ്ങൾക്കും പദ്ധതികൾക്കും അവൻ വിനയപൂർവ്വം സ്വയം സമർപ്പിച്ചു. നമ്മുടെ കർത്താവിന്റെ ജീവിതം എത്ര വിസ്മയകരമാം വിധം ശാന്തമായിരുന്നുവെന്ന് ചിന്തിച്ച് നോക്കുക. നമ്മുടെ ജീവിതത്തിലാകട്ടെ നാം ദൈവത്തെ ഒരു തരം പിരിമുറുക്കത്തിന്റെ, ആവേശത്തിന്റെ നിലയിൽ നിർത്തുന്നു. ക്രിസ്തുവിനോടുകൂടി ദൈവത്തിൽ മറഞ്ഞിരിക്കുന്ന ജീവിതത്തിന്റെ ശാന്തത നമ്മിൽ ഇല്ല.

യേശുവിൽ വസിക്കുന്നതിൽ നിന്ന് നിങ്ങളെ പുറത്താക്കുന്ന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുക. 'കർത്താവേ, ഒരു നിമിഷം എനിക്ക് ഇതാ, ഇതും കൂടി ചെയ്യാനുണ്ട്; ഇതൊന്ന് തീർന്ന് കഴിഞ്ഞാൽ, അല്ലെങ്കിൽ ഈയാഴ്ച കഴിഞ്ഞാൽ, പിന്നെ എനിക്ക് കുഴപ്പമില്ല. പിന്നെ ഞാൻ നിന്നിൽ വസിച്ചു കൊള്ളാം' എന്നാണ് നാം പറയുക. ഇപ്പോൾ ഈ നിമിഷം ചലിച്ച് തുടങ്ങുക. അവനിൽ വസിക്കുക എന്നത് നിങ്ങളിൽ അബോധപൂർവ്വമായ ഒരു ശീലമായിത്തീരും. നിങ്ങൾ നയിക്കപ്പെടുന്നതെവിടേക്കുമാകട്ടെ, യേശുവിൽ വസിക്കുമെന്ന് ദൃഢനിശ്ചയം ചെയ്യുക.

## ജൂൺ 15

# ചലിച്ച് തുടങ്ങുക

**'അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോട് വീര്യവും, വീര്യത്തോട് പരിജ്ഞാനവും ...' (2 പത്രൊസ് 1:15).**

നാം ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീർന്നിരിക്കുന്നുവെന്നും ദിവ്യസ്വഭാവം രൂപീകരിക്കുന്നതിൽ ഉത്സാഹിക്കണമെന്നുമാണ്, വിശുദ്ധനായ പത്രോസ് നമ്മെ ഉപദേശിക്കുന്നത്. ആ സ്വഭാവത്തിന്റെതായ എല്ലാം നാം നമ്മുടെ ജീവിതത്തോട് കൂട്ടിച്ചേർക്കണം. സ്വാഭാവികമായോ, അമാനുഷിക രീതിയിലോ ഒരാളിലും ജന്മനാ സ്വഭാവം ഉണ്ടാകുന്നില്ല. സ്വഭാവം വളർത്തിയെടുക്കേണ്ട ഒന്നാണ്. ശീലങ്ങളോടു കൂടിയുമല്ല നാം ജനിക്കുന്നത്. ദൈവം നമ്മിൽ വെക്കുന്ന പുതിയ ജീവന്റെ അടിസ്ഥാനത്തിൽ നാം ദിവ്യമായ ശീലങ്ങൾ വളർത്തിയെടുക്കണം. നമ്മുടെ സാധാരണ ജീവിതത്തിന്റെ നിത്യസത്തയിൽ അവന്റെ കൃപയുടെ അത്ഭുതം വെളിപ്പെടുത്തുന്നവരായി നാം കാണപ്പെടണം. നമ്മുടെ ആത്മീയ ജീവിതത്തിലെ വലിയ തടസ്സം നാം വലിയ കാര്യങ്ങൾ ചെയ്യാൻ നോക്കി നടക്കുന്നു എന്നതാണ്. എന്നാൽ യേശു 'എഴുന്നേറ്റ് വസ്ത്രം ഊരിവെച്ച് ഒരു തുവർത്ത് എടുത്തു അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി'.

സന്തോഷത്തിന്റെയും ഉത്സാഹത്തിന്റെയും പ്രകാശമില്ലാത്ത, ഈ എളിമയും സേവനസന്നദ്ധതയുമാണ് നമുക്കും വേണ്ടത്. വെറും നിത്യജീവിതകാര്യങ്ങൾ മാത്രമുള്ള കാലങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകും. നിത്യ ജീവിതവൃത്തം, നമുക്ക് ദൈവം നൽകുന്ന മഹാപ്രചോദന കാലങ്ങൾക്കിടയിലുള്ള സമയമത്രേ. ദൈവം സദാ നമുക്ക് അത്യുത്സാഹനിർഭരമായ നിമിഷങ്ങൾ തന്നുകൊണ്ടേയിരിക്കണമെന്ന് പ്രതീക്ഷിക്കരുത്; ദൈവത്തിന്റെ ശക്തിയാൽ വിരസമായ ജീവിത തലങ്ങളിൽ ജീവിക്കാൻ പഠിക്കുക.

ഇവിടെ പത്രോസ് ഉദ്ദേശിക്കുന്ന കൂട്ടിച്ചേർക്കലാണ് വിഷമമായ കാര്യം. ദൈവം നമ്മെ സുഖത്തിന്റെ പൂമെത്തയിൽ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുമെന്ന് നാം പ്രതീക്ഷിക്കുന്നില്ല എന്ന് നാം പറയാറുണ്ട്. എന്നാൽ അങ്ങനെയാണെന്ന മട്ടിലാണ് നാം പ്രവർത്തിക്കുന്നത്. ജീവിതത്തിലെ ഏറ്റവും ചെറിയ ഒരു കാര്യത്തിൽപ്പോലുമുള്ള നമ്മുടെ അനുസരണയുടെ പിന്നിൽ ദൈവകൃപയുടെ സർവശക്തിയുണ്ടെന്ന് നാം മനസ്സിലാക്കണം. ഞാനെന്റെ കർത്തവ്യം നിർവഹിക്കുന്നുവെങ്കിൽ, അത് കർത്തവ്യത്തിനായിട്ടായിരിക്കരുത്; ദൈവം എന്റെ ജീവിത പരിതഃസ്ഥിതികളെ രൂപകല്പന ചെയ്തുകൊണ്ടിരിക്കുകയാണെന്ന വിശ്വാസത്തിലായിരിക്കണം. അപ്പോൾ എന്റെ അനുസരണത്തിന്റെ ആ ബിന്ദുവിൽത്തന്നേ, ക്രിസ്തുവിന്റെ കുരിശിനാൽ ലഭിച്ച മഹത്വമേറിയ രക്ഷയിലൂടെ ദൈവത്തിന്റെ മഹാകൃപ എനിക്ക് സ്വന്തമാകുന്നു.

**ജൂൺ 16**

## നിങ്ങൾ നിങ്ങളുടെ ജീവനെ കൊടുക്കുമോ ?

**''സ്നേഹിതർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല'' (യോഹന്നാൻ 15:13).**

തനിക്ക് വേണ്ടി മരിക്കാനല്ല, തനിക്കായി ജീവനെ കൊടുക്കാനാണ് യേശു എന്നോട് ആവശ്യപ്പെടുന്നത്. ഞാൻ എന്റെ ജീവനെ നിനക്ക് വേണ്ടി വെച്ച് കളയും എന്ന് പറഞ്ഞ പത്രോസ് അത് ചെയ്യാനുദ്ദേശിച്ച് തന്നേയായിരുന്നു അങ്ങനെ പറഞ്ഞത്. മഹത്തായ ധൈര്യമുള്ളവനായിരുന്നു, വീരോചിത മനസ്സുള്ളവനായിരുന്നു പത്രോസ്. പത്രോസ് നടത്തിയതുപോലൊരു പ്രസ്താവന നടത്താൻ നമുക്ക് പ്രാപ്തിയില്ല എന്നത് മോശമായ ഒരു കാര്യമാണ്. നമ്മുടെ കർത്തവ്യബോധം പൂർത്തീകരിക്കപ്പെടുന്നത് നമ്മുടെ സാഹസികഭാവത്തിലൂടെയാണ്. നീ നിന്റെ ജീവൻ എനിക്കായി തരുമോ എന്ന് കർത്താവ് എന്നെങ്കിലും നിങ്ങളോട് ചോദിച്ചിട്ടുണ്ടോ? ദൈവത്തിന്റെ വലിയ വിളിയെക്കുറിച്ചുള്ള ബോധത്തിൽ രാവും പകലും നമ്മുടെ ജീവൻ നല്കുന്നതിനേക്കാൾ വളരെ എളുപ്പമാണ് അവന് വേണ്ടി മരിക്കുന്നത്. ജീവിതത്തിന്റെ പ്രകാശപൂർണ്ണമായ നിമിഷങ്ങൾക്ക് വേണ്ടിയല്ല നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ആ വലിയ നിമിഷങ്ങളുടെ പ്രകാശത്തിൽ സാധാരണ വഴികളിലൂടെ നടക്കുകയാണ് നാം ചെയ്യേണ്ടത്. യേശുവിന്റെ ജീവിതത്തിലെ ഒരേയൊരു ഉജ്ജ്വല നിമിഷം മറുരൂപമലയിലായിരുന്നു. അവിടെ വെച്ച് രണ്ടാം തവണ തന്നിലെ സർവ്വതേജസ്സും മാറ്റിവെച്ച് ഭൂതങ്ങളാവേശിച്ച താഴ്വരയിലേയ്ക്ക് യേശു ഇറങ്ങി വന്നു. (മാർക്കോസ് 9:1–29 വായിക്കുക) മുപ്പത്തിമൂന്ന് വർഷക്കാലം യേശു തന്റെ പിതാവിന്റെ ഹിതം നിവർത്തിക്കാൻവേണ്ടി തന്റെ ജീവൻ നല്കി. അവൻ നമുക്ക് വേണ്ടി ''തന്റെ പ്രാണനെ വെച്ചു കൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്നു അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചു കൊടുക്കേണ്ടതാകുന്നു''. എന്നാൽ ഇങ്ങനെ ചെയ്യുന്നത് മനുഷ്യപ്രകൃതത്തിന് വിപരീതമത്രേ.

ഞാൻ യേശുവിന്റെ സ്നേഹിതനാണെങ്കിൽ എന്റെ ജീവിതം മനഃപൂർവ്വമായും സൂക്ഷ്മതയോടും അവന്നായി നല്കേണം. അത് പ്രയാസമുള്ള ഒരു കാര്യമാണ്; അത് അങ്ങനെയാണെന്നതിന് ദൈവത്തിന് സ്തോത്രം. ദൈവം അത്യധികം വില കൊടുത്തതിനാൽ രക്ഷ എളുപ്പമാണ്. എന്റെ ജീവിതത്തിൽ അത് വെളിപ്പെടുത്തുന്നത് അത്ര എളുപ്പമല്ല, ദൈവം ഒരു മനുഷ്യനെ രക്ഷിക്കുകയും അവന് പരിശുദ്ധാത്മാവിനെ നല്കുകയും ചെയ്തിട്ട് ഇനി ഇതിന്മേൽ പ്രവർത്തിക്ക, നിനക്ക് ചുറ്റുമുള്ള കാര്യങ്ങൾ നിന്നെ അവിശ്വസ്തനാക്കുമെങ്കിലും, നീ എന്നോട് വിശ്വസ്തനായിരിക്ക എന്ന് ഫലത്തിൽ പറയുകയും ചെയ്യുന്നു. ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്ന് വിളിച്ചിരിക്കുന്നു എന്നാണ് യേശു പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ സ്നേഹിതനോട് വിശ്വസ്തനായിരിക്കുകയും, അവന്റെ മാനം നിങ്ങളുടെ ഈ ജഡിക ജീവിതത്തിൽ അപകടത്തിലാണെന്ന് അറിയുകയും ചെയ്യുക.

**ജൂൺ 17**

# വിമർശനബുദ്ധിയെ സൂക്ഷിച്ച് കൊൾക

**'നിങ്ങൾ വിധിക്കപ്പെടാരിക്കേണ്ടതിന് വിധിക്കരുത്' (മത്തായി 7:1).**

മറ്റുള്ളവരെ വിധിക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ ഉപദേശം വളരെ ലളിതമാണ്. 'അരുത്' എന്നാണവൻ പറയുന്നത്. ഏറ്റവും നിശിതമായി വിമർശിക്കുന്നവനാണ് ശരാശരി ക്രിസ്ത്യാനി. വിമർശനം ആളുകളുടെ സാധാരണ കഴിവുകളിൽ ഒന്നാണ്. എന്നാൽ ആത്മീയ തലത്തിൽ ഈ കഴിവ് കൊണ്ട് യാതൊന്നും നേടുന്നില്ല. വിമർശിക്കപ്പെടുന്ന വ്യക്തിയുടെ ശക്തികളെ വെട്ടിമുറിക്കാം എന്നത് മാത്രമേ ആത്മീയതലത്തിലെ വിമർശനം കൊണ്ടു സാധിക്കൂ. വിധിക്കാൻ യഥാസ്ഥാനത്ത് നില്ക്കുന്നത് പരിശുദ്ധാത്മാവ് മാത്രമാണ്. മനസ്സു മുറിക്കാതെ, വേദനിപ്പിക്കാതെ എന്താണ് തെറ്റെന്ന് കാണിച്ച് തരാൻ പരിശുദ്ധാത്മാവിന് മാത്രമേ കഴിയൂ. നിങ്ങൾ വിധിക്കുകയും, വിമർശിക്കുകയും ചെയ്യുന്ന ഒരു മനോഭാവത്തിലിരിക്കുമ്പോൾ ദൈവവുമായുള്ള സമ്പർക്കത്തിൽ പ്രവേശിക്കുക അസാദ്ധ്യമാണ്. വിമർശനബുദ്ധി നിങ്ങളെ പരുക്കനും, വൈരാഗ്യബുദ്ധിയും ക്രൂരനുമാക്കുകയും നിങ്ങൾ മറ്റുള്ളവരെക്കാൾ ഉയർന്ന് നില്ക്കുന്നവനാണെന്ന സുഖചിന്തയിൽ വിടുകയും ചെയ്യുന്നു. ഒരു ശിഷ്യനെന്ന നിലയിൽ വിമർശനവും വിധിയെഴുത്തും ഇല്ലാത്ത മനോഭാവം വളർത്തിയെടുക്കാനാണ് യേശു പറയുന്നത്. ഇത് ഒറ്റയടിക്ക് ചെയ്യാവുന്ന ഒരു കാര്യമല്ല. നിങ്ങൾ മറ്റുള്ളവരെക്കാൾ ഉയർന്നവനാണെന്ന വിചാരം നല്കുന്ന എന്തിനെയും സൂക്ഷിച്ച് കൊൾക.

യേശുക്രിസ്തുവിന്റെ തുളച്ച് കയറുന്ന നോട്ടത്തിൽ നിന്ന് രക്ഷപ്പെടാനാകുകയില്ല. നിങ്ങളുടെ കണ്ണിൽ ഞാൻ കരട് കണ്ടാൽ അതിനർത്ഥം എന്റെ കണ്ണിൽ കോലുണ്ടെന്നാണ്. നിങ്ങളിൽ ഞാൻ കാണുന്ന ഓരോ തെറ്റും ദൈവം എന്നിൽ കാണുന്നു. നിങ്ങൾ അന്യരെ വിധിക്കുമ്പോൾ,സ്വയം കുറ്റം വിധിക്കുന്നു. റോമർ 2:17–24 കാണുക. മറ്റുള്ളവർക്കായി ഒരളവ് കോൽ വെക്കുന്ന സ്വഭാവം വിട്ടുകളയുക. മറ്റുള്ളവരുടെ ചുറ്റുപാടിനെക്കുറിച്ച് നമുക്കറിഞ്ഞുകൂടാത്ത ഒരു വസ്തുത എപ്പോഴുമുണ്ടാകും. ദൈവം നമുക്കാദ്യം നല്കുന്നത് തികഞ്ഞ ഒരു ആത്മശുദ്ധീകരണമാണ്. അതു കഴിഞ്ഞാൽ, പിന്നെ ഒരു മനുഷ്യനിൽ അഹങ്കാരത്തിനുള്ള സാദ്ധ്യത ഒന്നുമില്ല. ദൈവകൃപയിൽ നിന്നു വേർപെട്ടാൽ പിന്നെ എനിക്കൊന്നുമില്ലെന്നു തിരിച്ചറിഞ്ഞശേഷം ഞാൻ കണ്ടുമുട്ടിയ ഒരു മനുഷ്യനിലും 'ഇനി പ്രതീക്ഷയ്ക്ക് വകയില്ല' എന്നെനിക്ക് തോന്നിയിട്ടില്ല.

## ജൂൺ 18

# യേശുവിനെ തിരിച്ചറിഞ്ഞുകൊണ്ടിരിക്ക

**'പത്രോസ് പടകിൽ നിന്നിറങ്ങി യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു. എന്നാൽ അവൻ കാറ്റ് കണ്ടു പേടിച്ചു.......' (മത്തായി 14:29–30).**

കാറ്റ് ഇരമ്പുകയും തിരമാലകൾ ഉയരുകയും ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ പത്രൊസ് അതൊന്നും കാണുകയും കേൾക്കുകയും ചെയ്തില്ല. കർത്താവിനെ മാത്രം തിരിച്ചറിഞ്ഞ പത്രോസ് പടകിൽ നിന്നിറങ്ങി വെള്ളത്തിന്മേൽ നടന്നു. എന്നാൽ പിന്നീടവൻ ചുറ്റുപാടുകളെ കണക്കിലെടുത്ത് തുടങ്ങിയതോടെ, വെള്ളത്തിൽ മുങ്ങിത്തുടങ്ങി. വെള്ളത്തിന്മേൽ നടത്തിയതുപോലെ എന്തുകൊണ്ടാണ് വെള്ളത്തിനടിയിൽ നടക്കാൻ നമ്മുടെ കർത്താവ് അവനെ പ്രാപ്തനാക്കാത്തത്? കർത്താവായ യേശുവിനെ അവൻ തിരിച്ചറിയാതെ ഇത് രണ്ടും ചെയ്യാൻ കഴിയുമായിരുന്നില്ല.

ചില കാര്യങ്ങളിൽ ദൈവത്തെ തിരിച്ചറിഞ്ഞുകൊണ്ട് നാം ഇറങ്ങിത്തിരിക്കുന്നു. എന്നാൽ സ്വന്തപരിഗണനകൾ കടന്ന് വരുന്നതോടെ നാം താഴേക്ക് പോകുന്നു. നിങ്ങൾ സത്യമായും നമ്മുടെ കർത്താവിനെ തിരിച്ചറിയുന്നുവെങ്കിൽ അവൻ അവിടെ എങ്ങനെ നമ്മുടെ പരിതഃസ്ഥിതികൾ പണിതുയർത്തുന്നു എന്നതിനെക്കുറിച്ച് വ്യാകുലപ്പെടേണ്ടതില്ല. നിങ്ങൾ ചുറ്റും കാണുന്നത് വാസ്തവമായ കാര്യങ്ങളാണ്, അവയിൽ നോക്കുമ്പോൾ നിങ്ങൾ വിവശരാകുകയും, നിങ്ങൾക്ക് യേശുവിനെ തിരിച്ചറിയാൻ കഴിയാതെ പോകുകയും ചെയ്യുന്നു. അപ്പോൾ 'നീ എന്തിന് സംശയിച്ചു'? എന്ന് യേശു ശാസിക്കുന്നു. നിങ്ങളുടെ യഥാർത്ഥ ചുറ്റുപാട് എന്തുമാകട്ടെ, യേശുവിനെ തിരിച്ചറിയുകയും അവനിൽ ആശ്രയിച്ചു കൊണ്ടേയിരിക്കുകയും ചെയ്യുക.

ദൈവം സംസാരിച്ചതിന് ശേഷം ഒരു നിമിഷമെങ്കിലും നിങ്ങൾ അതേക്കുറിച്ച് ചർച്ച ചെയ്തു കൊണ്ടിരുന്നാൽ പിന്നെ സർവ്വതും തീർന്നു. 'ദൈവം യഥാർത്ഥത്തിൽ എന്നോട് സംസാരിച്ചോ എന്ന് ഞാൻ ശങ്കിക്കുന്നു' എന്ന് നിങ്ങൾ ഒരിക്കലും പറയരുത്. പിന്നെ ഒന്നും കൂസാതെ സർവ്വതും ദൈവത്തിന്മേൽ ഇട്ടുകൊൾക. എപ്പോഴാണ് ദൈവശബ്ദം നിങ്ങളിലേയ്ക്ക് വരുന്നത് എന്ന് നിങ്ങൾ അറിയുന്നില്ല. എന്നാൽ സങ്കല്പിക്കാവുന്നിടത്തോളം ഏറ്റവും അവ്യക്തമായിപ്പോലും ദൈവത്തെ നിങ്ങൾ തിരിച്ചറിഞ്ഞാൽ, പിന്നെ ഒന്നും കൂസാതെ നിങ്ങളെത്തന്നേ വിട്ടുകൊടുക്കുക. അങ്ങനെ സ്വയം വിട്ടുകൊടുക്കുന്നതിലൂടെമാത്രമേ നിങ്ങൾ ദൈവത്തെ തിരിച്ചറിയൂ. നിങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിക്കാൻ, അപകടത്തിലാക്കാൻ തയ്യാറാകുന്നതിലൂടെ – ആ സാഹസികതയിലൂടെ നിങ്ങൾ കുറേക്കൂടി വ്യക്തമായി ദൈവശബ്ദം തിരിച്ചറിയും.

## ജൂൺ 19

# തീക്ഷ്ണ ഭക്തിയിൽ നിന്നുള്ള സേവനം

**'നീ എന്നെ സ്നേഹിക്കുന്നുവോ ? ......................................... എന്റെ ആടുകളെ പാലിക്ക' (യോഹന്നാൻ 21 : 16).**

നിങ്ങളുടെ ചിന്താരീതിയിലേക്ക് ആളുകളെ പരിവർത്തനം ചെയ്ക എന്നല്ല, എന്റെ ആടുകളെ പാലിക്ക എന്നാണു യേശു പറഞ്ഞത്. 'എന്നെക്കുറിച്ചുള്ള അറിവിനാൽ അവർ സമ്പന്നരാകുവാൻ ശ്രദ്ധിക്ക'. ക്രിസ്തീയ പ്രവർത്തന പാതയിൽ നാം എന്തു ചെയ്യുന്നുവോ അതു ശുശ്രൂഷയായി, സേവനമായി കരുതുന്നു. എന്നാൽ നാം അവന് വേണ്ടി എന്ത് ചെയ്യുന്നു എന്നതല്ല. നാം അവന് എന്തായിരിക്കുന്നു എന്നതിനെയാണ് യേശുക്രിസ്തു സേവനം എന്ന് പറയുന്നത്. ഒരു വിശ്വാസത്തിലോ മതതത്ത്വത്തിലോ പിടിച്ച് നില്ക്കുന്നതല്ല ശിഷ്യത്വം. ശിഷ്യത്വം യേശുക്രിസ്തുവിനോടുള്ള സമർപ്പണത്തിൽ അധിഷ്ഠിതമത്രെ. 'എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും, ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല'. ഇവിടെ വാദമോ നിർബന്ധമോ ഒന്നുമില്ല. നിങ്ങൾ എന്റെ ശിഷ്യനായിരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ എനിക്കു മാത്രം സമർപ്പിതനായിരിക്ക എന്നാണ് യേശു ലളിതമായി പറയുന്നത്. ദൈവാത്മാവിനാൽ സ്പർശിക്കപ്പെട്ട ഒരു മനുഷ്യൻ പെട്ടെന്ന് പറയുന്നു: ''യേശു ആരാണെന്ന് ഞാനിപ്പോൾ അറിയുന്നു''. അതാണ് ഭക്തിയുടെ, സമർപ്പണത്തിന്റെ ഉറവിടം.

ഇന്ന് നാം സ്വകാര്യ – (വ്യക്തിപരമായ) വിശ്വാസത്തിന് പകരം തത്ത്വസംഹിതയിലുള്ള വിശ്വാസത്തെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. അതു കൊണ്ടാണ് യേശുവിനോട് സമർപ്പിതരായവർ തീരെ കുറവും, പ്രസ്ഥാനത്തോട് സമർപ്പിതരായവർ കൂടുതലുമാകുന്നത്. ആളുകൾക്ക് യേശുവിനോടല്ല, അവൻ തുടങ്ങിവെച്ച പ്രസ്ഥാനത്തോട് സമർപ്പിതരാകാനാണ് ആഗ്രഹം. 'കേവലം ഒരു സ്നേഹിതൻ' എന്ന നിലയിൽ കവിഞ്ഞ് യേശുവിനെ വേണ്ടാത്ത, ഇന്നത്തെ അഭ്യസ്തവിദ്യരായ ആളുകൾക്ക് അവൻ ഒരു മനശ്ശല്യമാണ്. നമ്മുടെ കർത്താവിന്റെ ആദ്യ അനുസരണം തന്റെ പിതാവിന്റെ ഇച്ഛയോടായിരുന്നു, ആളുകളുടെ ആവശ്യങ്ങളോടായിരുന്നില്ല. ആളുകളുടെ രക്ഷ എന്നത് പിതാവിനോടുള്ള അനുസരണയുടെ സ്വാഭാവിക ഫലമായിരുന്നു. മനുഷ്യരാശിയുടെ ആവശ്യങ്ങൾക്ക് മാത്രമാണ് ഞാൻ സമർപ്പിതനെങ്കിൽ, അധികം വൈകാതെ ഞാൻ തളരുകയും എന്റെ സ്നേഹം ഇടറുന്നിടത്ത് ഞാനെത്തുകയും ചെയ്യും. എന്നാൽ യേശുവിനെ ഞാൻ തീക്ഷ്ണമായി, വ്യക്തിയെന്ന നിലയിൽ സ്നേഹിക്കുകയാണെങ്കിൽ, ആളുകളെന്നെ ഒരു ചവിട്ട് മെത്തയായി ഉപയോഗിച്ചാൽ പോലും എനിക്ക് മനുഷ്യരാശിക്ക് സേവനം ചെയ്യാൻ കഴിയും. ശിഷ്യത്വത്തിന്റെ രഹസ്യം യേശുവിനോടുള്ള സമർപ്പണവും, ആ ജീവിതത്തിന്റെ താഴ്ചയും പ്രാധാന്യമില്ലായ്മയുമാണ്. ആ ജീവിതം നിലത്തുവീണ ഗോതമ്പിനു സമം. അത് വൈകാതെ കിളിർക്കുകയും ആ ഭൂപ്രദേശത്തെയാകെ മാറ്റുകയും ചെയ്യും.

**ജൂൺ 20**

# ഇനി എപ്പോൾ എന്ന അവസ്ഥയിൽ നിങ്ങൾ വന്നിട്ടുണ്ടോ?

**'ഇയ്യോബ് തന്റെ സ്നേഹിതന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ അവന്റെ സ്ഥിതിക്ക് ഭേദം വരുത്തി' ഇയ്യോബ് 42 : 10**

അവനവനിൽത്തന്നേ ഊന്നിയതും രോഗാതുരവും ദയനീയവുമായ ഒരു പ്രാർത്ഥനയും, ദൈവവുമായിട്ടുള്ള ബന്ധം ശരിയാക്കാനുള്ള സ്വാർത്ഥമായ നിശ്ചയദാർഢ്യത്തോടു കൂടിയ ഒരു പരിശ്രമവും പുതിയ നിയമത്തിലെങ്ങും നാം കാണുന്നില്ല. ദൈവവുമായിട്ടുള്ള ബന്ധം ശരിയാക്കാൻ ശ്രമിക്കുന്നു എന്നത് ക്രിസ്തുവിന്റെ ക്രൂശാലുള്ള രക്ഷയ്ക്കെതിരെയുള്ള നിഷേധമാണ്; കർത്താവേ, ഞാനെന്റെ ഹൃദയം വെടിപ്പാക്കാം. നീ എന്റെ പ്രാർത്ഥന കേൾക്കണം. നീ എന്നെ സഹായിച്ചാൽ ഞാൻ നിന്റെ മുമ്പാകെ നേർവഴിയേ നടക്കും – ഇതാണെന്റെ പ്രാർത്ഥന. പക്ഷെ എനിക്ക് സ്വയം ദൈവവുമായി നിരപ്പാകാൻ സാധിക്കുകയില്ല. എനിക്കെന്റെ ജീവിതം പരിപൂർണ്ണമാക്കാൻ സാധിക്കുകയില്ല. ഒരു പൂർണ്ണദാനമെന്ന നിലയിൽ യേശുക്രിസ്തു നല്കിയ പാപമോചനം സ്വീകരിച്ചാൽ മാത്രമേ ദൈവവുമായുള്ള ശരിയായ ബന്ധത്തിൽ വരാൻ എനിക്ക് കഴിയൂ. എല്ലാ അവകാശങ്ങളും ഉപേക്ഷിച്ച് എല്ലാ പരിശ്രമവും നിർത്തിവെച്ച് എന്നെ പൂർണ്ണമായും ദൈവകരങ്ങളിൽ സമർപ്പിച്ചശേഷം, മധ്യസ്ഥ പ്രാർത്ഥനയെന്ന പുരോഹിത വൃത്തിയിൽ ഞാൻ എന്നെ വിട്ടുകൊടുക്കണം. പാപ മോചനത്തിൽ വിശ്വസിക്കാതെ ചൊല്ലുന്ന ഒരു പാട് പ്രാർത്ഥനകളുണ്ട്. യേശുക്രിസ്തു നമ്മെ രക്ഷിക്കാൻ തുടങ്ങുകയല്ല, അവൻ ഇതിനോടകം നമ്മെ രക്ഷിച്ച് കഴിഞ്ഞിരിക്കുന്നു. അത് പൂർത്തീകരിക്കപ്പെട്ട ഒരു വസ്തുതയാണ്, ഇതിനോടകം യേശു പൂർത്തീകരിച്ച് കഴിഞ്ഞ ഒരു കാര്യം ചെയ്യാൻ ആവശ്യപ്പെടുന്നത് യേശുവിനെ അപമാനിക്കുകയാണ്.

യേശു വാഗ്ദാനം ചെയ്ത നൂറുമേനി നിങ്ങൾക്ക് കിട്ടുന്നില്ലെങ്കിൽ, നിങ്ങൾക്ക് ദൈവവചനത്തിലേയ്ക്ക് വേണ്ടത്ര ഉൾക്കാഴ്ച ലഭിക്കുന്നില്ലെങ്കിൽ, നിങ്ങളുടെ സ്നേഹിതർക്ക് വേണ്ടി പ്രാർത്ഥിച്ച് തുടങ്ങുക. ആന്തരിക ജീവിത ശുശ്രൂഷയിൽ നിങ്ങൾ പ്രവേശിക്കുക. ഇയ്യോബ് തന്റെ സ്നേഹിതന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ അവന്റെ സ്ഥിതിക്ക് ഭേദം വരുത്തി. രക്ഷിക്കപ്പെട്ട ആത്മാവെന്ന നിലയിൽ, നിങ്ങളുടെ ജീവിതത്തിലെ ശരിയായ പ്രവൃത്തി മധ്യസ്ഥ പ്രാർത്ഥനയാണ്. ദൈവം നിങ്ങളെ ഏത് പരിതഃസ്ഥിതിയിൽ ആക്കിവെച്ചാലും പ്രാർത്ഥിക്കുക; നിങ്ങളുടെ ജീവിതത്തിൽ എന്നതുപോലെ മറ്റുള്ളവരുടെ ജീവിതത്തിലും അത് സാക്ഷാത്കരിക്കപ്പെടുന്നതിനായി ഉടൻതന്നേ പ്രാർത്ഥിച്ച് തുടങ്ങുക. ഇപ്പോൾതന്നേ നിങ്ങളുടെ സ്നേഹിതർക്കും, നിങ്ങൾ ഇപ്പോൾ സമ്പർക്കത്തിലാകുന്ന ആളുകൾക്കും വേണ്ടി പ്രാർത്ഥിക്കുക.

**ജൂൺ 21**

# ആന്തരിക ജീവിത ശുശ്രൂഷ

**''നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേയ്ക്കു നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും, രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു'' (1 പത്രൊസ് 2:9).**

എന്തധികാരത്താലാണ് നാം ഒരു രാജകീയ പുരോഹിതവർഗ്ഗമായിത്തീർന്നിരിക്കുന്നത്? തന്നെത്താൻ ത്യജിച്ച് പ്രാർത്ഥനയെന്ന പുരോഹിതശുശ്രൂഷയിലേക്ക് ഇറങ്ങിത്തിരിക്കാൻ നാം തയ്യാറാണോ? നാം എന്തായിരിക്കണോ അതായോ എന്നതിനെക്കുറിച്ചുള്ള നിരന്തരമായ ആന്തരിക അന്വേഷണം, സ്വയകേന്ദ്രിതവും, അനാരോഗ്യകരവുമായ ഒരു തരം 'ക്രിസ്തീയത' നമ്മിലുളവാക്കുന്നു. അപ്പോൾ നാം ആരോഗ്യകരമായ, ലളിതമായ ജീവിതം നയിക്കുന്ന ദൈവ പൈതലാകുന്നില്ല. ദൈവവുമായി അങ്ങനെയൊരു ശരിയായ ബന്ധത്തിലാകുന്നതു വരെ കഷ്ടിച്ചൊരു തൂങ്ങിക്കിടക്കലാണ് നമ്മുടേത്; എങ്കിലും 'എന്തൊരു വിജയമാണെന്റേത്' എന്ന് നാം പറയുകയും ചെയ്യും. അതിൽ രക്ഷ എന്ന അത്ഭുതത്തെ സൂചിപ്പിക്കുന്ന യാതൊന്നുമില്ല. രക്ഷ പൂർത്തിയായിരിക്കുന്നു എന്ന വിശ്വാസത്തിൽ യാതൊന്നും ഭയപ്പെടാതെ ഇറങ്ങിത്തിരിക്കുക. പിന്നെ നിങ്ങളെക്കുറിച്ച് യാതൊരു മനോവിഷമവും വേണ്ട. യേശു പറഞ്ഞതുപോലെ, അർദ്ധരാത്രി നിങ്ങളുടെ അടുത്ത് വരുന്ന സ്നേഹിതന് വേണ്ടിയും, വിശുദ്ധർക്ക് വേണ്ടിയും, സർവ്വജനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുക. 'കർത്താവേ, ഞാനെനിക്ക് കഴിയാവുന്നത്ര നന്നായി ചെയ്തിരിക്കുന്നു, എന്റെ പ്രാർത്ഥന കേൾക്കണമേ' – എന്നു പറയരുത്. ക്രിസ്തുയേശുവിൽ മാത്രമാണു നമ്മുടെ പൂർണ്ണത എന്ന ധാരണയോടെ പ്രാർത്ഥിക്ക.

നമ്മെക്കുറിച്ച് മാത്രം ചിന്തിക്കുന്ന അനാരോഗ്യകരമായ ശീലത്തിൽ നിന്ന് നമ്മെ സ്വതന്ത്രമാക്കാൻ ദൈവം ഇനി എത്ര നാളെടുക്കും? നമ്മെക്കുറിച്ച് ദൈവം നമ്മോടെന്ത് പറഞ്ഞാലും അതിലത്ഭുതം തോന്നാതാകുന്നതുവരെ നമുക്ക് സ്വയം മടുപ്പ് തോന്നണം. നമ്മുടെ അല്പത്വത്തിന്റെ ആഴത്തോളമെത്താനും, മനസ്സിലാക്കാനും നമുക്ക് കഴിയുകയില്ല. ദൈവവുമായി ശരിയായ ബന്ധത്തിലാകുന്ന ഒരൊറ്റ ഇടമേയുള്ളൂ. അത് ക്രിസ്തുയേശുവിലാണ്. അവിടെ നാം എത്തിക്കഴിഞ്ഞാൽ ആന്തരികജീവിത ശുശ്രൂഷയ്ക്കായി, നമ്മുടെ സർവയോഗ്യതയിലും, നാം നമ്മുടെ ജീവിതം കോരിച്ചൊരിയണം.

## ജൂൺ 22

# ന്യായവിധിയുടെ മാറ്റമില്ലാത്ത നിയമം

**'നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും' (മത്തായി 7:2).**

വെറും അപൂർണ്ണമായ ഒരു ഊഹമല്ല ഈ പ്രസ്താവന. ഇത് ദൈവത്തിന്റെ ഒരു നിത്യനിയമമത്രേ. നിങ്ങൾ എന്തുതന്നേ വിധിച്ചാലും അതേ രീതിയിൽ നിങ്ങൾ വിധിക്കപ്പെടും. തിരിച്ചടിയും മടക്കിക്കിട്ടലും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ജീവിതത്തിന്റെ അടിസ്ഥാനം മടക്കിക്കിട്ടലാണെന്നാണ് യേശു പറഞ്ഞത്. നിങ്ങൾ അളക്കുന്ന അളവിനാൽ, നിങ്ങൾക്കും അളന്ന് കിട്ടും. മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കുന്ന കാര്യത്തിൽ നിങ്ങൾ കുശാഗ്രബുദ്ധിയാണെങ്കിൽ, അതേ അളവിൽ നിങ്ങളും അളക്കപ്പെടും എന്നോർത്തുകൊള്ളുക. നാം കൊടുക്കുന്ന നാണയത്തിൽത്തന്നേ ജീവിതം നമുക്ക് തിരിച്ച് തരും. 'ദയാലുവോട് നീ ദയാലു ആകുന്നു. നിഷ്കളങ്കനോട് നീ നിഷ്കളങ്കൻ; നിർമ്മലനോട് നീ നിർമ്മലനാകുന്നു; വക്രനോട് നീ വക്രത കാണിക്കുന്നു'.

റോമർ 2 :1– ാം വാക്യം ഇത് കുറേക്കൂടി നിശ്ചിതമായി പറയുന്നു. ''അന്യനെ വിധിക്കുന്ന നീ നിന്നെത്തന്നേ കുറ്റം വിധിക്കുന്നു. വിധിക്കുന്ന നീ അതു തന്നേ പ്രവർത്തിക്കുന്നുവല്ലോ''. ദൈവം ഒരു പ്രവൃത്തിയെ അതിൽത്തന്നെ വെച്ച് കാണുകയല്ല; അതിന്റെ സാദ്ധ്യതയെയാണ് അവൻ കാണുന്നത്. വേദപുസ്തകത്തിലെ പ്രസ്താവനകളെ നാം വിശ്വസിക്കുന്നില്ല. ഉദാഹരണമായി അന്യനെ കുറ്റം വിധിക്കുമ്പോൾ നാമും അതേ കുറ്റക്കാരാണ് എന്ന പ്രസ്താവന നാം വിശ്വസിക്കുന്നുണ്ടോ? നാം മറ്റുള്ളവരിൽ, കപടതയും ചതിയും അസത്യവുമൊക്കെ കാണുന്നത് നമ്മുടെ ഹൃദയങ്ങളിൽ അതെല്ലാം ഉള്ളതുകൊണ്ടാണ്. ഒരു വിശുദ്ധന്റെ ഏറ്റവും വലിയ ഗുണം വിനയമാണ്. ദൈവകൃപയില്ലായിരുന്നുവെങ്കിൽ അവയൊക്കെയും, മറ്റനേകം തിന്മകളും എന്നിലും വെളിച്ചപ്പെടുമായിരുന്നു. അതുകൊണ്ട് വിധിക്കാൻ എനിക്ക് അവകാശമില്ല.

വിധിക്കപ്പെടാതിരിക്കേണ്ടതിന് നിങ്ങളും വിധിക്കരുത് എന്ന് യേശു പറയുന്നു. ഫലത്തിൽ യേശു പറഞ്ഞത് ഇതാണ്. നിങ്ങൾ വിധിച്ചാൽ, അതേ രീതിയിൽ നിങ്ങളും വിധിക്കപ്പെടും. കർത്താവേ ഞാൻ അന്യരെ വിധിച്ചത് പോലെ എന്നെയും വിധിപ്പിൻ എന്ന് പറയാൻ നമ്മിൽ ആരാണ് ധൈര്യപ്പെടുക? നാം മറ്റുള്ളവരെ പാപികളെന്ന് വിധിച്ചിരിക്കുന്നു. ദൈവവും നമ്മെ അങ്ങനെ വിധിച്ചാൽ നാം നരകത്തിന് വിധിക്കപ്പെടും. എന്നാൽ യേശുവിന്റെ കുരിശിലൂടെയുള്ള അത്ഭുതകരമായ പാപമോചനത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം നമ്മെ വിധിക്കുന്നത്.

**ജൂൺ 23**

# ദുഃഖം ശീലിച്ചവൻ

**'അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു' (യെശയ്യാവ് : 53:3).**

നമ്മുടെ കർത്താവ് ദുഃഖം അറിഞ്ഞ രീതിയിൽ – ദുഃഖവുമായി പരിചിതമായ രീതിയിൽ – ദുഃഖം അറിയുന്നവരല്ല നാം. നാം ദുഃഖത്തിലൂടെ കടന്നുപോകുന്നു, അത് സഹിക്കുന്നു, എന്നാൽ നാം ദുഃഖവുമായി ഗാഢപരിചയത്തിലാകുന്നില്ല. നമ്മുടെ ജീവിതത്തിന്റെ ആരംഭകാലത്ത് പാപം എന്ന വസ്തുതയെ നേരിടുവാൻ നാം വിസമ്മതിക്കുന്നു. യുക്തിയുടെ കണ്ണുകളിലൂടെ നാം ജീവിതത്തെ കാണുന്നു; നമ്മുടെ ജന്മവാസനകളെ നിയന്ത്രിക്കുകയും, സ്വയം പരിശീലനം നല്കുകയും ചെയ്താൽ സാവധാനം ദൈവത്തിലുള്ള ഒരു ജീവിതത്തിലേക്ക് പരിണമിക്കുന്ന ഒരു ജീവിതം സൃഷ്ടിച്ചെടുക്കാൻ നമുക്ക് കഴിയും എന്ന് നാം പറയും. എന്നാൽ ജീവിതത്തിലൂടെ മുന്നോട്ട് പോകുമ്പോൾ നാം കണക്കിലെടുക്കാതിരുന്ന എന്തോ ഒന്നിന്റെ സാന്നിദ്ധ്യം നാം അറിയുന്നു, അത് പാപമത്രേ; അത് നമ്മുടെ ചിന്തകളെയും പദ്ധതികളെയും തകർക്കുന്നു. പാപം നമ്മുടെ സർവ്വചിന്തകളുടെയും അടിസ്ഥാനം അനിയന്ത്രിതവും, യുക്തിരഹിതവും, പ്രവചനാതീതവുമാക്കിത്തീർത്തിരിക്കുന്നു. പാപം, വെറുമൊരു വൈകല്യമല്ല, ഒരു വസ്തുതയാണ് എന്നത് നമുക്ക് അംഗീകരിക്കേണ്ടിയിരിക്കുന്നു. പാപം ദൈവത്തോടുള്ള പ്രതിഷേധലഹളയാണ്. ഒന്നുകിൽ പാപം അല്ലെങ്കിൽ ദൈവം എന്റെ ജീവിതത്തിൽ മരിക്കണം. ഈ ഒരു കാര്യത്തിലേയ്ക്കാണ് പുതിയ നിയമം നമ്മെ കൊണ്ടുവരുന്നത്. പാപമാണ് എന്നിൽ ഭരണം നടത്തുന്നതെങ്കിൽ എന്നിലെ ദൈവിക ജീവിതം കൊല്ലപ്പെടുന്നു. ദൈവമാണ് എന്നിൽ ഭരണം നടത്തുന്നതെങ്കിൽ എന്നിലെ പാപം കൊല്ലപ്പെടുന്നു. ഇതിനേക്കാൾ അടിസ്ഥാനപരമായ മറ്റൊന്നുമില്ല. പാപത്തിന്റെ മൂർദ്ധന്യം യേശുക്രിസ്തുവിന്റെ ക്രൂശായിരുന്നു. ഈ ഭൂമിയിലെ ദൈവത്തിന്റെ ചരിത്രത്തിൽ സത്യമായതെന്തോ അത് നിങ്ങളുടെയും എന്റെയും ചരിത്രത്തിൽ സത്യമാകും – അതായത് നമ്മിലെ ദൈവത്തിന്റെ ജീവിതത്തെ പാപം കൊല്ലും. പാപത്തെക്കുറിച്ചുള്ള ഈ വസ്തുതയെ നാം മനസ്സാൽ സ്വീകരിക്കണം. യേശുക്രിസ്തു ഈ ഭൂമിയിൽ എന്തുകൊണ്ട് വന്നു എന്നതിനുള്ള ഒരേയൊരു വിശദീകരണമാണിത്. ഇതു തന്നേയാണ് ജീവിതത്തിലെ സങ്കടങ്ങൾക്കും ദുഃഖങ്ങൾക്കുമുള്ള വിശദീകരണവും.

**ജൂൺ 24**

# പാപം എന്ന വസ്തുതയെ
# സ്വയം അംഗീകരിക്കുക

**'എന്നാൽ ഇതു നിങ്ങളുടെ നാഴികയും ഇരുളിന്റെ അധികാരവും ആകുന്നു' (ലൂക്കോസ് 22:53).**

പാപം എന്ന വസ്തുതയെ അംഗീകരിക്കാതിരിക്കുന്നതും, അതിനെ കൈകാര്യം ചെയ്യാൻ വിസമ്മതിക്കുന്നതുമാണ് ജീവിതത്തിലെ പല കഷ്ടതകൾക്കും വിപത്തുകൾക്കും കാരണം. മനുഷ്യപ്രകൃതത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് നിങ്ങൾ സംസാരിച്ചേക്കും. എന്നാൽ നിങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോ ആദർശത്തേയും നോക്കി പരിഹസിച്ച് ചിരിക്കുന്ന എന്തോ ഒന്ന് മനുഷ്യപ്രകൃതത്തിലുണ്ട്. തിന്മയും സ്വാർത്ഥതയും വിദ്വേഷവും മനുഷ്യജീവിതത്തിലുണ്ടെന്ന വസ്തുത അംഗീകരിക്കാൻ നിങ്ങൾ വിസമ്മതിക്കുന്നു. അവയൊക്കെ നിങ്ങളുടെ ജീവിതത്തിൽ ആഞ്ഞടിക്കുമ്പോൾ അവയെ തിരിച്ചറിയുകയും അവയെ അംഗീകരിക്കുകയും ചെയ്യുന്നതിന് പകരം, നിങ്ങൾ അവയുമായി ഒത്തു തീർപ്പിലെത്തുകയും അവയ്ക്കെതിരെ പോരാടിയിട്ട് കാര്യമില്ലെന്ന് പറയുകയും ചെയ്യുന്നു. ഈ നാഴികയെയും ഇരുളിന്റെ അധികാരത്തെയും നിങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ? അതോ എന്തുതന്നേയായാലും പാപമുണ്ടെന്ന് അംഗീകരിക്കാത്ത ഒരു കാഴ്ചപ്പാടാണോ നിങ്ങൾക്കുള്ളത്? മനുഷ്യരുമായുള്ള നിങ്ങളുടെ ബന്ധങ്ങളിലും സൗഹൃദങ്ങളിലും പാപം എന്ന വസ്തുതയെ നിങ്ങൾ അംഗീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇതാ തൊട്ടടുത്ത് തന്നെ നിങ്ങൾ ഏതോ കെണിയിൽ ചെന്നുപെടുകയും അതിനോട് നിങ്ങൾ പൊരുത്തപ്പെടുകയും ചെയ്യും. എന്നാൽ പാപം എന്ന വസ്തുതയെ നിങ്ങൾ അംഗീകരിക്കുകയാണെങ്കിൽ നിങ്ങൾ ഉടനടി അതിന്റെ അപകടം മനസ്സിലാക്കുകയും ചെയ്യുന്നു. പാപത്തെ അംഗീകരിക്കുന്നതുകൊണ്ട് സൗഹൃദത്തിന്റെ അടിത്തറ തകരുന്നില്ല. പാപമുണ്ടെന്ന വസ്തുതയെ അംഗീകരിക്കാത്ത ഏതൊരു ജീവിതവീക്ഷണത്തെയും സൂക്ഷിച്ചു കൊൾക.

യേശുക്രിസ്തു ഒരിക്കലും മനുഷ്യ പ്രകൃതത്തെ വിശ്വസിച്ചതേയില്ല. എന്നാൽ യേശു ഒരിക്കലും സംശയാലുവോ. നന്മയിൽ വിശ്വാസം നഷ്ടപ്പെട്ടവനോ ആയിരുന്നില്ല. മനുഷ്യ പ്രകൃതത്തിനായി തനിക്കെന്ത് ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് അവന് പൂർണ്ണവിശ്വാസം ഉണ്ടായിരുന്നു. നിഷ്കളങ്കനോ നിഷ്കളങ്കയോ അല്ല, പരിശുദ്ധിയുള്ള സ്ത്രീയും, പുരുഷനുമാണ് എല്ലാ ഹാനികളിൽ നിന്നും സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. നിഷ്കളങ്കരായിരിക്കാൻ ശ്രമിച്ചിട്ട് യാതൊരു കാര്യവുമില്ല. നാം പരിശുദ്ധിയും നന്മയും നിറഞ്ഞവരാകണമെന്നാണ് ദൈവം ആവശ്യപ്പെടുന്നത്. നിഷ്കളങ്കത ഒരു ശിശുവിന്റെ സ്വഭാവ വിശേഷമാണ്. പാപത്തെ അംഗീകരിക്കാൻ വിസമ്മതിക്കുന്ന ഏതൊരാളും കുറ്റക്കാരനാണ്.

**ജൂൺ 25**

# ദുഃഖത്തിന്റെ അഗ്നിയിൽ നമ്മെത്തന്നേ അംഗീകരിക്കുക

**'ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു. ഞാൻ എന്ത് പറയേണ്ടൂ? 'പിതാവേ, ഈ നാഴികയിൽ നിന്ന് എന്നെ രക്ഷിക്കേണമേ' എന്നോ അല്ല, ഇതു നിമിത്തം ഞാൻ ഈ നാഴികയിലേയ്ക്ക് വന്നിരിക്കുന്നു. പിതാവേ, നിന്റെ നാമത്തെ മഹത്ത്വപ്പെടുത്തേണമേ' യോഹന്നാൻ 12:27,28.**

ഒരു വിശുദ്ധനെന്ന നിലയിൽ ദുഃഖങ്ങളോടും പ്രയാസങ്ങളോടുമുള്ള എന്റെ മനോഭാവം, അവയെ തടയണമെന്നല്ല; ദുഃഖത്തിന്റെ അഗ്നിയിലൂടെ കടക്കുമ്പോഴും, ദൈവം എന്നെ എന്തായി സൃഷ്ടിച്ചുവോ അങ്ങനെ തന്നേ ഞാൻ ആയിരിക്കുവാൻ എന്നെ സംരക്ഷിക്കണമേ എന്നായിരിക്കണം എന്റെ പ്രാർത്ഥന. തന്നെ ആക്കിവെച്ചിരിക്കുന്ന ഇടവും തന്റെ ദൗത്യവും എന്തെന്ന് മനസ്സിലാക്കി നമ്മുടെ കർത്താവ് സ്വയം ദുഃഖാഗ്നി സ്വീകരിച്ചു. ആ നാഴികയിലേക്കു വരാതെ അവൻ രക്ഷിക്കപ്പെട്ടില്ല; ആ നാഴികയ്ക്കുള്ളിൽ നിന്നു പുറത്തേക്ക് അവൻ രക്ഷിക്കപ്പെട്ടു.

ദുഃഖം ഉണ്ടാകരുതെന്ന് നാം പറയുന്നു; എന്നാൽ ദുഃഖം ഉണ്ട്, അതിന്റെ അഗ്നിജ്വാലകളിൽ നാം നമ്മെ സ്വീകരിച്ചേ തീരൂ. ദുഃഖത്തെ നേരിടാൻ വിസമ്മതിച്ച് അതിനെ ഒഴിവാക്കാൻ ശ്രമിച്ചാൽ നാം വിഡ്ഢിത്തമാണ് കാണിക്കുന്നത്. ദുഃഖം ജീവിതത്തിലെ ഏറ്റവും വലിയ യാഥാർത്ഥ്യങ്ങളിൽ ഒന്നാണ്. അതുണ്ടാവരുതെന്ന് പറയുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. പാപവും ദുഃഖവും കഷ്ടതയുമെല്ലാം ഉണ്ട്; അവയൊക്കെ ഉണ്ടാകാൻ ദൈവം അനുവദിച്ചത് ഒരു തെറ്റായിപ്പോയെന്നു പറയാൻ നമുക്ക് കാര്യമില്ല.

സങ്കടം നമ്മിലെ ആഴമില്ലായ്മയെ എരിച്ച് കളയും എന്നാൽ അത് എല്ലായ്പ്പോഴും മനുഷ്യനെ മെച്ചപ്പെടുത്തുന്നില്ല. കഷ്ടത ഒന്നുകിൽ എന്നെ എനിക്ക് തിരിച്ച് തരുന്നു. അല്ലെങ്കിൽ എന്നെ നശിപ്പിച്ച് കളയുന്നു. വിജയത്താൽ നിങ്ങൾക്ക് നിങ്ങളെ തിരിച്ച് കിട്ടുകയില്ല; അത് അഹങ്കാരം കൊണ്ട് നിങ്ങളുടെ തല തിരിക്കുന്നു. നിത്യ ജീവിതത്തിന്റെ വിരസതയിലും നിങ്ങൾക്ക് നിങ്ങളെ തിരിച്ച് കിട്ടുകയില്ല. നിങ്ങൾ സ്വയം പരാതിപ്പെടലിന് നിങ്ങളെ വിട്ടുകൊടുക്കുന്നു. നിങ്ങൾ നിങ്ങളെ സ്വയം കണ്ടെത്തുന്നത് ദുഃഖാഗ്നിയിലാണ്. എന്തുകൊണ്ടാണ് അത് അങ്ങനെ എന്നത് മറ്റൊരു കാര്യം. വേദപുസ്തകത്തിലും മനുഷ്യജീവിതത്തിലും ഇത് സത്യമാണ്. ദുഃഖാഗ്നിയിൽ കൂടി കടന്ന് പോയ ആ പൂർണ്ണ മനുഷ്യനെ നിങ്ങൾക്കറിയാം. വിഷമസമയത്ത് അവന്റെ അടുക്കൽ ചെല്ലാമെന്നും, അവന് നിങ്ങൾക്കായി വേണ്ടത്ര സമയമുണ്ടെന്നും നിങ്ങൾക്കുറപ്പാണ്. ദുഃഖാഗ്നിയിലൂടെ കടന്ന് പോകാത്ത ഒരാൾക്ക് പുച്ഛഭാവമായിരിക്കും, നിങ്ങൾക്കായി അയാൾ സമയം തരുകയുമില്ല. നിങ്ങൾ ദുഃഖാഗ്നിയിലൂടെ കടന്നുപോയാൽ, ദൈവം നിങ്ങളെ മറ്റുള്ളവർക്ക് പോഷണമാക്കിത്തീർക്കും.

## ജൂൺ 26

# ഏത് നേരവും
# നാം ഉൾക്കൊള്ളേണ്ട ദൈവകൃപ

**'നിങ്ങൾക്ക് ദൈവത്തിന്റെ കൃപ ലഭിച്ചത് വ്യർത്ഥമായിത്തീരരുത് എന്നു ഞങ്ങൾ സഹപ്രവർത്തകരായി നിങ്ങളെ പ്രബോധിപ്പിക്കുന്നു' (2 കൊരിന്ത്യർ 6:1).**

ഇന്നലെ നിങ്ങൾക്കുണ്ടായിരുന്ന കൃപ ഇന്നത്തേയ്ക്ക് നിങ്ങൾക്ക് പോരാതെ വരാം. ദൈവത്തിന്റെ കോരിച്ചൊരിയുന്ന പ്രീതിയാണ് കൃപ. ആവശ്യമുള്ളപ്പോഴെല്ലാം ഉൾക്കൊള്ളാൻ അതവിടെയുണ്ടെന്ന് നിങ്ങൾക്കുറപ്പാക്കാം. 'ബഹുസഹിഷ്ണത, കഷ്ടം, ബുദ്ധിമുട്ട്, തല്ല്, തടവ് ....... അതായത് നിങ്ങളുടെ ക്ഷമ പരീക്ഷിക്കപ്പെടുമ്പോഴെല്ലാം ........' എന്നാൽ ''അയ്യോ ഇല്ല, ഇത്തവണ എനിക്കതിനെ ആശ്രയിക്കാൻ വയ്യ' എന്ന് പറഞ്ഞ് നിങ്ങൾ ദൈവകൃപയെ തോല്പിക്കുന്നുണ്ടോ? പ്രാർത്ഥിക്കുകയും ദൈവം നിങ്ങളെ സഹായിക്കുകയും ചെയ്യണമെന്നാവശ്യപ്പെടുകയും ചെയ്യുകയല്ല കാര്യം. ഇപ്പോൾ, ഇവിടെ ദൈവകൃപ സ്വീകരിക്കുക എന്നതാണ് കാര്യം. നാം പ്രാർത്ഥനയെ ജോലിക്കുള്ള തയ്യാറെടുപ്പാക്കാറുണ്ട്. എന്നാൽ അങ്ങനെയൊരു കാര്യം വേദപുസ്തകത്തിലില്ല. പ്രാർത്ഥന ദൈവകൃപ വലിച്ചെടുക്കുന്നതിനുള്ള പരിശീലനമാണ്. 'ഇതിൽ നിന്ന് രക്ഷപ്പെട്ട് പ്രാർത്ഥിക്കാൻ കഴിയുന്നത് വരെ ഞാനിത് സഹിക്കും' എന്ന് പറയരുത്. ഇപ്പോൾത്തന്നേ പ്രാർത്ഥിക്കുക. ആവശ്യത്തിന്റേതായ ഈ നിമിഷത്തിൽ ദൈവകൃപ സ്വീകരിക്കുക. പ്രാർത്ഥന ഏറ്റവും പ്രായോഗികമായ ഒരു കാര്യമാണ്. അത് ദൈവഭക്തിയുടെ സഹജപ്രതികരണമാണ്. അതായത് ദൈവ സമർപ്പണത്തിൽ നാം അറിയാതെ ചെയ്യുന്ന പ്രവൃത്തിയാണ് പ്രാർത്ഥന.

തല്ലിലും തടവിലും, കലഹത്തിലും അദ്ധ്വാനത്തിലും നിങ്ങൾ ദൈവകൃപ ഉൾക്കൊള്ളുക. അങ്ങനെ നിങ്ങൾ, നിങ്ങൾക്ക് തന്നേയും മറ്റുള്ളവർക്കും ഒരത്ഭുതമാകട്ടെ. ആത്മീയ പദാവലിയിലെ ഒരുവാക്ക് 'ഇപ്പോൾ' എന്നതത്രെ. പരിതഃസ്ഥിതികൾ നിങ്ങളെ എവിടെയും കൊണ്ടെത്തിക്കട്ടെ. നിങ്ങൾ ഏതവസ്ഥയിൽ നിങ്ങളെ കണ്ടെത്തിയാലും അപ്പോഴെല്ലാം ദൈവകൃപ സ്വീകരിച്ച് കൊണ്ടേയിരിക്കുക. നിങ്ങൾ ദൈവകൃപ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നതിന്റെ ഏറ്റവും വലിയ തെളിവ് മറ്റുള്ളവരുടെ മുന്നിൽ നിങ്ങൾ അപമാനിക്കപ്പെടുമ്പോഴും ദൈവകൃപയല്ലാതെ മറ്റൊന്നിന്റേയും ഒരു ലാഞ്ഛനപോലും നിങ്ങളിൽ വെളിപ്പെടുകയില്ല എന്നതാണ്. 'ശിക്ഷിക്കപ്പെടുന്നവരെന്നിട്ടും കൊല്ലപ്പെടാത്തവർ; ദുഃഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ; ദരിദ്രരെങ്കിലും പലരെയും സമ്പന്നർ ആക്കുന്നവർ; ഒന്നും ഇല്ലാത്തവർ എങ്കിലും എല്ലാം കൈവശമുള്ളവർ' – ഇതാണ് വിജയശ്രീലാളിതമായ 'ദാരിദ്ര്യം'.

**ജൂൺ 27**

## ദൈവം തരുന്ന വിടുതലിന്റെ തണലിൽ

**'നിന്നെ വിടുവിക്കേണ്ടതിന് ഞാൻ നിന്നോടു കൂടെ ഉണ്ടെന്ന് യഹോവയുടെ അരുളപ്പാട്' (യിരമാവ് 1:8).**

താൻ തന്നേ യിരെമ്യാവിനെ രക്ഷിക്കുമെന്ന് ദൈവം യിരെമ്യാവിന് വാക്കു കൊടുത്തു. യുദ്ധ സമ്മാനമായി നിന്റെ ജീവൻ സംരക്ഷിക്കപ്പെടും– ഇത് മാത്രമാണ് ദൈവം തന്റെ മക്കൾക്ക് വാഗ്ദാനം ചെയ്യുന്നത്. ദൈവം നമ്മെ എവിടെ അയച്ചാലും അവിടെയെല്ലാം നമ്മെ കാത്ത് സംരക്ഷിക്കും, നമ്മുടെ വസ്തുവകകളെ നാം ശ്രദ്ധിക്കേണ്ടതില്ല; അവയിന്മേലുള്ള നമ്മുടെ പിടി വളരെ അയഞ്ഞതായിരിക്കണം. ഇങ്ങനെയല്ലെങ്കിൽ നമുക്ക് വലിയ വെപ്രാളവും ഹൃദയത്തകർച്ചയും, കഷ്ടതയും അനുഭവപ്പെടും. ശരിയായ ഒരു കാഴ്ചപ്പാടുണ്ടാകുക എന്നതാണ് ദൈവരക്ഷയുടെ തണലിലുള്ള ആഴമേറിയ വിശ്വാസത്തിന്റെ തെളിവ്.

നാം യേശുക്രിസ്തുവിന് വേണ്ടിയുള്ള ഒരു ദൗത്യത്തിലായിരിക്കുമ്പോൾ, നമുക്കായി നിലകൊള്ളാൻ സമയമില്ല എന്നതാണ് ഗിരിപ്രഭാഷണം സൂചിപ്പിക്കുന്നത്. നിങ്ങളോട് നീതിപൂർവമാണോ ഇടപെടുന്നതു എന്നതിനെക്കുറിച്ച് വിഷമിക്കേണ്ടതില്ല എന്നാണ് യേശുക്രിസ്തു പറയുന്നത്. നീതി തേടുന്നുവെങ്കിൽ അത് യേശുവിനോടുള്ള സമർപ്പണത്തിൽ നിന്നും, ഭക്തിയിൽ നിന്നും നാം വ്യതിചലിക്കുന്നു എന്നതിന്റെ അടയാളമത്രേ. നാം നമുക്ക് വേണ്ടി നീതി തേടുകയാണെങ്കിൽ, 'എന്തുകൊണ്ടാണ് എന്നോട് ഇങ്ങനെ' എന്ന് ചോദിക്കും പോലെ നാം പരാതിപ്പെടാനും ആത്മാനുകമ്പയിൽ മുഴുകാനും തുടങ്ങും. യേശുവിൽ സമർപ്പിതരാണ് നമ്മളെങ്കിൽ, നമ്മൾ നേരിടുന്നത് നീതിയായാലും, അനീതിയായാലും അത് നമ്മൾ കാര്യമാക്കുകയില്ല. യേശു പറയുന്നതിന്റെ സത്ത ഇതാണ്. ഞാൻ നിങ്ങളോട് ചെയ്യാൻ ആവശ്യപ്പെട്ട കാര്യം ചെയ്തുകൊണ്ടേ ഇരിക്കുക; നിങ്ങളുടെ ജീവൻ ഞാൻ കാത്തുകൊള്ളാം. നിങ്ങൾ സ്വയം നിങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുകയാണെങ്കിൽ എന്റെ രക്ഷയിൽ നിന്ന് നിങ്ങൾ നിങ്ങളെ നീക്കിക്കളയുന്നു. ഇക്കാര്യത്തിൽ നമ്മിലേറ്റവും ഭക്തരായവർപോലും അഭക്തരാകുന്നു. നാം ദൈവത്തിൽ വിശ്വസിക്കുന്നില്ല. നാം നമ്മുടെ സാമാന്യബുദ്ധിയെ സിംഹാസനത്തിലിരുത്തിയിട്ട് ദൈവത്തിന്റെ പേര് അതിനോട് ചേർക്കുന്നു. പൂർണ്ണ ഹൃദയത്തോടെ ദൈവത്തിൽ വിശ്വസിക്കുന്നതിന് പകരം സ്വന്തം വിവേകത്തിൽ നാം ആശ്രയിക്കുന്നു. 'പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക, സ്വന്തം വിവേകത്തിൽ ഊന്നരുത് '.

**ജൂൺ 28**

# ദൈവത്താൽ പിടിക്കപ്പെട്ട്

**'...... ഞാൻ ക്രിസ്തു യേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അത് പിടിക്കാമോ  എന്ന് വെച്ച് പിന്തുടരുന്നതേയുള്ളൂ' (ഫിലിപ്പിയർ 3:12).**

ദൈവവേല സ്വയം തെരഞ്ഞെടുക്കരുത്. എന്നാൽ ഒരിക്കൽ ദൈവം നിങ്ങളെ വിളിച്ച് കഴിഞ്ഞാൽ, പിന്നെ നിങ്ങൾ ഇടത്തോട്ടോ വലത്തോട്ടോ തിരിയുന്നുവെങ്കിൽ, നിങ്ങൾക്ക് കഷ്ടം! ദൈവത്തിനായി ജോലി ചെയ്യാൻ ദൈവം നമ്മെ പിടികൂടിയതു കൊണ്ടാണ്, അല്ലാതെ സ്വയം തീരുമാനിച്ചിട്ടല്ല നാം ഇവിടെ എത്തിയിരിക്കുന്നത്. ഒരിക്കൽ ദൈവം അങ്ങനെ ചെയ്തുകഴിഞ്ഞാൽ 'ഓ ഞാനിതിന് യോജിച്ചയാളല്ല' എന്ന ചിന്ത നമുക്ക് വേണ്ട. നിങ്ങൾ എന്താണ് പറയേണ്ടതെന്ന്, നിങ്ങളുടെ സ്വാഭാവിക വികാരങ്ങളല്ല, ദൈവമാണ് തീരുമാനിക്കേണ്ടത്. നിങ്ങളുടെ ആത്മാവിനെ നിരന്തരം ദൈവവുമായി ബന്ധിപ്പിച്ച് നിർത്തുക. നിങ്ങൾ സാക്ഷ്യം വഹിക്കാൻ മാത്രമല്ല സുവിശേഷം പറയാൻ കൂടി വിളിക്കപ്പെട്ടിരിക്കുന്നു എന്നോർക്കുക. സാക്ഷ്യം  ഓരോ ക്രിസ്ത്യാനിയും വഹിക്കേണ്ടതാണ്. എന്നാൽ സുവിശേഷം പറയാനുള്ള വിളി വരുമ്പോൾ, നിങ്ങളുടെ മേൽ ദൈവത്തിന്റെ, വേദനയുളവാക്കുന്ന പിടിവേണം. നിങ്ങളുടെ ജീവിതം ദൈവത്തിന്റെ പിടിയിലായത് ഈ ഒരു കാര്യത്തിനായാണ്. നമ്മിലെത്ര പേർ അങ്ങനെ പിടിക്കപ്പെട്ടിരിക്കുന്നു?

ദൈവവചനത്തിൽ ഒരിക്കലും വെള്ളം ചേർക്കരുത്; അതിന്റെ ഒട്ടും നേർപ്പിക്കാത്ത ദൃഢതയിൽ സുവിശേഷം പറയുക. ദൈവവചനത്തോട് ഒരിക്കലും ചഞ്ചലിക്കാത്ത വിശ്വസ്തത പുലർത്തുക. മറ്റുള്ളവരുമായുള്ള വ്യക്തിപരമായ ഇടപെടലുകളിൽ വിനയത്തോടെ പെരുമാറുക. സ്വർഗ്ഗത്തിൽ സൃഷ്ടിക്കപ്പെട്ട ഒരു പ്രത്യേക വ്യക്തിയല്ല, ദൈവകൃപയാൽ രക്ഷിക്കപ്പെട്ട പാപിയാണ് നിങ്ങൾ. 'സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്ന് നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു'.

**ജൂൺ 29**

## കർശനമായ അച്ചടക്കം

**'വലങ്കൈ നിനക്ക് ഇടർച്ചവരുത്തുന്നുവെങ്കിൽ അതിനെ വെട്ടി എറിഞ്ഞ് കള ക. നിന്റെ ശരീരം മുഴുവൻ നരകത്തിൽ പോകുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്ന് നശിക്കുന്നതു നിനക്ക് പ്രയോജനമത്രെ' (മത്തായി 5:30).**

എല്ലാം മനുഷ്യരും വലത് കൈവെട്ടിക്കളയണമെന്ന് യേശു പറഞ്ഞില്ല. എന്നാൽ, ദൈവത്തോടൊപ്പം നിങ്ങൾ നടക്കുമ്പോൾ വലതു കൈ നിങ്ങളെക്കൊണ്ട് പാപം ചെയ്യിക്കുന്നുവെങ്കിൽ ആ കൈ വെട്ടിക്കളയുക എന്നാണ് അവൻ പറഞ്ഞത്. തികച്ചും ന്യായമായ പല കാര്യങ്ങളുമുണ്ട്; എന്നാൽ നിങ്ങൾ ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ നിങ്ങൾക്ക് അതൊന്നും ചെയ്യാൻ പറ്റുകയില്ല. നിങ്ങൾക്കുള്ള ഏറ്റവും നല്ല കാര്യങ്ങളിൽ ഒന്നാണ് നിങ്ങളുടെ വലംകൈ; എന്നാൽ അത് യേശുവിന്റെ ഉപദേശങ്ങൾ പിന്തുടരുന്നതിൽ നിന്ന് നിങ്ങളെ തടയുന്നു വെങ്കിൽ, അതിനെ മുറിച്ചെറിയുക. മനുഷ്യരാശിക്ക് ലഭിച്ചിട്ടുള്ള ഏറ്റവും കർക്കശ മായ പാഠം, ശിക്ഷണം, ഈ തത്ത്വമാണ്.

വീണ്ടും ജനിക്കലിലൂടെ ദൈവം നിങ്ങളെ മാറ്റുകയാണെങ്കിൽ, അംഗഭംഗം ചെയ്യ പ്പെടുക എന്നതാണ് ആ ജീവിതത്തിന്റെ ആദ്യ സ്വഭാവവിശേഷം. നിങ്ങൾക്ക് ചെയ്യാൻ ധൈര്യമില്ലാത്തതും എന്നാൽ, നിങ്ങൾക്കും നിങ്ങളെ യഥാർത്ഥത്തിൽ അറിയാവുന്നവർക്കും വലങ്കൈയും വലങ്കണ്ണും പോലെ തോന്നുന്നതുമായ നൂറ് കണക്കിന് കാര്യങ്ങളുണ്ട്. എന്നാൽ ആത്മീയതയില്ലാത്ത ആളുകൾ ''നിങ്ങൾ, അങ്ങനെ ചെയ്യുന്നതിൽ എന്താണ് തെറ്റെന്ന്'' ചോദിച്ചേക്കാം. തുടക്കത്തിൽ അംഗംഭംഗം ചെയ്യാതെ ഒരു ജീവിതം ജീവിച്ച ഒരൊറ്റ വിശുദ്ധൻ പോലും ഉണ്ടാ യിട്ടില്ല. മനുഷ്യന്റെ കണ്ണുകളിൽ സുന്ദരനും, ദൈവത്തിന്റെ കണ്ണുകളിൽ വൈക ല്യമുള്ളവനുമായി ജീവിതത്തിൽ പ്രവേശിക്കുന്നതിനേക്കാൾ നല്ലത് മനുഷ്യന്റെ കണ്ണുകളിൽ വൈകല്യമുള്ളവനും ദൈവത്തിന്റെ കണ്ണുകളിൽ സുന്ദരനുമായി ജീവിതത്തിലേയ്ക്ക് കടക്കുന്നതാണ്. മറ്റുള്ളവർക്കെല്ലാം ശരിയും, നിങ്ങൾക്ക് ശരി യല്ലാത്തതുമായ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നതിൽ നിന്ന് നിങ്ങളെ യേശു പരി ശുദ്ധാത്മാവിനാൽ തടയും. എന്നാൽ നിങ്ങൾക്കുള്ള പരിമിതികളെ മറ്റുള്ളവരെ വിമർശിക്കാനായി നിങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ശ്രദ്ധിച്ചു കൊൾക.

തുടക്കത്തിൽ അതൊരു വൈകല്യമുള്ള ജീവിതമായിരിക്കും. എന്നാൽ മത്തായി 5:48–ാം വാക്യത്തിൽ പരിപൂർണ്ണതയുള്ള ഒരു ജീവിതത്തിന്റെ ചിത്രം യേശു തരുന്നു ണ്ട്. 'ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതു പോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ'.

## ഇപ്പോൾത്തന്നേ അത് ചെയ്യുക

**'നിന്റെ പ്രതിയോഗിയോടു കൂടെ വഴിയിൽ ഉള്ളപ്പോൾതന്നേ വേഗത്തിൽ അവനോട് ഇണങ്ങിക്കൊൾക' (മത്തായി 5:25).**

'നിങ്ങൾ ചെയ്യേണ്ടതെന്തോ അത് ഇപ്പോൾതന്നേ ചെയ്യുക' എന്നൊരു തത്ത്വം ഈ വാക്യത്തിലൂടെ യേശു നമ്മുടെ മുന്നിൽ സ്ഥാപിക്കുന്നു. 'അത് വേഗം ചെയ്യുന്നില്ലെങ്കിൽ', അങ്ങേയറ്റത്തെ വില കൊടുത്ത് തീരുവോളം നിങ്ങൾ വേദനയും, വ്യാകുലതയും കഷ്ടതയും സഹിക്കേണ്ടിവരുന്ന ഒരു അനിവാര്യ പ്രക്രിയ തുടങ്ങും. ദൈവത്തിന്റെ നിയമങ്ങൾക്ക് മാറ്റമില്ല, അവയിൽ നിന്ന് രക്ഷപ്പെടാനാകുകയുമില്ല. യേശുക്രിസ്തു പഠിപ്പിച്ച് തന്നതൊക്കെയും നമ്മുടെ അസ്തിത്വത്തിന്റെ ഉള്ളിലേയ്ക്കു തുളച്ച് കയറുന്നവയത്രെ.

എന്റെ എതിരാളി എനിക്കുള്ള സർവ അവകാശങ്ങളും സമ്മതിച്ച് തരണമെന്നാഗ്രഹിക്കുന്നത് തികച്ചും സ്വാഭാവികമാണ്. എന്നാൽ ഞാൻ എന്റെ എതിരാളിക്ക് നല്കാനുള്ളതെല്ലാം നല്കുക എന്നതാണ് ഒഴിച്ച് കൂടാനാവാത്ത നിത്യ പ്രാധാന്യമുള്ള കാര്യം എന്നാണ് യേശു പറയുന്നത്. ഞാൻ ചതിക്കപ്പെട്ടോ ഇല്ലയോ എന്നതല്ല എന്റെ കർത്താവിന്റെ കാഴ്ചപ്പാടിൽ പ്രധാന കാര്യം. കാര്യമായ കാര്യം ഞാനാരെയും ചതിക്കരുതെന്നുള്ളതാണ്. എന്റെ അവകാശം വേണമെന്ന് ശഠിക്കുകയാണോ ഞാൻ? അതോ യേശുക്രിസ്തുവിന്റെ കാഴ്ചപ്പാടിൽ നിന്ന് ഞാൻ ചെയ്യാൻ കടപ്പെട്ട കാര്യം ഞാൻ ചെയ്യുന്നുണ്ടോ ?

വേഗമത് ചെയ്യുക. നിങ്ങളെത്തന്നേ ന്യായവിധിക്ക് മുമ്പാകെ കൊണ്ട് വരിക. ധാർമ്മിക, ആത്മീയ കാര്യങ്ങളിൽ നിങ്ങൾ ഉടനടി പ്രവർത്തിക്കണം. ഇല്ലെങ്കിൽ വിട്ടുവീഴ്ചയില്ലാത്ത ആ പ്രക്രിയ തുടങ്ങും. തന്റെ പൈതലിന്റെ സ്വഭാവം ഹിമം പോലെ ശുദ്ധവും വെണ്മയുള്ളതുമായിരിക്കണം എന്ന കാര്യത്തിൽ ദൈവം ദൃഢനിശ്ചയം ചെയ്തവനാണ്. താൻ പഠിപ്പിച്ച ഏതെങ്കിലും കാര്യത്തിൽ അനുസരണയില്ലായ്മയുള്ളിടത്തോളം, നമ്മെ അനുസരണയിൽ കൊണ്ടുവരാൻ എന്ത് നടപടിയെടുക്കാനും അവൻ പരിശുദ്ധാത്മാവിനെ അനുവദിക്കും. നമ്മൾ ചെയ്യുന്നത് ശരിയാണെന്ന് തെളിയിക്കാൻ നാം ശ്രമിക്കുന്നു എന്നത് നമ്മുടെ ഭാഗത്തെവിടെയോ അനുസരണക്കേടുണ്ടെന്ന് സൂചിപ്പിക്കുന്നു. വെളിച്ചത്തിങ്കൽ നിരന്തരം നില്ക്കാൻ ആത്മാവ് നമ്മെ പ്രേരിപ്പിക്കുന്നതിൽ അത്ഭുതമില്ല.

പ്രതിയോഗിയോട് വേഗത്തിൽ ഇണങ്ങിക്കൊൾക. ആരെങ്കിലുമായുള്ള ബന്ധത്തിൽ, ഹൃദയത്തിൽ കോപം അവശേഷിക്കുന്ന ഒരു നിർണ്ണായക സ്ഥാനത്തെത്തിയിരിക്കുകയാണോ നിങ്ങൾ? വേഗം അതേറ്റ് പറയുക; ദൈവതിരുമുമ്പാകെ ആ ബന്ധം ശരിയാക്കുകയും ആ ആളോട് നിരപ്പാകുകയും ചെയ്യുക.

## ജൂലൈ 1

# അനിവാര്യമായ ശിക്ഷ

**''ഒടുവിലത്തെ കാശുപോലും കൊടുത്ത് തീരുവോളം നീ അവിടെനിന്ന് പുറത്ത് വരികയില്ല എന്ന് ഞാൻ സത്യമായിട്ട് നിന്നോടു പറയുന്നു''. മത്തായി 5:26.**

''നരകത്തിന്റെ ഒരു ചെറിയ അംശം പോലുമുള്ള ഒരു സ്വർഗ്ഗവുമില്ല''. നിങ്ങളെ വെടിപ്പും വിശുദ്ധിയുമുള്ളവനാ(ളാ)ക്കാൻ ദൈവം ദൃഢനിശ്ചയം ചെയ്തിരിക്കുന്നതിനാൽ ഒരൊറ്റ നിമിഷത്തേയ്ക്ക് പോലും പരിശുദ്ധാത്മാവിന്റെ സൂക്ഷ്മ പരിശോധനയിൽ നിന്ന് രക്ഷപെടാൻ അവൻ നിങ്ങളെ അനുവദിക്കുകയില്ല. നിങ്ങളെ കുറ്റം വിധിച്ചയുടൻതന്നേ ന്യായവിധിക്കായി വരാൻ അവൻ നിങ്ങളെ പ്രേരിപ്പിച്ചതായിരുന്നു. എന്നാൽ നിങ്ങൾ ചെന്നില്ല. അപ്പോൾ അനിവാര്യമായ ആ പ്രക്രിയ തുടങ്ങി. ഇപ്പോൾ നിങ്ങൾ തടവറയിലാണ്; ഇനി ''അവസാനത്തെ കാശു കൊടുത്ത് തീരുവോളം നിങ്ങൾ പുറത്ത് വരുകയില്ല''. ഇതാണോ ദയയുടെയും കരുണയുടെയും ദൈവം എന്ന് നിങ്ങൾ ചോദിക്കുന്നു. ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ അത് സ്നേഹത്തിന്റെ മഹത്വമാർന്നൊരു ശുശ്രൂഷയത്രേ. ദൈവം, നിങ്ങളെ കളങ്കമറ്റവനും പരിശുദ്ധനുമാക്കിത്തീർക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടിരുന്ന പ്രകൃതം – നിങ്ങൾക്കുള്ള നിങ്ങളുടെ അവകാശം മുറുകെപ്പിടിക്കുന്ന പ്രകൃതം – നിങ്ങൾ തിരിച്ചറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം നിങ്ങളുടെ പ്രകൃതം മാറ്റണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന ആ നിമിഷം, പുനഃസൃഷ്ടിയുടെ ദൈവികശക്തികൾ പ്രവർത്തിച്ച് തുടങ്ങും. ദൈവത്തോടും നിങ്ങളുടെ സഹജീവികളോടും നിങ്ങൾ ശരിയായി ബന്ധപ്പെടണമെന്നുള്ള ദൈവോദ്ദേശ്യം നിങ്ങൾ മനസ്സിലാക്കുന്ന ആ നിമിഷം നിങ്ങൾക്കായി ശരിയായ പാത ഒരുക്കുവാൻ ഈ പ്രപഞ്ചത്തെ മുഴുവൻ അവൻ ഉപയോഗിക്കും. ഇപ്പോൾത്തന്നേ അത് തീരുമാനിക്കുക. ''ഉവ്വ് കർത്താവേ, ഇപ്പോൾത്തന്നേ ഞാനാ കത്ത് എഴുതാം. ആ ആളോട് നിരപ്പാകാം. ഞാൻ ചെയ്യേണ്ടതു ചെയ്യാം''.

യേശുക്രിസ്തുവിന്റെ സന്ദേശങ്ങൾ നമ്മുടെ ബുദ്ധിക്കുള്ളതല്ല. ഇച്ഛാശക്തിക്കും, മനസ്സാക്ഷിക്കുമുള്ളതാണ്. നിങ്ങളുടെ ബുദ്ധികൊണ്ട് ഗിരിപ്രഭാഷണത്തെ ഖണ്ഡിക്കാൻ ശ്രമിച്ചാൽ നിങ്ങളുടെ ഹൃദയം മുരടിക്കും; ഹൃദയത്തോടുള്ള അപേക്ഷകൾ നിങ്ങൾക്ക് കേൾക്കാനാവാതെ വരും.

''എന്തുകൊണ്ടാണ് ദൈവത്തോടൊത്ത് ഞാൻ ആത്മീയമായി വളരാത്തത്?'' എന്ന് സ്വയം ചോദിക്കുന്നതായി നിങ്ങൾക്ക് തോന്നിയാൽ – ദൈവത്തിന്റെ നിലപാടിൽ നിന്ന്, നിങ്ങൾക്കുള്ള കടങ്ങൾക്ക് നിങ്ങൾ പരിഹാരം ചെയ്തിട്ടുണ്ടോ എന്ന് സ്വയം ചോദിക്കുക. എന്നെങ്കിലുമൊരിക്കൽ നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ ഇപ്പോൾ ചെയ്യുക. ഓരോ ധാർമ്മിക ചുമതലയ്ക്കും പിന്നിൽ ''ചെയ്യേണ്ടത്'' എന്നൊരു പാഠമുണ്ട്. അതായത് നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം എന്ന അറിവ്.

## ജൂലൈ 2

# ശിഷ്യത്വത്തിന്റെ വ്യവസ്ഥകൾ

**''എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും മക്കളെയും സഹോദരന്മാരെയും, സഹോദരിമാരെയും സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല. എന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല'' (ലൂക്കോസ് 14–26–27).**

നമ്മുടെ ഏറ്റവും ഗാഢബന്ധങ്ങൾ യേശുവുമായുള്ള ബന്ധവുമായി സംഘട്ടനത്തിൽ വന്നാൽ, തന്നോട് ഉടനടി അനുസരണം കാണിക്കണമെന്നാണ് യേശു ആവശ്യപ്പെടുന്നത്. ശിഷ്യത്വം എന്നാൽ ഒരാളോടുള്ള–നമ്മുടെ കർത്താവായ യേശുക്രിസ്തുവിനോടുള്ള – സമർപ്പണം, ഭക്തി എന്നാണ് അർത്ഥം. ഒരു വ്യക്തിയോടുള്ള സമർപ്പണവും, കുറേ തത്ത്വങ്ങളോടോ പ്രസ്ഥാനങ്ങളോടോ ഉള്ള സമർപ്പണവും തമ്മിൽ വ്യത്യാസമുണ്ട്. നമ്മുടെ കർത്താവ് ഒരു പ്രസ്ഥാനവും പ്രഖ്യാപിച്ചില്ല. അവൻ തന്നോടുള്ള വ്യക്തിപരമായ സമർപ്പണം മാത്രമേ ആവശ്യപ്പെട്ടുള്ളൂ. ഒരു ശിഷ്യനാകുക എന്ന് വെച്ചാൽ നമ്മുടെ കർത്താവിനോടുള്ള സ്നേഹത്താൽ പ്രേരിതനായി അവന് അടിമയായിരിക്കുക എന്നത്രേ. ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്ന നമ്മിലധികം പേരും യേശുക്രിസ്തുവിന് സമർപ്പിതരല്ല. പരിശുദ്ധാത്മാവ് പകർന്ന് കൊടുത്താലല്ലാതെ, ഈ ലോകത്തിലാർക്കും യേശുക്രിസ്തുവിനോട് തീക്ഷ്ണമായ സ്നേഹം ഉണ്ടാകുകയില്ല. നാം അവനെ ആരാധിച്ചേക്കാം, ബഹുമാനിച്ചേക്കാം, ആദരിച്ചേക്കാം. എന്നാൽ നമുക്കവനെ സ്നേഹിക്കാൻ കഴിയുകയില്ല. കർത്താവായ യേശുക്രിസ്തുവിനെ സ്നേഹിക്കുന്നത് പരിശുദ്ധാത്മാവാണ്. തന്റെ സ്നേഹം പരിശുദ്ധാത്മാവ് നമ്മുടെ എല്ലാവരുടെയും ഹൃദയത്തിൽ പ്രസരിപ്പിക്കുന്നു. നിങ്ങളിലൂടെ യേശുക്രിസ്തുവിനെ മഹത്വീകരിക്കാൻ ഒരവസരം പരിശുദ്ധാത്മാവ് കാണുകയാണെങ്കിൽ, നിങ്ങളെയാകമാനം പിടികൂടി യേശുവിനോടുള്ള സമർപ്പണത്തിൽ നിങ്ങളെ ജ്വലിപ്പിക്കും.

ധാർമ്മികവും സ്വാഭാവികവുമായ മൗലികത (തനിമ) യാണ് ക്രിസ്തീയ ജീവിതത്തിന്റെ സവിശേഷത. തൽഫലമായി അസ്ഥിരത എന്ന ആരോപണം യേശുവിനെതിരേ എന്നപോലെ യേശുവിന്റെ ശിഷ്യനെതിരെയും ഉയർത്തപ്പെടും. എന്നാൽ ദൈവത്തോടുള്ള ബന്ധത്തിൽ യേശുക്രിസ്തു എന്നും സ്ഥിരതയുള്ളവനായിരുന്നു. ഒരു ക്രിസ്ത്യാനിയും കർക്കശമായ തത്ത്വസംഹിതകളിലല്ല, ദൈവപുത്രന്റെ ജീവിതവുമായുള്ള തന്റെ ബന്ധത്തിലാണ് സ്ഥിരതയുള്ളവനായിരിക്കേണ്ടത്. ആളുകൾ വിശ്വാസസംഹിതകൾക്കു തങ്ങളെത്തന്നേ ഏല്പിച്ചുകൊടുക്കുന്നു. യേശുക്രിസ്തുവിനോടു സമർപ്പിതരാകും മുമ്പ് ദൈവത്തിന് അവയെ തകർത്തേ തീരൂ.

## ജൂലൈ 3

# വ്യക്തിപരമായ പാപത്തിന്റെ കേന്ദ്രീകരണം

**''എനിക്ക് അയ്യോ കഷ്ടം! ........ ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനുഷ്യൻ'' (യെശയ്യാവ് 6:5).**

ഞാൻ ദൈവസന്നിധിയിലേക്ക് വരുമ്പോൾ എന്റെ പാപത്തെക്കുറിച്ചു അവൻ എനിക്കു വ്യക്തമായ ബോധം തരുന്നു. 'അതേ ഞാനൊരു പാപിയാണെന്ന് എനിക്കറിയാം' എന്ന് ഒരു മനുഷ്യന് നിഷ്പ്രയാസം പറയാൻ കഴിയും. എന്നാൽ അയാൾ ദൈവസന്നിധിയിലേക്ക് വരുമ്പോൾ, ആ ഒരു പ്രസ്താവനയുമായി രക്ഷപെടാൻ സാധിക്കുകയില്ല. നമ്മുടെ പ്രത്യേക കുറ്റത്തെ യെശയ്യാവ് പറഞ്ഞതു പോലെ ഞാൻ 'ഇതാണ്', 'അതാണ്' അല്ലെങ്കിൽ 'മറ്റതാണ്' എന്ന് വ്യക്തമായി കേന്ദ്രീകരിച്ചിരിക്കണം. അവ്യക്തമായ ഒരു പാപബോധമാകരുത്. നമ്മുടെ വ്യക്തി ജീവിതത്തിലെ ഏത് മേഖലയിലാണ് പാപം കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് നാം അറിയണം. പരിശുദ്ധാത്മാവ് നമ്മുടെ മനസ്സിനെ ബോധ്യപ്പെടുത്തുന്ന ഏതെങ്കിലും ഒരു കാര്യത്തിൽ ദൈവം നമ്മെ കുറ്റം വിധിക്കുന്നു. ആ കുറ്റം വിധിക്കുവാൻ നാം കീഴടങ്ങിയാൽ അവൻ നമ്മെ താഴേയ്ക്ക് നയിച്ച് അടിത്തട്ടിലുള്ള പാപത്തിന്റെ വിശാലപ്രകൃതം മനസ്സിലാക്കിത്തരും. ബോധപൂർവ്വം നാം ദൈവസന്നിധിയിലാകുമ്പോൾ ദൈവം ഇങ്ങനെയാണ് നമ്മോടിടപെടുന്നത്.

പാപകേന്ദ്രീകരണത്തിന്റെ ഈ അനുഭവം, ഏറ്റവും വലിയവനും ഏറ്റവും ചെറിയവനുമായ വിശുദ്ധന്റെ കാര്യത്തിലും, ഏറ്റവും വലിയവനും, ഏറ്റവും ചെറിയവനുമായ പാപിയുടെ കാര്യത്തിലും സത്യമാണ്. ഈ അനുഭവത്തിന്റെ ആദ്യപടിയിൽ നില്ക്കുമ്പോൾ, ''എവിടെയാണെനിക്ക് തെറ്റ് പറ്റിയതെന്ന് അറിഞ്ഞുകൂടാ. എന്നാൽ ദൈവാത്മാവ് ഏതെങ്കിലും ഒരു നിശ്ചിത കാര്യം ചൂണ്ടിക്കാണിക്കും'' എന്നൊരാൾ പറഞ്ഞേക്കാം. യഹോവയുടെ വിശുദ്ധിയെക്കുറിച്ചുള്ള യെശയ്യാവിന്റെ ദർശനത്തിന്റെ ഫലം താൻ ''ശുദ്ധിയില്ലാത്ത അധരങ്ങളുള്ള'' ഒരു മനുഷ്യനാണെന്നത്, യെശയ്യാവിന് ബോധ്യപ്പെടുത്തിക്കൊടുത്തു എന്നുള്ളതായിരുന്നു. അപ്പോൾ ''സെറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽ നിന്ന് കൊടിൽകൊണ്ട് ഒരു തീക്കനൽ എടുത്ത് കൈയിൽപിടിച്ചുകൊണ്ട് എന്റെ അടുക്കൽ പറന്ന് വന്ന് അത് എന്റെ വായ്ക്കു തൊടുവിച്ചു. ഇതാ ഇത് നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി, നിന്റെ പാപത്തിന് പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു''. എവിടെയാണോ പാപം കേന്ദ്രീകരിച്ചിരിക്കുന്നത് അവിടെ ശുദ്ധീകരണത്തിന്റെ അഗ്നി ജ്വലിക്കണം.

## ജൂലൈ 4

# ദൈവത്തിന്റെ ഒരു വലിയ 'അരുത്'

**''പരിഭ്രമിക്കാതിരിക്കുക; അത് തിന്മയിലേയ്ക്ക് മാത്രമേ നയിക്കൂ, മുഷിഞ്ഞു പോകരുത്; അതു കോപത്തിനു ഹേതുവാകുകയേയുള്ളൂ'' (സങ്കീർത്തനം 37:8).**

വ്യാകുലപ്പെടുക എന്ന് വെച്ചാൽ മാനസികമായും ആത്മീയമായും ആകെ കുഴഞ്ഞ് മറിയുക എന്നാണ്. വ്യാകുലപ്പെടരുത് എന്ന് പറയുന്നത് ഒരു കാര്യം. എന്നാൽ വ്യാകുലപ്പെടാത്ത ഒരു പ്രകൃതമുണ്ടാകുക എന്ന് പറയുന്നത് തികച്ചും വ്യത്യസ്ത മായ മറ്റൊരു കാര്യം. ''കർത്താവിന്റെ മുമ്പിൽ സ്വസ്ഥനായിരിക്ക. ക്ഷമാപൂർവ്വം അവനെ കാത്തിരിക്ക'' എന്ന് നാം ചിന്താക്കുഴപ്പത്തിലും വ്യാകുലതയിലും വീഴു ന്നത് വരെ പറയാൻ വളരെ എളുപ്പമാണ്. ഇങ്ങനെയൊരവസ്ഥയിൽ കർത്താവിൽ സ്വസ്ഥനായിരിക്കാൻ സാദ്ധ്യമാണോ? എന്നാൽ ഈ ''അരുത്'' (വ്യാകുലപ്പെടരു ത്) ഇവിടെ പ്രവർത്തിക്കുന്നില്ലെങ്കിൽ, അത് വേറെ ഒരിടത്തും പ്രവർത്തിക്കുകയി ല്ല. ഈ ''അരുത്'' സമാധാനത്തിന്റെ ദിനങ്ങളിലെന്നപോലെ പ്രയാസങ്ങളുടെയും അസ്ഥിരതയുടെയും ദിവസങ്ങളിലും പ്രവർത്തിക്കണം. അല്ലെങ്കിൽ അതൊരിക്കലും പ്രവർത്തിക്കയില്ല. അത് നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുകയില്ലെങ്കിൽ മറ്റാ രുടെയും ജീവിതത്തിൽ പ്രവർത്തിക്കുകയില്ല. 'കർത്താവിന്റെ മുമ്പിൽ സ്വസ്ഥനാ യിരിക്ക' എന്നത് നിങ്ങളുടെ ബാഹ്യപരിതഃസ്ഥിതികളെയല്ല, ദൈവവുമായിത്ത ന്നെയുള്ള നിങ്ങളുടെ ബന്ധത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.

വ്യാകുലപ്പെടുന്നതും പരിഭ്രമിക്കുന്നതും പാപമാണ്. അല്പം ഉൽക്കണ്ഠയും മനഃ പ്രയാസവുമെല്ലാം നാമെത്ര വിവേകമുള്ളവരാണെന്നുള്ളതിന്റെ സൂചനയാണെ ന്നാണ് നാം വിചാരിക്കുന്നത്. എന്നാൽ അത്, നാമെത്ര തിന്മപെട്ടവരാണെന്നാണ് സൂചിപ്പിക്കുന്നത്. നമ്മുടെ തന്നിഷ്ടം നടക്കണമെന്ന പിടിവാശിയിൽ നിന്നാണ് വ്യാകുലതയുളവാകുന്നത്. നമ്മുടെ കർത്താവൊരിക്കലും വ്യാകുലപ്പെടുകയോ ഉൽക്കണ്ഠാകുലനാകുകയോ ചെയ്തില്ല. കാരണം തന്റെ സ്വന്തം ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കാനല്ല, ദൈവത്തിന്റെ പദ്ധതികൾ നടപ്പിലാക്കാനായിരുന്നു അവൻ ഇറങ്ങിത്തിരിച്ചത്. നിങ്ങൾ ദൈവപൈതലാണെങ്കിൽ വ്യാകുലപ്പെടുന്നത് തിന്മയാ ണ്.

'ദൈവത്തിന് കൈകാര്യം ചെയ്യാൻ കഴിയുന്നതിനുമപ്പുറമാണ് നിങ്ങളുടെ പരിതഃ സ്ഥിതികൾ' എന്നു വിചാരിച്ചുകൊണ്ടാണോ നിങ്ങൾ നിങ്ങളുടെ ആ വിഡ്ഢിയായ ആത്മാവിനെ താങ്ങിനിർത്തിക്കൊണ്ടിരിക്കുന്നത്? 'നിങ്ങളുടെ സർവ്വ അഭിപ്രായ ങ്ങളും ഊഹങ്ങളും മാറ്റിവെച്ച് അത്യുന്നതന്റെ നിഴലിൽ വസിക്ക,. അക്കാര്യത്തെ ക്കുറിച്ചോ, ഇക്കാര്യത്തെക്കുറിച്ചോ വ്യാകുലപ്പെടുകയില്ലെന്ന് ദൈവത്തോട് സാവധാനം പറയുക. നമ്മുടെ വ്യാകുലതകൾക്കും മനഃപ്രയാസങ്ങൾക്കുമെല്ലാം കാരണം ദൈവത്തെക്കൂടാതെ നാം ഇടുന്ന പദ്ധതികളാണ്.

**ജൂലൈ 5**

## ദൈവത്തെക്കൂടാതെ കണക്കുകൂട്ടലുകൾ നടത്തരുത്

**''നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽത്തന്നേ ആശ്രയിക്ക; അവൻ അത് നിർവ്വഹിക്കും''** **(സങ്കീർത്തനം 37:5).**

ദൈവത്തെക്കൂടാതെ കണക്കുകൂട്ടലുകൾ നടത്തരുത്. അവനെ കണക്കിലെടുക്കാതെ നാം ഇടുന്ന പദ്ധതികളെ തകിടംമറിക്കുന്ന രസകരമായ ഒരു രീതി ദൈവത്തിനുണ്ട്. ദൈവം തെരഞ്ഞെടുക്കാത്ത പരിതഃസ്ഥിതികളിൽ ചെന്നുപെട്ടാലുടൻതന്നേ അവനെക്കൂടാതെ നാം പദ്ധതികളാസൂത്രണം ചെയ്യുകയായിരുന്നു എന്നും – നമ്മുടെ ജീവിതപദ്ധതികളിലെ ഒരു നിർണ്ണായക സജീവഘടകമായി നാം അവനെ പരിഗണിച്ചിട്ടില്ല എന്നും – നാം മനസ്സിലാക്കുന്നു. ആകുലപ്പെടുന്നതിന്റെ സാദ്ധ്യതയിൽ നിന്നു പോലും നമ്മെ തടയാൻ കഴിയുന്ന ഒരേയൊരു കാര്യം നമ്മുടെ എല്ലാ പദ്ധതികളിലെയും ഏറ്റവും വലിയ ഘടകമായി ദൈവത്തെ കൊണ്ടുവരുകയാണ്.

ആത്മീയകാര്യങ്ങളിൽ ദൈവത്തിനാണല്ലോ നാം ഒന്നാം സ്ഥാനം നല്കുന്നത്? എന്നാൽ നമ്മുടെ നിത്യജീവിതത്തിലെ പ്രായോഗികകാര്യങ്ങളിൽ അങ്ങനെ ചെയ്യുന്നത് അനുചിതമാണെന്നാണ് നമ്മുടെ വിചാരം. ദൈവത്തിനടുത്തേക്ക് വരാൻ ഒരു 'ഞായർ മനോഭാവം' വേണമെന്ന വിചാരമുണ്ടെങ്കിൽ നാമൊരിക്കലും ദൈവസമീപമെത്തുകയില്ല. നാം എങ്ങനെയോ അങ്ങനെതന്നെയാവണം ദൈവത്തിനടുത്തെത്തുന്നത്.

മനസ്സിലെ തിന്മയ്ക്കനുസരണമായി പദ്ധതികളിടരുത്

നമുക്ക് ചുറ്റിലുമുള്ള തിന്മയെ കണക്കിലെടുക്കരുതെന്ന് ദൈവം വാസ്തവത്തിൽ ഉദ്ദേശിക്കുന്നുണ്ടോ? 'സ്നേഹം ദോഷം കണക്കിടുന്നില്ല'. തിന്മയുടെ സാന്നിദ്ധ്യം സ്നേഹം മനസ്സിലാക്കുന്നു, എന്നാൽ തിന്മയെ കണക്കിലെടുക്കേണ്ട ഒരു ഘടകമായി സ്നേഹം പരിഗണിക്കുന്നില്ല. ദൈവത്തിൽ നിന്ന് അകന്ന് നില്ക്കുമ്പോൾ തിന്മയെ കണക്കിലെടുത്തുകൊണ്ട് നാം പദ്ധതികളിടുകയും ആ നിലപാടിൽ നിന്ന് നമ്മുടെ പ്രവൃത്തികളെ സമർത്ഥിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

''മഴക്കാലദിനങ്ങൾ'' മനസ്സിൽ കണ്ട് പദ്ധതികളിടരുത്.

നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ''മഴക്കാലദിന''ങ്ങളിലേക്ക് കരുതിവെക്കാൻ കഴിയുകയില്ല. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. നിങ്ങളുടെ ഹൃദയം കലങ്ങുന്നത് ദൈവം തടയുകയില്ല. ഹൃദയം കലങ്ങിപ്പോകരുത് എന്നതൊരു ആജ്ഞയാണ്. അത് ചെയ്യാനായി, ദൈവത്തെ മുന്നിൽ നിർത്തി പദ്ധതികളിടുംവരെ, ദിവസം നൂറ്റിയൊന്നു വട്ടം നിങ്ങളെത്തന്നേ ഒരുക്കുക.

## ജൂലൈ 6

# ദർശനവും യാഥാർത്ഥ്യവും

**''മരീചിക ഒരു പൊയ്കയായും വരണ്ടനിലം നീരുറവകളായും തീരും'' (യെശ യ്യാവ് 35:7).**

ഒരു കാര്യം യാഥാർത്ഥ്യമാകും മുമ്പ് നമുക്ക് അതെക്കുറിച്ച് ദർശനങ്ങളുണ്ടാകാറുണ്ട്. ദർശനം യാഥാർത്ഥ്യമാണെന്ന് നമുക്ക് മനസ്സിലാകുകയും അതേസമയം അത് നമ്മിൽ യാഥാർത്ഥ്യമല്ലാതിരിക്കുകയും ചെയ്യുമ്പോൾ പ്രലോഭനങ്ങളുമായി സാത്താൻ നമ്മുടെയടുത്ത് വരുന്നു; അപ്പോൾ തുടരാൻ ശ്രമിച്ചിട്ട് പോലും കാര്യമില്ലെന്ന് നാം പറയുന്നു. ദർശനം നമുക്ക് യാഥാർത്ഥ്യമാകുന്നതിന് പകരം നാം പരാജയത്തിന്റെ താഴ്‌വരയിൽ പ്രവേശിക്കുന്നു.

വെറുമൊരു ഇരുമ്പയിരല്ല ജീവിതം
നമ്മെ ഉപയോഗിക്കാനും രൂപപ്പെടുത്താനും
ഇരുളിന്റെ നടുവിൽ നിന്ന് ഖനനം ചെയ്ത,
നാശത്തിന്റെ ആഘാതങ്ങളാൽ അടിച്ചു പരത്തിയ ഇരുമ്പ് തന്നേ.

ദൈവം നമുക്കൊരു ദർശനം തരുന്നു. എന്നിട്ട് ആ ദർശനത്തിന്റെ ആകൃതിയിലാക്കാൻ, അടിച്ച് പരത്താനായി നമ്മെ താഴ്‌വരയിലേയ്ക്ക് കൊണ്ടുപോകുന്നു. ആ താഴ്‌വരയിൽ വെച്ച് നമുക്ക് ബോധം നഷ്ടപ്പെടുകയും നാം കീഴടങ്ങുകയും ചെയ്യുന്നു. എന്നാൽ നമുക്ക് ക്ഷമയുണ്ടെങ്കിൽ ഓരോ ദർശനവും യാഥാർത്ഥ്യമാക്കപ്പെടും. ദൈവത്തിന് ധാരാളം സമയമുണ്ടെന്ന് ഓർക്കുക. എന്നാൽ നമുക്ക് വെപ്രാളം പിടിച്ച ധൃതിയാണെപ്പോഴും. ദർശനത്തിന്റെ വെളിച്ചത്തിൽ നാം കാര്യങ്ങൾ ചെയ്യാൻ ഇറങ്ങിപ്പുറപ്പെടുന്നു. എന്നാൽ അപ്പോഴും ദർശനം നമ്മിൽ യാഥാർത്ഥ്യമായിട്ടില്ല. ദർശനത്തിന്റെ യാഥാർത്ഥ്യത്തെ വിശ്വസിച്ചേല്പിക്കാവുന്നിടത്ത് എത്തുംവരെ നമ്മെ അടിച്ചുകുഴച്ച് രൂപപ്പെടുത്താനായി ദൈവം നമ്മെ താഴ്‌വരയിലേക്ക് കൊണ്ടുപോകുകയും, നമ്മെ അഗ്നിയിലൂടെയും പ്രളയത്തിലൂടെയും കടത്തിക്കൊണ്ട് പോകുകയും ചെയ്യുന്നു. ദർശനം നല്കുമ്പോൾ മുതൽ ദൈവം പ്രവർത്തിക്കുന്നു. നമുക്കായുള്ള തന്റെ ലക്ഷ്യത്തിനായി ദൈവം നമ്മെ രൂപപ്പെടുത്തുന്നു. എന്നാൽ നാം വീണ്ടും വീണ്ടും അവന്റെ കൈയ്യിൽ നിന്ന് രക്ഷപെട്ട് നമ്മുടെ സ്വന്തം ശരീരത്തിൽ നമ്മെ രൂപപ്പെടുത്താനായി നമ്മെത്തന്നേ ഉടച്ച് കുഴയ്ക്കുന്നു.

ആകാശവിതാനത്തിൽ അപ്രാപ്യമായൊരു കോട്ടയുടെ ദർശനമല്ല ദൈവം നമുക്ക് തരുന്നത്. നിങ്ങൾ എന്തായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ, അതിനെക്കുറിച്ചുള്ള ദർശനമാണ് ദൈവം നിങ്ങളെ കാണിക്കുന്നത്. തന്റെ ചക്രത്തിൽ വെച്ച് ദൈവം നിങ്ങളെ ചുഴറ്റട്ടെ. ദൈവം ദൈവവും, നിങ്ങൾ നിങ്ങളുമാണെന്ന് ഉറപ്പായതിനാൽ കൃത്യമായും ആ ദർശനമനുസരിച്ച് നിങ്ങൾ ഉരുത്തിരിയും. ആ പ്രക്രിയയ്ക്കിടെ നിരാശയ്ക്കടിപ്പെട്ടു പോകരുത്. എന്നെങ്കിലും ദൈവത്തിൽ നിന്ന് നിങ്ങൾക്കൊരു ദർശനമുണ്ടായിട്ടുണ്ടെങ്കിൽ ഒരു താഴ്ന്നതലം കൊണ്ട് തൃപ്തിപ്പെടാൻ തയ്യാറാകുന്ന നിങ്ങൾ, ആ രീതിയിൽ ശ്രമം നടത്തും. എന്നാൽ ദൈവം നിങ്ങളെ അതിനനുവദിക്കുകയില്ല.

## ജൂലൈ 7

# ശ്രേഷ്ഠകാര്യങ്ങൾ എല്ലാം

കഠിനകാര്യങ്ങൾ

**''ഇടുക്ക് വാതിലിലൂടെ അകത്ത് കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവുമാകുന്നു. അതിൽക്കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കമുള്ളതും. അത് കണ്ടെത്തുന്നവർ ചുരുക്കമത്രെ'' (മത്തായി 7:13–4).**

യേശുവിന്റെ ശിഷ്യരായി ജീവിക്കാൻ പോവുകയാണെങ്കിൽ ശ്രേഷ്ഠമായ എല്ലാക്കാര്യങ്ങളും, എല്ലാ ശ്രമങ്ങളും പ്രയാസകരമാണ് എന്ന് നാം ഓർമ്മിക്കണം. ക്രിസ്തീയ ജീവിതം മഹത്വകരമാണ് പ്രയാസപൂർണ്ണവുമാണ്: എന്നാൽ ആ വൈഷമ്യങ്ങൾ നമുക്കൊരു വെല്ലുവിളിയാണ്; അവ നമ്മെ തോല്പിക്കയില്ല, തളർത്തുകയുമില്ല. യേശുക്രിസ്തുവിന്റെ മഹത്വത്തിനായി നമ്മുടെ ഏറ്റവും നല്ലതിനെ, സർവ്വസ്വവുമായതിനെ സമർപ്പിക്കാൻ തക്കവണ്ണം അവന്റെ അത്ഭുതകരമായ രക്ഷയെ നാം മനസ്സിലാക്കുകയും വിലമതിക്കുകയും ചെയ്യുന്നുണ്ടോ?

യേശുക്രിസ്തു നിർവ്വഹിച്ച പാപപരിഹാരത്തിലൂടെ ദൈവം തന്റെ പരമോന്നത കൃപയാൽ മനുഷ്യരെ രക്ഷിക്കുന്നു. ''ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളമുണ്ടായിട്ട് പ്രവർത്തിക്കുന്നത്''. എന്നാൽ നമ്മുടെ നിത്യജീവിതത്തിൽ നമ്മുടെ രക്ഷയ്ക്കായി നാം പ്രവർത്തിക്കണം. അവന്റെ രക്ഷയുടെ അടിസ്ഥാനത്തിൽ, അവൻ കല്പിക്കുന്നത് നാം ചെയ്തുതുടങ്ങിയാൽ, അത് നമുക്ക് ചെയ്യാൻ കഴിയും എന്ന് നാം കണ്ടെത്തും. നാം പരാജയപ്പെടുന്നെങ്കിൽ, ദൈവം നമ്മിൽ വെച്ചിരിക്കുന്നതിനെ നാം പ്രായോഗികമാക്കിയിട്ടില്ലാത്തതുകൊണ്ടാണ്. നാം അത് ചെയ്യാൻ ശ്രമിക്കുന്നുണ്ടായിരുന്നോ ഇല്ലയോ എന്നത് ആ പ്രതിസന്ധി വെളിപ്പെടുത്തും. ദൈവാത്മാവിനെ നാം അനുസരിക്കുകയും, ആ ആത്മാവിനാൽ ദൈവം നമ്മിൽ വെച്ചിരിക്കുന്നതിനെ നമ്മുടെ ഭൗതിക ജീവിതത്തിൽ പ്രയോഗിക്കുകയും ചെയ്യുകയാണെങ്കിൽ, പ്രതിസന്ധി വരുമ്പോൾ നമ്മുടെ സ്വപ്രകൃതവും, ദൈവകൃപയും നമുക്കൊപ്പം നില്ക്കും.

നമുക്ക് ചെയ്യാൻ പ്രയാസമുള്ള കാര്യങ്ങൾ ചെയ്യുന്നു എന്നതിന് ദൈവത്തിന് സ്തോത്രം ചെയ്യുക. ആഹ്ലാദകരമായ ഒരു കാര്യമാണ് അവന്റെ രക്ഷ. എന്നാൽ അത് ധീരവും വിശുദ്ധവുമായ ഒരു കാര്യമാണ്. നമ്മുടെ സർവയോഗ്യതയിലും അത് നമ്മെ പരീക്ഷിക്കുന്നു. ''സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുന്നു''. ഒരു പുത്രൻ ചെയ്യേണ്ടതായ കാര്യങ്ങളിൽ നിന്ന് ദൈവം നമ്മെ ഒഴിവാക്കുകയുമില്ല. ലാളിച്ച് വഷളാക്കപ്പെട്ട ദുർബലരായിട്ടല്ല യേശുക്രിസ്തുവിനോട് ശക്തമായ കുടുംബസാദൃശ്യമുള്ളവരായിട്ടാണ് ദൈവം സ്ത്രീപുരുഷന്മാരെ സൃഷ്ടിക്കുന്നത്. ജീവിതയാഥാർത്ഥ്യങ്ങളിൽ യേശുക്രിസ്തുവിന്റെ മികച്ച യോഗ്യരായ ശിഷ്യരാകാൻ ഒരുപാട് അച്ചടക്കം വേണം. ശ്രേഷ്ഠരായിരിക്കാൻ ശ്രമം നടത്തേണ്ടത് എപ്പോഴും അത്യാവശ്യമാണ്.

**ജൂലൈ 8**

## വിശ്വസ്തരായിരിക്കാനുള്ള ഇച്ഛാശക്തി

**''ആരെ സേവിക്കും എന്ന് ഇന്ന് തെരഞ്ഞെടുത്തുകൊൾവിൻ'' (യോശുവ 24:15).**

ഒരു വ്യക്തിയുടെ ഇച്ഛാശക്തി അയാളുടെ സർവ്വപ്രവൃത്തികളിലും ഉൾക്കൊണ്ടിരിക്കുന്നു. എനിക്കെന്റെ ഇച്ഛയെ വേണ്ടെന്ന് വെക്കാൻ സാധിക്കുകയില്ല. അതിനെ ഞാനെന്റെ പ്രവൃത്തികളിൽ വിനിയോഗിക്കണം. ദൈവാത്മാവിനെ സ്വീകരിക്കാൻ ഞാനെന്റെ ഇച്ഛയെ ഉപയോഗിക്കണം. ദൈവം എനിക്ക് ഒരു സത്യദർശനം തന്നാൽ, അവൻ എന്തു ചെയ്യും എന്നൊരു ചോദ്യമേയില്ല. ഞാൻ എന്തു ചെയ്യും? അതാണ് ചോദ്യം. നമ്മുടെയെല്ലാവരുടെയും മുമ്പാകെ ദൈവം ചില വലിയ നിർദ്ദേശങ്ങളും പദ്ധതികളും വെക്കുന്നു. നിങ്ങൾക്ക് ചെയ്യാവുന്ന ഏറ്റവും നല്ല കാര്യം ദൈവം നിങ്ങളെ സ്പർശിച്ചപ്പോൾ നിങ്ങൾ എന്തു ചെയ്തു എന്നോർമ്മിക്കുകയാണ്. നിങ്ങൾ രക്ഷിക്കപ്പെട്ടപ്പോഴോ, ആദ്യമായി യേശുവിനെ തിരിച്ചറിഞ്ഞപ്പോഴോ അല്ലെങ്കിൽ ഏതെങ്കിലും സത്യം മനസ്സിലായപ്പോഴോ ഉള്ള ആ നിമിഷം ഓർത്ത് നോക്കുക. അന്ന് ദൈവമുമ്പാകെ വിശ്വസ്തതയോടെ കീഴടങ്ങാൻ എളുപ്പമായിരുന്നല്ലോ. ദൈവാത്മാവ് എന്തെങ്കിലും പുതിയ നിർദ്ദേശം നിങ്ങളുടെ മുമ്പാകെ കൊണ്ടുവരുമ്പോഴെല്ലാം ആ പഴയ നിമിഷങ്ങളെ ഉടനടി ഓർമ്മിക്കുക

''ആരെ സേവിക്കും എന്ന് ഇന്ന് തെരഞ്ഞെടുത്തുകൊൾവിൻ''. അത് സാവധാനമെടുക്കുന്ന ഒരു ദൃഢനിശ്ചയമായിരിക്കണം, സ്വയമറിയാതെ അതിലേക്ക് ചെന്ന് ഒഴുകി വീഴുകയാകരുത്. ഒരു തീരുമാനമെടുക്കും വരെ നിങ്ങളുടെ ജീവിതത്തിലെ മറ്റെല്ലാ കാര്യങ്ങളും താൽക്കാലികമായി നിർത്തിവെക്കുക. ദൈവത്തിനും നിങ്ങൾക്കുമിടയിലുള്ള നിർദ്ദേശത്തെക്കുറിച്ച് മാംസരക്തങ്ങളോട് ആലോചിക്കരുത്. ഓരോ പുതിയ നിർദ്ദേശമുണ്ടാകുമ്പോഴും ആളുകൾ നമ്മിൽ നിന്ന് കൂടുതൽ കൂടുതലായി അകലുന്നു. അവിടെയാണ് നമ്മുടെ മനസ്സിന് സമ്മർദ്ദം ഉണ്ടാകുന്നത്. തന്റെ മറ്റ് വിശുദ്ധരുടെ അഭിപ്രായങ്ങൾ കാര്യമായിട്ടെടുക്കാൻ ദൈവം നിങ്ങളെ അനുവദിക്കുന്നു. എന്നാൽ നിങ്ങളെടുക്കുന്ന ചുവട് മറ്റുള്ളവർ മനസ്സിലാക്കുന്നുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ച് നിങ്ങൾക്കുള്ള ഉറപ്പ് കുറഞ്ഞ് കുറഞ്ഞ് വരുന്നു. ദൈവം എങ്ങോട്ടാണ് നിങ്ങളെ നയിക്കുന്നതെന്ന് കണ്ടുപിടിക്കാൻ ശ്രമിക്കേണ്ട കാര്യം നിങ്ങൾക്കില്ല. ദൈവം നിങ്ങൾക്ക് വിശദീകരിച്ച് തരുന്ന ഒരേയൊരു കാര്യമേയുള്ളൂ. അത് ദൈവത്തെക്കുറിച്ച് തന്നേ.

''ഞാൻ വിശ്വസ്തനായിരിക്കും'' എന്ന് ദൈവത്തോട് തുറന്ന് പ്രഖ്യാപിക്കുക. യേശുവിനോട് വിശ്വസ്തനായിരിക്കാൻ തീരുമാനിച്ചാലുടൻ ദൈവം നിങ്ങളെ ദൈവത്തിന്റെ സാക്ഷികളാക്കും.

മറ്റ് ക്രിസ്ത്യാനികളുടെ അഭിപ്രായമാരായരുത്, ''ഞാൻ നിന്നെ സേവിക്കും. നിന്നോട് വിശ്വസ്തനായിരിക്കും എന്ന് തുറന്ന് പ്രഖ്യാപിക്കുകയും, അങ്ങനെ വിശ്വസ്തരായിരിക്കുന്ന മറ്റുള്ളവരെ അവരുടെ വിശ്വസ്തതയ്ക്കായി ബഹുമാനിക്കുകയും ചെയ്യുക''.

## ജൂലൈ 9

# മഹത്തായ ആത്മശോധന

**''നിങ്ങൾക്ക് കർത്താവിനെ സേവിക്കാൻ കഴിയുന്നതല്ല'' (യോശുവ 24:19)**

ദൈവത്തെയല്ലാതെ മറ്റെന്തിനെയെങ്കിലും നിങ്ങൾ അല്പമെങ്കിലും ആശ്രയിക്കുന്നുണ്ടോ? നിങ്ങളുടെ എന്തെങ്കിലും ഒരു സ്വാഭാവിക നന്മയിലോ അനുകൂല സാഹചര്യങ്ങളിലോ എന്തിലെങ്കിലുമുള്ള ആശ്രയം അല്പമെങ്കിലും നിങ്ങളിൽ ഇപ്പോഴുമുണ്ടോ? ഏതെങ്കിലും തരത്തിൽ നിങ്ങൾ നിങ്ങളെത്തന്നേ ആശ്രയിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾ സ്വയം ചോദിച്ച് ഒരാത്മ പരിശോധന നടത്താൻ നിങ്ങൾ തയ്യാറാണോ? 'എനിക്കൊരു വിശുദ്ധജീവിതം നയിക്കാൻ സാധിക്കുകയില്ല' എന്ന നിങ്ങൾ പറയുന്നത് സത്യമാണ്. എന്നാൽ നിങ്ങളെ വിശുദ്ധനാക്കാൻ യേശുവിനെ നിങ്ങൾക്ക് അനുവദിക്കാം. ''നിങ്ങൾക്ക് കർത്താവിനെ സേവിക്കാൻ സാധ്യമല്ല''. എന്നാൽ ദൈവത്തിന്റെ സർവ്വശക്തിയുടെയും ചൈതന്യം നിങ്ങളിൽ പ്രവർത്തിക്കുന്നിടത്ത് നിങ്ങളെ സ്വയം കൊണ്ടുവന്ന് നിർത്താം. തന്റെ അത്ഭുതകരമായ ജീവിതം നിങ്ങളിലൂടെ വെളിപ്പെട്ടു എന്ന് പ്രതീക്ഷിക്കുവാൻതക്കവണ്ണം, നല്ലതാണോ ദൈവവുമായുള്ള നിങ്ങളുടെ ബന്ധം?

ജനം യോശുവായോട് ''അല്ല, ഞങ്ങൾ യഹോവയെത്തന്നേ സേവിക്കും'' എന്ന് പറഞ്ഞു. അത് വെറുമൊരു നൈമിഷിക വികാരപ്രകടനമല്ല, സാവധാനമുള്ളൊരു സമർപ്പണമാണ്. ''ദൈവം ഒരിക്കലും എന്നെ ഇതിന് വിളിച്ചില്ല; ഞാൻ അയോഗ്യൻ അത്രേ. എന്നെയായിരിക്കില്ല ദൈവം ഉദ്ദേശിച്ചത്'' എന്ന് നിങ്ങൾ പറഞ്ഞേക്കാം. ദൈവം നിങ്ങളെത്തന്നേയാണ് ഉദ്ദേശിച്ചത്. നിങ്ങൾ എത്രയധികം ബലഹീനനും, മനോബലമില്ലാത്തവനുമാണോ, അത്രയും നല്ലത്. തന്നിൽത്തന്നേയുള്ള എന്തിനെയെങ്കിലും ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ആളായിരിക്കും ''ഞാൻ യഹോവയെ സേവിക്കും'' എന്ന് പറയുന്നതിനോട് അടുത്തെത്താൻ പോലും സാധിക്കാത്തവൻ.

''അയ്യോ എനിക്ക് യഥാർത്ഥത്തിൽ വിശ്വസിക്കാൻ കഴിഞ്ഞെങ്കിൽ!'' എന്ന് നമ്മൾ പറയുന്നു. ഞാൻ യഥാർത്ഥത്തിൽ വിശ്വസിക്കുമോ എന്നതാണ് കാര്യം. അവിശ്വാസം എന്ന പാപം യേശു അത്ര ശക്തമായി ഊന്നിപ്പറഞ്ഞതിൽ അത്ഭുതമില്ല. ''അവരുടെ അവിശ്വാസം നിമിത്തം അവിടെ വളരെ വീര്യപ്രവൃത്തികളെ ചെയ്തില്ല''. ദൈവം പറഞ്ഞത് യഥാർത്ഥത്തിൽ അവനുദ്ദേശിച്ചത് തന്നേയാണെന്ന് നാം വിശ്വസിച്ചിരുന്നെങ്കിൽ നാം എന്തായേനെ! താൻ, എന്തെല്ലാം ആയിരിക്കും എന്ന് ദൈവം പറഞ്ഞുവോ അതെല്ലാം ആയിരിക്കാൻ ദൈവത്തെ അനുവദിക്കാനുള്ള ധൈര്യം എനിക്കുണ്ടോ?

**ജൂലൈ 10**

# ആത്മീയ അലസൻ

**''ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക''(എബ്രായർ 10:24–25).**

ആത്മീയമായി അലസരാകാൻ നമുക്കെല്ലാവർക്കും കഴിയും. ജീവിതത്തിന്റെ പരുക്കൻ പാതകളിൽനിന്ന് ഒഴിഞ്ഞ് മാറാനാണ് നാം ആഗ്രഹിക്കുന്നത്; നമ്മുടെ പ്രാഥമിക ലക്ഷ്യമാകട്ടെ സുരക്ഷിതമായ ഒരു വിശ്രമജീവിതവും. എബ്രായർ 10–ാം അദ്ധ്യായത്തിലെ ഈ വാക്യങ്ങൾ പരസ്പരം പ്രബോധിപ്പിക്കുക, സൽപ്രവൃത്തികൾക്ക് പ്രേരിപ്പിക്കുക എന്നീ ആശയങ്ങൾ നമുക്ക് തരുന്നു. ഈ രണ്ട് കാര്യങ്ങൾക്കും ആത്മസാക്ഷാത്കാരത്തിനല്ല, ക്രിസ്തുസാക്ഷാത്കാരത്തിനുള്ള ഉത്സാഹമാണ് ആവശ്യം. എല്ലാവരിൽ നിന്നും അകന്ന ഒറ്റപ്പെട്ട വിശ്രമജീവിതം യേശുക്രിസ്തു പഠിപ്പിച്ച ആത്മീയതയ്ക്ക് നേരെ വിപരീതമാണ്.

നമ്മെ ആത്മീയമായി ഉദാസീനരാക്കുന്ന അനീതിയും, അല്പത്വവും നന്ദികേടും, അസഹ്യതയും നാം നേരിടുമ്പോഴാണ് നമ്മുടെ ആത്മീയത പരീക്ഷിക്കപ്പെടുന്നത്. ശാന്തമായ ഒരു വിശ്രമജീവിതത്തിന് വേണ്ടി പ്രാർത്ഥനയും വേദപുസ്തകവായനയും ഉപയോഗിക്കാൻ നാം ആഗ്രഹിക്കുന്നു. സമാധാനവും സന്തോഷവും ലഭിക്കാൻവേണ്ടി മാത്രം നാം ദൈവത്തെ ഉപയോഗിക്കുന്നു. നമുക്ക് വേണ്ടത് നമ്മിൽ യേശുവിന്റെ സാക്ഷാത്കാരമാണ്. അവനിലെ സന്തോഷം മാത്രം ആഗ്രഹിക്കുന്നതു തെറ്റായ ദിശയിലേക്കുള്ള ആദ്യചുവടാണ്.

''നിങ്ങളെ ഓർപ്പിച്ചുണർത്തുക യുക്തം എന്നു വിചാരിക്കുന്നു'' എന്നാണ് പത്രോസ് പറഞ്ഞത്. ഒരു ആത്മീയ പ്രവർത്തകൻ നമ്മെ കുത്തിയുണർത്തുന്നത് വളരെ അസ്വസ്ഥതയുളവാക്കുന്ന കാര്യമാണ് എങ്കിലും അത് അനിവാര്യമാണ്. സാധാരണ ലളിതമായ സജീവപ്രവർത്തനങ്ങളും, ആത്മീയ പ്രവർത്തനവും ഒരേ തരത്തിലുള്ള കാര്യങ്ങളല്ല. സജീവപ്രവർത്തനങ്ങൾ കപട ആത്മീയപ്രവർത്തനമാകാം. ആത്മീയ അലസതയുടെ അപകടം, നാം ഉണർത്തപ്പെടാൻ ആഗ്രഹിക്കാത്തവരാകും എന്നതാണ്. ആത്മീയ വിശ്രമജീവിതം മാത്രമാണ് നാം ആഗ്രഹിക്കുന്നത്. ക്രിസ്തു വിശ്രമജീവിതമെന്ന ആശയത്തെ പ്രോത്സാഹിപ്പിക്കുന്നതേയില്ല. ''................നിങ്ങൾ പോയി എന്റെ സഹോദരന്മാരോട് ............... പറവിൻ''.

## ജൂലൈ 11

# ആത്മീയ വിശുദ്ധൻ

**''......... അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ......'' (ഫിലിപ്പിയർ 3:10).**

ഒരു വിശുദ്ധൻ മുൻകൈ എടുക്കേണ്ടത് ആത്മസാക്ഷാത്കാരത്തിനല്ല, യേശുക്രിസ്തുവിനെ അടുത്തറിയേണ്ടതിനാണ്. ആത്മീയമായ ഊർജ്ജസ്വലതയുള്ള ഒരു വിശുദ്ധൻ തന്റെ പരിതഃസ്ഥിതികൾ യാദൃച്ഛികമായി ഉരുത്തിരിയുന്നതാണെന്നോ തന്റെ ജീവിതം വിശുദ്ധവും മതേതരവുമായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്നോ ഒരിക്കലും വിശ്വസിക്കുന്നില്ല. തന്നെ ഏതേത് പരിതഃസ്ഥിതിയിൽ അയാൾ കാണുന്നുവോ, അതെല്ലാം യേശുക്രിസ്തുവിനെക്കുറിച്ച് മെച്ചപ്പെട്ട അറിവ് ലഭിക്കുന്നതിനുള്ള മാർഗ്ഗമായി അയാൾ കാണുന്നു; യാതൊരു പരിമിതിയും ഇല്ലാത്തൊരു ആത്മസമർപ്പണത്തിന്റെ മനോഭാവമായിരിക്കും ആ വിശുദ്ധനുള്ളത്. നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും യേശുക്രിസ്തുവിനെ സാക്ഷാത്കരിക്കണമെന്ന് പരിശുദ്ധാത്മാവ് ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. അങ്ങനെ നാം ചെയ്യുംവരെ പരിശുദ്ധാത്മാവ് നമ്മെ ഒരേ ബിന്ദുവിൽത്തന്നെ വീണ്ടും വീണ്ടും കൊണ്ടെത്തിക്കും. സ്വയം സാക്ഷാത്കാരത്തിൽ നാം നമ്മുടെ സൽപ്രവൃത്തികളെ സിംഹാസനത്തിലേറ്റുന്നു. എന്നാൽ ദൈവത്തിന്റെ ഒരു വിശുദ്ധൻ, തന്റെ സൽപ്രവൃത്തികളിലൂടെ യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നു. നാം ചെയ്യുന്നതു തിന്നുകയോ കുടിക്കുകയോ ശിഷ്യരുടെ കാൽ കഴുകുകയോ – എന്തുമാകട്ടെ – അതിലെല്ലാം യേശുവിനെ തിരിച്ചറിയാനും സാക്ഷാത്കരിക്കാനും നാം മുൻകൈ എടുക്കണം. നമ്മുടെ ജീവിതത്തിലെ ഓരോ ഘട്ടത്തിന്റെയും പ്രതിരൂപം ക്രിസ്തുവിന്റെ ജീവിതത്തിലുണ്ട്. ഏറ്റവും ചെറിയൊരു പ്രവൃത്തിയിൽ പോലും നമ്മുടെ കർത്താവ് തന്റെ പിതാവിനോടുള്ള തന്റെ ബന്ധത്തെ പൂർത്തീകരിച്ചു. പിതാവ് സകലവും തന്റെ കൈയ്യിൽ തന്നിരിക്കുന്നു എന്നും താൻ ദൈവത്തിന്റെ അടുക്കൽ നിന്ന് വന്ന് ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ അത്താഴത്തിൽ നിന്ന് എഴുന്നേറ്റ് വസ്ത്രം ഊരിവെച്ച് ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണി കൊണ്ട് തുവർത്തുവാനും തുടങ്ങി.

''ഞാൻ അവനെ അറിയേണ്ടതിന്'' എന്നതാണ് ആത്മീയ ഊർജ്ജസ്വലതയുള്ള ഒരു വിശുദ്ധന്റെ ലക്ഷ്യം. ഇന്ന് ഞാനെവിടെയാണോ അവിടെ ഞാനവനെ അറിയുന്നുണ്ടോ? അറിയുന്നില്ലെങ്കിൽ ഞാൻ അവനെ തോല്പിക്കുകയാണ്. ആത്മസാക്ഷാത്കാരത്തിനല്ല, അവനെ അറിയാനാണ് ഞാനിവിടെ വന്നിരിക്കുന്നത്. എന്തെങ്കിലും ഞാൻ ചെയ്യണമല്ലോ എന്ന ധാരണയാണ് ക്രിസ്തീയ പ്രവർത്തനത്തിൽ ഒട്ടുമിക്കപ്പോഴും പൊങ്ങി വരുക. ആത്മീയ ഊർജ്ജസ്വലതയുള്ള ഒരു വിശുദ്ധന്റെ മനോഭാവം ഒരിക്കലും ഇതല്ല. താനായിരിക്കുന്ന ഓരോ ചുറ്റുപാടിലും യേശുക്രിസ്തുവിനെ സാക്ഷാത്കരിക്കുക എന്നതു മാത്രമാണ് വിശുദ്ധന്റെ ലക്ഷ്യം.

## ജൂലൈ 12

# ആത്മീയസഭ

**''ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീകവർദ്ധനയ്ക്കും ആകുന്നു''** (എഫെസ്യർ 4:13).

പുനരധിവാസം എന്നാൽ മനുഷ്യവർഗ്ഗവും ദൈവവും തമ്മിലുള്ള ബന്ധത്തെ ദൈവം ഉദ്ദേശിച്ച രീതിയിൽ പുനഃസ്ഥാപിക്കുകഎന്നത്രേ.. അതാണ് യേശു വീണ്ടെടുപ്പിലൂടെ സാധിച്ചത്. സഭയുടെ താല്പര്യം ഒരു സംഘടനയെന്ന നിലയിലുള്ള സ്വന്തം വികസനത്തിലാകുമ്പോൾ അത് ആത്മീയത നഷ്ടപ്പെട്ടതായിത്തീരുന്നു. ക്രിസ്തുവിനോടു ഏകീഭവിച്ച ഒരു ജീവിതമാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. സമൂഹം ആകമാനം അതേ അനുഭവത്തിൽ ആയിത്തീരണം; അതാണു ദൈവികപദ്ധതി. അതു സാധിച്ചെടുക്കുന്നതിനു വേണ്ടിയാണു ദൈവം യേശുവിനെ അയച്ചതും യേശു തന്റെ ശിഷ്യന്മാരെ നിയോഗിച്ചതും. വ്യക്തിപരമായി ആത്മീയ നേട്ടങ്ങൾ കൈവരിക്കാനോ വിശ്രമജീവിതം ആസ്വദിക്കുവാനോ അല്ല, പിന്നെയോ കർത്താവിന്റെ ശരീരമായ സഭയെ പണിതുയർത്തി യേശുവിനെ സമ്പൂർണ്ണമായി സാക്ഷാത്കരിക്കുവാനാണ് നമ്മെ ഇവിടെ ആക്കിയിരിക്കുന്നത്.

ദൈവപദ്ധതി പൂർത്തീകരിക്കുക എന്നാൽ അവന് പൂർണ്ണമായി കീഴടങ്ങുക എന്നാണ്. എപ്പോൾ ഞാൻ എനിക്ക് വേണ്ടി എന്തെങ്കിലും ആഗ്രഹിക്കുന്നുവോ, അപ്പോൾ ക്രിസ്തുവുമായുള്ള എന്റെ ബന്ധം വികൃതമാകുന്നു. യേശുക്രിസ്തുവിനെ മനസ്സിലാക്കുന്നതിനു പകരം അവൻ എനിക്കായി ചെയ്തതു എന്റെ അല്പത്വം എന്ന് മനസ്സിലാക്കുന്നത് ഒരു അപമാനമാണ്.

ശാന്തിയല്ലാനന്ദമല്ലെൻ രക്ഷകൻ താൻ
എൻ ലക്ഷ്യം, വേണ്ടായെനിക്കനുഗ്രഹങ്ങളും
വേണ്ടതെനിക്കെൻ ദൈവത്തെമാത്രം.

ഈ മാനദണ്ഡം വെച്ചാണോ അതോ ഇതിൽക്കുറഞ്ഞ എന്തെങ്കിലും വെച്ചാണോ ഞാനെന്റെ ജീവിതം അളക്കുന്നത്?

**ജൂലൈ 13**

# ദർശനത്തിന്റെ വില

**''ഉസ്സീയാരാജാവ് മരിച്ച ആണ്ടിൽ കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് ഞാൻ കണ്ടു'' (യെശയ്യാവ് 6:1).**

ദൈവത്തോട് ഏറെ അടുത്തു ചെല്ലാൻ ഇടയാകുന്നതു പലപ്പോഴും വളരെ പ്രിയപ്പെട്ടവരുടെ വേർപാടിന്റെ വേളകളിലായിരിക്കും. അവരുടെ സ്ഥാനത്ത് നാം ദൈവത്തെ കാണുവാൻ തക്കവണ്ണം അവൻ നമ്മുടെ പ്രിയപ്പെട്ടവരെ നീക്കം ചെയ്യുന്നു. അവിടെയാണ് നാം ഇടറുകയും പരാജയപ്പെടുകയും നിരാശരാകുകയും ചെയ്യുന്നത്. ഇക്കാര്യത്തിൽ എന്റെ വ്യക്തിപരമായ അനുഭവം എന്താണ്? ഞാൻ ദൈവത്തെ മാറ്റി ദൈവതുല്യം സ്നേഹിച്ച വ്യക്തി മരിച്ചപ്പോൾ ഞാൻ നിരാശനാകുകയോ എനിക്ക് രോഗം പിടിപെടുകയോ ചെയ്തോ? അതോ യെശയ്യാവിനെ പോലെ ഞാൻ ദൈവത്തെ കണ്ടോ?

എന്റെ ദൈവദർശനം എന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. എന്റെ സ്വഭാവമാണ് എനിക്ക് സത്യം വെളിപ്പെടുത്തിത്തരുമോ ഇല്ലയോ എന്ന് തീരുമാനിക്കുന്നത്. ഞാൻ ദൈവത്തെ കണ്ടു എന്ന് പറയും മുമ്പ് ദൈവത്തിന്റെ സാദൃശ്യത്തോട് അനുരൂപപ്പെടുന്ന എന്തോ ഒന്ന് എന്റെ സ്വഭാവത്തിലുണ്ടാകണം. ഞാൻ വീണ്ടും ജനിക്കുകയും, ദൈവരാജ്യം കാണുകയും ചെയ്യുന്നത് വരെ എന്റെ വ്യക്തിപരമായ മുൻവിധികളുടെ നിലപാടിൽ നിന്ന് ഞാൻ കാര്യങ്ങൾ കാണുന്നു. എനിക്കാവശ്യം ഒരു ശസ്ത്രക്രിയയാണ് – എന്നിൽ ഒരു ആന്തരികശുദ്ധീകരണം വരുത്താൻ ദൈവം ബാഹ്യപരിതഃസ്ഥിതികൾ ഉപയോഗിക്കണം. താങ്ങും തണലുമായി ആരുമില്ലാതാകുമ്പോൾ ദൈവത്തെ അഭിമുഖമായി കാണണമെങ്കിൽ, ജീവിതത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ദൈവത്തിനു മാത്രമായിരിക്കണം. അപ്പോൾ നമ്മുടെ പ്രാർത്ഥന, ''എന്റെ പ്രിയപ്പെട്ട ദൈവമേ, ഈ ലോകത്തിൽ നീയല്ലാതെ, എനിക്ക് ആരുമില്ല, നീയല്ലാതെ ആരുമില്ല'', എന്നാകും.

സർവ്വവും സർവ്വേശനു സമർപ്പിക്കുക; ആ ദിവ്യദർശനമനുസരിച്ച് ജീവിക്കാൻ നിങ്ങൾ തയ്യാറാണെന്ന് ദൈവം കാണട്ടെ.

**ജൂലൈ 14**

# പീഡനത്തിന്റെ കണക്ക്

**ഞാനോ നിങ്ങളോട് പറയുന്നത് : ''ദുഷ്ടനോട് എതിർക്കരുത്. നിന്നെ വലത്തെ ചെകിടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ച് കാണിക്ക'' (മത്തായി 5:39).**

ഒരു 'ക്രിസ്ത്യാനി' സഹിക്കേണ്ടുന്ന നിന്ദയാണ് ഈ വാക്യം വെളിപ്പെടുത്തുന്നത്. സ്വാഭാവികമായി ഒരു മനുഷ്യൻ തിരിച്ചടിക്കുന്നില്ലെങ്കിൽ അയാളൊരു ഭീരുവാണ്. ആത്മീയമായി, ഒരു മനുഷ്യൻ തിരിച്ചടിക്കുന്നില്ലെങ്കിൽ അത് അയാളിലെ ദൈവപുത്രനെ വെളിപ്പെടുത്തുകയാണ്. നിങ്ങളെ ആരെങ്കിലും അപമാനിച്ചാൽ, അതിൽ നീരസപ്പെടരുതെന്ന് മാത്രമല്ല, നിങ്ങളുടെ ജീവിതത്തിൽ മനുഷ്യപുത്രനെ വെളിപ്പെടുത്താനുള്ള ഒരവസരമായി അതിനെ ഉപയോഗിക്കുക കൂടി വേണം. നിങ്ങൾക്ക് യേശുവിന്റെ പ്രകൃതം 'അനുകരിക്കാൻ' സാധിക്കുകയില്ല; അത് ശരിക്കും നിങ്ങളിലുണ്ടാകണം. ഒരു വിശുദ്ധന് നേരിടുന്ന വ്യക്തിപരമായ ഒരപമാനം യേശുക്രിസ്തുവിന്റെ അവിശ്വസനീയമായ മാധുര്യം വെളിപ്പെടുത്താനുള്ള ഒരവസരമാണ്.

നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാനല്ല, നമ്മുടെ കർത്തവ്യമല്ലാത്ത ചില കാര്യങ്ങൾ ചെയ്യാനാണ് ഗിരിപ്രഭാഷണം നമ്മെ പഠിപ്പിക്കുന്നത്. ഒരാൾക്ക് വേണ്ടി ഒരു കാതം കൂടുതൽ ഒപ്പം പോകുകയോ, അടിക്കുന്നവന് മറ്റെ ചെകിട് കാണിച്ച് കൊടുക്കുകയോ ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമല്ല. എന്നാൽ നാം യേശുവിന്റെ ശിഷ്യരാകണമെങ്കിൽ ഇതെല്ലാം ചെയ്യണമെന്നാണ് യേശുപറയുന്നത്. അയ്യോ, ഇനി എനിക്ക് വയ്യാ, എന്നെ തെറ്റിദ്ധരിച്ചു, എന്നെപ്പറ്റി മോശമായി സംസാരിച്ചു എന്ന് നാം പറയരുത്. എന്റെ അവകാശങ്ങൾക്ക് വേണ്ടി ശഠിക്കുമ്പോൾ, ഞാൻ മനുഷ്യപുത്രനെ സങ്കടപ്പെടുത്തുന്നു. എന്നാൽ സ്വയം അടികൊള്ളുമ്പോൾ ഞാൻ യേശുവിന് സങ്കടമുണ്ടാകാതെ നോക്കുന്നു. ഇതാണ് ''ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ .......... അവന്റെ ശരീരത്തിന് വേണ്ടി പൂരിപ്പിക്കുന്നു'' എന്ന് പറയുന്നതിനർത്ഥം. തന്റെ മാനമല്ല, തന്റെ കർത്താവിന്റെ മാനമാണ് അപകടത്തിലായിരിക്കുന്നതെന്ന് ഒരു ശിഷ്യൻ മനസ്സിലാക്കുന്നു.

മറ്റെയാൾ ശരിയാണോ എന്നൊരിക്കലും നോക്കേണ്ടതില്ല; നിങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുന്നത് നിർത്തുകയും അരുത്. നാം എപ്പോഴും നീതി തേടുന്നു. നീതി തേടുകയോ? അരുത്; എന്നാൽ സദാ നീതി കൊടുത്തുകൊണ്ടേ ഇരിക്കുക.

**ജൂലൈ 15**

## ആത്മീയബഹുമാനം

**''യവനന്മാർക്കും, ബർബരന്മാർക്കും, ജ്ഞാനികൾക്കും, ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു'' (റോമർ 1:16).**

കർത്താവിനോട് തനിക്കുള്ള കടപ്പാടിനെക്കുറിച്ചുള്ള ബോധത്താൽ വിവശനായിരുന്ന പൗലോസ് തന്റെ ജീവിതം മുഴുവൻ അത് പ്രകടിപ്പിക്കുവാൻ ചെലവഴിച്ചു. പൗലോസിന്റെ ജീവിതത്തിലെ ഏറ്റവും വലിയ പ്രചോദനം യേശുക്രിസ്തുവിനോടുള്ള ആത്മീയ ബാദ്ധ്യതയായിരുന്നു. രക്ഷിക്കപ്പെടാത്ത ഓരോ ആത്മാവിനെക്കുറിച്ചും പൗലൊസിനുണ്ടായിരുന്ന അതേ കടപ്പാട് എനിക്കും അനുഭവപ്പെടുന്നുണ്ടോ? രക്ഷിക്കപ്പെട്ട ദൈവപൈതൽ എന്ന നിലയിൽ ഞാൻ കർത്താവിനോടുള്ള എന്റെ ബാദ്ധ്യത നിറവേറ്റുന്നുണ്ടോ? എന്റെ ജീവിതത്തിൽ മൂല്യമുള്ള ഓരോ കാര്യത്തിനും ഞാൻ കടപ്പെട്ടിരിക്കുന്നത് യേശുക്രിസ്തുവിന്റെ പാപപരിഹാരത്തോടാണ്. മറ്റുള്ളവരുടെ ജീവിതത്തിൽ ഈ രക്ഷ യഥാർത്ഥത്തിൽ വെളിപ്പെടുത്താൻ യേശുവിനോടൊപ്പം ഞാനെന്തെങ്കിലും ചെയ്യുന്നുണ്ടോ? ഈ കടപ്പാടിനെക്കുറിച്ചുള്ള ബോധം പരിശുദ്ധാത്മാവ് എന്നിൽ പ്രവർത്തിച്ചാൽ മാത്രമേ എനിക്കിത് ചെയ്യാൻ കഴിയൂ എന്നു ഞാൻ മനസ്സിലാക്കുന്നു.

ജനങ്ങൾക്കിടയിൽ, മറ്റുള്ളവരേക്കാൾ ഉയർന്ന് നില്ക്കുന്ന ഒരാളല്ല ഞാൻ. ഞാൻ കർത്താവിന്റെ അടിമവേലക്കാരനാണ്. ''ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുകയാൽ, നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ'', എന്നാണ് പൗലോസ് പറയുന്നത്. പൗലോസ് തന്നെത്തന്നേ യേശുവിന് വിറ്റു: ഫലത്തിൽ ഇങ്ങനെ പറയുകയും ചെയ്യുന്നു: ''യേശുവിന്റെ സുവിശേഷത്താൽ ഈ ഭൂമുഖത്തുള്ള സർവ്വരോടും ഞാൻ കടപ്പെട്ടിരിക്കുന്നു''. ആത്മീയാഭിമാനത്തിന്റെയും കർത്തവ്യത്തിന്റെയും ഈ തലം യഥാർത്ഥമായിക്കഴിഞ്ഞാൽ ഇതായിരിക്കും ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ സ്വാഭാവിക വിശേഷം. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് നിർത്തിയിട്ട് കർത്താവായ യേശുവിന്റെ അടിമവേലക്കാരനെന്ന നിലയിൽ മറ്റുള്ളവർക്കായി സ്വയം ചെലവഴിക്കുക. ഇതാണ് 'നുറുക്കപ്പെട്ട അപ്പവും ചൊരിയപ്പെട്ട വീഞ്ഞുമാകുക' എന്നതിനർത്ഥം.

**ജൂലൈ 16**

# ദൈവിക നിയന്ത്രണം എന്ന ആശയം

**''അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും'' (മത്തായി 7:11).**

തന്റെ ആത്മാവുള്ളവർക്കായി, യേശു ഈ വാക്യങ്ങളിൽ ഒരു പെരുമാറ്റച്ചട്ടം നല്കുകയാണ്. 'സർവ്വ കാര്യങ്ങളിലുമുള്ള ദൈവിക നിയന്ത്രണം' എന്ന ആശയത്താൽ നമ്മുടെ മനസ്സുകളെ നിറയ്ക്കാൻ യേശു ഇവിടെ നമ്മെ പ്രേരിപ്പിക്കുന്നു. ഒരു ശിഷ്യൻ പൂർണ്ണവിശ്വാസത്തിന്റെ ഒരു അടിസ്ഥാന മനോഭാവവും ചോദിക്കാനും തേടാനുമുള്ള ഒരു ആകാംക്ഷയും നിലനിർത്തണം എന്നാണ് ഇതിനർത്ഥം.

'ദൈവം വാഴുന്നു' എന്ന ആശയത്താൽ നിങ്ങളുടെ മനസ്സ് നിറയ്ക്കുക. ഈ ആശയത്താൽ മനസ്സ് നിറഞ്ഞു കഴിഞ്ഞാൽ, പ്രയാസങ്ങൾ വരുമ്പോൾ, സ്വർഗ്ഗസ്ഥനായ പിതാവ് ഇതെല്ലാം അറിയുന്നു എന്ന് ഓർമ്മിക്കുവാൻ, ശ്വാസോച്ഛ്വാസം പോലെ നമുക്ക് എളുപ്പമാകും. ചിന്താക്കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ, ഹൃദയം സ്വസ്ഥമായിരിക്കും. നേരത്തെ നിങ്ങൾ പലരുടെയും അടുത്ത് പോകുമായിരുന്നു. ഇപ്പോൾ ദൈവിക നിയന്ത്രണം എന്ന ആശയം നിങ്ങളിൽ ശക്തമായി രൂപം കൊള്ളുന്നതിനാൽ നിങ്ങൾ ദൈവത്തിന്റെ അടുത്തേയ്ക്ക് ചെല്ലുന്നു. തന്റെ ആത്മാവിനാൽ നിറഞ്ഞവർക്കായി യേശു പെരുമാറ്റച്ചട്ടങ്ങളുണ്ടാക്കുന്നു. ''ദൈവം എന്റെ പിതാവാകുന്നു, അവൻ എന്നെ സ്നേഹിക്കുന്നു, അവൻ മറക്കുന്ന ഒരു കാര്യത്തെക്കുറിച്ചും ഞാൻ ചിന്തിക്കുകയില്ല; പിന്നെ ഞാനെന്തിന് മനസ്സ് വിഷമിപ്പിക്കണം?'' എന്ന തത്ത്വത്തിന്മേൽ അവ പ്രവർത്തിക്കുന്നു.

ചില സമയത്ത് നിങ്ങളിൽ നിന്ന് ഇരുട്ട് മാറ്റാൻ ദൈവത്തിന് കഴിയുകയില്ല എന്ന യേശു പറയുന്നു. എന്നാൽ ദൈവത്തെ വിശ്വസിക്കുക. ദയയില്ലാത്ത ഒരു സുഹൃത്തിനെപ്പോലെ ദൈവം ചിലപ്പോൾ കാണപ്പെടും, എന്നാൽ അവൻ അങ്ങനെയല്ല. ചിലപ്പോൾ അവൻ അസ്വാഭാവികമായി പെരുമാറുന്ന ഒരു പിതാവിനെപ്പോലെയായിരിക്കും,  എന്നാൽ അവൻ അങ്ങനെയല്ല. ന്യായമില്ലാത്ത ഒരു ന്യായാധിപനായി ചിലപ്പോൾ അവൻ പ്രത്യക്ഷപ്പെടും. എന്നാൽ അവൻ അങ്ങനെയല്ല. ശക്തവും വളർന്നുകൊണ്ടിരിക്കുന്നതുമായ സർവ്വതിന്റെയും പിന്നിൽ ദൈവമുണ്ടെന്ന ചിന്ത കാത്തുസൂക്ഷിക്കുക. ദൈവം എന്നിലില്ലാതെ ഒരു ചെറിയ കാര്യം പോലും സംഭവിക്കുന്നില്ല. അതുകൊണ്ട് ദൈവത്തിലുള്ള പൂർണ്ണവിശ്വാസത്തിൽ നിങ്ങൾ സ്വസ്ഥമായിരിക്കുക. പ്രാർത്ഥന എന്നത് വെറും ചോദിക്കൽ മാത്രമല്ല. യാചനയുടെ തികച്ചും സ്വാഭാവികമായ അന്തരീക്ഷത്തെ സൃഷ്ടിക്കുന്ന ഒരു മനോഭാവമാണത്. ''യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും''.

## ജൂലൈ 17

# വിശ്വാസത്തിന്റെ അത്ഭുതം

**''എന്റെ വചനവും, എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താൽ അത്രേ ആയിരുന്നത്'' (1 കൊരിന്ത്യർ 2:1–5).**

പൗലോസ് ഒന്നാംതരമൊരു പണ്ഡിതനും പ്രഭാഷകനുമായിരുന്നു. ഇവിടെ വ്യാജമായ വിനയത്തിൽ നിന്നല്ല പൗലോസ് സംസാരിക്കുന്നത്. തന്റെ ഭാഷണത്തിന്റെ മികവിനാൽ താൻ ആളുകളിൽ മതിപ്പുളവാക്കുകയാണെങ്കിൽ, താൻ ദൈവശക്തി മറയ്ക്കുകയായിരിക്കും എന്ന ചിന്തയിലാണ് ഇങ്ങനെ പറയുന്നത്. പ്രസംഗത്തിന്റെ ആകർഷണമോ, പ്രേരണയോ, വാക്കിനാലുള്ള വശീകരണമോ ഒന്നുമല്ല, മറ്റൊരു സഹായവുമില്ലാത്ത ദൈവശക്തിയാൽ, പാപപരിഹാരത്തിന്റെ തേജസ്സിനാൽ സൃഷ്ടിക്കപ്പെടുന്ന ഒരത്ഭുതമാണ് യേശുവിലുള്ള വിശ്വാസം. സുവിശേഷകന്റെ വ്യക്തിത്വത്തിൽ നിന്നല്ല വചനത്തിന്റെ ഘോഷണത്തിൽ നിന്നാണ് പാപമോചനത്തിന്റെ സൃഷ്ടിപരമായ ശക്തി വരുന്നത്.

സുവിശേഷകൻ ഉപവസിക്കുന്നത് ഭക്ഷണകാര്യങ്ങളിലല്ല, വാചാലതയിൽ നിന്നും മറ്റുള്ളവർക്ക് ആകർഷകമായിത്തോന്നുന്ന ശൈലീഭംഗിയിൽ നിന്നും, ദൈവവചനം അവതരിപ്പിക്കുന്നതിനെ തടയുന്ന സർവ്വതിൽ നിന്നുമാണ്. ''ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ'' (2 കൊരിന്ത്യർ 5:10) സുവിശേഷകൻ ദൈവത്തിന്റെ സ്ഥാനാപതിയാണ്. മനുഷ്യന്റെ ആദർശങ്ങളല്ല, ദൈവത്തിന്റെ സുവിശേഷം അറിയിക്കുന്നവനാണ് സുവിശേഷകൻ. സുവിശേഷം പറയുന്നതിന്റെ സാമർത്ഥ്യം കൊണ്ടാണ് ആളുകൾ നല്ലവരാകാൻ ആഗ്രഹിക്കുന്നതെങ്കിൽ, അവർ ഒരിക്കലും യേശുവിന്റെ അടുത്തെങ്ങും എത്തുകയില്ല. ഞാൻ സുവിശേഷം പറയുന്നതിൽ എനിക്ക് എന്തെങ്കിലും പുകഴ്ചയുണ്ടാകുന്നെങ്കിൽ അത് എന്നെ യേശുവിനെ ഒറ്റുകൊടുക്കുന്നവനാക്കുകയും അവന്റെ പാപപരിഹാരത്തെ അതിന്റെ സൃഷ്ടിപരമായ പ്രവർത്തനം നടത്തുന്നതിൽ നിന്ന് തടയുകയും ചെയ്യും.

''ഞാനോ, ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും.''

**ജൂലൈ 18**

# വിശ്വാസത്തിന്റെ നിഗൂഢത

**''നീ ആരാകുന്നു കർത്താവേ ................'' (അപ്പൊ. പ്രവൃത്തികൾ 9:5).**

രക്ഷ എന്ന അത്ഭുതമായിരുന്നു, അതിതീക്ഷ്ണതയുള്ള, തന്നിഷ്ടക്കാരനായ തർസൊസിലെ ശൗലിനെ ഒരൊറ്റ നിമിഷംകൊണ്ട് കർത്താവായ യേശുവിന്റെ ഭക്തനായ അടിമയാക്കി മാറ്റിയത്.

നമുക്ക് വിശദീകരിക്കാൻ കഴിയുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അത്ഭുതകരമായ ഒന്നുമില്ല. വിശദീകരിക്കാൻ കഴിയുന്ന കാര്യങ്ങൾ നാം നിയന്ത്രിക്കുന്നവയാണ്. തൽഫലമായി സർവ്വകാര്യങ്ങൾക്കും വിശദീകരണം തേടുക എന്നത് സ്വാഭാവികം മാത്രമാണ്. അനുസരിക്കുക എന്നത് സ്വാഭാവികമല്ല; അതുപോലെ അനുസരിക്കാതിരിക്കുക എന്നത് അനിവാര്യമായും പാപമാകുന്നുമില്ല. ആജ്ഞാപിക്കുന്ന ആളുടെ ഉന്നതാധികാരം അംഗീകരിച്ചില്ലെങ്കിൽ അനുസരിക്കുന്നതിൽ യാതൊരു ധാർമ്മികതയോ നന്മയോ ഇല്ല. ഈ അംഗീകാരം ഇല്ലെങ്കിൽ ആജ്ഞ നല്കുന്ന ആൾപോലും മറ്റെയാളുടെ അനുസരണക്കേട് ഒരു സ്വാതന്ത്ര്യമായി കാണും. ''നീ ഇത് ചെയ്യും'', ''നീ ഇത് ചെയ്യണം'' എന്നിങ്ങനെ ഒരാൾ മറ്റൊരാളോട് പറഞ്ഞാൽ അത് മനുഷ്യാത്മാവിനെ ദൈവത്തിന് അയോഗ്യമാക്കുംവിധം തകർക്കുകയാണ്. തന്റെ അനുസരണത്തിന്റെ പിന്നിൽ വിശുദ്ധനായ ഒരു ദൈവത്തെ അംഗീകരിക്കുന്നില്ലെങ്കിൽ, ഒരുവൻ കേവലം അനുസരണത്തിന്റെ അടിമയായിത്തീരുന്നു. തന്റെ ആദ്ധ്യാത്മികത ദൂരെയെറിയുമ്പോഴാണ് പല ആളുകളും ദൈവത്തോട് അടുത്ത് വരുന്നത്; കാരണം മനുഷ്യഹൃദയത്തിന് ഒരു യജമാനനേയുള്ളൂ, അത് മതമല്ല; യേശുക്രിസ്തുവാണ്. എന്നാൽ അവനെ കാണുമ്പോൾ ''ഞാൻ അനുസരിക്കുകയില്ല'' എന്ന് പറഞ്ഞാൽ ''എനിക്ക് അയ്യോ കഷ്ടം''! ഞാൻ അനുസരിക്കണം എന്ന് യേശു ശഠിക്കുകയില്ല എന്നാൽ അതോടെ എന്റെ ആത്മാവിലെ ദൈവപുത്രന് ഞാൻ മരണവിധി ഒപ്പുവെച്ച് തുടങ്ങും. അവൻ ഒരിക്കലും ശഠിക്കുകയില്ല. എന്നാൽ അവന്റെ രക്ഷയുടെ പുനഃസൃഷ്ടിയുടെ ശക്തിയിൽ നിന്ന് ഞാൻ പുറകോട്ട് വലിയുകയായിരിക്കും. വെളിച്ചത്ത് വരുമ്പോൾ, ഞാൻ എത്ര വെറുപ്പുളവാക്കുന്നവനാണെങ്കിലും അത് ദൈവകൃപയിൽ ഒരു മാറ്റവും വരുത്തുകയില്ല; എന്നാൽ ഞാൻ വെളിച്ചം നിഷേധിച്ചാൽ എനിക്ക് ''അയ്യോ കഷ്ടം''. യോഹന്നാൻ 3:19–21 കാണുക.

**ജൂലൈ 19**

# വിശ്വാസിയുടെമേൽ ആധിപത്യം

**''നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ട് നിങ്ങൾ പറയുന്നത് ശരി'' (യോഹന്നാൻ 13:13).**

നമ്മുടെ മേൽ അധികാരം വേണമെന്ന് കർത്താവ് ശഠിക്കുന്നില്ല. നിങ്ങൾ എനിക്ക് വിധേയരായിരിക്കുക എന്ന് അവൻ ഒരിക്കലും പറയാറില്ല. അവൻ നമ്മെ പൂർണ്ണ സ്വതന്ത്രരായി വിടുന്നു – മനുഷ്യർ അവനോട് ചെയ്തതുപോലെ നമുക്കവന്റെ മുഖത്ത് തുപ്പുകയോ അവനെ കൊല്ലുകയോ, എന്ത് ചെയ്യാനുമുള്ള സ്വാതന്ത്ര്യം അവൻ നമുക്ക് തരുന്നു. അവൻ ഒരു വാക്ക് പോലും പറയുകയില്ല. എന്നാൽ അവൻ ചെയ്ത പാപപരിഹാരത്താൽ അവന്റെ ജീവൻ എന്നിൽ സൃഷ്ടിക്കപ്പെടുമ്പോൾ അവന് എന്റെമേൽ പൂർണ്ണ അധികാരമുണ്ട്. 'മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ നീ യോഗ്യൻ' എന്ന് അംഗീകരിക്കും വിധം അത് പൂർണ്ണവും ഫലപ്രദവുമായൊരു ആധിപത്യമാണ്. എന്നിലെ അയോഗ്യതയാണ് യോഗ്യമായതിന് കീഴടങ്ങാൻ വിസമ്മതിക്കുന്നത്. അങ്ങനെ അവന്റെ യോഗ്യത ഞാൻ അംഗീകരിക്കാതിരിക്കുകയും അവനിലൂടെ വരുന്നതിനെ സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. അതെന്നിലുള്ള അയോഗ്യതയെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. നാം കർത്താവിന്റെ അധികാരത്തിൻ കീഴിൽ വരുവോളം, വിശുദ്ധിയിൽ (ബുദ്ധിയിലല്ല) നമ്മെക്കാൾ അല്പം കൂടി മെച്ചപ്പെട്ട ആളുകളെ ഉപകരണങ്ങളാക്കി ദൈവം നമ്മെ പഠിപ്പിക്കുന്നു; ക്രമേണ ജീവിതത്തിന്റെ മുഴുവൻ മനോഭാവവും അവനോടുള്ള അനുസരണയുടേതായിരിക്കും.

അനുസരണം വേണമെന്ന് കർത്താവ് ശഠിച്ചാൽ, അവൻ നമ്മെക്കൊണ്ടു കഠിനവേല ചെയ്യിക്കുന്നു. നിർഭയനായൊരു യജമാനനായിത്തീരുകയും അവന്റെ അധികാരമില്ലാതാകുകയും ചെയ്യും. അവൻ അനുസരണം വേണമെന്ന് ഒരിക്കലും ശഠിക്കുന്നില്ലെങ്കിലും നാം അവനെ കാണുന്ന നിമിഷം അവനെ അനുസരിക്കുന്നു. അതോടെ അവൻ നമ്മുടെ ജീവിതത്തിന്റെ കർത്താവാകുകയും പ്രഭാതം മുതൽ പ്രദോഷം വരെ നാം അവനെ ആരാധിച്ച് കഴിയുകയും ചെയ്യുന്നു. അനുസരണത്തെ ഞാൻ എങ്ങനെയാണ് കാണുന്നതെന്നതനുസരിച്ചാണ് കൃപയിലുള്ള എന്റെ വളർച്ച വെളിപ്പെടുന്നത്. 'അനുസരണം' എന്ന വാക്കിന്റെ പതിത്വം മാറ്റണം; അതു യജമാനനും ദാസനുമെന്ന നിലയിലല്ല, പിതാവും പുത്രനുമെന്ന നിലയിൽ ഉള്ള ബന്ധമാണ്. തുല്യരായവർ തമ്മിൽ മാത്രമേ അനുസരണം സാദ്ധ്യമാകൂ. ''ഞാനും പിതാവും ഒന്നാകുന്നു'' എന്ന് പറഞ്ഞുകൊണ്ട് യേശു ഈ ബന്ധം എന്തെന്ന് കാണിച്ചു തന്നു. ''പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി ........''. പുത്രൻ ആകാൻ വേണ്ടിയല്ല കഷ്ടമനുഭവിച്ചത്; പുത്രനായിരുന്നതു കൊണ്ടാണ്, പുത്രന്റെ അനുസരണം രക്ഷകൻ എന്ന നിലയിലായിരുന്നു.

**ജൂലൈ 20**

# ദൈവസാന്നിദ്ധ്യത്തിൽ ആശ്രയിച്ച്

**''യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ തളർന്ന് പോകാതെ ഓടുകയും ക്ഷീണിച്ച് പോകാതെ നടക്കുകയും ചെയ്യും'' (യെശയ്യാവ് 40:31).**

നടക്കുന്നതിൽ യാതൊരു ആവേശവുമില്ല. എങ്കിലും അത് നമ്മുടെ സഹനശക്തിയുടെയും സ്ഥിരതയുടെയും ഒരു പരീക്ഷണമാണ്. ക്ഷീണിച്ച് പോകാതെ നടക്കുക എന്നത് നമ്മുടെ ശക്തിയുടെ അളവിന്റെ അങ്ങേയറ്റമാണ്. ''നടക്കുക'' എന്ന വാക്ക് വേദപുസ്തകത്തിൽ സ്വഭാവത്തെ വെളിപ്പെടുത്താൻ ഉപയോഗിക്കുന്നു. പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടുപേരുമായി അവിടെ നില്ക്കുമ്പോൾ കടന്നുപോകുന്ന (നടന്നു) യേശുവിനെ നോക്കീട്ട് ഇതാ ദൈവത്തിന്റെ കുഞ്ഞാട് എന്ന് പറഞ്ഞു. ''വേദപുസ്തകത്തിൽ വെറും താത്ത്വികമോ'', ദുർഗ്രാഹ്യമോ ആയ ഒന്നുമില്ല. ''ആത്മീയരായിരിക്കുക'' എന്നല്ല ''എന്റെ മുമ്പാകെ നടക്ക'' എന്നാണ് ദൈവം പറയുന്നത്.

ശാരീരികമായോ വൈകാരികമായോ നാം അസ്വസ്ഥരാകുമ്പോൾ നാമെപ്പോഴും ആവേശങ്ങൾ തേടുന്നു. ശാരീരികതലത്തിൽ ഇത് പരിശുദ്ധാത്മാവിനെ ധരിക്കുന്നുവെന്ന കാപട്യമായിരിക്കും. വൈകാരികതലത്തിൽ ഇത് അതിരുവിട്ട് സ്നേഹബന്ധങ്ങളിലേക്കും, സാന്മാർഗ്ഗികതയുടെ നാശത്തിലേക്കും നയിക്കും. ആത്മീയതലത്തിൽ ആവേശങ്ങൾ വേണമെന്ന് നാം ശഠിച്ചാൽ, ചിറകുകളുയർത്തി പറക്കണമെന്ന് ആഗ്രഹിച്ചാൽ അത് ആത്മീയതയുടെ നാശത്തിൽ അവസാനിക്കും.

ദൈവസാന്നിദ്ധ്യത്തിന്റെ യാഥാർത്ഥ്യം ഏതെങ്കിലും സ്ഥലത്തെയല്ല, സദാസമയവും കർത്താവിനെ നമ്മുടെ മുമ്പിൽ സ്ഥാപിക്കുവാനുള്ള നിശ്ചയദാർഢ്യത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. അവന്റെ സാന്നിദ്ധ്യത്തിന്റെ യാഥാർത്ഥ്യത്തിൽ ആശ്രയിക്കാൻ വിസമ്മതിക്കുമ്പോഴാണ് നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ദൈവസാന്നിദ്ധ്യത്തിന്റെ യാഥാർത്ഥ്യത്തിൽ ആശ്രയിക്കുക; ''അതുകൊണ്ട് ഭൂമി മാറിപ്പോയാലും ....... കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല'' എന്ന് പറയുന്ന സങ്കീർത്തനക്കാരന്റെ അനുഭവം നമ്മുടേതുമാകും. ദൈവസാന്നിദ്ധ്യത്തിന്റെ യാഥാർത്ഥ്യത്തിൽ ആശ്രയിക്കുമ്പോൾ ''ഓ ദൈവം ഈ സമയമത്രയും അവിടെ ഉണ്ടായിരുന്നല്ലോ'' എന്ന യാഥാർത്ഥ്യം നമുക്ക് അനുഭവപ്പെടും.

നിർണ്ണായക നിമിഷങ്ങളിൽ മാർഗ്ഗദർശനത്തിനായി ചോദിക്കേണ്ടത് ആവശ്യമാണ്. എന്നാലും, കർത്താവേ, എന്നെ ഇങ്ങോട്ട് നയിക്കണേ, അങ്ങോട്ട് നയിക്കണേ എന്നൊക്കെ എപ്പോഴും പറയേണ്ട ആവശ്യമില്ല. ദൈവം തീർച്ചയായും നമ്മെ നയിക്കും. നമ്മുടെ സാമാന്യബുദ്ധിയുടെ തീരുമാനങ്ങൾ ദൈവഹിതമനുസരിച്ചല്ലെങ്കിൽ ദൈവം കടന്ന് വരുകയും നമ്മെ നിയന്ത്രിക്കുകയും ചെയ്തുകൊള്ളും. അപ്പോൾ നാം ശാന്തരായി അവന്റെ സാന്നിദ്ധ്യത്തിന്റെ മാർഗ്ഗദർശനത്തിനായി കാത്തിരിക്കണം.

## ജൂലൈ 21

# ദൈവരാജ്യത്തിലേക്കുള്ള വാതിൽ

**''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്'' (മത്തായി 5:3).**

കർത്താവിനെ ഒരു ഗുരു മാത്രമായി കാണുന്നതിനെ സൂക്ഷിച്ചു കൊള്ളുക. യേശുക്രിസ്തു ഒരു ഗുരു മാത്രമായിരുന്നുവെങ്കിൽ, എനിക്ക് അപ്രാപ്യമായ ഒരു നിലവാരം എന്റെ മുന്നിൽ വെച്ച്, എന്നെ നിസ്സഹായനാക്കുവാനേ അവന് കഴിയുമായിരുന്നുള്ളൂ. എനിക്ക് അടുത്തെങ്ങും എത്താൻ കഴിയാത്ത ഒരാദർശം എന്റെ മുമ്പിൽ വെക്കുന്നതുകൊണ്ട് എന്ത് പ്രയോജനം? അതറിയാതിരിക്കുകയാണ് എനിക്ക് കൂടുതൽ സന്തോഷം. ദൈവത്തോട് പൂർണ്ണമായി സമർപ്പിതനായിരിക്കുക, എന്റെ കർത്തവ്യങ്ങൾക്കപ്പുറമുള്ള കാര്യങ്ങൾ ചെയ്യുക, ഹൃദയശുദ്ധിയുള്ളവനായിരിക്കുക – എന്നിങ്ങനെ എനിക്കൊരിക്കലും സാധിക്കാത്ത കാര്യങ്ങൾ പറയുന്നതു കൊണ്ട് എനിക്കെന്ത് ഗുണം? എന്നെ നിരാശയിലേക്ക് നയിക്കുന്ന ഒരാദർശത്തിനപ്പുറം യേശു പഠിപ്പിച്ചതിനെല്ലാം എനിക്കെന്തെങ്കിലും അർത്ഥമുണ്ടാകണമെങ്കിൽ, യേശുവിനെ എന്റെ രക്ഷകനായി ഞാനറിയണം. ദൈവാത്മാവിൽ ഞാൻ വീണ്ടും ജനിക്കുമ്പോൾ യേശു എന്നെ പഠിപ്പിക്കാൻ മാത്രമല്ല വന്നതെന്ന് ഞാനറിയുന്നു. എന്താകണമെന്ന് താൻ പഠിപ്പിച്ചുവോ, എന്നെ അതാക്കിത്തീർക്കാനാണ് അവൻ വന്നത്, തന്നെ ഭരിക്കുന്ന ആ മനോഭാവം (പ്രകൃതം) ആർക്കും നല്കാൻ യേശുവിന് കഴിയും എന്നതാണ് രക്ഷയുടെ അർത്ഥം. ദൈവം നമ്മുടെ മുന്നിൽ വെക്കുന്ന എല്ലാ നിലവാരവും ആ മനോഭാവത്തിൽ അധിഷ്ഠിതമാണ്.

ഗിരിപ്രഭാഷണം സാധാരണ മനുഷ്യനിൽ ഒരു കൊടും നിരാശാബോധം സൃഷ്ടിക്കുന്നു – അതു തന്നേയാണ് യേശു അതു കൊണ്ട് ഉദ്ദേശിച്ചതും. കർത്താവ് പഠിപ്പിച്ചതെല്ലാം ചെയ്യാൻ കഴിയുമെന്നൊരു ''സ്വയം നീതിമാൻ'' ബോധം നമുക്കുണ്ട്; ഏതെങ്കിലും ഒരു തടസ്സത്തിൽ തട്ടിത്തടഞ്ഞ് നമ്മുടെ അജ്ഞത വെളിപ്പെടുവോളം അങ്ങനെ തുടരാൻ ദൈവം നമ്മെ അനുവദിക്കും. അപ്പോൾ മാത്രമേ ആത്മാവിൽ ദരിദ്രരായി ദൈവസമീപത്തെത്താൻ നമുക്ക് മനസ്സാകൂ. ''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ ....'' – ഇതാണ് ദൈവരാജ്യത്തിന്റെ ആദ്യതത്ത്വം. ക്രിസ്തുരാജ്യത്തിന്റെ അടിസ്ഥാനതത്ത്വം വസ്തുവകകളോ, യേശുവിനായി നാം തീരുമാനങ്ങൾ കൈക്കൊള്ളുന്നതോ അല്ല; ''എനിക്കതു ചെയ്തുതുടങ്ങാൻ പോലും കഴിയുകയില്ല'' എന്ന് നാം സമ്മതിക്കുന്ന, ഒരു നിഷ്ഫലതാബോധം, ദാരിദ്ര്യം ആണ് ആ രാജ്യത്തിന്റെ അടിസ്ഥാന തത്ത്വം ''.... ഭാഗ്യവാന്മാർ''. ഇതാണ് ദൈവരാജ്യത്തിലേക്ക് കടക്കാനുള്ള വാതിൽ. നാം ദരിദ്രരാണെന്ന് സ്വയം വിശ്വസിക്കാൻ കുറേ നാളെടുക്കും. നമ്മുടെ ദാരിദ്ര്യത്തെക്കുറിച്ചുള്ള അറിവ് യേശുക്രിസ്തു തന്റെ വേലപൂർത്തിയാക്കുന്ന ആ മേഖലയിലേയ്ക്ക് തന്നേ നമ്മെ കൊണ്ടുവരും.

**ജൂലൈ 22**

# വിശുദ്ധീകരണം

**''ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ'' (1 തെസ്സലോനിക്യർ 4:3).**

മരണവശം – ശുദ്ധീകരണത്തിൽ ദൈവത്തിന് ജീവിതവശത്തെ മാത്രമല്ല മരണ വശത്തെയും കൈകാര്യം ചെയ്യേണ്ടതുണ്ട്. ശുദ്ധീകരണം നമ്മോട് മരണവശത്ത് വരാൻ ആവശ്യപ്പെടുന്നു; എന്നാൽ അനാരോഗ്യകരമായ ഒരു മാനസികാവസ്ഥ വരുവോളം നാം അവിടെ ഒരുപാട് സമയം ചെലവഴിക്കുന്നു. ശുദ്ധീകരണത്തിന് മുമ്പ് നമ്മിലൊരു പോരാട്ടം നടക്കുന്നുണ്ട് – യേശുക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നതിനോട്, നമ്മിലുള്ള എന്തോ ഒന്ന് നീരസത്തോടെ പോരാടുന്നു. എന്താണ് ശുദ്ധീകരണമെന്ന് ദൈവാത്മാവ് നമ്മെ കാണിച്ച് തരുന്നതോടെ ആ പോരാട്ടം തുടങ്ങുന്നു. എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും, സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകയ്ക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല.

ശുദ്ധീകരണപ്രക്രിയയിൽ, ഞാനല്ലാതെ മറ്റൊന്നും ബാക്കിയില്ലാത്തവിധം ദൈവാത്മാവ് എന്നിലുള്ളതെല്ലാം ഉരിഞ്ഞെടുക്കും – അതാണ് മരണസ്ഥലം. അപ്പനും, അമ്മയും, സഹോദരനും യാതൊരു സ്വാർത്ഥ താല്പര്യങ്ങളും ഇല്ലാതെ മരണത്തിന് തയ്യാറാകാൻ എനിക്ക് മനസ്സാണോ? ഇതാണ് ശുദ്ധീകരണത്തിന് ആവശ്യം. ''സമാധാനം അല്ല, വാൾ അത്രെ'' വരുത്തുവാൻ ഞാൻ വന്നത് എന്ന് യേശു പറഞ്ഞതിൽ യാതൊരു അത്ഭുതവുമില്ല. ഇവിടെയാണ് പോരാട്ടം. അവിടെ നാം ഇടറുന്നു. ഇവിടെ യേശുവിന്റെ മരണവുമായി ഒന്നാകാൻ നാം വിസമ്മതിക്കുന്നു. ഇത് വളരെ കർക്കശമാണ്; ഞാനത് ചെയ്യണമെന്നാഗ്രഹിക്കാൻ എനിക്കു കഴിയുകയില്ല. എന്നാൽ യേശു കർക്കശനാണ്. ഞാൻ അങ്ങനെ ചെയ്യണമെന്ന് തന്നേ അവൻ ആഗ്രഹിക്കുന്നു.

വെറും ''ഞാനായി'' കുറയ്ക്കപ്പെടാൻ, എന്നെക്കുറിച്ച് എന്റെ സുഹൃത്തുക്കൾ ചിന്തിക്കുന്നതും, ഞാൻ ചിന്തിക്കുന്നതും എല്ലാം ഉരിഞ്ഞെറിഞ്ഞ് നഗ്നമായ വെറും 'എന്നെ' ദൈവകരങ്ങളിലേല്പിക്കാൻ എനിക്ക് മനസ്സാണോ? അങ്ങനെ ഞാൻ തയ്യാറായാലുടൻ ദൈവം 'എന്നെ' പൂർണ്ണമായി ശുദ്ധീകരിക്കുകയും, ദൈവത്തോടൊഴികെ മറ്റെല്ലാറ്റിനോടുമുള്ള എന്റെ ആഭിമുഖ്യത്തിൽ നിന്ന് ഞാൻ സ്വതന്ത്രനാകുകയും ചെയ്യും (1 തെസ്സലോനിക്യർ 5:23–24 കാണുക).

'കർത്താവേ, എന്താണ് ശുദ്ധീകരണത്തിന്റെ അർത്ഥമെന്ന് എന്നെ കാണിച്ച് തരണമേ' എന്ന് ഞാൻ പ്രാർത്ഥിക്കുമ്പോൾ ദൈവം എന്നെ കാണിച്ച് തരും. അതിനർത്ഥം യേശുവുമായി ഒന്നാക്കപ്പെടുകയാണ്. യേശുക്രിസ്തു എന്നിൽ നിക്ഷേപിക്കുന്ന ഒരു കാര്യമല്ല ശുദ്ധീകരണം. അത് അവൻതന്നേ എന്നിൽ വസിക്കുന്നു എന്നതത്രേ. (1 കൊരിന്ത്യർ 1.30 കാണുക).



**ജൂലൈ 23**

## ശുദ്ധീകരണം

**''നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്ക് ദൈവ ത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും, ശുദ്ധീകരണവും വീണ്ടെടുപ്പുമായി ത്തീർന്നു''** (1 കൊരിന്ത്യർ 1:30).

ജീവിതവശം

യേശു എനിക്കായി ശുദ്ധീകരണമായിത്തീർന്നു എന്ന് വിശ്വാസത്താൽ ഞാൻ മനസ്സിലാക്കിയാലുടൻ – സാവധാനത്തിലല്ല, അപ്പോൾത്തന്നേ യേശുവിന്റെ പരി പൂർണ്ണഗുണങ്ങൾ എനിക്ക് ലഭിക്കുന്നു. ഇതാണ് വിശുദ്ധീകരണത്തിന്റെ രഹസ്യം. യേശുവിന്റെ വിശുദ്ധി എന്റേതായിത്തീരുകയും എന്റെ ജീവിതത്തിൽ വെളിപ്പെടുക യും ചെയ്യുന്നതിൽക്കുറഞ്ഞൊന്നുമല്ല ശുദ്ധീകരണത്തിന്റെ അർത്ഥം.

ഒരു മനുഷ്യജഡത്തിൽ യേശുവിന്റെ പൂർണ്ണഗുണങ്ങൾ വെളിപ്പെടാൻ അനുവ ദിക്കുന്നതിലാണ്, അവനെ അനുകരിക്കുന്നതിലല്ല വിശുദ്ധജീവിതത്തിന്റെ രഹ സ്യം. ശുദ്ധീകരണം എന്നാൽ ക്രിസ്തു നിങ്ങളിൽ എന്നതത്രേ.(കൊലോസ്യർ 1:27 കാണുക) അവന്റെ അത്ഭുതകരമായ ജീവിതം ദൈവത്തിന്റെ പരമോന്നതകൃപയു ടെ ദാനമായി എനിക്ക് നല്കപ്പെടുന്നതാണ് ശുദ്ധീകരണം. തന്റെ വചനത്തിലെന്ന പോലെ എന്നിലും ശുദ്ധീകരണം യഥാർത്ഥമാക്കാൻ ദൈവത്തെ ഞാൻ അനുവദി ക്കുമോ?

യേശുക്രിസ്തുവിന്റെ വിശുദ്ധ ഗുണങ്ങൾ എനിക്ക് നല്കപ്പെടുന്നതാണ് ശുദ്ധീകര ണം. ശുദ്ധീകരിക്കപ്പെട്ട ഓരോ ആത്മാവിലൂടെയും വെളിപ്പെടുന്ന ദൈവികക്ഷമ, സ്നേഹം, വിശുദ്ധി, ദിവ്യത എന്നിങ്ങനെയുള്ള യേശുവിന്റെ ഗുണങ്ങളാണ് ശുദ്ധീ കരിക്കപ്പെടുന്ന ഓരോ ആത്മാവിലും, ആത്മാവിലൂടെയും വെളിപ്പെടുന്നത്. വി ശുദ്ധരായിരിക്കാൻ യേശുവിൽനിന്ന് ശക്തി വലിച്ചെടുക്കുന്നതല്ല വിശുദ്ധീകരണം. യേശുവിൽ വെളിപ്പെടുത്തപ്പെട്ട വിശുദ്ധീകരണം നാം ഉൾക്കൊള്ളുകയും, അത് അവൻ നമ്മിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു. വിശുദ്ധീകരണം എന്നത് അനുക രണമല്ല, ദാനമാണ്. അനുകരണം തികച്ചും വ്യത്യസ്തമായ മറ്റെന്തോ ആണ്. സർവ്വ തിന്റെയും പൂർണ്ണത യേശുവിലത്രേ. ശുദ്ധീകരണത്തിന്റെ രഹസ്യം യേശുവിന്റെ പരിപൂർണ്ണഗുണങ്ങളെല്ലാം, എനിക്ക് സ്വന്തമാകുന്നു എന്നതാണ്. തൽഫലമായി, ദൈവശക്തിയാൽ കാത്തുസൂക്ഷിക്കപ്പെടുന്ന പരിശുദ്ധിയും, സുബോധവുമുള്ള ഒരു ജീവിതം സാവധാനം, എന്നാൽ ഉറപ്പായി, ഞാൻ ജീവിച്ച് തുടങ്ങുന്നു.

**ജൂലൈ 24**

# അവന്റെ മനോഭാവം നമ്മുടെ പെരുമാറ്റം

**''നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു'' (മത്തായി 5:20).**

നല്ല കാര്യങ്ങൾ ചെയ്യുന്നു എന്നതല്ല, ദൈവത്തിന്റെ പരമകൃപയാൽ നല്ലവനാക്കപ്പെട്ട്, നല്ല ലക്ഷ്യങ്ങളുള്ളവനായിരിക്കുന്നു എന്നതത്രേ ഒരു ശിഷ്യന്റെ സ്വഭാവവിശേഷം. ശരിചെയ്യുന്നു എന്നതിനേക്കാൾ മികച്ച് നില്ക്കുന്നത് ശരിയായി നിലകൊള്ളുക എന്നതാണ്. തന്നെ അനുവദിക്കുന്ന ഏതൊരാളുടെയും ഹൃദയത്തിൽ, പരീശന്മാരുടെയും പണ്ഡിതന്മാരുടെയും നീതിയെക്കാൾ മികച്ചൊരു പാരമ്പര്യം വെച്ചുകൊടുക്കുവാനാണ് യേശു വന്നത്. നിങ്ങൾ എന്റെ ശിഷ്യരാണെങ്കിൽ, നിങ്ങളുടെ പ്രവൃത്തികളിൽ മാത്രമല്ല, നിങ്ങളുടെ ലക്ഷ്യങ്ങളിലും, ആഗ്രഹങ്ങളിലും നിങ്ങളുടെ ഉള്ളിന്റെ ഉള്ളിലെ ചിന്തകളിലും നിങ്ങൾ നല്ലവരായിരിക്കും എന്ന് യേശു പറയുന്നു. സർവ്വശക്തനായവന് ശകാരിക്കാൻ ഒന്നുമില്ലാത്തവിധം ശുദ്ധമായിരിക്കണം നിങ്ങളുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും. ദൈവത്തിന് ശകാരിക്കാൻ ഒന്നുമില്ലാതെ ദൈവത്തിന്റെ നിത്യവെളിച്ചത്തിൽ നില്ക്കാൻ ആർക്കാണ് കഴിയുക? ദൈവപുത്രന് മാത്രം താൻ ചെയ്ത പാപപരിഹാരത്തിലൂടെ, തന്നിലുള്ള ആ ഭാവം ആർക്കും നല്കാമെന്നും, ആ ആളെ കളങ്കരഹിതനും ഒരു കുട്ടിയെപ്പോലെ നിഷ്കളങ്കനും ആക്കാമെന്നും യേശുക്രിസ്തു അവകാശപ്പെടുന്നു. എന്റെ ഉള്ളിൽ എന്നെ പുനഃസൃഷ്ടിക്കാൻ അനുവദിക്കാതെ ദൈവം ആവശ്യപ്പെടുന്ന ശുദ്ധി അസാദ്ധ്യമാണ്. എന്നാൽ ഈ പുന:സൃഷ്ടിയാണ് പാപപരിഹാരത്തിലൂടെ യേശു ഏറ്റെടുത്തത്.

നിയമങ്ങൾ അനുസരിക്കുന്നതിലൂടെ ആർക്കും സ്വയം ശുദ്ധീകരിക്കാൻ കഴിയുകയില്ല. യേശുക്രിസ്തു നമുക്ക് നിയമങ്ങളും ചട്ടങ്ങളും നല്കുന്നില്ല. യേശു നമുക്ക് നല്കുന്ന അവനിലെ ആ ഭാവത്തിലൂടെ, പ്രകൃതത്തിലൂടെ മാത്രമേ, അവന്റെ ഉപദേശങ്ങളും സത്യങ്ങളും നമുക്ക് വ്യാഖ്യാനിക്കാൻ കഴിയൂ. യേശുക്രിസ്തുവിന്റെ രക്ഷയെ സംബന്ധിച്ച മഹാത്ഭുതം അവൻ പാരമ്പര്യം മാറ്റുന്നുവെന്നതാണ്. യേശു മനുഷ്യപ്രകൃതമല്ല, അതിന്റെ മുഖ്യസ്രോതസ്സാണ് മാറ്റുന്നത്.

**ജൂലൈ 25**

# ഞാൻ ഈവിധം ഭാഗ്യവാനോ?

**ഗിരിപ്രഭാഷണം (മത്തായി 5:3–10).**

യേശുവിന്റെ (ഗിരിപ്രഭാഷണത്തിലെ) ഈ പ്രസ്താവനകൾ ആദ്യം വായിക്കുമ്പോൾ, അവ അത്ഭുതകരമായ വിധം ലളിതവും അമ്പരപ്പുളവാക്കാത്തവയുമത്രേ; ശ്രദ്ധിക്കപ്പെടാതെ അവ നമ്മുടെ ഉപബോധമനസ്സിലേക്ക് ആഴ്ന്നിറങ്ങുന്നു. ഈ സദ്വചനങ്ങൾ ഉപയോഗശൂന്യരും, ലൗകികവാദികളല്ലാത്തവരുമായവർക്കുള്ള സൗമ്യവും സുന്ദരവുമായ ഉപദേശങ്ങളായിത്തോന്നാം. നാം ജീവിക്കുന്ന ഈ കർക്കശലോകത്തിൽ അവകൊണ്ട് പ്രായോഗികമായ യാതൊരു പ്രയോജനവുമില്ലെന്നും തോന്നാം. എന്നാൽ വൈകാതെ തന്നേ അവ പരിശുദ്ധാത്മാവിന്റെ സ്ഫോടകവസ്തുവാണെന്ന് നാം കണ്ടെത്തും. നമ്മുടെ ജീവിതപരിതഃസ്ഥിതികൾ നിർബന്ധിച്ചിട്ടെന്നപോലെ, അവ പൊട്ടിത്തെറിക്കുന്നു. പരിശുദ്ധാത്മാവ് ഈ സദ്വചനങ്ങളിലൊന്ന് നമ്മെ ഓർമ്മിപ്പിക്കുമ്പോൾ എത്ര വിസ്മയകരമായ പ്രസ്താവന എന്ന് നാം പറയുന്നു. അത് നമ്മുടെ പരിതഃസ്ഥിതികളിൽ സൃഷ്ടിക്കുന്ന വലിയ തിളച്ച് മറിയൽ, വലിയ ക്ഷോഭം സ്വീകരിക്കാൻ നാം തയ്യാറാണോ എന്ന് നമുക്ക് തീരുമാനിക്കേണ്ടിവരുകയും ചെയ്യുന്നു. അങ്ങനെയാണ് ദൈവാത്മാവ് പ്രവർത്തിക്കുന്നത്. ഗിരിപ്രഭാഷണം ജീവിതത്തിൽ അതേപടി, ഉപയോഗിക്കാനായി നാം വീണ്ടും ജനിക്കേണ്ടതില്ല. ഗിരിപ്രഭാഷണത്തിന്റെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനം കുട്ടിക്കളിയാണ്. എന്നാൽ പരിശുദ്ധാത്മാവ് നമ്മുടെ കർത്താവിന്റെ വചനങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രയോഗിക്കുമ്പോൾ അതൊരു വിശുദ്ധന്റെ കർക്കശ പ്രവൃത്തിയാണ്.

യേശുവിന്റെ ഉപദേശങ്ങൾ നമ്മുടെ സ്വാഭാവികമായ കാഴ്ചപ്പാടുകളുമായി ഒട്ടും പൊരുത്തപ്പെടുന്നവയല്ല. പരിശുദ്ധാത്മാവു നമ്മെ നമ്മുടെ സാഹചര്യങ്ങളിൽ യേശുവിന്റെ പ്രമാണങ്ങളെ അനുസരിക്കുവാൻ പ്രേരിപ്പിക്കും. അപ്പോൾ നാം ആത്മാവിനെ അനുസരിച്ച് നമ്മുടെ വാക്കുകളും പെരുമാറ്റവും ചിട്ടപ്പെടുത്തണം. ആത്മാവു വ്യാപരിക്കുമ്പോൾ ഗിരിപ്രഭാഷണം നമ്മുടെ ജീവിതമായിത്തീരും.

**ജൂലൈ 26**

# വിശുദ്ധിയുടെ കണക്ക്

**''വായിൽ നിന്ന് പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്ന് വരുന്നു .... അതു മനുഷ്യനെ അശുദ്ധമാക്കുന്നു; എങ്ങനെയെന്നാൽ ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം ..........'' (മത്തായി 15:18–20).**

നമ്മുടെ അജ്ഞതയിൽ വിശ്വസിച്ചുകൊണ്ട് നാം അതിനെ നിഷ്കളങ്കത എന്ന് വിളിക്കും; പിന്നെ, ആ നിഷ്കളങ്കതയെ എന്നും പരിശുദ്ധി എന്നും വിളിക്കുന്നു. പിന്നെ നമ്മുടെ കർത്താവിന്റെ, മേൽപ്പറഞ്ഞ, ഈ കർക്കശമായ പ്രസ്താവനകൾ നാം കേൾക്കുമ്പോൾ, ഈ ഭയങ്കര കാര്യങ്ങളൊന്നും എന്റെ മനസ്സിൽ തോന്നിയിട്ടില്ലെന്ന് പറഞ്ഞു നാം ചൂളി പിൻവാങ്ങുകയും ചെയ്യുന്നു. കർത്താവ് വെളിപ്പെടുത്തുന്നതിനെക്കുറിച്ച് നമുക്ക് നീരസം തോന്നുന്നു. ഒന്നുകിൽ നമ്മുടെ ഹൃദയത്തിന്മേലുള്ള പരമോന്നത അധികാരം യേശുക്രിസ്തുവിനായിരിക്കണം; അല്ലെങ്കിൽ യേശു യാതൊരു ശ്രദ്ധയ്ക്കും യോഗ്യനല്ല. വചനത്തിലൂടെ അവനെന്റെ ഹൃദയത്തിലേക്ക് നടത്തുന്ന തുളച്ച് കയറ്റത്തെ വിശ്വസിക്കാൻ ഞാൻ തയ്യാറാണോ? അതോ എന്റെ നിഷ്കളങ്കമായ അജ്ഞതയിൽ വിശ്വസിക്കുന്നതാണോ എനിക്കിഷ്ടം? പൂർണ്ണ സത്യത്തോടെ നാം നമ്മുടെ ഉള്ളിലേക്ക് നോക്കുകയും നിഷ്കളങ്കത എന്ന് നാം വിളിക്കുന്നതിനെക്കുറിച്ചുള്ള ബോധത്തോടെ സ്വയം പരിശോധിക്കുകയും ചെയ്താൽ യേശു പറഞ്ഞതെന്താണോ അത് സത്യമാണെന്ന് ഒരു നടുക്കത്തോടെ മനസ്സിലാക്കുന്ന ഇടത്തേക്ക് ഞാനെത്തുകയും എന്നിലെ തിന്മയുടെയും തെറ്റിന്റെയും സാദ്ധ്യതകൾ എന്നെ ഞെട്ടിക്കുകയും ചെയ്യുന്നു. നിഷ്കളങ്കതയിൽ അഭയം പ്രാപിച്ച് ഞാൻ കഴിയുന്നിടത്തോളംകാലം ഞാനൊരു മൂഢസ്വർഗ്ഗത്തിലായിരിക്കും. ഞാനൊരിക്കലും ഒരു ദുർമ്മാർഗ്ഗി ആയിരുന്നിട്ടില്ലെങ്കിൽ അതിന് കാരണം എന്നിലെ ഭീരുത്വത്തിന്റെയും പരിഷ്കാരജീവിതത്തിന്റെ സംരക്ഷണത്തിന്റെയും ഒരു മിശ്രണമാണ്. എന്നാൽ ദൈവമുമ്പാകെ ഞാൻ എന്റെ ഉടുപ്പുകൾ അഴിച്ചു മാറ്റുമ്പോൾ ക്രിസ്തു നടത്തിയ രോഗനിർണ്ണയം ശരിയാണെന്ന് ഞാൻ കണ്ടെത്തുന്നു.

ശരിയായ സംരക്ഷണം നല്കുന്ന ഒരേയൊരു കാര്യം യേശുവിന്റെ പാപമോചനമാണ്. ഞാൻ, എന്നെ യേശുവിന് കൈമാറിയാൽ, എന്റെ ഹൃദയത്തിലുള്ള ഭയങ്കര തിന്മകളുടെ സാദ്ധ്യതകൾ ഞാൻ അനുഭവിക്കേണ്ടി വരുകയേ ഇല്ല. സ്വാഭാവികമായി എത്തിച്ചേരാനാവാത്ത വിധം ആഴമുള്ളതാണ് പരിശുദ്ധി. എന്നാൽ പരിശുദ്ധാത്മാവ് കടന്ന് വരുമ്പോൾ, യേശുക്രിസ്തുവിന്റെ ജീവിതത്തിൽ വെളിപ്പെടുത്തപ്പെട്ട ആ ആത്മാവിനെ അതായത് തികഞ്ഞ പരിശുദ്ധിയെ എന്റെ സ്വകാര്യ ജീവിതത്തിന്റെ കേന്ദ്രത്തിലേക്ക് അത് കൊണ്ടു വരുന്നു.

**ജൂലൈ 27**

# അറിവിന്റെ മാർഗ്ഗം

**''അവന്റെ ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നറിയും''**

**(യോഹന്നാൻ 7:17).**

ആത്മീയമായ അറിവിലേക്കുള്ള സുവർണ്ണനിയമം ബുദ്ധിയല്ല അനുസരണമാണ്. ഒരു മനുഷ്യന് ശാസ്ത്രീയമായ അറിവാണ് വേണ്ടതെങ്കിൽ, ബുദ്ധിപരമായ ജിജ്ഞാസയാണ് അയാൾക്ക് ആവശ്യം. എന്നാൽ യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിലേക്കൊരു ഉൾക്കാഴ്ചയാണ് അയാൾക്കാവശ്യമെങ്കിൽ അനുസരണത്തിലൂടെ മാത്രമേ അത് ലഭിക്കൂ. ആത്മീയകാര്യങ്ങൾ എനിക്ക് ഇരുളടഞ്ഞതും മറഞ്ഞതുമായി തോന്നിയാൽ എന്റെ ജീവിതത്തിലെവിടെയോ അനുസരണമില്ലായ്മയുണ്ടെന്ന് ഞാനറിയുന്നു. ബുദ്ധിപരമായ ഇരുട്ട് അജ്ഞതയുടെ ഫലമാണ്. ആത്മീയ ഇരുട്ടാവട്ടെ, ഞാൻ അനുസരിക്കാൻ കൂട്ടാക്കാത്ത എന്തോ ഒന്നിന്റെ ഫലവും.

ദൈവത്തിൽനിന്ന് ഒരു വാക്ക് ലഭിച്ചാൽ ഒരിക്കലും അതുടനടി പരീക്ഷിക്കപ്പെടാതിരിക്കില്ല. നാം അത് അനുസരിക്കാതിരിക്കുകയും, എന്തുകൊണ്ട് നാം ആത്മീയമായി വളരുന്നില്ലെന്ന് അത്ഭുതപ്പെടുകയും ചെയ്യുന്നു. ''ആകയാൽ, നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെവച്ച് ഓർമ്മവന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ച്, ഒന്നാമത് ചെന്ന് സഹോദരനോടു നിരന്നു കൊൾക. പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക''. നാം എവിടെ ജീവിക്കുന്നുവോ, അവിടെയാണ് യേശുവിന്റെ ഉപദേശങ്ങൾ നമ്മിൽ പ്രഹരങ്ങളേല്പിക്കുക. ഒരൊറ്റനിമിഷം പോലും യേശുവിന്റെ മുമ്പിൽ നമുക്ക് കപടനാട്യക്കാരായി നില്ക്കാൻ കഴിയുകയില്ല. നമ്മിലെ സ്വയം നീതീകരണത്തെ ദൈവാത്മാവ് തുറന്ന് കാട്ടുന്നു. അതാണ് മുമ്പൊരിക്കലും ചിന്തിക്കാത്ത കാര്യങ്ങൾ നമ്മുടെ മനസ്സിനെ സ്പർശിക്കാൻ അവനിടയാക്കുന്നത്.

തന്റെ വചനം കൊണ്ട് യേശു ഒരു കാര്യം നമ്മെ ബോധ്യപ്പെടുത്തിയാൽ, അതിൽ നിന്ന് ഒഴിഞ്ഞുമാറരുത്. അങ്ങനെ ചെയ്താൽ നാമൊരു ആത്മീയ വഞ്ചകനാകും. നിങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുന്ന കാര്യങ്ങൾ ഒന്ന് പരിശോധിച്ചു നോക്കൂ, എവിടെയാണ് അനുസരിക്കാൻ വിസമ്മതിച്ചതെന്ന് കണ്ട് പിടിക്കൂ; അപ്പോൾ, എന്തുകൊണ്ടാണ് ആത്മീയമായി വളരാത്തതെന്ന് നിങ്ങളറിയും. മറ്റുള്ളവർ നിങ്ങളെ മതഭ്രാന്തൻ എന്ന് വിചാരിച്ചാലും ദൈവം പറയുന്നത് നിങ്ങൾ അനുസരിക്കണം.

**ജൂലൈ 28**

# അനുസരണത്തിന് ശേഷം എന്ത്?

**''താൻ പുരുഷാരത്തെ പറഞ്ഞയക്കുന്നതിനിടയിൽ തന്റെ ശിഷ്യന്മാരെ ഉടൻ പടക് കയറി അക്കരെ ബേത്സെയ്ദയ്ക്ക് നേരെ മുന്നോട്ടോടുവാൻ നിർബന്ധിച്ചു'' (മർക്കൊസ് 6:45).**

യേശുക്രിസ്തു നമ്മെ നിയന്ത്രിക്കുകയും നാം അവനെ അനുസരിക്കുകയും ചെയ്താൽ, അവൻ നമ്മെ വിജയത്തിലേക്ക് നയിക്കുമെന്ന് നാം സങ്കല്പിക്കുന്നു. വിജയത്തെക്കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങൾ ദൈവത്തിന് നമ്മെക്കുറിച്ചുള്ള ഉദ്ദേശ്യങ്ങളാണെന്ന് നാം ഒരിക്കലും വിചാരിക്കരുത്. നേരെ വിപരീതമായിരിക്കും അവന്റെ ഉദ്ദേശ്യങ്ങൾ. ദൈവം നമ്മെ ഒരു പ്രത്യേകലക്ഷ്യത്തിലേക്ക് – അഭിലഷണീയമായ ഒരു ലക്ഷ്യത്തിലേക്ക് – നയിച്ചുകൊണ്ടിരിക്കുകയാണെന്നൊരു വിചാരം നമുക്കുണ്ട്; അവൻ അങ്ങനെ ചെയ്യുന്നില്ല. ഒരു പ്രത്യേക ലക്ഷ്യത്തിലേക്ക് എത്തുക എന്നത് ഒരു സംഭവം മാത്രമാണ്. നാം ലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗമെന്നോ പ്രക്രിയ എന്നോ കരുതുന്നതിനെ ദൈവം ലക്ഷ്യമെന്ന് വിളിക്കുന്നു.

ദൈവത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചുള്ള എന്റെ സ്വപ്നമെന്താണ്? ഞാനിപ്പോൾ ദൈവത്തിലും അവന്റെ ശക്തിയിലും ആശ്രയിക്കണമെന്നതാണ് അവന്റെ ഉദ്ദേശ്യം. ഒരു വലിയ ജീവിതപ്രശ്നത്തിന്റെ കോളിളക്കത്തിന് നടുവിൽ എനിക്ക് വിശ്വസ്തതയോടെയും, ശാന്തതയോടെയും നിലകൊള്ളാൻ കഴിയുമെങ്കിൽ, അതാണ് ദൈവത്തിന്റെ ഉദ്ദേശ്യം. ഒരു പ്രത്യേക കാര്യത്തിന്റെ അവസാനത്തിനായി ദൈവം പ്രവർത്തിക്കുന്നില്ല. മാർഗ്ഗം, ലക്ഷ്യത്തിലേക്കുള്ള പോക്ക് എന്ന പ്രക്രിയ, അതാണ് ദൈവത്തിന്റെ ലക്ഷ്യം. കണ്ണെത്തുംദൂരത്തെങ്ങും തീരം കാണാതെ, വിജയവും ലക്ഷ്യവുമില്ലാതെ, അവൻ തിരമാലകൾക്ക് മീതെ നടക്കുന്നത് കണ്ടുകൊണ്ട് എല്ലാം ശരിയെന്ന പൂർണ്ണ ഉറപ്പ് എനിക്കുണ്ടാകുന്ന ഈ പ്രക്രിയയാണ്, ലക്ഷ്യമല്ല, ദൈവത്തെ മഹത്വീകരിക്കുന്നത്. പിന്നത്തേക്കല്ല, ഇപ്പോഴത്തേക്കാണ്. ദൈവം നമ്മെ പരിശീലിപ്പിക്കുന്നത്.

ഭാവിയിലെപ്പോഴെങ്കിലും ഒരു സമയത്തേക്കല്ല, ഈ നിമിഷത്തേക്കാണ് ദൈവത്തിന്റെ ഉദ്ദേശ്യം. അനുസരണത്തിന് ശേഷം എന്തെന്ന കാര്യം നാം നോക്കേണ്ടതില്ല. അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ നമുക്ക് തെറ്റുന്നു. മനുഷ്യർ പരിശീലനവും ഒരുക്കവും എന്ന് വിളിക്കുന്നതിനെ ദൈവം ലക്ഷ്യമെന്ന് വിളിക്കുന്നു.

താറുമാറായ, കോളിളക്കം നിറഞ്ഞ എന്റെ ജീവിതത്തിൽ ദൈവത്തിന് നടക്കാൻ കഴിയുമെന്നത് കാണാൻ എന്നെ പ്രാപ്തൻ / പ്രാപ്തയാക്കുക എന്നതാണ് ദൈവത്തിന്റെ ലക്ഷ്യം. അതിനുമപ്പുറം ഒരു ലക്ഷ്യം നമ്മുടെ കാഴ്ചപ്പാടിലുണ്ടെങ്കിൽ, ഈ നിമിഷത്തിൽ, ഈ വർത്തമാനകാലത്തിൽ നാം വേണ്ടത്ര ശ്രദ്ധവെക്കുന്നില്ല. എന്നാൽ അനുസരണമാണ് ലക്ഷ്യമെന്ന് മനസ്സിലാക്കിക്കഴിഞ്ഞാൽ, നമ്മുടെ മുന്നിലെത്തുന്ന ഓരോ നിമിഷവും വിലപ്പെട്ടതാണ്.

**ജൂലൈ 29**

# കാർമേഘങ്ങളിൽ കാണുന്നത്?

**''ഇതാ അവൻ മേഘാരൂഢനായി വരുന്നു'' (വെളിപാട് 1:7).**

വേദപുസ്തകത്തിൽ, മേഘങ്ങളെ എപ്പോഴും ദൈവത്തോടു ബന്ധപ്പെടുത്തുന്ന തായി കാണുന്നു. ദൈവത്തിന്റെ പരമാധികാരത്തെ എതിർക്കുന്ന, നമ്മുടെ ജീവി തത്തിനകത്തോ പുറത്തോ ഉള്ള സങ്കടങ്ങളും കഷ്ടതകളും ദൈവിക നടത്തിപ്പു കളുമാണ് മേഘങ്ങൾ. ഈ മേഘങ്ങളാൽ തന്നേയാണ് വിശ്വാസത്താൽ നടക്കാൻ ദൈവാത്മാവ് നമ്മെ പഠിപ്പിക്കുന്നത്. ഈ മേഘങ്ങളില്ലായിരുന്നുവെങ്കിൽ, നമുക്ക് വിശ്വാസം ഉണ്ടാവുകയില്ലായിരുന്നു. മേഘം അവന്റെ കാല്ക്കീഴിലെ പൊടിയാകു ന്നു (നഹൂം 1:3). ദൈവസാന്നിദ്ധ്യത്തിന്റെ തെളിവാകുന്നു മേഘങ്ങൾ. കഷ്ടത യും, മരണത്തിലൂടെയുള്ള വേർപാടും, സങ്കടങ്ങളും ദൈവത്തോടൊപ്പം വരുന്ന മേഘങ്ങളാണ് എന്നത് എന്ത് അറിവ് തരുന്നൊരു വെളിപ്പാടാണ്! മേഘങ്ങളില്ലാ തെ ദൈവത്തിന് അടുത്ത് വരാൻ കഴിയുകയില്ല. തിളങ്ങുന്ന പ്രഭയിൽ ദൈവം വരാറില്ല.

പ്രശ്നങ്ങളിലൂടെ ദൈവം നമ്മെ പരീക്ഷിക്കുവാനാഗ്രഹിക്കുന്നു എന്ന് പറയുന്നത് ശരിയല്ല. താൻ കൊണ്ടുവരുന്ന ഓരോ മേഘത്തിലൂടെയും ഇന്നോളം പഠിച്ച് വെച്ചി രുന്ന ചില കാര്യങ്ങൾ നാം മറന്ന് കളയണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ആ മേഘത്തെ ഉപയോഗിക്കുന്നതുകൊണ്ടുള്ള ദൈവോദ്ദേശ്യം, നമുക്ക് ദൈവ ത്തോടുള്ള ബന്ധം ഒരു കുട്ടിയുടേത് പോലെ ആകുവോളം നമ്മുടെ വിശ്വാസങ്ങളെ ലളിതമാക്കുക എന്നതാണ്. മറ്റുള്ളവർ നിഴലുകളാകുന്ന വിധം ദൈവവും നമ്മളും തമ്മിലൊരു ബന്ധം; അതാണ് ആ ഉദ്ദേശ്യം. മറ്റുള്ളവർ നമുക്ക് നിഴലുകളാകു ന്നത് വരെ ഇടയ്ക്കിടെ നമുക്ക് മേഘങ്ങളും ഇരുട്ടും അനുഭവപ്പെടും. ദൈവവും നമ്മളും തമ്മിലുള്ള ബന്ധം മറ്റെന്നത്തേക്കാളും ലളിതമാകുന്നുണ്ടോ?

ദൈവത്തിന്റെ വിചിത്രമായ നടത്തിപ്പുകളും നമുക്ക് ദൈവത്തെക്കുറിച്ച് എന്തറി യാമോ അതും തമ്മിൽ ഒരു ബന്ധമുണ്ട്. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവി ന്റെ വെളിച്ചത്തിൽ ജീവിതത്തിന്റെ നിഗൂഢതകളെ വ്യാഖ്യാനിക്കാൻ നാം പഠിക്ക ണം. ദൈവസ്വഭാവത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിനെ തകരാറിലാക്കാതെ ജീവിതത്തിന്റെ ഏറ്റവുമിരുണ്ട വസ്തുതയെ നേരിടാൻ നമുക്ക് കഴിവുണ്ടാകണം. അതുവരെ നാം ദൈവത്തെ വേണ്ടത്ര മനസ്സിലാക്കുന്നില്ല. ''അവർ മേഘത്തിൽ ആയപ്പോൾ പേടിച്ചു''. ''യേശുവല്ലാതെ മറ്റാരെങ്കിലും'' നിങ്ങളുടെ മേഘത്തി ലുണ്ടോ? ഉണ്ടെങ്കിൽ ആ മേഘം ഇനിയും ഇരുളും. ''യേശു ഒഴികെ മറ്റാരുമില്ലാത്ത'' ആ സ്ഥലത്ത് നിങ്ങൾ എത്തുക.

**ജൂലൈ 30**

## സത്യബോധത്തിന്റെ അച്ചടക്കം

**''യേശുവോ എല്ലാവരെയും അറികകൊണ്ട് തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല'' (യോഹന്നാൻ 2:24–25).**

സത്യബോധം ലഭിച്ചാൽ പിന്നെ ജീവിതത്തിൽ കപടമായ, തെറ്റായ വിധിയെഴുത്തുകളോ, വിലയിരുത്തലുകളോ ശേഷിക്കുന്നില്ല. ദൈവം ഉളവാക്കുന്ന സത്യബോധത്താൽ നമുക്കു മനുഷ്യരെ, അവർ യഥാർത്ഥത്തിൽ എങ്ങനെയോ അങ്ങനെ തന്നെ കാണാൻ കഴിയും. നാം തിന്മമാത്രം കാണുന്നവരും മറ്റുള്ളവരെക്കുറിച്ച് കയ്പ് നിറഞ്ഞ കുത്ത്‌വാക്ക് പറയുന്നവരുമായിത്തീരുകയില്ല. നാം ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന പല ക്രൂരമായ കാര്യങ്ങളുടെയും ഉറവിടം നമ്മുടെ മിഥ്യാധാരണകളാണ്. നമ്മെത്തന്നേ ഉള്ള അവസ്ഥയിൽ കാണാൻ നാം തയ്യാറാകുന്നില്ല. പരസ്പരം വെച്ചു പുലർത്തുന്ന ധാരണകളുടെ കാര്യത്തിലേ നാം സത്യസന്ധത പുലർത്തുന്നുള്ളു. നമ്മുടെ ചിന്തയിൽ ഒന്നുകിൽ എല്ലാം സന്തോഷകരം, നല്ലത് അല്ലെങ്കിൽ എല്ലാം തിന്മയും, ദുഷ്ടബുദ്ധിയും ഭീരുത്വവും നിറഞ്ഞത്.

മിഥ്യകളിൽ നിന്ന് മോചിതരാകുവാൻ വിസമ്മതിക്കുന്നതാണ് മനുഷ്യജീവിതത്തിലെ അധികം കഷ്ടതകളുടെയും കാരണം. ദൈവത്തെ സ്നേഹിക്കാതിരിക്കുകയും ഒരു വ്യക്തിയെ നാം സ്നേഹിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാളിൽ നിന്ന് സർവ്വപൂർണ്ണതയും, തുറന്ന മനസ്സും നാം പ്രതീക്ഷിക്കുന്നു. അയാളിൽ നിന്ന് അതെല്ലാം കിട്ടാതെ വരുമ്പോൾ നാം ക്രോധിക്കുന്നു. ഒരു പുരുഷനോ സ്ത്രീക്കോ തരാൻ കഴിയാത്തതാണ് നാം പ്രതീക്ഷിക്കുന്നത്. നൊമ്പരപ്പെടുന്ന, ഒരു മനുഷ്യമനസ്സിന് പൂർണ്ണ സംതൃപ്തിനല്കാൻ കഴിയുന്ന ഒരൊറ്റ ആളേ ഉള്ളൂ. അത് കർത്താവായ യേശുക്രിസ്തുവാണ്. തന്നോടുള്ള വിശ്വസ്തതയിൽ അധിഷ്ഠിതമല്ലാത്ത എല്ലാ ബന്ധവും പൂർണ്ണ പരാജയമാകുമെന്ന് അറിയാവുന്നതിനാലാണ് ഓരോ മനുഷ്യബന്ധത്തിന്റെ കാര്യത്തിലും നമ്മുടെ കർത്താവ് ഒട്ടും വിട്ടുവീഴ്ച കാണിക്കാത്തത്. നമ്മുടെ കർത്താവ് ആരിലും വിശ്വാസമർപ്പിച്ചില്ല. എന്നാൽ അവൻ കയ്പ് നിറഞ്ഞവനോ സംശയാലുവോ ആയിരുന്നില്ല. ആരെക്കുറിച്ചും കടുത്ത നിരാശ തോന്നാത്തവിധം അവന്റെ സ്നേഹം പൂർണ്ണമായിരുന്നു. ദൈവത്തിലും, മനുഷ്യന് വേണ്ടി എന്തുംചെയ്യാൻ കഴിയുന്ന ദൈവകൃപയിലും നമ്മുടെ കർത്താവിനു വിശ്വാസമുണ്ടായിരുന്നു. നമ്മുടെ വിശ്വാസം മനുഷ്യനിലർപ്പിച്ചാൽ നാം എല്ലാവരെക്കുറിച്ചും നിരാശപ്പെടുന്നവരായിത്തീരും.

**ജൂലൈ 31**

# പൂർണ്ണമായും ദൈവത്തിന്റേതാകും വരെ

**''എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന് സ്ഥിരതയ്ക്ക് തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ'' (യാക്കോബ് 1:4).**

മൊത്തത്തിൽ നമ്മളെല്ലാം കുഴപ്പമില്ലാത്തവരാണെങ്കിലും, ജീവിതത്തിന്റെ ചില തലങ്ങളിൽ നാം അലസരും, ഉദാസീനരുമാണ്. അത് പാപത്തിന്റെ പ്രശ്നമല്ല; നമ്മുടെ ജഡികജീവിതത്തിന്റെ അവശിഷ്ടങ്ങളാണ് നമ്മെ ഉദാസീനരാക്കുന്നത്. ഉദാസീനരാകുമ്പോൾ നാം പരിശുദ്ധാത്മാവിനെ അപമാനിക്കുന്നു. നാം തിന്നുകയോ കുടിക്കുകയോ ചെയ്യുന്ന കാര്യത്തിലായാലും ദൈവത്തെ ആരാധിക്കുന്ന കാര്യത്തിലായാലും – ഒന്നിലും ഉദാസീനരാകരുത്.

ദൈവവുമായുള്ള നമ്മുടെ ബന്ധം മാത്രമല്ല ആ ബന്ധത്തിന്റെ ബാഹ്യപ്രകടനവും ശരിയായിരിക്കണം. ഓരോ വിശദാംശം പോലും ദൈവത്തിന്റെ സൂക്ഷ്മനിരീക്ഷണത്തിലാണ്. ദൈവം ഒരു കാര്യം പോലും തന്റെ ശ്രദ്ധയിൽ നിന്ന് രക്ഷപ്പെടാൻ അനുവദിക്കുകയില്ല. അനേകം വഴികളിലൂടെ ദൈവം നമ്മെ വീണ്ടും വീണ്ടും ഒരിടത്ത് തന്നേ എത്തിക്കും. പരിപൂർണ്ണമായിരിക്കണം തന്റെ സൃഷ്ടി എന്നതിനാൽ ഒരൊറ്റ ബിന്ദുവിലേയ്ക്ക് നമ്മെ വീണ്ടും വീണ്ടും കൊണ്ടുവരുന്ന കാര്യത്തിൽ ദൈവത്തിന് ഒരു മടുപ്പുമില്ല. നമ്മുടെയൊരു വൈകാരിക പ്രശ്നമാകാം; എന്നാൽ അതിരില്ലാത്ത ക്ഷമയോടെ ദൈവം നമ്മെ വീണ്ടും വീണ്ടും അതിൽ എത്തിക്കുന്നു. നമ്മുടെ അലസമായ ഒരു ചിന്താഗതിയാകാം; അതുമല്ലെങ്കിൽ നമ്മുടെ സ്വതന്ത്രമനസ്സും സ്വാർത്ഥ താല്പര്യവുമാകാം. എന്തു തന്നേയായാലും നമ്മുടെ ജീവിതത്തിൽ പൂർണ്ണമായും ശരിയല്ലാത്ത ഓരോ കാര്യവും നമുക്ക് ബോധ്യമാക്കിത്തരുകയാണ് ദൈവം ചെയ്യുന്നത്.

ദൈവികരക്ഷയെക്കുറിച്ചുള്ള നമ്മുടെ പഠനത്തിൽ നമുക്ക് കുറേയേറെ നല്ല സമയം ലഭിച്ചു; നമ്മുടെ മനസ്സ് ദൈവത്തോടുള്ള മനോഭാവത്തിൽ സമ്പൂർണ്ണതയിലെത്തിയിരിക്കുന്നു. അവൻ നമ്മിൽ അത്ഭുതകരമായി പ്രവർത്തിച്ചിരിക്കുന്നതിനാൽ മൊത്തത്തിൽ അവനോടുള്ള ബന്ധത്തിൽ എല്ലാം ശരിയെന്ന് നാം അറിയുന്നു. എന്നാൽ പരിശുദ്ധാത്മാവിലൂടെ യാക്കോബ് പറയുന്നു: ''എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന് സ്ഥിരതയ്ക്ക് തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ''. ജീവിതത്തിലെ ഏറ്റവും ചെറിയ കാര്യങ്ങളിൽ പോലും ഉദാസീനരാകാതിരിക്കാൻ ശ്രദ്ധിച്ച് കൊൾക. 'ഓ ഇപ്പോൾ ഇത്രയൊക്കെ മതി'' എന്ന് ഒന്നിനെക്കുറിച്ചും പറയരുത്. നാം പൂർണ്ണമായും അവന്റേതാകുംവരെ ദൈവം നിർബന്ധപൂർവ്വം അത് നമുക്ക് ചൂണ്ടിക്കാണിച്ച് തന്നുകൊണ്ടിരിക്കും.



## ഓഗസ്റ്റ് 1

# ദൈവത്തിന്റെ വഴികൾ

**''യേശു തന്റെ പന്ത്രണ്ട് ശിഷ്യന്മാരോട് കല്പിച്ച് തീർന്നശേഷം അതത് പട്ടണങ്ങളിൽ ഉപദേശിപ്പാനും പ്രസംഗിപ്പാനും അവിടെ നിന്നു പുറപ്പെട്ടുപോയി'' (മത്തായി 11:1).**

**എവിടെ നമ്മോട് പോകാൻ കല്പിക്കുന്നുവോ അവിടെ അവൻ വരുന്നു.**

ദൈവം നിങ്ങളോട് പോകാൻ പറഞ്ഞപ്പോൾ നിങ്ങളുടെ വീട്ടിലുള്ള ആളുകളെക്കുറിച്ചുള്ള ചിന്തയിൽ നിങ്ങൾ പോകാതിരുന്നെങ്കിൽ, വാസ്തവത്തിൽ യേശുവിന്റെ വചനങ്ങളും ഉപദേശങ്ങളും നിങ്ങളവർക്ക് കിട്ടാതെയാക്കുകയായിരുന്നു. എന്നാൽ നിങ്ങൾ ദൈവത്തെ അനുസരിക്കുകയും, ഭവിഷ്യത്തുകൾ അവന് വിട്ടുകൊടുക്കുകയും ചെയ്തപ്പോൾ, കർത്താവ് നിങ്ങളുടെ നഗരത്തിൽ വചനമറിയിക്കാൻ പോയി. നിങ്ങൾ അനുസരിക്കാതിരുന്നപ്പോൾ നിങ്ങൾ അവന്റെ വഴി തടഞ്ഞു. ദൈവവുമായി നിങ്ങൾ വിവാദം തുടങ്ങുകയും അവന്റെ കല്പനകളെ അവഗണിച്ച് നിങ്ങളുടെ കടമകളിലേക്കു തിരിയുകയും ചെയ്യുമ്പോൾ സൂക്ഷിച്ച് കൊൾക. 'ദൈവം എന്നോട് പോകാൻ പറഞ്ഞെന്ന് എനിക്കറിയാം. എന്നാൽ എനിക്കെന്റെ കടമകളും കർത്തവ്യങ്ങളുമുണ്ട്' എന്ന് നിങ്ങൾ പറയുന്നുവെങ്കിൽ നിങ്ങൾ കർത്താവിന്റെ വാക്കുകളിൽ വിശ്വസിക്കുന്നില്ല.

**നാം പഠിപ്പിക്കേണ്ടാത്തിടത്ത് ദൈവം പഠിപ്പിക്കുന്നു**

ഞങ്ങൾ മൂന്ന് കുടിൽ ഉണ്ടാക്കട്ടെ....... ലൂക്കോസ് 9:33.

മറ്റുള്ളവരുടെ ജീവിതത്തിൽ ദൈവത്തിന്റെ ഭാഗം അഭിനയിക്കുകയാണോ നമ്മൾ? മറ്റുള്ളവരെ പഠിപ്പിക്കുമ്പോൾ നാമുണ്ടാക്കുന്ന ശബ്ദകോലാഹലത്താൽ ദൈവത്തിന് അവരുടെ അടുത്തെങ്ങും എത്താൻ കഴിയാതെ പോകുന്നുവോ? നമുക്ക് നമ്മുടെ വായടയ്ക്കുകയും ആത്മാവിനെ ഉണർത്തി നിർത്തുകയും ചെയ്യേണ്ടതുണ്ട്. തന്റെ പുത്രനെക്കുറിച്ച് പഠിപ്പിക്കാൻ ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ പ്രാർത്ഥനാവേളകൾ മറുരൂപമലകളാകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം ഒരു പ്രത്യേക രീതിയിൽ പ്രവർത്തിക്കാൻ പോകുന്ന ഒരു പ്രത്യേക വഴിയെക്കുറിച്ച് നമുക്കുറപ്പ് തോന്നിയാൽ, ദൈവം ആ വഴിയിൽ പിന്നെയൊരിക്കലും പ്രവർത്തിക്കുകയില്ല.

**കാത്തിരിക്കാൻ നമ്മെ അയക്കുന്നേടത്ത് അവൻ പ്രവർത്തിക്കുന്നു.**

നിങ്ങളോ ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ; ലൂക്കോസ് 24:49.

കർത്താവിനായി കാത്തിരിക്ക. അവൻ പ്രവർത്തിക്കും. എന്നാൽ നിങ്ങൾക്ക് മുമ്പോട്ട് ഒരിഞ്ച് പോലും കാണാൻ സാധിക്കാത്തതിനാൽ ആത്മീയമായി വിഷണ്ണരാകരുത്. കർത്താവിനായി കാത്തിരിക്കേണ്ടതിനു നമ്മുടെ ആത്മീയ വൈകാരികതയിൽ നിന്ന് മാറി നില്ക്കുന്നവരാണോ നാം? കാത്തിരിക്കുക എന്നാൽ കൈയും കെട്ടി ഇരിക്കലല്ല; നമ്മോട് ചെയ്യാൻ ആവശ്യപ്പെടുന്നത് ചെയ്യുകയാണ് വേണ്ടത്. ദൈവത്തിന്റെ വഴികൾ നാം വിരളമായി തിരിച്ചറിയുന്ന ചില വിലപ്പെട്ട ഘട്ടങ്ങളാണ് ഇവയെല്ലാം.

# അനർത്ഥങ്ങളിലൂടെ ശിക്ഷണം

**‘‘ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു’’ (യോഹന്നാൻ 16:33).**

ക്രിസ്തീയ ജീവിതത്തെക്കുറിച്ചുള്ള ശരാശരി കാഴ്ചപ്പാട് കഷ്ടതകളിൽ നിന്നു വിടുതലുള്ള ജീവിതം എന്നാണ്. എന്നാൽ അത് വാസ്തവത്തിൽ കഷ്ടതകളിൽ നിന്നുള്ള മോചനമല്ല: കഷ്ടതകൾക്കുള്ളിലുള്ള മോചനമാണ്; അത് വളരെ വ്യത്യസ്തമായ ഒരു കാര്യമാണ്. ‘‘അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൽ പാർക്കയും ചെയ്യുന്നവൻ അവൻ എന്റെ സങ്കേതവും കോട്ടയും ........ ഒരു അനർത്ഥവും നിനക്ക് ഭവിക്കയില്ല’’. നിങ്ങൾ ദൈവവുമായി ഒന്നാകുന്നതെവിടെയോ, അതിനടുത്തെങ്ങും ഒരു ബാധയും വരുകയില്ല.

നിങ്ങൾ ഒരു ദൈവപൈതലാണെങ്കിൽ നിങ്ങൾക്ക് തീർച്ചയായും വിഷമങ്ങൾ നേരിടേണ്ടി വരും. എന്നാൽ അവ വരുമ്പോൾ അമ്പരന്ന് പോകരുതെന്നാണ് യേശു പറയുന്നത്. ‘‘ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു’’. വീണ്ടും ജനിക്കും മുമ്പ് കഷ്ടതകളെക്കുറിച്ച് സംസാരിക്കാൻ വിസമ്മതിച്ചിരുന്നവർ വീണ്ടും ജനിച്ചശേഷം പരാതിപ്പെടുകയും വ്യാകുലപ്പെടുകയും ചെയ്യുന്നു; കാരണം ഒരു ‘വിശുദ്ധന്റെ ജീവിതം’ ജീവിക്കുന്നതിനെക്കുറിച്ച് അവർക്ക് തെറ്റായ ആശയമാണുള്ളത്.

ദൈവം നമുക്ക് അതിജീവിക്കുന്ന ഒരു ജീവിതം തരുകയില്ല. നാം അതിജീവിക്കുമ്പോൾ അവൻ നമുക്ക് ജീവിതം തരുന്നു. ജീവിതത്തിലെ ആയാസങ്ങളാണ് നമ്മുടെ ശക്തിയെ പണിതുയർത്തുന്നത്. ആയാസങ്ങളില്ലെങ്കിൽ, യാതൊരു ശക്തിയുമുണ്ടാകുകയില്ല. സന്തോഷവും സ്വാതന്ത്ര്യവും തരണമെന്ന് നിങ്ങൾ ദൈവത്തോടാവശ്യപ്പെടുകയാണോ? അതിന്റെ പിന്നിലെ ആയാസം സഹിക്കാൻ നിങ്ങൾ തയ്യാറല്ലെങ്കിൽ ദൈവത്തിന് അതൊന്നും തരാൻ കഴിയുകയില്ല. ഒരിക്കൽ ആ പ്രയാസങ്ങളെ നേരിടാൻ തയ്യാറായിക്കഴിഞ്ഞാൽ ഉടനടി ശക്തി കിട്ടും. നിങ്ങളുടെ ധൈര്യമില്ലായ്മയെ അതിജീവിക്കുകയും ആദ്യ ചുവടെടുക്കുകയും ചെയ്താൽ ജീവവൃക്ഷത്തിന്റെ ഫലം ദൈവം നിങ്ങൾക്ക് തരുകയും നിങ്ങൾക്ക് പോഷണം ലഭിക്കുകയും ചെയ്യും. ശാരീരികമായി നിങ്ങൾ യത്നിച്ചാൽ നിങ്ങൾ തളരും. ആത്മീയമായി യത്നിച്ചാലോ നിങ്ങൾക്ക് കൂടുതൽ ശക്തി ലഭിക്കും. നാളത്തേയ്ക്കോ, അടുത്ത ഒരു മണിക്കൂർ നേരത്തേക്കോ ദൈവം ശക്തി തരുകയില്ല; അടുത്ത ഒരു നിമിഷനേരത്തെ ആയാസത്തിനുള്ള ശക്തി അവൻ തരും. സാമാന്യബോധത്തിന്റെ കാഴ്ചപ്പാടിലൂടെ പ്രയാസങ്ങളെ നേരിടാനാണ് പ്രലോഭനം. പ്രയാസങ്ങളാൽ തകരുമ്പോൾ വിശുദ്ധൻ തിമിർത്തുല്ലസിക്കുന്നു; കാരണം ദൈവത്തിനൊഴികെ മറ്റെല്ലാവർക്കും വിജയം അകാരണമായി അസാദ്ധ്യമാണ്.

# ആഗസ്റ്റ് 3

## ദൈവത്തിന്റെ മഹാപ്രേരണ

**''ഇതാ നാം യെരുശലേമിലേക്ക് പോകുന്നു'' (ലൂക്കോസ് 18:31).**

തന്റെ പിതാവിന്റെ ഹിതത്തിന്റെ പരകോടിയിൽ യേശു എത്തിയ സ്ഥലമായിട്ടാണ് യെരുശലേം യേശുവിന്റെ ജീവിതത്തിൽ നിലകൊള്ളുന്നത്. ''ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്യുവാൻ ഇച്ഛിക്കുന്നത് ........'' നമ്മുടെ കർത്താവിന്റെ ജീവിതത്തെയാകമാനം അടക്കിഭരിച്ച ചിന്ത ഇതായിരുന്നു. താൻ വഴിയിൽ കണ്ടുമുട്ടിയ കാര്യങ്ങളോ, സന്തോഷമോ, സങ്കടമോ, ജയമോ, തോല്വിയോ ഒന്നും ഈ ഉദ്ദേശ്യത്തിൽ നിന്ന് കർത്താവിനെ തടഞ്ഞില്ല. അവൻ യെരുശലേമിലേക്ക് യാത്രയാകാൻ മനസ്സ് ഉറപ്പിച്ചു. അവന്റെയൊപ്പം നിങ്ങൾക്കും യെരുശലേമിലേയ്ക്ക് പോകാം. എന്നാൽ അവൻ നിങ്ങളോട് ചർച്ചചെയ്യാത്ത ലക്ഷ്യങ്ങളുടെ പൂർത്തീകരണമായിരിക്കും ആ പോക്കിന്റെ അർത്ഥം.

ഓർമ്മയിൽ വെക്കേണ്ട ഏറ്റവും വലിയ കാര്യം: നാം യെരുശലേമിലേയ്ക്ക് പോകുന്നത് നമ്മുടെ ഉദ്ദേശ്യം പൂർത്തീകരിക്കാനല്ല, ദൈവത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കാനാണ്. സ്വാഭാവികമായും നമ്മുടെ ഉൽക്കർഷേച്ഛകൾ നമ്മുടേതത്രേ. ക്രിസ്തീയ ജീവിതത്തിൽ നമുക്ക് നമ്മുടേതായ ലക്ഷ്യങ്ങൾ ഒന്നുമില്ല. ക്രിസ്തുവിന് വേണ്ടിയുള്ള നമ്മുടെ തീരുമാനങ്ങളെക്കുറിച്ചും, ക്രിസ്ത്യാനികൾ ആയിരിക്കാനുള്ള നമ്മുടെ നിശ്ചയദാർഢ്യത്തെക്കുറിച്ചും ഇക്കാര്യത്തെക്കുറിച്ചും, അക്കാര്യത്തെക്കുറിച്ചും ഇന്ന് ഒരുപാട് കാര്യങ്ങൾ പറയപ്പെടുന്നു. എന്നാൽ പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ഒരേ ഒരു കാര്യം ദൈവോദ്ദേശ്യത്തിന്റെ നിർബന്ധശക്തിയെക്കുറിച്ചാണ്: ''നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു''.

നമ്മുടെ അറിവോടെയല്ല നമ്മെ ദൈവോദ്ദേശ്യത്തിനായി തിരഞ്ഞെടുക്കുന്നത്. നാം അറിയാതെ നമ്മെ അതിനായി എടുക്കുന്നു. ദൈവം എന്താണ് ലക്ഷ്യം വെക്കുന്നത് എന്നതിനെക്കുറിച്ച് നമുക്കൊരു ആശയവുമില്ല, മുന്നോട്ട് പോകുന്തോറും നമുക്ക് കൂടുതൽ കൂടുതൽ അവ്യക്തതത അനുഭവപ്പെടുന്നു. ദൈവം ഉന്നം വെക്കുന്നതിനെ കാണാൻ വയ്യാത്ത വിധം ഹ്രസ്വദൃഷ്ടികളാണ് നാം എന്നതിനാൽ ദൈവത്തിന് ലക്ഷ്യം തെറ്റിയതുപോലെ നമുക്ക് തോന്നുന്നു. ''ഇവിടെ അല്ലെങ്കിൽ അവിടെ പോകാനാണ് ഞാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്'' എന്ന മട്ടിൽ, എന്താണ് ദൈവോദ്ദേശ്യം എന്നതിനെക്കുറിച്ച് നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിൽ, നമുക്ക് നമ്മുടേതായ ആശയങ്ങളുണ്ട്. ഈ പ്രത്യേകജോലി ചെയ്യാനാണ് ദൈവം എന്നെ വിളിച്ചിരിക്കുന്നത് എന്ന് പറഞ്ഞ് നാമൊരു ജോലി ചെയ്യുന്നു. എന്നാൽ അപ്പോഴും നാം ചെയ്യണമെന്ന് ദൈവം നിർബന്ധിക്കുന്ന കാര്യം ബാക്കിയാകുന്നു. ദൈവോദ്ദേശ്യത്തിന്റെ നിർബന്ധശക്തിയുമായി താരതമ്യം ചെയ്യുമ്പോൾ നാം ചെയ്യുന്ന ജോലി വെറുമൊരു താത്ക്കാലിക ചട്ടക്കൂട് മാത്രമാണ്. ''ഇതാ നാം യെരുശലേമിലേക്ക് പോകുന്നു''. അവൻ പന്ത്രണ്ട് ശിഷ്യന്മാരെയും കൂട്ടിക്കൊണ്ട് യെരുശലേമിലേക്ക് പോയി. അവൻ എപ്പോഴും നമ്മെ അവന്റെ അരികിലേയ്ക്ക് മാറ്റി നിർത്തുന്നു. ദൈവോദ്ദേശ്യത്തിന്റെ നിർബന്ധശക്തിയെക്കുറിച്ച് അറിയേണ്ടതെല്ലാം നാമിനിയും അറിഞ്ഞിട്ടില്ല.

## ആഗസ്റ്റ് 4

# ദൈവത്തിന്റെ ധീരമായ സൗഹൃദം

**''അനന്തരം അവൻ പന്തിരുവരെ കൂട്ടിക്കൊണ്ട് അവരോട് ഇതാ നാം യെരുശലേമിലേക്ക് പോകുന്നു, ............ എന്ന് പറഞ്ഞു'' (ലൂക്കോസ് 18:31).**

നമ്മെ വിശ്വസിക്കുന്നതിലുള്ള ദൈവത്തിന്റെ ധൈര്യം! ''എന്നെ തെരഞ്ഞെടുത്തതിൽ ദൈവം അവിവേകം കാണിച്ചു; കാരണം എന്നിൽ യാതൊരു നന്മയോ മൂല്യമോ ഇല്ല'' എന്നു നാം പറയും. അതുകൊണ്ട് തന്നേയാണ് ദൈവം നമ്മെ തെരഞ്ഞെടുത്തത്. ദൈവത്തിന് നമ്മെക്കൊണ്ട് കാര്യമുണ്ട്, 'ഞാൻ യോഗ്യനാണ്' എന്ന് വിചാരിക്കുന്നിടത്തോളം കാലം ദൈവത്തിന് നിങ്ങളെ തെരഞ്ഞെടുക്കാൻ സാധിക്കുകയില്ല; കാരണം നിങ്ങൾക്ക് നിങ്ങളുടേതായ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കാനുണ്ടാകും. എന്നാൽ നിങ്ങളുടെ സ്വയം പര്യാപ്തതയുടെ അന്ത്യത്തിലേക്ക് നിങ്ങളെ കൊണ്ടുപോകാൻ ദൈവത്തെ നിങ്ങൾ അനുവദിക്കുകയാണെങ്കിൽ തന്നോടൊപ്പം യെരുശലേമിലേക്ക് പോകാൻ ദൈവത്തിന് നിങ്ങളെ തെരഞ്ഞെടുക്കാൻ കഴിയും. അതിനർത്ഥം നിങ്ങളോടവൻ ചർച്ച ചെയ്യാത്ത ഉദ്ദേശ്യങ്ങളുടെ പൂർത്തീകരണമായിരിക്കും.

ഒരു മനുഷ്യന് സ്വാഭാവിക കഴിവുള്ളതിനാൽ അയാളൊരു നല്ല ക്രിസ്ത്യാനിയാകും എന്ന് നാം പറഞ്ഞേക്കും. എന്നാൽ അത് നമ്മുടെ അറിവില്ലായ്മയാണ്; നമുക്ക് സ്വാഭാവികമായുള്ള കഴിവുകളെയല്ല നമ്മുടെ സ്വാഭാവിക നന്മകളെയല്ല, നമ്മുടെ സ്വഭാവദൃഢതയെയോ അറിവിനെയോ അനുഭവത്തെയോ നമുക്കുള്ള യാതൊന്നിനെയുമല്ല, ദൈവം നമ്മിൽ എന്ത് വെക്കുന്നു എന്നതിനെയാണ്, ദൈവം മാനിക്കുന്നത്. ദൈവത്തിന്റെ നിർബന്ധശക്തിയും, നാം അവന്റെ സ്നേഹിതൻ ആക്കപ്പെടുന്നതും മാത്രമാണ് പ്രയോജനപ്പെടുന്നത്. 1 കൊരിന്ത്യർ 1:26–30 വായിക്കുക. തങ്ങളുടെ ഇല്ലായ്മ അറിയുന്നവരുമായിട്ടാണ് ദൈവത്തിന്റെ സൗഹൃദം. തന്നെക്കൊണ്ട് ദൈവത്തിന് പ്രയോജനമുണ്ട് എന്ന് വിചാരിക്കുന്ന ഒരാളിലൂടെ യാതൊന്നും നേടാൻ ദൈവത്തിന് കഴിയുകയില്ല. ക്രിസ്ത്യാനികളെന്ന നമ്മുടെ ഉദ്ദേശ്യങ്ങൾക്കായിട്ടേ അല്ല നാമിവിടെ ആയിരിക്കുന്നത്; ദൈവോദ്ദേശ്യത്തിനായിട്ടാണ് നാമിവിടെ; നമ്മുടെ ഉദ്ദേശ്യവും ദൈവത്തിന്റെ ഉദ്ദേശ്യവും വ്യത്യസ്തമാണ്. ദൈവത്തിന്റെ ഉദ്ദേശ്യമെന്തെന്ന് നമുക്കറിഞ്ഞുകൂടാ പക്ഷെ എന്ത് തന്നേ സംഭവിച്ചാലും ദൈവവുമായുള്ള ബന്ധം നാം നിലനിർത്തണം. യാതൊന്നും ആ ബന്ധത്തെ തകരാറിലാക്കാൻ നാം അനുവദിക്കരുത്. എന്തെങ്കിലും അതിനെ തകരാറിലാക്കിയാൽ നാം സമയമെടുത്ത് അതിനെ നേരെയാക്കണം. ദൈവവുമായി നാം പുലർത്തുന്ന ബന്ധവും ആ ബന്ധം സൃഷ്ടിക്കുന്ന അന്തരീക്ഷവുമാണ്, നാം ചെയ്യുന്ന ജോലിയല്ല, ക്രിസ്തീയതയെ സംബന്ധിച്ച മുഖ്യകാര്യം. നാം ശ്രദ്ധിക്കണം എന്ന് ദൈവം ആവശ്യപ്പെടുന്ന കാര്യം അതാണ്; അതുതന്നേയാണ് നിരന്തരമായി ആക്രമിക്കപ്പെടുന്നതും.

## ആഗസ്റ്റ് 5

# ചിന്താക്കുഴപ്പത്തിലാക്കുന്ന ദൈവവിളി

**''അവരോ ഇത് ഒന്നും ഗ്രഹിച്ചില്ല. ഈ വാക്ക് അവർക്ക് മറവായിരുന്നു. പറഞ്ഞത് ഒന്നും അവർ തിരിച്ചറിഞ്ഞതുമില്ല'' (ലൂക്കോസ് 18:31–34).**

പൂർണ്ണപരാജയം, ദുരന്തം എന്ന് തോന്നുന്നതിലേയ്ക്ക് ദൈവം യേശുവിനെ നയിച്ചു. തന്നെ മരണത്തിന് കൊടുക്കുന്നത് കാണാൻ യേശു ശിഷ്യന്മാരെ തന്നോടൊപ്പം വിളിച്ചു. അവരുടെ മനസ്സ് തകർന്ന്പോയ ഒരു സ്ഥലത്തേക്ക് അവൻ അവരെ കൊണ്ടുപോയി. ദൈവത്തിന്റെ ഒഴികെ മറ്റെല്ലാവരുടെയും നിലപാടിൽ നിന്ന് നോക്കിയാൽ യേശുക്രിസ്തുവിന്റെ ജീവിതം ഒരു തികഞ്ഞ പരാജയമായിരുന്നു. എന്നാൽ മനുഷ്യന്റെ കാഴ്ചപ്പാടിലെ പരാജയം ദൈവത്തിന്റെ കാഴ്ചപ്പാടിൽ ഒരു വൻ വിജയമായിരുന്നു; കാരണം ദൈവോദ്ദേശ്യം ഒരിക്കലും മനുഷ്യന്റെ ഉദ്ദേശ്യമല്ല.

നമ്മുടെ ജീവിതത്തിലും, നമ്മെ കുഴയ്ക്കുന്ന ദൈവവിളി വരാറുണ്ട്. ദൈവവിളി ഒരിക്കലും വ്യക്തമായി മനസ്സിലാക്കപ്പെടുകയോ വിശദീകരിക്കപ്പെടുകയോ ചെയ്യാറില്ല. ദൈവത്തിന്റെ വിളി കടലിന്റെ വിളിപോലെയാണ്; ഹൃദയത്തിൽ കടലുള്ളവൻ മാത്രമേ കടലിന്റെ വിളി കേൾക്കൂ. ദൈവവിളി എന്താണെന്ന് നമുക്ക് നിശ്ചിതമായി പ്രസ്താവിക്കാൻ കഴിയുകയില്ല, കാരണം തന്റെ സ്വന്തം ഉദ്ദേശ്യത്തിന് വേണ്ടി താനുമായുള്ള സഖിത്വത്തിനാണ് ദൈവവിളി; നമ്മെ സംബന്ധിച്ചുള്ള ദൈവോദ്ദേശ്യം നാമറിയുന്നില്ലെങ്കിലും നാം അവനിൽ വിശ്വസിച്ചു അവനു സ്വയം സമർപ്പിക്കണം. സംഭവിക്കുന്നതൊന്നും യാദൃച്ഛികമായി സംഭവിക്കുന്നതല്ല, അവ ദൈവത്തിന്റെ ആജ്ഞയാൽ സംഭവിക്കുന്നതത്രേ. ദൈവം തന്റെ സ്വന്തം ഉദ്ദേശ്യം പൂർണ്ണാധികാരത്തോടെ നിർവ്വഹിക്കുകയാണ്.

നാം ദൈവവുമായി സംസർഗ്ഗത്തിലാണെങ്കിൽ, അവന്റെ ഉദ്ദേശ്യങ്ങൾക്കായി അവൻ നമ്മെ എടുക്കുന്നു എന്ന് തിരിച്ചറിയുകയാണെങ്കിൽ, എന്താണ് അവന്റെ ഉദ്ദേശ്യം എന്ന് കണ്ടിപിടിക്കാൻ നാം പിന്നെയൊരിക്കലും ശ്രമിക്കുകയില്ല. ക്രിസ്തീയ ജീവിതത്തിൽ നാം മുന്നോട്ട് പോകുമ്പോൾ, അത് കൂടുതൽ ലളിതമാകുകയും, ഇത് / അത് സംഭവിക്കാൻ ദൈവം എങ്ങനെ അനുവദിച്ചു എന്ന് ചോദിക്കാനുള്ള നമ്മുടെ പ്രവണത കുറയുകയും ചെയ്യും. നമ്മുടെ ലക്ഷ്യങ്ങൾക്ക് രൂപം നല്കാനൊരു ദൈവികശക്തിയുണ്ട്. സ്വന്തം കഴിവുകളെയല്ല, ദൈവത്തിന്റെ അറിവിനെയും, വിവേകത്തെയും വിശ്വസിക്കുന്നവനാണ് ക്രിസ്ത്യാനി. നമുക്ക് നമ്മുടെ സ്വന്തമായ ഒരു ലക്ഷ്യമുണ്ടെങ്കിൽ, അത് നമ്മുടെ ലാളിത്യത്തെയും, ശാന്തതയെയും, സാവധാനമുള്ള ഗതിയെയും നശിപ്പിക്കുന്നു.

## ആഗസ്റ്റ് 6

# പ്രാർത്ഥനയിലെ കുരിശ്

**''അന്നു നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും'' (യോഹന്നാൻ 16:26).**

നാം കടന്നുപോകേണ്ട എന്തോ ഒന്നായി കുരിശിനെക്കുറിച്ച് നാം ചിന്തിക്കാറുണ്ട്. എന്നാൽ നാം കുരിശിലൂടെ കടന്നുപോകുന്നത് കുരിശിനുള്ളിലേക്ക് കടക്കാനാണ്. ഒരൊറ്റ കാര്യത്തിനായിട്ടാണ് കുരിശ് നമുക്ക് വേണ്ടി നിലകൊള്ളുന്നത് – കർത്താവായ യേശുക്രിസ്തുവുമായുള്ള പൂർണ്ണതാദാത്മ്യം, ഒന്നാകൽ. ഈ താദാത്മ്യമാകട്ടെ മറ്റെന്തിനെക്കാളും, പ്രാർത്ഥനയിലാണ് പൂർത്തിയാകുന്നത്. നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കുംമുമ്പെ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ. എങ്കിൽ എന്തിന് യാചിക്കണം? ദൈവത്തിൽ നിന്ന് ഉത്തരം കിട്ടുക എന്നതല്ല, പ്രാർത്ഥനയുടെ ആശയം. പ്രാർത്ഥന എന്നത് ദൈവവുമായുള്ള പരിപൂർണ്ണമായ ഒന്നാകലാണ്. ഉത്തരങ്ങൾ കിട്ടാൻ വേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നതെങ്കിൽ, നമുക്ക് ദൈവത്തോട് നീരസവും കോപവും തോന്നും. ഉത്തരം എപ്പോഴും ലഭിക്കുന്നുണ്ട്, എന്നാൽ അത് നാം പ്രതീക്ഷിക്കുന്ന രീതിയാലിയിരിക്കില്ല എന്ന് മാത്രം. ആത്മീയമായി നാം മുറുമുറുക്കുമ്പോൾ പ്രാർത്ഥനയിലൂടെ നമ്മുടെ കർത്താവുമായി ഒന്നാകാൻ നാം വിസമ്മതിക്കുകയാണ്. ദൈവം പ്രാർത്ഥനയ്ക്കുത്തരം നല്കുന്നു എന്ന് തെളിയിക്കാനല്ല, ദൈവത്തിന്റെ ജീവിക്കുന്ന സ്മാരകങ്ങളാകാനാണ് നാമിവിടെ ആയിരിക്കുന്നത്. ''നിങ്ങൾക്ക് വേണ്ടി പിതാവിനോട് അപേക്ഷിക്കും എന്ന് ഞാൻ പറയുന്നില്ല. നിങ്ങൾ എന്നെ സ്നേഹിച്ചു, ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് വന്നിരിക്കുന്നു എന്ന് വിശ്വസിച്ചിരിക്കകൊണ്ട് പിതാവ് താനും നിങ്ങളെ സ്നേഹിക്കുന്നു''. നിങ്ങളുടെ പ്രാർത്ഥനാജീവിതത്തിന്റെ ഒരേയൊരു കാരണം, നമ്മുടെ കർത്താവായ യേശുമിശിഹായുടെ ജീവിതം മാത്രമായിത്തീരുംവിധം നിങ്ങൾ ദൈവവുമായി അത്ര ഗാഢബന്ധത്തിലായിരിക്കുന്നുവോ? നമ്മുടെ കർത്താവ് തന്റെ തേജസ്സുറ്റ ജീവിതം നിങ്ങളുടെ ജീവിതവുമായി കൈമാറ്റം ചെയ്തിരിക്കുന്നുവോ? അങ്ങനെയാണെങ്കിൽ, യാതൊരു വേർതിരിവുമില്ലാത്തവിധം നിങ്ങൾ യേശുവുമായി ഒന്നായിത്തീരും.

പ്രാർത്ഥനയ്ക്കുത്തരം കിട്ടാതെ വരുമ്പോൾ മറ്റാരുടെയെങ്കിലും മേൽ കുറ്റം ചാരാൻ ശ്രമിക്കുന്നത് സൂക്ഷിച്ചുകൊൾക. അത് എപ്പോഴും സാത്താന്റെ ഒരു കെണിയാണ്. നിങ്ങൾക്കുത്തരം കിട്ടുന്നില്ലെന്ന് തോന്നിയാൽ അതിന് എപ്പോഴും ഒരു കാരണമുണ്ട് – മറ്റാർക്കും വേണ്ടിയല്ല നിങ്ങൾക്കായി മാത്രം ആഴമേറിയൊരു പാഠം തരാൻ ഈ സമയത്തെ ഉപയോഗിക്കുകയാണ്.

## ആഗസ്റ്റ് 7

# പിതാവിന്റെ ഭവനത്തിലെ പ്രാർത്ഥന

**''എന്നെ തിരഞ്ഞത് എന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്ന് നിങ്ങൾ അറിയുന്നില്ലയോ''? (ലൂക്കോസ് 2:49).**

നമ്മുടെ കർത്താവിന്റെ ബാല്യം പക്വത പ്രാപിക്കാത്ത പുരുഷത്വം ആയിരുന്നില്ല. നമ്മുടെ കർത്താവിന്റെ ബാല്യം ഒരു നിത്യസത്യമായിരുന്നു. എന്റെ കർത്താവും രക്ഷകനുമായുള്ള താദാത്മ്യത്താൽ നിഷ്കളങ്കനായ ഒരു ദൈവപൈതലാണോ ഞാൻ? എന്റെ പിതാവിന്റെ വീട്ടിലുള്ള ജീവിതമായിട്ടാണോ ഞാനെന്റെ ജീവിതത്തെ കാണുന്നത്? തന്റെ പിതാവിന്റെ ഭവനത്തിൽ ജീവിക്കുന്ന ദൈവപുത്രൻ എന്നിലുണ്ടോ?

ദൈവം തന്നേയാണ് നിത്യസത്യം, അവന്റെ കല്പനകൾ അനുനിമിഷം എന്നിലേക്ക് വന്നുകൊണ്ടിരിക്കുന്നു. ഞാൻ സദാ ആ നിത്യസത്യവുമായി സമ്പർക്കത്തിലാണോ? അതോ കാര്യങ്ങൾ കുഴപ്പത്തിലാകുമ്പോൾ, എന്റെ ജീവിതത്തിലെ ഓരോരോ സമയത്ത് ഞാൻ അസ്വസ്ഥനാകുമ്പോൾ മാത്രമാണോ ഞാൻ പ്രാർത്ഥിക്കുന്നത്? നമ്മളാരും ഇനിയും പഠിച്ച് തുടങ്ങിയിട്ടില്ലാത്ത രീതിയിൽ വിശുദ്ധസംസർഗ്ഗത്തിലൂടെ എന്റെ കർത്താവുമായി താദാത്മ്യം പ്രാപിക്കാൻ നാം പഠിക്കണം. ഞാൻ എന്റെ പിതാവിനുള്ളതിൽ ഇരിക്കേണം ...... എന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും എന്റെ പിതാവിന്റെ ഭവനത്തിൽ വസിക്കാൻ ഞാൻ പഠിക്കണം.

നിങ്ങളുടെ സ്വന്തം പരിതഃസ്ഥിതികളെക്കുറിച്ച് ചിന്തിക്കുക. ദൈവത്തോട് നിരന്തരം സംസാരിച്ചും, സർവ്വതും അവന്റെ കൈയ്യിൽ നിന്നും വരുന്നു എന്ന് മനസ്സിലാക്കിയും ഒരു ദൈവപൈതലായിത്തീർന്നിരിക്കും വിധം നിങ്ങൾ കർത്താവിന്റെ ജീവിതവുമായി ഒന്നായിക്കഴിഞ്ഞിരിക്കുന്നുവോ? നിങ്ങളിലെ നിത്യപൈതൽ കർത്താവിന്റെ ഭവനത്തിലാണോ വസിക്കുന്നത്? അവന്റെ ശുശ്രൂഷാജീവിതത്തിന്റെ കൃപകൾ നിങ്ങളുടെ വീട്ടിലും, ജോലിയിലും കുടുംബവൃത്തങ്ങളിലും പ്രവർത്തിക്കുന്നുണ്ടോ? നിങ്ങൾ ഇപ്പോൾ കടന്നു പോകുന്ന പരിതഃസ്ഥിതികളിലൂടെ എന്തുകൊണ്ടാണ് കടന്നുപോകേണ്ടി വന്നതെന്ന് നിങ്ങൾ ചിന്തിക്കുകയാണോ? നിങ്ങൾ ആ പരിതഃസ്ഥിതികളിലൂടെ കടന്ന് പോകേണ്ടതുകൊണ്ടല്ല അവ വന്ന് ഭവിച്ചത്. തന്റെ പിതാവിന്റെ ദൈവികത്വത്തിലൂടെ നിങ്ങളുടെ ജീവിതത്തിലേക്കു കടന്നു വരുന്ന മനുഷ്യപുത്രനുമായുള്ള ബന്ധം കൊണ്ടാണ് ആ പരിതഃസ്ഥിതികൾ സംജാതമായത്. അവനുമായി പൂർണ്ണമായും ഒന്നായിത്തീർന്ന് നിങ്ങളുടെ ജീവിതത്തിൽ അവന്റെ ഹിതം നടക്കാൻ അനുവദിക്കണം.

നിങ്ങളുടെ കർത്താവിന്റെ ജീവിതം നിങ്ങളുടെ നിർണ്ണായകവും ലളിതവുമായ ജീവിതമായിത്തീരണം, ഈ ഭൂമിയിലായിരുന്നപ്പോൾ അവനെങ്ങനെ ആളുകളുടെ ഇടയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തുവോ അതുപോലെതന്നേ നിങ്ങളുടെ ജീവിതത്തിലും അവൻ ജീവിക്കണം.

## ആഗസ്റ്റ് 8


# പിതാവിന്റെ മഹത്വത്തിലുള്ള പ്രാർത്ഥന

**''ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും'' (ലൂക്കോസ് 1:35).**

ദൈവപുത്രൻ എന്റെ മനുഷ്യജഡത്തിൽ ജനിക്കുകയാണെങ്കിൽ, അവന്റെ നിഷ്കളങ്കതയും ലാളിത്യവും പിതാവുമായുള്ള ഏകത്വവും എന്നിൽ വെളിപ്പെടാനുള്ള അവസരമായി ഞാനത് ഉപയോഗിക്കുമോ? ദൈവപുത്രന്റെ ഈ ഭൂമിയിലെ ജനനത്തിൽ കന്യകാമറിയത്തിനുള്ള പ്രാധാന്യം ഓരോ വിശുദ്ധനെ സംബന്ധിച്ചും സത്യമാണ്. ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടലിലാണ് ദൈവപുത്രൻ എന്നിൽ ജനിക്കുന്നത്; അപ്പോൾ ഒരു ദൈവപൈതലെന്ന നിലയിൽ ദൈവവുമായി സദാ മുഖാമുഖം ഇരിക്കാനുള്ള അവകാശം ഞാൻ ഉപയോഗിക്കണം. സാമാന്യ ബുദ്ധിക്കനുസരിച്ചുള്ള എന്റെ ജീവിതത്തോട് ''എന്നെ തിരഞ്ഞത് എന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്ന് നിങ്ങൾ അറിയേണ്ടതല്ലയോ''? എന്ന് ഞാൻ അമ്പരപ്പോടെ പറയുന്നുണ്ടോ? പരിതഃസ്ഥിതികൾ എന്ത്തന്നേയായിരുന്നാലും, വിശുദ്ധിയും നിഷ്കളങ്കതയുമുള്ള ആ നിത്യപൈതൽ അവന്റെ പിതാവുമായി സമ്പർക്കത്തിലായിരിക്കണം.

ഈ രീതിയിൽ എന്റെ കർത്താവുമായി താദാത്മ്യം പ്രാപിക്കാൻ മാത്രം സരളമായൊരു ഹൃദയമാണോ എന്റേത്? ദൈവം തന്റെ അത്ഭുതകരമായ രീതിയിൽ എന്നിൽ പ്രവർത്തിക്കുന്നുണ്ടോ? ദൈവപുത്രൻ എന്നിൽ ഉരുവാകുവോളം (ഗലാത്യർ 4:19 കാണുക) ദൈവഹിതം എന്നിൽ നിവൃത്തിയാകുന്നുണ്ടോ? അതോ ഞാൻ അവനെ ഒരു വശത്തേയ്ക്ക് തള്ളിയിരിക്കുകയാണോ? ഓ, ഇക്കാലഘട്ടത്തിന്റെ ശബ്ദകോലാഹലങ്ങൾ ! എല്ലാവരും ബഹളം വെക്കുകയാണ്. എന്തിന്? ദൈവപുത്രനെ മരണത്തിന് കൊടുക്കാൻ. ഇവിടെയിപ്പോൾ ദൈവപുത്രന് ഇടമില്ല; പിതാവുമായുള്ള ദിവ്യസംസർഗ്ഗത്തിനും ഒന്നാകലിനും ഇടമില്ല. കഷ്ടം!

പിതാവിന് ബഹുമാനം നല്കിക്കൊണ്ട് ദൈവപുത്രൻ എന്നിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണോ അതോ ഞാൻ അവനോട് എന്റെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണോ? താൻ ഈ ഭൂമിയിൽ മനുഷ്യനായി ജീവിച്ച കാലത്ത് ചെയ്തിരുന്നത് പോലെ കർത്താവ് ഇപ്പോൾ എന്നിൽ തന്റെ ശുശ്രൂഷ നിർവ്വഹിക്കുകയാണോ? ഏറ്റവും പക്വതയാർന്ന വിശുദ്ധന്മാരുടെ ആന്തരിക ജീവിതത്തെക്കുറിച്ച് ഒരാൾ എത്രമാത്രം അറിയുന്നുവോ, അത്രമാത്രം അയാൾ ദൈവത്തിന്റെ ഉദ്ദേശ്യം യഥാർത്ഥമായും എന്താണെന്ന് മനസ്സിലാക്കും ... ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന് വേണ്ടി പൂരിപ്പിക്കുന്നു. (കൊലോസ്യർ 1:24) പൂരിപ്പിക്കുക എന്ന അർത്ഥത്തിൽ എപ്പോഴും എന്തെങ്കിലും ചെയ്യാനുണ്ട്.



## ആഗസ്റ്റ് 9

# പിതാവ് കേൾക്കുന്ന പ്രാർത്ഥന

**''പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു''. യോഹന്നാൻ 11:45.**

ദൈവപുത്രൻ പ്രാർത്ഥിക്കുമ്പോൾ, തന്റെ പിതാവിലുള്ള പൂർണ്ണശ്രദ്ധയിലും, ബോധത്തിലുമാണ് പ്രാർത്ഥിക്കുന്നത്. ദൈവം, സദാ തന്റെ പുത്രന്റെ പ്രാർത്ഥന കേൾക്കുന്നു; ദൈവപുത്രൻ എന്നിൽ രൂപം കൊണ്ടാൽ, പിതാവ് എന്റെ പ്രാർത്ഥന കേൾക്കും. എന്റെ ഈ ഭൗതികജഡത്തിൽ ദൈവപുത്രൻ വെളിപ്പെടണമെന്ന കാര്യം ഞാൻ ശ്രദ്ധിക്കണം. ''ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം'' (1 കൊരിന്ത്യർ 6:19). അത് മനുഷ്യപുത്രന്റെ ബേത്‌ലഹേം ആകുന്നു. എന്നിൽ പ്രവർത്തിക്കാനുള്ള അവസരം ഞാൻ മനുഷ്യപുത്രന് നല്കുന്നുണ്ടോ? ഈ ഭൂമിയിലെ തന്റെ ജീവിതകാലത്ത് തന്നിലെ ലാളിത്യം എങ്ങനെ പ്രവർത്തിച്ചുവോ അത്, അതുപോലെ തന്നേ കൃത്യമായി എന്നിൽ പ്രവർത്തിക്കുന്നുണ്ടോ? ഒരു സാധാരണ മനുഷ്യനെന്ന നിലയിൽ ജീവിതസംഭവങ്ങളുമായി ഞാൻ സമ്പർക്കത്തിൽ വരുമ്പോൾ ദൈവത്തിന്റെ നിത്യപുത്രൻ തന്റെ പിതാവിനോട് പ്രാർത്ഥിക്കുന്ന പ്രാർത്ഥന എന്നിൽ പ്രാർത്ഥിക്കപ്പെടുന്നുണ്ടോ? അന്ന് നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും. എന്ന്? ഏത് ദിവസം? പരിശുദ്ധാത്മാവ് എന്നിൽ പ്രവേശിച്ച് എന്നെ എന്റെ കർത്താവുമായി ഒന്നാക്കുന്ന ദിവസം.

കർത്താവായ യേശുക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ സമൃദ്ധമായി സംതൃപ്തനാണോ അതോ അവന്റെ മുമ്പിൽ ആത്മീയാഹങ്കാരത്തിന്റെ ഒരു നടത്ത നിങ്ങൾ പ്രദർശിപ്പിക്കുകയാണോ? ഒരിക്കലും സാമാന്യബോധം ഇടയ്ക്ക് കയറി മനുഷ്യപുത്രനെ ഒരു വശത്തേയ്ക്ക് തള്ളാൻ അനുവദിക്കരുത്. മനുഷ്യപ്രകൃതത്തിന് ദൈവം കൊടുത്ത ഒരു ദാനമാണ് സാമാന്യബോധം. ഒരിക്കലും സാമാന്യബോധത്തെ സിംഹാസനത്തിൽ കയറ്ററുത്. പുത്രനാണ് പിതാവിനെ തിരിച്ചറിയുകയും, പിതാവുമായി ഏകീഭവിക്കുകയും ചെയ്യുന്നത്. സാമാന്യബോധം ഒരിക്കലും അത് ചെയ്തിട്ടില്ല. ചെയ്യുകയുമില്ല; നമ്മെ നമ്മുടെ ഉള്ളിൽ വസിക്കുന്ന ദൈവപുത്രൻ രൂപാന്തരപ്പെടുത്തുന്നില്ലെങ്കിൽ നമ്മുടെ സാധാരണ ബുദ്ധി ഒരിക്കലും ദൈവത്തെ ആരാധിക്കുന്നില്ല. നമ്മുടെ ഈ ഭൗതികജഡം ദൈവപുത്രനോട് പൂർണ്ണവിധേയത്വത്തിലായിരിക്കണമെന്നും അതിലൂടെ അവൻ അനുനിമിഷം പ്രവർത്തിക്കുമെന്നും നാം കാണേണ്ടതുണ്ട്. യേശുക്രിസ്തുവിന്റെ ജീവിതം ഓരോ നിമിഷവും നമ്മിൽ വെളിപ്പെടത്തക്കവിധം അവന്റെ ജീവിതത്തെ പാടേ ആശ്രയിക്കുന്ന ഒരു തലത്തിലാണോ നാം ജീവിക്കുന്നത്?

## ആഗസ്റ്റ് 10

# വിശുദ്ധന്റെ കഷ്ടപ്പാട്

**''അതുകൊണ്ട് ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ട് തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിൽ ഭരമേല്പിക്കട്ടെ'' (1 പത്രൊസ് 4:19).**

നിങ്ങൾ സ്വയം കഷ്ടത തെരഞ്ഞെടുക്കുകയാണെങ്കിൽ എന്തോ കുഴപ്പമുണ്ടെന്നാണ് അർത്ഥം. എന്നാൽ ദൈവഹിതം തെരഞ്ഞെടുക്കുന്നത് – അതിനർത്ഥം നിങ്ങൾ കഷ്ടപ്പെടണമെന്നാണെങ്കിൽപ്പോലും – വ്യത്യസ്തമായ ഒരു കാര്യമാണ്. സാധാരണക്കാരനും ആരോഗ്യവാനുമായ ഒരു വിശുദ്ധനും കഷ്ടത തെരഞ്ഞെടുക്കുകയില്ല. അയാൾ, യേശു ചെയ്തതുപോലെ, കഷ്ടപ്പാടാണെങ്കിലും അല്ലെങ്കിലും ദൈവഹിതം തെരഞ്ഞെടുക്കും. ഒരു വിശുദ്ധനും മറ്റൊരു വിശുദ്ധന്റെ ജീവിതത്തിലെ കഷ്ടതയുടെ ശിക്ഷണത്തിൽ ഇടപെടുകയില്ല.

യേശുവിന്റെ ഹൃദയത്തെ തൃപ്തിപ്പെടുത്തുന്ന വിശുദ്ധൻ മറ്റ് വിശുദ്ധരെ ശക്തരും, പക്വതയുള്ളവരുമാക്കും. നമ്മോട് സഹതപിക്കുന്നവരല്ല നമുക്ക് നന്മ ചെയ്യുന്നത്. സഹതാപം നമ്മെ ദുർബ്ബലപ്പെടുത്തുക മാത്രമേ ചെയ്യൂ എന്നതിനാൽ സഹതപിക്കുന്നവർ നമ്മെ തടസ്സപ്പെടുത്തുകയാണ്. രക്ഷകനോട് ഏറ്റവും അടുത്തിരിക്കുന്ന ഒരു വിശുദ്ധനൊഴികെ മറ്റാരും ഒരു വിശുദ്ധനെ മനസ്സിലാക്കുന്നില്ല. മറ്റൊരു വിശുദ്ധന്റെ സഹതാപം നാം സ്വീകരിച്ചാൽ നമ്മുടെ സ്വാഭാവിക വികാരം ''ദൈവം എന്നോട് പരുഷമായി പെരുമാറുകയും എന്റെ ജീവിതം പ്രയാസം നിറഞ്ഞതാക്കുകയും ചെയ്യുന്നു'' എന്നതായിരിക്കും. അതുകൊണ്ടാണ് ആത്മാനുകമ്പ പിശാചാണെന്ന് യേശു പറഞ്ഞത്. (മത്തായി 16:21–23 കാണുക). ദൈവത്തിന്റെ കീർത്തിയോട് കാരുണ്യം കാണിക്കണം. ആ കീർത്തിയെ കളങ്കപ്പെടുത്തുക എളുപ്പമാണ്; കാരണം ദൈവം നമ്മോട് തർക്കത്തിന് വരുകയോ, സ്വയം നീതീകരിക്കുകയോ ഒന്നും ചെയ്യുന്നില്ല. യേശുവിന്, ഈ ഭൂമിയിലെ തന്റെ ജീവിതത്തിൽ സഹതാപം വേണമായിരുന്നു എന്ന ചിന്തയെ സൂക്ഷിച്ച് കൊള്ളുക. മനുഷ്യനിൽ നിന്നുള്ള സഹതാപത്തെ യേശു നിരസിച്ചു. കാരണം തന്റെ ഉദ്ദേശ്യം എന്തായിരുന്നുവെന്ന് ഈ ലോകത്താരും മനസ്സിലാക്കിയിട്ടില്ലെന്ന് അവനറിയാമായിരുന്നു. തന്റെ പിതാവിൽ നിന്നും സ്വർഗ്ഗത്തിലുള്ള മാലാഖമാരിൽ നിന്നും മാത്രമേ അവൻ സഹതാപം തേടിയുള്ളൂ. (ലൂക്കോസ് 15:10).

ദൈവം, പറഞ്ഞറിയിക്കാനാവാത്തവിധം വിശുദ്ധന്മാരെ കഷ്ടപ്പെടുത്തുന്നത് ശ്രദ്ധിക്കുക. ലോകത്തിന്റെ വിധിയെഴുത്തിൽ, ദൈവം ഏറ്റവും ഉപയോഗശൂന്യമായ സ്ഥലങ്ങളിൽ വിശുദ്ധന്മാരെ കൊണ്ടുചെന്നാക്കുന്നു എന്ന് തോന്നലുണ്ടാകുന്നു. ''ദൈവത്തിന് എന്നെക്കൊണ്ടെത്ര പ്രയോജനമുള്ളതുകൊണ്ടാണ് എന്നെ അവൻ ഇവിടെ ആക്കിയിരിക്കുന്നത്?'' എന്നു നാം ചോദിക്കുന്നു. എന്നാൽ തന്നെക്കൊണ്ട് എവിടെ, എങ്ങനെ ഉപയോഗമുണ്ടാകും എന്നത് വെച്ച് യേശു തന്റെ ജീവിതം അളന്നില്ല. തനിക്കേറ്റവും മഹത്വം കൊണ്ടുവരുന്ന സ്ഥലത്താണ് ദൈവം തന്റെ വിശുദ്ധരെ ആക്കുന്നത്. അത് എവിടെയാണെന്ന് വിലയിരുത്താൻ നാം ഒട്ടും പ്രാപ്തരല്ല.

## ആഗസ്റ്റ് 11

# ഈ അനുഭവം ഉണ്ടാകണം

**''പിന്നെ അവനെ കണ്ടില്ല'' (2 രാജാക്കന്മാർ 2:12).**

ദൈവം നിങ്ങൾക്ക് നിങ്ങളുടെ ''ഏലിയാവി''നെ തരുന്നേടത്തോളം കാലം അവനെ ആശ്രയിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഏലിയാവിന് പോകേണ്ട സമയം വരുമെന്നോർമ്മിക്കുക; പിന്നെ നിങ്ങൾക്ക് നേതാവും വഴികാട്ടിയുമായി ഏലിയാവുണ്ടാകുകയില്ല. ''എനിക്ക് ഏലിയാവില്ലാതെ പോകാൻ വയ്യ'' എന്ന് നിങ്ങൾ പറയും. 'നിങ്ങൾ പോയേ തീരൂ' എന്നാണ് ദൈവം പറയുന്നത്.

**നിങ്ങളുടെ ''യോർദ്ദാൻ'' തീരത്ത് തനിയെ**

ആർക്കും നിങ്ങൾക്ക് വേണ്ടി ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയാത്ത, നിങ്ങൾക്ക് ഒരു കൂട്ടായ്മയും ഇല്ലാത്ത ഒരുതരം വേർപാടും ഒറ്റപ്പെടലുമാണ് നിങ്ങളുടെ ''യോർദ്ദാനിൽ'' നിങ്ങൾക്കനുഭവപ്പെടുന്നത്. നിങ്ങൾ നിങ്ങളുടെ ഏലിയാവിനോടൊപ്പമായിരുന്നപ്പോൾ പഠിച്ചത് ഇപ്പോൾ നിങ്ങൾക്ക് പരീക്ഷിച്ച് നോക്കേണ്ടി വരും. ഏലിയാവിനോടൊപ്പം നിങ്ങൾ പലവട്ടം യോർദ്ദാൻ തീരത്ത് പോയതാണ്, എന്നാൽ ഇപ്പോൾ നിങ്ങൾ തനിച്ചാണ് യോർദ്ദാനിലെ അനുഭവത്തെ നേരിടുന്നത്. നിങ്ങൾ പോകുകയില്ല എന്നു പറയുന്നതുകൊണ്ടൊരു കാര്യവുമില്ല. ഈ അനുഭവം വന്നിരിക്കുന്നു. നിങ്ങൾ പോയേ തീരൂ. നിങ്ങൾ വിശ്വസിക്കുന്ന ആളാണോ ദൈവം എന്ന് നിങ്ങൾക്ക് സത്യമായും അറിയണമെങ്കിൽ, നിങ്ങളുടെ യോർദ്ദാൻ അനുഭവത്തിലൂടെ തനിയെ കടന്ന് പോയേ തീരൂ.

**നിങ്ങളുടെ യെരീഹോവിൽ തനിച്ച്**

നിങ്ങളുടെ ''ഏലിയാവ്'' വലിയ കാര്യങ്ങൾ ചെയ്യുന്നത് നിങ്ങൾ കണ്ട സ്ഥലമാണ് യെരീഹോ. അവിടെയെത്തുമ്പോൾ കാര്യങ്ങൾ ഏറ്റെടുക്കാനും ദൈവത്തിൽ വിശ്വസിക്കാനും നിങ്ങൾക്ക് വല്ലാത്തൊരു വൈമനസ്യം തോന്നുന്നു. നിങ്ങൾക്ക് വേണ്ടി അത് മറ്റാരെങ്കിലും ഏറ്റെടുക്കണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾ ഏലീയാവിൽ നിന്ന് പഠിച്ചതിനോട് സത്യസന്ധത പുലർത്തുകയാണെങ്കിൽ ദൈവം നിങ്ങളോടു കൂടിയുണ്ടെന്നതിന് നിങ്ങൾക്ക് അടയാളം കിട്ടും.

**ബേഥേലിൽ തനിച്ച്**

നിങ്ങളുടെ ''ബേഥേലിൽ'' നിങ്ങളുടെ സർവബുദ്ധിയുടെയും അവസാനത്തിലും ദൈവത്തിന്റെ ജ്ഞാനത്തിന്റെ ആരംഭത്തിലും നിങ്ങൾ എത്തും. നിങ്ങളുടെ ബുദ്ധിയുടെയും കഴിവിന്റെയും അവസാനത്തിലെത്തുകയും വെപ്രാളപ്പെട്ട് കീഴടങ്ങണമെന്ന തോന്നൽ നിങ്ങൾക്കുണ്ടാകുകയും ചെയ്തേക്കാം. അരുത്, ദൈവത്തോടുള്ള സത്യത്തിൽ നില്ക്കുക. നിങ്ങളുടെ ജീവിതം ഒരു ആരാധനയാകും വിധം ദൈവം തന്റെ സത്യം വെളിപ്പെടുത്തും. നിങ്ങളുടെ ഏലിയാവിനോടൊപ്പം നിങ്ങൾ പഠിച്ചത് ജീവിതത്തിൽ പ്രയോഗിക്കുക. അവന്റെ പുതപ്പ് (2 രാജാക്കന്മാർ 2:13–14) ഉപയോഗിക്കുക, പ്രാർത്ഥിക്കുക. ദൈവത്തിൽ വിശ്വാസമർപ്പിക്കും എന്ന് ദൃഢനിശ്ചയം ചെയ്യുക, പിന്നെയൊരിക്കലും ഏലിയാവിനെ തേടരുത്.

## ആഗസ്റ്റ് 12

# ദൈവാശ്രയത്തിന്റെ വേദശാസ്ത്രം

**''അല്പവിശ്വാസികളേ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്ത്......''? (മത്തായി 8:26).**

നാം ഭയപ്പാടിലാകുമ്പോൾ പ്രാർത്ഥിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ നമുക്ക് സാധിക്കുകയില്ല. എന്നാൽ നമ്മുടെ കർത്താവിന് തന്റെ നാമം എടുക്കുന്നവർ തന്നെ മനസ്സിലാക്കി തന്നിൽ വിശ്വസിക്കണമെന്ന് പ്രതീക്ഷിക്കുവാനുള്ള അവകാശമുണ്ട്. തങ്ങൾ ഏത് പ്രതിസന്ധിയിലായാലും ദൈവം തന്റെ മക്കളെ വിശ്വസ്തരും എല്ലാ പ്രതിസന്ധികളിലും തന്നിൽ പൂർണ്ണമായി ആശ്രയിക്കുന്നവരുമായി കാൺമാൻ ആഗ്രഹിക്കുന്നു.  എന്നാൽ നമ്മുടെ വിശ്വാസം ഒരു പരിധിവരെയേ ഉള്ളൂ. അത് കഴിഞ്ഞാൽ ദൈവത്തെ അറിയാത്തവരുടെ പരിഭ്രാന്തമായ പ്രാർത്ഥനയിലേക്ക് നാം തിരിയുന്നു. അവനിലും ഈ ലോകത്തിന്മേലുള്ള അവന്റെ നിയന്ത്രണത്തിലും അല്പം പോലും വിശ്വാസം നമുക്കില്ലെന്ന് കാണിച്ചുകൊണ്ട് നാം നമ്മുടെ ബുദ്ധിയുടെ അറ്റത്തോളമെത്തുന്നു. കർത്താവ് ഉറങ്ങുകയാണെന്ന് നമുക്കു തോന്നുന്നു; നമ്മുടെ മുന്നിലുള്ള കടലിലുയരുന്ന കൂറ്റൻ തിരമാലകളല്ലാതെ മറ്റൊന്നും കാണാൻ നമുക്ക് കഴിയുന്നില്ല.

''അല്പവിശ്വാസികളേ!'' ഈ സംബോധന കേട്ടപ്പോൾ എത്ര തുളച്ചു കയറുന്നൊരു വേദന ആ ശിഷ്യന്മാർക്കനുഭവപ്പെട്ടിരിക്കും! നമ്മുടെ മുമ്പിൽ എന്ത് തന്നേയായിരുന്നാലും, യേശുവിലുള്ള പൂർണ്ണവിശ്വാസത്തോടെ നാം നിലകൊണ്ടിരുന്നെങ്കിൽ, അവന്റെ ഹൃദയത്തിൽ എത്ര തികഞ്ഞ സന്തോഷം നമുക്കുളവാക്കാമായിരുന്നു എന്നോർക്കുമ്പോൾ നമ്മിലും എത്ര വലിയ വേദനയാണുളവാകുക!

മാനുഷികമായി നാം ഏറ്റവും നന്നായി പ്രവർത്തിക്കുന്നതും കൊടുങ്കാറ്റുകളോ പ്രതിസന്ധികളോ ഒന്നും ഇല്ലാത്തതുമായ ഘട്ടങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. എന്നാൽ ആരെയാണ് നാം ആശ്രയിക്കുന്നതെന്ന് വെളിപ്പെടുക ഒരു പ്രതിസന്ധിയുണ്ടാകുമ്പോളാണ്. ദൈവത്തെ ആരാധിക്കുവാനും വിശ്വസിക്കുവാനും നാം പഠിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, നാം തകർച്ചയുടെ വക്കിലെത്തിയാലും കർത്താവിലുള്ള വിശ്വാസം തകരുകയില്ലെന്ന് ഒരു പ്രതിസന്ധി വെളിപ്പെടുത്തും.

വിശുദ്ധീകരണത്തെക്കുറിച്ച് നാം ഒരുപാട് സംസാരിച്ചു. എന്നാൽ, എന്തായിരിക്കും നമ്മുടെ ജീവിതത്തിൽ അതിന്റെ ഫലം? അത് സമാധാനപൂർവ്വമുള്ള നമ്മുടെ ദൈവാശ്രയത്തിൽ വെളിപ്പെടുന്നു. അതിനർത്ഥം നമ്മുടെ കർത്താവുമായുള്ള നമ്മുടെ ഒന്നാകലാണ്. ഈ ഏകീഭാവം – ഒന്നാകൽ – അവന്റെ മുമ്പിൽ നമ്മെ കുറ്റമറ്റവരാക്കുക മാത്രമല്ല അവനിൽ അഗാധമായൊരു ആനന്ദം ഉളവാക്കുകയും ചെയ്യും.

## ആഗസ്റ്റ് 13

# ആത്മാവിനെ അമർച്ച ചെയ്യരുത്

**''ആത്മാവിനെ കെടുക്കരുത്''** 1 **തെസ്സലോനിക്യർ** 5:19.

ദൈവവുമായി പരിപൂർണ്ണസംസർഗ്ഗത്തിലല്ലെങ്കിൽ കേൾക്കാനാകാത്ത വിധം, ഒരു ഗ്രീഷ്മകാല ഇളംകാറ്റ് പോലെയാണ് പരിശുദ്ധാത്മാവിന്റെ ശബ്ദം. അസാധാരണമാംവിധം സൗമ്യമായാണ് പരിശുദ്ധാത്മാവ് തന്റെ നിയന്ത്രണങ്ങളും താക്കീതുകളുമായി നമ്മുടെ അടുത്തെത്തുന്നത്. അത് തിരിച്ചറിയാൻ മാത്രം ഉണർന്ന മനസ്സ് നിങ്ങൾക്കില്ലെങ്കിൽ, ആത്മാവിന്റെ ശബ്ദത്തെ നിങ്ങൾ അമർച്ച ചെയ്തു കളയും. നിങ്ങളുടെ വ്യക്തിപരമായ ജീവിതം തകരാറിലാകുകയും ചെയ്യും. ഒരു വിശുദ്ധനൊഴികെ മറ്റാരും ശ്രദ്ധിക്കാത്തവിധം ഒരു ചെറുമൃദുസ്വരമായാണ് ആത്മാവിന്റെ നിയന്ത്രണങ്ങൾ വരുന്നത്.

നിങ്ങളുടെ സ്വകാര്യസാക്ഷ്യം പങ്കിടുമ്പോൾ നിങ്ങൾ നിരന്തരം പുറകോട്ട് തിരിഞ്ഞുനോക്കി, വർഷങ്ങൾക്ക് മുമ്പൊരിക്കൽ ഞാൻ രക്ഷിക്കപ്പെട്ടു എന്നു പറയുന്നുണ്ടെങ്കിൽ, അതിനെ സൂക്ഷിച്ച് കൊള്ളുക. നിങ്ങൾ കലപ്പയിൽ കൈവെച്ചെങ്കിൽ, നിങ്ങൾ വെളിച്ചത്തിൽ നടക്കുകയാണെങ്കിൽ പിന്നെ പുറകോട്ട് നോക്കലില്ല. ദൈവവുമായുള്ള ഒന്നാകലിന്റെയും കൂട്ടായ്മയുടെയും ഇപ്പോഴത്തെ അത്ഭുതത്തിലേക്ക് ഭൂതകാലം അരിച്ചിറങ്ങിയിരിക്കുന്നു. ലൂക്കോസ് 9:62 ഉം 1 യോഹന്നാൻ 1:6,7 ഉം കാണുക. വെളിച്ചത്തിൽ നിന്ന് നിങ്ങൾ പുറത്ത് കടന്നാൽ നിങ്ങൾ ഒരു വികാരജീവിയായ ക്രിസ്ത്യാനിയായിത്തീരുകയും നിങ്ങളുടെ ഓർമ്മകളിൽ മാത്രം ജീവിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാക്ഷ്യത്തിനൊരു യാന്ത്രികമുഴക്കമുണ്ടാകുന്നു. നിങ്ങൾ വെളിച്ചത്തിൽ നടന്നപ്പോൾ ഉണ്ടായ ഭൂതകാലാനുഭവങ്ങളുടെ ഓർമ്മയിൽ, വെളിച്ചത്തിൽ നടക്കാനുള്ള ഇപ്പോഴത്തെ വിസമ്മതത്തെ മൂടിവെയ്ക്കുന്നതിനെ സൂക്ഷിച്ചുകൊള്ളുക. ആത്മാവ് നിങ്ങളെ നിയന്ത്രിക്കുമ്പോൾ ഒന്ന് നിന്ന് കാര്യങ്ങൾ നേരെയാക്കുക; അല്ലെങ്കിൽ സ്വയമറിയാതെ നിങ്ങൾ ദൈവത്തെ ദുഃഖിപ്പിച്ചുകൊണ്ടേയിരിക്കും.

ദൈവം നിങ്ങളെ ഒരു പ്രതിസന്ധിയിൽ കൊണ്ടുവരികയും നിങ്ങൾ ഭാഗികമായി അതിലൂടെയൊന്ന് കടന്നുപോകുകയും ചെയ്താൽ അതേ പരിതഃസ്ഥിതികൾ അവൻ വീണ്ടും പടുത്തുയർത്തും. എന്നാൽ ഇത്തവണ അത് നേരത്തെയുണ്ടായ അത്ര തീക്ഷ്ണമായിരിക്കുകയില്ല. നിങ്ങൾക്ക് വിവേചനശക്തി കുറയുകയും അനുസരിക്കാത്തതിൽ അപമാനബോധം കൂടുകയും ചെയ്യും. മറിച്ച് നിങ്ങൾ ആ പ്രതിസന്ധിയിലൂടെ പൂർണ്ണമായി കടന്നുപോകുകയാണെങ്കിൽ, നിങ്ങളുടെ ജീവിതം ദൈവത്തിനുള്ള ഒരു സ്തോത്രഗീതമായിത്തീരും. ദൈവത്തെ സങ്കടപ്പെടുത്തിക്കൊണ്ടേയിരിക്കുന്ന ഒരു കാര്യത്തോട് മാനസികമായി അടുപ്പത്തിലാകരുത്. അതിൽ നിന്ന് നിങ്ങൾക്ക് വിടുതൽ നേടാൻ, അതെന്തുതന്നേയുമാകട്ടെ – അതിനെ മുറിപ്പെടുത്താൻ ദൈവത്തെ അനുവദിക്കുക.

# കർത്താവിന്റെ ശിക്ഷണം

**''മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്. അവൻ ശാസിക്കുമ്പോൾ മുഷിയുകയുമരുത്'' (എബ്രായർ 12:5).**

ആത്മാവിനെ അമർച്ച ചെയ്യാൻ, കെടുത്തിക്കളയാൻ വളരെ എളുപ്പമാണ്. കർത്താവ് ശിക്ഷിക്കുമ്പോൾ അതിൽ നീരസപ്പെടുകയും, തളർന്നുപോകുകയും ചെയ്യുമ്പോൾ നാം ആത്മാവിനെ കെടുത്തിക്കളയുന്നു. വിശുദ്ധീകരണത്തിൽ ആഴമില്ലാത്ത ഒരനുഭവമാണ് നമുക്കുണ്ടായതെങ്കിൽ നാം നിഴലിനെ യാഥാർത്ഥ്യമായിക്കാണുന്നു. ദൈവാത്മാവ് നമ്മെ നിയന്ത്രിച്ച് തുടങ്ങുമ്പോൾ ''ഓ ഇത് പിശാചിൽ നിന്ന് വന്നതായിരിക്കണം'' എന്ന് നാം പറയുകയും ചെയ്യുന്നു.

ഒരിക്കലും ആത്മാവിനെ അമർച്ച ചെയ്യരുത്. ദൈവം നിങ്ങളോട് ഇങ്ങനെ പറയുമ്പോൾ നീരസപ്പെടുകയും ചെയ്യരുത്:– 'ഇക്കാര്യത്തിൽ ഇനി അന്ധനായിരിക്കരുത്. ആത്മീയമായി നീ വിചാരിച്ചിരുന്നിടത്തായിരുന്നില്ല, നീ ഇത്ര നാളും. ഇതുവരെ നിന്നോടിത് വെളിപ്പെടുത്താൻ എനിക്ക് കഴിഞ്ഞിരുന്നില്ല. എന്നാൽ ഞാനിത് നിനക്ക് വെളിപ്പെടുത്തുന്നു'. കർത്താവ് ആ രീതിയിലുള്ള ശിക്ഷണം നിങ്ങൾക്ക് നല്കുമ്പോൾ, ദൈവഹിതം നിങ്ങളിൽ നിവൃത്തിയാകാൻ, ദൈവവുമായി നിങ്ങളെ ശരിയായ ഒരു ബന്ധത്തിലാക്കുവാൻ കർത്താവിനെ അനുവദിക്കുക.

അവൻ ശിക്ഷിക്കുമ്പോൾ മുഷികയുമരുത്. ദൈവം ശിക്ഷിക്കുമ്പോൾ നാം ചുണ്ട് പിളർത്തുകയും ദൈവത്തോട് മുഷിയുകയും ചെയ്യുന്നു. ''വയ്യെനിക്ക്! ഞാൻ പ്രാർത്ഥിച്ചു എന്നാൽ ഒന്നും ശരിയായില്ല. അതുകൊണ്ട് ഞാനെല്ലാം ഉപേക്ഷിക്കാൻ പോകുന്നു'' എന്ന് നാം പറയും. നമ്മുടെ ജീവിതത്തിന്റെ മറ്റേതെങ്കിലും മേഖലകളിൽ നാം ഇതുപോലെ പ്രവർത്തിച്ചാൽ എന്ത് സംഭവിക്കും എന്നൊന്ന് ചിന്തിച്ചു നോക്കുക.

ദൈവം തന്റെ ശക്തിയാൽ എന്നെ പിടിക്കാനും ദൈവത്തിന് യോഗ്യമായ ഒരു കാര്യം എന്നിൽ നിവർത്തിക്കാനും ദൈവത്തെ അനുവദിക്കാൻ ഞാൻ തയ്യാറാണോ? ദൈവം എനിക്കായി ചെയ്യണമെന്ന് ഞാനാഗ്രഹിക്കുന്നതിനെക്കുറിച്ചുള്ള എന്റെ ആശയം, വിശുദ്ധീകരണമല്ല. ദൈവം എനിക്കായി ചെയ്യാൻ ആഗ്രഹിക്കുന്നതിനെക്കുറിച്ചുള്ള ദൈവത്തിന്റെ ആശയമാണ്, വിശുദ്ധീകരണം. എന്ത് വിലകൊടുത്തും, എന്നെ പൂർണ്ണമായും വിശുദ്ധീകരിക്കാൻ സ്വയം വിട്ടുകൊടുക്കണം. അതിനുള്ള സന്നദ്ധത ദൈവം എന്റെ ആത്മാവിലും മനസ്സിലും തീർച്ചയായും നല്കും.

## ആഗസ്റ്റ് 15

# പുതുജനനത്തിന്റെ അടയാളങ്ങൾ

**''നിങ്ങൾ പുതുതായി ജനിക്കണം ........'' (യോഹന്നാൻ 3:7).**

പ്രായമായ ഒരാളിന് എങ്ങനെയാണ് വീണ്ടും ജനിക്കാൻ കഴിയുക എന്ന ചോദ്യത്തിന്റെ ഉത്തരം ഇതാണ്: തന്റെ ജീവിതത്തിലുള്ള സർവ്വതിലും – തന്റെ അവകാശങ്ങളിൽ, നന്മകളിൽ, മതത്തിൽ – അതുവരെ താനനുഭവിച്ചിട്ടില്ലാത്തൊരു പുതുജീവൻ (യോഹന്നാൻ 1:12) സ്വീകരിക്കാൻ തയ്യാറാകുമ്പോഴാണ് ഒരാൾ വീണ്ടും ജനിക്കുന്നത്. നമ്മുടെ ബോധപൂർവ്വമായ പശ്ചാത്താപത്തിലും അബോധപൂർവ്വമായ വിശുദ്ധിയിലുമാണ് ഈ പുതുജീവൻ സ്വയം വെളിപ്പെടുത്തുന്നത്.

''അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ......'' യോഹന്നാൻ 1:12.

യേശുവിനെക്കുറിച്ച് എനിക്കുള്ള അറിവ് എന്റെ ഉള്ളിന്റെയുള്ളിലെ ആത്മീയാവബോധത്തിൽ നിന്നുളവായതാണോ? അതോ മറ്റുള്ളവർ പറയുന്നത് ശ്രദ്ധിച്ച് കേട്ടതിൽ നിന്നുളവായതാണോ? എന്റെ സ്വന്തരക്ഷകനായി കർത്താവുമായി എന്നെ ബന്ധിപ്പിക്കുന്ന എന്തെങ്കിലും എന്റെ ജീവിതത്തിലുണ്ടോ? എന്റെ ആത്മീയ ചരിത്രത്തിന് യേശുക്രിസ്തുവുമായി എന്നെ ബന്ധിപ്പിക്കുന്ന ഒരു അടിസ്ഥാനമുണ്ടായിരിക്കണം. വീണ്ടും ജനിക്കുക എന്ന് പറഞ്ഞാൽ ഞാൻ യേശുവിനെ കാണുന്നു എന്നാണ് അർത്ഥം.

പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണാൻ ആർക്കും കഴിയുകയില്ല (യോഹന്നാൻ 3:3) ഞാൻ ദൈവരാജ്യത്തിന്റെ അടയാളങ്ങൾ തേടുകയാണോ? അതോ ദൈവത്തിന്റെ സമ്പൂർണ്ണപരമാധികാരമാണോ ഞാൻ കാണുന്ന പുതുജനനം? ഒരു പുതിയ ദർശനശക്തി നല്കുകയും അതിനാൽ ഞാൻ ദൈവത്തിന്റെ നിയന്ത്രണശക്തി മനസ്സിലാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പരമാധികാരം, നിയന്ത്രണം എന്നുമുണ്ടായിരുന്നു. എന്നാൽ ദൈവം തന്റെ പ്രകൃതത്തോട് സത്യം പുലർത്തുന്നതിനാൽ, ഞാൻ ദൈവപ്രകൃതം സ്വീകരിക്കുന്നതുവരെ എനിക്കത് കാണാൻ കഴിഞ്ഞില്ല.

''ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല'' (1 യോഹന്നാൻ 3:9)

പാപം ചെയ്യുന്നത് നിർത്താൻ ഞാൻ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയാണോ അതോ ഞാൻ പാപം ചെയ്യൽ നിർത്തിയോ? ദൈവത്തിൽ നിന്ന് ജനിക്കുക എന്നതിനർത്ഥം പാപം ചെയ്യുന്നത് നിർത്താനുള്ള ദൈവത്തിന്റെ അതിമാനുഷശക്തി എനിക്കുണ്ടെന്നാണ്. ഒരു ക്രിസ്ത്യാനി പാപം ചെയ്യുമോ എന്നല്ല ഒരു ക്രിസ്ത്യാനി ഒരിക്കലും പാപം ചെയ്യരുത് എന്നാണ് വേദപുസ്തകം തറപ്പിച്ച് പറയുന്നത്. പാപം ചെയ്യാതിരിക്കാനുള്ള ശക്തി നമുക്കുണ്ട് എന്നതല്ല, നാം പാപം ചെയ്യൽ നിർത്തിയിരിക്കുന്നു, നാം പാപം ചെയ്യുന്നില്ല എന്നതാണ് പുതുജീവന്റെ ഫലപ്രദമായ പ്രവർത്തനം. ദൈവത്തിൽ നിന്ന് ജനിച്ചവർ പാപം ചെയ്യുന്നില്ല എന്നതിനർത്ഥം നമുക്ക് പാപം ചെയ്യാൻ കഴിയുകയില്ല എന്നല്ല. നമ്മിലെ ദൈവജീവിതത്തെ അനുസരിക്കുകയാണെങ്കിൽ, നമുക്ക് പാപം ചെയ്യേണ്ട കാര്യമില്ല എന്നാണിതിനർത്ഥം.

## ആഗസ്റ്റ് 16

# അവൻ എന്നെ അറിയുമോ?

**''തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ച് പുറത്ത് കൊണ്ടുപോകുന്നു'' (യോഹന്നാൻ 10:3).**

എപ്പോഴാണ് ഞാനവനെ സങ്കടകരമാംവിധം മനസ്സിലാക്കാതെ പോയത്? (യോഹന്നാൻ 20:11–17 വായിക്കുക) തത്ത്വസംഹിതകളെക്കുറിച്ച് പൂർണ്ണമായി അറിയുകയും എന്നാൽ യേശുവിനെ അറിയാതിരിക്കുകയും ചെയ്യാൻ സാദ്ധ്യമാണോ? തത്ത്വശാസ്ത്രത്തെക്കുറിച്ചുള്ള അറിവ് യേശുവുമായുള്ള ഗാഢസമ്പർക്കത്തെ മറികടക്കുമ്പോൾ ആത്മാവ് അപകടത്തിലാകുന്നു. എന്തിനായിരുന്നു മേരി കരഞ്ഞുകൊണ്ടിരുന്നത്? തന്റെ കാൽച്ചുവട്ടിലെ പുല്ലിനെക്കാൾ അധികമായിരുന്നില്ല മേരിക്ക് തത്ത്വശാസ്ത്രം. തത്ത്വശാസ്ത്രത്തിന്റെ കാര്യത്തിൽ ഏത് പരീശനും മേരിയെ വിഡ്ഢിയാക്കാമായിരുന്നു. എന്നാൽ അവർക്കവളിൽ നിന്ന് പുറത്താക്കാനാവാത്ത ഒരു വസ്തുതയുണ്ടായിരുന്നു: യേശു അവളിൽ നിന്ന് ഏഴ് ഭൂതങ്ങളെ പുറത്താക്കി എന്ന വസ്തുത. യേശുവിനെത്തന്നേ അറിഞ്ഞു എന്നതുമായി താരതമ്യം ചെയ്യുമ്പോൾ ആ അനുഗ്രഹങ്ങൾ ഒന്നുമല്ലായിരുന്നു. അവൾ തിരിഞ്ഞ് യേശു അവിടെ നില്ക്കുന്നതു കണ്ടിട്ടും അത് യേശുവാണെന്ന് അവളറിഞ്ഞില്ല. അവൻ അവളെ പേരെടുത്തു വിളിച്ചപ്പോൾ ആ ആളുമായി തനിക്കൊരു വ്യക്തിപരമായ ചരിത്രമുണ്ട് എന്നവൾ അറിഞ്ഞു. അവൾ തിരിഞ്ഞ് എബ്രായഭാഷയിൽ 'റബ്ബൂനി' എന്ന് പറഞ്ഞു.

എപ്പോഴാണ് ഞാൻ യേശുവിനെ ശാഠ്യബുദ്ധിയോടെ സംശയിച്ചത്? യോഹന്നാൻ 20:24–29 വായിക്കുക. യേശുവിനെക്കുറിച്ച് ഞാനെന്തെങ്കിലും സംശയിക്കുകയായിരുന്നോ? മറ്റുള്ളവർ സാക്ഷ്യപ്പെടുത്തുന്നുവെങ്കിലും ഞാനിത് വരെ അനുഭവിച്ചിട്ടില്ലാത്ത ഒരു കാര്യത്തെക്കുറിച്ചുള്ള സംശയം? ''ഞങ്ങൾ കർത്താവിനെ കണ്ടു'' എന്ന് മറ്റു ശിഷ്യന്മാർ തോമസിനോട് പറഞ്ഞുവെങ്കിലും ഞാൻ കാണാതെ വിശ്വസിക്കുകയില്ല എന്ന് പറഞ്ഞ് തോമസ് സംശയിച്ചു. എന്ന് എപ്പോൾ എങ്ങനെ യേശു നമ്മെ സ്പർശിക്കും എന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ ആ സ്പർശം നമ്മിൽ വരുമ്പോൾ അത് വിവരിക്കാനാകാത്തവിധം വിലപ്പെട്ടതാണ്. ''എന്റെ കർത്താവും എന്റെ ദൈവവുമേ!''

എപ്പോഴാണ് ഞാനവനെ സ്വാർത്ഥതയോടെ തള്ളിപ്പറഞ്ഞത്? (യോഹന്നാൻ 21:15–17 വായിക്കുക). ശാപവാക്കുകളും പ്രാക്കുകളുമായി പത്രൊസ് ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു. എന്നാൽ പുനരുത്ഥാനത്തിന് ശേഷം കർത്താവ് പത്രൊസിന്റെ അടുത്ത് മാത്രം തനിച്ച് പ്രത്യക്ഷപ്പെട്ടു. സ്വകാര്യതയിൽ പത്രൊസിനെ വീണ്ടെടുത്തു; പിന്നെ മറ്റുള്ളവരുടെ മുന്നിലും കുറ്റവിമുക്തനാക്കി പത്രൊസിനെ പുനഃസ്ഥാപിച്ചു. ''എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ'' എന്ന് പത്രൊസ് കർത്താവിനോട് പറഞ്ഞു.

എനിക്ക് യേശുക്രിസ്തുവുമായി ഒരു വ്യക്തിപരമായ ചരിത്രമുണ്ടോ? ശിഷ്യത്വത്തിന്റെ ഒരു ലക്ഷണം, യേശുക്രിസ്തുവിനെക്കുറിച്ച് യാതൊന്നിനും കുലുക്കാനാവാത്ത ഒരറിവ്, അവനുമായുള്ള ഗാഢബന്ധം ഉണ്ടായിരിക്കുക എന്നതാണ്.

## ആഗസ്റ്റ് 17

# നിങ്ങൾ സമർപ്പിതനോ മനസ്സ് മടുത്തവനോ?

**''ഇനി ഒരു കുറവ് നിനക്കുണ്ട്; നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് പകുത്തുകൊടുക്ക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്ക.......'' (ലൂക്കോസ് 18:22, 23).**

ആ ചെറുപ്പക്കാരൻ ധനവാനായിരുന്നതുകൊണ്ട് യേശു പറഞ്ഞത് കേട്ടിട്ട് ദുഃഖിതനായിത്തീർന്നു. യേശു നിങ്ങളോട് വളരെ പ്രയാസമുള്ള ഒരു കാര്യം പറഞ്ഞ് നിങ്ങൾ കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ യേശു പറഞ്ഞതെന്തെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. യേശു പറയുന്ന ഒരുപാട് കാര്യങ്ങൾ നാം ശ്രദ്ധിക്കുന്നു എങ്കിലും നാം വാസ്തവത്തിൽ കേൾക്കുന്നില്ല. കേൾക്കുമ്പോഴോ, അവന്റെ വാക്കുകൾ അമ്പരപ്പിക്കും വിധം പരുക്കനാണ്.

താൻ പറഞ്ഞത് ധനവാനായ ഈ ചെറുപ്പക്കാരൻ കേൾക്കണമെന്ന് യേശുവിന് ഒരു താല്പര്യവും ഇല്ലായിരുന്നു. ഈ മനുഷ്യനെ തന്നോടൊപ്പം നിർത്താനും യേശു ശ്രമിച്ചില്ല. നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുപ്പിൻ. പിന്നെ എന്നെ അനുഗമിക്ക എന്ന് മാത്രമാണവൻ പറഞ്ഞത്. യേശു ഒരിക്കലും കെഞ്ചിയപേക്ഷിക്കുകയോ, മുഖസ്തുതി പറഞ്ഞ് വശത്താക്കുകയോ, വശീകരിക്കുകയോ ചെയ്തില്ല. മനുഷ്യകർണ്ണങ്ങൾ കേട്ടിട്ടുള്ളതിൽ വെച്ചേറ്റവും പരുഷവാക്കുകളാണ് യേശു പറഞ്ഞത്; പറഞ്ഞശേഷം ആ ചെറുപ്പക്കാരനെ അയാളുടെ പാട്ടിന് വിടുകയും ചെയ്തു.

യേശു എന്നെങ്കിലും എന്നോട് കഠിനമായി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? അവൻ പറഞ്ഞ എന്തെങ്കിലും കാര്യം അവധാനതയോടെ ഞാൻ കേട്ടിട്ടുണ്ടോ? എനിക്ക് വിശദീകരികരിക്കാനും അതുമിതും പറയാനുമുള്ള കാര്യമല്ല, എന്നോട് നേരിട്ട് യേശു പറഞ്ഞ ഒരു കാര്യം ഞാൻ കേട്ടിട്ടുണ്ടോ? യേശു പറഞ്ഞ കാര്യം ഈ മനുഷ്യന് മനസ്സിലായി. യേശു പറഞ്ഞത് അയാൾ വ്യക്തമായി കേൾക്കുകയും മനസ്സിലാക്കുകയും അതിന്റെ ഫലമായി അവന്റെ മനസ്സു മുറിപ്പെടുകയും ചെയ്തു. നിന്ദിച്ചുകൊണ്ടോ, ധിക്കരിച്ചുകൊണ്ടോ അല്ല അയാൾ മടങ്ങിപ്പോയത്. ദുഃഖിതനായി മനസ്സ് കെട്ട്, നിരുത്സാഹിതനായിട്ടാണ് അയാൾ പോയത്. ആത്മാർത്ഥമായ ആഗ്രഹത്തിന്റെ അഗ്നിയുമായിട്ടാണ് അയാൾ വരുന്നത്; യേശുവിന്റെ വാക്കുകൾ അയാളുടെ മനസ്സിനെ മരവിപ്പിച്ചു. ഉത്സാഹനിർഭരമായ സമർപ്പണത്തിന് പകരം ആ വാക്കുകൾ ഹൃദയം നുറുക്കുന്ന നിരുത്സാഹമാണുളവാക്കിയത്. യേശു അയാളുടെ പിന്നാലെ ചെന്നതുമില്ല. ഒരിക്കൽ തന്റെ വാക്ക് കേൾക്കപ്പെടുകയാണെങ്കിൽ, ഇപ്പോഴല്ലെങ്കിൽ പിന്നെ അതിന് ഫലമുണ്ടാകും എന്ന് യേശുവിനറിയാമായിരുന്നു. നമ്മിൽച്ചിലർ അത് നമ്മുടെ യഥാർത്ഥജീവിതത്തിൽ ഫലപ്രദമാകുന്നത് തടയുന്നു എന്നതാണ് ഭയങ്കരകാര്യം. ഈ ഒരു കാര്യത്തിൽ അവന് സമർപ്പിതരാകാൻ നിശ്ചയിക്കുമ്പോൾ നാം എന്ത് പറയുമെന്നാണ് ഞാൻ ശങ്കിക്കുന്നത്. ഒരു കാര്യം ഉറപ്പ് – യേശു ഒരിക്കലും നമ്മുടെ കഴിഞ്ഞകാല പരാജയങ്ങൾ നമ്മുടെ മുഖത്തേയ്ക്കെറിയുകയില്ല.

# നിങ്ങൾ എന്നെങ്കിലും ദുഃഖത്താൽ സ്തബ്ധരായിട്ടുണ്ടോ?

**''അവൻ എത്രയും ധനവാനാകകൊണ്ട് ഇത് കേട്ടിട്ട് അതിദുഃഖിതനായി ത്തീർന്നു''. ലൂക്കോസ് 18:23.**

ദുഃഖംകൊണ്ട് ഒന്നും പറയാനാകാതെ ധനവാനായ ആ ചെറുപ്പക്കാരൻ മടങ്ങിപ്പോയി. അയാൾക്ക് ഒരു വാക്കുപോലും പറയാനുണ്ടായിരുന്നില്ല. യേശു പറഞ്ഞതിനെക്കുറിച്ച് സംശയമോ അതിന്റെ അർത്ഥത്തെക്കുറിച്ച് തർക്കമോ ഉണ്ടായിരുന്നില്ല. ഒരു വാക്കുപോലും പറയാനാകാത്ത ദുഃഖമാണ് അയാളിലുണ്ടായത്. നിങ്ങൾ എന്നെങ്കിലും അവിടെ – ആ മനുഷ്യന്റെ അവസ്ഥയിൽ – എത്തിയിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന് സമർപ്പിക്കേണ്ട ഒരു മേഖല ചൂണ്ടിക്കാണിക്കുന്ന ഒരു വാക്ക് എന്നെങ്കിലും ദൈവത്തിൽ നിന്ന് നിങ്ങളിലേക്ക് എത്തിയിട്ടുണ്ടോ – നിങ്ങളുടെ ചില നന്മകൾ, ആഗ്രഹങ്ങൾ, താൽപര്യങ്ങൾ, ബന്ധങ്ങൾ ഇതിലേതെങ്കിലും ഒന്ന് ദൈവത്തിന് സമർപ്പിക്കണമെന്നൊരു വാക്ക്? എങ്കിൽ ദുഃഖം കൊണ്ട് നിങ്ങൾക്കൊന്നും പറയാൻ കഴിയാതെയായിട്ടുണ്ടോ? ദൈവം നിങ്ങളുടെ പിന്നാലെ വരുകയോ നിങ്ങളോട് അപേക്ഷിക്കുകയോ ചെയ്യുകയില്ല. പക്ഷെ ഈ പറഞ്ഞ കാര്യങ്ങളിൽ ദൈവം നിങ്ങളെ അഭിമുഖീകരിക്കുകയാണെങ്കിൽ അവൻ ഇതേ വാചകം ആവർത്തിക്കും – ''നിങ്ങൾ ആത്മാർത്ഥതയോടെയാണ് പറയുന്നതെങ്കിൽ ഇവയാണ് വ്യവസ്ഥകൾ''.

''നിനക്കുള്ളതെല്ലാം വില്ക്കുക''. നിങ്ങൾ ബോധമുള്ള വെറുമൊരു മനുഷ്യൻ മാത്രമായി ദൈവമുമ്പാകെ നില്ക്കും വിധം, സ്വന്തമായി കരുതുന്ന സർവ്വതിനെയും ഉപേക്ഷിക്കുക, എന്നിട്ട് ആ സ്വയബോധവും ദൈവത്തിന് കൊടുക്കുക. അവിടെയാണ് ദൈവമുമ്പാകെ നിങ്ങളുടെ ഹിതത്തിന്റെ തലത്തിൽ യുദ്ധം നടക്കുക. യേശുവിലാണോ നിങ്ങളുടെ താൽപര്യം? അതോ വിട്ടുകളയാൻ അവൻ പറയുന്ന കാര്യത്തിലോ? ആണെങ്കിൽ നിങ്ങളിൽ ദുഃഖമുളവാക്കുന്ന യേശുവിന്റെ കർക്കശവാക്കുകൾ നിങ്ങൾ കേൾക്കാനിടയാകും. യേശു പറയുന്നത് പ്രയാസമുള്ള കാര്യങ്ങളാണ്. അവനിലുള്ള അതേ ഭാവം നിങ്ങളിൽ വരുമ്പോഴേ അവ നിങ്ങൾക്ക് എളുപ്പമാകൂ. യേശുക്രിസ്തുവിന്റെ ഒരു കർക്കശവാക്കിനെ മൃദുവാക്കുന്ന എന്തിനെയും സൂക്ഷിച്ചുകൊൾക.

## ആഗസ്റ്റ് 19

# സ്വയബോധം

**''.................... എന്റെ അടുക്കൽ വരുവിൻ'' മത്തായി 11:28.**

യേശുക്രിസ്തുവിൽ സമ്പൂർണ്ണമായൊരു ജീവിതം നാം ജീവിക്കണമെന്നാണ് ദൈവം ഉദ്ദേശിക്കുന്നത്. എന്നാൽ ആ ജീവിതം പുറത്ത് നിന്ന് ആക്രമിക്കപ്പെടുന്ന ചില സമയങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാറുണ്ട്. അപ്പോൾ സ്വയബോധത്തിലേയ്ക്കു മടങ്ങുന്നു. ദൈവത്തിലുള്ള ജീവിതത്തിന്റെ പരിപൂർണ്ണതയെ തകിടം മറിക്കുന്ന ഒരു കാര്യം നമുക്ക് നമ്മെക്കുറിച്ചുള്ള അതിരുകവിഞ്ഞ അവബോധമാണ്. ഇതാകട്ടെ നമ്മുടെ ജീവിതത്തിൽ നിരന്തരമായൊരു സംഘർഷം സൃഷ്ടിക്കുന്നു. ഈ ആത്മാവബോധം അതിൽത്തന്നേ പാപമല്ല. എന്നാൽ പിടിവിട്ട, സ്വയകേന്ദ്രിതമായ മനസ്സ് നമ്മെ കർത്താവിൽ നിന്ന് അകറ്റിക്കളയാൻ ഇടയാകരുത്. എന്നാൽ നാം അവനിൽ പാടെ പരിപൂർണ്ണരായിരിക്കണം എന്നതിൽക്കുറഞ്ഞൊന്നും ദൈവം ആഗ്രഹിക്കുന്നില്ല. അവനിലുള്ള നമ്മുടെ വിശ്രമത്തെ ശല്യപ്പെടുത്തുന്ന എന്തിനും അപ്പോൾത്തന്നേ പരിഹാരം കാണണം. അത് അക്കാര്യത്തെ അവഗണിച്ചുകൊണ്ടല്ല, യേശുവിലേക്ക് വന്നുകൊണ്ട് പരിഹരിക്കണം. നാം അവനിലേക്ക് വരുകയും നമ്മിൽ ക്രിസ്തുബോധം ഉളവാക്കാൻ ആവശ്യപ്പെടുകയും ചെയ്താൽ അവനത് ചെയ്യുകയും നാം അവനിൽ വസിക്കാൻ പഠിക്കുകയും ചെയ്യും.

യേശുവുമൊത്തുള്ള നിങ്ങളുടെ ജീവിതത്തിന്റെ ഏകത്വത്തെ നശിപ്പിക്കുന്ന യാതൊന്നും നിങ്ങളുടെ ജീവിതത്തിൽ നിലനില്ക്കാൻ സമ്മതിക്കരുത്. സുഹൃത്തുക്കളുടെയോ ജീവിതപരിഃതസ്ഥിതികളുടെയോ സ്വാധീനം നിങ്ങളുടെ ജീവിതത്തെ വിഭജിക്കാൻ ഒരിക്കലും അനുവദിക്കരുത്. ദൈവവുമായുള്ള നിങ്ങളുടെ ഏകത്വത്തെ അറുത്ത് മാറ്റുന്ന സർവ്വതിനെയും സൂക്ഷിച്ചു കൊൾക. ആത്മീയമായി ശരിയായിരിക്കുന്നു എന്നതിനെക്കാൾ പ്രധാനപ്പെട്ട മറ്റൊരു കാര്യവുമില്ല. അതിനുള്ള ഒരേയൊരു പരിഹാരം ലളിതമാണ്. 'എന്റെ അടുക്കൽ വരുവിൻ'. ഈ വാക്കുകൾ നമ്മുടെ ബുദ്ധിപരവും ധാർമ്മികവും, ആത്മീയവുമായ യാഥാർത്ഥ്യത്തിന്റെ ആഴം അളക്കുകയും പരീക്ഷിക്കുകയും ചെയ്യുന്നു. ജീവിതത്തിലെ ഏത് വിശദാംശങ്ങളിലാണോ നാം സത്യസന്ധരല്ലാത്തത്, അവയുമായി യേശുവിന്റെ അടുക്കൽ വരുന്നതിനേക്കാൾ തർക്കം നടത്താനാണ് നമുക്കിഷ്ടം.

## ആഗസ്റ്റ് 20

# ക്രിസ്തുബോധം

**''ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും'' (മത്തായി 11:28).**

യേശുക്രിസ്തുവുമൊത്തുള്ള നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും ശിഥിലീകരണം തുടങ്ങുമ്പോൾ, നിങ്ങളെ ആശ്വസിപ്പിക്കാൻ, നിങ്ങളെ സ്വസ്ഥനാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് യേശുവിലേക്ക് തിരിയുക. നിങ്ങളെ അസ്വസ്ഥനാക്കുന്ന യാതൊന്നും നിങ്ങളുടെ ജീവിതത്തിൽ ബാക്കിയാകാൻ അനുവദിക്കരുത്. നിങ്ങളുടെ ജീവിതത്തെ താറുമാറാക്കുന്ന എല്ലാ ഘടകത്തെയും, ചെറുക്കാനുള്ളതായി കരുതി അതിനെക്കുറിച്ച് വിശദമായി ചിന്തിക്കുക. ''കർത്താവേ, നിന്നെക്കുറിച്ചുള്ള നിരന്തരമായ അവബോധം എന്നിലുളവാക്കണേ'', എന്ന് പ്രാർത്ഥിക്കുക; അപ്പോൾ നിങ്ങളുടെ സ്വയബോധം പൊയ്ക്കൊള്ളും. പിന്നെ സർവതിനും അധികാരി യേശു ആയിരിക്കും. നിങ്ങളുടെ സ്വയബോധം തുടരാനനുവദിക്കരുത്. സൂക്ഷിച്ചുകൊൾക; കാരണം അത് സാവധാനം നിങ്ങളിൽ ആത്മാനുകമ്പ ഉണർത്തും; ആത്മാനുകമ്പയാകട്ടെ പിശാചിൽ നിന്നും വരുന്നതത്രേ. ''അവരെന്നെ മനസ്സിലാക്കിയില്ല; എന്നോടവർ ക്ഷമാപണം നടത്തേണ്ട ഒരു കാര്യമാണിത്; ഇക്കാര്യം അവരുമായി സംസാരിച്ച് വ്യക്തമാക്കേണ്ടതാണ്'', എന്നിങ്ങനെയൊന്നും നിങ്ങൾ പറയരുത്. മറ്റുള്ളവരെ വെറുതെ വിടുക; കർത്താവിനോട് നിങ്ങൾക്ക് ''ക്രിസ്തുബോധം'' തരാൻ ആവശ്യപ്പെടുക; അവനിലെ നിങ്ങളുടെ പൂർണ്ണത പൂർണ്ണതയാകുവോളം അവൻ നിങ്ങളെ നേരെയാക്കും.

ഒരു കുട്ടിയുടെ ജീവിതമാണ് പൂർണ്ണജീവിതം. ക്രിസ്തുവിനെക്കുറിച്ചുള്ള എന്റെ അവബോധത്തെക്കുറിച്ച് ഞാൻ പൂർണ്ണബോധവാനാണെങ്കിൽ (ബോധവതിയാണെങ്കിൽ) എവിടെയോ തകരാറുണ്ട്. രോഗമുള്ളവനേ ആരോഗ്യമെന്തെന്ന് അറിയൂ. ഒരു ദൈവപൈതൽ ദൈവഹിതത്തെക്കുറിച്ച് ബോധവാനല്ല; കാരണം അവൻ തന്നേ ദൈവഹിതമാകുന്നു. ദൈവഹിതത്തിൽ നിന്ന് നാം അല്പമെങ്കിലും മാറിപ്പോകുമ്പോൾ എന്താണ് നിന്റെ ഹിതം എന്ന് നാം ചോദിച്ച് തുടങ്ങുന്നു. ദൈവം പ്രാർത്ഥനയ്ക്കുത്തരം നല്കുന്നു എന്ന് ബോധവാനാകാനല്ല (ബോധവതിയാകാനല്ല) ഒരു ദൈവപൈതൽ പ്രാർത്ഥിക്കുന്നത്. ദൈവം എപ്പോഴും പ്രാർത്ഥനയ്ക്കുത്തരം നല്കുന്നു എന്ന ഉറപ്പിൽ ദൈവത്തിന്റെ മക്കൾ സ്വസ്ഥത അനുഭവിക്കുന്നു.

എന്തെങ്കിലും സാധാരണ മാർഗത്തിലൂടെ നാം നമ്മുടെ സ്വയബോധത്തെ അതിജീവിക്കാൻ ശ്രമിച്ചാൽ അത് വളരെയധികം വളരുന്നു. എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും, അതായത് ആത്മാവബോധത്തിന്റെ സ്ഥാനം ക്രിസ്തുവിനെക്കുറിച്ചുള്ള ബോധം ഏറ്റെടുക്കും. യേശു എവിടെയൊക്കെ വരുന്നുവോ, അവിടെയെല്ലാം അവൻ സ്വസ്ഥതയുളവാക്കുന്നു – നമ്മുടെ ജീവിതത്തിലെ പ്രവൃത്തിയുടെ പൂർണ്ണതയിലുള്ള സ്വസ്ഥത : അത് ഒരിക്കലും സ്വയം അതേക്കുറിച്ച് അറിയുന്നുമില്ല.

# ശ്രദ്ധിക്കപ്പെടാത്തവരുടെ ശുശ്രൂഷ

**''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്'' (മത്തായി 5:3).**

നമ്മുടെ നിലവാരത്തിൽ ശ്രദ്ധ അർഹിക്കാത്ത കാര്യങ്ങൾ 'പുതിയനിയമം' ശ്രദ്ധിക്കുന്നു. ''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ'' ഇതിന്റെ അക്ഷരാർത്ഥം പാടേ പാപ്പരായവർ എന്നാണ്. അവരാകട്ടെ എത്ര സാധാരണം! ഇക്കാലഘട്ടത്തിലെ സുവിശേഷപ്രസംഗങ്ങൾ ഇഛാശക്തിയെ സ്വഭാവഭംഗിയെ – ശ്രദ്ധിക്കപ്പെടുന്ന കാര്യങ്ങളെ–ഊന്നിപ്പറയുന്നു. 'യേശുക്രിസ്തുവിന് വേണ്ടി ഒരു തീരുമാനം എടുക്കുക' എന്ന് ഇന്ന് നാം ധാരാളമായി കേൾക്കുന്ന ഈ വാചകത്തെ നമ്മുടെ കർത്താവ് ഒരിക്കലും വിശ്വസിച്ചില്ല. തനിക്ക് വേണ്ടി തീരുമാനമെടുക്കാൻ കർത്താവ് ഒരിക്കലും നമ്മോടാവശ്യപ്പെടുന്നില്ല. എന്നാൽ അവന് കീഴടങ്ങുക എന്നത് തികച്ചും വ്യത്യസ്തമായൊരു കാര്യമാണ്. യേശുവിന്റെ രാജ്യത്തിന്റെ അടിസ്ഥാനത്തിൽ സാധാരണക്കാരായവരുടെ യഥാർത്ഥ സൗന്ദര്യമുണ്ട്. എന്റെ ദാരിദ്ര്യത്തിൽ ഞാൻ സത്യമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. എനിക്ക് ഇച്ഛാശക്തിയോ, യോഗ്യതയോ മികവോ ഇല്ലാത്ത പ്രകൃതം ഉണ്ടെങ്കിൽ ''നീ ഭാഗ്യവാൻ'' എന്ന് യേശു എന്നോട് പറയും, കാരണം ഈ ദാരിദ്ര്യത്തിലൂടെയാണ് ഞാൻ അവന്റെ രാജ്യത്ത് പ്രവേശിക്കുന്നത്. നല്ലൊരു പുരുഷനോ സ്ത്രീയോ ആയി എനിക്കവന്റെ രാജ്യത്ത് പ്രവേശിക്കാൻ കഴിയുകയില്ല. പാടേ പാപ്പരായ ഒരുവനായേ എനിക്കവിടെ പ്രവേശിക്കാൻ കഴിയൂ.

ദൈവസ്നേഹം അനുഭവിച്ചറിഞ്ഞ ആൾ അതു ഹൃദ്യമായി വിവരിക്കുന്നു. അയാൾ തന്നെക്കുറിച്ചുതന്നേ ബോധവാനല്ല എന്നത് ആ വിവരണത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു. ബോധപൂർവ്വമുള്ള സ്വാധീനിക്കൽ അഹങ്കാരപൂർണ്ണവും അക്രൈസ്തവവുമാണ്. എന്നെക്കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ എന്ന് ഞാൻ ശങ്കിക്കുന്നു എന്ന് പറഞ്ഞാൽ കർത്തൃസ്പർശത്തിന്റെ ഭംഗി എനിക്ക് ഉടനടി നഷ്ടപ്പെടുന്നു. ''എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് ......... ജീവജലത്തിന്റെ നദികൾ ഒഴുകും ......'' ആ ഒഴുക്ക് ഞാൻ പരിശോധിക്കാൻ തുടങ്ങിയാൽ കർത്തൃസ്പർശം എനിക്ക് നഷ്ടപ്പെടുന്നു.

നമ്മെ ഏറെ സ്വാധീനിച്ചവർ എന്നു അവകാശപ്പെടുന്നവരല്ല അങ്ങനെ ചിന്തിക്കാത്ത മറ്റുചിലരാണ് നമ്മുടെ മേൽ ശരിയായ സ്വാധീനം ചെലുത്തിയവർ. സാധാരണ സാഹചര്യങ്ങളിൽ യേശുവിന്റെ കരങ്ങൾ നമ്മെ സ്പർശിക്കുന്നു, നമ്മിൽ നവോന്മേഷം നിറയുന്നു; അതിനു ഉപകരണങ്ങളായവരോ അതറിയുന്നതുമില്ല.

## ആഗസ്റ്റ് 22

# ഞാൻ നിങ്ങളെ ................. എന്നാൽ അവൻ

**''ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളൂ. എന്റെ പിന്നാലെ വരുന്നവനോ ......... അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും'' (മത്തായി 3:11).**

''ഞാൻ നിങ്ങളെ ............... എന്നാൽ അവൻ'' എന്ന് പറയുന്ന ഒരിടംവരെ എന്റെ അനുഭവത്തിൽ ഞാനെത്തിയിട്ടുണ്ടോ? ആ ഒരു നിമിഷം വരെ പരിശുദ്ധാത്മാവിലുള്ള സ്നാനം എന്തെന്ന് ഞാനൊരിക്കലും അറിയുകയില്ല. 'ഞാൻ നിങ്ങളെ' എന്നിടത്ത് അവസാനമാണ്, അതിൽക്കവിഞ്ഞൊന്നും എനിക്ക് ചെയ്യാൻ കഴിയുകയില്ല. എന്നാൽ കൃത്യം അവിടെനിന്നുതന്നേ ദൈവം തുടങ്ങുന്നു. മറ്റാർക്കും ഒരിക്കലും ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ അവൻ ചെയ്യുന്നു. അവന്റെ വരവിന് ഞാൻ ഒരുങ്ങിയിരിക്കുകയാണോ? വഴി തടസ്സപ്പെടുത്തുന്ന എന്തെങ്കിലും ഇടയ്ക്കുണ്ടെങ്കിൽ യേശുവിന് വരുവാനും എന്നിൽ പ്രവർത്തിക്കാനും സാധിക്കുകയില്ല. അവൻ വരുമ്പോൾ ഞാൻ ചെയ്ത എല്ലാ തെറ്റായ കാര്യങ്ങളും വെളിച്ചത്ത് കൊണ്ടുവരുന്നതിന് ഞാൻ തയ്യാറാണോ? അവിടെത്തന്നേയാണ് അവൻ വരുന്നത്. 'എനിക്ക് ശുദ്ധിയില' എന്ന് എവിടെയൊക്കെ എനിക്കനുഭവപ്പെടുന്നുവോ അവിടെ അവൻ തന്റെ പാദങ്ങൾ വെക്കുന്നു. എവിടെയൊക്കെ ഞാൻ ശുദ്ധമാണ് എന്ന് ഞാൻ വിചാരിക്കുന്നുവോ അവിടെനിന്ന് അവൻ തന്റെ പാദങ്ങളെ പിൻവലിക്കുന്നു.

പാപബോധമല്ല പറഞ്ഞറിയിക്കാനാകാത്ത അയോഗ്യതാബോധമാണ് പശ്ചാത്താപം നമ്മിൽ ഉളവാക്കുക. പശ്ചാത്തപിക്കുമ്പോൾ, ഞാൻ തികച്ചും നിസ്സഹായനാണെന്ന് ഞാൻ അറിയുന്നു. അവന്റെ ചെരിപ്പ് ചുമക്കാൻ പോലും ഞാൻ യോഗ്യനല്ലെന്ന് എന്നിലുടനീളം ഞാനറിയുന്നു. അത്തരത്തിൽ ഞാൻ പശ്ചാത്തപിച്ചിട്ടുണ്ടോ? അതോ എന്റെ പ്രവൃത്തികളെ നീതീകരിക്കുന്ന ഒരു സൂചന എന്നിൽ തങ്ങിനില്ക്കുന്നുണ്ടോ? പൂർണ്ണ പശ്ചാത്താപത്തിൽ ഞാനെത്താത്തതാണ് ദൈവത്തിന് എന്റെയടുത്ത് വരാൻ പറ്റാത്തതിന് കാരണം.

''അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിക്കും''. പരിശുദ്ധാത്മാവിലെ സ്നാനം ഒരനുഭവം എന്ന നിലയിലല്ല യോഹന്നാൻ പറയുന്നത്. അത് യേശുക്രിസ്തു നിവർത്തിക്കുന്ന ഒരു പ്രവൃത്തിയത്രേ''. അവൻ നിങ്ങളെ സ്നാനം കഴിപ്പിക്കും. പരിശുദ്ധാത്മാവിനാൽ സ്നാപനം ലഭിച്ചവർക്കുണ്ടാകുന്ന ബോധപൂർവ്വമായ ഒരേയൊരനുഭവം ഒരു തികഞ്ഞ അയോഗ്യതാബോധമാണ്.

''ഞാൻ നിങ്ങളെ'' എന്നത് സ്വന്തമായ ഉദ്ദേശ്യങ്ങളെ സൂചിപ്പിക്കുന്നു. ''എന്നാൽ അവൻ വരുകയും അത്ഭുതകരമായ ഒരു സംഭവം നടക്കുകയും ചെയ്തു. അവൻ സർവ്വതും ചെയ്യുന്ന അവസ്ഥയിലേക്ക് എത്തി. അതുകൊണ്ട് നിങ്ങൾ ഒരു വശത്തേക്കു നീങ്ങി ഒതുങ്ങുക. 'മാർജിനി'ൽ ഒതുങ്ങുന്ന അവസ്ഥയിലേക്ക് എത്തുക.

## ആഗസ്റ്റ് 23

# രഹസ്യസങ്കേതത്തിലെ പ്രാർത്ഥനായുദ്ധം

**''നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിലടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക'' (മത്തായി 6:6).**

രഹസ്യത്തിലുള്ള നിന്റെ പിതാവിനെക്കുറിച്ച് സ്വപ്നം കാണുക എന്നല്ല യേശു പറഞ്ഞത്, രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക എന്നാണ്. പ്രാർത്ഥന നമ്മുടെ ഇച്ഛാശക്തിയുടെ പ്രവർത്തനമാണ്. നാം അറയിൽ കടന്ന് വാതിൽ അടച്ച് കഴിഞ്ഞാൽ പിന്നെ ഏറ്റവും പ്രയാസമുള്ള കാര്യം പ്രാർത്ഥിക്കുക എന്നതാണ്. പ്രാർത്ഥിക്കാൻ വേണ്ട ഒരു മാനസികാവസ്ഥയിലേയ്ക്ക് നമുക്ക് കടക്കാൻ കഴിയാതെ വരുന്നു. സ്വകാര്യ പ്രാർത്ഥനയിൽ നാമേറ്റവും അതിജീവിക്കേണ്ട പ്രശ്നം മനസ്സിലേക്ക് കടന്നുവരുന്ന നമ്മുടെ അലസചിന്തകളാണ്. നമ്മുടെ മനസ്സുകളെ അച്ചടക്കത്തിൽ കൊണ്ടുവരികയും ശ്രദ്ധാപൂർവ്വമുള്ള പ്രാർത്ഥനയിൽ മനസ്സ് കേന്ദ്രീകരിക്കുകയും വേണം.

പ്രാർത്ഥനയ്ക്കായി നമുക്കൊരു രഹസ്യസ്ഥലം വേണം; അവിടെ എത്തിക്കഴിഞ്ഞാൽ അലസചിന്തകളുടെ ബാധ തുടങ്ങുകയായി. ഇത് ചെയ്യണം, അക്കാര്യം ഇന്ന് തന്നേ ചെയ്യേണ്ടതാണ് എന്നിങ്ങനെ പോകും ആ ചിന്തകൾ. യേശു 'വാതിൽ അടയ്ക്ക' എന്നാണ് നമ്മോട് പറയുന്നത്. നിഗൂഢമായ നിശബ്ദത എന്നാൽ നമ്മുടെ വികാരങ്ങളുടെ നേരെ മനഃപൂർവ്വം വാതിൽ അടയ്ക്കുകയും ദൈവത്തെ ഓർക്കുകയും എന്നാണ്. ദൈവം ഒരു രഹസ്യസ്ഥലത്താണ്; അവിടെ നിന്ന് ദൈവം നമ്മെ കാണുന്നു. മറ്റുള്ളവർ നമ്മെ കാണുന്നത് പോലെയോ നാം തന്നേ നമ്മെ കാണുന്നതു പോലെയോ അല്ല ദൈവം നമ്മെ കാണുന്നത്. നാം ആ രഹസ്യസ്ഥലത്ത് ജീവിക്കുമ്പോൾ ദൈവത്തെ സഹായിക്കുക എന്നത് നമുക്ക് അസാദ്ധ്യമായിത്തീരുന്നു. മറ്റെന്തിനേക്കാളുമേറെ ദൈവത്തെക്കുറിച്ച് നമുക്കുറപ്പാകുന്നു. രഹസ്യ അറയിൽ കടക്കുക, അവിടെ നിങ്ങളുടെ നിത്യജീവിതത്തിന്റെ സാധാരണതയിൽ ദൈവം എപ്പോഴും ഉണ്ടെന്ന്, ഉണ്ടായിരുന്നുവെന്ന് നിങ്ങളറിയും. എല്ലാക്കാര്യത്തെക്കുറിച്ചും ദൈവവുമായി ആലോചിക്കുന്ന ശീലത്തിലേക്ക് കടക്കുക. ഓരോ ദിവസവും ഉണർന്നാൽ ആദ്യം വാതിൽ മലർക്കെ തുറന്ന് ദൈവം അകത്ത് കടക്കാൻ അനുവദിക്കുന്നില്ലെങ്കിൽ ദിവസം മുഴുവൻ തെറ്റായ തലത്തിലായിരിക്കും നിങ്ങൾ പ്രവർത്തിക്കുക. എന്നാൽ നിങ്ങൾ നിങ്ങളുടെ ജീവിതത്തിന്റെ വാതിൽ പാടെ തുറന്ന് രഹസ്യത്തിലുള്ള നിങ്ങളുടെ പിതാവിനോട് പ്രാർത്ഥിച്ചാൽ നിങ്ങളുടെ ജീവിതത്തിലെ പരസ്യമായ സർവ്വകാര്യങ്ങളിലും ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമുണ്ടാകും.

## ആഗസ്റ്റ് 24

# ആത്മീയതയുടെ തെളിവ്

**''മകൻ അപ്പം ചോദിച്ചാൽ അവന് കല്ല് കൊടുക്കുന്നവൻ നിങ്ങളിൽ ആർ''? മത്തായി 7:9.**

പ്രാർത്ഥനയെക്കുറിച്ച് നമ്മുടെ കർത്താവ് ഇവിടെ ഉപയോഗിക്കുന്ന ഉദാഹരണം ഒരു നല്ല പൈതൽ ഒരു നല്ല കാര്യത്തിനായി ചോദിക്കുന്നതാണ്. ദൈവത്തോടുള്ള നമ്മുടെ ബന്ധം എങ്ങനെയായിരുന്നാലും, ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നു എന്ന മട്ടിലാണ് നമ്മുടെ സംസാരം. നിങ്ങൾ ആവശ്യപ്പെടുന്നത് തരാൻ ദൈവത്തിന് മനസ്സില്ലെന്ന് ഒരിക്കലും പറയരുത്. മനസ്സ് തളരാതെ, ഉപേക്ഷ വിചാരിക്കാതെ, എന്തുകൊണ്ടാണ് നിങ്ങൾ ചോദിച്ചത് ലഭിക്കാത്തത് എന്ന് കണ്ടുപിടിക്കുക. നിങ്ങളുടെ പങ്കാളിയോട്, മക്കളോട്, നിങ്ങളുടെ സഹപാഠികളോട് ഒക്കെയുള്ള ബന്ധം ശരിയാണോ? അവിടെ നിങ്ങൾ ''ഒരു നല്ല പൈതലാ''ണോ? ദൈവമേ ഞാൻ ശുണ്ഠിയും വഴക്കും കാണിക്കാറുണ്ട്, എനിക്ക് അവിടുത്തെ ആത്മീയാനുഗ്രഹങ്ങൾ വേണം എന്ന് നിങ്ങൾക്ക് പറയേണ്ടതായുണ്ടോ? ഒരു നല്ല പൈതലിന്റെ മനോഭാവം ഉണ്ടാകും വരെ അനുഗ്രഹങ്ങൾ ലഭിക്കുകയില്ല.

കീഴടങ്ങുന്നതിന് പകരം, തർക്കിച്ചുകൊണ്ട് നാം ധിക്കാരത്തെ ഭക്തിയായി കാണുന്നു. എവിടെയാണ് നമ്മുടെ തെറ്റെന്ന് വ്യക്തമായ തെളിവുള്ളിടത്ത് നോക്കാൻ നാം വിസമ്മതിക്കുന്നു. മറ്റൊരാളിന് ഞാൻ വാങ്ങിയ പണം കൊടുക്കാനുള്ളപ്പോൾ ഞാൻ ദൈവത്തോട് പണം ചോദിക്കുകയാണോ? എന്റെ സ്വന്തം ഒരാളിന് സ്വാതന്ത്ര്യം കൊടുക്കാതെ ഞാൻ ദൈവത്തോട് സ്വാതന്ത്ര്യം ചോദിക്കുകയാണോ? മറ്റൊരാളുടെ പിഴകൾ ഞാൻ ക്ഷമിച്ചിട്ടില്ല. ഞാൻ അയാളോട് ദയ കാണിച്ചിട്ടില്ല. എന്റെ കൂട്ടുകാരുടെയും ബന്ധുക്കളുടെയുമിടയിൽ ഞാൻ ദൈവപൈതലായി ജീവിക്കുന്നില്ല (മത്തായി 7:12 കാണുക).

വീണ്ടും ജനിക്കുന്നതിലൂടെ മാത്രമേ ഞാൻ ദൈവപൈതലാകുന്നുള്ളൂ. ദൈവപൈതലെന്ന നിലയിൽ വെളിച്ചത്തിൽ നടക്കുമ്പോൾ മാത്രം ഞാൻ നല്ലതാകുന്നു. നമ്മിലൊട്ടുമിക്കപേർക്കും പ്രാർത്ഥന വെറുമൊരു ബാലിശമായ ആദ്ധ്യാത്മിക പ്രകടനം – ഒരു ആത്മീയ വൈകാരിക കാര്യം – മാത്രമായിത്തീരുന്നു. നമ്മുടെ കാഴ്ചയെ ഇല്ലാതാക്കുന്ന ആത്മീയ മൂടൽമഞ്ഞ് സൃഷ്ടിക്കുന്നതിൽ നാം സമർത്ഥരാണ്. എന്നാൽ നാം തെളിവുകൾ തേടാനും പരിശോധിക്കാനും തയ്യാറാവുകയാണെങ്കിൽ, എന്താണ് തെറ്റ് എന്ന് നാം വ്യക്തമായി കാണും. അതൊരു സൗഹൃദമോ, കടമോ, ഒരു മനോഭാവമോ സംബന്ധിച്ചുള്ള തെറ്റായിരിക്കാം. ദൈവപൈതങ്ങളായി ജീവിച്ചുകൊണ്ടിരിക്കുമ്പോഴല്ലാതെ പ്രാർത്ഥിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അപ്പോൾ തന്റെ മക്കളെക്കുറിച്ച് യേശു ഇങ്ങനെ പറയുന്നു: 'യാചിപ്പിൻ; നിങ്ങൾക്ക് ലഭിക്കും''.

## ആഗസ്റ്റ് 25

# ത്യാഗവും സൗഹൃദവും

**''ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്ന് വിളിച്ചിരിക്കുന്നു'' (യോഹന്നാൻ 15:75).**

ഓരോരോ പ്രത്യേക കാര്യത്തിലും നാം സ്വയം ത്യജിക്കുന്നത് വരെ ആത്മ–ത്യാഗത്തിന്റെ ആനന്ദം നാം ഒരിക്കലും അറിയുകയില്ല. സ്വയം കീഴടങ്ങുക എന്നത് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണ്. ''ഞാൻ കീഴടങ്ങാം ....... എന്നാൽ'' എന്നിങ്ങനെ വ്യവസ്ഥയ്ക്ക് വിധേയമായാണ് നാം സ്വയം കീഴടങ്ങാൻ തയ്യാറാകുന്നത്. അതുമല്ലെങ്കിൽ ''ഓ എന്റെ ജീവിതം ദൈവത്തിന് സമർപ്പിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു'' എന്ന് പറഞ്ഞുകൊണ്ടിരിക്കും.

നാം പൂർണ്ണമായി കീഴടങ്ങിക്കഴിഞ്ഞാൽ, യേശുവിന് നമ്മെത്തന്നേ സമർപ്പിച്ച് കഴിഞ്ഞാൽ, പരിശുദ്ധാത്മാവ് നമുക്ക് യേശുവിന്റെ ആനന്ദത്തിന്റെ ഒരല്പം രുചി നല്കുന്നു. ആത്മത്യാഗത്തിന്റെ ആത്യന്തിക ലക്ഷ്യം നമ്മുടെ സ്നേഹിതന് വേണ്ടി ജീവനെ കൊടുക്കുകയാണ്. (യോഹന്നാൻ 15:13–14 കാണുക). പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിലേക്ക് കടന്ന് വന്നാൽ പിന്നെ നമ്മുടെ ഏറ്റവും വലിയ ആഗ്രഹം യേശുവിനായി ജീവനെ കൊടുക്കുക എന്നതത്രേ. ഞാൻ ത്യാഗം ചെയ്യുന്നു എന്ന ചിന്ത നമ്മുടെ മനസ്സിൽ കടക്കുകയേ ഇല്ല. കാരണം ത്യാഗം പരിശുദ്ധാത്മാവിന്റെ സ്നേഹാധിക്യമാണ്.

ആത്മത്യാഗത്തിന്റെ ജീവിതത്തിന് നമുക്കുദാഹരണം നമ്മുടെ കർത്താവാണ്. ''എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്യാൻ ഞാൻ പ്രിയപ്പെടുന്നു''. (സങ്കീർത്തനം: 40:8) നിറഞ്ഞ് തുളുമ്പുന്ന സന്തോഷത്തോടെ യേശു മഹാത്യാഗത്തിന്റേതായ ജീവിതം നയിച്ചു. ഞാനെന്നെങ്കിലും പൂർണ്ണമായും യേശുവിന് കീഴടങ്ങിയിട്ടുണ്ടോ? വഴികാട്ടലിനായി യേശുവിനെയല്ല ഞാൻ തേടുന്നതെങ്കിൽ എന്റെ ത്യാഗം കൊണ്ട് യാതൊരു പ്രയോജനവുമില്ല. എന്നാൽ അവനിൽ കണ്ണുകൾ കേന്ദ്രീകരിച്ച് ഞാൻ ത്യാഗം ചെയ്യുമ്പോൾ, സാവധാനം എന്നാൽ ഉറപ്പോടെ യേശുവിന്റെ സ്വാധീനം എന്നിൽ വ്യക്തമായിത്തെളിയും. (എബ്രായർ 12:1–2 കാണുക).

സ്നേഹത്തിൽ നടക്കുമ്പോൾ നിങ്ങളുടെ സ്വാഭാവികാഭിലാഷങ്ങൾ നിങ്ങൾക്ക് തടസ്സം വരുത്താതെ സൂക്ഷിച്ചു കൊൾക. സ്വാഭാവിക സ്നേഹത്തെ ഇല്ലാതാക്കാനുള്ള ഒരു വഴി സ്വാഭാവികാഭിലാഷങ്ങളിന്മേൽ പണിതുയർത്തിയ സ്നേഹഫലങ്ങളെ തിരസ്കരിക്കുകയാണ്. എന്നാൽ ഒരു വിശുദ്ധന്റെ ഒരേയൊരു ആഗ്രഹം കർത്താവായ യേശു അത്രേ. ദൈവത്തോടുള്ള സ്നേഹം വെറും വികാരമല്ല. ദൈവം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുക എന്നതാണ് ഭാവന ചെയ്യാവുന്നതിൽ വെച്ചേറ്റവും പ്രായോഗിക കാര്യം.

''ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്ന് വിളിച്ചിരിക്കുന്നു''. യേശുക്രിസ്തുവുമായുള്ള നമ്മുടെ സൗഹൃദം അവൻ നമ്മിൽ സൃഷ്ടിച്ച പുതുജീവനിൽ അധിഷ്ഠിതമാണ്. അതിന് ദൈവത്തിന്റെ ജീവിതത്തോടല്ലാതെ നമ്മുടെ പഴയജീവിതത്തോട് യാതൊരു സാദൃശ്യവുമില്ല. പൂർണ്ണ താഴ്മയും ശുദ്ധിയും ദൈവസമർപ്പണവുമുള്ള ഒരു ജീവിതമാണത്.

## ആഗസ്റ്റ് 26

# നിങ്ങളെപ്പോഴെങ്കിലും അസ്വസ്ഥനാണോ?

**''സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ച് പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു'' (യോഹന്നാൻ 14:27).**

ഈ ജീവിതത്തിൽ ചില സമയത്ത് നാം അനുഭവിക്കുന്നത് അജ്ഞതയിൽ അധിഷ്ഠിതമായ സമാധാനമാണ്. ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്ക് നാം ഉണരുമ്പോൾ, യേശുവിൽ നിന്ന് ലഭിച്ചാലല്ലാതെ, സമാധാനം അസാദ്ധ്യമാകും. നമ്മുടെ കർത്താവ് സമാധാനത്തെക്കുറിച്ച് പറയുമ്പോൾ അവൻ സമാധാനം സൃഷ്ടിക്കുന്നു. അവൻ സംസാരിക്കുന്ന വാക്കുകളെപ്പോഴും ആത്മാവും ജീവനും ആകുന്നു. യേശു പറയുന്നത് എനിക്കെന്നെങ്കിലും കിട്ടിയിട്ടുണ്ടോ? 'എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു'. ഈ സമാധാനം അവന്റെ മുഖത്തേയ്ക്ക് നോക്കുന്നതിൽ നിന്നും അവന്റെ ശാന്തമായ സംതൃപ്തി മനസ്സിലാക്കുന്നതിൽ നിന്നും അത് സ്വീകരിക്കുന്നതിൽ നിന്നും വരുന്നു.

നിങ്ങളിപ്പോൾ എന്തെങ്കിലും കഠിനവിഷമത്തിലാണോ? പരമാധികാരിയായ ദൈവം നിങ്ങളുടെ ജീവിതത്തിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന തിരമാലകളും കോളിളക്കങ്ങളും നിങ്ങളെ അസ്വസ്ഥമാക്കുന്നുവോ? നിങ്ങളുടെ വിശ്വാസത്തിന്റെ പാറക്കെട്ടുകളെല്ലാം തിരിച്ചും മറിച്ചുമിട്ടിട്ടും സമാധാനത്തിന്റെയോ സന്തോഷത്തിന്റെയോ ആശ്വാസത്തിന്റെയോ കിണറുകളൊന്നും നിങ്ങളിതുവരെ കണ്ടെത്തുന്നില്ലയോ? നിങ്ങളുടെ ജീവിതം പാടേ ശൂന്യമെന്ന് തോന്നുന്നുവോ? എങ്കിൽ മുകളിലേയ്ക്ക് നോക്കി യേശുവിന്റെ ശാന്തമായ സംതൃപ്തി സ്വീകരിക്കുക. അവന്റെ സമാധാനം ശരിക്കും പ്രതിഫലിപ്പിക്കുന്നുവെങ്കിൽ നിങ്ങൾ ദൈവവുമായി ശരിയായ ബന്ധത്തിലാണ്. യേശുക്രിസ്തുവിന്റെ മുഖം നിങ്ങളിൽ നിന്ന് മറയ്ക്കാൻ എന്തിനെയെങ്കിലും അനുവദിച്ചാൽ അതു ഒന്നുകിൽ നിങ്ങൾക്ക് അസ്വസ്ഥതയുളവാക്കും അല്ലെങ്കിൽ അത് നിങ്ങൾക്കൊരു കപടസുരക്ഷിതത്വബോധം തരും.

ഇപ്പോൾ നിങ്ങളെ ഞെരുക്കുന്ന കാര്യം സംബന്ധിച്ച് നിങ്ങൾ യേശുവിലേക്ക് നോക്കിക്കൊണ്ടിരിക്കുകയും അവനിൽ നിന്ന് സമാധാനം സ്വീകരിക്കുകയുമാണോ? എങ്കിൽ അവൻ നിങ്ങളിലും നിങ്ങളിലൂടെയും കൃപാനിർഭരമായ ഒരു ആശിർവാദമാകും. എന്നാൽ നിങ്ങൾ ആകുലചിന്തയാൽ മനസ്സു നിറയ്ക്കുകയാണെങ്കിൽ, യേശുവിനെ നിങ്ങൾ പാടെ തുടച്ച് മാറ്റുകയാണ്. നിങ്ങൾ യേശുവുമായി കൂടിയാലോചന നടത്തുമ്പോൾ ചിന്താക്കുഴപ്പം അവസാനിക്കുന്നു. കാരണം യേശുവിൽ ചിന്താക്കുഴപ്പമൊന്നുമില്ല. എല്ലാ ആകുലങ്ങളും അവന്റെ മുമ്പിൽ വെക്കുക; പ്രയാസങ്ങളോ സങ്കടങ്ങളോ വേർപാടിന്റെ ദുഃഖമോ ഉണ്ടാകുമ്പോൾ അവൻ പറയുന്നത് ശ്രദ്ധിക്കുക; ''നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്......'' (യോഹന്നാൻ 14:27)

## ആഗസ്റ്റ് 27

# സജീവ വേദശാസ്ത്രം

**''നിങ്ങൾക്ക് വെളിച്ചം ഉള്ളിടത്തോളം നടന്നു കൊൾവിൻ. ഇരുളിൽ നടക്കുന്നവൻ താൻ എവിടെ പോകുന്നു എന്ന് അറിയുന്നില്ലല്ലോ'' (യോഹന്നാൻ 12:35).**

ദൈവവുമൊത്ത് മലമുകളിൽ കഴിയുന്ന നിമിഷങ്ങളിൽ ലഭിച്ച ദർശനങ്ങളെ പ്രവൃത്തിയിലാക്കണം. നിങ്ങൾ വെളിച്ചത്തെ അനുസരിക്കുന്നില്ലെങ്കിൽ അത് ഇരുളായി മാറും: എന്നാൽ ''നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയത്?'' ദൈവം നിങ്ങൾക്ക് വെളിപ്പെടുത്തിയ വിശുദ്ധീകരണത്തെ നിങ്ങൾ തള്ളിമാറ്റിയാൽ, ആ നിമിഷം നിങ്ങളുടെ ആത്മീയ ജീവിതത്തിൽ നിങ്ങൾ തകർന്നു വീഴാൻ തുടങ്ങും. നിങ്ങളുടെ യഥാർത്ഥ ജീവിതത്തിലേക്ക് സത്യത്തെ കൊണ്ടുവരികയും ഓരോ മേഖലയിലും അതിനെ പ്രവർത്തിപ്പിക്കുകയും ചെയ്യുക. അല്ലെങ്കിൽ നിങ്ങൾക്കുള്ള വെളിച്ചം തന്നേ ഒരു ശാപമായിത്തീരും.

ഒരു ഭൂതകാലാനുഭവത്തെക്കുറിച്ച് അഹങ്കാരപൂർവ്വമായ ആത്മസംതൃപ്തി കാത്തുസൂക്ഷിക്കുകയും അതേ സമയം തന്റെ നിത്യജീവിതത്തിൽ ആ അനുഭവം പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുന്ന ആളാണ് നമുക്ക് ഇടപെടാൻ ഏറ്റവും വിഷമമുള്ള വ്യക്തി. നിങ്ങൾ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു എന്ന് പറയുന്നുവെങ്കിൽ അത് ജീവിതത്തിൽ കാണിക്കുക. നിങ്ങളുടെ ജീവിതത്തിൽ കാണുംവിധം ആ അനുഭവം യഥാർത്ഥമായിരിക്കണം. നിങ്ങളെ സ്വയം സംതൃപ്തരോ, സ്വേച്ഛാലുക്കളോ ആക്കുന്ന ഏത് വിശ്വാസത്തെയും സൂക്ഷിച്ച് കൊള്ളുക. എത്രതന്നേ സുന്ദരമായി ത്തോന്നിയാലും ആ വിശ്വാസം നരകത്തിന്റെ അടിത്തട്ടിൽ നിന്ന് വന്നതാണ്.

വേദശാസ്ത്രം നമ്മുടെ ഏറ്റവും സാധാരണ നിത്യബന്ധങ്ങളിൽ സ്വയം പ്രവർത്തിച്ച് കാണിക്കണം. ''നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു'', എന്ന് നമ്മുടെ കർത്താവ് പറഞ്ഞു. അതായത് നിങ്ങൾക്കറിയാവുന്ന ഏറ്റവും സന്മാർഗ്ഗിയായ ആളെക്കാൾ സന്മാർഗ്ഗിയായിരിക്കണം നിങ്ങൾ. വിശുദ്ധീകരണത്തിന്റെ സർവ്വസിദ്ധാന്തങ്ങളും നിങ്ങൾക്കറിയാമായിരിക്കാം. എന്നാൽ നിങ്ങളുടെ ജീവിതത്തിലെ പ്രായോഗികകാര്യങ്ങളിൽ നിങ്ങൾ അവ പ്രാവർത്തികമാക്കുന്നുണ്ടോ? നമ്മുടെ ജീവിതത്തിലെ ശാരീരികവും, ധാർമ്മികവും ആത്മീയവുമായ ഓരോ കാര്യവും വിലയിരുത്തുന്നത് പാപമോചനത്തിന്റെ മാനദണ്ഡം വെച്ചായിരിക്കണം.



## ആഗസ്റ്റ് 28

# എന്താണ് നല്ല പ്രാർത്ഥന?

**''.......... ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ'' (ലൂക്കോസ് 11:1)**

പ്രാർത്ഥിക്കുക എന്നത് സ്വാഭാവികമനുഷ്യന്റെ ജീവിതത്തിന്റെ ഭാഗമല്ല. പ്രാർത്ഥിച്ചില്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ കഷ്ടപ്പെടും എന്ന് പറഞ്ഞ് കേൾക്കാറുണ്ട്. ഞാനിതിനെ ചോദ്യം ചെയ്യുന്നു. ഭക്ഷണത്താലല്ല പ്രാർത്ഥനയാൽ പരിപോഷിപ്പിക്കപ്പെടുന്ന അവനിലെ, ദൈവപുത്രന്റെ ജീവിതമാണ് കഷ്ടപ്പെടുന്നത്. ഒരു മനുഷ്യൻ, ഉയരത്തിൽ നിന്ന് വീണ്ടും ജനിച്ചാൽ, അയാളിൽ ദൈവപുത്രന്റെ ജീവിതമുളവാകുന്നു. അവന് അതിനെ പട്ടിണിയിടുകയോ പരിപോഷിപ്പിക്കുകയോ ചെയ്യാം. നമ്മിലെ ദൈവിക ജീവിതം പരിപോഷിപ്പിക്കപ്പെടുന്ന വഴിയാണ് പ്രാർത്ഥന. പ്രാർത്ഥനയെക്കുറിച്ചുള്ള നമ്മുടെ സാധാരണ കാഴ്ചപ്പാടുകൾ പുതിയ നിയമത്തിൽ കാണുകയില്ല. നമുക്ക് വേണ്ടി എന്തെങ്കിലും കിട്ടാനുള്ള മാർഗ്ഗമായിട്ടാണ് നാം പ്രാർത്ഥനയെ കാണുന്നത്. നാം ദൈവത്തെ അറിയാനുള്ള മാർഗ്ഗം എന്നാണ് പ്രാർത്ഥനയെക്കുറിച്ചുള്ള വേദപുസ്തക ആശയം.

'യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും'. നാം ദൈവമുമ്പാകെ പരാതിപ്പെടുകയോ ക്ഷമാപണം നടത്തുകയോ ഉദാസീനരായിരിക്കുകയോ ചെയ്യുന്നു. ഏതാനും ചില കാര്യങ്ങൾക്കായി മാത്രമേ നാം വാസ്തവത്തിൽ ദൈവത്തോട് ചോദിക്കുന്നുള്ളൂ. എന്നാൽ കുട്ടിത്തമുള്ള ഒരു കുട്ടിക്ക് എന്ത് സമൃദ്ധമായ ധൈര്യമാണ് ദൈവത്തോട് ചോദിക്കാൻ. നിങ്ങൾ ................. 'ശിശുക്കളെപ്പോലെ ആയില്ലെങ്കിൽ', എന്നാണ് നമ്മുടെ കർത്താവ് പറഞ്ഞത്. ആവശ്യപ്പെടുക, ദൈവം തരും. യേശുക്രിസ്തുവിന് പ്രവർത്തിക്കാനുള്ള ഇടവും അവസരവും നല്കുക. എന്നാൽ തന്റെ ബുദ്ധിയുടെ ഇങ്ങേയറ്റത്തെത്താതെ ഒരു മനുഷ്യനും ഇത് ചെയ്യുകയില്ല. അത്തരമൊരവസ്ഥയിൽ എത്തിക്കഴിഞ്ഞാൽപ്പിന്നെ പ്രാർത്ഥിക്കുന്നത് ഭീരുത്വമായിത്തോന്നുകയില്ല. ഒരേയൊരു വഴി പ്രാർത്ഥനയാണ്. ദൈവതിരുമുമ്പാകെ, നിങ്ങൾ നിങ്ങളായിരിക്കുകയും എന്താണ് ചെയ്യേണ്ടതെന്ന് നിങ്ങളുടെ ബുദ്ധിയിൽത്തെളിയാത്ത കാര്യങ്ങൾ അവിടെ അവതരിപ്പിക്കുകയും ചെയ്യുക. നിങ്ങൾ എല്ലാം തികഞ്ഞവനാണെന്ന് ചിന്തിക്കുന്നുവെങ്കിൽ ദൈവത്തോട് ഒരു കാര്യത്തിന് വേണ്ടിയും അപേക്ഷിക്കേണ്ടതില്ല.

''പ്രാർത്ഥന എന്നെ മാറ്റുകയും, ഞാൻ കാര്യങ്ങൾ മാറ്റുകയും ചെയ്യുന്നു'' എന്ന് പറയുന്നതാണ്, 'പ്രാർത്ഥന കാര്യങ്ങൾ മാറ്റുന്നു' എന്ന് പറയുന്നതിനേക്കാൾ സത്യത്തോട് അടുത്ത് നില്ക്കുന്നത്. വീണ്ടെടുപ്പിന്റെ അടിസ്ഥാനത്തിലുള്ള പ്രാർത്ഥന ഒരുവന്റെ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തുന്നു. ബാഹ്യമായി കാര്യങ്ങൾ മാറ്റുന്ന, ഒരു കാര്യമല്ല പ്രാർത്ഥന; പ്രാർത്ഥന ഒരു മനുഷ്യന്റെ ആന്തരിക പ്രകൃതത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.

## ആഗസ്റ്റ് 29

# ദിവ്യമായ സൗഹൃദം

**''വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്നു ഞാൻ നിന്നോട് പറഞ്ഞില്ലയോ എന്ന് പറഞ്ഞു'' (യോഹന്നാൻ 11:40).**

വിശ്വാസജീവിതത്തിൽ മുന്നിട്ടിറങ്ങുന്ന ഓരോ ഘട്ടത്തിലും സാമാന്യബുദ്ധിക്കു നിരക്കുന്നതും വിശ്വാസത്തെ ഖണ്ഡിക്കുന്നതുമായ എന്തെങ്കിലും നമ്മെ നേരിടും. സാമാന്യബുദ്ധി വിശ്വാസമല്ല, വിശ്വാസം സാമാന്യബുദ്ധിയുമല്ല. വാസ്തവത്തിൽ അവ നമ്മുടെ സ്വാഭാവിക ജീവിതവും ആത്മീയ ജീവിതവും പോലെ വ്യത്യസ്തമാണ്. നിങ്ങളുടെ സാമാന്യ ബുദ്ധി യേശുവിനെ വിശ്വസിക്കാത്തപ്പോൾ നിങ്ങൾ അവനെ വിശ്വസിക്കുമോ? നിങ്ങളുടെ സാമാന്യബുദ്ധിയുടേതായ ജീവിതയാഥാർത്ഥ്യങ്ങൾ ''ഇതെല്ലാം നുണ''യാണെന്ന് ആർത്തുവിളിക്കുമ്പോൾ യേശുക്രിസ്തുവിന്റെ വാക്കുകളിൻമേൽ നിങ്ങൾക്ക് ധൈര്യപൂർവ്വം ഇറങ്ങിത്തിരിക്കാൻ കഴിയുമോ? പർവ്വതശിഖരത്തിൽ നിന്ന് ''ദൈവത്തിന് അത് ചെയ്യാൻ കഴിയും'' എന്ന് പറയാൻ എളുപ്പമാണ്. എന്നാൽ അവിടെ നിന്നിറങ്ങി ഭൂതങ്ങളുടെ താഴ്വരയിൽ, നിങ്ങളുടെ ''മറുരൂപമല അനുഭവത്തെ'' കളിയാക്കുന്ന യാഥാർത്ഥ്യങ്ങളെ നേരിടേണ്ടി വരും. (ലൂക്കോസ് 9:28–42) എന്റെ വിശ്വാസസംഹിത എനിക്ക് വ്യക്തമാകുന്ന ഓരോ തവണയും അതിനെതിരാകുന്ന എന്തോ ഒന്നിനെ എനിക്ക് നേരിടേണ്ടിവരുന്നു. ''എന്റെ ആവശ്യങ്ങളെല്ലാം ദൈവം നടത്തിത്തരും'' (ഫിലിപ്യർ 4:19). എന്ന് ഞാൻ പറഞ്ഞാലുടൻ എന്റെ വിശ്വാസത്തിന്റെ പരീക്ഷണം തുടങ്ങുകയായി.

എന്റെ ശക്തി ക്ഷയിക്കുകയും, ദർശനം മങ്ങുകയും ചെയ്യുമ്പോൾ ഞാൻ വിജയപൂർവ്വം എന്റെ വിശ്വാസപരീക്ഷണത്തെ സഹിക്കുമോ അതോ പരാജയത്തിലേക്ക് തിരിയുമോ? ''എന്നാൽ എങ്കൽ ഇടറിപ്പോകാത്തവൻ എല്ലാം ഭാഗ്യവാൻ......'' ആത്യന്തികമായ കാര്യം യേശുവിലുള്ള വിശ്വാസമാണ്. ''ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീർന്നിരിക്കുന്നുവല്ലോ'' (എബ്രായർ 3:14). ദൈവത്തെ നിരന്തരം ഉറപ്പായി വിശ്വസിക്ക; നിങ്ങളെ വെല്ലുവിളിക്കുന്നതെല്ലാം നിങ്ങളുടെ വിശ്വാസത്തെ ശക്തീകരിക്കും. ഏറ്റവും വലിയ പരീക്ഷണമായ ശാരീരിക മരണത്തോളം എത്തുംവരെയും വിശ്വാസജീവിതത്തിൽ നിരന്തരപരീക്ഷണമുണ്ട്. വിശ്വാസം എന്നാൽ ദൈവത്തിലുള്ള പൂർണ്ണ ആശ്രയമത്രെ. ദൈവം നമ്മെ കൈവിടുമെന്ന് ഒരിക്കലും സങ്കല്പിക്കുകയില്ലാത്ത ആശ്രയബോധം. എബ്രായർ 13:5–6 കാണുക.

## ആഗസ്റ്റ് 30

# പ്രയോജനമോ? ബന്ധമോ?

**''....... എങ്കിലും ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല; നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ'' (ലൂക്കോസ് 10:19–20).**

ഫലത്തിൽ, യേശുക്രിസ്തു ഈ വാക്യങ്ങളിൽ പറയുന്നത് ഇതാണ്: എനിക്ക് വേണ്ടിയുള്ള വിജയകരമായ സേവനത്തിലല്ല, എന്നോടുള്ള നിങ്ങളുടെ ശരിയായ ബന്ധത്തിൽ സന്തോഷിപ്പിൻ. ക്രിസ്തീയ വേലയിലെ കെണി ദൈവം നിങ്ങളെ പ്രയോജനപ്പെടുത്തി എന്ന വസ്തുതയിൽ, (വിജയകരമായ സേവനത്തിൽ) സന്തോഷിക്കുക എന്നതാണ്. യേശുക്രിസ്തുവുമായി നിങ്ങൾ ശരിയായ ഒരു ബന്ധത്തിലാണെങ്കിൽ നിങ്ങളിലൂടെ യേശു എന്ത് ചെയ്യും എന്നത് നിങ്ങൾക്ക് ഒരിക്കലും അളക്കാൻ കഴിയുകയില്ല. കർത്താവുമായുള്ള ബന്ധം നിങ്ങൾ ശരിയായി കാത്തുസൂക്ഷിക്കുകയാണെങ്കിൽ, നിങ്ങളുടെ പരിതഃസ്ഥിതികൾ എന്തുതന്നേയായിരുന്നാലും, നിത്യജീവിതത്തിൽ നിങ്ങൾ എന്തൊക്കെ നേരിടേണ്ടിവന്നാലും അവൻ നിങ്ങളിലൂടെ ജീവജലം കോരിച്ചൊരിഞ്ഞുകൊണ്ടിരിക്കും. വാസ്തവത്തിൽ അവന്റെ കാരുണ്യത്താലാണ് നിങ്ങൾ അതറിയാൻ അവൻ അനുവദിക്കാതിരിക്കുന്നത്. രക്ഷയിലൂടെയും വിശുദ്ധീകരണത്തിലൂടെയും നിങ്ങൾക്ക് ദൈവവുമായി ശരിയായ ബന്ധമുണ്ടായാൽ, നിങ്ങളുടെ പരിതഃസ്ഥിതികൾ എന്ത് തന്നേയായായും, ദൈവത്താൽ നിങ്ങൾ അവിടെ ആക്കപ്പെട്ടവനാണെന്ന് ഓർമ്മിക്കുക. ദൈവം വെളിച്ചത്തിലാകയാൽ നിങ്ങളും വെളിച്ചത്തിൽ (1 യോഹന്നാൻ 1:7) നടക്കുന്നത് തുടരണം. അപ്പോൾ സ്വന്തം പരിതഃസ്ഥിതികളോടുള്ള നിങ്ങളുടെ പ്രതികരണത്തെ തന്റെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കാനായി ദൈവം പ്രയോജനപ്പെടുത്തുന്നു.

സേവനത്തിന് ഊന്നൽ നല്കുക എന്നതാണ് ഇപ്പോഴത്തെ പ്രവണത. ''പ്രയോജനത്തെ'' തങ്ങളുടെ ആകർഷണത്തിന്റെ അടിസ്ഥാനമാക്കുന്ന ആളുകളെ സൂക്ഷിച്ച് കൊൾക. പ്രയോജനമാണ് നിങ്ങൾ പരീക്ഷണമാക്കുന്നതെങ്കിൽ ജീവിച്ചിരുന്നവരിൽവെച്ചേറ്റവും വലിയ പരാജയമായിരുന്നു യേശു. ഒരു വിശുദ്ധന്, മാർഗ്ഗദർശനം വരുന്നത് ഏതോ പ്രയോജനത്തിന്റെ അളവിൽ നിന്നല്ല, ദൈവത്തിൽ നിന്ന് തന്നേയാണ്. നാം ദൈവത്തിന് വേണ്ടി എന്തു ചെയ്യുന്നു എന്നതല്ല, ദൈവം നമ്മിലൂടെ എന്തു ചെയ്യുന്നു എന്നതാണ് പ്രധാനപ്പെട്ട കാര്യം. ഒരു വ്യക്തിയുടെ ജീവിതത്തിൽ കർത്താവ് ശ്രദ്ധിക്കുന്ന ആകെ ഒരു കാര്യം – തന്റെ പിതാവിന് വലിയ വിലയുള്ള ഒരു കാര്യം – ദൈവവുമായുള്ള അയാളുടെ ബന്ധമാണ്. യേശുക്രിസ്തു അനേകം പുത്രന്മാരെ തേജസ്സിലേക്ക് കൊണ്ടുവരുന്നു (എബ്രായർ 2:10 കാണുക).

## എന്റെ സന്തോഷം ......... നിങ്ങളുടെ സന്തോഷം

**''എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇത് നിങ്ങളോട് സംസാരിച്ചിരിക്കുന്നു'' (യോഹന്നാൻ 15:11).**

എന്തായിരുന്നു യേശുവിനുണ്ടായിരുന്ന സന്തോഷം? സന്തോഷം എന്ന വാക്ക് യേശുവുമായി ബന്ധപ്പെടുത്തി ഉപയോഗിക്കുന്നത് യേശുവിനെ അപമാനിക്കുകയാണ്. യേശുക്രിസ്തുവിന്റെ സന്തോഷം തന്റെ പിതാവിന്റെ മുമ്പിലുള്ള പൂർണ്ണമായ കീഴടങ്ങലും പിതാവിനായുള്ള ആത്മത്യാഗവുമാണ്; തന്റെ പിതാവ് തന്നെ എന്തിന് വേണ്ടി അയച്ചുവോ അത് ചെയ്യുന്നതിലുള്ള സന്തോഷം ''തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അവനെ അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ................'' (എബ്രായർ 12:12). നിന്റെ ഇഷ്ടം ചെയ്യാൻ ഞാൻ പ്രിയപ്പെടുന്നു. നമ്മുടെ സന്തോഷം സ്വയം പൂർത്തീകരിച്ചു കൊണ്ടേയിരുന്ന് അത് തന്റെ സന്തോഷത്തിനൊപ്പം ആയിത്തീരണമെന്നാണ് യേശു പ്രാർത്ഥിക്കുന്നത്. തന്റെ സന്തോഷം നമുക്ക് പരിചയപ്പെടുത്തിത്തരാൻ നാം യേശുവിനെ അനുവദിച്ചിട്ടുണ്ടോ?

പൂർണ്ണവും നിറഞ്ഞ് കവിയുന്നതുമായ ജീവിതം ശാരീരികാരോഗ്യത്തിലോ, പരിതഃസ്ഥിതിയിലോ, ദൈവവേല വിജയിക്കുന്നത് കാണുന്നതിലോ അല്ല. അത് ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കുന്നതിലും യേശുവിന് ദൈവവുമായുണ്ടായിരുന്ന അതേ സംസർഗ്ഗമുണ്ടാകുന്നതിലുമാണ്. ഈ സന്തോഷത്തെ തടസ്സപ്പെടുത്തുന്ന ആദ്യകാര്യം നമ്മുടെ പരിതഃസ്ഥിതികളെക്കുറിച്ച് അധികം ചിന്ത ഉളവാക്കുന്ന അതൃപ്തിയാണ്. ഈ ലോകവ്യാകുലതകൾ വചനത്തെ ഞെരുക്കുന്നു. (മർക്കോസ് 4:19) എന്നാണ് യേശു പറഞ്ഞത്. എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാകുംമുമ്പ് നമ്മുടെ ആകുലചിന്തകളാൽ നാം പിടിക്കപ്പെടുന്നു. ദൈവം നമ്മെ വാതിൽപ്പടിവരെയേ എത്തിച്ചിട്ടുള്ളു. അവന്റെ സാക്ഷികൾ ആകുന്ന ഇടത്ത് നാം എത്തണമെന്നും ആരാണ് യേശു എന്ന് നാം പ്രഖ്യാപിക്കണമെന്നും അവൻ ആഗ്രഹിക്കുന്നു.

ദൈവവുമായി ശരിയായ ബന്ധത്തിൽ ആയിരിക്കുക, നിങ്ങളുടെ സന്തോഷം അവിടെ കണ്ടെത്തുക, നിങ്ങളിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകും. യേശുവിന് തന്റെ ജീവജലം ഒഴുക്കാനുള്ള ഒരു അരുവി ആയിത്തീരുക. അഹങ്കാരവും കപടനാട്യവും വെടിഞ്ഞ് നിങ്ങളെക്കുറിച്ച് മാത്രം ബോധവാനായിരിക്കുന്നത് അവസാനിപ്പിക്കുക. ക്രിസ്തുവിനോടുകൂടി മറഞ്ഞിരിക്കുന്ന ജീവിതം ജീവിക്കുക. ദൈവവുമായി ശരിയായ ബന്ധത്തിലിരിക്കുന്ന ഒരാളുടെ ജീവിതം, അയാൾ എവിടെപ്പോയാലും ശ്വാസോച്ഛ്വാസം പോലെ സ്വാഭാവികമായിരിക്കും. തങ്ങളുടെ ജീവിതം മറ്റുള്ളവർക്കനുഗ്രഹമായിരുന്നുവെന്നതിനെക്കുറിച്ച് സ്വയം ബോധവാന്മാരല്ലാത്തവരുടെ ജീവിതമാണ് നിങ്ങൾക്കേറ്റവും അനുഗ്രഹകരമായിരുന്നിട്ടുള്ളത്.

## സെപ്റ്റംബർ1

# വിശുദ്ധിക്കുള്ള വിധി

**''ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ''** (1 പത്രോസ് 1:16).

നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യമെന്തെന്ന് നാം നമ്മോട് നിരന്തരം പറഞ്ഞു കൊണ്ടിരിക്കണം സന്തോഷത്തിനോ ആരോഗ്യത്തിനോ ഒന്നുമല്ല, വിശുദ്ധിക്കായിട്ടാണ് നാം വിധിക്കപ്പെട്ടിരിക്കുന്നത്. ഇന്ന് നമുക്കുള്ള അനേകം അഭിലാഷങ്ങളും താല്പര്യങ്ങളും നമ്മെ എരിച്ചും പാഴാക്കിയും കളയുന്നു. അവയിൽ പലതും ശരിയായതും ശ്രേഷ്ഠമായതും നല്ലതുമാകാം; അവ പിന്നീട് നമ്മിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യാം. എന്നാൽ ഇതിനിടയ്ക്ക് നമ്മിൽ അവയ്ക്കുള്ള പ്രാധാന്യം ദൈവം കുറച്ച് കളയണം. തന്നെ വിശുദ്ധീകരിക്കുന്ന ദൈവത്തെ ഒരാൾ സ്വീകരിക്കുമോ എന്നത് മാത്രമാണ് സാരമായ കാര്യം. എന്ത് വിലകൊടുത്തായാലും ഒരു മനുഷ്യൻ ദൈവവുമായി ശരിയായ ബന്ധത്തിലാകണം.

എനിക്ക് വിശുദ്ധനാകേണ്ട ആവശ്യമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നുണ്ടോ? ദൈവത്തിന് എന്നിലേക്ക് വരാൻ കഴിയുമെന്നും എന്നെ വിശുദ്ധീകരിക്കാൻ കഴിയുമെന്നും ഞാൻ വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ സുവിശേഷപ്രസംഗത്താൽ നിങ്ങൾ എന്നെ ഞാൻ വിശുദ്ധിയുള്ള ആളല്ലെന്ന് ബോദ്ധ്യപ്പെടുത്തിയാൽ, എനിക്ക് നിങ്ങളുടെ സുവിശേഷപ്രസംഗത്തിൽ നീരസം തോന്നുന്നു. സുവിശേഷം പറയുന്നത് തീക്ഷ്ണമായ നീരസം ഉളവാക്കുന്നു, കാരണം അതെന്റെ അശുദ്ധി വെളിപ്പെടുത്താൻ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നു; എന്നാൽ അതെന്നിൽ തീക്ഷ്ണമായ ഒരു അഭിവാഞ്ഛയും ആഗ്രഹവും ഉണർത്തുന്നു. ദൈവം മനുഷ്യരാശിക്കായി ഒരൊറ്റ വിധിയേ ഉദ്ദേശിച്ചിട്ടുള്ളൂ: വിശുദ്ധി. ദൈവത്തിന്റെ ഒരേയൊരു ലക്ഷ്യം വിശുദ്ധരെ സൃഷ്ടിക്കുക എന്നതാണ്. മനുഷ്യർക്കായുള്ള ഒരു നിത്യ അനുഗ്രഹയന്ത്രമല്ല ദൈവം. സഹതാപം കൊണ്ട്, നമ്മെ രക്ഷിക്കാൻ വന്നതുമല്ല. വിശുദ്ധരായിരിക്കാൻ നമ്മെ സൃഷ്ടിച്ചതുകൊണ്ടാണ് അവൻ നമ്മെ രക്ഷിക്കാൻ വന്നത്. യേശുക്രിസ്തുവിന്റെ മരണത്തിലൂടെ ഇടയ്ക്കൊരു നിഴൽ പോലുമില്ലാതെ താനുമായി പരിപൂർണ്ണ ഏകതപുനഃസ്ഥാപിക്കുക എന്നതാണ് രക്ഷയുടെ അർത്ഥം.

നിങ്ങളോടു തന്നേയോ മറ്റാരോടെങ്കിലുമോ ഉള്ള സഹതാപം കൊണ്ടു വിശുദ്ധനായ ദൈവത്തിന് നിരക്കാത്ത യാതൊന്നും നിങ്ങൾ സമ്മതിച്ച് കൊടുക്കരുത്. ദൈവത്തിന്റെ സൂക്ഷ്മപരിശോധനയ്ക്ക് നിങ്ങളുടെ ജീവിതത്തിലെ ഓരോ സൂക്ഷ്മാംശവും വച്ചുകൊണ്ട് തിരുമുമ്പാകെയുള്ള നടപ്പിലും, നിങ്ങളുടെ വായിൽനിന്ന് വരുന്ന വാക്കുകളിലും നിങ്ങളുടെ മനസ്സിലെ ഓരോ ചിന്തയിലുമുള്ള ശുദ്ധിയാണ് വിശുദ്ധി എന്നതു കൊണ്ടുദ്ദേശിക്കുന്നത്. വിശുദ്ധി എന്നത് ദൈവം എനിക്ക് തരുന്നത് മാത്രമല്ല, ദൈവം എനിക്ക് തന്നതെന്താണെന്ന് ഞാൻ വെളിപ്പെടുത്തുന്നതും കൂടിയാണ്; ദൈവികദാനവും എന്റെ സാക്ഷ്യവും!!

## സെപ്റ്റംബർ 2

# ത്യാഗത്തിന്റെ കൂദാശ

**'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും'**

'എന്നിൽ വിശ്വസിക്കുന്നവന് ദൈവത്തിന്റെ പൂർണ്ണതയും അനുഗ്രങ്ങളും ലഭിക്കും' എന്നല്ല 'എന്നിൽ വിശ്വസിക്കുന്നവനിൽനിന്ന് അവന് ലഭിക്കുന്നതെല്ലാം പുറത്തേക്ക് പ്രവഹിക്കും' എന്നാണ് യേശു പറഞ്ഞത്. നമ്മുടെ കർത്താവ് പഠിപ്പിച്ചതെല്ലാം സ്വയം – പൂർത്തീകരണത്തിനെതിരായിരുന്നു. ഒരു വ്യക്തിയുടെ വികസനത്തിന് എതിരായിരുന്നില്ല അവന്റെ ഉദ്ദേശ്യം. ഒരു വ്യക്തിയെ, തന്നെപ്പോലെ ആക്കുക എന്നതായിരുന്നു അവന്റെ ഉദ്ദേശ്യം. ദൈവപുത്രന്റെ സ്വഭാവവിശേഷമാകട്ടെ സ്വയം ചെലവായിത്തീരുക. നാം യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നാം എന്താണ് നേടുന്നതെന്നല്ല, അവൻ നമ്മിലൂടെ എന്താണ് കോരിച്ചൊരിയുന്നത് എന്നതാണ് സാരമായ കാര്യം. ദൈവം വെറുതെ നമ്മെ നല്ല തുടുതുടുത്ത മുന്തിരിപ്പഴങ്ങളാക്കുകയല്ല, നമ്മിൽ നിന്ന് മാധുര്യം പിഴിഞ്ഞെടുക്കുകയാണ്. ആത്മീയമായി, വിജയത്താൽ നമുക്ക് നമ്മുടെ ജീവിതം അളക്കാൻ സാധിക്കുകയില്ല; ദൈവം നമ്മിൽ കോരിച്ചൊരിയുന്നതെന്താണോ അതിനാലാണ് നാം നമ്മുടെ ജീവിതം അളക്കുന്നത്; അതാവട്ടെ നമുക്ക് ഒട്ടും അളക്കാൻ കഴിയുകയുമില്ല.

ബേഥാന്യയിലെ മേരി സുഗന്ധലേപനത്തിന്റെ ഭരണി പൊട്ടിച്ച് യേശുവിന്റെ തലയിൽ പൂശിയപ്പോൾ ആരും അതിനൊരവസരം കണ്ടില്ല. അതൊരു നഷ്ടപ്പെടുത്തലായിരുന്നു എന്നാണ് ശിഷ്യന്മാർ പറഞ്ഞത്. എന്നാൽ യേശു മേരിയെ അവൾ ചെയ്ത ആ അതിധാരാളിത്തപ്രവൃത്തിയുടെ പേരിൽ അഭിനന്ദിച്ചു; 'സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും' എന്ന് യേശു പറഞ്ഞു. മേരി ചെയ്തതെന്തോ അതു നാം ചെയ്യുമ്പോൾ–സാമ്പത്തികവശത്തെക്കുറിച്ച് ചിന്തിക്കാതെ അവന് വേണ്ടി സ്വയം സമർപ്പിക്കുമ്പോൾ–നമ്മുടെ കർത്താവു സന്തോഷം കൊണ്ട് സ്വയം മറക്കുന്നു. ഈ ലോകം രക്ഷിക്കപ്പെടാനായി ദൈവം തന്റെ പുത്രന്റെ ജീവിതം കോരിച്ചൊരിഞ്ഞു. നാം നമ്മുടെ ജീവിതം അവന്റെ മുമ്പിൽ കോരിച്ചൊരിയാൻ തയ്യാറാണോ? 'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും,' അതായത് നൂറുകണക്കിന് മറ്റു ജീവിതങ്ങൾ നവോന്മേഷം പ്രാപിക്കും, നമ്മുടെ ജീവിതമാകുന്ന ഭരണി പൊട്ടിക്കാൻ, നമ്മുടെ തന്നേ സംതൃപ്തി തേടുന്നത് അവസാനിപ്പിക്കാൻ, അവന്റെ മുമ്പിൽ നമ്മുടെ ജീവിതം ഒഴുക്കിക്കളയാൻ സമയമായിരിക്കുന്നു. നമ്മിൽ ആര് അവന് വേണ്ടി അത് ചെയ്യും എന്ന് നമ്മുടെ കർത്താവ് ചോദിക്കുന്നു.

## സെപ്റ്റംബർ 3

# സംതൃപ്തിയുടെ ജലം ഒഴക്കുമ്പോൾ

**''കിണറ്റിൽനിന്നും വെള്ളം കോരി ദാവീദിന്റെ അടുക്കൽ കൊണ്ടുവന്നു; അവനോ അതു കുടിപ്പാൻ മനസ്സില്ലാതെ യഹോവയ്ക്ക് നിവേദിച്ചു''** (2 ശമുവേൽ 23:16).

'ബേത്‌ലഹേമിലെ കിണറ്റിൽ നിന്നുള്ള വെള്ളം' പോലെ എന്തായിരുന്നു ഈ അടുത്തകാലത്തു നിങ്ങൾക്കുണ്ടായിരുന്നത് – സ്നേഹം, സൗഹൃദം, ഏതെങ്കിലും ആത്മീയാനുഗ്രഹം? അതെന്ത് തന്നെയായാലും നിങ്ങളുടെ ആത്മാവിനെ തകരാറിലാക്കുന്ന അപകടത്തോടെ നിങ്ങൾ അതു നിങ്ങളെ സ്വയം സംതൃപ്തമാക്കാൻ ഏറ്റെടുത്തിരിക്കുകയാണോ? ആണെങ്കിൽ നിങ്ങൾക്കത് യഹോവയ്ക്കായി കോരിച്ചൊരിയാൻ സാധിക്കുകയില്ല. ദൈവത്തിന്റെ ഒരനുഗ്രഹത്താൽ നിങ്ങൾ സ്വയം തൃപ്തിപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിൽ, അത് നിങ്ങളെ വഷളാക്കും. നിങ്ങളുടെ സാമാന്യബുദ്ധി ഇത് നഷ്ടമാണ് എന്ന് നിങ്ങളോട് പറഞ്ഞാലും അത് നിങ്ങൾ ദൈവമുമ്പാകെ കോരിച്ചൊരിയുക.

സ്വാഭാവികസ്നേഹമോ ആത്മീയാനുഗ്രഹങ്ങളോ, എങ്ങനെയാണ് ഞാൻ ദൈവത്തിനായി കോരിച്ചൊരിയുക? അതിനൊരൊറ്റ വഴിയേ ഉള്ളൂ . അങ്ങനെ ചെയ്യുമെന്ന് മനസ്സുകൊണ്ട് ഞാൻ ദൃഢനിശ്ചയം ചെയ്യണം. നമുക്ക് ദൈവത്തെ അറിഞ്ഞുകൂടാ എങ്കിൽ മറ്റുള്ളവരുടെ ചില പ്രവൃത്തികളെ നമുക്കൊരിക്കലും സ്വീകരിക്കാൻ കഴിയുകയില്ല, കാരണം അവർക്ക് പ്രതിഫലം കൊടുക്കാൻ മാനുഷികമായി അസാദ്ധ്യമാണ്. എന്തെങ്കിലും ഒരുകാര്യം എനിക്ക് പ്രാപ്യമാകാത്ത വിധം വിശിഷ്ടമാണെങ്കിൽ, അതു സ്വീകരിക്കാൻ എനിക്ക് യോഗ്യതയില്ലെങ്കിൽ അതൊരു മനുഷ്യന് വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതേ അല്ലെങ്കിൽ, ഞാനത് ദൈവതിരുമുമ്പാകെ കോരിച്ചൊരിയണം. അല്ലെങ്കിൽ അതെന്നെയും ഞാൻ സ്നേഹിക്കുന്നവരെയും അപകടത്തിലാക്കും; കാരണം അതു കാമമായി, ആസക്തിയായി മാറും. നീചവും, നിന്ദ്യവുമല്ലാത്ത കാര്യങ്ങളിൽ പോലും നാം ആസക്തരാകുന്നു; കർത്താവിന് കോരിച്ചൊരിഞ്ഞ് കൊടുക്കുവാൻ തക്കവണ്ണം സ്നേഹം രൂപാന്തരപ്പെടണം

നിങ്ങൾക്ക് കയ്പും മടുപ്പും അനുഭവപ്പെടുന്നെങ്കിൽ അതിന് കാരണം ദൈവം നിങ്ങൾക്കൊരനുഗ്രഹം തന്നപ്പോൾ നിങ്ങൾ അതിൽ, നിങ്ങൾക്കായിത്തന്നെ പിടിച്ച് തൂങ്ങിയതു കൊണ്ടാണ്. നേരെമറിച്ച് അത് നിങ്ങൾ ദൈവമുമ്പാകെ കോരിച്ചൊരിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ ഈ ഭൂമിയിലെ ഏറ്റവും മധുരപ്രകൃതമുള്ള ആളാകുമായിരുന്നു. അനുഗ്രഹങ്ങൾ നിങ്ങൾക്കായിത്തന്നേ സദാ സൂക്ഷിക്കുകയാണെങ്കിൽ, ദൈവത്തിനായി യാതൊന്നും കോരിച്ചൊരിയാൻ നിങ്ങൾ പഠിക്കുകയില്ല; മറ്റാളുകൾക്ക് അവരുടെ ചക്രവാളം നിങ്ങളിലൂടെ വിപുലീകരിച്ച് കിട്ടുകയുമില്ല.

## സെപ്റ്റംബർ 4

# അവന്റേത്!

**'അവർ നിനക്കുള്ളവർ ആയിരുന്നു: നീ അവരെ എനിക്ക് തന്നു'**

**(യോഹന്നാൻ 17:6).**

'നിങ്ങൾ നിങ്ങൾക്കുള്ളവരല്ല' (1കൊരിന്ത്യൻ 6:19) എന്ന് പരിശുദ്ധാത്മാവ് മനസ്സിലാക്കിക്കൊടുക്കുന്നയാളാണ് സുവിശേഷപ്രവർത്തകൻ. ആത്മീയ ശ്രേഷ്ഠതയിലെ വലിയൊരു ഘട്ടമാണ് 'ഞാൻ എന്റേതല്ല' എന്ന് നാം പറയുന്ന അവസ്ഥ. നമ്മുടെ നിത്യജീവിതചിന്താക്കുഴപ്പങ്ങളിൽ, ആ ജീവിതത്തിന്റെ യഥാർത്ഥപ്രകൃതം വ്യക്തമാകുന്നത് നമ്മെത്തന്നേ പരമമായൊരു തീരുമാനത്താൽ മറ്റൊരാൾക്ക് സമർപ്പിക്കുമ്പോഴാണ്. ആ മറ്റൊരാൾ യേശുക്രിസ്തുവാണ്. ദൈവത്തിന്റെ ഷോകേസിൽ ഒരു ട്രോഫിയാകാനല്ല എന്റെ കർത്താവുമായി ഞാൻ ഒന്നാകാനാണ് പരിശുദ്ധത്മാവ് യേശുവിന്റെ പ്രകൃതം എനിക്ക് വ്യാഖ്യാനിച്ചും വിശദീകരിച്ചും തരുന്നത്. താൻ ആരാണെന്ന് പരിശുദ്ധാത്മശക്തിയാൽ, പുനരുത്ഥാനത്തിന് ശേഷം അവർ മനസ്സിലാക്കിയതിന് ശേഷമാണ് യേശു അവരോട് 'പോകുവിൻ' എന്ന് പറഞ്ഞത്.

'എന്റെ അടുക്കൽ വരുകയും അപ്പനെയും അമ്മയെയും, ഭാര്യയെയും മക്കളേയും സഹോദരനെയും സഹോദരിയെയും സ്വന്തജീവനെയും പകെക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ സാധിക്കുകയില്ല'. അവന് നല്ലവനും നേരുള്ളവനും ആയിരിക്കാൻ സാധിക്കുകയില്ല എന്നല്ല യേശു പറഞ്ഞത്; ''എന്റെ'' എന്ന് യേശുവിന് അവനെക്കുറിച്ച് പറയാൻ കഴിയുകയില്ല,. ഈ വാക്യത്തിൽ നമ്മുടെ കർത്താവ് പറയുന്ന ഏത് ബന്ധവും കർത്താവുമായുള്ള ബന്ധവുമായി മത്സരിച്ചേക്കാം. എനിക്ക് എന്റെ അമ്മയുടെയൊ ഭാര്യയുടെയോ എന്റെ തന്നേയോ സ്വന്തമായിരിക്കാം.എന്നാൽ അപ്പോൾ എനിക്ക് യേശുവിന്റെ ശിഷ്യനായിരിക്കാൻ സാധിക്കുകയില്ല. ഇതിനർത്ഥം ഞാൻ രക്ഷിക്കപ്പെടുകയില്ല എന്നല്ല; എനിക്ക് 'അവന്റേത്'ആയിത്തീരാൻ സാധിക്കുകയില്ല എന്നാണ്.

നമ്മുടെ കർത്താവ് ഒരു ശിഷ്യനെ തന്റെ സ്വന്തമാക്കുകയും അവനെ തനിക്ക് ഉത്തരവാദിയാക്കുകയും ചെയ്യുന്നു. '........ഭൂമിയുടെ അറ്റത്തോളവും നിങ്ങൾ എന്റെ സാക്ഷികൾ ആകും'. യേശുവിന് വേണ്ടി എന്തെങ്കിലും ചെയ്യുക എന്നതല്ല അവന് പരിപൂർണ്ണ ആനന്ദം ആകുക എന്നതാണ് ഒരു ശിഷ്യനിൽ വരുന്ന ആഗ്രഹം. 'ഞാൻ അവന്റേതാണ്, അവൻ തന്റെ ഉദ്ദേശ്യവും വേലയും എന്നിലൂടെ പൂർത്തിയാക്കുന്നു' എന്ന് പറയുന്നതാണ് ഒരു സുവിശേഷപ്രവർത്തകന്റെ രഹസ്യം.

പൂർണ്ണമായും അവന്റേത് ആകുക

## സെപ്റ്റംബർ 5

# യേശുവിനോടൊപ്പം ഉണർന്നിരിക്കുക

**'ഇവിടെ താമസിച്ച് എന്നോടുകൂടെ ഉണർന്നിരിപ്പിൻ' (മത്തായി 26.38).**

'എന്നോടു കൂടെ ഉണർന്നിരിപ്പിൻ' എന്ന് യേശു ആവശ്യപ്പെട്ടപ്പോൾ ഫലത്തിൽ അവൻ പറഞ്ഞത് ഇതായിരുന്നു. ''യാതൊരു സ്വകാര്യകാഴ്ചപ്പാടുമില്ലാതെ എന്നോടു കൂടെ മാത്രം ഉണർന്നിരിപ്പിൻ''. ആദ്യഘട്ടങ്ങളിൽ യേശുവിനോടൊപ്പമല്ല യേശുവിന് വേണ്ടിയാണ് നാം ഉണർന്നിരിക്കുന്നത്. നമ്മുടെ ജീവിത പരിതഃസ്ഥിതികളിൽപ്പോലും, വേദപുസ്തകത്തിലൂടെ വെളിപ്പെടുന്ന സത്യത്തിലൂടെയല്ല നാം കാര്യങ്ങൾ വീക്ഷിക്കുന്നത്. ഒരു 'ഗത്സെമന' അനുഭവത്തിലൂടെ താനുമായി നമ്മെ ഒന്നാക്കാനാണ് യേശു ശ്രമിക്കുന്നത്. നമ്മൾ പോകാതിരിക്കുകയും, ''വയ്യാ, കർത്താവേ, എനിക്കതിൽ ഒരു അർത്ഥവും കാണാൻ കഴിയുന്നില്ല. ഇതു കയ്പിന്റെ അനുഭവമാണ്'' എന്ന് പറയുകയും ചെയ്യുന്നു. നമുക്ക് ഒട്ടും മനസ്സിലാക്കാൻ കഴിയാത്ത ഒരാളുമായി നാം എങ്ങനെയാണ് ഉണർന്നിരിക്കുന്നത്? അവൻ എന്തുകൊണ്ടാണ് കഷ്ടത സഹിക്കുന്നതെന്ന് പോലും അറിയാതെ, യേശുവിന്റെ ഗത്സമെനയിൽ അവനോടൊപ്പം ഉണർന്നിരിക്കാൻ മാത്രം എങ്ങനെയാണ് നാം യേശുവിനെ വേണ്ടത്ര മനസ്സിലാക്കുക? അവനോടൊപ്പം ഉണർന്നിരിക്കാൻ നമുക്കറിഞ്ഞു കൂടാ. യേശു നമ്മോടൊപ്പം കാവലിരിക്കുന്ന ആശയവുമായിട്ടാണ് നമുക്ക് പരിചയം.

തങ്ങളുടെ സ്വാഭാവിക കഴിവിന്റെ അങ്ങേയറ്റം വരെ ശിഷ്യന്മാർ യേശുവിനെ സ്നേഹിച്ചു. എന്നാൽ അവർ അവന്റെ ഉദ്ദേശ്യം പൂർണ്ണമായി മനസ്സിലാക്കിയില്ല. ഗത്സമെന തോട്ടത്തിൽ തങ്ങളുടെ സ്വന്തം ദുഃഖത്തിന്റെ ഫലമായി അവർ ഉറങ്ങി; അവരുടെ ജീവിതത്തിലെ മൂന്നു വർഷക്കാലത്തെ ഏറ്റവും ഗാഢമായ ബന്ധത്തിനു ശേഷം 'അവർ  എല്ലാവരും അവനെ വിട്ട് ഓടിപ്പോയി'.

എന്നാൽ ഇതേ ''അവർ'' തന്നേ 'പരിശുദ്ധാത്മാവ് നിറഞ്ഞവരായി.....' ഇതിനിടയ്ക്ക് അത്ഭുതകരമായ ചിലത് –നമ്മുടെ കർത്താവിന്റെ മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം–നടന്നു. ശിഷ്യന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു 'എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്.................... എന്റെ സാക്ഷികൾ ആകും' തങ്ങളുടെ ജീവിതത്തിന്റെ ശേഷിച്ച ഭാഗം അവനോടൊപ്പം ഉണർന്നിരിക്കാൻ അവർ പഠിച്ചു എന്നതാണ് ഇതിനർത്ഥം.

## സെപ്റ്റംബർ 6

# അതിവിദൂരതയിലുമെത്തുന്ന ജീവനദികൾ

**'ജീവജലത്തിന്റെ നദികൾ' (യോഹന്നാൻ 7:38)**

ഒരു നദി, അതിന്റെ ഉറവിടം അറിയാത്ത പല സ്ഥലങ്ങളും സ്പർശിക്കുന്നു. യേശുവിന്റെ പൂർണ്ണത നാം സ്വീകരിച്ചാൽ, അതിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകുകയും, നമ്മുടെ ജീവിതത്തിന്റെ ദൃശ്യഫലങ്ങൾ എത്രതന്നേ ചെറുതായിരുന്നാലും, ആ നദികൾ 'ഭൂമിയുടെ അറ്റത്തോളം' അനുഗ്രഹങ്ങളായി എത്തിച്ചേരുകയും ചെയ്യുമെന്നാണ് യേശു പറയുന്നത്. ഈ മഹാപ്രവാഹത്തിൽ നമുക്കൊരു കാര്യവുമില്ല. 'ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ'. മറ്റുള്ളവർക്ക് താനെത്ര വലിയ അനുഗ്രഹമാണെന്ന് കാണാൻ ഒരു വ്യക്തിയെ വളരെ അപൂർവമായേ ദൈവം അനുവദിക്കാറുള്ളൂ

എല്ലാ തടസ്സങ്ങളെയും അതിജീവിച്ചുകൊണ്ട് ഒരു നദി വിജയകരമായി മുന്നോട്ട് പോകുന്നു. കുറേ നേരം അത് അതിന്റെ ഗതിയിൽ ഒഴുകിക്കൊണ്ടിരിക്കും, അപ്പോഴാകും ഒരു തടസ്സം വരുക. അല്പനേരം അതിന്റെ വഴി തടസ്സപ്പെടുന്നു. എന്നാൽ വൈകാതെ തടസ്സത്തെ ചുറ്റിക്കടന്ന് അത് തന്റെ വഴി കണ്ടെത്തുന്നു. അതുമല്ലെങ്കിൽ ഏതാനും മൈലുകളോളം ഒരു നദി അപ്രത്യക്ഷമാകുന്നു. എന്നാൽ പിന്നീടത് കുറേക്കൂടി വലുതും വിശാലവുമായി പ്രത്യക്ഷപ്പെടുന്നു. ഇതുപോലെ ദൈവം ചില ജീവിതങ്ങളെ ഉപയോഗിക്കുന്നത് നിങ്ങൾ കാണുന്നു. നിങ്ങളുടെ ജീവിതത്തിലേക്ക് ഒരു തടസ്സം കടന്ന് വരുകയും നിങ്ങളെക്കൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന് തോന്നുകയും ചെയ്യുമ്പോൾ സ്രോതസ്സിൽ ശ്രദ്ധിച്ചുകൊണ്ടേയിരിക്കുക. അപ്പോൾ ദൈവം ഒന്നുകിൽ നിങ്ങളെ ആ തടസ്സം ചുറ്റിക്കടത്തിവിടും, അല്ലെങ്കിൽ അത് നീക്കിത്തരും. ദൈവാത്മാവിന്റെ നദി എല്ലാ തടസ്സങ്ങളെയും അതിജീവിക്കുന്നു. ഒരിക്കലും ആ തടസ്സത്തിൽ അല്ലെങ്കിൽ വിഷമത്തിൽ നിങ്ങളുടെ കണ്ണുകൾ കേന്ദ്രീകരിക്കരുത്. സ്രോതസ്സിൽ തന്നേ ശ്രദ്ധ കേന്ദ്രീകരിക്കാൻ നിങ്ങൾ ഓർമ്മിക്കുമെങ്കിൽ, തടസ്സം ആ നദിക്ക് സാരമല്ലാത്തൊരു കാര്യമായിരിക്കുകയും അത് നിങ്ങളിലൂടെ നിരന്തരം ഒഴുകിക്കൊണ്ടിരിക്കുകയും ചെയ്യും. വികാരവും അനുഭവവും യാതൊന്നും നിങ്ങൾക്കും യേശുവിനുമിടയ്ക്ക് വരാൻ അനുവദിക്കരുത്. ആ വലിയ പരമോന്നത സ്രോതസ്സിൽ നിന്ന് നിങ്ങളെ യാതൊന്നും തടയരുത്.

സൗഖ്യദായകവും, വിദൂരതയോളമെത്തുകയും ചെയ്യുന്ന ആ നദികൾ നമ്മുടെ ആത്മാക്കളിൽ വളരുകയും സ്വയം പോഷിപ്പിക്കുകയും ചെയ്യുന്നതിനെക്കുറച്ച് ചിന്തിക്കുക. അത്ഭുതകരമായ സത്യങ്ങൾ നമ്മുടെ മനസ്സുകളിലേക്ക് ദൈവം തുറന്ന് തരുന്നു. അങ്ങനെ ദൈവം തുറന്നു തന്ന ഓരോ സത്യവും നമ്മിലൂടെ അവൻ ഒഴുക്കുന്ന നദിയുടെ വിശാലമായ ശക്തിയുടെ സൂചനയാണ്. നിങ്ങൾ യേശുവിൽ വിശ്വസിക്കുന്നെങ്കിൽ, മറ്റുള്ളവർക്ക് അനുഗ്രഹത്തിന്റെ കുതിച്ച് പായുന്ന നദികൾ ദൈവം നിങ്ങളിൽ വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നു നിങ്ങൾ കണ്ടെത്തും.

## സെപ്റ്റംബർ 7

# അനുഗ്രഹത്തിന്റെ ഉറവിടങ്ങൾ

**'ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവ യായിത്തീരും' (യോഹന്നാൻ 4:14).**

നമ്മുടെ കർത്താവ് ഇവിടെ തരുന്ന ചിത്രം ചെറിയൊരു അരുവിയുടേതല്ല, നിരന്തരം പ്രവഹിക്കുന്ന ഒരു ഉറവയുടേതാണ്. 'ആത്മാവ് നിറഞ്ഞവരായി' (എഫെസ്യർ 5:18) തുടരുക. അപ്പോൾ യേശുവിനോടുള്ള സജീവബന്ധത്തിന്റെ മധുരം തനിക്കു ലഭിച്ചത് പോലെ തന്നേ, ഒരു വിശുദ്ധനിൽ നിന്ന് പുറത്തേക്കൊഴുകും. നിങ്ങളുടെ ജീവിതം പുറത്തേയ്ക്ക് ഒഴുകുന്നില്ലെങ്കിൽ കുറ്റം നിങ്ങളുടെയാണ്. എന്തോ ഒന്ന് ഒഴുക്കിനെ തടഞ്ഞിരിക്കുന്നു. നിങ്ങൾ വ്യക്തിപരമായി അനുഗ്രഹിക്കപ്പെടുന്നതിനല്ല സ്രോതസ്സിൽ ശ്രദ്ധകേന്ദ്രീകരിച്ച് നില്ക്കാനാണ് യേശു നിങ്ങളോട് ആവശ്യപ്പെട്ടത്. നിങ്ങളിൽ നിന്ന് 'ജീവജലത്തിന്റെ നദികൾ' ഒഴുകാൻ നിങ്ങൾ സ്രോതസ്സിൽ, അടിച്ചമർത്താനാകാത്ത ജീവനിൽ, ശ്രദ്ധകേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

എല്ലാവർക്കും അനുഗ്രഹമായിത്തീരത്തക്കവിധം ജീവജലത്തിന്റെ നദികളായി യേശുവിന് നമ്മിലൂടെ ഒഴുകാൻ കഴിയുന്ന കേന്ദ്രങ്ങളായിത്തീരണം നാം. നമ്മിൽ ചിലർ എപ്പോഴും സ്വീകരിച്ചും ഒരിക്കലും കൊടുക്കാതിരിക്കുകയും ചെയ്യുന്ന ചാവുകടലിനെപ്പോലെയാണ്. കാരണം നാം കർത്താവായ യേശുവിനോട് ശരിയായി ബന്ധപ്പെടുന്നില്ല. നാം അവനിൽ നിന്ന് അനുഗ്രഹങ്ങൾ സ്വീകരിക്കുന്ന അത്ര ഉറപ്പോടെ അവൻ നമ്മിലൂടെ അനുഗ്രഹങ്ങൾ കോരിച്ചൊരിയും. എന്നാൽ അതേ അളവിൽ ആ അനുഗ്രഹങ്ങൾ പുറത്തേക്കൊഴുകുന്നില്ലെങ്കിൽ, കർത്താവുമായുള്ള നമ്മുടെ ബന്ധത്തിൽ എന്തോ തകരാറുണ്ട്. യേശുക്രിസ്തുവിനും നിങ്ങൾക്കുമിടയിൽ എന്തെങ്കിലും പ്രശ്നമുണ്ടോ? അവനിലുള്ള നിങ്ങളുടെ വിശ്വാസത്തെ എന്തെങ്കിലും തടസ്സപ്പെടുത്തുന്നുണ്ടോ? ഇല്ലെങ്കിൽ നിങ്ങളിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകുമെന്ന് യേശു പറയുന്നു. നിങ്ങൾ മറ്റാർക്കെങ്കിലും കൈമാറുന്ന ഒരനുഗ്രഹമോ മറ്റാരെങ്കിലുമായി പങ്കിടുന്ന ഒരനുഭവമോ അല്ലിത്. ഇത് നിങ്ങളിലൂടെ നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു നദിയാണ്. യേശുക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസത്തെയും, യേശുക്രിസ്തുവിനോടുള്ള നിങ്ങളുടെ ബന്ധത്തെയും കാത്തു സൂക്ഷിച്ചുകൊണ്ട് സ്രോതസ്സിൽ നിലകൊള്ളുക. നിങ്ങളിൽ നിന്ന് മറ്റു ജീവിതങ്ങളിലേക്ക് നിരന്തരമായ ഒഴുക്കുണ്ടാകും, വരൾച്ചയോ, മൃതാവസ്ഥയോ ഒന്നുമുണ്ടാകില്ല.

ഒരു വിശ്വാസിയിൽ നിന്ന് നദികൾ ഒഴുകും എന്ന് പറയുന്നത് അല്പം കൂടിപ്പോകുന്നോ? നിങ്ങൾ നിങ്ങളെത്തന്നേ നോക്കി 'ഞാൻ നദികൾ കാണുന്നില്ല' എന്ന് പറയുകയാണോ? മറഞ്ഞിരിക്കുന്നവരിൽ നിന്ന്, അറിയപ്പെടാത്തവരിൽ നിന്ന്, അവഗണിക്കപ്പെട്ടവരിൽ നിന്ന്, എന്നാൽ യേശുക്രിസ്തുവിനോട് വിശ്വസ്തരായി ഉറച്ചു നില്ക്കുന്നവരിൽ നിന്നാണ് അവന്റെ അനുഗ്രഹനദി തുടങ്ങിയിട്ടുള്ളതെന്ന് നിങ്ങൾ കണ്ടെത്തും.

## സെപ്റ്റംബർ 8

# നിങ്ങളത് സ്വയം ചെയ്യുക

**'അവയാൽ ഞങ്ങൾ സങ്കല്പങ്ങളും, ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധ മായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ച് കളഞ്ഞ് ഏത് വിചാരത്തെയും ക്രി സ്തുവിനോടുള്ള അനുസരണത്തിനായിട്ട് പിടിച്ചടക്കി,........' 2കൊരിന്ത്യർ 10:5**

പാപത്തിൽ നിന്നുള്ള മോചനം മനുഷ്യപ്രകൃതത്തിൽ നിന്നുള്ള മോചനമല്ല. മുൻവിധികളെ എന്ന പോലെ, ഒരു വിശുദ്ധന് വെറും അവഗണനകൊണ്ട് ദുരീ കരിക്കാവുന്ന ദോഷങ്ങളുണ്ട്. എന്നാൽ ആക്രമിച്ച് നശിപ്പിക്കേണ്ട, അതായത് ദൈവാത്മാവ് തരുന്ന ദൈവികശക്തിയിലൂടെ നശിപ്പിക്കേണ്ട മറ്റ് കാര്യങ്ങളുമു ണ്ട്. വെറുതെ നിന്ന് ദൈവത്തിന്റെ രക്ഷ കാണേണ്ടതായ കാര്യങ്ങളുണ്ട്, എന്നാൽ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിനെതിരെ സ്വയം ഉയരുന്ന ഓരോ തത്ത്വ ത്തെയും ചിന്തയെയും നിശ്ചയദാർഢ്യത്തോടെ മനുഷ്യശ്രമത്തിലൂടെയോ വിട്ട് വീ ഴ്ചയിലൂടെയോ അല്ല, ദൈവശക്തിയിലൂടെ തന്നേ (2 കൊരിന്ത്യർ10 :4) വേണം തകർക്കാൻ.

പോരാട്ടം തുടങ്ങുന്നത് ദൈവം നമ്മുടെ പ്രകൃതത്തെ രൂപാന്തരപ്പെടുത്തുകയും നാം വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്ക് കടക്കുകയും ചെയ്യുമ്പോൾ മാ ത്രമാണ്. യുദ്ധം പാപത്തിനെതിരെയല്ല. നമുക്കൊരിക്കലും പാപത്തിനെതിരെ പോരാടാൻ കഴിയുകയില്ല. നമ്മുടെ വീണ്ടെടുപ്പിലൂടെ യേശുക്രിസ്തു പാപത്തെ കീഴടക്കിയിരിക്കുന്നു. നമ്മുടെ ഭൗതികജീവിതത്തെ ആത്മീയ ജീവിതമാക്കി മാറ്റുന്ന തിനാണ് പോരാട്ടം. ഇതത്ര എളുപ്പം ചെയ്യപ്പെടുന്ന കാര്യമല്ല; ദൈവം അങ്ങനെ യൊട്ട് ഉദ്ദേശിച്ചിട്ടുമില്ല. അത് ഒരു കൂട്ടം ധാർമ്മികമായ തീരുമാനങ്ങളിലൂടെയാണ് പൂർത്തിയാക്കപ്പെടുന്നത്. നമ്മുടെ സ്വഭാവത്തെ വിശുദ്ധമാക്കുന്ന അർത്ഥത്തിലല്ല ദൈവം നമ്മെ വിശുദ്ധരാക്കുന്നത്. നാം നടത്തുന്ന കൂറേ ധാർമ്മിക തെരഞ്ഞെടു പ്പുകളിലൂടെ ആ നിഷ്കളങ്കതയെ ഒരു വിശുദ്ധസ്വഭാവമാക്കി മാറ്റണം. ദൈവത്തെ ക്കുറിച്ചുള്ള നമ്മുടെ പരിജ്ഞാനത്തിനെതിരെ സ്വയം ഉയരുന്ന വൻ തടസ്സങ്ങളായ കാര്യങ്ങൾ—നമ്മുടെ ഭൗതികജീവിതത്തിന്റെ ആഴത്തിലുറച്ച കാര്യങ്ങൾ —തന്നേ യാണ് നമ്മുടെ ധാർമ്മികതീരുമാനങ്ങൾക്ക് നേരെ നിരന്തരം എതിർപ്പും ശത്രുതയും വരുത്തുന്നത്. നാം പിന്മാറ്റക്കാരും ദൈവരാജ്യത്തിന് അയോഗ്യരും ആയിപ്പോകാ നുള്ള സാധ്യത ഏറെയുണ്ട്. അല്ലെങ്കിൽ നമുക്ക് ഇവയെ എല്ലാം തകർക്കുകയും ''കർത്താവു തേജസ്സിലേക്കു നയിക്കുന്ന അനേകം പുത്രന്മാരിൽ ഉൾപ്പെടുകയും'' ചെയ്യാം.

## സെപ്റ്റംബർ 9

# നിങ്ങളത് സ്വയം ചെയ്യുക

**'................ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ച് കളഞ്ഞ് ഏത് വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ട് പിടിച്ചടക്കി..................' (2 കൊരിന്ത്യർ 10:5).**

വിശുദ്ധപദവിയുടെ ക്ലേശകരമായ പ്രകൃതത്തിന്റെ ഒരു വശമാണ് ഈ വാക്യത്തിൽ കാണിച്ചിരിക്കുന്നത്. ഈ വാക്യത്തിന്റെ മോഫറ്റ് വേദപുസ്തക വിവർത്തനത്തിൽ 'ക്രിസ്തുവിനോടുള്ള അനുസരണത്തിനായി ഓരോ പദ്ധതിയെയും കീഴ്പ്പെടുത്തുന്നു'' എന്ന് നാം വായിക്കുന്നു. ഇന്ന് വളരെയധികം ക്രിസ്തീയ വേല ശിക്ഷണത്തിന് വിധേയമാകാതെ, വെറും പ്രചോദനത്തിൽ നിന്നുറവെടുക്കുന്നത് നാം കാണുന്നു. നമ്മുടെ കർത്താവിന്റെ ജീവിതത്തിൽ തന്റെ പിതാവിന്റെ ഹിതത്തിൽ നിന്ന് വ്യത്യസ്തമായി തന്റെ ഹിതത്തെ പിന്തുടരാനുള്ള യാതൊരു പ്രവണതയും ഇല്ലായിരുന്നു. 'പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വതവെ ഒന്നും ചെയ്യാൻ കഴിയുകയില്ല'. ഇനി നമ്മുടെ കാര്യം എടുക്കുക. ക്രിസ്തുവിനെ അനുസരിക്കാൻ നമ്മെ കീഴ്പ്പെടുത്തുകയും ശിക്ഷണത്തിൽ കൊണ്ടുവരുകയും ചെയ്യുന്നതിനു പകരം നൈമിഷിക പ്രചോദനത്തിൽ നമുക്കുണ്ടാകുന്ന ഓരോ ചിന്തയെയും പദ്ധതിയെയും ഏറ്റെടുത്ത് നാം പ്രവർത്തനത്തിലേക്ക് എടുത്ത് ചാടുന്നു.

പ്രായോഗിക പ്രവർത്തനത്തിന് അമിതമായ ഊന്നൽ നല്കുന്നൊരു കാലഘട്ടമാണിത്. വിപരീതങ്ങളെ കീഴ്പ്പെടുത്തുന്ന വിശുദ്ധന്മാരെ വിമർശിക്കുകയും അവരോടു അവർ നിശ്ചയദാർഢ്യമില്ലാത്തവരാണെന്നും ദൈവത്തെക്കുറിച്ചും മനുഷ്യാത്മാക്കളെക്കുറിച്ചുമുള്ള തീക്ഷ്ണമായ ഉത്സാഹമില്ലാത്തവരാണെന്നും പറയുകയും ചെയ്യുന്നു. നമ്മുടെ തന്നേ അശിക്ഷിതവും അച്ചടക്കമില്ലാത്തതുമായ പ്രകൃതത്തിൽ നിന്നുയരുന്ന ദൈവികസേവനമെന്ന തോന്നലിലല്ല ദൈവത്തെ അനുസരിക്കുന്നതിലാണ് യഥാർത്ഥ നിശ്ചയദാർഢ്യവും ആവേശവും ഉൾപ്പെട്ടിരിക്കുന്നത്. വിശുദ്ധന്മാർ ഓരോ ചിന്തയെയും പദ്ധതിയെയും കീഴ്പ്പെടുത്തുന്നതിനു പകരം സ്വന്തം മനുഷ്യപ്രകൃതത്താൽ പ്രേരിതവും, ആത്മീയമാക്കപ്പെടാത്തതുമായ ജോലി ചെയ്യുകയാണ് എന്നത് ദുഃഖകരമത്രേ.

മനുഷ്യൻ തന്റെ രക്ഷയ്ക്കായി മാത്രമല്ല, ദൈവത്തെയും ലോകത്തെയും പാപത്തെയും, പിശാചിനെയും കുറിച്ചുള്ള കർത്താവിന്റെ കാഴ്ചപ്പാടിനോടും കടപ്പെട്ടിരിക്കുന്നു. ഓരോ മനുഷ്യനും 'ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും, പ്രസാദവും, പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതാണ്".

മനസ്സ് പുതുക്കി രൂപാന്തരപ്പെടുവാനുള്ള ഉത്തരവാദിത്വം നാം തിരിച്ചറിയണം.

## സെപ്റ്റംബർ 10

# സുവിശേഷപ്രവർത്തകരുടെ ആയുധങ്ങൾ

**'നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു'**

**(യോഹന്നാൻ 1:48)**

### ദൈനംദിന അവസരങ്ങളിലുള്ള ആരാധന

ഒരു വലിയ പ്രതിസന്ധി ഉണ്ടായാലും അതു നമ്മെ ബാധിക്കുകയില്ല എന്നാണ് നമ്മുടെ അനുമാനം. ഒരു പ്രതിസന്ധി നമ്മൾ ആരാണെന്ന് വെളിപ്പെടുത്തുന്നു 'ദൈവം എന്നെ പോരാട്ടത്തിന് വിളിച്ചാൽ ഞാൻ അവസരത്തിനൊത്ത് ഉയരും' എന്ന് നിങ്ങൾ പറയാറുണ്ടോ? എന്നാൽ ദൈവത്തിന്റെ പരിശീലനക്കളരിയിൽ അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ നിങ്ങൾ അവസരത്തിനൊത്ത് ഉയരുകയില്ല. ദൈവം രൂപകല്പന ചെയ്ത നിങ്ങളുടെ തൊട്ടു മുമ്പിലുള്ള ജോലി ഇപ്പോൾ ചെയ്യുന്നില്ലെങ്കിൽ, പ്രതിസന്ധിയുണ്ടാകുമ്പോൾ, പോരാട്ടത്തിന് യോഗ്യമാകുന്നതിന് പകരം, അയോഗ്യനാണ്/അയോഗ്യയാണ് നിങ്ങളെന്ന് വെളിപ്പെടും. പ്രതിസന്ധികൾ എപ്പോഴും ഒരു മനുഷ്യന്റെ യഥാർത്ഥസ്വഭാവം വെളിപ്പെടുത്തുന്നു.

ദൈവത്തെ ആരാധിക്കുന്നതിൽ ഒരു സ്വകാര്യബന്ധമാണ് ആത്മീയയോഗ്യതയുടെ ഏറ്റവും വലിയ അടിസ്ഥാനഘടകം. ഈ വേദഭാഗത്ത് നഥനയേലിന്റെ അനുഭവം പോലെ ആ സ്വകാര്യ 'അത്തിവൃക്ഷാ'നുഭവം അസാദ്ധ്യമാകുന്ന ഒരു കാലം വരും. നിങ്ങളുടെ സ്വന്തം വീട്ടിലെ ദൈനംദിനാവസരങ്ങളിൽ നിങ്ങൾ ദൈവത്തെ ആരാധിച്ച് വരുകയായിരുന്നില്ലെങ്കിൽ, എല്ലാം പുറത്ത് വരികയും അവിടെ നിങ്ങൾ ഒരു മൂല്യവുമില്ലാത്തവനാണെന്ന് സ്വയം കണ്ടെത്തുകയും ചെയ്യും. ദൈവവുമായുള്ള സ്വകാര്യബന്ധത്തിലെ നിങ്ങളുടെ ആരാധന ശരിയാണെങ്കിൽ, ദൈവം നിങ്ങളെ സ്വതന്ത്രനാക്കുകയും നിങ്ങൾ തയ്യാറായിരിക്കുകയും ചെയ്യും: കാരണം ദൈവമൊഴികെ മറ്റൊരും കാണാത്ത രഹസ്യജീവിതത്തിൽ നിങ്ങൾ പൂർണ്ണമായും യോഗ്യതയുള്ള ആളായിത്തീർന്നിരിക്കുന്നു: അതുകൊണ്ട് പ്രതിസന്ധിയുടെ ആയാസം വരുമ്പോൾ നിങ്ങൾക്ക് ദൈവത്തിൽ ആശ്രയിക്കാം.

''എന്റെ ഇപ്പോഴത്തെ പരിതഃസ്ഥിതികളിൽ എനിക്കൊരു വിശുദ്ധീകരിക്കപ്പെട്ട ജീവിതം നയിക്കാൻ കഴിയുകയില്ല, പ്രാർത്ഥനയ്ക്കോ വേദപുസ്തകപഠനത്തിനോ എനിക്ക് സമയമില്ല, കൂടാതെ പോരാട്ടത്തിനുള്ള അവസരം ഇത് വരെ വന്നിട്ടില്ല; അതു വരുമ്പോൾ തീർച്ചയായും ഞാൻ തയ്യാറായിരിക്കും' എന്ന് നിങ്ങൾ പറയുകയാണോ? ഇല്ല നിങ്ങൾ തയ്യാറായിരിക്കുകയില്ല. നിത്യജീവിതത്തിലെ ഓരോരോ അവസരങ്ങളിൽ നിങ്ങൾ ദൈവത്തെ ആരാധിക്കുന്നില്ലായിരുന്നെങ്കിൽ, നിങ്ങൾ ദൈവവേലയിലേർപ്പെടുമ്പോൾ നിങ്ങളെക്കൊണ്ടു പ്രയോജനമുണ്ടാകുകയില്ലെന്ന് മാത്രമല്ല, നിങ്ങൾക്ക് ചുറ്റുമുള്ളവർക്ക് നിങ്ങൾ ഒരു തടസ്സമാകുകയും ചെയ്യും

സുവിശേഷപ്രവർത്തകരുടെ ആയുധങ്ങൾ കണ്ടെത്തുന്ന ദൈവത്തിന്റെ പരിശീലനക്കളരിയിൽ വിശുദ്ധന്റെ സ്വകാര്യ ആരാധനജീവിതം ഒളിഞ്ഞിരിക്കുന്നു.

## സെപ്റ്റംബർ 11

# സുവിശേഷപ്രവർത്തകരുടെ ആയുധങ്ങൾ

**'കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാല് കഴുകി എങ്കിൽ നിങ്ങളും തമ്മിൽത്തമ്മിൽ കാല് കഴുകേണ്ടതാകുന്നു' (യോഹന്നാൻ 13:14).**

### ദൈനംദിനജീവിതാവസരങ്ങളിലെ ശുശ്രൂഷകൾ

നമുക്ക് ചുറ്റുമുള്ള, ദൈനംദിനജീവിതാവസരങ്ങളിൽ ശുശ്രൂഷകൾ ചെയ്യുക എന്നതിനർത്ഥം നാം നമ്മുടെ ചുറ്റുപാടുകൾ തെരഞ്ഞെടുക്കുന്നു എന്നല്ല. ദൈവം നമുക്കായി രൂപകല്പന ചെയ്തിട്ടുള്ള യാദൃച്ഛികമെന്ന് തോന്നുന്ന നമ്മുടെ ചുറ്റുപാടുകളിൽ നമുക്ക് ഉപയോഗിക്കാനുള്ള പ്രത്യേകാവസരങ്ങൾ ലഭ്യമാണ് എന്നാണിതിനർത്ഥം. നമ്മുടെ ചുറ്റുപാടുകളിൽ നാം വെളിപ്പെടുത്തുന്ന സ്വഭാവവിശേഷങ്ങൾ മറ്റു ചുറ്റുപാടുകളിൽ നാം എന്തായിരിക്കും എന്നതിന്റെ സൂചനകളാണ്.

യേശുക്രിസ്തു ചെയ്ത കാര്യങ്ങൾ ഏറ്റവും താണതും സാധാരണവുമായ ജോലികളായിരുന്നു. ദൈവത്തിന്റേതായ രീതിയിൽ ഏറ്റവും സാധാരണ ജോലികൾ പൂർത്തീകരിക്കാൻ എന്നിലുള്ള സർവ ദൈവശക്തിയും വേണം എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. യേശു ഉപയോഗിച്ചതുപോലെ എനിക്കൊരു തോർത്ത് ഉപയോഗിക്കാൻ കഴിയുമോ? തോർത്തുകളും, പാത്രങ്ങളും ചെരിപ്പുകളും അതുപോലെ മറ്റ് നിസ്സാര വസ്തുക്കളും മറ്റെന്തിനേക്കാളും വേഗത്തിൽ നമ്മുടെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. നമ്മളിൽ അവതരിച്ചിരിക്കുന്ന സർവശക്തനായ ദൈവത്തിൽ മാത്രമേ ഏറ്റവും താണ ജോലി അത് ചെയ്യേണ്ടതുപോലെ ചെയ്യാൻ കഴിയൂ.

''ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു''. നിങ്ങൾക്ക് ചുറ്റും ദൈവം കൊണ്ടുവരുന്ന ആളുകളെ ശ്രദ്ധിക്കുക. ദൈവതിരുമുമ്പാകെ നിങ്ങൾ ഏത് തരത്തിലുള്ള ആളായിരുന്നുവെന്ന് നിങ്ങൾക്ക് വെളിപ്പെടുത്തിത്തരാനുള്ള ദൈവത്തിന്റെ വഴിയാണിതെന്ന് മനസ്സിലാകുമ്പോൾ നിങ്ങൾക്ക് ലജ്ജ തോന്നും. അവൻ നമ്മിൽ വെളിപ്പെടുത്തിയിരിക്കുന്നതെന്തോ അത് നാം നമുക്ക് ചുററുമുള്ളവർക്ക് ഇപ്പോൾ വെളിപ്പെടുത്തണമെന്നാണ് ദൈവം പറയുന്നത്.

'ഓ, വിദേശരംഗത്തേക്ക് പോകുമ്പോൾ ഞാനെല്ലാം ചെയ്യും' എന്ന് നിങ്ങൾ പറയും. യുദ്ധക്കളത്തിലെ കിടങ്ങുകളിൽ വെച്ച് വെടിക്കോപ്പുകളുണ്ടാക്കാൻ ശ്രമിക്കുന്നത് പോലെയാണ് ഇത്തരത്തിലുള്ള പറച്ചിൽ. അങ്ങനെ ചെയ്യാൻ ശ്രമിക്കുന്നതിനിടെ നിങ്ങൾ കൊല്ലപ്പെടും.

ദൈവത്തോടൊപ്പം ഒരു കാതം കൂടുതൽ നാം പോകേണ്ടതുണ്ട് (മത്തായി 5:41 കാണുക) എന്നാൽ നമ്മിൽച്ചിലർ ആദ്യത്തെ പത്ത് ചുവട് നടക്കുമ്പോൾ തളർന്നുപോകുന്നു; കാരണം മുന്നോട്ടുള്ള വഴികാണാതെ നടക്കാൻ ദൈവം നമ്മെ നിർബന്ധിക്കുന്നു. ''വലിയ പ്രതിസന്ധിക്കടുത്തെത്തും വരെ ഞാൻ കാത്തിരിക്കാം'' എന്ന് നാം പറയുന്നു. എന്നാൽ നിത്യജീവിതാവസരങ്ങളിൽ നാം നിരന്തരം ശുശ്രൂഷ ചെയ്യുന്നില്ലെങ്കിൽ പ്രതിസന്ധി വരുമ്പോൾ നാം ഒന്നും ചെയ്യുകയില്ല.

## സെപ്റ്റംബർ 12

# ആത്മീയ ചിന്താക്കുഴപ്പത്തിലൂടെ

**'നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്ന് നിങ്ങൾ അറിയുന്നില്ല' (മത്തായി 20 :22)**

ആത്മീയ ജീവിതത്തിൽ ചിന്താക്കുഴപ്പങ്ങളുണ്ടാകുന്ന സമയങ്ങളുണ്ട്. അങ്ങനെ ചിന്താക്കുഴപ്പത്തിൽപ്പെടരുത് എന്ന് വെറുതെ പറയുന്നതല്ല അതിൽ നിന്ന് പുറത്ത് കടക്കാനുള്ള വഴി. അത് ശരിയുടെയോ തെറ്റിന്റെയോ പ്രശ്നമല്ല, തൽക്കാലം നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്തൊരു വഴിയിലൂടെ ദൈവം നിങ്ങളെ കടത്തിക്കൊണ്ടുപോകുന്നു: ആ ചിന്താക്കുഴപ്പത്തിലൂടെ കടന്ന് പോയാൽ മാത്രമേ ദൈവം ആഗ്രഹിക്കുന്നത് നിങ്ങൾക്ക് കിട്ടുകയുള്ളു.

**അവന്റെ മറഞ്ഞു നില്ക്കുന്ന സൗഹൃദം (ലൂക്കോസ് 11:5–8)**

തന്റെ കൂട്ടുകാരനെക്കുറിച്ച് ഒരു കരുതലുമില്ല എന്ന് തോന്നിപ്പിക്കുന്ന ഒരു മനുഷ്യന്റെ ദൃഷ്ടാന്തമാണ് യേശു ഇവിടെ നല്കുന്നത്. ഇങ്ങനെയായിരിക്കും ചില നേരങ്ങളിൽ സ്വർഗ്ഗസ്ഥനായ പിതാവിനെക്കുറിച്ച് നിങ്ങൾക്ക് തോന്നുക എന്ന് യേശു പറഞ്ഞു. അവൻ കരുണയില്ലാത്തൊരു സുഹൃത്താണെന്ന് നിങ്ങൾക്ക് തോന്നും. പക്ഷെ അങ്ങനെയല്ല. എല്ലാം വിശദീകരിക്കപ്പെടുന്ന ഒരു സമയം വരും. നമ്മുടെ സ്നേഹബന്ധങ്ങളിന്മേൽ ഒരു മേഘം വന്നതു പോലെ തോന്നും. കൂറേക്കൂടി പൂർണ്ണമായ കൂട്ടായ്മയ്ക്കും ഹൃദയൈക്യത്തിനും സ്നേഹത്തിന് തന്നെയും കണ്ണീരിലും വേദനയിലും കാത്തിരിക്കേണ്ടി വരും. ദൈവം പാടെ മറഞ്ഞിരിക്കുന്നതുപോലെ തോന്നുമ്പോഴും അവനിൽ പൂർണ്ണവിശ്വാസത്തോടെ നിങ്ങൾ പിടിച്ച് തൂങ്ങുമോ?

**അവന്റെ പിതൃത്വത്തിന്റെ നിഴൽ (ലൂക്കോസ്11:11–13)**

കർക്കശനും ഉദാസീനനുമാണെന്ന മട്ടിൽ, അസാധാരണനായ ഒരു പിതാവായി നിങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവ് ചില നേരങ്ങളിൽ കാണപ്പെടും എന്നാണ് യേശു ഇവിടെ പറയുന്നത്. എന്നാൽ അവൻ അങ്ങനെയല്ല എന്നോർത്ത് കൊള്ളുക. 'യാചിക്കുന്ന ഏവനും ലഭിക്കും'. ഇപ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖത്ത് ഒരു നിഴലുണ്ടെങ്കിലും നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കാൻ അവൻ അനുവദിച്ച സർവകാര്യങ്ങളെക്കുറിച്ചും അവൻ നിങ്ങൾക്ക് വ്യക്തമായ ധാരണയും, താൻ ചെയ്തതിന്റെ നീതീകരണവും നല്കും.

**അവന്റെ വിശ്വസ്തതയുടെ വിചിത്രസ്വഭാവം (ലൂക്കോസ് 18:1)**

'എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?' ചിന്താക്കുഴപ്പമുണ്ടായാലും തന്നിൽ ആശ്രയിക്കുന്ന, അഭയം തേടുന്ന വിശ്വാസം അവൻ കണ്ടെത്തുമോ? ദൈവം എന്താണ് ചെയ്യുന്നതെന്ന് ഇപ്പോൾ മനസ്സിലായില്ലെങ്കിലും യേശു പറഞ്ഞത് സത്യമാണെന്ന് വിശ്വസിച്ച് മാറി നില്ക്കുക. നിങ്ങൾ ചോദിക്കുന്ന ആ പ്രത്യേക കാര്യങ്ങളെക്കാളും എത്രയോ വലിയ പ്രശ്നങ്ങൾ അവന്റെ മുമ്പിലുണ്ട്!

# സെപ്റ്റംബർ 13

## കീഴടങ്ങലിന് ശേഷം എന്ത്?

**'നീ എനിക്കായ് ചെയ്‌വാൻ തന്ന പ്രവൃത്തി തികെച്ചിരിക്കുന്നു'**

**(യോഹന്നാൻ 17:4).**

യഥാർത്ഥ കീഴടങ്ങൽ എന്നത് നമ്മുടെ ഇച്ഛയുടെ (സ്വഹിതത്തിന്റെ) കീഴടങ്ങലാണ്. അത് ചെയ്തുകഴിഞ്ഞാൽ എല്ലാം ചെയ്യപ്പെട്ടിരിക്കുന്നു, കീഴടങ്ങൽ പൂർത്തിയായിരിക്കുന്നു. ജീവിതത്തിൽ വളരെ കുറച്ച് പ്രതിസന്ധികളേയുള്ളൂ. ഇച്ഛയുടെ കീഴടങ്ങലാണ് ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധി. ഒരു മനുഷ്യന്റെ ഇച്ഛയെ അവൻ സമർപ്പിക്കണമെന്ന് ദൈവം ഒരിക്കലും നിർബ്ബന്ധിക്കുന്നില്ല, നമ്മോട് യാചിക്കുന്നുമില്ല. ഒരു മനുഷ്യൻ സ്വയം അത് ചെയ്യുന്നത് വരെ ദൈവം ക്ഷമയോടെ കാത്തിരിക്കുന്നു. ആ യുദ്ധം ഒരാൾ ജയിച്ച് കഴിഞ്ഞാൽ പിന്നെയൊരിക്കലും പോരാടേണ്ടിവരുകയില്ല.

മോചനത്തിനായി കീഴടങ്ങുക. 'എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും'. രക്ഷ യഥാർത്ഥത്തിൽ എന്താണെന്ന് അനുഭവിച്ച് തുടങ്ങിയശേഷമാണ് നാം നമ്മുടെ ഇച്ഛയെ യേശുവിന്റെ മുമ്പാകെ സമർപ്പിക്കുന്നത്. നമ്മിൽ അനിശ്ചിതത്വബോധമുളവാക്കുന്നതെന്തും നമ്മുടെ ഇച്ഛ സമർപ്പിക്കാനുള്ള ആഹ്വാനമാണ്. 'എന്റെ അടുക്കൽ വരുവിൻ' അത് സ്വമനസ്സാലേയുള്ള വരവാണ്.

ഭക്തിക്കു വേണ്ടി കീഴടങ്ങുക 'ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛരിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ'. ഇവിടെ എന്റെ ജീവിതകേന്ദ്രത്തിൽ അവന്റെ ആശ്വാസം അനുഭവിച്ച് കൊണ്ട്, അവനിൽ വിശ്രമിച്ചു കൊണ്ട് എന്നിലെ 'ഞാൻ' കീഴടങ്ങുന്നു. ''നിങ്ങൾക്ക് എന്റെ ശിഷ്യനാകണമെങ്കിൽ നിങ്ങൾ എനിക്കായി നിങ്ങളെ സ്വയം ത്യജിക്കണം. പിന്നെ നിങ്ങളുടെ ജീവിതത്തിന്റെ ശേഷിച്ച ഭാഗം ആ കീഴടങ്ങലിന്റെ വെളിപ്പെടുത്തലല്ലാതെ മറ്റൊന്നുമല്ല. പിന്നെയൊരിക്കലും ജീവിതത്തിൽ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് നിങ്ങൾ വ്യാകുലപ്പെടേണ്ടതില്ല''. നിങ്ങളുടെ ജീവിത പരിതഃസ്ഥിതികൾ എന്ത് തന്നേയായിരുന്നാലും യേശുക്രിസ്തു അതിനെല്ലാം മതിയായവനത്രേ (2 കൊരിന്ത്യർ 12:9; ഫിലിപ്യർ 4:19)

മരണത്തിനായി കീഴടങ്ങുക. 'വയസ്സനായശേഷം നീ കൈനീട്ടുകയും മറ്റൊരുത്തൻ നിന്റെ അരകെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തേയ്ക്ക് നിന്നെ കൊണ്ടുപോകുകയും ചെയ്യും' (യോഹന്നാൻ 21:18). 'മരണത്തിനായി അരയ്ക്ക് കെട്ടപ്പെടുക എന്നു പറയുന്നതിന്റെ അർത്ഥം നിങ്ങൾക്കറിയാമോ? നിങ്ങളുടെ ജീവിതത്തിലെ ഒരു സന്തോഷാധിക്യത്തിന്റെ നിമിഷത്തിൽ നിങ്ങൾ നടത്തുന്ന ഒരു കീഴടങ്ങലിനെ സൂക്ഷിച്ചു കൊൾക; നിങ്ങൾ അതിൽ നിന്ന് പിൻവാങ്ങാനിടയുണ്ട്. ദൈവത്തിന്റെ ആകർഷണം ഒഴികെ മറ്റൊന്നും നിങ്ങളെ ആകർഷിക്കാതിരിക്കാൻ 'അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിക്കുന്ന' കീഴടങ്ങലാണ് യഥാർത്ഥ കീഴടങ്ങൽ. (റോമർ 3:5)

കീഴടങ്ങിക്കഴിഞ്ഞാൽ – പിന്നെ എന്ത്? നിങ്ങളുടെ ജീവിതമാകെ ദൈവവുമായി ഇടതടവില്ലാത്ത സംസർഗ്ഗത്തിനായുള്ള അഭിവാഞ്ഛയായിരിക്കും.

## സെപ്റ്റംബർ 14

# സങ്കല്പമോ അനുസരണയോ?

**'........... ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും' (2 കൊരിന്ത്യർ 11:3).**

നിർമ്മലത അഥവാ ലാളിത്യം എന്നത് കാര്യങ്ങൾ വ്യക്തമായി കാണുന്നതിന്റെ രഹസ്യമാണ്. ഒരു വിശുദ്ധൻ ഏറെക്കാലം വ്യക്തമായി ചിന്തിക്കാതിരുന്നേക്കാം; എന്നാൽ അയാൾ എല്ലാം വ്യക്തമായി കാണേണ്ടതാണ്. ആത്മീയചിന്താക്കുഴപ്പത്തിലാകുമ്പോൾ കാര്യങ്ങൾ മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയുകയില്ല; നിങ്ങൾ വ്യക്തമായി അനുസരിക്കുകയാണ് വേണ്ടത്. ബൗദ്ധിക കാര്യങ്ങളിൽ നിങ്ങൾക്ക് എല്ലാം ചിന്തിച്ചെടുക്കാം; എന്നാൽ ആത്മീയകാര്യങ്ങളിൽ നിങ്ങൾ ചിന്തകളിലൂടെ അലഞ്ഞ് ചുറ്റിത്തിരിഞ്ഞു കൂടുതൽ ചിന്താക്കുഴപ്പത്തിലെത്തും. ദൈവം സമ്മർദ്ദം ചെലുത്തുന്ന എന്തെങ്കിലും ഒരു കാര്യം നിങ്ങളുടെ ജീവിതത്തിലുണ്ടെങ്കിൽ അക്കാര്യത്തിൽ നിങ്ങൾ നിങ്ങളുടെ 'സങ്കല്പങ്ങളും പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ച് കളഞ്ഞ് ' (2 കൊരിന്ത്യർ 10:5) ദൈവത്തെ അനുസരിക്കുക; അപ്പോൾ കാര്യങ്ങൾ പകൽ വെളിച്ചം പോലെ വ്യക്തമാകും. യുക്തിപരമായി ചിന്തിക്കുവാനുള്ള നിങ്ങളുടെ കഴിവ് പിന്നീട് വന്നോളും. എന്നാൽ വാദത്തിലും യുക്തിയിലുമല്ല നാം കാര്യങ്ങൾ കാണുന്നത്. 'നീ ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതു കൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു'. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൻ കീഴിലല്ലാത്ത ഏറ്റവും ചെറിയ കാര്യം പോലും ആത്മീയ ചിന്താക്കുഴപ്പത്തിന് കാരണമാകും. അതേക്കുറിച്ച നാം നടത്തുന്ന ഒരു ചിന്തയും അതിനെ വ്യക്തമാക്കുകയില്ല. അനുസരണത്തിലൂടെ മാത്രമേ ആത്മീയ ചിന്താക്കുഴപ്പത്തെ അതിജീവിക്കാൻ കഴിയൂ. ഇത് ജാള്യതയുണ്ടാക്കുന്നതാണ്. കാരണം നാം ചിന്താക്കുഴപ്പത്തിലാകുമ്പോൾ, അതിന്റെ കാരണം നമ്മുടെ മനോഭാവത്തിൽത്തന്നേയുണ്ടെന്ന് നമുക്കറിയാം. എന്നാൽ നമ്മുടെ സ്വാഭാവിക കാഴ്ചശക്തി പരിശുദ്ധാത്മാവിന് സമർപ്പിക്കുമ്പോൾ, നാം ദൈവേച്ഛ ഗ്രഹിക്കുന്ന ശക്തിയായിത്തീരുകയും നമ്മുടെ ജീവിതമാകെ നിർമ്മലമാക്കി സൂക്ഷിക്കപ്പെടുകയും ചെയ്യും.

## സെപ്റ്റംബർ 15

# എന്താണ് ത്യജിക്കേണ്ടത്?

**'.....രഹസ്യങ്ങളെ ത്യജിച്ച് ഉപായം പ്രയോഗിക്കാതെയും.....' 2 കൊരിന്ത്യർ 4:2**

വെളിച്ചത്ത് വരാൻ നിങ്ങളുടെ അഭിമാനം സമ്മതിക്കാത്ത അസത്യത്തിന്റെ രഹസ്യങ്ങളെ നിങ്ങൾ ത്യജിച്ചിരിക്കുന്നുവോ? നിങ്ങൾക്ക് അനായാസം അവയെ മറച്ച് വെക്കാം. ആരെക്കുറിച്ചെങ്കിലും വെളിച്ചത്ത് കൊണ്ടുവരാൻ ഇഷ്ടപ്പെടാത്ത ഒരു ചിന്ത നിങ്ങളുടെ മനസ്സിലുണ്ടോ? അത് മനസ്സിൽ പൊന്തിവരുമ്പോൾ തന്നേ അതിനെ ഉപേക്ഷിക്കുക. അസത്യത്തിന്റെയോ ഉപായത്തിന്റെയോ ഒരു ലാഞ്ഛന പോലും നിങ്ങളിലില്ലാത്തവിധം സർവതിനെയും ത്യജിക്ക. അസൂയ, കുശുമ്പ്, മത്സരം എന്നിവ നിങ്ങളുടെ ആ പഴയ പാപപ്രകൃതത്തിൽ നിന്നല്ല കഴിഞ്ഞ കാലങ്ങളിൽ ഇത്തരം കാര്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള നിങ്ങളുടെ 'ജഡത്തിന്റെ ബലഹീനത'യിൽ നിന്നത്രേ ഉയർന്നുവരുന്നത്. (റോമർ 6:19;1 പത്രോസ് 4:1:2). നിങ്ങൾക്ക് അപമാനം തോന്നുന്ന യാതൊന്നും നിങ്ങളുടെ ജീവിതത്തിൽ ഉയർന്ന് വരാതിരിക്കാൻ സദാ ജാഗ്രതപുലർത്തുക.

'ഉപായത്തിൽ നടക്കാതെ'—അതായത് നിങ്ങളുടെ വാദം സമർത്ഥിക്കാൻ എന്തെങ്കിലും ഉപായം തേടാതെ എന്നർത്ഥം. ഇതൊരു ഭയങ്കര കെണിയാണ്. ദൈവം ഒരൊറ്റവഴിയിൽ—സത്യത്തിന്റെ വഴിയിൽ—മാത്രം പ്രവർത്തിക്കാനേ നിങ്ങളെ അനുവദിക്കൂ എന്ന് നിങ്ങൾക്കറിയാം. അതുകൊണ്ട് മറ്റേ വഴി—വഞ്ചനയുടെ വഴി—യിലൂടെ ആളുകളെ പിടികൂടാൻ ശ്രമിക്കരുത്. നിങ്ങൾ വഞ്ചനയോടെ പ്രവർത്തിച്ചാൽ ദൈവം നിങ്ങളെ നശിപ്പിക്കും. നിങ്ങൾക്ക് ഉപായമെന്ന് തോന്നുന്ന വഴിയിലൂടെ മറ്റുള്ളവർ നടക്കുന്നുണ്ടാവാം. എന്നാൽ അവർക്കങ്ങനെ തോന്നുന്നില്ലായിരിക്കും. ദൈവം നിങ്ങളെ ഒരുയർന്ന നിലവാരത്തിലേയ്ക്ക് എത്തിച്ചിരിക്കുന്നു. നിങ്ങളുടെ പരമാവധി അവന്റെ മഹത്വത്തിന് എന്ന ബോധത്തെ ഒരിക്കലും മുരടിപ്പിച്ചു കളയരുത്. നിങ്ങളെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ ചെയ്യുന്നത്, ഏറ്റവും നല്ലതും ഏറ്റവും ഉയർന്നതുമായതിന് വേണ്ടിയല്ലാത്ത, ഒരുദ്ദേശ്യത്തിനുവേണ്ടിയാകാം. ദൈവം നിങ്ങൾക്ക് തന്നിട്ടുള്ള പ്രേരണാശക്തിയെ അത് മുരടിപ്പിക്കും. ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് കാര്യങ്ങൾ നോക്കിക്കാണാൻ ഭയപ്പെടുന്നതു കൊണ്ടാണ് പല ആളുകളും പിന്തിരിയുന്നത്. താൻ ഇതിനോടകം സ്വീകരിച്ചിട്ടുള്ള വിശ്വാസങ്ങളിൽ നിന്ന് അല്പം മുന്നോട്ട് നീങ്ങേണ്ടി വരുന്നതാണ് ഒരാളുടെ ജീവിതത്തിലെ ഏറ്റവും വലിയ ആത്മീയ പ്രതിസന്ധി.

## സെപ്റ്റംബർ 16

# ദൈവത്തോട് രഹസ്യത്തിലുള്ള പ്രാർത്ഥന

**'നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക' (മത്തായി 6:6).**

ആദ്ധ്യാത്മികതയുടെ മേഖലയിലെ അടിസ്ഥാന ചിന്ത നിങ്ങളുടെ കണ്ണുകൾ മനുഷ്യരുടെ മേലല്ല ദൈവത്തിന്റെ മേലത്രേ എന്നതാണ്. ഒരു പ്രാർത്ഥനാമനുഷ്യൻ എന്നറിയപ്പെടുക എന്നത് നിങ്ങളുടെ പ്രേരണയോ ലക്ഷ്യമോ ആകരുത്. നിങ്ങൾ പ്രാർത്ഥിക്കുകയാണെന്ന് ആരും അറിയാത്ത ഒരു ഉൾമുറിയിൽ കടക്കുക. വാതിലടച്ചു ദൈവത്തോട് രഹസ്യത്തിൽ സംസാരിക്കുക, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ അറിയുക എന്നല്ലാതെ മറ്റൊരു പ്രേരണയും നിങ്ങൾക്കുണ്ടാകരുത്. രഹസ്യപ്രാർത്ഥനയ്ക്ക് നിശ്ചിതസമയമൊന്നുമില്ലാതെ, ഒരു ശിഷ്യനെന്ന നിലയിലുള്ള നിങ്ങളുടെ ജീവിതം നയിക്കുവാൻ സാധിക്കുകയില്ല.

'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ..... ജല്പനം ചെയ്യരുത്.' നാം ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നതു കൊണ്ടല്ല ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നത്. രക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നത്. പ്രാർത്ഥന ദൈവത്തിൽ നിന്ന് എന്തെങ്കിലും കിട്ടുന്നതുമല്ല. അതേറ്റവും പ്രാഥമിക രീതിയിലുള്ള പ്രാർത്ഥനയാണ്. ദൈവവുമായി പരിപൂർണ്ണകൂട്ടായ്മയിലും ഐക്യത്തിലും വരുന്നതാണ് പ്രാർത്ഥന. വീണ്ടും ജനിക്കുന്നതിലൂടെ ദൈവപുത്രൻ നമ്മിൽ രൂപപ്പെടുകയാണെങ്കിൽ (ഗലാത്യർ 4:19) അവൻ നമ്മെ നമ്മുടെ സാമാന്യ ബുദ്ധിയ്ക്കപ്പുറത്തേക്ക് കൊണ്ടുപോകുകയും നാം പ്രാർത്ഥിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ മനോഭാവം മാറ്റുകയും ചെയ്യും.

'യാചിക്കുന്ന ഏവനും ലഭിക്കുന്നു.' നമ്മുടെ ഇച്ഛയെ ഉൾപ്പെടുത്താതെ വെറുതെ പ്രാർത്ഥിച്ചിട്ട് ദൈവം നമ്മുടെ പ്രാർത്ഥനയ്ക്കുത്തരം തന്നില്ല എന്ന് നാം പറയും. പക്ഷേ യഥാർത്ഥത്തിൽ നാം യാതൊന്നിന് വേണ്ടിയും ചോദിച്ചില്ല. 'നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ: അതു നിങ്ങൾക്ക് കിട്ടും'. ചോദിക്കുക എന്ന് പറഞ്ഞാൽ നമ്മുടെ ഇച്ഛ അതിലുണ്ടെന്നാണ് അർത്ഥം. എപ്പോഴൊക്കെ യേശു പ്രാർത്ഥനയെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ അപ്പോഴൊക്കെ അത്ഭുതകരവും ശിശുസഹജവുമായ നിർമ്മലതയോടെയാണ് അവൻ സംസാരിച്ചിട്ടുള്ളത്. 'ഉവ്വ്, പക്ഷേ നാം ചോദിക്കണം എന്നാണല്ലോ യേശു പറഞ്ഞിട്ടുള്ളത്' എന്നുപറഞ്ഞു കൊണ്ട് നാം നമ്മുടെ വിമർശനപ്രകൃതം പുറത്ത് കൊണ്ടുവരുന്നു. എന്നാൽ യേശുക്രിസ്തു വെളിപ്പെടുത്തിയ, ദൈവത്തിന് യോഗ്യമായ, ചേരുന്ന കാര്യങ്ങളേ ചോദിക്കാവൂ എന്ന് നാം ഓർമ്മിക്കണം.

## സെപ്റ്റംബർ 17

# പരീക്ഷകളിൽ നന്മയുണ്ടോ?

**'മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല' (1 കൊരിന്ത്യർ 10:13).**

പരീക്ഷ എന്നവാക്ക്, ഇന്ന് നമുക്ക് ചീത്ത അർത്ഥമാണ് നല്കുന്നത്: ഇത് തെറ്റായ രീതിയിൽ ഉപയോഗിക്കാനാണ് നമ്മുടെ പ്രവണത. പരീക്ഷ പാപമല്ല. നാം മനുഷ്യ രാണെങ്കിൽ ഇത് നമുക്ക് നേരിട്ടേ പറ്റൂ. പരീക്ഷിക്കപ്പെടുന്നില്ലെങ്കിൽ, അതിനർത്ഥം, നാം വളരെ തകരാറുള്ളവരാണ് എന്നത്രേ. എന്നാൽ സഹിക്കേണ്ട യാതൊരു കാര്യവുമില്ലാത്ത പരീക്ഷകൾ നമ്മിൽ അനേകർ സഹിക്കുന്നു; കാരണം മറ്റൊരു തരം പരീക്ഷകളും അഭിമുഖീകരിക്കേണ്ട തലത്തിലേക്ക് നമ്മെ ഉയർത്താൻ നാം ദൈവത്തെ അനുവദിക്കുന്നില്ല.

പരീക്ഷിക്കപ്പെടുന്ന വ്യക്തിയുടെ യഥാർത്ഥ പ്രകൃതത്തിന് യോഗ്യമായതായി രിക്കും അയാൾക്ക് വരുന്ന പരീക്ഷ. തന്റെ പരീക്ഷയുടെ തലങ്ങൾ ഓരോ വ്യക്തി യും സ്വയം നിശ്ചയിക്കുന്നു. കാരണം അയാളുടെ ആന്തരിക പ്രകൃതത്തിന്, അയാളുടെ നിയന്ത്രണതലത്തിന് യോജിച്ച പരീക്ഷയാണ് അയാൾക്ക് വരുന്നത്

എന്റെ ധാരണയിലുള്ള നല്ലതിലേക്കാണ് പരീക്ഷ എന്നെ നയിക്കുന്നത്, തിന്മയിലേ ക്കല്ല. ഞാൻ ഉന്നംവെയ്ക്കുന്ന ഏറ്റവും ഉന്നതമായതിന്റെ സാക്ഷാത്ക്കാരത്തി ലേക്കുള്ള ഒരു കുറുക്ക് വഴിയാണ് പരീക്ഷകൾ. കുറച്ച് കാലത്തേക്ക് എന്നെ ചി ന്താക്കുഴപ്പത്തിലാക്കുന്ന ഒന്നാണ് പരീക്ഷ. ഒരു കാര്യം തെറ്റോ ശരിയോ എന്ന് എനിക്ക് അപ്പോൾ അറിഞ്ഞുകൂടാ പരീക്ഷയ്ക്ക് കീഴടങ്ങുമ്പോൾ ഞാൻ കാമത്തെ ദൈവമാക്കുന്നു. നേരത്തെ ഞാൻ പാപത്തിൽ വീഴാതിരുന്നത് ഭയം കൊണ്ടായിരു ന്നുവെന്നും മനസ്സിലാക്കുന്നു.

നാം രക്ഷപ്പെടേണ്ട ഒന്നല്ല പരീക്ഷ. ഒരു വ്യക്തിയുടെ പൂർണ്ണജീവിതത്തിന് ആവ ശ്യമത്രേ. മറ്റാരും പരീക്ഷിക്കപ്പെട്ടിട്ടില്ലാത്തത് പോലെ നിങ്ങൾ പരീക്ഷിക്കപ്പെ ടുന്നു എന്ന് ചിന്തിക്കുന്നത് സൂക്ഷിച്ചു കൊള്ളുക. ഇതിന് മുമ്പാരും സഹിക്കാത്ത ഒന്നല്ല നിങ്ങൾ സഹിക്കുന്നത്. മനുഷ്യരാശിയുടെ പൊതുപൈതൃകത്തിലൂടെയാണ് നിങ്ങൾ കടന്നുപോകുന്നത്. ദൈവം നമ്മളെ പരീക്ഷകളിൽ നിന്ന് രക്ഷിക്കുന്നില്ല. അവയുടെ നടുവിൽ നമ്മെ താങ്ങുകയാണ് ദൈവം ചെയ്യുന്നത് (എബ്രായർ 2: 18 ഉം 4:15–16 ഉം കാണുക).

## സെപ്റ്റംബർ18

# യേശുവിന്റെ പരീക്ഷയും നമ്മുടെ പരീക്ഷയും

**'നമ്മുടെ മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല' (എബ്രായർ 4:15).**

വീണ്ടും ജനിക്കുന്നത് വരെ നാം നേരിടേണ്ടിവരുന്ന ഒരേ ഒരു തരം പരീക്ഷയെക്കുറിച്ച് വിശുദ്ധനായ യാക്കോബ് പറയുന്നുണ്ട്: 'ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുമ്പോൾ ആകുന്നു'. എന്നാൽ വീണ്ടും ജനിക്കുമ്പോൾ നമ്മുടെ കർത്താവ് നേരിട്ടതുപോലെയുള്ള പരീക്ഷകൾ നേരിടുന്ന ഒരു തലത്തിലേക്ക് നാം ഉയർത്തപ്പെടുകയാണ്. യേശുക്രിസ്തുവിന്റെ പരീക്ഷകൾ നമ്മെ ആകർഷിച്ചിട്ടേയില്ല: കാരണം അവ നമ്മുടെ മനുഷ്യപ്രകൃതത്തിന് ഇണങ്ങുന്നവയായിരുന്നില്ല. നാം വീണ്ടും ജനിക്കയും അവന്റെ സഹോദരന്മാർ ആകുകയും ചെയ്യുന്നത് വരെ നമ്മുടെ കർത്താവിന്റെ പരീക്ഷകളും നമ്മുടെ പരീക്ഷകളും രണ്ട് തലത്തിലാകുന്നു. യേശുക്രിസ്തുവിന്റെ പരീക്ഷകൾ വെറും ഒരു മനുഷ്യന്റേതല്ല. മനുഷ്യനായ ദൈവത്തിന്റേതാണ്. നാം വീണ്ടും ജനിക്കുമ്പോൾ ദൈവപുത്രൻ നമ്മിൽ ഉരുവാകും (ഗലാത്യർ4:19). നമ്മുടെ ഭൗതിക ജീവിതത്തിൽ യേശുവിന് തനിക്ക് ഈ ഭൂമിയിലുണ്ടായിരുന്ന അതേ ചുറ്റുപാടുണ്ടാകുകയും ചെയ്യുന്നു. തെറ്റായ കാര്യങ്ങൾ ചെയ്യാനല്ല സാത്താൻ നമ്മെ പ്രലോഭിപ്പിക്കുന്നത്. വീണ്ടും ജനിക്കുന്നതിലൂടെ അവൻ എന്താണോ നമ്മിൽ വെക്കുന്നത് – നാം ദൈവത്തിന് വിലപ്പെട്ടവരാകാനുള്ള സാദ്ധ്യത–അത് നഷ്ടപ്പെടുത്താനാണ് അവൻ നമ്മെ പ്രലോഭിപ്പിക്കുന്നത്. പാപത്തിലേക്ക് നമ്മെ പ്രലോഭിപ്പിക്കുന്ന ചുറ്റുപാടിലേക്കല്ല സാത്താൻ വരുന്നത്. നമ്മുടെ കാഴ്ചപ്പാട് മാറ്റിക്കുന്ന തലത്തിലേക്ക് അവൻ വരുന്നു. ദൈവാത്മാവിന് മാത്രമേ ഇത് പിശാചിന്റെ പരീക്ഷയെന്ന് കണ്ട് പിടിക്കാൻ കഴിയൂ.

അന്യമായ ഒരുശക്തി ഒരുവന്റെ ആത്മീയതയ്ക്ക് സ്വന്തമായ കാര്യങ്ങളെ പരീക്ഷിക്കുന്നതാണ് പ്രലോഭനം. നമ്മുടെ കർത്താവിന്റെ പരീക്ഷയെ വിശദീകരിക്കാനാവുന്നതാക്കിത്തീർക്കുന്നത് ഇതാണ്. യേശുവിന്റെ ജ്ഞാനസ്നാനത്തിന് ശേഷം ''ലോകത്തിന്റെ പാപം ചുമക്കുക'' (യോഹന്നാൻ 1:29) എന്ന ദൗത്യം അവൻ ഏറ്റെടുത്തതോടെ ആത്മാവ് അവനെ മരുഭൂമിയിലേക്കും (മത്തായി4:1) പിശാചിന്റെ പരീക്ഷയിലേക്കും നടത്തി. 'പാപം കൂടാതെ' യേശു ആ പരീക്ഷയിലൂടെ കടന്ന് പോകുകയും അവന്റെ ആത്മീയ പ്രകൃതത്തെ അതുപോലെ നിലനിർത്തുകയും ചെയ്തു.

## സെപ്റ്റംബർ 19

# സഹയാത്ര യേശുവിനോടൊപ്പം

**'നിങ്ങൾ ആകുന്നു എന്റെ പരീക്ഷകളിൽ എന്നോടുകൂടെ നിലനിന്നവർ'**
**(ലൂക്കോസ് 22:23).**

നമ്മുടെ പരീക്ഷകളിൽ യേശു നമ്മോടൊപ്പമുണ്ട് എന്നത് സത്യമാണ്. എന്നാൽ അവന്റെ പരീക്ഷകളിൽ നാം അവനോടൊപ്പമുണ്ടോ? യേശു നമുക്കു വേണ്ടി എന്തു ചെയ്യും എന്ന സ്വാർത്ഥ ചിന്തയുണ്ടാകുന്ന ആ നിമിഷം മുതൽ തന്നേ അവനോടൊപ്പം പോകുന്നതിൽ നിന്ന് നാം പിന്തിരിയുന്നു. ദൈവം നിങ്ങളുടെ പരിതഃസ്ഥിതികളെ മാറ്റുന്നുണ്ടോ എന്ന് ശ്രദ്ധിക്കുകയും നിങ്ങൾ പിശാചിനേ ാടും ജഡത്തോടും ലോകത്തോടും ചേരുകയാണോ അതോ യേശുവിനോടൊപ്പം പോകുകയാണോ എന്ന് നോക്കുകയും ചെയ്യുക. നാം അവന്റെ പേര് വഹിക്കുന്നു എന്നാൽ നാം അവനോടൊപ്പം നടക്കുകയാണോ?

'അന്നുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടു കൂടെ സഞ്ചരിച്ചില്ല'. യേശുവിന്റെ ഈ ഭൂമിയിലെ ജീവിതകാലമാകെ അവന്റെ പരീക്ഷകൾ തുടർന്നു. നമ്മളിലെ ദൈവപുത്രന്റെ ജീവിതകാലമാകെ അവ തുടരുകയും ചെയ്യും. ഇപ്പോൾ ജീവിക്കുന്ന ജീവിതത്തിൽ നാം യേശുവിനോടൊപ്പം പൊയ്ക്കൊണ്ടിരിക്കുകയാണോ?

ദൈവം നമുക്ക് ചുറ്റും കൊണ്ടുവരുന്ന ചില കാര്യങ്ങളിൽ നിന്ന് നമ്മെത്തന്നെ സംരക്ഷിക്കണം എന്നൊരാശയം നമുക്കുണ്ട്. ഒരിക്കലും അങ്ങനെ ആകാതിരിക്കട്ടെ! ദൈവം പരിത:സ്ഥിതികൾ പണിതുയർത്തുന്നു. അവ എന്ത് തന്നേയായാലും യേശുവിനോടും അവന്റെ പരീക്ഷകളോടുമൊപ്പം വസിച്ച് കൊണ്ട്, നാം ആ പരിതഃസ്ഥിതികളെ നേരിടണം. അവ യേശുവിനുള്ള പരീക്ഷകളാണ്, നമുക്കുള്ളവയല്ല, നമ്മിലെ ദൈവപുത്രന്റെ ജീവിതത്തിനുള്ളവയാണ് ആ പരീക്ഷകൾ. നമ്മുടെ ജഡജീവിതത്തിൽ അപകടത്തിലാകുന്നത് യേശുക്രിസ്തുവിന്റെ മാനമാണ്. നമ്മിലെ അവന്റെ ജീവിതത്തെ ആക്രമിക്കുന്ന സർവ്വതിലും നാം അവനോട് വിശ്വസ്തരായി നിലകൊള്ളുന്നുണ്ടോ?

നിങ്ങൾ യേശുവിനോടൊപ്പം പോകുന്നത് തുടരുകയാണോ? ഗത്സമെനയിലൂടെ നഗരവാതിലിലൂടെ പാളയത്തിന് പുറമേ കൂടി – ഈ വഴി കടന്നുപോകുന്നു. ആരുമില്ലാത്ത, ഏകാന്ത വീഥിയാണിത്.

'എന്നെ അനുഗമിക്ക' (മത്തായി 4:19) എന്നൊരു ശബ്ദമൊഴികെ പിന്തുടരാൻ ഒരു കാൽച്ചുവട് പോലുമില്ലാത്തിടത്തോളം ഈ പാത നീളും.

## സെപ്റ്റംബർ 20

# ജീവിതത്തിന്റെ ദൈവികനിയമം

**'ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ' (മത്തായി 5:48).**

എല്ലാവരോടും ഔദാര്യത്തോടെ, സൗമനസ്യത്തോടെ പെരുമാറണമെന്നാണ് ഈ വാക്യങ്ങളിൽ നമ്മുടെ കർത്താവ് നമ്മെ ഉദ്ബോധിപ്പിക്കുന്നത്. നിങ്ങളുടെ ആത്മീയ ജീവിതത്തിൽ നിങ്ങളുടെ സ്വാഭാവിക താത്പര്യങ്ങളും ഹൃദയബന്ധങ്ങളുമനുസരിച്ച് ജീവിക്കുന്നത് സൂക്ഷിച്ച് കൊള്ളുക. നമുക്കെല്ലാവർക്കും സ്വാഭാവികമായ സ്നേഹബന്ധങ്ങളുണ്ട്. ചിലയാളുകളെ നാം ഇഷ്ടപ്പെടുന്നു; മറ്റ് ചിലരെയാകട്ടെ നമ്മൾ ഇഷ്ടപ്പെടുന്നില്ല. എന്നാൽ ആ ഇഷ്ടാനിഷ്ടങ്ങൾ നമ്മുടെ ക്രിസ്തീയ ജീവിതത്തെ ഭരിക്കാൻ നാം ഒരിക്കലും അനുവദിക്കരുത്. ''അവൻ വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മ ഉണ്ട്''. നമുക്ക് യാതൊരു സ്വഭാവിക സ്നേഹവും തോന്നാത്ത ആളുകളുമായി ദൈവം നമുക്ക് കൂട്ടായ്മ നല്കും.

നമ്മുടെ കർത്താവ് നമുക്ക് തരുന്നത് ഒരു നല്ല മനുഷ്യന്റെയോ നല്ല ക്രിസ്ത്യാനിയുടെയോ ദൃഷ്ടാന്തമല്ല. ദൈവത്തിന്റെ ദൃഷ്ടാന്തമാണ്. 'നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് നല്ലവനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ'. ദൈവം എന്താണ് നിങ്ങൾക്ക് കാണിച്ച് തരുന്നതെന്ന് നിങ്ങൾ മറ്റൊരാൾക്ക് കാണിച്ച് കൊടുക്കുക. സ്വർഗ്ഗീയ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാണോ എന്ന് തെളിയിക്കുവാൻ ദൈവം വേണ്ടത്ര അവസരങ്ങൾ തരും. ഒരു ശിഷ്യനാകുക എന്നതിനർത്ഥം മറ്റുള്ളവരിൽ ദൈവത്തിനുള്ള താല്പര്യങ്ങളുമായി നാം മനഃപൂർവ്വം ഏകീഭവിക്കുന്നു എന്നതാണ്

'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹിക്കണം'

ക്രിസ്തീയ സ്വഭാവം വെളിപ്പെടുന്നത് നന്മ ചെയ്യലിലല്ല, ദൈവികസാദൃശ്യത്തിലാണ്. ദൈവാത്മാവ് നിങ്ങളെ രൂപാന്തരപ്പെടുത്തിയിട്ടുണ്ടെങ്കിൽ നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ മനുഷ്യസ്വഭാവ വിശേഷങ്ങളല്ല ദൈവീകസ്വഭാവവിശേഷങ്ങളായിരിക്കും വെളിപ്പെടുത്തുക; ദൈവികമാകാൻ ശ്രമിക്കുന്ന മനുഷ്യജീവിതമായിട്ടല്ല ദൈവത്തിന്റെ ജീവിതം തനിരൂപത്തിൽ നമ്മിലും കാണപ്പെടണം. ദൈവകൃപയാൽ അഭൗമമായത് (അമാനുഷികമായത്) സ്വജീവിതത്തിൽ സ്വാഭാവികമാകുന്നു എന്നതാണ് ഒരു ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യം. ദൈവസംസർഗ്ഗത്തിന്റെ സമയത്തല്ല ജീവിതത്തിന്റെ പ്രായോഗികവിശദാംശങ്ങളിലൂടെയാണ് ഈ അനുഭവം വെളിപ്പെടുത്തുന്നത്. ചിന്താക്കുഴപ്പങ്ങളും പ്രവർത്തനത്തിരക്കും സൃഷ്ടിക്കുന്ന കാര്യങ്ങളുമായി നാം സമ്പർക്കത്തിൽ വരുമ്പോഴാണ്, ഇതിന്റെ എല്ലാം നടുവിൽ അത്ഭുതകരമായ സമചിത്തതയോടെ നിലകൊള്ളാനുള്ള ശക്തി നമുക്കുണ്ടെന്ന് അമ്പരപ്പോടെ നാം കാണുക.

## സെപ്റ്റംബർ 21

# സുവിശേഷകന്റെ മുൻനിശ്ചിത ലക്ഷ്യം

**'..........എന്നെ ഗർഭത്തിൽ തന്റെ ദാസനായി നിർമ്മിച്ചിട്ടുള്ള യഹോവ അരുളി ചെയ്യുന്നു' (യെശയ്യാവ് 49:5).**

യേശുക്രിസ്തുവിൽ ദൈവം നമ്മെ തെരഞ്ഞെടുത്തത് നാം തിരിച്ചറിഞ്ഞാൽ ആദ്യം സംഭവിക്കുന്നത് നമ്മുടെ മുൻനിശ്ചിത ആശയങ്ങളുടെയും സങ്കുചിതചിന്തയുടെയും നമ്മുടെ എല്ലാ ബന്ധങ്ങളുടെയും അന്ത്യമാകുന്നു. നാം ദൈവോദ്യേശത്തിന്റെ മാത്രം ദാസന്മാരാക്കി മാറ്റപ്പെടുന്നു. ദൈവത്തെ മഹത്വപ്പെടുത്താനും അവനെ ആസ്വദിക്കുവാനുമാണ് മനുഷ്യരാശിയെ ആകമാനം സൃഷ്ടിച്ചിരിക്കുന്നത്. പാപം മനുഷ്യരാശിയെ മറ്റൊരു പാതയിലേക്ക് തിരിച്ച് വിട്ടിരിക്കുന്നു; എന്നാൽ അത് ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ അല്പം പോലും മാറ്റിയിട്ടില്ല. നാം വീണ്ടും ജനിക്കുമ്പോൾ മനുഷ്യരാശിയെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം – അതായത് ദൈവം നമ്മെ അവന് വേണ്ടിത്തന്നേയാണ് സൃഷ്ടിച്ചത് എന്നത്–നമുക്ക് മനസ്സിലാക്കിത്തരുന്നു. ദൈവം നമ്മെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന ഈ ധാരണയാണ് ഈ ലോകത്തിൽ ഏറ്റവും ആന്ദകരമായത്. ഈ വലിയ സൃഷ്ടിപരമായ ഉദ്ദേശ്യത്തിൽ ആശ്രയിക്കാൻ നാം പഠിക്കണം. നമ്മുടെ ഹൃദയമാകുന്ന പാതയിലൂടെ ലോകത്തിന്റെയാകമാനം താല്പര്യങ്ങൾ നിർബന്ധപൂർവം കടത്തിവിടുക എന്നതാണ് ദൈവം ചെയ്യുന്ന ആദ്യകാര്യം. ദൈവത്തിന്റെ സ്നേഹം നമ്മിൽ ദൈവപ്രകൃതം തന്നേ പകർത്തുന്നു. യോഹന്നാൻ 3:16 ദൈവപ്രകൃതത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു: 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ച് പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.'

നമ്മുടെ ഉദ്ദേശ്യങ്ങളുമായി കൂട്ടിക്കുഴയ്ക്കാതെ, ദൈവത്തിന്റെ സൃഷ്ടിപരമായ ഉദ്ദേശ്യത്തിലേക്ക് നമ്മുടെ ആത്മാവിനെ തുറന്ന് വെക്കുന്ന കാര്യം നാം ശ്രദ്ധിക്കണം. അങ്ങനെ നാം ചെയ്യുന്നില്ലെങ്കിൽ, നമുക്കെത്ര സങ്കടം തോന്നിയാലും ദൈവത്തിന് നമ്മുടെ ഉദ്ദേശ്യങ്ങളെ തകർത്തേ തീരു. ഒരു സുവിശേഷപ്രവർത്തകനെ സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശ്യം അവൻ ദൈവത്തിന്റ ദാസനായി തന്നിലൂടെ ദൈവത്തെ മഹത്വീകരിക്കുക എന്നതാണ്. യേശുക്രിസ്തുവിന്റെ രക്ഷയിലൂടെയാണ് നാം ദൈവോദ്ദേശ്യത്തിന് പൂർണ്ണമായും യോഗ്യരാകുന്നതെന്ന് മനസ്സിലായാൽ, യേശുക്രിസ്തു എന്തുകൊണ്ടാണ് ഇത്ര കർക്കശനും വിട്ടുവീഴ്ചയില്ലാത്തവനുമാകുന്നതെന്ന് നമുക്ക് മനസ്സിലാകും. തന്റെ ദാസീ–ദാസൻമാരിൽനിന്ന് യേശു പൂർണ്ണമായും നീതി ആവശ്യപ്പെടുന്നു; കാരണം ദൈവത്തിന്റെ അതേ പ്രകൃതം അവൻ അവരിൽ വെച്ചിരിക്കുന്നു.

നിങ്ങളുടെ ജീവിതത്തിനായുള്ള ദൈവോദ്ദേശ്യം മറക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾക.

# സെപ്റ്റംബർ 22

## സുവിശേഷകന്റെ യജമാനൻ

**''നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു ഞാൻ അങ്ങനെ ആകകൊണ്ട് നിങ്ങൾ പറയുന്നത് ശരി'' (യോഹന്നാൻ 16:13).**

ഒരു യജമാനനുണ്ടായിരിക്കുക എന്നതും ഒരു ഗുരുവുണ്ടായിരിക്കുക എന്നതും ഒരേ കാര്യമല്ല. ഒരു യജമാനനും ഗുരുവുമുണ്ടായിരിക്കുക എന്നതിന്റെ അർത്ഥം ഒരു സുഹൃത്തിനെക്കാൾ അടുപ്പമുള്ള, എന്റെ ഹൃദയത്തെ അതിന്റെ അങ്ങേയറ്റത്തും ആഴത്തിലും മനസ്സിലാക്കുകയും എന്നെക്കാൾ നന്നായി എന്നെ അറിയുകയും ചെയ്യുന്ന ഒരാൾ ഉണ്ടാകുക എന്നതാണ്. ഒരു യജമാനനും ഗുരുവും ഉണ്ടായിരിക്കുക എന്നാൽ ഇതാണ്. ഇതിൽക്കുറഞ്ഞൊന്നുമല്ല. 'നിങ്ങൾ റബ്ബീ എന്ന പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു.'

നമ്മുടെ കർത്താവ് ഒരിക്കലും അനുസരണം അടിച്ചേല്പിക്കുന്നില്ല. അവൻ ആഗ്രഹിക്കുന്നത് എന്നെക്കൊണ്ട് ചെയ്യിക്കാൻ അവൻ നടപടികൾ എടുക്കുന്നില്ല. ദൈവം താനാഗ്രഹിക്കുന്നത് എന്നെക്കൊണ്ട് ചെയ്യിക്കുവാൻ വേണ്ടി എന്നെ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യണമെന്ന് ചിലപ്പോൾ ഞാനാഗ്രഹിക്കുന്നു; എന്നാൽ അവൻ അങ്ങനെ ചെയ്യുകയില്ല; ചില സമയത്ത് 'ദൈവം എന്നെ വെറുതെ വിട്ടിരുന്നെങ്കിൽ' എന്നെനിക്ക് തോന്നും; അവൻ അങ്ങനെയും ചെയ്യുകയില്ല.

'നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു.' അവൻ അങ്ങനെയാണോ? നമ്മുടെ വാക്ശേഖരത്തിൽ ഗുരുവെന്നും കർത്താവെന്നുമുള്ള വാക്കുകൾക്ക് സ്ഥാനമില്ല. നമുക്ക് രക്ഷകൻ, വിശുദ്ധീകരിക്കുന്നവൻ, സൗഖ്യദായകൻ എന്നീ വാക്കുകളാണിഷ്ടം. നിയന്ത്രിക്കപ്പെടുക എന്ന അനുഭവത്തെ ശരിയായി വിവരിക്കുന്ന ഒരേ ഒരു വാക്ക് 'സ്നേഹ'മാണ്. എന്നാൽ തന്റെ വചനത്തിൽ ദൈവം വെളിപ്പെടുത്തുന്ന സ്നേഹത്തെക്കുറിച്ച് നമുക്ക് വളരെ കുറച്ചേ അറിയൂ. അനുസരണം എന്ന വാക്ക് നമ്മളുപയോഗിക്കുന്ന രീതിയിൽ നിന്ന് ഇത് മനസ്സിലാകും. വേദപുസ്തകത്തിൽ അനുസരണം സമന്മാർ, തുല്യരായവർ– ഒരു പിതാവും പുത്രനും–തമ്മിലുള്ള ബന്ധത്തിലധിഷ്ഠിതമാണ്. നമ്മുടെ കർത്താവ് ദൈവത്തിന്റെ പുത്രനായിരുന്നു, ദാസനല്ലായിരുന്നു. 'പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച തികഞ്ഞവനായി.........' (എബ്രായർ 5:8) നാം ഭരിക്കപ്പെടുന്നു എന്ന ആശയമാണ് നമുക്കുള്ളതെങ്കിൽ നമുക്ക് യജമാനനില്ല എന്നാണത് തെളിയിക്കുന്നത്. ഇതാണ് യേശുവിനോടുള്ള നമ്മുടെ മനോഭാവമെങ്കിൽ യേശു ആഗ്രഹിക്കുന്ന ബന്ധത്തിൽ നിന്ന് നാം വളരെ അകലെയാണ്. ബോധപൂർവമുള്ള അറിവില്ലാതെ, നാം അവൻ നമ്മുടെ കർത്താവായിരിക്കുന്ന ബന്ധത്തിലാകണം എന്നതാണ് യേശു ആഗ്രഹിക്കുന്നത്. നാം അവന്റേതായി, അവനെ അനുസരിക്കുന്നു എന്നറിയാവുന്ന ഒരു ബന്ധമാണ് യേശു ആഗ്രഹിക്കുന്നത്.

## സെപ്റ്റംബർ 23

# സുവിശേഷകന്റെ ലക്ഷ്യം

**'ഇതാ നാം യെരുശലേമിലേക്ക് പോകുന്നു' (ലൂക്കോസ് 18:31).**

ഭൗതിക ജീവിതത്തിൽ നമ്മുടെ ആഗ്രഹങ്ങൾ മാറുകയും, വളരുകയും ചെയ്യുന്നു; ക്രിസ്തീയ ജീവിതത്തിൽ തുടക്കത്തിൽത്തന്നേ നമുക്ക് ലക്ഷ്യം നല്കപ്പെടുന്നു. തുടക്കവും ഒടുക്കവും ഒന്ന് തന്നേ. അത് നമ്മുടെ കർത്താവ് തന്നേ ആകുന്നു. 'എന്തായിരിക്കണം ഒരു ക്രിസ്തീയ ജീവിതം' എന്ന നമ്മുടെ ആശയത്തിനല്ല, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീയവർദ്ധനയ്ക്ക് (എഫെസ്യർ 4:13) നാം ക്രിസ്തുവിനോടൊപ്പം ആരംഭിക്കുകയും അവനോടൊപ്പം അവസാനിക്കുകയും ചെയ്യുന്നു. സുവിശേഷകന്റെ ലക്ഷ്യം, പ്രയോജനമുള്ളവനായിരിക്കുകയോ വിശ്വാസികളെ നേടുകയോ അല്ല, ദൈവത്തിന്റെ ഇഷ്ടം ചെയ്യുകയാണ്. അയാൾ പ്രയോജനമുള്ളവനാണ്, വിശ്വാസികളെ നേടുന്നവനാണ്, എന്നാൽ അയാളുടെ ലക്ഷ്യം അതല്ല. ലക്ഷ്യം കർത്താവിന്റെ ഹിതം ചെയ്യുകമാത്രമാണ്.

നമ്മുടെ കർത്താവിന്റെ ജീവിതത്തിൽ അവൻ തന്റെ പിതാവിന്റെ ഹിതത്തിന്റെ ഉച്ചകോടിയിൽ കുരിശിൽ എത്തിയത് യെരുശലേമിൽ വെച്ചാണ്. യെരുശലേമിലേയ്ക്കുള്ള വഴിയിൽ യാതൊന്നും നമ്മുടെ കർത്താവിനെ നിരുത്സാഹപ്പെടുത്തിയില്ല. തന്നെ പീഡിപ്പിച്ച ഗ്രാമങ്ങളിലൂടെ അവൻ ധൃതിവെച്ച് കടന്ന് പോകുകയോ, തന്നെ വാഴ്ത്തിയ സ്ഥലങ്ങളിൽ തങ്ങുകയോ ചെയ്തില്ല. യെരുശലേമിലേക്ക് പോകുക എന്ന തന്റെ ഉദ്ദേശ്യത്തിൽ നിന്ന് യേശുവിനെ നന്ദിയോ നന്ദികേടോ ഒരു തലനാരിഴപോലും വ്യതിചലിപ്പിച്ചില്ല.

'ശിഷ്യൻ ഗുരുവിനു മീതെയല്ല; ദാസൻ യജമാനനു മീതെയുമല്ല'. നമ്മുടെ യെരുശലേമിലേക്ക് നാം യാത്രചെയ്യുമ്പോൾ ഇതേ കാര്യങ്ങൾ സംഭവിക്കാം. ദൈവത്തിന്റെ പ്രവൃത്തികൾ നമ്മിലൂടെ വെളിപ്പെടുത്തപ്പെടും. ആളുകൾ അനുഗ്രഹിക്കപ്പെടും. ഒന്നോ രണ്ടോ പേർ നന്ദികാണിക്കുകയും ബാക്കിയുള്ളവർ നന്ദികേടു കാണിക്കുകയും ചെയ്യും. എന്നാൽ യാതൊന്നും നമ്മുടെ യെരുശലേമിലേക്കുള്ള യാത്രയിൽ നിന്ന് നമ്മെ വഴിതിരിക്കുകയേ അരുത്.

'അവിടെ അവർ അവനെയും............. ക്രൂശിച്ചു (ലൂക്കോസ് 23:34). നമ്മുടെ കർത്താവ് യെരുശലേമിലെത്തിയപ്പോൾ ഇതാണ് സംഭവിച്ചത്. ആ സംഭവം നമ്മുടെ രക്ഷയിലേക്കുള്ള വാതിലായി. വിശുദ്ധന്മാർ ക്രൂശീകരണത്തിൽ അവസാനിക്കുന്നില്ല. ദൈവകൃപയാൽ അവർ മഹത്വത്തിൽ അവസാനിക്കുന്നു. ഇതിനിടയ്ക്ക് നമ്മുടെ അടയാളവാക്യം ''ഞാനും യെരുശലേമിലേക്ക് പോകുന്നു'' എന്നാകട്ടെ.

## സെപ്റ്റംബർ 24

# ഒരുക്കത്തിന്റെ പോക്ക്

**'ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവെച്ച് ഓർമ്മവന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ച് ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നുകൊള്ളുക' (മത്തായി 5:23,24).**

പൂർണ്ണമായും ഒരുങ്ങിയിരിക്കുന്ന ഒരു സ്ഥിതിയിലേക്ക് നാം പെട്ടെന്ന് വരുമെന്ന് ഭാവനചെയ്യാൻ വളരെ എളുപ്പമാണ്. എന്നാൽ ഒരുക്കം എന്നത് പെട്ടെന്ന് പൂർത്തിയാക്കാവുന്നതല്ല. അത് നിരന്തരം നിലനിർത്തേണ്ടതായ ഒരു പ്രകിയയാണ്. ഇപ്പോഴത്തെ നമ്മുടെ അനുഭവതലത്തിൽ ഒരുങ്ങി എന്ന് വെച്ച് ഒരിടത്തുറയ്ക്കുന്നത് അപകടമാണ്. ക്രിസ്തീയ ജീവിതം എന്നും ഒരുക്കം, ഒരുക്കം തന്നേ ആവശ്യപ്പെടുന്നു.

പുതുതായി ക്രിസ്ത്യാനിയായ ആളെ ത്യാഗബോധം വളരെയധികം ആകർഷിക്കുന്നു. മാനുഷികമായി പറഞ്ഞാൽ, യേശുക്രിസ്തുവിലേക്ക് നമ്മെ നയിക്കുന്ന ഒരുകാര്യം വീരാരാധനയാണ്. നമ്മുടെ കർത്താവിന്റെ വാക്കുകൾ ഈ അത്യുത്സാഹത്തിന്റെ തിരത്തള്ളലിനെ ഉടനടി പരീക്ഷിക്കുന്നു– 'പോകുക; നീ ചെന്ന് നിന്റെ സഹോദരനോട് നിരപ്പാകുക.' നമ്മുടെ ഒരുക്കത്തിലെ ഈ 'പോക്കി'നെ ദൈവവചനത്തിലൂടെ പരിശോധിക്കണം. നിങ്ങളുടെ വീരാരാധനമാത്രം പോരാ. നിങ്ങളിൽ പരിശുദ്ധാത്മാവ് കണ്ടുപിടിക്കുന്ന കാര്യം ദൈവശുശ്രൂഷയ്ക്ക് പറ്റാത്ത നിങ്ങളുടെ പ്രകൃതമാണ്. നിങ്ങളിലെ ആ പ്രകൃതത്തെ ദൈവത്തിന് മാത്രമേ കണ്ടുപിടിക്കാൻ കഴിയൂ. നിങ്ങൾക്ക് ദൈവത്തിൽ നിന്ന് എന്തെങ്കിലും മറയ്ക്കാനുണ്ടോ? എങ്കിൽ ദൈവം തന്റെ വെളിച്ചത്തിൽ നിങ്ങളെ പരതിനോക്കട്ടെ. നിങ്ങളുടെ ജീവിതത്തിൽ പാപമുണ്ടെങ്കിൽ, വെറുതെ സമ്മതിച്ചാൽ പോരാ; അതേറ്റ് പറയുക. നിങ്ങൾക്ക് നിങ്ങളുടെ മേലുള്ള അവകാശത്തിന് വരുന്ന അപമാനം എന്ത് തന്നേയാണെങ്കിലും, നിങ്ങളുടെ കർത്താവും ഗുരുവുമായവനെ അനുസരിക്കാൻ നിങ്ങൾ തയ്യാറാണോ?

പരിശുദ്ധാത്മാവ് നല്കുന്ന ഒരു ഉറച്ച വിശ്വാസത്തെ നിങ്ങളുടെ മനസ്സിലേക്ക് കൊണ്ടുവരാൻ തക്കവണ്ണം പ്രധാനപ്പെട്ടതാണെങ്കിൽ, ദൈവം നിങ്ങളിൽ കണ്ടെത്തുന്ന കാര്യം അത് തന്നേയാണ്. എന്തോ വലിയ കാര്യം ഉപേക്ഷിക്കാനായി നിങ്ങൾ നോക്കുകയായിരുന്നു. എന്നാൽ ദൈവം നിങ്ങളോടു പറയുന്നത് ഏതോ വളരെ ചെറിയ ഒരു കാര്യം കളയാനാണ്. എന്നാൽ അതിന്റെ പിന്നിൽ പിടിവാശിയുടെ ഒരു കോട്ട തന്നേയുണ്ട്, 'എനിക്ക് എന്റെ മേലുള്ള അവകാശം ഞാൻ കളയുകയില്ല' എന്ന് നിങ്ങൾ പറയുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ ശിഷ്യനാകണമെങ്കിൽ നിങ്ങൾ ഉപേക്ഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നത് ആ ചെറിയ കാര്യമായിരിക്കും.

## സെപ്റ്റംബര്‍ 25

# ബന്ധത്തിന്റെ പോക്ക്

**'ഒരുത്തന്‍ നിന്നെ ഒരു നാഴിക വഴി പോകുവാന്‍ നിര്‍ബന്ധിച്ചാല്‍ രണ്ട് അവനോടു കൂടെ പോക' (മത്തായി 5:4).**

കര്‍ത്താവ് നമ്മെ പഠിപ്പിക്കുന്നതിന്റെ എല്ലാം ചുരുക്കം ഇതാണ്. അവന്‍ നമ്മില്‍ ദൈവികപ്രവര്‍ത്തനം നടത്തുന്നില്ലെങ്കില്‍, അവന്‍ ആവശ്യപ്പെടുന്ന ബന്ധം നമുക്ക് അസാദ്ധ്യമാണ്. ഒരു ശിഷ്യന്‍ അനീതിയും ക്രൂരതയും നേരിടേണ്ടി വരുമ്പോള്‍ അവന്റെ ഹൃദയത്തില്‍ നീരസം ലേശം പോലും കാണാന്‍ പാടില്ലെന്നാണ് യേശു ആവശ്യപ്പെടുന്നത്. എത്രവലിയ ഉത്സാഹത്തിനും യേശു തന്റെ ഒരു ശിഷ്യന്റെ മേല്‍ വെക്കുന്ന ആയാസത്തിന് നേരേ നില്ക്കുവാന്‍ സാധിക്കുകയില്ല. അങ്ങനെ ഒരായാസം താങ്ങുന്നത് യേശുക്രിസ്തുവുമായുള്ള ഒരു വ്യക്തിബന്ധം മാത്രമാണ്. 'ദൈവം തന്റെ ഹിതമനുസരിച്ച് എവിടേക്ക് അയയ്ക്കുന്നോ അങ്ങോട്ട് പോകാനാണ് ഞാനിവിടെ' എന്ന് പറയുന്ന, ഒരൊറ്റ ഉദ്ദേശ്യം മാത്രം അവശേഷിക്കുന്ന തരത്തിലുള്ളതും പരീക്ഷിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നതുമായ ബന്ധമായിരിക്കണം അത്. ബാക്കിയെല്ലാം മങ്ങിപ്പോയേക്കാം എന്നാല്‍ ക്രിസ്തുവുമായുള്ള ബന്ധം ഒരിക്കലും മങ്ങിപ്പോകരുത്.

ഗിരിപ്രഭാഷണം ഒരാദര്‍ശസംഹിതയോ അപ്രാപ്യമായ ഒരു ലക്ഷ്യമോ അല്ല. എന്റെ പ്രകൃതം മാറ്റി, യേശു, തന്റെ പ്രകൃതം എന്നില്‍ വെക്കുമ്പോള്‍, എന്നില്‍ എന്ത് സംഭവിക്കും എന്നതിന്റെ വിവരണമാണത്. ഗിരിപ്രഭാഷണം യഥാര്‍ത്ഥമാക്കാന്‍, സാക്ഷാത്ക്കരിക്കാന്‍ കഴിയുന്ന ഒരേ ഒരാള്‍ യേശുവാണ്.

യേശുവിന്റെ ശിഷ്യന്മാരാകണമെങ്കില്‍ ദൈവികമായി നാം ശിഷ്യരാകണം. യേശുവിന്റെ ശിഷ്യരാകണം എന്ന നിശ്ചയദാര്‍ഢ്യത്തോടുകൂടിയ ഉദ്ദേശ്യം നാം ബോധപൂര്‍വ്വം വെച്ചുപുലര്‍ത്തുകയാണെങ്കില്‍, നാം ശിഷ്യരല്ലെന്ന് നമുക്കുറപ്പാക്കാം 'നിങ്ങള്‍ എന്നെ തെരഞ്ഞെടുത്തു എന്നല്ല, ഞാന്‍ നിങ്ങളെ തെരഞ്ഞെടുത്തു' ഇങ്ങനെയാണ് ദൈവകൃപ തുടങ്ങുന്നത്. നമുക്കൊരിക്കലും രക്ഷപ്പെടാനാകാത്ത ഒരു നിര്‍ബന്ധമാണത്. നമുക്കതിനെ അനുസരിക്കാതിരിക്കാം. എന്നാല്‍ നമുക്കത് സൃഷ്ടിക്കുവാന്‍ കഴിയുകയില്ല. ദൈവത്തിന്റെ അലൗകികകൃപയുടെ പ്രവര്‍ത്തനത്താലാണ് നാം ദൈവത്തിലേക്ക് അടുക്കുന്നത്. എന്നാല്‍ എവിടെ നിന്നാണ് ആ പ്രവര്‍ത്തനം തുടങ്ങിയതെന്ന് നമുക്ക് കണ്ടു പിടിക്കാന്‍ സാധിക്കുകയില്ല. അലൗകികമായാണ് നമ്മുടെ കര്‍ത്താവ് ഒരു ശിഷ്യനെ സൃഷ്ടിക്കുന്നത്. നമ്മുടെ ഏതെങ്കിലും ഭൗതിക കഴിവിന്‍മേലല്ല അവന്‍ അത് പണിതുയര്‍ത്തുന്നത്. നമുക്ക് സ്വാഭാവികമായി വളരെ എളുപ്പം ചെയ്യാന്‍ കഴിയുന്ന കാര്യങ്ങളൊന്നും ചെയ്യാനല്ല ദൈവം നമ്മോട് പറയുന്നത്. അവന്റെ കൃപയില്‍, നാം ചെയ്യാന്‍ യോഗ്യരായ കാര്യങ്ങള്‍ ചെയ്യാനേ ദൈവം പറയൂ. ഇവിടെയാണ് എപ്പോഴും നാം വഹിക്കേണ്ട കുരിശ് കടന്നു വരുന്നത്.

## സെപ്റ്റംബർ 26



# ഒത്തുതീർപ്പിന്റെ പോക്ക്

**'നിന്റെ സഹോദരന്റെ നേരെ വല്ലതും ഉണ്ടെങ്കിൽ........... സഹോദരനോട് നിരന്നുകൊള്ളുക'** (മത്തായി 5:23).

'നീ നിന്റെ അതിവൈകാരിക മനോഭാവത്താൽ എന്തെങ്കിലും പരാതി കണ്ടുപിടിച്ചാൽ' എന്നല്ല 'നിന്റെ വഴിപാട് യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ നിന്റെ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വെച്ച് ഓർമ്മവന്നാൽ' എന്നാണ് ഈ വാക്യത്തിൽ പറയുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ''ദൈവാത്മാവ് എന്തെങ്കിലും നിങ്ങളുടെ ബോധമനസ്സിലേക്ക് കൊണ്ടുവന്നാൽ'' എന്നത്രേ പറയുന്നത്. അങ്ങനെയെങ്കിൽ ആദ്യം നിന്റെ സഹോദരനോട് നിരപ്പാക്കുക. പിന്നെ വഴിപാട് കൊണ്ടുവരിക. ഏറ്റവും ചെറിയ കാര്യങ്ങളിൽപ്പോലും നിങ്ങൾക്ക് നിർദ്ദേശം തരുമ്പോൾ ദൈവാത്മാവിന്റെ തീക്ഷ്ണമായ സംവേദനക്ഷമതയെ, പ്രതികരണശേഷിയെ എതിർക്കാതിരിക്കുക.

'ആദ്യം നിന്റെ സഹോദരനോട് നിരപ്പാകുക' നമ്മുടെ കർത്താവിന്റെ നിർദ്ദേശം ലളിതമാണ്. ആദ്യം സഹോദരനോട് നിരപ്പാകുക എന്ന് പറഞ്ഞാൽ നിങ്ങൾ വന്ന വഴി തിരിച്ച് പോകുക, ബലിപീഠത്തിൽ നിങ്ങൾക്ക് ലഭിച്ച ആ ഉറച്ച തോന്നലിന്റെ വഴിയെ പോകുക. നിങ്ങൾക്കെതിരേ എന്തെങ്കിലും ഉള്ള ഒരാളോട്, നിരപ്പാകുന്നത് ശ്വസനം പോലെ സ്വാഭാവികമാകുന്ന വിധത്തിലുള്ള ഒരു മനോഭാവം മനസ്സിലും ആത്മാവിലും ഉണ്ടാകുകയാണ്. മറ്റാരെയും കുറിച്ച് യേശു പറയുന്നില്ല. 'നീ പോകുക' എന്നാണ് പറയുന്നത്. നിങ്ങളുടെ അവകാശങ്ങളുടെ പ്രശ്നമില്ല. തന്റെ അവകാശങ്ങൾ മാറ്റിവെച്ച് യേശുവിനെ അനുസരിക്കാൻ കഴിയും എന്നതാണ് വിശുദ്ധന്റെ മുദ്ര.

'പിന്നെ വന്നു നിന്റെ വഴിപാട് കഴിക്ക' നിരപ്പിന്റെ, ഒത്തുതീർപ്പിന്റെ പ്രക്രിയ വ്യക്തമായി അടയാളപ്പെടുത്തിയിരിക്കുന്നു. ആദ്യം നമുക്ക് ഒരു വീരസാഹസിക ത്യാഗമനോഭാവമുണ്ടാകും, പിന്നെ പരിശുദ്ധാത്മാവിന്റെ പ്രതികരണത്തിലൂടെ പെട്ടെന്നുള്ള നിയന്ത്രണം, അതു കഴിഞ്ഞാൽ നമ്മുടെ ഉറച്ച വിശ്വാസത്തിൽ നാമൊന്ന് നില്ക്കുന്നു. പിന്നെ ദൈവവചനം അനുസരിക്കുന്നതിലേക്കുള്ള വഴിയിൽ; ഇത് നിങ്ങളോടു ഇടർച്ചയിലായിരുന്ന വ്യക്തിയെ ഒരു തരത്തിലും കുറ്റപ്പെടുത്താത്ത ഒരു മനോഭാവം നിങ്ങളിലുളവാക്കുന്നു. അവസാനം ദൈവത്തിനുള്ള നിങ്ങളുടെ വഴിപാടിന്റെ ലളിതവും തടസ്സമില്ലാത്തതും ആഹ്ലാദകരവുമായ അർപ്പണം.

## സെപ്റ്റംബർ 27

# തൃജിക്കലിന്റെ പോക്ക്

**'നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം' (ലൂക്കൊസ് 9:57).**

ഇങ്ങനെ പറഞ്ഞ ഈ മനുഷ്യനോടുള്ള നമ്മുടെ കർത്താവിന്റെ മനോഭാവം കർക്കശമായ നിരുത്സാഹപ്പെടുത്തലിന്റേതായിരുന്നു. 'മനുഷ്യനിലുള്ളത് എന്ത് എന്ന് സ്വതവേ' അവൻ അറിഞ്ഞിരുന്നു. 'ആ മനുഷ്യനെ നേടാനുള്ള അവസരം നഷ്ടപ്പെടുത്തിയല്ലോ, അത്ര തണുതണുപ്പനായി നിരുത്സാഹപ്പെടുത്തി അയാളോട് പറഞ്ഞല്ലോ' എന്ന് നമ്മളായിരുന്നെങ്കിൽ പറഞ്ഞേനേ. ഒരിക്കലും നമ്മുടെ കർത്താവിന് വേണ്ടി ക്ഷമ പറയരുത്. ആത്യന്തികമായി മറ്റ് യാതൊന്നും നമ്മെ സങ്കടപ്പെടുത്തുകയും നീരസപ്പെടുത്തുകയും ചെയ്യാത്തവിധം നമ്മുടെ കർത്താവിന്റെ വാക്കുകൾ നമ്മെ സങ്കടപ്പെടുത്തും. ദൈവശുശ്രൂഷയിലിരിക്കുന്ന ഒരു മനുഷ്യനെ നശിപ്പിക്കാൻ പോകുന്ന യാതൊന്നിന്റെയും നേരെ യേശുവിന് യാതൊരു ആർദ്രതയും ഉണ്ടായിരുന്നില്ല. നമ്മുടെ കർത്താവിന്റെ ഉത്തരങ്ങൾ വെറും നൈമിഷികചിന്തയിലോ, തോന്നലിലോ അല്ല, എന്താണ് മനുഷ്യൻ എന്ന അറിവിലാണ് അധിഷ്ഠിതമായിരുന്നത്. നിങ്ങളെ സങ്കടപ്പെടുത്തുന്ന ഒരു കർത്തൃവചനം ദൈവാത്മാവ് നിങ്ങളിലെത്തിക്കുകയാണെങ്കിൽ, നിങ്ങളിലുള്ള എന്തോ ഒന്നിനെ ഇല്ലാതാക്കുവോളം മുറിപ്പെടുത്താൻ അവൻ ആഗ്രഹിക്കുന്നു എന്ന് നിങ്ങൾക്കുറപ്പാക്കാം.

ലൂക്കൊസ് 9:8. യേശുക്രിസ്തുവിന് ശുശ്രൂഷചെയ്യുന്നത് പ്രസന്നമായ ഒരു കാര്യമാണെന്ന ചിന്താഗതിയെ ഈ വാക്യം തകർക്കുന്നു. ആ തിരസ്കാരത്തിന്റെ കർക്കശത, എന്റെ ജീവിതത്തിൽ, എന്റെ കർത്താവും ഞാനും നിരാശയിലൂടെയുള്ള ഒരു പ്രതീക്ഷയും മാത്രം അവശേഷിച്ചാൽ മതി എന്നാണ് ആവശ്യപ്പെടുന്നത്. മറ്റുള്ളവർ വരുകയും പോകുകയും ചെയ്യട്ടെ, അവനോടുള്ള എന്റെ ബന്ധത്താൽ മാത്രം ഞാൻ നയിക്കപ്പെടണം. 'മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല' എന്നും അവൻ പറയുന്നു.

ലൂക്കൊസ് 9:59 ഈ മനുഷ്യന് യേശുവിനെ നിരാശപ്പെടുത്താൻ ആഗ്രഹമില്ലായിരുന്നു; തന്റെ പിതാവിനെ സങ്കടപ്പെടുത്തണമെന്നും അവൻ ആഗ്രഹിച്ചില്ല. യേശുക്രിസ്തുവിനോടുള്ള ആത്മാർത്ഥതയ്ക്ക് മുമ്പിൽ നമ്മുടെ ബന്ധുക്കളോടുള്ള ആത്മാർത്ഥത വെക്കുകയും അവസാനസ്ഥാനം എടുക്കാൻ നാം യേശുവിനെ നിർബന്ധിക്കുകയും ചെയ്യുന്നു. നമ്മുടെ ആത്മാർത്ഥതകൾ തമ്മിൽ സംഘട്ടനമുണ്ടാകുമ്പോൾ എന്ത് വിലകൊടുത്തും യേശുവിനെ അനുസരിക്കുക.

ലൂക്കൊസ് 9:61 'ഞാൻ നിന്നെ അനുഗമിക്കാം എന്നാൽ.........' എന്ന് പറയുന്ന വ്യക്തി പോകാൻ തീക്ഷ്ണമായ ഒരുക്കമുള്ള ആളാണ്. പക്ഷെ ഒരിക്കലും പോകുന്നില്ല. അയാൾക്ക് പോകുന്ന കാര്യത്തിൽ പരിമിതികളുണ്ട്. യേശുക്രിസ്തുവിന്റെ കർക്കശമായ ക്ഷണത്തിൽ യാത്രാമൊഴികൾക്ക് ഇടമില്ല. നമ്മൾ ഒട്ടുമിക്കപ്പോഴും ഉപയോഗിക്കുന്ന ഗുഡ്ബൈ എന്ന യാത്രമൊഴി അവിശ്വാസികളുടെതാണ്. ക്രിസ്തീയമല്ല; കാരണം അവ നമ്മെ ക്രിസ്തുവിന്റെ വിളിയിൽ നിന്ന് വഴി തിരിച്ച് വിടുന്നു. ഒരിക്കൽ ദൈവത്തിന്റെ വിളി നിങ്ങളിലെത്തിയാൽ പിന്നെ എങ്ങും നില്ക്കാതെ ഉടനടി പുറപ്പെടുക.

## സെപ്റ്റംബർ 28

# ഉപാധികളില്ലാത്ത താദാത്മ്യത്തിന്റെ (ഒന്നാകലിന്റെ) പോക്ക്

**'ഒരു കുറവ് നിനക്കുണ്ട്; നീ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്ക' (മർക്കൊസ് 10: 21).**

പരിപൂർണ്ണനാകണമെന്ന ആഗ്രഹം അടക്കിഭരിച്ചിരുന്ന ഒരാളായിരുന്നു ആ ചെറുപ്പക്കാരൻ. യേശുവിനെ കണ്ടപ്പോൾ ആ ചെറുപ്പക്കാരന് യേശുവിനെപ്പോലെ ആകണമെന്ന് തോന്നി. ഒരാളെ ശിഷ്യനാകാൻ വിളിക്കുമ്പോൾ അയാളുടെ വ്യക്തിപരമായ വിശുദ്ധിയെ നമ്മുടെ കർത്താവു മറ്റെല്ലാറ്റിലും ഉപരിയായി വെക്കാറില്ല. 'എനിക്ക് എന്റെ മേലുള്ള അവകാശം ഞാൻ വിട്ടുകളയണം; ഞാൻ യേശുവുമായി ഇഴുകിച്ചേരണം' – ഇതാണ് യേശു ആവശ്യപ്പെടുന്നത്. യേശുവിന്റെ മുമ്പിലുള്ള സമർപ്പണത്തിന്റെ പൂർണ്ണമായ 'പോക്ക്' എന്തെന്ന് നമ്മിൽ വളരെക്കുറച്ച് പേർക്കേ അറിയൂ

'യേശു അവനെ നോക്കി അവനെ സ്നേഹിച്ചു' മറ്റാരൊടെങ്കിലുമോ, മറ്റെന്തിനോടെങ്കിലുമോ ഉള്ള സ്നേഹബന്ധം എന്നെന്നേക്കുമായി വിടർത്തുക എന്നാണ് യേശുവിന്റെ ആ നോട്ടം ആവശ്യപ്പെടുന്നത്. യേശു എന്നെങ്കിലും നിങ്ങളെ നോക്കിയിട്ടുണ്ടോ? യേശുവിന്റെ ഈ നോട്ടം രൂപാന്തരപ്പെടുത്തുകയും തുളച്ച്കയറുകയും, പിടിച്ചടക്കുകയും ചെയ്യും. എവിടെ നിങ്ങൾ ദൈവത്തോട് മൃദുവായും വണക്കത്തോടും ഇരിക്കുന്നുവോ അവിടെ കർത്താവ് നിങ്ങളെ നോക്കിയിരിക്കുന്നു. നിങ്ങൾ കഠിനമനസ്സായിരിക്കുകയും സ്വയം നീതീകരിക്കുകയും, നിങ്ങളെക്കാൾ തെറ്റ് ചെയ്തത്, മറ്റെയാളാണെന്ന് ഉറപ്പായിരിക്കുകയും ചെയ്യുമ്പോൾ യേശുവിന്റെ നോട്ടത്താൽ രൂപാന്തരപ്പെടാത്ത അനേകം പൂർണ്ണമേഖലകൾ നിങ്ങളുടെ പ്രകൃതത്തിലുണ്ടെന്ന് അത് സൂചിപ്പിക്കുന്നു.

'നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക'. യേശുക്രിസ്തുവിന്റെ കാഴ്ചപ്പാടിൽ ഞാൻ വെറുമൊരു ജീവനുള്ള വ്യക്തി മാത്രം. ഞാനെന്നെ താഴ്ത്തണം. യേശുവുമായുള്ള താദാത്മ്യം, ഒന്നാകൽ മാത്രമാണ് നല്ലകാര്യം. രക്ഷക്കായല്ല, (ഒരു മനുഷ്യനെ രക്ഷിക്കുന്നത് പൂർണ്ണ വിശ്വാസത്തിൽ അവന് യേശുവിലുള്ള ആശ്രയമത്രേ) യേശുവിനെ പിന്തുടരാനായി ഞാനെനിക്കുള്ള സർവ്വതും ഉപേക്ഷിക്കണം. 'വരിക എന്നെ അനുഗമിക്ക'. അവൻ പോയ പാതയാണ് വഴി, ശരിയായ വഴി!

## സെപ്റ്റംബർ 29

# വിളിയെക്കുറിച്ചുള്ള ബോധം

**'നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം!' (1 കൊരിന്ത്യർ 9:16).**

ദൈവത്തിന്റെ അലൗകികവും രഹസ്യാത്മകവുമായ സ്പർശം നാം മറക്കാനിടയുണ്ട്. എവിടെയാണ് നിങ്ങൾ ദൈവത്തിന്റെ വിളികേട്ടതെന്നും, അതിനെക്കുറിച്ചുള്ള മറ്റ് കാര്യങ്ങളും നിങ്ങൾക്ക് പറയാൻ കഴിയുമെങ്കിൽ നിങ്ങളെ എന്നെങ്കിലും ദൈവം വിളിച്ചുവോ എന്നു തന്നേ ഞാൻ സംശയിക്കും. ദൈവവിളി അങ്ങനെ വരുന്ന ഒന്നല്ല: അത് അതിനേക്കാൾ വളരെയേറെ, അലൗകികം, ആദ്ധ്യാത്മികം അത്രേ. ഒരു മനുഷ്യന്റെ ജീവിതത്തിലെ ദൈവവിളി ഒരിടിനാദം പോലെയോ, മെല്ലെ ഉദിച്ച് വരുന്ന ഒരു പ്രഭാതം പോലെയോ ആകുന്നു. അത് പെട്ടെന്ന് വന്നാലും സാവധാനം വന്നാലും ആദ്ധ്യാത്മികതയുടെ, അലൗകികമായ എന്തോ ഒന്നിന്റെ അകമ്പടിയോടെയാണ് അതെപ്പോഴും വരിക – അതിൽ പറഞ്ഞിറിയിക്കാനാകാത്ത എന്തോ ഒന്നുണ്ട്. അതൊരു 'പ്രകാശം' സൃഷ്ടിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ജീവിതത്തെ പിടികൂടിയിരിക്കുന്ന ആ കണക്കു കൂട്ടാനാകാത്ത ആദ്ധ്യാത്മികമായ, അത്ഭുതകരമായ ആ വിളിയെക്കുറിച്ചുള്ള ബോധം ഏതു നിമിഷവും പൊട്ടിവിടരാം. 'ഞാൻ നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു'. രക്ഷയും വിശുദ്ധീകരണവുമായി ദൈവവിളിക്ക് യാതൊരു ബന്ധവുമില്ല. നിങ്ങൾ വിശുദ്ധീകരിക്കപ്പെട്ടതിനാലാണ് നിങ്ങൾ സുവിശേഷമറിയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നത്. സുവിശേഷമറിയിക്കാനുള്ള വിളി വളരെ വ്യത്യസ്തമാണ്. 'തന്റെ മേൽ കിടക്കുന്ന ഒരു നിർബ്ബന്ധ'മായി പൗലോസ് അപ്പൊസ്തലൻ അതിനെ വിവരിക്കുന്നു.

നിങ്ങളുടെ ജീവിതത്തിലെ ആ വലിയ അലൗകിക ദൈവവിളിയെ നിങ്ങൾ അവഗണിക്കുകയും നീക്കിക്കളയുകയും ചെയ്തിരിക്കുന്നുവെങ്കിൽ, നിങ്ങളുടെ പരിതഃസ്ഥിതികളെ പുനരവലോകനം ചെയ്യുക. ദൈവവിളിക്ക് മുമ്പിലായി, എവിടെയാണ് നിങ്ങൾ സേവനത്തെക്കുറിച്ചുള്ള നിങ്ങളുടെ സ്വന്തം ആശയങ്ങളെയും പ്രത്യേക കഴിവുകളെയും വെച്ചിരിക്കുന്നതെന്ന് നോക്കുക. 'ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് കഷ്ടം' എന്നാണ് പൗലോസ് അപ്പോസ്തലൻ പറയുന്നത്. തനിക്കുള്ള ദൈവവിളിയെക്കുറിച്ച് പൗലോസ് ബോധവാനായിരുന്നു. മറ്റൊന്നിനും പൗലോസിന്റെ ശക്തിയോടു മത്സരിക്കാനാവാത്ത വിധം ശക്തമായിരുന്നു ആ വിളി.

ഒരു സ്ത്രീയെയോ പുരുഷനെയോ ദൈവം വിളിച്ചാൽ, പരിതഃസ്ഥിതികൾ എത്ര ബുദ്ധിമുട്ടുള്ളതായിരുന്നാലും സാരമില്ല. തന്റെ ലക്ഷ്യത്തിനായി ദൈവം ഒരോ ശക്തിയെയും ഉപയോഗിക്കും. ദൈവോദ്ദേശ്യവുമായി നിങ്ങൾ യോജിച്ചാൽ നിങ്ങളുടെ ബോധതലം മാത്രമല്ല, നങ്ങൾക്ക് എത്തിപ്പെടാൻ കഴിയാത്ത നിങ്ങളുടെ ജീവിതത്തിലെ അഗാധതലങ്ങളെപ്പോലും ദൈവം സമഞ്ജസമായി കൂട്ടിച്ചേർക്കും.

## സെപ്റ്റംബർ 30

# ദൈവവിളി നല്കുന്ന കർത്തവ്യം

**'ഇപ്പോൾ ഞാൻ നിങ്ങൾക്ക് വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിന്റെ സഭയായ അവന്റെ ശരീരത്തിന് വേണ്ടി പൂരിപ്പിക്കുന്നു' (കൊലൊസ്യർ1:24).**

നമ്മുടെ സ്വന്തം ആത്മീയ വിശുദ്ധീകരണങ്ങളെ നാം ദൈവവിളികളാക്കി മാറ്റുന്നു. എന്നാൽ ദൈവവുമായി നാം ശരിയായ ബന്ധത്തിലാകുമ്പോൾ ദൈവം ഇതെല്ലാം ഒരു വശത്തേക്കു തൂത്ത് മാറ്റുകയും ഇത് ദൈവവിളി എന്ന് നാം സ്വപ്നം പോലും കാണാത്ത ഒരു കാര്യത്തിന്മേൽ നമ്മുടെ ശ്രദ്ധ പതിയത്തക്കവിധം ഒരു വേദന അവൻ തരികയും ചെയ്യുന്നു. ഒരുജ്ജ്വല നിമിഷത്തിൽ നാം അവന്റെ ഉദ്ദേശ്യമെന്തെന്ന് കാണുകയും, 'ഇതാ അടിയൻ, അടിയനെ അയക്കേണമേ' എന്ന് പറയുകയും ചെയ്യുന്നു (യെശയ്യാവ് 6:8).

ഈ വിളിക്ക് വ്യക്തിപരമായ വിശുദ്ധീകരണങ്ങളോടല്ല, നുറുക്കപ്പെട്ട അപ്പത്തോടും ചൊരിയപ്പെട്ട വീഞ്ഞിനോടുമാണ് ബന്ധം. എന്നാൽ നമ്മെ ഉടയ്ക്കാൻ അവൻ തെരഞ്ഞെടുക്കുന്ന വിരലുകളെ നാം എതിർത്താൽ ദൈവത്തിനൊരിക്കലും നമ്മെ വീഞ്ഞാക്കാൻ സാധിക്കുകയില്ല. നമ്മെ മുറിക്കപ്പെട്ട അപ്പവും ചൊരിയപ്പെട്ട വീഞ്ഞുമാക്കാൻ ദൈവം തന്റെ വിരലുകൾ ഒരു പ്രത്യേകരീതിയിൽ ഉപയോഗിച്ചെങ്കിൽ! നമുക്ക് ഇഷ്ടമില്ലാത്ത ഏതെങ്കിലും ആളുകളെയോ ഒരിക്കലും കീഴടങ്ങുകയില്ലെന്ന് നാം പറഞ്ഞ ഏതെങ്കിലും പരിതഃസ്ഥിതികളെയോ നമ്മെ ഉടയ്ക്കാൻ ദൈവം ഉപയോഗിക്കുമ്പോൾ നാം എതിർക്കുന്നു. നാം ഒരിക്കലും നമ്മുടെ രക്തസാക്ഷിത്വത്തിന്റെ രംഗം തെരഞ്ഞെടുക്കരുത്. നാം എന്നെങ്കിലും വീഞ്ഞ് ആക്കപ്പെടേണ്ടതുണ്ടെങ്കിൽ, ഉടയ്ക്കപ്പെട്ടേ തീരൂ. നമുക്ക് 'മുന്തിരിങ്ങ' കുടിക്കാൻ സാധിക്കുകയില്ല. ഉടയ്ക്കപ്പെടുകയും പിഴിയപ്പെടുകയും ചെയ്യുമ്പോഴേ അവ വീഞ്ഞായിത്തീരൂ.

നിങ്ങളെ പിഴിയാൻ ദൈവത്തിന്റെ വിരലുകൾ എത്രമാത്രം ബലംപ്രയോഗിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഞാൻ ചിന്തിക്കുകയാണ്, നിങ്ങളോ? നിങ്ങൾ ഒരു കഷണം മാർബിൾ പോലെയായിരുന്നു; നിങ്ങൾ രക്ഷപ്പെടുകയും ചെയ്തു. നിങ്ങൾ ഇനിയും പാകമായിട്ടില്ലായിരുന്നു. ആ പരുവത്തിൽ ദൈവം നിങ്ങളെ പിഴിഞ്ഞിരുന്നെങ്കിൽ ആ വീഞ്ഞിന് ചവർപ്പുണ്ടായേനേ. വിശുദ്ധനായ ഒരു വ്യക്തിയാകുക എന്നതിന്റെ അർത്ഥം നമ്മുടെ സ്വാഭാവിക ജീവിതഘടകങ്ങൾ ദൈവശുശ്രൂഷയിൽ തകർക്കപ്പെടുക എന്നതാണ്. ദൈവകരങ്ങളിലെ നുറുക്കപ്പെട്ട അപ്പമാകും മുമ്പ് നാം ദൈവത്തിങ്കലേക്ക് ആനയിക്കപ്പെടുകയും അവനുമായി യോജിപ്പിലെത്തുകയും വേണം. ദൈവവുമായി ശരിയായ ബന്ധത്തിലായിരിക്കുകയും ദൈവഹിതം നടത്താൻ അനുവദിക്കുകയും ചെയ്യുക. അപ്പോൾ തന്റെ പൈതങ്ങൾക്ക് പ്രയോജനകരമായ വീഞ്ഞ് അവനുണ്ടാക്കുന്നത് നിങ്ങൾക്ക് കാണാൻ കഴിയും.

## ഒക്ടോബർ1

# ആനന്ദപരമോന്നതി

**'ആറ് ദിവസം കഴിഞ്ഞശേഷം യേശു പത്രോസിനെയും, യാക്കോബിനെയും യോഹന്നാനെയും കൂട്ടി ഒരു ഉയർന്ന മലയിലേക്ക് തനിച്ച് കൊണ്ടുപോയി' (മർക്കൊസ് 9:2).**

മലമുകളിലെ അത്യാനന്ദാനുഭവം നമുക്കെല്ലാവർക്കുമുണ്ടായിട്ടുണ്ട്. അവിടെത്തന്നേ നിന്നാൽ മതിയെന്ന് നാം അപ്പോൾ ആഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ആത്മീയാനുഭവത്തിന്റെ ശരിയായ പരീക്ഷണം അവിടെ നിന്നിറങ്ങാനുള്ള ശക്തി കാണിക്കുന്നതിലാണ്. കയറാനുള്ള ശക്തിമാത്രമേ നമുക്കുള്ളൂവെങ്കിൽ, എവിടെയോ തകരാറുണ്ട്. ദൈവവുമൊത്ത് പർവ്വതമുകളിലായിരിക്കുക എന്നത് വലിയൊരു അനുഭവമാണ്. പക്ഷേ ഒരാൾ ആ മലമുകളിൽ കയറുന്നത് താഴെയ്ക്കിറങ്ങിവരാനും താഴ്വരയിലെ ഭൂതഗ്രസ്തരായ ആളുകളെ ഉയർത്തുവാനുമത്രേ (മർക്കൊസ് 9:14–18വരെ കാണുക). പർവ്വതങ്ങൾക്കും സൂര്യോദയങ്ങൾക്കും ജീവിതത്തിലെ മനോഹരമായ ആകർഷണങ്ങൾക്കും വേണ്ടിയല്ല നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവയെല്ലാം പ്രചോദനത്തിനുള്ളവയത്രേ; അത്രമാത്രം. നാം താഴ്വരയ്ക്കായും ജീവിതത്തിലെ സാധാരണകാര്യങ്ങൾക്കായുമത്രേ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവിടെയാണ് നാം നമ്മുടെ ഊർജ്ജവും, ശക്തിയുമെല്ലാം തെളിയിക്കേണ്ടത്. എന്നാൽ നമ്മുടെ ആത്മീയ സ്വാർത്ഥത മലമുകളിൽ ആവർത്തിച്ചാവർത്തിച്ചുള്ള അനുഭവങ്ങൾ ആഗ്രഹിക്കും. അവിടെ, മലമുകളിൽ നിന്നാൽ നമുക്ക് മാലാഖമാരെപ്പോലെ സംസാരിക്കാനും ജീവിക്കാനും സാധിക്കുമെന്നാണ് നാം വിചാരിക്കുന്നത്. പരമാനന്ദത്തിന്റെ സമയങ്ങൾ അസാധാരണമാണ്, ദൈവവുമൊത്തുള്ള നമ്മുടെ ജീവിതത്തിൽ അവയ്ക്കർത്ഥവുമുണ്ട്. എന്നാൽ നമ്മുടെ ആത്മീയ സ്വാർത്ഥതയിൽ ഈ ഒരു സമയം മാത്രം നമുക്ക് മതി എന്നാഗ്രഹിക്കുന്നതിനെ നാം സൂക്ഷിക്കണം.

സംഭവിക്കുന്നതെല്ലാം എന്തെങ്കിലും പ്രയോജനകരമായ ഉദ്ബോധനത്തിനായി മാറ്റണമെന്ന് ചിന്തിക്കാനാണ് നമ്മുടെ പ്രവണത. എന്നാൽ മലമുകൾ നമ്മെ ഒന്നും 'പഠിപ്പിക്കാൻ' ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. അത് നമ്മെ എന്തോ 'ആക്കാൻ' ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതത്രേ. 'ഇത് കൊണ്ടെന്ത് പ്രയോജനം?' എന്ന് ചോദിക്കുന്നതിൽ ഒരു കെണിയുണ്ട്. ആത്മീയകാര്യങ്ങളിൽ ഈ രീതിയിൽ നമുക്ക് കണക്ക് കൂട്ടാൻ കഴിയുകയില്ല; മലമുകളിലെ നിമിഷങ്ങൾ അപൂർവനിമിഷങ്ങളാണ്; അവ ദൈവോദ്ദേശ്യത്തിൽ എന്തോ ഒന്നിനായിട്ടുള്ളതത്രേ.

## ഒക്ടോബർ 2

# അപമാനതലം

**'നിന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞ് ഞങ്ങളെ സഹായിക്കണമേ എന്ന് പറഞ്ഞു' (മർക്കൊസ് 9:22).**

പരമാനന്ദത്തിന്റേതായ ഓരോ അവസരത്തിന് ശേഷവും നാം കാര്യങ്ങളുടെ തിരക്കിലേക്ക് തിരിച്ചുവരുന്നു. അവിടെ സുന്ദരമോ കവിതാത്മകമോ ആവേശകരമോ ആയ യാതൊന്നുമില്ല. താഴ്‌വരയുടെ വിരസമായ വിടുവേലയാണ് മലയുടെ ഉയരം അളക്കുന്നത്. എന്നാൽ താഴ്‌വരയിലാണ് നാം ദൈവമഹത്വത്തിനായി ജീവിക്കേണ്ടത്. മലമുകളിൽ അവന്റെ മഹത്വം നാം കാണുന്നു, എന്നാൽ ആ മഹത്വത്തിനായി നാം അവിടെ ജീവിക്കുന്നില്ല അപമാനത്തിന്റെ തലത്തിലാണ് നാം ദൈവത്തിനായുള്ള നമ്മുടെ യഥാർത്ഥ യോഗ്യത കാണുന്നത്. അവിടെയാണ് നമ്മുടെ വിശ്വസ്തത വെളിപ്പെടുത്തുന്നത്. നമ്മുടെ ഹൃദയങ്ങളുടെ സ്വാഭാവിക സ്വാർത്ഥതയാൽ ധീരരോദാത്തമായ ഔന്നത്യങ്ങളിൽ കാര്യങ്ങൾ ചെയ്യാൻ കഴിയും. എന്നാൽ നിത്യജീവിതത്തിന്റെ വിരസമായ തലത്തിൽ ദൈവവുമായുള്ള നമ്മുടെ വ്യക്തിബന്ധമനുസരിച്ച് നാം താഴ്‌വരയിൽ ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. മലമുകളിൽ തങ്ങുന്നത് വലിയൊരനുഭവമായിരിക്കും എന്ന് പത്രോസ് വിചാരിച്ചു, എന്നാൽ  ആ ദർശനത്തിന്റെ യഥാർത്ഥ അർത്ഥം വിശദീകരിക്കപ്പെട്ട താഴ്‌വരയിലേക്ക് യേശു തന്റെ ശിഷ്യന്മാരെ കൂട്ടിക്കൊണ്ടുപോയി.

'നിന്നാൽ വല്ലതും കഴിയുമെങ്കിൽ.........' നമ്മിലെ അവിശ്വാസം പിഴുതെറിയാൻ അപമാനത്തിന്റെ താഴ്‌വര വേണം. നിങ്ങളുടെ സ്വന്തം അനുഭവത്തിലേക്ക് തിരിഞ്ഞ് നോക്കുക. ആരാണ് യേശു എന്നു നിങ്ങൾ യഥാർത്ഥത്തിൽ അറിയും വരെയും നിങ്ങൾക്ക് ദൈവത്തിന്റെ ശക്തിയെക്കുറിച്ച് സന്ദേഹമായിരുന്നു. മലമുകളിലായിരുന്നപ്പോൾ നിങ്ങൾക്ക് എന്തും വിശ്വസിക്കാൻ കഴിഞ്ഞു; എന്നാൽ താഴ്‌വരയിൽ യാഥാർത്ഥ്യങ്ങളെ നേരിട്ടുകൊണ്ടിരുന്നപ്പോഴോ? നിങ്ങളുടെ വിശുദ്ധീകരണത്തെക്കുറിച്ച് നിങ്ങൾക്ക് ഒരു സാക്ഷ്യം പറയാൻ കഴിഞ്ഞേക്കും. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അപമാനകരമായ കാര്യത്തെക്കുറിച്ചോ? ദൈവവുമായി മലമുകളിലായിരുന്ന കഴിഞ്ഞ പ്രാവശ്യം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവശക്തിയും നിങ്ങൾ കണ്ടു. ഇപ്പോൾ അപമാനത്തിന്റെ താഴ്‌വരയിലായതിനാൽ നിങ്ങൾ സംശയാലുവാകുമോ?

## ഒക്ടോബർ 3

# ശുശ്രൂഷയുടെ തലം

**'പ്രാർത്ഥനയാൽ അല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെട്ടു പോകയില്ല എന്ന് അവൻ പറഞ്ഞു' (മർക്കൊസ് 9:29).**

ശിഷ്യന്മാർ യേശുവിനോട് സ്വകാര്യമായി ഇങ്ങനെ ചോദിച്ചു: 'ഞങ്ങൾക്ക് എന്തുകൊണ്ട് അതിനെ പുറത്താക്കാൻ കഴിഞ്ഞില്ല?' ഇതിനുത്തരം യേശുക്രിസ്തുവുമായുള്ള ഒരു വ്യക്തിബന്ധത്തിൽ അടങ്ങിയിരിക്കുന്നു. അവനിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൊണ്ട്, ആ ശ്രദ്ധ ഇരട്ടിയും രണ്ടിരട്ടിയുമാക്കിക്കൊണ്ട് മാത്രമേ 'ഈ ജാതിയെ' (അശുദ്ധാത്മാക്കളെ) പുറത്താക്കാൻ കഴിയൂ. ആ ശിഷ്യരെപ്പോലെ ശക്തിഹീനരായി, ദൈവശക്തിയിൽ ശ്രദ്ധകേന്ദ്രീകരിക്കാതെ, നമ്മുടെ സ്വപ്രകൃതത്തിൽ നിന്ന് ഉരുത്തിരിഞ്ഞിട്ടുള്ള ആശയങ്ങളാൽ, ദൈവവേല ചെയ്യാൻ ശ്രമിച്ചുകൊണ്ട് നമുക്ക് കഴിയാം. എന്നാൽ ദൈവത്തെ അറിയാതെ അവന് ശുശ്രൂഷചെയ്യാനുള്ള ആവേശത്തിൽ നാം വാസ്തവത്തിൽ ദൈവത്തെ അപമാനിക്കുകയാണ്.

പ്രയാസകരമായ ഒരു സ്ഥിതിഗതിയെ നിങ്ങൾ അഭിമുഖീകരിക്കേണ്ടി വരുകയും ബാഹ്യമായി യാതൊന്നും സംഭവിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, അപ്പോഴും നിങ്ങൾക്ക് ദൈവത്തിലുള്ള നിങ്ങളുടെ നിരന്തരശ്രദ്ധയാൽ സ്വാതന്ത്ര്യവും മോചനവും ലഭിക്കുമെന്നറിയാം. നിങ്ങളുടെ കർത്തവ്യം നിങ്ങൾക്കും യേശുവിനും ഇടയ്ക്കൊരു തടസ്സവും ഇല്ല എന്നതിൽ ശ്രദ്ധ വെക്കുകയാണ്. ഇപ്പോൾ നിങ്ങൾക്കും യേശുവിനും ഇടയ്ക്കെന്തെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ അതിനെ ശുണ്ഠിയെടുത്ത് അവഗണിക്കുകയോ അല്ലെങ്കിൽ അതിന് മുകളിലൂടെ ചാടിക്കടക്കുകയോ അല്ല വേണ്ടത്. അതിനെ നേരിടുകയും അതിലൂടെ കടന്ന് യേശുവിന്റെ സാന്നിദ്ധ്യത്തിലെത്തുകയും വേണം. അപ്പോൾ ആ പ്രശ്നവും അതുമായി ബന്ധപ്പെട്ട് നിങ്ങൾ കടന്ന് പോയതൊക്കെയും, യേശുവിനെ മുഖാമുഖം കാണുന്നത് വരെ, അത്ഭുതകരമായി അവനെ മഹത്വപ്പെടുത്തും.

'കഴുകന്മാരെപ്പോലെ ചിറകടിച്ച്' ഉയരാൻ (യെശയ്യാവ് 40:31) നമുക്ക് കഴിയണം. എന്നാൽ എങ്ങനെയാണ് താഴെ വരേണ്ടതെന്നും നമുക്കറിയണം. വിശുദ്ധന്റെ ശക്തി താഴേക്ക് വരുന്നതിലും താഴ്‌വാരത്തിൽ ജീവിക്കുന്നതിലുമാണ്. 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു' എന്നാണ് പൗലോസ് അപ്പൊസ്തലൻ പറയുന്നത്; പൗലോസ് പരാമർശിച്ചു കൊണ്ടിരുന്നതാകട്ടെ ഏറ്റവും അപമാനകരമായ കാര്യങ്ങളെക്കുറിച്ചും. അപമാനിതരാകാൻ വിസമ്മതിക്കുകയും 'ഇല്ല, എനിക്ക് ദൈവത്തോടൊപ്പം മലമുകളിലിരിക്കാനാണിഷ്ടം' എന്ന് പറയുകയും ചെയ്യാനുള്ള ശക്തി നമ്മിലുണ്ട്. യേശുക്രിസ്തുവിന്റെ യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ കാര്യങ്ങളെ അവ എങ്ങനെയാണോ അതുപോലെ നേരിടാൻ എനിക്ക് കഴിയുമോ? അതോ അവ യഥാർത്ഥത്തിൽ എനിക്കവനിലുള്ള വിശ്വാസത്തെ നശിപ്പിക്കുകയും എന്നെ പരിഭ്രാന്തിയിലാക്കുകയും ചെയ്യുകയാണോ?

## ഒക്ടോബർ 4

# ദർശനവും യാഥാർത്ഥ്യവും

**‘വിളിക്കപ്പെട്ട വിശുദ്ധന്മാരുമായവർ.............’ (1 കൊരിന്ത്യർ 1:2).**

ഇന്നോളം നിങ്ങൾക്ക് കാണാൻ കഴിയാത്തതെല്ലാം കാണാൻ കഴിയുന്നതിന് ദൈവത്തിന് നന്ദിപറയുക. നിങ്ങൾക്ക് ദർശനം ലഭിച്ചിരിക്കുന്നു, എന്നാൽ ഒരു തരത്തിലും നിങ്ങൾ അതിന്റെ യാഥാർത്ഥ്യത്തിലെത്തിയിട്ടില്ല. താഴ്‌വരയിലായിരിക്കുമ്പോഴാണ് ഒട്ടുമിക്കപേരും ആകാൻ മടിക്കുന്ന ‘തെരഞ്ഞെടുക്കപ്പെട്ടവർ ആണോ’, എന്ന് സ്വയം തെളിയിക്കുന്നത്. ദർശനമനുസരിച്ച് രൂപപ്പെടുത്തപ്പെടുവാനുള്ള പ്രഹരങ്ങൾക്ക് നാം പൂർണ്ണമായും ഒരുക്കമല്ല. നമ്മൾ എന്തല്ലെന്നും, നാം എന്താകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്നും നാം കണ്ടു കഴിഞ്ഞു; എന്നാൽ ദൈവത്താൽ ഉപയോഗിക്കപ്പെടേണ്ട ദർശനമനുസരിച്ച് രൂപപ്പെടുത്താൻ, അടിച്ച് ഉടയ്ക്കപ്പെടാൻ നാം തയ്യാറാണോ? നിത്യജീവിതത്തിലെ സാധാരണ വഴികളിൽ, സാധാരണ ആളുകളിലൂടെയായിരിക്കും പ്രഹരങ്ങൾ വരിക.

ദൈവത്തിന്റെ ഉദ്ദേശ്യം എന്താണെന്ന് നമുക്കറിയാവുന്ന സമയങ്ങളുണ്ട്. എന്നാൽ ആ ദർശനത്തെ ഒരു യഥാർത്ഥസ്വഭാവമാക്കി മാറ്റാൻ നാം അനുവദിക്കുമോ എന്നത് ദൈവത്തെയല്ല, നമ്മെത്തന്നേ ആശ്രയിച്ചിരിക്കുന്ന കാര്യമാണ്. മലമുകളിൽ വിശ്രമിക്കുവാനും, കണ്ട ദർശനത്തിന്റെ ഓർമ്മയിൽ ജീവിക്കാനുമാണ് നമുക്കിഷ്ടമെങ്കിൽ സാധാരണ കാര്യങ്ങളിൽ നമ്മെക്കൊണ്ട് യാതൊരു പ്രയോജനവുമില്ല. അത്യാഹ്ലാദത്തിലും ബോധപൂർവം ദൈവത്തെക്കുറിച്ചുള്ള ധ്യാനത്തിലുമല്ല നാം ജീവിക്കേണ്ടത്. ദർശനത്തിൽ നാം കണ്ടെതെന്തോ അതിനെ ആശ്രയിച്ച്, സത്യം നമ്മിൽ പൂർത്തീകരിക്കപ്പെടും വരെ, അതിന്റെ വെളിച്ചത്തിൽ നാം ജീവിക്കണം. നമ്മുടെ പരിശീലനത്തിന്റെ ഓരോ അംശവും ആ ദിശയിലാണ്. ദൈവം തന്റെ ആവശ്യങ്ങൾ അറിയിക്കുന്നതിന് ദൈവത്തിന് നന്ദിപറയുക.

ദൈവം ‘പ്രവർത്തിക്കുക’ എന്ന് പറയുമ്പോൾ നമ്മിലെ ‘ഞാൻ’ നീരസപ്പെടുകയും ചുണ്ട് കോട്ടുകയും ചെയ്യുന്നു. ‘ഞാനാകുന്നവൻ, നിന്നെ... അയച്ചിരിക്കുന്നു’ (പുറപ്പാട് 3:4) എന്ന ദൈവത്തിന്റെ കോപത്തിലും രോഷത്തിലും എന്നിലെ ‘ഞാൻ’ ചുരുങ്ങിപോകട്ടെ. ദൈവം നമ്മുടെ മേൽ ആധിപത്യം വഹിക്കട്ടെ. നാം എവിടെ ജീവിക്കുന്നു എന്ന് മാത്രമല്ല നാം ഇഴഞ്ഞു കയറുന്ന ഹീനസ്ഥലങ്ങൾ പോലും ദൈവത്തിനറിയാം എന്ന് മനസ്സിലാക്കുന്നത് തുളച്ച് കയറുന്ന ഒരനുഭവമല്ലേ? ഒരു മിന്നൽപ്പിണർ പോലെ അവൻ നമ്മെ തേടിപ്പിടിക്കും. ദൈവം അറിയുന്നതുപോലെ, ഒരു മനുഷ്യജീവിക്കും മനുഷ്യജീവികളെ അറിഞ്ഞു കൂടാ.

**ഒക്ടോബർ 5**

## അധ:പതനത്തിന്റെ അളവ്

**''അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു'' (റോമർ 5:12).**

ഒരു മനുഷ്യന്റെ പാപത്തിനായി ദൈവം മനുഷ്യരാശിയെ ശിക്ഷിച്ചു എന്ന് വേദപുസ്തകം പറയുന്നില്ല. എന്നാൽ പാപപ്രകൃതം – എനിക്ക് എന്റെ മേലുള്ള അവകാശം – മനുഷ്യരാശിയിൽ കടന്നത് ഒരൊറ്റ മനുഷ്യനാലാണ്. ഒരൊറ്റ മനുഷ്യൻ മനുഷ്യരാശിയുടെ ആകമാനം പാപം തന്റെ മേൽ ഏറ്റെടുത്ത് അതിനെ നീക്കിക്കളയുകയും ചെയ്തു എന്ന് വേദപുസ്തകം പറയുന്നു (എബ്രായർ 9:26) ഇത് ആഴമളക്കാനാവാത്തൊരു വെളിപ്പെടുത്തലത്രേ. പാപത്തിന്റെ പ്രകൃതം അസാന്മാർഗ്ഗികതയും തെറ്റ് ചെയ്യലുമല്ല. 'ഞാൻ തന്നേയാണ് എന്റെ ദൈവം' എന്ന പറച്ചിലിലേക്ക് നമ്മെ നയിക്കുന്ന അഹംബോധമാണ്. ഇതു ശരിയായ സാന്മാർഗ്ഗികതയും, അനുചിതമായ അസാന്മാർഗ്ഗികതയിലോ സ്വയം വെളിപ്പെടാം. എന്നാൽ അതിന് 'എനിക്ക് എന്റെ മേലുള്ള അവകാശം' എന്ന പൊതു അടിസ്ഥാനമുണ്ട്. തിന്മയുടെ സർവ്വ ശക്തികളും ഉള്ളിലുള്ളവരെ കണ്ടപ്പോഴും സാന്മാർഗ്ഗിതയും നേരായ ജീവിതവുമുള്ളവരെ കണ്ടപ്പോഴും നമ്മുടെ കർത്താവ് അവരുടെ ധാർമ്മികാധഃപതനത്തെയോ ധാർമ്മിക നേട്ടത്തെയോ ശ്രദ്ധിച്ചില്ല. നാം കാണാത്ത ഒരു കാര്യത്തെയാണ് കർത്താവ് നോക്കിയത്– മനുഷ്യപ്രകൃതത്തെ.

എന്നോടൊപ്പം ജനിക്കുകയും എനിക്ക് സ്പർശിക്കാൻ കഴിയാത്തതുമായ ഒന്നാണ് പാപം. രക്ഷയിലൂടെ ദൈവം മാത്രം പാപത്തെ സ്പർശിക്കുന്നു. പാപപാരമ്പര്യത്തിലൂടെ വരുന്ന നിത്യനാശത്തിന്റെ സാദ്ധ്യതയിൽനിന്ന് ക്രിസ്തുവിന്റെ കുരിശിലൂടെ ദൈവം മനുഷ്യരാശിയെ ആകെ രക്ഷിച്ചു. പാപപാരമ്പര്യം ഉണ്ടായിരിക്കുന്നതിന്റെ പേരിൽ ദൈവം ആരെയും ഉത്തരവാദികളാക്കുകയോ കുറ്റം വിധിക്കുകയോ ചെയ്യുന്നില്ല. ഈ പാപപാരമ്പര്യത്തിൽ നിന്ന് എന്നെ രക്ഷിക്കുവാൻ യേശു വന്നെന്ന് ഞാൻ മനസ്സിലാക്കുകയും അതേ സമയം എന്നെ രക്ഷിക്കാൻ ഞാൻ യേശുവിനെ അനുവദിക്കാതിരിക്കുകയും ചെയ്താൽ, ആ നിമിഷം മുതൽ നിത്യനാശത്തിന്റെ മുദ്ര എനിക്ക് കിട്ടിത്തുടങ്ങുന്നു. 'ന്യായവിധി എന്നതോ വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചത് തന്നേ' യോഹന്നാൻ 3:19.

## ഒക്ടോബർ 6

# വീണ്ടും ജനിക്കുന്നതിനെക്കുറിച്ച്

**'എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ച് ..........' (ഗലാത്യർ 1:15–16).**

യേശുക്രിസ്തു എന്നിൽ വീണ്ടും ജനിക്കാൻ പോകുകയാണെങ്കിൽ എന്താണ് അവൻ നേരിടുന്ന പ്രശ്നം? എനിക്ക് എന്തെങ്കിലും പറയാനോ തീരുമാനിക്കാനോ കഴിയാത്ത ഒരു പാരമ്പര്യം എനിക്കുണ്ട്. ഞാൻ വിശുദ്ധനല്ല; ആകാനുള്ള സാദ്ധ്യതയുമില്ല. എനിക്ക് വിശുദ്ധിയുണ്ടാകണമെന്ന് പറയുക മാത്രമാണ് യേശുവിന് ആകെ ചെയ്യാൻ കഴിയുന്നതെങ്കിൽ അതെന്നിൽ കൊടും നിരാശയുളവാക്കും. എന്നാൽ യേശുക്രിസ്തു ഒരു പുനർജനയിതാവാണ്. തന്റെ തന്നേ വിശുദ്ധിയുടെ പാരമ്പര്യം അവൻ എന്നിൽ വെക്കുന്നു. യേശുതരുന്ന എല്ലാ മാനദണ്ഡങ്ങളും ഈ പ്രകൃതത്തിൽ അധിഷ്ഠിതമത്രെ. അവൻ നമുക്കു തന്നിരിക്കുന്ന ജീവിതത്തിൽ പ്രയോഗിക്കാനുദ്ദേശിക്കപ്പെടുന്ന കാര്യങ്ങളാണ് അവൻ പഠിപ്പിച്ചിട്ടുള്ളത്. യേശുക്രിസ്തുവിന്റെ കുരിശിൽ തീരുമാനിക്കപ്പെട്ട പാപത്തെക്കുറിച്ചുള്ള വിധിയോട് യോജിക്കുക എന്നത് മാത്രമാണ് എന്റെ ഭാഗത്ത് നിന്നുള്ള ഉചിതമായ പ്രവൃത്തി.

ഒരു മനുഷ്യനെ ആവശ്യബോധം പിടികൂടിയാൽ അവന്റെ ആത്മാവിലേക്ക് ദൈവം പരിശുദ്ധാത്മാവിനെ കടത്തുകയും, അവന്റെ ആത്മാവ് 'ക്രിസ്തു അവനിൽ ഉരുവാകുവോളം' (ഗലാത്യർ 4:19) ദൈവാത്മാവിൽ നിന്ന് ഊർജ്ജം നേടുകയും ചെയ്യും. തികച്ചും പുതുതായ ഒരു ജീവിതം എന്നിൽ വെക്കാൻ ദൈവത്തിന് കഴിയും എന്നതാണ് രക്ഷയുടെ ധാർമ്മിക അത്ഭുതം. എന്റെ ആവശ്യത്തിന്റെ അറ്റത്തോളം ഞാനെത്തുകയും എന്റെ പരിധികളെ അറിയുകയും ചെയ്യുമ്പോൾ 'നിങ്ങൾ ഭാഗ്യവാന്മാർ' എന്ന് യേശു പറയുന്നു. (മത്തായി 5:11) സന്മാർഗ്ഗനിഷ്ഠയും ഉത്തരവാദിത്തവുമുള്ള ഞാൻ ഈ ആവശ്യത്തെക്കുറിച്ച് ബോധവാനാകുന്നതുവരെ ആ പ്രകൃതം എന്നിൽ വെക്കാൻ യേശുവിന് സാധിക്കുകയില്ല.

ഒരു മനുഷ്യനിലൂടെ പാപം ഈ ലോകത്തിലേക്ക് എങ്ങനെ പ്രവേശിച്ചുവോ അതുപോലെ തന്നെ പരിശുദ്ധാത്മാവ് മറ്റൊരു മനുഷ്യനിലൂടെ (റോമർ 5:12-19 കാണുക) മനുഷ്യരാശിയിൽ പ്രവേശിച്ചു. പാപത്തിന്റെ പാരമ്പര്യത്തിൽ നിന്ന് എനിക്ക് മോചനം ലഭിക്കാൻ സാധിക്കുമെന്നും യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവെന്ന ശുദ്ധവും കളങ്കമറ്റതുമായ പാരമ്പര്യത്തെ സ്വീകരിക്കാമെന്നതുമാണ് രക്ഷയുടെ അർത്ഥം.

## ഒക്ടോബർ 7

# രഞ്ജിപ്പ്

**'പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്, അവൻ നമുക്ക് വേണ്ടി പാപം ആക്കി'** (2 കൊരിന്ത്യർ 5:21).

പാപം അടിസ്ഥാനപരമായ ഒരു ബന്ധമാണ്. അത് തെറ്റ് ചെയ്യലല്ല, തെറ്റായിരിക്കലാണ്– അതായതു മനഃപൂർവ്വം, ശാഠ്യത്തോടെ ദൈവത്തിൽ നന്ന് വേർപെട്ട അവസ്ഥ. ക്രിസ്തുമതം സർവ്വനാശത്തിനും അടിസ്ഥാനമായി കാണുന്നത് പാപം എന്ന യാഥാർത്ഥ്യമാണ്. മറ്റ് മതങ്ങൾ പാപങ്ങളെ കൈകാര്യം ചെയ്യുന്നു. ക്രിസ്തുമതം മാത്രം 'പാപത്തെ' കൈകാര്യം ചെയ്യുന്നു. യേശുക്രിസ്തു നേരിട്ട ആദ്യകാര്യം മനുഷ്യന്റെ പാപപാരമ്പര്യമാണ്. നാം സുവിശേഷം അറിയിക്കുമ്പോൾ ഇക്കാര്യം അവഗണിക്കുന്നത് കൊണ്ടാണ് സുവിശേഷ സന്ദേശത്തിന് അതിന്റെ തുളച്ച് കയറുന്നതും സ്ഫോടനാത്മകവുമായ ശക്തി നഷ്ടപ്പെട്ടിരിക്കുന്നത്.

നമ്മുടെ ജഡികപാപങ്ങളെ യേശു തന്റെ മേൽ ഏറ്റെടുത്തു എന്നതല്ല വേദപുസ്തകം വെളിപ്പെടുത്തുന്ന സത്യം. ഒരു മനുഷ്യനും സ്പർശിക്കാനാവാത്ത പാപപാരമ്പര്യമാണ് യേശു തന്റെ മേൽ ഏറ്റെടുത്തതെന്നാണ് വേദപുസ്തകം വെളിപ്പെടുത്തുന്നത്. പാപിയെ വിശുദ്ധനാക്കാൻ, ദൈവം തന്റെ പുത്രനെ പാപമാക്കി. നമ്മളോടുള്ള സഹതാപത്താലല്ല, നമ്മളോട് ഒന്നായിത്തീർന്നിട്ടാണ് നമ്മുടെ കർത്താവ് പാപഭാരം വഹിച്ചതെന്ന് വേദപുസ്തകം ഉടനീളം വെളിപ്പെടുത്തുന്നു. മനുഷ്യരാശിയിൽ കുമിഞ്ഞു കൂടിയിരുന്ന പാപമത്രയും തന്റെ ചുമലിൽ ഏറ്റെടുത്ത് തന്റെ ശരീരത്തിൽ അവൻ വഹിച്ച് 'പാപം അറിയാത്തവനെ അവൻ നമുക്ക് വേണ്ടി പാപം ആക്കി'. അങ്ങനെ ചെയ്യുക വഴി, അവൻ മനുഷ്യരാശിയെ ഒന്നാകെ രക്ഷയുടെ അടിസ്ഥാനത്തിലുറപ്പിച്ചു. യേശുക്രിസ്തു മനുഷ്യരാശിയെ പുനരധിവസിപ്പിച്ചു. ദൈവം ഉദ്ദേശിച്ചിരുന്നതെവിടെയാണോ അവിടെ യേശു മനുഷ്യരാശിയെ തിരികെ വെച്ചു. നമ്മുടെ കർത്താവ് കുരിശിന്മേൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആർക്കും ദൈവവുമായി ഏകീഭവിക്കാം.

ഒരു മനുഷ്യനും തന്നെത്താൻ രക്ഷിക്കാൻ സാധിക്കുകയില്ല. രക്ഷ ദൈവത്തിന്റെ പ്രവൃത്തിയാണ്. അത് പൂർണ്ണവും തികഞ്ഞതുമത്രേ. ഓരോ മനുഷ്യന്റെയും വ്യക്തിപരമായ പ്രവൃത്തിയും പ്രതികരണവുമനുസരിച്ചായിരിക്കും അത് ഓരോരുത്തരുടെയും ജീവിതത്തിൽ പ്രസക്തമാകുന്നത്. വീണ്ടെടുപ്പിന്റെ വെളിപ്പാടും ഒരു വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടാകുന്ന രക്ഷയുടെ ബോധപൂർവ്വമായ അനുഭവവും – രണ്ടും വ്യത്യസ്ത കാര്യങ്ങളാണ്.

## ഒക്ടോബർ 8

# യേശുവിന്റെ അടുത്തേക്കുള്ള വരവ്

**‘............... എന്റെ അടുക്കൽ വരുവിൻ:’ (മത്തായി 11:28).**

‘‘യേശുവിന്റെ അടുത്തേക്കു വരൂ’’ എന്നു നമ്മോടാവശ്യപ്പെടുന്നത് അല്പം ലജ്ജാകരമായി തോന്നിയേക്കാം. ഏതെല്ലാം കാര്യങ്ങൾ സംബന്ധിച്ചാണു നമുക്ക് യേശുവിന്റെ അടുക്കൽ വരാൻ ഇഷ്ടമില്ലാത്തതെന്നു ചിന്തിക്കുക. നിങ്ങൾ എത്ര ആത്മാർത്ഥതയുള്ള ആളാണെന്ന് അറിയണമെങ്കിൽ ‘എന്റെ അടുക്കൽ വരുക’ എന്ന ഈ വാക്കുകളാൽ സ്വയം പരീക്ഷിക്കുക. ഏതൊക്കെ തലത്തിൽ നിങ്ങൾക്ക് സത്യം പുലർത്താനാകുന്നില്ലയോ അവിടെയെല്ലാം നിങ്ങൾ യേശുവിന്റെ അടുക്കലേക്ക് വരുന്നതിന് പകരം തർക്കിക്കുയോ ആ വിഷയം ഒഴിവാക്കുകയോ ചെയ്യും; യേശുവിന്റെ അടുക്കലേക്ക് വരുന്നതിന് പകരം നിങ്ങൾ സങ്കടത്തിൽക്കൂടി കടന്ന് പോകും നിങ്ങൾക്ക് ഇത്തിരിയെങ്കിലും ആത്മീയാദരവില്ലായ്മയുണ്ടെങ്കിൽ, ദൈവം നിങ്ങളോടെന്തോ വലിയ കാര്യം ചെയ്യാൻ പറയുമെന്ന പ്രതീക്ഷയായി അതു വെളിപ്പെടും. എന്നാൽ ദൈവം നിങ്ങളോട് ആകെ പറയുന്നത് ‘വരിക’ എന്നായിരിക്കും.

‘‘എന്റെ അടുക്കൽ വരിക’’ – ഈ വാക്കുകൾ കേൾക്കുമ്പോൾ നിങ്ങൾക്ക് തോന്നുന്നത് നിങ്ങൾ വരുന്നതിനു മുമ്പ് നിങ്ങളിൽ എന്തോ സംഭവിക്കണം എന്നതാണ്. നിങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന് പരിശുദ്ധാത്മാവ് നിങ്ങൾക്ക് കാണിച്ച് തരും; അതാകട്ടെ യേശുവിലേക്കു നിങ്ങൾ വരുന്നതിനെ തടയുന്ന എല്ലാറ്റിനെയും പിഴുതെറിയുകയും ചെയ്യും. ആ കാര്യം ചെയ്യാൻ നിങ്ങൾ തയ്യാറാകുന്നതിനപ്പുറം നിങ്ങൾ കടക്കുകയില്ല. നിങ്ങളിലെ മാറ്റാനാവാത്ത ആ ശക്തിയെ പരിശുദ്ധാത്മാവ് പിടികൂടും. എന്നാൽ അങ്ങനെ ചെയ്യാൻ നിങ്ങൾ സമ്മതിക്കും വരെ ദൈവത്തിന് അതിനെ ചലിപ്പിക്കാൻ കഴിയുകയില്ല

‘ഓ ഇത്തവണ ഞാനത് സാധിച്ചിരിക്കുന്നു’ എന്ന തോന്നലോടെ എത്ര പ്രാവശ്യം അപേക്ഷകളുമായി വന്നിട്ട് ദൈവസന്നിധിയിൽ നിന്ന് നിങ്ങൾ മടങ്ങി പോയിട്ടുണ്ട്? യാതൊന്നുമില്ലാതെ നിങ്ങൾ പോകുമ്പോൾ നിങ്ങളെ സ്വീകരിയ്ക്കാൻ മാത്രമല്ല നിങ്ങൾ, അവനെ സ്വീകരിക്കാൻ വേണ്ടി, ദൈവം നീട്ടിപ്പിടിച്ച കൈയുമായി നിന്നിരിക്കുന്നു. നമ്മോട് സ്നേഹപൂർവ്വം ‘‘എന്റെ അരികിൽ വരുക’’ എന്ന് പറയുന്ന ദൈവത്തിന്റെ അജയ്യവും അക്ഷീണവുമായ ക്ഷമയെക്കുറിച്ച് ചിന്തിക്കുക.

## ഒക്ടോബർ 9

# രക്ഷയിന്മേൽ പണിതുയർത്തുക

**'........... നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ച് കൊൾവിൻ' (റോമർ 6:12).**

എനിക്കെന്നെ രക്ഷിക്കുവാനും വിശുദ്ധീകരിക്കുവാനും കഴിയുകയില്ല. എനിക്ക് പാപപരിഹാരം ചെയ്യാൻ കഴിയുകയില്ല. തെറ്റായത് ശരിയാക്കാനോ, അശുദ്ധമായത് ശുദ്ധമാക്കാനോ അശുദ്ധമായത് വിശുദ്ധമാക്കാനോ എനിക്ക് സാധിക്കുകയില്ല. അതെല്ലാം ദൈവത്തിന്റെ പരമാധികാരത്തിലുള്ള പ്രവൃത്തികളാണ്. യേശുക്രിസ്തു ചെയ്തിരിക്കുന്ന കാര്യത്തിൽ എനിക്ക് വിശ്വാസമുണ്ടോ? യേശു, പാപത്തിന് പൂർണ്ണമായ പരിഹാരം ചെയ്തിരിക്കുന്നു. അത് നിരന്തരം എന്നിൽ നിവർത്തിക്കുന്ന ശീലം എനിക്കുണ്ടോ? നമ്മുടെ ഏറ്റവും വലിയ ആവശ്യം കാര്യങ്ങൾ ചെയ്യുക എന്നതല്ല, കാര്യങ്ങൾ വിശ്വസിക്കുക എന്നതാണ്. ക്രിസ്തു നല്കിയ രക്ഷ ഒരനുഭവമല്ല. ക്രിസ്തുവിലൂടെ ദൈവം നിർവ്വഹിച്ച മഹാപ്രവൃത്തിയത്രെ. എന്റെ വിശ്വാസം അതിന്മേൽ പണിതുയർത്തേണ്ടിയിരിക്കുന്നു. എന്റെ വിശ്വാസം എന്റെ അനുഭവത്തിന്മേൽ പണിതുയർത്തുകയാണെങ്കിൽ എന്റെ വെണ്മയിൽ കണ്ണുകളൂന്നി, തിരുവെഴുത്തുകൾക്ക് ഒട്ടും അനുസൃതമല്ലാത്ത ഒറ്റപ്പെട്ട ഒരു ജീവിതമായിരിക്കും ഞാൻ സൃഷ്ടിക്കുക. കർത്താവിന്റെ പാപപരിഹാരത്തെക്കുറിച്ച് യാതൊരു മുൻധാരണയുമില്ലാത്ത ഭക്തിയെ സൂക്ഷിച്ചു കൊൾക. ദൈവത്തിന് പ്രയോജനശൂന്യവും മനുഷ്യന് ശല്യവുമായ ഒറ്റപ്പെട്ടൊരു ജീവിതത്തിന് വേണ്ടിയല്ലാതെ അതിന് മറ്റൊരു മൂല്യവുമില്ല. ഓരോ തരത്തിലുള്ള അനുഭവത്തെയും നമ്മുടെ കർത്താവിനാൽത്തന്നെ അളക്കുക. യേശു വരുത്തിയ പാപപരിഹാരമെന്ന അടിസ്ഥാനത്തിന്മേൽ നാം മനഃപൂർവ്വം പണിതുയർത്തിയിട്ടല്ലാതെ ദൈവത്തിന് സന്തോഷകരമായ ഒന്നും നമുക്ക് ചെയ്യാൻ കഴിയുകയില്ല..

യേശു നല്കിയ രക്ഷ എന്റെ ജീവിതത്തിലെ പ്രായോഗികവും, അഹം ഭാവമില്ലാത്തതുമായ വഴികളിലൂടെ വെളിപ്പെടുത്തണം. ഓരോ തവണയും ഞാൻ ദൈവത്തിന്റെ പൂർണ്ണമായ ദൈവീകതയെ അനുസരിക്കുമ്പോൾ ദൈവകൃപയും എന്റെ സ്വാഭാവികമായ അനുസരണയും യോജിക്കുന്നു. പാപപരിഹാരത്തിൽ എന്റെ വിശ്വാസത്തെ പൂർണ്ണമായും അർപ്പിച്ചിരിക്കുന്നു എന്നാണ് അനുസരണത്തിനർത്ഥം. ദൈവത്തിന്റെ അഭൗമ സന്തോഷം ഉടനടി എന്റെ അനുസരണത്തെ കണ്ടുമുട്ടുന്നു.

സ്വാഭാവിക ജീവിതത്തിന്റെ യാഥാർത്ഥ്യത്തെ നിഷേധിക്കുന്ന ഭക്തിമാർഗ്ഗത്തെ സൂക്ഷിച്ച് കൊൾക– അതൊരു വഞ്ചനയാണ്.

ഒക്ടോബർ 10

## ഞാൻ എങ്ങനെ അറിയും?

**'സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയിരിക്കുന്നത് കൊണ്ട് നിന്നെ ഞാൻ വാഴ്ത്തുന്നു' മത്തായി 11:25**

ദൈവം നമ്മെ പാപത്തിൽ നിന്നും അന്ധകാരത്തിൽ നിന്നും എന്നേക്കുമായി വീണ്ടെടുത്തിരിക്കുന്നു. നാം ദൈവിക വിശുദ്ധിയിലും പ്രകാശത്തിലും നിരന്തരമായ അനുസരണത്തിലും ജീവിക്കേണ്ടവരാണ്.

അനുസരണത്തിലൂടെ തുറക്കപ്പെടുന്നതുവരെ ദൈവവെളിപ്പാടുകളെല്ലാം മുദ്രവെക്കപ്പെട്ടിരിക്കുന്നു. തത്ത്വശ്സ്ത്രം കൊണ്ടോ ചിന്തകൊണ്ടോ നിങ്ങൾക്ക് ഒരിക്കലും അവ തുറന്ന് കിട്ടാൻ പോകുന്നില്ല. ഒരിക്കൽ നിങ്ങൾ അനുസരിച്ച് കഴിഞ്ഞാൽ വെളിച്ചത്തിന്റെ ഒരു മിന്നലാട്ടം ഉടൻ വരുന്നു. ദൈവികസത്യത്തിൽ മുങ്ങിക്കുതിരുക. അങ്ങനെ അത് നിങ്ങളിൽ കടന്ന് വരട്ടെ; അല്ലാതെ അതിനെക്കുറിച്ചുള്ള വ്യാകുലതയിലൂടെ അതിൽ കടക്കുകയല്ല വേണ്ടത്. ദൈവം നിങ്ങളെ കാണിച്ച് തരുന്നതിനെ അനുസരിക്കുക; ഉടൻ തന്നെ അത് തുറക്കപ്പെടും ദൈവികസത്യം അറിയാനുള്ള ഒരേയൊരു വഴി അതെന്താണെന്ന് കണ്ടു പിടിക്കാനുള്ള ശ്രമം നിർത്തി വീണ്ടും ജനിക്കുകയാണ്. പരിശുദ്ധാത്മ പ്രവർത്തനത്തെക്കുറിച്ച് എത്ര വാല്യങ്ങൾ വേണമെങ്കിലും നിങ്ങൾക്ക് വായിക്കാം; എന്നാൽ അഞ്ച് നിമിഷനേരത്തെ പൂർണ്ണവും വിട്ടുവീഴ്ച ഇല്ലാത്തതുമായ അനുസരണം കാര്യങ്ങൾ പകൽ വെളിച്ചം പോലെ വ്യക്തമാക്കിത്തരും. 'എന്നെങ്കിലുമൊരിക്കൽ ഞാനീ കാര്യങ്ങൾ മനസ്സിലാക്കും' എന്ന് പറയരുത്. നിങ്ങൾക്കവയെ ഇപ്പോൾ മനസ്സിലാക്കാം. പഠിപ്പല്ല, അനുസരണയാണ് ആ സത്യങ്ങൾ മനസ്സിലാക്കിത്തരുന്നത്. അനുസരണത്തിന്റെ ഏറ്റവും അഗാധമായ ദൈവീകസത്യങ്ങൾ നിങ്ങളുടെതാകുന്നു. ദൈവത്തെക്കുറിച്ച് നിങ്ങൾ ഇതിനോടകം അറിഞ്ഞകാര്യങ്ങൾ അനുസരിക്കാതെ, ദൈവം തന്നെക്കുറിച്ചുള്ള കൂടുതൽ സത്യങ്ങൾ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരികയില്ല. 'ബുദ്ധിയും വിവേകവു'മുള്ളവനായിത്തീരാൻ ശ്രമിക്കുന്നത് സൂക്ഷിച്ചു കൊള്ളുക' 'അവന്റെ ഇഷ്ടം ചെയ്യാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ താൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നറിയും'

## ഒക്ടോബർ 11

# ദൈവത്തിന്റെ മൗനത്തിന് ശേഷം എന്ത്?

**'എന്നിട്ടും അവൻ ദീനമായിക്കിടക്കുന്നു എന്ന് കേട്ടാറെ താൻ അന്ന് ഇരുന്ന സ്ഥലത്ത് രണ്ട് ദിവസം പാർത്തു' (യോഹന്നാൻ 11:6).**

മൗനം കൊണ്ട്, വളരെ അർത്ഥപൂർണ്ണമായ മൗനം കൊണ്ട്, ദൈവം നിങ്ങളെ വിശ്വസിച്ചിട്ടുണ്ടോ? ദൈവത്തിന്റെ മൗനമെല്ലാം അവന്റെ ഉത്തരങ്ങളാണ്. ബെഥാന്യയിലെ ആ വീട്ടിലെ പൂർണ്ണ നിശ്ശബ്ദതയുടെ ദിവസങ്ങളെക്കുറിച്ച് വെറുതെ ഒന്ന് ചിന്തിച്ച് നോക്കുക. ആ ദിവസങ്ങളോട് സദൃശമായ എന്തെങ്കിലും നിങ്ങളുടെ വീട്ടിലുണ്ടോ? ദൈവത്തിന് അതുപോലെ നിങ്ങളെ വിശ്വസിക്കാൻ കഴിയുമോ അതോ നിങ്ങൾ ഇപ്പോഴും ദൃശ്യമായ ഒരുത്തരത്തിന് വേണ്ടി ചോദിക്കുകയാണോ? നിങ്ങൾ ആവശ്യപ്പെടുന്ന അനുഗ്രഹങ്ങൾ, അവയ്ക്കപ്പുറം കടക്കാൻ നിങ്ങൾ വിസമ്മതിക്കുകയാണെങ്കിൽ, ദൈവം തരും. എന്നാൽ തന്നെക്കുറിച്ചുള്ള അത്ഭുതകരമായ ഒരറിവിലേക്ക് നിങ്ങളെ താൻ കൊണ്ടുവരികയാണ് എന്നതത്രേ ദൈവത്തിന്റെ മൗനത്തിനർത്ഥം. നിങ്ങൾക്ക് കേൾക്കാൻ കഴിയുന്ന ഒരു പ്രതികരണം ലഭിക്കാത്തതിനാൽ നിങ്ങൾ ദൈവമുമ്പാകെ വിലപിക്കുകയാണോ? സാദ്ധ്യമായതിൽ വെച്ചേറ്റവും ഗാഢമായ ഒരു നിശ്ശബ്ദതയാൽ ദൈവം നിങ്ങളെ വിശ്വസിച്ചിരിക്കുകയാണെന്ന് നിങ്ങൾ മനസ്സിലാക്കും. കൊടും നിരാശയുടെയല്ല ആനന്ദത്തിന്റെ മൗനം പാലിക്കുന്നുവെങ്കിൽ, അതിനായി അവനെ സ്തുതിക്ക. തന്റെ ഉദ്ദേശ്യങ്ങളുടെ മുഖ്യധാരയിലേക്ക് അവൻ നിങ്ങളെ കൊണ്ടു വരികയാണ്. ആ ഉത്തരത്തിന്റെ യഥാകാലമുള്ള വെളിപ്പെടുത്തൽ ദൈവത്തിന്റെ പരമാധികാരത്തിന്റെ കാര്യമാണ്. ദൈവത്തിന് സമയം പ്രശ്നമേയല്ല. 'ഞാൻ അപ്പം ചോദിച്ചപ്പോൾ ദൈവം എനിക്ക് കല്ല് തന്നു' എന്ന് കുറേ നാളത്തേക്ക് നിങ്ങൾ പറഞ്ഞേക്കാം (മത്തായി 7;9 കാണുക) ദൈവം നിങ്ങൾക്ക് കല്ലല്ല തന്നത്. ഇന്ന് നിങ്ങൾക്ക് അവൻ 'ജീവന്റെ അപ്പം' തന്നുവെന്ന് നിങ്ങൾ കാണും (യോഹന്നാൻ 6:35).

ദൈവത്തിന്റെ മൗനത്തെ സംബന്ധിച്ച അത്ഭുതകരമായ ഒരു കാര്യം അത് പടർന്ന് പിടിക്കുന്നതാണെന്നുള്ളതാണ്. 'ദൈവം ഞാൻ പറഞ്ഞത് കേട്ടിരിക്കുന്നു' എന്ന് പരിപൂർണ്ണമായി വിശ്വസിക്കാൻ നിങ്ങളെ പ്രാപ്തമാക്കിക്കൊണ്ട് ആ നിശ്ശബ്ദത നിങ്ങളിൽ പടരുന്നു. നിങ്ങൾ പറഞ്ഞത് ദൈവം കേട്ടു എന്നതിന്റെ തെളിവാണ് ആ നിശ്ശബ്ദത. നിങ്ങളുടെ പ്രാർത്ഥനയ്ക്കുത്തരമായി ദൈവം നിങ്ങളെ അനുഗ്രഹിക്കും എന്ന ആശയം നിങ്ങൾക്കുണ്ടെങ്കിൽ, അവൻ നിങ്ങൾക്കൊരിക്കലും തന്റെ മൗനത്തിന്റെ കൃപ നല്കുകയില്ല. പ്രാർത്ഥന തന്റെ പിതാവിന്റെ മഹത്വീകരണത്തിനാണ് എന്ന ധാരണയിലേക്ക് യേശുക്രിസ്തു നിങ്ങളെ കൊണ്ടുവരുകയാണെങ്കിൽ, തന്റെ ഗാഢമായ അടുപ്പത്തിന്റെ ആദ്യ അടയാളം അവൻ നിങ്ങൾക്ക് തരും – തന്റെ മൗനം.

**ഒക്ടോബർ 12**

## ദൈവചുവടുകൾക്കൊപ്പം

**'ഹാനോക് ദൈവത്തോട്കൂടെ നടന്നു' (ഉല്പത്തി 5:24).**

ഒരു മനുഷ്യന്റെ ആദ്ധ്യാത്മികജീവിതവും സ്വഭാവവും പരീക്ഷിക്കപ്പെടുന്നത് അയാളുടെ ജീവിതത്തിലെ അസാധാരണ നിമിഷങ്ങളിലല്ല. മറിച്ച് വലിയതോ ആവേശജനകമോ ആയ യാതൊന്നുമില്ലാത്ത സാധാരണ നിമിഷങ്ങളിലാണ്. താൻ ശ്രദ്ധാകേന്ദ്രമല്ലാതിരിക്കുന്ന സമയത്ത് സാധാരണകാര്യങ്ങളോട് താൻ കാണിക്കുന്ന മനോഭാവമാണ് ഒരു മനുഷ്യന്റെ യോഗ്യത വെളിപ്പെടുത്തുന്നത്. (യോഹന്നാൻ 1:35–37, 3:30 എന്നിവ കാണുക) ദൈവത്തോടൊപ്പം എത്തുകയും അവനോടൊത്ത് നടക്കുകയും ചെയ്യുന്നത് വേദനയുളവാക്കുന്ന ഒരു കാര്യമാണ്. അത് ആത്മീയമായി നിങ്ങൾ ഒന്ന് ശ്വാസം നേരെ വിടുകയാണ്. ദൈവത്തോടൊപ്പം നടക്കാൻ പഠിക്കുമ്പോൾ, അവന്റെ ചുവടുകൾക്കൊപ്പം എത്തുക എന്ന പ്രയാസം എപ്പോഴുമുണ്ട്. എന്നാൽ ഒരിക്കൽ നാം അങ്ങനെ ചെയ്തുകഴിഞ്ഞാൽ പിന്നെ സ്വയം വെളിപ്പെടുത്തുന്ന ഒരേയൊരു സ്വഭാവവിശേഷം ദൈവത്തിന്റെ തന്നേ ജീവിതമാണ്. നാം ദൈവവുമായി ഒരു സ്വകാര്യ ഏകത്വത്തിൽ വരുകയും നമ്മിൽ ദൈവത്തിന്റെ ശക്തിയും ചുവടും മാത്രം വെളിപ്പെടുകയും ചെയ്യുന്നു.

ദൈവത്തോടൊപ്പം ചുവട് വെക്കുന്നു എന്നത് പ്രയാസമാണ്. കാരണം അവനോടൊപ്പം നടന്നു തുടങ്ങി നാം മൂന്ന് ചുവട് വെക്കും മുമ്പ് ദൈവം മുന്നോട്ട് പോയിക്കഴിഞ്ഞായിരിക്കും. കാര്യങ്ങൾ ചെയ്യുന്നതിന് ദൈവത്തിന് വ്യത്യസ്തമായ വഴികളുണ്ട്. അവന്റെ വഴികളിൽ നമുക്ക് ശിക്ഷണവും പരിശീലനവും ലഭിക്കേണ്ടതുണ്ട്. യേശുവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞിട്ടുണ്ട് 'അവൻ തളരുകയില്ല: അധൈര്യപ്പെടുകയുമില്ല' (യെശയ്യാവ് 42:4). കാരണം യേശു ഒരിക്കലും തന്റെ നിലപാടിൽ നിന്നല്ല, തന്റെ പിതാവിന്റെ നിലപാടിൽ നിന്നാണ് പ്രവർത്തിച്ചത്. നാമും അങ്ങനെ പ്രവർത്തിക്കാൻ പഠിക്കണം. നമ്മെ ചുറ്റിനില്ക്കുന്ന സ്ഥിതിഗതിയിൽ നിന്നാണ്, നമ്മുടെ ബുദ്ധിസാമർത്ഥ്യം കൊണ്ടല്ല നാം ആത്മീയ സത്യങ്ങൾ പഠിക്കുന്നത്. നാം കാര്യങ്ങൾ കാണുന്ന സ്ഥിതിയെ ദൈവം മാറ്റുന്നു. അതിന് മുമ്പ് സാദ്ധ്യമാകാഞ്ഞ കാര്യങ്ങൾ സാദ്ധ്യമായിത്തുടങ്ങുന്നു. ദൈവചുവടുകൾക്കൊപ്പം എത്തുക. എന്നാൽ ദൈവവുമായി ഒന്നാകലിൽക്കുറഞ്ഞ ഒന്നുമില്ല. അവിടെ എത്താൻ ദീർഘകാലം എടുക്കും. എന്നാൽ അത് തുടർന്നു കൊണ്ടിരിക്കും. ഇപ്പോൾ വേദന വളരെ തീക്ഷ്ണമാണ് എന്നതു കൊണ്ട് ഇട്ടിട്ട് പോകരുത്. അതിനായി – ദൈവചുവടുകൾക്കൊപ്പമെത്താനായി –ശ്രമിച്ചു കൊണ്ടേയിരിക്കുക. അധികം വൈകാതെ നിങ്ങൾക്കൊരു പുതിയ ദർശനവും ലക്ഷ്യവുമുണ്ടാകും.

## ഒക്ടോബർ 13

# വ്യക്തിപരമായ അധൈര്യവും സ്വകാര്യ വളർച്ചയും

**'ആ കാലത്ത് മോശെ മുതിർന്നശേഷം അവൻ തന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന് അവരുടെ വേല നോക്കി' (പുറപ്പാട് 2: 11).**

മോശെ തന്റെ ജനത്തിന്റെ പീഡനം കാണുകയും അവരെ മോചിപ്പിക്കാനുള്ള ആള് താനാണെന്ന കാര്യം ഉറപ്പായി വിശ്വസിക്കുകയും ചെയ്തു. അങ്ങനെ തന്റെ ആത്മാവിന്റെ ധാർമ്മിക രോഷത്തിൽ മോശെ തെറ്റായ കാര്യങ്ങൾ ശരിയാക്കാൻ തുടങ്ങി. ദൈവത്തിന് വേണ്ടിയും ശരിയായതെന്തിനോ അതിന് വേണ്ടിയും നടത്തിയ ആദ്യപ്രഹരത്തിന് ശേഷം മോശ അധൈര്യത്തിലേയ്ക്ക് തള്ളപ്പെട്ടു. നാല്പത് വർഷക്കാലം മരുഭൂമിയിൽ ആടുകളെ മേയ്ക്കാനായി അയക്കപ്പെടുകയും ചെയ്തു. ആ കാലഘട്ടത്തിന്റെ അവസാനം ദൈവം മോശെയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു അവനോട് ഇങ്ങനെ പറഞ്ഞു 'നീ എന്റെ ജനമായ യിസ്രായേൽ മക്കളെ മിസ്രയിമിൽ നിന്ന് പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയക്കും.' മോശെ ദൈവത്തോട് : ''ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽമക്കളെ മിസ്രയീമിൽ നിന്ന് പുറപ്പെടുവിക്കുവാനും ഞാൻ എന്തു മാത്രമുള്ളു'' എന്ന് പറഞ്ഞു. താൻ തന്റെ ജനത്തിന്റെ മോചകനാണെന്ന്, തുടക്കത്തിൽ മോശെ മനസ്സിലാക്കിയിരുന്നു, എന്നാൽ അതിനായി ദൈവം, ആദ്യം മോശെയ്ക്കാവശ്യമായ ശിക്ഷണവും പരിശീലനവും നല്കേണ്ടിയിരുന്നു. തന്റെ വ്യക്തിപരമായ കാഴ്ചപ്പാടിൽ മോശെ ശരിയായിരുന്നു. എന്നാൽ ദൈവവുമായുള്ള യഥാർത്ഥ കൂട്ടായ്മയും ഏകത്വവും പഠിക്കുന്നത് വരെ ആ ജോലിക്കുള്ള ആളായിരുന്നില്ല മോശെ.

നമുക്ക് ദൈവത്തെക്കുറിച്ചുള്ള ദർശനവും ദൈവം എന്താണാഗ്രഹിക്കുന്നത് എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയും കാണും. എന്നാൽ തുടങ്ങിക്കഴിയുമ്പോൾ മോശെയുടെ നാല്പത് വർഷത്തെ മരുഭൂമിക്കാലത്തിന് സമാനമായ എന്തോ ഒന്ന് നമ്മുടെ ജീവിതത്തിൽ വരുന്നു. അപ്പോൾ ദൈവം ആ കാര്യം പാടെ അവഗണിച്ചതുപോലെ നമുക്ക് തോന്നും; നം പാടെ നിരുത്സാഹിതരായിക്കഴിയുമ്പോൾ ദൈവം തിരിച്ച് വരുകയും തന്റെ വിളി പുതുക്കുകയും ചെയ്യുന്നു. അപ്പോൾ നമ്മുടെ തൊണ്ട ഇടറുകയും 'അയ്യോ ഞാനാര്?' എന്ന് പറഞ്ഞുപോകുകയും ചെയ്യുന്നു. അപ്പോൾ 'ഞാനാകുന്നവൻ ഞാൻ ആകുന്നു ........... നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു' എന്ന ആദ്യ ദൈവികകാൽവെയ്പ് നാം പഠിക്കുന്നു. ദൈവത്തിന് വേണ്ടി നമ്മുടെ വ്യക്തിപരമായ ശ്രമം ഒരു ധിക്കാരമാണെന്ന് നാം പഠിക്കേണ്ടതുണ്ട്. ദൈവവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധത്താൽ നമ്മുടെ വ്യക്തിത്വം ഉജ്ജ്വലമാക്കപ്പെടേണ്ടതുണ്ട്. (മത്തായി 3:11) നാം വ്യക്തിപരമായ കാര്യങ്ങളിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നു: 'നമുക്ക് ദർശനമുണ്ട്; ഇതാണ് നാം ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നത്'. എന്നാൽ നമുക്ക് ദൈവത്തിന്റെ ഗതിയിലേക്ക്, ആ ചുവടുകൾക്കൊപ്പം, വരേണ്ടതുണ്ട്; അധൈര്യത്തിന്റെയും, നിരുത്സാഹത്തിന്റെയും ഒരു കാലഘട്ടത്തിലൂടെ നാം കടന്നുപോകുമ്പോൾ, നമുക്ക് വ്യക്തിപരമായി വലിയൊരു വളർച്ചയുമുണ്ട്.

## ഒക്ടോബർ 14

# സുവിശേഷ പ്രവർത്തനത്തിലേക്കുള്ള താക്കോൽ

**'സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' (മത്തായി 28:20).**

ദൈവത്തിന് വേണ്ടി നാം ചെയ്യുന്ന വേലകളിൽ സഹായിക്കുന്ന ഒരാളായി നമ്മുടെ കർത്താവിനെ കാണാനാണ് നമ്മുടെ ചായ്‌വ്. എന്നാൽ തന്റെ ശിഷ്യന്മാരുടെ സർവാധികാരിയാണ് നമ്മുടെ കർത്താവ്. നാം ചെന്നില്ലെങ്കിൽ വഴിതെറ്റിപ്പോയവർ രക്ഷിക്കപ്പെടുകയില്ല എന്നല്ല കർത്താവ് പറയുന്നത്. ''സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ'' എന്നാണു കർത്താവ് പറയുന്നത്. ''എന്റെ പരമാധികാരം എന്ന വെളിപ്പെടുത്തപ്പെട്ട സത്യത്തിന്റെ അടിസ്ഥാനത്തിൽ, എന്നെക്കുറിച്ചുള്ള നിങ്ങളുടെ സ്വജീവാനുഭവത്തെക്കുറിച്ച് പഠിപ്പിക്കുകയും അറിയിക്കുകയും ചെയ്തുകൊണ്ടിരിക്കുക' എന്നാണ് കർത്താവ് പറയുന്നത്.

'പതിനൊന്ന് ശിഷ്യന്മാർ യേശു അവരോട് കല്പിച്ചിരുന്ന മലയിലേക്ക് പോയി' യേശുക്രിസ്തുവിന് ഈ പ്രപഞ്ചത്തിന്മേലാകെയുള്ള പരമാധികാരത്തെക്കുറിച്ച് എനിക്ക് മനസ്സിലാകണമെങ്കിൽ, ഞാൻ എനിക്കായി അവനെ മനസ്സിലാക്കണം. അവന്റെ പേരു വഹിക്കുന്ന ഞാൻ അവനെ ആരാധിക്കാൻ സമയം കണ്ടെത്തണം. 'എന്റെ അടുക്കൽ വരിക'—ഇവിടെയാണ് യേശുവിനെ കാണേണ്ടത് 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ'—എത്ര സുവിശേഷകർ ഇങ്ങനെയുള്ളവരാണ്! നിങ്ങൾ ഭാരം ചുമക്കുന്നവനും ക്ഷീണിതനുമാണോ? ഈ ലോകത്തിന്റെ പരമാധികാരിയുടെ ഈ വാക്കുകളെ നാം പാടെ തള്ളിക്കളയുന്നു. എന്നാൽ അവ ഇവിടെ ഇപ്പോഴുള്ള തന്റെ ശിഷ്യന്മാർക്കായുള്ള യേശുവിന്റെ വാക്കുകളാണ്.

'അതിനാൽ നിങ്ങൾ പുറപ്പെട്ട്' – ഇവിടെ പുറപ്പെടുക (പോകുക) എന്ന വാക്കിനർത്ഥം ജീവിക്കുക എന്നത്രേ. അപ്പൊസ്തല പ്രവൃത്തികൾ 1:18 എങ്ങനെ പോകണം എന്നതിന്റെ വിവരണമാണ്. യെരുശലേമിലേക്കോ യഹൂദ്യയിലേയ്ക്കോ ശമരിയായിലേക്കോ പോകാനല്ല യേശു പറഞ്ഞത് 'അവിടെ നിങ്ങൾ എന്റെ സാക്ഷികൾ ആകുവിൻ' എന്നത്രേ യേശു പറഞ്ഞത്. നമ്മെ അയയ്ക്കുന്ന ജോലി അവൻ തന്റെ മേൽ ഏറ്റെടുക്കുന്നു.

'നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ' —ഇങ്ങനെയാണ് നമ്മുടെ വ്യക്തിജീവിതത്തിൽ മുന്നോട്ട് പോകുന്നത്. നാം എവിടെ ആക്കപ്പെട്ടിരിക്കുന്നുവെന്നതിൽ നാം താല്പര്യരഹിതരാണ്. കാരണം നാം എവിടെപ്പോകുന്നു എന്നത് ദൈവമാണ് നിശ്ചയിക്കുന്നത്.; അത് ദൈവീകപദ്ധതിയാണ്. 'എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി കാണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികക്കണം എന്നേ എനിക്കുള്ളൂ.' (അപ്പൊസ്തല പ്രവൃത്തികൾ 20:24). ഈ ലോകജീവിതം തീരുന്നത് വരെ ഇങ്ങനെയാണ് നാം മുന്നോട്ട് പോകേണ്ടത്.

**ഒക്ടോബർ 15**

## സുവിശേഷസന്ദേശത്തിലേക്കുള്ള താക്കോൽ

**'അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു; നമ്മുടേതിന് മാത്രമല്ല, സർവ്വലോകത്തിന്റെയും പാപത്തിനും തന്നേ' (1 യോഹന്നാൻ 2:2).**

സുവിശേഷസന്ദേശത്തിലേക്കുള്ള താക്കോൽ ക്രിസ്തുവിന്റെ പ്രായശ്ചിത്തമാണ്. ക്രിസ്തുനടത്തിയ ശുശ്രൂഷയുടെ ഏത് വശവും–രോഗശാന്തി, രക്ഷ, വിശുദ്ധീകരണം –ശ്രദ്ധിക്കുക, അതിലെല്ലാം പരിമിതിയുണ്ട്; അതിരുണ്ട് എന്ന് നിങ്ങൾക്ക് കാണാം– എന്നാൽ 'ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' – ഇതിൽ പരിമിതിയില്ല. നമ്മുടെ പാപത്തിനായി യേശു എന്ന പ്രായശ്ചിത്തത്തിന്റെ അനന്തമായ പ്രാധാന്യമാണ് സുവിശേഷസന്ദേശം. ഈ വെളിപ്പാടിൽ മുങ്ങിക്കുതിർന്നവനാണ് സുവിശേഷകൻ.

യേശുവിന്റെ ദയയോ നന്മയോ ദൈവികപിതൃത്വത്തിന്റെ വെളിപ്പെടുത്തലോ അല്ല, യേശുവിന്റെ ജീവിതത്തിന്റെ വിമോചകസ്വഭാവമാണ് സുവിശേഷ സന്ദേശത്തിലേക്കുള്ള താക്കോൽ,. നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാണ് അവൻ എന്നതാണ് സന്ദേശത്തിന്റെ അളവറ്റ പ്രാധാന്യം. ഈ സന്ദേശം ദേശഭക്തി സംബന്ധമല്ല; അത് ദേശങ്ങൾക്കോ പ്രത്യേക വ്യക്തികൾക്കോ വേണ്ടിയല്ല; അത് ലോകത്തിന് മുഴുവനും വേണ്ടിയുള്ളതാണ്. പരിശുദ്ധാത്മാവ് എന്നിൽ നിറയുമ്പോൾ എന്റെ ഇഷടാനിഷ്ടങ്ങളെ അവൻ കണക്കിലെടുക്കുന്നില്ല. എന്നെ കർത്താവായ യേശുവുമായി ഏകീഭവിപ്പിക്കുന്നു.

തന്റെ കർത്താവും അധിപനുമായവന്റെ ഉദ്ദേശ്യത്തോടും ദൗത്യത്തോടും ബന്ധിക്കപ്പെട്ടവനാണ് സുവിശേഷപ്രവർത്തകൻ. തന്റെ സ്വന്തം വീക്ഷണമല്ല, ദൈവകുഞ്ഞാടിനെക്കുറിച്ചാണ്, സുവിശേഷകൻ അറിയിക്കേണ്ടത്. യേശു തനിക്കായി എന്ത് ചെയ്തു എന്ന് പറയുന്ന ഒരു പ്രത്യേകവിഭാഗത്തിന്റെ കൂടെ കൂടുകയോ, ദൈവീകരോഗശാന്തിയുടെ അല്ലെങ്കിൽ ഒരു പ്രത്യേകതരം വിശുദ്ധീകരണത്തിന്റെ അതുമല്ലെങ്കിൽ പരിശുദ്ധാത്മ സ്നാനത്തിന്റെ ആരാധകനാകുയോ ചെയ്യുകയാണ് ഇതിനെക്കാൾ എളുപ്പം. 'ക്രിസ്തു എന്താണ് എനിക്കായി ചെയ്തതെന്ന് പറഞ്ഞില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം' എന്നല്ല പൗലോസ് പറഞ്ഞത് 'ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം' എന്നത്രെ പൗലോസ് പറഞ്ഞത്. ഇതാണ് സുവിശേഷം: 'ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.'

## ഒക്ടോബർ 16

# യജമാനന്റെ കല്പനകളിലേക്കുള്ള താക്കോൽ

**'ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്കു വേലക്കാരെ അയക്കേണ്ടതിന് യാചിപ്പിൻ എന്ന് പറഞ്ഞു' മത്തായി 9:38.**

സുവിശേഷകന്റെ പ്രയാസകരമായ ജോലിയിലേക്കുള്ള താക്കോൽ ദൈവകരങ്ങളിലാണ്, ആ താക്കോൽ ജോലിയല്ല പ്രാർത്ഥനയാണ്. ജോലി എന്നാൽ ഫലത്തിൽ ദൈവത്തിൽ നിന്ന് നമ്മുടെ ശ്രദ്ധ തിരിക്കുന്നത്; അതാണ് ഇന്നത്തെ ലോകത്തിന് ജോലി എന്ന വാക്കിന്റെ അർത്ഥം. സുവിശേഷകന്റെ പ്രയാസകരമായ ജോലിയിലേക്കുള്ള താക്കോൽ സാമാന്യബുദ്ധിയല്ല, വൈദ്യശുശ്രൂഷയല്ല, സംസ്കാരമല്ല, വിദ്യാഭ്യാസമല്ല, സുവിശേഷീകരണം പോലുമല്ല. യജമാനന്റെ ആജ്ഞകൾ അനുസരിക്കുന്നതിലാണ് താക്കോൽ – പ്രാർത്ഥനയാണ് ആ താക്കോൽ. കൊയ്ത്തിന്റെ യജമാനനോടുള്ള പ്രാർത്ഥന! സ്വാഭാവികമായും പ്രാർത്ഥന പ്രായോഗികമല്ല; അത് അസംബന്ധമാണ്. സാമാന്യബോധത്തിന്റെ വീക്ഷണത്തിൽ നിന്ന് പ്രാർത്ഥന വിഡ്ഢിത്തമാണെന്ന് നാം മനസ്സിലാക്കണം.

യേശുക്രിസ്തുവിന്റെ കാഴ്ചപ്പാടിൽ രാജ്യങ്ങളില്ല, ലോകം മാത്രമേയുള്ളൂ. വ്യക്തികളെ കണക്കാക്കാതെ, ഒരൊറ്റ വ്യക്തിയോട് മാത്രം നമ്മിലെത്രപേർ പ്രാർത്ഥിക്കുന്നുണ്ട്. പാപമോചനത്തിലൂടെയും കഷ്ടങ്ങളിലൂടെയും സൃഷ്ടിക്കപ്പെടുന്ന കൊയ്ത്തിന്റെ യജമാനനാണവൻ. ഈ കൊയ്ത്തിന് വേലക്കാരെ അയക്കാനാണ് നാം പ്രാർത്ഥിക്കേണ്ടത്. നമ്മൾ സജീവമായി ജോലിയിൽ വ്യാപൃതരാകുമ്പോൾ നമ്മുടെ ചുറ്റുപാടുമുള്ള ആളുകൾ കൊയ്യപ്പെടാൻ പാകമാകുന്നു. നാം അവയിലൊന്നു പോലും കൊയ്യാതെ അതിരു കവിഞ്ഞ പ്രവർത്തനങ്ങളിലും പരിപാടികളിലും കർത്താവിന്റെ സമയം നഷ്ടപ്പെടുത്തുന്നു. നിങ്ങളുടെ പിതാവിന്റെയോ സഹോദരന്റെയോ ജീവിതത്തിൽ ഒരു പ്രതിസന്ധി ഉണ്ടായെന്ന് വിചാരിക്കുക. യേശുവിന് വേണ്ടി കൊയ്ത്തു നടത്താനൊരു വേലക്കാരനായി അപ്പോൾ നിങ്ങൾ നിങ്ങളെ കാണുമോ? 'അയ്യോ, എനിക്കു വേറൊരു കാര്യം ചെയ്യാനുണ്ട്' എന്നാകുമോ നിങ്ങളുടെ പ്രതികരണം? ഒരു ക്രിസ്ത്യാനിക്കും പ്രത്യേകമായ ഒരു ജോലിയും ചെയ്യാനില്ല. അവൻ /അവൾ ക്രിസ്തുവിന്റെ സ്വന്തമാകാൻ വിളിക്കപ്പെട്ടിരിക്കുന്നു –'ദാസൻ യജമാനനെക്കാൾ വലിയവനല്ല' താൻ എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് അവൻ യേശുക്രിസ്തുവിനോട് അങ്ങോട്ട് കയറി പറയുന്നുമില്ല. ഒരു പ്രത്യേക ജോലിക്കും കർത്താവ് നമ്മെ വിളിക്കുന്നില്ല. അവൻ നമ്മെ തന്നിലേക്ക് വിളിക്കുന്നു. 'കൊയ്ത്തിന്റെ യജമാനനോട് പ്രാർത്ഥിക്ക.'തന്റെ വേലക്കാരനായി നിങ്ങളെ അയക്കാൻ കർത്താവ് നിങ്ങളുടെ പരിതഃസ്ഥിതികളെ മെനഞ്ഞുകൊള്ളും.

## ഒക്ടോബർ 17

# കുറേക്കൂടി വലിയ പ്രവൃത്തികൾ

**'ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും.' യോഹന്നാൻ 14:12**

കുറെക്കൂടി വലിയ പ്രവൃത്തികൾക്കായി പ്രാർത്ഥന നമ്മെ യോഗ്യരാക്കുന്നില്ല. പ്രാർത്ഥനയാണ് കുറെക്കൂടി വലിയ പ്രവൃത്തി. ദൈവവേലയ്ക്കായി നമ്മെ ഒരുക്കുന്ന, നമ്മുടെ ഉന്നതമായ കഴിവുകളുടെ സാമാന്യബുദ്ധിപ്രയോഗമായാണ് നാം പ്രാർത്ഥനയെ കണക്കാക്കുന്നത്. യേശുക്രിസ്തുവിന്റെ ഉപദേശമനുസരിച്ച് പ്രാർത്ഥന എന്നിൽ പ്രവർത്തിക്കുന്ന രക്ഷയുടെ അത്ഭുതമാണ്. ഇത് ദൈവശക്തിയിലൂടെ മറ്റുള്ളവരിലും രക്ഷയുടെ അത്ഭുതം സൃഷ്ടിക്കുന്നു. ഫലം ബാക്കിയാവുന്നത് പ്രാർത്ഥനയിലൂടെയാണ്. ക്രിസ്തുവിന്റെ വ്യാകുലതയിലാണ് പ്രാർത്ഥന അധിഷ്ഠിതമായിരിക്കുന്നതെന്ന് നാം ഓർമ്മിക്കണം. ഒരു പൈതലിനെപ്പോലെ നാം ദൈവത്തിന്റെ അടുക്കൽ ചെല്ലണം. കാരണം ഒരു പൈതലിന് അവന്റെ പ്രാർത്ഥനയ്ക്കുത്തരം ലഭിക്കുന്നു. 'ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതു കൊണ്ട്.........' (മത്തായി 11: 25)

പ്രാർത്ഥന ഒരു പോരാട്ടമാണ്. നിങ്ങൾ എവിടെയാണെന്നത് ഒരു വ്യത്യാസവും വരുത്തുന്നില്ല. ദൈവം നിങ്ങളുടെ പരിത:സ്ഥിതികൾ എങ്ങനെ തന്നെ പണിതുയർത്തിയാലും, പ്രാർത്ഥിക്കുക എന്നതാണ് നിങ്ങളുടെ കടമ. 'ഞാൻ ആയിരിക്കുന്ന ഈ ഇടത്തിൽ എന്നെക്കൊണ്ട് ഒരു പ്രയോജനവുമില്ല' എന്ന ചിന്ത കടന്ന് വരാൻ ഒരിക്കലും അനുവദിക്കരുത്; കാരണം നിങ്ങൾ എവിടെ അല്ലയോ അവിടെ നിങ്ങളെക്കൊണ്ട് യാതൊരു പ്രയോജനവുമില്ല.' എന്തെല്ലാം പരിതസ്ഥിതികളിലാണ് നിങ്ങളെ ദൈവം ആക്കി വെച്ചിരിക്കുന്നതെങ്കിലും ദൈവത്തിന് നിരന്തരം പ്രാർത്ഥനകൾ അർപ്പിച്ച് കൊണ്ടേയിരിക്കുക. 'നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്യും' നമ്മെ ആവേശഭരിതരാക്കുകയോ, നമ്മിൽ എരിവുണർത്തുകകയോ ചെയ്യുന്നില്ലെങ്കിൽ നാം പ്രാർത്ഥിക്കാൻ വിസമ്മതിക്കുന്നു. ഇത് ഏറ്റവും തീക്ഷ്ണമായ ആത്മീയ സ്വാർത്ഥതയാണ്. ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാൻ നാം പഠിക്കണം. ദൈവം പറയുന്നതാകട്ടെ, നാം പ്രാർത്ഥിക്കാനാണ്. 'കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിനു വേലക്കാരെ അയക്കേണ്ടതിന് യാചിപ്പിൻ.'

അദ്ധ്വാനിക്കുന്ന ഒരു മനുഷ്യന്റെ വേലയിൽ ആവേശകരമായ യാതൊന്നുമില്ല. എന്നാൽ ഒരു അദ്ധ്വാനിയാണ് ഒരു പ്രതിഭയെക്കുറിച്ചുള്ള ആശയങ്ങൾ സാദ്ധ്യമാക്കിത്തീർക്കുന്നത്. അദ്ധ്വാനിക്കുന്ന വിശുദ്ധനാണ് തന്റെ യജമാനന്റെ ആശയങ്ങൾ സാദ്ധ്യമാക്കിത്തീർക്കുന്നത്. ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് നിങ്ങൾ പ്രാർത്ഥനയിൽ പ്രയത്നിക്കുമ്പോൾ എപ്പോഴും ഫലങ്ങളുണ്ട്. അവസാനം മൂടുപടം ഉയർത്തപ്പെടുന്ന സമയത്ത്, യേശുക്രിസ്തുവിൽനിന്ന് ആജ്ഞകൾ സ്വീകരിച്ചതിനാൽ നിങ്ങൾ കൊയ്തെടുത്ത ആത്മാക്കളെ കാണുമ്പോൾ എന്തൊരത്ഭുതമായിരിക്കും!

## ഒക്ടോബർ 18

# സുവിശേഷകന്റെ ഭക്തിയിലേക്കുള്ള താക്കോൽ

**'തിരുനാമം നിമിത്തമല്ലോ.... അവർ പുറപ്പെട്ടത്' (3 യോഹന്നാൻ 7)**

നമുക്ക് അവനോടുള്ള സ്നേഹം എങ്ങനെയാണ് വെളിപ്പെടുത്തേണ്ടത് എന്ന് നമ്മുടെ കർത്താവ് പറഞ്ഞു 'എന്നോട് നിനക്ക് പ്രിയമുണ്ടോ? എന്റെ ആടുകളെ മേയിക്ക'; 'നിങ്ങൾക്ക് മറ്റ് മനുഷ്യരിലുള്ള താല്പര്യങ്ങളുമായി എന്നോടൊപ്പം ചേരുക, ഞാനുമായി ഒന്നാകുക' എന്നല്ല 'എനിക്ക് മറ്റുള്ളവരിലുള്ള താല്പര്യങ്ങളുമായി നിങ്ങൾ ചേരുക, ഒന്നാകുക,' എന്നതാണ് ഫലത്തിൽ കർത്താവ് പറഞ്ഞത്. 1 കൊരിന്ത്യർ 13 : 4–8 വരെയുള്ള വാക്യങ്ങൾ ഈ സ്നേഹത്തിന്റെ സ്വഭാവവിശേഷങ്ങൾ വിവരിക്കുന്നുണ്ട്. യേശുവിന് വേണ്ടിയുള്ള എന്റെ സ്നേഹം വളരെ പ്രയോഗികമാണ്. ബാക്കിയെല്ലാം വെറും വൈകാരിക സംസാരം മാത്രം.

പരിശുദ്ധാത്മാവ് എന്നിൽ നിവൃത്തിയാക്കുന്ന അലൗകിക രക്ഷണ്യപ്രവർത്തനമാണ് യേശുക്രിസ്തുവിനോടുള്ള വിശ്വസ്തത. (റോമർ 5: 5 കാണുക) ആ സ്നേഹമാണ് എന്നിലൂടെ ഞാൻ കണ്ടുമുട്ടുന്ന ഓരോരുത്തരിലും പ്രവർത്തിക്കുന്നത്. പ്രഭാതത്തിലെ മൂടൽ മഞ്ഞിനുള്ളതിനേക്കാൾ അല്പം പോലും ശക്തി അവനില്ലെന്ന് എന്റെ സാമാന്യബോധം പ്രഖ്യാപിച്ചാലും, ഞാൻ അവന്റെ നാമത്തോട് വിശ്വസ്തത പുലർത്തും.

നമ്മുടെ കർത്താവിനോടല്ലാതെ മറ്റാരോടും ഒന്നിനോടും സ്നേഹബന്ധിതനായിരിക്കുന്നില്ല എന്നതാണ് സുവിശേഷകന്റെ ഭക്തിയിലേക്കുള്ള താക്കോൽ. നമ്മുടെ ചുറ്റുമുള്ള ബാഹ്യവസ്തുക്കളിൽ നിന്ന് വിരക്തനാണെന്നതല്ല അതിന്നർത്ഥം. നമ്മുടെ കർത്താവ് വിസ്മയകരമാം വണ്ണം ബാഹ്യവസ്തുക്കളുമായി സമ്പർക്കത്തിലായിരുന്നു. എന്നാൽ ദൈവത്തോടൊഴികെ മറ്റെല്ലാറ്റിൽ നിന്നും അവൻ ആന്തരികമായി വിട്ടുനിന്നു. നാം ബാഹ്യമായി എന്ത് കാര്യങ്ങളിൽ നിന്ന് വിട്ട് നില്ക്കുന്നുവോ അവയോട് വർദ്ധിച്ചുവരുന്ന ഒരു ആന്തരികബന്ധത്തിന്റെ ലക്ഷണമാണ് ബാഹ്യവിരക്തി.

കർത്താവായ യേശുക്രിസ്തുവന്റെ പ്രകൃതത്തിലേയ്ക്ക് പൂർണ്ണമായും നിരന്തരമായും തന്റെ ആത്മാവിനെ തുറന്ന് വെക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരുക്കുകയാണ് വിശ്വസ്തനായ ഒരു സുവിശേഷകന്റെ കർത്തവ്യം. നമ്മുടെ കർത്താവ് തന്റെ സംരംഭങ്ങൾക്കായി സാധാരണ സ്ത്രീപുരുഷന്മാരെയാണ് അയക്കുക. എന്നാൽ അവർ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ അവരിലുളവാക്കിയ ഭക്തിയാൽ നിയന്ത്രിക്കപ്പെടുന്നവരാണ്.

## ഒക്ടോബർ 19

# ശ്രദ്ധിക്കപ്പെടാത്ത രഹസ്യം

**'എന്റെ രാജ്യം ഐഹികമല്ല' (യോഹന്നാൻ18:36).**

കർത്താവായ യേശുക്രിസ്തുവിന്റെ ഏറ്റവും വലിയ ശത്രു പ്രായോഗിക പ്രവർത്ത നത്തെക്കുറിച്ചുള്ള തെറ്റായ ധാരണയാണ്. ഇതിന് പുതിയ നിയമത്തിൽ യാതൊരു അടിസ്ഥാനവുമില്ല. ദൈവവുമായി ഒരു സ്വകാര്യജീവിതവുമില്ലാത്തവർക്കും ധാരാ ളം ഊർജ്ജത്തിനും പ്രവർത്തനങ്ങൾക്കും ഊന്നൽ നല്കുന്നവ്യവസ്ഥിതിയിൽ നി ന്നാണ് ഈ ആശയം വരുന്നത്. അത് മറഞ്ഞിരിക്കുന്ന, അദൃശ്യമായൊരു കാര്യ മാണ്. ഒരു സജീവ ക്രിസ്തീയപ്രവർത്തകൻ മറ്റുള്ളവരുടെ കാഴ്ചയിൽ ജീവി ക്കുന്നു. എന്നാൽ ഒരു വ്യക്തിയുടെ ജീവിതത്തിലെ ശക്തി വെളിപ്പെടുത്തുന്നത് ഏറ്റവും ഉള്ളിന്റെയുള്ളിലുള്ള സ്വകാര്യമേഖലയാണ്.

നാം ജീവിക്കുന്ന മതയുഗത്തിന്റെ വലിയ പ്രവർത്തനങ്ങളുടെ തിരക്കും സമ്മർദ്ദവും ഒന്നും നമ്മുടെ കർത്താവിന്റെ ജീവിതത്തിലുണ്ടായിരുന്നില്ല. ഒരു ശിഷ്യൻ അവന്റെ ഗുരുവിനെപ്പോലെയായിരിക്കണം. യേശുക്രിസ്തുവിന്റെ രാജ്യത്തെ സംബന്ധിച്ച മുഖ്യകാര്യം, പൊതുജനജീവിതത്തിൽ നമ്മെക്കൊണ്ടുള്ള പ്രയോജനമല്ല യേശുവു മായുള്ള വ്യക്തിബന്ധമാണ്.

പ്രായോഗികാര്യങ്ങളല്ല ഒരു സുവിശേഷകപ്രവർത്തകന്റെ ശക്തി. ദൈവിക സത്യങ്ങളിൽ മുങ്ങിത്താഴുന്നതിലാണ് നിങ്ങളുടെ മുഴുവൻ ശക്തിയും. എങ്ങനെ യാണ് ദൈവം നിങ്ങളുടെ പരിത:സ്ഥിതികൾ മെനയുന്നതെന്ന്, സ്വദേശത്തോ വി ദേശത്തോ എന്തൊക്കെ ആയാസങ്ങളാണ് നിങ്ങളുടെ മേൽ വെയ്ക്കപ്പെടാൻ പോകുന്നതെന്ന് നിങ്ങൾക്കൊരു രൂപവുമില്ല. ദൈവികരക്ഷയെക്കുറിച്ചുള്ള അടി സ്ഥാന തത്ത്വങ്ങളിൽ പാടെ മുഴുകുന്നതിന് പകരം അതിര് കവിഞ്ഞ് ഓരോരോ പ്രവർത്തനത്തിൽ മുഴുകിയാൽ വിഷമങ്ങളും സമ്മർദ്ദവും വരുമ്പോൾ നിങ്ങൾ പൊട്ടിത്തകരും. എന്നാൽ ദൈവമുമ്പാകെ, ആ സത്യങ്ങളിൽ കുതിരുന്ന സമയത്ത് അവനിൽ വേരുപിടിക്കുകയും അടിസ്ഥാനപ്പെടുകയും ചെയ്താൽ കർത്താവ് വരു മ്പോൾ, നിങ്ങൾ അവനോട് വിശ്വസ്തനായിരിക്കും.

## ഒക്ടോബർ 20

# ദൈവഹിതമാണോ എന്റെ ഹിതം?

**'ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ' (1 തെസ്സലൊനീക്യർ 4:3).**

എന്റെ ശുദ്ധീകരണം ദൈവഹിതമാണോ എന്നതല്ല ശുദ്ധീകരണത്തിന്റെ പ്രശ്നം; ഞാനതിന് തയ്യാറാണോ? പാപമോചനം കൊണ്ട് സാദ്ധ്യമായ എല്ലാകാര്യങ്ങളും എന്നിൽ നിവർത്തിക്കാൻ ദൈവത്തെ ഞാൻ അനുവദിക്കുമോ?

യേശു എന്റെ വിശുദ്ധീകരണമാകാനും യേശുവിന്റെ ജീവിതം എന്റെ ഭൗതികജഡത്തിൽ വെളിപ്പെടുത്താനും ഞാൻ തയ്യാറാണോ? 1 കൊരിന്ത്യർ 1:30 കാണുക 'വിശുദ്ധീകരിക്കപ്പെടാൻ ഞാൻ വളരെയധികം ആഗ്രഹിക്കുന്നു' എന്ന് പറയുന്നത് സൂക്ഷിച്ചുകൊള്ളുക. നിങ്ങൾ ഇപ്പോൾ അങ്ങനെയല്ലല്ലോ. ആ ആവശ്യത്തെ തിരിച്ചറിയുക. അതിനായി ആഗ്രഹിച്ചുകൊണ്ടിരിക്കാതെ ഉടനെ അതിനെ ഒരു പ്രവൃത്തിയാക്കുക. ചോദ്യം ചെയ്യാത്ത, തികഞ്ഞ വിശ്വാസത്താൽ നിങ്ങൾക്കായി വിശുദ്ധീകരണമാകാൻ യേശുവിനെ സ്വീകരിക്കുക; അപ്പോൾ പാപമോചനത്തിന്റെ മഹാത്ഭുതം നിങ്ങളിൽ യഥാർത്ഥമാകും. യേശു സാദ്ധ്യമാക്കിത്തീർത്തതെല്ലാം അവൻ ക്രൂശിൽ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ എനിക്കുള്ള സൗജന്യവും സ്നേഹനിർഭരവുമായ ദൈവീക സമ്മാനമായിത്തീരുന്നു. രക്ഷിക്കപ്പെട്ടതും ശുദ്ധീകരിക്കപ്പെട്ടതുമായ ഒരാത്മാവെന്നനിലയിൽ എന്റെ മനോഭാവം ആഴമേറിയതും വിനയനിർഭരവുമായ വിശുദ്ധിയുടേതാണ്. (അഭിമാനനിർഭരമായ വിശുദ്ധി എന്നൊന്നില്ല). ഇത് വ്യാകുലതനിറഞ്ഞ പശ്ചാത്താപത്തിലും, പ്രകടിപ്പിക്കാനാവാത്ത അപമാനബോധത്തിലും അധ:പതനത്തിലും അധിഷ്ഠിതമാണ്. നാം യേശുവിനെ ഗൗനിക്കാതിരുന്ന കാലത്തും ദൈവം തന്റെ സ്നേഹം നമ്മോട് പ്രദർശിപ്പിച്ചിരുന്നു എന്ന് നാം മനസ്സിലാക്കുന്നതിലും ഈ വിശുദ്ധിയുടെ അടിസ്ഥാനമുണ്ട്. എന്റെ രക്ഷയ്ക്കും, വിശുദ്ധീകരണത്തിനുമായി യേശു സർവ്വതും പൂർത്തിയാക്കി (റോമർ 5:8 കാണുക). യാതൊന്നിനും 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കാൻ കഴികയില്ല' എന്ന് പൗലോസ് അപ്പൊസ്തലൻ പറയുന്നതിൽ അത്ഭുതമില്ല.

വിശുദ്ധീകരണം എന്നെ യേശുക്രിസ്തുവുമായും അവനിലൂടെ ദൈവവുമായും ഏകീഭവിപ്പിക്കുന്നു. യേശുവിന്റെ മഹത്തായ പാപമോചനത്തിലൂടെയാണ് ഇത് ചെയ്യപ്പെടുന്നത്. ഫലത്തെ ഒരിക്കലും കാരണവുമായി കൂട്ടിക്കുഴയ്ക്കരുത്. ഇത് എന്നിൽ ഉളവാക്കുന്ന ഫലം അനുസരണവും സേവനവും പ്രാർത്ഥനയുമാണ്. അതിന്റെ അനന്തരഫലമോ, യേശുക്രിസ്തുവിന്റെ കുരിശിലെ പാപപരിഹാരത്തിലൂടെ എന്നിൽ നിവൃത്തിയായ അത്ഭുതകരമായ വിശുദ്ധിയോടുള്ള ആരാധനയും പറഞ്ഞറിയിക്കാനാകാത്ത നന്ദിയുമാണ്.

**ഒക്ടോബർ 21**

## എടുത്ത് ചാട്ടമോ ശിഷ്യത്വമോ?

**'നിങ്ങളോ പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി..... ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊൾവിൻ' (യൂദാ:2).**

വികാരാവേശമോ ഹൃദയകാഠിന്യമോ ഒന്നും നമ്മുടെ കർത്താവിന്റെ സ്വഭാവത്തിലുണ്ടായിരുന്നില്ല. ഒരിക്കലും വെപ്രാളത്തിലേക്ക് കടക്കാത്ത ഒരു ശാന്തമായ ശക്തിയായിരുന്നു നമ്മുടെ കർത്താവിനുണ്ടായിരുന്നത്. ദൈവപ്രകൃതത്തിന്റെ വഴിയിലല്ല സ്വപ്രകൃതത്തിന്റെ വഴിയിലാണ് നമ്മിലൊട്ടുമിക്കപേരും നമ്മുടെ ക്രിസ്തീയത വളർത്തുന്നത്. എടുത്തുചാട്ടം അല്ലെങ്കിൽ നൈമിഷികാവേശം ഈ ലോകജീവിതത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുന്നതിനാൽ നമ്മുടെ കർത്താവ് സദാ അതിനെ അവഗണിക്കുന്നു. ദൈവാത്മാവ് എടുത്ത്ചാട്ടത്തിന് കടിഞ്ഞാണിടുന്നതെങ്ങനെ എന്ന് ശ്രദ്ധിക്കുക. ഈ നിയന്ത്രണങ്ങൾ ഉടനടി സ്വയം നീതീകരണമെന്ന ആഗ്രഹം ഉളവാക്കും വിധം നമ്മുടെ വിഡ്ഢിത്തത്തെക്കുറിച്ച് നമ്മെ ബോധമുള്ളവരാക്കുന്നു. ഒരു കുട്ടിയിൽ എടുത്ത് ചാട്ടം സാരമില്ല. എന്നാൽ ഒരു പുരുഷനിലോ സ്ത്രീയിലോ അത് അപകടമാണ്. എടുത്ത് ചാട്ടക്കാരനായ (ചാട്ടക്കാരിയായ) ഒരാൾ വഷളാക്കപ്പെട്ട ഒരാളത്രെ. അച്ചടക്കത്തിലൂടെ എടുത്തു ചാട്ടത്തെ - നൈമിഷിക പ്രചോദനത്തെ – അന്തർജ്ഞാനമാക്കാൻ പരിശീലിക്കണം.

ദൈവത്തിന്റെ അലൗകികകൃപയിലാണ് ശിഷ്യത്വം പൂർണ്ണമായും പണിതുയർത്തപ്പെടുന്നത്. നൈമഷിക ധൈര്യമുള്ള ഒരാൾക്ക് വെള്ളത്തിന്മേൽ നടക്കുന്നത് എളുപ്പമായിരിക്കാം. എന്നാൽ യേശുവിന്റെ ശിഷ്യനായി ഉണങ്ങിയ നിലത്തുകൂടി നടക്കുന്നത് വ്യത്യസ്തമായ ഒരു കാര്യമാണ്. യേശുവിന്റെ അടുത്തേക്ക് ചെല്ലാൻ പത്രൊസ് വെള്ളത്തിന്മോൽ നടന്നു. എന്നാൽ ഉണങ്ങിയ നിലത്ത് പത്രൊസ് 'അവനെ ദൂരവെ അനുഗമിച്ചു' (മർക്കൊസ് 14:54) പ്രതിസന്ധികൾ നേരിടാൻ നമുക്ക് ദൈവകൃപ ആവശ്യമില്ല. ജീവിതത്തിന്റെ സമ്മർദ്ദങ്ങളും പ്രയാസങ്ങളും ഗംഭീരമായി നേരിടാൻ മനുഷ്യപ്രകൃതവും അഹന്തയും ധാരാളം മതിയാകും എന്നാൽ ഒരു ദിവസത്തിന്റെ ഇരുപത്തിനാല് മണിക്കൂറും വിശുദ്ധനായി ജീവിക്കാൻ ദൈവത്തിന്റെ അലൗകിക കൃപ കൂടിയേ തീരു. യേശുക്രിസ്തുവിന്റെ ഒരു ശിഷ്യനെന്നനിലയിൽ നിത്യജീവിതത്തിലെ വിരസമായ വേലകൾ ചെയ്ത് അവഗണിക്കപ്പെട്ട് ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരു സാധാരണ ജീവിതം ജീവിക്കാൻ നമുക്ക് ദൈവത്തിന്റെ അലൗകിക കൃപ വേണം. ദൈവത്തിനായി അസാധാരണ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട് എന്ന ചിന്ത നമ്മിൽ രൂഢമൂലമാണ്. എന്നാൽ നാം ചെയ്യുന്നില്ല. നമുക്ക് ജീവിതത്തിലെ സാധാരണ കാര്യങ്ങളിൽ അസാധാരണമായിരിക്കുകയും സാധാരണ വീഥികളിൽ, സാധാരണജനങ്ങൾക്കിടയിൽ വിശുദ്ധിയോടിരിക്കുകയും വേണം. ഇതാകട്ടെ അഞ്ച് നിമിഷം കൊണ്ട് പഠിക്കാവുന്നതുമല്ല.

**ഒക്ടോബർ 22**

# ആത്മാവിന്റെ സാക്ഷ്യം

**'നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു' (റോമർ 8:16).**

ദൈവത്തിന്റെയടുത്ത് വരുമ്പോൾ ഒരു വിലപേശൽ മനോഭാവത്തിലേക്ക് കടക്കുന്ന അപകടം നമ്മിലുണ്ട്, ദൈവം നമ്മോട് ചെയ്യാനാവശ്യപ്പെടുന്നത് ചെയ്യും മുമ്പെ നമുക്ക് ആത്മാവിന്റെ സാക്ഷ്യം വേണം,. ''ദൈവം എന്തു കൊണ്ടാണ് എനിക്ക് തന്നെത്തന്നേ വെളിപ്പെടുത്തിത്തരാത്തത്''? അതു ദൈവത്തിന് കഴിയുകയില്ല. പൂർണ്ണമായി കീഴടങ്ങിക്കൊണ്ടു നിങ്ങൾ സ്വയം ദൈവത്തിൽ സമർപ്പിക്കാത്തിടത്തോളം നിങ്ങൾ തന്നേയാണ് അതിന് തടസ്സം. എന്നാൽ നിങ്ങളിലെ ദൈവികസ്വഭാവത്തിന് ദൈവം ഉടൻ തന്നേ സാക്ഷ്യമാകുന്നു. അനുസരണത്തിൽനിന്നുള്ള സത്യവും പരമാർത്ഥവും വരും മുമ്പെ നിങ്ങൾ ആത്മാവിന്റെ സാക്ഷ്യത്തെ സ്വീകരിച്ചാൽ അത് വെറും വികാരപരമായ നടപടിയായിത്തീരും. എന്നാൽ നിങ്ങൾ രക്ഷയുടെ അടിസ്ഥാനത്തിലാകുകയും ദൈവവുമായി തർക്കത്തിലേർപ്പെടുന്ന ധിക്കാരം നിർത്തുകയും ചെയ്യുകയാണെങ്കിൽ ദൈവം ഉടൻ തന്നേ നിങ്ങൾക്ക് സാക്ഷ്യം തരുന്നു. സ്വന്തം യുക്തിയും വാദവും നിങ്ങൾ ഉപേക്ഷിക്കുമ്പോൾ തന്നേ ദൈവം താൻ ചെയ്തതിന് സാക്ഷ്യമാകുന്നു; അത്രനാൾ ദൈവത്തെ താമസിപ്പിച്ച നിങ്ങളുടെ ധിക്കാരത്തിൽ നിങ്ങൾ അമ്പരക്കുകയും ചെയ്യുന്നു. ദൈവത്തിന് പാപത്തിൽ നിന്ന് മോചിപ്പിക്കാൻ കഴിയുമോ ഇല്ലയോ എന്നതിനെക്കുറിച്ച് നിങ്ങൾ തർക്കിച്ചു കൊണ്ടിരിക്കരുത്. ഒന്നുകിൽ അത് ചെയ്യാൻ ദൈവത്തെ അനുവദിക്കുക; അല്ലെങ്കിൽ അത് ചെയ്യാൻ ദൈവത്തിന് കഴിയുകയില്ലെന്ന് പറയുക. ആ ആളും ഈ ആളും പറഞ്ഞത് ഏറ്റ് പാടരുത്. ''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ'' എന്ന വാക്യം അനുസരിക്കുക. നിങ്ങളിൽ തിന്മയുണ്ടെങ്കിൽ ക്ഷമ യാചിക്കുക (ലൂക്കൊസ് 11:9–13 കാണുക).

നമ്മുടെ സാമാന്യബുദ്ധിയുടെ തീരുമാനങ്ങളിൽ നിന്ന് വരുന്ന ഒരു സരളമനോഭാവം, ആത്മാവിന്റെ സാക്ഷ്യമായി തെറ്റിദ്ധരിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. എന്നാൽ ആത്മാവ് സാക്ഷ്യമാകുന്നത് ഒരിക്കലും നമ്മുടെ യുക്തിക്കല്ല ദൈവ പ്രകൃതത്തിനും, രക്ഷണ്യ പ്രവർത്തനത്തിനുമാണ്. ദൈവത്തെ നമ്മുടെ യുക്തിക്ക് സാക്ഷ്യമാക്കാൻ ശ്രമിക്കുകയാണെങ്കിൽ നാം ഇരുളിലും അസ്ഥിരതയിലുമാകുന്നതിൽ അത്ഭുതമില്ല. അതെല്ലാം ദുരെയെറിഞ്ഞ് ദൈവത്തിൽ വിശ്വസിക്കുക അപ്പോൾ ദൈവം നിങ്ങൾക്ക് ആത്മാവിന്റെ സാക്ഷ്യം നല്കും.

## ഒക്ടോബർ 23

# പഴയ ജീവിതത്തിൽ അല്പം പോലും!

**'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി.......'(2 കൊരിന്ത്യർ 5:17).**

നമ്മുടെ കർത്താവ് ഒരിക്കലും നമ്മുടെ മുൻവിധികളെ സഹിക്കുകയില്ല. അവൻ അവയെ എതിർക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്നു. ദൈവത്തിന് നമ്മുടെ പ്രത്യേക മുൻവിധികളിൽ താല്പര്യമുണ്ടെന്നും, മറ്റുള്ളവരോട് ഇടപെടേണ്ടതു പോലെ ദൈവം നമ്മോട് ഇടപെടുകയില്ലെന്നുമാണ് നമ്മുടെ വിചാരം 'ദൈവത്തിന് അവരോട് കർക്കശമായി ഇടപെടേണ്ടി വരും; എന്നാൽ എന്റെ മുൻവിധികൾ ശരിയാണെന്ന് ദൈവം അറിയുന്നു' എന്ന് പോലും നാം പറയും. എന്നാൽ പഴയജീവിതത്തിന്റെ  അല്പം പോലും ദൈവം സ്വീകരിക്കുകയില്ലെന്ന് നാം അറിയണം. നമ്മുടെ മുൻ വിധികൾക്കൊപ്പം നില്ക്കുന്നതിന് പകരം അവൻ അവയെ മന:പൂർവ്വം തുടച്ച് മാറ്റുന്നു. ദൈവിക തീരുമാനത്താൽ അവയെ ഇല്ലാതാക്കുന്നതും, എങ്ങനെ ഇല്ലാതാക്കുന്നു എന്നുള്ളതും അറിയുന്നത് നമ്മുടെ ധാർമ്മിക പരിശീലനത്തിന്റെ ഭാഗമാണ്.  ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന ഒരു കാര്യമേയുള്ളൂ. അത് നമ്മുടെ നിരുപാധികമായ കീഴടങ്ങലാണ്.

നാം വീണ്ടും ജനിക്കുമ്പോൾ, പരിശുദ്ധാത്മാവ് തന്റെ പുതുസൃഷ്ടി നമ്മിൽത്തുടങ്ങുന്നു അപ്പോൾ ജീവിതത്തിന്റെ പഴയക്രമം അല്പം പോലും അവശേഷിക്കാത്ത ഒരു സമയം വരും. നമ്മുടെ പഴയ ആ മ്ലാനമായ കാഴ്ചപ്പാട് മാറുന്നു; സർവ്വതിനും 'ദൈവം കാരണഭൂതൻ', (2കൊരിന്ത്യർ 5:18) എന്നറിഞ്ഞു സർവതിനോടുമുള്ള നമ്മുടെ പഴയ മനോഭാവവും മാറുന്നു. യാതൊരു കാമവും. സ്വാർത്ഥതാല്പര്യവും ഇല്ലാത്ത, മറ്റുള്ളവരുടെ പരിഹാസത്തിൽ മുറിവേല്ക്കാത്ത ഒരു ജീവിതം എങ്ങനെയാണ് നമുക്ക് കിട്ടുക? 'ദേഷ്യപ്പെടാത്ത, ദോഷംകണക്കിടാത്ത,' ദയാനിർഭരമായ സ്നേഹം നമുക്കെങ്ങനെയുണ്ടാകും? അതിനുള്ള ഒരേയൊരു വഴി പഴയ ജീവിതത്തിന്റെ അല്പം പോലും അവശേഷിക്കാൻ അനുവദിക്കാതിരിക്കുകയും, ദൈവത്തിന്റെ അനുഗ്രഹങ്ങൾ ആഗ്രഹിക്കാതെ ദൈവത്തെ മാത്രം ആഗ്രഹിക്കും വിധം അവനെ വിശ്വസിക്കുകയുമാണ്. ദൈവം തന്റെ അനുഗ്രഹങ്ങളെ പിൻവലിച്ചാലും ദൈവത്തിലുള്ള നമ്മുടെ വിശ്വാസം നഷ്ടപ്പെടാത്ത ഒരവസ്ഥയിൽ നാം എത്തിയോ? ഒരിക്കൽ നാം ദൈവപ്രവർത്തനം കണ്ട് കഴിഞ്ഞാൽ, സംഭവിക്കുന്ന മറ്റു കാര്യങ്ങളിലൊന്നും നമുക്ക് താല്പര്യമുണ്ടാകുകയില്ല കാരണം ഈ ലോകത്തിന് കാണാൻ കഴിയാത്ത സ്വർഗ്ഗസ്ഥനായ പിതാവിനെയാണ് നാം യഥാർത്ഥത്തിൽ വിശ്വസിക്കുന്നത്.

**ഒക്ടോബർ 24**

# ശരിയായ കാഴ്ചപ്പാട്

**'ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന് സ്തോത്രം''** (2 കൊരിന്ത്യർ 2:14).

ദൈവവേല ചെയ്യുന്ന ഒരാളുടെ കാഴ്ചപ്പാട് അത്യുന്നതമായതിന്റെ അടുത്തേക്ക് തന്നാലാവുന്നത്ര അടുക്കാനല്ല അത്യുന്നതമായതിൽത്തന്നേ എത്തിച്ചേരാനാണ്. ഉത്സാഹപൂർവ്വം ദൈവത്തിന്റെ കാഴ്ചപ്പാട് നിലനിർത്തുന്ന കാര്യത്തിൽ ശ്രദ്ധവെക്കുക. അത് അല്പാല്പമായി ദിവസവും ചെയ്യണം. പരിമിതമായ ഒരു തലത്തിൽ ചിന്തിക്കരുത്. ശരിയായ കാഴ്ചപ്പാടിനെ ഒരു ബാഹ്യശക്തിക്കും സ്പർശിക്കാൻ സാധിക്കുകയില്ല.

ഒരൊറ്റ ഉദ്ദേശ്യത്തിന് വേണ്ടിയാണ് നാമിവിടെ എന്നതാണ് നാം എന്നും നിലനിർത്തേണ്ട കാഴ്ചപ്പാട്. ആ ഉദ്ദേശ്യമാകട്ടെ ക്രിസ്തുവിന്റെ ജയോത്സവത്തിൽ മുന്നോട്ട് പോകാൻ പിടിക്കപ്പെട്ടവരാണ് നാം എന്നതത്രേ. നാം ദൈവത്തിന്റെ അലങ്കാരവസ്തുക്കൾ വെക്കുന്ന അലമാരയിൽ ഇരിക്കുന്നവരല്ല. ഒരൊറ്റ കാര്യം വെളിപ്പെടുത്താനാണ് നാമിവിടെ ആയിരിക്കുന്നത് –'ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കപ്പെട്ട'വരാണ് നാം എന്നതാണത്. നമ്മുടെ മറ്റ് കാഴ്ചപ്പാടുകളെല്ലാം എത്ര ചെറുതാണ്! 'യേശുവിന് വേണ്ടി പോരാടിക്കൊണ്ട് ഞാൻ തനിച്ച് നില്ക്കുന്നു,' എനിക്ക് ക്രിസ്തുവിന്റെ കാര്യം ഉയർത്തിപ്പിടിക്കുകയും അവന് വേണ്ടി 'കോട്ട സംരക്ഷിക്കുകയും വേണം' എന്നിങ്ങനെ പോകുന്നു അവയിൽ ചിലത്. പൗലോസ് പറഞ്ഞതിന്റെ ചുരുക്കമിതാണ്: ഞാൻ ഒരു ജേതാവിന്റെ ഘോഷയാത്രയിലാണ്. പ്രയാസങ്ങൾ എന്ത് തന്നേയായലും സാരമില്ല, ഞാനെപ്പോഴും ജയോത്സവത്തിൽ നയിക്കപ്പെടുന്നു. ഈ ആശയം നമ്മിൽ പ്രായോഗികമാകുന്നുണ്ടോ? യേശുക്രിസ്തുവിന്റെ ഏറ്റവും കടുത്ത എതിരാളിയായ തന്നെ ദൈവം എടുത്ത് അവന്റെ തടവുകാരനാക്കി എന്നതാണ് പൗലോസിന്റെ സന്തോഷം. അത് പൗലോസിന്റെ ലക്ഷ്യമായിത്തീർന്നു. കർത്താവിനാൽ പിടിക്കപ്പെട്ടവനാകുക എന്നതായിരുന്നു പൗലോസിന്റെ സന്തോഷം. സ്വർഗ്ഗത്തിലും ഭൂമിയിലും മറ്റ് യാതൊരു ഉദ്ദേശ്യങ്ങളും പൗലോസിനുണ്ടായിരുന്നില്ല. തനിക്ക് ജയം ലഭിക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നത് ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അപമാനകരമാണ്. നാം എപ്പോഴും ദൈവം എന്ന ജേതാവിന്റേതായിരിക്കണം, വിജയം എപ്പോഴും ദൈവത്തിന്റേതാകുന്നു. 'നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണവിജയം പ്രാപിക്കുന്നു'(റോമർ 8:37).

'രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു.' നാം യേശുവിന്റെ സൗരഭ്യവാസനയോടെ സഞ്ചരിക്കുന്നു. എവിടെപ്പോയാലും നാം ദൈവത്തിന്റെ നവോന്മേഷമാകുന്നു.

## ഒക്ടോബർ 25

# ദൈവോദ്ദേശ്യത്തിന് കീഴടങ്ങൽ

**'ബലഹീനന്മാരെ നേടേണ്ടതിന് ഞാൻ ബലഹീനർക്ക് ബലഹീനനായി; ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന് ഞാൻ എല്ലാവർക്കും എല്ലാമായി ത്തീർന്നു' (1 കൊരിന്ത്യർ 9:22).**

അസംഖ്യം തുച്ഛവും നിന്ദ്യവുമായ കാര്യങ്ങൾക്കിടയിൽ ദൈവത്തിന്റെ ശ്രേഷ്ഠ തയുള്ള പുരുഷനോ സ്ത്രീയാ ആയിരിക്കാൻ ക്രിസ്ത്രീയ ശുശ്രൂഷകർ പഠിക്കേണ്ട തുണ്ട്. ഞാൻ മറ്റെവിടെയെങ്കിലുമായിരുന്നെങ്കിൽ എന്നൊരിക്കലും പ്രതിഷേധമു യർത്തരുത്. താൻ നല്കിയ ലക്ഷ്യത്താൽ അസാധാരണക്കാരായ സാധാരണക്കാ രാണ് ദൈവത്തിന്റെ നല്ല ശുശ്രൂഷകരായ സ്ത്രീ പുരുഷന്മാർ. ശരിയായ ഉദ്ദേശ്യം ബുദ്ധിപരമായി നമ്മുടെ മനസ്സുകളിലും സ്നേഹനിർഭരമായി നമ്മുടെ ഹൃദയങ്ങളി ലും ഇല്ലെങ്കിൽ ദൈവോദ്ദേശ്യത്തിൽ നിന്ന് വളരെ വേഗം നാം വ്യതിചലിക്കപ്പെടും. നാം സ്വയം തെരഞ്ഞെടുത്ത് ദൈവശുശ്രൂഷകരായവരല്ല. അനേകം ആളുകൾ ദൈവശുശ്രൂഷ മനഃപൂർവ്വം തെരഞ്ഞെടുക്കുന്നു; എന്നാൽ ദൈവത്തിന്റെ സർവ ശക്തമായ കൃപയോ അവന്റെ വചനമോ അവരിലില്ല. പൗലോസിന്റെ ഹൃദയവും, മനസ്സും ആത്മാവുമെല്ലാം യേശുക്രിസ്തു എന്ത് ചെയ്യാൻ വന്നുവോ, ആ ഉദ്ദേ ശ്യത്താൽ എരിഞ്ഞിരുന്നു. ആ ലക്ഷ്യം ആ കണ്ണുകളിൽ നിന്ന് ഒരിക്കലും മറഞ്ഞു പോയില്ല. 'ക്രൂശിക്കപ്പെട്ടവനായ യേശു' എന്ന മുഖ്യ വസ്തുത നമ്മളും എപ്പോഴും മുന്നിൽ വെക്കണം.

'...............ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു........' എന്ന മഹത്തായ കാര്യം നിങ്ങളു ടെ ആശയസംഹിതയിൽ സൂക്ഷിക്കുക. നിങ്ങൾക്ക് ദൈവത്തെ കിട്ടിയതല്ല ദൈവ ത്തിന് നിങ്ങളെ കിട്ടിയതാണ്. താൻ തെരഞ്ഞെടുക്കുന്നത് പോലെ തന്നേ ദൈവം നമ്മെ വളച്ചും ഉടച്ചും രൂപപ്പെടുത്തിയും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. എന്ത് കൊണ്ടാണ് അവൻ അങ്ങനെ ചെയ്യുന്നത്? 'ഇത് എന്റെ പുരുഷൻ., എന്റെ സ്ത്രീ' എന്ന് പറയുവാൻ തനിക്ക് സാധിക്കുന്നതിനായിട്ടാണ് ദൈവം അങ്ങനെ ചെയ്യു ന്നത്. നമ്മെ ഉറപ്പിച്ചതു പോലെ യേശുക്രിസ്തുവാകുന്ന പാറയിൽ മറ്റുള്ളവരെയും ഉറപ്പിക്കാൻ, നാം ദൈവ കരങ്ങളിലാകണം. ഒരു ശുശ്രൂഷകനാകാൻ ഒരിക്കലും സ്വയം തീരുമാനിക്കരുത്. എന്നാൽ ഒരിക്കൽ ദൈവം നിങ്ങളെ വിളിച്ച് കഴിഞ്ഞാൽ 'ഇടത്തോട്ടോ വലത്തോട്ടോ മാറരുത്' (ആവർത്തനപുസ്തകം 28:14) അങ്ങനെ ചെയ്താൽ നിങ്ങൾക്ക് കഷ്ടം! നിങ്ങളെ വിളിക്കും മുമ്പ് അവൻ എന്തു ചെയ്തി ല്ലയോ അതവൻ നിങ്ങളോട് ചെയ്യും. മറ്റുള്ളവരോട് ചെയ്യാത്തതും നിങ്ങളോട് ചെ യ്യും. ദൈവഹിതം നടക്കാൻ അനുവദിക്കുക.

## ഒക്ടോബർ 26

# ആരാണ് സുവിശേഷകൻ?

**'പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു'**

**(യോഹന്നാൻ 20:21).**

ദൈവം യേശുവിനെ അയച്ചതു പോലെ, യേശു അയയ്ക്കുന്ന ഒരാളാണ് സുവിശേഷകൻ. കാര്യങ്ങളെ നിയന്ത്രിക്കുന്ന വലിയ ഘടകം ആളുകളുടെ ആവശ്യമല്ല യേശുവിന്റെ ആജ്ഞയാണ്. ദൈവവേലയ്ക്കായുള്ള നമ്മുടെ പ്രചോദനത്തിന്റെ ഉറവിടം നമ്മുടെ മുമ്പിലല്ല, പിമ്പിലാണ്. പ്രചോദനത്തെ മുന്നിൽ വെക്കാനും നമ്മുടെ വിജയസങ്കല്പത്തിന് അനുരൂപമായ സർവ്വതും തൂത്ത് വാരിയെടുത്ത് കൊണ്ടുവരാനുമാണ് ഇന്നത്തെ പ്രവണത. പുതിയ നിയമത്തിൽ ഈ പ്രചോദനം നമ്മെ യേശുക്രിസ്തുവിന്റെ പിന്നിൽ നിർത്തുന്നു. ലക്ഷ്യം അവനോട് വിശ്വസ്തനായിരിക്കുക, അവന്റെ പദ്ധതികൾ നടപ്പാക്കുക എന്നതത്രെ.

യേശുകർത്താവിനോടും അവന്റെ കാഴ്ചപ്പാടുകളോടുമുള്ള ഹൃദയബന്ധം നാം ഒരിക്കലും അവഗണിക്കരുത്. യേശുക്രിസ്തുവിനാൽ അയക്കപ്പെട്ടതിന്റെ അർത്ഥത്തെ മായിച്ച് കളയും വിധം മനുഷ്യാവശ്യങ്ങളോടുള്ള സഹതാപം ഉയർന്ന് ദൈവവിളിയുടെ സ്ഥാനം ആ ആവശ്യങ്ങൾ പിടിച്ചെടുക്കും എന്നതാണ് ഒരു സുവിശേഷസംരംഭത്തിലെ വലിയ ആപത്ത്. മനസ്സിന്റെ എല്ലാ ശക്തിയും ഇടറുകയും തോല്ക്കുകയും ചെയ്യും വിധം ആവശ്യങ്ങൾ വലുതും അവസ്ഥകൾ മോശവുമായിരിക്കും. സർവ്വസുവിശേഷപ്രവർത്തനത്തിന്റെയും കാരണം ആളുകളെ ഉയർത്തലോ പഠിപ്പിക്കലോ അവരുടെ ആവശ്യങ്ങളോ അല്ല, പിന്നെയോ ആദ്യമായും അവസാനമായും ''ഞാൻ നിങ്ങളോട് കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ.' എന്ന യേശുവിന്റെ ആജ്ഞയാണെന്ന് നാം മറന്നു പോകുന്നു

ദൈവപുരുഷന്മാരുടെയും സ്ത്രീകളുടെയും ജീവിതത്തിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ ഇപ്രകാരം പറയാനൊരു പ്രവണത നമുക്കുണ്ട്:– 'എത്ര അത്ഭുതകരവും സൂക്ഷ്മവുമായിരുന്നു അവരുടെ ബുദ്ധി! ദൈവം ആഗ്രഹിച്ചതെന്തെന്ന് അവർ എത്ര നന്നായി മനസ്സിലാക്കി!' ആ സൂക്ഷ്മ ബുദ്ധിയുടെ പിന്നിൽ യാതൊരു മനുഷ്യജ്ഞാനവുമില്ല. അവിടെ ദൈവമനസ്സാണുള്ളത്. ദൈവത്തിന്റെ ബുദ്ധിയെയും അവന്റെ അലൗകിക സംവിധാനത്തെയും വിശ്വസിക്കാൻ മാത്രം 'വിഡ്ഢികളായ' കൊച്ചുകുട്ടികളെപ്പോലെയുള്ളവരിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവികമാർഗ്ഗനിർദ്ദേശത്തെ ബഹുമാനിക്കേണ്ടപ്പോൾ നാം മനുഷ്യബുദ്ധിയെ ബഹുമാനിക്കുന്നു.

## ഒക്ടോബർ 27

# സുവിശേഷകരുടെ മാർഗ്ഗങ്ങൾ

**'സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' (മത്തായി 28:19).**

'സകല ജാതികളെയും (രാജ്യങ്ങളെയും) ശിഷ്യരാക്കിക്കൊൾവിൻ' എന്നാണ് യേശുപറഞ്ഞത് 'പോയി ആത്മാക്കളെ രക്ഷിക്ക' എന്ന് യേശു പറഞ്ഞില്ല (ആത്മാക്കളെ രക്ഷിക്കുന്നത് ദൈവത്തിന്റെ അലൗകിക പ്രവൃത്തിയത്രേ.) എന്നാൽ നിങ്ങൾ ഒരു ശിഷ്യനാകാതെ ആരെയും ശിഷ്യന്മാരാക്കാൻ കഴിയുകയില്ല. ആദ്യദൗത്യത്തിന് ശേഷം മടങ്ങിവന്നപ്പോൾ ശിഷ്യന്മാർ സന്തോഷഭരിതരായിരുന്നു; കാരണം ഭൂതങ്ങൾ അവർക്ക് കീഴിലായിരുന്നു. എന്നാൽ യേശു അവരോട് ഇങ്ങനെ പറഞ്ഞു '...... ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ'. വിജയകരമായ ശുശ്രൂഷയിലല്ല തന്നോടുള്ള ശരിയായ ബന്ധത്തിലാണ് സന്തോഷത്തിന്റെ രഹസ്യം എന്നാണ് യേശു പറഞ്ഞിന്റെ സാരം. ഒരു സുവിശേഷകന് ഏറ്റവും അത്യാവശ്യം ദൈവവിളിയോട് വിശ്വസ്തനായിരിക്കുക എന്നതും തന്റെ ഒരേയൊരു ലക്ഷ്യം സ്ത്രീകളെയും പുരുഷന്മാരെയും യേശുവിന്റെ ശിഷ്യരാക്കുക എന്നതുമാണ്. നമ്മുടെ കാഴ്ചപ്പാടിലേക്ക് ആളുകളെ പരിവർത്തനം ചെയ്യണം എന്ന ആഗ്രഹത്തിൽ നിന്നുയരുന്ന, ഒരാവേശം നമ്മിലുണ്ട്; അതു പാടില്ല.

ചിലരിൽ ഉദാസീനതയുടെ വലിയൊരു തടസ്സമുണ്ടെന്നതോ വ്യതിചലിച്ച് പോയവരെ തിരിച്ച് പിടിക്കുക പ്രയാസമാണെന്നതോ, ആളുകളെ രക്ഷയിലേക്ക് കൊണ്ടുവരുന്നത് ബുദ്ധിമുട്ടാണെന്നതോ ഒന്നുമല്ല സുവിശേഷപ്രവർത്തകനുള്ള വെല്ലുവിളികൾ. യേശുകർത്താവിനോടുള്ള എന്റെ വ്യക്തിബന്ധം അത്യന്തം സുദൃഢമാണോ? ഞാൻ കർത്തൃനാമത്തിൽ ഇടപെടുന്ന ഓരോ വ്യക്തിയെയും രക്ഷിപ്പാനുള്ള മനസ്സും കഴിവും യേശുവിനുണ്ടെന്നു ഞാൻ തീർത്തും വിശ്വസിക്കുന്നുണ്ടോ? ഉയിർത്തെഴുന്നേറ്റ എന്റെ കർത്താവിനെ ഞാൻ അറിയുന്നുവോ? അവന്റെയുള്ളിലെ ആത്മാവിന്റെ ശക്തിയെ ഞാനറിയുന്നുവോ? യേശു പറഞ്ഞത് വിശ്വസിക്കാൻ, ലോകബുദ്ധിയനുസരിച്ച് വിഡ്ഢിയും, ദൈവീക ബുദ്ധിയനുസരിച്ച് വിവേകിയുമാണോ ഞാൻ? അതോ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അലൗകിക സ്ഥാനം കളഞ്ഞു കുളിക്കുകയാണോ ഞാൻ ചെയ്യുന്നത്? വാസ്തവത്തിൽ ഒരു സുവിശേഷകനുള്ള യഥാർത്ഥ ദൈവവിളി ഇത് മാത്രമാണ്. മറ്റേതെങ്കിലും മാർഗ്ഗം ഞാൻ പിന്തുടർന്നാൽ കർത്താവ് നിർദ്ദേശിച്ച മാർഗ്ഗങ്ങളിൽ നിന്ന് ഞാൻ മാറിപ്പോകുകയാണ്. 'സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു ആകയാൽ നിങ്ങൾ പുറപ്പെട്ട്.......... സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' (മത്തായി 28:18:19).

## ഒക്ടോബർ 28

# വിശ്വാസത്താലുള്ള നീതികരണം

**'ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും' (റോമർ 5:10).**

വിശ്വസിക്കുന്നതിനാൽ ഞാൻ രക്ഷിക്കപ്പെടുകയല്ല, വിശ്വസിക്കുന്നതിനാൽ ഞാൻ രക്ഷിക്കപ്പെടുന്നുവെന്ന് തിരിച്ചറിയുന്നു. പശ്ചാത്താപമല്ല എന്നെ രക്ഷിക്കുന്നത്. ക്രിസ്തുയേശുവിലൂടെ ദൈവം എന്താണ് ചെയ്തതെന്ന് ഞാൻ തിരിച്ചറിയുന്നതിന്റെ അടയാളമാണ് പശ്ചാത്താപം. കാരണത്തിന് പകരം ഫലത്തിന് പ്രാധാന്യം കൊടുക്കുന്നതാണ് അപകടം. എന്റെ അനുസരണമോ എന്റെ സമർപ്പണമോ എന്നെ ദൈവവുമായി നല്ല ബന്ധത്തിലാക്കുന്നുവെന്ന് ഞാൻ വിചാരിക്കുന്നു. ഒരിക്കലുമല്ല! ഇതിനെല്ലാം മുമ്പ് ക്രിസ്തു എനിക്കായി മരിച്ചു. ഞാൻ ദൈവത്തിലേക്ക് തിരിയുകയും വിശ്വാസത്താൽ ദൈവം വെളിപ്പെടുത്തുന്നത് സ്വീകരിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവിന്റെ കുരിശാലുള്ള അത്ഭുതകരമായ പാപമോചനം എന്നെ ദൈവവുമായി ശരിയായ ബന്ധത്തിൽ കൊണ്ടുവരുന്നു. അപ്പോൾ ദൈവകൃപയുടെ അലൗകിക അത്ഭുതത്താൽ ഞാൻ നീതീകരിക്കപ്പെട്ടവനായി നിലകൊള്ളുന്നു. എന്റെ പാപത്തെക്കുറിച്ച് എനിക്ക് ദുഃഖമുള്ളതുകൊണ്ടോ, ഞാൻ പശ്ചാത്തപിച്ചതു കൊണ്ടോ അല്ല, യേശു എനിക്ക് വേണ്ടി എന്താണോ ചെയ്തത് അതു കൊണ്ടാണ് ഞാൻ നീതീകരിക്കപ്പെടുന്നത്. അത്യുജ്ജ്വലമായ ഒരു പ്രകാശത്താൽ ദൈവാത്മാവാണ് ആ നീതീകരണം കൊണ്ടുവരുന്നത്; അതെങ്ങനെ നിവൃത്തിയാകുന്നുവെന്ന് ഞാനറിയുന്നില്ലെങ്കിലും ഞാൻ രക്ഷിക്കപ്പെടുന്നു.

ദൈവത്തിൽ നിന്ന് വരുന്ന രക്ഷ യേശുവിന്റെ ത്യാഗമരണത്തിലാണ്, മനുഷ്യയുക്തിയിലല്ല, അധിഷ്ഠിതമായിരിക്കുന്നത്. നമ്മുടെ കർത്താവിന്റെ പാപപരിഹാരത്തിലൂടെ മാത്രമേ നമുക്ക് വീണ്ടും ജനിക്കാൻ കഴിയൂ. പാപികളായ സ്ത്രീപുരുഷന്മാരെ പുതുസൃഷ്ടികളാക്കാം. അത് അവരുടെ പശ്ചാത്താപമോ വിശ്വാസമോ കൊണ്ടല്ല; ഈ അനുഭവങ്ങൾക്കെല്ലാം മുമ്പ് ക്രിസ്തുയേശുവിലൂടെ ദൈവം ചെയ്ത അത്ഭുതകരമായ പ്രവൃത്തിയാലാണ്. (2കൊരിന്ത്യർ 5:17–19കാണുക) നീതീകരണത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ആഴമേറിയ സുരക്ഷിതത്വം ദൈവം തന്നേയാണ്. നാം സ്വയം ഇതൊന്നും പ്രയത്നിച്ചുണ്ടാക്കേണ്ടതല്ല. ക്രിസ്തു ചെയ്ത പാപപരിഹാരത്താൽ അതെല്ലാം ചെയ്യപ്പെട്ടു. ദൈവം ചെയ്ത അത്ഭുതത്തിലൂടെ അലൗകികമായത് സ്വാഭാവികമായിത്തീരുകയും യേശുക്രിസ്തു അതിനോടകം ചെയ്തത് സഫലമാകുകയും ചെയ്യുന്നു. 'നിവൃത്തിയായി!' (യോഹന്നാൻ19:30).

## ഒക്ടോബർ 29

# പകരം വെക്കൽ

**'പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്ക് വേണ്ടി പാപം ആക്കി' 2 കൊരിന്ത്യർ 5:21.**

നമ്മുടെ പാപങ്ങളെക്കുറിച്ചുള്ള സഹതാപത്താൽ യേശു മരിച്ചുവെന്നതാണ് യേശുവിന്റെ മരണത്തെക്കുറിച്ചുള്ള ആധുനിക കാഴ്ചപ്പാട്. എന്നാൽ സഹതാപ ത്താലല്ല നമ്മോട് ഏകീഭവിച്ചിട്ട് താദാത്മ്യം പ്രാപിച്ചുകൊണ്ട് നമ്മുടെ പാപങ്ങൾ യേശു തന്റെമേൽ എടുത്ത് എന്നതാണ് പുതിയ നിയമവീക്ഷണം. യേശുവിന്റെ മരണത്താൽ നമ്മുടെ പാപങ്ങൾ നീക്കപ്പെട്ടിരിക്കുന്നു. അവന്റെ മരണത്തിനുള്ള ഒരേയൊരു വിശദീകരണം, നമ്മോടുള്ള സഹതാപമല്ല, തന്റെ പിതാവിനോടുള്ള അനുസരണയാണ്. നാം അനുസരിച്ചതു കൊണ്ടോ, നാമെന്തെങ്കിലും ഉപേക്ഷിക്കാ മെന്ന് വാഗ്ദാനം ചെയ്തതുകൊണ്ടോ അല്ല യേശുമരിച്ചതു കൊണ്ട് മാത്രമാണത്. മറ്റൊരു കാരണം കൊണ്ടുമല്ല ദൈവത്തിന്റെ പിതൃത്വവും സ്നേഹകാരുണ്യവും വെളിപ്പെടുത്താൻ യേശുക്രിസ്തു വന്നെന്നു നാം പറയുന്നു. 'ലോകത്തിന്റെ പാപം ചുമക്കാൻ' യേശു വന്നു എന്നാണ് പുതിയ  നിയമം പറയുന്നത്. രക്ഷകനെന്ന നിലയിൽ യേശുവിനെ പരിചയപ്പെട്ടിട്ടുള്ളവർക്കാണ് ദൈവം എന്ന പിതാവിനെ വെളിപ്പെടുത്തിക്കൊടുക്കുന്നത്. പിതാവിനെ വെളിപ്പെടുത്തുന്ന ഒരാളായി മാത്രം യേശുക്രിസ്തു ഒരിക്കലും തന്നെക്കുറിച്ച് പറഞ്ഞിട്ടില്ല. താൻ അതിനൊരു തടസ്സ മാണെന്നാണ് യേശു പറഞ്ഞത്. യോഹന്നാൻ 15:23–26 കാണുക. യോഹന്നാൻ 14:9–ൽ അവൻ തന്റെ ശിഷ്യന്മാരോടും ഇക്കാര്യം പറയുന്നുണ്ട്.

ക്രിസ്തു എനിക്ക് വേണ്ടി മരിച്ചുവെന്നും അതുകൊണ്ട് ഞാൻ ശിക്ഷയിൽ നിന്ന് സ്വതന്ത്രനായി എന്നും പുതിയനിയമം പഠിപ്പിക്കുന്നില്ല. ഒരുവൻ എല്ലാവർക്കും വേണ്ടി മരിച്ചിരിക്കുന്നു (എന്റെ മരണം അവൻ മരിച്ചു എന്നല്ല) എന്നാണ് പുതിയ നിയമം പഠിപ്പിക്കുന്നത്. യേശുവിന്റെ മരണവുമായുള്ള താദാത്മ്യത്തിലൂടെ ഞാൻ പാപത്തിൽ നിന്ന് മോചിതനാകുകയും അവന്റെ നീതി ഒരു ദാനമായി എനിക്ക് കി ട്ടുകയും ചെയ്യുന്നു. പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന പകരം വെക്കൽ രണ്ട് തലത്തിലാണ്. 'പാപം അറിയാത്തവനെ നമുക്ക് വേണ്ടി പാപം ആക്കി; നാം അവ നിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അങ്ങനെ ചെയ്തു.' ക്രിസ്തു എന്നിൽ ഉരു വാകേണ്ടതിന് (ഗലാത്യർ 4:19) ദൃഢനിശ്ചയം ചെയ്യാതെ എനിക്ക് ക്രിസ്തുവിനെ ലഭിക്കുകയില്ല.

## ഒക്ടോബർ 30

# വിശ്വാസം

**'വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല'**
**(എബ്രായർ 11:6).**

സാമാന്യബുദ്ധിക്ക് വിപരീതമായ വിശ്വാസം അതിര് കവിഞ്ഞ ആവേശവും, വിശ്വാസത്തിന് വിപരീതമായ സാമാന്യബുദ്ധി, വഴിവിട്ട യുക്തിവാദവുമാണ്. വിശ്വാസജീവിതം ഈ രണ്ട് കാര്യങ്ങളെയും ശരിയായ ഒരു ബന്ധത്തിൽ കൊണ്ടു വരുന്നു. നൈമിഷിക വികാരത്തള്ളൽ പ്രചോദനത്തിൽ നിന്നും, ഈ ലോകജീവിതം ആത്മീയജീവിതത്തിൽ നിന്നും വ്യത്യസ്തമായിരിക്കുന്നതു പോലെ സാമാന്യബുദ്ധിയും വിശ്വാസവും വ്യത്യസ്തമാണ്. യേശുക്രിസ്തു പറഞ്ഞതൊന്നും ഒരിക്കലും സാമാന്യബുദ്ധിയായിരുന്നില്ല. അതെല്ലാം സാമാന്യബുദ്ധി പരാജയപ്പെടുന്നിടത്തെ വെളിപ്പാടിന്റെ ബുദ്ധിയായിരുന്നു. വിശ്വാസം നിങ്ങളുടെ ജീവിതത്തിൽ യഥാർത്ഥമാകും മുമ്പ് അത് പരീക്ഷിക്കപ്പെടണം 'എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ. സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു.' അതുകൊണ്ട് എന്ത് തന്നേ സംഭവിച്ചാലും ദൈവിക കരുതലിന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തി വിശ്വാസത്തെ യാഥാർത്ഥ്യമാക്കുന്നു. വിശ്വാസം യഥാർത്ഥമായി കാണണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

നമ്മുടെ ജീവിതത്തിലെ സാമാന്യ ബുദ്ധിയുടെ ഓരോ വിശദാംശത്തിലും ദൈവം വെളിപ്പെടുത്തുന്ന ഒരു സത്യമുണ്ട്. ഈ വിശദാംശത്താൽ ദൈവം എന്താണെന്ന് ഞാൻ വിശ്വസിക്കുന്നുവോ? അതു നമ്മുടെ പ്രായോഗികജീവിതത്തിൽ നമുക്ക് തെളിയിക്കാം. യേശുക്രിസ്തുവിനു ഒന്നാംസ്ഥാനം കൊടുക്കുന്ന വളരെ സജീവമായൊരു തത്ത്വമാണ് വിശ്വാസം. ''കർത്താവേ അവിടുന്ന് പറഞ്ഞിരിക്കുന്നത് യുക്തിരഹിതമായി എനിക്ക് തോന്നുന്നുവെങ്കിലും അവിടുത്തെ വചനത്തിൽ വിശ്വസിച്ച് കൊണ്ട് ഞാൻ ഇറങ്ങിത്തിരിക്കുകയാണ്''. ഉദാഹരണത്തിന്, മത്തായി 6:33 കാണുക. ബുദ്ധിപരമായ വിശ്വാസത്തെ സ്വന്തമാക്കുന്നത് വല്ലപ്പോഴുമല്ല, എപ്പോഴും ഒരു പോരാട്ടമാണ്. നമ്മുടെ വിശ്വാസത്തെ പരിശീലിപ്പിക്കുന്ന പോരാട്ടമാണ്. നമ്മുടെ വിശ്വാസത്തെ പരിശീലിപ്പിക്കുന്ന പരിത:സ്ഥിതികളിലേക്കു ദൈവം നമ്മെ കൊണ്ടുവരുന്നു. കാരണം വിശ്വാസത്തിന്റെ പ്രകൃതം വിശ്വാസപാത്രത്തെ യാഥാർത്ഥ്യമാക്കുക എന്നതാണ്. യേശുവിനെ അറിയുന്നത് വരെ, ദൈവം നമുക്ക് വെറുമൊരു ആശയം മാത്രമാകുകയും നമുക്ക് ദൈവത്തിൽ വിശ്വസിക്കാൻ സാധിക്കാതെ വരുകയും ചെയ്യുന്നു. എന്നാൽ യേശു പറയുന്നത് കേട്ടു കഴിഞ്ഞാൽ പിന്നെ നമുക്ക് യഥാർത്ഥമായ എന്തോ ഒന്നുണ്ട്; നമ്മുടെ വിശ്വാസം പരിധിയില്ലാത്തതാകുന്നു. ഒരു വ്യക്തി ആകമാനം യേശുക്രിസ്തുവിന്റെ ആത്മാവിന്റെ ശക്തിയിലൂടെ ദൈവവുമായി ശരിയായി ബന്ധപ്പെടുന്നതാണ് വിശ്വാസം.

## ഒക്ടോബർ 31

# വിശ്വാസവിവേചനം

**'നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ...........' (മത്തായി 17:20).**

നമ്മുടെ വിശ്വാസത്തിന് ദൈവം നമുക്ക് പ്രതിഫലം തരുന്നു എന്നൊരാശയം നമുക്കുണ്ട്. ആദ്യഘട്ടങ്ങളിൽ അതങ്ങനെയാകാം എന്നാൽ വിശ്വാസം നമ്മെ ദൈവവുമായി ശരിയായ ബന്ധത്തിൽ കൊണ്ടുവരുകയും, ദൈവത്തിന് അവസരം കൊടുക്കുകയും ചെയ്യുന്നു. എന്നാൽ ദൈവവുമായി സമ്പർക്കത്തിൽ വരാൻ, ദൈവത്തിന് നിങ്ങളുടെ അനുഭവങ്ങളിൽ തകരാറ് വരുത്തേണ്ടതുണ്ട്. ദൈവത്തിന്റെ അനുഗ്രഹങ്ങളെ വൈകാരികമായി ആസ്വദിക്കുന്നതല്ല ജീവിതം, അത് വിശ്വാസത്തിന്റേതാണ്, എന്ന് നിങ്ങൾ മനസ്സിലാക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ വിശ്വാസജീവിതത്തിന്റെ തുടക്കം സങ്കുചിതവും തീക്ഷ്ണവുമായിരുന്നു. അത് വിശ്വാസത്തോളം തന്നെ വികാരം നിറഞ്ഞതും കുറച്ച് അനുഭവത്തെ കേന്ദ്രീകരിച്ചതുമായിരുന്നു; അത് നിറയെ പ്രകാശവും മധുരവുമായിരുന്നു. അപ്പോൾ ദൈവം നിങ്ങളെ 'വിശ്വാസത്താൽ നടക്കാൻ' (2കൊരിന്ത്യർ 5:7) പഠിപ്പിക്കേണ്ടതിന് തന്റെ പ്രകടമായ അനുഗ്രഹങ്ങൾ പിൻവലിച്ചു. ബോധപൂർവ്വമുള്ള ആനന്ദത്തിന്റെയും ആവേശകരമായ സാക്ഷ്യത്തിന്റെയും ദിവസങ്ങളിലെ നിങ്ങളേക്കാൾ ഇപ്പോൾ ദൈവത്തിന് നിങ്ങൾ കൂടുതൽ യോഗ്യതയുള്ള ആളായിത്തീർന്നിരിക്കുന്നു.

വിശ്വാസം സ്വപ്രകൃതത്താൽത്തന്നേ പരീക്ഷിക്കപ്പെടേണ്ടതാണ്. വിശ്വാസത്തിന്റെ യഥാർത്ഥ പരീക്ഷ ദൈവത്തെ വിശ്വസിക്കാൻ പ്രയാസമായി നമുക്ക് തോന്നുന്നു എന്നതല്ല, ദൈവസ്വഭാവം നമ്മുടെ മനസ്സുകളിൽ വിശ്വാസയോഗ്യമായ തെളിയേണ്ടതുണ്ട് എന്നതാണ്. യഥാർത്ഥ വിശ്വാസിക്കു നിരന്തരമായ ഒറ്റപ്പെടലിന്റെ അനുഭവങ്ങളിലൂടെ പലകാലങ്ങളിലും കടന്നു പോകണം. സാധാരണ അച്ചടക്കവുമായി വിശ്വാസ പരീക്ഷണത്തെ കൂട്ടിക്കുഴയ്ക്കരുത്. വേദപുസ്തകം പഠിപ്പിക്കുന്നതനുസരിച്ചുള്ള വിശ്വാസം., ദൈവത്തെ എതിർക്കുന്ന സർവ്വതിനും എതിരെ നാം നില്ക്കുന്നതാണ്– ദൈവം എന്ത് തന്നെ ചെയ്താലും ഞാൻ ദൈവസ്വഭാവത്തോട് സത്യമുള്ളവനായിരിക്കും എന്ന് പറയുന്നു വിശ്വാസം. വേദപുസ്തകത്തിലെ ഏറ്റവും ഉന്നതവും മഹത്തായതുമായ വിശ്വാസാവിഷ്കാരം ഇതത്രേ: 'അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നേ കാത്തിരിക്കും' (ഇയ്യോബ്13:15).

## നവംബർ 1



# നിങ്ങൾ നിങ്ങളുടേതല്ല

**''ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുന്നതിനാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?'' 1 കൊരിന്ത്യർ 6:19.**

യേശുക്രിസ്തു കഷ്ടാനുഭവങ്ങളിൽ കൂട്ടാളിയായിട്ടുള്ള ഒരു സ്ത്രീയ്ക്കോ പുരുഷനോ ഈ ലോകത്തിൽ ഒരു സ്വകാര്യ ജീവിതം ഇല്ല. ദൈവം, തന്റെ വിശുദ്ധരുടെ രഹസ്യജീവിതത്തെ ഇല്ലാതാക്കുകയും, അത് ലോകത്തിനും തനിക്കും സഞ്ചരിക്കുവാനുള്ള പെരുവഴിയാക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവുമായി ഏകീഭവിക്കാത്ത ആർക്കും ഇത് താങ്ങാനാകുകയില്ല. നാം വിശുദ്ധീകരിക്കപ്പെടുന്നത് നമുക്കായിട്ടല്ല. സുവിശേഷവുമായുള്ള കൂട്ടായ്മയിലേക്ക് നാം വിളിക്കപ്പെട്ടിരിക്കുന്നു. നമ്മളുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങൾ സംഭവിക്കുന്നത് പോലെ നമുക്ക് തോന്നുന്നു. എന്നാൽ ദൈവം നമ്മെ അവനുമായി കൂട്ടായ്മയിലാക്കുകയാണ്. ദൈവഹിതം നടക്കാൻ അനുവദിക്കുക. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തിൽ നിങ്ങളെക്കൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുകയില്ല. എന്നു മാത്രമല്ല അവിടെ നിങ്ങൾ വല്ലാത്തൊരു തടസ്സവും ദുർഘടവുമായിത്തീരുകയും ചെയ്യും.

ദൈവം ആദ്യമായി ചെയ്യുന്നത് നമ്മെ പരുക്കൻ യാഥാർത്ഥ്യത്തിന്മേൽ ഉറപ്പിക്കുക എന്നതാണ്. ''വ്യക്തിപരമായി എനിക്കെന്തു സംഭവിച്ചാലും സാരമില്ല, കർത്താവിന്റെ വീണ്ടെടുപ്പിന്റെ പ്രവർത്തനത്തിനായി എന്റെ ജീവിതം ഞാൻ കർത്താവിനു വിട്ടുകൊടുത്തിരിക്കുന്നു''. ഈ നിലപാടിൽ എത്തുമ്പോഴാണ് നാം ഉറച്ച അടിസ്ഥാനത്തിന്മേൽ ആകുന്നത്. എന്തുകൊണ്ട് ഈ ഹൃദയത്തകർച്ചയിലൂടെ നമുക്ക് കടന്നുകൂടാ? ഈ വാതിലിലൂടെ ദൈവം നമുക്ക് തന്റെ പുത്രനുമായുള്ള കൂട്ടായ്മയ്ക്ക് വഴി തുറക്കുകയാണ്. വേദനയുടെ ആദ്യത്തെ പിടിയിൽത്തന്നേ നമ്മിലൊട്ടു മിക്കപേരും തകർന്ന് വീഴുന്നു. നാം ദൈവോദ്ദേശ്യത്തിന്റെ ചവിട്ടുപടിയിലിരിക്കുകയും, ആത്മാനുകമ്പകൊണ്ട് 'ചത്തു'പോകുകയും ചെയ്യുന്നു. മറ്റുള്ളവരുടെ, 'ക്രിസ്തീയ സഹതാപം' എന്ന് വിളിക്കപ്പെടുന്ന ആ വികാരം നമ്മെ നിർജീവരാക്കും. എന്നാൽ ദൈവം അത് ചെയ്യുകയില്ല. തന്റെ പുത്രന്റെ ആണിപ്പഴുതുള്ള കൈകളുമായി ഇങ്ങനെ പറയാനെന്നവണ്ണം ദൈവം വരുന്നു. ''എന്നോടൊപ്പം കൂട്ടായ്മയിൽ പ്രവേശിക്ക, എഴുന്നേറ്റ് പ്രകാശിക്കുക''. ഒരു നുറുങ്ങിയ ഹൃദയത്തിലൂടെ ദൈവത്തിന് തന്റെ ജോലി ഈ ലോകത്തിൽ നിർവ്വഹിക്കാമെങ്കിൽ, നിങ്ങളുടെ ഹൃദയം തകർക്കുന്നതിന് എന്തുകൊണ്ട് നന്ദി പറഞ്ഞുകൂടാ?

## നവംബർ 2

# അനുസരണമോ സ്വാതന്ത്ര്യമോ?

**''നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും''. യോഹന്നാൻ 14:15.**

നമ്മുടെ കർത്താവ് ഒരിക്കലും നാം അവനെ അനുസരിക്കണം എന്ന് ശഠിക്കുന്നില്ല. നാം എന്താണ് ചെയ്യേണ്ടതെന്ന് അവൻ ഊന്നിപ്പറയുന്നു; എന്നാൽ അത് ചെയ്യാൻ ഒരിക്കലും നമ്മിൽ സമ്മർദ്ദം ചെലുത്തുന്നില്ല. യേശുവുമായുള്ള ഏകത്വഭാവത്തിൽ നിന്ന് വേണം നാം അവനെ അനുസരിക്കേണ്ടത്. അതുകൊണ്ടാണ് ശിഷ്യത്വത്തെക്കുറിച്ച് സംസാരിച്ചപ്പോഴെല്ലാം നമ്മുടെ കർത്താവ് അതിന് മുമ്പായി ''എങ്കിൽ'' എന്ന് കൂട്ടിച്ചേർത്തിരിക്കുന്നത്. ''എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിക്കുന്നു 'എങ്കിൽ' അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ''. മറ്റൊരു തരത്തിൽ പറഞ്ഞാൽ, എന്റെ ശിഷ്യനാകാൻ ഒരുത്തൻ അവന്റെ മേലുള്ള സ്വന്തം അവകാശം എനിക്ക് വിട്ടു തരട്ടെ. നിത്യതയിലെ സ്ഥാനങ്ങളെക്കുറിച്ചല്ല നമ്മുടെ കർത്താവ് ഇവിടെ സംസാരിക്കുന്നത്; ഇവിടെ ഇപ്പോൾ നാം അവന് പ്രയോജനമുള്ളവരാകുന്നതിനെക്കുറിച്ചാണ്. അതുകൊണ്ടാണ് അവന്റെ സ്വരം അത്ര കർക്കശമാകുന്നത്. ലൂക്കോസ് 14:26 കാണുക. ഈ വാക്കുകൾ പറഞ്ഞതാരാണോ അവനിൽ നിന്ന് വേർപെടുത്തി ഇവയുടെ അർത്ഥം കണ്ടുപിടിക്കാൻ ശ്രമിക്കരുത്.

കർത്താവ് എനിക്ക് നിയമങ്ങൾ തരുന്നില്ല. എന്നാൽ തന്റെ നിലപാടുകൾ അവൻ എനിക്ക് വ്യക്തമാക്കിത്തരുന്നു. അവനോട് എനിക്കുള്ളത് സ്നേഹബന്ധമാണെങ്കിൽ, അവൻ പറയുന്നത് ഞാൻ മടികൂടാതെ അനുസരിക്കും. അനുസരിക്കാൻ മടിക്കുന്നുവെങ്കിൽ അവനുമായി മത്സരത്തിലായ ഒരുവനെ അതായത് എന്നെത്തന്നെ, ഞാൻ സ്നേഹിക്കുന്നു. തന്നെ അനുസരിക്കാൻ യേശു എന്നെ സഹായിക്കുകയില്ല. എന്നാൽ ഞാൻ അവനെ അനുസരിക്കണം. അപ്രകാരം ഞാൻ ചെയ്യുമ്പോൾ എന്റെ ഭാഗധേയം ഞാൻ പൂർത്തീകരിക്കുന്നു. ഒട്ടും ശ്രദ്ധാർഹമല്ലാത്ത നിസ്സാര സംഭവങ്ങൾ തിങ്ങിനിറഞ്ഞതായിരിക്കും എന്റെ വ്യക്തിപരമായ ജീവിതം. എന്നാൽ ഈ അടുക്കും ചിട്ടയുമില്ലാത്ത സംഭവങ്ങളിലൂടെ ഞാൻ യേശുവിനെ അനുസരിക്കുകയാണെങ്കിൽ, അവ ദൈവത്തിന്റെ മുഖം ഞാൻ കാണുന്ന ചെറു സുഷിരങ്ങളായിത്തീരും. ദൈവത്തെ മുഖാമുഖം കാണുമ്പോൾ, എന്റെ അനുസരണത്തിലൂടെ ആയിരങ്ങൾ അനുഗ്രഹിക്കപ്പെട്ടു എന്ന് ഞാൻ കാണും. ദൈവത്തിന്റെ വീണ്ടെടുപ്പ് ഒരു മനുഷ്യാത്മാവിനെ അനുസരണത്തോളം കൊണ്ടുവന്നാൽ, ആ അനുസരണം സദാ നന്മ പ്രവർത്തിച്ചുകൊണ്ടിരിക്കും. ഞാൻ യേശുക്രിസ്തുവിനെ അനുസരിക്കുകയാണെങ്കിൽ, വീണ്ടെടുപ്പ് എന്നിലൂടെ മറ്റനേകം ജീവിതങ്ങളിലേക്ക് ശക്തിയോടെ ചെന്നെത്തും. കാരണം അനുസരണം എന്ന പ്രവൃത്തിയുടെ പിന്നിൽ സർവ്വശക്തനായ ദൈവം എന്ന യാഥാർത്ഥ്യമുണ്ട്.

## നവംബർ 3

# യേശുവിന്റെ അടിമ

**''ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു''. ഗലാത്യർ 2:20.**

എന്റെ കൈകളാൽത്തന്നേ എന്റെ സ്വാതന്ത്ര്യത്തെ തകർത്ത് നിലംപതിപ്പിക്കുന്നതും കർത്താവായ യേശുവിന്റെ പരമാധികാരത്തിന് മുമ്പിൽ എന്റെ ജീവിതം സമർപ്പിക്കുന്നതുമാണ് ഈ വാക്യം കൊണ്ട് അർത്ഥമാക്കുന്നത്. ഇത് എനിക്കായി ചെയ്യാൻ മറ്റാർക്കും സാധിക്കുകയില്ല, ഞാൻ തന്നേ ഇത് ചെയ്യണം. ഒരു വർഷം മുന്നൂറ്റിയറുപത്തിയഞ്ച് പ്രാവശ്യം ദൈവം എന്നെ ഇതിന്റെ വക്കിൽ വരെ കൊണ്ടെത്തിച്ചേക്കാം. എന്നാൽ എന്നെ അതിലൂടെ കടത്തിവിടാൻ ദൈവത്തിന് കഴിയുകയില്ല. ദൈവത്തിൽ നിന്ന് വേറിട്ട് നില്ക്കുന്ന എന്റെ സ്വാതന്ത്ര്യത്തിന്റെ കട്ടിയുള്ള പുറംചട്ട തകർത്ത് എന്റെ ഉള്ളിലെ എന്നെ മോചിപ്പിച്ച് ദൈവവുമായി ഒന്നാക്കുക എന്നാണ് ഇതിനർത്ഥം. ഇത്, എന്റെ സ്വന്തം ആശയങ്ങളെ പിന്തുടർന്നിട്ടല്ല, പിന്നെയോ യേശുവിനോടുള്ള പരിപൂർണ്ണവിശ്വസ്തതയാലാണ് ചെയ്യേണ്ടത്. ഇവിടംവരെ ഞാനെത്തിക്കഴിഞ്ഞാൽ പിന്നെ തർക്കമോ തെറ്റിദ്ധാരണയോ ഇല്ല. ''എന്റെ നിമിത്തം'' (മത്തായി 5:11) ''എനിക്കായി'' എന്ന് യേശു പറഞ്ഞതിന്റെ അർത്ഥമോ, അവനോടുള്ള വിശ്വസ്തതയോ, എന്താണെന്ന് നമ്മിൽ വളരെ കുറച്ച് പേർക്കേ അറിയൂ.

ഞാൻ സത്യമായി തകർക്കപ്പെട്ടോ? ഈ തകർച്ചയാണ് ഏതു കഠിനചിത്തനെയും വിശുദ്ധനാക്കുന്നത്. ഇല്ലെങ്കിൽ ബാക്കിയെല്ലാം ഒരു ആദ്ധ്യാത്മിക വഞ്ചനയാണ്. ഞാൻ എന്റെ സ്വാതന്ത്ര്യം ഉപേക്ഷിക്കുമോ? എങ്ങനെ അത് തകർക്കും എന്നതിനെക്കുറിച്ച് ഉപാധികളൊന്നുമില്ലാതെ ഞാൻ യേശുവിന് കീഴടങ്ങുമോ? ഇതാണ് തീരുമാനിക്കാനുള്ള കാര്യം. എന്നെക്കുറിച്ചുള്ള എന്റെ സ്വന്തം ധാരണ തകരണം. അവിടെ ഞാനെത്തുമ്പോൾ യേശുക്രിസ്തുവുമായുള്ള അലൗകികമായ ഏകത്വഭാവത്തിന്റെ യാഥാർത്ഥ്യം ബോധ്യമാകുകയും ചെയ്യും. ആത്മാവിന്റെ സാക്ഷ്യം തെറ്റുപറ്റാത്തതാണ്. ''ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു''.

ദൈവവിളി കേൾക്കുന്ന ഒരേ ഒരു വിദ്യാർത്ഥി മതി ഒരു ബൈബിൾ കോളേജ് നിലവിൽ വരാൻ. ഒരു സംഘടന എന്ന നിലയിലോ അക്കാദമിക് തലത്തിലോ അല്ല ഇങ്ങനെയൊരു സ്ഥാപനത്തിന്റെ മൂല്യം. ഇതിന്റെ നിലനില്പ് അനേക ജീവിതങ്ങളെ സഹായിക്കാൻ ദൈവത്തിനു വേണ്ടിയാണ്. നമുക്കായി, മറ്റ് ജീവിതങ്ങൾക്കായി തന്നെത്തന്നേ സഹായിക്കാൻ നാം ദൈവത്തെ അനുവദിക്കുമോ? അതോ നാം എന്താകാൻ പോകുന്നു എന്നതിനെക്കുറിച്ചുള്ള നമ്മുടെ സ്വന്തം ആശയങ്ങളിലാണോ നമുക്ക് താല്പര്യം?

## നവംബർ 4

# യാഥാർത്ഥ്യത്തിന്റെ അധികാരം

**''ദൈവത്തോട് അടുത്ത് ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്ത് വരും'' (യാക്കോബ് 4:8).**

ദൈവത്തിന്റെ സത്യത്തിന്മേൽ പ്രവർത്തിക്കാൻ ആളുകൾക്ക് ഒരവസരം നല്കേണ്ടത് അത്യാവശ്യമാണ്. ആ ഉത്തരവാദിത്വം ആളുകൾക്ക് വിട്ടുകൊടുക്കണം. ഒരു വ്യക്തിക്കുവേണ്ടി പ്രവർത്തിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല; അത് അയാളുടെ സ്വന്തം പ്രവൃത്തിയായിരിക്കണം. എന്നാൽ സുവിശേഷ സന്ദേശം അയാളെ എപ്പോഴും പ്രവൃത്തിയിലേക്ക് നയിക്കണം. പ്രവർത്തിക്കാനുള്ള വിസമ്മതം ഒരാളെ തളർത്തിക്കളയുന്നു. അയാൾ എവിടെയായിരുന്നുവോ അവിടെത്തന്നേ നിർത്തുകയും ചെയ്യുന്നു. എന്നാൽ ഒരിക്കൽ അയാൾ പ്രവർത്തിച്ചാൽ പിന്നെ അയാൾ പഴയതുപോലെയല്ല. ദൈവികസത്യത്തിന് ചേരാത്ത വിഡ്ഢിത്ത സ്വഭാവമാണ് ദൈവാത്മാവിനാൽ കുറ്റവിമുക്തരാക്കപ്പെട്ട അനേകരുടെയും വഴിയിൽ തടസ്സമായി നില്ക്കുന്നത്. എന്നാൽ ഒരിക്കൽ ഞാൻ പ്രവൃത്തിയിലേക്ക് ഇറങ്ങിത്തിരിച്ചാൽ, ഉടനടി ഞാൻ ജീവിച്ച് തുടങ്ങുന്നു. പൂർണ്ണമനസ്സോടെ ഞാൻ പ്രവർത്തിക്കുന്ന നിമിഷങ്ങളാണ് ഞാൻ യഥാർത്ഥത്തിൽ ജീവിക്കുന്ന നിമിഷങ്ങൾ.

ഒരു ദൈവികസത്യം നിങ്ങളുടെ ആത്മാവിലേക്ക് കൊണ്ടുവന്നു കഴിഞ്ഞാൽ, നിങ്ങളുടെ ഭൗതിക ജീവിതത്തിൽ ബാഹ്യമായിട്ടല്ല, നിങ്ങളുടെ ഇച്ഛയിൽ, ആന്തരികമായി, അതിന്മേൽ പ്രവർത്തിക്കാതെ കടന്നുപോകരുത്. മഷിയിലും രക്തത്തിലും അതിനെ രേഖപ്പെടുത്തുക. അത് നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിപ്പിക്കുക. യേശുക്രിസ്തുവുമായി ഇടപെടുന്ന ഏറ്റവും ദുർബലനായ വിശുദ്ധൻ, അയാൾ പ്രവർത്തിച്ച് തുടങ്ങുന്ന നിമിഷം മോചിതനാകുന്നു. ദൈവത്തിന്റെ സർവ്വശക്തി അയാൾക്കു ലഭിക്കും. ദൈവസത്യത്തിലേക്ക് നാം വരുകയും, നമുക്ക് തെറ്റ് പറ്റിയെന്ന് സമ്മതിക്കുകയും പിന്നെ പിന്തിരിഞ്ഞു പോകുകയും ചെയ്യുന്നു. അങ്ങനെ പിൻവാങ്ങേണ്ട കാര്യമില്ലെന്ന് മനസ്സിലാക്കുംവരെ നാം വരികയും പിൻവാങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നു. നമ്മുടെ രക്ഷിതാവായ കർത്താവിൽ നിന്ന് അങ്ങനെയൊരു സത്യവാക്ക് നമ്മെ നേരിടുമ്പോൾ കർത്താവുമായി കാര്യം നടത്താൻ നാം നേരിട്ട് മുന്നോട്ട് നീങ്ങണം ....... ''എന്റെ അടുക്കൽ വരുവിൻ''. യേശുവിന്റെ 'വരിക' എന്ന വാക്കിനർത്ഥം 'പ്രവർത്തിക്കുക' എന്നത്രേ. അതാണ് നാം നീട്ടിനീട്ടി വെക്കുന്നത്. എന്നാൽ വരുന്നവരെല്ലാം ആ നിമിഷം തന്നേ ദൈവജീവിതത്തിന്റെ അലൗകിക ശക്തി തങ്ങളെ കീഴടക്കുന്നു എന്നറിയുന്നു. നിങ്ങളുടെ പ്രവൃത്തി ദൈവത്തോട് ചേർന്നതിനാലും അവന്റെ രക്ഷാകരമായ ശക്തി നിങ്ങളിലേയ്ക്ക് പകർന്നതിനാലും ലോകത്തിന്റെ, ജഡത്തിന്റെ, പിശാചിന്റെ അടക്കിഭരിക്കുന്ന ശക്തി അപ്പോൾ തളർത്തപ്പെടുന്നു.

## നവംബർ 5

# അവന്റെ കഷ്ടതകളിൽ പങ്കാളികൾ

**''ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ച് കൊൾവിൻ'' (1 പത്രോസ് 4:13).**

ദൈവം നിങ്ങളെ ഉപയോഗിക്കാൻ പോകുകയാണെങ്കിൽ, നിങ്ങൾക്കായി ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ഒരുപാട് അനുഭവങ്ങളിലൂടെ അവൻ നിങ്ങളെ കടത്തിവിടും. ദൈവകരങ്ങളിൽ നിങ്ങൾ പ്രയോജനമുള്ളയാളായിരിക്കുവാനും, മറ്റുള്ളവരുടെ ജീവിതത്തിൽ എന്താണ് നടക്കുന്നതെന്ന് നിങ്ങളെ മനസ്സിലാക്കിത്തരാനുമാണ് ആ അനുഭവങ്ങൾ. അതുകൊണ്ട് നിങ്ങളുടെ വഴിയിൽ കടന്ന് വരുന്ന ഒന്നും നിങ്ങളെ അമ്പരപ്പിക്കുകയില്ല. ആ ആളെ എനിക്ക് കൈകാര്യം ചെയ്യാൻ കഴിയുകയില്ല എന്ന് നിങ്ങൾ പറയുന്നു. എന്തുകൊണ്ട് വയ്യ? അത്തരം പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ ദൈവം നിങ്ങൾക്ക് വേണ്ടത്ര അവസരം നല്കിയിരുന്നുവല്ലോ. എന്നാൽ ആ തരത്തിൽ സമയം ചെലവഴിക്കുന്നത് വിഡ്ഢിത്തമാണെന്ന് കരുതി അവ പഠിക്കാതെ നിങ്ങൾ തിരിഞ്ഞ് കളഞ്ഞു.

ക്രിസ്തുവിന്റെ കഷ്ടതകൾ സാധാരണക്കാരുടെ കഷ്ടതകളല്ല. അവന്റെ കഷ്ടതകൾ ദൈവേഷ്ടപ്രകാരം (1 പത്രോസ് 4:19) ആയിരുന്നു. വ്യക്തികളെന്ന നിലയിൽ നമ്മുടെ കഷ്ടതകളിൽ നിന്ന് വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിൽ നിന്നായിരുന്നു അവ. യേശുക്രിസ്തുവുമായുള്ള ഒരു ബന്ധത്തിലൂടെ മാത്രമെ നമ്മോടുള്ള ദൈവത്തിന്റെ ഇടപെടലുകൾ എന്താണെന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയൂ. ദൈവോദ്ദേശ്യം എന്താണെന്ന് മുൻകൂട്ടി അറിയാനാഗ്രഹിക്കുന്നത് ക്രിസ്ത്യൻ സംസ്കാരത്തിന്റെ ഭാഗമാണ്, എന്നാൽ യേശുക്രിസ്തുവിന്റെ കഷ്ടതകളുമായി താദാത്മ്യം പ്രാപിക്കുന്നതിനെ ഒഴിവാക്കുക എന്നത് ക്രിസ്തീയ സഭയുടെ ഒരു പ്രവണതയാണ്. തങ്ങളുടേതായ ഒരു കുറുക്ക് വഴിയിലൂടെ ദൈവത്തിന്റെ ആജ്ഞകൾ നിർവ്വഹിക്കാൻ ആളുകൾ ശ്രമിച്ചിട്ടുണ്ട്. ദൈവത്തിന്റെ വഴിയാകട്ടെ എപ്പോഴും കഷ്ടതയുടെ വഴിയാണ് – നീണ്ടു നീണ്ട് കിടക്കുന്ന വഴി.

നാം യേശുവിന്റെ കഷ്ടതകളിൽ പങ്കാളികളാണോ? നമ്മുടെ വ്യക്തിപരമായ ഉൽക്കർഷേച്ഛകളെ ദൈവം പുറത്തെറിയാൻ നമുക്ക് സമ്മതമാണോ? മറുരൂപ മലയിലേതുപോലുള്ള രൂപാന്തരത്താൽ നമ്മുടെ വ്യക്തിപരമായ തീരുമാനങ്ങളെ ദൈവം ഇല്ലാതാക്കിക്കളയുന്നതിന് നാം തയ്യാറാണോ? എന്തുകൊണ്ട് ദൈവം നമ്മെ ഓരോ വഴിയിലൂടെ കൊണ്ടുപോകുന്നു എന്ന് നാം അറിയുന്നില്ല. കാരണം അങ്ങനെ അറിഞ്ഞാൽ അത് നമ്മളിൽ ആത്മീയാഹങ്കാരം ഉളവാക്കും. എന്തിലൂടെയാണ് ദൈവം നമ്മെ കടത്തിവിടുന്നതെന്ന് ആ സമയത്ത് നാം ഒരിക്കലും മനസ്സിലാക്കുന്നില്ല. മനസ്സിലാക്കാതെ നാം അതിലൂടെ കടന്ന് പോകുന്നു. എന്നിട്ട് നാം ഒരു ജ്ഞാനോദയത്തിലേക്ക് വരുകയും 'ദൈവം എന്നെ ശക്തീകരിച്ചിരിക്കുന്നു, ഞാനത് അറിഞ്ഞുപോലുമില്ല' എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു.

## നവംബർ 6

# ഉള്ളിലുള്ള വേദശാസ്ത്രം

**''ഇത് നീ വിശ്വസിക്കുന്നുവോ?'' (യോഹന്നാൻ 11:26).**

യേശുക്രിസ്തുവിലുള്ള ശക്തിയിൽ മാർത്ത വിശ്വസിച്ചു. യേശു അവിടെയുണ്ടായിരുന്നുവെങ്കിൽ അവന് തന്റെ സഹോദരനെ സുഖപ്പെടുത്താൻ കഴിയുമായിരുന്നു എന്നവൾ വിശ്വസിച്ചു. യേശുവിന് ദൈവവുമായി ഗാഢബന്ധമുണ്ടെന്നും യേശു ദൈവത്തോട് ആവശ്യപ്പെടുന്നതെന്തും ദൈവം ചെയ്യുമെന്നും അവൾ വിശ്വസിച്ചു. എന്നാൽ അവൾക്ക് യേശുവിനോട് കുറേക്കൂടി ഗാഢവും വ്യക്തിപരവുമായ ഒരടുപ്പം ഉണ്ടാകേണ്ടിയിരുന്നു. മാർത്തയുടെ വിശ്വാസകാര്യക്രമത്തിന്റെ പൂർത്തീകരണം 'ഭാവി'യിലായിരുന്നു. അവളുടെ വിശ്വാസം ഒരു 'സ്വകാര്യസ്വത്താ'കുവോളം യേശു അവളെ നയിക്കുകയും ചെയ്തു. അത് പിന്നീട് ഒരു പൈതൃകസ്വത്തായി ഉരുത്തിരിഞ്ഞു. 'ഉവ്വ് കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു.'' യോഹന്നാൻ 11:27.

ഇതേ രീതിയിൽത്തന്നേയാണോ കർത്താവ് നിങ്ങളോട് പെരുമാറുന്നത്? താനുമായൊരു ഗാഢബന്ധത്തിലേക്ക് യേശു നിങ്ങളെ പരിശീലിപ്പിക്കുകയാണോ? ''ഇത് നീ വിശ്വസിക്കുന്നുവോ'' എന്ന ചോദ്യം യേശു നിങ്ങളോട് തറപ്പിച്ചു ചോദിക്കാൻ അനുവദിക്കുക. നിങ്ങളുടെ ജീവിതത്തിൽ സംശയത്തിന്റെ ഒരു മേഖലയെ നിങ്ങൾ നേരിടുന്നുണ്ടോ? നിങ്ങളെ തളർത്തിക്കളയുന്ന പരിതഃസ്ഥിതികളുടെ നാല്ക്കവലയിൽ, നിങ്ങളുടെ വിശ്വാസക്രമം ഒരു വ്യക്തിപരമായ വിശ്വാസമായി ഉരുത്തിരിയുന്നിടത്ത്, മാർത്തയെപ്പോലെ നിങ്ങളും എത്തിയോ? വ്യക്തിപരമായ ഒരു പ്രശ്നത്തിൽ നിന്നുയർന്നു വരുന്ന വ്യക്തിപരമായ ഒരാവശ്യമുണ്ടാകുന്നത് വരെ ഇങ്ങനെയൊരു വിശ്വാസം പണിതുയർത്താൻ സാധിക്കുകയില്ല.

'വിശ്വസിക്കുക' എന്നാൽ 'അർപ്പിക്കുക' എന്നാണ്. ഞാനെന്നെ സമർപ്പിക്കുകയും ആ അർപ്പണവുമായി ബന്ധപ്പെടാത്ത സർവ്വതിനെയും ഉപേക്ഷിക്കുകയും ചെയ്യുന്നു. വ്യക്തിപരമായി ഞാനെന്റെ വിശ്വാസങ്ങളിൽ ധാർമ്മികമായി സ്വയം അർപ്പിക്കുകയും ഒത്തുതീർപ്പുകൾ ചെയ്യാൻ വിസമ്മതിക്കുകയും ചെയ്യുന്നു. എന്നാൽ ഗാഢമായ വ്യക്തിവിശ്വാസത്തിൽ ഞാൻ എന്നെ ആത്മീയമായി യേശുക്രിസ്തുവിന് സമർപ്പിക്കുകയും അവനാൽ മാത്രം ഭരിക്കപ്പെടുവാൻ എന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

അപ്പോൾ ഞാൻ യേശുവിനെ മുഖാമുഖം കാണുകയും 'ഇത് നീ വിശ്വസിക്കുന്നുവോ' എന്ന് അവൻ എന്നോട് ചോദിക്കുകയും ചെയ്യുന്നു. വിശ്വാസം, ശ്വസനം പോലെ സ്വാഭാവികമാണെന്ന് ഞാനറിയുന്നു; നേരത്തെ യേശുവിനെ വിശ്വസിക്കാഞ്ഞതെത്ര വിഡ്ഢിത്തമായിപ്പോയെന്നോർത്ത് ഞാൻ സ്തബ്ധനാകുന്നു.

## നവംബർ 7

# ചുറ്റുപാടുകളുടെ മറഞ്ഞിരിക്കുന്ന വിശുദ്ധി

**''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ, സകലവും നന്മയ്ക്കായിക്കൂടി വ്യാപരിക്കുന്നു......'' (റോമർ 8:28).**

ഒരു വിശുദ്ധന്റെ ജീവിത പരിതഃസ്ഥിതികൾ ദൈവത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആ ജീവിതത്തിൽ യാദൃച്ഛികം എന്ന് പറയാവുന്ന യാതൊന്നും സംഭവിക്കുന്നില്ല. ദൈവം, നിങ്ങളെ തന്റെ ദിവ്യപരിപാലനയിൽ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്ത ചുറ്റുപാടുകളിലേയ്ക്കു കൊണ്ടുവരുന്നു. ഇവിടെ ''ഞാൻ തന്നേ എന്നെ പരിപാലിക്കും, ഞാനിത് നിരീക്ഷിക്കും; അതു കാത്തുസൂക്ഷിക്കും'' എന്നൊന്നും പറയരുത്. നിങ്ങളുടെ സർവ്വപരിതഃസ്ഥിതികളും ദൈവകരങ്ങളിലാണ്, അതു കൊണ്ട് അവ അസ്വഭാവികമാണെന്നോ മറ്റാർക്കുമില്ലാത്തതാണെന്നോ ചിന്തിക്കരുത്. നിങ്ങൾ വ്യാകുലപ്പെടുകയുമരുത്. ദൈവം നിങ്ങളെ ആക്കുന്ന ആ പരിതഃസ്ഥിതികളെയും ആളുകളെയും ദൈവസിംഹാസനത്തിൻ മുമ്പാകെ കൊണ്ടുവരിക. അവർക്കായി മധ്യസ്ഥത വഹിക്കാൻ പരിശുദ്ധാത്മാവ് നിങ്ങളെ അനുവദിക്കട്ടെ. ഇങ്ങനെ തന്റെ വിശുദ്ധന്മാരിലൂടെ ദൈവം ലോകത്തെയാകമാനം സ്പർശിക്കും.

ലക്ഷ്യത്തിലും പ്രവർത്തനത്തിലും ഉറപ്പും വ്യക്തതയുമില്ലാതെയും, ദൈവത്തിന് വേണ്ടി പരിശുദ്ധാത്മാവ് ചെയ്യേണ്ട ജോലി ചെയ്യാൻ ശ്രമിച്ചും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പ്രയാസകരമാക്കുകയാണോ നിങ്ങൾ? ''ഞാൻ മധ്യസ്ഥതയുടെ മനുഷ്യവശം ചെയ്യണം – അത് ഏത് പരിതഃസ്ഥിതികളിലാണോ ഞാൻ സ്വയം കണ്ടെത്തുന്നത്, ഏതാളുകളാണോ എനിക്കു ചുറ്റുമുള്ളത് ആ ചുറ്റുപാടുകളെയും ആളുകളെയും ഉപയോഗിക്കണം. എന്റെ ബോധതലജീവിതത്തെ, പരിശുദ്ധാത്മാവിനായി ഒരു ദേവാലയം പോലെ വിശുദ്ധമായി ഞാൻ കാത്തുസൂക്ഷിക്കണം. അപ്പോൾ ഞാൻ പല വ്യത്യസ്തരായ ആളുകളെ ദൈവതിരുമുമ്പാകെ കൊണ്ടുവരുമ്പോൾ പരിശുദ്ധാത്മാവ് അവർക്കായി മധ്യസ്ഥത നടത്തും''.

നിങ്ങളുടെ മാധ്യസ്ഥം എന്റേതും, എന്റെ മധ്യസ്ഥത നിങ്ങളുടേതുമാകാൻ ഒരിക്കലും സാധിക്കുകയില്ല. എന്നാൽ പരിശുദ്ധാത്മാവ് നമുക്കായി പക്ഷവാദം ചെയ്യുന്നു (റോമർ 8:26). ഇതില്ലെങ്കിൽ ആരുടെയൊക്കെയോ ജീവിതം ദാരിദ്ര്യത്തിലും നാശത്തിലുമായി ഉപേക്ഷിക്കപ്പെടും.



## നവംബർ 8

# പ്രാർത്ഥനയുടെ അജയ്യശക്തി

**''വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്ന് നാം അറിയുന്നില്ലല്ലോ. ആത്മാവ് തന്നേ ഉച്ചരിച്ച് കൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു'' (റോമർ 8:26).**

പ്രാർത്ഥനയ്ക്കായി പരിശുദ്ധാത്മാവിനാൽ നാം ശക്തീകരിക്കപ്പെടുന്നു എന്ന് നമുക്കറിയാം. എന്താണ് പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നത് എന്നും നമുക്കറിയാം. എന്നാൽ നമുക്ക് പ്രാർത്ഥിക്കാൻ കഴിയാത്തത് പരിശുദ്ധാത്മാവ് നമ്മിൽ പ്രാർത്ഥിക്കുന്നുണ്ടെന്ന് ഒട്ടുമിക്കപ്പോഴും നാം തിരിച്ചറിയുന്നില്ല. നാം ദൈവത്തിൽ വീണ്ടും ജനിക്കുകയും പരിശുദ്ധാത്മാവ് നമ്മിൽ ആവസിക്കുകയും ചെയ്യുമ്പോൾ നമുക്ക് പറഞ്ഞറിയിക്കാനാകാത്തത്, ആത്മാവ് നമുക്കായി പറയും.

''ആത്മാവ് വിശുദ്ധന്മാർക്ക് വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു''. ദൈവം നിങ്ങളുടെ ഹൃദയങ്ങളെ പരിശോധിക്കുന്നത് നിങ്ങളുടെ ബോധപൂർവ്വമുള്ള പ്രാർത്ഥനകൾ എന്താണെന്നറിയാനല്ല, പരിശുദ്ധാത്മാവിന്റെ പ്രാർത്ഥന എന്താണെന്നറിയാനാണ്.

തന്റെ പ്രാർത്ഥനകളർപ്പിക്കാനുള്ള ഒരു ദേവാലയമായി വിശ്വാസിയുടെ പ്രകൃതത്തെ പരിശുദ്ധാത്മാവ് ഉപയോഗിക്കുന്നു. ''ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം.......'' (1 കൊരിന്ത്യർ 6:19). യേശു ദേവാലയം ശുദ്ധീകരിച്ചപ്പോൾ ആരും അതിൽക്കൂടി ഒരു വസ്തുവും കൊണ്ടുപോകാൻ സമ്മതിച്ചില്ല. (മർക്കൊസ് 11:16). സ്വന്തം സൗകര്യത്തിനായി ശരീരത്തെ ഉപയോഗിക്കുവാൻ ആത്മാവ് നിങ്ങളെ അനുവദിക്കുകയില്ല. ദൈവാലയത്തിൽ വില്ക്കുകയും വാങ്ങുകയും ചെയ്യുന്നവരെ യേശു ദാക്ഷിണ്യം കൂടാതെ പുറത്താക്കി. ''എന്റെ ആലയം സകല ജാതികൾക്കും പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നില്ലയോ? നിങ്ങളോ അതിനെ കള്ളൻമാരുടെ ഗുഹയാക്കി തീർത്തു.....'' (മർക്കോസ് 11:17)

നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ദേവാലയമാകുന്നു എന്ന കാര്യം നാം അംഗീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവനായി അതിനെ കളങ്കമില്ലാത്തതായി സൂക്ഷിക്കാൻ നാം ശ്രദ്ധിക്കണം. നമ്മുടെ ആകെയുള്ള വ്യക്തിത്വത്തിന്റെ ഒരു ചെറിയ ഭാഗമാണ് നമ്മുടെ ബോധതലജീവിതമെങ്കിലും അതിനെ പരിശുദ്ധാത്മാവിന്റെ ദേവാലയമായി നാം കരുതണം. നമുക്കറിഞ്ഞുകൂടാത്ത അബോധതലത്തിന്റെ കാര്യത്തിൽ പരിശുദ്ധാത്മാവ് ഉത്തരവാദിത്വമുള്ളവനായിരിക്കും. എന്നാൽ നമുക്കുത്തരവാദിത്വമുള്ള ബോധതലത്തെ, നാംതന്നേ കാത്ത് സൂക്ഷിക്കണം.

## നവംബർ 9

# വിശുദ്ധ ശുശ്രൂഷ

**''ഇപ്പോൾ ഞാൻ നിങ്ങൾക്ക് വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന് വേണ്ടി പൂരിപ്പിക്കുന്നു'' (കൊലോസ്സ്യർ 1:24).**

ക്രിസ്തീയ ശുശ്രൂഷകൻ വിശുദ്ധനായ ഒരു ഇടനിലക്കാരനാകണം. കർത്താവിന്റെ ജീവചൈതന്യം തന്നിലൂടെ നിരന്തരം കൊണ്ടുവരുവാൻ പ്രാപ്തനാകുവാൻ തക്കവണ്ണം അവൻ കർത്താവിനോടും കർത്താവു സാധിച്ചുതന്നിരിക്കുന്ന വീണ്ടെടുപ്പിനോടും ഏകീഭവിച്ചവനായിരിക്കണം. ഒരു വ്യക്തിയുടെ വ്യക്തിത്വം മറ്റൊരുവന്റെ മേൽ ചുമത്തുന്നതിലൂടെ ഉളവാക്കുന്ന ശക്തിയല്ല ഇവിടെ പരാമർശിക്കപ്പെടുന്നത്. പിന്നെയോ ശുശ്രൂഷകന്റെ ജീവിതത്തിലെ ഓരോ അംശത്തിലൂടെയും പുറത്തുവരുന്ന യഥാർത്ഥ കർത്തൃസാന്നിദ്ധ്യമാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. പുതിയ നിയമത്തിലൂടെ അറിയിക്കപ്പെട്ടിരിക്കുന്നത് പോലെ നമ്മുടെ കർത്താവിന്റെ ജനനമരണങ്ങളെക്കുറിച്ച് നാം സുവിശേഷം പറയുമ്പോൾ, നമ്മുടെ വാക്കുകൾ വിശുദ്ധമാക്കപ്പെടുന്നു. ദൈവം ഈ വാക്കുകളിലൂടെ അവ ശ്രദ്ധിക്കുന്നവരിൽ, തന്റെ വീണ്ടെടുപ്പിന്റെ അടിസ്ഥാനത്തിൽ പുതുജീവൻ സൃഷ്ടിക്കുന്നു. യേശുവിനെക്കുറിച്ചുള്ള വെളിപാടിന്റെ സുവിശേഷം അറിയിക്കുന്നതിന് പകരം പാപപരിഹാരത്തിന്റെ ഫലങ്ങളെക്കുറിച്ച് നാം പറയുകയാണെങ്കിൽ അത് ശ്രദ്ധിക്കുന്നവരിൽ പുതുജനനമല്ല, നവ ആത്മീയ സംസ്കാരമാണുണ്ടാകുക. അവിടെ ദൈവാത്മാവിന് സാക്ഷ്യമാകാൻ സാധിക്കുകയില്ല; കാരണം അത്തരം സുവിശേഷമറിയിക്കൽ മറ്റൊരു തലത്തിലാണ്. ദൈവത്തിന് മാത്രം ആത്മാക്കളിൽ സൃഷ്ടിക്കാൻ കഴിയുന്ന സത്യങ്ങളെ ഉദ്ഘോഷിക്കുംവിധം നാം ദൈവവുമായി സജീവമായ ഏകഭാവത്തിലാകണം.

എത്ര അത്ഭുതകരമായ വ്യക്തിത്വം, എത്ര വശ്യതയുള്ള വ്യക്തി, എത്ര വിസ്മയകരമായ ഉൾക്കാഴ്ച എന്നൊക്കെ നാം (സുവിശേഷകരെക്കുറിച്ച്) പറയാറുണ്ട്. അവയ്ക്ക് എങ്ങും കടന്ന് ചെല്ലാൻ കഴിയുകയില്ല. കാരണം അവിടെ ആകർഷണം സന്ദേശത്തിന്റെയല്ല, സന്ദേശം പറയുന്ന ആളിന്റെയാണ്. ഒരാൾ അയാളുടെ വ്യക്തിത്വത്തിലൂടെ നമ്മെ ആകർഷിച്ചാൽ അതയാളിലെ വ്യക്തിയുടെ ആകർഷണമാണ്. എന്നാൽ അയാൾ കർത്താവുമായി ഏകീഭവിക്കുകയാണെങ്കിൽ, യേശുവിന്റെ പ്രവർത്തനത്തിലേയ്ക്കാകും ആകർഷണം. മനുഷ്യനെ മഹത്വീകരിക്കുന്നതാണ് അപകടം. യേശു പറയുന്നത് നാം ''അവനെ ഉയർത്തണം'' എന്നാണ് (യോഹന്നാൻ 12:32).

## നവംബർ 10

# സുവിശേഷത്തിലെ കൂട്ടായ്മ

**''ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിലെ സഹവേലക്കാർ''**

**(1 തെസ്സലോനീക്യർ 3:2).**

വിശുദ്ധീകരണത്തിനു ശേഷം എന്താണ് നിങ്ങളുടെ ജീവിതലക്ഷ്യമെന്ന് പറയാൻ പ്രയാസമാണ്. കാരണം പരിശുദ്ധാത്മാവിലൂടെ ദൈവം തന്റെ ഉദ്ദേശ്യത്തിലേക്ക് നിങ്ങളെ എടുത്ത് കഴിഞ്ഞിരിക്കുന്നു. നമ്മുടെ രക്ഷയ്ക്കായി തന്റെ പുത്രനെ ഉപയോഗിച്ചതുപോലെ ദൈവം ലോകത്തിനാകമാനംവേണ്ടിയുള്ള തന്റെ ഉദ്ദേശ്യത്തിനായി നിങ്ങളെ ഇപ്പോൾ ഉപയോഗിക്കുകയാണ്. ദൈവം എന്നെ ആ കാര്യത്തിന് അല്ലെങ്കിൽ ഈ കാര്യത്തിന് വിളിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടു നിങ്ങൾ നിങ്ങൾക്കായി വലിയ കാര്യങ്ങൾ തേടുകയാണെങ്കിൽ നിങ്ങളെ ഉപയോഗിക്കുന്നതിൽ നിന്ന് ദൈവത്തെ നിങ്ങൾ തടസ്സപ്പെടുത്തുകയാണ്. നിങ്ങൾ നിങ്ങളുടെ വ്യക്തിപരമായ താല്പര്യങ്ങളും അഭിലാഷങ്ങളും നിലനിർത്തുകയാണെങ്കിൽ ദൈവത്തിന്റെ താല്പര്യങ്ങളുമായി ഒന്നാകാൻ നിങ്ങൾക്ക് കഴിയുകയില്ല. നിങ്ങളുടെ വ്യക്തിപരമായ പദ്ധതികളെ എന്നെന്നേയ്ക്കുമായി ഉപേക്ഷിക്കുകയും, ലോകത്തിനായുള്ള തന്റെ ഉദ്ദേശ്യത്തിലേക്ക് നിങ്ങളെ എടുക്കാൻ ദൈവത്തെ അനുവദിക്കുകയും ചെയ്താലേ, ഇത് നേടാൻ കഴിയൂ. നിങ്ങളുടെ വഴിയെക്കുറിച്ചുള്ള നിങ്ങളുടെ സ്വന്തം ധാരണകൾ ദൈവത്തിന് സമർപ്പിക്കണം. കാരണം അവ ഇപ്പോൾ കർത്താവിന്റെ വഴികളത്രേ.

ജീവിതത്തിന്റെ ലക്ഷ്യം എന്റേതല്ല, ദൈവത്തിന്റെയാണെന്ന് ഞാൻ പഠിക്കേണ്ടിയിരിക്കുന്നു. തന്റെ വ്യക്തിപരമായ നിലപാടിൽ നിന്നുകൊണ്ടു ദൈവം എന്നെ ഉപയോഗിക്കുകയാണ്. ''കർത്താവേ, ഇതെനിക്ക് വല്ലാത്ത ഹൃദയവേദന ഉളവാക്കുന്നു'' എന്ന് പറയാതെ ഞാൻ ദൈവത്തെ വിശ്വസിക്കണമെന്നാണ് ദൈവം ആവശ്യപ്പെടുന്നത്. എനിക്കെന്താണ് വേണ്ടതെന്ന് ദൈവത്തോടുള്ള പറച്ചിൽ ഞാൻ നിർത്തിയാൽ, യാതൊരു തടസ്സവും കൂടാതെ ദൈവത്തിന് തന്റെ ഇച്ഛ എന്നിൽ നിവർത്തിക്കാം. അവന് എന്നെ തകർക്കുകയോ ഉയർത്തുകയോ ഇഷ്ടമുള്ളതെന്തും ചെയ്യാം. അവനിലും അവന്റെ നന്മയിലും പൂർണ്ണവിശ്വാസമുണ്ടാകണമെന്ന് മാത്രമേ അവൻ പറയുന്നുള്ളു. ആത്മാനുകമ്പ പിശാചിന്റേതാണ്; അതിൽക്കിടന്ന് ഞാനുരുണ്ടാൽ, ദൈവത്തിന് തന്റെ ഉദ്ദേശ്യത്തിനായി എന്നെ ഉപയോഗിക്കാൻ കഴിയുകയില്ല. ഇങ്ങനെ ചെയ്യുക വഴി ലോകത്തിനുള്ളിൽ ഞാനെന്റെയൊരു സുഖലോകം സൃഷ്ടിക്കുന്നു. എനിക്ക് മഞ്ഞുകൊള്ളാനുള്ള ഭയത്താൽ, മഞ്ഞുകൊണ്ട് ശരീരം മരവിക്കുമെന്നുള്ള ഭയം ഉള്ളതിനാൽ, ദൈവത്തിന് ആ ലോകത്ത് നിന്ന് എന്നെ പുറത്തുകൊണ്ടുവരാൻ കഴിയുകയില്ല.

## നവംബർ 11

# പരമോന്നത കയറ്റം

**''നിന്റെ മകനെ ...... നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ മകനെ ......''**
**(ഉല്പത്തി 22:2).**

പിന്നീട് എന്നല്ല; താമസിയാതെ എന്നല്ല; ഇപ്പോൾത്തന്നേ എന്നാണ് ദൈവത്തിന്റെ ആജ്ഞ. നമ്മുടെ തർക്കങ്ങൾ ബഹുവിചിത്രമാണ്. എന്തെങ്കിലും ഒരു കാര്യം ശരിയാണെന്ന് അറിഞ്ഞ് കഴിഞ്ഞാലും അതുടനേ ചെയ്യാതിരിക്കാൻ നാം ഒഴികഴിവുകൾ കണ്ടെത്തുന്നു. ദൈവം കാണിച്ച് തരുന്ന മലമുകളിലേയ്ക്ക് ഇപ്പോൾ കയറണം; പിന്നീടൊരിക്കലും അത് ചെയ്യാൻ സാധിക്കുകയില്ല. അത് ചെയ്യും മുമ്പ് ആ ബലി നാം നമ്മുടെ ഇച്ഛയിൽ (മനസ്സിൽ) ചെയ്തിരിക്കണം.

''അബ്രാഹാം അതികാലത്ത് എഴുന്നേറ്റ് കഴുതയ്ക്ക് കോപ്പിട്ട് കെട്ടി ബാല്യക്കാരിൽ രണ്ട് പേരെയും തന്റെ മകൻ യിസ്ഹാക്കിനെയും കൂട്ടി ഹോമയാഗത്തിന് വിറക് കീറി എടുത്തുകൊണ്ട് പുറപ്പെട്ടു''. അബ്രാഹാമിന്റെ അത്ഭുതകരമായ ലാളിത്യം! ദൈവം സംസാരിച്ചപ്പോൾ അബ്രാഹാം മാംസരക്തങ്ങളോട് ആലോചിച്ചില്ല. നിങ്ങളുടെ ഉൾക്കാഴ്ചകളോടും, സഹതാപാർദ്രതകളോടും ദൈവവുമായിട്ടുള്ള നിങ്ങളുടെ വ്യക്തിബന്ധത്തിലധിഷ്ഠിതമല്ലാത്ത എന്തിനോടും കൂടിയാലോചന നടത്തുന്നത് സൂക്ഷിച്ച് കൊള്ളുക.

ആ ബലി എന്തായിരിക്കണമെന്നത് അബ്രാഹാം നിശ്ചയിച്ചതായിരുന്നില്ല. ദൈവത്തിനായി നാം സ്വയം തെരഞ്ഞെടുക്കുന്ന ജോലിയെ സൂക്ഷിച്ചുകൊള്ളുക. ദൈവം നിങ്ങൾക്ക് മധുരമുള്ളതു കുടിക്കാൻ തന്നാൽ അത് വിനയത്തോടെ കുടിക്കുക. കയ്പ്പുള്ളത് തന്നാൽ ദൈവസംസർഗ്ഗത്തിൽ അത് കഴിക്കുക. ദൈവപരിപാലനം നിങ്ങൾക്ക് പ്രയാസങ്ങളും വിഷമങ്ങളും നിറഞ്ഞ ഒരു സമയമാണ് തരുന്നതെങ്കിൽ അതിലൂടെ ക്ഷമയോടെ കടന്ന് പോകുക. എന്നാൽ ഞാൻ അവിടെവരെ പോകാം. അതിനപ്പുറത്തേയ്ക്ക് വയ്യ എന്ന് പറഞ്ഞുകൊണ്ട് നിങ്ങളുടെ രക്തസാക്ഷിത്വത്തിന്റെ സ്ഥലം നിങ്ങൾ സ്വയം തീരുമാനിക്കരുത്. അബ്രാഹാമിന് വേണ്ടിയുള്ള പരീക്ഷ ദൈവം നിശ്ചയിച്ചു. അബ്രാഹാം താമസിക്കുകയോ പ്രതിഷേധിക്കുകയോ ഒന്നും ചെയ്തില്ല. ചാഞ്ചല്യം കൂടാതെ അനുസരിക്കുകമാത്രം ചെയ്തു. നിങ്ങൾ ദൈവവുമായി സമ്പർക്കമില്ലാതെ ജീവിക്കുകയാണെങ്കിൽ ദൈവത്തെ കുറ്റപ്പെടുത്താനോ, വിധിയെഴുതാനോ എളുപ്പമാണ്. വിധി പ്രഖ്യാപിക്കുവാൻ എന്തെങ്കിലും അവകാശമുണ്ടാകണമെങ്കിൽ നിങ്ങൾ ആ പരീക്ഷണത്തിലൂടെ കടന്നുപോകണം. കാരണം പരീക്ഷണത്തിൽക്കൂടി കടന്ന് പോകുമ്പോളാണ് നിങ്ങൾ ദൈവത്തെ കൂടുതൽ അറിയാൻ പഠിക്കുന്നത്. നമ്മുടെ ഉദ്ദേശ്യങ്ങളും ദൈവോദ്ദേശ്യങ്ങളും ഒന്നാകുംവരെ തന്റെ ഏറ്റവും ഉന്നതലക്ഷ്യങ്ങളിലെത്തിക്കാൻ അവൻ നമ്മിൽ പ്രവർത്തിക്കുന്നു.

## നവംബർ 12

# രൂപാന്തരപ്പെട്ട ജീവിതം

**''ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി'' (2 കൊരിന്ത്യർ 5:17).**

നിങ്ങളുടെ ആത്മാവിന്റെ രക്ഷയെക്കുറിച്ച് എന്ത് ആശയമാണ് നിങ്ങൾക്കുള്ളത്? രക്ഷ നിങ്ങളിൽ പ്രവർത്തിക്കുന്നു എന്നതിനർത്ഥം നിങ്ങളുടെ യഥാർത്ഥ ജീവിതത്തിൽ കാര്യങ്ങൾ പൂർണ്ണമായും മാറിയിരിക്കുകയും നിങ്ങൾ കാര്യങ്ങൾ കാണുന്നത് പഴയ രീതിയിൽ അല്ല എന്നതുമാണ്. നിങ്ങളുടെ ആഗ്രഹങ്ങൾ പുതിയതത്രേ – പഴയ കാര്യങ്ങൾക്ക് നിങ്ങളെ ആകർഷിക്കാൻ കഴിയുന്നില്ല. നിങ്ങളുടെ ജീവിതത്തിൽ രക്ഷ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്നറിയാനുള്ള ഏറ്റവും വലിയ പരീക്ഷ ഇതാണ്: നിങ്ങൾ വളരെ പ്രധാനപ്പെട്ടതായി കണ്ടിരുന്ന കാര്യങ്ങളിൽ ദൈവം മാറ്റം വരുത്തിയിട്ടുണ്ടോ? ഇപ്പോഴും നിങ്ങൾ പഴയ കാര്യങ്ങൾ തീവ്രമായി ആഗ്രഹിക്കുകയാണെങ്കിൽ, ഉന്നതങ്ങളിൽ നിന്ന് വീണ്ടും ജനിച്ചു എന്നു പറയുന്നത് അർത്ഥശൂന്യമാണ്. നിങ്ങൾ വാസ്തവമായി വീണ്ടും ജനിച്ചുവെങ്കിൽ ദൈവാത്മാവ് നിങ്ങളുടെ ജീവിതത്തിലും ചിന്തയിലും ശ്രദ്ധേയമായ മാറ്റം വരുത്തും. ഒരു പ്രതിസന്ധിയുണ്ടാകുമ്പോൾ, നിങ്ങളിലുള്ള അത്ഭുതകരമായ മാറ്റത്തിൽ ഏറ്റവും അതിശയിക്കുന്നതും നിങ്ങൾ തന്നേയായിരിക്കും. അത് നിങ്ങളാണ് വരുത്തിയതെന്ന് സങ്കല്പിക്കാൻ യാതൊരു സാദ്ധ്യതയുമില്ല. പൂർണ്ണവും വിസ്മയകരവുമായ ഈ മാറ്റമാണ് നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതിന് തെളിവ്.

എന്റെ രക്ഷയും വിശുദ്ധീകരണവും എന്ത് വ്യത്യാസമാണ് വരുത്തിയിരിക്കുന്നത്? ഉദാഹരണത്തിന് 1 കൊരിന്ത്യർ 13–ാം അദ്ധ്യായത്തിന്റെ (സ്നേഹത്തെക്കുറിച്ചുള്ള വാക്യങ്ങളുടെ) വെളിച്ചത്തിൽ എനിക്ക് നില്ക്കാൻ കഴിയുമോ? അതോ ഞാൻ പരിഭ്രമിക്കുമോ? പരിശുദ്ധാത്മാവ് എന്നിൽ പ്രവർത്തിക്കുന്ന രക്ഷ എന്നെ പൂർണ്ണമായും മോചിപ്പിക്കുന്നു. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ ഞാൻ വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ (1 യോഹന്നാൻ 1:7) എന്നെ ശാസിക്കാൻ ദൈവം യാതൊന്നും കാണുകയില്ല; കാരണം ബോധതലത്തിലല്ല, അതിനെക്കാൾ അഗാധമായ ഒരു തലത്തിൽ എന്റെ ജീവിതത്തിലെ (എന്നിലെ) ഓരോ അംശത്തിലും അവൻ പ്രവർത്തിക്കുന്നു.

## നവംബർ 13

# വിശ്വാസവും അനുഭവവും

**''ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്ക് വേണ്ടി തന്നെത്താൻ ഏല്പിച്ച ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ''**
**(ഗലാത്യർ 2:20).**

നമ്മുടെ ഭാവഭേദങ്ങളെ മാറ്റിനിർത്തിയിട്ട് കർത്താവായ യേശുക്രിസ്തുവിനോടുള്ള സമർപ്പണത്തിലേക്ക് നാം കടക്കണം. യേശുക്രിസ്തു ആരാണെന്നാണ് പുതിയനിയമം പറയുന്നതെന്ന് ചിന്തിച്ചിട്ട് 'എനിക്ക് ഈ അനുഭവം' അല്ലെങ്കിൽ 'ആ അനുഭവം ഉണ്ടായിട്ടില്ലെന്ന്' പറയുന്ന നമ്മുടെ പരിതാപകരമായ വിശ്വാസനിലവാരത്തെക്കുറിച്ചോർക്കുക. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഫലമെന്താണ്? ആഴത്തിൽ നീതീകരിക്കപ്പെടും, പറഞ്ഞറിയിക്കാനാകാത്ത വിധം വിശുദ്ധീകരിക്കപ്പെടും, പൂർണ്ണമായും തെറ്റ് തിരുത്തപ്പെടും. ദൈവസിംഹാസനത്തിനു മുന്നിൽ യേശു നമ്മെ നിർത്തുന്നു. ദൈവത്തിങ്കൽ നിന്ന് നമുക്ക് ജ്ഞാനവും, നീതിയും ശുദ്ധീകരണവും, വീണ്ടെടുപ്പുമായിത്തീർന്ന (1 കൊരിന്ത്യർ 1:30) യേശുക്രിസ്തുവിനെ ആരാധിക്കുന്ന പൂർണ്ണവിശ്വാസത്തിൽ നിലനില്ക്കുക. ദൈവപുത്രന് വേണ്ടി ഒരു ത്യാഗം ചെയ്യുന്നതിനെക്കുറിച്ച് നമുക്കെങ്ങനെയാണ് സംസാരിക്കാൻ കഴിയുക? നാം നിത്യനരകത്തിൽനിന്നും മഹാനാശത്തിൽ നിന്നുമാണ് രക്ഷിക്കപ്പെട്ടിരിക്കുന്നത്. ഇതിനു നാം എന്തു ത്യാഗം ചെയ്താലാണു മതിയാവുക?

ഒരു പ്രാർത്ഥനാസമ്മേളനത്തിലെ യേശുക്രിസ്തുവിലല്ല, ഒരു പുസ്തകത്തിലെ യേശുക്രിസ്തുവിലല്ല, പുതിയ നിയമത്തിലെ ദൈവം മനുഷ്യനായി അവതരിച്ച, നാം തന്റെ കാല്ക്കീഴിൽ വീണുവണങ്ങേണ്ട യേശുക്രിസ്തുവിൽ നമുക്ക് നിരന്തരം ശ്രദ്ധിക്കുകയും നമ്മുടെ വിശ്വാസം ഉറപ്പിക്കുകയും വേണം. നമ്മുടെ രക്ഷ ആരിൽ നിന്ന് വരുന്നുവോ ആ ആളിൽ ആയിരിക്കണം നമ്മുടെ വിശ്വാസം. യേശുവിന് നമ്മുടെ പൂർണ്ണവും, പരിധിയില്ലാത്തതുമായി സമർപ്പണമാണാവശ്യം. നമുക്ക് യേശുക്രിസ്തുവിനെ വേണ്ടത്ര അനുഭവിക്കാനോ, അല്ലെങ്കിൽ അവനെ ഉൾക്കൊള്ളുവാനോ കഴിവില്ല. അവനിലുള്ള ഉറപ്പിന്മേൽ വേണം നമ്മുടെ വിശ്വാസം പണിതുയർത്താൻ.

നമ്മുടെ വീണ്ടെടുപ്പും നിലനില്പും വിശ്വാസത്തിന്മേലായതു കൊണ്ടാണ്, അവിശ്വാസത്തിന്റെ കാര്യത്തിൽ പരിശുദ്ധാത്മാവ് ഇത്ര അക്ഷമനാകുന്നത്. നമ്മുടെ ഭയങ്ങൾ പാപപൂർണ്ണമാണ്. വിശ്വാസത്തിൽ സ്വയം പരിപോഷിപ്പിക്കാൻ വിസമ്മതിച്ചുകൊണ്ട് നാം നമ്മുടെ ഭയങ്ങൾ സൃഷ്ടിക്കുന്നു. യേശുക്രിസ്തുവുമായി താദാത്മ്യം പ്രാപിച്ച ഒരാൾക്കെങ്ങനെ ഭയമോ സംശയമോ താങ്ങാൻ കഴിയും? പരിപൂർണ്ണവും, അടക്കാനാകാത്തതും വിജയശ്രീലാളിതവുമായ വിശ്വാസത്തിന്റെ ഫലമായുള്ളൊരു സ്തോത്രഗീതമാകണം നമ്മുടെ ജീവിതം.

## നവംബർ 14

# ദൈവിക പദ്ധതികൾ കണ്ടെത്തുക

**''ഈ യാത്രയിൽ യഹോവ എന്നെ എന്റെ യജമാനന്റെ സഹോദരന്മാരുടെ വീട്ടിലേക്ക് നടത്തിക്കൊണ്ടുവന്നുവല്ലോ എന്ന് പറഞ്ഞു'' (ഉല്പത്തി 24:27).**

തുടർച്ചയായി, മാർഗ്ഗനിർദ്ദേശത്തിന് വേണ്ടി യാചിക്കേണ്ട ആവശ്യമില്ലാത്തവിധം നാം ദൈവത്തോടുകൂടെ ഒന്നാകണം. വിശുദ്ധീകരിക്കപ്പെടുക എന്നാൽ നാം ദൈവമക്കളായി രൂപാന്തരപ്പെടുക എന്നാണർത്ഥം. അനുസരണക്കേട് കാണിക്കണം എന്നു വിചാരിക്കുന്നത് വരെ ഒരു കുട്ടിയുടെ സാധാരണ ജീവിതം അനുസരണത്തിന്റേതത്രേ. എന്നാൽ ഇങ്ങനെ തീരുമാനിക്കുന്നതോടെ ഒരു ആന്തരിക സംഘർഷം ഉളവാക്കപ്പെടുന്നു. ആത്മീയ തലത്തിൽ ഈ ആന്തരിക സംഘർഷം പരിശുദ്ധാത്മാവിന്റെ താക്കീതാണ്. ഈ രീതിയിൽ പരിശുദ്ധാത്മാവ് നമ്മെ താക്കീത് ചെയ്യുമ്പോൾ, നാം അപ്പോൾത്തന്നേ ഒന്ന് നിന്ന് ആത്മാവിൽ പുതുക്കം പ്രാപിക്കുകയും ദൈവഹിതം തിരിച്ചറിയുകയും വേണം (റോമർ 12:2 കാണുക). നാം ആത്മാവിൽ വീണ്ടും ജനിക്കുകയാണെങ്കിൽ, നമ്മെ വഴികാട്ടാൻ അവനോട് നിരന്തരം ആവശ്യപ്പെടുന്നത്, നമുക്ക് അവനോടുള്ള ഭക്തിയെ തടയുകയോ ഇല്ലാതാക്കിക്കളയുകയോ ചെയ്യുന്നു. ''കർത്താവ് എന്നെ നയിച്ചു''. ഇവിടെ നാം തിരിഞ്ഞ് നോക്കുമ്പോൾ ആശ്ചര്യകരമായ ഒരു പദ്ധതിയുടെ സാന്നിദ്ധ്യം നാം കാണും. കർത്താവിൽ ജനിച്ചവരാണ് നാമെങ്കിൽ അതിലുള്ള മുഴുവൻ ബഹുമതിയും നാം ദൈവത്തിന് കൊടുക്കും.

അസാധാരണ കാര്യങ്ങളിൽ നമുക്കെല്ലാം ദൈവത്തെ കാണാം. എന്നാൽ എല്ലാ വിശദാംശങ്ങളിലും ദൈവത്തെ കാണാൻ ആത്മീയ വളർച്ചയുടെ ശിക്ഷണം വേണം. നാം, യാദൃച്ഛികം എന്ന് വിളിക്കുന്ന സംഭവങ്ങൾ ദൈവനിയോഗത്തിൽ കുറഞ്ഞതാണെന്ന് വിചാരിക്കരുത്. ഇവിടെയും എവിടെയും ദൈവിക പദ്ധതികൾ കണ്ടെത്താൻ തയ്യാറാകുക.

ദൈവത്തോട് നിരന്തരം സമർപ്പിതനായിരിക്കുന്നതിന് പകരം സ്വന്തം വിശ്വാസങ്ങൾ നിലനിർത്തുന്നതിലുള്ള വിഭ്രമത്തെ സൂക്ഷിച്ച് കൊൾക. 'ഞാനിത് ചെയ്യുകയില്ല' എന്നൊരിക്കലും പറയരുത്. നിങ്ങൾക്ക് ചെയ്യേണ്ടിവരും. നമ്മുടെ കർത്താവിനോളം വ്യക്തിസ്വാതന്ത്ര്യം എടുത്ത ഒരാൾ ഈ ഭൂമിയിൽ ഇല്ലായിരുന്നു. എന്നാൽ തന്റെ പിതാവിന്റെ കാര്യത്തിൽ അവനിൽ യാതൊരു അസ്ഥിരതയുമില്ലായിരുന്നു. ഒരു വിശുദ്ധൻ കാണിക്കേണ്ട പ്രധാന സ്ഥിരത ഒരു തത്ത്വത്തോടല്ല, ദൈവിക ജീവിതത്തോടാണ്. ദൈവിക മനസ്സിനെക്കുറിച്ച് നിരന്തരം കൂടുതൽ കൂടുതൽ കണ്ടുപിടിത്തങ്ങൾ നടത്തുന്നത് ദൈവിക ജീവിതമാണ്. വിശ്വാസസ്ഥൈര്യം പുലർത്തുന്നതിനെക്കാൾ എളുപ്പം ഒരാശയഭ്രാന്തനാകുകയാണ്. കാരണം നാം ദൈവത്തോട് വിശ്വസ്തരായിരിക്കുമ്പോൾ ദൈവം നമ്മുടെ ആത്മീയാഹങ്കാരം ഇല്ലാതാക്കി നമ്മെ വിനയാന്വിതരാക്കുന്നു.

## നവംബർ 15

# അതിന് നിനക്കെന്ത്?

**'കർത്താവേ, ഇവന് എന്ത് ഭവിക്കും എന്ന് യേശുവിനോട് ചോദിച്ചു. ഞാൻ വരുവോളം അവൻ ഇരിക്കണമെന്ന് എനിക്ക് ഇഷ്ടം ഉണ്ടെങ്കിൽ അത് നിനക്ക് എന്ത്''? (യോഹന്നാൻ 21:22).**

മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടുന്നതിൽനിന്ന് പിന്തിരിയാനുള്ള നമ്മുടെ വിസമ്മതത്തിൽനിന്ന്, വളരെ കഠിനമായൊരു പാഠം പഠിക്കാനുണ്ട്. മറ്റുള്ളവരുടെ ജീവിതത്തിലെ, ദൈവികക്രമത്തിൽ കയറി ഇടപെടുന്നതിന്റെ – മറ്റൊരാളുടെ ജീവിതത്തിലെ ദൈവപരിപാലനത്തിൽ ഇടപെടുന്നതിന്റെ – അപകടം ദീർഘനാളുകൾക്ക് ശേഷമേ മനസ്സിലാകൂ. ആരുടെയെങ്കിലും ജീവിതത്തിലെ കഷ്ടതകൾ കണ്ടിട്ട് 'അയാൾ കഷ്ടപ്പെടേണ്ടതില്ല, ഞാനയാളെ കഷ്ടപ്പെടാൻ അനുവദിക്കുകയില്ല' എന്ന് നാം പറയുന്നു. ദൈവത്തിന്റെ നിർലോഭമായ ഇച്ഛയ്ക്ക് മുന്നിലേയ്ക്ക് നിങ്ങൾ കൈകൾ നീട്ടി അതു തടയുന്നു. അപ്പോൾ ദൈവം ചോദിക്കും: 'അതിന് നിനക്കെന്താ'? നിങ്ങളുടെ ആത്മീയജീവിതത്തിൽ ഒരു നിശ്ചലാവസ്ഥയുണ്ടോ? അത് തുടരാൻ അനുവദിക്കരുത്; ദൈവസന്നിധിയിൽച്ചെന്ന് അതിന്റെ കാരണം കണ്ടുപിടിക്കുക. ഒരുപക്ഷേ, ഉപദേശിക്കാൻ അവകാശമില്ലാത്തിടത്ത് ഉപദേശിച്ചും, നിർദ്ദേശങ്ങൾ വെക്കാൻ അവകാശമില്ലാത്തിടത്ത് നിർദ്ദേശങ്ങൾ വെച്ചും നിങ്ങൾ മറ്റൊരാളുടെ ജീവിതത്തിൽ ഇടപെടുകയായിരുന്നു എന്നതാവാം കാരണം. നിങ്ങൾ മറ്റൊരാളെ ഉപദേശിക്കേണ്ടതുണ്ടെങ്കിൽ, ദൈവാത്മാവ് നേരിട്ട് മനസ്സിലാക്കിത്തന്ന്, ദൈവം നിങ്ങളിലൂടെ ഉപദേശം നല്കും. മറ്റൊരാളുടെ അനുഗ്രഹത്തിനായി നിങ്ങളിലൂടെ ദൈവത്തിന്റെ ഗാഢാവബോധം പ്രവർത്തിക്കുംവിധം നിങ്ങൾ ദൈവവുമായി ശരിയായി ബന്ധപ്പെടണം.

ബോധപൂർവ്വം സേവനം ചെയ്ത്, ബോധപൂർവ്വം ദൈവത്തെ ആരാധിച്ച്, ബോധതലത്തിനുള്ളിൽ മാത്രമാണ് നമ്മിലൊട്ടുമിക്കപേരും ജീവിക്കുന്നത്. ഇതെല്ലാം പക്വതയില്ലായ്മയും, നാം യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കുന്നില്ല എന്ന വസ്തുതയുമാണ് ചൂണ്ടിക്കാണിക്കുന്നത്. ദൈവത്താൽ നാം ഉപയോഗിക്കപ്പെടുന്നു എന്നറിയാത്തവിധം ദൈവമുമ്പാകെ പൂർണ്ണമായി സമർപ്പിതരാകുവോളം നമ്മുടെ അബോധതലത്തിൽ, പക്വതയുളവാക്കപ്പെട്ടുകൊണ്ടിരിക്കും. നുറുക്കപ്പെട്ട അപ്പവും ചൊരിയപ്പെട്ട വീഞ്ഞുമായി നാം ഉപയോഗിക്കപ്പെടുന്നുവെന്നതിനെക്കുറിച്ച് ബോധമുള്ളവരായിരിക്കുമ്പോൾ നമുക്ക് മറ്റൊരു തലത്തിൽ എത്തിച്ചേരാനുണ്ട്. നമ്മെക്കുറിച്ചും, ദൈവം എന്താണ് നമ്മിലൂടെ ചെയ്തുകൊണ്ടിരിക്കുന്നത് എന്നതിനെക്കുറിച്ചുമുള്ള നമ്മുടെ ബോധം പാടേ ഇല്ലാതെയാകുന്ന തലമാണത്. ഒരു വിശുദ്ധൻ ബോധപൂർവ്വം ദൈവത്തെ ആശ്രയിക്കുന്നു.

## നവംബർ 16

# എന്നിട്ടും അപ്പോഴും മാനുഷികം!

**''ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവ ത്തിന്റെ മഹത്വത്തിനായ് ചെയ്‌വിൻ''** (1 കൊരിന്ത്യർ 10:31).

ദൈവത്തിന്റെ മനുഷ്യാവതാരം എന്ന മഹാത്ഭുതം ഒരു കുട്ടിയുടെ സാധാരണ ജീ വിതത്തിലേക്ക് വഴുതിവീഴുന്നു. മലമുകളിലെ മറുരൂപപ്പെടൽ എന്ന മഹാത്ഭുതം താഴെയുള്ള ഭൂതബാധിത താഴ്‌വരയിൽ മാഞ്ഞുപോകുന്നു. പുനരുത്ഥാനത്തി ന്റെ തേജസ്സ് കടൽത്തീരത്തൊരു പ്രഭാതഭക്ഷണത്തിലേക്ക് താഴ്ന്നിറങ്ങുന്നു. ഇതൊന്നും മഹാസംഭവങ്ങളുടെ വിപരീത അന്ത്യമല്ല; ദൈവത്തിന്റെ വലിയൊരു വെളിപ്പെടുത്തലാണ്.

അനുഭവങ്ങളിൽ അത്ഭുതം തേടുവാനുള്ള ഒരു പ്രവണത നമുക്കുണ്ട്. ഒരു പ്രതി സന്ധിയിലൂടെ ഗംഭീരമായി കടന്ന് പോകുന്നതൊരു കാര്യം; എന്നാൽ ആരും കാണാനില്ലാത്തപ്പോഴും ആരും നമ്മെ അല്പം പോലും ശ്രദ്ധിക്കാനില്ലാത്തപ്പോഴും യാതൊരു പ്രശസ്തിയുടെയും പ്രകാശമില്ലാത്തപ്പോഴും ദൈവത്തെ മഹത്വപ്പെടു ത്തിക്കൊണ്ട് നിത്യജീവിതത്തിലൂടെ കടന്ന് പോകുന്നത് മറ്റൊരു കാര്യം. നമുക്ക് നമ്മുടെ തലയ്ക്ക് ചുറ്റും പ്രഭാവലയങ്ങളില്ലെങ്കിലും, ''എത്ര വലിയൊരു പ്രാർത്ഥ നാമനുഷ്യനാണ് അയാൾ, എത്ര ഭക്തൻ / ഭക്തയാണ് അയാൾ / അവൾ'' എന്നെങ്കി ലും ആളുകൾ പറയണമെന്ന് നമുക്കാഗ്രഹമുണ്ട്. നിങ്ങൾ യഥാർത്ഥത്തിൽ യേശുവിന് സമർപ്പിതൻ ആണെങ്കിൽ, ആരും നിങ്ങളെ ശ്രദ്ധിക്കാത്ത ആ വലിയ ഔന്നത്യത്തിൽ നിങ്ങൾ എത്തിച്ചേർന്നിരിക്കുന്നു. സദാസമയവും നിങ്ങളിലൂടെ വരുന്ന ദൈവശക്തിമാത്രമാണ് ശ്രദ്ധിക്കപ്പെടുക.

'എനിക്ക് ദൈവത്തിൽ നിന്ന് അത്ഭുതകരമായ ഒരു വിളിയുണ്ടായി' എന്ന് പറയാൻ കഴിയണം എന്നാണ് നമ്മുടെ ആഗ്രഹം. എന്നാൽ ദൈവമഹത്വത്തിനായി ഏറ്റവും എളിയജോലികൾ ചെയ്യാൻ, നമ്മിൽ പ്രവർത്തിക്കുന്ന, മനുഷ്യനായി അവതരിച്ച ദൈവം വേണം. മാനുഷികമായി പൂർണ്ണമായും നമ്മെ അവന്റേതാക്കിക്കൊണ്ടി രിക്കുന്ന ദൈവാത്മാവ് വേണം, നമ്മെ പാടേ ശ്രദ്ധിക്കപ്പെടാതാക്കിത്തീർക്കാൻ. വിജയമല്ല, ജീവിതത്തിന്റെ മാനുഷികതലത്തിലെ വിശ്വസ്തതയാണ്, ഒരു വിശു ദ്ധന്റെ ജീവിതത്തിന്റെ പരീക്ഷ. നാം വിജയത്തെ നമ്മുടെ ക്രിസ്തീയ ജീവിതത്തി ന്റെ ലക്ഷ്യമാക്കിവെക്കും. എന്നാൽ നമ്മുടെ മനുഷ്യജീവിതത്തിൽ ദൈവമഹത്വം വെളിപ്പെടുത്തുകയും, നമ്മുടെ നിത്യജീവിതാവസ്ഥകളിൽ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്ന ജീവിതം നയിക്കുകയുമാണ് നമ്മുടെ ലക്ഷ്യം. നമ്മു ടെ മനുഷ്യബന്ധങ്ങൾ തന്നേയാണ് ദൈവത്തിന്റെ മാതൃകാജീവിതം വെളിപ്പെ ടുത്തേണ്ട അവസ്ഥകൾ.

## നവംബർ 17

# നിത്യലക്ഷ്യം

**'നീ ഈ കാര്യം ചെയ്ത് നിന്റെ ഏകജാതനായ മകനെ തരുവാൻ മടിയ്ക്കായ്ക കൊണ്ട് ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും ...... അനുഗ്രഹിക്കപ്പെടും' (ഉല്പത്തി 22:16–19).**

ദൈവപ്രകൃതവുമായിത്തന്നേ സമ്പർക്കത്തിലാകുന്ന ഇടത്തിൽ അബ്രാഹാം എത്തിയിരിക്കുന്നു. ഇപ്പോൾ ദൈവത്തിന്റെ യാഥാർത്ഥ്യം അവനറിയുന്നു.

'ദൈവം തന്നേ എൻ ലക്ഷ്യം .............
വിലയെന്തും ഞാൻ നല്കീടാം,
പ്രിയനേ, നിന്നെ കണ്ടെത്താൻ
വഴിയേതും ഞാൻ പോയീടാം'.

എന്തു വിലയും, ഏതു വഴിയും എന്നതിനർത്ഥം: നമ്മെ ലക്ഷ്യത്തിലെത്തിക്കാൻ ദൈവവഴിക്ക് കീഴടങ്ങുക എന്നത്രേ.

ദൈവം സംസാരിക്കുമ്പോൾ എന്നിലുള്ള ദൈവപ്രകൃതത്തോട് തന്നേയാണ്, അവൻ സംസാരിക്കുന്നതെങ്കിൽ അതിനെ ചോദ്യം ചെയ്യാനുള്ള യാതൊരു സാധ്യതയുമില്ല. ഉടനടിയുള്ള അനുസരണം മാത്രമാണ് ഫലം. യേശു 'വരിക'' എന്ന് പറയുമ്പോൾ ഞാൻ വരികയും 'വിട്ടുകളയുക'' എന്ന് പറയുമ്പോൾ ഞാൻ വിട്ടുകളയുകയും 'ഇക്കാര്യത്തിൽ ദൈവത്തെ വിശ്വസിക്കുക'' എന്ന് പറയുമ്പോൾ വിശ്വസിക്കുകയും ചെയ്യുന്നു. എങ്കിൽ ദൈവപ്രകൃതം എന്നിലുണ്ടെന്നതിന്റെ തെളിവാണ് ഈ പ്രവർത്തനമത്രയും.

ദൈവം, തന്നെത്തന്നേ എനിക്ക് വെളിപ്പെടുത്തിത്തരുന്നത് ദൈവപ്രകൃതത്താലല്ല, എന്റെ സ്വഭാവത്താലാണ് നിർണ്ണയിക്കപ്പെടുന്നത്.

അല്പനാണ് ഞാനതിനാൽ
നിന്ദ്യമെന്നു തോന്നുന്നു നിൻ വഴികൾ.

അനുസരണത്തിന്റെ അച്ചടക്കത്തിലൂടെ അബ്രാഹാം എത്തിയേടത്ത് ഞാനുമെത്തുകയും, ആരാണ് ദൈവമെന്ന് ഞാൻ കാണുകയും ചെയ്യുന്നു. യേശുക്രിസ്തുവിനെ, മുഖാമുഖം കാണുന്നത് വരെ എനിക്ക് ദൈവം യഥാർത്ഥമാകുകയില്ല; അങ്ങനെ വന്ന് കഴിഞ്ഞാൽ 'എന്റെ ദൈവമേ, ഈ ലോകത്തിൽ നീയല്ലാതെ ആരുമില്ല, നീയല്ലാതെ ആരുമില്ല'.

അനുസരണത്താൽ ദൈവപ്രകൃതം മനസ്സിലാക്കുന്നത് വരെ ദൈവവാഗ്ദാനങ്ങൾ നമുക്കൊരു മൂല്യവുമില്ലാത്തവയാണ്. മുന്നൂറ്റിയറുപത്തിയഞ്ച് പ്രാവശ്യം (നിത്യവും) നാം എന്തൊക്കെയോ വേദപുസ്തകത്തിൽ വായിക്കുന്നു എന്നാൽ അവയിൽ നാമൊരർത്ഥവും കാണുന്നില്ല. എന്നാൽ പിന്നീടെപ്പോഴോ ദൈവം എന്താണുദ്ദേശിക്കുന്നതെന്ന് നാം മനസ്സിലാക്കുകയും ദൈവപ്രകൃതം നമ്മുടെ മുന്നിൽ തുറന്നു വരികയും ചെയ്യുന്നു. ''ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്രയുണ്ടെങ്കിലും, അവനിൽ ഉവ്വ് എന്നത്രെ'' (2 കൊരിന്ത്യർ 1:20) ഈ 'ഉവ്വ്' അനുസരണത്തിൽ നിന്ന് ജനിക്കേണ്ടതാകുന്നു. നമ്മുടെ ജീവിതത്തിലെ അനുസരണത്താൽ നാമൊരു വാഗ്ദാനത്തോട് 'ഉവ്വ്' എന്ന് പറയുമ്പോൾ അത് നമ്മുടേതാകുന്നു.

## നവംബർ 18

# സ്വാതന്ത്ര്യത്തിലേക്കുള്ള മുന്നേറ്റം

**''പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ, നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും'' (യോഹന്നാൻ 8:36).**

'എനിക്ക് വയ്യ' എന്ന വാക്കുകൾ ആത്മവഞ്ചനയുടെ ലക്ഷണമാണ്. നല്ല വ്യക്തിത്വം നിഷേധ വചനങ്ങൾ ഉച്ചരിക്കയില്ല. അതു നന്മയെ നിരന്തരം ഉൾക്കൊള്ളുന്നു; ദൈവത്തെ ഏറെ അറിയുന്നു. ഇതിനു തടസ്സം വരുത്തുന്നതു പാപവും അഹംഭാവവുമാണ്. പാപത്തെ ദൈവം മാറ്റും. അഹംഭാവത്തെ നാം തന്നേ ഉപേക്ഷിക്കണം. നമ്മുടെ സ്വാഭാവിക ജീവിതത്തെ ദൈവത്തിനു സമർപ്പിക്കുമ്പോൾ ദൈവം നമുക്ക് ആത്മീയജീവിതം തരും.

ദൈവം നമ്മെ അച്ചടക്കം പഠിപ്പിക്കുകയില്ല; നാം നമ്മെ സ്വയം ശിക്ഷണത്തിൽ കൊണ്ടുവരണം. ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയെയും, ഏത് വിചാരത്തെയും (2 കൊരിന്ത്യർ 10:5) ദൈവം പിടിച്ചടക്കുകയില്ല, നാമത് ചെയ്യണം. അലസമായ ചിന്തകളാൽ 'ഞാൻ കഷ്ടപ്പെടുന്നു കർത്താവേ', എന്ന് പറയരുത്. അവയാൽ കഷ്ടപ്പെടാൻ സ്വയം അനുവദിക്കരുത്. നിങ്ങളുടെ ഭൗതികജീവിതത്തിന്റെ സ്വേച്ഛാധിപത്യത്തിൽ നിന്ന് മോചിതനായി ആത്മീയജീവിതത്തിലേക്കുള്ള സ്വാതന്ത്ര്യം നേടുക.

'പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ.....', ഇവിടെ പുത്രൻ എന്നതിന് പകരം രക്ഷിതാവ് എന്നാക്കരുത്. രക്ഷകൻ നമ്മെ പാപത്തിൽ നിന്ന് മോചിപ്പിച്ചു. ഇനി പുത്രനാൽ നാം നമ്മിൽ നിന്ന് മോചിപ്പിക്കപ്പെട്ടു സ്വതന്ത്രരാവണം. ഇതാണ് 'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു' എന്ന് പൗലോസ് പറഞ്ഞതിനർത്ഥം. പൗലോസിന്റെ വ്യക്തിത്വം തകർക്കപ്പെടുകയും ആത്മാവ് കർത്താവുമായി ലയിക്കുകയല്ല, ഒന്നായിത്തീരുകയും ചെയ്തു. നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും – സത്തയിൽ, ഉള്ളിന്റെ ഉള്ളിൽ നിന്നു സ്വതന്ത്രരാകും. യേശുവുമായി ഒന്നാകുമ്പോൾ വരുന്ന ശക്തിയിൽ നിന്ന് ഊർജ്ജം തേടുന്നതിന് പകരം നമ്മുടെ സ്വന്തം ഊർജ്ജത്തിൽ ആശ്രയിക്കാനാണ് നമ്മുടെ പ്രവണത. അതു പാടില്ല.

## നവംബർ 19

# അവൻ വന്നു കഴിയുമ്പോൾ

**''അവൻ വന്നു പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും'' (യോഹന്നാൻ 16:8).**

പാപബോധത്തെക്കുറിച്ച് നമ്മിൽ വളരെകുറച്ച് പേർക്കേ അറിയൂ. നാം തെറ്റായ കാര്യങ്ങൾ ചെയ്തതിനാൽ അസ്വസ്ഥരാകുന്ന അനുഭവമേ നമുക്കറിയൂ. എന്നാൽ പരിശുദ്ധാത്മാവ് പാപബോധം തരുമ്പോൾ ഭൂമിയിലുള്ള നമ്മുടെ മറ്റെല്ലാ ബന്ധവും തുടച്ച് മാറ്റപ്പെടുകയും ഒരൊറ്റ ബന്ധത്തെക്കുറിച്ച് മാത്രം നാം ബോധവാന്മാരാകുകയും ചെയ്യുന്നു. 'നിന്നോട്, നിന്നോട് തന്നേ ഞാൻ പാപം ചെയ്തിരിക്കുന്നു'. ഈ സ്ഥിതിയിൽ ഒരു മനുഷ്യൻ ദൈവം അയാളോട് ക്ഷമിക്കുകയില്ലെന്ന് അയാളുടെ മനഃസാക്ഷിയുടെ സർവ്വശക്തിയിലും അറിയുന്നു. ദൈവം അയാളോട് ക്ഷമിച്ചു എങ്കിൽ, അയാൾക്കാവും ദൈവത്തെക്കാൾ കുറേക്കൂടി ശക്തമായ നീതിബോധം. ദൈവം ക്ഷമിക്കുക തന്നേ ചെയ്യുന്നു; എന്നാൽ അങ്ങനെ ചെയ്യാൻ ക്രിസ്തുവിന്റെ മരണത്തിലൂടെ ദൈവഹൃദയം കീറിമുറിക്കപ്പെടുന്നതിന്റെ വില കൊടുക്കണം.

ദൈവകൃപയുടെ മഹാത്ഭുതം ഇതാണ്. ദൈവം പാപം ക്ഷമിക്കുന്നു. പാപം ക്ഷമിക്കാനും, പാപം ക്ഷമിക്കുക വഴി സ്വപ്രകൃതത്തോട് സത്യസന്ധമായി നിലകൊള്ളാനും, ദൈവികപ്രകൃതത്തെ പ്രാപ്തമാക്കുന്നത് യേശുക്രിസ്തുവിന്റെ മരണം മാത്രമാണ്. ദൈവസ്നേഹം എന്നുപറഞ്ഞാൽ അത് കാൽവരിയാണ്. അതിൽക്കുറഞ്ഞൊന്നുമല്ല. ദൈവസ്നേഹം വിശദമാക്കപ്പെടുന്നത് കുരിശിലാണ്, മറ്റെങ്ങുമല്ല. ദൈവത്തിന് എന്നോട് ക്ഷമിക്കാൻ കഴിയുന്നതിന്റെ ഒരേയൊരടിസ്ഥാനം ക്രിസ്തുവിന്റെ കുരിശാണ്. അവിടെയാണ് എന്റെ മനസ്സാക്ഷി സംതൃപ്തമാകുന്നത്.

നരകത്തിൽ നിന്ന് രക്ഷിക്കപ്പെടുകയും സ്വർഗ്ഗത്തിനായി ഒരുക്കപ്പെടുകയും മാത്രമല്ല, പാപക്ഷമയുടെ അർത്ഥം. (ആ തലത്തിൽ ആരും പാപക്ഷമയെ സ്വീകരിക്കുകയില്ല) ക്രിസ്തുവിനോടു കൂടെ ഞാൻ ദൈവത്തിൽ ഒന്നാകുന്ന, പുതുതായി സൃഷ്ടിക്കപ്പെടുന്ന ഒരു ബന്ധത്തിലേക്ക് എനിക്ക് ക്ഷമ ലഭിച്ചിരിക്കുന്നു എന്നുകൂടി അതിന് അർത്ഥമുണ്ട്. വിശുദ്ധിയില്ലാത്ത എന്നെ വിശുദ്ധനായ തന്റെ നിലവാരത്തിലേക്ക് ദൈവം കൊണ്ടുവരുന്നു എന്നതാണ് രക്ഷയുടെ അത്ഭുതം. എന്നിൽ ഒരു പുതിയ പ്രകൃതം, യേശുവിന്റെ പ്രകൃതം വെച്ചുകൊണ്ടാണ് ഇത് ദൈവം ചെയ്യുന്നത്.

## നവംബർ 20

# ദൈവത്തിന്റെ ക്ഷമ

**''അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്'' (എഫെസ്യർ 1:7).**

ദൈവത്തിന്റെ പിതൃത്വം എന്ന സന്തോഷകരമായ കാഴ്ചപ്പാട് കൂടുതൽ ശ്രദ്ധിക്കണം. ദൈവം സ്നേഹവും കരുണയും നിറഞ്ഞവനായതുകൊണ്ട് നമ്മോട് എല്ലാം ക്ഷമിക്കും എന്ന ആശയം പുതിയ നിയമത്തിനു ചേരുന്നതല്ല. ക്രിസ്തുവിന്റെ അതിദാരുണമായ ക്രൂശുമരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ദൈവം പാപം ക്ഷമിക്കുന്നത്. മറ്റേതെങ്കിലും അടിസ്ഥാനം പാപക്ഷമയ്ക്കു കാണുന്നത് ബോധപൂർവ്വമല്ലാത്ത ദൈവനിന്ദയാണ്. നമ്മുടെ പാപം ക്ഷമിക്കാനും നമ്മെ തന്റെ പ്രീതിയിൽ കൊണ്ടുവരാനും ദൈവത്തിന് കഴിയുന്ന ഒരേയൊരടിസ്ഥാനം ക്രിസ്തുവിന്റെ കുരിശത്രേ. മറ്റൊരു വഴിയുമല്ല. നാം നിഷ്പ്രയാസം സ്വീകരിക്കുന്ന ആ ക്ഷമയ്ക്ക് കാൽവരിയിലെ വ്യാകുലത വില കൊടുക്കേണ്ടി വന്നു. ഒരിക്കലും നാം പരിശുദ്ധത്മാവിന്റെ ദാനമായ പാപക്ഷമയും വിശുദ്ധീകരണവും ലളിതമായൊരു വിശ്വാസത്തിൽ സ്വീകരിക്കുകയും, എന്നിട്ട് ഇത് നമുക്ക് നല്കാൻ ദൈവം കൊടുക്കേണ്ടിവന്ന വലിയ വില മറക്കുകയുമരുത്.

പാപക്ഷമ എന്നത് കൃപയുടെ ദൈവികാത്ഭുതമാണ്. ഇതിനു ദൈവം കൊടുത്ത വില ക്രിസ്തുവിന്റെ ക്രൂശാണ്. വിശുദ്ധ ദൈവമായിരിക്കെ പാപം ക്ഷമിക്കാൻ, ഈ വില കൊടുക്കേണ്ടതുണ്ടായിരുന്നു. പാപ മോചനത്തെ മായിച്ച് കളയുന്ന ദൈവിക പിതൃത്വത്തെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാട് ഒരിക്കലും സ്വീകരിക്കരുത്. പാപപരിഹാരമില്ലാതെ തനിക്ക് പാപക്ഷമ നല്കാൻ കഴിയുകയില്ല എന്നതാണ് ദൈവത്തെക്കുറിച്ച് വെളിപ്പെടുത്തപ്പെടുന്ന സത്യം. പാപപരിഹാരത്തിലൂടെ ദൈവത്തിനടുത്തേയ്ക്ക് വരിക മാത്രമാണ് നമുക്ക് ക്ഷമ ലഭിക്കാനുള്ള ഒരേയൊരു വഴി. അലൗകികതലത്തിൽ മാത്രമാണ് ദൈവത്തിൽ നിന്നുള്ള ക്ഷമ സാദ്ധ്യമാകുന്നത്.

പാപക്ഷമ എന്ന അത്ഭുതവുമായി താരതമ്യം ചെയ്യുമ്പോൾ, വിശുദ്ധീകരണത്തിന്റെ അനുഭവം ചെറുതാണ്. മനുഷ്യ ജീവിതത്തിലെ പാപക്ഷമയുടെ അത്ഭുതകരമായ പ്രദർശനമാണ് വിശുദ്ധീകരണം. എന്നാൽ ഒരു മനുഷ്യനിലെ കൃതജ്ഞതയുടെ അഗാധമായ ഉറവിടങ്ങളെ ഉണർത്തുന്നത് ദൈവം ഒരാളിന് നല്കുന്ന പാപക്ഷമയാണ്. പൗലോസ് ഒരിക്കലും ഈ കൃതജ്ഞതാബന്ധനത്തിൽ നിന്ന് പുറത്ത് കടന്നില്ല. നിങ്ങളോട് ക്ഷമിക്കാൻ ദൈവം എന്ത് വില കൊടുത്തു എന്ന് നിങ്ങൾക്ക് മനസ്സിലാകുമ്പോൾ നിങ്ങൾ ദൈവസ്നേഹത്താൽ ബന്ധിതനായിത്തീരും.

## നവംബർ 21

# നിവൃത്തിയായി

**''ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി, നീ എനിക്ക് ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു'' (യോഹന്നാൻ 17:4).**

യേശുക്രിസ്തുവിന്റെ മരണം, ചരിത്രത്തിൽ ദൈവമനസ്സ് പ്രത്യക്ഷമായി വ്യാപരിച്ച ഒരു സംഭവമായിരുന്നു. യേശുവിനെ ഒരു രക്തസാക്ഷിയായി കാണാനുള്ള ഒരു ന്യായവും ഇല്ല. തടയപ്പെടാമായിരുന്നതായി യേശുവിന് സംഭവിച്ച എന്തോ ഒന്നായിരുന്നില്ല അവന്റെ മരണം. അവൻ വന്നതിന്റെ കാരണം തന്നേ അവന്റെ മരണമായിരുന്നു, മരിക്കാനായി പിറന്നവൻ!

ദൈവം നമ്മുടെ പിതാവാണെന്നും, അവൻ നമ്മെ സ്നേഹിക്കുന്നതിനാൽ നമ്മോട് ക്ഷമിക്കുമെന്നുമുള്ള ആശയത്തിന്മേൽ, ക്ഷമയെക്കുറിച്ചുള്ള നിങ്ങളുടെ സുവിശേഷഘോഷണം പണിതുയർത്തരുത്. ദൈവത്തെക്കുറിച്ച് യേശുവിൽക്കൂടി വെളിപ്പെടുത്തപ്പെട്ട സത്യത്തെ അത് നിഷേധിക്കുന്നു. അത് കുരിശിനെ ആവശ്യമില്ലാത്തതും കഥയില്ലായ്മയെക്കുറിച്ചുള്ള ഒച്ചപ്പാടും ആക്കിത്തീർക്കുന്നു. ദൈവം പാപം ക്ഷമിക്കുന്നുവെങ്കിൽ അത് ക്രിസ്തുവിന്റെ മരണത്താൽ മാത്രമാണ്. തന്റെ പുത്രന്റെ മരണത്താലല്ലാതെ മറ്റൊരു തരത്തിലും ദൈവത്തിന് മനുഷ്യരോട് ക്ഷമിക്കുവാൻ കഴിയുമായിരുന്നില്ല. യേശു രക്ഷകനായി ഉയർത്തപ്പെട്ടത് അവന്റെ മരണത്താലാണ്. 'എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു'. (എബ്രായർ 2:9) ഞെട്ടിത്തെറിച്ച പ്രപഞ്ചത്തിന്റെ കാതിൽ ഇന്നോളം കേട്ടതിൽവെച്ചേറ്റവും മഹത്തായ വിജയധ്വനി ക്രിസ്തുവിന്റെ കുരിശിൽ നിന്ന് കേട്ടതായിരുന്നു: ''നിവൃത്തിയായി''! മനുഷ്യരാശിയുടെ വീണ്ടെടുപ്പിന്റെ അവസാന വാക്കാണിത്.

ദൈവസ്നേഹത്തെക്കുറിച്ചുള്ള കപടമായ ഒരു കാഴ്ചപ്പാടാൽ ദൈവത്തിന്റെ വിശുദ്ധിയെ നിസ്സാരമാക്കുകയോ, മായിച്ച് കളയുകയോ ചെയ്യുന്നതെന്തും ദൈവത്തെക്കുറിച്ച് യേശുക്രിസ്തു നല്കിയ വെളിപ്പാടിനോട് സത്യം പുലർത്തുന്നില്ല. അനുകമ്പയാലോ, സഹാനുഭൂതിയാലോ, യേശുക്രിസ്തു നമ്മോടൊപ്പം ദൈവത്തിനെതിരേ നില്ക്കുന്നുവെന്നോ, നമ്മോടുള്ള സഹതാപത്തിൽ യേശു സ്വയം ഒരു ശാപമായെന്നോ ഉള്ള ചിന്തയ്ക്കിടം നല്കരുത്. ദൈവാജ്ഞയാൽ യേശു നമുക്കായി ശാപമായിത്തീർന്നു. അതിന്റെ അർത്ഥം മനസ്സിലാക്കുമ്പോൾ നമുക്ക് പാപമോചനം ലഭിക്കുന്നു. ഈ പാപമോചനം നമുക്ക് ലഭിക്കുന്നത് അപമാനത്തിന്റെയും അനുകമ്പയുടെയും വരമായിട്ടാണ്. യേശുക്രിസ്തു ആളുകളിലെ പാപത്തെ വെറുക്കുന്നു; ആ വെറുപ്പിന്റെ അളവാണ് കാൽവരി.

## നവംബർ 22

# ആഴമില്ലാത്തതും ഗംഭീരവും

**'തിന്നാലും കുടിച്ചാലും എന്ത് ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തി നായി ചെയ്വിൻ' (1 കൊരിന്ത്യർ 10 : 31).**

ജീവിതത്തിലെ ആഴമില്ലാത്ത, സാധാരണ കാര്യങ്ങൾ ദൈവനിശ്ചിതമല്ലെന്ന് ചിന്തിക്കരുത്. ആഴമേറിയ കാര്യങ്ങൾ എത്രമാത്രം ദൈവനിശ്ചിതമാണോ, അത്രമാത്രം ദൈവനിശ്ചിതമാണ് സാധാരണ കാര്യങ്ങളും. ആഴമില്ലാത്ത സാധാരണക്കാരായിരിക്കാൻ നാം ചില സമയത്ത് വിസമ്മതിക്കുന്നത് നമ്മുടെ ദൈവഭക്തികൊണ്ടൊന്നുമല്ല, നാം മെച്ചപ്പെട്ടവരാണെന്ന മതിപ്പ് മറ്റുള്ളവരിൽ ഉളവാക്കാനാണ്. ഇത് തീർച്ചയായും ആത്മീയഅഹങ്കാരത്തിന്റെ ഒരു ലക്ഷണമാണ് നാം ഇക്കാര്യത്തിൽ വളരെ ശ്രദ്ധിക്കണം; ഇങ്ങനെയാണ് നമ്മുടെ ജീവിതത്തിൽ മറ്റുള്ളവരോട് പുച്ഛം ഉണ്ടാകുന്നത്. വളരെ ആഴമുള്ള ഒരാളായി അഭിനയിക്കുന്നത് സൂക്ഷിച്ച് കൊള്ളുക – ദൈവം ഒരു ശിശുവായിത്തീർന്നല്ലോ!

ആഴമില്ലാത്തവനായിരിക്കുക എന്നാൽ പാപിയാണെന്ന അർത്ഥമില്ല; ആഴമില്ലാത്തയാൾ എന്നാൽ നിങ്ങളുടെ ജീവിതത്തിൽ യാതൊരാഴവും ഇല്ല എന്നും അർത്ഥമില്ല – സമുദ്രത്തിനൊരു തീരമുണ്ട്. തിന്നുക, കുടിക്കുക, നടക്കുക, സംസാരിക്കുക എന്നിങ്ങനെ ജീവിതത്തിലെ ആഴമില്ലാത്ത കാര്യങ്ങൾ ദൈവ നിശ്ചിതമത്രേ. ഇക്കാര്യങ്ങളെല്ലാം നമ്മുടെ കർത്താവ് ദൈവപുത്രൻ എന്ന നിലയിൽ ചെയ്തു. ശിഷ്യൻ ഗുരുവിന് മീതെയല്ല; ദാസൻ യജമാനന് മീതെയുമല്ല (മത്തായി 10:24).

ജീവിതത്തിലെ ആഴം കുറഞ്ഞ കാര്യങ്ങളിലാണ് നമ്മുടെ രക്ഷ, നമുക്ക് ഉപരിതലത്തിലുള്ള സാധാരണ ജീവിതം സാധാരണരീതിയിൽ ജീവിക്കേണ്ടതുണ്ട്. ആഴമേറിയ കാര്യങ്ങൾ വരുമ്പോൾ, ആഴമില്ലാത്ത കാര്യങ്ങളിൽ നിന്ന് വേർതിരിച്ച് ദൈവം അവയെ നമുക്ക് തരുന്നു. ദൈവത്തെയല്ലാതെ മറ്റാരെയും ആഴങ്ങൾ കാണിക്കരുത്.

ദൈവത്തെ ഒഴികെ മറ്റാരെയും സാരമായിട്ടെടുക്കുകയില്ല എന്നൊരു ദൃഢനിശ്ചയം ചെയ്യുക. ഏറ്റവും വലിയ കപടനാട്യക്കാരനായി നിങ്ങളേറ്റവും വിമർശന ബുദ്ധിയോടെ ഇടപെടേണ്ട ആൾ നിങ്ങൾ തന്നേയാണെന്ന് മനസ്സിലാക്കും.

**നവംബർ 23**

# ദൈവത്തിൽ നിന്ന് നമ്മുടെ ശ്രദ്ധ തിരിച്ച് വിടുന്ന നിന്ദ്യമായ കാര്യങ്ങൾ

**''യഹോവേ, ഞങ്ങളോട് കൃപ ചെയ്യേണമേ, ഞങ്ങളോട് കൃപ ചെയ്യേണമേ; ഞങ്ങൾ നിന്ദ സഹിച്ച് മടുത്തിരിക്കുന്നു'' (സങ്കീർത്തനം 123 :3).**

നമ്മുടെ ദൈവവിശ്വാസത്തിനല്ല, നമ്മുടെ ക്രിസ്തീയ മനോഭാവത്തിന് തകരാറുണ്ടാകാതെ സൂക്ഷിക്കുന്ന കാര്യമാണ് നാം ഏറെ ശ്രദ്ധിക്കേണ്ടത്. ''ആകയാൽ നിങ്ങൾ അവിശ്വസ്തത കാണിക്കാതിരിക്കേണ്ടതിന് നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ച് കൊൾക'' (മലാഖി 2:16). നമ്മുടെ മാനസികാവസ്ഥയ്ക്ക് ശക്തമായ ഫലങ്ങളുണ്ട്. അത് ദൈവത്തിൽ നിന്ന് മനസ്സിനെ വേർതിരിക്കുന്നതും, മനസ്സിലേക്ക് തുളച്ച് കയറുന്നതുമായ ശത്രുവാകാം. നാമൊരിക്കലും വ്യാപൃതർ ആകരുതാത്ത ചില മാനസിക ഭാവങ്ങളുണ്ട്. അവയിൽ നാം മുഴുകിയാൽ ദൈവവിശ്വാസത്തിൽ നിന്ന് അവ നമ്മുടെ മനസ്സിനെ വ്യതിചലിപ്പിക്കും. വീണ്ടും നാം ശാന്തഭാവത്തിൽ ദൈവ സന്നിധിയിൽ വരും വരെ, നമ്മെ ഭരിക്കുന്നത് ജഡത്തിലുള്ള നമ്മുടെ ആശ്രയവും മനുഷികമായ സാമർത്ഥ്യവുമായിരിക്കും.

ഈ ലോകസംബന്ധമായ ആകുലതകളെ സൂക്ഷിച്ച് കൊൾക (മർക്കൊസ് 4:19 കാണുക). നമ്മുടെ ആത്മാവിൽ തെറ്റായ മനോഭാവങ്ങൾ സൃഷ്ടിക്കുന്ന കാര്യങ്ങളാണവ. ദൈവത്തിൽ നിന്ന് നമ്മുടെ ശ്രദ്ധ തിരിച്ച് വിടുന്ന എത്ര വലിയ ശക്തിയാണ് സാധാരണ കാര്യങ്ങളെന്നത് അവിശ്വസനീയമാണ്. ഈ ലോകവ്യാകുലതകൾ നിങ്ങളെ മുക്കിക്കളയാൻ അനുവദിക്കാതിരിക്കുക.

ദൈവത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുന്ന മറ്റൊരു കാര്യം സ്വയം നീതീകരണത്തിനുള്ള നമ്മുടെ ആവേശമാണ്. ''സ്വയം നീതീകരിക്കാനുള്ള മോഹത്തിൽ നിന്നെന്നെ മോചിപ്പിക്കണേ''; എന്നാണ് സെന്റ് അഗസ്റ്റിൻ നിരന്തരം പ്രാർത്ഥിച്ചത്. നിരന്തരം സ്വയം നീതീകരിക്കാനുള്ളൊരു ആവേശം നമ്മിലെ ദൈവവിശ്വാസത്തെ നശിപ്പിക്കുന്നു. ഞാൻ സ്വയം വിശദീകരിക്കണം, ഞാൻ ആളുകൾക്ക് ഇത് മനസ്സിലാക്കിക്കൊടുക്കണം എന്നിങ്ങനെ പറയരുത്. നമ്മുടെ കർത്താവ് ഒരിക്കലും ഒന്നും വിശദീകരിച്ചില്ല. തെറ്റുകളെ അവ സ്വയം തിരുത്താൻ വിട്ടുകൊടുത്തു.

മറ്റുള്ളവർ ആത്മീയമായി വളരുന്നില്ലെന്ന് നാം മനസ്സിലാക്കുകയും, ആ തിരിച്ചറിവിനെ നാം വിമർശനമാക്കുകയും ചെയ്യുമ്പോൾ ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മ നാം തന്നേ തടയുന്നു. ആ തിരിച്ചറിവ് ദൈവം തരുന്നത് നാം അവരെ വിമർശിക്കാനല്ല. അവർക്കായി മധ്യസ്ഥപ്രാർത്ഥന നടത്താനാണ്.

## നവംബർ 24

# ആഗ്രഹങ്ങളുടെ ദിശ

**''ദാസന്മാരുടെ കണ്ണുകൾ യജമാനന്റെ കയ്യിലേക്കും, ദാസിയുടെ കണ്ണ് യജമാനത്തിയുടെ കയ്യിലേക്കും എന്നപോലെ ഞങ്ങളുടെ കണ്ണ് ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേക്ക്, അവൻ ഞങ്ങളോട് കൃപചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു'' (സങ്കീർത്തനം 123:2).**

ദൈവത്തിലുള്ള പൂർണ്ണ ആശ്രയത്തിന്റെ വിവരണമാണ് ഈ വാക്യം. ദാസന്മാരുടെ കണ്ണുകൾ യജമാനനിൽ കേന്ദ്രീകരിക്കുന്നത് പോലെ, നമ്മുടെ കണ്ണുകൾ ദൈവത്തിലേക്ക് തിരിഞ്ഞ് ദൈവത്തിൽ കേന്ദ്രീകരിക്കണം. നാം ദൈവത്തിന്റെ മുഖം അറിയുന്നതും, ദൈവം തന്നത്താൻ നമുക്ക് വെളിപ്പെടുത്തിത്തരുന്നതും ഇങ്ങനെയാണ്. ദൈവത്തിലേയ്ക്ക് കണ്ണുകൾ ഉയർത്താതെയാകുമ്പോൾ നമ്മുടെ ആത്മീയ ശക്തി ചോർന്നുപോകാൻ തുടങ്ങുന്നു. നമ്മുടെ ശക്തി ചോരുന്നത് നമ്മുടെ ബാഹ്യ ജീവിത പ്രശ്നങ്ങൾ കൊണ്ടല്ല, നമ്മുടെ ചിന്തയിലെ പ്രശ്നങ്ങൾ കൊണ്ടാണ്. വിനയമുള്ള ഒരു സാധാരണമനുഷ്യനാകുന്നതിന് പകരം ഞെളിഞ്ഞ് എത്തിക്കുത്തിനിന്ന് ദൈവത്തെപ്പോലെയാകാൻ ഞാൻ ശ്രമിക്കുകയായിരുന്നു എന്നു തിരിച്ചറിയുന്നു. ദൈവത്തിലേക്ക് നോക്കാനുള്ള ഒരു ശ്രമവും കൂടിപ്പോകുകയില്ല എന്ന് നാം മനസ്സിലാക്കണം.

ഉദാഹരണത്തിന്, നിങ്ങൾ ഒരു പ്രതിസന്ധിയിലാകുന്നു; ദൈവത്തിനായി നിങ്ങൾ ഒരു നിലപാടെടുക്കുകയും നിങ്ങൾ ചെയ്തത് ശരിയാണെന്ന് നിങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ സ്ഥിരീകരണം ലഭിക്കുകയും ചെയ്തു. മാസങ്ങളും വർഷങ്ങൾ തന്നെയും കടന്നു പോകുന്നു; ''അന്ന് ഞാൻ കാണിച്ചത് അഹങ്കാരമായിരുന്നിരിക്കാം; എനിക്ക് ആകാവുന്നതിലും വലിയ ഒരു നിലപാടായിരുന്നു ഞാനെടുത്തത്'' എന്നൊരു നിഗമനത്തിലേക്ക് നിങ്ങൾ എത്തുന്നു. ''ബാലിശമായിപ്പെരുമാറരുത്. ആത്മീയ ഉണർവ് എന്നൊക്കെ പറഞ്ഞപ്പോഴേ, അത് നൈമിഷികത്തോന്നലാണെന്നും നിങ്ങൾക്കത് താങ്ങാൻ സാധിക്കുകയില്ലെന്നു ഞങ്ങൾക്കറിയാമായിരുന്നു'' എന്നു യുക്തിവാദികളായ നിങ്ങളുടെ കൂട്ടുകാർ പറയുന്നു. ''ഞാൻ പ്രതീക്ഷിച്ചത് കൂടുതലായിപ്പോയി'' എന്ന് നിങ്ങൾക്കും തോന്നുന്നു.

ഇതെല്ലാം കേൾവിയിൽ എളിമയായിരിക്കും. എന്നാൽ നിങ്ങളുടെ ദൈവാശ്രയം പോയി ലോകാഭിപ്രായത്തിലുള്ള ആശ്രയം വന്നിരിക്കുന്നു എന്നാണ് ഇതിനർത്ഥം. ദൈവത്തിൽ ആശ്രയിക്കാതെ, നിങ്ങളുടെ കണ്ണുകൾ ദൈവത്തിൽ കേന്ദ്രീകരിക്കുന്ന കാര്യം നിങ്ങൾ അവഗണിക്കുന്നു. ദൈവം നിങ്ങളെ പെട്ടെന്നൊന്ന് തടഞ്ഞ് നിർത്തുമ്പോഴേ നിങ്ങൾക്ക് എന്തോ നഷ്ടപ്പെടുകയായിരുന്നു എന്ന് നിങ്ങൾക്ക് മനസ്സിലാകൂ. നിങ്ങളുടെ ആത്മീയ ജീവിതത്തിൽ ഒരു വരൾച്ച ഉണ്ടായാൽ, ഉടനടി അത് പരിഹരിക്കുക. ദൈവത്തിനും നിങ്ങൾക്കുമിടയിൽ എന്തോ കടന്നുവരുന്നുവെന്ന് മനസ്സിലാക്കി ഉടൻതന്നേ അതിനെ നീക്കം ചെയ്യുക.

## നവംബർ 25

# ആത്മീയകാര്യങ്ങളിലെ സ്ഥിരതയുടെ രഹസ്യം

**‘‘എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്’’ (ഗലാത്യർ 6:20).**

ഒരു മനുഷ്യൻ, വീണ്ടും ജനിക്കുമ്പോൾ, അയാളുടെ ജീവിതത്തിലെ ബാഹ്യകാര്യങ്ങളിൽ പരസ്പരബന്ധമില്ലാതെ പെരുമാറുന്നു. പൗലോസ് അപ്പൊസ്തലന് തന്റെ ജീവിതത്തിന് അന്തർദ്ധാരയായി ഒരു ഹൃദയപ്പൊരുത്തം ഉണ്ടായിരുന്നു. താൻ ദൈവത്തിൽ വേരൂന്നിയവനായിരുന്നതുകൊണ്ട്, ആന്തരിക സമ്മർദ്ദം കൂടാതെ ബാഹ്യജീവിതത്തിലെ മാറ്റങ്ങളെ ക്രമീകരിക്കാൻ പൗലോസിന് കഴിഞ്ഞു. നമ്മിലൊട്ടുമിക്കപേരും ആത്മീയതലത്തിൽ സ്ഥിരതയും ആശയപ്പൊരുത്തവും ഇല്ലാത്തവരാണ്.  കാര്യങ്ങളുടെ ബാഹ്യമണ്ഡലത്തിൽ പൗലോസ് താഴത്തെത്തട്ടിലും, പൗലോസിന്റെ വിമർശകർ മേൽത്തട്ടിലും ആയിരുന്നു. ഈ രണ്ട് തലങ്ങൾ പരസ്പരം സ്പർശിച്ച് തുടങ്ങുന്നില്ല. പൗലോസിന്റെ ആശയങ്ങൾക്ക് ഗഹനമായ അടിസ്ഥാനമുണ്ടായിരുന്നു. ആ സ്ഥിരതയുടെയും പൊരുത്തത്തിന്റെയും ഏറ്റവും വലിയ അടിസ്ഥാനം യേശുക്രിസ്തുവിന്റെ കുരിശിൽ – പാപപരിഹാരത്തിലെ, ദൈവത്തിന്റെ വ്യാകുലതയിൽ ആയിരുന്നു.

നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളോട് വീണ്ടും പറയുക. എന്നിട്ട് അവയിൽ ക്രിസ്തുവിന്റെ കുരിശിൽ അധിഷ്ഠിതമല്ലാത്തതിനെ വിട്ടുകളഞ്ഞുകൊണ്ട്, ആ കുരിശിലേക്ക് വരുക. മതേതരചരിത്രത്തിൽ കുരിശ് വളരെ ചെറിയ കാര്യമാണ്. എന്നാൽ വേദപുസ്തകത്തിന്റെ കാഴ്ചപ്പാടിൽ അത് ലോകത്തിലെ എല്ലാ സാമ്രാജ്യങ്ങളെക്കാളും വലുതാണ്. നാം സുവിശേഷം അറിയിക്കുമ്പോൾ, കുരിശിലെ ദൈവത്തെ വിട്ടുകളയുകയാണെങ്കിൽ, നമ്മുടെ സുവിശേഷഘോഷണം യാതൊന്നും സൃഷ്ടിക്കുകയില്ല. അത് ദൈവശക്തി മനുഷ്യനിലേക്ക് കടത്തിവിടുകയില്ല. അത് രസകരമായിരിക്കാം; എന്നാൽ അതിന് യാതൊരു ശക്തിയും ഉണ്ടാകുകയില്ല. എന്നാൽ കുരിശിനെക്കുറിച്ച് പറയുക. അപ്പോൾ ദൈവികഊർജ്ജം തുറന്ന് വിടപ്പെടുന്നു. ‘‘ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന് പ്രസാദം തോന്നി.....ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു.’’

## നവംബർ 26

# ആത്മീയശക്തിയുടെ ഏകാഗ്രത, തീവ്രത

**''എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ അല്ലാതെ ......'' (ഗലാത്യർ 6:14).**

നിങ്ങൾക്ക് ദൈവശക്തി – യേശുവിന്റെ പുനരുത്ഥാന ശക്തി – ഈ ശരീരത്തിൽ അറിയണമെങ്കിൽ നിങ്ങൾ യേശുവിന്റെ കുരിശിനെക്കുറിച്ച്, ദൈവത്തിന്റെ കുരിശിലെ വ്യാകുലതയെക്കുറിച്ച് ചിന്തിക്കണം. നിങ്ങളുടെ ആത്മീയാവസ്ഥയെക്കുറിച്ചുള്ള സ്വകാര്യ താല്പര്യത്തിൽ നിന്ന് സ്വയം വിച്ഛേദിക്കുക, എന്നിട്ട് തുറന്ന മനസ്സോടെ ദൈവത്തിന്റെ കുരിശിലെ ദുരന്തത്തെക്കുറിച്ച് ചിന്തിക്കുക. ഉടനടി ദൈവശക്തി നിങ്ങളിൽ വരും. എങ്കലേയ്ക്ക് തിരിയുക (യെശയ്യാവ് 45:22 കാണുക) ബാഹ്യഉറവിടത്തിൽ ശ്രദ്ധിക്കുക; അപ്പോൾ ആന്തരികശക്തി വന്നുകൊള്ളും. ശരിയായ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാത്തതുകൊണ്ടാണ് നമുക്ക് ശക്തി നഷ്ടപ്പെടുന്നത്. കുരിശിന്റെ ഫലം രക്ഷയും വിശുദ്ധീകരണവും, സൗഖ്യവുമൊക്കെയാണ്. എന്നാൽ നാം പറയേണ്ടത് ഇവയെക്കുറിച്ചൊന്നുമല്ല. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെക്കുറിച്ചാണ്. യേശുക്രിസ്തുവിന്റെ ഉദ്ഘോഷണം അതിന്റെ ജോലി സ്വയം നിർവ്വഹിക്കും. ക്രൂശിക്കപ്പെട്ടവനായ യേശുവിനെക്കുറിച്ചല്ലാതെ (1 കൊരിന്ത്യർ 2:2) നാമൊന്നിനെക്കുറിച്ചും പറയേണ്ടതില്ല. ദൈവത്തിന്റെ കേന്ദ്രബിന്ദുവിൽ (ക്രൂശീകരണത്തിൽ) മാത്രം ശ്രദ്ധയൂന്നുക; നിങ്ങളുടെ ശ്രോതാക്കൾ ശ്രദ്ധിക്കുന്നില്ലെന്ന് തോന്നിയാലും, അവർ പിന്നെയൊരിക്കലും പഴയ ആളുകൾ ആയിരിക്കുകയില്ല. ഞാൻ എന്റെ വാക്കുകൾ നിങ്ങളുമായി പങ്കിട്ടാൽ, നിങ്ങളുടെ വാക്കുകൾക്ക് ഞാൻ തരുന്നതിൽക്കവിഞ്ഞ പ്രാധാന്യമൊന്നും, നിങ്ങൾ എന്റെ വാക്കുകൾക്ക് തരുകയില്ല. എന്നാൽ കുരിശിന്റെ സത്യം നാം പരസ്പരം പങ്കിടുകയാണെങ്കിൽ, നാം വീണ്ടും, വീണ്ടും അതിനെ നേരിടും. ആത്മീയശക്തിയുടെ ആ വലിയ കേന്ദ്രത്തിൽ – കുരിശിൽ – നാം ശ്രദ്ധ കേന്ദ്രീകരിക്കണം. അതിന്റെ ഊർജ്ജം നമ്മിലേയ്ക്ക് പ്രവഹിക്കും. വിശുദ്ധ പ്രസ്ഥാനങ്ങളിലും, ആത്മീയാനുഭവ സമ്മേളനങ്ങളിലും, ക്രിസ്തുവിന്റെ കുരിശിലല്ല, കുരിശിന്റെ ഫലങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

സഭകളുടെ ബലഹീനത ഇന്നു ചർച്ച ചെയ്യപ്പെടാറുണ്ട്; ആ വിമർശനത്തിൽ, നീതിയുമുണ്ട്. ആത്മീയ ശക്തിയുടെ കേന്ദ്രത്തിൽ ശ്രദ്ധയൂന്നാത്തതാണ് ഈ ബലഹീനതയുടെ ഒരു കാരണം. കാൽവരിയിലെ ദുരന്തത്തെക്കുറിച്ചോ, വീണ്ടെടുപ്പിന്റെ അർത്ഥത്തെക്കുറിച്ചോ നാം വേണ്ടത്ര ചിന്തിച്ചിട്ടില്ല.

## നവംബർ 27

# ആത്മീയശക്തിയുടെ സമർപ്പണം

**''അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു''**
**(ഗലാത്യർ 6:14).**

ഞാൻ ക്രിസ്തുവിന്റെ കുരിശിനെ ധ്യാനിക്കുമെങ്കിൽ ഏകാകിയായ ഒരു സാധുവോ സ്വന്തവിശുദ്ധിയിൽ മാത്രം തൽപരനോ ആയിരിക്കയില്ല; പിന്നെയോ ക്രിസ്തുവിന്റെ താല്പര്യങ്ങളിൽ ശക്തമായി ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആളായിത്തീരുന്നു. നമ്മുടെ കർത്താവ് സമൂഹത്തിൽ നിന്ന് ഒഴിഞ്ഞുമാറിയില്ല. എന്നാൽ ആന്തരികമായി കർത്താവ് ആരോടും ബന്ധപ്പെട്ടുനിന്നില്ല. മറ്റൊരു ലോകത്തായിരുന്നു അവൻ ജീവിച്ചത്. തന്റെ കാലഘട്ടത്തിലെ ആത്മീയവാദികൾ ആർത്തിക്കാരനെന്നും കുടിയനെന്നും വിളിക്കാൻ പോന്നവിധം കർത്താവ് ഈ ലോകജീവിതത്തിന്റെ ഭാഗമായിരുന്നു. എന്നാൽ തന്റെ ആത്മീയ ഊർജ്ജത്തിന്റെ സമർപ്പണത്തിൽ യാതൊന്നും ഇടപെടാൻ അവൻ അനുവദിച്ചുമില്ല.

ഭാവിയിൽ ഉപയോഗിക്കുന്നതിനായി ശേഖരിച്ച് വെയ്ക്കേണ്ടതുകൊണ്ട് ഇപ്പോൾ നമ്മുടെ ആത്മീയ ഊർജ്ജം വിനിയോഗിക്കേണ്ടതില്ല എന്ന ചിന്ത നിരാശാജനകമായ ഒരു തെറ്റാണ്. ദൈവാത്മാവ് അനേകമാളുകളെ പാപത്തിൽ നിന്ന് മോചിപ്പിച്ചിട്ടുണ്ട്. എന്നാൽ അവർ തങ്ങളുടെ ജീവിതത്തിൽ യാതൊരു പൂർണ്ണതയോ, യാതൊരു സ്വാതന്ത്ര്യബോധമോ അനുഭവിക്കുന്നില്ല. ഇന്ന് ഈ ലോകത്തെമ്പാടും നാം കാണുന്ന തരത്തിലുള്ള ആദ്ധ്യാത്മികജീവിതം യേശുക്രിസ്തുവിന്റെ ഊർജ്ജസ്വലമായ വിശുദ്ധജീവിതത്തിൽ നിന്ന് പാടേ വ്യത്യസ്തമത്രേ. ''അവരെ ലോകത്തിൽ നിന്ന് എടുക്കേണം എന്നല്ല ദുഷ്ടന്റെ കയ്യിൽ അകപ്പെടാത്തവണ്ണം അവരെ കാത്തുകൊള്ളണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നത്'' (യോഹന്നാൻ 17:15). നാം ഈ ലോകത്തിലായിരിക്കുകയും, അതിൽ നിന്ന് വിട്ട് നില്ക്കുകയും വേണം; ബാഹ്യമായല്ല ആന്തരികമായി (യോഹന്നാൻ 17:16).

നമ്മുടെ ആത്മീയ ഊർജ്ജത്തിന്റെ സമർപ്പണത്തിൽ ഇടപെടാൻ നാം യാതൊന്നിനെയും അനുവദിക്കരുത്. സമർപ്പണം (ദൈവശുശ്രൂഷയ്ക്ക് നമ്മെ നല്കുക) നമ്മുടെ ഭാഗവും വിശുദ്ധീകരണം (പാപത്തിൽ നിന്ന് നീക്കി വിശുദ്ധരാക്കുക) ദൈവത്തിന്റെ ഭാഗവുമാണ്. ദൈവം താല്പര്യപ്പെടുന്ന കാര്യത്തിൽ മാത്രമേ നാമും തൽപരരാകൂ എന്ന് നാം ദൃഢനിശ്ചയം ചെയ്യണം. കുഴക്കുന്ന ഒരു പ്രശ്നത്തെ നാം അഭിമുഖീകരിക്കുമ്പോൾ, ആ രീതിയിൽ ദൃഢനിശ്ചയം ചെയ്യാൻ സ്വയം ചോദിക്കുക: ''യേശുക്രിസ്തുവിന് ഇഷ്ടമുള്ള ഒരു കാര്യമാണോ ഇത്? അതോ യേശുക്രിസ്തുവിന് എതിരായ ആത്മാവിന്റെ കാര്യമാണോ''?

**നവംബർ 28**

# ദരിദ്രന്റെ സമ്പത്ത്

**''അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പ് മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്'' (റോമർ 3:24).**

ദൈവകൃപയുടെ സുവിശേഷം മനുഷ്യാത്മാക്കളിൽ തീക്ഷ്ണമായൊരു അഭിലാഷവും തുല്യരീതിയിൽ തീക്ഷ്ണമായ നീരസവുമുണർത്തുന്നു. കാരണം അത് വെളിപ്പെടുത്തുന്ന സത്യം 'രുചികരമോ' 'വിഴുങ്ങാൻ' എളുപ്പമുള്ളതോ അല്ല. ആളുകളെക്കൊണ്ട് വീണ്ടും വീണ്ടും ദാനങ്ങൾ കൊടുപ്പിക്കുന്ന ഒരഹങ്കാരം അവരിലുണ്ട്. എന്നാൽ ഒരു ദാനം സ്വീകരിക്കാൻ തയ്യാറാകുക എന്നത് മറ്റൊരു കാര്യമാണ്. ഞാനെന്റെ ജീവിതം രക്തസാക്ഷിത്വത്തിന് കൊടുക്കാം. ഞാനെന്റെ ജീവിതം സേവനത്തിനായി സമർപ്പിക്കാം. ഞാനെന്തും ചെയ്യാം. എന്നാൽ നരകം അർഹിക്കുന്ന ഒരു പാപിയുടെ തലത്തിലേക്ക് താഴുകയും യേശുക്രിസ്തുവിന്റെ രക്ഷ എന്ന ദാനം സ്വീകരിക്കുക മാത്രമാണ് ഞാൻ ചെയ്യേണ്ടത് എന്ന് പറയുകയും ചെയ്ത് എന്നെ അപമാനിക്കരുത്.

നമ്മുടെ സ്വന്തം ശ്രമങ്ങളിലൂടെ നമുക്ക് ദൈവത്തിൽ നിന്ന് യാതൊന്നും നേടിയെടുക്കാൻ സാധിക്കുകയില്ലെന്ന് നാം മനസ്സിലാക്കണം. നാം ദരിദ്രരാണെന്ന അറിവിലേക്ക് വളരുമ്പോഴാണ് നാം ഏറ്റവും വലിയ ആത്മീയ അനുഗ്രഹം സ്വീകരിക്കുന്നത്. അവിടെ നാം എത്തുംവരെ നമുക്കായി പ്രവർത്തിക്കാൻ നമ്മുടെ കർത്താവിനു ശക്തിയില്ല. നാം സ്വയം കഴിവുള്ളവരാണെന്ന് ചിന്തിക്കുകയാണെങ്കിൽ കർത്താവിന് ഒന്നും ചെയ്യാൻ കഴിയുകയില്ല. ദാരിദ്ര്യത്തിന്റെ വാതിലിലൂടെ വേണം നാം അവന്റെ രാജ്യത്ത് പ്രവേശിക്കാൻ. നാം ''സമ്പന്നരാ''യിരിക്കുന്നിടത്തോളം, പ്രത്യേകിച്ചും അഹങ്കാരത്തിന്റെയോ സ്വാതന്ത്ര്യത്തിന്റെയോ കാര്യത്തിൽ, ദൈവത്തിന് നമുക്കായി യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല. നമുക്ക് ആത്മീയമായി വിശന്നാലേ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ കഴിയൂ. പരിശുദ്ധാത്മാവാണ് ദൈവിക പ്രകൃതത്തിന്റെ ദാനം നമ്മിൽ വെക്കുകയും ഫലപ്രദമാക്കുകയും ചെയ്യുന്നത്. നമുക്ക് അതീതമായതിനെ എടുത്ത് നമുക്കുള്ളിൽ അവൻ വെക്കുന്നു. ''അതീത''മായത് നമുക്കുള്ളിൽ വന്നുകഴിഞ്ഞാൽ അത് ''മുകളി''ലേക്കുയരുകയും യേശു വസിക്കുന്ന ഇടത്തേയ്ക്ക് നാം ഉയർത്തപ്പെടുകയും ചെയ്യുന്നു (യോഹന്നാൻ 3:5 കാണുക).

## നവംബർ 29

# യേശുക്രിസ്തുവിന്റെ സമ്പൂർണ്ണത

**''അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ച് തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും'' (യോഹന്നാൻ 16:14).**

ഇന്നത്തെ ഭക്തിപ്രസ്ഥാനങ്ങൾക്കൊന്നും പുതിയനിയമത്തിലെ യാഥാർത്ഥ്യങ്ങളുമായി ബന്ധമില്ല. യേശുക്രിസ്തുവിന്റെ മരണത്തെ ഗൗനിക്കുന്ന യാതൊന്നും അവയെ സംബന്ധിച്ചില്ല. അവയ്ക്ക് ആകെ ആവശ്യമുള്ളത് ഭക്തിനിർഭരമായ ഒരന്തരീക്ഷവും പ്രാർത്ഥനയും ആരാധനയുമാണ്. ഈ രീതിയിലുള്ള അനുഭവം അലൗകികമോ, അത്ഭുതകരമോ അല്ല. അവയ്ക്ക് ദൈവത്തിന്റെ പീഡാനുഭവത്തിന്റെ വിലകൊടുക്കേണ്ടിവരുന്നില്ല; അവ ദൈവകുഞ്ഞാടിന്റെ രക്തത്താൽ നിറം ചാർത്തപ്പെട്ടിട്ടില്ല; പരിശുദ്ധാത്മാവിനാൽ 'ഇത് സത്യമെന്ന മുദ്ര ചാർത്തപ്പെട്ടിട്ടുമില്ല. 'ഇത് സർവശക്തനായ ദൈവത്തിന്റെ പ്രവൃത്തിയത്രേ' എന്ന് ആളുകളെക്കൊണ്ട് ഭയഭക്ത്യാദരവുകളോടെ പറയിക്കുന്ന യാതൊരു ദൃശ്യലക്ഷണവുമില്ല. എന്നാൽ പുതിയ നിയമം, സർവ്വശക്തനായ ദൈവത്തിന്റെ പ്രവൃത്തിയെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചല്ല താനും.

യേശുക്രിസ്തു എന്ന വ്യക്തിയോടുള്ള വ്യക്തിപരവും തീക്ഷ്ണവുമായ ഭക്തിയാണ് ക്രിസ്തീയാനുഭവത്തിന്റെ പുതിയനിയമവ്യവസ്ഥ. ക്രിസ്തീയാനുഭവമെന്ന് പറയുന്ന മറ്റെല്ലാ അനുഭവങ്ങളും യേശുക്രിസ്തു എന്ന വ്യക്തിയിൽ നിന്നും വേർപെട്ടുനില്ക്കുന്നു. പാപമോചനം, വീണ്ടും ജനനം മുതലായ അടിസ്ഥാന വിഷയങ്ങൾ ഈ നവീന ഭക്തിപ്രസ്ഥാനങ്ങൾ കണക്കിലെടുക്കുന്നില്ല. യേശു നമ്മുടെ മാതൃകയാണ് എന്നത് മാത്രമാണ് ആശയം. പുതിയ നിയമത്തിൽ, (മാതൃകയാകുന്നതിന് എത്രയോ മുമ്പ്) യേശു രക്ഷകനായിരുന്നു. ഇന്ന് യേശു ആലങ്കാരിക നേതാവും, വെറുമൊരു ദൃഷ്ടാന്തവും മാത്രമായി ചിത്രീകരിക്കപ്പെടുന്നു. എന്നാൽ അവൻ അതിനുമൊക്കെ അപ്പുറമാണ്. അവൻ രക്ഷ തന്നേയാണ്. അവനാണ് ദൈവത്തിന്റെ സുവിശേഷം.

''സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും ..... അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് .......... എന്നെ മഹത്വപ്പെടുത്തും''. പുതിയ നിയമത്തിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തിന് ഞാൻ എന്നെ സമർപ്പിക്കുമ്പോൾ, ഞാൻ ദൈവത്തിൽ നിന്ന് പരിശുദ്ധാത്മദാനം സ്വീകരിക്കുന്നു. യേശു എന്താണ് ചെയ്തതെന്ന് പരിശുദ്ധാത്മാവ് എനിക്ക് വ്യാഖ്യാനിച്ച് തരുന്നു; യേശു എനിക്കായി പുറമേ നിന്ന് ചെയ്തത്. പരിശുദ്ധാത്മാവ് എന്റെയുള്ളിൽ ചെയ്യുന്നു.

## നവംബർ 30

# ഞാൻ ആകുന്നത് ദൈവകൃപയാലാകുന്നു

**''എങ്കിലും ഞാൻ ആകുന്നത് ദൈവകൃപയാലാകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല''** (1 കൊരിന്ത്യർ 15:10).

നാം നിരന്തരം നമ്മുടെ കഴിവ്കേടുകളെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത് നമ്മുടെ സ്രഷ്ടാവിനെ അപമാനിക്കുകയാണ്. നമ്മുടെ കഴിവില്ലായ്മയെക്കുറിച്ച് പരാതിപ്പെടുക എന്ന് പറഞ്ഞാൽ ദൈവം നമ്മളെ ഗൗനിച്ചില്ല എന്ന് ദൈവത്തെ കപടമായി കുറ്റപ്പെടുത്തുകയാണ്. മനുഷ്യരുടെ മുമ്പാകെ താഴ്മയെന്ന് തോന്നുന്ന കാര്യങ്ങളെ ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് പരിശോധിച്ച് നോക്കുക. അവ എത്രയധികം അനുചിതവും ദൈവത്തോട് ആദരവില്ലായ്മ കാണിക്കുന്നവയുമാണെന്ന് കണ്ട് നിങ്ങൾ അമ്പരക്കും. ''ഞാൻ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു എന്ന് പറയാൻ എനിക്കിഷ്ടമല്ല; ഞാനൊരു വിശുദ്ധനല്ല'' എന്ന് ദൈവതിരുമുമ്പാകെ പറയുക. അതിനർത്ഥം ഇതാണ് : ''ഇല്ല, കർത്താവേ, എന്നെ രക്ഷിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുക അസാദ്ധ്യം; എനിക്ക് അവസരങ്ങൾ കിട്ടാതെയുണ്ട്. എന്റെ ബുദ്ധിയിലും ശരീരത്തിലും ഒരുപാട് അപൂർണ്ണതകളുണ്ട്; ഇല്ല കർത്താവേ, ഇത് സാദ്ധ്യമല്ല''. ഇത് മനുഷ്യരുടെ മുമ്പാകെ അത്ഭുതകരമാംവിധം താഴ്മയായി ത്തോന്നും. എന്നാൽ ദൈവതിരുമുമ്പാകെ ഇത് ധിക്കാരമനോഭാവമാണ്.

നേരെ മറിച്ച്, ദൈവതിരുമുമ്പാകെ വിനയം എന്ന് തോന്നുന്ന കാര്യങ്ങൾ നേരെ വിപരീതമായി ആളുകൾക്ക് തോന്നും. ''സ്തോത്രം ദൈവമേ, ഞാൻ രക്ഷിക്കപ്പെടുകയും, വിശുദ്ധീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു'' എന്നു പറയുന്നത് ദൈവത്തിന്റെ മുമ്പിൽ ഏറ്റവും പരിശുദ്ധമായ വിനയപ്രകടനമാണ്. ദൈവം സത്യമാണെന്ന് അറിയാൻ മാത്രം നിങ്ങൾ നിങ്ങളെ പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കുന്നു എന്നാണ് ഇതിനർത്ഥം. നിങ്ങൾ പറയുന്നത് മറ്റുള്ളവർക്ക് താഴ്മയായിത്തോന്നുന്നുവോ എന്നതിനെക്കുറിച്ച് വിഷമിക്കരുത്. എന്നാൽ ദൈവതിരുമുമ്പാകെ സദാ വിനയത്തോടെയായിരിക്കുകയും, ദൈവം നിങ്ങൾക്ക് എല്ലാമെല്ലാം ആയിരിക്കാൻ അനുവദിക്കുകയും ചെയ്യുക.

സാരമായ ഒരൊറ്റ ബന്ധമേയുള്ളൂ. അത് നിങ്ങളുടെ സ്വന്തം രക്ഷകനോടുള്ള നിങ്ങളുടെ വ്യക്തിപരമായ ബന്ധമാണ്. എന്ത് വിലകൊടുത്തും മറ്റെല്ലാം വിട്ട് കളയുക. ദൈവം നിങ്ങളുടെ ജീവിതത്തിലൂടെ തന്റെ ഉദ്ദേശ്യം പൂർത്തീകരിക്കും. ഒരു വ്യക്തിയുടെ ജീവിതം ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് വളരെ വിലപ്പെട്ടതായിരിക്കും; ആ ജീവിതം നിങ്ങളുടേതാകാം.

## ഡിസംബർ 1

# ന്യായപ്രമാണവും സുവിശേഷവും

**'ഒരുത്തൻ ന്യായപ്രമാണം മുഴുവൻ അനുസരിച്ച് നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു' (യാക്കോബ് 2:10).**

സാന്മാർഗ്ഗിക പ്രമാണം മനുഷ്യരെന്ന നിലയിൽ നമ്മുടെ ദൗർബല്യങ്ങളെ പരിഗണിക്കുന്നതേയില്ല. നമ്മുടെ പാരമ്പര്യത്തെയോ പോരായ്മകളെയോ കണക്കിലെടുക്കുന്നില്ല. നാം പൂർണ്ണമായും സാന്മാർഗ്ഗികരായിരിക്കണം എന്ന് മാത്രമേ അതാവശ്യപ്പെടുന്നുള്ളൂ. ധാർമ്മിക നിയമം സമൂഹത്തിലെ ഉന്നതർക്ക് വേണ്ടിയോ, ലോകത്തിലെ ഏറ്റവും ബലഹീനർക്ക് വേണ്ടിയോ മാറുന്നില്ല. അത് സദാ നിലനില്ക്കുന്നത്, നിത്യമായത് ആകുന്നു. ദൈവനിശ്ചിതമായ സാന്മാർഗ്ഗികപ്രമാണം നമ്മുടെ കുറവുകൾക്ക് ഒഴികഴിവ് കണ്ടുകൊണ്ട്, ബലഹീനരായ നമുക്ക് വേണ്ടി ബലഹീനമാകുന്നില്ല. അത് സദാകാലത്തേക്ക് നിബന്ധനയില്ലാതെ പൂർണ്ണമായി നിലകൊള്ളുന്നു. ഇത് നാം മനസ്സിലാക്കുന്നില്ലെങ്കിൽ, നാം ചത്ത് ജീവിക്കുന്നവരാകുന്നു. ഒരിക്കൽ നാം മനസ്സിലാക്കിക്കഴിഞ്ഞാൽ, ജീവിതം ഒരു ദുരന്തമാകുന്നു. ന്യായപ്രമാണം കൂടാതെ പാപം നിർജ്ജീവമാകുന്നു. ''ഞാൻ ഒരു കാലത്ത് ന്യായപ്രമാണം കൂടാതെ ജീവിച്ചിരുന്നു. എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കുകയും ഞാൻ മരിക്കുകയും ചെയ്തു'' (റോമർ7:9). ഇത് മനസ്സിലാക്കുന്ന നിമിഷം ദൈവാത്മാവ് നമുക്കു പാപം സംബന്ധിച്ചു ബോധം വരുത്തുന്നു. ഒരു മനുഷ്യൻ അവിടെയെത്തും വരെ അയാൾക്ക് യാതൊരു പ്രതീക്ഷയും ഇല്ലാതിരിക്കുമ്പോൾ ക്രിസ്തുവിന്റെ കുരിശ് അയാൾക്ക് അബദ്ധമായിത്തോന്നുന്നു. പാപം ന്യായവിധിയുടെ പ്രമാണത്തെക്കുറിച്ച് ഭയനിർഭരമായ ഒരു ബോധമുളവാക്കുന്നു. അത് ഒരു മനുഷ്യനെ ആശയറ്റവനാക്കുന്നു. 'എന്നാൽ നന്മയായുള്ളതു എനിക്ക് മരണകാരണമായിത്തീർന്നു എന്നോ? ഒരു നാളും അരുത് . പാപമത്രേ മരണമായിത്തീർന്നത്. അതു നന്മയുള്ളതിനെക്കൊണ്ട് എനിക്ക് മരണം ഉളവാക്കുന്നതിനാൽ പാപം എന്ന് തെളിയേണ്ടതിനും കല്പനയാൽ അത്യന്തം പാപമായിത്തീരേണ്ടതിനും തന്നേ' (റോമർ 7:14).

പാപിയായ എനിക്ക് ദൈവവുമായി ശരിയായ ബന്ധത്തിൽ വരാൻ കഴിയുകയില്ല; അത് അസാദ്ധ്യം. ദൈവവുമായി ശരിയായ ബന്ധത്തിൽ വരാൻ ഒരൊറ്റ വഴിയേ ഉള്ളൂ. അത് യേശുക്രിസ്തുവിന്റെ മരണത്തിൽക്കൂടിയാണ്. എന്റെ അനുസരണത്താൽ എനിക്ക് ദൈവവുമായി നല്ല ബന്ധത്തിലാകാം എന്ന വിചാരം ഞാൻ കളയണം. പരിപൂർണ്ണതയിൽ ദൈവത്തെ അനുസരിക്കാൻ നമ്മിലാർക്കാണ് സാധിക്കുക!

ഒരു വ്യവസ്ഥയോടും വാഗ്ദാനത്തോടും കൂടി വരുമ്പോഴേ സാന്മാർഗ്ഗിക പ്രമാണത്തിന്റെ ശക്തി നാം മനസ്സിലാക്കിത്തുടങ്ങുകയുള്ളൂ ചിലപ്പോൾ നാം 'ദൈവം നമ്മെ അനുസരണയുള്ളവരാക്കിയെങ്കിൽ' എന്നാഗ്രഹിക്കുന്നു. മറ്റ് ചിലപ്പോൾ ദൈവം നമ്മെ തനിച്ച് വിട്ടിരുന്നെങ്കിലെന്നും തോന്നും. ദൈവഹിതം പൂർണ്ണനിയന്ത്രണം നടത്തുമ്പോൾ യാതൊരു സമ്മർദ്ദവുമില്ല. ദൈവത്തെ അനുസരിക്കാൻ നാം ബോധപൂർവ്വം തീരുമാനിക്കുകയാണെങ്കിൽ, തന്റെ സർവശക്തിയിലും ദൈവം അതിവിദൂരതയിലുള്ള നക്ഷത്രത്തെയും, അവസാന മണൽത്തരിയെയും വരെ നമ്മുടെ സഹായത്തിനെത്തിക്കും.

## ഡിസംബർ 2

# ക്രിസ്തീയ പരിപൂർണ്ണത

**'ലഭിച്ച് കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ, അല്ല ഞാൻ ക്രിസ്തുയേശു വിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അത് പിടിക്കാമോ എന്ന് വെച്ച് പിന്തുടരുന്നതേ ഉള്ളൂ' (ഫലിപ്പിയർ 3:12).**

ദൈവത്തിന് എന്ത് ചെയ്യാൻ കഴിയുന്നുവോ നമ്മെ അതിന്റെ പരിപൂർണ്ണ സാമ്പി ളുകളാക്കാൻ ദൈവം ആഗ്രഹിക്കുന്നു എന്ന് അനുമാനിക്കുന്നത് തെറ്റാണ്. നമ്മെ തന്നോട് ചേർത്ത് താനുമായി ഒന്നാക്കുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം. വിശുദ്ധിയുടെ സാമ്പിളുകളെ സൃഷ്ടിക്കുന്നു എന്നതാണ് ഭക്തി പ്രസ്ഥാനക്കാർ ഊന്നിപ്പറയുന്ന കാര്യം. വ്യക്തിപരമായ വിശുദ്ധിക്കു പ്രാധാന്യം നല്കുമ്പോൾ ദൈവം അവഗണിക്കപ്പെടും. ഈ ആശയത്തെ നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ, നിങ്ങളുടെ ജീവിതത്തിലെ ഉറച്ച ലക്ഷ്യം, ദൈവമായിരിക്കുകയില്ല, മറിച്ച് നിങ്ങളു ടെ ജീവിതത്തിൽ ദൈവം ഉണ്ടെന്നതിന് തെളിവായി നിങ്ങൾ പറയുന്ന കാര്യമായി രിക്കും. ''എന്നെ രോഗിയാക്കണമെന്ന് ദൈവം ഒരിക്കലും ഇച്ഛിക്കയില്ല'' എന്ന് നിങ്ങൾക്കെങ്ങനെ പറയുവാൻ കഴിയും? തന്റെ സ്വന്തം മകനെ തകർക്കാൻ ദൈവം സമ്മതിച്ചുവെങ്കിൽ (യെശയ്യാവ് 53:10 കാണുക). എന്തു കൊണ്ട് അവന് നിങ്ങളെ തകർത്തു കൂടാ? നിങ്ങളുടെ ജീവിതത്തിൽ പ്രകാശിക്കുകയും വെളിപ്പെടു കയും ചെയ്യേണ്ടത് ഒരു വിശുദ്ധനെക്കുറിച്ചു നിങ്ങൾക്കുള്ള അഭിപ്രായസ്ഥിരതയ ല്ല, യേശുവിനോടുള്ള നിങ്ങളുടെ സജീവ ബന്ധവും, നിങ്ങൾക്ക് സുഖമാണെങ്കലും അസുഖമാണെങ്കിലും അവനോടുള്ള സമർപ്പണവുമാണ്.

ക്രിസ്തീയ പരിപൂർണ്ണത, ഒരിക്കലും, മാനുഷിക പരിപൂർണ്ണതയല്ല, ആകുകയുമില്ല. മനുഷ്യ ജീവിതത്തിലെ അപ്രധാനമെന്ന് തോന്നുന്ന കാര്യങ്ങൾക്കിടയിലും ദൈവ വുമായുള്ള ഒരു യഥാർത്ഥ ബന്ധത്തിന്റെ പരിപൂർണ്ണതയാണ് ക്രിസ്തീയ പരി പൂർണ്ണത. യേശുക്രിസ്തുവിന്റെ വിളി നിങ്ങൾ അനുസരിക്കുകയാണെങ്കിൽ നിങ്ങൾ ശ്രദ്ധിക്കുന്ന ആദ്യകാര്യം, നിങ്ങൾചെയ്തു വന്നിരുന്ന പലകാര്യങ്ങളും അർത്ഥമി ല്ലാത്തവയായിരുന്നു എന്നതാണ്; മറ്റൊരു കാര്യം, മറ്റാളുകൾ അർത്ഥപൂർണ്ണവും ചാഞ്ചാട്ടങ്ങളില്ലാത്തതുമായ ഒരു ജീവിതം നയിക്കുന്നതു പോലെ തോന്നുന്നു എന്നതാണ്. അങ്ങനെയുള്ള ജീവിതങ്ങൾ, 'ദൈവം അത്യാവശ്യമില്ല' എന്ന ആശയം നിങ്ങൾക്കിട്ട് തരും; മനുഷ്യപ്രയത്നത്താലും ഭക്തിയാലും ദൈവം ആഗ്രഹിക്കുന്ന നിലവാരത്തിൽ നമുക്കെത്താം എന്ന തോന്നുലുപോലുമുളവാക്കും. ഈ അധഃ പതിച്ച ലോകത്ത് ഒരിക്കലും ഇത് ചെയ്യാൻ കഴിയുകയില്ല. എന്റെ ജീവിതം മറ്റു ള്ളവരുടെ ജീവിതത്തിൽ ദൈവത്തിന് വേണ്ടിയൊരു അഭിലാഷം സൃഷ്ടിക്കണം. അതിന് ദൈവവുമായി ഒരു പരിപൂർണ്ണബന്ധത്തിന് ഞാൻ വിളിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവർക്ക് എന്നോട് ആരാധന തോന്നിക്കാനല്ല ഞാൻ വിളിക്കപ്പെട്ടിരിക്കുന്നത്. എന്നെക്കുറിച്ചുള്ള ചിന്തകൾ ദൈവത്തിന് എന്നെക്കൊണ്ടുള്ള പ്രയോജനത്തിന് തടസ്സമാകുന്നു. തന്റെ അലമാരയിലെ ഒരു കൗതുകവസ്തുവാക്കാൻ എന്നെ പരി പൂർണ്ണനാക്കുക എന്നതല്ല ദൈവത്തിന്റെ ഉദ്ദേശ്യം. എന്നെ ഉപയോഗിക്കാൻ കഴി യുന്നിടത്ത് ദൈവം എന്നെ എത്തിക്കുന്നു; ദൈവഹിതമെന്തോ അതെന്നിൽ നവ്യ ത്തിയാകട്ടെ!

## ഡിസംബർ 3

# ശക്തിയാലുമല്ല അധികാരത്താലുമല്ല

**'നിങ്ങളുടെ വിശ്വാസത്തിന് മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തിതന്നേ ആധാരമായിരിക്കേണ്ടതിന് എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാലല്ല ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രെ ആയിരുന്നത്'** (1 കൊരിന്ത്യർ 2:4).

സുവിശേഷം പ്രസംഗിക്കുമ്പോൾ, സുവിശേഷത്തിന്റെ ശക്തി തന്നേ പ്രസംഗിക്കണം. സ്വന്തം അറിവുള്ള മറ്റു കാര്യങ്ങൾ പറയുകയാണെങ്കിൽ സത്യത്തിലെത്തിച്ചേരുന്നതിൽ നിന്ന് നിങ്ങൾ ആളുകളെ തടയുകയായിരിക്കും. രക്ഷയുടെ വഴിയെക്കുറിച്ചുള്ള നിങ്ങളുടെ അറിവിനെ ഉദ്ഘോഷിക്കുമ്പോൾ നിങ്ങൾ സ്വയം ദൈവവിശ്വാസത്തിൽ വേരൂന്നുകയും, അടിസ്ഥാനപ്പെടുകയും ചെയ്യാൻ ശ്രദ്ധിക്കുക. നിങ്ങൾ കാര്യങ്ങൾ അവതരിപ്പിക്കുന്നതിന്റെ വ്യക്തതയിൽ ആശ്രയിക്കരുത്. കാര്യങ്ങൾ വിശദീകരിക്കുമ്പോൾ നിങ്ങൾ പരിശുദ്ധാത്മാവിനെ ആശ്രയിക്കുന്നു എന്നുറപ്പ് വരുത്തുക. ദൈവത്തിന്റെ രക്ഷണ്യശക്തിയുടെ ഉറപ്പിൽ ആശ്രയിക്കുക: ദൈവം തന്റെ ജീവിതം ആളുകളിൽ സൃഷ്ടിക്കും.

നിങ്ങൾ സത്യത്തിൽ വേരൂന്നിക്കഴിഞ്ഞാൽ, യാതൊന്നും നിങ്ങളെ കുലുക്കുകയില്ല. നിങ്ങളുടെ വിശ്വാസം അനുഭവങ്ങളിലാണെങ്കിൽ, സംഭവിക്കുന്നതെന്തും ആ വിശ്വാസത്തെ ഇളക്കാം. എന്നാൽ ദൈവത്തെയോ രക്ഷ എന്ന സർവ്വശക്തമായ സത്യത്തെയോ യാതൊന്നിനും ഇളക്കാൻ സാധിക്കുകയില്ല. ഒരിക്കൽ നിങ്ങൾ യേശുക്രിസ്തുവുമായി വ്യക്തിബന്ധത്തിലായിക്കഴിഞ്ഞാൽ, പിന്നെയൊരിക്കലും നിങ്ങൾ ഇളകുകയില്ല. ഇതാണ് വിശുദ്ധീകരണത്തിന്റെ അർത്ഥം. വിശുദ്ധീകരണമെന്നത് വെറും ഒരു മനുഷ്യാനുഭവമാണെന്ന ആശയത്തിൽ പിടിച്ച് തൂങ്ങാനുള്ള മനുഷ്യശ്രമങ്ങളെ ദൈവം അംഗീകരിക്കുകയില്ല (യോഹന്നാൻ 17:19 കാണുക). ദൈവത്തിന് തന്റെ കൈകാലുകളായി എന്നെ ഉപയോഗിക്കത്തക്കവിധം, അവന്റെ ശുശ്രൂഷയ്ക്കായി ഞാനെന്റെ വിശുദ്ധീകരിക്കപ്പെട്ട ജീവിതം മനസ്സറിഞ്ഞ് ദൈവത്തിന് നല്കണം.

## ഡിസംബർ 4

# എതിർപ്പിന്റെ നിയമം

**'ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും' (വെളിപാട് 2:7).**

പോരാട്ടം കൂടാതെയുള്ള ജീവിതം അസാദ്ധ്യമാണ്. ശാരീരികവും, മാനസികവും ധാർമ്മികവും ആത്മീയവുമായ ജീവിതതലത്തിൽ നിരന്തരമായ പോരാട്ടം നടക്കുന്നുവെന്നത് ഒരു വസ്തുതയത്രേ.

എന്റെ ശാരീരിക ജീവിതവും ബാഹ്യപ്രകൃതിയും തമ്മിലുള്ള സമതുലനാവസ്ഥയാണ് (ബാലൻസാണ്) ആരോഗ്യം. നല്ല ആരോഗ്യം നിലനിർത്താൻ ബാഹ്യവസ്തുക്കളോട് പോരാടി നില്ക്കാനുള്ള ആന്തരികശക്തി എനിക്ക് വേണം. പോരാടാൻ വേണ്ട ആന്തരിക ശക്തിയുണ്ടെങ്കിൽ ആരോഗ്യത്തിന് വേണ്ട ബാലൻസ് ഞാൻ സൃഷ്ടിക്കുന്നു. മാനസിക ജീവിതത്തെ സംബന്ധിച്ചും ഇത് തന്നേയാണ് സത്യം. ശക്തവും സജീവവുമായ ഒരു മാനസികജീവിതം നിലനിർത്തണമെങ്കിൽ ഞാൻ പോരാടേണ്ടതുണ്ട്. ആ പോരാട്ടമാണ് ചിന്ത എന്ന മാനസികസമനില (ബാലൻസ്) നിലനിർത്തുന്നത്.

സാന്മാർഗ്ഗികമായും ഇങ്ങനെ തന്നേയാണ്. സാന്മാർഗ്ഗികമായി എന്നെ ശക്തീകരിക്കാത്തതെന്തും എന്നിലെ നന്മയുടെ ശത്രുവാണ്. നന്മയുളവാക്കിക്കൊണ്ട് ഞാൻ ജയിക്കുമോ എന്നത് എന്നിലുള്ള സാന്മാർഗ്ഗികമേന്മയുടെ തോതിനെ ആശ്രയിച്ചിരിക്കുന്നു സാന്മാർഗ്ഗികത യാദൃച്ഛികമായി സംഭവിക്കുന്നതല്ല; അത് നാം നേടിയെടുക്കേണ്ടത് തന്നേ.

ആത്മീയമായും ഇങ്ങനെ തന്നേയാണ്. 'ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്' (യോഹന്നാൻ 16:33). ഇതിനർത്ഥം ആത്മീയമല്ലാത്ത എന്തും എന്റെ പതനത്തിലേക്ക് നയിക്കുന്നു എന്നാണ് 'എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.' എന്നും യേശു തുടർന്ന് പറഞ്ഞു. എനിക്കെതിരായി വരുന്ന കാര്യങ്ങളോട് പോരാടി ജയിക്കാനും ആ രീതിയിൽ വിശുദ്ധിയുടെ സമതുലനാവസ്ഥ സൃഷ്ടിക്കാനും ഞാൻ പഠിക്കണം. അപ്പോൾ എതിർപ്പിനെ നേരിടുന്നത് ഒരാനന്ദമാകും.

എന്റെ പ്രകൃതവും യേശുക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവപ്രമാണവും തമ്മിലുള്ള രഞ്ജിപ്പാണ് വിശുദ്ധി.

## ഡിസംബർ 5

# പരിശുദ്ധാത്മാവിന്റെ ദേവാലയം

**'സിംഹാസനം കൊണ്ട് മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും'**
**(ഉല്പത്തി 41:40).**

ദൈവാധികാരത്തിൻ കീഴിൽ ഞാനെന്റെ ശരീരത്തെ എങ്ങനെ നിയന്ത്രിക്കുന്നുവെന്നതിനെക്കുറിച്ച് ഞാൻ ദൈവത്തോട് സമാധാനം പറയണം. താൻ ദൈവത്തിന്റെ കൃപ വൃഥാവാക്കുന്നില്ല, ഫലമില്ലാത്തതാക്കുന്നില്ല എന്നാണ് പൗലോസ് പറഞ്ഞത്. (ഗലാത്യർ 2:21) ദൈവകൃപ സമ്പൂർണ്ണവും പരിധിയില്ലാത്തതുമാണ്. യേശുക്രിസ്തുവിലൂടെയുള്ള രക്ഷ പൂർത്തീകരിക്കപ്പെട്ടതത്രെ. ഞാൻ രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുകയല്ല. ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. ദൈവസിംഹാസനം പോലെ നിത്യമാണ് രക്ഷ. ദൈവം എന്താണോ എന്നിൽ വെച്ചിരിക്കുന്നത് അതിനെ ഞാൻ ഉപയോഗിക്കണം, ഞാൻ പ്രവർത്തിക്കണം. 'നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ' (ഫിലിപ്യർ 2:12) അത് ചെയ്യുവാനുള്ള ഉത്തരവാദിത്വം എനിക്കുണ്ട്, എന്നാണർത്ഥം. എന്റെ ഈ ശരീരത്തിൽ കർത്താവായ യേശുവിന്റെ ജീവിതം, രഹസ്യമായും, പരസ്യമായും ഞാൻ വെളിപ്പെടുത്തണമെന്നും ഇതിനർത്ഥമുണ്ട്. 'ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്'(1 കൊരിന്ത്യർ 9:27). ഓരോ ക്രിസ്ത്യാനിക്കും ദൈവത്തിനായി തന്റെ ശരീരത്തെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയും. നമ്മുടെ ചിന്തകളും അഭിലാഷങ്ങളുമുൾപ്പെടെ 'പരിശുദ്ധാത്മാവിന്റെ മന്ദിരമാ'കുന്ന (1 കൊരിന്ത്യർ 6:19) ശരീരത്തെ അടക്കി ഭരിക്കാനുള്ള ഉത്തരവാദിത്വം ദൈവം നമുക്ക് തന്നിട്ടുണ്ട്. ഇവയ്ക്കെല്ലാം നാം ഉത്തരവാദികളാണ്. അനുചിതമായ യാതൊന്നിനും നാം കീഴ്പ്പെടരുത്. നാം നമ്മിലുള്ള കുറ്റങ്ങൾക്ക് ഒഴികഴിവ് കണ്ടുപിടിക്കുന്നു. അതേ സമയം നാം അന്യരിലുള്ള കാര്യങ്ങളെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു.

'നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും ദൈവത്തിന് പ്രസാദവുമായുള്ള യാഗമായി സമർപ്പിപ്പിൻ' (റോമർ12:1). തീരുമാനിക്കേണ്ട കാര്യം, എന്റെ ശരീരം തീർച്ചയായും അവന്റെ മന്ദിരമാണ് എന്ന കാര്യത്തിൽ ഞാനെന്റെ കർത്താവിനോട് യോജിക്കുന്നോ ഇല്ലയോ എന്നതാണ്. ഇത് ഞാൻ സമ്മതിച്ചാൽ എന്റെ ശരീരത്തെ സംബന്ധിക്കുന്ന നിയമങ്ങളും ചട്ടങ്ങളും പ്രമാണങ്ങളുമെല്ലാം വെളിപ്പെടുത്തപ്പെട്ട ഈ ഒരൊറ്റ സത്യത്തിൽ സംക്ഷേപിക്കപ്പെടുന്നു: എന്റെ ശരീരം 'ദൈവാത്മാവിന്റെ മന്ദിരമത്രെ'.

## ഡിസംബർ 6

# മേഘത്തിൽ എനിക്ക് മഴവില്ല്

**'ഞാൻ എന്റെ വില്ല് മേഘത്തിന്മേൽ വെക്കുന്നു. അത് ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന് അടയാളമായിരിക്കും' (ഉല്പത്തി 9:13).**

മനുഷ്യർ താനുമായി ശരിയായ ബന്ധത്തിൽ വരണമെന്നത് ദൈവഹിതമാണ്; ഈ ഉദ്ദേശ്യത്തിനായിട്ടാണ് ദൈവത്തിന്റെ നിയമങ്ങൾ. 'ദൈവം എന്തുകൊണ്ടാണ് എന്നെ രക്ഷിക്കാത്തത്?' എന്നു ചോദിക്കരുത്; കാരണം അവൻ എന്നെ രക്ഷിച്ചിരിക്കുന്നു, എന്നാൽ ഞാനിത് വരെ ദൈവവുമായി ബന്ധത്തിൽ പ്രവേശിച്ചിട്ടില്ല. ദൈവം എന്തുകൊണ്ടാണ് ഞാൻ ആവശ്യപ്പെടുന്നതെല്ലാം ചെയ്യാത്തത്? എന്നതിന്റെ ഉത്തരം: ''ദൈവം ചെയ്തിരിക്കുന്നു''. എന്നാൽ ഞാൻ ദൈവുമായി ആ ഉടമ്പടിയിൽ പ്രവേശിക്കുമോ? ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളും പൂർണ്ണമായ തത്രേ. എന്നാൽ ആ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ദൈവവുമായി ബന്ധത്തിൽ പ്രവേശിക്കും വരെ അനുഗ്രഹങ്ങൾ എന്റേതാകുകയില്ല.

ദൈവം പ്രവർത്തിക്കാൻ കാത്തിരിക്കുന്നത് ജഡികമായ അവിശ്വാസമാണ്. അതിനർത്ഥം എനിക്ക് ദൈവത്തിൽ ഒരു വിശ്വാസവും ഇല്ല എന്നാണ്. എനിക്ക് ദൈവത്തെ വിശ്വസിക്കാൻ ദൈവം എനിക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ ഞാൻ കാത്തിരിക്കുന്നു. എന്നാൽ ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനം അതല്ലാത്തതിനാൽ ദൈവം അങ്ങനെ ചെയ്യുകയില്ല. തന്റെ ഉടമ്പടിയുമായി മനുഷ്യനിലെത്തിച്ചേരാൻ ദൈവം തന്നിൽ നിന്ന് പുറത്ത് കടക്കും പോലെ, ദൈവവുമായുള്ള ഉടമ്പടിയിൽ മനുഷ്യൻ തന്റെ ശരീരത്തിനും വികാരത്തിനും പുറത്ത് കടക്കണം. ഇത് ദൈവവിശ്വാസത്തിന്റേതായ പ്രശ്നമാണ്–വളരെ അപൂർവമായ ഒരു കാര്യം. നമുക്ക് വികാരങ്ങളിൽ മാത്രമേ വിശ്വാസമുള്ളൂ. എനിക്കെന്റെ കൈയിൽ ദൈവം എന്തെങ്കിലും വെച്ച് തരുന്നത് വരെ ഞാൻ ദൈവത്തെ വിശ്വസിക്കുന്നില്ല. അങ്ങനെ കിട്ടിക്കഴിയുമ്പോൾ 'ഇപ്പോൾ ഞാൻ വിശ്വസിക്കുന്നു' എന്ന് ഞാൻ പറയുന്നു. ഇത് വിശ്വാസം അല്ല ''സകലഭൂനിവാസികളുമായുള്ളോരേ എങ്കലേക്ക് തിരിഞ്ഞു രക്ഷപ്പെടുവിൻ'' (യെശയ്യാവ് 45:22).

ദൈവത്തിന്റെ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഞാൻ മറ്റെല്ലാറ്റിനെയും വിട്ട് കളഞ്ഞ് ദൈവവുമായി ഇടപെട്ടാൽ അവിടെ വ്യക്തിപരമായ നേട്ടങ്ങളില്ല. പകരം ദൈവവുമായി ഒന്നായിത്തീർന്നതിനെക്കുറിച്ചുള്ള അതിശക്തമായ ഒരു ബോധമുണ്ടാകുകയും, എന്റെ ജീവിതം രൂപാന്തരപ്പെട്ട് ഞാൻ സന്തോഷവും ആനന്ദവും നിറഞ്ഞവനായിത്തീരുകയും ചെയ്യും.



## ഡിസംബർ 7

# അനുതാപം

**'ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം (ഇച്ഛാഭംഗം) വരാത്ത മാനസാന്ത രത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു (2 കൊരിന്ത്യർ7:10).**

പാപബോധം ഏറ്റവും നന്നായി ഈ വരികളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

> വീഴുന്നു നിൻ മേലെൻ രക്ഷകാ, ഹാ, എന്തു ഖേദം!
> പാപങ്ങളെൻ, പാപങ്ങൾ.

ഒരു മനുഷ്യന് സംഭവിക്കാവുന്ന ഏറ്റവും അസാധാരണ കാര്യങ്ങളിലൊന്നാണ് പാപബോധം. അത് ദൈവത്തെ നാം മനസ്സിലാക്കിത്തുടങ്ങുന്നതിന്റെ ആരംഭ മാണ്. 'അവൻ (പരിശുദ്ധാത്മാവ്) വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും' (യോഹന്നാൻ 16:8) എന്നാണ് യേശുക്രിസ്തു പറഞ്ഞത്. പരിശുദ്ധാത്മാവ് ഒരു മനുഷ്യന്റെ ആത്മാവി നെ ഉണർത്തുകയും അയാളെ ദൈവസന്നിധിയിലേക്ക് കൊണ്ടുവരുകയും ചെ യ്യുമ്പോൾ, അയാളെ വിഷമിപ്പിക്കുന്നത് മറ്റുള്ളവരുമായുള്ള അയാളുടെ ബന്ധ മല്ല ദൈവവുമായുള്ള അയാളുടെ ബന്ധമാണ് . 'നിന്നോട് നിന്നോട് തന്നേ ഞാൻ പാപം ചെയ്തു. തിരുമുമ്പാകെ ഞാൻ തിന്മകൾ ചെയ്തു' (സങ്കീർത്തനം 51:3). പാപക്ഷമ ലഭിച്ചവർ മാത്രമേ സത്യമായും വിശുദ്ധി നേടൂ; കാരണം പാപബോ ധം അത്ഭുതകരമായ ക്ഷമ, വിശുദ്ധി എന്നിവ അത്രയേറെ ഇഴചേർത്ത് നെയ്യപ്പെ ട്ടിരിക്കുന്നു. ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെട്ടിരിക്കുന്നതുകൊണ്ട് തനിക്ക് പാപക്ഷമ ലഭിച്ചിരിക്കുന്നു എന്ന് അയാൾ തെളിയിക്കുന്നു. ''ഞാൻ പാപം ചെ യ്തിരിക്കുന്നു'' എന്ന് ഏറ്റു പറയുന്ന ഘട്ടത്തോളം അനുതാപം ഒരാളെ എത്തി ക്കുന്നു. ഒരു മനുഷ്യൻ ആത്മാർത്ഥതയോടെ അങ്ങനെ പറയുന്നത് ദൈവം അയാളു ടെ ജീവിതത്തിൽ പ്രവർത്തിക്കുന്നു എന്നതിന്റെ തെളിവാണ്. അതിൽക്കുറഞ്ഞ എന്തും അബദ്ധങ്ങൾ പിണഞ്ഞതിലുള്ള സങ്കടം മാത്രമാണ്. ആത്മനിന്ദ ഒരാളിൽ ഉണർത്തുന്ന സ്വയമറിയാതെയുള്ള പ്രതിപ്രവർത്തനം മാത്രം.

ഒരു മനുഷ്യന്റെ മാന്യമായ 'നന്മയു'മായി പോരാടുന്ന അനുതാപത്തിന്റെ തുളച്ച് കയറുന്ന വേദനയിലൂടെയാണ് സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനം. ഈ വ്യാകു ലതകളുയർത്തുന്ന പരിശുദ്ധാത്മാവ് അതിന് ശേഷം ഒരു മനുഷ്യന്റെ ജീവിതത്തിൽ ദൈവപുത്രനെ ഉരുവാക്കിത്തുടങ്ങുന്നു. ഗലാത്യർ 4:19 കാണുക. ഈ പുതുജീവി തം ബോധപൂർവമുള്ള അനുതാപത്തിലും അബോധപൂർവമുള്ള വിശുദ്ധിയിലും സ്വയം വെളിപ്പെടുത്തും: അതൊരിക്കലും നേരെ മറിച്ച്– ബോധപൂർവമുള്ള വി ശുദ്ധിയും അബോധപൂർവമുള്ള അനുതാപവും–ആയിരിക്കുകയില്ല. ക്രിസ്ത്യാ നിത്വത്തിന്റെ അടിസ്ഥാനം അനുതാപമാണ്. കർശനമായി പറഞ്ഞാൽ, താൻ തീ രുമാനിക്കുമ്പോൾ ഒരു മനുഷ്യന് അനുതപിക്കാൻ സാധിക്കുകയില്ല. അനുതാപം എന്നത് ഒരു ദൈവദാനമാണ്. പഴയകാലത്തെ 'അതിസദാചാരനിഷ്ഠർ' 'കണ്ണീരി ന്റെ ദാനത്തിനു' വേണ്ടി പ്രാർത്ഥിച്ചിരുന്നു. അനുതാപത്തിന്റെ മൂല്യത്തെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കാതിരിക്കുകയാണെങ്കിൽ, നിങ്ങൾ പാപത്തിൽ നിലകൊ ള്ളാൻ സ്വയം അനുവദിക്കുകയാണ്. സത്യമായും അനുതപിക്കുന്നതെങ്ങനെ എന്ന് നിങ്ങൾ മറന്നു പോയോ എന്ന് സ്വയം പരിശോധിക്കുക.

## ഡിസംബർ 8

# ദൈവത്തിന്റെ പക്ഷഭേദമില്ലാത്ത ശക്തി

**'ഏകയാഗത്താൽ അവൻ വിശുദ്ധീകരിപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു' (എബ്രായർ 10:14).**

നമ്മുടെ പാപങ്ങളെക്കുറിച്ച് നാം സങ്കടപ്പെട്ടതു കൊണ്ടാണ് നമുക്ക് പാപക്ഷമ ലഭിച്ചതെന്ന് നാം വിചാരിക്കുന്നുണ്ടെങ്കിൽ ദൈവപുത്രന്റെ രക്തത്തെ നാം നിന്ദിക്കുകയാണ്. ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നതിന്റെയും, അവയെ മറക്കാമെന്നുള്ള ദൈവവാഗ്ദാനത്തിന്റെ അളവറ്റ ആഴത്തിന്റെയും കാരണം യേശുക്രിസ്തുവിന്റെ മരണമാണ്. ദൈവം നമുക്ക് നല്കിയിരിക്കുന്ന ക്രിസ്തുവിന്റെ കുരിശിലെ പാപപരിഹാരത്തെ നാം വ്യക്തിപരമായി മനസ്സിലാക്കുന്നതിന്റെ ഫലമാണ് നമ്മുടെ അനുതാപം. 'അവൻ നമുക്ക് ദൈവത്തിങ്കൽ നിന്നും ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു' (1 കൊരിന്ത്യർ1:30). ക്രിസ്തു നമുക്കായി ഇതെല്ലാം ആയിത്തീർന്നു എന്ന് മനസ്സിലാക്കുന്നതോടെ ദൈവത്തിന്റെ അളവറ്റ ആനന്ദം നമ്മിൽ തുടങ്ങുന്നു. ദൈവത്തിന്റെ ആനന്ദം എവിടെയൊക്കെ ഇല്ലയോ, മരണവിധി അവിടെ നിലവിലുണ്ട്.

നാം ആരായിരുന്നാലും എന്തായിരുന്നാലും ക്രിസ്തുവിന്റെ മരണത്തിലൂടെ ദൈവം നമ്മെ താനുമായുള്ള ശരിയായ ബന്ധത്തിൽ പുനസ്ഥാപിക്കുന്നു. ഇത് ദൈവം ചെയ്യുന്നത്, അങ്ങനെ ചെയ്യണമെന്ന് ക്രിസ്തു അവനോട് യാചിക്കുന്നതു കൊണ്ടല്ല ക്രിസ്തു മരിച്ചതു കൊണ്ടാണ്. ഇത് നേടിയെടുക്കാൻ സാധിക്കുകയില്ല. സ്വീകരിക്കപ്പെടാനേ കഴിയൂ. ക്രിസ്തുവിന്റെ ക്രൂശിനെ മന:പൂർവ്വം അവഗണിച്ചു കൊണ്ടുള്ള ഒരു യാചനകൊണ്ടും പ്രയോജനമില്ല. ഇങ്ങനെ ചെയ്യുമ്പോൾ യേശുക്രിസ്തു ഇതിനോടകം തുറന്ന് തന്ന വാതിലിന് പകരം മറ്റൊരു വാതിക്കൽ മുട്ടുകയാണ് 'ആ വഴിവരാൻ എനിക്കിഷ്ടമില്ല: ഒരു പാപിയെന്ന നിലയിൽ സ്വീകരിക്കപ്പെടുന്നത് വലിയ അപമാനമാണ്'' എന്ന് പറഞ്ഞ് നാം പ്രതിഷേധിക്കുന്നു. പത്രോസിലൂടെ ദൈവം പ്രതികരിച്ചത് ഇങ്ങനെയാണ്: 'നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൽ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല (അപ്പോസ്തല പ്രവൃർത്തികൾ 4:12). ദൈവത്തിന്റെ ഭാഗത്ത് നിന്നുള്ള ഹൃദയ ശൂന്യത എന്ന് മനുഷ്യർക്കാദ്യം തോന്നുന്നത് വാസ്തവത്തിൽ ദൈവഹൃദയത്തിന്റെ സത്യമായ വെളിപ്പെടുത്തലാണ്. ദൈവത്തിന്റെ വഴിയിലൂടെ പരിധിയില്ലാതെ പ്രവേശനമുണ്ട്. 'അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്'(എഫെസ്യർ 1:17). യേശുക്രിസ്തുവിന്റെ മരണവുമായി ഏകീഭവിക്കുക എന്നതിനർത്ഥം, അവന്റെ ഭാഗമാകാത്ത എല്ലാറ്റിലും നാം മരിക്കണം എന്നാണ്.

ചീത്ത മനുഷ്യരെ നല്ലവരാക്കുന്നു എന്നതിനാൽ ചീത്ത ആളുകളെ രക്ഷിക്കുന്നതിൽ ദൈവം നീതീകരിക്കപ്പെടുന്നു. മനുഷ്യന്റെ തിന്മയെ നമ്മുടെ കർത്താവ് അപലപിക്കുന്നു. യേശുവിന്റെ മരണത്തിലൂടെ അശുദ്ധനെ വിശുദ്ധനാക്കുന്ന പ്രായശ്ചിത്തമാണ് പാപമോചനം.

## ഡിസംബർ 9

# ലൗകികജീവിതത്തിന്റെ എതിർപ്പ്

**'ക്രിസ്തുയേശുവിലുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു' (ഗലത്യാർ 5:24).**

സ്വാഭാവികജീവിതം അതിൽതന്നേ പാപംനിറഞ്ഞതല്ല. എന്നാൽ നാം പാപത്തെ പാടേ ഉപേക്ഷിക്കണം. പിശാചുമായി യാതൊരു ഇടപാടുമില്ലാത്തവിധം നാം പാപത്തെ ഉപേക്ഷിക്കണം. പാപം നരകവും പിശാചുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു ദൈവപൈതലെന്ന നിലയിൽ, ഞാൻ ദൈവത്തിന്റേതും, സ്വർഗ്ഗത്തിന്റേതുമാണ്. പാപം ഉപേക്ഷിക്കുക എന്നതല്ല, എനിക്കെന്റെ മേലുള്ള അവകാശം, എന്റെ സ്വാഭാവിക സ്വാതന്ത്ര്യം, എന്റെ തന്നിഷ്ടം എന്നിവയെ ഉപേക്ഷിക്കുക എന്നതാണ് പ്രശ്നം. ഇവിടെയാണ് പോരാട്ടം നടക്കേണ്ടത്. മാനുഷിക കാഴ്ചപ്പാടിൽ ശരിയും, നല്ലതും ശ്രേഷ്ഠവുമായ കാര്യങ്ങൾ തന്നേയാണ് ദൈവീകമായി ഏറ്റവും നല്ലതായ കാര്യങ്ങളിൽ നിന്ന് നമ്മെ തടയുന്നത്. സ്വാഭാവികമായും സാന്മാർഗ്ഗിക മേന്മ ദൈവസമർപ്പണത്തിന് തടസ്സമായി വരുന്നു എന്ന തിരിച്ചറിവുണ്ടാകുമ്പോൾ നാം നമ്മുടെ ആത്മാവിനെ ഏറ്റവും വലിയ പോർക്കളത്തിന്റെ കേന്ദ്രത്തിലേക്ക് കൊണ്ടുവരുന്നു. തിന്മയും തെറ്റും എന്താണെന്ന് നമ്മിൽ വളരെകുറച്ച് പേർ മാത്രമേ ചർച്ച ചെയ്യാറുള്ളൂ, എന്നാൽ നന്മ എന്താണെന്നതിനെക്കുറിച്ച് നമ്മൾ ഒരുപാട് ചർച്ച ചെയ്യാറുണ്ട്. നല്ലതായതെന്തോ അതെപ്പോഴും, ഏറ്റവും നല്ലതിനെ എതിർക്കുന്നു. സാന്മാർഗ്ഗിക മേന്മയിൽ ഒരു മനുഷ്യൻ എത്ര ഉയരത്തിൽപ്പോകുന്നുവോ, അത്രയും തീക്ഷ്ണമായിരിക്കും യേശുവിനോടുള്ള അയാളുടെ എതിർപ്പ്. 'ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ' (മത്തായി 16:24). ക്രിസ്തുവിലായവർ തങ്ങളുടെ ജഡത്തെ ക്രൂശിച്ചിരിക്കുന്നു. നിങ്ങളുടെ ലൗകികജീവിതത്തിൽ നഷ്ടപ്പെടുന്നത് ഒന്നോ രണ്ടോ കാര്യങ്ങളല്ല, സർവ്വതുമാണ്. അതായത് നാം നമ്മുടെമേൽ നമുക്കുള്ള അവകാശത്തെ നിഷേധിക്കുകയും, യേശുക്രിസ്തുവിനെ ശരിയായി മനസ്സിലാക്കി അവനു ജീവിതം വിട്ടുകൊടുക്കുകയും വേണം. സ്വന്തം സ്വാതന്ത്ര്യത്തിന്റെ 'ശവസംസ്കാര'ത്തിന് വിസമ്മതിക്കരുത്. സ്വാഭാവിക ജീവിതം ആത്മീയമല്ല. നിശ്ചയദാർഢ്യത്തോടെ നാം ലൗകികജീവിതം ത്യജിച്ചില്ലെങ്കിൽ, ലൗകികാതീതമായത് ഒരിക്കലും നമുക്ക് സ്വാഭാവികമാകുകയില്ല. അതിലേക്കായി രാജകീയ പാത ഒന്നുമില്ല. നമ്മിലോരോരുത്തർക്കും പൂർണ്ണമായും അത് സ്വന്തം കൈകൊണ്ട് പൂർത്തിയാക്കാനുള്ള മാർഗ്ഗങ്ങളുണ്ട്. അത് പ്രാർത്ഥനയുടെയല്ല. ത്യാഗത്തിന്റയും അതിലൂടെ ദൈവഹിതം നിർവഹിക്കുന്നതിന്റെയും കാര്യമത്രേ.

## ഡിസംബർ 10

# ലൗകികജീവിതത്യാഗം

**‘അബ്രാഹാമിന് രണ്ട് പുത്രൻമ്മാർ ഉണ്ടായിരുന്നു. ഒരുവൻ ദാസി പ്രസവി ച്ചവൻ; ഒരുവൻ സ്വതന്ത്ര പ്രസവിച്ചവൻ എന്ന് എഴുതിയിരിക്കുന്നല്ലോ’ (ഗലാത്യർ 4:22).**

ഗലാത്യർ 4–ാം അദ്ധ്യായത്തിൽ, പാപത്തെക്കുറിച്ചല്ല ലൗകികമായതിന് ആത്മീയ മായതിനോടുള്ള ബന്ധത്തെക്കുറിച്ചാണ് പൗലോസ് പറയുന്നത്. ത്യാഗത്തിലൂടെ മാത്രമേ ലൗകികമായതിനെ ആത്മീയമായി മാറ്റാൻ സാധിക്കൂ. അങ്ങനെയല്ലെങ്കിൽ, ഒരു വിഭജിതജീവിതം നയിക്കേണ്ടി വരും. എന്തു കൊണ്ടാണ് ലൗകികമായത് ത്യജി ക്കപ്പെടണം എന്ന് ദൈവം വിധികല്പിച്ചത്? ദൈവം അങ്ങനെ കല്പിച്ചിട്ടില്ല. അത് ദൈവത്തിന്റെ പരിപൂർണ്ണ ഹിതമല്ല. അനുസരണത്തിലൂടെ ലൗകികമായതിനെ ആത്മീയമാക്കി മാറ്റണം എന്നതായിരുന്നു ദൈവത്തിന്റെ പരിപൂർണ്ണഹിതം. ലൗകി കമായത് ത്യജിക്കപ്പെടണം എന്നത് അത്യാവശ്യമാക്കിയത് പാപമാണ്.

യിസ്ഹാക്കിനെ ത്യജിക്കും മുമ്പ് അബ്രാഹാമിന് യിശ്മായേലിനെ ത്യജിക്കേണ്ടി വന്നു, ലൗകികമായതിനെ ത്യജിക്കും മുമ്പ് ആത്മീയമായ ബലികളർപ്പിക്കാനാണ് നമ്മിൽ ചിലർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. നമ്മുടെ ‘ശരീരങ്ങളെ ജീവനും വി ശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുക’ (റോമർ 12:1) എന്നത് മാത്രമാണ് ദൈവത്തിന്  ഒരു ആത്മീയ ബലി അർപ്പിക്കുവാനുള്ള ഒരേ യൊരു മാർഗ്ഗം. വിശുദ്ധീകരണത്തിന് പാപത്തിൽ നിന്നുള്ള മോചനം എന്നതി നെക്കാൾ അർത്ഥമുണ്ട്. എന്റെ രക്ഷയുടെ ദൈവത്തിന് എന്നെ സമർപ്പിക്കുക യും, അതിന് എന്ത് വിലകൊടുക്കാനും മനസ്സൊരുക്കം കാണിക്കുകയും ചെയ്യുക എന്നാണ് അതിനർത്ഥം.

ലൗകികമായതിനെ ആത്മീയമായതിനായി ത്യജിച്ചില്ലെങ്കിൽ, ലൗകികമായ ജീവിതം നമ്മിലെ ദൈവപുത്രന്റെ ജീവിതത്തെ നിന്ദിക്കുകയും നിരന്തരമായ അസ്വസ്ഥതകളു ളവാക്കുകയും ചെയ്യും. അച്ചടക്കമില്ലാത്ത ഒരാത്മീയ പ്രകൃതത്തിന്റെ ഫലമാണിത് ശാരീരികമായും ധാർമ്മികമായും നമ്മെ അച്ചടക്കത്തിൽ കൊണ്ടുവരാൻ വിസമ്മ തിക്കുന്നത് കൊണ്ട് നമുക്ക് തെറ്റ് വരുന്നു. ‘ഒരു കുട്ടിയായിരുന്നപ്പോൾ എനിക്ക് ശിക്ഷണം ലഭിച്ചിരുന്നു’ എന്ന് പറഞ്ഞ് നാം ഒഴികഴിവ് കണ്ടെത്തും,. നിങ്ങൾ ഇപ്പോൾ നിങ്ങളെത്തന്നേ ശിക്ഷണത്തിൽ കൊണ്ടുവരുക. അങ്ങനെ ചെയ്തി ല്ലെങ്കിൽ, ദൈവത്തിന് വേണ്ടിയുള്ള നിങ്ങളുടെ സ്വകാര്യജീവിതം മുഴുവൻ നിങ്ങൾ നശിപ്പിക്കും. നമ്മുടെ ലൗകികജീവിതത്തെ നാം ലാളിക്കുകയും തൃപ്തിപ്പെടുത്തു കയും ചെയ്യുന്നിടത്തോളം കാലം, ആ ജീവിതത്തിൽ ദൈവവും നമ്മോടൊപ്പമില്ല. എന്നാൽ ഒരിക്കൽ നാമതിനെ മരുഭൂമിയിൽ തള്ളിക്കളയുകയും, നിയന്ത്രണത്തിൽ കീഴിൽ നിർത്തുകയും ചെയ്യുകയാണെങ്കിൽ ദൈവം ആ ജീവിതത്തോടൊപ്പം നി ലകൊള്ളും. അവിടെ ദൈവം കിണറുകളും മരുപ്പച്ചകളും തുറക്കുകയും ലൗകിക ജീവിതത്തിന് വേണ്ടിയുള്ള തന്റെ വാഗ്ദാനങ്ങൾ പാലിക്കുകയും ചെയ്യും.

## ഡിസംബർ 11

# വ്യക്തിത്വം

**'ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ' (മത്തായി 16:24).**

വ്യക്തിജീവിതത്തിന്റെ പുറംതോടാണ് വ്യക്തിത്വസവിശേഷത. ഇത് ആളുകളെ വേർതിരിച്ച് നിർത്തുന്നു. ശൈശവത്തിന്റെ അടിസ്ഥാന സ്വഭാവമായി നാം ഇതിനെ കാണുന്നു, അത് ശരിയാണ് താനും. സ്വകാര്യ ജീവിതവുമായി ഇതിനെ കൂട്ടിക്കലർത്തരുത്. ഒറ്റപ്പെട്ട വ്യക്തിത്വസവിശേഷത, ജീവിതത്തെ സംരക്ഷിക്കാനുദ്ദേശിച്ച് കൊണ്ടു ദൈവം സൃഷ്ടിച്ച പുറംതോടാണ്. എന്നാൽ നമ്മുടെ ആത്മീയജീവിതം ദൈവവുമായുള്ള കൂട്ടായ്മയിൽ ഒന്നാകേണ്ടതിന് നമ്മുടെ വ്യക്തിത്വത്തെ ദൈവത്തിന് സമർപ്പിക്കണം. ദൈവം തനിക്കായി മനുഷ്യപ്രകൃതത്തിന് രൂപം നല്കി:, സ്വാർത്ഥതയില്ലാത്തതും ശ്രേഷ്ഠവുമായ വ്യക്തിത്വമാണു വേണ്ടത്.

സ്വാതന്ത്ര്യവും തന്നിഷ്ടവുമാണ് വ്യക്തിത്വ സവിശേഷതയുടെ രണ്ട് സ്വഭാവഗുണങ്ങൾ. നമ്മുടെ വ്യക്തിത്വത്തെ മുന്നോട്ട് കൊണ്ട് വന്ന് പ്രാധാന്യം നല്കുമ്പോൾ, മറ്റെന്തിനേക്കാളും നാം നമ്മുടെ ആത്മീയ ജീവിതത്തിന് തടസ്സമുണ്ടാക്കുന്നു 'എനിക്കത് വിശ്വസിക്കാൻ കഴിയുകയില്ല' എന്ന് നിങ്ങൾ പറയുമ്പോൾ നിങ്ങളുടെ വ്യക്തിത്വത്തിന് അത് കഴിയുന്നില്ല എന്നതാണ് കാരണം. ദൈവാത്മാവ് നിങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളെത്തന്നെ ഗാഢമായി നിരീക്ഷിച്ച് കൊള്ളുക. ഒരു തെരഞ്ഞെടുപ്പ് നടത്തത്തക്കവണ്ണം പരിശുദ്ധാത്മാവ് നിങ്ങളെ നിങ്ങളുടെ വ്യക്തിത്വത്തിന്റെ അങ്ങേയറ്റം വരെ എത്തിക്കുന്നു. ഒന്നുകിൽ 'ഞാൻ കീഴടങ്ങുകയില്ല'എന്ന് നിങ്ങൾക്ക് പറയാം. അല്ലെങ്കിൽ നിങ്ങളുടെ ആത്മീയ ജീവിതം പുറത്തേക്ക് വരാൻ അനുവദിക്കും വിധം വ്യക്തിത്വത്തിന്റെ പുറം തോടിനെ തകർത്തു കൊണ്ട് കീഴടങ്ങാം. ഒരോ പ്രാവശ്യവും ഒരൊറ്റ കാര്യത്തിലേക്ക് പരിശുദ്ധാത്മാവ് നിങ്ങളുടെ വ്യക്തിത്വത്തെ ചുരുക്കുന്നു (മത്തായി 5:23–24 കാണുക). നിങ്ങളുടെ സഹോദരനോട് നിരപ്പാകാൻ വിസമ്മതിക്കുന്നത് നിങ്ങളുടെ വ്യക്തിത്വമാണ്. ദൈവത്തിന് നിങ്ങളെ അവനുമായുള്ള ഐക്യത്തിൽ കൊണ്ടുവരണമെന്നുണ്ട്. എന്നാൽ നിങ്ങൾക്ക് നിങ്ങളുടെ മേലുള്ള അവകാശം ഉപേക്ഷിക്കുന്നത് വരെ ദൈവത്തിനത് ചെയ്യാൻ സാധിക്കുകയില്ല ''തന്നെത്തന്നേ ത്യജിക്കുക' തനിക്ക് തന്റെ മേലുള്ള സ്വാതന്ത്ര്യാവകാശം നിഷേധിക്കുക. അപ്പോൾ യഥാർത്ഥ ജീവിതം – ആത്മീയ ജീവിതം – വളരാനുള്ള അവസരം ലഭിക്കും.

## ഡിസംബർ 12

# ശ്രേഷ്ഠവ്യക്തിത്വം

**'പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന് തന്നെ' (യോഹന്നാൻ 17:22).**

മറ്റെല്ലാവരിൽ നിന്നും നമ്മെ വ്യത്യസ്തരാക്കുന്ന അതുല്യവും അനന്തവുമായ ഒരംശമാണ് നമ്മുടെ വ്യക്തിത്വം. നമുക്ക് പോലും മനസ്സിലാക്കാനാകാത്ത വിധം വിശാലമാണിത്. ഒരു സമുദ്രത്തിലെ ഒരു ദ്വീപ് വലിയൊരു പർവ്വതത്തിന്റെ ശിഖരം പോലെ മാത്രമാണ്. നമ്മുടെ ആത്മചൈതന്യവും അങ്ങനെ തന്നേ. ആഴങ്ങളെക്കുറിച്ച് നമുക്കൊന്നും അറിഞ്ഞുകൂടാ അതിനാൽ നമുക്ക് നമ്മെ സ്വയം വിലയിരുത്താൻ കഴിയുകയില്ല. കഴിയും എന്ന് നാം തുടക്കത്തിൽ ചിന്തിക്കും പക്ഷേ, അത് പൂർണ്ണമായി മനസ്സിലാക്കുന്ന ഒരാളെ ഉള്ളൂ, അത് നമ്മുടെ സ്രഷ്ടാവാണെന്ന് നാം മനസ്സിലാക്കുന്നു.

വ്യക്തിത്വം എങ്ങനെ ബാഹ്യ, സ്വാഭാവിക മനുഷ്യന്റെ സ്വഭാവവിശേഷമാകുന്നുവോ, അങ്ങനെ തന്നെ ആത്മചൈതന്യം ആന്തരിക ആത്മീയമനുഷ്യന്റെ അടയാളമാകുന്നു നമ്മുടെ കർത്താവിനെ വ്യക്തിത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനത്തിൽ ഒരിക്കലും വിവരിക്കാൻ സാധിക്കുകയില്ല; കർത്താവിനെ കർത്താവിന്റെ പൂർണ്ണ വ്യക്തിത്വത്തിലെ വിവരിക്കാൻ കഴിയൂ. 'ഞാനും പിതാവും ഒന്നാകുന്നു' (യോഹന്നാൻ 10.30). ഈ ആത്മചൈതന്യം മറ്റൊരാളുമായി ലയിച്ച് ചേർന്ന് കഴിയുമ്പോഴേ നിങ്ങൾ നിങ്ങളുടെ യഥാർത്ഥ വ്യക്തിത്വത്തിൽ എത്തിച്ചേരൂ. സ്നേഹം അല്ലെങ്കിൽ ദൈവാത്മാവ് ഒരു വ്യക്തിയിന്മേൽ വരുമ്പോൾ അയാൾ രൂപാന്തരപ്പെടുന്നു. അപ്പോൾ മുതൽ അയാൾ തന്റെ വ്യക്തിത്വ കാര്യത്തിൽ ശാഠ്യം പിടിക്കുകയില്ല. നമ്മുടെ കർത്താവ് ഒരിക്കലും ഒരാളുടെ വ്യക്തിത്വത്തെക്കുറിച്ചോ അയാളുടെ ഒറ്റപ്പെട്ട സ്ഥാനത്തെക്കുറിച്ചോ അല്ല അയാളുടെ മൊത്തം വ്യക്തിത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അയാളെക്കുറിച്ച് സംസാരിക്കുന്നത്. 'നാം ഒന്നായിരിക്കുന്നത് പോലെ അവരും ഒന്നാകേണ്ടതിന് തന്നെ'. ഒരിക്കൽ  നിങ്ങൾക്ക് നിങ്ങളുടെ മേലുള്ള അവകാശങ്ങൾ ദൈവത്തിന് സമർപ്പിച്ച് കഴിഞ്ഞാൽ നിങ്ങളുടെ യഥാർത്ഥ സ്വകാര്യ പ്രകൃതം ദൈവത്തോട് പ്രതികരിച്ച് തുടങ്ങുന്നു. യേശുക്രിസ്തു നിങ്ങളിലെ പൂർണ്ണവ്യക്തിക്ക് സ്വാതന്ത്ര്യം കൊണ്ടുവരുകയും നിങ്ങളുടെ വ്യക്തിത്വം പോലും രൂപാന്തരപ്പെടുകയും ചെയ്യുന്നു. ഈ രൂപാന്തരമുളവാക്കുന്ന സ്നേഹം യേശുവിനോടുള്ള വ്യക്തിപരമായ ആരാധനയത്രേ. ഒരു വ്യക്തിയും മറ്റൊരു വ്യക്തിയും തമ്മിലുള്ള യഥാർത്ഥകൂട്ടായ്മയുടെ കരകവിഞ്ഞൊഴുകലാണ് സ്നേഹം.

## ഡിസംബർ 13

# മദ്ധ്യസ്ഥപ്രാർത്ഥന

**''മടുത്ത് പോകാതെ എപ്പോഴും പ്രാർത്ഥിക്കണം'' (ലൂക്കോസ് 18:1).**

വീണ്ടെടുപ്പിൽ വാസ്തവമായി നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് സത്യമായി മദ്ധ്യസ്ഥപ്രാർത്ഥന നടത്താൻ കഴിയുകയില്ല. പകരം നിങ്ങളുടെ മദ്ധ്യസ്ഥപ്രാർത്ഥനയെ അന്യർക്ക് വേണ്ടിയുള്ള സഹതാപമായി മാറ്റുകയാണ് നിങ്ങൾ; അത്, ദൈവവുമായി സമ്പർക്കം പുലർത്താത്തതിലുള്ള അവരുടെ സംതൃപ്തിയെ വർദ്ധിപ്പിക്കുകയേ ഉള്ളൂ. നമുക്കു ബാധ്യതയുള്ള ആളിനോ സാഹചര്യത്തിനോ വേണ്ടി നാം പ്രാർത്ഥിക്കുന്നു. അതേ സംബന്ധിച്ചുള്ള ദൈവഹിതം അവിടുന്നു നമ്മെ അറിയിക്കുന്നതു വരെ നമ്മുടെ പ്രാർത്ഥന തുടരും – ഇതാണു മദ്ധ്യസ്ഥ പ്രാർത്ഥന. 'ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത്' പൂരിപ്പിക്കുക എന്നതാണ് മദ്ധ്യസ്ഥ പ്രാർത്ഥനയുടെ അർത്ഥം. ഇതുകൊണ്ടാണ് മദ്ധ്യസ്ഥ പ്രാർത്ഥനകൾ തീരെ കുറവാകുന്നത്. മദ്ധ്യസ്ഥപ്രാർത്ഥന എന്നാൽ മറ്റൊരാളുടെ സ്ഥാനത്ത് നിങ്ങളെ വെക്കുകയാണ് എന്ന് ആളുകൾ പറയും. ഇത് സത്യമല്ല. മദ്ധ്യസ്ഥത എന്നാൽ നിങ്ങളെ ദൈവത്തിന്റെ സ്ഥാനത്ത് വെക്കുകയാണ്.

ഒരു മദ്ധ്യസ്ഥനെന്ന നിലയിൽ നിങ്ങൾ പ്രാർത്ഥിക്കുന്ന സ്ഥിതിഗതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ദൈവത്തോടു ചോദിക്കാതിരിക്കാൻ ശ്രദ്ധിക്കുക. ദൈവം നിശ്ചയിച്ചിരിക്കുന്നതിൽ കൂടുതൽ നിങ്ങളറിഞ്ഞാൽ, നിങ്ങൾ തകർന്ന് പോകും. പിന്നെ നിങ്ങൾക്ക് പ്രാർത്ഥിക്കാൻ കഴിയുകയില്ല. നിങ്ങൾ അറിയാനിടയാകുന്ന പരിതഃസ്ഥിതികൾ നിങ്ങളെ കീഴടക്കി അവയ്ക്കന്തർധാരയായ സത്യത്തിൽ നിങ്ങൾക്കെത്താൻ കഴിയാതെ വരും.

സർവകാര്യത്തെക്കുറിച്ചും ദൈവത്തിന്റെ മനസ്സറിയുംവിധം ദൈവവുമായി ഗാഢസമ്പർക്കം പുലർത്തുക എന്നതാണ് നാം ചെയ്യേണ്ട ജോലി. എന്നാൽ മദ്ധ്യസ്ഥതയ്ക്ക് പകരം എന്തൊക്കെയോ പ്രവർത്തനത്തിലേർപ്പെട്ടുകൊണ്ട് ആ ഉത്തരവാദിത്തത്തിൽ നിന്ന് നാം ഒഴിഞ്ഞ് മാറുന്നു. യാതൊരു കെണിയുമില്ലാത്ത ഒരേയൊരു കാര്യമാണ് മദ്ധ്യസ്ഥത. കാരണം അത് ദൈവവുമായുള്ള നമ്മുടെ ബന്ധം പാടേ തുറന്ന് വെക്കുന്നു.

ഒരാൾ എങ്ങനെയെങ്കിലും 'ശരിയാകുവാൻ' പ്രാർത്ഥിക്കുക എന്നതാണ് നാം മദ്ധ്യസ്ഥപ്രാർത്ഥനയിൽ ഒഴിവാക്കേണ്ടത്. ദൈവത്തിന്റെ ജീവിതവുമായുള്ള സമ്പർക്കത്തിലേക്ക് നാം ആ ആളെ പ്രാർത്ഥനയിലൂടെ കടത്തണം. നമ്മുടെ പാതയിൽ ദൈവം കൊണ്ടുവന്നവരെക്കുറിച്ച് ചിന്തിക്കുക; അവരെ നാം വിട്ടുകളഞ്ഞുവോ? വീണ്ടെടുപ്പിന്റെ, രക്ഷയുടെ, അടിസ്ഥാനത്തിൽ നാം പ്രാർത്ഥിക്കുമ്പോൾ, മദ്ധ്യസ്ഥപ്രാർത്ഥനയിലൂടെയല്ലാതെ മറ്റൊരു തരത്തിലും തനിക്ക് സൃഷ്ടിക്കാൻ കഴിയാത്ത എന്തോ ഒന്ന് ദൈവം സൃഷ്ടിക്കുന്നു.

## ഡിസംബർ 14

# മഹത്തായ ജീവിതം

**''സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ച് പോകുന്നു എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു ലോകം തരുന്നതു പോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത് നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കയും അരുത്'' (യോഹന്നാൻ 14:27).**

എപ്പോഴെങ്കിലും നമുക്ക് പ്രയാസകരമായ ഒരനുഭവമുണ്ടായാൽ നാം ദൈവത്തെ കുറ്റപ്പെടുത്തുന്നു എന്നാൽ കുറ്റം ദൈവത്തിന്റെയല്ല, നമ്മുടെയാണ്. എവിടെയോ ദൈവത്തെ അനുസരിക്കാൻ നാം വിസമ്മതിക്കുന്നു, എന്തോ ഒന്ന് വിട്ട് കളയാൻ നാം മടിക്കുന്നു. എന്നാൽ നാമത് ഉപേക്ഷിക്കാൻ തയ്യാറാകുന്ന ആ നിമിഷം എല്ലാം പകൽ വെളിച്ചം പോലെ വ്യക്തമാകുന്നു. നമ്മൾ ഒരേ സമയം രണ്ട് യജമാനന്മാരെ സേവിക്കാൻ ശ്രമിച്ചാൽ, നാം ചിന്താക്കുഴപ്പത്തിലാകുന്നു. അതായത് നമ്മളെയും ദൈവത്തെയും. ദൈവത്തിലുള്ള പൂർണ്ണ ആശ്രയമാകണം, നമ്മുടെ മനോഭാവം. അവിടെ നാം എത്തിയാൽ ഒരു വിശുദ്ധജീവിതം നയിക്കുന്നതിനെക്കാൾ എളുപ്പായി മറ്റൊന്നുമില്ല. പരിശുദ്ധാത്മാവിന്റെ അധികാരത്തിലേക്ക്, നമ്മുടെ സ്വന്തം ലക്ഷ്യങ്ങൾക്കായി നുഴഞ്ഞു കയറുമ്പോഴാണ് പ്രയാസമുണ്ടാകുന്നത്.

എപ്പോഴൊക്കെ നിങ്ങൾ ദൈവത്തെ അനുസരിക്കുന്നുവോ അപ്പോൾ ദൈവത്തിന്റെ അംഗീകാരമുദ്ര ലഭിക്കുന്നു. അതു സമാധാനത്തിന്റേതാണ്. ലോകം തരുന്ന സമാധാനമല്ല, യേശുതരുന്ന ആഴമളക്കാനാകാത്ത സമാധാനമാണത്. സമാധാനം ലഭിക്കാതെ വരുമ്പോൾ അത് ലഭിക്കുന്നത് വരെ കാത്തിരിക്കുകയോ അല്ലെങ്കിൽ അത് ലഭിക്കാത്തതിന്റെ കാരണം കണ്ട് പിടിക്കുകയോ ചെയ്യുക. നിങ്ങൾ ഒരു നൈമിഷിക പ്രചോദനത്തിന്മേലോ ഒരു വീരസാഹസികബോധത്തിന്മേലോ പ്രവർത്തിക്കുകയാണെങ്കിൽ, യേശുവിന്റെ സമാധാനം സ്വയം വെളിപ്പെടുകയില്ല. ഇത് ദൈവവുമായുള്ള ഐക്യത്തെയോ, അവനിലുള്ള വിശ്വാസത്തെയോ കാണിക്കുന്നില്ല. ലാളിത്യത്തിന്റെയും വ്യക്തതയുടെയും ഏകതയുടെയും ഭാവം നിങ്ങളുടെ തീരുമാനങ്ങളിലൂടെയല്ല, പരിശുദ്ധാത്മാവിലൂടെയാണ് ഉളവാകുന്നത്. ലാളിത്യം ഇച്ഛിക്കുക; അതിനായി പ്രാർത്ഥിക്കുക.

ഞാൻ അനുസരിക്കാതിരിക്കുമ്പോഴെല്ലാം എന്റെ ചോദ്യങ്ങൾ ഉയരുന്നു. ഞാൻ അനുസരിക്കുമ്പോൾ ദൈവത്തിനും എനിക്കുമിടയിൽ ചോദ്യങ്ങൾ ഉയരുന്നില്ല. എനിക്കും ദൈവത്തിനുമിടയിൽ ഉയരുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം എന്റെ അനുസരണയില്ലായ്മയാണ്. ഞാൻ ദൈവത്തെ അനുസരിക്കുമ്പോൾ ഉയരുന്ന പ്രശ്നങ്ങളാകാട്ടെ (അവ ധാരാളമുണ്ട് താനും!) എന്റെ പരമാനന്ദത്തെ വർദ്ധിപ്പിക്കുന്നു. കാരണം എന്റെ പിതാവറിയുന്നു എന്ന് ഞാനറിയുന്നു. എങ്ങനെയാണ് അവൻ ഈ കാര്യം വെളിപ്പെടുത്തുന്നതെന്ന് ഞാൻ നോക്കിയിരിക്കുകയാണ്.

## ഡിസംബർ 15

# ദൈവത്തിന് കൊള്ളാവുന്നവർ

**'സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ട് ലജ്ജിപ്പാൻ സംഗതി യില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക' (2 തിമൊഥയൊസ് 2:15).**

നിങ്ങൾക്ക് ഏതെങ്കിലും ആശയം പ്രകടിപ്പിക്കാൻ പ്രയാസമുണ്ടെങ്കിൽ അങ്ങനെ ചെയ്യാൻ കഴിയുന്നത് വരെ ശ്രമിക്കുക. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ആ സത്യങ്ങൾ അറിയുന്നതിൽ നിന്നുള്ള അനുഗ്രഹം ചില ആളുകൾക്ക് നഷ്ടപ്പെടും. നിങ്ങളാലാവു ന്നത്ര വ്യക്തമായും മനസ്സിലാകുന്ന വിധത്തിലും, ഒരു ദൈവികസത്യം വീണ്ടും ആവി ഷ്കരിക്കാൻ ശ്രമിക്കുക. മറ്റാരെങ്കിലുമായി നിങ്ങൾ അത് പങ്കിടുമ്പോൾ ദൈവം അത് ഉപയോഗിക്കും. എന്നാൽ പിഴിഞ്ഞെടുത്ത മുന്തിരിച്ചാറുപോലെ നിങ്ങളുടെ ആ വാക്കുകൾ ആർക്കോ ദൈവശക്തിയുടെ വീഞ്ഞാകുന്നത് നിങ്ങൾ കാണും. എന്നാൽ നിങ്ങൾ നിങ്ങളുടെ അലസതയിൽ 'ഞാൻ ഇത് സ്വയം വിവരിക്കാൻ പോകുന്നില്ല; മറ്റാരുടെയെങ്കിലും വാക്കുകൾ കടമെടുക്കും'' എന്ന് പറഞ്ഞാൽ, ആ വാക്കുകൾ കൊണ്ട്, നിങ്ങൾക്കും, അന്യർക്കും പ്രയോജനമുണ്ടാകുകയില്ല. ദൈവത്തിന്റെ പരിപൂർണ്ണ സത്യമെന്ന് തോന്നുന്നത് സ്വയം പ്രകടിപ്പിക്കാൻ ശ്രമി ക്കുക. അപ്പോൾ അത് നിങ്ങളിലൂടെ മറ്റാർക്കെങ്കിലും കൊടുക്കാനുള്ള അവസരം ദൈവം അനുവദിച്ച് തരും. നാം അനുഗ്രഹിക്കപ്പെടും.

നിങ്ങൾ വളരെ എളുപ്പം വിശ്വസിച്ച ഒരു കാര്യത്തെക്കുറിച്ച് നിങ്ങളുടെ മനസ്സിനെ പാടേ ഇളക്കിച്ചിന്തിക്കുക. സഹനത്തിലൂടെയും പഠനത്തിലൂടെയും സ്വന്തമാക്കു ന്നത്വരെ നിങ്ങളുടെ സ്ഥാനം നിങ്ങൾക്ക് സ്വന്തമാകുകയില്ല. നിങ്ങൾക്ക് നേരത്തെ അറിഞ്ഞ് കൂടാതിരുന്ന ഒരുകാര്യം നിങ്ങൾക്ക് പഠിപ്പിച്ച് തരുന്ന എഴുത്തുകാരനോ സാഹിത്യകാരനോ അല്ല നിങ്ങൾക്കേറ്റവും പ്രയോജനം ചെയ്യുന്നത്. പിന്നെയോ നിങ്ങൾ ആവിഷ്ക്കരിക്കാൻ പ്രയത്നിച്ചുകൊണ്ടിരുന്ന സത്യം വാക്കുകളിലാക്കി ത്തരുന്ന ആളാണ്.

## ഡിസംബർ 16

# ദൈവമുമ്പാകെയുള്ള മൽപിടുത്തം

**'അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും, സകലവും സമാപിച്ചിട്ട് ഉറച്ച് നില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗ്ഗം ധരിച്ച് കൊൾവിൻ..... സകലപ്രാർത്ഥനയാലും യാചനയാലും ഏത് നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചും കൊണ്ടു സകലവിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ' (എഫെസ്യർ 6:13,18).**

ദൈവവുമായി മൽപ്പിടുത്തം നടത്തുന്നത് തിരുവെഴുത്തുകൾക്ക് വിപരീതമാണ്. ദൈവവുമായുള്ള നിങ്ങളുടെ സംസർഗ്ഗത്തെ തടയുന്ന കാര്യങ്ങൾക്കായും, മറ്റുള്ളവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയിലും നിങ്ങൾ മൽപ്പിടുത്തം നടത്തുക. ദൈവവുമായി നിങ്ങൾ മൽപ്പിടുത്തം നടത്തിയാൽ ജീവിതകാലം മുഴുവനും നിങ്ങൾ യാക്കോബിനെപ്പോലെ അംഗവൈകല്യമുള്ളവനാകും. ദൈവത്തിന്റെ വഴികളുമായി മൽപ്പിടുത്തം നടത്തി അംഗവൈകല്യം വരുത്തിവെക്കരുത്. എന്നാൽ ഈ ലോകവ്യവഹാരങ്ങളുമായി മൽപ്പിടുത്തം നടത്തുന്ന ഒരാളാകുക. കാരണം ''നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണവിജയം പ്രാപിക്കുന്നു'' (റോമർ 8;37). ദൈവതിരുമുമ്പാകെ മൽപ്പിടുത്തം നടത്തുന്നത് അവന്റെ രാജ്യത്ത് ചലനം സൃഷ്ടിക്കുന്നു. നിങ്ങൾ എന്നോട് നിങ്ങൾക്കായി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുമ്പോൾ, ഞാൻ ക്രിസ്തുവിൽ പൂർണ്ണനല്ലെങ്കിൽ എന്റെ പ്രാർത്ഥനകൊണ്ടു യാതൊരു പ്രയോജനവുമില്ല. എന്നാൽ ഞാൻ ക്രിസ്തുവിൽ പൂർണ്ണനാണെങ്കിൽ, എന്റെ പ്രാർത്ഥന സദാ വിജയകരമാകുന്നു. പൂർണ്ണതയുള്ളിടത്ത് മാത്രമേ പ്രാർത്ഥന ഫലപ്രദമാകു. 'ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾക.'

ദൈവത്തിന്റെകല്പനകളും,നമ്മോടുള്ളഅവന്റെപരിപാലനഹിതങ്ങളുംതമ്മിലുള്ള വ്യത്യാസം ശ്രദ്ധിച്ചു കൊൾക. ദൈവകല്പനകൾ മാറ്റാനാവാത്തതാണ്, എന്നാൽ അവന്റെ സമ്മതത്തോടെയുള്ള ഹിതങ്ങളുമായി, അവൻ നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്ന കാര്യങ്ങളുമായി തിരുമുമ്പാകെ നമുക്ക് മൽപ്പിടുത്തം നടത്താം. അവന്റെ ഹിതങ്ങളോടുള്ള നമ്മുടെ പ്രതികരണങ്ങളാണ് നമുക്ക് വേണ്ടിയുള്ള അവന്റെ കല്പനകളെ മനസ്സിലാക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. 'എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നേ, സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു....' (റോമർ8:28) അതായത് ദൈവത്തിന്റെ കല്പനകളോട്, ക്രിസ്തുയേശുവിലുള്ള അവന്റെ വിളിയോട് സത്യം പുലർത്തുന്നവർക്ക് എന്നർത്ഥം. സമ്മതപൂർവമുള്ള അവന്റെ ഹിതങ്ങൾ, നാം അവന്റെ യഥാർത്ഥ പുത്രന്മാരം പുത്രിമാരും ആണെന്ന് തെളിയിക്കാനുള്ള പരീക്ഷയാണ്. വെറും നട്ടെല്ലില്ലാത്തവരായി 'അതേ, ഇത് കർത്താവിന്റെ ഹിതം' എന്ന് യാന്ത്രികമായി പറയരുത്. നമുക്ക് ദൈവത്തോട് പോരാടേണ്ടതില്ല എന്നാൽ ചില കാര്യങ്ങളുമായി നമുക്ക് ദൈവമുമ്പാകെ പോരാടണം. മടിപിടിച്ച് ദൈവമുമ്പാകെ കൂത്തിയിരിക്കുന്നത് സൂക്ഷിച്ച് കൊൾക. തേജസ്സാർന്ന ഒരു പോരാട്ടം തിരുമുമ്പാകെ നടത്തുക; ദൈവം തന്റെ ശക്തിയിലൂടെ നിങ്ങളെ ശക്തീകരിക്കുന്നത് നിങ്ങളറിയും.

## സിസംബർ 17

# വീണ്ടെടുപ്പിലൂടെ ആവശ്യബോധവും സംതൃപ്തിയും

**''എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അത് അവന് ഭോഷത്വമാകുന്നു' (1 കൊരിന്ത്യർ 26:14).**

ദൈവസുവിശേഷം സുവിശേഷത്തിനായുള്ള ഒരു ആവശ്യം സൃഷ്ടിക്കുന്നു. മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. 'എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ നശിച്ച് പോകുന്നവർക്കത്രേ മറഞ്ഞിരിക്കുന്നു' (2 കൊരിന്ത്യർ 4:3) എന്നാണ് പൗലോസ് അപ്പൊസ്തലൻ പറയുന്നത്. ഭൂരിപക്ഷം ആളുകളും തങ്ങൾ സന്മാർഗ്ഗനിരതരാണെന്ന് ചിന്തിക്കുന്നു. തങ്ങൾക്ക് സുവിശേഷത്തിന്റെ ആവശ്യമുണ്ടെന്ന ബോധം അവർക്കില്ല. ദൈവമാണ് ഈ ആവശ്യം സൃഷ്ടിക്കുന്നത്. ദൈവം സ്വയം വെളിപ്പെടുത്തുന്നത് വരെ ഒരു മനുഷ്യജീവിക്കും ഇതേക്കുറിച്ച് ബോധമുണ്ടാകുകയില്ല. 'യാചിപ്പിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും'' എന്ന് യേശു പറഞ്ഞു. എന്നാൽ ഒരു മനുഷ്യൻ ചോദിക്കും വരെ ദൈവത്തിന് തരാൻ കഴിയുകയില്ല. ദൈവത്തിന് നമ്മിൽ നിന്ന് എന്തെങ്കിലും പിടിച്ച് വെക്കണമെന്നുണ്ടെന്നല്ല. വീണ്ടെടുപ്പിനായി ദൈവമുണ്ടാക്കിയിരിക്കുന്ന പദ്ധതിയാണത്. നമ്മൾ ചോദിക്കുന്നതിലൂടെ ദൈവം ആ പ്രക്രിയയെ ചലിപ്പിച്ച് തുടങ്ങുന്നു. അങ്ങനെ നാം ചോദിക്കുംവരെ നിലവിലില്ലാതിരുന്ന എന്തോ ഒന്ന് ദൈവം സൃഷ്ടിക്കുന്നു. വീണ്ടെടുപ്പിന്റെ ആന്തരിക സത്യം, അത് സദാ സൃഷ്ടിച്ച് കൊണ്ടിരിക്കുന്നു എന്നതത്രെ. വീണ്ടെടുപ്പ് നമ്മിൽ ദൈവിക ജീവിതം സൃഷ്ടിക്കുന്നു. ആ ആവശ്യം സംതൃപ്തമാക്കാൻ, ആ ആവശ്യത്തെ സൃഷ്ടിക്കുന്നതെന്തോ അതിന് മാത്രമേ കഴിയൂ. ഇതാണ് വീണ്ടെടുപ്പിന്റെ അർത്ഥം – അത് സൃഷ്ടിക്കുന്നു; അത് സംതൃപ്തമാകുന്നു.

'ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും' (യോഹന്നാൻ 12 :32). നാം നമ്മുടെ സ്വന്തം അനുഭവങ്ങളെക്കുറിച്ച് പറയുകയും അതിൽ ആളുകൾ തല്പരരാകുകയും ചെയ്യും. എന്നാൽ സുവിശേഷത്തിന്റെ ആവശ്യം അവിടെ ഉണർത്തപ്പെടുന്നില്ല യേശുക്രിസ്തു ഉയർത്തപ്പെടുമ്പോൾ ദൈവാത്മാവ് അവനെക്കുറിച്ച് ബോധപൂർവമായ ആവശ്യം സൃഷ്ടിക്കും. സുവിശേഷം അറിയിക്കുന്നതിന്റെ പിന്നിൽ, മനുഷ്യരുടെ ആത്മാക്കളിൽ ദൈവത്തിന്റെ സൃഷ്ടിപരമായ വീണ്ടെടുപ്പ് പ്രവർത്തിക്കുന്നു. വ്യക്തിപരമായ സാക്ഷ്യങ്ങളല്ല മനുഷ്യരെ രക്ഷിക്കുന്നത്. 'ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു' (യോഹന്നാൻ 6:63).

## ഡിസംബർ 18

# വിശ്വസ്തതയുടെ പരീക്ഷ

**'എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ട വർക്കു തന്നെ , സകലവും നമ്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു.' (റോമർ 8:28).**

വിശ്വസ്തനായ ഒരു വ്യക്തി മാത്രമേ ദൈവമാണ് തന്റെ പരിതഃസ്ഥിതികൾ ആസൂത്രണം ചെയ്യുന്നതെന്ന് സത്യമായി വിശ്വസിക്കുകയുള്ളൂ. നാം നമ്മുടെ ചുറ്റുപാടുകളെ അപ്പാടെ സ്വീകരിക്കുകയും ദൈവനിയന്ത്രണത്തിലാണെന്ന് പറയുകയും ചെയ്യുന്നു. വാസ്തവത്തിൽ നാം അങ്ങനെ വിശ്വസിക്കുന്നില്ല താനും. മനഷ്യരാണ് അവ നിയന്ത്രിക്കുന്നതെന്ന മട്ടിൽ നാം പെരുമാറുന്നു. ഓരോ ചുറ്റുപാടിലും വിശ്വസ്തരായിരിക്കുക എന്നതിനർത്ഥം നമുക്ക് ഒരൊറ്റ ആളോടു മാത്രമേ ആത്മാർത്ഥതയും വിശ്വസ്തതയുമുള്ളൂ എന്നാണ്; നമ്മുടെ കർത്താവിനോട് ! ദൈവം വളരെ പെട്ടെന്ന് നമ്മുടെ ചുറ്റുപാടുകളെ ചിന്നിച്ചുചിതറിച്ചേക്കാം. ദൈവമാണ് ഈ സ്ഥിതിഗതി ഉള്ളവാക്കിയതെന്ന് നാം ഉടനേ മനസ്സിലാക്കുന്നില്ല. അതിനു കാരണം നമ്മുടെ അവിശ്വസ്തതയാണ്. ഇവിടെയാണ് നമ്മുടെ വിശ്വസ്തത പരീക്ഷിക്കപ്പെടുന്നത്. പ്രയാസകരമായ പരിതഃസ്ഥിതികളിലും ദൈവത്തെ ആരാധിക്കാൻ നാം പഠിച്ചാൽ, ദൈവം തീരുമാനിക്കുകയാണെങ്കിൽ ദൈവത്തിന് ആ പരിതഃസ്ഥിതികളെ മെച്ചപ്പെടുത്താൻ കഴിയും.

ഇന്ന് നാം ചെയ്യാൻ ശ്രമിക്കുന്നതിൽ വെച്ചേറ്റവും ബുദ്ധിമുട്ടുള്ള കാര്യം യേശുക്രിസ്തുവിനേട് വിശ്വസ്തരായിരിക്കുക എന്നതാണ്. നമ്മുടെ ജോലിയോടോ, ശുശ്രൂഷയോടോ, എന്തിനോടും നാം വിശ്വസ്തരായിരിക്കും. എന്നാൽ യേശുവിനോട് വിശ്വസ്തരായിരിക്കാൻ നാം നമ്മോട് ആവശ്യപ്പെടുകയില്ല. യേശുവിനോടുള്ള വിശ്വസ്തതയെക്കുറിച്ച് സംസാരിക്കുന്ന കാര്യത്തിൽ വളരെയേറെ ക്രിസ്ത്യാനികൾ തീർത്തും അക്ഷമരാണ്. ഈ ലോകത്തിലെ മറ്റുള്ളവരെക്കാൾ ക്രിസ്ത്യാനികളാണ് നമ്മുടെ കർത്താവിനെ സിംഹാസനഭ്രഷ്ടനാക്കുന്നത്. ദൈവത്തെ, മനുഷ്യരെ അനുഗ്രഹിക്കുന്ന ഒരു യന്ത്രവും, യേശുവിനെ ക്രിസ്തീയ ശുശ്രൂഷകരുടെയിടയിലെ ഒരു വലിയ ശുശ്രൂഷകനുമാക്കിയിരിക്കുന്നു നാം.

നാം ദൈവത്തിന് വേണ്ടി ജോലിചെയ്യണമെന്നതല്ല, നമ്മിലൂടെ തന്റെ ജോലി ചെയ്യാൻ ദൈവത്തിന് സ്വാതന്ത്ര്യമുണ്ടാകുക എന്നതാണ് ലക്ഷ്യം. ദൈവം നമ്മെ തന്റെ ശുശ്രൂഷയ്ക്കായി വിളിക്കുകയും നമ്മുടെ മേൽ വലിയ ഉത്തരവാദിത്വങ്ങൾ വെക്കുകയും ചെയ്യുന്നു. നമ്മുടെ ഭാഗത്ത് നിന്ന് യാതൊരു പരാതിയും ദൈവം പ്രതീക്ഷിക്കുന്നില്ല, തന്റെ ഭാഗത്ത് നിന്നും വിശദീകരണങ്ങളും വാഗ്ദാനം ചെയ്യുന്നില്ല. തന്റെ പുത്രനെ ഉപയോഗിച്ചതുപോലെ നമ്മെയും ഉപയോഗിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്.

## ഡിസംബർ 19

# നമ്മുടെ ശ്രദ്ധാകേന്ദ്രം

**'സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്' (മത്തായി 10:34).**

ദൈവം കഠിനഹൃദയനാണെന്ന നിഗമനത്തിൽ നിങ്ങളെ എത്തിക്കുന്ന ഒരു വ്യക്തിയോട് ഒരിക്കലും സഹതാപം കാണിക്കരുത്. നമുക്ക് സങ്കല്പിക്കാൻ കഴിയുന്നതിലും ആർദ്രവാനാണ് ദൈവം. എന്നാൽ ഇടയ്ക്കിടെ കർക്കശമായി പെരുമാറാനുള്ള അവസരം ദൈവം നമുക്ക് തരുന്നു. അതിലൂടെ ദൈവത്തെ ആർദ്രവാനായി കാണേണ്ടതിന് വേണ്ടിയാണ് ആ അവസരം നമുക്ക് തരുന്നത്. ഒരാൾക്ക് ദൈവത്തിനടുത്തേക്ക് ചെല്ലാൻ കഴിയുന്നില്ലെങ്കിൽ, അയാൾ ഉപേക്ഷിക്കാനുദ്ദേശിക്കാത്ത എന്തോ രഹസ്യം അയാൾക്കുണ്ട്. തന്റെ പാപം അയാൾ സമ്മതിച്ചേക്കാം. എന്നാൽ സ്വന്തം കഴിവിൽ പറക്കാൻ സാധിക്കാത്തതിനേക്കാൾ പ്രയാസമാണ് ഇതുപേക്ഷിക്കൽ. ഇത്തരം ആളുകളോട് സഹതാപത്തോടെ ഇടപെടാൻ പ്രയാസമാണ്. അവരുടെ ജീവിതങ്ങളുടെ ആഴ്ത്തിലേക്കിറങ്ങി പ്രശ്നത്തിന്റെ വേരോളം നാമെത്തണം. ആളുകൾക്ക് ദൈവത്തിന്റെ അനുഗ്രഹം വേണം. എന്നാൽ ഉള്ളിൽതട്ടുന്ന കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യും.

ദൈവം തന്റേതായ രീതിയിൽ നിങ്ങളോട് ഇടപെട്ടിട്ടുണ്ടെങ്കിൽ, ദൈവദാസനെന്ന നിലയിൽ നിങ്ങളുടെ സന്ദേശം കർക്കശവും ഉറച്ചതും ആഴത്തിലിറങ്ങുന്നതുമായിരിക്കും. മറിച്ചാണെങ്കിൽ ഒരുതരത്തിലും നിങ്ങളിടപെടുന്നവർക്ക് സൗഖ്യം ഉണ്ടാകുകയില്ല. സ്വന്തം ജീവിതത്തിൽ ഉപയോഗിക്കാതിരിക്കാൻ പറ്റാത്ത വിധം ഒരു വ്യക്തിക്ക് നാം ആ സന്ദേശം ബോധ്യപ്പെടുത്തിക്കൊടുക്കണം. ആളുകൾ എവിടെയാണോ അവിടെ വെച്ച് തന്നേ അവർക്ക് അവരുടെ കുറവുകൾ മനസ്സിലാക്കിക്കൊടുക്കണം. പിന്നെ അവരുടെ ജീവിതത്തിനായി യേശുവിന്റെ പതാക ഉയർത്തിപ്പിടിക്കുക 'ഞങ്ങൾക്കതാകാൻ കഴിയുകയില്ല' എന്നാകും അവരുടെ പ്രതികരണം. 'നിങ്ങൾക്ക് കഴിയും' എന്ന യേശുവിന്റെ വാക്ക് അവരെ ബോധ്യപ്പെടുത്തുക. എന്നാൽ 'പരിശുദ്ധാത്മാവിനെ ലഭിക്കാത്തിടത്തോളം നിങ്ങൾക്ക് കഴിയുകയില്ല' (ലൂക്കോസ് 11:13).

നിങ്ങളുടെ സന്ദേശം കൊണ്ട് പ്രയോജനം ഉണ്ടാകുന്നതിനായി അതിന് മുമ്പ് ഒരാവശ്യബോധം വേണം. ഈ ലോകത്തിൽ ആയിരക്കണക്കിനാളുകൾ ദൈവത്തെക്കൂടാതെ സന്തോഷകരമായിരിക്കുന്നു എന്ന് പറയാറുണ്ട്. എന്നാൽ യേശുവിനെക്കൂടാതെ നമുക്ക് സന്തോഷമുള്ളവരും സന്മാർഗ്ഗനിഷ്ഠയുള്ളവരും ആയിരിക്കാൻ കഴിയുമെങ്കിൽ പിന്നെ എന്തിനാണ് യേശു വന്നത്? നേരത്തെ പറഞ്ഞതരത്തിലുള്ള സന്തോഷവും സമാധാനവും വെറും ബാഹ്യമായത് മാത്രമായിരുന്നതിനാലാണ് യേശു വന്നത്. തന്നോടുള്ള വ്യക്തിബന്ധത്തിൽ അധിഷ്ഠിതമല്ലാത്ത എല്ലാ സമാധാനത്തിലൂടെയും ഒരു വാൾ കടത്താനാണ് യേശു വന്നത്.

## ഡിസംബർ 20

# ശരിയായ രീതിയിലുള്ള സമാധാനം

**'ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കിലേക്ക് ആകർഷിക്കും' (യോഹന്നാൻ 12:32).**

യേശുക്രിസ്തു എന്തുകൊണ്ട് മരിച്ചു എന്നതിനെക്കുറിച്ച് എന്തെങ്കിലുമൊരു ധാരണ വളരെക്കുറച്ച് പേർക്ക് മാത്രമേയുള്ളൂ. മനുഷ്യർക്ക് ആവശ്യമായ ഒരേയൊരു കാര്യം സഹതാപം മാത്രമാണെങ്കിൽ യേശുവിന്റെ കുരിശ് ഒരു പരമാബദ്ധമാകുന്നു: അതിന്റെ യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ല. ഈ ലോകത്തിനാവശ്യം ഇത്തിരി സ്നേഹമല്ല, ശസ്ത്രക്രിയയാണ്.

ആത്മീയമായി ബുദ്ധിമുട്ടിലിരിക്കുന്ന ഒരാളെ അഭിമുഖീകരിക്കുമ്പോൾ കുരിശിലെ യേശുക്രിസ്തുവിനെക്കുറിച്ച് സ്വയം ഓർമ്മിപ്പിക്കുക. മറ്റേതെങ്കിലും വഴിയിലൂടെ ആ ആത്മാവിന് ദൈവത്തിനടുത്തെത്താമെങ്കിൽ, ക്രിസ്തുവിന്റെ കുരിശ് ആവശ്യമില്ല. സഹതാപം കൊണ്ടോ, ഒരാളെ മനസ്സിലാക്കുന്നതു കൊണ്ടോ നിങ്ങൾക്കൊരാളെ സഹായിക്കാൻ കഴിയുമെങ്കിൽ നിങ്ങൾ യേശുവിനെ വഞ്ചിക്കുകയാണ്. നിങ്ങൾക്ക് സ്വയം ദൈവവുമായി ശരിയായി നിലനില്ക്കുന്ന ഒരു ബന്ധമുണ്ടായിരിക്കണം, ദൈവത്തെ അവഗണിക്കുന്ന മാനുഷിക രീതിയിലല്ല, ദൈവത്തിന്റെ രീതിയിൽ, മറ്റുള്ളവരെ സഹായിക്കാൻ നിങ്ങളുടെ ജീവിതം കോരിച്ചൊരികയും ചെയ്യുക. ആരോടും ഏറ്റ് മുട്ടാതെ പ്രസന്നമായി മനുഷ്യരോടിടപെടുന്ന ദൈവവേലയാണ് ഇന്നത്തെ ആദ്ധ്യാത്മികതയുടെ മുഖ്യരീതി.

നാം ചെയ്യേണ്ട മുഖ്യകാര്യം ക്രൂശിക്കപ്പെട്ട യേശുവിനെ അവതരിപ്പിക്കുക എന്നതാണ്. സദാ സമയവും അവനെ ഉയർത്തുക (1കൊരിന്ത്യർ 2:2 കാണുക). യേശുവിന്റെ ക്രൂശിൽ ആഴത്തിൽ വേരൂന്നാത്ത ഓരോ വിശ്വാസവും ആളുകളെ വഴിതെറ്റിക്കും. സുവിശേഷകൻ യേശുക്രിസ്തുവിലും വീണ്ടെടുപ്പിന്റെ സത്യത്തിലും വിശ്വസിക്കുന്നുവെങ്കിൽ അയാളുടെ വാക്കുകൾക്ക് മറ്റുള്ളവരുടെ മേൽ പ്രേരണാശക്തിയുണ്ടാകും. അയാൾക്ക് യേശുക്രിസ്തുവിനോടുള്ള ബന്ധമാണ് ഏറ്റവും പ്രധാനകാര്യം. അതിൽ മാത്രമാണ് അയാളെക്കൊണ്ടുള്ള പ്രയോജനം ആശ്രയിച്ചിരിക്കുന്നത് ഒരു സുവിശേഷപ്രവർത്തകന്റെ ജോലി പാപം തുറന്നു കാട്ടുകയും യേശുവിനെ രക്ഷകനായി വെളിപ്പെടുത്തുകയുമാണ്. തൽഫലമായി അയാൾക്ക് വികാരലോലനാകാൻ സാധിക്കുകയില്ല. അയാൾ കർശനമായും അറുത്ത് മുറിക്കുന്നവനാകണം. യേശുവിനെക്കുറിച്ച് അത്ഭുതകരമാം വിധം മനോഹരമായ പ്രഭാഷണങ്ങൾ നടത്താനല്ല നമ്മെ അയച്ചിരിക്കുന്നത്. ദൈവം നമ്മെ പരിശോധിച്ചത് പോലെ നമ്മളും മറ്റുള്ളവരുടെ ആഴങ്ങളിലേക്കിറങ്ങണം. സത്യം ബോദ്ധ്യപ്പെടുത്തുന്ന തിരുവെഴുത്തുകൾ തിരിച്ചറിയാനും, അറിഞ്ഞശേഷം അത് പ്രയോഗിക്കുവാനും നാം ബദ്ധശ്രദ്ധരാകണം.

## ഡിസംബർ 21

# അനുഭവമോ , വെളിപ്പാടോ?

**'നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നല്കിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അതെ പ്രാപിച്ചത്'**

**(1 കൊരിന്ത്യർ 2:12).**

വീണ്ടെടുപ്പിനെ യഥാർത്ഥമാക്കുന്നത് എന്റെ അനുഭവമല്ല– വീണ്ടെടുപ്പ് അതിൽതന്നേ യാഥാർത്ഥ്യമാണ്. എന്റെ ബോധപൂർവമായുള്ള ജീവിതത്തിൽ പ്രാവർത്തികമാക്കുന്നില്ലെങ്കിൽ വീണ്ടെടുപ്പിന് യാതൊരു അർത്ഥവുമില്ലാതാകും. ഞാൻ വീണ്ടും ജനിക്കുമ്പോൾ ദൈവാത്മാവ് എന്നെ എനിക്കും എന്റെ അനുഭവങ്ങൾക്കുമപ്പുറം കടത്തുകയും യേശുക്രിസ്തുവിനോടുകൂടെ എന്നെ ഏകീഭവിപ്പിക്കുകയും ചെയ്യുന്നു. എനിക്കെന്റെ അനുഭവങ്ങൾ മാത്രമാണ് ബാക്കിയെങ്കിൽ അവ വീണ്ടെടുപ്പിന്റെ ഫലമായി ഉണ്ടായതല്ല. എന്നാൽ രക്ഷയാൽ സൃഷ്ടിക്കപ്പെട്ട അനുഭവങ്ങളുടെ തെളിവ്, അവ സദാ എന്നെ എന്നിൽ നിന്ന് പുറത്തേക്ക് നയിക്കുന്നു എന്നതാണ്. രക്ഷയെന്ന യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനം എന്റെ അനുഭവങ്ങളല്ല. മറിച്ച് ആ യാഥാർത്ഥ്യം തന്നേയാണ് അനുഭവങ്ങൾ സൃഷ്ടിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ അനുഭവങ്ങൾ അവ എന്നെ സത്യത്തിന്റെ സ്രോതസ്സിൽ– യേശു ക്രിസ്തുവിൽ– നിർത്തുന്നില്ലെങ്കിൽ യാതൊരു മുല്യവുമില്ലാത്തവയാണ്.

നിങ്ങളിലുള്ള പരിശുദ്ധാത്മാവിനെ പിടിച്ച് നിർത്താൻ നിങ്ങൾ ശ്രമിക്കുകയാണെങ്കിൽ, പരിശുദ്ധാത്മാവ് ആ പിടി തകർത്ത് നിങ്ങളെ വീണ്ടും ചരിത്രപ്രസിദ്ധനായ ക്രിസ്തുവിലേക്ക് കൊണ്ടുപോകും. ദൈവം ഉറവിടവും, വിശ്വാസം ഫലവുമാകാത്ത ഒരു അനുഭവത്തെ ഒരിക്കലും പരിപോഷിപ്പിക്കരുത്. അങ്ങനെ ചെയ്താൽ എന്തുതന്നേ ദർശനങ്ങൾ നിങ്ങൾക്കുണ്ടായെങ്കിൽപ്പോലും നിങ്ങളുടെ അനുഭവം ക്രിസ്തീയതയ്ക്ക് വിരുദ്ധവുമാകും. നിങ്ങളുടെ അനുഭവങ്ങളുടെ യജമാനൻ യേശുക്രിസ്തുവാണോ? അതോ കർത്താവിനെക്കാൾ ഉപരി നിങ്ങളുടെ അനുഭവങ്ങളെയാണോ നിങ്ങൾ മതിക്കുന്നത്? കർത്താവിനേക്കാൾ പ്രിയപ്പെട്ടതായി എന്തെങ്കിലും അനുഭവങ്ങൾ നിങ്ങൾക്കുണ്ടോ? നിങ്ങളുടെ മേലുള്ള കർത്തൃത്വം യേശുവിനായിരിക്കട്ടെ. അവന്റെ കർത്തൃത്വമില്ലാത്ത ഒരനുഭവത്തെയും നിങ്ങൾ ശ്രദ്ധിക്കരുത്. സ്വന്തം അനുഭവത്തിൽ നിങ്ങൾക്ക് അക്ഷമ തോന്നുന്ന ഒരു സമയം വരും. ഞാനെന്താണ് അനുഭവിക്കുന്നതെന്നതിനേക്കുറിച്ചൊരു ചിന്തയും എനിക്കില്ല; എനിക്ക് അവനെക്കുറിച്ച് ഉറപ്പാണ് എന്ന് അപ്പോൾ നിങ്ങൾക്ക് സത്യമായി പറയാൻ കഴിയും.

നിങ്ങൾക്കുണ്ടായിട്ടുള്ള അനുഭവങ്ങളെക്കുറിച്ച് സംസാരിക്കുന്ന സ്വഭാവം നിങ്ങൾക്കുണ്ടെങ്കിൽ അതു മാറ്റണം. വിശ്വാസത്തെക്കുറിച്ചുള്ള വിശ്വാസമല്ല ദൈവത്തെക്കുറിച്ചുള്ള വിശ്വാസം മാത്രമാണ് വിശ്വാസം.

## ഡിസംബർ 22

# പിതാവിന്റെ ആകർഷണം

**'എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടില്ലാത്ത ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയില്ല' (യോഹന്നാൻ 6:44).**

ദൈവം എന്നെ തങ്കലേക്ക് ആകർഷിക്കുമ്പോൾ ഉടൻ തന്നേ എന്റെ ഇച്ഛയുടെ പ്രശ്നം കടന്നു വരുന്നു. ''ദൈവം വെളിപ്പെടുത്തിയ സത്യത്തോട് ഞാൻ നല്ല രീതിയിൽ പ്രതികരിക്കുമോ? ഞാൻ അവന്റെയടുത്തേക്ക് ചെല്ലുമോ''? എന്നാൽ ദൈവം വിളിക്കുമ്പോൾ ആത്മീയകാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയോ, ചിന്തിക്കുകയോ ചെയ്യുന്നത് അയോഗ്യവും ദൈവത്തോട് ബഹുമാനമില്ലായ്മയുമാണ്. ദൈവം നിങ്ങളോട് സംസാരിക്കുമ്പോൾ അത് മറ്റാരുമായി ചർച്ച ചെയ്യരുത് (ഗലാത്യർ1:15–16 കാണുക). വിശ്വാസം എന്നത് ബുദ്ധിയുടെ വ്യാപാരമല്ല. അതു മനസ്സോടെ ഞാൻ എന്നെ സമർപ്പിക്കുന്ന ഇച്ഛയുടെ പ്രവർത്തന ഫലമാണ്. പൂർണ്ണമായും ദൈവത്തിൽ ആശ്രയിച്ച് കൊണ്ട് ഞാനെന്നെ സമർപ്പിക്കുകയും ദൈവം പറയുന്നതിന്മേൽ മാത്രം പ്രവർത്തിക്കാൻ തയ്യാറാകുകയും ചെയ്യുമോ? അങ്ങനെ ചെയ്യുകയാണെങ്കിൽ, ദൈവസിംഹാസനം പോലെ തന്നെ ഉറപ്പായ രക്ഷ എന്ന യാഥാർത്ഥ്യത്തിൽ ഞാനും അടിസ്ഥാനപ്പെട്ടിരിക്കുന്നു എന്ന് എനിക്ക് ബോദ്ധ്യമാകും.

സുവിശേഷം പ്രസംഗിക്കുമ്പോൾ ഇച്ഛ എന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. വിശ്വസിക്കാനുള്ള ഇച്ഛയിൽനിന്ന് വിശ്വാസം വരണം. ഒരു പ്രേരണാ ശക്തിയോടുള്ള കീഴടങ്ങലല്ല, ഇച്ഛയുടെ കീഴടങ്ങലാണ് വേണ്ടത്. ദൈവത്തിലും അവന്റെ സത്യത്തിലും എന്റെ വിശ്വാസം അർപ്പിച്ച് കൊണ്ട് ഞാനിറങ്ങിത്തിരിക്കണം. ദൈവത്തിൽ മാത്രമല്ലാതെ, എന്റെ പ്രവൃത്തികളിൽ ഞാൻ വിശ്വാസമർപ്പിക്കരുത്. എന്റെ മനസ്സിന്റെ ധാരണകളെ വിശ്വസിക്കുന്നത് ദൈവത്തിലുള്ള പൂർണ്ണവിശ്വാസത്തിന് തടസ്സമാണ്. എന്റെ നൈമിഷിക വികാരങ്ങളെ അവഗണിക്കാൻ ഞാൻ തയ്യാറാകണം എന്നാൽ കാര്യങ്ങളെ കാണുന്ന എന്റെ പഴയരീതിയിൽ നിന്ന് എന്നെ വേർപെടുത്താൻ മനസ്സോടെയുള്ള ഒരു ശ്രമം കൂടിയേ തീരൂ. ഞാൻ എന്നെ പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കണം.

സ്വന്തം ധാരണാശക്തിക്കപ്പുറം എത്തിപ്പിടിക്കാനുള്ള കഴിവോടു കൂടിയാണ് ഓരോരുത്തരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നെ ആകർഷിക്കുന്നത് ദൈവമാണ്. ദൈവത്തോട് എന്റെ ബന്ധം ഒന്നാമതായി ആന്തരികവും വ്യക്തിപരവുമാണ്; അത് ബൗദ്ധികമല്ല. ദൈവത്തിന്റെ അത്ഭുതത്തിലൂടെയും, വിശ്വസിക്കാനുള്ള എന്റെ ഇച്ഛയിലൂടെയും ഞാനീ ബന്ധത്തിൽ ഉൾപ്പെടുന്നു, പിന്നീട് എന്റെ ജീവിതത്തിലെ രൂപാന്തരത്തിന്റെ അത്ഭുതത്തെ ബുദ്ധിപരമായി ഞാൻ വിലമതിച്ച് തുടങ്ങുകയും ചെയ്യുന്നു.



## ഡിസംബർ 23

# പാപ പരിഹാരത്തിൽ എന്റെ പങ്ക്

**''നമ്മുടെ കർത്താവായ യേശുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്'' (ഗലാത്യർ 6:14).**

യേശുക്രിസ്തുവിന്റെ സുവിശേഷം എപ്പോഴും നമ്മുടെ ഇച്ഛാശക്തിയെ ഒരു തീരുമാനത്തിന് നിർബന്ധിക്കുന്നു. ക്രിസ്തുവിന്റെ കുരിശിൽ, പാപത്തെക്കുറിച്ചുള്ള ദൈവവിധി ഞാൻ സ്വീകരിക്കുന്നുവോ? യേശുവിന്റെ മരണത്തിൽ എനിക്ക് അല്പമെങ്കിലും താല്പര്യമുണ്ടോ? യേശുവിന്റെ മരണവുമായി ഏകീഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടോ? പാപങ്ങളിൽ, ലൗകികതയിൽ, എന്നിലെ എന്നിൽത്തന്നേ, മരിക്കാൻ, ഞാൻ ആഗ്രഹിക്കുന്നോ? യേശുവിനൊഴികെ മറ്റൊന്നിനും പ്രയോജനമില്ലാത്തവിധം അവനുമായി ഗാഢമായി ഒന്നാകാൻ ഞാൻ തീക്ഷ്ണമായി ഇച്ഛിക്കുന്നുവോ?

ശിഷ്യത്വത്തിന്റെ വലിയ ആനുകൂല്യം, യേശുവിന്റെ കുരിശിൻ കൊടിയുടെ കീഴിൽ എനിക്കെന്നെ സമർപ്പിക്കാമെന്നുള്ളതാണ്; അതിനർത്ഥം പാപത്തിന് ഞാൻ മരിച്ചിരിക്കുന്നു എന്നത്രേ. കട്ടായം ഒരു തീരുമാനം എടുക്കണം. ഒന്നുകിൽ യേശുവിനോടൊപ്പം തനിച്ചാകുക, എന്നിട്ട് നിങ്ങളിലെ പാപം മരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലെന്ന് പറയുക; അല്ലെങ്കിൽ എന്ത് വില കൊടുത്തും അവന്റെ മരണത്തോട് ഏകീഭവിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു എന്ന് പറയുക. നമ്മുടെ കർത്താവ് കുരിശിൽ ചെയ്തതെന്തോ അതിലുള്ള വിശ്വാസത്തോടെ നിങ്ങൾ പ്രവർത്തിക്കുമ്പോൾ, അവന്റെ മരണവുമായി അലൗകികമായൊരു ഏകത്വം നിങ്ങൾക്ക് കൈവരും. ''നിങ്ങളുടെ ഉള്ളിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു'' എന്ന കുറേക്കൂടി ഉന്നതമായ ഒരറിവ് നിങ്ങൾക്കുണ്ടാകും. നിങ്ങളുടെ പഴയജീവിതം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നതിന്റെ തെളിവ് യേശുവിന്റെ വിളികേട്ടനുസരിക്കാൻ നിങ്ങളിലെ ദൈവിക ജീവിതം എത്ര അനായാസകരമായി നിങ്ങളെ പ്രാപ്തരാക്കുന്നു എന്ന വസ്തുതയാണ്.

താനില്ലായിരുന്നുവെങ്കിൽ നമ്മുടെ ജീവിതം എത്ര നിസ്സഹായം ആകുമായിരുന്നു എന്ന് നമ്മുടെ കർത്താവ് ഇടയ്ക്കിടെ നമ്മെ കാണിച്ച് തരാറുണ്ട്. 'എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴിയുകയില്ല' എന്നാണ് യേശു പറഞ്ഞത്. അതുകൊണ്ടാണ് കർത്താവായ യേശുവിനോടുള്ള വ്യക്തിപരമായ തീക്ഷ്ണഭക്തി ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനമായിരിക്കുന്നത്. അവന്റെ രാജ്യത്തേക്ക് നാം ആനയിക്കപ്പെടുന്ന ആദ്യസമയത്തെ പരമാനന്ദം അല്ല അവന്റെ പ്രധാന ഉദ്ദേശ്യം; യേശുക്രിസ്തുവുമായി ഏകത്വത്തിലാകുന്നതിന്റെ എല്ലാ അർത്ഥവും നാം മനസ്സിലാക്കുക എന്നതാണ് നമ്മെ അവിടെ എത്തിക്കുന്നതിലുള്ള ദൈവോദ്ദേശ്യം.

## സിസംബർ 24

# മറഞ്ഞിരിക്കുന്ന ജീവിതം

**'നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു' (കൊലോസ്സ്യർ 3:3).**

'ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്ന' ജീവിതത്തിന്റെ, ലളിതമെങ്കിലും ശക്തമായ സുരക്ഷിതത്വത്തിന് ദൈവാത്മാവ് സാക്ഷ്യം വഹിക്കുന്നു. പൗലോസ് അപ്പോസ്തലൻ ഇക്കാര്യം നിരന്തരം തന്റെ ലേഖനങ്ങളിലൂടെ വെളിപ്പെടുത്തുന്നുണ്ട്. വിശുദ്ധീകരിക്കപ്പെട്ട ഒരു ജീവിതം നയിക്കുന്നതു വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ് എന്ന മട്ടിൽ നാം സംസാരിക്കാറുണ്ട്. എന്നാൽ സാദ്ധ്യമായതിൽ വെച്ചേറ്റവും സുരക്ഷിതമായ കാര്യമാണത്. കാരണം സർവശക്തനായ ദൈവം അതിനുള്ളിലും അതിന് പിന്നിലുമുണ്ട്. ദൈവത്തെക്കൂടാതെ ജീവിക്കുന്നതാണ് ഏറ്റവും അപകടകരവും ഉറപ്പില്ലാത്തതുമായ കാര്യം. വീണ്ടും ജനിച്ച ഒരാൾ ദൈവത്തിന്റെ താക്കീതുകൾ ശ്രദ്ധിച്ചുകൊണ്ടു വെളിച്ചത്തിൽ നടക്കുമ്പോൾ ഏറ്റവും പ്രയാസമുള്ള കാര്യം തെറ്റ് ചെയ്യുക എന്നതും, ഏളുപ്പമുള്ള കാര്യം ദൈവവുമായി ശരിയായ ബന്ധത്തിൽ ജീവിക്കുക എന്നതുമാണ്.

പാപത്തിൽ നിന്ന് മോചിക്കപ്പെടുന്നതിനെക്കുറിച്ചും പരിശുദ്ധാത്മാവിനാൽ നിറയുന്നതിനെക്കുറിച്ചും (എഫെസ്യർ 5:18) വെളിച്ചത്തിൽ നടക്കുന്നതിനെക്കുറിച്ചും ചിന്തിക്കുമ്പോൾ നാം ഒരു പർവ്വതശിഖരം ചിത്രീകരിക്കുന്നു. അത് വളരെ ഉയരത്തിലുള്ളതും അത്ഭുതകരവുമായി നാം കാണുന്നു. എന്നാൽ ''അയ്യോ എനിക്കൊരിക്കലും ആ ഉയരത്തിൽ ജീവിക്കാൻ സാധിക്കുകയില്ല'' എന്ന് നാം പറയും. ദൈവകൃപയിലൂടെ നാം അവിടെ എത്തിക്കഴിയുമ്പോൾ അതൊരു പർവതശിഖരമല്ല നമുക്ക് ജീവിക്കാനും വളരാനും ധാരാളം സ്ഥലമുള്ള ഒരു സമതലമാണെന്ന് നാം കാണുന്നു. 'ഞാൻ കാലടി വെക്കേണ്ടതിന് നീ വിശാലത വരുത്തി' സങ്കീർത്തനം 18:36.

നിങ്ങൾ യഥാർത്ഥത്തിൽ യേശുവിനെ കാണുമ്പോൾ അവനെ സംശയിക്കാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. 'നിങ്ങളുടെ ഹൃദയം കലങ്ങരുത്..' കർത്താവിനെ കാണുകയാണെങ്കിൽ, വ്യാകുലപ്പെടാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. കർത്താവുള്ളപ്പോൾ സംശയിക്കുക എന്നത് ധാർമ്മികമായി അസാദ്ധ്യമായ കാര്യമാണ്. യേശുവുമായി വ്യക്തിപരമായ സമ്പർക്കത്തിൽ വരുന്ന ഓരോ തവണയും 'എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു' എന്ന അവന്റെ വാക്കുകൾ യഥാർത്ഥമാകുന്നു. അതു നെറുക മുതൽ ഉള്ളം കാൽ വരെ വ്യാപിക്കുന്ന സമാധാനം, അമർത്താനാകാത്ത ഒരു വിശ്വാസം, അത്രേ. ''നിങ്ങളുടെ ജീവൻ ക്രിസ്തുവിനോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.'' യേശുവിന്റെ ആർക്കും ഭഞ്ജിക്കാനാകാത്ത സമാധാനം നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്നു.

## ഡിസംബർ 25

# അവന്റെ ജനനവും നമ്മുടെ പുതുജനനവും

**'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേർ വിളിക്കും' (മത്തായി 1:22 യെശയ്യാവ് 7:14).**

### ചരിത്രത്തിൽ അവന്റെ ജനനം

അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും, ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും (ലൂക്കോസ് 1:35). യേശുക്രിസ്തു ഈ ലോകത്തിൽ നിന്നല്ല ഈ ലോകത്തിലേക്ക് ജനിക്കുകയായിരുന്നു. അവൻ ചരിത്രത്തിൽ നിന്ന് രൂപപ്പെട്ടതല്ല; പുറമേ നിന്ന് ചരിത്രത്തിലേക്ക് വരികയായിരുന്നു. യേശുക്രിസ്തു ഏറ്റവും നല്ല മനുഷ്യജീവിയല്ല. മനുഷ്യരാശിക്ക് യാതൊരു ഖ്യാതിയും അവകാശപ്പെടാൻ വയ്യാത്തൊരു 'ജീവി'യാണ് യേശു. മനുഷ്യൻ ദൈവമായതല്ല; ദൈവം മനുഷ്യനായതാണ് – അതാണ് യേശു. പുറമേ നിന്ന് മനുഷ്യജഡത്തിലേക്ക് വരുകയായിരുന്നു അവൻ. ഏറ്റവും എളിയ വാതിലിലൂടെ പ്രവേശിച്ച ഏറ്റവും ഉന്നതവും ഏറ്റവും വിശുദ്ധവുമായ ജീവിതമായിരുന്നു യേശുവിന്റേത്. നമ്മുടെ കർത്താവിന്റെ ജനനം ഒരു ആഗമനമായിരുന്നു–മനുഷ്യരുപത്തിൽ ദൈവത്തിന്റെ പ്രത്യക്ഷത!!

### എന്നിലെ അവന്റെ ജനനം

'ക്രിസ്തു നിങ്ങളിൽ ഉരുവാകും വരെ ഞാൻ പിന്നെയും പ്രസവവേദനപ്പെടുന്നവരായ......' (ഗലാത്യർ 4:19).

നമ്മുടെ കർത്താവ് പുറമേ നിന്ന് മനുഷ്യചരിത്രത്തിലേക്ക് വന്നതുപോലെ, എന്നിലേക്കും അവൻ ആകാൻ ഞാനെന്റെ വ്യക്തിപരമായ ജീവിതത്തെ അനുവദിച്ചിട്ടുണ്ടോ? സ്വാഭാവികജനനത്തിൽ നിന്നും വ്യത്യസ്തമായി, ഉയരത്തിൽ നിന്ന് ജനിച്ചാലല്ലാതെ എനിക്ക് ദൈവരാജ്യതലത്തിൽ പ്രവേശിക്കാൻ കഴിയുകയില്ല. ''നിങ്ങൾ വീണ്ടും ജനിക്കണം'' (യോഹന്നാൻ 3:7). ഇതൊരു കല്പനയല്ല; ഇതൊരു അടിസ്ഥാനവസ്തുതയാണ്. ഈ പുതുജനനത്തിന്റെ തെളിവ് 'ക്രിസ്തു ഉരുവാകുന്ന' വിധം ഞാൻ ദൈവത്തിന് കീഴടങ്ങുന്നു എന്നതാണ്. 'ക്രിസ്തു എന്നിൽ ഉരുവായി' ക്കഴിഞ്ഞാലുടൻ തന്നേ അവന്റെ പ്രകൃതം എന്നിൽ പ്രവർത്തിച്ച് തുടങ്ങുന്നു. ജഡത്തിൽ ദൈവം വെളിപ്പെട്ടു; ഇതാണ് വീണ്ടെടുപ്പിലൂടെ എനിക്കും നിങ്ങളും അനുഭവമാക്കിത്തന്നത് .

## ഡിസംബർ 26

# വെളിച്ചത്തിൽ നടക്കുക

**''അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നു വെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മ ഉണ്ട്. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു'' (1 യോഹന്നാൻ 1:7).**

വീണ്ടും ജനിക്കുന്നത് വരെ പാപം എന്താണെന്ന് ഒരാളും അറിയുന്നില്ല. കാൽവ രിയിൽ യേശു നേരിട്ടതെന്തോ അതാണ് പാപം. എന്നിലെ പാപത്തിന്റെ യഥാർത്ഥ പ്രകൃതം അറിയാം എന്നതാണ് പാപത്തിൽ നിന്ന് ഞാൻ മോചിതനായി എന്നതി ന്റെ തെളിവ്. എന്താണ് പാപമെന്ന് ഒരാൾ ശരിക്കും മനസ്സിലാക്കാൻ, യോശു ക്രിസ്തുവിന്റെ രക്ഷയുടെ പൂർണ്ണ പ്രവർത്തനവും, അഗാധമായ സ്പർശനവും വേണം. അതായത് തന്റെ തികഞ്ഞ പരിപൂർണ്ണത അവൻ നമുക്ക് നല്കണം.

പരിശുദ്ധാത്മാവ് രക്ഷയുടെ പ്രവർത്തനം നമ്മുടെ ബോധതലത്തിലെന്ന പോല അബോധതലത്തിലും നടത്തുന്നുണ്ട്. ആത്മാവിന്റെ അതുല്യശക്തി ഗ്രഹിക്കുമ്പോഴേ 1 യോഹന്നാൻ 1:7–ാം വാക്യത്തിന്റെ അർത്ഥം നാം ഗ്രഹിക്കുന്നുള്ളൂ. 'യേശുവി ന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു'. ഇത് ബോധപൂർവ മുള്ള പാപത്തെ മാത്രമല്ല പരാമർശിക്കുന്നത്.

പാപത്തെക്കുറിച്ച് പരിശുദ്ധാത്മാവിന് മാത്രം നമ്മിൽ പൂർത്തികരിക്കാവുന്ന, നമു ക്കുണ്ടാകുന്ന ആഴത്തിലുള്ള ധാരണയെയും ഇത് പരാമർശിക്കുന്നു.

'അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ' ഞാനും 'വെളിച്ചത്തിൽ നടക്കണം'; എന്റെ മനസ്സാക്ഷിയുടെ വെളിച്ചത്തിലല്ല ദൈവത്തിന്റെ വെളിച്ചത്തിലാണ് ഞാൻ നടക്കേണ്ടത്. അവിടെ ഞാൻ യാതൊന്നും മറയ്ക്കാതെ നടക്കുകയാണെങ്കിൽ എന്നെ ശാസിക്കാൻ ദൈവം എന്നിൽ ഒന്നും കാണാത്തവിധം, യേശുവിന്റെ രക്തം സകലപാപങ്ങളിൽ നിന്നും എന്നെ ശുദ്ധീകരിക്കുന്നു എന്ന വിസ്മയക രമായ വെളിപ്പാട് എനിക്കുണ്ടാകും. ബോധതലത്തിൽ പാപം യഥാർത്ഥത്തിൽ എന്താണ് എന്നതിനെക്കുറിച്ച് മൂർച്ചയേറിയ വേദനിപ്പിക്കുന്ന ഒരറിവ് എന്നിലുള വാകും. വെളിച്ചത്തിൽ നടക്കുക എന്നതിനർത്ഥം ഇതാണ്: ഇരുട്ടിന്റേതായ സർവ്വ തും എന്നെ പ്രകാശത്തിന്റെ നടുവിലേക്ക് നയിക്കുന്നു. ദൈവത്തിന്റെ വിശുദ്ധിക്കു ചേരാത്ത എല്ലാറ്റിനെയും പരിശുദ്ധാത്മശക്തിയിൽ വെറുക്കാൻ എന്നിൽ വ്യാപരി ക്കുന്ന ദൈവസ്നേഹം എന്നെ സഹായിക്കുന്നു.

## ഡിസംബർ 27

# യുദ്ധത്തിന്റെ ജയാപജയകേന്ദ്രങ്ങൾ

**'യിസ്രായേലേ, നീ മനം തിരിയുന്നുവെങ്കിൽ എന്റെ അടുക്കലേക്ക് മടങ്ങി വന്നു കൊൾക......' (യിരെമ്യാവ് 4:1)**

നമ്മുടെ പോരാട്ടങ്ങൾ ആദ്യം ജയിക്കുകയോ തോല്ക്കുകയോ ചെയ്യുന്നത് ലോകത്തിന്റെ മുമ്പിലല്ല. ദൈവസന്നിധിയിൽ നമ്മുടെ ഇച്ഛയുടെ രഹസ്യസങ്കേതങ്ങളിൽ വെച്ചാണ്. ദൈവാത്മാവ് എന്നെ പിടികൂടുകയും ഞാൻ തനിച്ച് ദൈവമുമ്പാകെ ചെല്ലാനും പോരാട്ടം നടത്താനും നിർബ്ബന്ധിക്കുകയും ചെയ്യുന്നു. ഇത് ചെയ്യപ്പെടുന്നത് വരെ ഞാനോരോ പ്രാവശ്യവും തോല്ക്കുന്നു. പോരാട്ടം ഒരുമിനിട്ടോ ഒരു വർഷമോ എടുക്കാം. അത് ദൈവത്തെയല്ല എന്നെ ആശ്രയിച്ചിരിക്കുന്നു. ദൈവതിരുമുമ്പാകെ ഞാൻ തനിച്ച് ഇതിനോട് പോരാടണം. തിരുമുമ്പാകെ ത്യജിക്കലിന്റെ, തിരസ്കരിക്കലിന്റെ നരകത്തിലൂടെ കടന്നു പോകാൻ ഞാൻ ഉറച്ച് തീരുമാനിക്കണം. ദൈവതിരുമുമ്പാകെ പോരാടുകയും ജയിക്കുകയും ചെയ്ത ആളിന്റെ മേൽ യാതൊന്നിനും ഒരു ശക്തിയും ഉണ്ടാകുകയില്ല.

'പ്രയാസകരമായ ചുറ്റുപാടുകളിലേക്ക് കടക്കും വരെ ഞാൻ കാത്തിരിക്കും; എന്നിട്ട് ഞാൻ ദൈവത്തെ പരീക്ഷിക്കും' എന്ന് ഒരിക്കലും പറയരുത്. ആർക്കും പ്രവേശിക്കാൻ സാധിക്കാത്ത എന്റെ ആത്മാവിന്റെ ഉള്ളറകളിൽ വെച്ച് ഞാൻ ആ പ്രശ്നം ദൈവത്തിനും എനിക്കുമിടയിൽ തീർക്കണം. അപ്പോൾ യുദ്ധം ജയിച്ചു എന്ന ഉറപ്പോടെ എനിക്ക് മുന്നോട്ട് പോകാം. അവിടെ ഞാൻ പരാജയപ്പെട്ടാൽ അപകടങ്ങളും, അനർത്ഥങ്ങളും ലോകമുമ്പാകെയുള്ള തോല്വികളും ദൈവപ്രമാണങ്ങൾ പോലെ തന്നേ ഉറപ്പാണ്, ഞാൻ പരാജയപ്പെടുന്നതിന് കാരണം, ആദ്യം അത് ബാഹ്യലോകത്ത് ഞാൻ പോരാടുന്നു എന്നതാണ്. ദൈവവുമായി തനിച്ചാകുക, തിരുമുമ്പാകെ പോരാടുക, ആ കാര്യം എന്നെന്നേയ്ക്കുമായി തീർക്കുക.

മറ്റുള്ളവരുമായുള്ള ഇടപെടലിൽ അവരുടെ ഇച്ഛയുടേതായ ഒരു തീരുമാനം കൈക്കൊള്ളുന്നതിലേക്ക് നാം അവരെ നയിക്കുകയാണ് വേണ്ടത്. അങ്ങനെയാണ് ദൈവമുമ്പാകെയുള്ള കീഴടങ്ങൽ തുടങ്ങുന്നത്. ഇടയ്ക്കിടെ ദൈവം നമ്മെ വലിയോരു വഴിത്തിരിവിലേക്ക് കൊണ്ടുവരുന്നു. അവിടെ നിന്ന് നാം കുറേക്കൂടി സാവധാനത്തിലുള്ള അലസവും പ്രയോജനരഹിതവുമായ ഒരു 'ക്രിസ്തീയ'ജീവിതത്തിലേയ്ക്ക് നീങ്ങുകയോ അല്ലെങ്കിൽ ദൈവമഹത്വത്തിനായി നമ്മുടെ സർവ്വവും സർവ്വകഴിവും നല്കിക്കൊണ്ട് കൂടുതൽ ഉജ്ജസ്വലരാകുകയോ ചെയ്യുന്നു.

## ഡിസംബർ 28

# നിരന്തര പരിവർത്തനം

**''നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയിവരുന്നില്ല എങ്കിൽ സ്വർഗ്ഗ രാജ്യത്തിൽ കടക്കയില്ല...............'' (മത്തായി 18:3).**

നമ്മുടെ കർത്താവിന്റെ ഈ വാക്കുകൾ നമ്മുടെ മാനസാന്തരത്തിന്റെ ആദ്യ ഘട്ടത്തെ പരാമർശിക്കുന്നു. എന്നാൽ നാം കുട്ടികളെപ്പോലെ ദൈവത്തിങ്കലേക്ക് തിരിയുന്നതും നമ്മുടെ ജീവിതത്തിലെ ഓരോ ദിവസവും പരിവർത്തനം ചെയ്യപ്പെടുന്നതും തുടർന്നു കൊണ്ടിരിക്കണം. ദൈവത്തിന് പകരം നാം നമ്മുടെ കഴിവുകളെ വിശ്വസിച്ചാൽ അതുമൂലം നാം സൃഷ്ടിക്കുന്ന ഭവിഷ്യത്തുകൾക്ക് ദൈവം നമ്മെ ഉത്തരവാദികളാക്കും. ദൈവം തന്റെ പരമാധികാരത്തിലൂടെ നമ്മെ പുതിയ പരിതസ്ഥിതികളിൽ കൊണ്ടുവരുമ്പോൾ ദൈവാത്മാവിന്റെ കല്പനകൾ അനുസരിച്ച് കൊണ്ട് നമ്മുടെ ലൗകിക ജീവിതം ആത്മീയ ജീവിതത്തിന് കീഴടങ്ങുന്നു എന്ന് നാം ഉറപ്പാക്കണം. ഒരിക്കൽ നാം അങ്ങനെ ചെയ്തു എന്നത് നാം വീണ്ടും അങ്ങനെ ചെയ്യുമെന്നുള്ളതിന് തെളിവല്ല. ലൗകികജീവിതത്തിന് ആത്മീയ ജീവിതത്തോടുള്ള ബന്ധം നിരന്തരമായ പരിവർത്തനത്തിന്റേതാണ്; ഇവിടെയാണ് അനുസരിക്കാൻ നാം പലപ്പോഴും വിസമ്മതിക്കുന്നത്. നമ്മുടെ സ്ഥിതിഗതി എന്തുതന്നേയായാലും ദൈവാത്മാവും, ദൈവത്തിന്റെ രക്ഷയും മാറ്റമില്ലാതെ നിലകൊള്ളണം (എഫെസ്യർ4:24). നാം അനുസരിക്കാൻ വിസമ്മതിക്കുന്ന ഓരോ അവസരത്തിലും, ദൈവം നമ്മെ അതിനുത്തരവാദികളാക്കുകയും നമ്മുടെ അനുസരണക്കേട് തന്നിഷ്ടം–ശാഠ്യം–ആയി കാണുകയും ചെയ്യുന്നു നമ്മുടെ ലൗകിക ജീവിതമല്ല ദൈവമാണ് നമ്മിൽ ഭരണം നടത്തേണ്ടത്. നമ്മുടെ ആത്മീയ ജീവിതത്തിലെ തടസ്സം, നാം നിരന്തരം പരിവർത്തനം ചെയ്യപ്പെടുന്നില്ല എന്നതാണ്. അഹങ്കാരത്താൽ ദൈവസിംഹാസനത്തെ നിന്ദിക്കുകയും 'ഞാൻ കീഴടങ്ങുകയില്ല' എന്ന് പറയുകയും ചെയ്യുന്ന തന്നിഷ്ടത്തിന്റെ മേഖലകൾ നമ്മുടെ ജീവിതത്തിലുണ്ട്. ദുഃസ്വാതന്ത്ര്യത്തെയും തന്നിഷ്ടത്തെയും നാം ദൈവമാക്കുന്നു; ദൈവം ശാഠ്യപൂർവ്വമുള്ള ബലഹീനതയായി കാണുന്നതിനെ നാം ശക്തിയെന്ന് വിളിക്കുന്നു. ഇനിയും കീഴടങ്ങിയിട്ടില്ലാത്ത രംഗങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. പരിവർത്തനം കൊണ്ട് മാത്രമേ അവയെ ദൈവമുമ്പാകെ സമർപ്പിക്കാൻ നമുക്ക് കഴിയൂ. നിരന്തരപരിവർത്തനത്തിലൂടെ സമസ്ത ജീവിതമേഖലയെയും നമുക്ക് ദൈവാത്മാവിനായി സ്വാധീനമാക്കാം.

## ഡിസംബർ 29

# ഉപേക്ഷിക്കുന്നവനോ ശിഷ്യനോ?

**'അന്നു മുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി പിന്നെ അവനോടു കൂടെ സഞ്ചരിച്ചില്ല' (യോഹന്നാൻ 6.66).**

തന്റെ വചനത്തിലൂടെ പരിശുദ്ധാത്മാവിനാൽ തന്റെ ഹിതത്തെക്കുറിച്ച് ദൈവം നിങ്ങൾക്ക് വ്യക്തമായ ഒരു ദർശനം തരുമ്പോൾ, ആ ദർശനത്തിന്റെ വെളിച്ചത്തിൽ നിങ്ങൾ നടക്കണം. ആ ദർശനത്താൽ നിങ്ങളുടെ ആത്മാവും മനസ്സും ആവേശ ഭരിതമായാലും, ആ വെളിച്ചത്തിൽ നിങ്ങൾ നടന്നില്ലെങ്കിൽ നമ്മുടെ കർത്താവ് ഒരിക്കലും ഇഷ്ടപ്പെടാത്ത ഒരടിമത്തത്തിലേക്ക് നിങ്ങൾ താഴും. ഒരു സ്വർഗ്ഗീയ ദർശനത്തോടുള്ള അനുസരണയില്ലായ്മ യേശുക്രിസ്തുവിന് തികച്ചും അന്യമായ ആശയങ്ങൾക്ക് നിങ്ങളെ അടിമയാക്കും. ആരെയെങ്കിലും കണ്ടിട്ട് 'അവൻ ഈ ആശയങ്ങളൊക്കെ വെച്ചു പുലർത്തുകയും ഐശ്വര്യം നേടുകയും ചെയ്യാമെങ്കിൽ എനിക്കെന്തുകൊണ്ട് പാടില്ല?' എന്ന് ഒരിക്കലും പറയരുത്. മറ്റുള്ളവരുമായി നിങ്ങളെ താരതമ്യപ്പെടുത്തുകയോ അവരെ ന്യായം വിധിക്കുകയോ ചെയ്യരുത്. അത് അവർക്കും ദൈവത്തിനുമിടയിലുള്ള കാര്യമാണ്. നിങ്ങൾക്കിഷ്ടപ്പെട്ടതും നിങ്ങൾ മുറുകെ പിടിച്ചിരിക്കുന്നതുമായ ആശയങ്ങളിലൊന്ന് സ്വർഗ്ഗീയ ദർശനവുമായി ഇടയുകയാണെങ്കിൽ, അതേക്കുറിച്ച് വാദവിവാദങ്ങൾ തുടങ്ങരുത്. അങ്ങനെ ചെയ്താൽ ഒരു തരം ഉടമസ്ഥാവകാശബോധം നിങ്ങളിൽ നിന്ന് പുറത്ത് വരും– അത് യേശുവിന് മതിപ്പില്ലാത്ത കാര്യമാണ്. തനിക്ക് അന്യമായ സർവ്വതിന്റെയും വേരായി ഇതിനെയെല്ലാം അവൻ എതിർത്തിരുന്നു. 'ഒരുത്തന് സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്..'(ലൂക്കോസ് 12:15). ഇത് നാം മനസ്സിലാക്കാത്തത് കർത്താവ് പഠിപ്പിച്ച കാര്യങ്ങളുടെ അന്തർദ്ധാരയായ തത്ത്വങ്ങൾ മനസ്സിലാക്കാത്തതിനാലാണ്.

ദൈവം തന്റെ  ഹിതം നമുക്ക് വെളിപ്പെടുത്തിയപ്പോഴുണ്ടായ അത്ഭുതകരമായ അനുഭവത്തിന്റെ ഓർമ്മയിൽക്കുളിച്ച് കിടക്കാനാണ് നമ്മുടെ പ്രവണത. എന്നാൽ ഒരു പുതിയ നിയമ മാനദണ്ഡം അല്ലെങ്കിൽ തത്ത്വം ദൈവത്തിന്റെ വെളിച്ചത്തിൽ നമുക്ക് വെളിപ്പെടുത്തിക്കിട്ടുകയും നാം അതിനൊത്തുയരുകയും ചെയ്തില്ലെങ്കിൽ, അല്ലെങ്കിൽ അങ്ങനെ ചെയ്യാൻ നമുക്ക് തോന്നുന്നു പോലുമില്ലെങ്കിൽ, നാം പിന്നോക്കം വലിഞ്ഞുതുടങ്ങുകയായി. അതിനർത്ഥം നിങ്ങളുടെ മനസ്സാക്ഷി സത്യത്തിന് പ്രതികരിക്കുന്നില്ല എന്നാണ്. ഒരു സത്യം മറ നീക്കിക്കിട്ടിക്കഴിഞ്ഞാൽ നിങ്ങൾ ആ പഴയ ആളല്ല. ആ നിമിഷം നിങ്ങളെ, കൂടുതൽ ഭക്തിയോടെ യേശുവിന്റെ ശിഷ്യനായിത്തുടരുന്ന ആളായിട്ടോ ഉപേക്ഷിച്ച് പോകാൻ തിരിയുന്ന ഒരാളായിട്ടോ അടയാളപ്പെടുത്തും.

## ഡിസംബർ 30

# നമുക്ക് സ്വന്തമായുള്ള ഓരോ നന്മയും

**'എന്റെ ഉറവുകൾ ഒക്കെയും നിന്നിൽ ആകുന്നു' (സങ്കീർത്തനം: 87.7)**

നമ്മുടെ കർത്താവ് ഒരിക്കലും നമ്മുടെ സ്വാഭാവിക നന്മകളെ– നമ്മുടെ സ്വാഭാവിക ഗുണവിശേഷങ്ങളെ 'തുന്നിക്കൂട്ടു'കയില്ല. അവൻ ഉള്ളിലുള്ള മനുഷ്യനെ പൂർണ്ണമായും പുന:സൃഷ്ടിക്കുന്നു. ''പുതിയ മനുഷ്യനെ ധരിച്ചു കൊൾക'' (എഫെസ്യർ4:24). മറ്റൊരുതരത്തിൽ പറഞ്ഞാൽ നിങ്ങളുടെ സ്വാഭാവിക മനുഷ്യജീവിതം ഈ പുതുജീവിതത്തിനിണങ്ങുന്ന സർവ്വതും ധരിക്കുവാൻ ശ്രദ്ധിക്കുക. ദൈവം നമ്മിൽ നടുന്ന ജീവിതം അതിന്റേതായ പുതിയ നന്മകൾ വളർത്തിയെടുക്കുന്നു, ആദാമിന്റെ വിത്തിന്റെ നന്മകളല്ല യേശുക്രിസ്തുവിന്റെ വിത്തിന്റെ നന്മകൾ! ഒരിക്കൽ ദൈവം നിങ്ങളുടെ ജീവിതത്തിൽ വിശുദ്ധീകരണ പ്രക്രിയ തുടങ്ങിക്കഴിഞ്ഞാൽ നിങ്ങളുടെ സ്വാഭാവിക നന്മകളിലും ശക്തിയിലുമുള്ള നിങ്ങളുടെ ആത്മവിശ്വാസം എങ്ങനെ വറ്റിത്തുടങ്ങുന്നുവെന്ന് നോക്കി കാണുക. യേശുവിന്റെ പുനരുത്ഥാനത്തിന്റെ ഉറവിടങ്ങളിൽ നിന്ന് നിങ്ങൾ നിങ്ങളുടെ ജീവിതം വലിച്ചെടുക്കുന്നത് വരെ ദൈവം ഇത് തുടരും. ഈ വരൾച്ചാ അനുഭവത്തിലൂടെ നിങ്ങൾ കടന്ന് പൊയ്ക്കൊണ്ടിരിക്കുകയാണെങ്കിൽ ദൈവത്തിന് സ്തോത്രം ചെയ്യുവിൻ.

ദൈവം നമ്മിൽ പ്രവർത്തിക്കും എന്നതിന്റെ അടയാളം നമ്മുടെ സ്വാഭാവികനന്മകളിൽ നമുക്കുള്ള വിശ്വാസം അവൻ നശിപ്പിക്കുന്നു എന്നതാണ്; കാരണം അവ നാം എന്തായിരിക്കാൻ പോകുന്നു എന്നതിന്റെ വാഗ്ദാനങ്ങളല്ല; മനുഷ്യൻ എന്തായിരിക്കാൻ വേണ്ടി ദൈവം അവനെ സൃഷ്ടിച്ചുവോ അതിന്റെ നഷ്ടപ്പെടുത്തിക്കളഞ്ഞ ഒരോർമ്മ മാത്രമാണ് അവയെല്ലാം. നമ്മുടെ സ്വാഭാവിക നന്മകളിൽ പിടിച്ച് തൂങ്ങാൻ നാം ആഗ്രഹിക്കുമ്പോൾ, ദൈവം ആ സമയമെല്ലാം സ്വാഭാവിക നന്മയുടെ പേരിൽ വിവരിക്കാനാകാത്ത യേശുവിന്റെ ജീവിതവുമായി നമ്മെ സമ്പർക്കത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു. ദൈവകൃപ ഇല്ലാത്ത കാര്യങ്ങളിൽ ആശ്രയിച്ചു കൊണ്ട് ദൈവശുശ്രൂഷ ചെയ്യാൻ ആളുകൾ ശ്രമിക്കുന്നത് അങ്ങേയറ്റം സങ്കടകരമാണ്. പാരമ്പര്യത്താൽ തങ്ങൾക്കുള്ളതിനെ മാത്രം അവർ ആശ്രയിക്കുകയാണ്. നമ്മുടെ സ്വാഭാവിക നന്മകളെ എടുത്ത് ദൈവം രൂപാന്തരപ്പെടുത്തുന്നില്ല. കാരണം അവയ്ക്ക് യേശുക്രിസ്തു ആഗ്രഹിക്കുന്നതിനടുത്തെങ്ങും വരാൻ കഴിയുകയില്ല. ഒരു സ്വാഭാവിക സ്നേഹത്തിനും, ക്ഷമയ്ക്കും ശുദ്ധിക്കും യേശു ആവശ്യപ്പെടുന്നതിന് അടുത്തെങ്ങും വരാൻ കഴിയുകയില്ല. എന്നാൽ ദൈവം നമ്മിൽ വെച്ച പുതുജീവിതവുമായി, നമ്മുടെ സ്വാഭാവിക ശാരീരിക ജീവിതത്തെ രഞ്ജിപ്പിൽ കൊണ്ടുവന്നാൽ, കർത്താവായ യേശുക്രിസ്തുവിന്റെ സ്വഭാവവിശേഷങ്ങളായിരുന്ന നന്മകൾ അവൻ നമ്മിൽ വെളിപ്പെടുത്തും.

നമുക്കുള്ള നന്മകളോരോന്നും അവന്റേതു മാത്രം!

## ഡിസംബർ 31

# ഇന്നലെ

**''യിസ്രായേലിന്റെ ദൈവം നിങ്ങളുടെ പിൻപട ആയിരിക്കും'' (യെശയ്യാവ് 52:12)**

### ഇന്നലെയിൽ നിന്നുള്ള സുരക്ഷിതത്വം

കഴിഞ്ഞുപോയതിനെ ദൈവം വീണ്ടും അന്വേഷിക്കുന്നു. (സഭാപ്രസംഗി 3:15) വർഷാവസാനത്തിൽ എത്തിയിരിക്കുന്ന നാം ദൈവം ഭാവിക്കായി വെച്ചിരിക്കുന്നതിലേക്ക് ജിജ്ഞാസയോടെ നോക്കുന്നു; എന്നാൽ നമ്മുടെ ഇന്നലെകളെക്കുറിച്ചോർക്കുമ്പോൾ ഉൽക്കണ്ഠയും ഉയരുന്നു. ദൈവകൃപയിലുള്ള നമ്മുടെ ഇപ്പോഴത്തെ സന്തോഷത്തെ ഇന്നലത്തെ പാപങ്ങളെയും അബദ്ധങ്ങളെയുംകുറിച്ചുള്ള ഓർമ്മ കുറച്ചു കളഞ്ഞേക്കാം. എന്നാൽ ദൈവം നമ്മുടെ ഇന്നലെകളുടെയും ദൈവമാണ്. നമ്മുടെ ഭാവിയിലെ ആത്മീയ വളർച്ചയ്ക്കുള്ള ഒരു ശുശ്രൂഷയായി ആ അബദ്ധങ്ങളെയും പാപങ്ങളെയുംകുറിച്ചുള്ള ഓർമ്മകളിലൂടെ ഭൂതകാലത്തേക്ക് തിരിയാൻ ദൈവം അനുവദിക്കുന്നു. വർത്തമാനകാലത്തിലുള്ള ആഴമില്ലാത്ത ഒരു സുരക്ഷിതത്വത്തിൽ നിന്ന് നമ്മെ രക്ഷിക്കാൻ അവൻ ഭൂതകാലത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു.

### നാളെയ്ക്ക് വേണ്ടിയുള്ള സുരക്ഷിതത്വം

'യഹോവ നിങ്ങൾക്ക് മുമ്പായി നടക്കും' (യെശയ്യാവ് 52:12).

ഇതൊരു കൃപാനിർഭരമായ വെളിപ്പാടാണ്. നാം പരാജയപ്പെട്ടിടത്ത് ദൈവം തന്റെ സൈന്യങ്ങളെ അയക്കും. വീണ്ടും നാം പരാജയങ്ങളിൽ തട്ടിവീഴാതെ അവൻ നമ്മെ നോക്കിക്കൊള്ളും. അവൻ നമുക്ക് പിന്നിൽ നടന്നില്ലെങ്കിൽ നാം തീർച്ചയായും വീഴും. നമ്മുടെ മനസ്സാക്ഷിക്കെതിരെയുള്ള സകല കണക്കുകളും തീർത്ത് കൊണ്ട് ദൈവകരങ്ങൾ ഭൂതകാലത്തിലേക്കു നീളുന്നു.

### ഇന്നത്തേക്കുള്ള സുരക്ഷിതത്വം

'നിങ്ങൾ ബദ്ധപ്പാടോടെ പോകുകയില്ല'' (യെശയ്യാവ് 52:12). അടുത്ത വർഷത്തേയ്ക്ക് നാം കടക്കുമ്പോൾ അത് സ്വയം മറന്നുള്ള തീവ്രമായ ആനന്ദത്തിലോ എടുത്തുചാടുന്ന ചിന്താശൂന്യമായ തത്രപ്പാടോടെയോ ആകരുത്. യിസ്രായേലിന്റെ ദൈവം നമുക്ക് മുമ്പാകെ പോകുന്നുണ്ട് എന്ന അറിവിന്റെ ക്ഷമാനിർഭരമായ ശക്തിയോടെ നാം പുതുവർഷത്തിലേക്ക് കടക്കട്ടെ. നമ്മുടെ ഇന്നലെകൾ നമുക്കായി തകർന്നതും തിരിച്ചെടുക്കാനാകാത്തതുമായ പലതും സൂക്ഷിച്ചിരിക്കുന്നു. ഒരിക്കലും തിരിച്ചുകിട്ടുകയില്ലാത്ത അവസരങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടായി എന്നത് സത്യമാണ്. എന്നാൽ നാശകരമായ ഈ ഉത്കണ്ഠയെ ഭാവിക്ക് വേണ്ടിയുള്ള സൃഷ്ടിപരമായ ഒരു കരുതലായി ദൈവത്തിന് രൂപാന്തരപ്പെടുത്താൻ കഴിയും. ഭൂതകാലം ഉറങ്ങട്ടെ, എന്നാൽ അത് നമ്മുടെ കർത്താവിന്റെ മാറിൽ ഉറങ്ങട്ടെ.

തിരിച്ചെടുക്കാനാകാത്ത തകർന്ന ഭൂതകാലത്തെ ദൈവകരങ്ങളിലേല്പിക്കുക. അജയ്യമായ ഭാവിയിലേക്ക് ദൈവത്തോടൊപ്പം ചുവട് വെച്ച് കയറുക.

# ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം

| | mm /dd |
|---|---|
| **ഉല്പത്തി** | |
| 5:24 | 10/12 |
| 9:13 | 12/6 |
| 12:8 | 1/6 |
| 13:9 | 5/25 |
| 15:12 | 1/19 |
| 16: 1-15 | 1/19 |
| 17: 1 | 1/19,5/25, 7/20 |
| 18:17 | 3/20,3/27 |
| 21:8-14 | 12/10 |
| 21:15-19 | 12/10 |
| 22:2 | 4/26, 11/11 |
| 22:3 | 11/11 |
| 22:9 | 1/8 |
| 22:16-17 | 11/17 |
| 24:27 | 11/14 |
| 32:24-25 | 12/16 |
| 41:40 | 12/5 |
| | |
| **പുറപ്പാട്** | |
| 2:11 | 10/13 |
| 3:4 | 4/18 |
| 3:10-11 | 10/13 |
| 3:14 | 10/4, 10/14 |
| 14:13 | 9/8 |
| 16:20 | 1/6 |
| 20:19 | 2/12 |
| 34:29 | 4/22 |
| | |
| **ആവർത്തനപുസ്തകം** | |
| 5:32 | 6/28 |
| 28:14 | 10/25 |
| 33:27 | 5/24 |
| | |
| 24: 15, 22 | 7/8 |
| 24:19,21 | 7/9 |
| | |
| **1 ശമുവേൽ** | |
| 3:9,15 | 1/30 |
| 3:10 | 2/13 |
| 15:22 | 6/8 |

| | mm /dd |
|---|---|
| **2 ശമുവേൽ** | |
| 23:16 | 9/3 |
| | |
| **1 രാജാക്കന്മാർ** | |
| 2:28 | 4/19 |
| 19:5 | 2/17 |
| 19:12 | 8/13 |
| | |
| **2 രാജാക്കന്മാർ** | |
| 2:11-12, 13-15,23 | 8/11 |
| | |
| **2 ദിനവൃത്താന്തം** | |
| 15:17 | 4/15 |
| | |
| **നെഹമ്യാവ്** | |
| 8:10 | 4/14 |
| | |
| **ഇയ്യോബ്** | |
| 13:15 | 5/8, 10/31 |
| 42:10 | 6/20 |
| | |
| **സങ്കീർത്തനങ്ങൾ** | |
| 18:25-26 | 4/26,6/22 |
| 18:29 | 5/15 |
| 18:36 | 12/24 |
| 25:12 | 6/2,6/3 |
| 25:13 | 6/2,6/3 |
| 25:14 | 6/3 |
| 37:4 | 3/20 |
| 37:5 | 7/5 |
| 37:7 | 7/4, 8/1 |
| 37:8 | 7/4 |
| 37:34 | 8/1 |
| 40:8 | 1/29,8/25, 8/31 |
| 46:1 | 2/27 |
| 46:2 | 7/20 |
| 46:10 | 2/22 |
| 51:4 | 11/19, 12/7 |
| 55:22 | 4/13 |
| 87:7 | 2/9,5/16, 12/30 |

# ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം


| | mm /dd |
|---|---|
| 91:1 | 7/4 |
| 91:1, 10 | 8/2 |
| 91:15 | 5/19 |
| 97:2 | 1/3 |
| 106:6-7 | 2/11 |
| 116:12-13 | 5/2 |
| 118:27 | 2/6 |
| 123:2 | 11/24 |
| 123:3 | 11/23 |
| 139 | 1/9 |

**സദൃശ്യവാക്യങ്ങൾ**

| | |
|---|---|
| 3:5-6 | 6/27 |
| 29:18 | 5/9 |

**സഭാപ്രസംഗി**

| | |
|---|---|
| 3:15 | 12/31 |
| 9:10 | 4/23 |

**യെശയ്യാവ്**

| | |
|---|---|
| 1:10-11 | 3/15 |
| 6:1 | 7/13 |
| 6:1,5 | 7/18 |
| 6:5 | 7/3 |
| 6:7 | 7/3 |
| 6:8 | 1/14,1/16, 9/30 |
| 8: 11 | 1/29, 1/30 |
| 9:6 | 4/13 |
| 26:3 | 2/11 |
| 35:7 | 7/6 |
| 40:26 | 2/10 |
| 40:28 | 2/9 |
| 40:29 | 4/14 |
| 40:31 | 3/19,7/20, 10/3 |
| 42:4 | 10/12 |
| 45:22 | 1/22, 2/2, 2/11, 11/26, 12/6 |
| 49:2 | 1/19,2/14 |
| 49:5 | 9/21 |
| 50:7 | 3/15 |

| | mm /dd |
|---|---|
| 50: 10-11 | 1/19 |
| 52:12 | 12/31 |
| 53:1 | 11/24 |
| 53:3 | 6/23 |
| 53:10 | 12/2 |
| 55: 1 | 6/10 |
| 59:16 | 3/30 |
| 60:1 | 2/19 |
| 61:1 | 3/14 |

**യിരെമ്യാവ്**

| | |
|---|---|
| 1:8 | 6/27 |
| 2:2 | 1/21 |
| 4:1 | 12/27 |
| 39:18 | 6/27 |
| 45:5 | 4/27,4/28 |

**യെഹസ്കേൽ**

| | |
|---|---|
| 37:3 | 6/1 |
| 37:12 | 6/1 |

**യോനാ**

| | |
|---|---|
| 4:2 | 5/9 |

**നാഹും**

| | |
|---|---|
| 1:3 | 7/29 |

**ഹബക്കൂക്ക്**

| | |
|---|---|
| 2:3 | 3/11,5/2 |

**മലാഖി**

| | |
|---|---|
| 2:16 | 11/23 |

**മത്തായി**

| | |
|---|---|
| 1:23 | 12/25 |
| 3: 11 | 1/28, 8/22 |
| 3:17 | 10/13 |
| 4:1 | 9/18 |
| 4:19 | 1/14,9/19 |
| 5:3 | 6/9,7/21 8/21 |
| 5:3-11 | 7/25 |
| 5:8 | 3/26 |
| 5:8, 11 | 7/21 |

# ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം

| | mm / dd | | mm / dd |
|---|---|---|---|
| 5:11 | 10/6, 11/3 | 9:38 | 10/16, 10/17 |
| 5:20 | 7/24,8/27 | 10:24 | 9/23, 11/22 |
| 5:23 | 9/26 | 10:27 | 2/14 |
| 5:23-24 | 7/27,9/24, 12/11 | 10:34 | 3/24,7/22, 12/19 |
| 5:24 | 9/26 | 11:1 | 8/1 |
| 5:25 | 6/30 | 11:6 | 8/29 |
| 5:25-26 | 7/1 | 11:25 | 9/14, 10/10, 10/17 |
| 5:26 | 6/30, 7/1 | | |
| 5:29-30 | 1/30 | 11:28 | 6/11,8/19, 8/20,9/13, 10/8, 10/14, 10/22, 11/4 |
| 5:30 | 6/29 | | |
| 5:39 | 7/14 | | |
| 5:41 | 9/11, 9/25 | | |
| 5:45 | 6/9,8/24 | 11:29 | 1/28,4/14 |
| 5:48 | 6/29,9/20 | 11:30 | 4/14 |
| 6:6 | 8/23,9/16 | 12:13 | 2/16 |
| 6:7 | 9/16 | 13:22 | 1/26,1/27, 5/19,5/23 |
| 6:8 | 3/20,4/27, 8/6 | | |
| | | 13:58 | 7/9 |
| 6:10 | 6/3 | 14:29 | 3/28 |
| 6:23 | 8/27 | 14:29-30 | 6/18 |
| 6:25 | 1/27,5/21, 5/23 | 14:31 | 6/18 |
| | | 15: 18-20 | 7/26 |
| 6:26 | 1/26 | 16:21-23 | 8/10 |
| 6:26-28 | 5/18 | 16:24 | 9/13, 12/9, 12/11 |
| 6:28 | 1/26 | | |
| 6:30 | 1/26, 1/27 | 17:20 | 10/31 |
| 6:33 | 4/20,5/21, 10/30 | 18:3 | 4/29,8/28, 12/28 |
| 6:34 | 1/27 | 18:5 | 5/31 |
| 7:1 | 6/17,6/22 | 19:29 | 6/20 |
| 7:2 | 6/22 | 20:22 | 9/12 |
| 7:3-5 | 6/17 | 20:28 | 2/23 |
| 7:7 | 4/27,7/16, 12/17 | 22:14 | 1/14 |
| | | 23:8 | 9/22 |
| 7:8 | 5/26,8/24, 9/16 | 23:11 | 2/25 |
| | | 23:27 | 4/3 |
| 7:9 | 8/24, 10/11 | 25:14-30 | 4/20 |
| 7:11 | 7/16 | 25:21 | 3/5 |
| 7: 12 | 8/24 | 26:33-35 | 3/1 |
| 7:13-14 | 7/7 | 26:36,38 | 4/5 |
| 8:26 | 8/12 | 26:38 | 9/5 |
| 9:28 | 10/27 | 26:42 | 5/22 |

## ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം

| | mm /dd | | mm/dd |
|---|---|---|---|
| 26:46 | 2/18 | 4:13 | 4/5 |
| 26:56 | 9/5 | 4:18 | 3/14 |
| 26:69-75 | 1/5,8/16 | 4:26-27,33 | 7/2 |
| 28:10 | 7/10 | 8:1-3 | 1/11 |
| 28:16 | 10/l4 | 8:2 | 8/16 |
| 28:18-19 | 10/14, 10/27 | 9:23 | 11/2 |
| 28:19 | 5/6,9/4, | 9:28-42 | 8/29 |
| | 10/26, 10/27 | 9:33 | 8/1 |
| | | 9:34 | 7/29 |
| **മർക്കൊസ്** | | 9:51 | 8/3 |
| 4:10 | 1/13 | 9:55 | 1/29 |
| 4:19 | 8/31, 11/23 | 9:57 | 9/27 |
| 4:34 | 1/12 | 9:57-62 | 3/12 |
| 6:31 | 2/20 | 9:58-59,61 | 9/27 |
| 6:45 | 7/28 | 9:61 | 5/30 |
| 6:49 | 7/28 | 9:62 | 8/13 |
| 9:1-9 | 3/22 | 10:17-20 | 10/27 |
| 9:1-29 | 6/16 | 10:18-20 | 1/7 |
| 9:2 | 10/1 | 10:20 | 4/24,8/30 |
| 9:2-8 | 7/29 | 11: 1 | 8/28 |
| 9:5-6 | 10/2 | 11:5-8 | 9/12 |
| 9:9 | 4/7 | 11:9 | 6/10 |
| 9:14-18 | 10/1 | 11:9-13 | 10/22 |
| 9:14-23 | 10/2 | 11:10 | 6/9,6/10, |
| 9:22 | 10/2 | | 9/12 |
| 9:28-29 | 10/3 | 11:11-13 | 9/12 |
| 10:21 | 9/28 | 11:13 | 1/30,6/9, |
| 10:28 | 3/12 | | 12/19 |
| 10:29 | 3/12 | 12:8 | 3/1 |
| 10:32 | 3/15 | 12:15 | 12/29 |
| 11: 16 | 11/8 | 12:22 | 1/2 |
| 11: 17 | 11/8 | 12:40 | 3/29 |
| 14:3-4 | 9/2 | 14:26 | 2/2,3/19, |
| 14:6 | 2/21 | | 5/7,5/11, |
| 14:9 | 9/2 | | 6/19,7/22, |
| 14:54 | 10/21 | | 9/28, 11/2 |
| 16:12 | 4/9 | 14:26-33 | 3/12 |
| 16:13 | 4/9 | 14:26-27,33 5/7 | |
| | | 14:28 | 5/7 |
| **ലൂക്കൊസ്** | | 14:30 | 5/7 |
| 1:35 | 8/8, 12/25 | 15:10 | 8/10 |
| 2:46,49 | 8/7 | 17:20-21 | 10/19 |
| 2:49 | 8/8 | 18:1 | 12/13 |

## ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം

| | mm / dd |
|---|---|
| 18:1-8 | 9/12 |
| 18:9-14 | 6/12 |
| 18:22 | 6/13,8/18 |
| 18:22-23 | 8/17 |
| 18:23 | 8/18 |
| 18:31 | 8/3,8/4,9/23 |
| 18:31,34 | 8/5 |
| 18:39,41 | 2/29 |
| 19:42 | 4/3 |
| 21:19 | 5/20 |
| 22:27 | 2/23 |
| 22:28 | 9/19 |
| 22:33 | 1/8,4/26 |
| 22:53 | 6/24 |
| 23:26 | 1/11 |
| 23:33 | 9/23 |
| 24:21 | 2/7 |
| 24:26 | 4/8 |
| 24:32 | 3/22 |
| 24:4 7 | 10/15 |
| 24:49 | 5/27,5/31, |
| | 8/1, 9/4 |
| 24:51 | 5/17 |

**യോഹന്നാൻ**

| | |
|---|---|
| 1:12 | 8/15 |
| 1:29 | 9/18,10/15, |
| | 10/29 |
| 1:35-36 | 7/20 |
| 1:35-37 | 10/12 |
| 1:38-39 | 6/12 |
| 1:42 | 6/12 |
| 1:48 | 9/10 |
| 2:5 | 3/28 |
| 2:24-25 | 5/31,7/30 |
| 2:25 | 9/27,10/5 |
| 3:3 | 1/20,8/15 |
| 3:4 | 8/15 |
| 3:5 | 11/28 |
| 3:7 | 8/15, 12/25 |
| 3:16 | 3/13,9/21 |
| 3:17 | 9/2 |
| 3:19 | 10/5 |

| | mm / dd |
|---|---|
| 3:19-21 | 6/30,7/18 |
| 3:29 | 3/24,3/25 |
| 3:30 | 3/24, 10/12 |
| 4:7 | 1/18, 1/21 |
| 4:11 | 2/26,2/27 |
| 4:14 | 9/7 |
| 5:19 | 9/9 |
| 5:30 | 8/3 |
| 5:39-40 | 5/6 |
| 6:29 | 9/6 |
| 6:35 | 10/11 |
| 6:44 | 12/22 |
| 6:63 | 1/3,3/10, |
| | 8/26, 12/17 |
| 6:66 | 3/9,9/19, |
| | 12/29 |
| 6:67,70 | 3/9 |
| 7:17 | 6/8,7/27, |
| | 10/10 |
| 7:38 | 5/18,8/21, |
| | 8/30,9/2, |
| | 9/3,9/6,9/7 |
| 7:39 | 5/27 |
| 8:36 | 11/18 |
| 9:1-41 | 4/9 |
| 9:25 | 4/9 |
| 10:3 | 8/16 |
| 10.30 | 7/19,12/12 |
| 11:6 | 10/11 |
| 11:7-8 | 3/28 |
| 11:26-27 | 11/6 |
| 11:40 | 8/29 |
| 11:41 | 2/13,8/9 |
| 12:24 | 6/19 |
| 12:27-28 | 6/25 |
| 12:32 | 2/1,7/17, |
| | 11/9,12/17, |
| | 12/20 |
| 12:35 | 8/27 |
| 12:36 | 4/16 |
| 13 | 2/19 |
| 13:1-17 | 3/6 |
| 13:3-5 | 6/15,7/11 |

## ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം

| | mm /dd | | mm/ dd |
|---|---|---|---|
| 13:13 | 7/19 | 16:23 | 5/28,5/29 |
| 13: 13, 16 | 9/22 | 16:24 | 8/28 |
| 13:14 | 2/19,9/11 | 16:26 | 8/6,8/9 |
| 13:15 | 9/11 | 16:26-27 | 5/29,8/6 |
| 13:16 | 10/16 | 16:30-32 | 2/28 |
| 13:17 | 6/8 | 16:32 | 4/4 |
| 13:34-35 | 9/20 | 16:33 | 4/4, 8/2, 12/4 |
| 13:36 | 1/5 | 17 | 5/22 |
| 13:37-38 | 1/4,6/16 | 17:2 | 4/8 |
| 14:1 | 2/27,4/29, 5/28, 7/5 | 17:3 | 5/8,5/27 |
| | | 17:4 | 9/13, 11/21 |
| 14:1,27 | 4/21, 12/24 | 17:6 | 9/4 |
| 14:8 | 4/21 | 17:15-16 | 11/27 |
| 14:9 | 1/7,4/21, 10/29, 10/30 | 17:19 | 2/8, 12/3 |
| | | 17:21 | 5/22 |
| 14:12,13 | 10/17 | 17:21-23 | 2/8 |
| 14:13 | 6/7 | 17:22 | 1/20,3/20, 4/18,4/27 , 5/22,5/29, 12/12 |
| 14:15 | 2/12,11/2 | | |
| 14:23 | 6/12 | | |
| 14:26 | 1/13 | | |
| 14:27 | 8/26,12/14 | 18:36 | 10/19 |
| 14:31 | 2/20 | 19:30 | 10/28, 11/21 |
| 15:1--4 | 1/7 | 20:11-18 | 8/16 |
| 15:4 | 6/14 | 20:14,16 | 8/16 |
| 15:5 | 12/23 | 20:21 | 3/3,3/5, 10/26 |
| 15:7 | 6/7,9/16, 10/14 | 20:22 | 1/5 |
| | | 20:24-29 | 8/16 |
| 15:8 | 3/11 | 20:25 | 8/16 |
| 15: 11 | 8/31 | 20:28 | 1/18,8/16 |
| 15: 12 | 5/11 | 21:7 | 4/17 |
| 15:13 | 2/24 | 21:15-17 | 8/16 |
| 15:13-14 | 8/25 | 21:16 | 6/19 |
| 15: 13, 15 | 6/16 | 21:17 | 2/9,3/1,3/2, 3/3,3/5, 8/16,10/18 |
| 15:14 | 2/13 | | |
| 15: 15 | 1/7, 8/25 | | |
| 15:16 | 1/24,8/3, 9/25,9/29, 10/25 | 21:18-19 | 1/5,9/13 |
| | | 21:21-22 | 11/15 |
| 15:22-24 | 10/29 | **അപ്പൊസ്തല പ്രവൃത്തികൾ** | |
| 16:7 | 1/7 | 1:8 | 1/18, 2/4, 2/15,3/10, 4/1,9/4,9/5, 9/6, 10/14 |
| 16:8 | 11/19, 12/7 | | |
| 16:12 | 4/7 | | |
| 16:13-14 | 11/29 | | |

# ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം


| | mm / dd |
|---|---|
| 2:4 | 9/5 |
| 2:33 | 5/27 |
| 4:12 | 12/8 |
| 9:5 | 7/18 |
| 9:16 | 3/5 |
| 9:17 | 4/2 |
| 13:22 | 4/2 |
| 17:28 | 6/2 |
| 20:24 | 3/4,3/5, 10/14 |
| 24:16 | 5/13 |
| 26:14 | l/28 |
| 26: 15 | 1/29 |
| 26:16 | 1/24 |
| 26:17-18 | 1/10 |
| 26:19 | 1/24,3/11, 12/29 |
| **റോമർ** | |
| 1:1 | 1/31,2/2,2/3 |
| 1:14 | 7/15 |
| 2:1 | 6/22, |
| 2: 17-24 | 6/17 |
| 3:24 | 11/28 |
| 4:3 | 3/19 |
| 5:5 | 2/24,4/30, 5/11,7/2, 10/18 |
| 5:8 | 10/20 |
| 5:10 | 10/28 |
| 5:12 | 10/5 |
| 5:12-19 | 10/6 |
| 6:3 | 1/15 |
| 6:4 | 1/15,4/8 |
| 6:5 | 4/11,9/13 |
| 6:6 | 4/10, 12/23 |
| 6:9-11 | 4/12 |
| 6: II | 4/10,4/11 |
| 6:13 | 10/9 |
| 6:16 | 3/14 |
| 6:19 | 9/15 |
| 7:9, 14 | 12/1 |
| 7:18 | 5/24,6/1 |
| 8:16 | 10/22 |
| 8:26 | 11/7, 11/8 |
| 8:27,34 | 4/1 |
| 8:27 | 11/8 |
| 8:28 | 10/30, 11/7, 12/16, 12/18 |
| 8:35 | 5/19 |
| 8:37 | 3/7,5/19, 10/24, 12/16 |
| 8:39 | 3/7, 10/20 |
| 9:3 | 1/31, 2/24 |
| 12: l | 1/8,6/13, 12/5, 12/10 |
| 12:1-2 | 6/8 |
| 12:2 | 5/13,9/9, 11/14 |
| 14:7 | 2/15 |
| **1 കൊരിന്ത്യർ** | |
| 1:2 | 10/4 |
| 1: 17 | 2/1 |
| 1:21,23 | 11/25 |
| 1:26-31 | 8/4 |
| 1:30 | 7/22, 7/23, 10/20, 11/13, 12/8 |
| 2:2 | 1/24,3/13, 4/2, 10/25, 11/26, 12/20 |
| 2:4 | 7/17,12/3 |
| 2:12 | 12/21 |
| 2:14 | 12/17 |
| 3:3 | 3/23 |
| 3:9 | 4/23 |
| 3:10-15 | 5/7 |
| 4:9-13 | 2/3 |
| 6:19 | 2/19,3/4, 3/18,8/9, 9/4, 11/1, 11/8, 12/5 |
| 6:19-20 | 7/15 |
| 9:16 | 2/2,9/29, 10/15 |
| 9:22 | 2/24, 10/25 |

## ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം

| | mm / dd |
|---|---|
| 9:27 | 2/15,3/17, 12/5 |
| 10: 11-13 | 4/19 |
| 10:13 | 9/17 |
| 10:31 | 11/16, 11/22 |
| 12:26 | 2/15 |
| 13 | 1/29, 11/12 |
| 13:4 | 4/30 |
| 13:4-5 | 7/5, 10/23 |
| 13:4-8 | 10/18 |
| 15:10 | 11/30 |
| **2 കൊരിന്ത്യർ** | |
| 1:20 | 4/20, 11/17 |
| 2:14-15 | 10/24 |
| 3:5 | 2/15 |
| 3:18 | 1/23,4/22 |
| 4:2 | 9/15 |
| 4:3--4 | 12/17 |
| 4:5 | 2/23 |
| 4:10 | 5/14, 5/15 |
| 5:7 | 5/1, 10/31 |
| 5:9 | 3/17 |
| 5:10 | 3/16 |
| 5:14 | 2/4 |
| 5:15 | 10/29 |
| 5:17 | 11/12 |
| 5:17-18 | 10/23 |
| 5:17-19 | 10/28 |
| 5:20 | 7/17 |
| 5:21 | 4/6, 10/7, 10/29 |
| 6:1 | 6/26 |
| 6:4 | 3/6 |
| 6:4-5, 10 | 6/26 |
| 7:1 | 3/18 |
| 7:4 | 3/7 |
| 7:10 | 1/21, 12/7 |
| 8:9 | 2/25 |
| 9:8 | 5/16 |
| 10:4 | 9/8 |
| 10:5 | 2/11,6/14, 9/8,9/9,9/14, |

| | mm / dd |
|---|---|
| | 10/24, ll/18 |
| 11 :3 | 9/14 |
| 12:9 | 9/13 |
| 12:15 | 2/24, 2/25 |
| 13 | 11/12 |
| **ഗലാത്യർ** | |
| 1:15 | 1/25,1/31 |
| 1: 15-16 | 1/17, 10/6, 12/22 |
| 1: 16 | 1/30, 2/3, 3/18, 7/8, 11/11 |
| 2:20 | 3/8, 3/21, 4/10, 11/3, 1l/13, 11/18, 12/23 |
| 2:21 | 12/5 |
| 4:19 | 3/18,5/13,8/8, 8/9,9/16,9/18, 10/6, 10/29, 12/7, 12/25 |
| 4:22 | 12/10 |
| 5: 1 | 5/6 |
| 5:16 | 3/23 |
| 5:24 | 12/9 |
| 6:14 | 11/25, 11/26, 11/27, 12/23 |
| **എഫെസ്യർ** | |
| 1:7 | 11/20, 12/8 |
| 1:18 | 5/15 |
| 2:6 | 2/15 |
| 2:8 | 3/21 |
| 3:19 | 4/12 |
| 4:13 | 7/12,9/23 |
| 4:23 | 5/13 |
| 4:24 | 12/28, 12/30 |
| 4:30 | 5/13,5/14 |
| 5:14 | 2/16 |
| 5:18 | 9/7,12/24 |
| 6:13,18 | 12/16 |
| 6:18 | 5/3 |

# ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം

| | mm / dd |
|---|---|
| **ഫിലിപ്പ്യർ** | |
| 1:20-21 | 1/1 |
| 2:5 | 3/18,3/30, 3/31,5/20 |
| 2: 12 | 5/10,5/15, 12/5 |
| 2:12-13 | 6/6, 7/7 |
| 2: 17 | 2/5 |
| 3:10 | 4/8,7/11, 7/12 |
| 3:12 | 5/2,6/28, 12/2 |
| 3: 13-14 | 6/28 |
| 4:12 | 2/5, 2/23 |
| 4:13 | 10/3 |
| 4:19 | 5/14,8/29, 9/13 |
| **കൊലൊസ്യർ** | |
| 1:24 | 2/3,7/14, 8/8,9/30, 11/9, 12/13 |
| 1:27 | 7/23 |
| 3:3 | 1/23,4/24, 4/28,6/2, 6/14,8/31 11/16,12/24 |
| **1 തെസ്സലോനിക്യർ** | |
| 3:2 | 11/10 |
| 4:3 | 1/15,7/22, 10/20 |
| 5:17 | 5/26 |
| 5:19 | 8/13,8/14 |
| 5:23 | 1/9, 1/30 |
| 5:23-24 | 7/22,8/14 |
| **1 തിമൊഥെയോസ്** | |
| 1:13 | 2/23 |
| 3:16 | 4/6 |
| **2 തിമൊഥെയോസ്** | |
| 2: 15 | 3117,12/15 |
| 4:2 | 3/10,4/25 |
| 4:6 | 2/6 |
| 4:16-17 | 4/22 |
| **എബ്രായർ** | |
| 2:9 | 11/21 |
| 2:10 | 4/8, 7/7, 8/30,9/8 |
| 2:18 | 9/17 |
| 3:14 | 8/29 |
| 4:12 | 3/1 |
| 4:15 | 9/18 |
| 4: 15-16 | 9/17 |
| 5:8 | 7/19,9/22 |
| 7:25 | 4/1 |
| 9: 11-15 | 4/5 |
| 9:26 | 10/5 |
| 10:9 | 5/31 |
| 10:14 | 12/8 |
| 10:19 | 5/4 |
| 10:24-25 | 7/10 |
| 11:6 | 10/30 |
| 11 :8 | 1/2,3/19 |
| 11 :27 | 4/9,5/2 |
| 12:1-2 | 8/25 |
| 12:2 | 3/17,3/29, 8/26,8/31 |
| 12:5 | 8/14 |
| 12:6 | 4/14 |
| 13:5 | 6/4 |
| 13:5-6 | 6/4,6/5,8/29 |
| 13:13 | 4/24, 9/19 |
| **യാക്കോബ്** | |
| 1:4 | 7/31 |
| 1:5 | 6/9 |
| 1:14 | 9/18 |
| 2:10 | 12/1 |
| 4:3 | 6/10 |
| 4:8 | 11/4 |
| 4:8-10 | 6/10 |
| **1 പത്രൊസ്** | |
| 1:5 | 4/19,7/23 |

## ഇതിൽ ഉപയോഗിച്ചിരിക്കുന്ന വേദപുസ്തക ഗ്രന്ഥങ്ങളുടെ ക്രമം

| | mm / dd | | mm / dd |
|---|---|---|---|
| 1 :16 | 9/1 | | 11/12, 12/26, |
| 2:9 | 6/21 | | 12/29 |
| 2:24 | 4/6 | 2:2 | 10/15 |
| 4:1-3 | 9/15 | 4:18 | 2/21 |
| 4:12 | 2/3,5/15 | 3:2 | 4/29 . |
| 4:13 | 11/5 | 3:9 | 8/15 |
| 4:17 | 5/5 | 3:16 | 6/16 |
| 4:19 | 8/10, 11/5 | 5:16 | 3/31 |
| **2 പത്രൊസ്** | | **3 യോഹന്നാൻ** | |
| 1:4 | 5/16 | 7 | 10/18 |
| 1:4-5 | 6/15 | | |
| 1:5 | 5/10,6/15 | **യൂദാ** | |
| 1:5,7 | 5/11 | 20 | 10/21 |
| 1:8 | 5/12 | | |
| 1:13 | 7/10 | **വെളിപ്പാട്** | |
| 3:9 | 5/11 | 1:7 | 7/29 |
| | | 1:17 | 5/24 |
| **1 യോഹന്നാൻ** | | 2:7 | 8/2, 12/4 |
| 1:6-7 | 8/13 | 3:10 | 2/22,5/8 |
| 1:7 | 1/9, 1/20, | 4:1 | 3/27 |
| | 2/28,3/11, | 4:11 | 7/19 |
| | 3/16,8/13, | 12:11 | 11/29 |
| | 8/24,8/30, | 13:8 | 4/6 |
| | 9/20,10/10, | | |